— തിരുവിതാംകൂർ ചരിത്രം —

T P L
STOCK VERIFIED
1995

ഇ. സദാശിവൻ പിള്ള

Mr. R. Narayana Panikkar B. A. L. T., ... the new 'History of Travancore' requires no special ...ion to the reading Public of Kerala. As the author ...istory of Malayalam Literature', ... 'T... History ...veda'; Sree Marthanda Deva, T... ...r biographies, Amritha Valli a... ...som, Premotkarsham and other dramas, ... as the author of The English Malayalam Brihat-

Panikkar has already established his claims ...nent place among the more famous men of ...avancore.

...sent book which is the latest production of ...r in the field of history, exhibits in a large ...ch original research work, steady application ... selection. While the books, so far availab... ...y of Travancore, seem either intended m... ...e use of our School Children, or are ... ...en incomplete in some respects, the pr... ... fuller details of greater authenticity ... dealing particularly with the ear... ...kable ...and, the author has appa... ...epth... of the original sources ... ...e social and economic co... ... and in the delineatio...

of the real makers and builders of modern Travancore, h has shown wonderful mastery of details and rare ability.

The chaste, simple, and direct style of the book appea straight to the heart and is in refreshing contrast to t pedantic style often met with in such productions.

The attractiveness of the book is further enhanced the inspiring illustrations of our illustrious Maharaj and their trusted ministers.

I have no hesitation is saying that the book suppl a long-felt want and I feel confident that it will receive, the hands of all unbiased readers, the spontaneous pra and tangible appreciation which it so richly deserves.

NAGERCOIL,
6—9—108.

P. G. Krishna Iy
B. A., L. T.

മുഖവുര.

തിരുവിതാംകൂർ ചരിത്രസംബന്ധമായ രേഖകൾ അങ്ങിങ്ങായിച്ചിതറിക്കിടക്കുന്നതേയുള്ളു. അവയെ ശേഖരിച്ചു സവിസ്തരമായ ഒരു ചരിത്രം നിർമ്മിക്കുന്ന വിഷയത്തിൽ ഇടംപ്രഥമമായി ശ്രമിച്ചതു ദിവാൻപേഷ്കാരായിരുന്ന മി. പി. ശങ്കുണ്ണിമേനോനാകുന്നു. നാണുപിള്ള ദിവാൻജിയും ഏതദ്വിഷയകമായ ചില ശ്രമങ്ങൾ ചെയ്തായുണ്ടായി. എന്നാൽ ശങ്കുണ്ണിമേനോന്റെ ചരിത്രം മാത്രമേ മുദ്രിതമായിട്ടുള്ളു. ആ ഗ്രന്ഥം ഇപ്പോൾ ലഭിക്കാതെയുമായിരിക്കുന്നു.

വഞ്ചിരാജ്യസംസ്ഥാപകനായ ശ്രീവീരമാർത്താണ്ഡവർമ്മമഹാരാജാവിന്റെ കാലംമുതല്ക്കു് ഉത്രംതിരുനാൾ തമ്പുരാന്റെ കാലത്തോളമുള്ള വിശ്വാസയോഗ്യമായ ചരിത്രം പ്രസ്തുത പുസ്തകത്തിനിന്നു ലഭിക്കുമെങ്കിലും, ഇതേവരെ നമുക്കു കിട്ടീട്ടുള്ള വിവരങ്ങളെല്ലാം ഉപയോഗിച്ചു പൂർണ്ണമായ ഒരു ചരിത്രഗ്രന്ഥം ഇന്നും രചിച്ചുകാണുന്നില്ല. ഇപ്പോൾ ഉള്ള പുസ്തകങ്ങളിൽ പ്രായേണ മി. ശങ്കുണ്ണിമേനോന്റെ ചരിത്രവും മി. നാഗമയ്യയുടെ സ്റ്റേറ്റുമാന്വലിൽ ചേർത്തിരിക്കുന്ന വംശചരിത്രവുമാണു് ആധാരമാക്കി ബാലവിദ്യാർത്ഥികളുടെ ഉപയോഗത്തിലേക്കുവേണ്ടി നിർമ്മിക്കപ്പെട്ടിട്ടുള്ളവയാകുന്നു. ഈ ന്യൂനത പരിഹരിക്കാനാണു് ഞാൻ ഈ സാഹസികകർമ്മത്തിൽ പ്രവേശിച്ചതു്.

ഇതിലേക്കുവേണ്ടി കുറെക്കാലം ശ്രമിച്ചുവച്ചിട്ടു കുറേക്കാലമായിട്ടു സമയക്കുറവുകൊണ്ടു് എനിക്കു ഇതേവരെ തുടങ്ങുവാൻ സാധിച്ചില്ല. അങ്ങനെ ഇരിക്കയാണു് തിരുവനന്തപുരത്തുനിന്നും അകന്നറിയുന്നതു്. ഇനി ഇതിൽ ഉദ്ദേശിച്ചതു [illegible] ലത്തും ഉണ്ടാകയില്ലെന്നു [illegible] അവധിക്കാലത്തു [illegible] ഇതിലേക്കു [illegible] പക്ഷേ ഇരുവത്സരം

ഒരു ഗ്രന്ഥത്തെ പ്രസിദ്ധീകരിക്കുന്ന ഭാരം ഒരു കയ്യേല്ക്കുന്നതിൽ സാധാരണ പ്രസാധകന്മാക്ക് ധൈര്യമുണ്ടാകയില്ലല്ലോ. ഈശ്വരാധീനം കൊണ്ട് ആ വിഷയത്തിലും എനിക്കു വലിയമുട്ടേണ്ടിവന്നില്ല.

എന്റെ വിനീതശ്രമഫലത്തെ ഇപ്പോൾ ഈ സജ്ജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു. ഇതിൽ പല കുറവുകളും കുറവുകളും കണ്ടേക്കാം. അവയെ വായനക്കാർ സ്നേഹപൂർവ്വം ചൂണ്ടിക്കാണിച്ചു തരുന്നപക്ഷം അടുത്ത പതിപ്പിൽ പരിഹരിച്ചുകൊള്ളാം. ഞാൻ സ്വാലത്തു് ഇല്ലാതെ ആയിപ്പോയതിനാൽ ശരിയായി പ്രൂഫു തിരുത്താൻ സാധിച്ചിട്ടില്ല. ചില വരികൾ തന്നെ വിട്ടുപോയിട്ടുണ്ടു്, 'ക്ഷ' എന്ന അക്ഷരം മുദ്രാലിപിയിൽ ഇല്ലാത്തതുകൊണ്ടു 'ക്ഷപ്പം' എന്നതിനു് എല്ലായിടത്തും ക്ഷിപ്പു് എന്നു് അച്ചടിക്കേണ്ടിയും വന്നിരിക്കുന്നു.

ഒരു ശുദ്ധിപത്രം ചേർത്തിട്ടുണ്ടെങ്കിലും എല്ലാ തെറ്റുകളേയും തിരുത്താൻ സാധിച്ചിട്ടില്ല. ഇങ്ങനെ ഒരു ശുദ്ധിപത്രം തയ്യാറാക്കാൻ എന്നെ സഹായിച്ച വിദ്വാൻ മി: വി. ആർ. പരമേശ്വരൻപിള്ളയോടു ഞാൻ കൃതജ്ഞനായിരിക്കുന്നു.

ഈ പുസ്തകത്തിൽ വിശേഷവിധിയായി ഒരു പദസൂചിക്കൂടി ഒടുവിൽ ചേർത്തിട്ടുണ്ടു്. അതു മൂഴിവനം എന്റെ മാന്യസുഹൃത്തായ വക്കീൽ കേ. രാമൻനായർ അവർകൾ, ബി. എ.; ബി. എൽ. അണു് നിർമ്മിച്ചതു്. ജോലിത്തിരക്കിനിടയിൽ ഇങ്ങനെ എന്നെ മനഃപൂർവ്വം സഹായിച്ച ആ സ്നേഹിതനോടു ഞാൻ എന്നെന്നേയ്ക്കും കടപ്പെട്ടിരിക്കുന്നു.

ഈ ഗ്രന്ഥത്തിനു് ഒരു ആമുഖം എഴുതിത്തരാമെന്നു സമ്മതിച്ച വിദ്വൽകുലഭ്രഷണനും സഹൃദയാഗ്രണിയും അദ്ധ്യാപകലോകത്തിനു, വിശേഷിച്ചു്, പ്രഥമാദ്ധ്യാപകപദം അലങ്കരിക്കുന്നവർക്കു് ഉത്തമമാതൃകയും ആയ ബ്രഹ്മശ്രീ പി. ജി. കുഞ്ഞൻനമ്പ്യർ അവർകൾ, ബി. എ., എൽ. റ്റി-യോടു എനിക്കുള്ള കൃതജ്ഞതയെ എങ്ങനെ പ്രകാശിപ്പിപ്പു എന്നു ഞാൻ അറിയുന്നില്ല.

പ്രസ്തുത പുസ്തകനിർമ്മാണത്തിനു ഞാൻ ഉപയോഗിച്ചിട്ടുള്ള ഗ്രന്ഥാദികളിൽ പ്രധാനമായിട്ടുള്ളവയുടെ ഒരു ലിസ്റ്റ് ഇതിനോടുകൂടി ചേർത്തുകൊള്ളുന്നു.

1. മി. ശങ്കുണ്ണിമേനോന്റെ തിരുവിതാംകൂർ ചരിത്രം.
2. The State Manual.
3. Archaeological Publications of Travacore and Madras.
4. Epigraphica Indica.
5. കൊച്ചിരാജ്യചരിത്രം by Mr. Padmanabha Menon.
6. Kerala Do.
7. The History of Ceylon by Grant.
8. കേരളചരിത്രം by Mr. A. K. Pisharady.
9. കേരളചരിത്രം by Mr. M. R. Bala Krishna Warrier M. A.
10. Mills' History of India.
11. Kerala Society Papers.
12. Smiths' History of Ancient India.
13. Malabar Gazetteer.
14. Imperial Gazetteer of India.
15. തമ്പിപ്പാട്ട്, കണിയാകുളംപോരു്, തമ്പുരാൻപാട്ട്, അഞ്ചുതമ്പുരാൻപാട്ട്, മാർത്താണ്ഡമാഹാത്മ്യം മുതലായ ചീന ഗാനങ്ങൾ.
16. Administration Reports of Travancore
17. Memoirs of Trava[illegible]re
18. Malabar Manual
19. Native Life in [illegible]

20. Canter Visscher's Letters from Malabar.
21. History of Travancore by Patchu Moothathu
22. Indian Antiquary.
23. Church History by Agur.
24. The Regulations and proclamtions &c Travancore.
25. The Land of Charity by Metier.

തിരുവനന്തപുരം,
9—8—1108.

ഗ്രന്ഥകർത്താ.

വിഷയവിവരം.

അധ്യായം ക. 1 മുതൽ 16 വരെ.

തിരുവിതാംകൂർ, കേരളത്തിന്റെ ഒരു വിഭാഗം; കേരളത്തിന്റെ പുരാതനമാഹാത്മ്യം; തിരുവിതാംകൂറിന്റെ അതിർത്തികൾ; ചരിത്രരേഖകൾ; കേരളത്തിന്റെ ആദിചരിത്രം; പെരുമാൾവാഴ്ച; പെരുമാൾ വാഴ്ചക്കാലത്തെ സമുദായസ്ഥിതി.

അധ്യായം ഖ. 16—22.

വേണാട്ടിന്റെ ശാഖകൾ; ഗോദമാർത്താണ്ഡവർമ്മ; ശ്രീവല്ലഭന്റെ കോത; പോളരാജാക്കന്മാരുടെ ആക്രമണം; ഗോവർദ്ധനമാർത്താണ്ഡൻ; ആദിത്യവർമ്മ; വീരകേരളവർമ്മ; ശ്രീഗോദകേരളവർമ്മ; ശ്രീവീരരവിവർമ്മ; ശ്രീവീരകേരളവർമ്മ; ശ്രീവീരഉദയമാർത്താണ്ഡവർമ്മ; ശ്രീവീരരാമ കേരളവർമ്മ; ശ്രീവീരരവികേരളവർമ്മ; ശ്രീവീരമാർത്താണ്ഡവർമ്മ; ഉമാദേവി.

അധ്യായം ഗ. 23—36.

ശ്രീവീരരവിവർമ്മ; ആദിത്യവർമ്മ; നാഞ്ചിക്കുറവൻ; എള്ളയടഞ്ഞ സ്വരൂപം—ശ്രീവീരരാമ ഉദയമാർത്താണ്ഡവർമ്മ—ശ്രീവീരകേരളവർമ്മ; ശ്രീവീരരവിവർമ്മ; ആദിത്യവർമ്മ; ശ്രീവീരരവിവർമ്മ; വീരകേരളവർമ്മ; വീരരവിവർമ്മ; ഉദയരാമമാർത്താണ്ഡവർമ്മ; ശ്രീവീരഗോദാദിത്യവർമ്മ; രവിവർമ്മ; വീരകേരളവർമ്മ; മാർത്താണ്ഡവർമ്മ.

അധ്യായം ഘ. 36—47.

പോർത്തുഗീസുകാരുടെ വരവു്—വാസ്കോഡിഗാമ—കപ്പ്രാൾ; ഭൂതലവീര മാർത്താണ്ഡവർമ്മ—ആൽബുക്കാക്ക്—കൊല്ലം

ാണിയും പോർത്തുഗീസുകാരും—ഭ്രതലവീര ശ്രീവീരരവിവമ്മ—ഭ്രതലവീര കേരളവമ്മ—ഫ്രാൻസിസ് സേവിയർ—ഭ്രതലവീര രാമവമ്മ—ഉണ്ണിക്കേരളവമ്മ—ഉദയമാർത്താണ്ഡവമ്മ—ഭ്രതലവീരരവിവമ്മ—ശ്രീവീരരാമവമ്മ—ആദിത്യവമ്മ.

അധ്യായം ൪. 47—72.

ഭ്രതലവീരരവിവമ്മ—മധുരനായ്ക്കന്മാർ—ഇരവിക്കുട്ടിപ്പിള്ള; രാമവമ്മ; ഡച്ചുകാർ—ഉമാദേവിയും വാൻഗോയൽസും തമ്മിലുണ്ടായ കൂടിക്കാഴ്ച; തിരുമലക്കൊഴുപ്പൂപിള്ള; ആദിത്യവമ്മ—ഉമയമ്മറാണി—മുകിലന്റെ ആക്രമണം—വഞ്ചികേരളവമ്മ—ഡച്ചുകാരും ഇംഗ്ലീഷുകാരും; രവിവമ്മ—മങ്കമ്മ—നായ്ക്കന്മാരുടെ ആക്രമണം—നാഞ്ചിനാട്ടേ നാട്ടുകൂട്ടങ്ങൾ; ഉണ്ണിക്കേരളവമ്മ;—രാമവമ്മ മഹാരാജാവു്.

അധ്യായം ൫. 72—84.

തിരുവിതാംകൂറിന്റെ വിഭാഗങ്ങൾ—കായംകുളം, പുറക്കാട്ട്, വടക്കുംകൂർ, തെക്കുംകൂർ—ജനസമുദായസ്ഥിതി—വിദ്യാഭ്യാസം, നീതിന്യായ—വേഷഭ്രക്ഷാദികൾ—സാഹിത്യം.

അധ്യായം ൬. മാർത്താണ്ഡവമ്മരാജാ. 84—150.

രാജ്യത്തിന്റെ സ്ഥിതി; മാർത്താണ്ഡവമ്മ മഹാരാജാവിന്റെ ജനനം; ബാല്യദശ; സിംഹാസനാരോഹണവും ശത്രുസംഹാരവും; രാജ്യപരിഷ്കരണശ്രമങ്ങൾ; തമ്പിമാരുടെ അവസാനം; കൊല്ലവും കായംകുളവുമായുള്ള യുദ്ധം—ഡച്ചുകാരും പിള്ളയടുത്തുസചിവപവും—കായംകുളം, തെക്കുംകൂർ, വടക്കുംകൂർ, ചെമ്പകശ്ശേരി ഈ രാജ്യങ്ങളുടെ അധഃപതനം; തിരുവിതാംകൂറും കൊച്ചിയും; തിരുവിതാംകൂറും സാമൂതിരിയും; തിരുവിതാംകൂറും കണ്ണാറിക്കു നവാബും; രാജ്യരക്ഷയ്ക്കായി മഹാരാജാവു ചെയ്ത പ്രയത്നങ്ങൾ—രാമയ്യൻദളവയുടെ ചരമം. മഹാരാജാവിന്റെ സ്വഭാവശ്രേഷ്ഠത

അദ്ധ്യായം വ. കാത്തികതിരുനാൾ. 150—234.

തിരുവവതാരം—സിംഹാസനാരോഹണം—ഭരണപരിഷ്കാരം—കോഴിക്കോടുമായുള്ള യുദ്ധം—ചേത്തല ഉടമ്പടി—നവാബും ഇംഗ്ലീഷുകമ്പനിയും—ഹൈദരാലിയുടെ ആക്രമണം—ഡച്ചുകാരും തിരുവിതാംകൂറും—ഹൈദരുടെ രണ്ടാമത്തെ ആക്രമണം—ദിവാൻ കേശവപിള്ള—ടിപ്പുസുൽത്താന്റെ ആദ്യത്തെ ആക്രമണം—രണ്ടാമതത്തെ ആക്രമണം—കൊച്ചിയുമായുള്ള തർക്കം—സമാധാനസ്ഥാപനം—രാജാ കേശവദാസന്റെ ഭരണപരിഷ്കാരങ്ങൾ—ഡച്ചുകാരുടെ അധഃപതനം—മഹാരാജാവിന്റെ സ്വർഗ്ഗാരോഹണം—സാഹിത്യം.

അദ്ധ്യായം ൽ. ബാലരാമവർമ്മ. 234—287.

രാജാ കേശവദാസന്റെ മരണം—ജയന്തൻ ശങ്കരൻനമ്പൂരി—വേലുത്തമ്പി—ഭരണപരിഷ്കാരങ്ങൾ—രാജസേവകന്മാരുടെ ഉപജാപങ്ങൾ—പുതിയ ആയക്കെട്ട്—വാണിജ്യപരിഷ്കാരം—കൊല്ലം നഗരപരിഷ്കാരം—വ്യയസ്സംകോചവും പട്ടാളചിലവുകുറയ്ക്കലും—1805-ലെ ഉടമ്പടി—മക്കാളെയും ക്രൈസ്തവമതപ്രചാരണവും—മക്കാളെയും വേലുത്തമ്പിയും—കണ്ണൽ സെൻറുലഗർ—ഉമ്മിണിത്തമ്പി—ജനസമുദായസ്ഥിതി—വിദ്യാഭ്യാസം—സാഹിത്യം.

അദ്ധ്യായം ൧൦. ഗൌരിലക്ഷ്മീഭായി. 289—311.

സിംഹാസനാരോഹണം—മൺറോ സായ്പ്—നികുതിഭരണം—കൃഷി പരിഷ്കാരം—കടകമ്പോളങ്ങളുടെ നിയന്ത്രണം—ദേവസ്വപരിഷ്കരണം—നീതിഭരണം—അടിമവ്യാപാരം—രാജകുമാരന്റെ ജനനം—കൃഷിപ്പിഴ—ദേവൻ പത്മനാഭൻ.

റാണി പാർവ്വതീഭായി. 311—323.

റസ്സിരായർ—കണ്ണൽ മൺറോവും ക്രൈസ്തവമതപ്രചാരണവും—വെങ്കിട്ടരായർ—കൊച്ചിയുമായുള്ള തർക്കം—രാജകുമാരന്മാരുടെ വിദ്യാഭ്യാസം—പള്ളിക്കെട്ട്.

അധ്യായം ൧൧. സപ്തതിതിരുനാൾ. 323—359.

തിരുവവതാരം--വിദ്യാഭ്യാസം--രാജ്യഭരണാരംഭം--ദിവാൻ സുബ്ബരായർ—ദിവാൻ വെങ്കിട്ടരായർ—ശ്രീനിവാസരായർ—കല്ലൻസായ്പ്; സപ്തഗ്രാരോഹണം.

അധ്യായം ൧൨. ഉത്രംതിരുനാൾ. 359—392.

ഭരണാരംഭം—കുണ്ടരായർ—പ്രധാന സംഭവങ്ങൾ—പാതിരിമാരുടെ പ്രക്ഷോഭണം—ദിവാൻ മാധവരായർ—ഹാരിസ് പ്രഭുവിന്റെ സന്ദർശനം—ഫാന്നാർലഹള--തീവെട്ടിക്കൊള്ള--ഡിപ്പാർട്ടുമെന്റു മാനുവൽ—കല്ലൻസായ്പിന്റെ മരണം—മിസ്റ്റർ മാർട്ടിൻബീ—അലപ്പുഴയിലെദീപസ്തംഭം—പള്ളിക്കെട്ട്—മഹാരാജാവിന്റെ സപർഗ്ഗാരോഹണം.

അധ്യായം ൧൩. ആയില്യംതിരുനാൾ. 392—439.

സിംഹാസനാരോഹണം—കഷ്ടാമബാധയും ധനസ്ഥിതിയും—മുളകുകുത്തക—വാണിജ്യസ്വാതന്ത്ര്യം—ജൂഡിഷ്യൽ പരിഷ്കാരം—അഞ്ചൽ വകുപ്പ്—ഭൂനികുതി—മാധവരായരുടെ അഞ്ചുകൊല്ലത്തെ ഭരണം—മാധവരായരുടെ മറ്റു പരിഷ്കരണോദ്യമങ്ങൾ—രജിസ്ട്രേഷൻ—വിദ്യാഭ്യാസപരിഷ്കാരം—സദർ കോടതി പരിഷ്കാരം—രജിസ്ട്രേഷൻ വകുപ്പ്—വിദ്യാഭ്യാസ പരിഷ്കാരം--വൈദ്യസഹായം - പൊതുമരാമത്ത്—ടെന്നന്റ് സന്നത്ത്—മഹാരാജസ്ഥാനം—ശ്രീരംഗപട്ടണം—മെഡൽ—പള്ളിപ്പുറം—സർ ടി. മാധവരായരുടെ രാജി—ശേഷഭ്യാശാസ്തി—പരിഷ്കാരങ്ങൾ—നീതിഭരണം—ശമ്പളപരിഷ്കാരം--എഴുത്തുകത്തിനു കടലാസ്—ഉപ്പുവില്പന—പൊതുമരാമത്ത്—വിദ്യാഭ്യാസപരിഷ്കാരം—ജയിൽ പരിഷ്കാരം—യൂറോപ്യന്മാരുടെ മേലുള്ള ക്രിമിനലധികാരം - തിരുമനസ്സിലെ ദേശാടനം—സാമ്രാജ്യഡർബാറും—മഹാരാജകീയ പതാകയും—കൊച്ചിയുമായുള്ള അതിർത്തിത്തക്കം;—പി. ശങ്കുണ്ണിമേനോൻ—നാണുപിള്ള ടി. ചാൻജി—മഹാരാജാവിന്റെ പരലോകപ്രാപ്തി.

അധ്യായം ൧൪. വിശാ

സിംഹാസനാരോഹണ
മോചനം—പരിഷ്കാരങ്ങൾ—
പ്രധാന സംഭവങ്ങൾ; ദിവ

അധ്യായം ൧൫. മൂലംതി

സിംഹാസനാരോഹണം—ദി
രുത്തിയ പരിഷ്കാരങ്ങൾ—ദിവാൻ രാമയ്യരും പരിഷ്കാരങ്ങ
ളും—ശങ്കരസുബ്ബയ്യരും പരിഷ്കാരങ്ങളും—നിയമനിർമ്മാണസഭ-
കൃഷ്ണസ്വാമിരായർ—കർസൺ പ്രഭുവിന്റെ സന്ദർശനം—എ
ഡെവർഡു ചക്രവർത്തിയുടെ കിരീടധാരണം—വി. പി. മാധവ
രായർ—പ്രജാസഭ; എസ്. ഗോപാലാചാരി; പി. രാജഗോ
പാലാചാരി; എം. കൃഷ്ണൻനായർ; ടി. രാഘവയ്യ—വെള്ള
പ്പൊക്കം—മൂലംതിരുനാൾ മഹാരാജാവിന്റെ സ്വർഗ്ഗപ്രാപ്തി.

അധ്യായം ൧൬. റീജൻസി. 549 — 564.
അധ്യായം ൧൭. ശ്രീചിത്തിരതിരുനാൾ. 564—584.
അധ്യായം ൧൮. ജനസമുദായസ്ഥിതി. 584—592.
അനുബന്ധം. 1— 21.
പദസൂചി. i— xii.

	...	I
	...	84
	...	101
	...	114
	...	144
	...	150
	...	155
	...	164
൨൫	...	196
ചലരാമവർമ്മ	...	234
ചേലുത്തമ്പിദളവ	...	240
ഗൌരി ലക്ഷ്മീഭായി	...	289
മൺറോസായ്പ്	...	291
സ്വാതിതിരുനാൾ	...	320
കല്ലൻസായ്പ്	...	359
ഉത്രംതിരുനാൾ	...	356
സർ ടി. മാധവരായർ	...	377
ആയില്യം തിരുനാൾ	...	392
നാണുപിള്ള ദിവാൻ	...	437
ശ്രീവിശാഖം തിരുനാൾ	...	438
ശ്രീമൂലം തിരുനാൾ	...	452
രാമരായർ	...	465
ശങ്കരസുബ്ബയ്യർ	...	480
കേ. കൃഷ്ണസ്വാമിരായർ	...	487
വി. പി. മാധവരായർ	...	494
പി. രാജഗോപാലാചാരി	...	497
എം. കൃഷ്ണൻനായർ	...	529
രാമവർമ്മ പന്തലൂഗാരു	...	538
റാണി ലക്ഷ്മീഭായി	...	549
എം. ഇ. വാട്സ്	...	558
വി. എസ്സ്. സുബ്രഹ്മണ്യയ്യർ	...	562
എ. വെങ്കിട്ടരാമയ്യർ	...	563
ശ്രീചിത്തിരതിരുനാൾ	...	564
റവീ. ആസ്റ്റിൻ.	...	566

തിരുവിതാംകൂർ ചരിത്രം.

T P L
STOCK VERIFIED
1955

ഒന്നാം അധ്യായം.

ഒരു രാജ്യത്തിന്റെ-ചരിത്രം അതിന്റെ കിടപ്പ്, ശീതോഷ്ണസ്ഥിതിഭേദങ്ങൾ മുതലായവയെ ഏറക്കുറെ ആശ്രയിച്ചിരിക്കുന്നു. ചരിത്രം ചലദവസ്ഥയെ പ്രാപിച്ച ഭൂവിവരണം തന്നെയാണെന്നു ചില വിദ്വാന്മാർ പറഞ്ഞിട്ടുള്ളതു പരമാർത്ഥമാണ്. അതിനാൽ തിരുവിതാംകൂർ ചരിത്രപഠനത്തിനു് ഉദ്യമിക്കുന്നതിനു മുമ്പു് ഈ രാജ്യത്തിന്റെ ഭൂവിവരണവിഷയകമായ ചില വിശേഷസംഗതികളെപ്പറ്റി ഗ്രഹിച്ചിരിക്കേണ്ടതാകുന്നു.

പശ്ചിമാബ്ധിക്കും സഹ്യാദ്രിക്കും മദ്ധ്യേ കന്യാകുമാരിമുതൽ ഗോകർണ്ണംവരെ വ്യാപിച്ചു കിടക്കുന്ന കേരളത്തിന്റെ തെക്കേ അറ്റമാകുന്നു തിരുവിതാംകൂർ. അതിനു വേണാടു്, ശ്രീവാഴുംകോടു്, വഞ്ചിരാജ്യം, തിരുവടിദേശം എന്നിങ്ങനെ പല പേരുകൾ ഉണ്ടു്.

കേരളം ഇപ്പോൾ തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ മൂന്നായി പിരിഞ്ഞു മൂന്നുകോയ്മകളുടെ കീഴിലിരിക്കുന്നുവെങ്കിലും ഭാഷ, ആചാരാദികൾ മുതലായവയെ സംബന്ധിച്ചിടത്തോളം ഐക്യമുണ്ടു്. ഈ ദേശങ്ങളുടെ ചരിത്രങ്ങളും പരസ്പരം സംബന്ധമുള്ളവയാണു്.

പുരാതനമാഹാത്മ്യം.

കേരളം ചരിത്രപ്രസിദ്ധമായ ഒരു ഭൂഭാഗമാകുന്നു. അതിപുരാതനകാലത്തുപോലും കേരളത്തിന്റെ പ്രശസ്തി അത്യന്തവിദൂരങ്ങളായ ദേശങ്ങളിൽ വ്യാപിച്ചിരുന്നു. വിദേശീയരുമായുണ്ടായിരുന്ന വാണിജ്യസംബന്ധമാണു് ഈ പ്രശസ്തിക്കുള്ള പ്രധാന കാരണം. കേരളത്തിന്റെ പടിഞ്ഞാറേ സമുദ്രതീരം

കപ്പലുകൾക്കു നിർബാധം കേറിക്കിടക്കുന്നതിനു സൌകര്യമുള്ള പലേ തുറമുഖങ്ങൾ ഉണ്ടു്. വർഷകാലങ്ങളിൽ കപ്പലുകളുടെ പോക്കുവരവിനെ സഹായിക്കുന്ന മൺസൂൻ തിട്ടകൾ കന്യാകുമാരിമുതൽ വടക്കു് കോരപ്പുഴവരെയല്ലാതെ പടിഞ്ഞാറൻസമുദ്രതീരത്തു മറെറങ്ങും കാണ്മാനില്ല. കാറും പിശറും ഉള്ള കാലങ്ങളിൽ കപ്പലുകൾക്കു അപായം വരാത്തവിധത്തിൽ നങ്കൂരമിട്ടു കിടക്കാൻ ഈ മൺതിട്ടകളാണു സഹായിക്കുന്നതു്.

ക്രിസ്താബ്ദം തുടങ്ങുന്നതിനു ആയ്യായിരത്തിൽപരം വർഷങ്ങൾക്കു മുമ്പുതന്നെ മലയാളികൾ ബാബിലോണിയന്മാരുമായി കച്ചവടം നടത്തിവന്നിരുന്നുവെന്നു ചരിത്രകാരന്മാർ തെളിയിച്ചിരിക്കുന്നു. ബി. സി. മൂവായിരത്തോടടുപ്പിച്ചു ബാബിലോൺ വാണിരുന്ന "ഉർബഗാഷ്" എന്ന ചക്രവർത്തി 'മുതെമ്പര' മൊരം നിർമ്മിച്ചതു കേരളത്തിലെ തേക്കുതടികൾകൊണ്ടാണെന്നു ഗ്രഹിക്കപ്പെട്ടിരിക്കുന്നു. ഈ ശതാബ്ദത്തിന്റെ അവശിഷ്ടങ്ങളായ പുരാവസ്തുക്കൾ കാണ്മാനുണ്ടായതു് ഈ വാണിജ്യബന്ധം ബി. സി. ആറാംശതകംവരെ നിലനിന്നു. ക്രിസ്തുവിനു മുമ്പു് ഒൻപതും ഒൻപതുമാം മധ്യേ നാടുവാണിരുന്ന ഷാൽമനേസർ നാലാമൻ ഇന്ത്യയിൽനിന്നുപലേ സമ്മാനങ്ങൾ ലഭിച്ചതായി കാണുന്നു.

ബി. സി. പതിനൊന്നാമാണ്ടിടക്കു ഈജിപ്തിലെ രാജാവായിരുന്ന മെർണരുടെ അശ്രിതവൃത്തിൽപ്പെട്ട ഹാർക്കുഫ് ദന്തം, വിലയേറിയ സുഗന്ധദ്രവ്യങ്ങൾ, ഈട്ടി മുതലായവ വഹിക്കുന്ന മുന്നൂറു കഴുതകളോടുകൂടി ദക്ഷിണനുബിയായിൽനിന്നു കീഴ്പ്പോട്ടു ഇറങ്ങിയതായി തന്റെ ലേഖനങ്ങളിൽ ഒരിടത്തു പ്രസ്താവിച്ചുകാണുന്നു. ഇതു പോലെ മറു മിശ്രദേശീയ രാജാക്കന്മാരെയും രാജ്ഞിമാരെയും സംബന്ധിച്ചു രേഖകളിലും കേരളീയ സാമാനങ്ങളുടെ പേരുകൾ പ്രസ്താവിച്ചിട്ടുണ്ടു്.

കേരളവും പാലസ്തീനരാജ്യവും തമ്മിലുള്ള വ്യാപാരം ഏകദേശം ക്രിസ്താബ്ദത്തിന്റെ ആരംഭകാലംവരെ നിലനിന്നിരുന്നു. ക്രൈസ്തപ്രവേടപ്രസിദ്ധനായ സോളമനു ലഭിച്ച സമ്മാനങ്ങളുടെ കൂട്ടത്തിൽ ചന്ദനംകൂടി ഉൾപ്പെട്ടിരുന്നുവത്രേ. ഫിനിഷ്യന്മാർ മൂവായിരത്തിൽ ഒരിക്കൽ കപ്പൽ മാർഗ്ഗം കേരളത്തിൽവന്നു

ദന്തം, ഏലം, കുന്തിരിക്കം, ഞെമയിൽ മുതലായവ കയറ്റിക്കൊണ്ട് പോകാറുണ്ടായിരുന്നുവെന്നു മിസ്റ്റർ ബാസ്വത്ത് സ്മിത്ത് പ്രസ്താവിക്കുന്നു. കാത്തേജ് പട്ടണത്തിന്റെ ഗോപുരവാതിലുകൾ മലയാളത്തുനിന്നു കൊണ്ടുവരപ്പെട്ട ചന്ദനമരംകൊണ്ടുണ്ടാക്കപ്പെട്ടവയായിരുന്നുവത്രേ.

ഇതുപോലെതന്നെ ഗ്രീക്കുകാർ, റോമൻകാർ, ചീനദേശീയർ മുതലായവരുമായിട്ടും കേരളം വാണിജ്യത്തിൽ ഏർപ്പെട്ടിരുന്നുവെന്നുള്ളതിനു ലക്ഷ്യങ്ങളുണ്ട്. ഗ്രീക്കുഭാഷയിൽ കുരുവാപ്പട്ടയ്ക്ക് 'കാസ്സിയൻ' എന്നും അരിക്ക് 'ഒറയിസ്' എന്നും ഇഞ്ചിക്ക് (സിൻ ജിബേർ എന്നും പേർ നല്കീയിരിക്കുന്നു. ഈ വക സാധനങ്ങളെ ഉചതീരത്തെകകൾ വഴി അറബികൾ ഏഡനിൽ എത്തിക്കയും അവിടെനിന്ന് മിശ്രദേശീയരും, ഫിനിഷ്യരും അവയെ ചെങ്കടലിന്റേയും മദ്ധ്യധരണിക്കടലിന്റേയും തീരത്തു സ്ഥിതിചെയ്യുന്ന രാജ്യക്കാർക്ക് കപ്പൽമാർഗ്ഗം കൊണ്ടുപോയി കൊടുക്കയും ചെയ്തുവന്നതായി ഖി. സി. രണ്ടാം-നും രണ്ടാം-നും മദ്ധ്യേ ജീവിച്ചിരുന്ന ഫിരോഡോട്ടസ് പറഞ്ഞിരിക്കുന്നു. 'പെരിപ്ലസ്' എന്ന ഗ്രന്ഥത്തിൽ കേരളത്തെപ്പറ്റി പ്രതിപാദിച്ചിട്ടുള്ളത് ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ.

"ഇതു കഴിഞ്ഞാൽ രാജധാനികളായ മുസ്സിരിസ്സും നീൽകണ്ഡയും ആയി. കേളബോത്രന്റെ രാജ്യത്തിൽ കടലോരത്തു സ്ഥിതിചെയ്യുന്ന തിണ്ഡിസ് വളരെ പ്രാധാന്യമുള്ള ഒരു ഗ്രാമമാണ്. മുസ്സിരിസ് സമ്പൽസമൃദ്ധമായ ഒരു നഗരമാകുന്നു. അതിക്കയിൽനിന്നും ഗ്രീസിൽനിന്നും കപ്പൽ കച്ചവടക്കാർ അവിടെ വന്നു കൂടുന്നു."

കൊടുങ്ങല്ലൂരിനു മരീചിപട്ടണം എന്നായിരുന്നു പണ്ടുണ്ടായിരുന്ന പേരു്. അതിന്റെ യവനരൂപമത്രേ മിസ്സിരിസ്.

അതേ ഗ്രന്ഥത്തിൽനിന്നുതന്നെ കേരളത്തിലെ തുറമുഖങ്ങളെപ്പറ്റി ചില കൂടുതൽ വിവരങ്ങൾ ഗ്രഹിക്കാം.

"ഈ തുറമുഖങ്ങളിൽ വലിയ കപ്പലുകൾക്കു നിർബാധം കയറിക്കിടക്കാൻ സൌകര്യമുണ്ട്. ഇവിടെ കയറുമതി ചെയ്യുന്ന

സാമാനങ്ങൾ കരുമുളക്, വെറ്റില, വജ്രം തുടങ്ങിയ രത്നങ്ങൾ പവിഴം, ദന്തം, പട്ടുകൾ മുതലായവയാകുന്നു."

കേരളീയ രാജാക്കന്മാർ വിദേശീയ വണിക്കുകൾക്കു കഴിയുന്ന പ്രോത്സാഹനങ്ങളെല്ലാം നല്കിവന്നിരുന്നു. പെരുമാക്കന്മാരിൽനിന്നു മണിഗ്രാമപട്ടം വാങ്ങീട്ടുള്ള പലേവണിക്കുശ്രേഷ്ഠന്മാർ പ്രാചീനകാലങ്ങളിലുണ്ടായിരുന്നു.

തിരുവിതാംകൂർ.

തിരുവിതാംകൂർ രാജ്യം 8°, 4', 10", 12', ഉത്തരാക്ഷാംശങ്ങൾക്കും 76°, 14', 77°, 38', എന്നീരണ്ടുരേഖാംശങ്ങൾക്കും മദ്ധ്യേ ത്രികോണാകൃതിയിൽ സ്ഥിതിചെയ്യുന്നു. അതിനു 170 മൈൽ നീളവും, 30 മുതൽ 175 മൈൽവരെ വീതിയും ഉണ്ട്. തെക്കുനിന്നു വടക്കോട്ടു വിസ്താരം ക്രമേണ കൂടിക്കൂടി വരുന്നു. ശരാശരി വീതി 80 മൈലിലേ ഉള്ളു.

ഏതാണ്ടു ചതുരശ്രമൈലാണ് ക്ഷേത്രഫലം. മറ്റു നാട്ടുരാജ്യങ്ങളോടു താരതമ്യപ്പെടുത്തി നോക്കിയാൽ തിരുവിതാംകൂർ ഹൈദരബാദിന്റെ പന്ത്രണ്ടിൽ ഒന്നും, മൈസൂരിന്റെ നാലിലൊന്നും, ബറോഡയുടെ എട്ടിലേഴും, ഗ്വാളിയറിന്റെ ഏഴിൽ രണ്ടും, കൊച്ചിയുടെ അഞ്ചുഗുണവും, പുതുക്കോട്ടയുടെ ആറുഗുണവും വരും.

അതിർത്തികൾ.

വടക്കു കൊച്ചി, കോയമ്പത്തൂർ ഈ രാജ്യങ്ങളും, കിഴക്കു സഹ്യപർവ്വതനിരയും, തിരുനെൽവേലി, മധുര, കോയമ്പത്തൂർ, എന്നീ ദേശങ്ങളും തെക്കും പടിഞ്ഞാറും അറബിക്കടലും സ്ഥിതിചെയ്യുന്നു. സഹ്യാദ്രിനിര ശത്രുക്കളിൽ നിന്നു കേരളത്തിന്റെ മറ്റു ഭാഗങ്ങളെ എന്നപോലെ തിരുവിതാംകൂറിനെയും രക്ഷിച്ചതിനു പുറമേ, ഹൈന്ദവാചാരങ്ങളേയും വിശ്വാസങ്ങളേയും പുരാതനകാലംമുതല്ക്കേ അഭിന്നമായി പരിപാലിച്ചുകൊണ്ടുപോന്നു. കടൽ മാർഗ്ഗമായി വിദേശീയർ വന്നു തങ്ങളുടെ അധികാരശക്തി സ്ഥാപിക്കുംവരെ, ഒരു വിദേശീയ രാജവംശത്തിനും സുസ്ഥിരമായ അധികാരം കേരളത്തിൽ നടത്താൻ സാധിച്ചിട്ടില്ല.

ചരിത്രരേഖകൾ.

തിരുവിതാംകൂറിന്റെ ചരിത്രം നിർമ്മിക്കുന്നതിനുള്ള രേഖകൾ പല ദിക്കുകളിലായി ചിതറിക്കിടക്കുന്നതേയുള്ളൂ. പഴയ ശാലകൾ, ശിലാശാസനങ്ങൾ, ക്ഷേത്രചരിതകൾ, രാജാക്കന്മാരുടെ തീട്ടൂരങ്ങൾ, പുരാതന സാംയാത്രികന്മാരുടെ സഞ്ചാരക്കുറിപ്പുകൾ, കേരളീയ രാജമന്ദിരങ്ങളിൽ സൂക്ഷിച്ചിട്ടുള്ള ഗ്രന്ഥവരികൾ, ഈസ്റ്റിൻഡ്യാക്കമ്പനിക്കാരുമായി നടത്തീട്ടുള്ള ഉടമ്പടികൾ, റസിഡൻസിയിലും കച്ചേരിലും മദ്രാസ് ഗവണ്മെൻറുവക പുരാതന രിക്കാർഡ്പുരയിലും സൂക്ഷിച്ചിട്ടുള്ള രേഖകൾ, ഭരണിപ്പോർട്ടുകൾ, ഗസറുകൾ, പഞ്ചാംഗങ്ങൾ, പത്രങ്ങളിലും മാസികകളിലും ഉള്ള ചില ലേഖനങ്ങൾ, പഴയപാട്ടുകൾ ഇവയൊക്കെ ചരിത്രനിർമ്മാണത്തിനു് ഉപകരിക്കുന്നവയാണു്. എന്നാൽ അതിപുരാതനകാലത്തെ സംബന്ധിച്ചിടത്തോളം കേരളോൽപ്പത്തി, കേരളമാഹാത്മ്യം, പതിറുപത്തു, ചിലപ്പതികാരം, മണിമേകല, കലിത്തൊകൈ, അകനാനൂറു്, പുറനാനൂറു് മുതലായ ഗ്രന്ഥങ്ങളാണു് നമുക്കു് അത്യന്തം പ്രയോജകീഭവിക്കുന്നതു്.

പുരാതനചരിത്രം.

ഒരു കാലത്തു് കേരളം ഒട്ടുക്കു് ഭരിച്ചുവന്നതു് ചേരരാജവംശത്തിൽപ്പെട്ട ചക്രവർത്തിമാരായിരുന്നു. ആ വംശം എന്നു് ആരംഭിച്ചു എന്നു നിർണ്ണയിപ്പാൻ തരമില്ല. ആദിചേരരാജവംശത്തിന്റെ സ്ഥാപകൻ മഹാബലി ആണെന്നും അദ്ദേഹത്തിന്റെ തലസ്ഥാനം കുന്നത്തുനാടു താലൂക്കിൽപ്പെട്ട 'തൃക്കാരിയൂർക്കര' അഥവാ തൃക്കാക്കര ആയിരുന്നുവെന്നും ഊഹിക്കപ്പെട്ടിരിക്കുന്നു.

കാലക്രമേണ തിരുവഞ്ചിക്കുളം ചേരരാജാക്കന്മാരുടെ തലസ്ഥാനനഗരിയായിതീർന്നു. ഈ നഗരത്തെ പുരാതനസഞ്ചാരികളും, തമിഴ്കവികളും വർണ്ണിച്ചിട്ടുള്ളതുകൊണ്ടു്, അതിന്റെ പഴക്കത്തെയും മാഹാത്മ്യത്തെയും പറ്റി നമുക്കു ചിലതൊക്കെ അറിവാൻ മാർഗ്ഗമുണ്ടു്. ചേരപട്ടണം, കുരുർപട്ടണം, വഞ്ചിപട്ടണം ഇത്യാദി പലേ പേരുകൾ ഈ നഗരത്തിനുണ്ടായിരുന്നു.

ആടികാലത്ത് കേരളത്തിനു പുറമെ കുടക്, കോയമ്പത്തൂർ ജില്ല യുടെ ഒരു ഭാഗം, മൈസൂറിന്റെ തെക്കേഅറ്റം മുതലായവകൂടി ചേരരാജ്യത്തിൽ പെട്ടിരുന്നു.

ആടിചേരരാജാക്കന്മാരുടെ ഭരണകാലത്തെ സംബന്ധിച്ച് കുറേരണ്ടു പ്രധാന സംഗതികൾ ഇവിടെ പ്രസ്താവയോഗ്യമാണ്. അതിൽ ഏറ്റവും പ്രധാനമായുള്ളത് കേരളത്തിന്റെ തെക്കേ അറ്റത്തു സ്ഥിതിചെയ്തിരുന്ന ഭൂഭാഗം സമുദ്രക്ഷോഭത്താൽ കട ലിൽ അണ്ടുപോയി എന്നുള്ളതാണ്. ഈ സമുദ്രാക്രമണത്തെ പ്പറ്റി തമിഴ്സാഹിത്യത്തിൽ ഒട്ടുവളരെ സൂചനകൾ കാണുന്നു. ഈ സംഭവം ചേരരാജവംശത്തിന്റെ ക്ഷയത്തിനു കാരണമായിത്തീർന്നുകാണണം.

ആര്യബ്രാഹ്മണരായ നമ്പൂതിരിമാർ കേരളത്തിൽ പ്രവേശിച്ചതും ചേരരാജാക്കന്മാരുടെ കാലത്തായിരുന്നു. പരശുരാമന്റെ നേതൃത്വത്തിൽ അവർ കേരളചക്രവർത്തിയെക്കൊണ്ടു തിരുത്തങ്കമുടി കാഴ്ചവയ്പ്പിയും, ആ ചക്രവർത്തി അവരെ ഈ നാട്ടിൽ താമസിപ്പിക്കയുംചെയ്തു.

ചേരരാജാക്കന്മാരുടെ പ്രതാപം ബി. സി. നാലാംശതകം വരെ നില നിന്നിരുന്നു. അതിനുശേഷം കേരളം പലേ കേരളീയ രാജാക്കന്മാരുടെ ഭരണത്തിൻ കീഴിലായി. ഏറ്റവും കൊല്ലം മുതൽ പെരുമ്പുഴവരെയുള്ള പ്രദേശത്തു ഒരുമാതിരി സമുദായഭരണമാണ് നടപ്പിലിരുന്നത്. പ്രാരംഭദശയിൽ നായന്മാർതന്നെ പ്രതിനിധികളെ നിശ്ചയിച്ച് അവരെക്കൊണ്ടു ഭരണം നടത്തിച്ചു വന്നുവെങ്കിലും, കേരള ബ്രാഹ്മണർ അധികാരലാഭോത്സുകം പ്രയത്നിച്ചുകൊണ്ടിരുന്നതിനാൽ ഇരുകൂട്ടരും തമ്മിൽ കൂടക്കൂടെ കലഹങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. ബ്രാഹ്മണരാവട്ടെ നായർപ്രമാണികളിൽ ചിലരുടെ അഭിജാത്യം നശിപ്പിച്ചും അവരുടെകുടുംബങ്ങളിൽ സംബന്ധംകഴിച്ചും, തങ്ങളുടെ സ്വാധീനശക്തിവർദ്ധിപ്പിക്കയാൽ, ഇരുപാട്ടുകാരും തമ്മിൽ നടത്തിയ യുദ്ധം നാട്ടിനു വളരെ നാശകരമായിത്തീർന്നു. ഒടുവിൽ ഒരു ഒത്തുക്കുപും കാണാതെ വന്നതുകൊണ്ടു നായന്മാരും ബ്രാഹ്മണരും തമ്മിൽ ഒരു സന്ധി ചെയ്തു. ആ സന്ധിപ്രകാരം മുമ്മൂന്നു കൊല്ലം വീതം നാലു ബ്രാഹ്മ

ണ്ടും, പിന്നീടു പന്ത്രണ്ടു വർഷത്തേക്കു ഒരു നായരും, ഇടവിട്ടു രക്ഷാപുരുഷന്മാരായി വാഴണമെന്നു തീർച്ചപ്പെടുത്തി. ഇങ്ങനെ തെരഞ്ഞെടുക്കപ്പെട്ട രക്ഷാപുരുഷന്മാർ കേരളത്തിൽ സർവ്വാധികാരങ്ങളും നടത്തിവന്നു. ആറിങ്ങൽവാതിൽപരം വർഷക്കാലം ഈ സമുദായഭരണം നിലനിന്നു.

ഗ്രാമങ്ങൾ ഭരണകാര്യങ്ങളൊഴിച്ചു് മറ്റു സംഗതികളിലൊക്കെ ഏറക്കുറെ സ്വതന്ത്രമായിരുന്നു. ഗ്രാമസങ്കേത്തിനുള്ളിൽ ആ ഗ്രാമക്കാർക്കു വേണ്ടതൊക്കെയും ഏർപ്പാടു ചെയ്തിരുന്നതിനാൽ പരാശ്രയമേ വേണ്ടിവന്നില്ല. ഗ്രാമം തോറും ഓരോ പരദേവതയെ പ്രതിഷ്ഠിച്ചു്, ആ ക്ഷേത്രത്തിലേക്കു, ഭൂമിയുടമസ്ഥന്മാർക്കു ലഭിക്കുന്ന ആദായത്തിന്റെ ഒരു ക്ലിപ്തമായ അംശം കൊടുക്കണമെന്നു വ്യവസ്ഥ ചെയ്തു. ഈ വഴിക്കു്, ഗ്രാമക്ഷേത്രങ്ങൾക്കു് അചിരേണ സ്വത്തു വർദ്ധിച്ചു; ചിലക്ഷേത്രന്മാർ നിലങ്ങളും പുരയിടങ്ങളും ദാനം ചെയ്യാറുമുണ്ടായിരുന്നു. ഇങ്ങനെ വർദ്ധിച്ചു വന്ന സ്വത്തുകളേ പരിപാലിക്കാനായി പിള്ളാലത്തു കോവിലധികാരികൾ എന്ന പേരിൽ ചിലരെ ഊരാളന്മാർ തിരഞ്ഞെടുത്തു നിയമിക്കേണ്ടിവന്നു. എന്നാൽ ഈ കോവിലധികാരിമാർ, ഗ്രാമയോഗത്തിന്റെ ആജ്ഞാനുവർത്തികൾ തന്നെയായിരുന്നു. സങ്കേതത്തിനുള്ളിലുള്ളവർക്കു മരണ

---

64 ഗ്രാമങ്ങൾ തുളുവനാട്ടുപെരുമുഴക്കു വടക്കു ഇടകഞ്ഞിവിളക്കുർ, ഗുണമന്ത, കാരിയൂർ, കക്കോടി, മണ്ണിയം, കിത്തനാട്, ശ്രീവാടി മകരവേലി, കൂടൽ, ഇവിരം, കൊട്ട, ശിവള്ളി, കവയനാട്, കൊള്ളവൻ, നിവ്യാക, മക്കടകഞ്ഞി, മാഗ്ര, ഉദപില്ല, എടപ്പാണി, അഞ്ചേരി, കണ്ണങ്കോഴ് പാലത്തുർ, വലമംഗലം, കോളർപ്പു, ഉപരുഗളം, രാമഞ്ചം, അഞ്ചുനം, തൊട്ടി, പോള, ഉലിയം, തെക്ക് കരിയാത്രപ്പുഴക്കു വടക്ക്, പെരുഞ്ചെല്ലൂർ, പഴുവനൂർ, കരിക്കാട്ട്, ഇരശാനിമംഗലം, അലത്തൂർ, കാരത്തോളം, തൃശ്ശിവപ്പേരൂർ, പന്നിയൂർ, പൊവ്വുരം, പെരുമനം, കരീമരുപ്പുഴക്കു വരാപ്പുഴയ്ക്കും മദ്ധ്യേ, ഇരിഞ്ഞപ്പേക്കുടെ, ചെമ്മണ്ട, അവട്ടത്തൂർ, അറയൂർ, ഉളിയന്നൂർ, കുഴ്ര, അയിരാണിക്കുളം, മൂഴിക്കുളം, ചെങ്ങമനാട്, പറവൂർ, തഴുവനാട്, കുഴിക്കുളം.

വരാപ്പുഴക്കുതെക്കു ഏറുമാന്തുർ, കുമാരനല്ലൂർ, കിടങ്ങൂർ, കൊടുതുരി, കവിയൂർ, അരനമുള, ചെങ്ങന്നൂർ, വെണ്മണി വെട്ടിക്കവല, നീർമണ്ണു്, ഇവയിൽ പെരുമുഴക്കു തെക്കുള്ള 32 ഗ്രാമങ്ങൾ മാത്രമേ സമുദായത്തിനു വിധേയമായിരുന്നുള്ളു.

ശിക്ഷപോലും നല്കുന്നതിനു യോഗക്കാക്ക് അധികാരമുണ്ടായിരുന്നുവത്രേ. ക്ഷേത്രം വഴിക്കാണ് യോഗക്കാരും ബ്രാഹ്മണരും തങ്ങളുടെ അധികാരശക്തി വലിപ്പിച്ചുകൊണ്ടിരുന്നത്. എന്തുകൊണ്ടെന്നാൽ, സങ്കേതത്തിനുള്ളിൽ ഒരാണ്ടിനകത്തുനടന്നിട്ടുള്ള എല്ലാ അപരാധങ്ങൾക്കും തക്ക ശിക്ഷ നല്കിക്കഴിഞ്ഞു എന്നു കോയ്മ യോഗക്കാരെ അറിവിച്ചശേഷമേ, ക്ഷേത്രത്തിൽ അക്കൊല്ലത്തെ ഉത്സവത്തിനു കൊടിയേറാൻ സമ്മതിക്കൂ. ചിലപ്പോൾ യോഗക്കാർക്കോ കോയ്മയ്ക്കോ ശിക്ഷിക്കാൻ സാധിക്കാത്തവിധത്തിൽ അപരാധികൾ പ്രബലന്മാരായി വന്നേക്കാം. അങ്ങനെ വരുമ്പോൾ, ക്ഷേത്രം അടച്ചു പൂട്ടിയിട്ടുകളകയാണു പതിവു്. ഈശ്വരകോപത്തെ ഭയന്നു് അപരാധി പ്രായശ്ചിത്തം ചെയ്യുമ്പോഴേ ക്ഷേത്രം വീണ്ടും തുറന്നു് കർമ്മങ്ങൾ തുടരുകയുള്ളൂ.

കേരളത്തിൽ അറുപത്തുനാലു ഗ്രാമങ്ങൾ പ്രസിദ്ധങ്ങളായിട്ടുണ്ടെങ്കിലും പെരുമ്പുഴക്കു തെക്കുള്ള നൂറു ഗ്രാമങ്ങൾ മാത്രമേ സമുദായ ഭരണം സ്വീകരിച്ചിരുന്നുള്ളൂ. ഭരണസൗകര്യാർത്ഥം രാജ്യത്തെ നാലു തളികളായിട്ടും, ഓരോ തളിയെ പലേ ഗ്രാമങ്ങളായിട്ടും, ഗ്രാമത്തെ തറകളായിട്ടും വിഭജിച്ചിട്ട്, ഓരോന്നിനേയും സംബന്ധിച്ചു കാര്യങ്ങൾ മഹാസഭകൾ വഴിക്കോ, ഗ്രാമസഭകൾ വഴിക്കോ, തറക്കൂട്ടങ്ങൾ വഴിക്കോ നിർവഹിച്ചുവന്നു. തളികളുടെ തലസ്ഥാനം പെരിഞ്ചെല്ലൂർ, പയ്യന്നൂർ, പറവൂർ, ചെങ്ങന്നൂർ ഇവയായിരുന്നു. ഓരോ തളിയിലും രക്ഷാപുരുഷനെന്ന നിലയിൽ തിരഞ്ഞെടുക്കപ്പെടുന്ന തളിയാതിരി കഴകം എന്ന പേരിൽ അറിയപ്പെടുന്ന മഹായോഗങ്ങൾ മുഖേന പൊതുകാര്യങ്ങൾ നടത്തിക്കൊണ്ടിരുന്നു. എന്നാൽ കാലക്രമേണ തളികൾ നാലു ബ്രാഹ്മണർക്ക് അധീനമായതുകൊണ്ടു് നായന്മാരുടെ വിരോധം ഉണ്ടാവാതിരിക്കുന്നതിനായി ഒരു നായർ തളിയാതിരിയെക്കൂടി തിരിഞ്ഞെടുത്തുവന്നു. ഇങ്ങനെ തളിയാതിരിമാർ എണ്ണത്തിൽ അഞ്ചു് ആയി. ഗ്രാമങ്ങളെപ്പോലെതന്നെ തറകളും സ്വതന്ത്രങ്ങളായിരുന്നു. അവയ്ക്കും പ്രത്യേകം ക്ഷേത്രങ്ങളും കാര്യനിർവ്വഹണത്തിനായുള്ള കൂട്ടങ്ങളും ഉണ്ടായിരുന്നു. മുന്നൂറുവർ, ഒരുന്നൂറുവർ എന്നിങ്ങനെ ജനസംഖ്യ അനുസരിച്ചാണു് ഓരോ

കൂട്ടത്തെയും വിളിച്ചുവന്നതു്. ഈ പതിവു് അടുത്തകാലംവരെ നിലനിന്നുപോന്നു.

ക്ഷേത്രസങ്കേതത്തിനുള്ളിൽ ആണ്ടു തറക്കൂട്ടങ്ങൾ നടത്തിവന്നതു്. കലഹങ്ങൾ പറഞ്ഞൊതുക്കുക, ശിക്ഷാഹ്നന്മാരെ ശിക്ഷിക്കുക, ക്ഷേത്രസംബന്ധമായ ഉത്സവാദികൾ നടത്തുക, മുതലായവയെല്ലാം അതാതുദേശത്തുള്ള ജനങ്ങൾ കൂട്ടംകൂടിയാണു നിശ്ചയിച്ചുവന്നതു്.

ബ്രാഹ്മണരുടെ ശക്തി വർദ്ധിച്ചുവരുന്നതിനോടുകൂടി നായന്മാർക്കു ഗ്രാമസഭകളിൽ കാര്യമില്ലാതായിത്തുടങ്ങി. ക്ഷേത്രങ്ങൾ വഴിക്കു് ഭൂസ്വാമ്യവും കേരള ബ്രാഹ്മണരിൽ അടങ്ങി. ബ്രാഹ്മണർ ആയുധാഭ്യാസം ചെയ്തു ക്ഷത്രിയരെപ്പോലെ നാടുവാഴാൻ തുടങ്ങിയതിനോടുകൂടി നാട്ടിൽ പലേ കുഴപ്പങ്ങൾ ഉണ്ടായി. രക്ഷാപുരുഷന്മാർ കാലാവധി തീർന്നാലും തങ്ങളുടെ സ്ഥാനം വിട്ടൊഴിയാതെവന്നു. ജനങ്ങൾ രണ്ടു കക്ഷിയായിപ്പിരിഞ്ഞു് പരസ്പരം കലഹിച്ചു. ജനപക്ഷത്തിന്റെ നേതൃത്വം രക്ഷാപുരുഷത്വം ഒഴിഞ്ഞ അമ്പലവാസികളായ നായർ പ്രമുഖന്മാരും വഹിച്ചു. നാട്ടിൽ കലഹം ഉണ്ടാകുന്നതു വിദേശീയർക്കു ഗുണപ്രദമാണല്ലോ. ഈ അവസരത്തിൽ ആദിചേരരാജാക്കന്മാരുടെ ഒരു ശാഖക്കാർ കൊങ്ങുരാജ്യം വാഴുന്നുണ്ടായിരുന്നു. അദ്ദേഹം നയശാലിയായിരുന്നതിനാൽ, ഈ വഴക്കുകൾ ഒതുക്കുന്ന വിഷയത്തിൽ വിജയപൂർവം മാദ്ധ്യസ്ഥം വഹിച്ചു. അദ്ദേഹം ഇരുകൂട്ടരുടെയും പ്രീതി സമ്പാദിച്ചതിനാൽ, സമുദായഭരണം നിർത്തീട്ടു്, ഒരു രാജാവിനെ ഭരണാധികാരിയായി നിയമിക്കുന്നതാണു് നല്ലതെന്നു് അവരെ വിശ്വസിപ്പിച്ചു. ചുരുക്കിപ്പറഞ്ഞാൽ കൊങ്ങുരാജാവായ ഉദയൻ ബാണപ്പെരുമാൾ ആദ്യത്തെ കേരളപ്പെരുമാളായി അവരോധിക്കപ്പെട്ടു. ഇതു ബി. സി. ഏഴാം-മാണ്ടിടയ്ക്കായിരുന്നു.

പെരുമാക്കന്മാരുടെ വാഴ്ച.

പെരുമാക്കന്മാരുടെ വാഴ്ചക്കാലം കേരളത്തിന്റെ ചരിത്രത്തിൽ ഒരു സുവർണ്ണഘട്ടമായിരുന്നു. ഈ നാട്ടിന്റെ പുകൾ ലോകമൊട്ടുക്കു് പൊങ്ങുകയും രാജ്യം സമ്പൽസമൃദ്ധമാവുകയും ചെയ്തു.

ബാണവമ്മഉദയഞ്ചേരൻ നയകുശലനായിരുന്നതു കൊണ്ടു് ജനക്ഷോഭം വരാത്തവിധത്തിൽ രാജ്യഭരണവ്യവസ്ഥകൾ നവീകരിച്ചു. ചേരരാജാക്കന്മാരുടെ തലസ്ഥാനമായിരുന്ന വഞ്ചിപട്ടണത്തെത്തന്നെ അദ്ദേഹം രാജധാനിയായി സ്വീകരിക്കയും ജനങ്ങളുടെ അവകാശങ്ങളെ നിർബ്ബാധം പരിപാലിക്കയും ചെയ്തു. തളിയാതിരിമാരെ അവരോധിക്കുന്ന പതിവു് അദ്ദേഹം നിഷ്കർഷിച്ചു. അങ്ങനെ അവരോധിക്കപ്പെടുന്നവരെ അദ്ദേഹം മന്ത്രിമാരായി സ്വീകരിച്ചുതുടങ്ങി. ജനങ്ങളുടെ ഹിതാനുസരണം ഭരിക്കുന്നതിനുണ്ടായിരുന്ന സന്നദ്ധതയെ അദ്ദേഹം ഈവിധം പ്രത്യക്ഷപ്പെടുത്തി. തറക്കൂട്ടങ്ങളും യഥാപൂർവ്വം നടന്നുകൊണ്ടിരുന്നു.

ബി. സി. ഏഴാം-ൽ ഇമയവമ്മൻ നെടുഞ്ചേരലാതൻ പെരുമാളായി വാഴ്ചതുടങ്ങി. അദ്ദേഹം ഉദയഞ്ചേരന്റെ മൂത്തപുത്രനായിരുന്നു. ഭരണാരംഭത്തിൽ നാട്ടിലെ പ്രഭുക്കന്മാർ അദ്ദേഹത്തിനെ സ്ഥാനഭ്രഷ്ടനാക്കീട്ടു് വീണ്ടും സമുദായഭരണം ഏർപ്പെടുത്താൻ ശ്രമിച്ചുനോക്കി. എന്നാൽ തളിയാതിരിമാരെല്ലാവരും ഇമയവമ്മനെ അനുകൂലിക്കയാൽ അദ്ദേഹത്തിനു സമാധാനം സ്ഥാപിക്കുന്നതിനും രാജ്യഭദ്രത വർദ്ധിപ്പിക്കുന്നതിനും സാധിച്ചു. അദ്ദേഹം പ്രബലമായ ഒരു നാവികസേനയോടുകൂടി സിംഹളരാജാവായ വലശാംബാഹുവിനെ തോല്പിച്ചു് അദ്ദേഹത്തിന്റെ തലസ്ഥാനത്തെ കരിയാക്കപ്പെട്ടു. ഇദ്ദേഹത്തിന്റെ കാലത്തു് കേരളത്തിൽ നടന്ന ഒരു പ്രധാനസംഭവം ധർമ്മശാസനൻ എന്ന ബുദ്ധമതസന്ന്യാസിയുടെ ആഗമനമായിരുന്നു. ആ സന്ന്യാസിക്കു് അനവധി ശിഷ്യന്മാരുണ്ടായിരുന്നതിൽ ഒരാളായിരുന്നു കോവിലൻ. അദ്ദേഹം പെരുമാളുടെ അനുവാദത്തോടുകൂടി ഒരു ബൌദ്ധചൈത്യം പണികഴിപ്പിച്ചു.

ഇമയവമ്മൻ മഹാധീരനും പരാക്രമശാലിയും മഹാധർമ്മിഷ്ഠനും ആയ ഒരു ചക്രവർത്തിതന്നെയായിരുന്നു. അദ്ദേഹം ഹിമവൽസാനുവരെവിജയയാത്രചെയ്തതായി ഒരു കവി പാടിയിരിക്കുന്നതു് അതേപടി വിശ്വസിക്കാൻ തരമില്ലെങ്കിലും കേരളത്തിന്റെ പേരും പെരുമയും വളർത്താൻ അദ്ദേഹം വളരെ പ്രയത്നിച്ചിട്ടുണ്ടെന്നു നിസ്സംശയം പറയാം.

മൂന്നാമത്തെ പെരുമാളായ ചെങ്കട്ടുവൻ ഇമയവമ്മന്റെ അനുജനായിരുന്നു. അദ്ദേഹം ബി. സി. രണ്ടാൽ അവരോധിക്കപ്പെട്ടു. അദ്ദേഹം കൊങ്ങു രാജ്യത്തെ കേരളത്തോടു ചേർത്തു. അധികാരം ആനകളെ തൊട്ടു തൊട്ടു നിറുത്തി ഒരേടി പസുത്തിൽ തന്നെ പൂർവപശ്ചിമസമുദ്രങ്ങളിലെ ജലം വരുത്തി അഭിഷേകം കഴിക്കാറുണ്ടായിരുന്നതുകൊണ്ട് അദ്ദേഹത്തിനു "ഗജപതി" എന്നൊരു നാമം കൂടി സിദ്ധിച്ചുവത്രേ. അദ്ദേഹം മഹാശാസ്ത ഭക്തനായിരുന്നു എന്നു പ്രസിദ്ധമാണ്. ചെങ്കട്ടുവൻ ബി. സി. ഏഴാമാണ്ടു് രാജ്യഭാരത്തെ ജ്യേഷ്ഠപുത്രനെ ഏല്പിച്ചിട്ടു് വാനപ്രസ്ഥം സ്വീകരിച്ചു. നാലാമത്തെ പെരുമാൾ ബാണവമ്മൻ ആയിരുന്നു. അദ്ദേഹം നെടുഞ്ചോലാതനു വേൾ ആയവംശത്തിലെ പദ്മാവതിയിൽ ജനിച്ച പുത്രനായിരുന്നുവെന്നുകാണുന്നു. അദ്ദേഹം കുടുംബവംശജനായ "നന്ദൻ" എന്ന രാജാവിനെ തോല്പിച്ചു "പൂഴിരാജ്യം" പിടിച്ചടക്കി. അക്ഷരലക്ഷം കൊടുത്തു് മഹാകവികളെ പ്രോത്സാഹിപ്പിച്ചകേരളീയചക്രവർത്തികളിൽ ഇദ്ദേഹം പ്രഥമഗണനീയനായിരുന്നു.

ബാണവമ്മന്റെ കാലശേഷം രാജ്യം വാണ പെരുമാക്കന്മാർ "ഇരുന്നൊറൈ" എന്ന സ്ഥാനം കൈക്കൊണ്ടതായികാണുന്നു. അവരിൽ ആദ്യത്തെആളായ മാന്തരൻ ചേരൻ പൊറൈയൻ ഏ. ഡി. ഒ-ാംമാണ്ടിടയ്ക്കു സിംഹാസനാരോഹണം ചെയ്തതായി ഊഹിക്കാം. അദ്ദേഹത്തിന്റെ പിൻഗാമികളായ മൂന്നു പെരുമാക്കന്മാരുടെ കാലത്തു പറയത്തക്ക വിശേഷസംഭവങ്ങളൊന്നും ഉണ്ടായിട്ടില്ല. എന്നാൽ ഏഴാം പെരുമാളായ അരുവന്തേരലിരുമ്പൊറയുടെ കാലത്തു്, കരുർപട്ടണത്തുവച്ചു് ചോളരാജാവുമായി നടന്ന ഒരു യുദ്ധത്തിൽ പെരുമാൾ വിജയം പ്രാപിക്കയുണ്ടായി.

എട്ടാമത്തെ പെരുമാളായ ചെൽവകടുംകോവടിയാൻ മഹാവീരനും പണ്ഡിതനും ആയിരുന്നുവത്രെ. അദ്ദേഹം ഇരുപത്തിരണ്ടുകൊല്ലം നാടുവാണു. അദ്ദേഹത്തിന്റെ പുത്രനായ പെരുഞ്ചോലിരുമ്പൊറ അതിപരാക്രമശാലിയും ഏഴുമുടി ചൂടിയവനും ആയി അതികമാനഞ്ചിയേയും ചോഴപാണ്ഡ്യരാജാക്കന്മാ

രെയും തോല്പിച്ചു അത്ഭുതഭുജപവിക്രമിയായിരുന്നതായി തമിഴ് പാട്ടുകളിൽ നിന്നു തെളിയുന്നു. സാഹിത്യപരിപോഷണത്തിനായും നിരവധി ധനം അദ്ദേഹം ചെലവുചെയ്തിട്ടുണ്ടത്രേ. പതിനേഴു കൊല്ലത്തോളം ഈ പെരുമാൾ രാജ്യം ഭരിച്ചു.

അടുത്ത പെരുമാളായ ഇളങ്കോരലിരുമ്പൊറയും പ്രബലനായിരുന്നു. അദ്ദേഹം സിംഹാസനസ്ഥനായ ഉടൻതന്നെ ചോളരാജാവുമായി യുദ്ധത്തിൽ ഏർപ്പെട്ടു പല നാടുകൾ കൈവശപ്പെടുത്തിയത്രേ. എ. ഡി. 1-ാമാണ്ടിടയ്ക്ക് അദ്ദേഹം മരണംപ്രാപിച്ചു. അദ്ദേഹം പതിനാറുവർഷത്തോളം രാജ്യം ഭരിച്ചിരുന്നു.

അടുത്ത പെരുമാൾ ഇമയവർമ്മൻ പെരുങ്കോരനായിരുന്നു. കരികാലനെന്ന ചോളരാജാവുമായുണ്ടായ യുദ്ധത്തിൽ, പുറത്തു മുറിവുപറ്റിയതു നിമിത്തം നേരിട്ട മാനഹാനിയാൽ അദ്ദേഹം ആത്മഹത്യചെയ്തുകളഞ്ഞു. ഇതു എ. ഡി. 2-ൽ ആയിരുന്നു.

പെരുമുതല്ലൂ നാലുകൊല്ലം രാജ്യം ഭരിച്ചു നെടുങ്കോരലാതൻ ചോളരാജാവുമായുണ്ടായ യുദ്ധത്തിൽ പരസ്പരം വെട്ടിമരിച്ചുവത്രേ.

പിന്നീടു അതിക്കോൾപ്പാർട്ടുച്ചേരലാതൻ കേരളപ്പെരുമാളായി. അദ്ദേഹം മുപ്പത്തിരണ്ടുകൊല്ലം നാടുവാണു. ഈ പെരുമാളുടെ കാലത്തു ഉത്തരഇന്ത്യയിൽനിന്നു് ഏതാനും ആര്യബ്രാഹ്മണർ കേരളത്തിൽവന്നു കുടിപാർപ്പു തുടങ്ങി. അവർക്കു തൊണ്ടിയെന്ന പ്രദേശത്തേയും ഏതാനും പശുക്കളേയും അദ്ദേഹം ദാനം ചെയ്തുവത്രേ. ഈ പെരുമാളും ചിലരാജാക്കന്മാരെ തോല്പിച്ചതായി പാട്ടുകളിൽ കാണുന്നു.

അദ്ദേഹത്തിന്റെ കാലശേഷം നാടുവാണ കേരളചക്രവർത്തി ചേരൻചെങ്കുട്ടുവനായിരുന്നു. അദ്ദേഹം എ. ഡി. 2-ാമാണ്ടുവരെ അതായതു അമ്പത്തിഅഞ്ചു വത്സരം പ്രതാപത്തോടുകൂടി രാജ്യം ഭരിച്ചു. കേരളത്തിലെ അതിപ്രതാപശാലികളായ രാജാക്കന്മാരുടെ കൂട്ടത്തിൽ എല്ലാംകൊണ്ടും അഭിജിതീയനായിരുന്നു ചെങ്കുട്ടുവൻ. അദ്ദേഹം സപരിവാരം പെരിയാറിന്റെ തീരത്തു മൃഗയാലോലുപനായി വാഴുന്ന കാലത്തു് കോവിലൻചരിത്രത്തെ കേൾക്കുവാനിടവന്നു. സതീരത്നമായ

കണ്ണകിയുടെ സ്മാരണയെ നിലനിത്തുന്നതിനായി ഒരു ക്ഷേത്രം നിർമ്മിക്കാൻ അദ്ദേഹം ഉടൻതന്നെ തീർച്ചപ്പെടുത്തി. അതിലേക്ക് ആവശ്യമുള്ള ശിലകൾ കൊണ്ടുവരുന്നതിനായി അദ്ദേഹം ഹിമവൽസാനുവരെ ദിഗ്വിജയയാത്രയും നടത്തിയത്രേ.

ചെങ്കുട്ടുവന്റെ കാലത്ത് കേരളം പലേവിധത്തിൽ അഭിവൃദ്ധിയെ പ്രാപിച്ചു. വിദ്യാഭ്യാസവിഷയകമായും മറും അദ്ദേഹം നിരവധിപരിഷ്കാരങ്ങൾ നടപ്പിൽ വരുത്തി.

ചെങ്കുട്ടുവന്റെ പുത്രനായ കോതവർമ്മനാണ് അടുത്ത പെരുമാൾ. അദ്ദേഹം പത്തുകൊല്ലമേ നാടുവാണിരുള്ളൂ. അക്കാലത്തിനിടയ്ക്ക് ചോഴപാണ്ഡ്യരാജാക്കന്മാർപ്രബലന്മാരായി തീരുകയും അവരെ തടുത്തുനിത്തുന്നതിന് പെരുമാൾക്ക് ശക്തിയില്ലാതെ വരികയുംചെയ്തു. ക്രമേണ പെരുമാക്കന്മാരുടെ ശക്തി ക്ഷയിച്ചുവന്നു. ഒരു-ാമത്തെ പെരുമാളായ കണ്ണെക്കാലിരുമ്പൊറെയയെ ചോഴ് രാജാവ് ബന്ധനസ്ഥനാക്കുകചോലും ചെയ്തു.

ഒടുവിലത്തെ പെരുമാക്കന്മാരിൽ ചിലരുടെ ഭരണകാലം തിരുവിതാംകൂർ ചരിത്രത്തിൽ വളരെ പ്രാധാന്യം വഹിക്കുന്നു. പരമശിവഭക്തനായിരുന്ന ചെങ്കോൽപൊറെയൻ സ്ഥാനത്യാഗം ചെയ്തപ്പോൾ പെരുമക്കോതെയർഎന്ന രാജാക്കന്മാരാൻ പെരുമാളായിവാണു. അദ്ദേഹവും പരമഭക്തനായിരുന്നു. ചെങ്കോൽ പൊറെയന്റെ കാലത്തു കേരളത്തിൽ ബുദ്ധമതം ക്ഷയിക്കയും വൈദികമതം പുനഃസ്ഥാപിതമാവുകയും ചെയ്തു. മീമാംസകന്മാരുടെ പ്രചാരം കേരളത്തിലേക്കു ഉണ്ടായതു ഇക്കാലത്തായിരുന്നു.

അദ്ദേഹത്തിന്റെ പിൻഗാമിയായിരുന്ന പ്രസിദ്ധനായ കുലശേഖരചക്രവർത്തി ആണ് അടുത്ത ചേരമാൻപെരുമാൾ. അദ്ദേഹം ഉടലോടെ സ്വർഗ്ഗത്തുപോയതായി ഇന്നും ജനങ്ങൾ വിശ്വസിച്ചുവരുന്നു. ഈ ചക്രവർത്തിയുടെ കാലം എ.ഡ-ം ശ.ം-ം മദ്ധ്യത്തായിരിക്കണം.

ചേരമാൻ പെരുമാളുടെ കാലത്തുതന്നെ കേരളത്തിന്റെ കാരോ ഭാഗങ്ങളെ രാജകുടുംബത്തിൽപ്പെട്ട കാരോ അംഗങ്ങൾ

ഭരിക്കുവാൻ തുടങ്ങി. കോട്ടയം രാജവംശം ചക്രവർത്തിയുടെ സഹോദരനായ ഒരു പൊറൈയനും കാല്യൂരനാട്ട് (ഇപ്പോഴത്തെ ആലങ്ങാടാണെന്നു തോന്നുന്നു.) മറ്റൊരു സഹോദരനും വാണുതുടങ്ങി. വേണാടു ഭരിച്ചുവന്നതു് അദ്ദേഹത്തിന്റെ രണ്ടാമത്തെ പുത്രനായ കോതമാർത്താണ്ഡനാകുന്നു. തന്റെ പിതാവിന്റെയും തന്റെയും സിംഹാസനാരോഹണത്തിന്റെ സ്മാരകമായി ഈ വേണാട്ടടികൾ സമാരംഭിച്ചതായിരിക്കണം കൊല്ലവർഷം. തൃക്കാക്കര വിഷ്ണുക്ഷേത്രം കുലശേഖരചക്രവർത്തി സ്ഥാപിച്ചതാണെന്നു.

ക്രിസ്താബ്ദം പന്ത്രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സ്ഥാണുരവിപ്പെരുമാൾ ചോളാദിത്യൻ ഒന്നാമന്റെ അഥവാ രാജകേസരിവർമ്മന്റെ സമകാലികനായിരുന്നു. അന്നു വേണാട്ടു വാണിരുന്ന അയ്യനടികൾ തിരുവടികളും അധികാരികളും പ്രകൃതികളും കൂടിയിരിക്കവേ ഈ പെരുമാൾ കുരക്കേണി കൊല്ലത്തു ഏശോ ദാ തപിരായി നിർമ്മിച്ച പള്ളിക്കു ഒരു പട്ടയം കല്പിച്ചുകൊടുത്തതായി കാണുന്നു.

"നാലുകൂടി ഇഴിവതും അക്കുടിക്കേറുമീഴക്കെയതെന്മതുമീ വകൈ വന്നിരുവരുമാരുവണ്ണാരക്കുടിയും ഇവ്വഴിവക്കും തെക്കു കാണമും ഏണിക്കാണമും മറെമേയ്പ്പാൻകൊള്ളുമാറെയും ചാർറാന്മാട്ടു മേനിപ്പാന്നും പൊലിപ്പാന്നും ഇരുപുറോം കുട്ടനാഴിയും ഇവ്വനെത്തും കൊള്ളപ്പേരാർ."

സ്ഥാണുരവിപെരുമാളുടെ വക അനേക ശാസനങ്ങൾ നമുക്കു ലഭിച്ചിട്ടുണ്ടു്.

അദ്ദേഹത്തിന്റെ കാലനിർണ്ണയത്തിനു വലിയ ബുദ്ധിമുട്ടൊന്നുമില്ല. തിരുവല്ലസ്ഥാനം ശിവക്ഷേത്രത്തിലെ ഒരു ശിലാലേഖയിൽ അദ്ദേഹത്തെ തോണ്ടനാടു് കീഴടക്കിയ കേസരിവർമ്മന്റെ സമകാലികനായി പ്രസ്താവിച്ചിട്ടുണ്ടു്. ഈ കേസരിവർമ്മൻ പല്ലവരാജകുടുംബത്തെ നശിപ്പിച്ച വരഗുണപാണ്ഡ്യന്റെ ഒരു മിത്രമായിരുന്നു. വരഗുണപാണ്ഡ്യൻ പ്രസ്തുതമാണ്ടു മുതല്ക്കാണു് രാജ്യഭാരം തുടങ്ങിയതു്.

വിജയസ്കന്ധവർമ്മൻ അടുത്ത പെരുമാൾ അദ്ദേഹം സ്ഥാണുരവിപെരുമാളിന്റെ കാലത്തു കോവിലധികാരി

കളായിരുന്നതായി ശിലാശാസനങ്ങളിൽ കാണുന്നു, അദ്ദേഹത്തിന്റെ ഭരണകാലം ക്രി. വി. ൯൧൪ വരെ ആയിരുന്നിരിക്കണം. പിന്നീട് രാജ്യഭാരം ഏറ്റതു് പ്രസിദ്ധനാടകകർത്താവായ കുലശേഖരവർമ്മനായിരുന്നു. ആ ചക്രവർത്തിയുടെ ഭരണം ൯൫൪ മുതല്ക്കു ഇരുപതുകൊല്ലത്തോളം നിലനിന്നു. തപതീസംവരണം സുഭദ്രാധനഞ്ജയം എന്നീ രണ്ടു നാടകങ്ങളും അദ്ദേഹത്തിന്റെ കൃതികളായിരുന്നു. പ്രസിദ്ധന്മാരായ അനേകം പണ്ഡിതന്മാർ ഈ ചക്രവർത്തിയുടെ കോവിലകത്തെ അലംകരിച്ചിരുന്നു.

അടുത്ത ചക്രവർത്തി ഇന്ദുകോതവർമ്മ തിരുവടികളാണ്. ഈ പെരുമാളിന്റെയും ചില ശാസനങ്ങൾ നമുക്കു ലഭിച്ചിട്ടുണ്ട്. അദ്ദേഹം പത്താംശതകത്തിന്റെ അന്ത്യപാദത്തിൽ ജീവിച്ചിരുന്നതായി വിശ്വസിക്കാം.

ഒടുവിലത്തെ ചക്രവർത്തിയായ ഭാസ്കരരവിവർമ്മയാണ് 'പ്രസിദ്ധനായ ചേരമാൻ' പെരുമാളെന്നു ചിലർ പറയുന്നു. ഒടുവിലത്തെ പെരുമാൾ അദ്ദേഹമായിരുന്നു എന്നുള്ളതിനു സംശയമില്ല. എന്നാൽ അദ്ദേഹമാണ് കേരളത്തെ മക്കൾക്കായും മരുമക്കൾക്കായും പകുത്തുകൊടുത്തതെന്നും മറ്റുമുള്ള കഥകൾ വിശ്വസിക്കത്തക്കതല്ല. അദ്ദേഹം കൊല്ലവർഷം ൪൩൨-ൽ സിംഹാസനാരോഹണം ചെയ്തു.

അന്വത്തെട്ടുകൊല്ലം രാജ്യം വാണ രാജരാജചോളൻ ഒന്നാമനും അദ്ദേഹത്തിന്റെ പുത്രനായ രാജേന്ദ്രചോളനും ഈ പെരുമാളിനെ യുദ്ധത്തിൽ തോല്പിച്ചു.

പെരുമാൾ വാഴ്ചക്കാലത്തെ സമുദായസ്ഥിതി.

പെരുമാക്കന്മാരെല്ലാവരും ജനഹിതം അനുസരിച്ചും സഭാചി രാജ്യക്ഷേമത്തെ മുൻനിർത്തിയും ഭരണം നടത്തിവന്നതുകൊണ്ട് കേരളം അത്യന്തം അഭിവൃദ്ധമായിത്തീർന്നു. കൃഷി, കച്ചവടം, വിദ്യാഭ്യാസം ഇത്യാദിവിഷയങ്ങളിൽ അവർ വേണ്ടപോലെ ശ്രദ്ധിച്ചുവന്നു. ജനകീയസഭകളെ പെരുമാക്കന്മാർ നിർത്തിക്കളഞ്ഞില്ലെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ; എന്നാൽ അവയുടെ

മുമ്പുണ്ടായിരുന്ന പ്രാബല്യം മിക്കവാറും നശിച്ചുപോയിരുന്നു. പഞ്ചമഹാസഭകൾം ഏറക്കുറെ രാജാവിനു സ്വാധീനമായിരുന്നതിനാൽ അവയ്ക്കു ജനപ്രാതിനിധ്യം ഉണ്ടായിരുന്നുവെന്നു പറഞ്ഞുകൂടാ. പരമാധികാരം പെരുമാളിൽതന്നെ സ്ഥിതിചെയ്തു.

കേരള ബ്രാഹ്മണരുടെ ശക്തി പെരുമാക്കന്മാരുടെ കാലത്തു പൂർവ്വാധികം വർദ്ധിച്ചു. മന്ത്രിമാരിൽഅധികപക്ഷവും അവരായിരുന്നുവെന്നുമാത്രമല്ല,ധർമ്മശാസനത്തിനു അവർമാത്രമേ അധികാരികളായി ഗണിക്കപ്പെട്ടിരുന്നുള്ളുതാനും. ആദികാലങ്ങളിൽ ബുദ്ധമതത്തിനു പ്രചാരം സിദ്ധിച്ചുവെങ്കിലും ഒടുവിലത്തെ പെരുമാക്കന്മാരുടെ കാലമായപ്പോഴേക്കും മീമാംസകന്മാർക്കു കേരളത്തിൽ പ്രാബല്യമുണ്ടായി. അതു വഴിക്കു ബുദ്ധമതം നാട്ടിൽനിന്നു നിഷ്കാസിതമാവുകയും ചെയ്തു. അതുകൊണ്ടു ബൌദ്ധവിഹാരങ്ങളിൽ പലതും ശിവക്ഷേത്രങ്ങളായും സുബ്രഹ്മണ്യക്ഷേത്രങ്ങളായും വിഷ്ണുക്ഷേത്രങ്ങളായും രൂപാന്തരപ്പെട്ടു.

വാണിജ്യാഭിവൃദ്ധിക്കുവേണ്ട എല്ലാ കരുതലുകളും പെരുമാക്കന്മാർ ചെയ്തുകൊണ്ടിരുന്നു. വിദേശീയ വണിക്കുകൾക്കു സ്ഥാനമാനങ്ങളും വസ്തുവകകളും നല്കി. അവരെ യഥോചിതം പ്രോത്സാഹിപ്പിച്ചു വന്നതിനാൽ കേരളത്തിന്റെ പ്രശസ്തി അതിദൂരസ്ഥങ്ങളായ സ്ഥലങ്ങളിൽപോലും പരന്നു.

അദ്ധ്യായം ൨.

കൊല്ലവർഷാരംഭത്തിനു മുമ്പേതന്നെ വേണാട് അഞ്ചു ശാഖകളായി പിരിഞ്ഞുകഴിഞ്ഞിരുന്നു. പെരുമാക്കന്മാരുടെ കാലത്തു്, അവരുടെ കീഴിൽ നാടുവാണിരുന്ന രാജാക്കന്മാരുടെ കൂട്ടത്തിൽ പ്രഥമസ്ഥാനം വേണാട്ടിനായിരുന്നു. ചോളരാജാക്കന്മാരുടെ പ്രാബല്യനിമിത്തം വേണാടു രാജകുടുംബം തെക്കൻതിരുവിതാംകൂറിൽനിന്നു വടക്കോട്ടു മാറി കീഴ്പേരൂർ എന്നസ്ഥലത്തു താമസമുറപ്പിച്ചിരിക്കണം. ഈ രാജകുടുംബം ക്രമേണ

ക്ഷപകം എന്നും തുപ്പാപ്പൂർ എന്നും രണ്ടു ശാഖകളായി പിരിഞ്ഞു. കുലശേഖരപ്പെരുമാളുമായുണ്ടായ വേഴ്ചനിമിത്തം ക്ഷപകം അഥവാ കൊല്ലം ശാഖ പ്രബലമായിത്തീർന്നു.

ചില വേണാട്ടരചന്മാർക്ക് ചിറവായ്മൂപ്പു ഇരുന്നരുളിയ ഇടത്തിൽ പണ്ടാരത്തിൽ എന്ന സ്ഥാനംകൂടി ഉണ്ടായിരുന്നതായി പൂരാതനരേഖകളിൽ കാണുന്നു. ആയതുമൊഴിക്കുറ്റത്തു് അരിപ്പിയൂരിൽ വാണിരുന്ന വേർം അയർകുടുംബം മാരൻചടയന്റെ ആക്രമണത്താൽ വിഴിഞ്ഞത്തും പിന്നീടു ക്രിസ്താബ്ദം പത്താംശതകത്തിന്റെ അവസാനത്തിൽ രണ്ടാംപരാന്തകപാണ്ഡ്യന്റെ ആക്രമണത്താൽ കായംകുളത്തിനും തിരുവല്ലയ്ക്കും മദ്ധ്യത്തുള്ള പ്രദേശത്തും വാസമുറപ്പിച്ചുവെന്നും ആ കുടുംബമാണു് ചിറവായ് സപ്തരൂപമെന്നും ആറൂർ കുഞ്ഞുപിഷാരടി അവർകൾ പറയുന്നു. എട്ടരയടത്തുസപ്തരൂപം ചിറവായ്സപ്തരൂപത്തിന്റെ ഒരു ശാഖയാണത്രേ.

ഭാസ്കരരവിവർമ്മചക്രവർത്തിയുടെ കാലശേഷം വേണാടു സ്വതന്ത്രമായിത്തീർന്നു. എന്നാൽ അഞ്ചു ശാഖക്കാർ തമ്മിൽ കൂടക്കൂടെ കലഹങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നതായി അഞ്ചുതെങ്ങിൽപാട്ടിൽനിന്നു മനസ്സിലാക്കാം.

കൊല്ലവർഷാരംഭത്തിൽ വേണാടു ഭരിച്ചിരുന്നതു് കോതമാർത്താണ്ഡവർമ്മയായിരുന്നുവെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അദ്ദേഹമാണു് കൊല്ലവർഷം ആരംഭിച്ചതു്. അഞ്ചുദിവസം കഴിഞ്ഞു് അദ്ദേഹം വേണാട്ടിലെ അഞ്ചു ശാഖകളിലേയും അംഗങ്ങളെയും, സ്വാമിയാരെയും, മാടമ്പിമാരെയും വിളിച്ചുകൂട്ടി ശ്രീപദ്മനാഭക്ഷേത്രകാര്യങ്ങളെപ്പറ്റി ചില നിശ്ചയങ്ങൾ ചെയ്യുകാണുന്നു.

അദ്ദേഹത്തിന്റെ കാലത്തു് 'വേർകുലം' വാണിരുന്നതു് 'കുരുനാഥൻ' ആയിരുന്നു. എന്നാൽ മാരൻചടയൻ എന്ന പാണ്ട്യരാജാവു് ആ രാജ്യത്തെ ആക്രമിച്ചു് രാജധാനിയും മറ്റും കൈവശപ്പെടുത്തുകയാൽ, പ്രസ്തുത രാജകുടുംബം വിഴിഞ്ഞത്തേക്കു മാറി. വേണാട്ടടികളുടെ സഹായംനിമിത്തം കുരുനാഥനു കുറേക്കാലത്തേക്കെങ്കിലും ആ സ്ഥലത്തു താമസിക്കുവാൻ സാധിച്ചു.

ഗോദമാർത്താണ്ഡവർമ്മ അഞ്ചുമാണ്ടിടയ്ക്കു നാടുനീങ്ങി.

നാം അറിയുന്ന അടുത്തരാജാവു് അയ്യനടികൾ തിരുവടികൾ ആണു്. അദ്ദേഹം സ്ഥാണുരവിഗുപ്തപ്പെരുമാളിന്റെ സമകാലികനാകുന്നു. കൊല്ലത്തു് ഈശോ ദാ തവീർ എന്നയാൾ പണികഴിപ്പിച്ച തരിസാപ്പള്ളിക്കു് "അഞ്ചു വണ്ണവും" പുന്നത്തല പ്പ്രതിയും ഉൾപ്പെടുത്തി ചില അവകാശങ്ങൾ അദ്ദേഹം കല്പിച്ചു കൊടുത്തു. ഈ സംഭവം തിരുവിതാംകൂർ ചരിത്രത്തിൽ അതിപ്രധാനമായിട്ടുള്ളതാണു്. കൊല്ലം ഇതിനിടയ്ക്കു വാണിജ്യവിഷയകമായി വളരെ അഭിവൃദ്ധി പ്രാപിച്ചുകഴിഞ്ഞിരുന്നു. രാജധാനി പോലും കൊല്ലത്തായിരുന്നുവെന്നു തോന്നുന്നു. ഇക്കാലത്തു് വേണാടിന്റെ ദക്ഷിണഭാഗം ഭരിച്ചുവന്നതു രാജാവിന്റെ സഹോദരനായ "ഇരാമ"തിരുവടികളായിരുന്നു.

വിദേശീയരായ വണിക് ശ്രേഷ്ഠന്മാക്കു് "അഞ്ചുവണ്ണം" "മണിഗ്രാമം" മുതലായ സ്ഥാനമാനങ്ങളും അധികാരങ്ങളും നല്കി, പ്രബ്ബാലമായ ഒരു വണിക്സമൂഹത്തെ കടൽതീരത്തു ഉറപ്പിക്കാൻ ഈ രാജാവു ശ്രമിച്ചു. കൊല്ലം പട്ടണത്തിന്റെ ഈ അഭിവൃദ്ധിയാണു് പോർത്തുഗീസ്കാർ തുടങ്ങിയ പാശ്ചാത്യ ജാതിക്കാരെ തിരുവിതാംകൂറിലേക്കു് ആകർഷിച്ചതു്.

കൊല്ലവർഷം നാല്പതാമാണ്ടുവരെ അദ്ദേഹം വാണിരുന്നതായി ഊഹിക്കാം.

കൊല്ലവർഷം 149-നും 191-നും മദ്ധ്യേ ശ്രീവല്ലഭന്റെ കോതെ, ഗോവർദ്ധനമാർത്താണ്ഡൻ എന്നു രണ്ടു രാജാക്കന്മാർ വേണാടു ഭരിച്ചിരുന്നു. എന്നാൽ ആ രാജാക്കന്മാരെപ്പറ്റി കൂടുതൽ വിവരങ്ങൾ ഒന്നും ഇതുവരെ ലഭിച്ചിട്ടില്ല. ശ്രീവല്ലഭൻ കോതെ 167-ാമാണ്ടിടയ്ക്കു നാടുനീങ്ങി.

കൊല്ലവർഷം 160-ാമാണ്ടിടയ്ക്കു ചോളരാജ്യാധിപതിയായി തീർന്ന രാജരാജൻ ഒന്നാമൻ വലിയ പ്രതാപശാലിയായിരുന്നതിനാൽ അദ്ദേഹം കേരളപാണ്ഡ്യ ദേശങ്ങളെ ആക്രമിച്ചു. പാണ്ഡ്യരാജാവായ അമരഭുജംഗൻ അദ്ദേഹത്തിന്റെ പ്രതാപാഗ്നിയിൽ നശിച്ചു. വിഴിഞ്ഞംവരെയുള്ള ദേശങ്ങളെ അദ്ദേഹത്തിന്റെ സേനാപതി പിടിച്ചെടുത്തു. ലങ്കാനഗരി പോലും അദ്ദേഹത്തിനു സ്വാധീനമായി. വേണാടിന്റെ

ദക്ഷിണഭാഗം കുറേക്കാലമായിട്ട് പാണ്ഡ്യന്മാരുടെ അധീനത്തിൽ ആണിരുന്നിരുന്നത്. ക്രമേണ പാണ്ഡ്യശക്തി ക്ഷയിച്ചു തുടങ്ങി. പരാന്തകൻ ഒന്നാമന്റെ കാലംമുതല്ക്ക് ചോളരാജാക്കന്മാരുടെ അധികാരശക്തിവർദ്ധിച്ചും വന്നു. അദ്ദേഹം പാണ്ഡ്യരാജാവിനെ നിഗ്രഹിച്ചു മധുരാപുരി ചുട്ടുപൊടിച്ചുതിനു പുറമേ സിംഹള രാജ്യംവരെയുള്ള ദേശങ്ങളെ ആക്രമിച്ചു. എന്നാൽ പരാന്തകനും അദ്ദേഹത്തിന്റെ പിതാവായ ആദിത്യൻ ഒന്നാമനും, കേരള ത്തോടു മൈത്രീപൂർവ്വമാണ് വർത്തിച്ചുത്. ചോളരാജ്ഞിയായ കോക്കീളാനടികൾ ഒരു കേരളീയ രാജകുമാരിയായിരുന്നു. ആ രാജ്ഞിയുടെ പുത്രനായിരുന്നവത്രേ രാജാദിത്യൻ. വിജയരാംഗ്വച ക്രകുവത്തിയുടെ പുത്രിയായ നീലി ചോളമണ്ഡലത്തിലെ പലേ ക്ഷേത്രങ്ങൾ സന്ദർശിച്ചുതായും കാണുന്നു. അതിനും പുറമേ രാജാദിത്യന്റെ പരിവാരങ്ങളിൽ കേരളീയർ ഉൾപ്പെട്ടിരുന്നു വെന്നു മാത്രമല്ല, അദ്ദേഹത്തിന്റെ പ്രധാന സേനാനായകൻ വെള്ളൻ കുമാരൻ എന്ന കേരളീയനുമായിരുന്നു.

160-ാമാണ്ടിടയ്ക്കു ചോളരാജാവായിത്തീർന്ന രാജരാജൻ ഒന്നാമൻ മഹാപ്രതാപവാനായിരുന്നതിനാൽ അദ്ദേഹത്തിന്റെ കാലത്തു പാണ്ഡ്യശക്തി നിശ്ശേഷം നശിച്ചു. അദ്ദേഹം മലനാടും കീഴടക്കിയതായി കാണുന്നു. തെക്കു വിഴിഞ്ഞംവരെയുള്ള ദേശങ്ങളെ അദ്ദേഹം പിടിച്ചടക്കിയതായി രേഖയുണ്ട്. കൊല്ലവർഷം 164-ാമാണ്ടിടയ്ക്ക് അദ്ദേഹം 'മുമ്മുടിച്ചോളൻ' എന്ന സ്ഥാനം സ്വീകരിച്ചുകാണുന്നതിനാൽ, കേരളം ആക്രമിച്ചുത് അതിനു മുമ്പായിരുന്നിരിക്കണം.

രാജരാജൻ ഒന്നാമന്റെ ശിലാശാസനങ്ങൾ തിരുനന്തിക്കര, ഇരണിയൽ, ശുചീന്ദ്രം, കന്യാകുമാരി മുതലായ സ്ഥലങ്ങളിൽ കാണുന്നുണ്ട്.

വിഴിഞ്ഞം അക്കാലത്തു് അമരഭുജംഗൻ എന്ന പാണ്ഡ്യ രാജാവിന്റെ കൈവശമായിരുന്നു. അദ്ദേഹം ബന്ധനസ്ഥനാ ക്കപ്പെട്ടു. ആദ്യത്തെ ആക്രമണത്തിൽ ചോളസൈന്യം നെയ്യാ റ്റിങ്കരവരെ വന്നിട്ടു തിരിച്ചുപോയി. എന്നാൽ 180-ാമാണ്ടി ടയ്ക്ക് നടന്ന രണ്ടാമത്തെ ആക്രമണത്തിൽ കൊല്ലം, കൊടുങ്ങ

ല്ലൂർ, ലങ്ക മുതലായ ദേശങ്ങൾ പിടി കീഴടങ്ങി. ഇങ്ങനെ കേരളത്തിനു 'രാജരാജതെന്നാടു്' എന്ന പേരും സിദ്ധിച്ചു.

രാജേന്ദ്രചോളൻ കേരളരാജാവിനെ ബന്ധിച്ചു, മലനാടു നശിപ്പിച്ചതായി കന്യാകുമാരി ശാസനങ്ങളിൽ വിവരിച്ചിരിക്കുന്നു. ഭരംബാസമുദ്രത്തിനു സമീപം മന്നാർകോയിൽ എന്ന സ്ഥലത്തെ ഒരു ശിലാശാസനത്തിൽ രാജരാജൻ, രാജസിംഹർ എന്ന രണ്ടു കേരളരാജാക്കന്മാരുടെ പേരു പ്രസ്താവിച്ചു കാണുന്നുണ്ടു്. ഇവർ സുന്ദരചോളപാണ്ഡ്യനു കപ്പംകൊടുത്തുവന്നുവത്രെ.

കൊല്ലവർഷം 220-ാമാണ്ടിടയ്ക്കു ചോളസിംഹാസനാരൂഢനായ രാജാധിരാജൻ ഒന്നാമൻ ഒരു വേണാടു രാജാവിനെ തോല്പിച്ചതായി കാണുന്നു. അദ്ദേഹത്തിന്റെ പേരു് ആദിത്യവർമ്മൻ എന്നായിരുന്നു എന്നും ഊഹിക്കപ്പെട്ടിരിക്കുന്നു.

ചോളരാജശക്തിക്കു കീഴടങ്ങിയിരുന്ന വേണാടു് ഇക്കാലത്തു് വളരെ ശക്തിഹീനമായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. അടുത്തകാലംവരെ വിഴിഞ്ഞത്തിനു 'വിഴിഞ്ഞമാന രാജേന്ദ്രചോളപട്ടണം' എന്നും, കോട്ടാറിനു "മുമ്മുടി ചോളനല്ലൂർ" എന്നും ഉള്ള പേരുകൾ നടപ്പിലിരുന്നു.

കൊല്ലവർഷം മൂന്നാം ശതകംവരെ നാഞ്ചിനാടു ഭരിച്ചുവന്നതു ചോളരാജപ്രതിനിധിയായിരുന്ന നാഞ്ചിക്കുറവനായിരുന്നു. എന്നാൽ 292-ാമാണ്ടിടയ്ക്കു് വീരകേരളവർമ്മ എന്ന വേണാടുരാജാവു് നാഞ്ചിക്കുറവനെ തോല്പിച്ചു തന്റെ ശക്തിയെ വർദ്ധിപ്പിച്ചു. അദ്ദേഹം 320-ാമാണ്ടിടയ്ക്കുവരെ രാജ്യംവാണു.

ആ രാജാവു് വടശേരിയിൽനിന്നും കിട്ടേണ്ട നികുതി മുഴുവനും രാജേന്ദ്രചോളേശ്വരക്ഷേത്രത്തിലെ തൃമധുരപാനകത്തിനായി വിട്ടുകൊടുത്തു. ഇതു് ചോളരാജാക്കന്മാരുടെ പ്രജകളായി ഇതുവരെ ഇരുന്നിരുന്ന ജനങ്ങളുടെ പ്രീതിക്കായി ചെയ്ത ഒരു ബുദ്ധിപൂർവ്വമായ പ്രവൃത്തിയായിരുന്നു. ഈ രാജാവു് ഭരണകുശലനായിരുന്നതിനാൽ, അദ്ദേഹത്തിന്റെ കാലത്തു കരം പിരിവു നീതിപൂർണം മുതലായവയെ സംബന്ധിച്ചു പലേ പരിഷ്കാരങ്ങൾ നടപ്പിൽവന്നു.

320-ാം 325-ാം മദ്ധ്യേ ശ്രീഗോദകേരളവർമ്മൻ വേണാടുവാണിരുന്നു. അദ്ദേഹം നാടുനീങ്ങിയതു് 'എന്നാണെന്നു നിശ്ചയമില്ല. ഈ രാജാവും പ്രബലനായിരുന്നു. ശുചീന്ദ്രം മുതലായ ദേശങ്ങൾകൂടി അദ്ദേഹം കൈവശപ്പെടുത്തി.

അദ്ദേഹത്തിന്റെ പിൻഗാമി ശ്രീവീരരവിവർമ്മയായിരുന്നു. 326-ാം 339-ാം മധ്യേ വാണിരുന്നതു് അദ്ദേഹമായിരുന്നു. നാഞ്ചിനാട്ടിന്റെ ഉത്തരഭാഗം മുഴുവനും അദ്ദേഹത്തിന്റെ കാലത്തു വേണാട്ടിനു കീഴടങ്ങി. 336 ഇടവം 6-ാംതീയതി അദ്ദേഹം താഴക്കുടിയിലുള്ള ഏതാനും ഭൂമിയെ പുറവരി വിണ്ണവർ ആൾവാർ ക്ഷേത്രത്തിലേക്കു ദാനം ചെയ്തു. അദ്ദേഹത്തിന്റെ കാലത്തു ചോഴിവ ശക്തി തെക്കൻതിരുവിതാംകൂറിൽ ക്ഷയിച്ചുതുടങ്ങി. നാഞ്ചിനാട്ടിലെ ജനങ്ങളെ സമാധാനപ്പെടുത്തി ഭരണം നിർവ്വഹിക്കുന്നതിനായി, അദ്ദേഹം കേരള സന്തോഷപല്ലവരായൻ, ഗോവിന്ദൻ വിക്രമൻ, അനന്തൻ ചക്രപാണി എന്നു മൂന്നുപേരെ നിയമിച്ചു.

പിന്നീടു രാജ്യം വാണതു് ശ്രീവീരകേരളവർമ്മ ആയിരുന്നു. അദ്ദേഹം മൂന്നുകൊല്ലത്തോളം രാജ്യംഭരിച്ചു. പ്രധാന സചിവനായിരുന്നതു പൊങ്ങളം ചിങ്കൻ രംഗൻ എന്ന ബ്രഹ്മണനായിരുന്നു. അദ്ദേഹം രവിവർമ്മരാജാവിന്റെ കാലംമുതല്ക്കു മന്ത്രപദം വഹിച്ചു വന്നിരുന്നതിനാൽ, ഭരണവിഷയത്തിൽ സമർത്ഥനായിരുന്നു. 336-ാമാണ്ടിൽ അദ്ദേഹം പുറവരി ചതുർവേദിമംഗലം ക്ഷേത്രത്തിലേക്കു ചെയ്ത ദാനത്തെപ്പറ്റി ഒരു രേഖ കണ്ടുകിട്ടീട്ടുണ്ടു്.

വീരകേരളവർമ്മയുടെ കാലത്തു് മാരവർമ്മൻ ശ്രീവല്ലഭൻ എന്ന പാണ്ഡ്യരാജാവു് വേണാടു് ആക്രമിക്കാൻ തുടങ്ങി. എന്നാൽ തമ്പുരാൻ തന്റെ അനുജനായ ഉദയമാർത്താണ്ഡവർമ്മയുടെ പുത്രിയെ അദ്ദേഹത്തിനു വിവാഹം കഴിച്ചുകൊടുത്തതിനാൽ യുദ്ധം ഉണ്ടാകാതെ കഴിഞ്ഞു. ശ്രീവല്ലഭൻ തിട്ടുവനചക്രവർത്തി എന്ന പേരോടുകൂടി വള്ളിയൂർ എന്ന ദേശത്തു തലസ്ഥാനം ഉറപ്പിച്ചു. അതുവരെ വള്ളിയൂർ വേണാട്ടിൽ ഉൾപ്പെട്ടതായിരുന്നു. 348-ാമാണ്ടു് ആ രാജാവു് ഉദയമാർത്താണ്ഡവർമ്മ

യുടെ പുത്രിയെ വിവാഹം കഴിച്ചപ്പോൾ വേണാട്ടടികൾ വള്ളിയൂരുള്ള വീരകേരളപുരത്തെ സ്ത്രീധനമായി അദ്ദേഹത്തിനനല്കി. ആ സ്ത്രീരത്നം ത്രിഭുവനദേവി എന്ന പേരിൽ ചരിത്രപ്രസിദ്ധയായിത്തീർന്നു. ശ്രീവല്ലഭൻ നാഞ്ചിനാട്ടിലെ പലേ ക്ഷേത്രങ്ങൾക്കും കരം ഒഴിവായി വസ്തുക്കൾ ദാനം ചെയ്തിട്ടുണ്ട്.

ശ്രീവീര ഉദയമാർത്താണ്ഡവർമ്മ 348-ൽ സിംഹാസനാരോഹണം ചെയ്തു. അദ്ദേഹം പദ്മനാഭപുരത്തിനു് അടുത്താണു് താമസിച്ചിരുന്നതു്. ശ്രീവീരരാമൻ കേരളവർമ്മ 384 മുതൽ 390 വരെ രാജ്യഭാരം ചെയ്തു. കഠിനംകുളം ക്ഷേത്രം പണികഴിപ്പിച്ചതു് അദ്ദേഹത്തിന്റെ പുത്രിയായ ശ്രീവീരഉമയമ്മയായിരുന്നു. 388 മീനം 18-ാംനു- അതിന്റെ പണി കുറതീർന്നു.

പിന്നീടു കാണപ്പെടുന്ന രാജാവു് ശ്രീ വീരരവികേരളവർമ്മയാകുന്നു. അദ്ദേഹത്തിന്റെ വക മണലിക്കര ശാസനത്തിൽ നിന്നു 418-ാമാണ്ടു് നാടുവാണിരുന്നതു് അദ്ദേഹം ആണെന്നറിയാം. 427-ാമാണ്ടത്തെ ഒരു രേഖയിൽ അന്നത്തെ രാജാവു് ശ്രീപദ്മനാഭമാർത്താണ്ഡവർമ്മ അഥവാ ശ്രീവീരമാർത്താണ്ഡവർമ്മ ആയിരുന്നുവെന്നു കാണുന്നതിനാൽ ശ്രീവീരരവികേരളവർമ്മയുടെ കാലം 389-ാമാണ്ടിനും 427-ാമാണ്ടിനും മദ്ധ്യേ ആയിരുന്നിരിക്കണം.

ശ്രീവീരമാർത്താണ്ഡവർമ്മ കീഴ്പേരൂർ ശാഖയിൽപ്പെട്ട ചിറവായിൽ മൂത്തതിരുവടികളായിരുന്നു. മുമ്പു സൂചിപ്പിച്ച ശാസനത്തിൽ അവിടന്നു് ഉദയമാർത്താണ്ഡപുരത്തെ വടശേരിക്കര ക്ഷേത്രം പുതുക്കിപ്പണിയിച്ചതിനെ വിവരിക്കുന്നു.

അനന്തരം വേണാടു രാജകുടുംബത്തിൽ പുരുഷസന്താനമില്ലാതെ വരികയാൽ കൊല്ലം ശാഖയിലെ ഉമാദേവി നാടുവാണുതുടങ്ങി. ഇതു 432-ാമാണ്ടിടെയ്ക്കായിരുന്നു. ആ രാജ്ഞിയെ യാദവവംശജനായ ജയസിംഹൻ എന്ന രാജാവു വിവാഹംകഴിച്ചു. അദ്ദേഹത്തിന്റെ പുത്രനായിരുന്ന ചരിത്രപ്രഥിതനായ രവിവർമ്മചക്രവർത്തി.

ജയസിംഹൻ അതിധീരനും സമർത്ഥനും ആയിരുന്നതിനാൽ കേരളം ഒട്ടുക്കു് അദ്ദേഹം കീഴടക്കി. കൊല്ലമായിരുന്നു അദ്ദേഹത്തിന്റെ തലസ്ഥാനം. അതുകൊണ്ടാണു് കൊല്ലത്തിനു് ജയസിംഹനാട്ടു് (ദേശിങ്ങനാട്ടു്) എന്ന പേർ സിദ്ധിച്ചതു്.

അധ്യായം നാം

രവിവമ്മചക്രവത്തി.

തിരുവിതാംകൂർ ചരിത്രത്തിൽ ജയസിംഹരാജാവിന്റെ പുത്രനായ ശ്രീവീരരവിവമ്മ ചക്രവത്തിയേപ്പോലെ പ്രസിദ്ധി പെറാ രാജാക്കന്മാർ അധികം ഉണ്ടായിട്ടില്ല. അതുകൊണ്ടു് അദ്ദേഹത്തിന്റെ നാമധേയം ഇന്നാട്ടുകാർ ഇന്നും അഭിമാനപൂർവം സ്മരിച്ചുവരുന്നു.

രവിവമ്മ 441-ാമാണ്ടിടയ്ക്കു് ജനിച്ചു. പിതാവായ ജയസിംഹവീരകേരളന്റെ മേൽനോട്ടത്തിൽ വളർന്നതിനാൽ ചെറുപ്പകാലത്തിലേതന്നെ അദ്ദേഹം സംഗ്രാമചതുരനായിത്തീർന്നു. എന്നാൽ അസൂയിട്ട്യയില്ലെന്നപോലെ കാവ്യശാസ്ത്രങ്ങളിലും അസാധാരണമായ വൈദഗ്ദ്ധ്യം അദ്ദേഹം സമ്പാദിക്കാതിരുന്നില്ല. തനിക്കു സംഗീതത്തിലും സാഹിത്യത്തിലും ഒരുപോലെ നൈപുണ്യമുണ്ടായിരുന്നതായി അദ്ദേഹം തന്നെ പ്രദ്യുമ്നാഭ്യുദയം നാടകത്തിന്റെ പ്രസ്താവനയിൽ പ്രസ്താവിച്ചിരിക്കുന്നു.

"അസ്തി കില സംഗീതശാസ്ത്രപാരദൃശ്വനാ നിഖിലഗുണരത്നരോഹണഗിരിണാ കവിനാ മയൂരകാലമേഘേന സാഹിത്യവിദ്യാവിചക്ഷണേന.....ശ്രീരവിവമ്മദേവേന വിരചിതം പ്രദ്യുമ്നാഭ്യുദയനാടകം."

കഷ്ടിച്ചു പതിനെട്ടു വയസ്സായപ്പോൾ അദ്ദേഹം പിതാവിന്റെ കീഴിൽ പടനായകസ്ഥാനം വഹിച്ചു ശത്രുക്കളോടു പോരാടിത്തുടങ്ങി. 463-ാമാണ്ടിടയ്ക്കു് അദ്ദേഹം പാണ്ഡ്യരാജാവിന്റെ അനുജനും സേനാപതിയും ആയിരുന്ന വിക്രമപാണ്ഡ്യനെ തോല്പിച്ചു ബന്ധനസ്ഥനാക്കി. ഈ രാജകുമാരന്റെ വീര്യപരാക്രമങ്ങളെ കണ്ടു സന്തുഷ്ടനായ വിക്രമപാണ്ഡ്യൻ തന്റെ മകളെ അദ്ദേഹത്തിനു കല്യാണം കഴിച്ചുകൊടുത്തുവത്രേ.

അല്പകാലംകഴിഞ്ഞു പാണ്ഡ്യരാജാവു് വീണ്ടും യുദ്ധത്തിനു് ഒരുങ്ങുകയാൽ, രവിവമ്മരാജകുമാരൻ, അദ്ദേഹത്തിനെ തോല്പിച്ചു് ഓടിച്ചിട്ടു ശത്രുരനായ വിക്രമപാണ്ഡ്യനെ രാജാവായി വാഴി

ച്ചു. അനന്തരം അദ്ദേഹം ചോളരാജ്യത്തിനു പുറപ്പെട്ടു; അവിടെയും അദ്ദേഹം വിജയശ്രീലാളിതനായി. കാഞ്ചീപുരംവരെ അദ്ദേഹം ജൈത്രയാത്ര നടത്തിയതിന്റെ ശേഷമേ നാട്ടിലേക്കു മടങ്ങിയുള്ളൂ. രാജ്യഭ്രഷ്ടനായ പാണ്ഡ്യൻ കൊങ്കണദേശത്തുചെന്നു് സൈന്യശേഖരം ചെയ്തു വീണ്ടും യുദ്ധത്തിനു ഒരുങ്ങുകയാൽ രവിവർമ്മചക്രവർത്തി ആ ദേശവും കീഴടക്കിയത്രേ. 487-ാമാണ്ടിടയ്ക്കു് അദ്ദേഹം കാഞ്ചീപുരത്തു വേഗവതീതീരത്തുവച്ചു വീരരവികുലശേഖരപെരുമാൾ എന്ന പേരിൽ രാജ്യാഭിഷേകകർമ്മം നടത്തി. പെരുമാൾവാഴ്ച അവസാനിച്ചശേഷം, കേരളം ഒട്ടുക്കു് അടക്കി ഭരിച്ച രാജാവു് ഇദ്ദേഹമായിരുന്നു.

കാഞ്ചീപുരത്തെ ഒരു ശാസനത്തിൽ രവിവർമ്മചക്രവർത്തി ഈ വിവരങ്ങൾ എല്ലാം കാണിച്ചിട്ടുണ്ടു്. ചാലഗ്രാമത്തിലെ ശിവക്ഷേത്രത്തിലുള്ള ഒരു കല്ലിൽ രവിവർമ്മ ചക്രവർത്തിയുടെ ബിരുദങ്ങൾ എല്ലാം കൊത്തിയതായ ഒരു ശാസനം കാണുന്നുണ്ടു്.✓

സ്വസ്തിശ്രീ ചന്ദ്രകുലമംഗലപ്രദീപ യാദവ നാരായണ, കേരളദേശപുണ്യപരിണാമ നാമാന്തരകർണ്ണ, ക്രൂരകസാവ്ഭൈരവ, കലശിഖരപ്രതിഷ്ഠാപിതഗരുഡധ്വജ, കോളംബപുരാധീശ്വര, ശ്രീപുരുഷനാഭപദകമലപരമാരാധക, പ്രണതരാജപ്രതിഷ്ഠാചാര്യ, വിമതരാജബന്ധീകാര, ധർമ്മതരുമൂലകന്ദ, സദ്ഗുണാലംകാരചതുഷ്ഷഷ്ടികലാവല്ലഭ, ദക്ഷിണഭോജരാജ സംഗ്രാമധീര, മഹാരാജാധിരാജപരമേശ്വര ജയസിംഹ ദേവനന്ദന.....ഇത്യാദി.

ഈക്കാലത്തു ചോളരാജശക്തി ക്ഷയിച്ചിരുന്നു. എന്നാൽ രവിവർമ്മ ചക്രവർത്തിക്കു ചോളരാജ്യത്തിൽ ദീർഘകാലം അധികാരം നടത്താൻ സാധിച്ചില്ല. എന്തുകൊണ്ടെന്നാൽ കാകതീയരാജാവിന്റെ സേനാനായകനായ മുപ്പിടിനായകൻ വേണാട്ടു സൈന്യത്തെ തോല്പിച്ചു്, മാനവവീരനെ രാജാവായി വാഴിച്ചു.

(45)

പ്രതാപരുദ്രൻ എന്ന കാകതീയ രാജാവു് ക്രമേണ തന്റെ ശക്തിയെ വർദ്ധിപ്പിക്കയാൽ രവിവർമ്മചക്രവർത്തിക്കു ചോളരാജ്യത്തെ വീണ്ടും ആക്രമിക്കാൻ സാധിച്ചുമില്ല.

ശ്രീവീരരവിവർമ്മചക്രവർത്തിയുടെ കാലത്തു് അലാവുദ്ദീൻ കിൽജിയുടെ പടനായകനായ മാലിക്കാഫർ ദക്ഷിണ ഇന്ത്യയെ ആക്രമിക്കയുണ്ടായി. എന്നാൽ കേരളത്തിലേക്കു് കടക്കാൻ അയാൾക്കു സാധിച്ചില്ല. എന്തുകൊണ്ടെന്നാൽ, പാലക്കാട്ടു കാനനത്തിലും തോവാളയിലും ചക്രവർത്തി സൈന്യങ്ങളെ നിർത്തിയിരുന്നതിനു പുറമേ വിക്രമപാണ്ഡ്യനെ സഹായിപ്പാനായി തന്റെ സഹോദരനായ ആദിത്യവർമ്മ സംഗ്രാമധീരനെ സൈന്യസമേതം അയച്ചിട്ടുമുണ്ടായിരുന്നു. ആ രാജാവു് തുലുക്കപ്പടയെ തോല്പിച്ചോടിച്ചതുകൊണ്ടു് മാലിക്കാഫർ തെക്കോട്ടു കടന്നതുമില്ല.

രവിവർമ്മ ചക്രവർത്തിയുടെ രാജസദസ്സു് അസംഖ്യം വിദ്വജ്ജനങ്ങളാൽ സമലംകൃതമായിരുന്നു. സമുദ്രബന്ധൻ, കവിഭൂഷണൻ മുതലായ പണ്ഡിതന്മാരെ അദ്ദേഹം വേണ്ടപോലെ പ്രോത്സാഹിപ്പിച്ചു വന്നതായി പലേ രേഖകൾ ഉണ്ടു്. ചക്രവർത്തിതന്നെ ഒരു നല്ല കവിയായിരുന്നു.

കൊല്ലവർഷം 507-ാമാണ്ടിൽ രവിവർമ്മ കുലശേഖരചക്രവർത്തി നാടുനീങ്ങുകയും, തൃപ്പാപ്പിൽ മൂപ്പായിരുന്ന ആദിത്യവർമ്മ സംഗ്രാമധീരൻ സിംഹാസനാരോഹണം ചെയ്കയും ചെയ്തു. അദ്ദേഹവും പ്രബലനായിരുന്നു. കായംകുളം തെക്കുംകൂർ മുതലായ രാജ്യക്കാർ രവിവർമ്മ ചക്രവർത്തിയുടെ കാലംവരെയ്ക്കും ഏറെക്കുറെ സ്വതന്ത്രന്മാരായിരുന്നു എന്നു് മുമ്പു് പ്രസ്താവിച്ചിട്ടുണ്ടല്ലോ. എന്നാൽ ആദിത്യവർമ്മ ജ്യേഷ്ഠനെ തുടർന്നു് അവരുടെമേൽ മേൽകോയ്മനടത്തിയതിൽനിന്നു് അദ്ദേഹത്തിന്റെ പ്രാബല്യത്തെ ഏറക്കുറെ ഊഹിക്കാം.

പദ്മനാഭപുരം കോട്ടയും കൊട്ടാരവും പണികഴിപ്പിച്ചതു അദ്ദേഹമായിരുന്നു. നാഞ്ചിനാടു മുഴുവനും ഇക്കാലത്തു വേണാട്ടരാജാവിന്റെ കീഴിലായി. നാഞ്ചിക്കുറവന്റെ വംശം നിലയ്ക്കയും പെരിയവീട്ടു മുതലി എന്ന വെള്ളാളകുടുംബക്കാർ മഹാ

രാജാവിന്റെ പ്രതിനിധികൾ എന്ന നിലയിൽ തദ്ദേശം വാണരുടങ്ങുകയും ചെയ്തു.

നാഞ്ചിക്കുറവൻ.

നാഞ്ചിക്കുറവന്റെ ചരിത്രം വളരെ രസാവഹമാകുന്നു. ഈ വംശത്തിന്റെ സ്ഥാപകൻ 'കോനാകി'ക്കുറവനായിരുന്നു. അയാൾ വേട്ടയാടിയും കൂടുകൾ ഉണ്ടാക്കി വിറ്റും കാലക്ഷേപം ചെയ്തുവന്നു. അയാൾക്കു രണ്ടു ഭാര്യമാരുണ്ടായിരുന്നതിൽ മൂത്ത വൾക്കു പതിനെട്ടു വയസ്സു പ്രായമുള്ള ഒരു പുത്രനുണ്ടായിരുന്നു. ആ പുത്രനോടുംകൂടി അയാൾ ത്രുപ്പാണ്ടിക്കു സമീപം ഉള്ള തടുകുമലയിൽ ഒരിക്കൽ പോവുകയുണ്ടായി. ഒരു പനയിൽനിന്നു് ഓലവെട്ടിക്കൊണ്ടിരിക്കെ, അയാളുടെ അരിവാൾ പെട്ടെന്നു സ്വർണ്ണവർണ്ണമായിത്തീർന്നവത്രേ. അയാൾ ഈ അത്ഭുത സംഭവത്തെപ്പറ്റി ഭാര്യമാരോടും പുത്രനോടും പറകയാൽ അവർ ആ സ്ഥലം പരിശോധിച്ചു നോക്കി. അവിടെ ഒരു കിണറുണ്ടായിരുന്നുപോലും. അതിൽ മുക്കിയ എല്ലാ ആയുധങ്ങളും സ്വർണ്ണമായിത്തീരുകയാൽ ആ രഹസ്യത്തെ അവർ മറച്ചുവച്ചു. ഇങ്ങനെ കോനാകിക്കുറവൻ വളരെ സമ്പന്നനായിത്തീർന്നുവെന്നാണു് കഥ.

ഈ കഥയെ അതേ രീതിയിൽ വിശ്വസിക്കാൻ നിവൃത്തിയില്ലെങ്കിലും, ചോളരാജാക്കന്മാർ ദക്ഷിണതിരുവിതാംകൂറിൽ അധികാരം നടത്തിത്തുടങ്ങിയ കാലത്തു പ്രസ്തുത കുറവവംശം പ്രബലമായിരുന്നിരിക്കണം എന്നു തീർച്ചയാണു്. അതുകൊണ്ടു കോനാകിക്കുറവൻ ചോളരാജാവിന്റെ സംസ്ഥാനാധിപതിയായിതീർന്നു കാണണം. ക്രമേണ ചോളരാജാക്കന്മാർ ക്ഷീണിച്ചു തുടങ്ങിയപ്പോൾ കുറവവംശം സ്വതന്ത്രമായി വാണരുടങ്ങി. ഇങ്ങനെ കന്യാകുമാരി, ശുചീന്ദ്രം മുതലായ ദേശങ്ങൾ അയാളുടെ അധീനത്തിലായി. ഭരണം വളരെ തൃപ്തികരമായിരുന്നതിനാൽ പ്രജകളുടെ പ്രീതിക്കും ബഹുമാനത്തിനും അയാൾ പാത്രീഭവിക്കാതിരുന്നില്ല. മുപ്പത്തി അഞ്ചു കോല്പത്തോളം അയാൾ നാടുവാണു.

കോനാകിക്കുറവന്റെ പുത്രനായ പൊപ്പുക്കുറവനും സമർത്ഥനായിരുന്നു. പതിനായിരം കാലാളും 100 ആനകളും

അയാൾക്കുണ്ടായിരുന്നവരെ. ജനക്ഷേമകരങ്ങളായ സകല കാര്യങ്ങളിലും അയാൾ ശ്രദ്ധിച്ചുവന്നതിനാൽ നാഞ്ചിനാട് പെരുശ്വാഭിവൃദ്ധമായിത്തീർന്നു.

ബൊപ്പയ്യാക്കുറവന്റെ പുത്രനായിരുന്ന നാഞ്ചിക്കുറവൻ. അയാളുടെ കാലത്തു പ്രസ്തുത വംശത്തിന്റെ അധികാരശക്തി വർദ്ധിച്ചുവെങ്കിലും, പുത്രൻ ഇല്ലാതെവരികയാൽ വംശച്ഛേദം വന്നുപോയേക്കുമോ എന്ന നിലയായി. അയാൾ ഏഴു സ്ത്രീകളെ കല്യാണം കഴിച്ചു. ഒടുവിലത്തെ പത്നി ഒരു പുരുഷസന്താനത്തെ പ്രസവിച്ചു. ആ കുട്ടിയുടെ അന്നപ്രാശനകർമ്മം അത്യാഘോഷപൂർവ്വം നടത്തപ്പെട്ടു. തദവസരത്തിൽ എല്ലാ ജാതിക്കാരും സന്നിഹിതരായിരുന്നു. അവരിൽ പ്രധാനികൾ വെള്ളാളന്മാരായിരുന്നതിനാൽ, അവരെ നാഞ്ചിക്കുറവൻ യഥാവിധി സൽക്കരിച്ചിട്ട് ഇങ്ങനെ പറഞ്ഞു:—"നിങ്ങൾ എനിക്കും എന്റെ കുടുംബത്തിനും വേണ്ടി എന്തു സഹായങ്ങൾ ചേണമെങ്കിലും ചെയ്തുതരാമെന്നു വാഗ്ദാനം ചെയ്തുവല്ലോ. എന്നാൽ എന്റെ പുത്രന് ഒരു വെള്ളാള കന്യകയെ വിവാഹം ചെയ്തുകൊടുക്കുവിൻ."

ഈ വർത്തമാനം കേട്ടപ്പോൾ വെള്ളാളന്മാർ ഭയപരവശന്മാരായിത്തീർന്നു. പെരിയവീട്ടു മൂതലിയായിരുന്ന കുറവന്റെ മന്ത്രി. അദ്ദേഹം ബുദ്ധിമാനായിരുന്നതിനാൽ അങ്ങനെതന്നെ എന്നു സമ്മതിച്ചു. കുമാരന് അഞ്ചുവയസ്സായപ്പോൾ വിവാഹത്തിനുള്ള ഒരുക്കങ്ങൾ എല്ലാം ചെയ്തുതുടങ്ങി. വിവാഹ മണ്ഡപം പുതിയതായിനിർമ്മിക്കപ്പെട്ടു. ഘടങ്ങുകൾ പൂർത്തിയായപ്പോൾ, മൂതലി കുറവനോട് ഇങ്ങനെപറഞ്ഞു:—"വരന്റെ ബന്ധുമിത്രാദികൾ കല്യാണമണ്ഡപത്തിൽ ഇരിക്കയും തത്സമയം വധുവും ബന്ധുജനങ്ങളും, വാദ്യഘോഷങ്ങളോടുകൂടി പന്തലിനു പ്രദക്ഷിണം ചെയ്കയും ചെയ്യുന്ന ഒരു പതിവു വെള്ളാളന്മാരുടെ ഇടയ്ക്കു നടപ്പുണ്ട്." അതുകേട്ട് അങ്ങനെ അവാമെന്നു കുറവൻ സമ്മതിച്ചു. കുറവന്മാർ എല്ലാം മണ്ഡപത്തിനുള്ളിലായപ്പോൾ, അത് ഇടിഞ്ഞു നിലം പതിക്കയാൽ കുറവവംശം നാമാവശേഷമായി. മൂതലിയുടെ കൌശലപ്രയോഗം ഇങ്ങനെ ഫലിച്ചു; വെള്ളാള

ന്മാക്ക് നേരിട്ട അനത്ഥവും നീങ്ങി. സന്തുഷ്ടരായ അവർ മുതലിയെ നാടുവാഴിയായി തെരഞ്ഞെടുത്തു. ഇതാണ് കഥ. ഇതിൽ എത്രത്തോളം വാസ്തവമുണ്ടെന്നു അറിയുന്നില്ല.

ആദിത്യവർമ്മന്റെ കാലത്താണ് വേണാടിന്റെ ഒരു ശാഖ കൊട്ടാരക്കരെ സ്ഥാപിക്കപ്പെട്ടത്. എളയിടത്തുസ്വരൂപം എന്നു പിൽക്കാലത്തു പ്രസിദ്ധമായ രാജവംശം ഉണ്ടായത് ഇങ്ങനെയാണ്. പെങ്കോട്ടവഴിക്കു ശത്രുക്കൾ തിരുവിതാംകൂറിലേക്കു കടക്കാതിരിക്കണമെങ്കിൽ കൊട്ടാരക്കരയിൽ ഒരു രാജസ്ഥാനം ഉണ്ടായിരിക്കണമെന്നു അദ്ദേഹം കണ്ടു. വേണ്ട ആയുധ സാമഗ്രികളേയും ഭടന്മാരെയും ആ സ്ഥലത്തു് അദ്ദേഹം സജ്ജീകരിക്കയാൽ കുറേക്കാലത്തേക്കു് ഈ നാട്ടിൽ ശത്രുപീഡ ഉണ്ടായതേയില്ല.

517-ൽ ആദിത്യവർമ്മനാടു നീങ്ങി. ശ്രീവീരരാമഉദയമാർത്താണ്ഡവർമ്മയായിരുന്നു അടുത്ത രാജാവു്. അദ്ദേഹം പ്രജാവത്സലനായ ഒരു രാജാവായിരുന്നു എന്നു മാത്രമല്ലാതെ മറെറാന്നും നമുക്ക് അറിഞ്ഞുകൂടാ. 519-ാമാണ്ടു് അദ്ദേഹം നാടുനീങ്ങുകയും ശ്രീ വീരകേരളവർമ്മ തിരുവടി രാജ്യഭാരം ഏല്ക്കുകയും ചെയ്തു. 250-ാമാണ്ടു് മിഥുനം 32-ാംതീയതിയിലെ ശ്രീപത്മനാഭക്ഷേത്രവരിയിൽ ഈ മഹാരാജാവിന്റെ ഒരു പ്രായശ്ചിത്തത്തെ വിവരിച്ചുകാണുന്നുണ്ടു്. ചിറയിൻകീഴ് താലൂക്കിൽ നിലമേൽക്കുന്നു് എന്ന സ്ഥലത്തു് കുടിയേറിപ്പാർത്ത ദേശികളെ (പരദേശബ്രാഹ്മണരെ) അദ്ദേഹം നിഗ്രഹിച്ചുവെന്നും തൽപാപപരിഹാരാർത്ഥമായി വെള്ളനാട്ടും കുറക്കോട്ടും ഉള്ള ഏതാനും ഭൂമി അവരുടെവംശജന്മാക്കും, 157 കോട്ടനിലവും 30,000 പണവും പത്മനാഭസ്വാമിക്ഷേത്രത്തിലേക്കും ദാനംചെയ്കയും ചെയ്തതായിട്ടാണു് പ്രസ്തുത ക്ഷേത്രവരിയിൽ പ്രസ്താവിച്ചിട്ടുള്ളതു്. എന്നാൽ ദേശികർക്കു് ആ നിശ്ചയം അനുസരിച്ചുള്ള ഭൂമി അടുത്ത കാലത്തെങ്ങും വിട്ടുകൊടുത്തതായി രേഖയില്ല.

541-ലെ ഒരു രേഖയിൽനിന്നു് കൊല്ലവർഷം 538-ാമാണ്ടു് നാടുവാണിരുന്നതു് ശ്രീവീര ഉദയമാർത്താണ്ഡവർമ്മയാണെന്നു

കാണുന്നു. എന്നാൽ ശ്രീവീരകേരളവമ്മ നാടുനീങ്ങിയത് എന്നാണെന്നു നിശ്ചയമില്ല. ഈ മഹാരാജാവിന്റെ ശിലാശാസനങ്ങളിൽ പലതും നമുക്കു ലഭിച്ചിട്ടുണ്ട്. വീരകേരളവമ്മരാജാവിനെപ്പോലെ ഇദ്ദേഹവും 557-ൽ ഒരു പ്രായശ്ചിത്തം ചെയ്യേണ്ടിവന്നതായി ക്ഷേത്രവഴിയിൽ പ്രസ്താവിച്ചിരിക്കുന്നു. ഇദ്ദേഹത്തിന്റെ കാലത്തു നാഞ്ചിനാടു് വീണ്ടും പരാധീനമായി.

തിരുവനന്തപുരത്തു് ശ്രീപരാക്രമപാണ്ഡ്യൻ ശുചീന്ദ്രം മുതലായ രാജ്യങ്ങൾ പിടിച്ചടക്കി. അദ്ദേഹം കോട്ടാറുള്ള രാജേന്ദ്രചോളേശ്വരക്ഷേത്രത്തെ പുതുക്കി പണികഴിപ്പിക്കയും ചെങ്ങലക്കുറിച്ചിയിലെ ഏതാനും നിലങ്ങൾ ശുചീന്ദ്രക്ഷേത്രത്തിലേക്കു വിട്ടുകൊടുക്കയുംചെയ്തു. പത്തുപന്ത്രണ്ടുകൊല്ലത്തോളം നാഞ്ചിനാടു് അദ്ദേഹത്തിന്റെ കീഴിൽ ഇരുന്നു. പരാക്രമപാണ്ഡ്യനുമായി നടത്തിയയുദ്ധത്തിൽ ചെയ്തുപോയിട്ടുള്ള പാപങ്ങളുടെ പരിഹാരാർത്ഥമായിട്ടായിരിക്കണം 550-ലെ പ്രായശ്ചിത്തം നടന്നതു്. 558-ാമാണ്ടിൽ ഈ രാജാവു നാടുനീങ്ങി.

ശ്രീവീരരവിവമ്മരാജാവു് അനന്തരം സിംഹാസനാരോഹണംചെയ്തു. 547 മുതല്ക്കു 580 വരെ നാടുവാണിരുന്നതു് ആദിത്യവമ്മ രണ്ടാമനസവ്വാംഗനാഥൻ ആയിരുന്നു എന്നു മിസ്റ്റർ കുഞ്ഞുപിഷാരടി പറയുന്നു. എന്നാൽ കൊല്ലം 548-ൽ വേണാടു് വാണിരുന്നതു് കീഴ്പ്പേരൂർ രവിവമ്മയായിരുന്നു എന്നുള്ളതിനു രേഖയുണ്ടു്.

'സ്വസ്തിശ്രീ കൊല്ലം അഞ്ഞൂറുനാൽപത്തു എട്ടാമാണ്ടു് കന്നി ഞായറു പത്തു ചെൻറതു വേണാട്ടു വാഴ്നനരുളിൻറ കീഴ്പെരൂർ ഇരവി ഇരുവിവമ്മന്തിരുവടി സപ്ത്രസ്തകവസ്തു ദാനം കൊടുത്ത.....ഇത്യാദി നോക്കുക. അതുപോലെതന്നെ 550-ൽ വേണാടു വാണിരുന്നതു് വീരമാർത്താണ്ഡവമ്മയായിരുന്നു എന്നു ശ്രീപത്മനാഭക്ഷേത്രവരിയിലും കാണുന്നു. എന്നാൽ കൊല്ലം 549-നും 550-നും മധ്യേ ഒരു ആദിത്യവമ്മസവ്വാംഗനാഥനെയും കാണ്മാനുണ്ടു്.

"സ്വസ്തിശ്രീ

"സിംഹസ്ഥേ ച ബൃഹസ്പതൌ സമകരോദണ്ഡേ ച ചോളപ്രിയേ
ഗോശാലാഞ്ച സുദീപികാഗൃഹമഥോ കൃഷ്ണാലയം മണ്ഡപം
കേത്രാ പ്രൈവ യശോത്ഥമച്യുതിതരാം ധർമ്മാത്ഥമച്യാദരാൽ
സ്ഥാനന്ദൂരപുരേ സുകീർത്തിസഹിതഃ സവ്വാംഗനാഥോ ഗുപഃ"

തി. കൃഷ്ണൻകോവിൽരേഖ.

ഇങ്ങനെ ഈ പട്ടത്തിൽ വളരെ കുഴപ്പംകാണുന്നു. ഈ രേഖകളിൽനിന്നു രവിവർമ്മൻ, ആദിത്യവർമ്മൻ, വീരമാർത്താണ്ഡവർമ്മൻ എന്നിങ്ങനെ മൂന്നു രാജാക്കന്മാർ മുറയ്ക്കു വേണാടു ഭരിച്ചു കാണണം. അവരിൽ രവിവർമ്മരാജാവു് 548-നും 549-നും മധ്യേയും ആദിത്യവർമ്മ സവ്വാംഗനാഥൻ 550-നു മുമ്പും നാടുനീങ്ങിയതായി വിചാരിച്ചാൽ വലിയ കുഴപ്പമില്ല. ഈ മാർത്താണ്ഡവർമ്മയാകട്ടെ 550-ൽ പരാക്രമപാണ്ഡ്യദേവനുമായി പലേ യുദ്ധങ്ങൾ നടത്തി തിരുനെൽവേലിയിൽചേർന്ന ചില ദേശങ്ങൾ പിടിച്ചെടുത്തു.

കല്ലുമലം താമൂക്കിലെ തിരുവിതാംകോട്ടു ശാസനത്തിൽനിന്നു 558-ാമാണ്ടു് വേണാടു ഭരിച്ചിരുന്നതു് ശ്രീ വീരരവിവർമ്മയായിരുന്നു എന്നു നാം ഗ്രഹിക്കുന്നു. അതിനാൽ അദ്ദേഹമായിരിക്കണം വീരമാർത്താണ്ഡവർമ്മന്റെ കാലശേഷം നാടുവാണതു്. അദ്ദേഹത്തിന്റെ വാഴ്ച 558-നും 585-നും മധ്യേ് ആയിരുന്നുവെന്നു് ഊഹിക്കാൻ മാർഗ്ഗമുണ്ടു്. ഈ രാജാവു് പാണ്ഡ്യരാജാവിനെ തോല്പിച്ചു നാഞ്ചിനാട്ടിനെ വീണ്ടെടുത്തതായി പറയപ്പെടുന്നു. അദ്ദേഹത്തിന്റെ അനുജനും തുപ്പാട്ടൂർ മൂപ്പുമായിരുന്ന വീരകേരളവർമ്മ (കീഴ്പ്പേരൂർ) ഈ യുദ്ധത്തിൽ പങ്കുകൊണ്ടു സ്വയൈര്യം പോരാടി.

ഈ കാലത്തിനിടയ്ക്കു പാണ്ഡ്യരാജവംശത്തിൽ ചില പരിവർത്തനങ്ങൾ സംഭവിച്ചു കഴിഞ്ഞിരുന്നു. കൊല്ലവർഷം 475-നു മുമ്പായി ചോളരാജശക്തി ക്ഷയിക്കയും പാണ്ഡ്യന്മാർ പ്രബലന്മാരാവുകയുംചെയ്തു. അവർ തലസ്ഥാനത്തെ മധുരയിൽനിന്നു തിരുനെൽവേലിയിലേയ്ക്കു മാറി. മധുരയും സമീപപ്രദേശങ്ങളും പാണ്ഡ്യരാജാവിന്റെ പ്രതിപുരുഷന്മാർ ഭരിച്ചുതുടങ്ങി.

എന്നാൽ കാലക്രമേണ ആ പ്രതിപുരുഷന്മാർ സ്വതന്ത്രരാവുകയാൽ പാണ്ഡ്യശക്തി തിരുനെൽവേലി തുടങ്ങിയ തെക്കൻദിക്കുകളിൽ മാത്രം നിലനിന്നു. ഇങ്ങനെ സ്വതന്ത്രരായ നാടുവാഴികളാകട്ടേ അഛിരേണ വിജയനഗരത്തിലെ നായകന്മാക്ക കീഴടങ്ങുവാൻ ഇടയായി.

നായകന്മാരുടെ ശക്തി വർദ്ധിച്ചുവന്നതിനോടുകൂടി പാണ്ഡ്യന്മാർ തെക്കോട്ട മാറിക്കൊണ്ടിരുന്നു. ഇപ്രകാരം അവരുടെ ശക്തി ക്ഷയിച്ചുവരുന്നതു കണ്ടിട്ടാണ് വേണാട്ടു രാജാവായ ഉദയമാർത്താണ്ഡവർമ്മ ബ്രഹ്മദേശം, ചേരമഹാദേവി, അംബാസമുദ്രം, കളക്കാട് എന്നീ ദേശങ്ങൾ കൈവശപ്പെടുത്തിയത്. ശ്രീവല്ലഭപാണ്ഡ്യൻ അതുകണ്ട് അച്യുതരായൻ എന്ന വിജയപുരാധിപതിയുടെ സഹായം അപേക്ഷിക്കയും അദ്ദേഹം പാണ്ഡ്യരാജ്യംവീണ്ടെടുത്തുകൊടുക്കയും ചെയ്തുവത്രേ.

കാഞ്ചീപുരത്തെ കരു ശാസനത്തിൽ അച്യുതരായൻ താമ്രവർണ്ണതീരത്തുവച്ചു തിരുവടിയെ (വേണാട്ടരാജാവിനെ) തോല്പിക്കയും പാണ്ഡ്യരാജാവിന്റെ പുത്രിയെ വിവാഹം കഴിക്കയും ചെയ്തതായി പ്രസ്താവിച്ചിട്ടുണ്ട്.

ഇതുയും പറഞ്ഞതിൽനിന്നു നാംഇനിയും കൂറേക്കാലത്തേയ്ക്കു വിദേശീയരുടെ കൈയിൽ അകപ്പെട്ടുപോകയെന്നു വ്യക്തമാകുന്നു. 548-ാമാണ്ടിനടുത്തു കോച്ചടൈയവർമ്മരായ ശ്രീവരഗുണൻ കോട്ടാറ്റെ രാജേന്ദ്രചോളേശ്വരക്ഷേത്രത്തെ പുതുക്കിപ്പണികഴിപ്പിച്ചു. പന്ത്രണ്ടുകൊല്ലത്തിനുശേഷം തിരുനെൽവേലിയിൽ ചേന്ദ ചെങ്കളക്കുറിച്ചിയിലെ ഏതാനും ഭൂമിയെ ശുചീന്ദ്രക്ഷേത്രത്തിലേയ്ക്കു പരാക്രമപാണ്ഡ്യദേവൻ സന്ധ്യാപൂജയ്ക്കായി വിട്ടുകൊടുത്തു. രവിവർമ്മയും അദ്ദേഹത്തിന്റെ പിൻഗാമിയായ വീരകേരളവർമ്മനും വീരരവിവർമ്മ മഹാരാജാവും ഈ പാണ്ഡ്യനെ തോല്പിക്കുകയുണ്ടായി.

വീരകേരളവർമ്മ രണ്ടുമുനകൊല്ലത്തിൽപരം നാടുവാണിരുന്നുവെന്നു ഊഹിക്കാം. എന്തുകൊണ്ടെന്നാൽ 587-ൽ തുപ്പൂർ മൂപ്പു വാണിരുന്നതും മാർത്താണ്ഡവർമ്മരാജാവായിരുന്നു.

അന്നു് അദ്ദേഹം രാജാവായിരുന്ന ഏന്ന ക്ഷേത്രവരിയിൽ നിന്നു വ്യക്തമാകുന്നു. ഏന്നാൽ 592-ലെ ക്ഷേത്രവരിയിൽ അകട്ടെ തുപ്പാപ്പൂർമൂപ്പു സ്ഥാനിയായി പറഞ്ഞിരിക്കുന്നതു് ശ്രീവീരരവിവമ്മനെയാണു്. അതിനാൽ 592-നു മുമ്പു് അദ്ദേഹം നാടുനീങ്ങിക്കാണണം. അ വർഷത്തിൽ ശ്രീ വീരരവിവമ്മ തുപ്പാപ്പൂർ തിരുവടി പദ്മനാഭസ്വാമിക്ഷേത്രത്തിലേയ്ക്കു 5,000 പണവും ഒരാനയും 'ശവ്കാട്ടാ'യി നടക്കുവച്ചതു് പാണ്ഡ്യരാജാവിനോടുള്ള യുദ്ധത്തിൽ ചെയ്തുപോയ നരഹത്യയ്ക്കു പ്രായശ്ചിത്തമായിട്ടായിരിക്കാൻ വഴിയുണ്ടു്.

590-ാമാണ്ടിടയ്ക്കു് ഉദയമാർത്താണ്ഡവമ്മ രാജ്യഭാരമേറു. അദ്ദേഹം 29 കൊല്ലത്തോളം നാടുവാണു. അദ്ദേഹം ശാന്തനും സമാധാനപ്രിയനും ആയിരുന്നതിനാൽ തിരുനെൽവേലി പ്രദേശങ്ങൾ കൈവിട്ടുപോയി. എട്ടിയാപുരം ജമിന്ദാർ വള്ളിയൂർ ആക്രമിച്ചു. ആ യുദ്ധത്തിൽ പരാജിതനായ എളമുറത്തമ്പുരാൻ തന്നിമിത്തമുണ്ടായ മാനഹാനിയാൽ ആത്മഹത്യ ചെയ്തുവത്രേ. തൽഫലമായി മഹാരാജാവിനു വാശി വർദ്ധിക്കയാൽ അദ്ദേഹം ചില ദേശങ്ങളെ വീണ്ടെടുത്തു. നാടുനീങ്ങുന്ന അവസരത്തിൽ ഈ തമ്പുരാന് 75 വയസ്സു് പ്രായമുണ്ടായിരുന്നുവത്രേ.

619-ൽ ശ്രീവീരഉദയമാർത്താണ്ഡവമ്മ കുലശേഖരപ്പെരുമാൾ രാജ്യഭാരമേറു- 614-ൽ ആതായതു് അദ്ദേഹം തുപ്പാപ്പൂർ മൂപ്പുവാണിരുന്ന കാലത്തു് ഒരു കർമ്മൽ ക്ഷേത്രവും മണ്ഡപവും പണിയിച്ചു ചെമ്പിടുവിച്ചതായി ഒരു രേഖ കാണുന്നു. 634-ൽ പദ്മനാഭക്ഷേത്രഭരണത്തിനായി ചില നൂതനവ്യവസ്ഥകൾ ചെയ്തു. 644-ൽ പതിമ്മൂവായിരം പണവും ഒരു പൊന്നാനയും, നാലു വെള്ളിക്കലശങ്ങളും ശവ്കാട്ടാക്കി നടയ്ക്കുവച്ചു വെന്ന ക്ഷേത്രവരിയിൽ പ്രസ്താവിച്ചിരിക്കുന്നു. ദേശിങ്ങനാട്ടുമായി നടത്തിയ യുദ്ധത്തിൽ ചെയ്തുപോയ പാപങ്ങൾക്കു പരിഹാരമായിട്ടായിരുന്നുവത്രേ അങ്ങനെ ചെയ്തതു്. അന്നു കൊല്ലം വാണിരുന്ന കുലശേഖരത്തമ്പിരാട്ടിയാരും വേണാട്ടു മൂത്തതമ്പുരാനും തമ്മിൽ ഒരു യുദ്ധം നടന്നുവെന്നു തീർച്ചയാണു്. അതിൽനിന്നും തിരുവിതാംകൂറിലെ രാജകുടുംബങ്ങൾ

അക്കാലത്തു് അഭ്യന്തരകാര്യങ്ങളെ സംബന്ധിച്ചിടത്തോളം സ്വതന്ത്രങ്ങളായിരുന്നുവെന്നു് ഊഹിക്കാം. ചിറവായ് സ്വരൂപത്തിൽ ചെമ്പകാദിത്യവർമ്മൻ ആയിരുന്നു മൂപ്പുവാണിരുന്നതു്. അദ്ദേഹം 630-ൽ വടശ്ശേരി കൃഷ്ണൻകോവിലിൽ ഒരു ഗംഗാധരവിഗ്രഹം പ്രതിഷ്ഠ കഴിപ്പിച്ചു.

644-ൽ രാമമാർത്താണ്ഡവർമ്മ കുലശേഖരപ്പെരുമാൾ നാടുനീങ്ങി.

അടുത്ത രാജാവു് ശ്രീവീരഗോദാദിത്യവർമ്മ ആയിരുന്നു. അല്പം മുമ്പു പ്രസ്താവിച്ച ചെമ്പകാദിത്യവർമ്മയും ഇദ്ദേഹവും ഒരാൾതന്നെയായിരുന്നുവെന്നു പദ്മനാഭസ്വാമിക്ഷേത്രുവരികൊണ്ടു തെളിയുന്നു. അദ്ദേഹം രാജ്യഭാരമേറ്റപ്പോൾ അനുജനായ രവിവർമ്മതമ്പുരാൻ തൃപ്പാപ്പൂർ മൂപ്പേറ്റു. ചിറവായി മൂപ്പേറ്റ രാമവർമ്മയും അദ്ദേഹത്തിന്റെ അനുജനായിരുന്നുവെന്നു തോന്നുന്നു. ഈ രാജാക്കന്മാരെല്ലാം ക്രൂപകം അഥവാ ദേശിങ്ങനാടു വംശത്തിൽപ്പെട്ടവരായിരുന്നു. 659-ാമാണ്ടുവരെ ആദിത്യവർമ്മൻ നാടുവാണു.

അടുത്ത വേണാട്ടരാജാവു് തൃപ്പാപ്പൂർ മൂപ്പായിരുന്ന ശ്രീരവിവർമ്മയായിരുന്നുവെന്നു മി: നാഗമയ്യ പറയുന്നു. ഈ രവിവർമ്മയുടെകാലത്തു് ഭയങ്കരമായ ചില അഭ്യന്തരകലഹങ്ങൾ നടന്നിരുന്നുവെന്നു വിചാരിക്കാൻ ന്യായമുണ്ടു്. പദ്മനാഭസ്വാമിക്ഷേത്രത്തിന്റെ വടക്കേ ഗോപുരവാതുക്കൽവച്ചു നടത്തിയ യുദ്ധത്തിനു പാപപരിഹാരാർത്ഥം പന്ത്രണ്ടു വെള്ളിക്കുടങ്ങളും ഏതാനും വിഗ്രഹങ്ങളും നടയ്ക്കുവച്ചതിനു പുറമേ വീരനാരായണശേരി എന്ന ഗ്രാമം പദ്മനാഭന്മാരുടെ കൂട്ടംബക്കാർക്കു കൊടുക്കയും ചെയ്തതായി 673 കർക്കടകം 30-ാംതീയതിയിലെ ക്ഷേത്രുവരിയിലും, അനേകം ഗ്രാമങ്ങൾ നശിപ്പിച്ചുവകയ്ക്കു പ്രായശ്ചിത്തമായി 5000 പണം കാണിക്കവച്ചതായി 675 മേടം 24-ാംനു-ലെ ക്ഷേത്രുവരിയിലും, 27 വെള്ളിക്കുടങ്ങളും വെമ്പാനാർ, കാലടി മുതലായ പ്രദേശങ്ങളിലെ ബ്രഹ്മസ്വങ്ങളും പാപപരിഹാരാർത്ഥം ദാനം ചെയ്തതായി 682-ലെ രേഖയിലും, പ്രസ്താവിച്ചിരിക്കുന്നു. ഈ രേഖയിൽ മറ്റു രാജാക്കന്മാരുടേയും പേരുകൾ പ്രസ്താവി

ച്ചിരിക്കുന്നതിൽനിന്നു വേണാട്ടിലെ ഭിന്നശാഖകർ സ്വതന്ത്രങ്ങളായി തീർന്നുകഴിഞ്ഞതോ എന്നു സംശയിക്കാൻ ന്യായമുണ്ടു്. ഇതേകാലത്തുതന്നെ അതായതു് 661 ചിത്തിരമാസം ഒന്നാംതീയതി ദേശിങ്ങനാടു രാജാവായ ജയസിംഹവീരകേരളവർമ്മൻ തെക്കൻ തിരുവിതാംകൂറിൽ വടശേരിയിൽ എഴുന്നള്ളുകയും തദവസരത്തിൽ പരശുരാമമൂപ്പരുടെതരുവിലെ നെയ്ത്തുകാർ അദ്ദേഹത്തിനോടു തദ്ദേശീയരായ ബ്രാഹ്മണരേയും പിള്ളമാരേയും പറഞ്ഞു പരാതി പറകയും അദ്ദേഹം അവരുടെ സങ്കടനിവാരണം ചെയ്കയും ചെയ്തതായി ഒരു രേഖ കാണുന്നുണ്ടു്. ബ്രാഹ്മണരും കൂട്ടരും ഈ നെയ്ത്തുകാരെ താണവർഗ്ഗക്കാരെന്നനിലയിൽ ഗണിച്ചുതിനുപുറമേ അവരെ പലേ വിധത്തിൽ പീഡിപ്പിക്കയും ചെയ്തുവന്നു. മഹാരാജാവു പ്രസിദ്ധപ്പെടുത്തിയ വിളംബരം വഞ്ചിരാജാക്കന്മാരുടെ പ്രജാക്ഷേമതൽപ്പരതയുടെ ഉത്തമലക്ഷ്യമായി ഇന്നും വിളങ്ങുന്നു. താഴെച്ചേർക്കുന്ന സംഗതികൾ അതിൽ അടങ്ങിയിരിക്കുന്നു.

1. ബ്രാഹ്മണരുടേയും പിള്ളമാരുടേയും സഹായംകൂടാതെ ഈ നെയ്ത്തുകാർക്കു മഹാരാജാവിനെ മുഖം കാണിക്കാൻ സാധിക്കാതെയിരുന്നതിനാൽ, മേലാൽ അവർക്കു നേരിട്ടു മുഖംകാണിപ്പാൻ അനുവാദംകൊടുത്തു.

2. കപ്പൽവരി പടപ്പണം മുതലായ കരങ്ങളിൽനിന്നു അവരെ ഒഴിവാക്കി.

3. ക്ഷേത്രസംബന്ധമായ ആരാധനകളിൽ ഉയർന്നജാതിക്കാർ അവരെ ഉപദ്രവിക്കരുതെന്നു മുന്നറിയിപ്പുകൊടുത്തു.

4. പൊതുക്കുളങ്ങളും കിണറുകളും അവർക്കു തുറന്നുകൊടുത്തു.

670-ൽ സർവ്വകലാ മാർത്താണ്ഡവർമ്മ എന്ന ദേശിങ്ങനാടു രാജാവു് അഗസ്ത്യേശ്വരം താലൂക്കിൽ ഒരു വിനായകക്ഷേത്രം പണികഴിപ്പിച്ചതായും കാണുന്നു. ഈ ലക്ഷ്യങ്ങളിൽനിന്നു ശ്രീവീരരവിവർമ്മയ്ക്കു കേവലം തുപ്പാട്ടൂർ മൂപ്പുസ്ഥാനം മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നും വേണാട്ടു മൂപ്പുവാണതു ദേശിങ്ങനാടു രാജാക്കന്മാരായ ജയസിംഹവീരകേരളവർമ്മയും അദ്ദേഹത്തിന്റെ കാല

ഒരു പത്തേരി സ്ഥാപിക്കാൻ സ്ഥലവും കൊടുത്തു. എന്നാൽ അവക്ക് നിർബ്ബാധം കച്ചവടംനടത്താൻ സാധിക്കാതെവന്നു. എന്തുകൊണ്ടെന്നാൽ അറബികൾ അടിക്കടി അവരെ ഉപദ്രവിച്ചുകൊണ്ടിരുന്നു. ഇതെല്ലാംകൊണ്ടും കാബ്രാൾ കുപിതനായിട്ട് തുറമുഖത്തുകിടന്നിരുന്ന 50 കപ്പലുകളെ ചുട്ടപൊട്ടിക്കയും കോഴിക്കോട്ടനഗരത്തെ രണ്ടുവർഷത്തോളം ഉപരോധിക്കയും ചെയ്തു. അനന്തരം അവർ കൊച്ചിയിലേക്കു പുറപ്പെട്ടു. കൊച്ചിയും കോഴിക്കോടും തമ്മിൽ നിരന്തരം കലഹം നടന്നുകൊണ്ടിരുന്നതിനാൽ, കൊച്ചീരാജാവു് കാബ്രാളുമായി ഉടൻതന്നെ സഖ്യംചെയ്തിട്ട് കോട്ടയും പത്തേരിയും കെട്ടുന്നതിനു് അനുവാദം നല്കി.

അന്നു കൊല്ലം വാണിരുന്നതു് ഭൂതലവീരഉദയമാർത്താണ്ഡവർമ്മയായിരുന്നു. അദ്ദേഹം 670-ാമാണ്ടിൽ സിംഹാസനാരോഹണംചെയ്തു. അവിടന്നു് 676-ൽ പോർത്തുഗീസുകാരെ കൊല്ലത്തേയ്ക്കു ക്ഷണിച്ചുവെങ്കിലും, അവർ ആ അപേക്ഷയെ കൈക്കൊണ്ടില്ല. താമസിയാതെ കബ്രാൾ പോർത്തുഗലിലേക്കു് തിരിച്ചുപോവുകയും ചെയ്തു.

ഭൂതലവീരമാർത്താണ്ഡവർമ്മ 672—701-വരെ.

അദ്ദേഹം ഒരു വീരയോദ്ധാവായിരുന്നതിനാൽ തിരുനെൽവേലി മുഴുവനും പിടിച്ചെടുത്തു. അന്നുമുതല്ക്കു് 'മാൻകൊണ്ടഭൂതലവരെൻ' എന്ന സ്ഥാനം അദ്ദേഹം കൈക്കൊണ്ടു. ചോളരാജവല്ലിയെന്ന ചോളരാജകുമാരിയെ വിവാഹംകഴിക്കയാൽ ചോളകുലവല്ലീപുരം അഥവാ കളക്കാടു് എന്ന പ്രദേശം സ്ത്രീധനമായി ലഭിക്കയും, വീരമാർത്താണ്ഡചതുർവേദിമംഗലപുരുമാളിക എന്നൊരു രാജഗൃഹം നിർമ്മിച്ചു് അദ്ദേഹം കുറേക്കാലം അവിടെ പാർക്കയും ചെയ്തു. പുലിമാർത്താണ്ഡൻ എന്നൊരു പേരുകൂടി അദ്ദേഹത്തിനുണ്ടായിരുന്നു. വീരപുലിഅണ എന്നും പ്രസിദ്ധപ്പെട്ട അണ അദ്ദേഹം പണികഴിപ്പിച്ചതാണു്.

കൊല്ലംമുതല്ക്കു കന്യാകുമാരിവരെയുള്ള എല്ലാ പ്രദേശങ്ങളും പാണ്ഡ്യരാജ്യത്തിന്റെ തെക്കേഅറ്റവും ഈ രാജാവിനു കൈവശപ്പെട്ടിരുന്നതിനു പുറമേ, മങ്കാധിപതിപോലും അദ്ദേ

ഥത്തിനു കപ്പംകൊടുത്തുവന്നതായി പറയപ്പെടുന്നു. അദ്ദേഹത്തിന്റെ കീഴിൽ സുശിക്ഷിതമായ ഒരു സൈന്യം ഉണ്ടായിരുന്നുവെന്നു മാത്രമല്ല, വില്ലാളികളിൽ മുന്തിരോളം സ്ത്രീകളുമായിരുന്നു.

നാഗർകോവിൽ ക്ഷേത്രത്തിലേക്ക് അദ്ദേഹം കുറവളരെ ദാനങ്ങൾ ചെയ്തിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ മഹാമനസ്കതയും പ്രജാക്ഷേമതൽപ്പരതയും ഉത്തമോദാഹരണമായി വിളങ്ങുന്ന ഒരു ഉദാരകൃത്യത്തെ ഇവിടെ സംക്ഷിപ്തമായിട്ടെങ്കിലും പറയാതെ തരമില്ല.

എല്ലാ മതക്കാരോടും അദ്ദേഹം സൌഹാർദ്ദപൂർവ്വമാണ് പെരുമാറിവന്നതെന്നുള്ളതിനു ഗുണവീരപണ്ഡിതൻ, കമലവാഹനപണ്ഡിതൻ എന്നു രണ്ടു ജൈനമതസന്ന്യാസികൾക്കു ചെയ്തുകൊടുത്ത സഹായങ്ങളിൽനിന്നു തെളിയുന്നു. അതേകാലത്തുതന്നെ കന്യാകുമാരിക്കു സമീപം കുമരിമുട്ടത്തു പാർത്തിരുന്ന ക്രിസ്ത്യാനിപ്പുരവന്മാർക്കു ഹിന്ദുക്കളിൽനിന്നു് അടിക്കടി ഉണ്ടായിക്കൊണ്ടിരുന്ന ഉപദ്രവങ്ങളിൽ നിന്നു് അവരെ ഒരു ശാസനം വഴിക്കു മോചിപ്പിക്കയും അവരിൽ ചുമത്തിയിരുന്ന ഇടങ്ങഴി വലങ്ങഴിപ്പുണം, പടിപ്പുണം, പ്രത്യുരന്തകാണിക്ക മുതലായ കരങ്ങൾ നിർത്തൽചെയ്കയും ചെയ്തു. പ്രസ്തുതവിളംബരത്തെ അദ്ദേഹം മൂത്തനായിനാർവിള എന്ന സ്ഥലത്തു കല്ലിൽ കൊത്തിനിർത്തിയതു് ഇപ്പോഴുമുണ്ടു്. ഈ മഹാരാജാവു് കൊല്ലം രാജകുടുംബവുമായി സപരമ്പര്യമില്ലാതെയാണിരുന്നതു്.

അദ്ദേഹത്തിന്റെ കാലത്തു അതായതു് കൊല്ലവർഷം 677-ൽ പോർത്തുഗൽരാജാവു് വീണ്ടും 800 പടയാളികളോടുകൂടി വാസ്കോഡിഗാമയെ ഇന്ത്യയിലേക്കയച്ചു. ഗാമയുടെകൂടെ അദ്ദേഹത്തിന്റെ സഹോദരനായ സ്റ്റീവൻഡിം ഗാമയും ഉണ്ടായിരുന്നു. അഞ്ചു കപ്പലുകളോടുകൂടി ഈ സ്റ്റീവൻ ഡി ഗാമാ കോഴിക്കോട്ടചെന്നു് അവിടെ പലവിധത്തിൽ നാശങ്ങൾ ചെയ്തിട്ട് കൊച്ചിയിലേക്കു പോന്നു.

കൊച്ചീരാജാവിനു പോർത്തുഗൽരാജാവു് 2000 ക്രൂസേഡോ (പൊൻനാണയങ്ങൾ) അടങ്ങിയ ഒരു സഞ്ചിയും പലതര

ത്തിലുള്ള വില്ലീസ്പട്ടികൾ മുതലായ സമ്മാനങ്ങളും ഗാമ നല്കുകയാൽ, കൊച്ചിയുമായി ഒരു കരാർ എളുപ്പത്തിൽ നടന്നു. പോത്തുഗലുമായി കച്ചവടംനടത്തിയതുകൊണ്ടു് കൊച്ചിക്കു വലിയ ലാഭം ഉണ്ടായതു് അറിഞ്ഞു് അന്നു കൊല്ലംവാണിരുന്ന ഉമയമ്മത്ത വിരാട്ടിയാർ ഗാമയെ കാണുവാൻ ഒരു ദൂതനെ അയച്ചു. അക്കാലത്തു കൊച്ചീത്തുറമുഖത്തു വിറ്റുവന്ന കുരുമുളകിൽ അധികഭാഗവും കൊല്ലത്തുണ്ടാകുന്നവയായിരുന്നു. പോത്തുഗീസുകാരുടെ രണ്ടു കപ്പലുകൾ അയച്ചുകൊടുത്താൽ കൊച്ചിയുമായുള്ള വ്യവസ്ഥയനുസരിച്ചുതന്നെ കൊല്ലംതോറും ചരക്കു അയച്ചുകൊടുത്തുകൊള്ളാമെന്നു ദൂതൻ ഗാമയെ അറിയിച്ചു. എന്നാൽ കൊച്ചീത്തമ്പുരാനുമായി ആലോചിക്കാതെ അങ്ങനെ ഒരു കരാറുചെയ്വാൻ തനിക്കു നിവൃത്തിയില്ലെന്നു ഗാമ പറഞ്ഞൊഴിഞ്ഞുകളഞ്ഞു. ഈ വിവരം അറിഞ്ഞപ്പോൾ രാജ്ഞി കൊച്ചീത്തമ്പുരാനു് ഒരു തീട്ടൂരം അയച്ചു് അദ്ദേഹത്തിന്റെ അനുവാദത്തിനു അപേക്ഷിച്ചുനോക്കി. തമ്പുരാനു് ഈ വിഷയത്തിൽ തീരെ താൽപ്പര്യമില്ലായിരുന്നുവെങ്കിലും, രാജ്ഞിയുടെ അപേക്ഷയെ നിരസിക്കുന്നതു ഭംഗിയല്ലെന്നു വിചാരിച്ചു പോത്തുഗീസു പണ്ടകശാലക്കാരുമായി ആലോചിച്ചു. കൊച്ചിയിൽ ചരക്കു കിട്ടുന്നതെത്തോളം കാലം കൊല്ലത്തുപോയി ബുദ്ധിമുട്ടേണ്ട ആവശ്യം തനിക്കില്ലെന്നു ഗാമതന്റെ ഇംഗിതത്തെ പ്രത്യക്ഷപ്പെടുത്താതെ പറഞ്ഞപ്പോൾ, രാജാവു് ദൂതന്മാരെ ഭംഗിവാക്കുപറഞ്ഞു് മിരട്ടി അയച്ചു. എന്നാൽ ചരക്കു് അയയ്ക്കുന്നതിനു രണ്ടു കപ്പലുകൾ അയച്ചുകൊടുക്കണമെന്നു രാജ്ഞി വീണ്ടും എഴുതിഅയച്ചപ്പോൾ ഗാമ അങ്ങനെ ചെയ്യാതിരുന്നുമില്ല.

ഏറെത്താമസിയാതെ സാമൂതിരി പറങ്കികളോടു യുദ്ധത്തിനു് ഒരുങ്ങി. അവരുടെ ബലം സൂത്രത്തിൽ അറിഞ്ഞു ചെല്ലുവാനായി അദ്ദേഹം സന്ധിചെയ്വാനെന്നുള്ള മട്ടിൽ ഒരു ബ്രാഹ്മണനെ നിയോഗിച്ചു. എന്നാൽ ഗാമ തന്റെ മിത്രമായ കോയപക്കി എന്ന മാപ്പിള വഴിക്കു് അയാളുടെ ഉദ്ദേശത്തെ അറിഞ്ഞിട്ടു് അയാളെ കപ്പൽപാമരത്തോടു ചേർത്തുകെട്ടി മുഴങ്കാലിൽ തീക്കനൽവച്ചു പൊള്ളിക്കാൻ തുടങ്ങിയപ്പോൾ, സത്യമെല്ലാം പുറ

ത്തുവന്നു. അനന്തരം ഗാമ അയാളുടെ പുണ്ടുകളും ചെവിയും അരിഞ്ഞു് ചെവിയുടെ സ്ഥലത്തു് ഒരു നായുടെ ചെവിവച്ചു തുന്നിപ്പിടിപ്പിച്ചിട്ടു് അയാളെ സാമൂതിരിയുടെ അടുക്കലേക്കു അയച്ചുവത്രേ. എന്നാൽ താമസിയാതെ അദ്ദേഹം യൂറോപ്പിലേക്കു തിരിച്ചു. അയാൾ കൊച്ചിയിൽ നിയമിച്ചിരുന്ന പോർത്തുഗീസുനായകൻ സാമൂതിരിയുടെ അഹങ്കാരത്തെ നശിപ്പിച്ചു് തമ്പുരാനെ വേണ്ടവിധത്തിൽ സഹായിക്കാൻ നോക്കിയെങ്കിലും പൂർണ്ണ ഫലപ്രാപ്തിയുണ്ടായില്ല.

679-ൽ ഡാൺഫ്രാൻസിസ്കോഡി അൽബുക്കർക്കു് ആറു പറങ്കിക്കപ്പലുകളോടുകൂടി കൊച്ചിയിൽ എത്തി. കൊച്ചീരാജാവു് അദ്ദേഹത്തിനെ അത്യാദരപൂർവ്വം സ്വീകരിച്ചു. എടപ്പള്ളിരാജാവു് 2000 നായന്മാരോടുകൂടി സാമൂതിരിക്കു പിന്തുണയായിനിന്നിരുന്നു. അതുകൊണ്ടു് അൽബുക്കർക്കു് ആദ്യമായി എടപ്പള്ളിരാജാവിനെ തോല്പിച്ചു ശിക്ഷിച്ചു. അനന്തരം കൊച്ചിയിൽ മാനുവൽ കോട്ട പണികഴിപ്പിച്ചു് നല്ല ഉറപ്പുവരുത്തി. ഇതാണു് ഇന്ത്യാക്കരയിൽ യൂറോപ്യന്മാർ പണിയിച്ച ആദ്യത്തെ കോട്ട. പിന്നീടു് പറങ്കികൾ കൊച്ചിവിക പടയാളികളോടുകൂടി എടപ്പള്ളിയെ ആക്രമിച്ചു് വളരെ നാശങ്ങൾ വരുത്തിക്കൂട്ടിയതിനു പുറമെ സാമൂതിരിയേയും തോല്പിച്ചു് ഓടിച്ചു.

ഈ സമയങ്ങളിൽ പറങ്കികൾക്കു കുരുമുളകു കയറ്റി അയയ്ക്കാൻ സാധിക്കാതെവരികയാൽ രണ്ടു കപ്പലുകളെ കൊല്ലത്തേയ്ക്കു് അയച്ചു. കൊല്ലത്തെ റാണിയുടെ കല്പനപ്രകാരം മന്ത്രിമാർ വേണ്ടുവോളം മുളകു കയറ്റി കൊടുത്തുവത്രെ. ഇങ്ങനെ സാമൂതിരി പറങ്കികളോടു ശത്രുതയുള്ളതുകൊണ്ടു് കൊല്ലം റാണിയുടെ ഉദ്ദേശസിദ്ധിക്കു് അനുകൂലമായിത്തീർന്നു.

679-ൽ അൽബുക്കർക്കു കൊല്ലത്തുവന്നു. അക്കാലത്തു കൊല്ലം നഗരം വാണിജ്യവിഷയത്തിൽ കൊച്ചിയേയും കണ്ണൂരിനേയും അതിശയിച്ചിരുന്നു. ലങ്കാദ്വീപു്, ബംഗാൾ, മലാക്കാ എന്നീ സ്ഥലങ്ങളിൽനിന്നു വാണിജ്യദ്രവ്യങ്ങൾ കൊല്ലത്തു് അടുക്കാറുണ്ടായിരുന്നു.

680-ൽ അൽബുക്കർക്കു സ്വദേശത്തേക്കു തിരിച്ചുവിളിക്കപ്പെടുകയും അൽമേയിദാ തൽസ്ഥാനത്തു നിയമിക്കപ്പെടുകയും

ചെയ്തു. അല്ഫോഫാം ഫോമേം എന്ന കപ്പിത്താനെ ചരക്ക കയറാനായി കൊല്ലത്തേക്ക അയച്ചു. എന്നാൽ അയാൾം കൊല്ലത്തു് എത്തിയപ്പോഴേക്കും അറബികൾം ചരക്ക കയറിക്കഴിഞ്ഞിരുന്നു. അതുകൊണ്ടു് അയാൾം അറബിക്കപ്പലുകളെ ആക്രമിച്ചു ചരക്കും ആൾക്കാരെയും പിടിച്ചെടുത്തു. കൊല്ലത്തെ അറബി വ്യാപാരികൾം വിവരം അറിഞ്ഞു് കൊല്ലംരാജ്ഞിയോടു സങ്കടം ഉണത്തിക്കയാൽ, രാജ്ഞി അന്വേഷണം നടത്താനായി തന്റെ മന്ത്രിമാരെ പത്തേരിയിലേക്കു് അയച്ചു. പത്തേരികാവൽക്കാരനായ ഡീസാ അവരോടു ധിക്കാരപൂർവം പെരുമാറിയതുനിമിത്തം കൂടെയുണ്ടായിരുന്ന നായന്മാർ പറങ്കികളോടു എതിരിട്ടു. പറങ്കികൾം കുറേ ഭഗവതിക്ഷേത്രത്തിൽ കയറി രക്ഷപ്രാപിക്കാൻ നോക്കി. നായന്മാർ ക്ഷേത്രം ചുട്ടുപൊടിച്ചതിനാൽ, കൊല്ലത്തെ പറങ്കികളിൽ പലരും അഗ്നിക്കിരയായി. ഈ വിവരം അറിഞ്ഞ ആൽ മേയിദാ ഫോമേമിനെ ഉദ്യോഗത്തിൽനിന്നു നീക്കിയിട്ടു, അയാളുടെ പുത്രനായ ലോറൻസോവിനെ തൽസ്ഥാനത്തു നിയമിച്ചു. ലോറൻസോ കൊല്ലത്തു് അടുത്ത തുറമുഖത്തുണ്ടായിരുന്ന 27 കപ്പലുകളെ നശിപ്പിച്ചിട്ടു് അറബികളുടെ പടകളേയും ചരക്കുകളേയും പിടിച്ചെടുക്കാൻ ശ്രമംചെയ്തു.

പിഴിഞ്ഞത്തു കൊല്ലം രാജ്ഞിക്കു പിന്തുണയായി എഴുതാനും മാപ്പിളമാർ (ജോനകർ) ഉണ്ടെന്നു അറിഞ്ഞു് പറങ്കികൾം അവിടെച്ചെന്നു് ആ നഗരത്തെയും നശിപ്പിച്ചുകളഞ്ഞു.

താമസിയാതെ ആൽമേയിദാ തിരിച്ചുവിളിക്കപ്പെടുകയും ആൽബുക്കർക്കു രണ്ടാമതും നിയമിക്കപ്പെടുകയും ചെയ്തു. പറങ്കികൾം ഇങ്ങനെ അങ്ങുമിങ്ങുമായി യുദ്ധത്തിൽ ഏർപ്പെടാതെ എവിടെ എങ്കിലും ഒരു സ്ഥലത്തു ഉറയ്ക്കണമെന്നു കരുതി അല്ഫോഫാം ഗോവാ എന്നസ്ഥലം അതിലേക്കായി തിരഞ്ഞെടുത്തു. എന്നാൽ തന്റെ ഉദ്ദേശം ഫലിക്കുന്നതിനുമുമ്പായി വീണ്ടും അല്ഫോഫാം തിരിച്ചു വിളിക്കപ്പെട്ടു.

അടുത്ത പോർത്തുഗീസു വൈസറായിയായ സോവാരേസ് 691-ൽ കൊല്ലംരാജ്ഞിയുമായി ഒരു സന്ധിഉടമ്പടി നടത്തി. ചുട്ടനശിപ്പിക്കപ്പെട്ട പത്തേരിയും സെൻറ് തോമസ് പള്ളിയും

സക്കാർചെലവിൽ പണികഴിപ്പിച്ചുകൊടുക്കാമെന്നും പള്ളിവകയ്ക്കു മൂന്നു തവണകളിലായി 500 കണ്ടി കുരുമുളകു് പറങ്കികൾക്കു പ്രതിവർഷം കൊടുത്തുകൊള്ളാമെന്നും കൊച്ചിയിലെ വിലയുള്ള നാട്ടിലെ കുരുമുളകു് എല്ലാം അവർക്കു വിറ്റുകൊള്ളാമെന്നും രാജ്ഞി സമ്മതിച്ചു.

1692-ൽ മേയിട്ടർ റൊഡ്രീഗ്സ് എന്ന ആൾ കൊല്ലത്തെ കുപ്പിത്താനായി നിയമിക്കപ്പെട്ടു. അയ്യാൾ കരാറിൻ പ്രകാരം രാജ്ഞിയോടുമുളകിനു് ആവശ്യപ്പെട്ടപ്പോൾ തമ്പിരാട്ടി ഇപ്രകാരം പ്രസ്താവിച്ചു:—

"നാം തിരുവിതാംകോടു് ആക്രമിപ്പാനായി നാളെ രാവിലെ തിരിക്കുന്നു. ഇപ്പോൾ പണത്തിനു വളരെ ഞെരുക്കമുള്ളതു കൊണ്ടു് അല്പകാലം ക്ഷമിക്കണം. നായന്മാരും പരിവാരവും നമ്മോടുകൂടി പുറപ്പെടുന്നതിനാൽ വിജയപൂർവ്വം തിരിച്ചുവന്ന ഉടനെ കണക്കുതീർത്തു് ഏല്പിച്ചുകൊള്ളാം."

അയ്യാൾ അങ്ങനെ ആവട്ടെ എന്നു സമ്മതിച്ചതു സോവാരെസിന്റെ നിർബ്ബന്ധത്താൽ മാത്രമായിരുന്നു. കൊല്ലത്തു കോട്ട കെട്ടാൻ അനുവാദം കിട്ടണമെങ്കിൽ രാജ്ഞിയെ പിണക്കാതെ കഴിക്കണമെന്നു ഗവർണർ കണ്ടു. മാപ്പിളമാക്കും നാട്ടുകാക്കും പറങ്കികളുടെ ഈ ഉദ്യമം തീരെ രസിച്ചിട്ടില്ലാതിരുന്നതിനാൽ വളരെ കരുതി പ്രവർത്തിക്കണമെന്നു് അയ്യാൾ തീർച്ചപ്പെടുത്തി.

പത്തേരിയുടെ പണി യഥാകാലം തുടങ്ങി. അതു കണ്ടപ്പോൾ ജോനകർ പരിഭ്രമിച്ചു. ഗോവായിൽവെച്ചു് സോവാരേസ് വധിക്കപ്പെട്ടു എന്നൊരു കിംവദന്തി അവർ പരത്തി. അതുകേട്ടു് നാട്ടുകാരുമായി രമ്യതയിൽ കഴിച്ചു കൂട്ടണമെന്നു് കുപ്പിത്താൻ തന്റെ ആൾക്കാർക്കു് ആജ്ഞ നല്കി. ഇങ്ങനെ അയ്യാളുടെ നയവൈദഗ്ദ്ധ്യത്താൽ അതിന്റെ പണി പൂർത്തിയായി. എന്നാൽ അതുകൊണ്ടു മാത്രമായില്ലെന്നും കോട്ടപ്പണി ഉടനെ തുടങ്ങണമെന്നും ഗവർണ്ണർ കുപ്പിത്താനെ അറിവിക്കയാൽ അയ്യാൾ മന്ത്രിമാരായ ഉമ്മിണിപ്പിള്ള, ബാലൻപിള്ള, കുറുപ്പു് എന്നിവരെക്കണ്ടു് അതിനു അനുവാദം വാങ്ങിയപ്പോൾ മാപ്പിളമാർ

എളയതമ്പുരാനേയും തമ്പുരാട്ടിമാരേയുംകണ്ടു് സങ്കടമുണത്തിച്ചു. ഒരിക്കൽ കൂപ്പിത്താൻ 27 ആളുകളോടുകൂടി കോട്ടയ്ക്കു് അടിസ്ഥാനക്കല്ലും ഇടുവിച്ചുകൊണ്ടിരിക്കവേ രണ്ടായിരം നായന്മാർ അവിടെ എത്തി അവരെ എതിർത്തു; എന്നാൽ പറങ്കികൾ വലിയതോക്കുകൾ ഉപയോഗിച്ചപ്പോൾ അവർ നേപരവശരായി തിരിച്ചുപോന്നു. തോക്കുപയോഗിച്ചു യുദ്ധംചെയ്യുന്ന സമ്പ്രദായം അതുവരെ ഇവിടെ നടപ്പില്ലായിരുന്നു. 694-ൽ കോട്ട പൂർത്തിയായി. രാജ്ഞി നാട്ടുകാരുടെ ഇഷ്ടത്തിനു വിപരീതമായി കൂപ്പിത്താനെ പ്രോത്സാഹിപ്പിച്ചുകൊണ്ടേ ഇരുന്നു. കോട്ടതീരുംവരെ അയാൾ കുടിശിക മുളകു് ആവശ്യപ്പെട്ടുമില്ല. എന്നാൽ അതു തീർന്നമാത്രയിൽ അയാൾ അതിനു നിർബന്ധം തുടങ്ങി. രാജ്ഞി ഇതു പ്രതീക്ഷിച്ചിരുന്നേ ഇല്ല. അതിനാൽ തമ്പുരാട്ടി മാർത്താണ്ഡവർമ്മ യുവരാജാവിനെ കോട്ടപിടിച്ചടക്കാനായി നിയോഗിച്ചു.

രാജകുമാരനും നായന്മാർക്കും സന്തോഷമായി. ബാലൻപിള്ള 1500 നായന്മാരോടുകൂടി കോട്ടയെ ഉപരോധിച്ചു. കൊല്ലം കൊണ്ടു സൈന്യത്തിനു വലിയ നഷ്ടങ്ങൾ ഉണ്ടായെങ്കിലും, കോട്ടയ്ക്കകത്തുണ്ടായിരുന്ന പറങ്കികൾ പട്ടിണികിടന്നു മരിച്ചുപോകുമെന്ന ഘട്ടംവരെ എത്തി. എന്നാൽ 695-ൽ കൊച്ചിയിൽനിന്നു കൂടുതൽ സൈന്യം വന്നുചേരുകയാൽ അവർ രക്ഷപ്പെട്ടു. അതേവർഷത്തിൽതന്നെ രാജ്ഞി സമാധാനത്തിനു അപേക്ഷിച്ചു. അതിൻപ്രകാരം കുടിശിക മുളകു് മുഴുവനും കൊടുക്കേണ്ടതായും വന്നുകൂടി.

ഈ രാജ്ഞി വേണാട്ടരാജാവുമായി യുദ്ധം നടത്തിയതു് എന്തു കാരണത്താലാണെന്നു വ്യക്തമാകുന്നില്ല.

ഭൂതലവീര ശ്രീ വീരരവിവർമ്മ 702 മുതൽ 715 വരെ.

അദ്ദേഹം തിരുനെൽവേലിയിൽ ഇരുക്കുടി എന്ന സ്ഥലത്തുള്ള ഏതാനും സ്ഥലം ശ്രീചിത്രം ഉടയനാക്കു് ഉടയമാർത്താണ്ഡസന്ധ്യാപൂജയ്ക്കായി ദാനംചെയ്തു. അദ്ദേഹത്തിന്റെ കാലത്തു് രാജ്യത്തു ചില അന്തശ്ഛിദ്രങ്ങൾ ഉണ്ടായിരുന്നതായി കാണുന്നു. അന്നു തൃപ്പാപ്പൂർ മൂപ്പുവാണിരുന്ന വീരഉടയമാർത്താണ്ഡ

വമ്മ 704-ൽ നടന്ന ആഭ്യന്തരകലഹത്തിനിടയ്ക്കു ചെയ്തുപോയ പാപങ്ങൾക്കു പരിഹാരമായി ചില ദാനങ്ങൾ നടത്തിയിട്ടുണ്ട്. അതുപോലെതന്നെ ചിറവായ് മുത്തരിശുമേനിയായിരുന്ന ശ്രീ വീരരാമമാർത്താണ്ഡവമ്മയും 713-നും 728-നും മധ്യേ പദ്മനാഭസ്വാമിക്ഷേത്രത്തിലേക്കു ദാനങ്ങൾ ചെയ്തുണ്ടായിരി.

ഭൂതലവീരകേരളവർമ്മ. 715—720.

അദ്ദേഹത്തിന്റെ കാലത്തു് ഫ്രാൻസിസ് സാവിയർ മലയാളക്കരയിൽ ക്രിസ്തുമതപ്രചാരം വരുത്താൻ ശ്രമംചെയ്തു. ഈ ക്രൈസ്തുഭക്തൻ കടൽക്കരതോറും സഞ്ചരിച്ചു മുക്കുവരെ മാനസാന്തരപ്പെടുത്തുകയും പലേ പള്ളികൾ പണികഴിപ്പിക്കയും ചെയ്തിട്ടുണ്ട്. 719-ാമാണ്ടിനു മുമ്പായി അദ്ദേഹം തിരുവിതാംകൂറിൽ കൊ-ൽപരം പള്ളികൾ പണികഴിപ്പിച്ചുവത്രേ. അദ്ദേഹത്തിന്റെ പ്രധാന താമസസ്ഥലം കോട്ടാറായിരുന്നു.

ഇക്കാലത്തു് വടുകന്മാർ അതുവാമൊഴിപ്രാതവഴിക്കു് തെക്കൻതിരുവിതാംകൂർ ആക്രമിച്ചു് കന്യാകുമാരി വരെയുള്ള തീരം സ്വാധീനപ്പെടുത്തിയതായി സാവിയരുടെ ലേഖനങ്ങളിൽനിന്നു ഗ്രഹിക്കാം.

വടുകന്മാർ വിംലൻ എന്ന വിജയനഗരരാജകുമാരന്റെ പടയാളികളായിരുന്നു. അദ്ദേഹം 719-നും 720-നും മധ്യേ തിരുവടി രാജ്യം ആക്രമിച്ചതായി രേഖകളുണ്ടു്. പോർത്തുഗീസ് ഗവർണ്ണരായിരുന്ന ആൽഫൊൻസൊ ഡിസൂസാ ഇൻഡ്യയിലുള്ള ക്ഷേത്രങ്ങൾ പലതും കൊള്ളചെയ്തിട്ടു് കന്യാകുമാരിയിൽ മണ്ണെത്തിനടുപ്പോൾ ആ സ്ഥലം വടുകപ്പടയാൽ പരിരക്ഷിതമായിരുന്നു. തന്നിമിത്തം അയാൾക്കു തിരിച്ചുപോരേണ്ടതായി വന്നുകൂടിയത്രേ.

ഈ വടുകന്മാർ ദക്ഷിണതിരുവിതാംകൂറിൽ പലേ അക്രമങ്ങളും നടത്തിയിട്ടുണ്ടു്.

ഭൂതലവീരരാമവർമ്മ 720—734.

വിംലരാമരാജാവും ഭൂതലവീരരാമവമ്മരാജാവും തമ്മിൽ ഒരു ഉടമ്പടി നടന്നു. ആ ഉടമ്പടിപ്രകാരം തമ്പുരാൻ തിരുനൊ-

വേലി ഡിസ്ട്രിക്ട് വിജയനഗരത്തിലേയ്ക്കു വിട്ടുകൊടുക്കയും അതിനു പ്രതിഫലമായി താൻ തിരുവിതാംകൂറിൽ പ്രവേശിക്കയില്ലെന്നു രാമരാജാവു സമ്മതിക്കയും ചെയ്തു. ഈ ഘട്ടത്തിന്റെ കാലത്തും വേണാട്ടിലെ ശാഖകർ തമ്മിൽ കൂടക്കൂടെ ശണ്ഠകർ ഉണ്ടായിക്കൊണ്ടിരുന്നു.

ഉണ്ണിക്കേരളവർമ്മ കുലശേഖരപ്പെരുമാൾ. 734—743.

അദ്ദേഹത്തിന്റെ കാലത്തു ചിറവായി മൂപ്പുവാണിരുന്നതു് രോഹിണിതിരുനാൾ ആദിത്യവർമ്മ എന്നൊരു രാജാവായിരുന്നു. ആ തിരുമേനി 723 മൈങ്കനിമാസം 12-ാംനു സിംഹാസനാരോഹണം ചെയ്തു. കേരളപുരത്തുവച്ചു് 750 മൈങ്കനി 28-ാംതീയതി നാടുനീങ്ങി. അവിടുന്നു് 734 മിഥുനം 6-ാംനു തോവാളത്താലൂക്കിൽ ദർശനംകോപ്പു എന്ന സ്ഥലത്തുള്ള രാമേശ്വരം ഉടയനായിനാർ ക്ഷേത്രത്തിലേയ്ക്കു കരേ ഭൂസ്വത്തു ദാനംചെയ്തതായും രേഖയുണ്ടു്. ഉണ്ണിക്കേരളവർമ്മയാകട്ടെ തുപ്പാട്ടൂർ മൂപ്പായിരുന്ന ദേശിങ്ങനാട്ടരാജാവായിരുന്നു. അദ്ദേഹത്തെപ്പറ്റി കൂടുതൽ വിവരങ്ങൾ ഒന്നും അറിവില്ല.

പൂരുട്ടാതിതിരുനാൾ ഉദയമാർത്താണ്ഡവർമ്മ. 743—767.

ഈ ഘട്ടം 729 വരെ ചിറവായിമൂപ്പും തദനന്തരം തുപ്പാപ്പൂർമൂപ്പും വാണിരുന്നു. ഈ രാജാവിന്റെ കാലത്തു ആറുങ്ങൽ മൂത്തറാണി പോർത്തുഗീസുകാരുടെ വർദ്ധമാനമായ ശക്തി കണ്ടു് പരിഭ്രമിച്ചു ക്രൈസ്തവന്മാർക്കു് എതിരായി പ്രവർത്തിച്ചുവന്നതെന്നും മൂന്നു പള്ളികർ തുടുപൊട്ടിച്ചുവെന്നും മെക്കൻസിസാപ്പു പ്രസ്താവിച്ചിട്ടുള്ളതു കൊല്ലം ഉമയമ്മറാണിയെ ഉദ്ദേശിച്ചായിരിക്കണം.

ശ്രീവീരമാർത്താണ്ഡവർമ്മ മൂപ്പേറുമ്പോൾ ചിറവായിസ്വരൂപത്തിലെ ഭരണം ആദിത്യവർമ്മ കൈയേറ്റു. ആ തിരുമേനി 750 മൈങ്കനി 24-ാംതീയതിവരെ നാടുവാണതായി മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അദ്ദേഹശേഷം രവിവർമ്മ രണ്ടുകൊല്ലം ചിറവായി മൂപ്പുവാഴുകയും 752 തൈമാസം 23-ാംതീയതി നാടു നീങ്ങുകയും ചെയ്തു. അദ്ദേഹത്തിന്റെ കാലത്തു ആറുങ്ങൽ നിന്നും ഒരു റാണിയേയും ചെറിയരാമവർമ്മ എന്നൊരു രാജകുമാ

രനേയും ഭരത്തെടുത്തു. അനന്തരം രവിവമ്മ എന്ന രാജാവു് മൂപ്പേറു. അദ്ദേഹം 754 വൃശ്ചികം ഒന്നാംതീയതി പദ്മനാഭപുരത്തു മഹാദേവക്ഷേത്രം പണികഴിത്തു് അഭിഷേകം നടത്തിയതായി രേഖയുണ്ടു്. അതിനുശേഷം ചിറവായ് മൂപ്പുവാണതു് ശ്രീവീരരവിവമ്മയായിരുന്നു.

കാത്തികതിരുനാൾ ഭൂതലവീരരവിരവിവർമ്മ. 767-784.

767 ആനി 22-ാംനു ഇദ്ദേഹം രാജ്യഭാരം ഏറ്റു. അദ്ദേഹത്തിനു് ആദിത്യവമ്മ രാമവമ്മ എന്നു രണ്ടു സഹോദരന്മാരുണ്ടായിരുന്നു. സിംഹാസനാരോഹണാനന്തരം അദ്ദേഹം കുലശേഖരപ്പെരുമാൾ എന്ന സ്ഥാനം കൈക്കൊണ്ടു. അവിടുത്തെ കാലത്തു തുപ്പാപ്പൂർ മൂപ്പുസ്ഥാനം ദേശിങ്ങനാടു് ശ്രീവീര രാമവമ്മയാണു് വഹിച്ചതു്. 784 ചിത്തിരമാസം മൂന്നാംതീയതി അവിടുന്നു് നാടുനീങ്ങി. അദ്ദേഹം തിരുവനന്തപുരത്തു ചില ക്ഷേത്രപ്പണികൾ ആരംഭിച്ചിരുന്നു.

ശ്രീവീരരാമവർമ്മ. 784—785.

ഇദ്ദേഹം 779 മുതല്ക്കു 784 വരെ തുപ്പാപ്പൂർ മൂപ്പുവാണു. 781-ൽ രവിവമ്മ കുലീശേഖരപ്പെരുമാൾ ആരംഭിച്ച ക്ഷേത്രപ്പണി ഇദ്ദേഹം തുടർന്നു. ശുചീന്ദ്രത്തു കുലശേഖരവിനായകക്ഷേത്രപ്പണി നടന്നതും ഇദ്ദേഹത്തിന്റെ കാലത്തായിരുന്നു. 785 മൈങ്കുനിമാസം 13-ാംനു അവിടുന്നു് കരുപ്പുകോവിലകത്തു എഴുന്നള്ളിത്താമസിക്കവേ നാടുനീങ്ങി.

"കുലശേഖരപ്പെരുമാളായ് ഇരുന്നു മുടിഞ്ഞരുളുകയിൽ. പെരിയമതു പങ്കുനിമാതം നാലാംനു വരെ ഇരണിയചിങ്കനല്ലൂരു് എഴുന്നരുളിയിരുന്ന രാമവമ്മ മൂപ്പുവാണു. നാളതു മുടിഞ്ഞു അരുളിയതു നാളതു മുതൽ ആതിത്തിയവുമ്മാ മൂപ്പുവാണു."

അദിത്യവമ്മ അധികനാൾ രാജ്യം ഭരിച്ചില്ല. 785 ൽ തന്നെ പള്ളിക്കോട്ട കൊട്ടാരത്തിൽവച്ചു് അദ്ദേഹം നാടുനീങ്ങി. അനന്തരം നാടുവാണതു് മണലിക്കര രാമവമ്മ കുലശേഖരപ്പെരുമാളായിരുന്നു. അദ്ദേഹം തന്റെ പൂർവികന്മാർ തുടങ്ങിവച്ചതും പദ്മനാഭസ്വാമിക്ഷേത്രത്തെ സംബന്ധിച്ചതുമായ പണികൾ

നടത്തിയെന്നുള്ളതല്ലാതെ കൂടുതൽ വിവരങ്ങൾ ഒന്നും അറിവില്ല. അപ്പിടുന്നു് "786-ാമതു പുരട്ടാതിമാതം 6-ാംനു പൂരംനാൾ തിക്കുറിച്ചിനിൽ കോയിക്കൽ എഴുന്നരുളിയിരുന്നു" ദിവംഗതനായി. ഈ മഹാരാജാവിന്റെ സ്മാരകമായിട്ടത്രേ തിരുമേനിനമ്പി ശ്രീപാദത്തു് കുലശേഖരവിനായകർ ക്ഷേത്രം സ്ഥാപിച്ചതു്.

അധ്യായം 8.

കേട്ടതിരുനാൾ വീരരവിവർമ്മ കുലശേഖരപ്പെരുമാൾ.
786 – 838.

അടുത്ത രാജാവു് ഉണ്ണിക്കേരളവർമ്മയായിരുന്നുവെന്നു് മിസ്നാഗമയ്യ പറയുന്നു. എന്നാൽ,

"786-ാമതു പുരട്ടാതിമാതം 6-ാംനു പൂരംനാൾ തിക്കുറിച്ചിനിൽ കോയിക്കൽ എഴുന്നരുളിയിരുന്നു മുടിഞ്ഞരുളിയതു നാളതു മുതൽ നായിനാർ ഇരവിവർമ്മ ഇരുന്നരുളിയിടത്തിൽ പണ്ടാരത്തിൽ മൂപ്പുവാണു. 838-ാമതു ആവണിമാതം 11-ാംനു തുക്കേട്ടനാൾ തിരുവനന്തപുരത്തു ചീപാതത്തുകോവിക്കൽ എഴുന്നരുളിയിരുന്നു മുടിഞ്ഞരുളിയതു് നാളതുമുതൽ നായിനാരു രാമവർമ്മ മൂപ്പുവാണു" എന്നൊരു രേഖയുള്ളതിനു പുറമേ,

"795-ാമാണ്ടു ആനിമാതം 4-ാംനു തങ്ങളിൽ ക്ഷേത്തിരുകാരിയങ്ങൾകൊണ്ടു പിണങ്ങുകയാൽ 5-ാംനു മുഴുത്തം മുടങ്ങി. ആനിമാതം 9-ാംനു കലശം ആടുവാൻ കല്പിച്ചു ക്ഷേത്തിരുകാര്യങ്ങളും പറഞ്ഞു നിരന്നു. ആനിമാതം 4-ാംനു അസ്തമിച്ചു ശ്രീമാപാരതകോണത്തു ശ്രീമച്ചുവാനന്തപുരിപിടാരടി തിരുവടി എഴുന്നരുളി ഇരുന്നു വെയിൻ കരുവെയും അത്തിയറയും മൂടിവിളയും കുവക്കരെയും നെയ്തച്ചേരിയും അത്തിയറയും ശ്രീകരണപ്പുള്ളി അയ്യപ്പൻ കാമനും കരണക്കണക്കു അയ്യപ്പൻ അനന്തനും പണ്ടാരക്കണക്കു ഗോവിന്ദൻ രാമനും ക്ഷേത്തിരുകാരിയക്കാരും പഞ്ചുതേച്ചികളും രണ്ടുതൊരുവത്തിൽ തേവാരിക്കുപോ

ക്കൂടി ഇക്കരെ തെച്ചിയിൽ കരിക്കാട്ട നാരായണൻ ചിവനു തീ
തിക്കുടയും കൊടുത്ത ചേഴം തിരുവമ്പാടിയിൽ കിഴക്കേ അമ്പല
ത്തിൽ തിരുമുമ്പിലും തയ്യെയിലവർകളും പഞ്ചതെച്ചികളും
തേവാരികളും കൂടിയിരുന്നു തിരുമുളടുകിറതിനു അനിച്ചൻ ചെ
യ്യങ്കനാട്ടു മൂത്ത ഇരുന്നൂരുളിയിടത്തിൽ പണ്ടാരത്തിലേക്കു കേ്ഴ
ഞ്ഞിറത്തിൽ മൂപ്പാകകൊണ്ടു് അനിചൻ കേരിളവമ്മ എഴുന്നരുളു
കയാൽ കരണക്കണക്കു അയ്യപ്പൻ അനന്തൻ യോകത്തുങ്കൽ
നിൻറു് അചാരക്കണക്കു വാചിക്കയാൽ ക്ഷേത്തിറത്തിൽ തിപ്പാ
പ്പൂർമൂപ്പു വാണേ അനിചൻ അരു എൻറും വാചിക്കയാൽ
നായിനാരു് ഉണ്ണികേരളവമ്മരായ ചെയ്യങ്കനാട്ടു മൂത്ത ഇരുന്നരു
ളിയിടത്തിൽ പണ്ടാരത്തിൽ രാമനാമടത്തിൽ എഴുന്നരുളി തിരു
പ്പാപ്പുമൂപ്പുവാന തിരുവാംപാടിയിൽ എഴുന്നരുളി മണ്ടപത്തിൽ
കരയേറി തിരുമുമ്പിൽ നമസ്കരിച്ചു് ങക്കെ ഇരിക്കയാൽ.....
.....”ഇത്യാടി രേഖയും കാണുന്നതുകൊണ്ടു് ഈ ഉണ്ണികേ
രളവമ്മ ഭേശിങ്ങനാട്ടു രാജാവായിരുന്നു എന്നും വേണാട്ടടികളു
ടെ അനുജപടവി നൽകാനായി അദ്ദേഹത്തിനു 795-ൽ തുപ്പാ
പ്പൂർ മൂപ്പുസ്ഥാനം നൽകിയെന്നും വ്യക്തമാകുന്നു. അദ്ദേഹം
826 വരെ തുപ്പാപ്പൂർ വാണിട്ടു പരലോകം പ്രാപിക്കയും രാമവ
മ്മരാജാവു് തൽസ്ഥാനത്തു പ്രതിഷ്ഠിക്കപ്പെട്ടുകയും ചെയ്തുവെന്നു
വിചാരിക്കാനാണു് സാംഗത്യം. എന്നാൽ, 826-ാമാണ്ടത്തെ
ഒരു രേഖയിൽ കാണുന്ന ശ്രീവീരരവിവമ്മ ഈ രവിവമ്മ കുല
ശേഖരപ്പെരുമാളിൽനിന്നു ഭിന്നനാകുന്നു എന്നു്

“തിരുമുമ്പിൽ കൂളയിടുവാൻ അനിഞ്ഞ കൊടുക്കയിൽ നായി
നാരു് ചെയ്യങ്കനാട്ടു കേരിളവമ്മരായ തിർപ്പാപ്പൂ മൂത്ത ഇരുന്നരു
ളിയിടത്തിൽ പണ്ടാരത്തിലും തിർപ്പാപ്പൂ തൊരുവത്തി നായി
നാരു് ഇരവിവമ്മരായ ചിറവാ മൂത്ത ഇരുന്നരുളിയിടത്തിൽ
പണ്ടാരത്തിലുംകൂടെ വടക്കേനടയിൽകൂടെ അകത്തു് എഴുന്നരുളി
.....” ഇത്യാദി ഭാഗത്തിൽനിന്നു ഊഹിക്കാം.

അതിനാൽ 821 മീനം 22-ാംതീയതിയിലെ ആറൂർ പട്ട
യത്തിൽ കാണുന്ന രവിവർമ്മ കേവലം ചിറവായു് മൂത്തവർ
മാത്രമാകുന്നു.

ഇതുമുഴം പറഞ്ഞതിൽനിന്നു ക്ഷേത്രത്തിന്റെ ജീർണ്ണോദ്ധാരണപ്പണി പൂർത്തിയാക്കിയതു കുലശേഖരപ്പെരുമാളായ രവിവർമ്മ മഹാരാജാവായിരുന്നു എന്നു തെളിയുന്നു. ആ പണികൾ എന്തെല്ലാമായിരുന്നുവെന്നു ഒരു പഴയ പടിത്തരത്തിൽനിന്നു കാണാം.

"തിരുവനന്തപുരത്തു പള്ളികൊണ്ടരുളിന്റെ പെരുമാൾ ശ്രീപത്മനാഭപെരുമാൾ ക്ഷേത്തിരത്തിൻ മുൻപിൽ വാതുമാടവും വെലിക്കൽപ്പിരൈയും മേൽമുറിയും തിരുമടപ്പള്ളിയും നീരറൈയും പുറമ്പലവും കൂട മരപ്പണിയാക ചെയ്തതു ചെന്തു മേയിഞ്ഞു കിടന്നതും പഴകിപോകകൊണ്ടു തിർപ്പാപ്പൂർ തൊരുവത്തിൽ നയിനാർ കീഴ്പ്പേരൂർ ചിരിവീരഇരവിഇരവിവർമ്മരായ കുലചേകരപ്പെരുമാൾ ഇരുന്നരുളിയ ഇടത്തിൽ പണ്ടാരത്തിൽ വാതിൽമാടവും വെലിക്കൽപുരയും മേൽമുറിയും നീരറൈയും തിരുമടപ്പള്ളിയും പുറമ്പലവും പിരിച്ചു കൽക്കാരമായ് തിരുനടമാളിക പണിയായി പണി ചെയിവിക്കേണ്ടുമെൻറു തിരുവുള്ളം പററി....."

ഇങ്ങനെ 781-ൽ തുടങ്ങിയ ക്ഷേത്രപ്പണി 795-ലാണ് തീർന്നത്.

നമ്മുടെ ഭാഗ്യാതിരേകത്താൽ ഈ മഹാരാജാവിനെപ്പററി പലേ വിവരങ്ങൾ അറിവാൻ സാധിച്ചിട്ടുണ്ട്. അദ്ദേഹം രോഹിണിതിരുനാൾ ഉമയമ്മതമ്പുരാട്ടിയുടെ പുത്രനായിരുന്നുവെന്നും കീഴ്പ്പേരൂർ ഇല്ലത്തിൽ തൃപ്പാപ്പൂർ സ്വരൂപത്തിലെ മൂത്ത അംഗമായിരുന്നെന്നും അദ്ദേഹത്തിന് ആദിത്യവർമ്മാമവർമ്മ എന്നു രണ്ടു സഹോദരന്മാരും ഇരെയുമക്കുട്ടിയമ്മ, ഇളയഇരെയുമക്കുട്ടിയമ്മ എന്നു രണ്ടു പനിമാരും ഉണ്ടായിരുന്നുവെന്നും അദ്ദേഹം സംഗീതസാഹിത്യാദികലകളിൽ നിപുണനും ശ്രീപത്മനാഭഭക്തന്മാരിൽ അഗ്രഗണ്യനും ആയിരുന്നെന്നും 778-മുതൽ 782-വരെ ഉള്ള കാലഘട്ടത്തിൽ ഉണ്ടായ തിരുവട്ടാറു ശാസനങ്ങളിൽനിന്നു തെളിയുന്നു. അവിടുന്ന് പലേ ക്ഷേത്രപ്പണികൾ നടത്തിയിട്ടുണ്ട്. 778-ാമാണ്ട് അദ്ദേഹം തിരുവട്ടാറു ക്ഷേത്രത്തിലെ മുൻമണ്ഡപവും 779 ൽ നാലു രഥ

മാളികപ്പുണികർം, തിരുമടപ്പള്ളി, നീരറ, ഒറക്കല്ലുമണ്ഡപം, വിളക്കുമാടം, ബലിക്കൽപുര മുതലായവയും പണികഴിപ്പിച്ചു. 782-ൽ കേരളപുരം ശിവക്ഷേത്രത്തിലെ ശ്രീകോവിൽ പുതുക്കി പണിയിച്ചതും അവിടുന്നായിരുന്നു.

788-ൽ അവിടുന്ന് കാഞ്ചീപുരമഠം സന്ദർശിച്ചു; 795-ൽ പദ്മനാഭസ്വാമിക്ഷേത്രത്തിലെ പണി പൂർത്തിയാക്കീട്ട് രാമേശ്വരത്തേക്കു് എഴുന്നള്ളി. മാർഗ്ഗമദ്ധ്യേ കൽക്കുളം കോട്ടയിലും ഭൂതപ്പാണ്ടിയിലും എഴുന്നള്ളിയിരുന്നു. 795 തൈമാസം 26-ാംനു അവിടുന്ന് ധനുഷ്കോടിയിൽ തീർത്ഥസ്നാനം നടത്തുകയും അനന്തരം രാമനാഥം ദർശിക്കയും ചെയ്തു. അവിടെനിന്നു് 795 മാശിമാസം 7-ാംനു കൽക്കുളത്തു തിരിച്ചെഴുന്നള്ളി. അവിടെ പതിനാലുദിവസത്തോളം താമസിച്ചശേഷം തിരുവനന്തപുരത്തു എത്തുകയും പദ്മനാഭസ്വാമിക്ഷേത്രഭരണാർത്ഥം ചില നൂതന വ്യവസ്ഥകൾ ഏർപ്പെടുത്തുകയും ചെയ്തു. അതിനുശേഷം ദേശിങ്ങനാടു ഉണ്ണികേരളവർമ്മനേയും ചിറവായി മൂപ്പുവാണിരുന്ന രവിവർമ്മയേയും ക്ഷണിച്ചുവരുത്തീട്ട് കലശകർമ്മം യഥാവിധി നിർവ്വഹിച്ചു. തദവസരത്തിലായിരുന്നു കേരളവർമ്മരാജാവിനു തുപ്പാപ്പൂർ മൂപ്പുസ്ഥാനം നല്കിയത്.

ഇങ്ങനെ അദ്ദേഹം സകലാഭീഷ്ടസിദ്ധിയോടുകൂടി വാഴുന്ന കാലത്തു നാട്ടിനു് ഒരു വലിയ അത്യാഹിതം നേരിട്ടു. അതു് മുത്തുവീരപ്പനായ്ക്കരുടെ ആക്രമണമായിരുന്നു.

മധുരനായ്ക്കന്മാർ.

മാലിക്കുകാഫറുടെ ആക്രമണഫലമായി പാണ്ഡ്യശക്തി ക്രമേണ ക്ഷയിക്കയും നാലുത്തിരണ്ടു കൊല്ലത്തോളം അരാജകത്വം 515-ാമാണ്ടുവരെ ഒരു സുൽത്താൻ മധുരയിൽ വാഴ്ച നടത്തുകയും ചെയ്തു. അക്കാലത്തിൽ കുമാരകമ്പനൻ എന്ന വിജയനഗരരാജാവു് ദക്ഷിണഭാരതത്തിലെ മഹമ്മദീയശക്തിയെ നിശ്ശേഷം നശിപ്പിക്കയുണ്ടായി. ഇതിനിടയ്ക്കു് പാണ്ഡ്യൻ തെക്കോട്ടുമാറി തിരുനെൽവേലിയിലും തെക്കൻതിരുവിതാംകൂറിലും സ്ഥലം പിടിച്ചതായി മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. എന്നാൽ അച്ചി

രേണ പാണ്ഡ്യന്മാർ വിജയനഗരരാജാക്കന്മാക്ക കീഴടങ്ങേണ്ട തായി വന്നു.

വിജയനഗരരാജാക്കന്മാരുടെ സേനാനായകന്മാരായിരുന്ന മധുരനായ്ക്കന്മാർ. അവർ മധുരയിൽ തലസ്ഥാനമുറപ്പിച്ചു് രാജപ്രതിനിധികളായി വാണുകൊണ്ടിരുന്നു.

ഈ രവിവമ്മരാജാവിന്റെ കാലത്തു് മുത്തുകൃഷ്ണപ്പനായ്ക്കന്റെ പുത്രനായ മുത്തുവീരപ്പനായ്ക്കൻ പിതാവിന്റെ കീഴിൽ തിരുനെൽവേലിമുതലായ ദേശങ്ങളെ ഭരിച്ചുവന്നു. 782-ാമാണ്ടു് അദ്ദേഹം തിരുനെൽവേലിയിൽ ചേന്ന കാക്കര മുതലായ ചില ദേശങ്ങൾ കന്യാകുമാരിക്ഷേത്രത്തിലേക്കു ദാനംചെയ്തതായിക്കാണുന്നതിനാൽ തെക്കൻതിരുവിതാംകൂറിൽ ചില ഭാഗങ്ങൾ വീണ്ടുമുണ്ടെങ്കിലും നായ്ക്കന്മാരുടെ കൈവശം ഇരുന്നിരുന്നതായി വിചാരിക്കാം.

798-ാമാണ്ടിടയ്ക്കു് നായ്ക്കന്മാരിൽവച്ചു് സർവ്വപ്രതാപശാലിയായിരുന്ന തിരുമലനായ്ക്കൻ വാഴ്ചതുടങ്ങി 820-ാമാണ്ടു് തിരുമലനായ്ക്കന്റെ സേനാനായകനായ രാമപ്പയ്യൻ തിരുവിതാംകൂറിനെ ആക്രമിപ്പാനായി ആരുവാമൊഴിക്കപ്പുറത്തു സ്ഥിതിചെയ്യുന്ന പണക്കുടി എന്ന സ്ഥലത്തു വന്നു പാളയം അടിച്ചു. അക്കാലത്തു രവിവമ്മമഹാരാജാവു് കല്ലുളത്തു പുലിയൂർക്കുറിച്ചിയിൽ എഴുന്നള്ളിത്താമസിക്കയായിരുന്നു. അതിനുമുമ്പു് നടന്ന യുദ്ധത്തിൽ നായ്ക്കരുടെ സൈന്യത്തെ വഞ്ചിരാജാവു് 'ചീരനായർപ്പടെ കൂട്ടിയൊരുനൊടിതനിലേ' തുണ്ടുതുണ്ടാക്കിവിട്ടുവത്രേ. അതിന്റെ പക വീട്ടാനായിട്ടായിരുന്നു നായ്ക്കർ രാമപ്പയ്യന്റെ സൈന്യം അയച്ചിരുന്നതു്. പ്രസ്തുത യുദ്ധത്തെ 'കളിറാകുളം പോർ' എന്ന പാട്ടിൽ അതിമനോഹരമായി വർണ്ണിച്ചിട്ടുണ്ടു്.

ഇരവിക്കുട്ടിപ്പിള്ള.

ഈ മഹാശയന്റെ നാമം തിരുവിതാംകൂർ ചരിത്രത്തിൽ സുവർണ്ണലിപികളാൽ രേഖപ്പെടുത്തേണ്ടതാണു്. അദ്ദേഹം മഹാരാജാവിന്റെ മന്ത്രിമാരിൽ ഏറ്റവും പ്രായംകുറഞ്ഞ ആളായിരുന്നു. ഇടത്തറപ്പോറ്റി, വെങ്കലക്കൊടി കുളത്തൂർ രാമൻ, ഇള

ാവനിൽ പണ്ടാരത്തിൽ മാത്താണ്ഡവമ്മ തുടങ്ങിയവരായിരുന്ന മറ്റു മന്ത്രിമാർ. ഈവക്കു് ഇരവിക്കുട്ടിപ്പിള്ളയോടു അല്പവറ അസൂയയുണ്ടായിരുന്നു.

അസൂയാലുക്കളായ മന്ത്രിമാരിൽ ഏഴുപേർ തൊഗംകൂടി ആലോചനതുടങ്ങി.

ചങ്ങക്കൊടിവീരൻ കേശവൻ പറഞ്ഞു;—

"യുദ്ധം നാളെ തുടങ്ങുന്നു; നമ്മിലുള്ള വിശ്വാസത്തിനു ഭംഗംവരുത്താതെ കാര്യം നിർവഹിക്കാൻ എന്തുപായം എന്നു നാം ആലോചിക്കണം. ആരും അറിയാതെ നിങ്ങൾ എല്ലാവരും ഭംഗിയായി വേഷംധരിച്ചു് രാമപ്പയ്യനെ ചെന്നു കണ്ടു് വേണ്ട കാര്യങ്ങളെല്ലാം ചെയ്യുന്നതാം എന്നു പറയണം."

ഇരവിക്കുട്ടിപ്പിള്ളയെ ചതിക്കാൻ തരംനോക്കിയിരുന്ന മറ്റു മന്ത്രിമാർ എല്ലാം അങ്ങനെതന്നെ എന്നു സമ്മതിച്ചു. അടുത്ത ദിവസം പടയ്ക്കു പുറപ്പെടാനായി മഹാരാജാവു മന്ത്രിമാരോടു് ആജ്ഞാപിച്ചപ്പോൾ ഇരവിക്കുട്ടിപ്പിള്ള ചേരമാൻപെരുമാളെ തൊഴുതുകൊണ്ടു് "അടിയൻ മാത്രം പോയാൽ മതിയാവും മറ്റുള്ളവർ തിരുമേനിയെ രക്ഷിച്ചുകൊണ്ടു ഇവിടെ നില്ക്കട്ടെ" എന്നു ണത്തിച്ചു. അതുകേട്ടു മറ്റുള്ളവർ വളരെ സന്തോഷിച്ചുവെന്നു പറയേണ്ടതില്ലല്ലോ.

അവർ ഗൂഢമായി വിവരമൊക്കെ രാമപ്പയ്യനെ അറിവിച്ചു:—

"നില്ലാമലപ്പിന്നണിവിട്ടുവാങ്കിയേ
നില്ക്കുംപൊഴുതിലേ കുതിരപ്പുടെ
ശല്യമാകവളെയുകൊണ്ടു പിള്ളയിടെ
തലെയുംകൊണ്ടു പോനാപ്പിന്നപ്പടയില്ലൈ"

"നാളെ സൂര്യോദയത്തിനുമുമ്പു് ഞങ്ങൾ പടയ്ക്കുവരാം. എന്നാൽ ഞങ്ങൾ പിൻവാങ്ങുന്ന തക്കം നോക്കി നിങ്ങൾ പിള്ളയുടെ തലകൊയ്തുകൊണ്ടു പൊയ്ക്കൊള്ളണം" എന്നായിരുന്നു അവർ രാമപ്പയ്യനെ അറയിച്ച കത്തിന്റെ സാരം. ശുദ്ധഹൃദയനായ ഇരവിക്കുട്ടിപ്പിള്ള ഇതൊന്നുമറിഞ്ഞതുമില്ല.

മഹാരാജാവിനു് ഈ യുവാവിനോടു് അളവറ സ്നേഹം ഉണ്ടായിരുന്നു. അദ്ദേഹം അനുവാദം വാങ്ങി യുദ്ധത്തിനു പുറപ്പെട്ടപ്പോൾ മഹാരാജാവു് ഇങ്ങനെ അരുളിച്ചെയ്തു:—

"അനന്താലയേശനായ ശ്രീപദ്മനാഭൻ നിന്നെ കാത്തുകൊള്ളട്ടേ. യുദ്ധത്തിൽ ശത്രുക്കളെ എതിർത്തുനില്ക്കാൻ കഴിയാതെ വരുന്നപക്ഷം ഒരു കാട്ടനെ ഇങ്ങോട്ടയച്ചാൽ മതി. നാം അവിടെ എത്തിക്കൊള്ളാം. വളരെ ശ്രദ്ധയോടുകൂടി യുദ്ധംചെയ്യണം. സാഹസമൊന്നും പ്രവർത്തിക്കരുതു്." അതിനു് ആ വീരൻ പറഞ്ഞ മറുപടി ഇങ്ങനെ ആയിരുന്നു:—

"അതിരുമനസ്സിലെ തിരുവാശിസ്സും ഉടവാളും ലഭിച്ചാൽ അടിയനു് എല്ലാ അനുഗ്രഹങ്ങളും തികഞ്ഞു."

എണ്ണൂറിരുപതാമാണ്ടു മിഥുനമാസം പതിനെട്ടാംതീയതി യുദ്ധംതുടങ്ങി. അദ്ദേഹത്തിന്റെ യുദ്ധസാമർത്ഥ്യം രാമപ്പയ്യന്റെ ഭടന്മാരിൽ അത്ഭുതത്തെയും ഭയത്തെയും ജനിപ്പിച്ചു. അവർ പിന്തിരിയും എന്നുള്ള ഘട്ടംവരെ എത്തി. എന്നാൽ സ്വാമിദ്രോഹികളും കുലദ്രോഹികളുമായ എടത്തറപ്പോറ്റിയും ശങ്കരൻകോതൻ മൂർക്കനും, വെങ്കലക്കൊടി കുളത്തൂരാനും, ശിങ്കക്കൊടിക്കാരൻകേശവനും, തെന്നിലംപൂകം മാർത്താണ്ഡൻ രാമനും, മന്നർമേയ്ക്കും ചെറുവള്ളിപ്പിള്ളയും, വലിയവിള പനയറരാമനും മുൻനിശ്ചയമനുസരിച്ചു വീരപ്പടയോടുകൂടി പിന്മാറിക്കളഞ്ഞു. ഇതുകണ്ടിട്ടും ഇരവിക്കുട്ടിപ്പിള്ള പിൻവലിയാതെ വിജൃംഭിതവീര്യനായി യുദ്ധംചെയ്തു. അദ്ദേഹത്തിനു പിൻതുണയായി നിന്നു യുദ്ധം ചെയ്ത ആതിച്ചൻപിള്ള, അയ്യപ്പൻ പള്ളിച്ചു, ചന്തിരത്തിൽ കേളുനായർ, മൂരിയാൻ പരപ്പുക്കുട്ടി, കൊച്ചിരവിപ്പിണിക്കർ, കോതച്ചു മാർത്താണ്ഡപ്പിള്ള, കുളത്തൂർഇരയിമ്മൻ മുതലായ മഹാവീരന്മാരെല്ലാം ഓരോരുത്തരായി മൃതിയടഞ്ഞു. എന്നിട്ടും ഇരവിക്കുട്ടി പിന്മാറാതെ തന്നെ നിന്നു പോരാടി. അങ്ങനെ ഇരിക്കെ ഒരു വഞ്ചകൻ പുറകിൽനിന്നു് അദ്ദേഹത്തിനെ വെട്ടി. വെട്ടേറിട്ടും വെടികൊണ്ട പന്നിയെപ്പോലെ ആ വീരാഗ്രണി എതിരാളികളെ അരിഞ്ഞു നിലത്തു പതിപ്പിച്ചുകൊണ്ടിരുന്നു. ഒടുവിൽ നിലയില്ലാതെവരികയാൽ അദ്ദേഹം ശത്രു

ക്കളുടെ വാളിന് ഇരയായിത്തീർന്നു. രാമപ്പയ്യൻ ഈ പുരുഷകേസരിയുടെ ശിരസ്സിനെ പട്ടിൽപ്പൊതിഞ്ഞു മധുരനായ്ക്കനെ കാഴ്ചവച്ചുവത്രേ.

തിരുമലനായ്ക്കൻ മഹാമനസ്കനായിരുന്നു. ഈ മഹാനുഭാവനെ കൊന്നതു കഠിനമായിപ്പോയെന്നും അദ്ദേഹത്തിന്റെ ശിരസ്സിനെ പാളയത്തിൽ എത്തിച്ചുകൊടുക്കണമെന്നും, അദ്ദേഹം ആജ്ഞാപിച്ചു. മഹാരാജാവു് ഈ വിവരം ഗ്രഹിച്ചു ദുഃഖപരവശനായിട്ടു വടുകപ്പാളയത്തിൽ ചെന്നു് ഇരവിക്കുട്ടിപ്പിള്ളയുടെ ശിരസ്സുകൊണ്ടുവരാനായി കാളനായർ എന്നൊരു ഭടനെ അയച്ചു.

മഹാരാജാവു് എഴുന്നള്ളിയിരുന്നതനുസരിച്ചായിരുന്നു ശവസംസ്കാരകർമ്മം നിർവ്വഹിച്ചതു്. എന്നാൽ അവിടുന്നതന്നെ പാദചാരേണ ഇരവിക്കുട്ടിപ്പിള്ളയുടെ ഗൃഹത്തിൽച്ചെന്നു വൃദ്ധയായ മാതാവിനെ സാന്ത്വനം ചെയ്തതോക്കുമ്പോൾ, വഞ്ചിരാജാക്കന്മാരെ പ്രജകൾ ഇന്നും ഭക്തിപൂർവ്വം ആരാധിക്കുന്നതു് വെറുതെയല്ലെന്നു വ്യക്തമാവും.

സധൈര്യം വടുകപ്പാളയത്തിൽ കടന്നു് ഇരവിക്കുട്ടിയുടെ മൃതശരീരംകൊണ്ടുവന്ന കാളനായക്കു കാഞ്ചിക്കോടു് എന്ന ദേശം മഹാരാജാവു പതിച്ചുകൊടുത്തു. ആ വംശക്കാർ ഇപ്പോഴും ഉണ്ടു്. മഹാരാജാവു് ഇരവിക്കുട്ടിപ്പിള്ളയുടെ സ്മാരകമായി ഒരു ശിലാവിഗ്രഹവും സ്ഥാപിക്കയുണ്ടായി. ആ വിഗ്രഹം ഇപ്പോൾ തലയറ്റു് അനാഥമായിക്കിടപ്പുണ്ടത്രേ!

ഈ അവസരത്തിൽ എട്ടുവീടരെപ്പറ്റിക്കുടി രണ്ടു വാക്കു പറയേണ്ടിയിരിക്കുന്നു. അവരെ രാജദ്രോഹികളായി ചിത്രണം ചെയ്യുവാൻ ചില ചരിത്രകാരന്മാർ ശ്രമംചെയ്തിട്ടുണ്ടു്. എന്നാൽ അതിനു മതിയായ രേഖകൾ ഒന്നും കാണ്മാനില്ല. 'അഞ്ചുതമ്പുരാൻപാട്ടു്' എഴുതിയ കാലത്തു് അവർ രാജഭക്തന്മാരിൽ അഗ്രഗണ്യരായിരുന്നു എന്നു വ്യക്തമാണു്. കഴക്കൂട്ടത്തുപിള്ളയെയാണു് പരസ്യമായി കലഹിച്ചുകൊണ്ടിരുന്ന് അഞ്ചുതമ്പുരാക്കന്മാരെ യോജിപ്പിക്കാനായി മഹാരാജാവു് നിയോഗിച്ചതു്. ഈ കണിയാകുളം പോർ നടന്നകാലത്തും സ്വാമിദ്രോഹം ചെയ്തതു്

എട്ടുവീടരല്ല. നേരെമറിച്ച് അവരിൽ പലരും രാജപക്ഷത്തു നിന്നു യുദ്ധം ചെയ്തതായി തെളിയുന്നു.

രവിവമ്മ മഹാരാജാവിന്റെ കാലത്തു് മറെറാരു സംഭവം കൂടിനടന്നു. വിഴിഞ്ഞത്തു് ഒരു പണ്ടകശാല സ്ഥാപിക്കാനായി അദ്ദേഹം ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാകമ്പനിക്കു് അനുവാദം നല്കി. ഇതായിരുന്നു അവരുടെ വകയായി തിരുവിതാംകൂറിൽ ഉണ്ടായ ആദ്യത്തെ വാണിജ്യസ്ഥാപനം.

838 ആവണിമാസം 11-ാംനു അവിടുന്നു് നാടുനീങ്ങി.

അനന്തരം രാമവമ്മമഹാരാജാവു് മൂപ്പു് ഏറ്റു. അദ്ദേഹം വളരെ ദുർബ്ബലനായിരുന്നതിനാൽ അക്കാലത്തു യോഗത്തിൽ പോററിമാർ വളരെ പ്രബലന്മാരായിത്തീർന്നു. ഈ പോററിമാർ രാജശക്തിയെ നിയന്ത്രിക്കുന്നതിനു കൂടെക്കൂടെ ശ്രമിച്ചുവരികയായിരുന്നു. എന്നാൽ അവരുടെ ശ്രമം ഏറെക്കുറെ ഫലിച്ചതു് ഈ രാമവമ്മരാജാവിന്റെ കാലത്തായിരുന്നു. തൽഫലമായി 848 മുതല്ക്കു 853 വരെ പത്മനാഭസ്വാമിക്ഷേത്രം അടച്ചിടേണ്ടതായും വന്നു.

രാമവമ്മമഹാരാജാവു് കൊച്ചിയിൽനിന്നു മടങ്ങുവഴിക്കു് ഇവിടെ വന്നുചേർന്ന ആളായിരുന്ന എന്നു 'വാൻറീഡ്' എന്ന ഡച്ചുഗവണ്മെന്റുടെ ഒരു ലേഖനത്തിൽനിന്നു തെളിയുന്നു. അദ്ദേഹത്തിനു നാട്ടിലെ പ്രഭുക്കന്മാരെ രഞ്ജിപ്പിച്ചു ഭരിക്കാൻ ശക്തിയില്ലായിരുന്നെന്നും അന്തശ്ചരിത്രങ്ങൾകൊണ്ടു രാജശക്തിക്കു വലിയ കേടുപററിയിരുന്നുവെന്നും അറിഞ്ഞതിൽ മൂത്തറാണിയെപ്പററിമാത്രം ജനങ്ങൾക്കു് അളവററ സ്നേഹവും ബഹുമാനവും ഉണ്ടായിരുന്നെന്നും, ആ ബഹുമാനത്തെ ഉപയോഗപ്പെടുത്തി നാടുവാണിരുന്നതു് ഇളയറാണിയായിരുന്നെന്നും, രാജാവുപോലും ഈ തമ്പുരാട്ടിയെ ഭയപ്പെട്ടുവന്നിരുന്നെന്നും 852-ാമാണ്ടിടയ്ക്കു റീഡ് എഴുതിയ ഒരു ലേഖനത്തിൽ കാണുന്നു.

ഈ റാണിയും ചിറവായി മൂത്ത തിരുവടിയായ ശ്രീവീരരവിവമ്മയും കൂടിയാണു് പത്മനാഭസ്വാമിക്ഷേത്രം തുറപ്പിച്ചു വീണ്ടും പൂജനടത്തിത്തുടങ്ങിയതു്.

ഡച്ചുകാർ.

പോർത്തുഗീസുകാരുടെ പേരിൽ ഇന്നാട്ടുകാക്കുലേശംപോലും ബഹുമാനമില്ലായിരുന്നുവെന്നു മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അവർ മലയാളക്കരയിൽ നടത്തിയ അക്രമങ്ങളും തീവ്രമായ മതഭ്രാന്തും അവരുടെ ക്ഷയത്തിനു കാരണമായിത്തീർന്നു. 1777-ാമാണ്ടിടയ്ക്കാണ് ഡച്ചു് ഈസ്റ്റിൻഡ്യാകമ്പനി സ്ഥാപിക്കപ്പെട്ടതു്. 1800-ാമാണ്ടിനോടടുക്കുമ്പോൾ പോർത്തുഗീസുകാരുടെ കച്ചവടസ്ഥലങ്ങളിൽ മിക്കവയും ഡച്ചുകാക്കു സ്വാധീനമായി. എന്നാൽ പോർത്തുഗീസുകാർ കഴിയുന്നതു അവരെ നിരോധിക്കാതിരുന്നില്ല. ഡച്ചുകാർ സിലോൺദ്വീപിൽ തങ്ങളുടെ സ്ഥാനം ഉറപ്പിച്ചശേഷം അമിറാൽറിക്ലാഫ് വാൻഗോയൻസിന്റെ നേതൃത്വത്തിൽ കൊല്ലത്തേക്കു പുറപ്പെട്ടു. ഇതു വീരരവിവർമ്മയുടെ കാലത്തായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. 1838-ാമാണ്ടിൽ അമിറാൽ കൊല്ലംകോട്ട പിടിച്ചെടുത്തിട്ടു്, അവിടെ ഒരു സൈന്യത്തെ നിർത്തിയശേഷം കൊളമ്പിലേക്കു മടങ്ങിപ്പോയി. എന്നാൽ 3000 പോർത്തുഗീസുകാരും 1000 നായന്മാരുംകൂടി കൊല്ലംകോട്ടയെ വീണ്ടെടുക്കയാൽ സിലോണിലെ ഡച്ചുഗവണ്മെന്റായ വാണ്ടർമെയിഡൻ കൊല്ലത്തു നിർത്തിയിരുന്ന ഭടന്മാരെ കൊളമ്പിലേക്കു തിരിച്ചു വിളിച്ചുകളഞ്ഞു.

സാമൂതിരിയും കൊച്ചീരാജാവും തമ്മിൽ ഉണ്ടായിക്കൊണ്ടിരുന്ന കലഹം മൂലം പോർത്തുഗീസുകാരുടെ ശക്തിയെ വർദ്ധിപ്പിച്ചതുപോലെ ഇപ്പോൾ ഡച്ചുകാരുടെ പ്രാബല്യത്തെ വർദ്ധിപ്പിക്കുന്നതിനും കാരണമായി. 1835-ാമാണ്ടു് വാൻഗോയൻസ് എന്ന ഡച്ചുനേതാവു് 1200 ഭടന്മാരുമായി അഴീക്കോട്ടു് എത്തി. അവിടെവച്ചു സാമൂതിരിപ്പാടും ഡച്ചുകാരും കൊടുങ്ങല്ലൂർതമ്പുരാനും തമ്മിൽ ഒരു കരാറുചെയ്തു. കൊച്ചീക്കോട്ടയും കൊടുങ്ങല്ലൂർകോട്ടയും പള്ളിപ്പുറത്തു കോട്ടയും പിടിച്ചെടുക്കുന്നതിനും കൊള്ളയിൽ കിട്ടുന്ന മുതലിനെ മൂന്നുകൂട്ടരുമായി പങ്കിട്ടു് എടുക്കുന്നതിനും ആ കരാറിൽ വ്യവസ്ഥചെയ്തു.

വാൻഡർമെയിഡൻ പള്ളിപ്പുറത്തു സൈന്യം ഇറങ്ങിയപ്പോൾ ആ കോട്ട രക്ഷിക്കുന്നതിനു് 200 നായന്മാരും നൂറിൽ

പരം പറങ്കികളും മാത്രമേ ഉണ്ടായിരുന്നുള്ളു. അവർ സധൈര്യം പോരാടിയെങ്കിലും എളുപ്പത്തിൽ ഡച്ചുകാരുടെ പീരങ്കികൾക്കു ഇരയായി. അവരുടെ സഹായത്തിനായി അഞ്ഞൂറോളം പോത്തുഗീസുകാരും 5000-ൽപരം നായന്മാരും വന്നുചേർന്നപ്പോഴേക്കും പള്ളിപ്പുറം കോട്ട ഡച്ചുകാക്കു സ്വാധീനമായിക്കഴിഞ്ഞു. അതിനാൽ ആ കോട്ട വീണ്ടെടുക്കാൻ ശ്രമിക്കാതെ അവർ കൊച്ചിക്കോട്ടയെ ബലപ്പെടുത്താൻവേണ്ടി അങ്ങോട്ടുതിരിച്ചു.

836-ൽ പാലിയത്തു കോമിമേനോൻ എന്ന പ്രമുഖ കുടുംബത്തിൽ ചെന്നു ഡച്ചുസേനാനായകനെക്കണ്ടു് പോർത്തുഗീസുകാരുടെ അക്രമങ്ങളിൽനിന്നു തന്നെ സഹായിക്കണമെന്നു് അഭ്യർത്ഥിച്ചു. അവർതമ്മിൽ ചെയ്ത കരാറു ഡച്ചുകാരുടെ പ്രാബല്യത്തെ അല്പംകൂടി വർദ്ധിപ്പിക്കുന്നതിനു കാരണമായിത്തീർന്നു. അതിനുംപുറമെ കൊച്ചിയിൽ ഒരു താവഴിവഴക്കു് ഉണ്ടാവുകയും മൂന്നുതാവഴിക്കാരിൽ മൂത്തയാളിനെ പോർത്തുഗീസുകാർ കൊച്ചിയിലെ പഴയിയിൽവച്ചു കിരീടധാരണം നടത്തുകയും ചെയ്തതിനാൽ മൂത്ത താവഴിത്തമ്പുരാൻ സാമൂതിരിയുമായി യോജിച്ചു ഡച്ചുകാരെ ക്ഷണിക്കാൻ തുടങ്ങി. അന്നു കൊച്ചിയിലെ വലിയമ്മതമ്പുരാന്റെ പ്രധാന സചിവപദം തിരുവിതാംകൂർ രാജാവിന്റെ ഒരു സഹോദരനായിരുന്ന രാമൻ കോയിൽ ആയിരുന്നുവെന്നു ചില രേഖകളിൽ കാണുന്നു. ഈരാമൻ കോയിലും മൂത്തതാവഴിക്കാക്കു് അനുകൂലമായി നിന്നുവത്രേ.

ഇങ്ങനെ ഡച്ചുകാക്കു തങ്ങളുടെ ഉദ്ദേശലാഭത്തിനുള്ള സൌകര്യങ്ങൾലഭിച്ചു. വാൻഗോയൻസ് 837-ൽ കൊല്ലത്തു് എത്തി അവിടത്തെ കോട്ടയെ നിഷ്പ്രയാസം പിടിച്ചെടുത്തിട്ടു് പത്തിനൊന്നു കുരുമുളകുകൂടി കൊടുങ്ങല്ലൂർക്കു പുറപ്പെട്ട 838-ൽ ഡച്ചുകാർ തിരുവിതാംകൂറിലെ രാജാക്കന്മാരുമായും സഖ്യംചെയ്തു. ആ കരാറിൽ കരുനാഗപ്പള്ളി, വേണാടു, കൊല്ലം കൊട്ടാരക്കര എന്നീ രാജ്യങ്ങളിലെ രാജാക്കന്മാർ ഒപ്പു വച്ചിട്ടുണ്ടു്. പ്രധാന വ്യവസ്ഥകൾ താഴെപ്പറയുന്നവയായിരുന്നു.

1. ഡച്ചു് ഈസ്റ്റിൻഡ്യാകമ്പനിയല്ലാതെ മറാരും ഈ രാജ്യങ്ങളിൽ കുരുമുളകു് ഇറക്കുമതി ചെയ്യുകൂടാ.

2. ഈ നാടുകളിൽനിന്നു കുരുമുളകു് ഏലം ഇവയെ കയറുമതി ചെയ്യാൻ മറാക്കർ അനുവാദം കൊടുത്തുകൂടാ.

3. കയറുമതി ചെയ്യുന്ന സാമാനങ്ങളുടെ വില ക്ലിപ്പ പ്പെടുത്തണം.

അന്നു കൊല്ലംവാണിരുന്നതു ഉമാദേവികുലശേഖരതമ്പുരാട്ടിയായിരുന്നു. ആ രാജ്ഞിയും ഡച്ചുകാരും തമ്മിലുണ്ടായ സന്ദർശനത്തെ വാൻന്യൂഹാഫ് ഇങ്ങനെ വർണ്ണിച്ചിരിക്കുന്നു:—

"മാർച്ചു് മാസം രണ്ടാംതീയതി സൂര്യോദയത്തിൽ തിരുവിതാംകൂർ രാജാവിന്റെ പ്രതിപുരുഷനോടും സേനാപതിയായ മാത്താണ്ഡപ്പിള്ളയോടുംകൂടി ഞാൻ കൊല്ലം രാജ്ഞിയെ, കല്ലുടെ സ്ഥിതിചെയ്തിരുന്ന കൊട്ടാരത്തിൽവച്ചു സന്ദർശിക്കാനായി പുറപ്പെട്ടു. ഉച്ചയായിഞ്ഞു രണ്ടുമണിയോടുകൂടി ഞങ്ങൾ അവിടെ എത്തി. ഞങ്ങൾ എത്തിയ വിവരം അറിഞ്ഞ ഉടനെ രാജ്ഞി തിരുമുമ്പിൽ ഹാജരാവുന്നതിനു് അനുവാദം നല്കി. കാഴ്ചദ്രവ്യങ്ങളും കുരുമുളകിനുള്ള പണവും തിരുമുമ്പിൽ വച്ചതിന്റെ ശേഷം, ഞാൻ രാജ്ഞിയുമായി പരിചയപ്പെട്ടു. റാണിക്കു മലയാളരീതിൽ വസ്ത്രധാരണം ചെയ്ത 700 ഭടന്മാർ അംഗരക്ഷകന്മാരായിട്ടുണ്ടായിരുന്നു. രാജ്ഞി അരയിൽ ഒരു മുണ്ടു് ഉടുത്തിരുന്നതിനുപുറമേ മറെറാരുവസ്ത്രം തോളിൽ അയച്ചിട്ടിരുന്നു. കാതുകുത്തി നീട്ടിയിട്ടിരുന്നു; കഴുത്തിലും കൈകളിലും വിലയേറിയ രത്നങ്ങളും കങ്കണങ്ങളും ധരിച്ചിരുന്നു; ഒരു വെള്ളവസ്ത്രംകൊണ്ടു് ശിരസ്സു മറച്ചിരുന്നു. പ്രായം മദ്ധ്യവയസ്സു കീഴിഞ്ഞിരുന്നു.....രാജ്യകാര്യങ്ങളുടെ നിർവഹണത്തിൽ അത്യധികം ശ്രദ്ധ പ്രകാശിപ്പിച്ചുവന്നു."

കൊല്ലത്തുനിന്നു വാൻഗോയസ്സു് കൊട്ടങ്ങല്ലൂക്കു പുറപ്പെട്ടു. അദ്ദേഹത്തിന്റെ സഹായത്തിനായി ആറേഴു കപ്പലുകൾ കൂടി വന്നുചേർന്നു. കൊച്ചീരാജാവിന്റെ സഹോദരനായ ഗോതവർമ്മ രാജാവു് 400-ൽ പരം നായന്മാരോടുകൂടിയും സേനാപതിയായ പാലിയത്തച്ഛൻ ഏതാനും കപ്പലുകളോടുകൂടിയും കോട്ടയുടെ രക്ഷയ്ക്കായി നേരത്തെ എത്തിയിരുന്നു. പത്തുപതിനഞ്ചു ദിവസത്തെ ഘോരയുദ്ധത്തിനുശേഷം ഡച്ചുകാർ വെള്ളക്കൊ

ടികാണിച്ചു സമാധാനത്തിനപേക്ഷിച്ചു. എന്നാൽ പറങ്കികൾ വഴിപ്പെടായ്കയാൽ യുദ്ധം തുടരേണ്ടിവന്നു. പക്ഷേ പാലിയത്തച്ചന്റെ ചതിപ്രയോഗത്താൽ അനേകം ഡച്ചുകാർ വിജയികളായതു് കൊടുങ്ങല്ലൂർകോട്ട അവക്കു് അധീനപ്പെട്ടു.

അനന്തരം കൊച്ചീക്കോട്ട കൂടി പിടിച്ചെടുക്കുന്നതിനു് അവർ ശ്രമം തുടങ്ങി. ആ യുദ്ധത്തിൽ നായന്മാർ പ്രദർശിപ്പിച്ച യുദ്ധസാമർത്ഥ്യത്തെപ്പററി ന്യൂഹാഫ് ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു.

"ഡച്ചുകാർ വന്നിട്ടുള്ളതു നായന്മാരുമായി യുദ്ധംചെയ്യുന്നതിനല്ലെന്നും കൊച്ചീരാജ്യത്തിന്റെ ന്യായമായ അവകാശിയുടെ ബന്ധുവെന്ന നിലയിൽ അവരുടെ ശത്രുക്കളായ പോർത്തുഗീസുകാരോടു പോരാടുവാൻ മാത്രമേ ഞങ്ങൾ ഉദ്ദേശിക്കുന്നുള്ളുവെന്നും അവക്കു് അറിവുകൊടുത്തു. പക്ഷേ അതൊന്നും വകവയ്ക്കാതെ അവർ എതിരേയും ശൌര്യത്തോടുകൂടി പോരാടി. അവർ പിന്നെയും പിന്നെയും കേവലം ഉന്മത്തന്മാരെപ്പോലെ രണ്ടു കൈയിലും കൂട്ടിപ്പിടിച്ചിരുന്ന നീളമുള്ള വാളുകൾകൊണ്ടു് ഇടംവലം തിരിഞ്ഞുവെട്ടി ഒട്ടുവളരെ ഡച്ചുഭടന്മാരെ വീഴ്ത്തി. മരണം അനിവാര്യമാണെന്നു് അറിഞ്ഞിട്ടുപോലും പിന്മാറാതെ കാട്ടുപന്നികളേപ്പോലെ പാഞ്ഞുവന്ന ഞങ്ങളുടെ കുന്തങ്ങൾക്കും ഖഡ്ഗങ്ങൾക്കും ഇരയായി".

ഡച്ചുകാക്കു് ആദ്യം പലേ പരാജയങ്ങൾ നേരിട്ടുവെങ്കിലും ഒടുവിൽ വിജയം സിദ്ധിച്ചു. മൂത്തതാവഴിത്തമ്പുരാനെ അവർ സിംഹാസനസ്ഥനാക്കി. അനന്തരം കൊച്ചിയും അയി ഒരു കരാറുനടത്തീട്ടു് അവർ പുറക്കാട്ടേയ്ക്കു പുറപ്പെട്ടു. ചെമ്പകശ്ശേരിരാജാവുമായിട്ടും ഒരു ഉടമ്പടി നടന്നു. ഇങ്ങനെ മലയാളക്കരയിൽ ഡച്ചുകാർ വളരെ പ്രബലന്മാരായി തീർന്നതിനാൽ പോർത്തുഗീസുകാർ പിൻവാങ്ങേണ്ടിവന്നു.

തിരുമലക്കൊഴുന്തുപിള്ള.

839-ൽ ചൊക്കനാഥനായ്കന്റെ ഒരു സേനാധിപനായ തിരുമലക്കൊഴുന്തുപിള്ള കന്യാകുമാരിയിൽ ചക്രതീർത്ഥക്കുളത്തിന്റെ കരയിൽ ഒരു കല്ലുമാടം സ്ഥാപിച്ചതിനു പുറമേ

തിരുനെൽവേലിയിലും നാഞ്ചിനാട്ടുമുള്ള ഏതാനും നിലങ്ങളെ ധർമ്മസ്ഥാപനങ്ങൾക്കായി ക്ഷേത്രത്തിലേക്കു വിട്ടുകൊടുക്കയും ചെയ്തു. ഈ ദാനപത്രങ്ങളിൽനിന്നു നാഞ്ചിനാട്ടുള്ള തുപ്പതീശ്വരം മുതലായ ദേശങ്ങൾ മധുരനായ്ക്കന്മാരുടെ കീഴിൽ ആയിരുന്നുവെന്നു തെളിയുന്നു.

847-ൽ രാമവർമ്മ നാടുനീങ്ങുകയാൽ ആദിത്യവർമ്മ സിംഹാസനാരോഹണംചെയ്തു.

ആദിത്യവർമ്മ, 847—852.

അദ്ദേഹം പരമശാന്തനും ഈശ്വരധ്യാനമാത്രനിരതനും ആയിരുന്നതുകൊണ്ട് മാടമ്പിമാരുടേയും യോഗക്കാരുടേയും ശക്തി കൂടെക്കൂടി വർദ്ധിച്ചു. നായ്ക്കന്മാരുടെ ഉപദ്രവങ്ങൾ അടിക്കടി വർദ്ധിക്കയാൽ നാഞ്ചിനാട്ടുകാരും വളരെ ക്ഷുഭ്ധരായി. ഒരുദിവസം രാത്രിയിൽ തിരുവനന്തപുരത്തെ രാജമന്ദിരം ആരോ ചുട്ടു ദഹിപ്പിച്ചുവെന്നും, തീകെടുത്താനായി ഗ്രാമക്കാരാകട്ടേ ദേവസ്വക്കാരാകട്ടേ തയാറായില്ലെന്നും, തമ്പുരാനും രാജകുടുംബവും പുത്തൻകോട്ടക്കൊട്ടാരത്തിലേക്കു താമസംമാറിയെന്നും മറെറാരുദിവസം പദ്മനാഭസ്വാമിക്ഷേത്രത്തിൽനിന്നു പോററിമാർ കൊടുത്തയച്ച പലഹാരം അമിതേത്തുകഴിക്കവേ, അതിലെ വിഷശക്തിയാൽ പെട്ടെന്നു ദിവംഗതനായെന്നും മറും ചില ചരിത്രങ്ങളിൽ പ്രസ്താവിച്ചുകാണുന്നു. ഈ പ്രസ്താവങ്ങൾക്കു് അടിസ്ഥാനമെന്തെന്നു മനസ്സിലാകുന്നില്ല. എന്നാൽ അവിടുന്നു നാടുനീങ്ങിയതു തിരുവനന്തപുരത്തുവച്ചു് അല്ലെന്നു ഖണ്ഡിതമായി നമുക്കു് അറിവാൻ മാർഗ്ഗമുണ്ടു്.

"നാളതുമുതൽ നയിനാരു് ആതിത്തിയവർമ്മാ എഴുന്നരുളിയിരുന്നരുളിയിടത്തിൽ മൂപ്പുവാണു 852-ാമതു മാചിമാതം കൽക്കുളത്തു തെർപ്പുക്കളങ്ങര കോവിക്കൽ എഴുന്നരുളിയിരുന്നു മുടിഞ്ഞരുളിയതു്."

ഈ മഹാരാജാവു് കല്ലുകുളത്തുവച്ചു്, നാടുനീങ്ങിയതായി രേഖയുള്ളു് സ്ഥിതിക്കു് ഈ പലഹാരക്കഥ വിശ്വസിക്കാൻ തീരെ തരമില്ലാതെയാണിരിക്കുന്നതു്.

ഉമയമ്മറാണി, 852—859.

ആദിത്യവർമ്മ നാടുനീങ്ങിയപ്പോൾ രാജകുടുംബത്തിൽ ആറുങ്ങൽ മൂത്തതമ്പുരാട്ടിയും ആറു സന്താനങ്ങളും മാത്രമേ ഉണ്ടായിരുന്നുള്ളുവത്രെ. അവർ പുത്തൻകോട്ട കൊട്ടാരത്തിൽ താമസിച്ചുവരവേ, ചന്ദ്രികയുള്ള ഒരു രാത്രി ഏതാനും ബാലന്മാർ ചെന്നു രാജകുമാരന്മാരെ കൊട്ടാരത്തിന്റെ പടിഞ്ഞാറുവശത്തുണ്ടായിരുന്ന കളിപ്പാൻകുളത്തിലേക്കു രാജ്ഞിയുടെ അറിവുകൂടാതെ കൂട്ടിക്കൊണ്ടുപോയി എന്നും അവർ കുളത്തിൽ കുളിച്ചുകൊണ്ടിരിക്കവേ എട്ടുവീടരാൽ മുക്കിക്കൊല്ലപ്പെട്ടുവെന്നും ഒരു കഥ ഇപ്പോൾ പ്രചാരത്തിലിരിക്കുന്നു. എട്ടുവീടർ ഇക്കാലത്തു രാജപക്ഷത്തിൽനിന്നു ഭിന്നിച്ചു നിന്നിരുന്നുവെന്നു വിശ്വസിക്കുന്നതിൽ വലിയ അക്ഷേപമില്ല. അഞ്ചുതെങ്ങ് ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാക്കമ്പനിക്കു വിട്ടുകൊടുത്തതിനെ സംബന്ധിച്ചാണ് അവർ പിണങ്ങാൻ ഇടയായതു്. യോഗക്കാരും എട്ടുവീടരും സഹകരിക്കുന്നില്ലാതെവരികയും യോഗത്തിൽപോറാടിമാർ ചെയ്യുവന്ന കഠിനകൈകളെ എട്ടുവീടരുടെ തലയിൽ ചുമത്തുകയും ചെയ്തതുനിമിത്തം രാജക്കന്മാർ അവരെ സംശയദൃഷ്ട്യാ വീക്ഷിച്ചുവന്നതും പിണക്കത്തിനു മറെറാരു കാരണമായിരുന്നു. അതിനുംപുറമെ അവർ കുടിയാന്മാരിൽനിന്നു അക്രമമായി പടപ്പുണം എന്ന പേരിൽ നികുതിപിരിച്ചതുവഴിക്കു നാട്ടാരും അവക്കു വിരോധമായി. ഇങ്ങനെ അവർ ജനങ്ങളുടേയും രാജാവിന്റേയും അപ്രീതിക്കു പാത്രീഭവിച്ചു എന്നുള്ളതു വാസ്തവമാണു്. എന്നാൽ അതുകൊണ്ടു് മാത്രം ഈ കഠിനകർമ്മം അവരിൽ ആരോപിക്കാവുന്നതല്ല.

വാൻറീഡിന്റെ വിവരണത്തിൽനിന്നു് ഉമയമ്മറാണി നല്ല തന്റേടവും ബുദ്ധിശക്തിയും ഉള്ള ഒരു രാജ്ഞിയായിരുന്നു എന്നു തെളിയുന്നു. ആ രാജ്ഞി ശത്രുക്കളാൽ ആവൃതമായ ഒരു സ്ഥലത്തു്—അതും രാത്രിയിൽ തന്റെ ശിശുക്കളെ തനിച്ചു വിട്ടിട്ടുപോയെന്നു വിശ്വസിക്കുന്നതുതന്നെ കുറേ വിഷമമാണു്. അതിനുപുറമേ കൊട്ടാരത്തിനുള്ളിൽ രാത്രികാലത്തു് എട്ടുവീടരെ കടക്കുട്ടികെട്ടിൽപ്പെട്ട ബാലന്മാർ കടന്നുചെന്നുവെന്നു വിചാരി

ക്കാനും പ്രയാസം. രാജമന്ദിരം അത്ര അനാഥാവസ്ഥയിലായിരുന്നോ അന്നിരുന്നത്. എന്നാൽ എന്തോ അപകടം രാജകുമാരന്മാക്ക് പറ്റിക്കാണണം. അതിനു കാരണഭൂതന്മാർ രാജ്ഞിയോട്ട് അടുത്തു പെരുമാറിവന്നയോഗക്കാരുതന്നെ ആയിരിക്കണം. കണിയാകുളംപോരിൽ അവർ പ്രായാഗിച്ച ചതി ഓക്കുമ്പോൾ, അവർ അതിനൊന്നിനും മടിക്കുന്നവരായിരുന്നില്ലെന്നു വ്യക്തവുമാണ്. പുരാതന രേഖകൾ പരിശോധിക്കാൻ നല്ല സൌകര്യം ലഭിച്ച മിസ് ബ്ളാൻഫോഡ് പറഞ്ഞിട്ടുള്ളതും അങ്ങനെയാകുന്നു.

എന്തായിരുന്നാലും ഈ റാണിയുടെ ഭരണദശ അതിക്ലേശപ്രദമായിരുന്നു. പുത്രനഷ്ടത്താൽ ദുഃഖിതയായ അസ്വീരത്തന്റെ തേപ്പാരിയോടും കാര്യക്കാരോടും സന്ധ്യതിയോടും കൂടി നെടുമങ്ങാട്ടുകൊട്ടാരത്തിലേക്കു മാറിത്താമസി ക്കേണ്ടതായിവന്നു. എന്നാൽ ശത്രുക്കളെ ഭയപ്പെട്ട് രാജ്യകാര്യങ്ങളിലൊന്നിലും തന്നു രാട്ടി എടപെടാതെയായി. ഇങ്ങനെ രാജ്യത്തിൽ അസ്വാസ്ഥ്യം വളർന്നു; മാടമ്പികൾ ജനങ്ങളെ കൊള്ളചെയ്യാനും തുടങ്ങി.

'അരാജകമായ ജനപദത്തിങ്കൽ
അരിപ്പോരാടിയാൽ ഭയമുണ്ടായ്വരും'

എന്നു പറഞ്ഞതുപോലെ 855-ൽ മുകിലസാമ്രാട്ടിന്റെ കരസർദാർ തെക്കൻതിരുവിതാംകൂറിനെ ആക്രമിച്ചു. മാടമ്പിമാക്ക് അയാളെ തടുത്തുനിത്താൻ ശക്തിയുണ്ടായില്ല. യോഗക്കാർ ക്ഷേത്രം അടച്ചുപൂട്ടിയിട്ടിട്ട് ജീവനുംകൊണ്ടു കടന്നുകളഞ്ഞു. എട്ടുവീടരും മാടമ്പിമാരും യോഗക്കാരും അനുഭവത്തിച്ചു. മുകിലൻ വീടുകൾ കൊള്ളിവയ്ക്കുക, ക്ഷേത്രങ്ങൾ കൊള്ളചെയ്യുക, ജനങ്ങളെ നിർബന്ധിച്ചു മാക്കത്തിൽചേക്കുക മുതലായ കഠിനകൈകൾ എല്ലാം നടത്തി. ചുരുക്കിപ്പറഞ്ഞാൽ അയ്യാൾ തോന്നിയവാളമുതൽപ്പേ എടവാഴരെ അനിയന്ത്രിതമായ അധികാരം സ്ഥാപിച്ചു. എന്നാൽ അയ്യാൾ മണക്കാട്ട് പാളയമടിച്ചപ്പോൾ രാജകുടുംബത്തോടുള്ള ഭക്തിയാൽ പ്രേരിതരായ ഏതാനും പട്ടാണികൾ അയ്യാളെ സന്ദർശിച്ച് പത്മനാഭസ്വാമിക്ഷേത്രം കൊള്ളചെയ്യരുതെന്നും ഹിന്ദുക്കളെ നിർബന്ധിച്ചു മതപരിവർത്തനം ചെയ്യരുതെന്നും മറ്റും അപേക്ഷിക്കയാൽ അവരെ ഇട-

യിൽ ചിലമഹമ്മദീയാചാരങ്ങളെ നടപ്പാക്കാൻമാത്രമേ അയ്യാൾ ശ്രമിക്കയുണ്ടായുള്ളൂ.

1. വെളിയിൽ സഞ്ചരിക്കുമ്പോൾ പുരുഷന്മാർ തങ്ങളുടെ ശിരസ്സും സ്ത്രീകൾ തങ്ങളുടെ ശരീരവും മറയ്ക്കണം.

2. പുരുഷന്മാർ സുന്നത്ത് എന്ന ക്രിയ നടത്തണം.

3. വിവാഹ കർമ്മത്തിനു ബന്ധുക്കളും മിത്രങ്ങളും ഒരുമിച്ചിരുന്നു ഒരേ പാത്രത്തിൽനിന്നു ആഹാരം കഴിക്കണം.

4. സ്ത്രീകൾ മാറുമറയ്ക്കാതെ നടക്കരുത്.

5. സ്ത്രീകൾക്കു പാച്ചുകുത്തണം.

6. സ്ത്രീകൾ തറവാട്ടുകരുത്.

ഇവയാണു് അയ്യാൾ നടപ്പിൽ വരുത്തിയ ചട്ടങ്ങൾ.

മുകിലന്റെ അതിക്രമങ്ങൾ കണ്ടു് ഭയപ്പെട്ട രാജ്ഞി കോട്ടയം കേരളവർമ്മരാജാവിന്റെ സഹായം അഭ്യർത്ഥിച്ചു. അദ്ദേഹം ധീരനും രണകുശലനും ആയിരുന്നു. ഒരു വലിയ സൈന്യത്തെ ശേഖരിച്ചുകൊണ്ടു് അദ്ദേഹം മുകിലനെ [illegible]. സൈന്യബലം പോരാതെ വന്നതുനിമിത്തം അയ്യാൾ തോവാള [illegible] വിജയിച്ചു. എന്നാൽ കേരളവർമ്മരാജാവു് അയ്യാളെ പിന്തുടർന്നു് തിരുവട്ടാറുവച്ചുണ്ടായ യുദ്ധത്തിൽ നിഗ്രഹിക്കയും [illegible] നേടിയ അപത്തു നിശ്ശേഷം നീങ്ങി.

[illegible] നിങ്ങളെല്ലാം നാട്ടിൽവന്നുകൂടിയതു് അന്തശ്ചരിത്രം നിമിത്തമാണെന്നു ഗ്രഹിച്ചു കേരളവർമ്മരാജാവു് മുകിലനിൽനിന്നു പിടിച്ചെടുത്ത കുതിരകളേയും ആയുധങ്ങളേയും ഉപയോഗിച്ചു് ഒരു ഒന്നാംതരം സൈന്യത്തെ സജ്ജീകരിച്ചിട്ടു് മാടത്തിലെയും പിട്ടവീടരേയും നിലയ്ക്കുനിറുത്തി. അനന്തരം അദ്ദേഹം നെടുമങ്ങാട്ടുചെന്നു് രാജ്ഞിയുടെ ഉപദേഷ്ടാവു് എന്ന നിലയിൽ സ്വതന്ത്രാധികാരം നടത്തിത്തുടങ്ങി.

തിരുവനന്തപുരത്തെ തേവാരത്തുകോയിക്കലും വലിയകോയിക്കലും അദ്ദേഹം പണികഴിപ്പിച്ചതാണു്. സമാധാനം സ്ഥാപിതമായപ്പോൾ രാജ്ഞി തേവാരത്തുകോയിക്കലും കേരളവർമ്മ വലിയകോയിക്കലും താമസം തുടങ്ങി.

കൃതജ്ഞതയായ രാജ്ഞി അദ്ദേഹത്തിനെ രാജ്യാവകാശിയാ
യി വാഴിച്ചു എന്നു ചില ചരിത്രങ്ങളിൽ കാണുന്നു. എന്നാൽ
അതു വിചാരസഹമേ അല്ല. നേരേമറിച്ചു കേരളവർമ്മ ക്രമേണ
വഞ്ചിരാജ്യവും എന്ന സ്ഥാനം സ്വയം സ്വീകരിച്ചു അധികാരം
നടത്തിത്തുടങ്ങുകയാൽ റാണിക്കു അദ്ദേഹത്തിനോടു നീരസം
വർദ്ധിച്ചുവരുകയാണു ചെയ്തതു്. അതു സ്വാഭാവികയുമാകുന്നു.

ദേശാഭിമാനികളായ എട്ടുവീടക്കും വിദേശീയനായ കേരള
വർമ്മരാജാവിനോടു വെറുപ്പുതോന്നി. അചിരേണ അദ്ദേഹം
നിഗ്രഹിക്കപ്പെട്ടു. എന്നാൽ കോന്നതു ആരെന്നു നിശ്ചയിക്കാൻ
തരമില്ല.

അദ്ദേഹം ഒരു മഹാകവികൂടി ആയിരുന്നു. കേരളവർമ്മ
രാമായണം തുടങ്ങിയ രണ്ടുമൂന്നു കൃതികൾ ഇപ്പോൾ അച്ചടിക്ക
പ്പെട്ടിട്ടുണ്ടു്.

ഡച്ചുകാരും ഇംഗ്ലീഷുകാരും.

ഡച്ചുകാർ ഇതിനിടയ്ക്കു് കൊച്ചീത്തമ്പുരാന്റെ മേൽക്കോ
യ്മസ്ഥാനം നടിച്ചുതുടങ്ങി. തന്നിമിത്തം ഡച്ചുമതിരിയുമായി
ചില യുദ്ധങ്ങളിൽ ഏർപ്പെടേണ്ടിവന്നു. അവർക്കുണ്ടായ ധനനാ
ശത്താൽ കച്ചവടം വഴിക്കുള്ള ലാഭം കുറഞ്ഞു. അതിനാൽ
മലയാളക്കരയിലുള്ള കോട്ടകൾ എല്ലാം നശിപ്പിച്ചുകളയണമെ
ന്നുപോലും അവർ അഗ്രഹിച്ചുതുടങ്ങി.

858-ാമാണ്ടിടയ്ക്കു് ആറിങ്ങൽറാണി ഇംഗ്ലീഷുകാർക്കു് ആറ
ങ്ങൽ എന്ന സ്ഥലം ദാനംചെയ്തു. അവിടം അവർ കോട്ടകെട്ടി
ഉറപ്പിച്ചുവെങ്കിലും, യോഗക്കാരുടേയും എട്ടുവീടരുടേയും പ്രതി
ബന്ധംനിമിത്തം അവർക്കു വലിയ വ്യാപാരസൌകര്യങ്ങൾ ഒന്നും
ലഭിച്ചില്ല. അതുകൊണ്ടു് എട്ടുവീടരെയും രാജസ്ഥാനത്തെയും
തമ്മിൽ കലഹിപ്പിക്കുന്നതിനു് ഈ കമ്പനിക്കാരും ശ്രമിച്ചു
തുടങ്ങി. കോവളത്തും അവരുടെ ഒരു പണ്ടകശാലയുണ്ടായി.

രവിവർമ്മ. 859—893.

ഈ തമ്പുരാൻ ഉമയമ്മറാണിയുടെ പുത്രനായിരുന്നു. രാജ്യ
ഭാരം ഏറ്റപ്പോൾ അവിടത്തേയ്ക്കു പതിനാറു വയസ്സു പ്രായമേ

ഉണ്ടായിരുന്നുള്ളൂ. ഭരണാരംഭത്തിൽ തന്നെ ഉണ്ണിക്കേരളവർമ്മ, രാമവർമ്മ എന്ന രണ്ടു രാജകുമാരന്മാരേയും രണ്ടു തമ്പുരാട്ടിമാരേയും കോലത്തുനാട്ടിൽനിന്നു ദത്തെടുത്തു.

ഈ മഹാരാജാവിന്റെ കാലത്തു മധുരനായ്ക്കന്മാരുടെ ആക്രമണം കൂടക്കൂടെ ഉണ്ടായിക്കൊണ്ടിരുന്നു. തിരുമലനായ്ക്കന്റെ കാലശേഷം മധുരനായ്ക്കന്മാർ വേണാട്ടിൽനിന്നും കപ്പം പിടിച്ചു. കപ്പത്തിനു മുടക്കംവരുത്തുമ്പോഴെല്ലാം അവർ കൊള്ള ചെയ്യുപണം വസൂലാക്കിക്കൊണ്ടിരുന്നു. എട്ടുവീടരും കൂട്ടരും പിണങ്ങി നിന്നതിനാൽ, അവരെ തടഞ്ഞുനിർത്തുന്നതിനു മഹാരാജാവിനു സാധിക്കാതെയുമായി. അതിനാൽ നായ്ക്കന്മാരുടെ സഹായത്തോടുകൂടി അതുമായി എട്ടുവീടരെ ഒതുക്കിനിർത്താൻ അദ്ദേഹം നിശ്ചയിച്ചു. മന്ത്രിമാരിൽ പലരും അവിശ്വാസ്യന്മാരായിരുന്നതും രാജശക്തിക്കു ബാധകമായിതീർന്നു.

864-ാമാണ്ടുമുതൽക്കു മധുരയിൽ വാണിരുന്നതു് മങ്കമ്മാൾ എന്നൊരു റാണിയായിരുന്നു. അവർ അയച്ചുകൊടുത്ത വടുകപ്പടയുടെ സഹായത്താൽ, മഹാരാജാവിനു തൽക്കാലത്തേക്കെങ്കിലും മാടമ്പിമാരെ അടക്കിനിർത്താൻ സാധിച്ചു. എന്നാൽ അപത്തു് നീങ്ങിയ ഉടനെ തിരുവിതാംകൂർരാജാവു വടുകസേനയെ അകറ്റുവാൻ നോക്കി. അദ്ദേഹം അവരെ കല്ലുകളും കോട്ടയ്ക്കുള്ളിൽ അകപ്പെടുത്തീട്ടു് നിഃശ്ശേഷം നിഗ്രഹിച്ചുവരുത്തു. അതിനു പ്രതിക്രിയയായി മങ്കമ്മാൾ 872-ാമാണ്ടിടയ്ക്കു് ഒരു വലിയ സൈന്യത്തെ തെക്കൻതിരുവിതാംകൂറിലേക്കു് അയച്ചു. അവർ വരുത്തിക്കൂട്ടിയ നാശങ്ങൾ അതിഭയങ്കരങ്ങളായിരുന്നു. തന്മൂലം മഹാരാജാവു് സന്ധിക്കു് അപേക്ഷിക്കേണ്ടതായി വന്നുകൂടി. കപ്പുകുടിശിക എല്ലാം കണക്കുതീർത്തു കൊടുക്കേണ്ടതായും വന്നു. അതിലേക്കുവേണ്ടി ജനങ്ങളുടെ മേൽ പലമാതിരി പുതിയ കരങ്ങൾ ചുമത്തുകയാൽ അവർ വല്ലാതെ ക്ഷോഭിച്ചു. കൃഷി സർവ്വനാശമായി.

തിരുമലനായ്ക്കന്റെ കാലശേഷം നാഞ്ചിനാട്ടിലേക്കു സ്വാസ്ഥത ഉണ്ടായിട്ടില്ല. മംഗലം എന്ന പ്രദേശംമുതൽ മണക്കുടി വരെയുള്ള ദിക്കുകളിൽ നാട്ടാർ ഇട്ടിപ്പുടി മഹാരാജാവിന്റെ

കരപ്പിരിവുസംബന്ധമായ ഉദ്യമങ്ങളെ നിഷേധിക്കാനും, ശത്രുക്കളിൽനിന്നും ഉദ്യോഗസ്ഥന്മാരിൽനിന്നും തങ്ങളെ രക്ഷിക്കാൻ മഹാരാജാവു് സന്നദ്ധനാവാത്തപക്ഷം നാട്ടിനു വെളിയിൽ എവിടെ എങ്കിലും പോയി കൂടിപാർക്കുന്നതിനും നിശ്ചയം ചെയ്തു. ഇങ്ങനെയുള്ള നാട്ടുകൂട്ടങ്ങൾ വടശേരി, ഈശാന്തിമംഗലം, കടുക്കര എന്നീടിക്കുകളിൽ നടന്നു. അവയുടെ ഫലമായി മഹാരാജാവു ജനങ്ങളുടെ സങ്കടപരിഹാരത്തിനായി വിളംബരങ്ങൾ പ്രസിദ്ധപ്പെടുത്തി. വടശേരിയിലും ഇടരായ്ക്കടിയിലും കല്ലിൽ കൊത്തിവച്ചിരുന്ന തിരുവിളംബരത്തെ താഴെ പകർത്തുന്നു.

ശ്രീവമയം. കൊല്ലം പ്ലെ-ാമാണ്ടു് കാത്തികമാസം ര-ാംതീയതി നാട്ടുത്തങ്കടം തീർത്തു കല്ലുവെട്ടി നാട്ടികൊടുത്ത വകെ.

നായ്മ്മാരുടെ പടെ വന്നു നാഞ്ചിനാട്ട പ്ലിവ-ാമാണ്ടുമുതൽ പല നാളും പടെ വന്നു പടെക്കേടു വരികെകൊണ്ടു പ്ലരൻ-ാമാണ്ടുമുതൽ പ്ലൻൻ-പചാനംവരെക്കും അഞ്ചാലിയിൽ അടെച്ചുകണക്കു അടെക്കവേണ്ടുംകാർപ്പും രണ്ടു,പചാനംപ്പുപ്രൻ-ം അകുറ്റുപ്പു ഫ്ര-ം നാം കഴിച്ചു കൊടുക്കെയിൽ അഞ്ചാലിക്കുത്തകെ കോട്ടെപ്പുതിവു കാണിക്കെ പന്തത്തിനു അമരണക്കണ്ണവകയും കത്തെയാവിന്നെയും പിറന്നനാളിൽ വിരെവകെയും കൂടകൊറെച്ചുംകൊടുത്തുമംഗലംമുതൽ മണക്കുടിവരെ ഓലെപ്പെട്ടികളും ചീട്ടുക്കുറികളുംപൊയ്പോകയിൽ ടി ഓലകളെ യാതാമൊരുത്തർ പറിൽകാണുന്നാൽ കണ്ടകളത്തിൽ കീറും കിഴിയും പട്ടപ്പോലാവും തന്നിപ്പിച്ചേമും തെരുത്തും എടുത്തു അടക്കിയകരെ പുള്ളികാണിയാടു ചൊല്ലിപ്പെട്ടവകെ വിട്ടുകൊടുത്തും പടെക്കി-യിലാകിയാലും കവത്തെയിലും പോയ മുറിവകെയാകിലും കാണകാരിയമെങ്കിലും ഉടെയവൻ അല്ലാതെ അന്നിയവരായിട്ടും പേരാപ്പേരായിട്ടും ഓലെകൊണ്ടു വരുന്നാൽ അയ്യോലെപ്പിറമാണമല്ല. പാട്ടവുംമേൽവാരവും തഴചങ്കേതം ഉൾപ്പെട്ടകാനിന്ന അർപ്പുചിയും കാത്തികെയും പചാനം പൈങ്കുറിയും ചിത്തിരെയും നെല്ലുകൊടുത്തല്ലാതെ വിലെത്തരത്തിന്ന പണം

കൊടുക്കയും അരുത്. വെണ്ടിക്കയുമരുത്. പട്ടകലം കടമുറി ഉഭയം പലിശ്ചെ അത്തുവരാത്തതിനു പട്ടകലമും കടനും പൊക്കുകയും വേണ്ടാ. തനിത്തെണ്ടം ചാവുകാണിക്കെ വേണ്ടാ എന്നും ചങ്കേതപ്പുറവിലും പെരുമ്പാറവിലും പൊറാംപൊറു മുറിവേണ്ടിപ്പിടിച്ചു് ഉൽപത്തി തടുത്താൽ തടയില്ലെ എന്നും ചങ്കേതക്കാരർ കൊണ്ടു കടത്തിനു മേൽവാരം തികെഞ്ഞു വേണ്ടിച്ചുകൊള്ളുന്നതല്ലാതെ തേചത്താരെതടുക്കരുതു് എന്നും മേൽവാരത്തിനും പാട്ടത്തിനും തന്നാടൈക്കുറിയും തലൈക്കുറിയും കാട്ടി ഒപ്പിച്ചു കൊള്ളുമാറും നമ്മുടെ ആളുകർ പിറപ്പെട്ടാൽ പിരാമണക്കു ചെലവിനു നെൽ പന്തിരുന്നാഴിയും ചൂത്തിരക്കു ചെലവിനു നെൽ ഒൻപതുനാഴിയും അല്ലാതെ കൊടുക്കരുതു് എന്നും അകഇവ്വുകൈക്കു വ൹൦-ാമാണ്ടു അർപ്പുശിമാതം ക൹-ാംതീയതിയും വ൹ഫ വൈകാചി ക൹൨-ാംതീയതിയും കൊടുത്ത നീട്ടിൻപടിക്കു് വീരപിള്ളെയാലും വടചേരിക്കുതിരുപ്പുന്തിപിള്ളെയാലും വെയ്യാഴിപിള്ളെയാലും കൽവെട്ടിനാട്ടിയതിൻ വണ്ണം പിരമാണമാക ചെയ്താ"

ഈ രേഖയിൽനിന്നു് 870-ലും 871-ലും ഇത്തരം കല്പനകർം ഉണ്ടായെന്നും ആ കല്പനയെ 873-ൽ ചില ടിക്കുകളിൽകൂടി പ്രസിദ്ധപ്പെടുത്തുക മാത്രമേ ഇതിനാൽ ചെയ്തിട്ടുള്ളു എന്നും വ്യക്തമാകുന്നു. ഈ കല്പനയാൽ പിശാനം പൂവിൽ (കുംഭപ്പൂവിൽ) 13-ം കാർപ്പൂവിൽ (കന്നിപ്പൂവു്) 2-ം ഉൾപ്പടെ 15 പൂവിലുണ്ടായ നെല്ലിൽ അഞ്ഞാലിക്കരക്കുടിശിക ഇളച്ചുകൊടുത്തു. അതിനും പുറമേ അഞ്ഞലിവാരം കുത്തക, കോട്ടപ്പുതിവു്, കാണിക്ക, പന്തത്തിനുള്ള ആവണക്കെണ്ണ മുതലായ രാജഭോഗങ്ങളേയും അദ്ദേഹം കുറവുചെയ്തു. തച്ചിസങ്കേതത്തിൽപ്പെട്ട വസ്തുക്കളുടെ പാട്ടവും മേൽവാരവും കന്നിപ്പൂവിനെ സംബന്ധിച്ചിടത്തോളവും അല്പശി കാർത്തിക ഈ മാസങ്ങളിലും, കുംഭപ്പൂവിനെ സംബന്ധിച്ചിടത്തോളും പൈങ്കുനി ചിത്തിര ഈ മാസങ്ങളിലും നെല്ലായിട്ടു കൊടുത്താൽ മതി എന്നും, പട്ടകാലം കടമുറി ഇവയിടനിലുള്ള ഉഭയപലിശ ആവശ്യപ്പെടാൻ പാടില്ലെന്നും കൂട്ടത്തിലായി ചുമത്തിയ കരത്തിനുവേണ്ടി സങ്കേതവസ്തുക്കളോ പണ്ടാര

വക വസ്തുക്കളോ പിടിച്ചു വിളംബരത്തിൽ വ്യവസ്ഥചെയ്തിരുന്നു.

878 അല്പശിമാസം ഒന്നാംതീയതി മംഗലംമുതൽ മണക്കടി വരെയുള്ള നാട്ടാർ വടശ്ശേരിക്ഷേത്രത്തിൽകൂടി ചെയ്ത നിശ്ചയത്തിൽനിന്ന് അവരുടെ മനസ്ഥിതി ഏറ്റവും ഊഹിക്കാം. ഭാഷ തമിഴായതിനാൽ തജ്ജിമമാത്രം താഴെച്ചേർക്കുന്നു.

കൊല്ലം 878 അല്പശി ഒന്നാംതീയതി മംഗലംമുതൽക്കു മണക്കടിവരെയുള്ള നാട്ടുകാർ വടശ്ശേരി ക്ഷേത്രത്തിൽകൂടി താഴെ പ്രകാരമുള്ള നിശ്ചയങ്ങൾ ചെയ്തിരിക്കുന്നു.

"ഇപ്പോൾമാണ്ടുമുതല്ക്കു നമ്മുടെ നാട്ടിനു 'പടയും വിനയും' വന്നുകൊണ്ടിരിക്കുന്നതിനാലും കരം കൂട്ടിപ്പിരിക്കാണ്ടു വന്നതിനെ നാം യോജിച്ചു പ്രതിഷേധിക്കുഞ്ഞതിനാലും നമ്മുടെ വിളനിലങ്ങളും മറ്റു വസ്തുക്കളും മറുള്ളവർ അടക്കിക്കളഞ്ഞതിനാലും കരംപിരിക്കാൻ മുമ്പതലുപ്പെട്ട ഉദ്യോഗസ്ഥന്മാർ മുൻ പതിവുകൾക്കു വിപരീതമായി കൂടുതൽ കരംപിരിച്ചു നാട്ടാരെ പീഡിപ്പിച്ചുവരുന്നതിനാലും ഈ നാട്ടിലുണ്ടായ ചിലർ നമ്മെപ്പറ്റി അപവാദംപറഞ്ഞു് അധികാരിവർഗ്ഗത്തെ പിണക്കാൻ ശ്രമിക്കുന്നതിനാലും രാജകീയാധികാരികൾ പഴയ പട്ടകലണ്ടുകളുടേയും ഒഴിവുമുറികളുടെയും സ്ഥാനത്തു് ചിലർ വ്യാജമായി ഹാജരാക്കീട്ടുള്ള കള്ളപ്രമാണങ്ങൾ വച്ചുംകൊണ്ടു നമ്മെ ഉപദ്രവിച്ചുവരുന്നതിനാലും ശ്രീപത്മനാഭപ്പെരുമാളുടെയും ആദികേശവപ്പെരുമാളുടെയും വക പതിനൊന്നു മഠങ്ങളിലെ പോറ്റിമാരും പിള്ളമാരും എഴുതിത്തന്നിട്ടുള്ള പ്രമാണങ്ങളെ ഉദ്യോഗസ്ഥന്മാർ അപഹരിച്ചു നമ്മെ വിളവെടുക്കാൻ സമ്മതിക്കാഞ്ഞതിനാലും.....

.....

.....

മറും നാം യോജിച്ചു പ്രവർത്തിക്കുന്നതിനും വേണ്ടിവന്നാൽ നാടുവിട്ടു പോയി നമ്മുടെ കാര്യങ്ങൾ നേടുന്നതിനും ഇതിനാൽ തീർച്ചപ്പെടുത്തുന്നു.

നമ്മുടെ നാട്ടിനുള്ളിൽ ഏതെങ്കിലും ആൾക്കോ ഊരിനോ പിടാകയ്ക്കോ വല്ല വിനയും നേരിട്ടാൽ പത്തുപതിനാറു

പണം ചെലവാക്കേണ്ടിവന്നാൽ പോലും പൊതുവിൽനിന്നും ചെലവാക്കി ആ വിന ഒഴിക്കേണ്ടതാകുന്നു. ഊരിലോ നാട്ടിലോ ഏതെങ്കിലും കാര്യം ഉണ്ടായാൽ സങ്കടക്കാരൻ പൊതുസ്ഥലത്തു വന്നു പിടാകക്കാരെ അറിവിക്കണം. നാം കൂട്ടംകൂടി വേണ്ട പരിഹാരങ്ങൾ ചെയ്തുകൊള്ളാം. ഈ കൂട്ടങ്ങളിൽ ആരെങ്കിലും പങ്കുകൊള്ളാതിരുന്നാൽ അന്യാളോടു നാട്ടുകാർ സമാധാനം വാങ്ങിക്കുന്നതാണു്."

ഇതിനെക്കാൾ കൂറേക്കൂടി കർശനമായ നിശ്ചയങ്ങൾ ആശ്രമം ക്ഷേത്രത്തിൽവച്ചു നടന്ന നാട്ടാർ കൂട്ടത്തിൽ ചെയ്തതായി കാണുന്നു. ഈശാന്തിമംഗലത്തിലെ നിശ്ചയത്തിൽ ഒരു ഭാഗംകൂടി ഇവിടെ ഉദ്ധരിക്കാം.

"894-ാമാണ്ടു് വൈകാശിമാസം 15-ാനു മംഗലം മുതൽ മണക്കുടിവരെയുള്ള രണ്ടു നാടുകളിലേയും നാട്ടാർകൂട്ടംകൂടി എഴുതിയ 'മൊഴിമാറാക്കാലയാവിതു്.'

882-ാമാണ്ടു മുതൽ ആണ്ടുതോറും കുതിരയും പടയുംവന്നു മൻപതിവില്ലാത്ത കരങ്ങളും വരികളും പിരിക്കയും ദേവദാനം, ബ്രഹ്മദാനം, മാന്യം, മടപ്പുറം മുതലായ വസ്തുക്കളിൽ ദുസ്സഹമായ വരികൾ ചുമത്തിയും പുതു മുടക്കിയും വന്നതിനാലും ശ്രീനിവാസരായർ ഇന്നാട്ടിലെ ആടുമാടുകൾ അപഹരിക്കയും അമ്പല്ലക്കാരെ പിടിച്ചുകൊണ്ടു പോകയും ചെയ്തതിനാലും പൊട്ടാറെസ്സിയെന്ന ആൾ ദിവസംതോറും വന്നു നാട്ടിലെ കന്നുകാലികളെ കവർന്നുവന്നതിനാലും അന്നോജിനായ്ക്കർ സ്ത്രീകളുടെ താലിയും കാതും അറുക്കുക, കന്നുകാലികളെ ഹരിക്കുക, നെല്ലും വിത്തും വാരിക്കൊണ്ടുപോവുക; ഊരുതോറുംമേടുകാവൽ നിർത്തുക മുതലായ കഠിന കൈകൾ ചെയ്തതിനാലും സങ്കേതത്തിനുള്ളിൽ വച്ചിരുന്നാൽ രക്ഷയുണ്ടെന്നു വിചാരിച്ചു ശ്രീകോവിൽ ക്ഷേത്രത്തിൽകൊണ്ടുപോയി സൂക്ഷിച്ചിരുന്നതും കാലക്കരണങ്ങൾ സ്വർണ്ണം, വെള്ളി, ഓട്ടുപാത്രങ്ങൾ, വസ്ത്രങ്ങൾ മുതലായവ അടങ്ങിയതും ആയ എല്ലാ പെട്ടികളും കൊള്ളചെയ്തുകൊണ്ടു പൊയ്പോഞ്ഞതിനാലും ശ്രീകോവിലും ആശ്രാമവും കൊള്ളിവെച്ചു് കടകൾ കൊള്ളചെയ്തതിനാലും.....

.....രാജാവിന്റെ കാര്യക്കാരന്മാരും സാമ്രാപക്കാരും ഈ അക്രമങ്ങളെ തടഞ്ഞു സമാധാനം പരത്തുന്നതിനു ശ്രമിക്കായ്കയാലും മംഗലം മുതൽ മണക്കടിവരെയുള്ള നാടുമുഴുവനും മുടിഞ്ഞുപോയി. ഈ ഉപദ്രവങ്ങൾ എല്ലാം തീർക്കുന്നതിനു കാര്യക്കാരെയും സാമ്രാപക്കാരെയും നിയോഗിക്കുന്നപക്ഷം നമുക്ക് കൃഷിതുടങ്ങാം. എന്നാൽ ന്മമുടെ കാരണവന്മാരുടെ കാലത്തുണ്ടായിരുന്ന അവകാശങ്ങളെല്ലാം നമുക്ക് അനുവദിച്ചുതരണം. നാട്ടിലെ യാതൊരുവനെങ്കിലും നമ്മുടെ അവകാശങ്ങൾക്കു ബാധകമായ വിധത്തിൽ സർക്കാരിനു ഉള്ളതു കൊടുക്കുന്നപക്ഷം അയാളും അയാളുടെ കുടുംബവും നമ്മോടു സമാധാനം പറയേണ്ടതാകുന്നു. (അവരെ നാട്ടാർ ശിക്ഷിക്കുമെന്നർത്ഥം).....”

രവിവർമ്മരാജാവിന്റെ കാലം ഇങ്ങനെ കഴിഞ്ഞുകൂടി. ജനങ്ങൾക്ക് അതിപ്രബലനും വെളിയിലും പുറത്തുമുള്ള ശത്രുക്കളെ അമർച്ചചെയ്യാൻ ശക്തിയുള്ളവനും ആയ ഒരു രാജാവിനെ ആയിരുന്നു വേണ്ടതു്. 893-ൽ അദ്ദേഹം നാടുനീങ്ങി.

ഉണ്ണിക്കേരളവർമ്മ 893—899.

അദ്ദേഹത്തിന്റെ കാലത്തും നാഞ്ചിനാട്ടിൽ വലിയ സമാധാനമൊന്നും ഉണ്ടായില്ല. 896-ാമാണ്ടിൽ അഞ്ചുതെങ്ങിലെ ഏതാനും ഇംഗ്ലീഷുവ്യാപാരികൾ മുറവുങ്ങൽതമ്പുരാട്ടിയെ മുഖം കാണിച്ചു കാഴ്ചകൾ വച്ചുതിന്റെശേഷം തിരിച്ചുപോകവേ എട്ടുവീടർ വളഞ്ഞു് അവരെയെല്ലാം കൊന്നുകളഞ്ഞു. മഹാരാജാവു് ഈ വർത്തമാനം അറിഞ്ഞു കുളച്ചൽ എന്ന സ്ഥലത്തു് ഒരു കോട്ട കെട്ടിച്ചുകൊടുത്തു കമ്പനിക്കാരെ സമാധാനപ്പെടുത്തി.

അതേ വർഷത്തിൽതന്നെ അദ്ദേഹവും സാമ്രാപക്കാരും ചേർന്നു നാഞ്ചിനാട്ടുകാരുടെ സങ്കടപരിഹാരാർത്ഥം ചിലതൊക്കെ ചെയ്തുവെന്നു് 896-ലെ ഒരു നീട്ടിൽനിന്നു കാണുന്നു.

“കിഴക്കേനിന്നും വന്ന ഇരാണവും കുതിരയും ചോവുകം ഒഴിച്ചു് കിഴക്കെ അയ്യനായും ചെയ്യ. തൊഴവ ചനങ്ങൾ എല്ലാവരും കൂടിച്ചു് തിരുവട്ടാറു എത്തി പറയേണ്ടുന്നതും ഒക്കയും പറഞ്ഞു തെഴിഞ്ഞു കീഴ്മരുചാതി അമ്മാവന്റെ നേരത്തുനടന്നു

വന്ന പിരാകരത്തിനു ഒക്കെയുംനടക്കത്തക്കവണ്ണമായിട്ടു പറഞ്ഞു തെഴികയുംചെയ്തു. താങ്ങാം എല്ലാവരും കീഴ്മരുചാതിയെ പോലെ നാഞ്ചിനാട്ടുവന്നു കുടിയും ഇരുന്നു കാലതാമതം വന്നു പോകാതെ കണ്ടു നാംചെയ്യിതു പയിറു് ചെയ്കയും വേണം. ഇച്ചെയ്തിക്കു് എണ്ണൂററിതൊണ്ണൂറുആറാമാണ്ടു മാഛിമാതം ഇരു പത്തുആറാംതെയതി കല്പിത്തമെക്കു തെൻവീതിനാടമെന്ത പേരു്ക്കു നീട്ടു എഴുതിഷിടു എന്നു തിരുവുള്ളമായ നീട്ടു്."

ഈ നീട്ടിൽനിന്നു നാഞ്ചിനാട്ടുകാർക്കു ആശ്രയം തൽക്കാ ലത്തേക്കു നിറവേറി എന്നു കാണാം. എന്നാൽ അപ്പുയ്യൻ എന്നൊരാളിന്റെ നേതൃത്വത്തിൽ ഒരു വടുകപ്പട തുശ്ശിനാപ്പ ള്ളിയിൽനിന്നു പുറപ്പെട്ടു് നാഞ്ചിനാട്ടിൽ ഇട്ടൻകാടു് എന്ന സ്ഥലത്തു പാളയം അടിച്ചു. അവരും തങ്ങളാൽ കഴിയുന്നത്ര നാശങ്ങളെല്ലാം ചെയ്തതിനാൽ നാടുകാർ വീണ്ടും അശ്രാമത്തു വച്ചു് കൂട്ടംകൂടി സങ്കടം ബോധിപ്പിച്ചതുകൊണ്ടു മഹാരാജാവു് 898-ലെ കുംഭപ്പൂവിൽ അളക്കേണ്ട നെല്ലിൽ മുക്കാൽഭാഗം എളവുചെയ്തുകൊടുത്തു.

ഉണ്ണിക്കേരളവമ്മരാജാവിന്റെ കാലത്തു് കോലത്തുനാട്ടിൽ നിന്നു് ഒരു ദത്തുകൂടിയുണ്ടായി. അവിടുന്നു് 899-ൽ നാടുനീങ്ങി.

രാമവമ്മമാർത്താണ്ഡരാജാവു് 899—904.

ഈ തമ്പുരാന്റെ ഭരണാരംഭത്തോടുകൂടി നാട്ടിൽ ചില ശ്രുദ്രലക്ഷണങ്ങൾ കണ്ടുതുടങ്ങി. വടുകപ്പടയുടെ ആക്രമണം വീണ്ടും ഉണ്ടായിയെങ്കിലും ജനങ്ങളുടെ സങ്കടനിവാരണത്തി നായി അദ്ദേഹം വേണ്ടതെല്ലാം ചെയ്തതുനിമിത്തം രാജശക്തി യിൽ പ്രജകൾക്കുള്ള വിശ്വാസം വർദ്ധിച്ചു. വടുകർ 900-ാമാണ്ടു് തൈമാസം മുതൽ വൈകാശിമാസംവരെ പെരുവിള, ദർശനം കോപ്പു്, പ്ലാവിള, ചാലയിൽവിള മുതലായ സ്ഥലങ്ങളിൽ പാ ളയം അടിച്ചു താമസിച്ചു നിരവധി അക്രമങ്ങൾ ചെയ്തതായി കാണുന്നു. തന്നിമിത്തം 897 മുതല്ക്കു 900-ാമാണ്ടുവരെയുള്ള കരക്കുടിശികകളെ എഴുതിവുചെയ്തതിനു പുറമേ, നായ്ന്മാരുടെ സഖ്യം സമ്പാദിക്കാനും മഹാരാജാവു നിശ്ചയിച്ചു. അണ്ടുതോ റും ഒരു നിശ്ചിതസംഖ്യ കപ്പമായി നായ്ന്മാക്കു കൊടുക്കയും

മെന്നു് അദ്ദേഹം സമ്മതിക്കയാൽ, വടക്കുപ്പടകുറേക്കാലത്തേക്കു് ദക്ഷിണതിരുവിതാംകൂർ ആക്രമിച്ചില്ല.

എട്ടുവീടരേയും മാടമ്പിമാരേയും ഒതുക്കുന്നതിനാണു് പിന്നീടു് അദ്ദേഹം ശ്രമിച്ചതു്. അതിലേക്കു മധുരനായ്ക്കന്റെ സഹായം അദ്ദേഹത്തിനുണ്ടായി. അവരെ ഏറെക്കുറെ അടക്കിനിത്താൻ അദ്ദേഹത്തിനു സാധിച്ചു. ഈ ശ്രമങ്ങളിലെല്ലാം അവിടത്തെ വലത്തുകൈയായിരുന്നതു് മാത്താണ്ഡവമ്മരാജകുമാരനായിരുന്നു. അതിനാൽ എട്ടുവീടരുടെ ശത്രുതയ്ക്കു പ്രധാന ലക്ഷ്യമായിരുന്നതു് ഈ യുവരാജാവായിരുന്നു.

രാമവമ്മരാജാവു് ശുചീന്ദ്രം ക്ഷേത്രത്തിൽവച്ചു് മാലാകാരവംശജയായ ഒരു വംഗയുവതിയുടെ ലാവണ്യംകണ്ടു് ആ കന്യകയെ പത്നിയായി സ്വീകരിച്ചു. ആ വഴിക്കു് അദ്ദേഹത്തിനു പദ്മനാഭതമ്പി, രാമൻതമ്പി, തങ്ക എന്നു മൂന്നു സന്താനങ്ങളും ഉണ്ടായി. ഈ തമ്പിമാരാണു് പിൽക്കാലത്തു രാജ്യത്തിൽ പല വിധ കലഹങ്ങൾ ഉണ്ടാക്കിയതു്.

അദ്ധ്യായം ന്യ.

കൊല്ലവർഷം ഒൻപതാംശതകംവരെയുള്ള സമുദായചരിത്രം.

തിരുവിതാംകൂറിന്റെ വിഭാഗങ്ങൾ.

വേണാടിന്റെ വ്യാപ്തി കന്യാകുമാരിമുതൽക്കു കൊല്ലംവരെ ഉണ്ടായിരുന്നു എന്നും അതിൽ ദക്ഷിണതിരുവിതാംകൂർ കുടക്കുടെ പാണ്ഡ്യന്മാർക്കു് അധീനമായിക്കൊണ്ടിരുന്നുവെന്നും കഴിഞ്ഞ അദ്ധ്യായങ്ങളിൽനിന്നു വ്യക്തമാകുന്നുണ്ടല്ലോ. വേണാട്ടിൽതന്നെയും ചിറവായി, കൊല്ലം, തൃപ്പാപ്പൂർ ഇത്യാദി രാജകുടുംബങ്ങൾ അഭ്യന്തരകാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഏറെക്കുറെ സ്വതന്ത്രങ്ങളായിരുന്നു എന്നും നാം കണ്ടു. വേണാട്ടിലെ പ്രധാന നഗരങ്ങൾ കല്ലടമ്പം, തെങ്ങാപ്പട്ടണം, കടിയപട്ടണം,

കോട്ടാർ, ശുചീന്ദ്രം, കുഴിത്തുറ, തിരുവനന്തപുരം ഇവയായിരുന്നു വെന്നു സ്യൂഹാഫ് പറയുന്നു. കേരളത്തിലെ മറ്റു രാജാക്കന്മാരെക്കാൾ വേണാട്ടരാജാവിനു കൂടുതൽ രാജ്യമുണ്ടായിരുന്നുവെന്നും, അദ്ദേഹത്തിനു് മന്ദിഗർ (മന്ത്രിമാർ) എന്നു പറയപ്പെട്ടുന്ന അനേകം സേനാനായകന്മാരും പുള്ളകർ (പിള്ളമാർ) എന്ന പേരോടുകൂടി അസംഖ്യം കാര്യക്കാരന്മാരും ഉണ്ടായിരുന്നുവെന്നും ആ വിദേശീയൻ രേഖപ്പെടുത്തീട്ടുണ്ടു്. പ്രധാന മന്ത്രിസ്ഥാനം വഹിച്ചിരുന്നതു് വലിയ കാര്യക്കാരായിരുന്നു. എന്നാൽ പ്രധാന കാര്യങ്ങളെല്ലാം വലിയ കാര്യക്കാരോടു് ആലോചിച്ചു് മഹാരാജാവുതന്നെയാണു് ചെയ്യുവന്നിരുന്നതു്. വലിയ കാര്യക്കാർക്കു പുറമേ നീട്ടെഴുത്തുപിള്ള, രായസംപിള്ള മുതലായ ഉദ്യോഗസ്ഥന്മാരും ഉണ്ടായിരുന്നു. രാജാക്കന്മാർ ഏറിയകൂറും കല്ലുകളത്താണു് താമസിച്ചുവന്നതു്.

കൊല്ലംനഗരത്തെപ്പറ്റി സ്യൂഹാഫ് ഭംഗിയായി വിവരിച്ചിട്ടുണ്ടു്. ആ നഗരം കടൽത്തീരത്തു സ്ഥിതിചെയ്തിരുന്നു. 18 മുതൽ 20 വരെ അടി ഉയരമുള്ളതും 8 കൊത്തളങ്ങളോടുകൂടിയതും ആയ ഒരു പ്രാകാരംകൊണ്ടു് ആ നഗരം സുരക്ഷിതമായിരുന്നു. കൊല്ലത്തെ മേലെക്കൊല്ലം, കീഴ്കൊല്ലം എന്നും രണ്ടായി വിഭജിച്ചിരുന്നു. അവയിൽ മേൽക്കൊല്ലത്താണു് രാജമന്ദിരം സ്ഥിതിചെയ്തിരുന്നതു്. കീഴ്കൊല്ലം മുമ്പു് പോർത്തുഗീസുകാരുടെ കൈവശത്തിൽ ഇരുന്നിരുന്നു. വീടുകൾ എല്ലാം കല്ലുകൊണ്ടു വളരെ ഉയരത്തിലും മോടിയിലും കെട്ടപ്പെട്ടിരുന്നു.

നെടുമങ്ങാട്ടു രാജകുടുംബവും എളയിടത്തു സ്വരൂപവും വേണാട്ടിന്റെ ശാഖകളായിരുന്നു എന്നു മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. കൊട്ടാരക്കര, പത്തനാപുരം, ചെങ്കോട്ട, കൽക്കാട് ഈ ദേശങ്ങൾ ചേർന്നതായിരുന്നു എളയിടത്തുസ്വരൂപം.

കായംകുളം.

കായംകുളംരാജാവു് വളരെ പ്രബലനായിരുന്നതായി സ്യൂഹാഫ് പറയുന്നു. അദ്ദേഹത്തിനും തിരുവിതാംകൂർ രാജാവിനും തമ്മിൽ കൂടക്കൂടെ ശണ്ഠകൾ ഉണ്ടായിക്കൊണ്ടിരുന്നതേ.

'മാത്താ' രാജ്യത്തിന് ഏതാണ്ടു കല്ലുള്ളം രാജ്യത്തോളം വിസ്തീർണ്ണമുണ്ടു്.....ഈ രാജാവിനും കൽക്കുളം രാജാവിനും പൊതുവേയുള്ളതായി ചില സ്ഥലങ്ങൾം കാണുന്നു. മലയാളിക്കു രയിൽ ഇതു അസാധാരണമല്ല.....രാജാവിനു 1200 നായർ ടേന്മാരുണ്ടു്. രാജധാനി കാത്തോപോളി (കരുനാഗപ്പള്ളി) യിലാണു്. 20 അടി ഉയരമുള്ള മൺപ്രാകാരത്താൽ ഈ സ്ഥലം രക്ഷിക്കപ്പെട്ടിരിക്കുന്നു."

'മാത്താ' എന്നു ന്യൂഹാഫ് പറഞ്ഞിരിക്കുന്നതു് മരുതംകുള ങ്ങര എന്ന സ്ഥലമാണു്.

പുറക്കാട്ട്.

പുറക്കാട്ടു രാജ്യത്തിനു് ആ പേരു ലഭിച്ചതു് അതിന്റെ തലസ്ഥാനനഗരിയിൽനിന്നാണു്. രാജ്യത്തിന്റെ അതിരുകൾ വടക്കു കൊച്ചി, തെക്കു കായംകുളം, വടക്കുകിഴക്കു്, വടക്കുംകൂറും തെക്കുംകൂറും രാജ്യങ്ങൾ, പടിഞ്ഞാറു സമുദ്രം, ഇവയാകുന്നു. പ്രധാനനഗരം പുറക്കാട്ടതന്നെ. കൂടമാളൂരാണു് മറെറാരു നഗരം. ന്യൂഹാഫിന്റെ കാലത്തു് നാടുവാണിരുന്ന ചെമ്പകശ്ശേരി രാജാവിനു മുപ്പത്തുവയസ്സുണ്ടായിരുന്നതേ. അദ്ദേഹം ജാതിയിൽ ബ്രാഹ്മണനായിരുന്നു. ന്യൂഹാഫ് പറയുന്നു:—

"ഞാനും പുറക്കാട്ടുവാണിരുന്ന രാജാവും വളരെ അംഗസൗഷ്ഠവത്തോടുകൂടിയ ഒരു ഗംഭീരനായിരുന്നു. മലയാളരീതി അനുസരിച്ചു് അദ്ദേഹം കൈയിലും കൈത്തണ്ടയിന്മേലും കാതിലും വജ്രം, ചുമപ്പു മുതലായ വിലയേറിയ രത്നങ്ങൾ പതിച്ച ആഭരണങ്ങൾ ധരിച്ചിരുന്നു. അദ്ദേഹത്തിന്റെ ഭരണം ഉഗ്രസ്വഭാവമായിരുന്നു. രാജ്യത്തിൽ അനിയന്ത്രിതമായ അധികാരം അദ്ദേഹം നടത്തിവന്നു. നീതിഭരണത്തിന്റെ നിഷ്കൃഷ്ടനിമിത്തം മോഷണം എന്ന പേരുകൂടി ഈ നാട്ടിൽ കേൾപ്പാനില്ല."

ഈ രാജാവു് ക്രിസ്ത്യാനികൾക്കു പല അവകാശം നല്കിയതായും സ്വന്തചെലവിൽതന്നെ പള്ളികൾ പണിയിച്ചു കൊടുത്തതായും അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ടു്. 800-ാമാണ്ടിടയ്ക്കു് ഡച്ചുകാരുടെ ശക്തി പുറക്കാട്ടിൽ സ്ഥാപിതമായതു്.

വടക്കുംകൂർ.

പുറക്കാട്ട് രാജ്യത്തിന്റെ വടക്കുകിഴക്കായി സ്ഥിതിചെയ്തിരുന്നു. വയ്ക്കം, ഏറുമാനൂർ മുതലായ പ്രദേശങ്ങൾ ഈ രാജ്യത്തിൽ ഉൾപ്പെട്ടിരുന്നു.

തെക്കുംകൂർ.

തിരുവല്ല, ചങ്ങനാശ്ശേരി, കോട്ടയം ഈ താലൂക്കുകൾ ചേർന്നായിരുന്ന തെക്കുംകൂർ.

പറവൂർ, ആലങ്ങാട്ട്, പന്തളം എന്നിങ്ങനെ വേറെയും ചില രാജകുടുംബങ്ങൾ തിരുവിതാംകൂറിൽ ഉണ്ടായിരുന്നു.

ഭരണക്രമം എല്ലാടിക്കുകളിലും ഏറെക്കുറെ തുല്യമായിരുന്നതുകൊണ്ട് ഇവിടെ വിവരിക്കുന്നില്ല.

ജനസമുദായസ്ഥിതി.

പുരാതന ശാസനങ്ങളിൽനിന്ന് അന്നത്തെ ജനസ്ഥിതി നമുക്ക് ഏറെക്കുറെ ഊഹിക്കാം. ഇന്നു കാണുന്ന ജാതിക്കാർ എല്ലാം കൊല്ലവർഷാരംഭത്തിനുമുമ്പുതന്നെ കേരളത്തിൽ ഉണ്ടായിരുന്നു. മണികാത്തന്മാർ പട്ടണത്തിലെ ഇരവിക്കോത്തനായ ചേരമാൻ ഭാസ്കരരവിവർമ്മൻ മറ്റും കേരളപെരുമാൾ നല്കിയിരുന്ന ശാസനങ്ങളിൽനിന്ന്, മലയാളക്കരയിലെ ജനസമുദായം വളരെ പരിഷ്കൃതാവസ്ഥയെ പ്രാപിച്ചിരുന്നു എന്നൂഹിക്കാം. വിദേശങ്ങളുമായി വാണിജ്യത്തിൽ ഏർപ്പെട്ടിരുന്ന പല നഗരങ്ങളുണ്ടായിരുന്നു. അവയിൽ മണികാത്തന്മാർ പട്ടണം, കൊരക്കൊണിക്കൊല്ലം ഇവയ്ക്കായിരുന്ന പ്രാധാന്യം. രാജാക്കന്മാർക്കും 'പതികൾ' അല്ലെങ്കിൽ സചിവന്മാർക്കും ഭൂമിയുടെ 'ഉൽപ്പത്തി'യിൽ കുറെ അംശം കൂടി യാനവാഹനന്മാർ കൊടുത്തുവന്നു. രാജാവിനു കൊടുത്തുവന്ന ഭാഗത്തിനു കൊച്ചാട്ടവാരമെന്നും പതികളുടെ അംശത്തിനു പതിപ്പാട്ടവാരമെന്നും അറിയപ്പെട്ടിരുന്നു പേർ.

രാജാവിന്റെ പ്രധാന ഉദ്യോഗസ്ഥന്മാർ മന്ത്രികൾ എന്ന പേരോടുകൂടിയ സേനാപതികളും കാര്യക്കാരുമായിരുന്നു. തീട്ടൂരങ്ങളും ചെപ്പേടുകളും രചിക്കുന്നതിനായി പെരുന്തട്ടാൻ എന്നൊരു ഉദ്യോഗസ്ഥൻ പ്രത്യേകം നിയമിക്കപ്പെട്ടിരുന്നു.

നാടുതോറും 'അറുന്നൂറവ'ർ എന്ന ഓരോ നായർസംഘം അഭ്യന്തരകാര്യങ്ങളെ നിയ്ന്ത്രിച്ചുവന്നു. അവർ ജനങ്ങളുടെ അവകാശങ്ങളെ ഭംഗംവരാതെ സംരക്ഷിച്ചുപോന്നു. 'കണ്ണും കൈയും കല്പനയും' അവരുടെ പ്രത്യേക അവകാശങ്ങളായിരുന്നു. രാജാക്കന്മാരോ സാമ്രാപികളോ മന്ത്രികളോ ന്യായരഹിതമായി പ്രവർത്തിച്ചാൽ അവരോടു സമാധാനം ചോദിപ്പാൻ ഈ സഭകൾക്കു് അധികാരവും ശക്തിയും ഉണ്ടായിരുന്നു. ക്രിസ്താബ്ദം പതിനാൻപതാം ശതകംവരെയ്ക്കും ഈ സംഘങ്ങളെപ്പറ്റി ബൈൻറിക് പ്ലട ഇപ്രകാരം പ്രസ്താവിച്ചുകാണുന്നു.

"നായന്മാരുടെ സ്വഭാവഗതിയെപ്പറ്റി ഭിന്നാഭിപ്രായം ഉണ്ടായേക്കാമെങ്കിലും അവരുടെ സ്വാതന്ത്ര്യബോധത്തെപ്പറ്റി അക്കും അഭിപ്രായഭേദം ഉണ്ടാവാൻ തരമില്ല. അതു അവരിൽ സാർവ്വത്രികമായി കാണപ്പെടുന്നു. ഇങ്ങനെ ഒരു സ്വാതന്ത്ര്യബുദ്ധി അവർക്കുണ്ടായിരിക്കണമെങ്കിൽ, തീർച്ചയായും വളരെക്കാലത്തേക്കു് അവർ സ്വാതന്ത്ര്യാധികാരം നടത്തിക്കാണണം."

രാജാക്കന്മാർക്കു ഭൂമിയിൽനിന്നുള്ള പാട്ടവാരത്തിനു പുറമേ മറ്റിനങ്ങളിൽനിന്നും വരവുണ്ടായിരുന്നു. ഉപ്പു, ശർക്കര, കസ്തൂരി, വിളക്കെണ്ണ മുതലായി അളന്നോ, തൂക്കിയോ എണ്ണിനോ എടുക്കാവുന്ന പല വാണിജ്യസാധനങ്ങളിൽ തരകും ചുങ്കവും, ചുമത്തിവന്നു. അടിമവ്യാപാരവും. കേരളത്തിൽ നടപ്പിലിരുന്നുവെന്നുള്ളതിനു് തലപ്പണം, മുലപ്പണം മുതലായ അവകാശങ്ങൾ വണിക്കുശ്രേഷ്ഠന്മാർക്കനുകൂലമായിരുന്നതിൽനിന്നു് ഊഹിക്കാം.

മറ്റു തൊഴിലാളികളും തളക്കാണം എണ്ണിക്കാണം മുതലായ നികുതികൾ കൊടുത്തുവന്നു. ഇവയ്ക്കു പുറമേ പടപ്പണം, കോടപ്പണം, ചാവുകാണിക്ക, വായ്കാണിക്ക മുതലായ നികുതികളും ഉണ്ടായിരുന്നു.

കരം പിരിക്കുന്നതിനു് ഇന്നത്തെ കണക്കപ്പിള്ളകളുടെ സ്ഥാനത്തു് 'വരിപ്പുള്ളി' 'വരിയിൽപ്പുള്ളി' എന്നിങ്ങനെ വിളിക്കപ്പെട്ടുവന്ന ഉദ്യോഗസ്ഥന്മാരുണ്ടായിരുന്നു.

കാലക്രമേണ സാമ്രാപികളും എടപ്രഭുക്കന്മാരും പ്രബലന്മാരായിത്തീർന്നിട്ടു് ജനങ്ങളെ ഉപദ്രവിച്ചു തുടങ്ങി. ഇതു രാജശ

ക്തിയുടെ വല്പനയ്ക്കു കാരണമായിരുന്നിരിക്കണം. അനേകരുടെ മരണത്തേക്കാൾ ഏകന്റെ മരണമാണല്ലോ ജനക്ഷേമകരമായിരിക്കുന്നത്.

നാട്ടുകൂട്ടത്തിനു പുറമേ ക്ഷേത്രഭരണം സംബന്ധിച്ചും പ്രത്യേകയോഗങ്ങൾ ഉണ്ടായിരുന്നു. ക്ഷേത്രങ്ങൾ സങ്കേതത്തിനുള്ളിൽ യോഗക്കാർക്കു സ്വാധികാരങ്ങളുമുണ്ടായിരുന്നു. ക്ഷേത്രരക്ഷാസ്ഥാനം അഥവാ കോവിലധികാരിസ്ഥാനം മാത്രമേ രാജാക്കന്മാർക്കുണ്ടായിരുന്നുള്ളു. ആ അധികാരം വളരെ പരിമിതമായിരുന്നതാനും. ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിന്റെ രക്ഷാധികൃത്വം തൃപ്പാപ്പിൽ മൂപ്പുവാഴുന്ന രാജാവിനായിരുന്നു.

ക്ഷേത്രങ്ങൾ ബ്രാഹ്മണശക്തിയെ വർദ്ധിപ്പിക്കുന്നതിനു് അത്യധികം സഹായിച്ചു. ക്ഷേത്രസങ്കേതം എവിടെ ആയിരുന്നാലും, തത്സംബന്ധമായ സകല അധികാരങ്ങളും യോഗക്കാരുടെ നിശ്ചയാനുസരണം കോവിലധികാരികളാണു നിർവഹിച്ചുവന്നത്. ഭൂസംബന്ധമായും മറും അവിടെ ഉണ്ടാകുന്ന വഴക്കുകൾ കേട്ടു തീരുമാനം ചെയ്യുക, ദണ്ഡ്യന്മാരെ ശിക്ഷിക്കുക മുതലായവയെല്ലാം യോഗക്കാർ തന്നെ നടത്തിവന്നു. രാജാക്കന്മാർ പോലും യോഗത്താൽ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നുള്ള സംഗതി ഓർക്കുമ്പോൾ, അവരുടെ പ്രാബല്യം എത്രയെന്നു ഊഹിക്കാം. സങ്കേതാതിർത്തിക്കുള്ളിൽ അധികാരികളുടെ അനുവാദം കൂടാതെ ആരും പ്രവേശിച്ചുകൂടായിരുന്നു.

യുദ്ധത്തിലേക്കു ഭടന്മാരെ ശേഖരിക്കുന്നതിലേക്കു വേണ്ടി രാജ്യത്തെ പലേ നാടുകളായും ദേശങ്ങളായും വിഭജിച്ചു്, ഓരോ ദേശത്തെയും നാടുവാഴി അല്ലെങ്കിൽ ദേശവാഴി എന്നു പേരിട്ടുള്ള ഓരോ നായർപ്രമുഖൻ ഭരിച്ചുവന്നു. യുദ്ധകാലങ്ങളിൽ ഈ ദേശവാഴികൾ തങ്ങളുടെ ആയുധപാണികളായ പുരുഷന്മാരോടുകൂടി രാജാവിനെ സഹായിപ്പാൻ സുമതലപ്പെട്ടിരുന്നു. ദേശവാഴിക്കു നൂറോളം നായർഭടന്മാർ ഉണ്ടായിരിക്കും; നാടുവാഴിയാണെങ്കിൽ അതിൽ കൂടുതൽ കാണും; മൂവായിരം നായന്മാരുള്ള നാടുവാഴിക്കു് കുത്താഴു്, കയ്മൾ ഇത്യാദി സ്ഥാനങ്ങൾ ഉണ്ടായിരുന്നു.

കളരികളിൽ ആണു് ആയുധപരിശീലനം നടത്തിവന്നതു്. ചുഴി വ്യവസ്ഥ മുതൽ കുട്ടികളെ അഭ്യസിപ്പിച്ചുവന്നു. കളരിത്തറയും

ഓരോ പരദേവതയും ആയുധഹസ്തരുവായി ഓരോ പണിക്കരും ഉണ്ടായിരിക്കും. രാജാക്കന്മാരും ബ്രാഹ്മണരും അവരെ പൂജിച്ചു വന്നിരുന്നതായി പ്രാചീന ഗ്രന്ഥങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ട്.

ശരീരത്തെ എണ്ണതേച്ചുഴിഞ്ഞു നല്ലപോലെ മയപ്പെടുത്തിയ ശേഷമാണ് ചാട്ടം, ഓട്ടം, മറിച്ചിൽ മുതലായ അഭ്യാസങ്ങളും വില്ല്, വാൾ, ഗദ, കുന്തം മുതലായ ആയുധങ്ങളുടെ പ്രയോഗവും അഭ്യസിപ്പിക്കുന്നത്. ഓതിരം, കടകം മുതലായ പതിനെട്ട് വിദ്യകൾ ഇവിടെ പഠിപ്പിച്ചുവന്നു. ഇങ്ങനെ വിവിധങ്ങളായ ആയുധങ്ങളെ പ്രയോഗിക്കുന്നതിൽ ചതുരന്മാരായിട്ടുള്ള വക്ക രാജാക്കന്മാർ 'നായർ' സ്ഥാനം നല്കിവന്നു. യൂറോപ്പിലെ "നൈറ്റ്" എന്ന സ്ഥാനത്തിനു തുല്യമായ ഒരു സ്ഥാനമായിരുന്നു നായർ സ്ഥാനം.

കളരിയിലെ വിദ്യാഭ്യാസം പൂർത്തിയായ ഓരോ നായക്കും സുഖമായ കാലക്ഷേപത്തിന് ഒരു ബുദ്ധിമുട്ടും ഉണ്ടായിരുന്നില്ല. അവർ സംഘം ചേർന്നു നാടുതോറും സഞ്ചരിച്ച് "കാവൽ ചങ്ങാതം" മുതലായവ ചെയ്തോ രാജാക്കന്മാരെ സേവിച്ചോ മാനമായി ജീവിച്ചുവന്നു. പോർത്തുഗീസുകാർ തുടങ്ങിയ വിദേശീയരും തങ്ങളുടെ കോട്ടകളേയും മറ്റും സംരക്ഷിപ്പാനായി ഇത്തരം ചങ്ങാതങ്ങൾ ഏർപ്പെടുത്തിയിരുന്നു. തങ്ങളെ ഏല്പിക്കുന്ന വസ്തുക്കളെ ജീവൻകളഞ്ഞും അവർ സംരക്ഷിച്ചുവന്നുവത്രേ. ചങ്ങാതം സേവിക്കുന്നവരെ പിണക്കുന്നതുപോലെ അപകടകരമായി മറ്റൊന്നും ഉണ്ടായിരുന്നില്ല.

തേവലക്കര ക്ഷേത്രത്തിൽ ചങ്ങാതം സേവിച്ചുകൊണ്ടിരുന്ന രണ്ടു നായന്മാരെപ്പറ്റി പോർത്തുഗീസുകാർ രേഖപ്പെടുത്തിട്ടുണ്ട്. അർഫൊൻസൊഡീസൂസാ എന്ന പറങ്കിഗ്രവർണ്ണർ ധനലോഭത്താൽ മലയാളക്കരയിലെ ക്ഷേത്രങ്ങൾ കൊള്ളചെയ്ത കൂട്ടത്തിൽ കായംകുളം രാജാവിന്റെ വകയായ തേവലക്കര ക്ഷേത്രവും കവർച്ചചെയ്വാൻ തുനിഞ്ഞു. പതിനായിരം സ്വർണ്ണനാണയം കൊടുക്കാമെന്നു ക്ഷേത്രാധികാരികൾ പറഞ്ഞിട്ടും അയാൾ വകവയ്ക്കാതെ കവർച്ചനടത്തി. അവിടെയുണ്ടായിരുന്ന തിരുവാഭരണങ്ങളെല്ലാം അപഹരിച്ചിട്ട് അയാൾ മടങ്ങിപോവുംവഴി

ക്കാണ്, ആ ക്ഷേത്രക്കാവലായ ഒരു നായർ അയാളെയും ഭടന്മാരെയും കണ്ടുമുട്ടിയത്. അയാൾ തനിച്ചേ ഉണ്ടായിരുന്നുള്ളുവെങ്കിലും, അവരോടു് എതിരിടാൻ മടിച്ചില്ലത്രേ. പാറങ്കികളിൽ പലരും അയാളുടെ ആയുധത്തിനു് ഇരയായി. ഗവണ്ണർപോലും ആത്മരക്ഷാർത്ഥം കുതിരപ്പുറത്തുനിന്നും താഴത്തിറങ്ങേണ്ടതായിവന്നു. കേവലം സംഖ്യാബലം കൊണ്ടുമാത്രമാണു് അവർ രക്ഷപ്പെട്ടതെന്നു "വൈറവേ" എന്ന പാശ്ചാത്യൻ രേഖപ്പെടുത്തിയിരിക്കുന്നു.

നായന്മാരുടെ പ്രധാന വിനോദം പടക്കളി ആയിരുന്നു. കയ്യാങ്കളി, കാണത്തല്ലു് മുതലായ പടക്കളികൾ എല്ലാ ആണ്ടുകളിലും നടന്നുവന്നു. സ്ത്രീകൾപോലും ഈ വിനോദം കണ്ടു രസിപ്പാനായി കൂടാറുണ്ടായിരുന്നു. ടിപ്പുവിന്റെ ആക്രമണകാലത്തിനിപ്പുറംവരെ പടക്കളികൾ നടന്നുവന്നു. തോക്കുകൊണ്ടുള്ള യുദ്ധം നടപ്പിലായതിനോടുകൂടിയാണു് ഇത്തരം കളികൾ നിന്നുപോയതു്. ഇക്കാലത്തുപോലും നടന്നുവരുന്ന ഓച്ചിറക്കളി പുരാതന പടക്കളിയുടെ ഒരു അവശിഷ്ടമാണു്.

1817 ജൂലൈ മാസം 4-ാംതീയതി സർ, താമസ് മൺറൊ മദ്രാസ് ഗവർണ്ണർക്കു് അയച്ച ഒരു റിപ്പോർട്ടിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

"അതാതുനാടുകളിലെ സേനാനായകപദം നാടുവാഴികൾതന്നെ വഹിക്കുന്നു. യുദ്ധകാലങ്ങളിൽ രാജാവിനെ അനുസരിച്ചു് തങ്ങളുടെ കീഴിലുള്ള ദേശവാഴികളോടും പടയാളികളോടുംകൂടി അവർ പടയ്ക്കു പുറപ്പെടുന്നു. സമാധാനകാലത്തു് നാടുവാഴികൾ രാജസമക്ഷം ബലപരീക്ഷ നടത്തിവന്നു. ഈ യുദ്ധത്തിൽ അളപ്പകടം സംഭവിക്കുക സാധാരണമായിരുന്നു. പരേതന്മാരുടെ ശേഷക്രിയ നടത്താനായി, അവരുടെ അവകാശസ്ഥാനം പതിനാറു മുതൽ മുന്നൂറു രൂപവരെ നാടുവാഴികൾ കൊടുത്തുവന്നു. ഈമാതിരി ഏർപ്പാടുകൾ ചെയ്തിരുന്നതു നായന്മാരുടെ ശൌര്യത്തെ പുരസ്കരിപ്പാനായിരുന്നുവത്രേ."

പഴേകാലത്തു വസ്തുതർക്കങ്ങൾപോലും തീർത്തുവന്നതു യുദ്ധംവഴിക്കായിരുന്നുവത്രെ. ഇരുഭാഗക്കാരും പടനിലത്തു വന്നിട്ടു്

രണ്ടു ഭരന്മാർ പിരിഞ്ഞതിന്റെ ദൂരത്താവുമ്പോൾ, ഒരു ബ്രാഹ്മണനെ വിളിച്ചു; "ശത്രുവിന്റെ കോട്ടയിൽചെന്നു നൂറു നായന്മാരെ കൂട്ടിക്കൂടി വരാൻ പറയൂ. ഞാനും എന്റെ പക്ക നൂറു നായന്മാരും സന്നദ്ധരായിരിക്കുന്നു" എന്നു പറയുന്നു. യുദ്ധം രണ്ടോമൂന്നോ ദിവസത്തേക്കു നിലനിന്നു പോരുന്നവരാം.

നായന്മാർ യുദ്ധത്തിൽ ഒരു കാലത്തും ചതിപ്രയോഗിക്കാറില്ലായിരുന്നുവെന്നു ക്ഷത്രിയസ്മൃതികാരന്മാർ പ്രസ്താവിച്ചിരിക്കുന്നു. യൂറോപ്യന്മാരുടെ യുദ്ധസമ്പ്രദായം സ്വീകരിച്ചതിനുശേഷമാണു് നായന്മാരുടെ സ്വഭാവത്തിനു് അപകർഷം നേരിട്ടതു്.

നായന്മാർ സദാ വില്ലും അമ്പും വാളും പരിചയും ധരിച്ചു വഴിയിൽക്കൂടി സഞ്ചരിക്കാറുണ്ടായിരുന്നുള്ളൂ. അങ്ങനെ ചെയ്യാത്തവർ മറുള്ളവരുടെ ഹാസ്യത്തിനു പാത്രമായിത്തീരുന്നു എന്നു വർത്തമാനപറയുന്നു. ഇങ്ങനെ ആയുധങ്ങൾ കൊണ്ടു നടക്കുന്നതു് സ്വാധുരക്ഷണത്തിനും തങ്ങളോടു മര്യാദയില്ലാതെ പെരുമാറുന്നവരെ ശിക്ഷിക്കുന്നതിനും ആയിരുന്നു. കുടിപ്പക വീട്ടുക അവരുടെ കർത്തവ്യങ്ങളിൽ ഒന്നായിരുന്നതേ. ഒരുവനെ മറൊരാൾ കൊലചെയ്താൽ മരിച്ച ആളിന്റെ കുടുംബക്കാർ, ഘാതകന്റെ വംശമറ്റുതുടച്ചുനീക്കുവോളം അടങ്ങിയിരിക്കുകയില്ല. 'കൊന്നവന്റെ മുറത്തു മരിച്ചവന്റെ ശവം' എന്നൊരു പഴമൊഴിയുണ്ടു്. മരിച്ചയാളിന്റെ മൃതശരീരം കൊന്നവന്റെ വീട്ടിനുള്ളിൽ കൊണ്ടുചെന്നിട്ടിട്ടു്, അതിനെ വീടോടുകൂടി ദഹിപ്പിച്ചുവരുന്നു.

അഭിമാനരക്ഷയ്ക്കായും പരസ്പരം പൊരുതുവരുന്നു. അതിനു് "അങ്കംപൊരുതൽ" എന്നു പേർ. നാടുവാഴിയുടെ മാദ്ധ്യസ്ഥ്യത്തിൽ ആണു് ഇത്തരം ദ്വന്ദ്വയുദ്ധം നടന്നുവന്നതു്. മാദ്ധ്യസ്ഥ്യം വഹിക്കുന്നതിനു് ആയിരംപണം കെട്ടിവയ്ക്കണമെന്നായിരുന്നു കണക്കു്.

നീതിന്യായം.

കുറ്റംചെയ്തവരെ ശിക്ഷിക്കുന്നതിനു കാര്യക്കാർ എന്നു് പ്രത്യേകം ഉദ്യോഗസ്ഥന്മാരുണ്ടായിരുന്നു. മോഷണംചെയ്തവൻ താഴ്ന്നജാതി ക്കാരനായാൽ, അവന്റെ തലവെട്ടി ഒരു

കഴുവിന്മേൽപുറംചൊറ്റു കുത്തിനിറുത്തുക പതിവായിരുന്നു. കുറ്റക്കാരൻ മാപ്പിളയായാൽ കുത്തിക്കൊന്നുകളയും. തിരിയേ കിട്ടുന്നകളവുമുതലിൽ ഒരു ഓഹരി കാണുക്കാക്കുള്ളതാണു്. കള്ളംചെയ്തുവെന്നു സംശയിച്ചു പിടിക്കപ്പെടുന്നവൻ കാരാഗൃഹത്തിൽ ഏഴു ദിവസംവരെ പാർപ്പിക്കപ്പെടുന്നു. അതിനുള്ളിൽ അവൻ കുറ്റം സമ്മതിക്കാത്തപക്ഷം സത്യപരീക്ഷ നടത്തുന്നു. ക്ഷേത്രസന്നിധിയിൽവച്ചു് ഒരു ചെമ്പുപാത്രത്തിൽ എണ്ണതിളപ്പിച്ചു്, അതിൽ അവന്റെ വലത്തുകൈവിരൽ ഈശ്വരസാക്ഷികമായി മുക്കിക്കുന്നു. മുക്കിയഭാഗത്തെ ഉടൻതന്നെ തുണികൊണ്ടു പൊതിഞ്ഞുകെട്ടി മുദ്രവച്ചശേഷം അയാൾ വീണ്ടും മൂന്നുദിവസത്തേക്കുകൂടി കാരാഗൃഹത്തിൽ പാർപ്പിക്കപ്പെടുന്നു. അതിനുശേഷം കാണുക്കാരുടെ മുമ്പിൽവച്ചു് കെട്ടു് അഴിച്ചുനോക്കുമ്പോൾ, വിരലുകൾ പൊള്ളിയതായിക്കണ്ടാൽ അവനെ ശിക്ഷിക്കും. അല്ലാത്തപക്ഷം അന്യായക്കാരനെക്കൊണ്ടു പ്രായശ്ചിത്തം ചെയ്യിക്കും. സംശയഗ്രസ്തൻ മഹമ്മദീയനാണെങ്കിൽ, പൂട്ടഴിപ്പിച്ചു ഇരുമ്പു നക്കിച്ചുനോക്കും; നാവു പൊള്ളുന്നപക്ഷം വധശിക്ഷതന്നെ.

പ്രഭുക്കന്മാരെ ഒരു കാരണവശാലും അപമാനിച്ചു പതിവില്ലായിരുന്നു. ഏതെങ്കിലും പ്രഭു, കവർച്ച കൊലപാതകം മുതലായ കുറ്റം ചെയ്യുന്നതായിരുന്നാൽ വിചാരണ നടത്തേണ്ടതു രാജാവുതന്നെയായിരുന്നു. കുറ്റംതെളിഞ്ഞാൽ അയാൾക്കും വധശിക്ഷതന്നെ നല്കിവന്നു.

സ്ത്രീകൾക്കു വധശിക്ഷ നല്കാറുണ്ടായിരുന്നില്ല. ദുരാചാരിണികളെ രാജാവു് കുസ്ത്യാനികൾക്കും മഹമ്മദീയർക്കും പിറുകളയും. എന്നാൽ പ്രവൃത്തിദോഷം രാജാവു് അറിയുന്നതിനുമുമ്പിൽതന്നെ സ്ത്രീയുടെ ബന്ധുക്കൾ അവളെ കുത്തിക്കൊന്നുകളയുമായിരുന്നു.

വലിയ കുറങ്ങൾക്കെല്ലാം വധശിക്ഷയാണു് നല്കിവന്നതു്. ശിക്ഷ നടത്തുന്ന വിഷയത്തിൽ രാജാക്കന്മാർ വളരെ നിഷ്കൃഷ്ടിച്ചുവന്നു.

വേഷഭ്രഷ്ടാദികൾ.

കേരളീയരുടെ വേഷഭ്രഷ്ടാദികളെപ്പറ്റി ടാവർണ്ണിയർ തുടങ്ങിയ പാശ്ചാത്യന്മാർ വർണ്ണിച്ചിട്ടുണ്ടു്.

നായന്മാർ അഭിജാത്യംനിമിത്തം മറു നായർ ഗൃഹങ്ങളിൽനിന്നു മാത്രമേ ഭക്ഷിക്കാനുണ്ടായിരുന്നുള്ളു. അവർ പട്ടണങ്ങൾ വിട്ട് കാലമേഞ്ഞ ഗൃഹങ്ങളിൽ പാർത്തുവന്നു. ക്ഷേത്രങ്ങളിലും രാജാഗൃഹങ്ങളിലും മാത്രമേ ഓടുമേയാൻ അനുവദിക്കപ്പെട്ടിരുന്നുള്ളു.

പുരുഷന്മാരും സ്ത്രീകളും കാതുകുത്തി വളർത്താറുണ്ടായിരുന്നത്രേ. സ്ത്രീകൾ മുത്തുരത്നാംവതിച്ചു കാതിലകൾ ധരിച്ചുവന്നു. പുരുഷന്മാർ കൈപിരലുകളിൽ നഖം വളർത്താറുണ്ടായിരുന്നു. സ്ത്രീകളെപ്പോലെ പുരുഷന്മാരും തലമുടി വളർത്തി നിറുകയിൽ കൂട്ടിപ്പിടിച്ചു കെട്ടിവയ്ക്കാറുണ്ടായിരുന്നു. പുരുഷന്മാർ വിലയേറിയ തോർവളകൾ ധരിച്ചുവന്നു. തോർവള അഭിജാത്യലക്ഷണമായി ഗണിക്കപ്പെട്ടിരുന്നു.

ഉയർന്ന ജാതിക്കാർ വെളിയിൽ സഞ്ചരിക്കുമ്പോൾ പോ! പോ! എന്നു അട്ടിക്കൊണ്ടേ സഞ്ചരിക്കൂ. ജാതിവ്യത്യാസം പോർത്തുഗീസുകാരുടെ കാലമായപ്പോഴേക്കും അതിഭയങ്കരമായ നിലയിൽ എത്തിയിരുന്നു. അതുനിമിത്തം ക്രിസ്ത്യാനികളുടേയും മഹമ്മദീയരുടേയും സംഖ്യ വർദ്ധിച്ചുവന്നു. കീഴ്ജാതിക്കാരുമായി തൊട്ടുണ്ടവരെ ജാതിഭ്രഷ്ടനാക്കി വിടാറുണ്ടായിരുന്നു. അങ്ങനെ ഭ്രഷ്ടന്മാരായിത്തീർന്നവർ അന്യമതത്തിൽ ചേരുകയോ കാഷായവസ്ത്രം ധരിച്ചുനടക്കയോ ചെയ്യുവന്നു.

ഒരു നായർ സ്ത്രീയെ താണജാതിക്കാരൻ തൊട്ടുപോയാൽ അവളുടെ ബന്ധുക്കൾ രണ്ടുപേരെയും കൊന്നുകളയുമായിരുന്നുവെന്നു ബാർബോസാ പ്രസ്താവിച്ചിരിക്കുന്നു.

നായന്മാർ കഴിഞ്ഞാൽ സുറിയാനി ക്രിസ്ത്യാനികൾക്കായിരുന്നു പ്രാധാന്യം. അവർ തെക്കുംഭാഗക്കാർ, വടക്കുംഭാഗക്കാർ എന്നു രണ്ടായി പിരിഞ്ഞിരുന്നു. മാർ തോമസിന്റെ ഒന്നാമത്തെ കാന്യയിലുണ്ടായ സന്തതികളെന്ന നിലയിൽ തെക്കുംഭാഗക്കാർ കൂടുതൽ അഭിജാത്യം ഭാവിച്ചുവന്നു. തന്നിമിത്തം വടക്കുംഭാഗക്കാരുമായി അവർ കൂടിക്കഴിയുകയോ കല്യാണം കഴിക്കയോ നടപ്പുണ്ടായിരുന്നില്ല. അവക്കു കോട്ടയം, കടുത്തുരുത്തി, ഉദയംപേരൂർ മുതലായ സ്ഥലങ്ങളിൽ പള്ളികളുണ്ടായിരുന്നു.

ക്രിസ്ത്യാനികൾ വളരെ പരിശ്രമശീലന്മാരും ബുദ്ധിമാന്മാരുമായിരുന്നു. വേഷഭൂഷാദികളിൽ അവർക്കു ഹിന്ദുക്കളിൽനിന്നു വലിയ വ്യത്യാസമുണ്ടായിരുന്നില്ല. സ്ത്രീകൾമാത്രം കുപ്പായത്താൽ മാറുമറച്ചുവന്നു. സ്ത്രീകളെപ്പോലെ പുരുഷന്മാരും തലമുടി വളർത്താറുണ്ടായിരുന്നതേ. മുടി നിറുകയിൽ കെട്ടിവച്ചിട്ട് അതിൽ വെള്ളിക്കമ്പിശോ സ്വർണ്ണക്കമ്പിശോ ധരിക്കപതിവായിരുന്നു. തലയിൽ ഒരു പട്ടുമാലും ധരിക്കാറുണ്ടായിരുന്നതേ. ആയുധവിദ്യ അവരും അഭ്യസിച്ചുവന്നു. പുറത്തു സഞ്ചരിക്കുമ്പോൾ ഒക്കെയും വാളും തോക്കുംകൊണ്ടു നടക്കാറുണ്ടായിരുന്നെങ്കിലും, അവർ പ്രകൃത്യാ ശാന്തന്മാരായിരുന്നു. കച്ചവടം ആയിരുന്നു അവരുടെ പ്രധാനതൊഴിൽ. മാംസാഹാരവും ലഹരിപദാർത്ഥങ്ങളും അവർ വർജ്ജിച്ചുവന്നു. വസ്തുസംബന്ധമായ തർക്കങ്ങൾ ഉണ്ടായാൽ അതു കേട്ടു തീർപ്പുയാക്കിവന്നതു മെത്രാനും അച്ചുഡീക്കനും കൂടിയായിരുന്നു. എന്നാൽ കുറ്റം ചെയ്യുന്നവരെ ശിക്ഷിക്കാൻ രാജാവിനു മാത്രമേ അധികാരം ഉണ്ടായിരുന്നുള്ളു.

തീണ്ടൽ, തൊടീൽ തുടങ്ങിയ അനാചാരങ്ങൾ അവരുടെ ഇടയിലും നടപ്പിൽ ഇരുന്നു. ഉദയമ്പേരൂർവെച്ചു് 774-ാമാണ്ടിടയ്ക്കു് ബിഷപ്പ്മെനസ്സസ് കരു ക്രൈസ്തവസഭ വിളിച്ചുകൂട്ടിയിട്ട് ചില നിശ്ചയങ്ങൾ ചെയ്തു. ആ നിശ്ചയങ്ങളിൽനിന്നു കേരളത്തിലെ ക്രിസ്ത്യാനികളുടെ ഇടയ്ക്കു് ഹൈന്ദവാചാരങ്ങളിൽ പലതും നടപ്പിലിരുന്നു എന്നു കാണാം.

ഈഴവരാണ് തെങ്ങു സംബന്ധിച്ചു സകലവ്യവസായങ്ങളും പ്രധാനമായി നടത്തിവന്നതു്. അവരിൽ വൈദ്യം, ജ്യോതിഷം തുടങ്ങിയ ശാസ്ത്രങ്ങളിൽ നിപുണന്മാർ ധാരാളം ഉണ്ടായിരുന്നതായി കാണുന്നു. ആയുധവിദ്യയിൽ അഭിജ്ഞതയുള്ളവരായ ഈഴവരും അപൂർവ്വമായിരുന്നില്ല.

വിദ്യാഭ്യാസം.

ഇന്നത്തേപ്പോലെ വിദ്യാഭ്യാസം സാർവ്വത്രികമായി തീർന്നിരുന്നില്ലെങ്കിലും, അക്ഷരവിദ്യ ഏറെക്കുറെ പ്രചരിച്ചിരുന്നു. അഞ്ചുവയസ്സുമുതലുള്ള രണ്ടുമൂന്നു കൊല്ലത്തോളമെങ്കിലും പള്ളിത്താന്റെ കീഴിൽ എല്ലാ ബാലന്മാരും എഴുത്തു പഠിച്ചുവന്നു.

എഴുത്തച്ഛോലിക്കൊണ്ടുമാത്രം കാലക്ഷേപം ചെയ്യുവന്നിരുന്നവർ ഒട്ടുവളരെയുണ്ടായിരുന്നു. കോവിലകങ്ങളിൽ എഴുത്തച്ഛോലിക്കാരായ മേനോന്മാരുടേയും കണക്കപ്പിള്ളമാരുടേയും ആവശ്യം നേരിട്ടിരുന്നതുകൊണ്ട് ഉദ്യോഗങ്ങളെ കാംക്ഷിച്ചു പലരും അക്ഷരാഭ്യാസം ചെയ്യുവന്നു. ഓലയിൽ എഴുത്താണി ഉപയോഗിച്ചു വെടിപ്പായി എഴുതാൻ സാധിക്കുന്നതു് വലിയ ഒരു യോഗ്യതയായിഗണിക്കപ്പെട്ടിരുന്നു. എഴുത്തച്ഛുത്തുകം എല്ലാം വട്ടെഴുത്തിലായിരുന്നു. ഗണിതവും മിക്ക അളുകളും പഠിക്കാറുണ്ടായിരുന്നു.

സാഹിത്യം.

ഈ കാലത്തിനുള്ളിൽ ഭാഷാസാഹിത്യത്തിനു് ഒരു നിലയും വിലയും സിദ്ധിച്ചുകഴിഞ്ഞു. പലതരം പാട്ടുകൾക്കു പുറമേ, രാമചരിതം, ലീലാതിലകം, കണ്ണശ്ശഭാരതം, കണ്ണശ്ശരാമായണം, കണ്ണശ്ശഭാഗവതം, കൃഷ്ണഗാഥ, കേരളവർമ്മരാമായണം, എഴുത്തച്ഛന്റെ കൃതികൾ ഒട്ടുവളരെ ചമ്പൂഗ്രന്ഥങ്ങൾ, ആട്ടക്കഥകൾ എന്നിങ്ങനെ വിലയേറിയ അസംഖ്യം ഉത്തമസാഹിത്യഗ്രന്ഥങ്ങൾ ഭാഷയിലുണ്ടായി. മലയാളം സ്വതന്ത്രമായ ഒരു നിലയെ പ്രാപിക്കയും അക്ഷരമാലയ്ക്കു പൂർണ്ണത സിദ്ധിക്കയും ചെയ്തു.

ഡച്ചുഗവർണ്ണരായിരുന്ന വാൻറീഡ് എഴുതിയ മലയാളത്തിലെ സസ്യശാസ്ത്രമാണു് ഭാഷയിൽ അത്യുമായി അച്ചടിക്കപ്പെട്ട ഗ്രന്ഥം.

അധ്യായം ൭.

ശ്രീവീരമാർത്താണ്ഡവർമ്മ 903—933

പെരുമാൾവാഴ്ച അവസാനിച്ചു കാലംമുതൽക്കു കേരളം പലേ രാജാക്കന്മാരുടേയും ദേശവാഴികളുടേയും കീഴിലായിത്തീർന്നതുകൊണ്ടുകേരളീയർ,ടിപ്പുകാലത്തേക്കു സൈരജീവിതം എന്തെന്നറിയാതെ കഴിഞ്ഞുകൂടി. നാടുവാഴികളുടെ മത്സരവും കൂടിപ്പുകയും

ശ്രീവീരമാത്താണ്ഡവൻ

നാട്ടിനെ വിദേശീയാധിപത്യത്തിനു വിധേയമാക്കിത്തീർക്കപോ
ലും ചെയ്തു. യുദ്ധത്തിൽ സദാകാലം ഏർപ്പെട്ടിരിക്കുകനിമിത്തം
രാജാക്കന്മാരുടെ തലസ്ഥാനനഗരികളും മാറിമാറിക്കൊണ്ടിരുന്നു.
പറങ്കികളും അവരെ തുടർന്നു വന്നുക്കാരും നമ്മുടെ നാട്ടിൽ വരു
ത്തിക്കൂട്ടിയ തകരാറുകൾ ചില്ലറയൊന്നുമായിരുന്നില്ല. കച്ചവട
ത്തിനായി വന്ന അക്കൂട്ടർ ക്രമേണം മുന്തു് ഊരാണ്മ എന്ന മട്ടിൽ
കേരളരാജ്യത്തിന്റെ അധിപതികളായിത്തീർന്നു.

വേണാട്ടിനു വേറൊരു ദുഷ്ടംകൂടി നേരിട്ടു. യൂറോപ്പി
ലെപ്പോലെ രാജസ്ഥാനവും മതവും തമ്മിലുള്ള ബലപരീക്ഷ
പൌരസ്ത്യദേശങ്ങളിൽ കരിടത്തും ഉണ്ടാകാറില്ലായിരുന്നു. രാജാ
ക്കന്മാർ ധർമ്മപരിപാലകന്മാർകൂടി ആയിരുന്നതുകൊണ്ടു് അവർക്കു
പുരോഹിതശക്തിക്കു കീഴടങ്ങേണ്ട ദുർഗ്ഗതി നേരിട്ടിട്ടില്ല. മിക്ക
രാജാക്കന്മാർക്കും കോവിലധികാരികൾ എന്ന സ്ഥാനംകൂടി ന
ല്കപ്പെട്ടിരുന്നതായിക്കാണുന്നു. എന്നാൽ വേണാട്ടധിപതിക്കു
ശ്രീപദ്മനാഭക്ഷേത്രഭരണത്തെ സംബന്ധിച്ചിടത്തോളം വളരെ
പരിമിതമായ ശക്തിയേ ഉണ്ടായിരുന്നുള്ളു. യോഗക്കാർ പല്ല
പ്പോഴും രാജാക്കന്മാരെക്കൊണ്ടു തുച്ഛമായ കാര്യങ്ങൾക്കുപോലും
പ്രായശ്ചിത്തം ചെയ്യിച്ചുവന്നു. സാധാരണ ജനതയുടെ സുഖ
ക്ഷേമങ്ങൾ പ്രബലന്മാരായ രാജാക്കന്മാരുടെ അഭാവത്തിൽ
ശിഥിലമായിപ്പോകുന്നതിനാൽ, രാജശക്തിയെ വളർച്ചപ്പിക്കുന്ന
വിഷയത്തിൽ ജനങ്ങൾ സദാ ഉൽസുകരായിരുന്നുവെങ്കിലും,
യോഗക്കാരും മാടമ്പികളും അതിനു പ്രതിബന്ധമായിത്തീർന്നു.
രാജാക്കന്മാർ ക്ഷേത്രകാര്യങ്ങളിൽ കൂടുതലായി കൈകടത്തിവരു
തിനെ അവർ തടഞ്ഞു. അവരെ അമർച്ചചെയ്യാതെ രാജശക്തി
യുടെ വികാസം ദുസ്സാധമായിത്തീർന്നു. എന്നാൽ ചേരരാജ
വംശത്തിന്റെ കിനാത്തായ്പഴികൾ തമ്മിലുള്ള സൈരക്കേടും
തുടരെത്തുടരെ ഉണ്ടായിക്കൊണ്ടിരുന്ന മധുരനായ്ക്കന്മാരുടെ അ
ക്രമണവുംനിമിത്തം മാടമ്പിമാരെയും പോറ്റിമാരെയും അമർച്ച
ചെയ്യുന്നതിനു രാജാക്കന്മാർക്കു കഴിയാതെവന്നതിൽ അത്ഭു
പ്പെടാനില്ല പോരെങ്കിൽ പോർത്തുഗീസുകാരും ഡച്ചുകാരും
തിരുവിതാംകൂറിന്റെ ഏകീകരണത്തിനുള്ള മാർഗ്ഗങ്ങളെ നിരോ
ധിച്ചുകൊണ്ടുമിരുന്നു.

മാത്താണ്ഡവർമ്മമഹാരാജാവിന്റെ മാതുലനായിരുന്ന രാമവർമ്മമഹാരാജാവു് മഹാബുദ്ധിശാലിയും നയജ്ഞനുമായിരുന്നതിനാൽ മധുരനായ്ക്കനുമായി സഖ്യംചെയ്കയും അദ്ദേഹത്തിന്റെ സഹായത്തോടുകൂടി മാടമ്പിമാരെയും എട്ടുവീടരെയും ഏറെക്കുറെ അടക്കിനിർത്തുകയും ചെയ്തുവെന്നിരുന്നാലും, അതുകൊണ്ടുമാത്രം സമാധാനം സുസ്ഥാപിതമായിത്തീർന്നില്ല. അഭ്യന്തരകലഹങ്ങളെ ശമിപ്പിക്കുന്നതിനു ബാഹ്യശക്തികളുടെ സഹായത്തെ അവലംബിക്കുന്നതു പിൽക്കാലത്തു പലവിധത്തിലുള്ള ദോഷങ്ങൾക്കു കാരണമായിത്തീർന്നേക്കാവുന്നതിനാൽ, ശാശ്വതമായ സമാധാനത്തിനു് ബാധകംതന്നെയാണു്. അതിപ്രബലനായ ഒരു രാജാവിന്റെ ആവശ്യം ആണു് അന്നു് തിരുവിതാംകൂറിനു് നേരിട്ടതു്. പാരാപേക്ഷകൂടാതെയും സപ്രയത്നങ്ങളുടെ സഹായസഹകരണങ്ങളെ ആശ്രയിച്ചും രാജ്യസ്ഥാപനം നിർവ്വഹിക്കുന്ന രാജാക്കന്മാർ മാത്രമേ ലോകപൂജ്യത്വം പാത്രീഭവിക്കുന്നുള്ളു. തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം പ്രജാസഞ്ചയം പില്ക്കാലത്തും രാജസ്ഥാനത്തിനു് അനുകൂലമായിരുന്നു. മാടമ്പിമാർ എത്രതന്നെ ശ്രമിച്ചിട്ടും, അവരുടെ രാജഭക്തിയെ നശിപ്പിക്കുന്നതിനു സാധിച്ചിരുന്നില്ല. നാട്ടുകൂട്ടങ്ങൾ വഴിക്കു ജനങ്ങൾ തങ്ങളുടെ അഭിലാഷങ്ങളെ രാജാക്കന്മാരെ അറിവിക്കയും, രാജാക്കന്മാർ അവയെ യഥാശക്തി പൂരിപ്പിക്കുന്നതിനു ശ്രമിക്കയും ചെയ്യുവന്നതുകൊണ്ടു്, ഭരണീയരും ഭരണകർത്താക്കളും തമ്മിലുള്ള ബന്ധം സുദൃഢമായിത്തന്നെ ഇരുന്നു. അതുകൊണ്ടു തിരുവിതാംകൂറിന്റെ ഏകീകരണത്തിനു് അക്ഷീണപ്രയത്നപരാക്രമത്തോടുകൂടിയ ഒരു രാജാവിന്റെ ആവിർഭാവം ഉണ്ടാകേണ്ട താമസം മാത്രമേ ഉണ്ടായിരുന്നുള്ളു. സകല പരിതഃസ്ഥിതികളും അതിനു് അനുകൂലമായിരുന്നു. ജനങ്ങൾ അതിനുവേണ്ടി ജഗദീശ്വരനോടു് സദാ പ്രാർത്ഥിച്ചുകൊണ്ടുമിരുന്നു; എന്നാൽ ആ പ്രാർത്ഥന കേവലം വനരോദനമായി കലാശിച്ചില്ല. കൊല്ലവർഷം 881-ൽ അറുങ്ങൽ മുത്തമ്മറാട്ടിക്കു് ഒരു പുരുഷസന്താനമുണ്ടായി. ആ തിരുമേനിയാണു് പിൽക്കാലത്തു് വിശ്രുതവിഖ്യാതനായിത്തീർന്ന ശ്രീ വീരമാർത്താണ്ഡദേവൻ.

ജനനവും ബാല്യദശയും.

കൊല്ലവർഷം 859-ൽ ഉമയമ്മറാണിയുടെ പുത്രനായ രവിവർമ്മ തിരുമുപ്പേറതിനുശേഷം, കോലത്തുനാട്ടിൽനിന്നു രാജവംശത്തിലേക്കു വംശവർദ്ധിനികളായ രണ്ടു സ്ത്രീകളേയും രണ്ടു പുരുഷന്മാരേയും ദത്തെടുത്തതിൽ, മൂത്താണി അഛിരേണ നാടുനീങ്ങുകയാൽ എളയറാണി ആറുങ്ങൽ മൂത്തതമ്പുരാട്ടിയായിത്തീർന്നുവെന്നും ആ റാണിയാണ് വീരമാർത്താണ്ഡദേവനെ പ്രസവിച്ചുതെന്നും മി: ശങ്കുണ്ണിമേനവന്റെ ചരിത്രത്തിൽ കാണുന്നു. എന്നാൽ ശ്രീമാർത്താണ്ഡമാഹാത്മ്യം എന്ന പഴയ കൃതിയിൽ പ്രസ്താവിച്ചിട്ടുള്ളത് അങ്ങനെയല്ല.

"മാർത്താണ്ഡസ്വാമിക്കൊരു വയസ്സു തികഞ്ഞപ്പോൾ
ജ്ഞാത്തികൊണ്ടഛോ സ്വർഗ്ഗേ ഗമിച്ചിതു മയനും.
മഹിഷിയതുമൂലം വൈഷാദം നിമിത്തമായ്
സ്വാമിയുമതി വന്നിട്ടവളും സ്വർഗ്ഗം പുക്കാൾ.
ബാലകൻതന്നെപ്പിന്നെ വളർത്താൾ മാതുഷ്വസാ."

ഈ രേഖയാണ് കൂടുതൽ വിശ്വാസയോഗ്യമായിരിക്കുന്നത്. അതുകൊണ്ട് അദ്ദേഹത്തിന്റെ മാതാവു് ആറ്റിങ്ങൽ മൂത്തതമ്പുരാട്ടിയായിരുന്ന ഉമയമ്മറാണി ആയിരുന്നുവെന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു. എന്നാൽ എളയതമ്പുരാട്ടിക്കു് ആയിരുന്നു അദ്ദേഹത്തിനെ വളർത്തുന്നതിനുള്ള ഭാഗ്യം ലഭിച്ചതു്. പിതാവു് കിളിമാനൂർ കോയിത്തമ്പുരാൻ ആയിരുന്നുവെന്നല്ലാതെ അദ്ദേഹത്തിന്റെ ശരിയായ പേരു് എന്തായിരുന്നുവെന്നു നിശ്ചയമില്ല. മാർത്താണ്ഡവിലാസത്തിൽ 'ഉമയൻ' എന്നു പേരു്. അദ്ദേഹത്തിനു നല്കിക്കാണുന്നു.

ഈ രാജകുമാരന്റെ ജനനകാലത്തു നാടുവാണിരുന്ന രവിവർമ്മരാജാവു് അതിസമർത്ഥനായിരുന്നുവെന്നു നാം കണ്ടു. അദ്ദേഹം ഈ അവസരത്തിൽ ശാസ്ത്രോക്തമായനിരവധി ദാനധർമ്മങ്ങൾ ചെയ്തതിനു പുറമേ, ബാലപരിചരണാർത്ഥം വിശ്വസ്തന്മാരായ ഭൃത്യന്മാരെ ചുമതലപ്പെടുത്തുകയും ചെയ്തു. രാജകുമാരനു നാലുവയസ്സായകാലത്തു് ഒരുദിവസം തന്റെ മാതുലപുത്രനായ പല്ലുത്തമ്പിയുടെ സന്നിധിയിൽ ഒരു ജ്യോതിഷികൻ ചെന്നു,

ഞനിന്നടെപൈതൃഷ്വപസേയൻ യുവാവാകുംകാലം
മന്നിടമടക്കീടും നിന്നെയും കൊലചെയ്യും''

എന്നു പ്രവചിച്ചതായും അതുകേട്ടു കോപിഷ്ടനായിത്തീർന്ന തമ്പി കുമാരനെ അപഹരിച്ചു നിഗ്രഹിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്തതായും ഈ രഹസ്യവൃത്താന്തം ഭൃത്യന്മാർവഴിക്കു് അറിഞ്ഞ മന്ത്രിമാർ രാജ്ഞിയേയും രാജകുമാരനേയും അകമ്പടിയോടുകൂടി ഇരണിയലിൽനിന്നു പത്തുയോജന അകലെയുള്ള ഒരു സ്ഥലത്തേക്കു മാറിത്താമസിപ്പിച്ചതായും മാർത്താണ്ഡവിലാസത്തിൽ കാണുന്നു. ഇതു് മുഴുവൻ കെട്ടുകഥയാണെന്നു പ്രത്യക്ഷമാണു്. എന്തുകൊണ്ടെന്നാൽ പദ്മനാഭതമ്പി ഏകദേശം നമ്മുടെ രാജകുമാരന്റെ സമവയസ്കനായിരുന്നുവെന്നു 'വലിയ തമ്പി കുഞ്ഞുതമ്പിക്കതെ' എന്ന ഗ്രന്ഥത്തിൽനിന്നു നമുക്കു മനസ്സിലാക്കാം. അക്കഥയിൽ അതിശയോക്തിയുടെ സ്പർശംപോലും കാണുന്നില്ലെന്നു മാത്രമല്ല; അതിന്റെ രചയിതാവു് രാജപക്ഷീയൻ ആയിരുന്നുവെന്നും കാണുന്നു. രാമവർമ്മരാജാവിനു് അമ്പസ്യം തുടങ്ങിയകാലംവരെ രാജകുമാരനും തമ്പിമാരും സഹോദരഭാവേന വളർന്നുവന്നതായിട്ടാണു് ആ പാട്ടിൽ പ്രസ്താവിച്ചിട്ടുള്ളതു്.

അഞ്ചാമത്തെ തിരുവയസ്സിൽ വിദ്യാരംഭവും ഏഴിൽ തിരുമാടമ്പും മന്ത്രിമാർ യഥാവിധി നടത്തിച്ചു.

"അന്നബാലകനഞ്ചുവയസ്സിൽ വിദ്യാരംഭം
തിങ്കിനമേൽച്ചൂഡനയനമേഴാണ്ടിലും
കഴിഞ്ഞതിതേട്ടിൽകേട്ട ശബ്ദാക്ഷ്ടകാന്നണ്ണം;
കഴിഞ്ഞുപിടിച്ചതിനർത്ഥാരഭ്യാസങ്ങളും,
ഹസ്ത്യശ്വപ്രഹാരങ്ങൾ, ശാർദ്ദൂലപ്രഹാരങ്ങൾ,
ശസ്ത്രങ്ങൾ നവടയത്തിങ്കലെത്താഴിലുകൾ,
അഗ്നിശസ്ത്രാഭിജ്ഞാനം, ദിവ്യസായകജ്ഞാനം,
മംഗളമന്നിയേ സർവവിദ്യയും ഗ്രഹിച്ചിതു.
ശത്രുക്കൾ കോടിപ്പേരെ ക്ഷണംകൊണ്ടവനിയിൽ
വിത്രസ്തരാക്കിപ്പതിപ്പിക്കും വിദ്യയും പഠിച്ചു."

ഇങ്ങനെ നമ്മുടെ കഥാനായകനായ കുമാരൻ എട്ടോൻ പതുവയസ്സായപ്പോഴേക്കും ശസ്ത്രാസ്ത്രപ്രയോഗങ്ങളിലും കലാവിദ്യകളിലും അതിനിപുണനായിത്തീർന്നു.

രാജകുമാരനു കഷ്ടിച്ചു പന്ത്രണ്ടുവയസ്സായപ്പോൾ രവിവർമ്മ മഹാരാജാവു നാടുനീങ്ങുകയും ഉണ്ണിക്കേരളവർമ്മ മൂപ്പേല്ക്കുകയും ചെയ്തു. അദ്ദേഹം പ്രകൃത്യാ ശാന്തനും ക്ഷീണചിത്തനും ആയിരുന്നതിനാൽ, യോഗക്കാരുടേയും മാടമ്പിമാരുടേയും ദുർമ്മദം വർദ്ധിച്ചു. പ്രസിദ്ധയുദ്ധവീരനായിരുന്ന കേരളവർമ്മരാജാവിന്റെ നേതൃത്വത്തിൽ സുശിക്ഷിതമായും സുശിക്ഷിതമായിട്ടുമിരുന്ന അസൈന്യത്തെ പിരിച്ചു വിട്ടുകളഞ്ഞതിനാൽ, ആ ദുഷ്ടന്മാർ മാടമ്പിമാരെ സേവിച്ചു് അവരുടെ ശക്തിയെ പൂർവ്വാധികം പോഷിപ്പിച്ചുകൊണ്ടിരുന്നു.

കാര്യങ്ങളുടെ വികടമായ ഗതികണ്ടു നമ്മുടെ രാജകുമാരന്റെ ക്ഷമ നിർദ്ദോഷം അസ്തമിച്ചു. രാജ്യകാര്യങ്ങൾ നോക്കുന്നതിനു തന്നെ അനുവദിക്കണമെന്നു് അദ്ദേഹം സ്വമാതുലനോടു വിനയപൂർവ്വം അപേക്ഷിക്കയും കുമാരന്റെ ചൊടിയും ബുദ്ധിസാമർത്ഥ്യവും കണ്ടു സന്തുഷ്ടനായ മഹാരാജാവു് അതിനു സമ്മതം അരുളുകയും ചെയ്തു. അന്നുമുതൽക്കാണു് രാജകുമാരൻ ശത്രുക്കളുടെ ഉപജാപത്തിനു ലക്ഷ്യമായിത്തീർന്നതു്. എന്നാൽ അദ്ദേഹം നിസ്സഹായനായിരുന്നില്ല. കൊച്ചുരവി മാത്താണ്ഡപ്പിള്ള, കാന്വിത്താൻ, മകിടംചേരിമാത്താണ്ഡപ്പിള്ള, വെള്ളൈനാട്ടുകോട്ട വീരബാഹുപ്പിള്ള, കാരക്കോട്ടുകുറുപ്പു്, അനന്തപദ്മനാഭപിള്ള മുതലായ നിത്യസഹചരന്മാർക്കു പുറമേ ബലശാലികളായ അനുവീടരും യുവരാജാവിന്റെ രക്ഷയ്ക്കുവേണ്ടി പ്രാണത്യാഗംപോലും ചെയ്യുന്നതിനു സന്നദ്ധരായി വർത്തിച്ചുപോന്നു. ഏതുവിധത്തിലെങ്കിലും ഈ പ്രബലനായ ശത്രുവിനെ ഹനിക്കേണ്ടതാണെന്നു യോഗക്കാർ നിശ്ചയിച്ചുവെങ്കിലും, അവരുടെ ശ്രമങ്ങളൊന്നും ഫലപ്പെട്ടില്ല. എന്നാൽ യുവരാജാവു് അനുഭവിച്ചു സങ്കടങ്ങൾ അതീവ ദുസ്സഹങ്ങൾതന്നെയായിരുന്നു. അദ്ദേഹത്തിനു് അപച്ഛേദനനിമിത്തം ഒരുസ്ഥലത്തും സ്ഥിരമായി പാർക്കാൻ സാധിച്ചില്ലല്ലോ. ഒരിക്കൽ രാജകുമാരൻ ശത്രു

ക്കളെ ഭയന്നു മടവൂരിലുള്ള ഒരു വയലിൽക്കൂടി കടന്നുപോകവേ, ദുഷ്ടന്മാർ അദ്ദേഹത്തിനെ പിടിക്കുടുമെന്നുള്ള വട്ടത്തിലെത്തുകയും ഒരു സാധുസ്ത്രീ അദ്ദേഹത്തെ രക്ഷിക്കയും ചെയ്തു. പിന്നീടാലത്ത് അദ്ദേഹം ആ വീട്ടുകാർക്ക് പണിയിച്ചുകൊടുത്ത ഗൃഹം ഇപ്പോഴും ഉണ്ട്. ആ സ്ത്രീക്കായി കല്പിച്ചു പതിച്ചുകൊടുത്ത 'പഴഞ്ഞിക്കണ്ടം' ഇന്നും പ്രസ്തുത കുടുംബക്കാർ അനുഭവിച്ചുവരുന്നു. മടവൂർ ഉണ്ണിത്താന്മാർ തദ്ദേശജന്മാരാണത്രേ. മറ്റൊരവസരത്തിൽ അദ്ദേഹത്തിനു നേരിട്ട അപകടത്തെ കവി ഇങ്ങനെ വർണ്ണിക്കുന്നു.

"അക്കാലം പഞ്ചദശകൃതിസംഖ്യരാം മല്ലർ
വെക്കത്തിൽ*മദ്ധ്യാടവിമലനിൽ കേറുംവിധൌ
അവിടെ ചിലജനമൊരു ബാലകനോടു
ഭവനം തീണ്ടി വസിക്കുന്നിതെന്നതു കേട്ടു.
തിരഞ്ഞു ചെല്ലുന്നേരം കണ്ടിതു ബാലകനെ
വിരിഞ്ഞു വസിക്കുന്ന ഭടനായകരോടും"

ഇതുതന്നെ തരം എന്നു വിചാരിച്ചു ശത്രുഭടന്മാർ വളഞ്ഞു. രാജകുമാരനാകട്ടെ,

"ഭൃത്യരെപ്പിരികയാലെതുമയും ദുഃഖത്തോടു
നിഗ്രഹിപ്പതിന്നൊരുമാർഗ്ഗത്തെക്കാണായ്കയാൽ
അങ്ങൊരു ഗ്രഹമുണ്ടു മലയിലഗാധമായി
പൊങ്ങിനമെയത്തോടു ചാടിനാനതിൽനൃപ-
സിംഹശാബകമപ്പോൾ ഭൃത്യരും പലദിക്കിൽ
സംഹാരകാലമയ്യോ എന്നവരോടിപ്പോയാർ."

ഈ ഗഹനത്തിൽ അകപ്പെട്ട രാജകുമാരൻ മരിച്ചുപോയിരിക്കുമെന്നു വിചാരിച്ച് ആ ദുഷ്ടന്മാർ തിരിച്ചുപോയി.

"ഗ്രഹമിലഗാധത്തിൽ വെള്ളത്തിൽവീണവനെ
ഹഹഹ കഷ്ടം രക്ഷിച്ചീടുവാനാരു?"

എന്നു രാജഭൃത്യന്മാരും പിരുപിച്ചു. എന്നാൽ 'അരക്ഷിതം തിഷ്ഠതി ദൈവരക്ഷിതം' എല്ലാണല്ലോ പ്രമാണം. രാജകുമാരൻ 'ഭീമിച്ചു ചിത്തത്തോടു'കൂടിയെങ്കിലും ഈശ്വരന്റെ്യാനപൂർവ്വം അഗാ

---

* വടമലക്കാട്.

ധമായ കയത്തിൽ ചാടി കുറേനേരം നീന്തിയശേഷം ഒരു പാറ തപ്പിപ്പിടിച്ചു് അതിന്മേൽ കയറി അവിടെ ഇരുന്നുകൊണ്ടു നാലുപാടും കൈകളാൽ തലോടിയപ്പോൾ 'ചെറുമ്പൻ വങ്ക ചോലെ' എന്തോ ഒന്നു കാണുകയാൽ അതിൽക്കൂടി പത്തുനാഴി കനേരം നടന്നു. ഒടുവിൽ ഒരു കുഞ്ഞുകല്ലുകണ്ടു് അതിൽ കേറി അല്പം വിശ്രമിച്ചു. അതിനോടുകൂടി സൂര്യനും ഉദിച്ചു. ക്ഷുദ്ര ഭഞ്ജൻ അദ്ദേഹത്തിനെ കഠിനമായി ബാധിച്ചുവെങ്കിലും അവ യെ ഒന്നും വകവയ്ക്കാതെ നടന്നു നടന്നു് ഒരു നദീതീരത്തുചെന്നു ചേരുകയും അതിനെ നീന്തി അക്കരെക്കടന്നു് 'രസങ്ങളാം പക പഞ്ചം പലതരം' പറിച്ചു വിശപ്പടക്കുകയും സമീപസ്ഥമായ ഒരു ക്ഷേത്രത്തിൽചെന്നു് പോറിയോട്ടു് ചോറുവാങ്ങി അമൃതേ ത്തുകഴിക്കയുംചെയ്തു. അചിരേണ രാജഭൃത്യന്മാരിൽ ചിലർ അവിടെ വന്നുചേരുകയാൽ, കുമാരനു മറു ആപത്തൊന്നും നേരിട്ടില്ലത്രേ.

ഈ സംഭവത്തിനുശേഷം രാജകുമാരൻ കുറേക്കാലം തിരു വനന്തപുരത്തുപോയി താമസിച്ചു. പിന്നീടു് ഒരു അവസര ത്തിൽ അദ്ദേഹം ശ്രീമൂലത്തിലും കന്യാകുമാരിയിലും അല്പകാലം താമസിച്ചിട്ടു തിരിച്ചു് ഏഴുനല്ലും വഴി മാടമ്പിമാരുടെ അനു യായികൾ വളഞ്ഞു. അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്ന ചെറുസൈന്യം നിഗ്രഹിഷ്ടം പരാജിതരായി. എന്നാൽ ഒരു ചാ ന്നാന്റെ സഹായംകൊണ്ടു് അദ്ദേഹം രക്ഷപ്പെട്ടതായി പറയ പ്പെടുന്നു. വേറൊരു അവസരത്തിൽ ഒരു ബ്രാഹ്മണപുരോഹിതൻ അദ്ദേഹത്തിനുവേണ്ടി പ്രാണാപ്പണംപോലും ചെയ്തുയുണ്ടായത്രേ. ആ സംഭവത്തെ കവി ഇപ്രകാരം വർണ്ണിച്ചിരിക്കുന്നു:—

"കല്യനാം നരപതി വളരെസ്സേനയോടും
മന്ത്രികളോടും വീരസിംഹഭൃത്യന്മാരോടും
ചെന്നിഹ തൊഴുതിട്ടു തിരിയേവരുന്നേരം
തന്നിച്ചുസന്നദ്ധരായ് മഹാഡാംഭികർതാനും.

* * * *

* * * *

ഖന്നിഹ ഖളഞ്ഞിത്ര യുദ്ധത്തിനായി ശീഘ്രം
അന്നേരം ക്രുദ്ധന്മാരാം രാജകിങ്കരന്മാരും
സന്നദ്ധരായിത്തത്ര പ്രഥനം തുടങ്ങിനാർ.

* * * *
* * * *
* * * *

തങ്ങളിൽവില്ലും വാളും ഗദയും കല്പംകൊണ്ടു
പൊങ്ങിനകോപത്തോടു ചെയ്തു പോർ ഭയങ്കരം

* * * *
* * * *

പേടിച്ചു നൃപസൈന്യമോടുന്ന സമയത്ത്
അടൽപൂണ്ടയ്യോ കഷ്ടം! ഭൂപനുമോടീടിനാൻ;
പിന്നാലെ വിരട്ടിനാർ മഹാഡംഭോടികളും.
അന്നവനൊരുശിവക്ഷേത്രത്തിനകം പുക്കാൻ
ശാന്തിചെയ്യുന്നദ്വിജൻ സാർഗ്ഗളം പാത്രംചോറും
താൻതന്നെ പോവാനായിട്ടെടുത്തു നില്ക്കുന്നിതു.
ഭൂപൻതാൻ "കൊല്ലാനെന്നെ വരുന്നു ശത്രുജനം
അപത്തിൽനിന്നു പരിപാലിക്ക ഭയാനിധേ."
എന്നു ചൊന്നതു കേട്ടു ചൊല്ലിനാൻ മഹീസുരൻ;—
"ഇന്നൊരു നൃപപരിത്രാണനഹേതുവായി
ഞാൻ മറിച്ചതുകൊണ്ടിങ്ങെനിക്കുണ്ടാകും കീർത്തി.
ഈനംകൂടാതെനൃപൻ ജീവിച്ചുകൊണ്ടെന്നാകിൽ
വിപ്രനെയശേഷവും ത്രാണനം ചെയ്യും ഉഡം.
സുപ്രിയം കേൾക്ക മമ നാമവും കുലത്തെയും'
എന്നപ്പൻ പറഞ്ഞിട്ട താക്കോലുമുരുളിയും
ചോറും തൽവസ്ത്രത്തെയും ഭൂപങ്കൽ കൊടുത്തിതു.
ഭൂപന്റെ കരവാളും ഭൂഷണമുടുപ്പുകൾ
താപം കൂടാതെ താനും മേടിച്ചു ധരിച്ചിതു.
ഒരുകോണതിലൊളിച്ചിരുന്ന വിപ്രശ്രേഷ്ഠൻ
നരപാലകൻ ശാന്തിക്കാരനെപ്പോലെപോയി."

മാർത്തമല്ലേ, ശത്രുക്കൾ അദ്ദേഹത്തിനെ കണ്ടു ക്ഷേത്രത്തിനുള്ളിലേക്ക് ആരെങ്കിലും കടന്നുപോയോ എന്നു ചോദിച്ചു. അതിനു മറുപടിയായി താൻ പുറത്തേ കതകു പൂട്ടിയിട്ടില്ല എന്നു് അദ്ദേഹം മറുപടിയും പറഞ്ഞു.

"പെട്ടെന്നാർപ്പുക്ക ചിലർചുററിനോക്കുന്നനേരം
പട്ടരെപ്പിടിച്ചിതു; ഒളിച്ചുള്ളപനെന്നു
ക്ഷേത്രത്തിനുള്ളിൽവച്ചു വെട്ടിനാർ. നാറായിട്ട
ഗാത്രത്തെശ്ശുനകങ്ങൾക്കായ് ക്കൊണ്ടുകൊടുത്തിതു."

ഇതിനിടയ്ക്ക് ഉണ്ണിക്കേരളവർമ്മ നാടുനീങ്ങുകയാൽ അദ്ദേഹത്തിന്റെ അനുജനായ രവിവർമ്മ സിംഹാസനാരോഹണം ചെയ്തു. ഇതു് 899-ൽ ആയിരുന്നു, അദ്ദേഹത്തിനു ഭാഗിനേയനായ രാജകുമാരനോടു് അളവറ സ്നേഹമുണ്ടായിരുന്നതിനാൽ ആ കുമാരനോടു് ആലോചിക്കാതെ ഒരു കാര്യവും ചെയ്യുവാതിരുന്നില്ലായിരുന്നു. നല്ല തന്റേടവും നിശ്ചയബുദ്ധിയും ഉള്ള ഒരു രാജാവായിരുന്നതുകൊണ്ടു്, മാടമ്പിമാരെ എങ്ങനെയെങ്കിലും ഒതുക്കണമെന്നു് അദ്ദേഹം ഉറച്ചു. ഈ മഹാരാജാവിനു് 'അഛീ ഛാമി' എന്ന ഒരു വിദേശീയസ്ത്രീയിൽ ഉണ്ടായ സന്താനങ്ങളായിരുന്ന വലിയ കുഞ്ഞുതമ്പിമാർ.

901-ൽ തിരുമേനി യുവരാജാവിന്റെ ഉപദേശാനുസാരം തുച്ചിനാപ്പള്ളിയിലേക്കു് എഴുന്നള്ളി, മധുരാപതിയുടെ മന്ത്രിയായിരുന്ന അഴകപ്പ മുതലിയാരുടെ സഹായം അഭ്യർത്ഥിച്ചു. അദ്ദേഹം വെങ്കിടപതിനായ്ക്കന്റെ കീഴിൽ 1000 കുതിരപ്പടയാളികളേയും തിരുപ്പതിനായ്ക്കന്റെ കീഴിൽ 2000 കാലാൾപ്പടയേയും അയച്ചുകൊടുത്തതിനാൽ, മാടമ്പിമാരെ കൂറേക്കാലത്തേയ്ക്ക് അടക്കിനിർത്തുന്നതിനു സാധിച്ചു. എന്നാൽ അതുകൊണ്ടും എട്ടുവീട്ടുകാരുടേയും യോഗക്കാരുടേയും ദുർമ്മദത്തിനു് ശമനമുണ്ടായില്ല. അവർ രാജകുടുംബത്തിലെ അംഗങ്ങളെ നിഗ്രഹിക്കുന്നതിനുള്ള തക്കം നോക്കിക്കൊണ്ടുതന്നെയിരുന്നു. അക്കൊല്ലംതന്നെ ആറ്റിങ്ങൽ മൂത്തറാണി പിൽക്കാലത്തു ധർമ്മരാജ എന്ന പുണ്യാത്മാവിനു പാത്രമായിത്തീർന്ന രാമവർമ്മ രാജകുമാരനോടുംകൂടി ആറുങ്ങലേക്കു് എഴുന്നള്ളുംവഴി, കഴക്കൂട്ടത്തുവെച്ചു എട്ടുവീട്ടിൽ

രാമനാമഠത്തിൽപിള്ളയുടെ നേതൃത്വത്തിൽ അവരെ ആക്രമിച്ചു വത്രേ. എന്നാൽ കിളിമാനൂർ കോയിത്തമ്പുരാന്റെയും കൂടെയുണ്ടായിരുന്ന നായർ ഭടന്മാരുടേയും ബുദ്ധിസാമർത്ഥ്യത്താലും പരാക്രമത്താലും അവർക്ക് അപകടം ഒന്നും നേരിട്ടില്ല. പക്ഷേ കോയിത്തമ്പുരാൻ ആ യുദ്ധത്തിൽ മൃതിയടഞ്ഞുപോയി. ഇങ്ങനെ നിരന്തരം സങ്കടക്കളരിയിൽ നല്ലപോലെ പയററിഞ്ഞഴക്കം വന്നതിനുശേഷമാണ് നമ്മുടെ കഥാനായകൻ മഹാരാജപദത്തിൽ അധിഷ്ഠിതനായതു്. അദ്ദേഹത്തിന്റെ വിജയത്തിനുള്ള പരമരഹസ്യവും അതുതന്നെ.

സിംഹാസനാരോഹണവും ശത്രുസംഹാരവും.

903-ൽ രാമവർമ്മമഹാരാജാവു് നാടുനീങ്ങി. മാർത്താണ്ഡവർമ്മ മഹാരാജാവു് സിംഹാസനാരോഹണം ചെയ്യുന്നതിനുമുമ്പായി 'ചക്രവർത്തി'യെ സന്ദർശിച്ചുവെന്നും, ചക്രവർത്തി അദ്ദേഹത്തിനു് അദ്ധ്യാസനം നല്കി അനുഗ്രഹിച്ചുവെന്നും, ഒരവസരത്തിൽ മധുരക്ഷേത്രത്തിൽ എഴുന്നള്ളി സുന്ദരേശ്വരനേയും മീനാക്ഷിയേയും വന്ദിച്ചുനില്ക്കവേ, മീനാക്ഷിയുടെ തൃക്കൈയിൽ ചാർത്തിയിരുന്ന വാൾ തുള്ളിത്തുള്ളി അവിടത്തെ തൃക്കരത്തെ അലങ്കരിച്ചുവെന്നും, മറെറാരിക്കൽ മഹാരാജാവു് അംബികയെ സ്തുതിച്ചുകൊണ്ടു നില്ക്കുന്നമദ്ധ്യേ,

"നിന്നുടെ രാജ്യത്തിങ്കൽ കമലനാഭപുത്രി
വന്നിടും മഹാരാജൻ! അനന്തവല്ലീനാമം.
ശ്രീനീലകണ്ഠനുടെ വാമഭാഗത്തു മ്മ"
സ്ഥാനം നല്ലൊരു ക്ഷേത്രമുണ്ടാക്കിത്തരിക നീ."

എന്നു് അശരീരി ഉണ്ടായെന്നും, തദനുസാരം അദ്ദേഹം അനന്തവല്ലീപ്രതിഷ്ഠ നടത്തിയെന്നും, മധുരരാജകുടുംബത്തിലെ ഒരു കന്യക അദ്ദേഹത്തിന്റെ രൂപലാവണ്യവും കലാനൈപുണിയും കണ്ടു് അനുരക്തയായിത്തീർന്നതിന്റെ ഫലമായി അദ്ദേഹം ആ സ്ത്രീരത്നത്തെ കല്യാണംകഴിച്ചുവെന്നും മറും മാർത്താണ്ഡമാഹാത്മ്യത്തിൽ വിവരിച്ചുകാണുന്നു. ഈ വിവരണങ്ങൾക്കെല്ലാം തുല്യമാത്രം അടിസ്ഥാനമുണ്ടെന്നു നിർണ്ണയിക്കാൻ തരമില്ല.

സിംഹാസനാരോഹണസമയത്തു് അഴകുപ്പനും പരിവാര സമേതം സന്നിഹിതനായിരുന്നു. ആ അവസരത്തിൽ അച്ഛേ ഛൻ തമ്പിമാരെ വിളിച്ചു്,

"കേൾക്കെടോ നിന്റെ ജനകനു ഞാനിഷ്ടബന്ധു;
ഉൾക്കനിവോടു ചൊല്ലുന്നതിനെ കൈക്കൊള്ളണം
ഇന്നതൊട്ടൊരു ശല്യം ചെയ്കയില്ലൊരിക്കലും
എന്നൊരുസത്യം നീയും ചെയ്യണം; നിന്നോടൊരു
വൈരങ്ങളൊരിക്കലും ചെയ്കയില്ലെന്നുംതന്നെ.
നിനക്കു വരും കാഴ്ച ഭ്രപനു കൊടുക്കണം
ഭ്രപനു വരുംകാഴ്ച നിനക്കും തന്നീടണം;
അന്യോന്യമിതിൻവണ്ണം സത്യവും ചെയ്തീടണം."

എന്നു് സ്നേഹപൂർവ്വം ഉപദേശിച്ചതായും അതിൽ പ്രസ്താവിച്ചിരിക്കുന്നു. എന്നാൽ രാമവർമ്മമഹാരാജാവിന്റെ ദേഹവിയോഗത്തെ തുടർന്നുണ്ടായ കലഹത്തിന്റെ ഫലമായി മഹാരാജാവു മധുരയിൽപോയി മൂന്നുകൊല്ലം താമസിച്ചുവെന്നു വരാവുന്നതാണു്. മക്കത്തായികളായിരുന്ന തമ്പിമാർ കേരളീയാചാരത്തിനു കീഴടങ്ങാതെ രാജ്യം കരസ്ഥമാക്കുന്നതിനുവേണ്ടി യോഗക്കാരോടും എട്ടുവീടരോടും ചേർന്നു പ്രവർത്തിച്ചുവെന്നും, ന്യായമായി വിചാരിക്കാവുന്നതാകുന്നു. ഇങ്ങനെ മക്കവഴിക്കു രാജ്യം തങ്ങൾക്കു കിട്ടേണ്ടതാണെന്നു കാണിച്ചു തമ്പിമാർ പാണ്ഡ്യൻ ഗവർണ്ണരോടു പരാതിപ്പെട്ടതുനിമിത്തം മുതലിയാർ തിരുവിതാംകൂറിൽ രണ്ടാമതും വന്ന സംഗതി മാത്രമേ തമ്പിപ്പാട്ടിൽ പ്രസ്താവിച്ചിട്ടുള്ളു. തമ്പിമാക്കും രാജാവിനും തമ്മിൽ പിണക്കം ഉണ്ടായതിനുള്ള കാരണവും വേറൊരുവിധത്തിൽ അതിൽ പറഞ്ഞിരിക്കുന്നതു്. തമ്പിമാക്കു് അതിക്രോമള്ളാംഗിയായി തങ്ക എന്നൊരു സഹോദരിയുണ്ടായിരുന്നുവെന്നും ആ കന്യകയെ കല്യാണംകഴിക്കുന്നതിനു മഹാരാജാവു് ആവശ്യപ്പെട്ടതിൽ തമ്പിമാർ പ്രതികൂലികളായി നിന്നതിനാൽ, രാമവർമ്മമഹാരാജാവു് അവക്കാന്തി കല്പിച്ചുനൽകിവന്നിരുന്ന വസ്തുവകകളെ മാർത്താണ്ഡവർമ്മമഹാരാജാവു് ഓരോകാരണംപറഞ്ഞു് കണ്ടുകെട്ടാൻ തുടങ്ങിയെന്നും അതുനിമിത്തം ഇരുപാട്ടുകാരും പരസ്പരം

ശത്രുഭാവം കൈക്കൊണ്ടതാണെന്നും പ്രസ്തുതപാട്ടിൽ പ്രസ്താവിച്ചിരിക്കുന്നു. വാസ്തവം എങ്ങനെയിരുന്നാലും, ആഴകപ്പുമുതലിയാർക്കുടി വന്നിരുന്നു രാജ്യാഭിഷേകക്രിയ നടത്തിയെന്നു വിശ്വസിക്കാവുന്നതാണു്. തിരുവിതാംകൂറിൽ ഏതാണ്ടൊരു മേൽക്കോയ്മസ്ഥാനം തങ്ങൾക്കുണ്ടെന്നു പാണ്ഡ്യൻഗവണ്മെൻറു് ഭാവിച്ചുവന്നിരുന്നു എന്നുള്ളതു് ഒരു പരമാർത്ഥമാണെല്ലോ.

ഒരക്കാലത്തു വേണാട്ടിൻെറ വ്യാപ്തി കന്യാകുമാരിമുതൽ ക്കു് ഇടവാവരെയേ ഉണ്ടായിരുന്നുള്ളു. ഇത്ര ചെറുതായ ഒരു രാജ്യം അന്തശ്ചരിത്രത്തിനു് ഇരയായിത്തീർന്നാൽ, ഭരണകർത്താവിനു നേരിടുന്ന ക്ലേശം അതീവ ദുസ്സഹം തന്നെയായിരിക്കുമെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. സൈനികച്ചെലവു് ജനങ്ങൾതന്നെ വഹിക്കേണ്ടിവരുന്നതിനാൽ, പലേമാതിരി കരങ്ങൾ ചുമത്തുന്നതിനു രാജാവു് നിർബ്ബന്ധിതനാവുന്നു. ഈ സ്ഥിതിയിൽ രാജ്യവിസ്തൃതി വല്പിപ്പിക്കുന്ന വിഷയത്തിൽ മാർത്താണ്ഡവർമ്മ മഹാരാജാവിൻെറ ശ്രദ്ധ അത്യന്തമായി പതിഞ്ഞതിൽ അത്ഭുതപ്പെടാനൊന്നുമില്ല. അതിനുള്ള കരുക്കളിൽ ഒന്നാമത്തെ കർത്തവ്യം മധുരയുമായുള്ള സഖ്യമായിരുന്നു. അതു് അദ്ദേഹം ഭംഗിയായി നിർവഹിച്ചു. രണ്ടാമതായി അദ്ദേഹത്തിൻെറ ശ്രദ്ധ പതിഞ്ഞതു് ഒരു മന്ത്രിസഭയെ രൂപവൽക്കരിക്കുന്നതിലായിരുന്നു. അതിലേക്കു് അവിടുന്നു സചിവോത്തമൻെറ വിശ്വാസത്തിനു പാത്രമായിരുന്ന അരുമുഖംപിള്ളയെത്തന്നെ ദളവയായി നിയമിച്ചു നീട്ടിക്കൊടുത്തു. കുമാരസ്വാമിപ്പിള്ളയ്ക്കു പടനായകസ്ഥാനവും ദളവയുടെ അനുജനായ താണുപിള്ളയ്ക്കു് ഉപനായകസ്ഥാനവും നല്കി. കൊട്ടാരം രായസമായി തൻെറ സ്നേഹാദരങ്ങർഹിക്കുന്ന പാത്രീഭൂതനായിരുന്നരാമയ്യനെയും നിയമിച്ചു.

901-ൽ രാമവർമ്മമഹാരാജാവിൻെറ സഹായാർത്ഥം ഒരു സൈന്യത്തെ പാണ്ഡ്യൻഗവണ്മെൻറ് അയച്ചുകൊടുത്തതായി പ്രസ്താവിച്ചിരുന്നല്ലോ. തിരുവിതാംകൂറിൽനിന്നു പ്രതിവർഷം 3000 ഉറുപ്പിക കപ്പമായി കൊടുത്തുകൊള്ളാമെന്നുള്ള കരാറനുസരിച്ചാണു് ഗവണ്മെൻറ് അങ്ങനെ ചെയ്തതു്. എന്നാൽ കപ്പം

കൊടുക്കുന്നതിനു നിവൃത്തിയില്ലാതെ വഴികയാൽ പാണ്ഡ്യൻ ടെന്മാർ ഭള്ളവയെ പിടിച്ചു തൃക്കണാംകുടിയിലേക്കു കൊണ്ടുപോ യി. ഭള്ളവ കോട്ടാറുള്ള കച്ചവടക്കാരിൽനിന്നു പണം കടം വാങ്ങി ഇടപാടുതീർത്തുവെന്നുവരികിലും, അദ്ദേഹത്തിനെ അ ഥർ സ്വതന്ത്രനായി വിടുകയുണ്ടായില്ല. വലിയ അഭിമാനി യായിരുന്ന മഹാരാജാവിനു് ഈ സംഭവം അത്യന്തം ഹൃദയശല്യ മായിത്തീർന്നു. അദ്ദേഹം കുമാരസ്വാമിപ്പിള്ളയെ അയച്ചു് ഒരു മറവനൈന്യം ശേഖരിപ്പിക്കയും കടൽക്കരയ്ക്കും അതുവാമൊ ഴിക്കും കന്യാകുമാരിക്കും മദ്ധ്യേ ഒരു കോട്ട പണിയിക്കയും ചെയ്തു. അനന്തരം പടനായകൻ തൃക്കണാംകുടിയിൽ ചെന്നു ഭള്ളവയെ മോചിപ്പിച്ചുകൊണ്ടു പോന്നതിനു ശേഷമേ മഹാരാ ജാവു് പ്രസന്നനായുള്ളു.

ഇനി തുപ്പിനാപ്പള്ളിയിലെ പട്ടാളത്തെക്കൊണ്ടു തനിക്കു് ഉപയോഗമില്ലെന്നു കണ്ടിട്ടു് അദ്ദേഹം പാണ്ടിപ്പടയെ തിരിച്ചയ യ്ക്കയും മാതുലനുമായി ചെന്നിരുന്ന കരാറിൽനിന്നു തന്നെ മോ ചിപ്പിക്കണമെന്നു പാണ്ഡ്യൻഗവണ്മെൻറിനോടു് അപേക്ഷി ക്കയും ചെയ്തു.

പാണ്ടിപ്പട നാടുവിട്ട അവസരംനോക്കി മാടമ്പിമാർ വീ ണ്ടും തലപൊക്കിത്തുടങ്ങി. അവരോടു കണ്ണുത്തമ്പിമാരും ചേർന്നു. തമ്പിമാർ ഈ അവസരത്തിൽ പാണ്ഡ്യൻ ഗവണ്മെൻറോടു് പരാതി പറഞ്ഞ സംഗതിയെയാധിക്കണം തമ്പിപ്പാട്ടിൽ പ്രസ്താവിച്ചു കാണണമല്ലോ. മുതലിയാക്കു മഹാരാജാവിനോടു പലുതായ ഈർ ഷ്യയും കായ്മയും ഉണ്ടായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. അദ്ദേഹം പറ്റുത്തമ്പിയോടുകൂടി തുപ്പിനാപ്പള്ളിയിൽനിന്നു പുറ പ്പെട്ടു് ഉദയഗിരിയിൽ എത്തുകയും തമ്പിയുടെ അവകാശത്തെ പ്പറ്റി അന്വേഷണം നടത്തുകയും ചെയ്തു. മഹാരാജാവിന്റെ ഭാഗം വാദിക്കുന്നതിനു് അയയ്ക്കപ്പെട്ടിരുന്നതു രാമയ്യനായിരു ന്നതിനാൽ ആ വിഷയത്തിൽ നിഷ്പക്ഷമനസ്സിലേക്കു ലേശംപോ ലും ഉൾക്കണ്ണുകൊടുക്കുവകയില്ലായിരുന്നു. പറ്റുത്തമ്പിക്കു ശരിയായ ഒരു തെളിവും ഹാജരാക്കുന്നതിനു സാധിക്കാതെ വന്നു. തന്നിമി ത്തം പറ്റുത്തമ്പിയെ ഒന്നു താക്കീതുചെയ്തു് അയയ്ക്കുമാത്രമേ മുതലിയാക്കു ചെയ്യുണ്ടുതായിട്ടുണ്ടായിരുന്നുള്ളു.

ഈ സംഭവം മഹാരാജാവിനു പലവിധത്തിൽ ഗുണപ്രദമായിത്തീർന്നു. പാണ്ടിപ്പടയുടെ സഹായം ഏതവസരത്തിലും തനിക്കു ലഭിക്കുമെന്ന് അദ്ദേഹത്തിനു് ഉറപ്പുവന്നു. പോരെങ്കിൽ മറവസൈന്യം സദാ തയാറായിട്ടും നിന്നിരുന്നു. ഇതെല്ലാംകൊണ്ടും എട്ടുവീടരും കൂട്ടരും കൂറേക്കാലം അടങ്ങിപ്പാക്കേണ്ടിവന്നു.

രാജ്യപരിഷ്കരണശ്രമങ്ങൾ.

ഇളയരാജാവായിരുന്ന കാലത്തുതന്നെ പദ്മനാഭസ്വാമിക്ഷേത്രം പുതുക്കി പണികഴിപ്പിക്കണമെന്ന് അദ്ദേഹത്തിനു് ആഗ്രഹമുണ്ടായിരുന്നു. അതിനാൽ അചിരേണ അതിലേക്കുള്ള ശ്രമം തുടങ്ങി. യോഗക്കാർ പലേവിധത്തിലുള്ള വിഘ്നങ്ങൾ ഉണ്ടാക്കിക്കൊണ്ടിരുന്നുവെങ്കിലും 906-ാമാണ്ടിനിടയ്ക്കുതന്നെ പണിയെല്ലാം പൂർത്തിയാക്കി. തിരുമലയിൽനിന്നു 20 ചതുരശ്ര അടി വിസ്താരവും രണ്ടര അടി ഘനവും ഉള്ള ഒരു പാറ വെട്ടിച്ചുകൊണ്ടുവന്നു് ഒരു മണ്ഡപം നിർമ്മിച്ചതും ഈ അവസരത്തിലായിരുന്നു.

"ഒറക്കല്ലിങ്ങോടിവന്നു മുഖമണ്ഡപീഭവിച്ചു"
എന്നു രാമപുരത്തുവാര്യർ പാടിയിരിക്കുന്നതു് ഈ മണ്ഡപത്തെ സംബന്ധിച്ചാണു്.

ക്ഷേത്രപ്പണി അവസാനിച്ച ഉടനേതന്നെ മഹാരാജാവു് സൈന്യപരിഷ്കരണത്തിൽ ബദ്ധശ്രദ്ധനായി. പഴയ നായർപടാളത്തിനും മറവപ്പടയ്ക്കും പുറമേ ഏതാനും പുതിയ സൈന്യങ്ങൾകൂടി ഏർപ്പെടുത്തുകയും പ്രധാന അതിർത്തികളിൽ കോട്ടകൊത്തളങ്ങൾ നിർമ്മിക്കയും ചെയ്തതിനുശേഷം മഹാരാജാവു് രാമയ്യനോടുകൂടി രാജ്യമൊട്ടുക്കു് സഞ്ചരിച്ചു പ്രട്ടക്കമ്മാരിൽനിന്നും മറ്റും ഈടാകാനുണ്ടായിരുന്ന കരക്കുടിശികകളെല്ലാം പിരിച്ചെടുത്തു. ഇങ്ങനെ സർക്കാർഖജനാവിൽ ഒട്ടുവളരെ പണം വന്നുചേർന്നതുകൊണ്ടു കടംമുഴുവനും തീർത്തു ധാരാളം പണം മുതൽക്കൂട്ടുന്നതിനു് അദ്ദേഹത്തിനു സാധിച്ചു.

ഇപ്രകാരം ശേഖരിച്ച പണത്തെ വേണ്ടവിധം വിനിയോഗിക്കുന്നതിനുവേണ്ടി അദ്ദേഹം മന്ത്രിമാരോടാലോചിച്ചു ചില

മാർത്താണ്ഡം നിർദ്ദേശിച്ചു. അന്നത്തെ വേണാട്ടിലെ ഏറ്റവും കൃഷി പ്രദേശം നാഞ്ചിനാടായിരുന്നു. ആ പ്രദേശം പ്രകൃത്യാ ഫലപുഷ്ടിയുള്ളതാണെങ്കിലും ചില മാസങ്ങളിൽ ജലദൗർലഭ്യം നേരിടാറുള്ളതിനാൽ തൽപരിഹാരാർത്ഥം വലുതായ ഒരു ജലസേചനപ്രണാളി രചിക്കുന്നതിനുള്ള ഏർപ്പാടുകൾ അദ്ദേഹം ഉടനടി തന്നെ ചെയ്തു. ആ തിരുമേനിയുടെ പ്രജാവാത്സല്യത്തിന്റെ സ്മാരകമായി പ്രസ്തുത സേചനപദ്ധതി ഇന്നും പ്രശോഭിക്കുന്നു. ചെമ്പായനഅണ, പുത്തനണ, ഇവരണ്ടും ആണ് അവയിൽ പ്രധാനമായുള്ളവ. പുത്തനണകൊണ്ടു കല്ലടയിന്തോലൂക്കിലെ ജലസേചനം നിർവഹിക്കപ്പെടുന്നുവെന്നു മാത്രമല്ല, പദ്മനാഭപുരത്തിനു ചുറ്റുമുള്ള ജനങ്ങൾക്കു കുടിക്കുന്നതിനുള്ള വെള്ളംപോലും അതിൽനിന്നാണു കിട്ടുന്നതു്. കുഴിത്തുറയാറിലെ ജലം വ്യർത്ഥമാക്കിക്കളയാതെ അതിനെ ഈവിധം പ്രയോജനകരമാക്കിത്തീർക്കാമെന്നു കണ്ടുപിടിച്ചു മഹാരാജാവിന്റെ പ്രതിഭാവിലാസത്തെ എത്രമാത്രം പ്രശംസിച്ചാലും മതിയാവുന്നതല്ല. ആധുനികതന്ത്രശാസ്ത്രാനുസാരേണ നിർമ്മിക്കപ്പെട്ടിട്ടുള്ള പലേ അണകൾ ഇന്നു മിക്കരാജ്യങ്ങളിലും കാണപ്പെടുന്നുണ്ടു്. എന്നാൽ അവയിൽ ഏതിനോടും കിടനിൽക്കുന്ന മാതിരിയിലാണു് പൊയ്യനപുത്തനണ നിർമ്മിക്കപ്പെട്ടിട്ടുള്ളതെന്നു് ഓർക്കുമ്പോൾ നാം വിസ്മയസ്തിമിതരായിപ്പോകുന്നു. ഈ അണകൾക്കു പുറമെ, ജനങ്ങളുടെ ഉപയോഗത്തിനായി പൊതുനിരത്തുകൾ നിർമ്മിക്കയും ചന്തകൾ അവിടവിടെ സ്ഥാപിക്കയും മറ്റും ചെയ്തുകൊണ്ടു പ്രജാവത്സലനായ മഹാരാജാവു് അദ്ദേഹത്തിന്റെ പിതൃനിർവിശേഷം പൂജിച്ചു് അരാധിച്ചുതുടങ്ങി.

തമ്പിമാരുടെ അവസാനം.

മഹാരാജാവിന്റെ ഈ ഉദ്യമങ്ങൾ ഒരു കൂട്ടർക്കു മാത്രമേ രുചിക്കാതിരുന്നുള്ളു. കുഞ്ഞുത്തമ്പിമാരും കൂട്ടരും അദ്ദേഹത്തിനെ എങ്ങനെയെങ്കിലും നിഗ്രഹിക്കണമെന്നുതന്നെ ഉറച്ചു. എന്നാൽ ചാരപ്രധാനിയായ മഹാരാജാവുതിരുമനസ്സുകൊണ്ടു് അവരുടെ ഗൂഢാലോചനകളെ അപ്പോഴപ്പോൾ അറിഞ്ഞുവന്നു.

7E(5)-F

ഒരു രാത്രി കഴക്കൂട്ടത്തുപിള്ളയും കുമരൻപിള്ളയും കൂടി വെങ്ങാനൂരുള്ള ഒരു ഗൃഹത്തിൽവച്ച് ഒരു യോഗം വിളിച്ചു കൂട്ടി, തങ്ങളുടെ ഉദ്ദേശനിർവ്വഹണത്തിനുള്ള മാർഗ്ഗങ്ങൾ ആലോചിച്ചുറച്ചു. തുലാമാസത്തിലെ ആറാട്ടദിവസം മഹാരാജാവു പാദചാരേണ എഴുന്നള്ളുമ്പോൾ എട്ടുവീടരും മൂത്തേടത്തുപണ്ടാരം, എളമ്പയിൽ പണ്ടാരം, എളമ്പള്ളിപ്പുണ്ടാരം, എടത്തറ ട്ടോറി എന്നീ ബ്രാഹ്മണപ്രമുക്കന്മാരും പരിവാരസമേതം ആ മഹോഷ്ടയാത്രയിൽ പങ്കുകൊള്ളുന്നു എന്ന വ്യാജേന അദ്ദേഹത്തിനെ അനുഗമിക്കണമെന്നും, കടൽതീരത്തു വിഗ്രഹങ്ങൾ ഇറക്കിവെച്ച് പതിവുള്ള പൂജ നടത്തുന്ന അവസരത്തിൽ, അവിടുന്നു വിശ്രമിക്കാനായി പോകുന്ന തക്കംനോക്കി തങ്ങളുടെ ആളുകൾ അദ്ദേഹത്തിനെ നിഗ്രഹിക്കണമെന്നും, രാജഭടന്മാർ രക്ഷയ്ക്കായി കൂടി എത്തുന്നപക്ഷം എല്ലാവരും കൂടി അവരെ കൊന്നൊടുക്കണമെന്നും ആയിരുന്നു അവരുടെ നിശ്ചയം. ഈ നിശ്ചയത്തെ കാലയിൽ എഴുതി മറുള്ള പ്രമാണികൾക്കും അയച്ചുകൊടുപ്പാൻ അവർ രഹസ്യമായി ഏർപ്പാടുചെയ്തു. മറ്റാരും അറിയാതിരിപ്പാൻ വേണ്ടി ഈ കാലയെ ആരോ കാട്ടക്കാരനും ചെരിപ്പിനുള്ളിലാക്കി സൂക്ഷിച്ചുകൊള്ളണമെന്നായിരുന്നു വ്യവസ്ഥ. ആ കെട്ടിടത്തിനടുത്തുള്ള ഒരു സത്രത്തിൽ ഇരുന്നിരുന്ന ഒരു പണ്ടാരം ഈ ആലോചനകൾ എല്ലാം അറിഞ്ഞു. അയാൾ വെങ്ങാനൂർപിള്ളയുടെ ഒരു ചേവകനായി കൂടിയിരുന്നതുകൊണ്ട് ആരും അയാളെ സംശയിച്ചില്ല. പരമാർത്ഥത്തിൽ ഈ പണ്ടാരം ഒരു ചാരനായിരുന്നു. അയാൾവഴിക്ക മഹാരാജാവു് യഥാകാലം വിവരങ്ങളൊക്കെ അറിഞ്ഞിട്ടും അറിഞ്ഞില്ലെന്നുള്ള ഭാവത്തിൽ കാര്യങ്ങളൊക്കെ മുറയ്ക്കു നടത്തിക്കൊണ്ടിരുന്നു. മഹാരാജാവു് ആയുധാഭ്യാസത്തിൽ അസാധാരണ സാമർത്ഥ്യമുള്ളവനും പ്രകൃത്യാ ധീരനും ആയിരുന്നതിനാൽ ലേശംപോലും കുമുങ്ങിയില്ല. ആറാട്ടവസരത്തിൽ തന്റെ കൂടെ ആലോചനനിപുണന്മാരായ എതാനും നായർഭടന്മാരെ കൂടുതലായി കൊണ്ടുപോകുന്നതിനുമാത്രം അദ്ദേഹം നിശ്ചയിച്ചു. അല്പശിഉത്സവം തുടങ്ങി, വിശേഷാൽ ചില ശൈസന്യദളങ്ങൾകൂടി തിരുവനന്ത

T P L
STOCK VERIFIED
1993

പൂർത്തു പ്പാളുത്തം ഉറപ്പിച്ചു. ഇതൊക്കെ എന്തിനാണെന്നു് പുട്ടി വീടരും യോഗക്കാരും പരിഭ്രമിച്ചു. പക്ഷേ അറാട്ടുനാൾ, മഹാരാജാവു് പതിവിനു വിപരീതമായരീതിയിൽ ആയുധങ്ങൾ ധരിച്ചു നിശ്ശൃംഖലം യാത്രചെയ്യുന്നതു കണ്ടപ്പോൾ അവർക്കു കാര്യങ്ങളുടെ ഗതി മനസ്സിലായി. അതുനിമിത്തം അവർ അനങ്ങാതെ 'ഞാനൊന്നുമറിഞ്ഞില്ലേ രാമനാരായണ' എന്ന മട്ടിൽ ഇരുന്നതേയുള്ളൂ.

908-ൽ കുഞ്ചുത്തമ്പിമാരെ സമൂലനാശം ചെയ്യണമെന്നു നിശ്ചയത്തോടുകൂടി അദ്ദേഹം നാഗർകോവിലിലേക്കു തിരിച്ചു; മാർത്താണ്ഡമാഹാത്മ്യകർത്താവു് ഈ സംഭവത്തെ ഇങ്ങനെ വർണ്ണിച്ചിരിക്കുന്നു.

"അക്കാലം നാഗക്ഷേത്രേയുത്സവമാരംഭിച്ചു;
ചൊൽക്കൊള്ളും മഹീപനുമവിടേയ്ക്കു പുറപ്പെട്ടു.
ആയുധശാലികളാം നാലഞ്ചുപടകളും
സായുധന്മാരാം ദേശാധിനാഥനും
അംഗരക്ഷാഭടസംഘങ്ങൾ താനും.
അടവേ നാട്ടാർകളും പ്രമുകളുശേഷിപ്പും
ചെരുതുചിലരാകാനാണ്ടിനാർ ഭൂമിനാഥനും.
ചെന്നുകണ്ടനന്തരമവർ ദണ്ഡനമസ്കാരവും
ആചാര്യന്റെ നാലുപുത്തിമാരുമതിപ്രിയ
മതാഹ്ലാദത്തോടുകാണ്ടുപചരിച്ചു
പടുമുത്തുകൾ നല്കുന്നാരുപുത്രികളും
ഘടിതചെമ്പീടിനാർ കൽപടകളും തദാ
മഹാദാനത്തിനുള്ള വിധിയിൽ ചെയ്തിടുന്നു പുരോഹിതൻ
അതിശയമോടെയിതുചൊന്നാൻ.

"ഇഹപരം പിരിയുകിലിപ്പോൾ ശപഥമു-
മടുത്തു ഭയങ്കരം യുദ്ധംചെയ്യുന്നനേരം
ഭൂമിപമുഷ്ടികൊണ്ടു തട്ടുകേടുണ്ടാകയാൽ
ഭീമദുഷ്കരം വൈണാതേഹനമോടിടിനാൻ;

---

1. പട്ടുത്തമ്പി 2. മാന്ത്രികർ 3. പുരോഹിതന്മാർ 4 ജടപ്പട്ടക്കാരൻ.

ക്ഷടയേ വിടുട്ടിനാൻ മാളികപ്പുറത്തിങ്കൽ
കേറിനാൻ ക്രുതംകൊണ്ടു ക്ഷിപനം കരേറിനാൻ;
കരവാളുങ്ങൾം രണ്ടുപേരും കണ്ടെടുത്തിട്ട
ഥരിയോ ഥരിഥരി! വെട്ടിനാർ കഷ്ടം! കഷ്ടം!
ഒരപ്പൊഴും കരവാളും മുറിഞ്ഞു രണ്ടുപേക്കും
ഉൾഭയം വിൽ കോപത്തോടു പിടിച്ചാർ ഭയങ്കരം
മാളികകുലുങ്ങുന്നു; പടലമടന്നട-
ന്നൊലിച്ചീടുന്ന ക്ഷമെ ചലചഞ്ചലം ജലം;
ക്ഷിപന്റെ മുഷ്ടിയേറിട്ടനേരം വൈണാടേഹൻ
താപേന വീണാനപ്പോളരികത്തിരുന്നൊരു
ശക്തിയെയെടുത്തിട്ടു കോപതാമ്രാക്ഷനായി-
ങ്ങടുത്തിനാൻ നെഞ്ചുപിളർന്നു ഗമിച്ചിതു ചോര;
രക്തംകൊണ്ടഭിഷിക്തനായിതു ക്ഷമിപാലൻ."

ക്ഷ്രുദ്ധനായ അപകടം പറഞ്ഞിരിക്കുമെന്നു വിചാരിച്ചു് അനുജനായ രാമൻതമ്പി,

"സംഹാരരുദ്രോപമം ചന്ദ്രഹാസവുമായി
സ്സിംഹാതിവേഗത്തോടു വരുന്ന സമയത്തു
ക്ഷിതലം കുലുങ്ങുന്നു; മാതംഗനിവഹങ്ങ-
ളോടുന്നു ഝടിതിയിൽ കാണികളൊളിക്കുന്നു;
പ്രാണികൾം ഭ്രമിക്കുന്നു; രേണുക്കൾം ധൂമംപോലെ
ഇളകുന്നാകാശത്തിൽ; മാളികാന്തികത്തിങ്കൽ
വാതൽബന്ധനംകണ്ടു ചീളെന്നു ഭേദിച്ചിട്ട
പാടംകൊണ്ടകംപുക്കാൻ അഗ്രജവധംകണ്ടു്
വ്യഗ്രചിത്തനായേറമുഗ്രകോപേന ചെന്നു
വെട്ടിനാൻ ക്ഷപാലനെ; ലംബനത്തിങ്കലേറു;
പിന്നെയുംവെട്ടുംവിധൌ കുംഭകർണ്ണനാം ഭ്രാതൃ-
ചണ്ഡാംശുതടുത്തിതു."

ഭയങ്കരമായ ഒരു യുദ്ധത്തിനുശേഷം രാമൻതമ്പിയേയും മഹാരാജാവുതന്നെ വധിച്ചുവത്രേ.

ചരിത്രത്തിലും തമ്പിപ്പാട്ടിലും കാണുന്ന വിവരണത്തിൽ നിന്നു് ഇതിനു് അല്പം വ്യത്യാസമുണ്ടു്. ഒരു അടയാളം കാണു

ന മാത്രയിൽ എല്ലാ ഇടപ്രഭുക്കന്മാരെയും പ്രമാണികളേയും പി
ടിച്ചു ബന്ധിക്കുന്നതിനു തന്റെ സേനാധിപന്മാരോടു ചട്ടം
കെട്ടുന്നതിനും, അടയാളം കരേ സമയത്തുതന്നെ എല്ലാ ദിക്കിലും
കാണിപ്പാൻവേണ്ടി തിരുവനന്തപുരത്തിനും നാഗർകോവിലിനും
മദ്ധ്യേ കാവൽകുതിരകളെ നിർത്തുന്നതിനും രാമയ്യനോടു മഹാ
രാജാവു് ആജ്ഞാപിച്ചിരുന്നു. നിശ്ചിതദിവസം രാവിലെ അ
ദ്ദേഹം നാഗർകോവിലെ കൊട്ടാരത്തിലുള്ള തുക്കമണ്ഡപത്തിൽ
എഴുന്നള്ളിയിരിക്കുമ്പോൾ, പടുത്തമ്പി തന്നെ കാണ്മാനായി
വരുന്നതു തുക്കൺപാത്തുവരേ. വാതുക്കൽ വരുമ്പോൾ അയാളെ
തടഞ്ഞുനിർത്തണമെന്നും എതിർക്കുന്നപക്ഷം കൊന്നുകളയണമെ
ന്നും ഭൃത്യന്മാരോടു് ആജ്ഞാപിച്ചിട്ടു് അദ്ദേഹം സ്വസ്ഥമായി
ഇരുന്നു. പടുത്തമ്പി വാതുക്കലെത്തി; ഭൃത്യന്മാർ അകത്തേക്കു
വിടാതിരുന്നതുകൊണ്ടു് അയാൾ കോപാവിഷ്ടനായിട്ടു് വാളൂരി.
പിന്നീടുണ്ടായ ശണ്ഠയിൽ അയാൾക്കു പിറകിൽനിന്നു കട്ടവളരെ
വെട്ടേല്ക്കുകയും അതുനിമിത്തം പ്രാണനാശം സംഭവിക്കയും
ചെയ്തു. രാമൻതമ്പി ഇതുകണ്ടു ക്രോധപരവശനായിട്ടു്, കൊ
ട്ടാരത്തിനുള്ളിലേക്കു പാഞ്ഞുകയറി, തുക്കമണ്ഡപത്തിൽ ഇരുന്നി രു
ന്ന മഹാരാജാവിനെ ഒന്നു വെട്ടി; ദൈവഗത്യാ ആ വെട്ടു്
മച്ചിൽകൊള്ളുകയാൽ അദ്ദേഹത്തിന്റെ ദേഹത്തിൽ കൊണ്ടില്ല.
അനന്തരമുണ്ടായ ദ്വന്ദ്വയുദ്ധത്തിൽ രാമൻതമ്പിയും മരിച്ചു.
ഇങ്ങനെയാണു് ചരിത്രത്തിലെ വിവരണം.

അടുത്ത പ്രഭാതത്തിനുമുമ്പു് മാടമ്പിമാരെയും എട്ടുവീടരെ
യും മുമ്പു പ്രസ്താവിച്ചിരുന്ന യോഗക്കാരായ പോറ്റിമാരെയും
രാജഭൃത്യന്മാർ ബന്ധിച്ചു രാജസമക്ഷം ഹാജരാക്കി. വെങ്ങാ
നൂർവച്ചു ചെയ്ത നിശ്ചയം എഴുതിയിരുന്ന ഓലകൾ അവർക്കു
കണ്ണാകോടാലിയായിത്തീർന്നു. 42 പ്രഭുക്കന്മാരെയും അവരുടെ
സഹായികളായിരുന്ന നിംവഴി പ്രമാണികളേയും കല്പിച്ചു
മുഖമണ്ഡപത്തിൽവച്ചു കഴുക്കുമരത്തിൽ കയറ്റി. പോറ്റിമാ
രുടെ പൊറ്റിത്തടത്തിൽ നായുടെ രൂപം അടയാളപ്പെടുത്തി ജാ
തിഭ്രഷ്ടരാക്കീട്ടു് നാടുകടത്തി. സ്ത്രീകളെയും ശിശുക്കളേയും നിഗ്ര
ഹിക്കുന്നതിനു മഹാരാജാവിനു സമ്മതമില്ലായ്കയാൽ, അവരെ

ുറകേറി; ശത്രുക്കളുടെ വസ്തുവകകളെ ഒക്കെ സക്കാരിലേക്കു കണ്ടുകെട്ടി.

ഇങ്ങനെ രാജ്യത്തു സമാധാനം നാലുപാടും പരന്നു; അന്തശ്ചരിദ്രങ്ങൾ എല്ലാം നീങ്ങി. രാജ്യവിസ്തൃതി വർദ്ധിപ്പിക്കുന്നതിനുള്ള സകല സൌകര്യങ്ങളും മഹാരാജാവിന് ഇങ്ങനെ ലഭിച്ചു.

കൊല്ലവും കായങ്കുളവുമായുള്ള യുദ്ധം.

കൊല്ലം രാജകുടുംബവും എളയടത്തു സ്വരൂപവും വേണാട്ടിനോടു വളരെ ചായ്വുള്ളവയായിരുന്നല്ലോ. എന്നാൽ 906-ൽ കൊല്ലം രാജാവ് കായംകുളം രാജകുടുംബത്തിൽനിന്നു രണ്ടു അംഗങ്ങളെ ദത്തെടുക്കാൻ ആലോചിച്ചു. ഈ രാജകുടുംബങ്ങൾ തമ്മിൽ ചാർച്ചയുണ്ടാകുന്നതു് വേണാട്ടിനു ദോഷകരമാകയാൽ, മാർത്താണ്ഡവർമ്മമഹാരാജാവു് അതിനെ എതിർത്തു. അദ്ദേഹം തന്നെ ഒരു സൈന്യത്തെ കൊല്ലത്തേക്കു നയിച്ചു. അതിന്നിപ്രദേശത്തുവച്ചു ചില യുദ്ധങ്ങൾ നടന്നു. ഒടുവിൽ വേണാട്ടിനുതന്നെ വിജയം ലഭിച്ചു. ഇനി ശത്രുസൈന്യത്തെ നിരോധിച്ചു നിർത്തുന്ന കാര്യം വിഷമമാണെന്നുകണ്ടിട്ടു കൊല്ലം രാജാവു് സന്ധിക്കുവേണ്ടി അപേക്ഷിക്കയാൽ യുദ്ധം തൽക്കാലത്തേക്കു നിർത്തി വെയ്ക്കേണ്ടിവന്നു. പിന്നീടു, കായംകുളത്തിനുള്ള ദത്തു നിർത്തിവെയ്ക്കുന്നതിനും ആ രാജകുടുംബവുമായുള്ള സമ്പ്രദായത്തെ ഉപേക്ഷിക്കുന്നതിനും, മാർത്താണ്ഡവർമ്മമഹാരാജാവു് ദേശിങ്ങനാട്ടുരാജാവിനെക്കൊണ്ടു സമ്മതിപ്പിച്ചു. അതിനാൽ ആറുമുഖംപിള്ളയുടെ കീഴിൽ ഒരു വലിയ സേനയെ അവിടെ നിർത്തീട്ട് മറ്റു തന്മാരോടുകൂടി അദ്ദേഹം തിരിച്ചുപോന്നു. കൊല്ലം സൈന്യത്തെയെല്ലാം ചിതറിച്ചു പിടികളഞ്ഞു; കോട്ടകൊത്തളങ്ങളെല്ലാം നശിപ്പിക്കപ്പെട്ടു; കൊല്ലംരാജാവിനെ മഹാരാജാവിനോടുകൂടി തിരുവനന്തപുരത്തേയ്ക്കു പോവാൻ.

ഇതൊന്നും കായംകുളം രാജാവിനെ തീരെ തണുപ്പിച്ചില്ല. തിരുവിതാംകൂർ മഹാരാജാവിനെ വർദ്ധിച്ചുവരുന്ന ശക്തിയെ തടയേണ്ടതാണെന്ന് അദ്ദേഹം ഉറച്ചു. കൊച്ചിരാജ്യത്തിനു തെക്കുള്ള ദേശീയരാജാക്കന്മാരും കായംകുളത്തോടുചേർന്നു പ്രവർത്തിക്കാൻ

തീർച്ചപ്പെടുത്തി. തങ്ങളുടെ ഉദ്ദേശസാഫല്യത്തിനായി അവർ ശ്രീധരചാരന്മാരെ തിരുവനന്തപുരത്തേക്ക് അയച്ചു കൊല്ലംരാജാവിനെ കായങ്കുളത്തു വരുത്തിയിട്ട് പ്രബലമായ ഒരു സൈന്യത്തിന്റെ രക്ഷയിൽ ദേശിങ്ങനാട്ടേക്ക് അയച്ചു. ഉളുവ അവരെ എതിർത്തുവെങ്കിലും ഫലമൊന്നുമുണ്ടായില്ല. തിരുവിതാംകൂർ സൈന്യം പരാജിതമായി; എന്നാൽ ഈ വിവരം അറിഞ്ഞു മഹാരാജാവു് ഭഗ്നാശയനാവാതെ കൊല്ലത്തെ വീണ്ടെടുക്കാനുള്ള ശ്രമം തുടങ്ങി. ദേശിങ്ങനാട്ടേയ്ക്കു് കൊച്ചി, കായങ്കുളം തുടങ്ങിയ രാജാക്കന്മാരുടെ സഹായം ഉണ്ടായിരുന്നതിനാൽ വിജയം സുഖസാദ്ധ്യമല്ലെന്നു് അദ്ദേഹത്തിനറിയാമായിരുന്നു. എങ്കിലും ഒന്നുകൂടി പരീക്ഷിച്ചുനോക്കാതെ വിടുന്നതിനു് അദ്ദേഹത്തിനു മനസ്സുവന്നില്ല. എന്നാൽ രണ്ടാമത്തെ കൊല്ലം യുദ്ധത്തിലും വേണാട്ടിനു വിജയം ഉണ്ടാകാഞ്ഞതിനാൽ, വ്യർത്ഥമായ ജീവനാശത്തിനും അർത്ഥനാശത്തിനും ഇടവരുത്തുന്നതു് അനുചിതമാണെന്നു കണ്ടിട്ടു മഹാരാജാവു് തൽക്കാലത്തേക്കു പിൻവാങ്ങി.

കൊല്ലംരാജാവു് പ്രതിധത്തിൽ വീണ്ടും പ്രബലരായിത്തീർന്നു. ഈ വിജയങ്ങൾ നിമിത്തം അദ്ദേഹത്തിനുണ്ടായ ഗർവ്വും വർദ്ധിച്ചു. ഇതുവരെ അടങ്ങിക്കഴിഞ്ഞിരുന്ന അദ്ദേഹം വീണ്ടും നിരപരാധികളായ പല പ്രദേശങ്ങളെ ആക്രമിച്ചുതുടങ്ങി.

കൊല്ലം രാജ്യത്തിന്റെ നാശം കാണാൻ മാർത്താണ്ഡവർമ്മയ്ക്കു സഹിച്ചില്ല. അദ്ദേഹത്തിനായും പുതിയ ബന്ധുക്കളെയും ഓർത്തു പരിഭ്രമിക്കാതെ വിടുന്നതല്ലെന്ന് ആ പുരുഷസിംഹം അനേകം ശപഥംചെയ്തു. അതിനനുസരിച്ചു തന്റെ കാര്യക്കാർക്കുള്ള കത്തുകളിലും പ്രധാനികൾക്കു നല്കപ്പെട്ടുള്ള ഉത്തരവുകളിലും അങ്ങനെതന്നെ പ്രസ്താവിച്ചിരുന്നു. ഇടവപ്പാതിക്കുമുമ്പു് ശ്രീധരൻ തമ്പിയുടെയും പുതിയ തോക്കുകൾ ശേഖരിക്കുന്നതിനും കൊല്ലത്തേയ്ക്കയച്ചു. അദ്ദേഹം തന്നെ പടയുടെയും സ്ഥാനാപതി കുമാരസ്വാമിപ്പിള്ളയുടെയും കീഴിൽ ഓരോ വലിയ സൈന്യത്തെ കൊല്ലത്തേക്കും കായംകുളത്തേക്കും അയച്ചു് ഒരേസമയത്തുതന്നെ ഈ രണ്ടു രാജ്യങ്ങളേയും ആക്രമിച്ചുതുടങ്ങി. കായങ്കുളംരാജാവു് ഡച്ചുകാരോടു സഹായത്തിനു് അപേക്ഷിച്ചു.

എന്നാൽ കൊച്ചിയിലെ ഡച്ചുഗവണ്മെന്റർ ആ അപേക്ഷയെതി രസ്കരിച്ചു കളഞ്ഞതേയുള്ളു. കൊച്ചി മാത്രം കായങ്കുളത്തിനു പല വിധത്തിലുള്ള സഹായങ്ങൾ ചെയ്തുകൊടുത്തുകൊണ്ടേ ഇരുന്നു. എന്നിട്ടും ജയം സന്ദിഗ്ദ്ധമാണെന്നു കണ്ടപ്പോൾ, ധീരധീരനാ യിരുന്ന കായങ്കുളം രാജാവുതന്നെ തന്റെ സൈന്യത്തെ രണാ ങ്കണത്തിലേക്കു നയിച്ചു. യുദ്ധം തന്മൂലം അതിഭയങ്കരമായി ത്തീർന്നു. എന്നാൽ രണമദ്ധ്യേ തിരുവിതാംകൂറിലെ ഒരു അശ്വ ഭടൻ വെടിവെച്ചു കായങ്കുളം രാജാവിനെ ഭൂമിയിൽ വീഴ്ത്തി; രാ ജാവിന്റെ മരണം നിമിത്തം ഭഗ്നാശയരായിത്തീർന്ന ഭടന്മാർ എല്ലാവരും ഓടി ഒളിക്കയും ചെയ്തു.

രാജാവു് ഇപ്രകാരം വീരസ്വർഗ്ഗം പ്രാപിച്ചിട്ടും കായങ്കുളത്തു കാരുടെ ഗർവ്വം തെല്ലുപോലും ശമിച്ചില്ല. അദ്ദേഹത്തിന്റെ ഭാഗി നേയൻ കൂടെക്കൂടി ധീരനും പരാക്രമശാലിയും ആയിരുന്നതി നാൽ, യുദ്ധം തുടർന്നുകൊണ്ടുതന്നെ ഇരുന്നു. ഡച്ചുകാർ ഫെലിംഗ് എന്നൊരാളെ കമ്മിഷണരായി നിയമിച്ചയയ്ക്കയും അദ്ദേഹം കാ യംകുളവും തിരുവിതാംകൂറും തമ്മിൽ സമാധാനം ഉണ്ടാക്കാൻ ശ്ര മിക്കയുംചെയ്തു. എന്നാൽ മലയാള ആചാരപ്രകാരം മാതുലന്റെ മരണത്തിനു പാത്രീഭൂതമായ തിരുവിതാംകൂർസൈന്യത്തെ നാ ട്ടിൽനിന്നു തുരത്തുകയും അവരോടു ശരിയായി പകവീട്ടുകയും ചെയ്യാതെ താൻ സമാധാനത്തെപ്പറ്റി ആലോചിക്കുന്നതു് ധർമ്മ മല്ലെന്നു കായംകുളം രാജാവു നിർബന്ധമായി പറഞ്ഞൊഴിഞ്ഞു. മാർത്താണ്ഡവർമ്മ മഹാരാജാവു് ഇതുകണ്ടു തന്റെ സൈന്യ ത്തിൽ കൂടുതൽ ആളുകൾ ചേർക്കുന്നതിനും, പടയാളികൾക്കു പൂർവ്വാധികം ഉന്മേഷം നല്കുന്നതിനുമായി കൊല്ലത്തേയ്ക്കു് എഴു ന്നള്ളി. രാമയ്യനും വെറുതേ ഇരുന്നില്ല. അദ്ദേഹം തിരുനൽ വേലിയിൽ ചെന്നു പൊന്നുപാണ്ഡ്യതേവന്റെ കീഴിൽ ഒരു മ റവസൈന്യത്തെ ശേഖരിച്ചു; പാളയപ്പട്ടക്കാരിൽനിന്നു് 2000 തുറുപ്പുകാരേയും സമ്പാദിച്ചു. ഇവരെ കൊട്ടാരക്കര മലമ്പാത കളിൽകൂടി കൊണ്ടുവന്നിട്ടു്, ദളവയോടും സ്ഥാനാപതിയോടും ആലോചിച്ചശേഷം അദ്ദേഹം തന്നെ സർവ്വസൈന്യാധിപത്യം സ്വീകരിച്ചു. അടുത്തദിവസം നടന്നയുദ്ധത്തിൽ, കായംകുളം

സൈന്യം നിശ്ശേഷം പരാജിതമായെങ്കിലും അതുകൊണ്ടും യുദ്ധം അവസാനിക്കുന്ന ലക്ഷണം കണ്ടില്ല. അതിനാൽ രാമവ്വൻ സാവധാനം കായംകുളംരാജ്യത്തു പ്രവേശിച്ചു പലവിധ തന്ത്രങ്ങളാൽ പ്രമാണികളിൽ പലരേയും സ്വാധീനപ്പെടുത്താൻ നോക്കി.

കായംകുളം രാജാവിന്റെ മന്ത്രിയായിരുന്ന അച്യുതവാര്യർ ഒരു സംഗ്രാമധീരനും നയകോവിദനും സർവ്വോപരി സത്യനിഷ്ഠനും ആയിരുന്നതിനാൽ, കായംകുളം വിചാരിച്ചിരുന്നിടത്തോളം വേഗത്തിൽ കീഴടങ്ങിയില്ല. രാജാവു് കൊച്ചീരാജാവു് വഴിക്കു ഡച്ചുകാരുടെ സഹായം വീണ്ടും അപേക്ഷിച്ചുനോക്കി. അവരിൽനിന്നു യാതൊരു സഹായവും ലഭിക്കയില്ലെന്നു കണ്ടപ്പോൾ മാത്രമേ അദ്ദേഹം സമാധാനത്തിനു് അപേക്ഷിച്ചുള്ളു. മഹാരാജാവിന്റെ അനുവാദത്തോടുകൂടി ഇങ്ങനെ യുദ്ധം തൽക്കാലത്തേക്കു നിറുത്തിവയ്ക്കുകയും ചെയ്തു.

എന്നാൽ അധികകാലതാമസംകൂടാതെ യുദ്ധകാരണം വീണ്ടും ഉണ്ടായി. 909-ാമാണ്ടു് കൊല്ലം രാജാവു നാടുനീങ്ങി. തൽക്ഷണം തന്നെ കായംകുളം രാജാവു്, രാജ്യത്തെ കൈവശപ്പെടുത്തി. പത്തുവഴിക്കു് ദേശിങ്ങനാടു തനിക്കു് അവകാശപ്പെട്ടതാണെന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. നേരേമറിച്ചു് പ്രസ്തുത രാജകുടുംബം വേണാട്ടു രാജവംശത്തിന്റെ ഒരു അടുത്ത ശാഖയായതിനാൽ, കൊല്ലം തിരുവിതാംകൂറിനോടു ചേരേണ്ടതാണെന്നും ഇതിനെ പ്രതിനായ രാജാവുതന്നെ അസ്ഥിരപ്പെടുത്തിയിരുന്നുവെന്നും മഹാരാജാവു് ചൂണ്ടിക്കാട്ടി. കായംകുളത്തിനു തുണയായി കൊച്ചീരാജാവും ഡച്ചുകാരും നിന്നതിനാൽ, യുദ്ധംകൂടാതെ കഴികയില്ലെന്നു നിലവന്നു ചേർന്നു. ഡച്ചുകാർ ഇതേവരെ നിഷ്പക്ഷനില കൈക്കൊണ്ടിരുന്നെങ്കിലും, തിരുവിതാംകൂറിന്റെ വളർച്ചയുവരുന്ന ശക്തിയെ തടസ്സമാത്തപക്ഷം തങ്ങളുടെ അധികാരം നശിച്ചുപോകുമെന്നു് കാണുകയാൽ, മഹാരാജാവിന്റെ സന്നിധിയിലേക്കു് ഒരു ദൂതനെ അയച്ചു, കായംകുളവുമായി യുദ്ധത്തിനു പോകരുതെന്നു ഉപദേശിച്ചു. ഡച്ചുകാരുടെ ഈർഷ്യയ്ക്കു് വേറൊരു കാരണംകൂടിയു

ണ്ടായി. എട്ടുമിടത്തു് സപത്രുപത്തിലെ കാരണഭരായിരുന്ന വീരകേരളവമ്മരാജാവു മരിച്ചുപോകയും ആ കുടുംബത്തിൽ പുരുഷന്മാരാരും ഇല്ലാതിരുന്നതുകൊണ്ടു് ഉമയമ്മ എന്നൊരു റാണി രാജ്യഭാരം തുടങ്ങുകയും ചെയ്തു. എന്നാൽ വാസ്തവത്തിൽ കായ്യങ്ങൾ നിർവഹിച്ചുവന്നതു സവ്വാധികായ്യക്കാരായിരുന്നു. അയാൾ പരമദുഷ്ടനും ധനലോഭിയുമായിരുന്നതിനാൽ, ജനങ്ങൾ വളരെ കഷ്ടപ്പെടുകയും മാത്താണ്ഡവമ്മമഹാരാജാവിനോടു പരാതിപ്പെടുകയും ചെയ്തു. വീരകേരളവർമ്മ വഞ്ചിരാജ്യകുടുംബത്തോടു ചാച്ചുയുള്ളവനായിരുന്നതുകൊണ്ടു മഹാരാജാവു് സവ്വാധികായ്യക്കാരെ നാടുകടത്തിയിട്ടു് പ്രസ്തുത സപത്രുപത്തെ തിരുവിതാംകൂറിനോടുചേത്തു ഭരിച്ചുതുടങ്ങി. രാജ്ഞിയാകട്ടെ കായംകുളംരാജാവിന്റെ പ്രേരണയാൽ ഡച്ചുകാരോടു പരാതിപറഞ്ഞിരുന്നു. അതുകൊണ്ടു് ഈ അവസരംനോക്കി, ഡച്ചുഗവണ്മെന്റായ എം. ഷു. മേറവൻ, രാജ്ഞിയോടു മഹാരാജാവു വത്തിച്ചുനയം വിശകാണെന്നും ചൂഷിക്കാനിക്കാരിക്കുവില്ല. എന്നാൽ ഡച്ചു് ഈസ്റ്റിൻഡ്യാകമ്പനിയുടെ കച്ചവടാഭിവൃദ്ധിക്കുവേണ്ടി താൻ വേണ്ട തൊക്കാകാണാമെന്നും, അതിന്നു് ഇപ്പോഴത്തെ സന്ധിവ്യവസ്ഥകളിൽ പ്രധാനഭേദങ്ങളുണ്ടാകുന്നതു കൊണ്ടു് മഹാരാജാവു് മറുപടി പറഞ്ഞയച്ചു.

ഇതുകേട്ടപ്പോൾ ഗവണ്മെന്റിന്റെ ഭാവം പകൎന്നു. മഹാരാജാവിന്റെ അഭിപ്രായം അവരെ അറിയിക്കുന്നതെന്തിനു് അവർ ചോദിച്ചതു തിരിഞ്ഞുചെയ്തു. ഇങ്ങനെ പണ്ടു് ഡച്ചുകാർ നോട്ടമിട്ട കായംകുളത്തിനെ സമ്പാദിക്കാൻ പുറപ്പെട്ടതാണു്.

ഇതിനൊടു കൂടുത്തുതന്നെ അനുഭവപരിജ്ഞാനമില്ലാത്തതിനാൽ താനുപ്പിച്ച ഈ സ്ഥാനത്തിലേക്കു് ഉദ്യോഗസ്ഥന്മാരെ, വിശേഷിച്ചും മഹാരാജാവിന്റെ ഇഷ്ടക്കാരനായ ദളവാ രാമയ്യൻ ദളവായുടെ നിയമത്തിനു പ്രതിപുരുഷനായി. അദ്ദേഹം ഇഷ്ടപരിജനങ്ങളുടെ കുടുക്കങ്ങളെല്ലാം അല്പകാലംകൊണ്ടു പൂത്തിയാക്കി. അതുകൊണ്ടു് ഇഷ്ടക്കേടുണ്ടായി. താമസിച്ചിരുന്ന ഇംഗ്ലീഷുകാർ തിരുവിതാംകൂറിനു കഴിയുന്നതു സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കാമെന്നു സമ്മതിച്ചുവെങ്കിലും, പരസഹായം കൂടാതെതന്നെ

ചിജയം സമ്പാദിക്കണമെന്നു മഹാരാജാവിനു മോഹമുണ്ടായിരു
ന്നതിനാൽ, അദ്ദേഹം അവരുടെ സഹായത്തെ കൈക്കൊണ്ടി
ല്ല. വേണമെങ്കിൽ പാണ്ഡ്യൻ ഗവണ്മെൻറും അദ്ദേഹത്തിനു
തുണയായി നില്ക്കുമായിരുന്നു. എന്നാൽ അതേ കാരണത്താൽ
തന്നെ, അവരോടും അദ്ദേഹം സഹായം അഭ്യർത്ഥിച്ചില്ല.

1914-ൽ തിരുവിതാംകൂർസൈന്യം കായംകുളത്തേക്കു പുറ
പ്പെട്ടു. ഈ വിവരം അറിഞ്ഞു സിലോണിലെ ഡച്ചുഗവണ്മെൻറാ
യിരുന്ന വാൻഇമാഫ്സായ്പ്, കൊച്ചിയിൽനിന്നു മുമ്പു കൊച്ചീ
ഗവണ്മെൻറ് അയച്ച മാതിരിയുള്ള ഒരു സന്ദേശം മഹാരാജാവിനു
അയച്ചുനോക്കി; പക്ഷേ അന്നത്തെപ്പോലെ തന്നെയായിരുന്നു
ഫലം. ഉടൻതന്നെ തിരുവിതാംകൂർരാജാവിനെ നിരോധിക്കു
ന്നതിനുള്ള ശ്രമങ്ങൾ ചെയ്യണമെന്നു് അദ്ദേഹത്തിനു് അഭ്യർ
ത്ഥിച്ചു. എന്നാൽ തൽക്കാലം അതിനുവേണ്ട ആളുകളും യുദ്ധസാ
മഗ്രികളും കൈവശമില്ലാതിരുന്നതിനാൽ, സാമോപായംതന്നെ
ഒന്നുകൂടി പ്രയോഗിക്കാമെന്നു തീച്ചയാക്കീട്ടു മഹാരാജാവുമായി
ഒരു കൂടിക്കാഴ്ചയ്ക്കു് അനുവാദം ചോദിക്കയും അദ്ദേഹം അതിനു്
സമ്മതിക്കയും ചെയ്തു. ഈമുഖത്തു സപ്രമുഖത്തോടു് അനുവാ
ത്തിച്ചു നയത്തെപ്പറ്റി ഗവണ്മെൻറ് തീക്ഷ്ണമായ വാദപ്രതിവാദം
നടത്തിയിട്ടും മഹാരാജാവു് ഒട്ടുള്ളോളും വഴങ്ങിക്കൊടുക്കാതിരു
ന്നതിനാൽ, താൻ തിരുവിതാംകൂറിനെ ആക്രമിക്കുമെന്നുപറഞ്ഞു്
ഭയപ്പെടുത്തിനോക്കി. അങ്ങനെയായാൽ തനിക്കു നിർഭയം
താമസിക്കുന്നതിനു വേണ്ടുവോളം വനാന്തരങ്ങൾ വേണാട്ടിലു
ണ്ടെന്നു് അവിടുന്നു ശാന്തമായി മറുപടി പറഞ്ഞു.

വാൻഇമാഫ്—ലന്തക്കാരുടെ തോക്കുകൾക്കു പ്രവേശിക്കാൻ സാ
ധിക്കാത്ത വനങ്ങൾ ഇന്നു് വേണാട്ടിലില്ലെന്നു് അവിടുന്നു
നല്ലപോലെ ഓർത്തുകൊള്ളണം.

മഹാരാജാ—നിങ്ങൾ തീച്ചയായും വേണാട്ടിനെ ആക്രമിക്കുമെ
ങ്കിൽ ഏതാനും വഞ്ചികളും മുക്കുവന്മാരും അയി നാമും
നിങ്ങളുടെ ദേശമായ ഹോളണ്ടിനെ ആക്രമിക്കുന്നതാണു്.

ഇങ്ങനെ സന്ധിക്കു് ഒരു മാർഗ്ഗവും ഇല്ലെന്നു കണ്ടപ്പോൾ
ഡച്ചുകാർ യുദ്ധത്തിനുതന്നെ തയ്യാറായി.

അധ്യായം വ്യ.

ഡച്ചുകാരും എളയടത്തുസ്വരൂപവും.

വാൻഇമാഫം മാത്താണ്ഡവർമ്മമഹാരാജാവും തമ്മിൽ നടന്ന കൂടിക്കാഴ്ചഫലിക്കായ്കയാൽ ഡച്ചുകാർ എളയിടത്തു സ്വരൂപത്തിൽപെട്ട രാജ്ഞിയെ ആ രാജ്യത്തുകൊണ്ടുചെന്നു വാഴിച്ചു. അതിനു പ്രതിഫലമായി കമ്പനിക്കു കൊല്ലത്തുനിന്നു മൂന്നു മൈൽ അകലെയുള്ള അയിരൂർ എന്ന കൃഷിസ്ഥലവും വടക്കും കൂർരാജ്യത്തുള്ള വെച്ചൂർ എന്ന പ്രദേശവും ലഭിച്ചു. വെച്ചൂരിൽ ഉടൻതന്നെ ബലമായ ഒരു കോട്ടയും അവർനിർമ്മിച്ചു. എന്നാൽ അതിനിടയ്ക്കു തിരുവിതാംകൂർസൈന്യം കൊട്ടാരക്കരെ എത്തി കുഴിഞ്ഞു. കായംകുളംരാജാവു മാത്രമേ ഡച്ചുകാക്കു തുണയായി നിന്നുള്ളു. എളയിടത്തുസ്വരൂപത്തിലെ പ്രജകൾ എല്ലാവരും ഉദാസീനരായിരുന്നതല്ലാതെ രാജ്ഞിയെ സഹായിക്കുവാൻ ഒരുമ്പെട്ടില്ല. അതുകൊണ്ടു വിജയം സന്ദിഗ്ദ്ധമാണെന്നു ഡച്ചുകാർ മനസ്സിലാക്കീട്ട്, കൂടുതൽ സൈന്യം അയച്ചുകൊടുക്കുന്നതിനു ബറേവിയായിലേക്കു എഴുതി അയച്ചു. എന്നാൽ ആ സൈന്യം വന്നുചേരുന്നതിനു മുമ്പുതന്നെ കണ്ടിയൂർവച്ചു വഞ്ചി സൈന്യം ലന്തക്കാരെ തോല്പിച്ചോടിച്ചുകളഞ്ഞു. ഇതുനിമിത്തം അവർക്കു വലിയ നഷ്ടങ്ങൾ സംഭവിച്ചു. എളയടത്തുരാജ്ഞിയാകട്ടെ കൊച്ചിയിലേക്കു ഓടിരക്ഷപ്പെടുകയും അവരുടെ ചെലവിലേക്കു ഡച്ചുകാർ പ്രതിദിവസം രണ്ടു റൂപ്പിക അനുവദിക്കയും ചെയ്തു.

ഇതിനോടുചേർന്നു തിരുവിതാംകോട്ടയ്ക്കും ഒരു പരാജയം പറ്റി. വേണാട്ടുസൈന്യത്തിൽപ്പെട്ട 6000 നായന്മാർ ചേർന്നു ഡച്ചുകാക്കു കൊല്ലത്തുണ്ടായിരുന്ന ഒരു കോട്ടയെ ആക്രമിച്ചു. ആ കോട്ടയാകട്ടെ കായംകുളത്തെ നായർ വീരന്മാരാൽ സുരക്ഷിതമായിരുന്നതുകൊണ്ടു കീഴടങ്ങിയില്ലെന്നുമാത്രമല്ല; വേണാട്ടുസൈന്യത്തെ ഓടിക്കയുംചെയ്തു. ഈ കൃത്യനിർവഹണത്തിനു ഡച്ചുകാർ തെക്കു ആശാപുരത്തുനിന്നും,

ന്നാൽ ഡച്ചുകാരും തിരുവിതാംകൂറും തമ്മിൽ ഉടൻതന്നെ ഒരു താൽക്കാലിക സന്ധി ഉണ്ടാവുകയും ആ സന്ധിപ്രകാരം തിരുവിതാംകൂർ അയിരൂരും വെച്ചൂരും തിരിച്ചു കൊടുക്കയും പ്രത്യുപകാരമായി വേണാട്ടിനു പണത്തിന്റെ ബുദ്ധിമുട്ടു ധാരാളമുണ്ടെന്നും അതുകൊണ്ടു് ഈ സമാധാനം ചിരകാലംനിലനില്ക്കുമെന്നും ആയിരുന്നു ഡച്ചുകാരുടെ വിശ്വാസം. എങ്കിലും അവർ തങ്ങളുടെ സൈന്യത്തെ വർദ്ധിപ്പിച്ചുകൊണ്ടേ ഇരുന്നു.

വേണാട്ടിന്റെ ഉത്തരഭാഗത്തു് ഇങ്ങനെ യുദ്ധം നടന്നുകൊണ്ടിരിക്കവേ ലന്തക്കാർക്കു കൂടുതൽ സൈന്യം സിലോണിൽനിന്നു ചെന്നുചേർന്നു. അവർ ആ സൈന്യത്തെ കൊച്ചുവേളിക്കടുത്തിറക്കിയിട്ടു് അവിടെ സൈന്യനിവേശം ചെയ്തുകയും ഗ്രാമങ്ങളെ കൊള്ളിവെക്കുകയും ജനങ്ങളെ നിഷ്കരുണം വെട്ടിക്കൊല്ലുകയും മറ്റും ചെയ്തുതുടങ്ങി; തേങ്ങാപ്പട്ടണം, മിടാലം, കടിയപട്ടണം മുതലായ നഗരങ്ങളേയും അവർ ആക്രമിച്ചുകീഴടക്കി. ഇതുകൊണ്ടൊന്നും തൃപ്തിയടയാതെ അവർ ഇരണിയൽ പിടിക്കാനായി അങ്ങോട്ടു പുറപ്പെട്ടു.

മാർത്താണ്ഡവർമ്മമഹാരാജാവു് അവിചാരിതമായ ഈ വർത്തമാനം അറിഞ്ഞ മാത്രയിൽ രാമയ്യനെ ഉത്തരദേശത്തുനിന്നു തിരിച്ചുവിളിച്ചിട്ടു സൈന്യസമേതം പദ്മനാഭപുരത്തുവച്ചു തന്നോടുകൂടിച്ചേരുന്നതിനു് ആജ്ഞാപിച്ചശേഷം, ഒരു സൈന്യത്തെ തെക്കൻദിക്കിലേക്കു നയിച്ചു. കുളച്ചലിനും കോട്ടാറിനും മദ്ധ്യേയുള്ള പില്ലാടിക്കുകയും ഡച്ചുകാരുടെ കൈയിൽ അകപ്പെട്ടതായി അദ്ദേഹം കണ്ടു. ഈ അക്രമത്തെപ്പറ്റി തിരുമനസ്സുകൊണ്ടു കഠിനമായി നിഷേധിക്കയും വിവരം ബറവിയായിലെ ഗവണ്മെൻറിനെ കത്തു വഴി അറിവിക്കയും ചെയ്തിട്ടു്, പുതുച്ചേരിയിലെ ഫ്രഞ്ചുഗവർണ്ണരുടെ അടുക്കലേക്കു് ഒരു ദൂതനെ അയച്ചു് അവരുടെ സഹായത്തെ അഭ്യർത്ഥിച്ചു. അക്കാലത്തു ഡച്ചുകാരും ഫ്രഞ്ചുകാരും ശത്രുഭാവത്തിൽ വർത്തിച്ചുവരുന്നതുകൊണ്ടു്, ഈ അപേക്ഷയെ അവർ സസന്തോഷം കൈക്കൊണ്ടു.

മഹാരാജാവു് യഥാകാലം ഒരുവലിയ ഫ്രഞ്ചുദേശപ്പടയോടുകൂടി കുളച്ചലിലെത്തി, മഹാരാജാവു് മന്ത്രിസത്തമനോടുകൂടി അങ്ങോ

ചിച്ചു ഡച്ചുകാരെ നിരോധിക്കുന്നതിനുള്ള വഴികൾ കണ്ടുപിടിച്ചു. രാമയ്യൻ വേണ്ടുവോളം ഭടന്മാരെ കയറിയ ഏതാനും നാട്ടുവഞ്ചികളെ സമുദ്രത്തിൽ ഒരുക്കിനിർത്തി. നാഗരുകോവിലിനും ഇരണിയലിനും മദ്ധ്യേ പല ദിക്കുകളിൽ സമർത്ഥന്മാരായ നേതാക്കന്മാരുടെ കീഴിൽ ഓരോ സൈന്യവിഭാഗത്തെ സകല ഉപകരണങ്ങളോടുംകൂടി സ്ഥാപിച്ചു. സർവ്വസൈന്യാധിപത്യം താൻ തന്നെ വഹിച്ചുകൊണ്ടു രാമയ്യനും സൈന്യമദ്ധ്യത്തിൽത്തന്നെ സ്ഥാനമുറപ്പിച്ചു.

വൈകാശിമാസത്തിൽ മഹാരാജാവു് തിരുവട്ടാറു ക്ഷേത്രത്തിൽ എഴുന്നള്ളി ശ്രീകേശവപ്പെരുമാളുടെ അനുഗ്രഹം വാങ്ങിയിട്ടു യുദ്ധക്കളത്തിലേക്കു തിരിച്ചു. ആടിമാസാവസാനത്തിൽ കുളച്ചൽയുദ്ധം ആരംഭിച്ചു. വഞ്ചിക്കാർ ഡച്ചു സൈന്യത്തെ കരയ്ക്കടുപ്പിക്കാതെ ലന്തക്കപ്പലുകളെ വളഞ്ഞു. രാമയ്യന്റെ സൈന്യം കരയ്ക്കുണ്ടായിരുന്ന ഡച്ചുസൈന്യത്തോടു് എതിരിട്ടു്, അവർക്കു വലുതായ നഷ്ടങ്ങൾ വരുത്തി. അവരിൽ ഉദ്യോഗസ്ഥന്മാരുൾപ്പെടെ ഒരു പേരെ ശേഷിക്കെയുണ്ടായുള്ളൂ. കുളച്ചൽ യുദ്ധത്തിൽ വേണാട്ടുകാർ 389 തോക്കുകളും ഏതാനും പീരങ്കികളും ലന്തക്കാരിൽ നിന്നു പിടിച്ചെടുത്തതായി കണക്കുകളിൽ കാണുന്നു.

ഫ്രഞ്ചുകാരുമായുണ്ടായ ഉടമ്പടി ഒപ്പുവയ്ക്കുന്നതിനു മുമ്പുതന്നെ കുളച്ചൽയുദ്ധം നടന്നതിൽനിന്നു വേണാട്ടു സൈന്യത്തിന്റെ യുദ്ധസാമർത്ഥ്യം നല്ലപോലെ വെളിപ്പെടുന്നു.

ഡച്ചുകാക്കു വേറൊരു ദുർവ്വടംകൂടി ക്രമേണ നേരിട്ടു. തിരുവിതാംകൂറും കായംകുളവുമായി മാന്നാത്തുവെച്ചു് ഒരു ഉടമ്പടി നടന്നതിനാൽ കായംകുളത്തുനിന്നും അവക്കു് ഒരു സഹായവും ലഭിക്കാതെയായി. കൊച്ചീത്തമ്പുരാനും പിന്മാറിക്കളഞ്ഞു. ഇതെല്ലാംകൊണ്ടു്, സമാധാനത്തിനു ഡച്ചുകാർ തന്നെ അപേക്ഷിക്കേണ്ടതായിവന്നുകൂടി. മാർത്താണ്ഡവർമ്മ മഹാരാജാവു് കരാറിലെ വ്യവസ്ഥകളേപ്പറ്റി ആലോചിപ്പാനായി ഒളവയ്യും തലവടി കൊച്ചു മൂസ്സതിനേയും മാവേലിക്കരയ്ക്കയച്ചു. അവിടെവെച്ചു രാജപ്രതിനിധികൾ ലന്തപ്രതിനിധികളായ

എസ്സിക്കെയിൽ റാബിയോടും സിൽവെസ്റ്റർമെൻഡിസിയോടും ആലോചിച്ചു കരാറിന്റെ നക്കൽ എഴുതി. എന്നാൽ ഒപ്പിടുന്നതിനു കൊച്ചീസഭക്കാർ മാവേലിക്കരയ്ക്കു പുറപ്പെടാറായപ്പോൾ, "വല്ല ഏച്ചുകെട്ടലും നടക്കണമെന്നുണ്ടെങ്കിൽ തന്നെ തിരുവനന്തപുരത്തു ചെല്ലണമെന്നാണു രാജകല്പന" യെന്നു തിരുവിതാംകൂറിൽനിന്നു അവരെ അറിയിച്ചു.

ഇതു ഡച്ചുകാക്കു ലജ്ജാവഹമായിത്തോന്നി. യുദ്ധം രണ്ടാമതും ആരംഭിക്കാതെ തരമില്ലെന്നായി. എന്നാൽ അതിനുമുമ്പായി ഇരുപാട്ടുകാരും ചേർന്നു കൊല്ലംപരവൂർ വെച്ചു രണ്ടു കൂടിയാലോചനയ്ക്കുനടത്തി. ഈ കൂടിയാലോചനകൊണ്ടു ഒരുപ്രയോജനവും ഉണ്ടാകാനില്ലെന്നു ഡച്ചുകാക്കു് അറിയാമായിരുന്നു. കൊച്ചീക്കായ്ങ്ങളേപ്പറ്റി ബറേവിയായിലേക്കു് എഴുതി ഒരു തീരുമാനം വരുത്തുന്നതിനുവേണ്ടി മനഃപൂർവം കാലതാമസം വരുത്താനാണു് അവർ നോക്കിയതു്. 917-ൽ കൊച്ചിക്കോട്ടയിലെ കമാണ്ടർ ഗോളനസ്സിബറേവിയായിലേക്കു് എഴുതിയ ഒരു കത്തിൽ മലയാളം ഡച്ചുകാരുടെ സ്ഥലങ്ങളിൽവെച്ചു് ഏറ്റവും പ്രധാനമായിട്ടുള്ളതാണെന്നും അതുകൊണ്ടു് ആ പ്രദേശം നഷ്ടപ്പെട്ടുപോകാതിരിക്കുന്നതിനുവേണ്ട പ്രയത്നങ്ങൾ ചെയ്യേണ്ടതാണെന്നും കാണിച്ചിരുന്നതിനു ഗവർണ്ണർ ജനറലായിരുന്ന റസ്സൽ മറുപടി പറഞ്ഞതു് ഇപ്രകാരമായിരുന്നു: — "ഞാൻ നിങ്ങളോടു യോജിക്കുന്നില്ല; മലയാളക്കര മുഴുവനും ഒരു നൂറുകൊല്ലങ്ങൾക്കുമുമ്പു സമുദ്രത്തിൽ ആണ്ടുപോയിരുന്നെങ്കിൽ നന്നായിരുന്നു എന്നാണു് എന്റെ അഭിപ്രായം."

924-ാമാണ്ടുവരെ ഡച്ചുകാർ തിരുവിതാംകൂറിന്റെ ശത്രുഭാവം അവലംബിച്ചു കായംകുളം രാജാവിനെ സഹായിച്ചുകൊണ്ടേ ഇരുന്നു. എന്നാൽ 916-മാണ്ടു് കൊല്ലുത്തുവച്ചു നടന്നതും മുമ്പു വിവരിച്ചിട്ടുള്ളതുമായ ഒരു യുദ്ധത്തിൽ മാത്രമേ വേണാട്ടുപടയ്ക്കു പറയത്തക്ക പരാജയം ഉണ്ടായുള്ളു. 924-ാമാണ്ടു തിരുവിതാംകൂർ മഹാരാജാവുമായി സഖ്യം ചെയ്യുന്നതിനു ബറേവിയൻ ഗവണ്മെന്റു കർശനമായി ആജ്ഞാപിക്കയാൽ കൊച്ചി ഗവർണ്ണർ അങ്ങനെ ചെയ്യാൻ നിർബന്ധിതനായി. ഈ

ഉടന്നടി തിരുവിതാംകോട്ടേക്ക വളരെ അനുകൂലമായിരുന്നുവെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ.

കൂച്ചുൽവച്ചു പിടിച്ചെടുത്ത ഡച്ചുതടവുകാരിൽ രണ്ടുപേർ മാത്താണ്ഡവർമ്മമഹാരാജാവിന്റെ ശ്രദ്ധയെ പ്രത്യേകം ആകർഷിച്ചു. തന്മൂലം അവരെ ശ്രദ്ധാപൂർവ്വം പരിരക്ഷിക്കേണമെന്നു മഹാരാജാവു രാമയ്യനോടു് ആജ്ഞാപിക്കയും കൂടക്കൂടെ അവരെ സന്ദർശിക്കയും ചെയ്തുവന്നു. ഇങ്ങനെ കുറേക്കാലം കഴിഞ്ഞപ്പോൾ ലന്തക്കാരുടെ ഭാഷ പരിചയമുള്ള ഒരാളെക്കൂടി മഹാരാജാവിനു ലഭിച്ചു.

ഈ ഡച്ചുതടവുകാർ മഹാരാജാവിന്റെ ഔദാര്യത്താൽ അത്യന്തം സന്തുഷ്ടരായിത്തീരുകയാൽ തങ്ങളെ വേണാട്ടസൈന്യത്തിൽ ചേർക്കണമെന്നു തിരുമനസ്സറിവിച്ചു. അവരിൽ മിക്കവരും പിന്നീടുണ്ടായ യുദ്ധങ്ങളിൽ തിരുവിതാംകൂറിനു വേണ്ടി ധീരധീരം പോരാടി പലേ ബിരുദങ്ങൾ സമ്പാദിച്ചുവെന്നുള്ളതു പ്രത്യേകം പ്രസ്താവയോഗ്യമായിരിക്കുന്നു. എന്നാൽ തിരുമനസ്സിലെ ശ്രദ്ധയെ സവിശേഷം ആകർഷിച്ചതു യൂസ്റ്റേഷ്യസ് ഡിലനായിയും ഡോണാഡിയും തിരുവിതാംകൂറിനുവേണ്ടി ചെയ്തിട്ടുള്ള ഗുണഗണങ്ങളെ എത്ര വർണ്ണിച്ചാലും മതിയാവുന്നതല്ല. തിരുമനസ്സുകൊണ്ടു ഡിലനായിയെ തന്റെ അംഗരക്ഷകനായി ആദ്യം നിയമിച്ചു. ആ യുദ്ധവീരന്റെ ശിക്ഷണസാമർത്ഥ്യംകൊണ്ടു പരമസന്തുഷ്ടനായിത്തീർന്ന മഹാരാജാവു് താമസിയാതെ തന്നെ അദ്ദേഹത്തെ അംഗരക്ഷകസൈന്യത്തിന്റെ കപ്പിത്താനായും പദ്മനാഭപുരത്തെ സൈന്യത്തിന്റെ അധ്യക്ഷനായും കയറാം ചെയ്തു.

ഈ ഡിലനായി പരിഷ്കൃതരീതിയിൽ സൈന്യശിക്ഷണം ചെയ്തതിന്റെ ഫലമായി തിരുവിതാംകൂർസൈന്യം അജയ്യമായിത്തീർന്നു.

ഇക്കാലത്തിനോടു് അടുത്തുതന്നെ ആർക്കാട്ടിലെ നവാബായിരുന്ന ഡാസ്സു് അലിഖാന്റെ ബന്ധുക്കളായ ചന്ദാസാഹിബും ബാബാസാഹിബും ഏതാനും കൊള്ളക്കാരോടുകൂടി ആരുവാമൊഴിച്ചുരുവഴിക്കു തിരുവിതാംകൂറിൽ പ്രവേശിച്ചു കൊള്ള ചെയ്തു

ഡിലനായി

തുടങ്ങി. നവാബിന്റെ പുത്രന് ഒരു ചെറിയ രാജ്യം സമ്പാദിച്ചുകൊടുപ്പാനായിരുന്നു അവരുടെ ശ്രമം. അവർ നാഗർകോവിൽ, ശുചീന്ദ്രം, കോട്ടാർ എന്നീ നഗരങ്ങളെ പിടിച്ചെടുക്കയും ശുചീന്ദ്രക്ഷേത്രത്തെ കൊള്ളയടിക്കയും മറ്റും ചെയ്തു. രാമയ്യൻ അവരോട് എതിർത്തിട്ടുവെങ്കിലും ഒരു പ്രയോജനവും ഉണ്ടായില്ല. ഈ അവസരത്തിൽ ഒരു പുതിയ ശത്രുകൂടി ഉണ്ടാകുന്നതു രാജ്യത്തിനു വിഷമമാണെന്ന് അറിഞ്ഞിരുന്ന മന്ത്രിവര്യൻ ധാരാളം പണംകൊടുത്തു് അവരെ പറഞ്ഞയച്ചു.

കായംകുളം, തെക്കുംകൂർ, വടക്കുംകൂർ, ചെമ്പകശ്ശേരി ഈ രാജ്യങ്ങളുടെ അധഃപതനം.

ആരുവാമൊഴിപ്രാന്തയുടെ രക്ഷയ്ക്കായി വേണ്ട ഉറപ്പുകളെല്ലാം ചെയ്തശേഷം രാമയ്യൻ തിരുവനന്തപുരത്തേക്കു തിരിച്ചുവന്നു. അവിടെനിന്നു് അല്പദിവസം രാജാജ്ഞപ്രകാരം ഡിലനായിയോടുകൂടി കൊല്ലത്തേക്കു പുറപ്പെട്ടു. കൊല്ലത്തുവച്ചു രാമയ്യന്റെ സൈന്യത്തിനു നേരിട്ട ഒരു പരാജയത്തേയും അതുനിമിത്തം ഉണ്ടായ താൽക്കാലിക സന്ധിയേയുംപറ്റി മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ.

917-ന്റെ പ്രാരംഭത്തിൽ കായംകുളവും ഡച്ചുകാരും യോജിച്ചു തിരുവിതാംകൂറിനെ ആക്രമിക്കാൻ തീച്ചുപ്പെടുത്തി. ആ തീച്ചുയുടെ ഫലമായിട്ടാണു ഡച്ചുകാർ തെക്കൻ തിരുവിതാംകൂറിലെ കുളച്ചൽ മുതലായ സ്ഥലങ്ങൾ പിടിച്ചടക്കിയതു്. മഹാരാജാവു ഡച്ചുകാരെ നിരോധിക്കാനായി ശുചീന്ദ്രത്തിനു പോയിരുന്ന അവസരം നോക്കി കായംകുളത്തേയും ലന്തക്കാരുടേയും സൈന്യങ്ങൾ കിള്ളിമാന്നൂർ പിടിച്ചടക്കിയിട്ടു് ആറ്റുങ്ങൽ ആക്രമിക്കാനായി അങ്ങോട്ടു തിരിച്ചു. വിവരം അറിഞ്ഞ ഉടൻതന്നെ മഹാരാജാവു് 5000 നായർ ഭടന്മാരോടുകൂടി അങ്ങോട്ടു പുറപ്പെട്ടു. അഞ്ചുതെങ്ങിലെ ഇംഗ്ലീഷുകാരും മാഹിയിലെ ഫ്രഞ്ചുകാരും ആയുധസാമഗ്രികളും വെടിമരുന്നും അയച്ചുകൊടുത്തു മഹാരാജാവിനെ സഹായിച്ചു കൊണ്ടിരുന്നു. രാമയ്യന്റെ കീഴിലുണ്ടായിരുന്ന പ്രധാന സൈന്യത്തോടു ചേന്നശേഷം മഹാരാജാവു് ആ പടയെ മൂന്നായി വിഭജിച്ചു്, ഓരോ ഭാഗത്തിന്റേയും

അധിപതിമാരായി രാമവർമ്മരാജകുമാരൻ, രാമയ്യൻ, ഡിലനായി എന്നിവരെ നിയമിച്ചു.

ഈ ഏർപ്പാടുകൾ പൂർത്തിയായശേഷം മഹാരാജാവിന്റെ മേൽനോട്ടത്തിൽതന്നെ കിള്ളിമാന്നൂർ കോട്ടയുടെ അവരോധം തുടങ്ങി. ഈ അവരോധം 68 ദിവസത്തോളം നിലനിന്നു. മഹാരാജാവിന്റെ വിജയലക്ഷ്മി പരിപൂർണ്ണമായി കടാക്ഷിച്ചു. കായംകുളത്തെയും ഡച്ചുകാരുടെയും സൈന്യത്തിൽ കുറച്ചുപേർ മാത്രമേ ശേഷിച്ചുള്ളു; അവർ കൊല്ലത്തേക്കു പിൻവലിയുകയും ചെയ്തു.

തിരുവിതാംകൂർ സൈന്യം ഇതിനുശേഷം നേരേ കായംകുളത്തേക്കു തിരിച്ചു. അവിടെവച്ചു നടന്ന യുദ്ധത്തിലും വേണാട്ടു സൈന്യംതന്നെ ജയിച്ചു. 917-ാമാണ്ടു് അവസാനിക്കും മുമ്പുതന്നെ കായംകുളംരാജാവു സമാധാനത്തിനു് അപേക്ഷിച്ചു. ഇങ്ങനെയാണു് മുമ്പു പ്രസ്താവിച്ച മാന്നാത്തെ ഉടമ്പടി നടന്നതു്. ഇതിനോടുകൂടി ഡച്ചുകാർ നിസ്സഹായരായിത്തീർന്നുപോയി. ഈ ഉടമ്പടിപ്രകാരം കായംകുളം രാജ്യത്തിന്റെ ഒരു വലിയ അംശം തിരുവിതാംകൂറിനു ലഭിക്കയും കായംകുളത്തുതമ്പുരാൻ പ്രതിവർഷം 1000 ഉറുപ്പികയും ഒരു ആനയും കപ്പമായി കൊടുത്തുകൊള്ളാമെന്നു സമ്മതിക്കയും ചെയ്തു. പിന്നാൽ കായംകുളം രാജാവു് അറിയാതെ ഈ ഉടമ്പടിയെ ലംഘിച്ചു. അദ്ദേഹം കപ്പം മുടക്കുകയും രഹസ്യമായിമറു രാജാക്കന്മാരോടു് എഴുത്തുകുത്തുകൾ നടത്തുകയുംചെയ്തു. അതുകൊണ്ടു മഹാരാജാവു് രാമയ്യനെ 921-ൽ മാവേലിക്കരയ്ക്കു് അയച്ചു് ഉടമ്പടി അനുസരിച്ചു പ്രവർത്തിപ്പാൻ കായംകുളം രാജാവിനെ നിർബ്ബന്ധിപ്പിച്ചു. എന്നാൽ രാജാവാകട്ടെ അല്പകാലത്തെ സമയം ചോദിച്ചിട്ടു് ഉള്ളതെല്ലാം വിറ്റു കാശാക്കീട്ടു രഹസ്യമായി തൃശ്ശിവപേരൂക്കു കടന്നുകളഞ്ഞു. അതിനു മുമ്പായി ആയുധസാമഗ്രികളുണ്ടായിരുന്നവയെ വഞ്ചിയിൽ കയറ്റി അപ്പുമുടിക്കായലിൽ കൊണ്ടുചെന്നു താഴ്ത്തുകയും ചെയ്തിരുന്നു. രാമയ്യൻ കായംകുളത്തു പ്രവേശിച്ചപ്പോൾ വടക്കുംകൂറും ചെമ്പകശ്ശേരിയും അതിനടന്നിരുന്ന എഴുത്തുകുത്തുകൾ മാത്രമേ കണ്ടുള്ളു. ഇങ്ങനെ കായംകുളം തിരുവിതാംകോട്ടേക്കു ചേർന്നു.

മഹാരാജാവിന്റെ പ്രധാന ശത്രുക്കൾ ഇപ്രകാരം ഒതുങ്ങിയെങ്കിലും അതുകൊണ്ടു് അദ്ദേഹം തൃപ്തിപ്പെട്ടില്ല. കായങ്കുളവുമായുള്ള യുദ്ധകാലത്തു വടക്കുംകൂറിലേയും കോട്ടയത്തേയും രാജാക്കന്മാർ തനിക്കു വിപരീതമായി പലതും പ്രവർത്തിച്ചുകൊണ്ടിരുന്നു എന്നു മാർത്താണ്ഡവർമ്മമഹാരാജാവു ധരിക്കാൻ ഇടയായി. അവരേയും ശിക്ഷിക്കണമെന്നു് അദ്ദേഹം തീർച്ചപ്പെടുത്തി. ഈ യുദ്ധത്തിൽ യുവരാജാവായകാർത്തികതിരുനാൾതമ്പുരാൻ അത്ഭുതകരമായ പരാക്രമം പ്രദർശിപ്പിച്ചു; എന്നാൽ സൈന്യത്തിന്റെ മേൽനോട്ടം മുഴുവനും വഹിച്ചതു മഹാരാജാവുതന്നെയായിരുന്നു. പല യുദ്ധങ്ങൾക്കുശേഷം കോട്ടയംകോട്ട വേണാട്ടിനു കീഴടങ്ങി; വടക്കുംകൂർ രാജാവു് ഭയപരവശനായി കോഴിക്കോട്ടേക്കു് ഓടി രക്ഷപ്പെട്ടു. ഇപ്രകാരം വടക്കുംകൂറും കോട്ടയവും തിരുവിതാംകൂറിനു സ്വാധീനമായി. അക്കാലങ്ങളിൽ മഹാരാജാവു തിരുമനസ്സുകൊണ്ടു സ്ഥിരമായി ഒരു സ്ഥലത്തും താമസിച്ചിരുന്നില്ലെന്നും മിക്ക അയോധനങ്ങളിലും പങ്കുകൊണ്ടിരുന്നുവെന്നും അന്നത്തെ ഒരു ഗ്രന്ഥവരിയിൽ കാണുന്നു. തിരുവിതാംകൂർമഹാരാജാവിന്റെ ഈ വിജയം കൊച്ചീരാജാവിനെ എത്രമാത്രം പരിഭ്രമിപ്പിച്ചുവെന്നു പറഞ്ഞറിയിക്കാവുന്നതല്ല. വടക്കുംകൂർ, ചെമ്പകശ്ശേരി മുതലായ ദേശങ്ങൾ കൊച്ചിയുടെ സാമന്തരാജ്യങ്ങളായിരുന്നു. കൊച്ചീരാജാവു് പലപ്പോഴും ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യൻ ജനറലിനോടു് സഹായം അപേക്ഷിച്ചുനോക്കി. എന്നാൽ തിരുവിതാംകൂറുമായി യോജിച്ചിരിക്കണമെന്നുമുള്ള ഉപദേശം മാത്രമേ മറുപടിയായി അദ്ദേഹത്തിനു ലഭിക്കാറുണ്ടായിരുന്നുള്ളൂ. എന്തുകൊണ്ടെന്നാൽ ഡച്ചുകാരും തിരുവിതാംകൂറുമായി നടന്നുവന്നകലഹം വല്ലവിധവും ശമിപ്പിക്കണമെന്ന ഒരേ ഒരു ആഗ്രഹമായിരുന്ന ബ്രിട്ടീഷ് ഗവണ്മെന്റിനുണ്ടായിരുന്നതു്. കൊച്ചീവലിയതമ്പുരാൻ അദ്ദേഹത്തിനയച്ച ഒരു തീട്ടൂരത്തിൽ ഇങ്ങനെ പറഞ്ഞുകാണുന്നു:—

"അരുളിച്ചെയ്യുന്നു എത്രയും വളരെ ബഹുമാനപ്പെട്ട ബത്താവിലെ ജനറാൽക്കു — എന്നാൽ കൊല്ലം 92-ാമതു് കുംഭമാസം 2-ാനു- അങ്ങുന്നു കൊടുക്കപ്പെട്ട സാധനവും സമ്മാനങ്ങളും കമ്പഭവതു് നമ്മുടെ പക്കൽ കൊണ്ടുവന്നതു. നാംവളരെ പ്രസാദ

ത്തോടെ കൈക്കൊള്ളുകയും ചെയ്തു. ധനു മാസം 24-ാംനു നമ്മുടെ ജ്യേഷ്ഠൻ തീപ്പെട്ടു. നാം കൊച്ചീ കോവികലത്തു വരി ക്കയും ബഹുമാനപ്പെട്ട ജനറാളുടെ സാധനം നമ്മുടെ കൈയിൽ വരികയും ചെയ്തുകൊണ്ടു നമുക്കുണ്ടായ പ്രസാദം ഇത്ര എന്നു എഴുതിക്കൂടാ. നെടിവിരിപ്പുസപ്രുപത്തിങ്കേനു ചെയ്ത ഏററ ത്തിന്റെ നിവൃത്തി ഇതുയും നേരം വന്നില്ല. തുപ്പാപ്പിസപ്രു പത്തിലെ കായ്മംകൊണ്ടു് ഇങ്ങോട്ടു് എഴുതിയതു് പരമാത്മാ തന്നെ ആകുന്നു. എന്നാലും ഇവിടുത്തെ കായ്മങ്ങൾ ഒക്കെയും അങ്ങു് അറിയാത്തതു് അല്ലല്ലോ. മുമ്പു നെടിവിരിപ്പുസപ്രുപ ത്തോടു നമ്മുടെ അമ്മാവനായിട്ടു അനേകകാലം പടവെട്ടീട്ടും കുമ്പഞ്ഞിയുടെ സഹായം ഉണ്ടായിരുന്നിട്ടും ഒരു ജയം വന്നില്ല. ഒടുക്കം കുമ്പഞ്ഞിയുടെ ബലം തികച്ചു കല്പിച്ചു വന്നതിൽ പിന്നെയല്ലോ നിവൃത്തിവന്നുള്ളു. തുപ്പാപ്പിസപ്രുപം ഇപ്പോൾ നെടിവിരിപ്പു സപ്രുപത്തേക്കാട്ടിൽ ശക്തി ഏറിയിരിക്കുന്നു. തങ്ങൾ രാജ്യത്തുചെയ്ത അതിക്രമങ്ങൾകൊണ്ടുതന്നെ തെക്കേ ത്തലയ്ക്കൽ ഉള്ള മലയാളരൊക്കയും ശങ്കിച്ചുപോയി. അതു കൊണ്ടു പിന്നെയും ചെയ്യുന്ന ഏററങ്ങൾ ചുള്ളിവരും കൂണ്ടു് ഇരിക്കേണ്ടിവന്നു. മലയാളത്തിലുള്ള രാജാക്കൾ തമ്മിലുള്ള ചരിത്രംകൊണ്ടും ഒരുമ ഇല്ലായ്കകൊണ്ടും മലയാളരുതന്നെ നിരു പിച്ചാൽ അമർച്ചവരുമെന്നുതോന്നുന്നില്ല. ഇനിയും അവിടത്തെ അമച്ചു വരണമെങ്കിൽ നടയത്തെപ്പോലെ കുമ്പഞ്ഞിയുടെ ബലം തികച്ചുകണ്ടല്ലാതെ സാധിക്കയില്ല. അതല്ലാതെ ഗുണങ്ങൾ പറഞ്ഞാലും കേൾക്കുമെന്നു തോന്നുന്നില്ല. പെരുമ്പടപ്പിൽ സപ്രുപത്തിങ്കലെ ജീവനാകുന്നതു് കുമ്പഞ്ഞിതന്നെ ആകുന്നു. ഈ സപ്രുപത്തിങ്കലെ ചെയ്ശപ്തുകൾ അങ്ങു് അറിയാത്തത ല്ലല്ലോ. ... ..." ഇത്യാദി.

തിരുവിതാംകൂറിൽനിന്നുള്ള ഏററങ്ങൾ ക്രമേണ വല്ലിച്ചു വരുന്നുവെന്നും, മഹാരാജാവു് മലയാളക്കര മുഴുവനും അടക്കി ഏകവാഴ്ചയ്ക്കു ശ്രമിക്കയാണെന്നും, ആ ശ്രമത്തെഉടനടി തടയേ ണ്ടതാണെന്നും കാണിച്ചു കൊച്ചിയിലെ ഡച്ചു അധികാരികളും ബറേവിയായിലേക്കു് അടിക്കടിഎഴുതിക്കൊണ്ടിരുന്നു. എന്നാൽ

ഗവണ്ണർ ജനറൽ വീണ്ടും യുദ്ധത്തിൽ ഏർപ്പെടുന്നതിനു മടിച്ചു. എങ്ങനെ എങ്കിലും സന്ധിയിൽ ഏർപ്പെടേണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആശയം.

കൊച്ചീ ഗവണ്ണരാകട്ടെ 'തിരുവിതാംകൂറിനെ സൂക്ഷിക്കണ'മെന്നു പെരുമ്പടപ്പു തമ്പുരാനു് അറിയുകൊടുത്തിട്ടു 'കൊല്ലത്തിനു വടക്കോട്ടുള്ള ഗതിയെ ഉടൻ നിർത്തിവയ്ക്കണ'മെന്നു മാത്താണ്ഡവർമ്മമഹാരാജാവിനു കർശനമായ ഒരു കത്തു് അയച്ചുകൊടുത്തു. അതൊക്കെ തന്നെമാത്രം സംബന്ധിക്കുന്ന കാര്യമാണെന്നും, കമ്പനിയുമായി താൻ ചെയ്തിട്ടുള്ള കരാറുകൾക്കു് വിപരീതമായി താൻ ഒന്നും പ്രവർത്തിക്കുന്നില്ലെന്നുമായിരുന്നു മഹാരാജാവിന്റെ മറുവടി.

മഹാരാജാവിന്റെ പിന്നത്തെ ശ്രമം ചെമ്പകശ്ശേരി പിടിച്ചടക്കുവാനായിരുന്നു. ഈ രാജ്യം വളരെ ചെറുതായിരുന്നെങ്കിലും, സുരക്ഷിതമായിരുന്നുവെന്നു് അക്കാലത്തെ രേഖകളിൽ കാണുന്നു. സ്മൂഹാഫ് എന്ന ഡച്ചുകാരൻ ചെമ്പകശ്ശേരി രാജാവിനെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു—

"ക്രി. അ. 1640-ാമാണ്ടു് പുറക്കാട്ടുരാജ്യം ഭരിച്ചിരുന്ന ചെമ്പകശ്ശേരി നമ്പൂരി എന്ന ഒരാളായിരുന്നു. ചെമ്പകശ്ശേരി രാജാക്കന്മാർ കൊച്ചീരാജാവിനോക്കാൾ അഭിജാത്യം ഉള്ളവരെന്നു ഭാവിച്ചു്, കൊച്ചിയുമായി പലപ്പോഴും ശണ്ഠപിടിച്ചിട്ടുണ്ടു്. എന്നാൽ ഇപ്പോൾ ആ രാജ്യം ഡച്ചു ഈസ്റ്റിൻഡ്യാക്കമ്പനിയുടെ ചൊല്പടിയിൽ ആയിരിക്കുന്നു. രാജാവിന്റെ പ്രധാനസൈന്യം അതിവേഗം ഗമിക്കുന്ന അനവധി ചെറുവഞ്ചികളാണു്. എണ്ണത്തിൽ അഞ്ഞൂറോളംവരുന്ന ആ വഞ്ചികളെ, നെല്പാടങ്ങളിൽ വെള്ളം കേറിമറിഞ്ഞ കാലത്തു് ഉപയോഗിച്ചുവരുന്നു. മുമ്പു് പോർത്തുഗീസ്സുകാരാണു് ഈ ദിക്കുകളിൽ കുരുമുളകു വ്യാപാരം നടത്തിവന്നതു്. എന്നാൽ അവർ പണ്ടകശാല എന്ന വ്യാജേന കോട്ടകൾ കെട്ടി ഉറപ്പിക്കുന്നതിനു് ശ്രമം ചെയ്യുന്നതായി രാജാവു് അറിഞ്ഞപ്പോൾ അവരോടു പടവെട്ടുകയും അവരെ തോല്പിക്കയും ചെയ്തു."

വേറൊരെടത്തു് അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചുകാണുന്നു.

"അന്നു പുറക്കാട്ടു വാണിരുന്ന രാജാവു് നല്ല ഗാത്രസൌഷ്ഠവം ഉള്ള ഒരു ഗംഭീരനായിരുന്നു. അദ്ദേഹം നാട്ടാചാരപ്രകാരം കൈയിലും കാതിലും വജ്രം മുതലായ വിശിഷ്ടരത്നങ്ങൾ പതിച്ച വിലയേറിയ ആഭരണങ്ങൾ ധരിച്ചിരുന്നു. ആരെയും വണങ്ങാതെ അദ്ദേഹം രാജ്യത്തു സ്വാധികാരം നടത്തിവന്നു. രാജ്യം മുഴുവനും തന്റെ സ്വന്തം എന്നായിരുന്നു അദ്ദേഹത്തിന്റെ ഭാവം. നീതിന്യായങ്ങൾ നടത്തുന്നതിൽ ഉള്ള നിഷ്കൃഷ്ടകൊണ്ടു്, കളവു എന്ന ശബ്ദംപോലും അവിടെ കേൾപ്പാനില്ലായിരുന്നു."

രാമയ്യൻദളവാ ഈ രാജ്യം പിടിച്ചടക്കാൻ ഒട്ടുവളരെ പ്രയാസപ്പെടേണ്ടിവന്നു. കൊച്ചുമേനവൻ എന്ന മന്ത്രിയെ അദ്ദേഹം തിരുവനന്തപുരത്തേക്കു് അയയ്ക്കുന്നതിനു ചെമ്പകശ്ശേരിക്കു് എഴുതി അയച്ചു. കായംകുളം രാജാവുമായുള്ള യുദ്ധകാലങ്ങളിൽ, ആ 'ചാണക്യൻ' പ്രയോഗിച്ച തന്ത്രങ്ങളെപ്പററി നല്ല പരിചയം ഉണ്ടായിരുന്ന മേനവനാകട്ടെ, ഇതിൽ എന്തോ കപടം ഉണ്ടെന്നു തന്റെ സ്വാമിയെ അറിവിച്ചുവെങ്കിലും, ബുദ്ധിയായ ചെമ്പകശ്ശേരിരാജാവു് അതൊന്നും വകവക്കാതെ തന്റെ മന്ത്രിയെ അങ്ങോട്ടേക്കയച്ചു. മേനവന്റെ ശത്രുക്കൾക്കു് ഇതു് ഒരു നല്ല അവസരമായിരുന്നു. അദ്ദേഹത്തിനെപ്പററി പല അപവാദങ്ങൾ അവർ രാജസന്നിധിയിൽ അറിവിച്ചു. രാമയ്യനാകട്ടെ മേനവനെക്കുറേക്കാലത്തേക്കു വിട്ടയയ്ക്കാതെ ഒടുവിൽ വിലപിടിച്ച സമ്മാനങ്ങളും കൊടുത്തു നാട്ടിലേക്കു് അയച്ചു. അതു കണ്ടപ്പോൾ തന്റെ മന്ത്രി തിരുവിതാംകൂർ മഹാരാജാവിന്റെ പക്ഷത്തു ചേർന്നുകളഞ്ഞു എന്നു ഏഷണിക്കാരുടെ വാക്കുകേട്ടു സംശയാലുവായിത്തീർന്നിരുന്ന ചെമ്പകശ്ശേരി രാജാവു് വിശ്വസിച്ചുപോയി. തന്നിമിത്തം അദ്ദേഹം തന്റെ മന്ത്രിവയ്യനെ കാരാഗൃഹത്തിൽ താമസിപ്പിച്ചു. നയകുശലനായിരുന്ന മന്ത്രിയുടെ അഭാവം നിമിത്തവും മാത്തൂർപണിക്കരുടെ ചതിപ്രയോഗംകൊണ്ടും ചെമ്പകശ്ശേരി രാമയ്യനു് അചിരേണ കീഴടങ്ങിയെന്നു പറഞ്ഞാൽമതിയല്ലോ. ബുക്കുകമ്മിററിവക ഒരു പഴയ തിരുവിതാംകൂർ ചരിത്രത്തിൽ കൂടുതലായ ചില വിവരങ്ങൾകൂടി ചേർത്തിട്ടുണ്ടു്. തിരുവിതാംകോട്ടയും ചെമ്പ

കശേരിയിലേയും സൈന്യങ്ങൾ തോട്ടപ്പള്ളിയിൽവച്ചു പര സ്പരം എതിർത്തപ്പോൾ, ചെമ്പകശേരിസൈന്യം വിഷമിപ്പിക്കുങ്ങ ളായ അസ്ത്രങ്ങൾ തെരുതെരെ പ്രയോഗിക്കയാൽ, വേണാട്ടു സൈന്യം പിൻവലിഞ്ഞുവത്രേ. രാമയ്യനാകട്ടെ ഇതുകൊണ്ടു ഭഗ്നാശയനാകാതെ, ചെമ്പകശേരിസൈന്യത്തിന്റെ അധിപ നായിരുന്ന മാത്തൂർപണിക്കരേയും പ്രബലനായ തെക്കേടത്തു ട്ടേതിരിയേയും പണംകൊടുത്തുസ്വാധീനപ്പെടുത്തീട്ടതിരുവിതാം കൂർ സൈന്യം മടങ്ങിപ്പോയതിനാൽ ഇനിഭയപ്പെടാനില്ലെന്നു് അവരെക്കൊണ്ടു രാജാവിനെ ധരിപ്പിക്കയും തന്മൂലം ഒരു ശൂരാ തിക്കാരൻ രാജാവു് സ്വസൈന്യത്തെ പിരിച്ചുവിടുകയുംചെയ്തു. അനന്തരം രാജാവു് ചതുരംഗത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കവേ രാ മയ്യൻ അപ്രതീക്ഷിതമായി സൈന്യസമേതം രാജധാനിയുടെ പുരോഭാഗത്തിൽ ചെന്നുചേർന്നു. ഇങ്ങനെ അദ്ദേഹം കരബലം കൊണ്ടു സാധിക്കാത്തതിനെ തന്ത്രത്താൽ നേടിയത്രേ.

ഇപ്രകാരം കായംകുളം മാത്രമല്ല ആ രാജ്യത്തിനു സഹായ മായിനിന്ന വടക്കുംകൂറും ചെമ്പകശേരിയും തിരുവിതാംകോ ട്ടേക്കു കീഴടങ്ങി. ഇതു് അന്നാട്ടുകാർക്കു് എത്രത്തോളം ശ്രേയ സ്കരമായിത്തീർന്നെന്നു് അന്യത്ര വിവരിക്കുന്നതാണു്.

കായംകുളംവിട്ടു പൊയ്പ്പോയ രാജാവിന്റെ കുതുക ങ്ങളുടെ കൂട്ടത്തിൽ തെക്കുംകൂർ രാജാവിന്റെ ചില എഴുത്തു കൾ രാമയ്യൻ കാണുകയുണ്ടായി. അതുകൊണ്ടു് ആ രാജ്യ ത്തെയും ആക്രമിക്കേണ്ടതാണെന്നു മഹാരാജാവു് തീർച്ചപ്പെ ടുത്തിയിട്ടു് അതിനുള്ള സജ്ജീകരണങ്ങളെല്ലാം അതിശീഘ്രം ചെയ്തു. അതറിഞ്ഞു ബുദ്ധിമാനായ തെക്കുംകൂർ എളയരാജാവു് തിരുവിതാംകൂറുമായി സഖ്യം ചെയ്യുന്നതിനു തന്റെ ജ്യേഷ്ഠ നോടു് ഉപദേശിച്ചുനോക്കി. പക്ഷേ ഫലമൊന്നും ഉണ്ടായില്ല. അതുകൊണ്ടു് അദ്ദേഹം തിരുവനന്തപുരത്തുചെന്നു മഹാരാജാ വിനെ അഭയംപ്രാപിച്ചു. തന്നിമിത്തം കോപിഷ്ഠനായിത്തീർന്ന തെക്കുംകൂർരാജാവു് തന്റെ അനുജനെ തിരിച്ചയയ്ക്കുന്നതിനു മഹാരാജാവിന്റെപേക്ഷ ഒരു കുതയയ്ക്കുയും, അതുകൊണ്ടു് ഒരു പ്രയോജനവും ഇല്ലെന്നറിഞ്ഞ മാത്രയിൽ ചതിപ്രയോഗത്താൽ

അദ്ദേഹത്തിനെ നാട്ടിലേക്കു വരുത്തുന്നതിനു നിശ്ചയിക്കയും ചെയ്തു. ഏളയരാജാവിന്റെ മാതാവു് മരണശയ്യയെ പ്രാപിച്ചിരിക്കുന്നു എന്നൊരു വ്യാജവർത്തമാനം രാജാവു് നാട്ടിലൊക്കെ പരത്തി. ഇതു് ഒരു കപടമാണെന്നു് ഇളയരാജാവു് ഗ്രഹിച്ചുവെങ്കിലും, മഹാരാജാവിന്റെ നിർബന്ധത്താൽ അദ്ദേഹം ചങ്ങനാശേരിക്കു പുറപ്പെട്ടു. അവിടെ എത്തിയ മാത്രയിൽ വലിയരാജാവു് അദ്ദേഹത്തിനെ പിടിച്ചു കാരാഗൃഹത്തിൽ അടയ്ക്കുകയും അചിരേണ നിഗ്രഹിക്കയും ചെയ്യുവത്രേ. ഈ വർത്തമാനം അറിഞ്ഞപ്പോൾ, ആശ്രിതവത്സലനായിരുന്ന വഞ്ചീന്ദ്രന്റെ നേത്രങ്ങളിൽ തീപ്പൊരി പാറി, തെക്കുംകൂർ രാജാവിനെ ഉടൻ തന്നെ ശിക്ഷിക്കേണ്ടതാണെന്നു് അദ്ദേഹം ഉറച്ചു. കൽക്കുളം, ഇരണിയൽ, വിളവംകോടു, കായംകുളം എന്നീ ദേശങ്ങളിൽ നിന്നു് വിപുലമായ ഒരു നായർസൈന്യത്തെ ശേഖരിച്ചുകൊണ്ടു് അതിനെ രാമയ്യന്റെ നേതൃത്വത്തിൽ അറമുളയ്ക്കു് അയച്ചു. ഈ സൈന്യത്തിന്റെ വരവിനെപ്പറ്റി അറിഞ്ഞ തെക്കുംകൂർരാജാവു് ഒരു സൂത്രം പ്രയോഗിച്ചുനോക്കി. ഒട്ടുവളരെ തെലുങ്കുബ്രാഹ്മണരെ അദ്ദേഹം തന്റെ സൈന്യത്തിൽചേർത്തു. ബ്രാഹ്മണരെ കൊല്ലുന്നതിനു ബ്രാഹ്മണഭക്തരായ വഞ്ചിരാജാക്കന്മാർക്കു വൈമനസ്യം കാണുമെന്നായിരുന്നു രാജാവിന്റെ വിശ്വാസം. പക്ഷേ രാമയ്യനു് ആ മാതിരി സങ്കോചം ഒന്നും ഉണ്ടായിരുന്നില്ല. തന്റെ സ്വാമിക്കുവേണ്ടി വേണ്ടിവന്നാൽ പഞ്ചമഹാപാതകങ്ങൾപോലും ചെയ്യാൻ അദ്ദേഹത്തിനു് ഒരു ക്ലേശവും ഇല്ലായിരുന്നു. ബ്രാഹ്മണർക്കു പടയിൽ ഒരു കാര്യവും ഇല്ലെന്നും ജീവൻ വേണമെങ്കിൽ പൊയ്ക്കൊള്ളണമെന്നും രാമയ്യൻ ഈ ബ്രാഹ്മണരെ അറിയിച്ചു; പക്ഷേ അവർ പോകുന്നഭാവം കാണായ്കയാൽ, തന്റെ കൃത്യം യഥാവിധി ചെയ്തുകൊള്ളുന്നതിനു് അദ്ദേഹം ഡിലനായിയോടു് ആജ്ഞാപിക്കയാൽ, ആ സാധുക്കൾ എല്ലാം വെടിയുണ്ടകൾക്കു് ഇരയായിത്തീർന്നു. 925 ചിങ്ങം 28-ാംതീയതി ചങ്ങനാശേരിയും തിരുവിതാംകൂറിനു കീഴടങ്ങി. ഈ അവസരത്തിൽ ചങ്ങനാശേരി, വടക്കുംകൂർ, അമ്പലപ്പുഴ മുതലായ ടിക്കുകളിലെ പ്രമാണികളായ കർത്താക്കന്മാരും കയ്മളന്മാരും പണിക്കർമാരും തിരുവിതാംകൂർ മഹാരാജാ

ചിന്റെ ആധിപത്യത്തെ സസന്തോഷം സ്വീകരിക്കയാൽ രാമയ്യൻ തന്റെസൈന്യത്തെ അവിടെനിന്നു് വടക്കോട്ടുമാറ്റി. വടക്കുംക്കുറിനും തെക്കുംക്കുറിനും മദ്ധ്യേ കുമരകംതൊട്ടു് അതുവരെ ഒരു കോട്ടയും അദ്ദേഹം പണികഴിപ്പിച്ചു.

തിരുവിതാംക്കൂർരാജ്യം ഇപ്പോൾ വടക്കോട്ടു്, അലുവാവഴിക്കു പടിഞ്ഞാട്ടൊഴുകുന്ന പെരിയാറിന്റെ തെക്കേ തീരംവരെ വ്യാപിച്ചു. വടക്കേ അതിർത്തിയിൽ ചില കുഴപ്പങ്ങൾ നേരിട്ടതിനെ കരുക്കുന്നതിനായിട്ടായിരുന്ന രാമയ്യൻ അങ്ങോട്ടു തിരിച്ചുതു്. കൊച്ചീരാജ്യത്തിന്റെ വടക്കും തെക്കുകിഴക്കും വേണാട്ടിന്റെ അധികാരം വ്യാപിച്ചതുനിമിത്തം തുടർന്നിത്രറെ വാണിരുന്ന അന്നത്തെ പെരുമ്പടപ്പുരാജാവു് വളരെ പരിഭ്രമിച്ചുതുടങ്ങി. അതലങ്ങാട്ടു്, പറവൂർ മുതലായ ചില സ്ഥലപങ്ങൾ മാത്രം കൊച്ചിയോടു ചേർന്നനിന്നിരുന്നു. കൊച്ചി രണ്ടു ശത്രുക്കളുടെ ഇടയ്ക്കു് അകപ്പെട്ടതുനിമിത്തം തീരെ ബലഹീനമായിച്ചമഞ്ഞുപോയി. സാമൂതിരിയുടെ അക്രമണത്തിൽനിന്നും ഒഴിഞ്ഞ ഒരു സമയവും കൊച്ചിക്കില്ലായിരുന്നു.

ഇങ്ങനെ ഇരിക്കെ അമ്പലപ്പുഴ രാജാവു് കുടമാളൂരിൽനിന്നു രക്ഷപ്പെട്ടു്, രാജ്യഭ്രഷ്ടരായിത്തീർന്നിരുന്ന വടക്കുംക്കൂർ ഇളന്നീ രാജാക്കന്മാരോടുചേർന്നു്, തന്റെ രാജ്യം വീണ്ടെടുക്കുവാനുള്ള പ്രയത്നം തുടങ്ങി. അവർ പാലിയത്തുമേനോൻ, കോടശ്ശേരിക്കർത്താവു്, കൊരട്ടിക്കയ്മൾ മുതലായ പ്രമുക്കന്മാരോടു സഹായത്തിനു് അഭ്യർത്ഥിച്ചു. അവരെല്ലാവരുംകൂടി കൊച്ചീരാജാവിനെച്ചെന്നുകണ്ടു്, അദ്ദേഹത്തിനെ തിരുവിതാംക്കൂറുമായി യുദ്ധംചെയ്യുന്നതിനു് പ്രേരിപ്പിച്ചു. അന്നത്തെ കൊച്ചീരാജാവു് ക്ഷീണചിത്തനായിരുന്നതിനാൽ, വേഗത്തിൽ അങ്ങനെ ചെയ്യാമെന്നു സമ്മതിക്കയും ചെയ്തു. ചങ്ങനാശേരി, ഏറുമാന്നൂർ, കായംകുളം, അമ്പലപ്പുഴ എന്നീ ദിക്കുകളിൽനിന്നു സ്വദേശാഭിമാനവിജൃംഭണത്താൽ നാടുവിട്ടപോയ പല പ്രമാണികളും അവരോടു സഹകരിച്ചു. സൈന്യസജ്ജീകരണവും മുറയ്ക്കുതുടങ്ങി. എന്നാൽ കൊച്ചിയിലെ ഡച്ചു ഗവണ്മെന്റർ ഈ വിവരങ്ങളെല്ലാം ശ്രദ്ധമായി തിരുവിതാംക്കൂർ മഹാരാജാവിനെ ധരിപ്പിക്കയാൽ, ആ

നിത്തിയിട്ടാണ്ണാമയ്യനോടുകൂടി ഉടൻതന്നെ മാവേലിക്കരയ്ക്കു പുറ
ടയ്ക്കു കരപ്പുറത്തുള്ള [illegible]ടെവച്ചു തിരുമനസ്സിലേക്ക് എന്തോ ആല
പായങ്ങളും പ്രയോ[illegible]എളയരാജാവിനോടുകൂടി രാമയ്യനേയും
929-ാമാണ്ടി[illegible]ക്കാട്ട അയച്ചു. രാജകുമാരൻ ഒരു സൈ
ന്യ[illegible]തി[illegible]ൂരിൽ പാളയംഅടിച്ചു താമസിക്കവേ, രാ
മയ്യനും ഡിലനും [illegible] പ്രബലമായ ഒരു സേനയേ പുറക്കാട്ടേക്കു
[illegible]ച്ചു. അവർ അ[illegible]ടെ എത്തുന്നതിനു മുമ്പുതന്നെ കൊച്ചി
[illegible]ലെ പുരുഷാരം [illegible] സ്ഥലത്തു പാളയം ഉറപ്പിച്ചു കഴിഞ്ഞിരു
ന്നു. പിന്നീടു് ഉണ്ടായ [illegible]ുദ്ധം അതിഭയങ്കരമായിരുന്നു. എല്ലാ യുദ്ധ
ത്തിലും തിരുവിതാ[illegible] വിജയശ്രീലാളിതമായതു ഡിലനായി
യുടെയും രാമയ്യന്റെ[illegible] സാമർത്ഥ്യത്താലായിരുന്നു. കൊച്ചി
യിലെ ഒരു ഗ്രന്ഥവ[illegible]ിൽ ഈ യുദ്ധങ്ങളെ ഇങ്ങനെ ചിത്രീ
കരിച്ചിരിക്കുന്നു:—

"അന്നു ചെമ്പകശ്ശേരി സപ്തരുപത്തോടും വടക്കുംകൂറിൽ സപ്തരുപത്തോടും ഓരോരോ ഹേതുവന്തരേണ ഭോദ്യങ്ങൾ തുപ്പാപ്പിസപ്തരുപത്തിങ്കലെന്നു തുടങ്ങീട്ടുണ്ടായിരുന്നു. അതുകാരണമായിട്ടു് വടക്കുംകൂറിൽ സപ്തരുപത്തിങ്കലേക്കു് പടപുറപ്പെട്ടു് വടക്കുംകൂറിൽ മുറിഞ്ഞ പുഴയ്ക്കലോളം പാളയം വരികയും ചെയ്തു. അതിന്റെ ശേഷമായിട്ടു് അകന്നതിനെ യുദ്ധംചെയ്തു വിന്നു് നിശ്ചയിച്ചു് പടസന്നാഹം കൂടി പള്ളിയിൽ ഇടിക്കളമേനോൻ പ്രമാണമായിട്ടു് പട പുറപ്പെട്ടു. പെരുമ്പടപ്പിൽ സപ്തരുപത്തിങ്കലേ പുരുഷാരം 929-ാമതു ധനുമാസം 12-ാംനു കൊടമാളൂർ മഠത്തിലും അമ്പലപ്പുഴ മഠത്തിലും കടന്നിരുന്നു. പുറക്കാട്ടു അനന്തേശ്വരത്തുവച്ചു് കടലാറും കായലാറും വാടയും കൂറിയും തീർത്തു പാർത്തതിന്റെ ശേഷം 18-ാംനു ശനിയാഴ്ച ഉഷസ്സിനു തുപ്പാപ്പിസപ്തരുപത്തിങ്കലെ പുരുഷാരം വന്നു വെട്ടിയും പടയും ഉണ്ടായി. അപ്പുറത്തും ഇപ്പുറത്തും ഏറിയ ജനം അപായപ്പെട്ടു വന്നു് പെരുമ്പടപ്പിൽ സപ്തരുപത്തിങ്കലെ പുരുഷാരം വടക്കോട്ടു കഴിക്കയും ചെയ്തു. അതിന്റെ ശേഷമായിട്ടു് അമ്പലപ്പുഴ മഠത്തിലോളം പടകയറി. മഠത്തിൽവച്ചു പാമിയത്തുകോമിഅച്ഛനേയും, കോടശ്ശേരി അഞ്ഞാംകയ്മളേയും, പനമുക്കത്തു മൂന്നാംകയ്മളേയും, ചങ്ങരങ്കോത മൂത്തകയ്മളേയും, ഇടിക്കളമേനോനേയും,

തോട്ടാച്ചേരി തലച്ചെന്നവരുടേയും അനാദിമംഗലത്ത് നീലസ്വാ
ഉണ്ണിയേയും പിടിച്ചു ബദ്ധപ്പെടുത്തുകയും ചെയ്തു. അവനും അവലംബി
വലിയതമ്പുരാനെ അവിടുന്ന് ഒഴിച്ചു കൊണ്ട് അയച്ചുമുപടി
ചെയ്തു. അതിൽ ഇടിക്കളമേനോനേയും പിന്നീടു കാരണമാ
അപായം വരുത്തി. ശേഷം നാലുപേരെ
ണ്ടു് അയയ്ക്കുകയും ചെയ്തു.

രാമയ്യൻ അവിടെനിന്നു് അനന്തശയനത്തേക്കു തിരിച്ചും
അവിടെവച്ചു് രാജകുമാരനും അദ്ദേഹത്തോടുചേർന്നു. രാമയ്യൻ
സൈന്യത്തെ രണ്ടായി പിരിച്ചു്, ഒരു ഭാഗത്തെ രാജകുമാ
രന്റെ കീഴിൽ വേമ്പനാട്ടുകായൽവഴിക്കു മരകത്തേക്കു അയ
ച്ചിട്ടു്, തന്നാൽ നീതമായ രണ്ടാമത്തെ ഭാഗത്തെ അമ്പല
പ്പുഴ, അരലപ്പുഴ, അരയ്യാടു് എന്നീ രാജ്യങ്ങളിൽക്കൂടി വടക്കോട്ടു
നയിച്ചു. ഞാവക്കാട്ടുകയ്മൽ, വെട്ടിയ തമ്പാൻ മുതലായ
പ്രമുഖന്മാരും വടക്കുംകൂർ മൂന്നാമ്മൂറത്ത രാജാവും രാജകുമാരന്റെ
സഹായത്തിനെത്തുകയാൽ വെച്ചിയനാടു തുടങ്ങിയ ദേശങ്ങ
ളിൽനിന്നു ശേഖരിച്ചു പുരുഷാരത്തിൽ ഒരു ഭാഗത്തെ കായൽവ
ഴിക്കു വയ്ക്കുത്തേക്കു അയച്ചിട്ടു്, താനും ശേഷിച്ച സൈന്യവും
കരമാർഗ്ഗം അങ്ങോട്ടേക്കു പുറപ്പെട്ടു. അവിടെവച്ചു സൈന്യ
ത്തിന്റെ രണ്ടുവിഭാഗങ്ങളും ഒന്നിച്ചുചേരുകയാൽ എല്ലാവരും
കൂടി തണ്ണീർമുക്കം കടന്നു ചേർത്തലെ പാളയം അടിച്ചു. രാമയ്യ
നാകട്ടെ, കൊച്ചീരാജ്യത്തിന്റെ തെക്കേ അതിർത്തിയായ മാട
ത്തിൻകരയിൽ പുത്തി. അവിടെ കൊച്ചിവകയായ ഒരു കൊ
ട്ടാരമുണ്ടായിരുന്നു. അതിൽ ആളും താമസമില്ലാതിരുന്നതിനാൽ
അദ്ദേഹം കാവൽക്കാരായ ഭടന്മാരെ തോല്പിച്ചു് ആ സ്ഥലം
നിഷ്പ്രയാസം കരസ്ഥമാക്കിയിട്ടു്, അരുക്കുറ്റിയിൽ ചെന്നു്
അവിടെ പാളയമടിച്ചു.

ഇതൊക്കെ അറിഞ്ഞു സംഭ്രാന്തചിത്തനായിത്തീർന്ന കൊ
ച്ചീരാജാവു് ഒരു ദൂതനെ അയച്ചു മഹാരാജാവിനോടു ക്ഷമായാ
ചനം ചെയ്കയാൽ, രാമയ്യൻ ഉടൻതന്നെ തിരിച്ചുവിളിക്കപ്പെട്ടു.
എന്നാൽ ബുദ്ധിശാലിയായ ദളവ കരപ്പുറത്തു താൻ പിടിച്ചട
ക്കിയ ദേശങ്ങളുടെ രക്ഷയ്ക്കുവേണ്ടി ഒരു സൈന്യത്തെ അവിടെ

മാവേലിക്കരയ്ക്കു തിരിച്ചുപോന്നതു്. അതിനി
മാടമ്പിമാരിൽ പലരേയും അദ്ദേഹം ചതുരു
ഹിച്ചു വശീകരിക്കയും ചെയ്തുകഴിഞ്ഞിരുന്നു.
ന്റെ ഉത്തരാർദ്ധത്തിൽ രാജ്യഭ്രഷ്ടരായ രാജാ
ക്കന്മാർ സാമൂ...തിയുടെ അടുക്കൽചെന്നു സഹായം അഭ്യർത്ഥിച്ചു.
സാമൂതിരിയുടെ പ്രേരണയാലോ എന്തോ ഉത്തരദേശങ്ങളിലെ
ജനങ്ങൾ ലഹളയ്ക്കു് ഒരുക്കം തുടങ്ങുകയും ചെയ്തു. ഇതേവരെയുള്ള
വിജയങ്ങൾക്കൊക്കെയും കാരണം ജനങ്ങളുടെ അനുകൂല്യം ആയി
രുന്നു. പീഡിതരായ ജനങ്ങൾക്കു് അതിപ്രബലനായ വഞ്ചിമഹാ
രാജാവിന്റെ ആവിർഭാവം അത്യന്താശ്വാസപ്രദമായിരുന്നു.
അതിനാൽ രാമയ്യനു നാട്ടുവാഴികളെ ഒതുക്കുന്ന വിഷയത്തിൽ മാ
ത്രമേ ശ്രദ്ധ പതിപ്പിക്കേ...തായി വന്നിട്ടുള്ളു. അപ്പോഴാകട്ടെ
ജനങ്ങൾതന്നെ ലഹളയ്ക്കൊരുങ്ങിയതായി അറിഞ്ഞപ്പോൾ, രാ
മയ്യന്റെ ഹൃദയംപോലും തെല്ലൊന്നു ചലിച്ചുപോയി. തന്നിമി
ത്തം മഹാരാജാവുതന്നെ ആ ദിക്കുകളിലേക്കു് എഴുന്നള്ളി, പ്രജ
കൾക്കു ദർശനം നല്കുണമെന്നു് അദ്ദേഹം അറിവിച്ചു. എന്നാൽ
ആ തിരുമേനിക്കു ദേഹാസ്വാസ്ഥ്യം കലശലായുണ്ടായിരുന്നതി
നാൽ, രാമവർമ്മരാജകുമാരനെ ലഹള ഒതുക്കുന്നതിനായി
പ്രസ്തുത ദേശങ്ങളിലേക്കു് അയച്ചു. വഞ്ചിരാജ്യനിവാസികളുടെ
സുകൃതവല്ലിയായ ആ തേജസ്വിയെ കണ്ട നിമിഷത്തിൽതന്നെ
ജനങ്ങൾ ആയുധംവച്ചു് ജയജയഘോഷം മുഴക്കി. എന്നാൽ
ദുഷ്പ്രേരണയ്ക്കു വശപ്പെട്ടു ജനങ്ങൾ ഇനിയും ലഹളയ്ക്കൊരുങ്ങി
യേക്കാമെന്നു് അറിഞ്ഞിരുന്ന മഹാരാജാവു് മൈസൂർ രാജാവായി
രുന്ന ഹൈദരാലിയുമായി ചില എഴുത്തുകുത്തുകൾ നടത്തി. വേ
ണ്ടിവന്നാൽ ഒരു സൈന്യം അയച്ചു താൻ സഹായിക്കാം എന്നു
ഹൈദർ വാഗ്ദാനവും ചെയ്തു. പക്ഷേ മഹാരാജാവു് ആ സ
ഹായം കൈക്കൊള്ളേണ്ടതായി വന്നില്ല. അതിനുമുമ്പുതന്നെ
ജനങ്ങൾ ഭയപരവശരായിത്തീർന്നുപോയി.

രഹസ്യമായി നടത്തിയ ഈ എഴുത്തുകുത്തിൻപടിയുള്ള
സഹായം താൻ സ്വീകരിക്കുന്നപക്ഷം, അതു പിൽക്കാലത്തു് അ
നർത്ഥപ്രദമായിത്തീരുമെന്നു മഹാരാജാവിനു് ബോധമുണ്ടായിരു

ന്നതുകൊണ്ട്, ഹൈദരാലി പിന്നീടു പല പ്രാവശ്യം സൈന്യ
ങ്ങൾ അയയ്ക്കുകയോ എന്നു മാത്രമല്ല, മെയ്നാം അവലംബി
ച്ചുകളഞ്ഞു. എന്നാൽ ഒടുവിൽ മഹാരാജാവു് അയച്ചമറുപടി
ഈരണ്ടുരാജ്യങ്ങളും തമ്മിലുള്ള കലഹത്തിനു് പിന്നീടു കാരണമാ
യിത്തീർന്നു.

തിരുവിതാംകൂറും കൊച്ചിയും

പുറക്കാട്ടേ യുദ്ധത്തിനുശേഷം പശ്ചാത്താപഭരിതനായി
ത്തീർന്ന കൊച്ചീത്തമ്പുരാൻ മഹാരാജാവുമായി ഒരു കൂടിക്കാഴ്ച
നടത്തുന്നതിനു കാംക്ഷിച്ചു മാവേലിക്കരയ്ക്കു പുറപ്പെട്ടു. തന്റെ
ദുരുപദേഷ്ടാക്കളുടെ വാക്കുകേട്ടു് അറിയാതെ ചെയ്തുപോയ അപ
രാധങ്ങളെ ക്ഷമിക്കണമെന്നു് അദ്ദേഹം മഹാരാജാവിനോടു പ്രാ
ർത്ഥിച്ചതിന്റെ ഫലമായി ഈ രണ്ടു രാജ്യങ്ങൾ തമ്മിൽ എന്നും
മിത്രങ്ങളായിരുന്നുകൊള്ളാമെന്നു് അത്ഥമാവരത്തക്കവിധത്തിൽ
പരസ്പരം ഒരു ഉടമ്പടി ചെയ്കയും തിരുവിതാംകൂർ പിടിച്ചടക്കിയ
വടക്കൻപ്രദേശങ്ങളെ കൊച്ചീരാജാവു് സന്തമനസ്സാലെ വി
ട്ടുകൊടുക്കയും ചെയ്തു.

ഈ ഉടമ്പടിക്കു പ്രേരകമായിത്തീർന്ന കൊച്ചിയുടെ ദുർഘട
സ്ഥിതി അവിടത്തെ ചില ഗ്രന്ഥവരികളിൽനിന്നും, കൊച്ചീ
രാജാവു ഡച്ചുകാർക്കു് അയച്ച രേഖകളിൽനിന്നും പ്രത്യക്ഷ
മാകുന്നു. ഒരു രേഖയിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

"൧൭൯൰-ാമത്തു ധനുമാസംമുപ്പ-ാംനു- അമ്പലപ്പുഴപ്പട കഴി
ഞ്ഞതിന്റെശേഷം കരപ്പുറത്തെക്കായ്കും തുപ്പാപ്പിൽ സപ്തപ്പ
ത്തിങ്കേന്നതന്നെ ക്ലേശിച്ചുതുടങ്ങി. അന്നുമുതൽ 30-ാമത്തു കക്ക
ടകമാസംവരെ ഇങ്ങോട്ടുകടന്ന രാജ്യം ഒരുക്കി പാമ്പാ അഴിക്ക
ലോളം (അന്ധകാരനഴി) വരികയുംചെയ്തു. പൂത്തോട്ടകോവി
ലകം, തെക്കുംഭാഗത്തു കോവിലകം, കണയന്നൂർ കോവിലകം
ഇതൊക്കെയും പുട്ടു് ഉദയമ്പേരൂർവരെയും, മാമ്മലപ്പള്ളംവരെയും
കുഴിക്കാട്ടു കരപ്പുറവും ഒരുക്കുകയുംചെയ്തു.....ൻനു-ാ-
മതുവരയ്ക്കു പാമ്പാഅഴിക്കും കൈതപ്പുഴയ്ക്കും തെക്കുള്ള രാജ്യ
ങ്ങളെക്കയും കുന്നനാടും കുന്നത്തുനാടും ഒരുക്കുകയും ചെയ്തു."

വേറൊരു രേഖയിൽ ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ടു്:—

"വല്ലതെന്നാലും തുപ്പാപ്പിസചരുപവുമായിട്ട ചേരുക എന്നു വെച്ച് അന്യോന്യം പറഞ്ഞു നഫ-ാമതു തുപ്പാപ്പിസചരുപത്തികൽ വലിയ തമ്പുരാനും എളയ തമ്പുരാനും തുപ്പുണിത്തുറ എഴുന്നള്ളി കാഴ്ച കഴികയും ചെയ്തു. അന്നു കൊച്ചീകോട്ടയിൽ കുമടവരം ഉണ്ടായിരുന്നു. കാര്യംകൊണ്ടു പറഞ്ഞു; തമ്മിൽ ചേർന്നതുമില്ല."

"൯നഫ-ാമതിൽ നെടിവിരിപ്പിൽസചരുപം പെരുമ്പടപ്പുരാജ്യത്തു കടന്നുവന്നു് അലുവായിലും വരാപ്പുഴയും മഞ്ഞുമ്മലും കോതാട്ടും ചാത്തനാട്ടും കോട്ടകളുമിട്ട് രാജ്യം ഒതുക്കുകയും ചെയ്തു. കരുപ്പുറം, കുന്നാട്ട്, വടർകുമല, കുന്നത്തുനാട്, തുപ്പാപ്പിസചരുപത്തിലും ഒതുങ്ങി."

ഇങ്ങനെ രണ്ടുശത്രുക്കളുടെ ഇടയിൽപ്പെട്ട് ഞെരുങ്ങിയ കൊച്ചി സമാധാനത്തിനു് അപേക്ഷിക്കാതെ എന്തുചെയ്യും? എന്നിട്ടും കൊച്ചിരാജാവു് തിരുവിതാംകൂറിനെ നിരോധിക്കുന്നതിനു കഴിയുന്നതൊക്കെ ചെയ്യാതിരുന്നില്ല. അദ്ദേഹം കൊച്ചിയിലെ ഡച്ചു് അധികാരികൾക്കും ബറേവിയായിലേക്കും തുടരെത്തുടരെ പരാതികൾ ബോധിപ്പിച്ചുകൊണ്ടിരുന്നു. 952-ാമാണ്ടു് അയച്ച ഒരു തീട്ടൂരത്തിൽ ഇങ്ങനെ കാണുന്നു:—

"അരുളിച്ചെയ്ക നമ്മുടെ ബന്ധുവിൽ എത്രയും വളരെ കീർത്തിപ്പെട്ടിരിക്കും ജനാധിപൻക്കു് എന്നാൽ—തുപ്പാപ്പിസചരുപത്തിങ്കലെ ശക്തികൊണ്ടു് ഇങ്ങോട്ടുകടന്നു നാം രക്ഷിക്കേണ്ടും രാജ്യങ്ങൾ പലതും ഒതുക്കി; അവരെയും നീക്കി അങ്ങുന്നതന്നെ അനുഭവിച്ചു ചൊല്ലുന്ന പ്രകാരവും അതിനകം നമ്മുടെ രാജ്യമായ കരുപ്പുറം ഒതുക്കിയിരിക്കുന്ന പ്രകാരവും ഒന്നരണ്ടു എഴുതി അയച്ചുവല്ലോ. അതിൽ പിന്നെയും കരുപ്പുറത്തു നാലുകാതംവഴി വടക്കോട്ടുകടന്നു് പാമ്പാടഴിക്കലോളം കുറിക്കോട്ടയുമിട്ട് ഉറപ്പിച്ചു പാർക്കയാകുന്നു. കിഴക്കേ വീതിക്കും പടക്കുമലക്കും അയ്യനാടും കുന്നത്തുനാടും ഒതുക്കി താന്നിപ്പുഴയോളം വന്നിരിക്കുന്നു. തുപ്പാപ്പിസചരുപത്തിക്കലെ ഇപ്പോഴത്തെ പക്തിക്കു് അന്യോന്യം ചേർന്നചെല്ലുകയേയുള്ളു എന്നുവച്ചു് കുമടവരമായി. വിചാരിച്ചു് ഉറച്ച മാവേലിക്കരവെച്ചു കാണുകയും ചെയ്തു

രണ്ടാമതും തുപ്പാപ്പിമൂപ്പിൽനിന്നും എളമയിൽനിന്നുംകൂടി തുപ്പൂ
ണിത്തുറയ്ക്കു് എത്തി അന്യോന്യം കണ്ടു.* നാം കുമുദവതുമാ
യി കൂടിവിചാരിച്ചു കാര്യങ്ങൾ അങ്ങോട്ടു പറഞ്ഞതിന്റെ ശേ
ഷം ശകുതികൊണ്ടു് ഓരോന്നു പറകയല്ലാതെ ന്യായമായിട്ടു്
ഒന്നും പറഞ്ഞു കേട്ടതുമില്ല. കുമുദവതും നമുക്കുവേണ്ടി വളരെ
പ്പുറഞ്ഞു. അതും ബോധിച്ചില്ല.....അന്യോന്യം കണ്ടാൽ
കാര്യം ഒക്കെയും വേണ്ടംവണ്ണം അക്കാമെന്നും ഒഴിയേണ്ടതു കൊ
യും ഒഴിയാമെന്നും നിശ്ചയിച്ചു പറകകൊണ്ടതേ ചെയ്യാവുന്നതും
ചെയ്യരുതാത്തതും ചെയ്തിട്ടും കാൺകയെന്നു് ഉറച്ചുതു്. തമ്മിൽ
കണ്ടതിൽപ്പിന്നെയും ഒഴിയേണ്ടതു് ഒന്നും ഒഴിഞ്ഞില്ലെന്നല്ല,
പിന്നെയും നമുക്കുള്ള ആളുകളോടുള്ള ചോദ്യങ്ങളും നടേ കു
ക്കിയിരിക്കുന്നേടത്തുനിന്നു് ഇങ്ങോട്ടു കടന്നു നമുക്കു പ്രത്യേക
മുള്ള കരുനാട്ടിൽ കടന്നു നമുക്കു വരേണ്ടും പലിശപാട്ടങ്ങൾ
കരേറിത്തണ്ടുകയും, കുത്തുമതിയും ചുങ്കങ്ങളും അങ്ങുനു് ആളാ
ക്കി എടുപ്പിക്കയും, അല്ലാതെ അടികൂടിയാരോടു് അടുത്തവണ്ണം
പിരിക്കയും, മൻനില ഏറുകൊള്ളുണമെന്നു ഞെരുക്കങ്ങളും
ആകുന്നു.|| തുപ്പാപ്പിസ്വരൂപത്തിങ്കലെ ബലംകൊണ്ടു് ഒതുക്കി
യിരിക്കുന്ന ദിക്കുകളിൽ ഉള്ള ആളുകളും സങ്കടംകൊണ്ടു നാം
ഇരിക്കുന്നിടത്തുവന്നു തങ്ങളെ രക്ഷിക്കണ്ടതമെന്നും അതിന്നു്
ഇന്നവണ്ണം ഇരിക്കണമെന്നും കല്പിച്ചാൽ ഒരുവണ്ണം ഒക്കെയും
ഞങ്ങൾ ചെയ്യാമെന്നു തികച്ചും പറയുന്നു. ഇന്നി കുമ്പഞ്ഞി
യുടെ ബലവും വന്നു നമ്മുടെ ബലവും തികയാതെ ഒന്നും ചെ
യ്താൽ ഫലം വരികയില്ലെന്നു നിശ്ചയിച്ചു സഹിച്ചുകൂടാത്ത സങ്ക
ടങ്ങൾ ഒക്കെയും സഹിച്ചു നാം ക്ഷമിച്ചിരിക്കയാകുന്നു. *

* * * * * * *

---

* മുമ്പു പ്രസ്താവിച്ചിട്ടുള്ള (ഡച്ചുകാരുടെ) സന്ധിയാലോചന.

|| പുരാതന ഭാഷാപ്രയോഗമായിരുന്നതിനാൽ സാരം താഴേ ചേർക്കുന്നു. "തമ്മിൽ കൂടിക്കാഴ്ച കഴിഞ്ഞിട്ടും പ്രയോജനം ഒന്നും ഉണ്ടായില്ലെന്നു മാത്രമല്ല, തിരുവിതാംകൂർ നമ്മുടെ ആളുകളോടു് സമാധാനം ചോദിക്കുക, നമ്മുടെ സ്വന്തദേശമായ കരുനാട്ടിൽ കടന്നു് നമുക്കു വരേണ്ട പലിശ പാട്ടങ്ങൾ മുതലായവ പിരിക്കുക, അവിടെനിന്നു നിർമ്മിക്കപ്പെട്ട ആളുകളെക്കൊണ്ടു് ചുങ്കം പിരിപ്പിക്കുക, കുടിയാന്മാരെ ഞെരുക്കി പണം ഈടാക്കുക ഇത്യാദി കാര്യങ്ങൾ ചെയ്യാനും തുടങ്ങി.

.....കൂടി നിശ്ചയിച്ചാൽ കാര്യങ്ങൾ പലതും വരുത്തുവാനുണ്ട്. ശേഷമുള്ള കാര്യങ്ങൾ ഒക്കയും നാം നമ്മുടെ കൂട്ടരവരെ ബോധിപ്പിച്ചു് അങ്ങു് അറിയുമാറാക്കയും ചെയ്യും. എല്ലാ കാര്യത്തിനും ഏകസ്വരൂപത്തെക്കഴിഞ്ഞാൽ നമ്മുടെ സ്വരൂപത്തിങ്കലെ രക്ഷയ്ക്കു കുമ്പഞ്ഞിയെ നാം വിശ്വസിച്ചിരിക്കുന്നു. എന്നാൽ കൊല്ലം ൯൩൨ാമതു് മേടമാസം ൨൰ാംന- പാവുത്തിൽഅമ്പാടി കൈയെഴുത്തു്."

കൊച്ചിയിലെ ഡച്ചുഅധികാരികളും മനസ്സുകൊണ്ടു തമ്പുരാനെ അനുകൂലമായിരുന്നു. അവരും ബറോവിയായിലേക്കും നെതർലണ്ടിലേക്കും തുടരെത്തുടരെ എഴുതിക്കൊണ്ടിരുന്നതിന്റെ ഫലമായിട്ടു്, നെതർലണ്ടിലെ അധികാരിവർഗ്ഗം അയച്ച കത്തുകളിൽനിന്നു് അവർ എത്രത്തോളം സംഭ്രാന്തചിത്തരായിച്ചമഞ്ഞുവെന്നു കാണാം.

ബറോവിയായിലെ ഗവണ്ണർ ജനറൽക്കു് അയച്ചകത്തു്.

"കൂൺസു് കുട്ടവർ തിരുവിതാംകൂർ രാജാവുമായി ചെയ്ത ഉടമ്പടിയേപ്പറ്റി ഞങ്ങൾ വളരെ അഭിനന്ദിക്കുകയും, ആ കരാർ വഴിക്കു കുമ്പഞ്ഞിക്കു വളരെ ലാഭമുണ്ടാകുമെന്നു പ്രത്യാശിക്കയും ചെയ്യുന്നു. എന്നാൽ ആ രാജാവിന്റെ അമിതമായ ഉൽക്കർഷേച്ഛയും അതിനെ പൂരിപ്പിക്കാനായി ചെയ്യുന്ന നിരന്തര വ്യവസായവും ചിലപ്പോഴും കുമ്പഞ്ഞിയോടു പെരുമാറീട്ടുള്ള രീതിയും ആലോചിക്കുമ്പോൾ, അദ്ദേഹം വിശ്വാസ്യനല്ലെന്നു ബലമായ സംശയം ജനിക്കുന്നു. അതിനാൽ അദ്ദേഹത്തിന്റെ നടപടികളെ നമ്മുടെ ഉദ്യോഗസ്ഥന്മാർ ഗാഢമായി സൂക്ഷിച്ചുകൊള്ളണമെന്നു ഞങ്ങൾ ശുപാർശ ചെയ്യുന്നു. കൊച്ചീരാജാവിന്റെ കത്തിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ കാര്യങ്ങൾ പരിണമിക്കാതിരിക്കാൻ നമ്മുടെ ഓരോ ഉദ്യോഗസ്ഥനും അവധാനപൂർവ്വം സൂക്ഷിക്കേണ്ടതാകുന്നു."

മറെറാരു കത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു:—

"തിരുവിതാംകൂർ രാജാവിന്റെ പുരോഗമനത്തെ തടസ്ഥനിലയിൽ നോക്കിക്കൊണ്ടിരിക്കുന്നതു് ഉചിതമല്ല. ആ രാജാവു് കൊച്ചി, തെക്കുംകൂർ, വടക്കുംകൂർ എന്നീ രാജാക്കന്മാരെ കീഴട-

ക്കുന്നപക്ഷം നമുക്കു അപായകാരിയായി തീർന്നേക്കയില്ലേ എന്നു ഞങ്ങൾ ശങ്കിക്കുന്നു. അതിനാൽ ഈ മൂന്നു രാജാക്കന്മാരും ഒത്തു ചേർന്നു തിരുവിതാംകൂറുകാരോടു ചെയ്യുന്ന സമരം സഫലമായെങ്കിൽ നന്നായിരുന്നു. അങ്ങനെ വന്നാൽ കാരോ രാജാവും മറുങ്കിൽ നന്നായിരുന്നു. രാജാക്കന്മാരുടെ ശക്തിക്കു ബാധകമായിത്തീരുമെന്നു മാത്രമല്ല; തിരുവിതാംകൂറിന്റെ അതിമോഹം ഫലിക്കാതെയും വരും. ഇക്കാര്യത്തിൽ നാം വളരെ ശ്രദ്ധിക്കേണ്ടതാണ്."

ഇപ്രകാരം നെതർലണ്ടുവരെയുള്ളവരെ ഭയപരവശരാക്കിത്തീർത്ത നമ്മുടെ വഞ്ചിരാജ്യസംസ്ഥാപകനെ നാം ഇന്നും ഭക്തിപുരസ്സരം സംസ്മരിക്കുന്നതിൽ അത്ഭുതപ്പെടാനെന്തുള്ളൂ? ഡച്ചുകാരുടെ മനോഗതി ഇപ്രകാരമൊക്കെയായിരുന്നെങ്കിലും അവർക്ക് ഉടമ്പടിയെ ലംഘിക്കാതെ കൊച്ചിയെ സഹായിക്കാൻ സാധിക്കയില്ലായിരുന്നു. അതിനുള്ള ധൈര്യം അന്നത്തെ നിലയ്ക്ക് അവർക്ക് ഇല്ലായിരുന്നുതാനും.

കൊച്ചിയുമായുള്ള ഉടമ്പടി നടന്നതു് പാലിയത്തച്ചന്റെ ഉത്സാഹത്താലായിരുന്നു. ബന്ധനസ്ഥനായി തിരുവനന്തപുരത്തേക്കു് ആനയിക്കപ്പെട്ട ആ യോദ്ധാവു് രാമയ്യന്റെ തന്ത്രപ്രയോഗത്താൽ വശീകൃതനായെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. ഉടമ്പടിയിൽ തിരുവിതാംകൂറിനു ഗുണകരമായ പല വ്യവസ്ഥകൾ ചെയ്തിരുന്നു. അതിനെപ്പറ്റി പൂർണ്ണജ്ഞാനം ഉണ്ടാകുന്നതിനുവേണ്ടി, താഴെ ഉദ്ധരിച്ചുകൊള്ളട്ടെ. പിഴുപ്പിത്തിൽ അർത്ഥഗ്രഹം ഉണ്ടാകുന്നതിനായി ഭാഷമാത്രം അല്പം പുതുക്കിയിരിക്കുന്നു.

ഗൻറെൻ-ഓമാണ്ടു് ചിങ്ങമാസം പ-ാംനു- മാവേലിക്കരെവച്ചു് പരസ്പരംകണ്ടു് ഉണ്ടായ വിരോധമൊക്കെപ്പറഞ്ഞുതീർത്തു് മേലാൽ സൌഹാർദ്ദപൂർവ്വം പെരുമാറുമാറു് നിശ്ചയിച്ചുറച്ചതിൻവണ്ണം വേണാട്ടിനു് എതിരായി പ്രവർത്തിക്കുന്നവരെ നാം ഒരുവിധത്തിലും സഹായിക്കയില്ല. നമ്മുടെ നാട്ടിൽ ഉണ്ടാകുന്ന കുരുമുളകിൽ അഞ്ഞൂറുകണ്ടി മുളകു് അവിടുന്നു നിശ്ചയിക്കുന്ന കച്ചവടക്കാർ മുഖാന്തിരം നാം പറഞ്ഞിക്കൊള്ളുകയും ബാക്കി അവിടത്തെ കച്ചവടക്കാരനെ ഏല്പിക്കയും ചെയ്യുകൊള്ളാം. ചെമ്പകശ്ശേ

രിയും വടക്കുംകൂറും നിമിത്തം അവിടേക്ക നേരിട്ട നഷ്ടങ്ങളെ അവർിൽനിന്നു് ഈടാക്കുകയും അതു് ഈടാകുംവരെ അ രാജ്യ ങ്ങൾ അവിട്ടുനതന്നെ അനുഭവിച്ചുകൊള്ളുകയും വേണം. അ രണ്ടു സപ്തപ്പങ്ങൾക്കുംവേണ്ടി മേലാൽ നാം ഒരു സഹായത്തി നും വരികയുമില്ല. ചൊവ്വകുഴ്ശി തുഴ്ശിവപേരൂർ സങ്കേതത്തി നകത്തു പാത്തുകൊള്ളട്ടെ എന്നു് അവിടുന്നു് അനുവദിച്ചതനു സരിച്ചു നാം സമ്മതിക്കുന്നതല്ലാതെ അദ്ദേഹവുമായി എഴുത്തു കുത്തു നടത്തുകയോ അദ്ദേഹത്തിനു ചെലവിനു കൊടുക്കയോ ചെയ്തയില്ലെന്നു നാം വാഗ്ദാനം ചെയ്യുന്നു. അവിടത്തെ മാറു ശത്രുക്കളെ നമ്മുടെ രാജ്യത്തു കരിടത്തും പാർപ്പിക്കയും ഇല്ല. നമ്മുടെ നാട്ടിനുള്ളിൽ അവിടത്തേയ്ക്കുള്ള കോയ്മസ്ഥാനങ്ങളും അവിടത്തെ നാട്ടിൽ നമുക്കുള്ള കോയ്മസ്ഥാനങ്ങളും കീഴിലെന്ന പോലെ നടന്നുകൊള്ളുമാറും വ്യവസ്ഥചെയ്തു് എഴുതിയ ഈ ഉടമ്പടി താൻ വായിച്ചു നമ്മുടെ തുപ്പാടസപ്തപ്പത്തിങ്കൽ കുല ശേഖരപ്പെരുമാളെ ധരിപ്പിച്ചേക്കയുംവേണം. കൊല്ലം ൻനൊ-ാ മാണ്ടു് ധനുമാസം ഒന്പ-ാംനു- പവ്വത്തിൽ അമ്പാടി കൈയെ ഴുത്തു്.”

ഇങ്ങനെ ഡച്ചുകാരുടെ പ്രഭാവം അസ്തമിച്ചു; നാട്ടരാജ്യ ങ്ങളിൽ ആലങ്ങാടു് പറവൂർ എന്നീ നാടുകൾ ഒഴിച്ചുള്ളവയെ ല്ലാം അക്ഷീണഭുജവിക്രമനായ ശ്രീവീരമാർത്താണ്ഡദേവനു കീഴ ടങ്ങി. ‘ഫ്രാ ബ്വാർത്താളമ്യൂ’ എന്ന വിദേശീയൻ ഈ സംഭവങ്ങളെ പ്പുരാമർശിച്ചു് എഴുതിയിരിക്കുന്നതു് എത്രയോ പരമാർത്ഥമാണു്! അദ്ദേഹം ഇങ്ങനെ പറഞ്ഞിരിക്കുന്നു!—“മലബാറിലെ ക്ഷുദ്ര രാജാക്കന്മാരുടെ വാഴ്ച ഇങ്ങനെ അസ്തമിച്ചു. മനുഷ്യസമുദായ ത്തോടു പ്രവർത്തിച്ചിട്ടുള്ള കഠിനക്കൈകർം പ്രതികൃതങ്ങളായി; മഹാപരാധന്മാർ യഥായോഗ്യം ശിക്ഷിക്കപ്പെട്ടു. പത്താം ശത കംമുതല്ക്കു നാടിനെ പയ്യാകുലമാക്കിത്തീർത്തുകൊണ്ടിരുന്ന ആഴി മതികർംക്കും അറുതിവന്നു.”

തിരുവിതാംകൂറും സാമൂതിരിയും.

മാർത്താണ്ഡവർമ്മമഹാരാജാവിന്റെ പ്രതാപാനലനിൽ തെക്കൻരാജാക്കന്മാരുടെ പ്രതാപം ഇന്ധനപ്രായമായിച്ചമയു

നതുകണ്ടു സാമൂതിരി പരിഭ്രമിച്ചുതുടങ്ങി. കുന്നലക്കോനാതി രിമാരെപ്പോലെ സമരപ്രിയന്മാരായി കേരളത്തിൽ അധികം രാജാക്കന്മാരില്ലായിരുന്നു. കൊച്ചിയുമായി നിരന്തരം പടവെ ട്ടിക്കൊണ്ടിരുന്നിട്ടും അവരുടെ സമരതൃഷ്ണ ശമിച്ചില്ല. ദിനം തോറും വർദ്ധിച്ചുകൊണ്ടിരുന്ന തിരുവിതാംകൂറിന്റെ ശക്തിയെ എങ്ങനെയെങ്കിലും അടക്കാത്തപക്ഷം കാലക്രമേണ തന്റെ പ്രതാപത്തിനും ഛാനിതട്ടിയേക്കുമോ എന്നു കോഴിക്കോട്ടേ മൂന്നാ മത്തെ ശക്തൻതമ്പുരാൻ ശങ്കിച്ചുതുടങ്ങി. അദ്ദേഹത്തിന്റെ മന്ത്രിപ്രവരനായ മങ്ങാട്ടച്ചനോടു് ആലോചിച്ചതിൽ, രണ്ടു മാർഗ്ഗ ങ്ങളാണു് അദ്ദേഹം കണ്ടതു്. ഒന്നാമതായി കൊച്ചീരാജാവിനോ ടുള്ള പകചെടിഞ്ഞു്, അദ്ദേഹത്തിനെ തിരുവിതാംകൂറിനു വിപ രീതമായി സഹായിക്കണം; തിരുവിതാംകൂർ ഇപ്രകാരം പരാജ യമായിട്ടു് പിൻവാങ്ങുമ്പോൾ, നേരേ തിരിഞ്ഞു കൊച്ചിയെ കീഴ്പ്പെ ടുത്തണം. അല്ലാതെ തിരുവിതാംകൂറിനെ നേരിട്ടു ജയിക്കുന്ന കാര്യം തൽക്കാലം അസാദ്ധ്യമാണെന്നു് അദ്ദേഹം ബോധിപ്പിച്ചു. എന്നാൽ മുമ്പോരിക്കൽ പ്രസ്താവിച്ചതുപോലെ സാമൂതിരി വേ ണാട്ടിനു് എതിരായി കൊച്ചിയെ സഹായിച്ചിട്ടും കൊച്ചിക്കു യാതൊരു വിജയവും ഉണ്ടാകാഞ്ഞതിനെ ഓർത്തു്, അജന്മശത്രു വായ പുന്നൂറക്കോന്റെ സഹായം അവലംബിക്കുന്നതു് ഉചിത മല്ലെന്നു പാലിയത്തു കൊമ്പിഅച്ചൻ ഉപദേശിക്കയാൽ കൊച്ചീ രാജാവു് ഈ സന്ധിക്കു വഴിപ്പെട്ടില്ല.

സാമൂതിരിയുടെ ഉദ്ദേശം ഇങ്ങനെ വിഫലമായിപ്പരിണമി ച്ചതുകൊണ്ടു് അദ്ദേഹം കൊച്ചിയിലെ ഇടപ്രഭുക്കന്മാരായ പറ പൂർ എളമ, മങ്ങാടു്, മുത്തേരിപ്പാടു്, കോടശ്ശേരിക്കയ്മൾ, മുറിയ നാട്ടനമ്പ്യാർ, എന്നിവരെ സ്വാധീനപ്പെടുത്തിട്ടു്, അവരെ ക്കൊണ്ടു രഹസ്യമായി സൈന്യസജ്ജീകരണം ചെയ്യിച്ചു. കൊച്ചിയും തിരുവിതാംകൂറും തമ്മിൽ സന്ധിക്കരാറു നടന്ന എന്നറിഞ്ഞ മാത്രയിൽ സാമൂതിരി മുറയ്ക്കു കൊച്ചിയുമായി സമരം തുടങ്ങുകയും ചെയ്തു.

931-ൽ അദ്ദേഹം കൊടുങ്ങല്ലൂർ, പറവൂർ, ആലങ്ങാടു് എന്നീ സ്ഥലങ്ങളെ പിടിച്ചടക്കിയിട്ടു് ആലുവായിൽ സൈന്യ

നിവേശം ചെയ്തു. ഇതേ സമയത്തുതന്നെ ചാവക്കാട്ടുനിന്നു വേറൊരു സൈന്യം പുറപ്പെട്ട്, തൃശ്ശിവപേരൂരിലെ നമ്പൂതിരിമാരുടെ സഹായത്തോടുകൂടി, ആ നഗരം പിടിച്ചടക്കി; അതിനെ സാമൂതിരി തന്റെ തലസ്ഥാനവുമാക്കി. പിന്നെ മൂന്നു കൊല്ലത്തേക്ക് അദ്ദേഹം അവിടെത്തന്നെയാണ് സ്ഥിരമായി താമസിച്ചതും. മുകുന്ദപുരം, തലപ്പള്ളി മുതലായ സ്ഥലങ്ങളും അചിരേണ സാമൂതിരിക്കു കീഴടങ്ങി. അനന്തരം പാലിയത്തച്ചന്റെ വകയായ ചേന്നമംഗലത്തെ ആക്രമിച്ച് അവിടുണ്ടായിരുന്ന വീടുകൾ എല്ലാം കൊള്ളിവച്ചു.

സാമൂതിരി തുപ്പുണിത്തുറയ്ക്കു പുറപ്പെടാൻ ഭാവിച്ചപ്പോൾ, ഡച്ചുകാർ തടയുകയാൽ, തൽക്കാലം പിൻവാങ്ങിക്കളഞ്ഞു. ഡച്ചുകാർ തിരുവിതാംകൂറിനെ ആക്രമിക്കുന്നതിനു സഹായിക്കുന്നപക്ഷം, കൊച്ചിയുടെ ആക്രമണത്തിൽനിന്നു താൻ വിരമിക്കുന്നതാണെന്നു സാമൂതിരി നിർബന്ധമായി പറഞ്ഞു. ഡച്ചുഗവണ്മെന്റാകട്ടെ, ഈ ഉപ്പടത്തിൽനിന്ന് ഒഴിയുന്നതിനായി ഒരു കൌശലം പ്രയോഗിച്ചുനോക്കി. ഈ അഭിപ്രായത്തെപ്പറ്റി ഗാഢമായി ആലോചിക്കാമെന്നും എന്നാൽ ഉടമ്പടിക്കു മുമ്പായി സാമൂതിരി ഡച്ചുവക സ്ഥലങ്ങളെ വിട്ടുകൊടുക്കണമെന്നും അദ്ദേഹം പറയുകയും സാമൂതിരി അങ്ങനെ പ്രവർത്തിക്കയും ചെയ്തു.

അനന്തരം ഡച്ചുകാർ ഈ വിവരമെല്ലാം രഹസ്യമായി തിരുവിതാംകൂർ മഹാരാജാവിനെ അറിയിച്ചു. തന്മൂലം സാമൂതിരി തിരുവിതാംകൂറിനെ ആക്രമിക്കാനായി അത്രക്കുറിയിൽ എത്തുന്നതിനു മുമ്പ്, മഹാരാജാവിന്റെ സൈന്യം മാത്താണ്ഡപ്പിള്ളയുടേയും ഡിലനായിയുടേയും നേതൃത്വത്തിൽ അവിടെ എത്തി. കോഴിക്കോട്ടുനിന്നു വേറൊരു സൈന്യം കടൽവഴി പുറക്കാട്ട് എത്തുമെന്നു ഡച്ചുകാർ അറിവിച്ചിരുന്നതിനാൽ, അവിടെ രാമയ്യന്റെ സൈന്യവും കാത്തുനിന്നു. രണ്ടു സ്ഥലത്തും യുദ്ധം ഭയങ്കരമായി നടന്നു. പക്ഷേ സാമൂതിരിക്കാണു വലിയ കഷ്ടനഷ്ടങ്ങൾ നേരിട്ടത്. ഭാഗ്യവശാൽ ഇതേസമയ

ത്തുതന്നെ, ഹൈദരാലിഖാൻ സാമൂതിരിയുടെ രാജ്യത്തു പ്രവേ
ശിച്ചതുനിമിത്തം അദ്ദേഹത്തിനു വടക്കോട്ട് ഉടനെ തിരിക്കേ
ണ്ടതായിവന്നുകൂടുകയാൽ, തിരുവിതാംകൂറിനു വലിയ നഷ്ടം
കൂടാതെ കഴിഞ്ഞു. കൊച്ചിനേരത്തെ തിരുവിതാംകൂറുമായി
സഖ്യംചെയ്തിരുന്നുവെങ്കിൽ, ആ രാജ്യത്തിനും ഇത്രവളരെ ക്ലേശ
ങ്ങൾ നേരിടുകയില്ലായിരുന്നു. എന്നായിരുന്നാലും സാമൂതിരി
യുടെ ഭയം ഏതാണ്ടു ശമിച്ചു.

തിരുവിതാംകൂറും കണ്ണാറിക്കനവാബും.

തിരുവിതാംകൂറിന്റെ ഉത്തരദേശങ്ങളിൽ യുദ്ധം നടന്നുകൊ
ണ്ടിരിക്കവേ, മധുര, തുശ്ശിനാപ്പള്ളി, തിരുനെൽവേലി എന്നീ
ദേശങ്ങളുൾപ്പെട്ട പാണ്ഡ്യരാജ്യത്തു വലുതായ മാറ്റങ്ങൾ സം
വിച്ചു. ആ പ്രദേശങ്ങളൊക്കെയും കണ്ണാറിക്കനവാബിന്റെ
കീഴിലായി. നമ്മുടെമഹാരാജാവിന്റെ ശ്രദ്ധ മുഴുവനും അന്യ
ന്തരകാര്യങ്ങളെ ശരിപ്പെടുത്തുന്ന വിഷയത്തിലും, യുദ്ധകാര്യ
ങ്ങൾ നിർവഹിക്കുന്നവിഷയത്തിലും പതിഞ്ഞിരുന്നതിനാൽ,
വള്ളിയൂർ, കളക്കാട്ട് എന്നീ പൂർവദേശങ്ങളുടെ രക്ഷയ്ക്കു
വേണ്ട ഏർപ്പാടുകൾ ഒന്നും ചെയ്യുന്നതിനു സാധിക്കാ
തെവന്നു. ഇതു കണ്ണാറിക്കനവാബിന്റെ ഗവർണ്ണർ ഈ ദിക്കുകളെ മധുരസംസ്ഥാനത്തോടു ചേർത്തു
ക്കളഞ്ഞു.

927-ൽ നവാബിന്റെ പ്രതിനിധിയായി തുശ്ശിനാപ്പള്ളി
യിൽ താമസിച്ചിരുന്ന മൂദമിയ എന്നുപേരുള്ള സ്വതന്ത്രനായ് നാടു
വാഴിയായി തീർന്നുകഴിഞ്ഞിരുന്നു. അദ്ദേഹം വലിയ ധനലോഭിയാ
ണെന്നു രാമയ്യൻ എഴുത്തിൽ മനസ്സിലാക്കി. അതുകൊണ്ട്
അദ്ദേഹം തിരുനെൽവേലിക്കു വരുന്ന അവസരം നോക്കി, രാമയ്യ
നും അവിടെ എത്തി. തിരുവിതാംകൂറിന്റെ ന്യായമായ അവ
കാശങ്ങളെപ്പറ്റി മൂദമിയയുമായി ദീർഘസംഭാഷണം നടത്തി
യതിന്റെ ഫലമായിട്ട്, വള്ളിയൂർ ഉൾപ്പടെ കന്യാകുമാരിക്കും
കളക്കാട്ടിനും മദ്ധ്യേയുള്ള ദേശം മുഴുവനും തിരുവിതാംകൂറിനു
ലഭിച്ചു. പക്ഷെ ഒരു വലിയ സംഖ്യ മൂദമിയായ്ക്കു കൊടുക്കേ

ണ്ടതായി വന്നു. രാമയ്യൻ തൽക്ഷണംതന്നെ 2000 ഭടന്മാരെ കളക്കാട്ടു താമസിപ്പിച്ചിട്ടു തിരുവനന്തപുരത്തേയ്ക്കു തിരിച്ചുപോരുകയും ചെയ്തു.

930-ൽ നവാബായിരുന്ന മഹമ്മദാലി മൂദമിയയെ സ്ഥാനഭ്രഷ്ടനാക്കീട്ട് പാണ്ഡ്യൻ രാജ്യം മുഴുവനും ഏകവാഴ്ചയിൽ കൊണ്ടുവരുന്നതിനു നിശ്ചയിച്ചു. അദ്ദേഹം മാഫൂസ്ഖാൻ എന്ന സേനാനായകനെ ഒരു പെരുമ്പടയോടുകൂടി അയച്ചിട്ടു തന്റെ മിത്രങ്ങളായി വർത്തിച്ചിരുന്ന ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാക്കമ്പനിക്കാരോടു കൂടുതൽ സഹായത്തിനു് അപേക്ഷിച്ചു. കമ്പനിയാകട്ടെ കണ്ണൽ ഫീറോണിന്റെ കീഴിൽ 500 അംഗലഭടന്മാരെയും 2000 ശിപായികളെയും തുച്ചിനാപ്പള്ളിക്കയച്ചുകൊടുത്തു. ഈ രണ്ടു സൈന്യങ്ങളും കൂടി മധുര കീഴടക്കിയിട്ടു കൊല്ലമാസാവസാനത്തിൽ തിരുനെൽവേലിയിൽ എത്തി. ഈ വർത്തമാനം അറിഞ്ഞപ്പോൾ തിരുവിതാംകൂർസൈന്യം ഭയപരവശരായിച്ചമഞ്ഞു. ഇത്ര വലിയ ഒരു പടയോടു് എതിർത്തുനില്ക്കുന്നതിനു കേവലം 2000 പേർ അടങ്ങിയ ഒരു ചെറിയ സൈന്യത്തിനു കഴിവുണ്ടോ? അതുകൊണ്ടു് അവർ കളക്കാടുവിട്ടതോ വാളയിലേയ്ക്കു പിന്മാറി.

തിരുനെൽവേലിയിൽനിന്നു് ഓടിഒളിച്ചു മൂദമിയ പുലിത്തേവർ എന്ന പോളിഗാരെ അഭയം പ്രാപിക്കയും ഇംഗ്ലീഷ് സൈന്യം തിരുനെൽവേലിയിൽനിന്നു തുച്ചിനാപ്പള്ളിയിലേക്കു മാറിയ ഉടനെ തിരുവിതാംകൂർമഹാരാജാവിനോടു സഹായം അർത്ഥിക്കയും ചെയ്തു. പുലിത്തേവർ തിരുവിതാംകൂറിന്റെ ആധിപത്യത്തിൻകീഴിൽ ആയിരുന്നതിനാൽ, അദ്ദേഹവും സൈന്യസഹായം ചെയ്യാമെന്നു മഹാരാജാവിനെ അറിവിച്ചു. മഹാരാജാവു് തദനുസാരം 2000 കാലാളും അത്രയും കുതിരപ്പടയും യുവരാജാവിന്റെ നേതൃത്വത്തിൽ മൂദമിയായോടുകൂടി കളക്കാട്ടേയ്ക്കു് അയച്ചുകൊടുത്തു. വലിയ പ്രയാസംകൂടാതെ ആ സ്ഥലം കീഴടങ്ങി. എന്നാൽ ഈ ഉദ്യമംനിമിത്തം ഇംഗ്ലീഷുകാരുടെ മൈത്രി നഷ്ടപ്പെട്ടുപോയേക്കുമെന്നു ശങ്കിച്ചു മഹാരാജാവു സൈന്യത്തെ ഉടൻതന്നെ പിൻവലിച്ചുകളഞ്ഞു. പക്ഷേ തന്റെ കൈയിൽ

നിന്നു നവാബ് അപഹരിച്ചെടുത്തദേശത്തെ വീണ്ടും പിടിച്ചടക്കുന്നതുകൊണ്ട് ഇംഗ്ലീഷുകാക്ക നീരസം ജനിക്കയില്ലെന്നു പണ്ഡിതമായി അറിയുംവരെയ്ക്കു് അടങ്ങിയിരിക്കണമെന്നു മാത്രമേ അദ്ദേഹത്തിനു വിചാരമുണ്ടായിരുന്നുള്ളു. അങ്ങനെ ഒരു ഉറപ്പുകിട്ടിയക്ഷണത്തിൽ അദ്ദേഹം ഡിലനായിയുടെ നേതൃത്വത്തിൽ ഒരു വലിയ സൈന്യത്തെ അങ്ങോട്ടയച്ചു. പുലിത്തേവരും ഈ സൈന്യത്തോടുകൂടി ഉണ്ടായിരുന്നു. മാഫുസ്ഖാന്റെ സൈന്യം കുറേനേരം എതിർത്തുനിന്നുവെങ്കിലും ഒടുവിൽ നില്ക്കക്കള്ളിയില്ലാതെ ഓടിഒളിച്ചു. ഇങ്ങനെ കളക്കാട്ടുകോട്ട വീണ്ടും വേണാട്ടിനു് അധീനമായി. 500 കാലാളും 200 അശ്വഭടന്മാരും തടവുകാരായി പിടിക്കപ്പെട്ടു. അനന്തരം വേണാട്ടു സൈന്യം നഷ്ടപ്പെട്ട മറു ദേശങ്ങളേയും പിടിച്ചെടുത്തു. ഇപ്രകാരം തിരുവിതാംകൂർരാജ്യം പെരിയാറുമുതൽക്കു കളക്കാട്ടുവരെ വ്യാപിച്ചു.

രാജ്യത്തിന്റെ രക്ഷയ്ക്കും അഭിവൃദ്ധിക്കുമായി മഹാരാജാവു് ചെയ്ത യത്നങ്ങൾ.

ഡിലനായിയെ കായംകുളത്തേയും അമ്പലപ്പുഴയിലേയും യുദ്ധത്തിനു ശേഷം വലിയ കപ്പിത്താൻ എന്ന പേരോടുകൂടി സപ്സൈന്യാധിപതിയായി നിയമിച്ചിരുന്നു. തിരുവിതാംകൂറിനു് തുടരെത്തുടരെ ഉണ്ടായ വിജയങ്ങൾക്കു കാരണഭൂതൻ ഈ മഹാശയനായിരുന്നു. അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ പ്രധാന സ്ഥാനങ്ങളിലെല്ലാം കോട്ടകൊത്തളങ്ങൾ കെട്ടി ഉറപ്പിക്കുവാൻ മഹാരാജാവു രാമയ്യനോടു് ആജ്ഞാപിച്ചു. ഒട്ടുവളരെനാമതായി പദ്മനാഭപുരം കൊട്ടാരത്തിനു ചുറ്റും കരിങ്കല്ലുകൊണ്ടുള്ള ബലമായ കോട്ടകൾ പണിയിച്ചതിനു പുറമേ ഉദയഗിരിയെ മറൊരു കോട്ടകെട്ടി ബലപ്പെടുത്തുകയും ചെയ്തു. അനന്തരം കന്യാകുമാരിക്ഷേത്രത്തിനു തെക്കുകിഴക്കു സ്ഥിതിചെയ്യുന്ന അലുവാക്കരക്കടൽത്തീരത്തു് വേറൊരു പ്രാകാരം നിർമ്മിച്ചു. അവിടംമുതൽക്കു് അരുവാമൊഴിവരെ ഒരു ദീർഘമായ മൺകോട്ട നിർമ്മിച്ചതും അക്കാലത്തുതന്നെ ആയിരുന്നു. അതിന്റെ അവ

ശിഷ്ടങ്ങൾ ഇപ്പോഴും കാണ്മാനുണ്ട്. അതുകൂടാതെ ഇടയ്ക്കിടയ്ക്ക കൊത്തളങ്ങളും വെടിമരുന്നുശാലകളും പണികഴിപ്പിച്ചു. ഉടയഗിരിയിൽ തോക്കുകളും പീരങ്കികളും വാക്കുന്നതിനു വലിയ ഒരു കാരുഗൃഹവും അദ്ദേഹം സ്ഥാപിച്ചു. നാട്ടിന്റെ മർമ്മസ്ഥാനങ്ങളിൽ എല്ലാം ആവശ്യമുള്ള തോക്കുകളും ഉണ്ടകളും മറും അവിടെനിന്നാണ് അയച്ചുകൊടുത്തുവന്നത്.

തെക്കൻദിക്കിൽ ഇത്രയും നടത്തിയശേഷം ഡിലനായി വടക്കോട്ടു പുറപ്പെട്ടു. ഈ യാത്രയിൽ കൊല്ലം, മാവേലിക്കര, ചങ്ങനാശ്ശേരി, കോട്ടയം, ഏറുമാനൂർ, മൂവാറ്റുപുഴ, ഈ നഗരങ്ങളെ എല്ലാം പുർവ്വാധികം ബലപ്പെടുത്തി. അതിനുംപുറമേ പഴയ കോട്ടകൊത്തളങ്ങളെ പുതുക്കിപ്പണിയിക്കുക, മർമ്മസ്ഥാനങ്ങളിൽ പുതിയ പ്രാകാരങ്ങൾ നിർമ്മിക്കുക മുതലായ കൃത്യങ്ങൾ അദ്ദേഹം സാധിച്ചു. കരുവന്നൂർകോട്ട, കുമരകംകോട്ട, ളാലം കോട്ട, പിറവംകോട്ട ഇവയ്ക്കെയൊക്കെ ജീർണ്ണോദ്ധാരം കഴിച്ചു ശത്രുനിരോധനത്തിനു സമർത്ഥങ്ങളാക്കിത്തീർത്തു.

ഇപ്രകാരം രാജ്യരക്ഷയ്ക്കുള്ള പ്രാകാരാദികൾ നിർമ്മിച്ചുതിനുശേഷം 50,000-ത്തോളം വരുമായിരുന്ന തിരുവിതാംകൂർ സൈന്യത്തെ ഐറോപ്യരീതിയിൽ ശിക്ഷണംചെയ്യിച്ചു പുർവ്വാധികം ആയോധനചതുരന്മാരാക്കുന്നതിന് അദ്ദേഹം തീവ്രമായി പ്രയത്നിച്ചു. ഐറോപ്യന്മാരുടേയും യൂറേഷ്യന്മാരുടേയും നായന്മാരുടേയും പട്ടാണികളുടേയും ആധ്യക്ഷത്തിൽ സൈന്യത്തെ പലേ വിഭാഗങ്ങളായി വേർതിരിച്ചു പദ്മനാഭപുരം, തിരുവനന്തപുരം, കൊല്ലം എന്നീ സ്ഥലങ്ങളിൽ നിർത്തിയതിനു പുറമേ, ആരുവാമൊഴി മുതൽക്കു തൊട്ടുപുഴവരെയുള്ള കോട്ടകളുടെ രക്ഷയ്ക്കു് ഓരോ സൈന്യദളത്തെ താമസിപ്പിക്കുകയും ചെയ്തു.

ഡിലനായി ഇങ്ങനെ രാജ്യരക്ഷയ്ക്കായി പ്രയത്നിച്ചുകൊണ്ടിരിക്കവേ മഹാരാജാവിന്റെ ശ്രുദ്ധ നികുതിഭരണത്തെ വ്യവസ്ഥാപിക്കുന്ന വിഷയത്തിൽ സവിശേഷം പതിഞ്ഞു. രാജ്യക്ഷേമകരമായ ഒരു വാണിജ്യപദ്ധതി നിർമ്മിക്കുന്നതിനു് ഒന്നാമതായി രാമയ്യനേ ചുമതലപ്പെടുത്തി. രാമയ്യൻ രാജാജ്ഞയെ

അനുസരിച്ചു പദ്മനാഭപുരം, തിരുവനന്തപുരം, കൊല്ലം, മാവേലിക്കര മുതലായ പ്രധാനകേന്ദ്രങ്ങളിൽ പുതിയ പണ്ടകശാലകളും തുറകളും ഏർപ്പെടുത്തിയിട്ട്, ഓരോ തുറയേയും വിചാരിപ്പുകാരൻ, അല്ലെങ്കിൽ തുറക്കാരൻ എന്ന ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ വിട്ടു; അവയുടെ രക്ഷയ്ക്കായി ഓരോ പട്ടാളത്തെയും നിയമിച്ചു. ഈ തുറകളിൽ സക്കാരിനുവേണ്ടി കുരുമുളകു്, പുകയില, കറുവാപ്പട്ട, പാക്കു മുതലായ സാമാനങ്ങൾ ശേഖരിച്ചുവയ്ക്കുകയും അവയുടെ വിലയെ ക്രമവൽകരിക്കുന്നതിനു് ഒരു രാജകീയവിളംബരം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ഈ സാമാനങ്ങളെ ക്ലിപ്തവിലയ്ക്കു സക്കാർതന്നെ കച്ചവടക്കാക്കു മൊത്തമായോ ചില്ലറയായോ വിറ്റുവന്നു. കച്ചവടത്തുറയെ നിയന്ത്രിക്കുന്നതിനു പ്രത്യേകനിയമങ്ങളും ഏർപ്പെടുത്തി. മുമ്പു് പറയപ്പെട്ട സാമാനങ്ങൾ തങ്ങളുടെ ഭൂമിയിൽ ഉണ്ടായവയായാൽപോലും, അവയെ സക്കാർമുഖേനയല്ലാതെ വാങ്ങുകയോ വില്ക്കുകയോ ചെയ്യുകുടെന്നും കർശനമായ ഒരു ആജ്ഞയും പ്രസിദ്ധപ്പെടുത്തി.

ഇങ്ങനെ ആഭ്യന്തരവാണിജ്യത്തെ ക്രമവൽകരിച്ചിട്ടു്, മറുദേശങ്ങളുമായുള്ള കച്ചവടത്തെ നിയന്ത്രിക്കുന്നതിനുവേണ്ടി പുതിയതാരിപ്പുനിയമങ്ങൾ നിർമ്മിച്ചു പ്രസിദ്ധീകരിക്കയും ടിക്കുകൾതോറും ചെക്കസ്ഥലങ്ങൾ സ്ഥാപിക്കയും ചെയ്തു.

ഉപ്പുനിർമ്മാണം തിരുവിതാംകൂറിൽ മുമ്പുതന്നെ നടന്നുവന്നിരുന്നുവെങ്കിലും അതിനു വ്യവസ്ഥിതമായ ഒരു പദ്ധതി ഇദംപ്രഥമമായി ഉപവൽകരിച്ചതു് രാമയ്യൻ ദളവയായിരുന്നു. ക്ലിപ്തസ്ഥലങ്ങളിൽ ഉപ്പുപണ്ടകശാലകൾ തുറന്നു് ഒരേനിരക്കനുസരിച്ചു് ഉപ്പു വില്ക്കുന്നതിനുള്ള നിയമങ്ങളും അദ്ദേഹം ഉണ്ടാക്കി.

നിയമങ്ങൾ ഏർപ്പെടുത്തുവാൻ വലിയ പ്രയാസമൊന്നുമില്ല. അവയെ നടപ്പിൽവരുത്തുന്ന കാര്യമാണു് ക്ലേശഭൂയിഷ്ഠമായിരിക്കുന്നതു്. അതുകൊണ്ടു രാജകീയനിയമങ്ങളെ ഉദ്യോഗസ്ഥന്മാരോ പ്രജകളോ ലംഘിക്കാതിരിപ്പാനായി ദളവ പരിവാരസമേതം നാടുതോറും സഞ്ചരിച്ചു പണ്ടകശാലകളും ചെക്കുകളും പരിശോധിച്ചുവന്നതിനാൽ ഒന്നിരണ്ടു കൊല്ലങ്ങൾ

കൊണ്ടു് ഓരോ തുറയും അതാതിന്റെ കൃത്യങ്ങളെ ശരിയ്യായി നിഷ്ഠിച്ചുതുടങ്ങി. തന്മൂലം ജനങ്ങളുടെ ഇടയിൽ സമാധാനവും സംതൃപ്തിയും വർദ്ധിച്ചു.

ഇങ്ങനെ വാണിജ്യസംബന്ധമായ കാര്യങ്ങൾ എല്ലാം ക്രമപ്പെടുത്തിയതിന്റെ ശേഷം രാമയ്യൻ രാജ്യത്തിന്റെ വരവു ചെലവുകളെ പരിശോധിക്കുന്നതിനു തുടങ്ങി. ചെലവു് ഒരു കാലത്തും വരവിൽ അധികമാകാതിരിക്കുന്നതിനുവേണ്ടി, അവയ്ക്കുമുമ്പും ഒരു പതിവുകണക്കും നിർമ്മിച്ചു. ദേവസ്വം, ഊട്ടുപുര, കൊട്ടാരം, റവന്യൂ തുടങ്ങിയ തുറകൾ, സൈന്യച്ചെലവു്, പെൻഷൻ മുതലായ വിവിധജാതിച്ചെലവുകളെയെല്ലാം ഈ പതിവുകണക്കിൽ നിഷ്കർഷിച്ചു ക്രമവൽക്കരിച്ചിരുന്നു. ആ പതിവുകളിൽ ചിലതു് ഇന്നും നടപ്പിൽ ഇരിക്കുന്നുണ്ടു്.

തിരുവനന്തപുരം കോട്ടയെ കരിങ്കൽകെട്ടി ഉറപ്പിക്കുന്നതിനും രാജമന്ദിരം പുതിയതായി പണികഴിപ്പിക്കുന്നതിനും ആണ പിന്നീടു് അദ്ദേഹം ശ്രമിച്ചതു്. എന്നാൽ കോട്ട പൂർത്തിയാക്കുന്നതിനു് മുമ്പു് അദ്ദേഹം ദിവംഗതനായി. പദ്മനാഭപുരത്തെയും, കൃഷ്ണപുരത്തെയും കൊട്ടാരങ്ങളും രാമയ്യൻ പണികഴിപ്പിച്ചിട്ടുള്ളവയാകുന്നു.

മഹാരാജാവു് ഒരു പരമഭക്തനായിരുന്നു എന്നു മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. വഞ്ചിരാജാക്കന്മാർ എല്ലാം ഈശ്വരഭക്തിയിൽ അദ്വിതീയന്മാരായിരുന്നെന്നു തിരുവിതാംകൂർ ചരിത്രത്തെ പരിശോധിക്കുന്ന ഏവനും മനസ്സിലാക്കാവുന്നതാണു്. എന്നാൽ മാർത്താണ്ഡവർമ്മമഹാരാജാവു് ദേവാരാധനസംബന്ധമായി ചെയ്തിട്ടുള്ള മഹത്തായകാര്യങ്ങളെ വളരെച്ചുരുക്കമായി വിവരിക്കുന്നതിനേ ഇവിടെ തരമുള്ളു. പദ്മനാഭസ്വാമിക്ഷേത്രത്തിനു ചുറ്റും ഇപ്പോൾ കാണുന്ന ശീവേലിപ്പുര ഈ മഹാരാജാവിന്റെ മേൽനോട്ടത്തിൽ പണിയിച്ചിട്ടുള്ളതാണു്. കിഴക്കുപടിഞ്ഞാറു 420 അടി നീളത്തിലും 20 അടി വീതിയിലും, തെക്കുവടക്കു 226൯ അടി നീളത്തിലും 23 അടി വീതിയിലും നിർമ്മിക്കപ്പെട്ടിരിക്കുന്ന ഈ പന്തൽ ഭാരതീയരുടെ ശില്പവൈദഗ്ദ്ധ്യത്തിനു് നിത്യസ്മാരകമായി വിലസുന്നു. ഇതു വലുതും വിചിത്രവും

ആയ ഈ കരിങ്കൽപ്പണി മുഴുവനും ഏഴുമാസത്തിനുള്ളിൽ നടന്നതാണു് അത്ഭുതമായിരിക്കുന്നതു്. അതിലേക്കു് മധുര, തൃച്ചിനാപ്പള്ളി, തിരുനെൽവേലി തുടങ്ങിയ പല ദിക്കുകളിൽനിന്നു കല്പണിക്കാരെ വരുത്തിയിരുന്നു. പ്രതിദിനം 4000 കൽപ്പണിക്കാരും അവരുടെ സഹായാർത്ഥം 6000 കൂലിക്കാരും ആറിൽപ്പരം ആനകളും ജോലിചെയ്തിരുന്നുവത്രേ.

പദ്മനാഭസ്വാമിക്ഷേത്രത്തിന്റെ കിഴക്കേ ഗോപുരത്തിനു് 741-ാമാണ്ടിടയ്ക്കു് അസ്തിഭാരം, ഇട്ടുവെങ്കിലും പണി പൂർത്തിയാകാതെ കിടക്കയായിരുന്നു. എന്നാൽ മാർത്താണ്ഡവർമ്മ മഹാരാജാവാകട്ടേ അല്പകാലത്തിനുള്ളിൽ അതിന്റെ അഞ്ചാമത്തെ നിലവരെ പൂർത്തിയാക്കി.

പ്രസ്തുതക്ഷേത്രത്തിന്റെ മുൻവശത്തുള്ള പൊന്നിൻകൊടിമരം തീർപ്പിച്ചതും ഈ മഹാശയനായിരുന്നു. തിരുവനന്തപുരത്തുനിന്നും മുപ്പത്തുമൈൽ അകലെയുള്ള ഒരു വനത്തിൽനിന്നാണു് അതിനുള്ള തേക്കുചെട്ടിക്കൊണ്ടുവന്നതു്. ശാസ്ത്രോക്തമനുസരിച്ചു കൊടിമരത്തിനുള്ള തടിയെ നിലത്തു തൊടുവിക്കാൻ പാടില്ല. അതുകൊണ്ടു നിരവധി ആളുകളും ആനകളും ചേർന്നു് ആ തേക്കുതടി തിരുവനന്തപുരത്തു് എത്തിച്ചതു്.

ബ്രാഹ്മണരുടേയും സാധുക്കളുടേയും ആവശ്യത്തിലേക്കു് ഊട്ടുപുരകളും കഞ്ഞിപ്പുരകളും പഥികാശ്രമങ്ങളും അവിടവിടെ സ്ഥാപിച്ചതിൽനിന്നു മഹാരാജാവിന്റെ തീവ്രമായ ധർമ്മനിഷ്ഠ സവിശേഷം വെളിപ്പെടുന്നു. 924-ാമാണ്ടു് ഹിരണ്യഗർഭവും 926-ൽ തുലാപുരുഷദാനവും അദ്ദേഹം നടത്തി. എട്ടരലക്ഷം പണമാണത്രേ തുലാപുരുഷദാനത്തിനു ചെലവായതു്. മുറജപത്തിനും രണ്ടുലക്ഷം രൂപയോളം വ്യയം ചെയ്തു.

എട്ടുവീടർ തുടങ്ങിയ വീരപുരുഷന്മാരെ നശിപ്പിച്ചതുനിമിത്തമുള്ള പാപപരിഹാരാർത്ഥം മഹാരാജാവു് വേദവിധി അനുസരിച്ചു നടപ്പിൽവരുത്തിയ മുറജപവും ഭൂദീപവും ഇന്നും മുറയ്ക്കു നടന്നുവരുന്നുണ്ടു്. കുറഞ്ഞരീതിയിലുള്ള മുറജപങ്ങൾ മഹാരാജാവിന്റെ പൂർവികന്മാരുടെ കാലത്തും തിരുവട്ടാർ, വാർവെച്ചു ഗോഷ്ഠം, ശ്രീവീരം, കൽക്കുളം, ആറുങ്ങൽ മുതലായ ക്ഷേത്രങ്ങ

ളിൽ നടത്തിവരാറുണ്ടായിരുന്ന ഏന്നുള്ളതും പ്രത്യേകം സ്മരണീയമാണ്. 919-ൽ അതേ ആട്ടത്തെ മഹോത്സവം തിരുവനന്തപുരത്തുവച്ചുനടന്നതും.

പ്രസിദ്ധകവിയായ രാമപുരത്തുവാര്യർ മഹാരാജാവിന്റെ വിവിധപരിഷ്കാരങ്ങളേയും ധർമ്മകൃത്യങ്ങളേയും ഇങ്ങനെ വിവരിക്കുന്നു—

"കഷ്ടമായ കലിയുഗകാലവും കലികളായ
ദുഷ്ടരും മൂഴുക്കുലമനന്തപുരം
പ്രഷ്ടമായിപ്പോകകൊണ്ടും, പുണ്യശീലന്മാരായുള്ള
ശിഷ്ടന്മാക്ക് പുലർച്ചയില്ലാത്തതുകൊണ്ടും,
നവമവതാരമൊന്നു കൂടി വേണ്ടിവന്നു ഭൂനം
നരകാരിക്കൽപതിറാണ്ടിനിപ്പുറത്തു്.
നവമായിട്ടോരോകൃത്യമത്യാശ്ചര്യം നാളുതോറും
നരലോകേ കണ്ടുംകേട്ടും വരുന്നീലയോ?
സ്വാമിദ്രോഹികടേ വംശവിച്ഛേദം വരുത്തിയതും,
സ്വാമിദ്രുമന്നവന്മാരെ ദ്രവിപ്പിച്ചതും,
ഭൂമിയിങ്കലാരുംസാധിക്കാത്തകാര്യം പലകൃത്യം
ഭൂമാവുകൊണ്ടു സാധിച്ചു സമർപ്പിച്ചതും,
കോട്ടകെട്ടിപ്പുലരുറപ്പിച്ചുനന്നായൊരേടത്തു
കോട്ടംകൂടാതെകണ്ടുസാഹിച്ചു ചെഞ്ചെമ്മേ.
നാട്ടിനെ നന്നാക്കിയതുമോർത്താലെങ്ങും ജയസ്തംഭം
നാട്ടുമീനവാവതാരമെന്നതോന്നുന്നു.
കാർത്തവീര്യൻ കഴിച്ചോണം ഭദ്രദീപപ്രതിഷ്ഠയും
കാശിരാമസ്വാമിപ്രതിഷ്ഠയും കഴിച്ചു.
മാർത്താണ്ഡമഹീപതീന്ദ്രൻ വെറുതെയോ ജയിക്കുന്നു?
മാലോകരേ! മന്നരായാലീവണ്ണം വേണ്ടു.
അന്നവസ്ത്രാഭരണാദി ദാനമർത്ഥികളിലിന്നും
മന്നവരിലാരാനേവം ചെയ്തീടുന്നുണ്ടോ?
അന്യായംചെയ്യുന്നവനേ ദണ്ഡമനുഭവിക്കേണ്ടു,
മന്യേ മനോദോഷം മഹാരാട്ടിനില്ലാട്ടം.

ചൊൽക്കൊണ്ടപണിപ്രകാരം ചൊല്ലുകെളുതല്ലാരാലു-
മിക്കണ്ടപോരിലീവണ്ണമില്ലിപ്പോഴെങ്ങും.
ഉൽക്കണ്ണമായുടനുടനന്നനന്തശില്പവും കേട്ടാ-
ലുൽക്കണ്ണായും കാണാഞ്ഞുണ്ടാം കരളിലാക്കും.
ഒറക്കല്ലിങ്ങോടിവന്ന മുഖമണ്ഡപീഠവിച്ചു;
മറെവന്നിതിൽപരം മന്നക്കാജ്ഞകൊണ്ടാമോ?
കൂറമറവതിരുക്കാപ്പുമകത്തെമുറവും തിരു-
മുറത്തുള്ളമണ്ഡപവുമന്വലംനാലും,
പുറിനകത്തുംപുറത്തും ബലിശിലകളും, വെണ്മ-
പെറവേദികയും പൊന്നുംകൊടിമരവും,
അറത്തിങ്കലന്തരീക്ഷം പൊക്കിക്കളഞ്ഞാത്മപീഠം
പറടിയൊരുപക്ഷിരാജപരിഷ്കാരവും,
ഇന്ദ്രനീലശിലയാ നിർമ്മിതമാം ശീവേലിപ്പന്തൽ
ഇന്ദ്രിയങ്ങൾക്കാനന്ദമാമങ്കണങ്ങളും,
ചന്ദ്രശാലാശതങ്ങളും ചാരുതരഹർമ്മ്യങ്ങളും
ചന്ദ്രികാചർച്ചിതങ്ങളാം പ്രാസാദങ്ങളും,
ഗോപുരംനാലുംവളർന്ന വാമനൻറെവട്ടമേറും
ആപുരംപോലെ വിളങ്ങും പൊൻപ്രാകാരവും,
ദീപിക്കുന്നദിവ്യരത്നമയം ചൊല്ലുപ്പെട്ടതെല്ലാം
പാപിദുഷ്കർമ്മങ്കേ കല്പുന്നരവുമാവൂ."

ഇപ്രകാരമുള്ള പലേ പരിഷ്കാരങ്ങളുംമറും ചെയ്തതിൻറെ ശേഷം മഹാരാജാവു് ഈ രാജ്യത്തെ മുഴുവനും ശ്രീപദ്മനാഭനു കാഴ്ചവച്ചു. തൃപ്പടിദാനം എന്ന ഈ വിശിഷ്ടകർമ്മത്താൽ രാജ്യം ശ്രീപണ്ടാരവകയായിത്തീർന്നതിനാൽ, രാജഭൃത്യന്മാരെല്ലാം 'ശ്രീപണ്ടാരകാര്യം ചെയ്യുവർ'കളുമായിത്തീർന്നു. തൊഴുകൈകർക്കടകമണ്ഡപത്തും വാതുക്കൽ എന്ന പുതിയ പേരുണ്ടാകുന്നതിനും കാരണം ഇതാണു്.

അനന്തരം രാമയ്യൻറെ മേൽനോട്ടത്തിൽ രാജ്യത്തെ മണ്ഡചേരുംവാതിലുകളായി വേർതിരിച്ചു; നികുതിഭാരത്തെ ക്രമപ്പെടുത്തുന്നതിനായി പുതിയ ഒരു അയക്കെട്ടും, വസ്തു ഉടമസ്ഥ

ന്മാരുടെ രക്ഷയ്ക്കായി 'പതിവു' എന്നു പറഞ്ഞുവന്ന രജിസ്റ്ററും എടുപ്പിച്ചു. ഇതുകൂടാതെ ശ്രേഷ്ഠം രാമയ്യൻ തന്റെ പ്രധാന കച്ചേരിസ്ഥലം മാവേലിക്കരയിൽ ആക്കി.

അക്കാലത്തു ഗതാഗതമാർഗ്ഗങ്ങൾ അതീവ ദുർല്ലഭങ്ങളായിരുന്നു. പ്രജാവത്സലനായ നമ്മുടെ മഹാരാജാവാകട്ടെ അനവധി നിരത്തുകളും തോടുകളും പുതുതായി തുറന്നതിനാൽ, ഗതാഗതം പൂർവ്വാധികം സുകരമായിത്തീർന്നു. അഷ്ടമുടിക്കായലിനേയും കായംകുളം കായലിനേയും സംബന്ധിപ്പിക്കുന്നതും ചവറ പൊന്മന മുതലായ ദേശങ്ങളിൽകൂടി പോകുന്നതുമായ തോടും കാർത്തികപ്പള്ളിയാറിനെ കായംകുളം കായലിനോടു യോജിപ്പിക്കുന്ന തോടും അദ്ദേഹം വെട്ടിച്ചിട്ടുള്ളവയാണ്.

രാമയ്യന്റെ ചരമം.

രാമയ്യൻ രാജ്യക്ഷേമകരങ്ങളായ കൃത്യങ്ങളിൽ വ്യാപൃതനായിരിക്കുന്ന കാലത്തു്, മാവേലിക്കരവച്ചു് പെട്ടെന്നു് രോഗബാധിതനായി. മഹാരാജാവു് വിവരം അറിഞ്ഞു് ചികിത്സാർത്ഥം സമർത്ഥന്മാരായ ഭിഷഗ്വരന്മാരെ അയച്ചുവെങ്കിലും, ഫലമില്ലെന്നു തീർച്ചയായപ്പോൾ, ആ വിശ്വസ്തഭൃത്യന്റെ പേരു നിലനിർത്തുന്നതിനു താൻ ചെയ്തുകൊണ്ടതെന്നു നേരിട്ടു ചോദിച്ചറിവാനായി രാമവർമ്മരാജകുമാരനെ മാവേലിക്കരയ്ക്കു് അയച്ചു. ആ മഹാത്മാവാകട്ടെ "തന്റെ പേരിനെ നിലനിർത്തത്തക്കവണ്ണം താൻ യാതൊന്നും ചെയ്തിട്ടില്ലെന്നും വല്ലതുമൊക്കെ പ്രവർത്തിച്ചിട്ടുള്ളതു സ്വാമിയുടെ ഒരു ഭൃത്യൻ എന്ന നിലയിൽ മാത്രമാണെന്നും, കൊച്ചീരാജ്യം പിടിച്ചടക്കുന്നതിനു സ്വാമി തന്നെ അനുവദിക്കാഞ്ഞതിൽ ഉണ്ടായ വൈമനസ്യം മാത്രമേ തനിക്കുള്ളുവെന്നും" ആണു് മറുവടി പറഞ്ഞതു്. എളയരാജാവു് മാവേലിക്കരയിൽനിന്നു തിരിച്ചെഴുന്നള്ളി അധികം താമസിക്കുന്നതിനുമുമ്പു് രാമയ്യൻ മരിച്ചു. ആ വാർത്തകേട്ടപ്പോൾ മഹാരാജാവിനുണ്ടായ ദുഃഖം പറഞ്ഞറിയിക്കാവുന്നതല്ല.

മരണകാലത്തു രാമയ്യനു പറയത്തക്കതായി യാതൊരുവസ്തുവകകളും ഉണ്ടായിരുന്നില്ല. ഇങ്ങനെയുള്ള സ്വാമിഭക്തി ലോക

രാമയ്യൻ ദളവ

ത്തിൽ അപൂവ്വം ചില സുകൃതികൾക്കു മാത്രമേ ഉണ്ടായിട്ടുള്ളൂ. ഈ മരണം മഹാരാജാവിന്റെ ബാക്കിജീവിതത്തെ സന്താപപൂർണ്ണമാക്കിത്തീർത്തു. പിന്നീടു് അവിടുന്നു രണ്ടുകൊല്ലമേ ജീവിച്ചിരുന്നുള്ളു. അക്കാലമെല്ലാം ദുർവ്വാപദം അലങ്കരിച്ചിരുന്നതു് അയ്യപ്പൻമാത്താണ്ഡപ്പിള്ളയാകുന്നു.

രാമയ്യനു സജാതീയഭാര്യയുണ്ടായിരുന്നില്ല. എന്നാൽ മാവേലിക്കരയുള്ള ഒരു നായർകുടുംബത്തിൽനിന്നു അദ്ദേഹം ഒരു സ്ത്രീയെ സംബന്ധംകഴിച്ചു കൂടെ പാർപ്പിച്ചിരുന്നു. ഈ വിവാഹം തന്നെ വടക്കൻയുദ്ധത്തിൽ തന്റെ സ്വാമിക്കു സ്വാധീനബലം ഉണ്ടാക്കണമെന്നുള്ള സദുദ്ദേശത്തോടുകൂടി ചെയ്തതാണെന്നാണു് ചിലരുടെ അഭിപ്രായം. പുന്നാമനരകത്തിൽനിന്നു രക്ഷകിട്ടണമെങ്കിൽ, സജാതീയവിവാഹം ചെയ്യേണ്ടതാണെന്നു് ഒരു ആചാര്യമിത്രം ഉപദേശിച്ചപ്പോൾ, അദ്ദേഹം ചിരിച്ചുകളഞ്ഞുവത്രേ. പരലോകത്തിലെ കാര്യങ്ങളെക്കാൾ കുറേക്കൂടി പ്രധാനമായ സംഗതികൾ തന്റെ സ്വാമിയെ സംബന്ധിച്ചു് ഇഹലോകത്തിൽവെച്ചു ചെയ്യാനുണ്ടെന്നും ദാമ്പത്യവലയിൽ കുടുങ്ങിയാൽ, അവയൊക്കെ കണിശമായി ചെയ്തീർക്കാൻ സാധിക്കയില്ലെന്നുമായിരുന്നു രാമയ്യന്റെ മറുപടി.

രാമയ്യൻ തന്റെ നായർഭാര്യയ്ക്കു സമ്പാദിച്ചുകൊടുത്തിരുന്നതു് ഒരു വിശ്വസ്തഭൃത്യനും ലാവണ്യവതിയായ ഒരു മകളും ഒരു ഓലക്കെട്ടും മാത്രമായിരുന്നുവത്രേ. ആ സ്ത്രീയും സുശീലയും സ്വാമിയെപ്പോലെതന്നെ കൃത്യനിഷ്ഠയുള്ളവളും ആയിരുന്നതിനാൽ, ദാരിദ്ര്യകൂപത്തിൽ പതിച്ചിട്ടും ഭർത്താവു തന്നെ ഏല്പിച്ചിരുന്ന ഓലയെ ഉപയോഗപ്പെടുത്തിയില്ല. ഒടുവിൽ അവർ മരണശയ്യാഗതയായകാലത്തു്, കൃത്യന്റെ ഉപദേശപ്രകാരം മകളാണു് ഓലക്കെട്ടിനെ രാജസന്നിധിയിൽ എത്തിച്ചതു്. അന്നു നാടുവാണിരുന്നതു ധർമ്മപ്രഭുവായ രാമവർമ്മമഹാരാജാവായിരുന്നു. ഓലയിൽ ഇത്രമാത്രമേ എഴുതിയിരുന്നുള്ളു. ഈ ഓലത്തുണ്ടിന്റെ ഉടമസ്ഥ എന്നെ ആശ്രയിച്ചിരുന്ന ഒരു സ്ത്രീയാണു്. സ്വാമിക്കു് അവളിൽ കരുണയുണ്ടായി, അവർ കൂടിൽ കെട്ടിപ്പൂക്കുന്ന പുരയിടത്തിലും അതിനോടുചേർന്നുള്ള ഒരേക്കർ

ഭൂമിയിലും ഉള്ള കരത്തെ അവർക്ക് അനുഭവമായി പതിച്ചുകൊടുപ്പാറാകണം."

ഈ കത്തു കണ്ടമാത്രയിൽ ഉജ്ജ്വസ്വലനായ രാമവർമ്മ മഹാരാജാവുപോലും കണ്ണീർവാർത്തുപോയത്രേ. ആ തിരുമേനി രാമയ്യൻ നിർദ്ദേശിച്ചതിൽ കൂടുതൽ ചെയ്തുകൊടുത്തുവെന്നു പറയേണ്ടതില്ലല്ലോ.

രാമയ്യന്റെ സ്വഭാവത്തെപ്പറ്റി ഇത്രയും പറഞ്ഞതിൽ നിന്നു വായനക്കാർക്ക് ഏതാണ്ടു ഊഹിക്കാം. അദ്ദേഹത്തിൽ സ്വാമിഭക്തി മൂർത്തിമത്തായിരുന്നു. സ്വാമികാര്യം സാധിക്കുന്നതിനു് എന്തുചെയ്യുന്നതിനും അദ്ദേഹം മടിക്കാറുണ്ടായിരുന്നില്ല. രാമയ്യൻ ചെയ്തതായി പറയുന്ന കൈടില്യങ്ങൾക്കു കണക്കും കൈയുമില്ല. കേവലം ബാഹുബലംകൊണ്ടു സാധിക്കാതെവരുന്നതെല്ലാം പണംകൊണ്ടോ കുടിലപ്രയോഗംകൊണ്ടോ നേടുന്നതിനു് അദ്ദേഹം മടിക്കാറില്ലായിരുന്നു. സ്വജാതിസ്നേഹമോ കുടുംബസ്നേഹമോ ഒന്നും ആ ബ്രാഹ്മണനെ സ്വാധീനിച്ചിരുന്നില്ല. ഉപേയം ഉപായത്തെ സാധൂകരിക്കുമെന്നുള്ള മതക്കാരനായിരുന്നു അദ്ദേഹം. കുശാഗ്രബുദ്ധിയും പരഹൃദയജ്ഞാനസമ്പന്നനും നയകോവിദനും ആയിരുന്നതിനാൽ, രാമയ്യനു തിരുവിതാംകൂർ രാജശക്തിയെ അപ്രതിഹതമായി സ്ഥാപിക്കുവാൻ നിഷ്പ്രയാസം സാധിച്ചു. ഈ മഹാത്മാവിനെ ഓർക്കുമ്പോളൊക്കെയും നാം ശ്രീമാർത്താണ്ഡദേവനേയും മർത്താണ്ഡദേവനെ ഓർക്കുമ്പോളൊക്കെയും ഈ മഹാശയനേയും സ്മരിക്കുന്നു.

മഹാരാജാവിന്റെ സ്വർഗ്ഗപ്രാപ്തി.

നാടുനീങ്ങുന്ന കാലത്തു മാർത്താണ്ഡവർമ്മമഹാരാജാവിനു 53 വയസ്സു പ്രായമേ ഉണ്ടായിരുന്നുള്ളു. 1933-ാമാണ്ടു് മിഥുനം 27-ാംനു അദ്ദേഹം പരലോകം പ്രാപിച്ചു. തൽസമയം അദ്ദേഹത്തിന്റെ പ്രിയഭാഗിനേയന്മാരും വിശ്വസ്തഭൃത്യന്മാരും പ്രധാന ഉദ്യോഗസ്ഥന്മാരും സന്നിഹിതരായിരുന്നു. ദേഹവിയോഗത്തിനുമുമ്പു് അദ്ദേഹം രാമവർമ്മരാജകുമാരനു നല്കിയ ഉപദേശങ്ങൾ താഴെ കുറിക്കുന്നു.

1. ശ്രീപത്മനാഭസ്വാമിക്കായി ചെയ്ത ദാനത്തിൽനിന്ന് ഒരുകാരണവശാലും വ്യതിചലിക്കരുത്. ഈ രാജ്യത്തോട് ഇനി ചേരുന്ന ദേശങ്ങളേയും സ്വാമിക്ക സമർപ്പിക്കണം.

2. ധർമ്മസ്ഥാപനങ്ങളെ സംബന്ധിച്ചു യാതൊരു വ്യതിയാനവും ചെയ്യപോകരുത്.

3. രാജകുടുംബത്തിലെ അംഗങ്ങൾ തമ്മിൽ ഒരുകാരണവശാലും കലഹിക്കരുത്.

4. വഴിയിൽ കവിഞ്ഞു് ഒരു കാശുപോലും ചെലവു ചെയ്യരുത്.

5. കുമ്പഴത്തുറയിൽനിന്നു കിട്ടുന്ന ആദായംകൊണ്ടു കൊട്ടാരം സംബന്ധിച്ചു ചെലവുകൾ നടത്തണം.

6. ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാക്കമ്പനിയും രാജകുടുംബവും തമ്മിലുള്ള മൈത്രിക്കു യാതൊരു ഭംഗവും വരുത്തരുത്.

രാമവർമ്മരാജാവു് മാതുലനെ തൊട്ടുകൊണ്ടു് ഈ വിധത്തിൽ വാഗ്ദാനം ചെയ്തപ്പോൾ അദ്ദേഹത്തിന്റെ മുഖം പ്രസന്നമാവുകയും ആ ശരീരത്തിൽ കൂടികൊണ്ടിരുന്ന ആധി ഈശ്വരോന്മുഖം പ്രയാണംചെയ്കയും ചെയ്തു.

മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ഈശ്വരാധീനത്തെയും മാഹാത്മ്യാതിശയത്തെയും പററി അനേക കഥകൾ പറഞ്ഞുവരുന്നുണ്ടു്. കായംകുളവുമായുള്ള യുദ്ധകാലത്തു തിരുമനസ്സുകൊണ്ടു പണത്തിനു നന്നേ ഞെരുങ്ങിയിരിക്കയായിരുന്നു. ശ്രീപത്മനാഭനോടു തന്റെ സങ്കടങ്ങളെ അദ്ദേഹം നിവേദനം ചെയ്തു. അങ്ങനെ ഇരിക്കെ വിചാരിച്ചിരിക്കാതെ വട്ടിയൂർക്കാവു് അധികാരത്തിൽ ചേർന്ന കുലശേഖരമംഗലത്തുനിന്നു വിലയേറിയ ഒരു നിധിയും അതിനെത്തുടർന്നു മറുപലസ്ഥലങ്ങളിൽനിന്നു് അനവധി നിധികളുംഅവിടുത്തേക്കു ലഭിച്ചുവത്രെ.

പൊന്മനയിൽനിന്നു തെക്കോട്ടുള്ള തോടു കുഴിച്ചുചെന്നുകൊണ്ടിരിക്കവേ, ഒരു സ്ഥലം വെറും പാറക്കെട്ടായി കാണപ്പെട്ടു. ഇന്നത്തെ രീതിയിൽ പാറ പൊട്ടിക്കാനുള്ള യന്ത്രങ്ങളൊന്നുമ

അന്വേണ്ടായിരുന്നില്ല. മഹാരാജാവിന്റെ മേൽനോട്ടത്തിൽത
ന്നെയാണ് ജോലി നടന്നുവന്നത്. എന്തു ചെയ്യും! ജോലി നിറു
ത്തിവയ്ക്കുകയേ നിവൃത്തിയുണ്ടായിരുന്നുള്ളു. എന്നാൽ മഹാരാജാവാ
കട്ടെ അവിടെയുള്ള ഒരു പാറയിൽ പണ്ഡിതന്മാരെ കൊണ്ടു
വരുത്തി പാറ പൊളിക്കുന്നതിനു വേലക്കാരോട് ആജ്ഞാപിച്ചു.
ആ തിരുമേനി കാലത്ത് എട്ടുമണി മുതൽക്കു വൈകുന്നേരം ആറു
മണിവരെ പാറപ്പുറത്തു് പണ്ഡിതന്മാരിരിക്കുമ്പോൾ ജോലി ചെ
യ്യാൻ മടിക്കുന്നവരായിരുന്നെങ്കിലും ഉണ്ടാവുമോ? ഒരു ഭൃത്യൻ
മഹാരാജാവിനു വെയിൽ തട്ടാതിരിക്കുന്നതിനുവേണ്ടി ഒരു കാല
ക്കുട പിടിച്ചുകൊണ്ടിരുന്നു. അവൻക്കൂടെ ഉണ്ടായിരുന്നാൽ ജോലി
കുറേക്കൂടി ശീഘ്രത്തിൽ തീരുമല്ലോ എന്നു കരുതി അവിടുന്നു് പണ്ഡി
തന്മാരിരുന്ന കല്ലിൽ ഒരു ഭാരമുണ്ടാക്കി കൂടയെ അതിൽകയ്യി
നിത്താൻ ഭൃത്യന്മാരോടു കല്പിച്ചിട്ടു് അവനെയും വേലയ്ക്കു വിട്ടു.
ആ കല്ലും ആ ചെറിയ ഭാരവും മഹാശയനായ കാർത്താണ്ഡവർമ്മ
മഹാരാജാവിന്റെ പ്രജാവാത്സല്യത്തിന്റേയും ദൃഢനിശ്ചയത്തി
ന്റേയും സ്മാരകമായി ഇന്നും വിളങ്ങുന്നു.

അദ്ദേഹം ശിവേലിപ്പുര പണികഴിച്ചുകൊണ്ടിരിക്കവേ ഉത്സവം
കൊ
ണ്ടു; ജോലി തീർന്നില്ല. കല്ലിന്റെ കഷ്ണങ്ങളും ചപ്പു
ശേ
ഷിപ്പുചവറുകളും നാലുപാടും കിടന്നിരുന്നു. ഒരു ദിവസം
മഹാരാജാവു് പണ്ഡിതന്മാരി നോക്കിയപ്പോൾ, അവിടത്തെ സ്ഥിതി
ഇങ്ങനെ കക്കയായിരുന്നു. അയിരംപേർ ജോലി ചെയ്തുകൊ
ണ്ടിരുന്നു. തിരുമനസ്സുകൊണ്ടു് ഉടനേതന്നെ വേലക്കാരുടെ
കൂട്ടത്തിൽ കടന്നുചെന്നു തൂക്കെയിൽ ഉണ്ടായിരുന്ന കൈപ്പേ
സിനെ നിലത്തുവിരിച്ചു് ഏതാനും കല്ലിൻകഷ്ണങ്ങളെ അ
തിൽ ഇട്ടു മടക്കി സ്വശിരസ്സിൽ എടുത്തു വെളിയിൽ കൊണ്ടു
ചെന്നിട്ടു. ഇതു വേലക്കാർക്കു് ഉന്മേഷജനകമായിത്തീർന്നുവെന്നു
മാത്രമല്ല പിറേദിവസം നോക്കിയപ്പോൾ, അവിടെയുണ്ടായി
രുന്ന തുണ്ടുകല്ലുകളും ചവറും എങ്ങും കാണ്മാനുമില്ലായിരുന്നു.

മഹാരാജാവിന്റെ കൃത്യനിഷ്ഠ അന്യാദൃശമായിരുന്നു. ഒരു
കാരണവശാലും അദ്ദേഹം സമയം ദുർവ്യയം ചെയ്യാറില്ലായിരുന്നു
വത്രേ. കരിക്കൽ നവാബിന്റെ രണ്ടു സ്ഥാനാപതികൾ മഹാ

രാജ്ഞാവിനെ സന്ദർശിക്കാനായിച്ചെന്നു. അവർ കായ്യം പറയാതെ ഒരു വലിയ മുഖവുരയ്ക്കു ഭാവിച്ചപ്പോൾ "പിന്നെ! മുഷിപ്പിക്കാതെ കായ്യം പറയുവിൻ! ജീവിതം ക്ഷണികമാണു്" എന്നു് അപിടുന്നു് അരുളിച്ചെയ്തുവത്രേ.

നിയമത്തെ ലംഘിച്ചതു് അരായിരുന്നാലും അദ്ദേഹം ശിക്ഷിക്കാതെ വിടാറില്ലായിരുന്നു. ബാലരാമവർമ്മ രാജകുമാരൻ ഒരു കഥകളിഭ്രാന്തനായിരുന്നതിനാൽ, കൊട്ടാരത്തിലെ കളി സമയങ്ങളിൽ അവിടെ പോവുകപതിവായിരുന്നുവത്രേ. ഒരിക്കൽ എണ്ണ തീർന്നുപോയതിനാൽ, വിളക്കു് കെടുമെന്നമട്ടിലായി; ക്ഷേത്രക്കുളവാറയിൽനിന്നു കുറേ എണ്ണ വാങ്ങിക്കൊണ്ടുവരാൻ രാജകുമാരൻ ഭൃത്യനോടു് ആജ്ഞാപിച്ചു. എന്നാൽ കുളവാറക്കാരൻ കൊടുക്കാതിരുന്നതിനാൽ രാജകുമാരൻ കോപിച്ചു് അവശ്യമുള്ളിടത്തോളം എണ്ണ എടുത്തുകൊണ്ടുപോന്നു. അടുത്തദിവസം രാമയ്യൻവഴിക്കു്, ഈ വിവരങ്ങൾ മഹാരാജാവു് അറിഞ്ഞു, രാജകുമാരനെ വിളിച്ചു കഠിനമായി ശാസിച്ചശേഷം മേലിൽ മര്യാദ പഠിക്കുന്നതുവരെ കന്യാകുമാരിയിൽ പോയി ഭജനം ചെയ്യാനും ആജ്ഞാപിച്ചു.

വേറെയും പല കഥകൾ അദ്ദേഹത്തിനെപ്പറ്റി കേട്ടിട്ടുണ്ടു്. സ്ഥലച്ചുരുക്കത്താൽ അവയെ വിട്ടുകളയുന്നു.

മാർത്താണ്ഡവർമ്മമഹാരാജാവിനെപ്പോലെ സരളവും അഡംബരഹീനവും ആയ ജീവിതം നയിച്ചിട്ടുള്ളവർവളരെ ചുരുക്കമാണു്. തന്നിമിത്തം പലേ വിദേശീയരുടെ നിഷ്പ്രാജമായ ശ്ലാഘയ്ക്കു് അദ്ദേഹം പാത്രീഭവിച്ചിട്ടുണ്ടു്.

മാർത്താണ്ഡവർമ്മമഹാരാജാവു് ഒരു ഭയങ്കരപുരുഷനായിരുന്നുവെന്നു വിചാരിക്കുന്നവർ പലരുമുണ്ടു്. എന്നാൽ അദ്ദേഹത്തെപ്പോലെ കരുണാശീതളസ്വാന്തരായ രാജാക്കന്മാർ അധികംഉണ്ടായിട്ടില്ല. അക്കാലത്തു നടന്നിട്ടുള്ള കഠിനകൃത്യങ്ങളിൽ പലതും രാജ്യശ്രേയസ്സിനെ ഉദ്ദേശിച്ചു മന്ത്രിയായ രാമയ്യൻ ചെയ്തിട്ടുള്ളതാണു്. മഹാരാജാവു് രാമപുരത്തുവാഴ്ചയോടു പെരുമാറിയ രീതിയിൽനിന്നും അവിടത്തെ ഹൃദയസ്വഭാവം നമുക്കു് ഗ്രഹിക്കാം. കുചേലബ്രാഹ്മണനോടു ശ്രീകൃഷ്ണൻ

എങ്ങനെയോ അതുപോലെതന്നെയാണ് അശ്രിതവത്സലനും സഹൃദയാഗ്രണിയും ആയ മാത്താണ്ഡവർമ്മമഹാരാജാവു് വാഴ്ത്തുരോട്ടം പെരുമാറിയതു്.

കലാവിദ്യകളിലും ഈ മഹാരാജാവു് അതിയായ പ്രതിപത്തി പ്രകാശിപ്പിച്ചുവന്നു. കുഞ്ചൻനമ്പ്യാർ തുടങ്ങിയ മഹാകവികൾക്കു് അദ്ദേഹം ഒരു കല്പതരുവായിരുന്നുവെന്നു് ആ കവികളുടെ കൃതികളിൽനിന്നു നാം ഗ്രഹിക്കുന്നു. എന്നാൽ തിരുവിതാംകൂർ രാജ്യത്തിന്റെ സ്ഥാപകൻ എന്ന നിലയിൽ അണു് അദ്ദേഹത്തിന്റെ യശസ്സു് പ്രധാനമായി നിലനില്ക്കുന്നതു്. തിരുവിതാംകൂറിന്റെ സർവ്വശ്രേയസ്സുകൾക്കും കാരണഭൂതനായിരുന്ന ആ തിരുമേനിയെ ഇന്നും നാം ഭക്തിപൂർവ്വം സ്മരിക്കുന്നു.

അധ്യായം വു.

ശ്രീരാമവർമ്മകുലശേഖര തിരുവടി—933-978.

തിരുവവതാരം.

കൊല്ലവർഷം 893-ൽ സിംഹാസനാരോഹണം ചെയ്ത ഉണ്ണിക്കേരളവർമ്മ രാജാവു് ആ വർഷത്തിൽതന്നെ കോലത്തുനാട്ടു സചിവപത്തിൽനിന്നു വഞ്ചിവംശസംവർദ്ധിനി ആയ പാർവ്വതി റാണിയെ മതത്തെടുത്തു. ആ സുകൃതിനിയെ യഥാകാലം കിളിമാന്നൂർ കേരളവർമ്മ കോയിത്തമ്പുരാൻ പള്ളിക്കെട്ടുകഴിക്കയും 899-ൽ ആ റാണി കേരളത്തിന്റെ പുർവ്വപുണ്യപരിപാകമായ രാമവർമ്മകുമാരനെ പ്രസവിക്കുകയും ചെയ്തു.

"യോഽയം മുക്താമണിർജ്ജാതഃ
പാർവ്വതീഗർഭശുക്തിതഃ
സദ്വൃത്തോ ഗുണവാൻ സച്ഛഃ
സ്നിഗ്ധശ്ലോഽയം വിരാജതേ."

എന്നിങ്ങനെ അനന്തരകാലത്തു കവികളാൽ വാഴ്ത്തപ്പെട്ട ഈ തിരുമേനിക്കു കഷ്ടിച്ചു നാലു തിരുവയസ്സു് ആയപ്പോൾ പിതാവു

ധർമ്മരാജാ.

വീണ്ടുസഹായം പ്രാപിച്ചു. രാജ്ഞിയും പുത്രനും കോയിത്തമ്പു രാന്റെ രക്ഷയിൽ തിരുവനന്തപുരത്തുനിന്നും ആറുങ്ങലേക്കു് എഴുന്നള്ളുകയായിരുന്നു. ഈ വിവരം എങ്ങനെയോ ഗ്രഹിച്ചിട്ടു് അവരെ നിഗ്രഹിപ്പാനായി ഏതാനും ശ്രദ്ധപുരുഷന്മാരെ എട്ടുവീടർ നിയോഗിച്ചു. എന്നാൽ കോയിത്തമ്പുരാനു് എട്ടുവീടരുടെ ഉദ്യമത്തെപ്പറ്റി അറിവു കിട്ടുകയാൽ, അദ്ദേഹം രാജ്ഞിയേയും കുമാരനേയും ഏതാനും നായർഭടന്മാരുടെ രക്ഷയിൽ വനമാർഗ്ഗം അടുത്ത ഗ്രാമത്തിലേക്കു് അയച്ചിട്ടു രാജ്ഞി കയറിയിരുന്ന പല്ലിപ്പല്ലക്കിൽ സപരിവാരം യാത്രയുടനും. കുറച്ചുകൂട്ടത്തിനു സമീപത്തുവച്ചു ശത്രുക്കൾ വന്നു വളഞ്ഞ മാത്രയിൽ അദ്ദേഹം പല്ലക്കിൽനിന്നു ചാടി, അവരോടു സധൈര്യം പോരാടിയെങ്കിലും, ഒടുവിൽ ക്ഷതശരീരനായി രണാങ്കണത്തിൽ പതിച്ചു. ഇന്നത്തെ കിളിമാനൂർദേശം ആ കോയിത്തമ്പുരാന്റെ വംശത്തിലേക്കു രാമവർമ്മമഹാരാജാവു് കരമൊഴിവായി പതിച്ചുകൊടുത്തതാണു്.

'കിളിമാനൂർ' എന്ന പേരുകൊണ്ടുതന്നെ ആ പ്രദേശം ഒരു കാലത്തു കേവലം വനഭൂമിയായിരുന്നുവെന്നു വ്യക്തമാകുന്നു. 'കുന്നുമ്മേൽ രാജാവു്' എന്നൊരു നാടുവാഴിക്കു് അധീനമായിരുന്നു ആ ദേശം. കിളിമാനൂർ കോട്ടയും ദേവേശ്വരം, മഹാദേവേശ്വരം, എന്നീ ക്ഷേത്രങ്ങളും അദ്ദേഹം പണികഴിപ്പിച്ചിട്ടുള്ളതാണത്രേ. എട്ടുവീടരോടുചേർന്നു തിരുവിതാംകൂറിനു വിപരീതമായി പ്രവർത്തിച്ചതിനാൽ ആ രാജാവു് ഭ്രഷ്ടനാക്കപ്പെടുകയും, കിളിമാനൂർ വഞ്ചിരാജ്യത്തോടു ചേർക്കപ്പെടുകയും ചെയ്തു. ഏകദേശം പതിനേഴു ചതുരശ്രമൈൽ വിസ്തീർണ്ണതയുള്ള ഈ നാടു് ഇപ്പോൾ ജനനിബിഡമായിത്തീർന്നിരിക്കുന്നു.

കിളിമാനൂർ കോയിത്തമ്പുരാക്കന്മാർ പരപ്പനാട്ടുദേശക്കാരാണു്. ഉണ്ണിക്കേരളവർമ്മ തുടങ്ങി പാർവ്വതീഭായി മഹാരാജ്ഞി വരെയുള്ള എല്ലാ വഞ്ചീശ്വരന്മാരും കിളിമാനൂർ കോയിത്തമ്പുരാക്കന്മാരുടെ സന്താനങ്ങളായിരുന്നു. അവരെല്ലാവരും മഹാവീരന്മാരും സംഗീതസാഹിത്യാദി കലാകുശലന്മാരുമായിരുന്നുവെന്നാണു് അറിവു്.

ബാല്യത്തിൽതന്നെ നമ്മുടെ രാജകുമാരൻ അസ്ത്രശസ്ത്രാദികളിലും സംഗീതസാഹിത്യാദികളിലും അനല്പമായ നൈപുണ്യം സമ്പാദിച്ചു. സംസ്കൃതം, തമിഴ്, ഇംഗ്ലീഷ്, പെർഷ്യൻ എന്നിങ്ങനെ അനവധി ഭാഷകൾ അദ്ദേഹം വശമാക്കി.

"ക്ഷിതിപദ്ഗജാനപി നിരങ്കുശവൃത്തിനഃ സൈപ
രുദ്ധാ ഗുണൈഃ കനകശൃംഖലികാനുബന്ധാൻ"

എന്ന രാമവർമ്മയശോഭൂഷണകാരൻ അദ്ദേഹത്തിനെ വർണ്ണിച്ചിട്ടുള്ളതിൽ അതിശയോക്തിയുടെ സ്പർശംപോലും ഇല്ല. പിൽക്കാലത്തു കലാവിദ്യകളുടെ പരിപോഷണാർത്ഥം ഈ തിരുമേനി ചെയ്തിട്ടുള്ള മഹോദ്യമങ്ങളെ അനന്തരം മഹാകവികളിൽ പലരും മുക്തകണ്ഠം പ്രശംസിച്ചുകാണുന്നുണ്ട്.

ഈ രാജകുമാരനു രണ്ടിലധികം സഹോദരന്മാരും ഭാഗിനേയന്മാരും ഉണ്ടായിരുന്നതായി യശോഭൂഷണത്തിൽനിന്നു ഗ്രഹിക്കാം.

"തദനുജരവിവർമ്മാ ഭാഗിനേയഃ സ്വനാമാ"

എന്ന പദ്യഖണ്ഡത്തിൽനിന്ന് അദ്ദേഹത്തിന്റെ നേരെ അനുജൻ 'രവിവർമ്മ' രാജകുമാരനായിരുന്നുവെന്നു വ്യക്തമാകുന്നു. 961-ൽ നാടുനീങ്ങിയ മകയിരം തിരുനാൾ രവിവർമ്മ ഈ രാജകുമാരനായിരിക്കണം. "ഭാഗിനേയഃ സ്വനാമാ" പ്രസിദ്ധ കഥകളികർത്താവായ അശ്വതിതിരുനാൾ രാമവർമ്മരാജകുമാരനാകുന്നു. കാർത്തികതിരുനാൾ തമ്പുരാന്റെ കാലശേഷം രാജ്യം ഭരിച്ച ബാലരാമവർമ്മ മഹാരാജാവാകട്ടെ അദ്ദേഹത്തിന്റെ ഭാഗിനേയിയുടെ പുത്രനുമായിരുന്നു.

ബാല്യകാലത്തിൽതന്നെ നമ്മുടെ കഥാനായകൻ അസാമാന്യമായ ധൈര്യവും മനസ്സാന്നിദ്ധ്യവും പ്രകാശിപ്പിച്ചുവന്നു. കായംകുളവുമായി മാർത്താണ്ഡവർമ്മമഹാരാജാവു് യുദ്ധം നടത്തിക്കൊണ്ടിരുന്ന കാലത്തു് അദ്ദേഹം പദ്മനാഭപുരത്തു് എഴുന്നള്ളി പാർക്കയായിരുന്നു. യുദ്ധരംഗത്തുനിന്നും യാതൊരു വിവരങ്ങളും കൃത്യകാലത്തേക്കു യുവരാജാവിനു ലഭിക്കാതെ ആയി. അങ്ങോട്ടുള്ള എല്ലാ കത്തുകളേയും കായംകുളംരാജാവു് അപഹരിച്ചു നശിപ്പിച്ചുവന്നു. യുവരാജാവാകട്ടെ അതുകൊണ്ടു്

അന്ധാളിക്കാതെ ഒരു പട്ടാണിയുടെ വേഷം ധരിച്ചു തനിയേ കായംകുളത്തേക്കു തിരിച്ചു. തിരുവിതാംകൂറിൽനിന്നു് ഒരു ചാരൻ കോട്ടയ്ക്കുള്ളിൽ കടന്നിരിക്കുന്നു എന്നു കായംകുളം രാജാവിന്നു് അറിവു കിട്ടുകയാൽ, ആ ചാരനെ പിടിച്ചു തന്റെ മുമ്പിൽ ഹാജരാക്കാൻ അദ്ദേഹം കല്പിച്ചു. രാജകുമാരനാകട്ടെ അതുകൊണ്ടൊന്നും കൂസുങ്ങാതെ ഏതാനും ദിവസങ്ങൾ കോട്ടയ്ക്കുള്ളിൽ തന്നെ പാർത്തു മുറയ്ക്കു് അന്വേഷണം നടത്തി. എന്നാൽ തന്റെ മാതുലനെപ്പറ്റി ഒരു വിവരവും ലഭിക്കായ്കയാൽ അദ്ദേഹം അനല്പം കുണ്ഠിതപ്പെട്ടു. തത്സമയം മാർത്താണ്ഡവർമ്മ മഹാരാജാവും സൈന്യവും കായംകുളംരാജാവിന്റെ സൈന്യത്താൽ ഉപരോധിക്കപ്പെട്ട വിഷമിച്ചിരിക്കയായിരുന്നു. രാജകുമാരനു വെളിയിൽ കടക്കാൻ നിവൃത്തിയില്ലാതെയുമായി. ഒടുവിൽ അദ്ദേഹം കായംകുളം രാജാവിന്റെ തേവാരിയായ ഇളങ്ങല്ലൂർ നമ്പൂതിരിയെ ചെന്നുകണ്ടു, തന്റെ രഹസ്യമെല്ലാം അറിവിച്ചിട്ടു് കോട്ടയ്ക്കുവെളിയിൽ കടക്കുന്നതിനു തന്നെ സഹായിക്കണമെന്നു് അഭ്യർത്ഥിച്ചു. സുകരമായ എന്തെങ്കിലും ഒരു ഉപായം കണ്ടുപിടിച്ചുകൊടുത്താൽ സഹായിക്കാൻ തയ്യാറാണെന്നു നമ്പൂതിരി മറുപടി പറകയാൽ രാജകുമാരൻ പ്രസന്നനായി. നമ്പൂതിരിയുടെ പ്രിയജനനിക്കു് അന്ത്യശുശ്രൂഷചെയ്വാനായി നമ്പൂതിരിഇടനേതന്നെ ഇല്ലത്തുപന്നുചോരണം എന്നു കാണിച്ചു് ഒരു കത്തു രാജകുമാരൻ എഴുതിയുണ്ടാക്കി നമ്പൂരിയെ ഏല്പിക്കയും, അദ്ദേഹം ആ കത്തു രാജാവിനെ കാണിച്ചു് ഇല്ലത്തേയ്ക്കു പോവാൻ അനുമതി വാങ്ങിക്കയും ചെയ്തു. ആ നമ്പൂതിരിയുടെ കോൽവിളക്കുകാരനായി രാജകുമാരൻ കോട്ടയ്ക്കു വെളിയിൽ കടന്നുവെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. ഈ സഹായത്തെ സ്മരിച്ചു കാത്തികതിരുനാൾ തമ്പുരാൻ പിൽക്കാലത്തു് ഇളങ്ങല്ലൂരിനു ചില പതിവുകൾ തുല്യം ചാർത്തി കൊടുക്കയും ഇല്ലം പുതുക്കി പണികഴിപ്പിക്കയും ചെയ്തിട്ടുണ്ടു്.

മാർത്താണ്ഡവർമ്മമഹാരാജാവു തന്റെ ഭാഗിനേയനു രാജ്യഭരണത്തിലും യുദ്ധത്തിലും വേണ്ട പരിശീലനം നല്കുന്നു വിഷയത്തിൽ സദാപി ജാഗരൂകനായിരുന്നു. ശത്രുക്കളുമായുള്ള മിക്ക

യുദ്ധങ്ങളിലും രാജകുമാരൻ കൂടി പങ്കുകൊണ്ടിരുന്നതായിക്കാണുന്നു. പുറക്കാട്ടു യുദ്ധത്തിൽ ഒരു സൈന്യദളത്തിന്റെ നേതൃത്വം രാജകുമാരൻ തന്നെയാണു വഹിച്ചതു്. അതുപോലെ തന്നെ വടക്കുംകൂർ, തെക്കുംകൂർ മുതലായ രാജാക്കന്മാരുമായുള്ള യുദ്ധങ്ങളിലും ഈ രാജകുമാരൻ ഭാഗഭാക്കായിരുന്നു. രാജ്യതന്ത്രജ്ഞനായ രാമയ്യന്റേയും ആയോധനപടുവായ ഡിലനായിയുടേയും സാഹചര്യം കുമാരന്റെ സ്വഭാവത്രുപവൽക്കരണത്തിൽ നല്ലപോലെ സഹായിച്ചിട്ടുണ്ടു്. ഇങ്ങനെ നാനാമുഖമായി ലഭിച്ച പരിശീലനങ്ങളോടു നിസർഗ്ഗസിദ്ധമായ കുശാഗ്രബുദ്ധിയും മനോധൈര്യവും ആജ്ഞാവും ചേർന്നപ്പോൾ, 'ധർമ്മരാജാവു്" എന്ന പുണ്യാഭിധാനത്തിനു് അവിടുന്നു് എല്ലാവിധത്തിലും പാത്രമായിത്തീർന്നു.

സിംഹാസനാരോഹണവും ഭരണപരിഷ്കാരങ്ങളും.

മാർത്താണ്ഡവർമ്മമഹാരാജാവു് 933 മിഥുനം 27-ാംനു നാടുനീങ്ങി. അതിനു ഏതാനും മണിക്കൂറിനു മുമ്പായി, അദ്ദേഹം നമ്മുടെ രാജകുമാരനെ അടുക്കൽ വിളിച്ചു്, ഈ രാജ്യം ശ്രീപദ്മനാഭനു സമർപ്പിതമാണെന്നുള്ള സംഗതി ഒരു കാരണവശാലും വിസ്മരിച്ചുപോകരുതെന്നും, പദ്മനാഭസ്വാമിക്ഷേത്രത്തെ സംബന്ധിച്ച ധർമ്മകൃത്യങ്ങൾക്കു ലോപം വരുത്തരുതെന്നും കുടുംബാംഗങ്ങൾ തമ്മിൽ മൈത്രീപൂർവ്വം പെരുമാറണമെന്നും, രാജ്യഭരണസംബന്ധമായ ചെലവു് എല്ലായ്പോഴും വരവിനെക്കാൾ കുറഞ്ഞിരിക്കണമെന്നും, കൊട്ടാരച്ചെലവുകൾ കച്ചവടത്തുറയിലെ ആദായംകൊണ്ടു നടത്തിക്കൊള്ളണമെന്നും, ഈസ്റ്റിൻഡ്യാക്കമ്പനിയുമായി പിണങ്ങരുതെന്നും മറ്റും ഉപദേശിച്ചുവല്ലോ. ഈ ഉപദേശത്തെ കാർത്തികതിരുനാൾതമ്പുരാൻ അക്ഷരംപ്രതി അനുവർത്തിച്ചുവെന്നു് ഈ ചരിത്രത്തിൽനിന്നു മനസ്സിലാക്കാം.

സിംഹാസനാരോഹണം ചെയ്തുകഴിഞ്ഞു് ഉടൻതന്നെ തിരുമനസ്സുകൊണ്ടു, ദളവാജോലി നോക്കിവന്ന അയ്യപ്പൻമാർത്താണ്ഡപ്പിള്ളയെ തൽസ്ഥാനത്തിൽ സ്ഥിരപ്പെടുത്തി. നാടുനീങ്ങിയ മഹാരാജാവിന്റെ കീഴിൽ ഉദ്യോഗം വഹിച്ചിരുന്ന

അപ്പച്ചൻ മാർത്താണ്ഡപ്പിള്ള

എല്ലാപേക്ഷം യഥോചിതം കയറാംകൊടുത്തു. അവരുടെ സഹായത്തോടുകൂടി ഭരണയന്ത്രത്തെ ഭംഗിയായി നവീകരിച്ചു.

മാർത്താണ്ഡവർമ്മമഹാരാജാവു് പല ദേശങ്ങളെ പിടിച്ചടക്കിയെങ്കിലും, ആ ദേശങ്ങളിൽ പൂർണ്ണമായ സമാധാനം സ്ഥാപിക്കുന്നതിനു മുമ്പു നാടുനീങ്ങി. അദ്ദേഹം ഏർപ്പെടുത്തിയ ചട്ടവട്ടങ്ങൾ എല്ലാ ദിക്കുകളിലും ഒരുപോലെ പ്രയോഗത്തിൽ വന്നുകഴിഞ്ഞിരുന്നുമില്ല. അതുകൊണ്ടു് ആ ചട്ടങ്ങളെ ഒന്നുകൂടി പുതുക്കി അവയെ നാടൊട്ടുക്കു നടപ്പിൽ വരുത്തുന്നതിനാണു് അവിടുന്നു് അത്യുമായി പ്രയത്നിച്ചതു്. എന്നാൽ നല്ല സൈന്യബലമുണ്ടാകാതെ അക്കാലത്തു് ഒരു കാര്യവും സുകരമായിരുന്നില്ല. മുമ്പു തിരുവിതാംകൂർ സൈന്യം ഡിലനായിയുടെ മേൽനോട്ടത്തിൽ പരിശീലിതമായിരുന്നെങ്കിലും, അതുകൊണ്ടു മാത്രം മഹാരാജാവു് തൃപ്തിപ്പെട്ടില്ല. കണ്ണാട്ടിക്കു നവാബിന്റെയും, ഈസ്റ്റിൻഡ്യാകമ്പനിയുടേയും സൈന്യത്തോടു കിടനില്ക്കുന്നതക്കവണ്ണം, സൈനികവീര്യത്തിനെ പരിഷ്കരിക്കുന്നതിനു് അവിടുന്നു് ഏർപ്പാടുചെയ്തു. തദനുസാരം തോവാളമുതല്ക്കു കുറിയാപ്പുള്ളിവരെയുള്ള സൈന്യബലം വർദ്ധിപ്പിക്കപ്പെട്ടു.

നികുതി ശരിയായി പിരിഞ്ഞുകിട്ടാത്തപക്ഷം രാജ്യകാര്യങ്ങളൊന്നും നിർവ്വഹിക്കാവുന്നതല്ലല്ലോ. സൈന്യബലം വർദ്ധിപ്പിച്ചപ്പോൾ ചെലവും പതിന്മടങ്ങു വർദ്ധിച്ചു. അതുകൊണ്ടു റവന്യൂത്തുറയിലാണു പിന്നീടു് തിരുമേനിയുടെ ശ്രദ്ധ പ്രധാനമായി പതിഞ്ഞതു്. രാജ്യത്തെ ഭരണസൌകര്യത്തിനുവേണ്ടി വടക്കുമ്മുഖം, പടിഞ്ഞാറുമ്മുഖം, തെക്കുമ്മുഖം എന്നു മൂന്നായി വിഭജിച്ചു്, ഓരോ ഭാഗവും ഭരിക്കുന്നതിനായി ഓരോ വലിയ സർവ്വാധികാര്യക്കാരെ നിയമിച്ചു. ഈ വിഭാഗം ഇന്നത്തെ "ഡിവിഷ"ന്റെ സ്ഥാനവും വലിയ സർവ്വാധികാര്യക്കാർ പേഷ്കാരുടെ സ്ഥാനവും വഹിക്കുന്നു. ഓരോ മുഖത്തെയും വീണ്ടും നന്നാലായി തിരിച്ചിട്ടു് അവയെ വലിയ സർവ്വാധികാര്യക്കാരുടെ നിയന്ത്രണത്തിലും സർവ്വാധികാര്യക്കാരുടെ ഭരണത്തിലും വിട്ടുകൊടുത്തു. സർവ്വാധികാര്യക്കാരുടെ കീഴിൽ പലേ കാര്യക്കാരന്മാരും, കാര്യക്കാരുടെ കീഴിൽ ഒട്ടുവളരെ പാർത്ഥകാരന്മാരും, പാർ

ത്യകാരന്മാരുടെ കീഴിൽ പലേ ചന്ത്രക്കാർ, തുറക്കാർ, വില്ലുക്കാർ മുതലായവരും പടിപടിയായി നിയമിക്കപ്പെട്ടു. ഇവയെല്ലാറ്റിനുംപുറമെ ഓരോ കച്ചേരിയിലും അനേകം കണക്കെഴുത്തുപിള്ളമാരുണ്ടായിരുന്നു. കാര്യക്കാരുടെ കച്ചേരിയിലെ പ്രധാന പിള്ളയെ തിരുമുഖം പിടിച്ച പിള്ളയെന്നും മറ്റുള്ളവരെ പിള്ളമാർ എന്നും വിളിച്ചുവന്നു. ഓരോ മുഖത്തിലും വലിയസവ്വാധിക്കു പുറമേ മേൽ വിചാരിപ്പുകാർ എന്നൊരു ഉദ്യോഗസ്ഥൻ കൂടി ഉണ്ടായിരുന്നുവെങ്കിലും, അയാളുടെ ജോലി നീതിനിഷ്ഠയുടെ കീഴിലായിരുന്നു. എന്നാൽ പരമാധികാരം മഹാരാജാവിൽതന്നെയാണു് സ്ഥിതിചെയ്തിരുന്നതു്.

രാജ്യപരിപാലനാർത്ഥം ഓരോ കാര്യക്കാരുടെ കീഴിലും കുറേ താനും പട്ടാളക്കാരെ വിട്ടുകൊടുത്തു. കാര്യക്കാരുടെ ജോലി വളരെ ഭാരമേറിയതായിരുന്നു എന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. നികുതി പിരിക്കുക, നീതിന്യായങ്ങൾ നടത്തുക, ദണ്ഡ്യന്മാരെ ശിക്ഷിക്ക മുതലായ കൃത്യങ്ങളെല്ലാം കാര്യക്കാരുടെ ചുമതലയിൽ പെട്ടവയായിരുന്നു

ഈ ഭരണവ്യവസ്ഥവഴിക്കു്, രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും നിയമാധികാരം സംസ്ഥാപിതമായി ഭരണത്തിനു് ഐകരൂപ്യവും സിദ്ധിച്ചു. സമാധാനം നാടുപാടും പരന്നു.

936-ാമാണ്ടു് തിരുമനസ്സുകൊണ്ടു തിരുവിതാംകൂർ ഒട്ടുക്കു സഞ്ചരിച്ചു. അക്കൊല്ലം തുലാമാസത്തിൽ അദ്ദേഹം ചേത്തല എഴുന്നള്ളിയിരുന്നതായി കൊച്ചിയിലെ ഒരു ഗ്രന്ഥവരിയിൽ കാണുന്നു. "ൻസഭ-ൽ ജോക്കുകുമുദവർ പോയി. വെയർമാൻകുമുദവർ വന്നതിന്റെ ശേഷം പിന്നെയും കുമുദവരുമായിട്ടു ഗ്രണദോഷങ്ങൾ കല്പിച്ചു വിചാരിച്ചാറെ തുപ്പാപ്പി സപ്തരുപവുമായിട്ടു ചേന്ന നെടിയിരിപ്പു സപ്തരുപത്തെ ഒഴിപ്പാനുള്ളതിനു പ്രയത്നംചെയ്തു. മുപ്പത്താറാമാണ്ടു് തുലാമാസത്തിൽ തുപ്പാപ്പി സപ്തരുപുത്തുകൾ വലിയതമ്പുരാൻ ചേത്തല എഴുന്നള്ളി ഇരിക്കുന്നടത്തു കുമുദവരും എത്തി. തിരുമനസ്സുകൊണ്ടു് എഴുന്നള്ളി, കാഴ്ച കഴിഞ്ഞു തമ്മിൽ അന്യോന്യം ചേന്നു് ഉടമ്പടി എഴുതേണ്ടുംപ്രകാരം നിശ്ചയിച്ചു"

കോഴിക്കോട്ടുമായുള്ള യുദ്ധം.

മഹാരാജാവു് സമാധാനപ്രിയനായിരുന്നുവെങ്കിലും, അചിരേണ യുദ്ധത്തിൽ ഏർപ്പെടേണ്ടതായി വന്നുകൂടി. ചെങ്കോട്ട എന്ന താലൂക്കു വഞ്ചിരാജ്യത്തോടു ചേർന്നതായിരുന്നു. എന്നാൽ ചൊക്കംപെട്ടിയിലെ "പോളിഗാർ" ആ സ്ഥലത്തെ കീഴടക്കി ഭരിച്ചുവന്നു. അതുകൊണ്ടു് 937-ൽ മഹാരാജാവു് ഒരു സൈന്യത്തെ അങ്ങോട്ടയച്ചു തദ്ദേശത്തെ വീണ്ടെടുത്തു. അതേ അവസരത്തിൽത്തന്നെ കോഴിക്കോട്ടു സാമൂതിരിപ്പാടു് കൊച്ചിയെ ആക്രമിക്കാൻ വട്ടംകൂട്ടി. കൊച്ചിയുടെ പല ഭാഗങ്ങളും സാമൂതിരി മുമ്പുതന്നെ കൈവശപ്പെടുത്തിക്കഴിഞ്ഞിരുന്നു. ബാക്കിയുള്ള ദേശംകൂടി അദ്ദേഹം പിടിച്ചടക്കാൻ തുടങ്ങിയപ്പോൾ കൊച്ചീരാജാവു് നിരുപായവശനായിച്ചമഞ്ഞു. ഈ അപകടത്തിൽനിന്നു് ഒഴിയുവാൻ തിരുവിതാംകൂറിന്റെ സഹായം അഭ്യർത്ഥിക്കയേ തരമുള്ളു എന്നു വന്നുകൂടി. എന്നാൽ മുമ്പൊരവസരത്തിൽ, കൊച്ചി തിരുവിതാംകൂറുമായി നടത്തിയ ഉടമ്പടിക്കു വിപരീതമായി പ്രവർത്തിച്ചതിനാൽ, മഹാരാജാവു വീണ്ടും തന്റെ അപേക്ഷയെ കൈക്കൊള്ളുമോ എന്നു സംശയിച്ച രാജാവു് വിവരം അറിഞ്ഞുവരുവാനായി പാലിയത്തച്ചനെ തിരുവനന്തപുരത്തേക്കയച്ചു. സഹായാർത്ഥം കൊച്ചിയിലേക്കു് അയയ്ക്കപ്പെടുന്ന സൈന്യത്തെ സംബന്ധിച്ച സകല ചെലവുകളും കൊച്ചിതന്നെ വഹിച്ചുകൊള്ളാമെന്നും കരുപ്പുറത്തിന്മേൽ കൊച്ചിയാതൊരു അവകാശവാദവും മേലിൽ പുറപ്പെടുവിക്കുന്നതല്ലെന്നും അല്പങ്ങാടും പറവൂരും തിരുവിതാംകൂറിലേക്കു വിട്ടുകൊടുക്കാമെന്നും കൊച്ചിവകയല്ലാത്ത ഏതെങ്കിലും ദേശം സാമൂതിരിയുടെ കൈയിൽനിന്നും തിരുവിതാംകൂർ പിടിച്ചെടുക്കുന്നപക്ഷം, ആ ദേശത്തെപ്പറ്റി കൊച്ചി അവകാശപ്പെടുന്നതല്ലെന്നും പാലിയത്തച്ചൻ മഹാരാജാവിനെ അറിവിച്ചു. പൂർവ്വാനുഭവം ഓർത്തു മഹാരാജാവു് അല്പം മടിച്ചുവെങ്കിലും ഒടുവിൽ കൊച്ചിയെ സഹായിക്കാമെന്നു സമ്മതിക്കയാൽ, കൊച്ചീരാജാവു് 937 ധനുമാസത്തിൽ ചേർത്തലവച്ചു മഹാരാജാവിനെ സന്ദർശിച്ചു. അവിടെവച്ചു് കൊച്ചീ ക്ഷേത്രം എഴുതിക്കൊടുത്ത ഉടമ്പടിയെ താഴെ ചേർക്കുന്നു.

ഞങ്ങളിച്ചെയ്ത നമ്മുടെ പുത്രശേരിക്കു് എന്നാൽ ൻ൩൨-൪ മാണ്ടു് മകരമാസം ൨൩-ാംനു തിരുവനന്തപുരത്തുവച്ചു് അന്യോന്യം പറഞ്ഞ ഉടമ്പടിക്കു് എഴുതിപ്പിടിച്ചതിൽ ൻ൨൯-൩മതു ചിങ്ങമാസം ൩-ാംനു മാവേലിക്കരെവച്ചു് അന്യോന്യം മേൽപ്പെട്ടു ചെയ്യേണ്ടുന്നതിനു കീഴിലുണ്ടായ ദുർഘടങ്ങളും പറഞ്ഞും വച്ചു് ബന്ധു ശത്രു ഒന്നായിട്ടും ഗുണദോഷം ഒന്നായിട്ടും അന്യോന്യം ചേർന്നു ചെല്ലുമാറെന്നു നിശ്ചയിച്ചപ്രകാരം അങ്ങും ഇങ്ങും ചേർന്നുകൊൾകെ എന്നും അവിടെനിന്നും വിപരീതിച്ചുവരുന്നവരെ നമ്മുടെ നാട്ടകത്തു പാർപ്പിച്ചുകൊൾക ഇല്ലെന്നും അവക്കു് ഒരു സുഖായം ചെയ്യ ഇല്ലെന്നും, നമ്മുടെ നാട്ടുമ്മൽ ഉണ്ടാകുന്ന മുളകിൽ നമ്മുടെ വകയ്ക്കു കാലത്താൽ ൫൦൦ കണ്ടിമുളകു്, ഇന്നേടത്തുള്ളതു് ഇങ്ങു വാങ്ങിക്കൊൾക എന്നു വെച്ചാൽ, അങ്ങു് ആകുന്ന കച്ചവടക്കാരെ ബോധിപ്പിച്ചു നാം ആകുന്ന കച്ചോടക്കാരൻ വാങ്ങിക്കൊൾകയും ശേഷം ഉള്ള മുളകു ഒക്കെയും അങ്ങാകുന്ന കച്ചോടക്കാരൻ മടിശീലയും കൊടുത്തു വാങ്ങിക്കൊള്ളുമാറെന്നും ഇപ്രകാരം എഴുതിപ്പിടിച്ചു പിരിഞ്ഞതിൽപിന്നെ ചെമ്പകശ്ശേരിയും വടക്കുംകൂറിലേയും നിമിത്തമുണ്ടായിട്ടുണ്ടായ കലഹത്തിനു് അങ്ങു ചെലവിട്ട ദ്രവ്യം ബോധിപ്പോളും ആ രണ്ടു രാജ്യവും അങ്ങുതന്നെ അനുഭവിച്ചുകൊൾക എന്നും ആ രണ്ടു സാമ്രാജ്യത്തിങ്കലേക്കും വേണ്ടീട്ടു് മേൽ ഒരു സഹായത്തിനു നാം വരികയില്ലെന്നും ചെമ്പകശ്ശേരി തുഴിവപേരുർ പാർത്തുകൊള്ളട്ടെ എന്നും അങ്ങു് അനുവദിച്ചുപ്രകാരം അവിടെ പാക്കനോടത്തു് ഒരു ഓല ഉത്തരം എഴുതുക എങ്കിലും ചെലവിനു കൊടുക്ക എങ്കിലും അന്യോന്യം കാൺക എങ്കിലും ചെയ്ക ഇല്ലെന്നും ശേഷം അങ്ങു വിപരീതമായിട്ടുള്ളവരെ നമ്മുടെ നാട്ടകത്തു പാർപ്പിച്ചുപോകയില്ലെന്നും നമ്മുടെ നാട്ടകത്തു അങ്ങുള്ള കോയ്മസ്ഥാനങ്ങളും അങ്ങേ നാട്ടകത്തു നമുക്കുള്ള കോയ്മസ്ഥാനങ്ങളും കീഴിലെപ്പോലെ ചേർന്നുകൊള്ളുമാറെന്നും പറഞ്ഞുംവച്ചു് അന്യോന്യം എഴുതിപ്പിടിച്ചതിന്റെ ശേഷം സാമൂതിരി നമ്മുടെ രാജ്യത്തു പുത്രഷ്യാരത്തോടുകൂടെ കടന്നു നമ്മുടെ ആളുകളെ ഒഴിച്ചു രാജ്യം സ്വാധീനമാക്കിക്കൊൾകകൊണ്ടു നമ്മുടെ ശത്രുക്കളെ ഒഴിച്ചു മുമ്പിലത്തെപ്പോലെ രാജ്യം വടക്കേ അതിർത്തി പടിഞ്ഞാറേ വഴിക്കു

പൂക്കൈതയ്ക്കു തെക്കോട്ടും വെള്ളപ്പനാട്ടുകരയിൽ (പാമ്പക്കാട്ടും തെമ്മലപ്പുറവും) കീഴിൽ നാം അനുഭവിച്ചിരുന്ന പ്രദേശങ്ങളും നമ്മുടെ സ്വാധീനമായ്പോളത്തിനും അങ്ങുകൂടെ അത്ഥപുരുഷാരം ചെലവിട്ടു നമുക്കു വേണ്ടുന്ന സഹായങ്ങൾ ചെയ്യണമെന്നും അങ്ങോട്ട് അപേക്ഷിക്കകൊണ്ടു് അതിൻവണ്ണം അങ്ങു നമുക്കു വേണ്ടുന്ന സഹായങ്ങൾ ചെയ്യുന്നതിനു കരപ്പുറം പാമ്പാ അഴിക്കു തെക്കു് അലപ്പുഴയ്ക്കു വടക്കുള്ള പ്രദേശങ്ങളിൽ അണ്ടിക്കടവും ചെല്ലാനിയും കുമ്പളഞ്ഞിയും നീക്കി ശേഷമുള്ള പ്രദേശങ്ങളും പറവൂരും അലങ്ങാടും രണ്ടുരാജ്യവും അതിൽ സംബന്ധിച്ചു സ്ഥാനങ്ങളും സമ്പത്തും അങ്ങു നാം എഴുതിയിരിക്കകൊണ്ടു് അതിൻവണ്ണം അനുഭവിച്ചുകൊൾകയും വേണം. നമ്മുടെ രാജ്യാധി സ്വാധീനമായി അങ്ങേ ആളുകളെ പിരിപ്പോളത്തേയ്ക്കും രാജ്യത്തിൽ എടുക്കുന്ന മുതലിൽ നേർപാതി അങ്ങേ ആളുകൾക്കും ചെലവിനായിട്ടു നാംതന്നെ ആളാക്കി മുതൽ എടുത്തു അങ്ങേ ആളെ ബോധിപ്പിച്ചേക്കയും അം. പെള്ളപ്പനാട്ടുകരെ കടന്നാൽ നെടിയിരിപ്പു സ്വരൂപം പണ്ടു് അനുഭവിച്ചുവരുന്ന പ്രദേശങ്ങളിൽ അങ്ങുതന്നെ ആളാക്കി മുതൽ എടുത്തുകൊൾകയും വേണം. നമ്മുടെ രാജ്യത്തിൽനിന്നു ശത്രുക്കളെ കഴിച്ചു രാജ്യം നമുക്കു സ്വാധീനമായ്പോളത്തേയ്ക്കും അങ്ങുകൂടെ അത്ഥപുരുഷാരം ചെലവിട്ടു വേണ്ടുന്ന സഹായങ്ങൾ അങ്ങു നമുക്കു ചെയ്കയും വേണം. മുറിഞ്ഞപുഴയ്ക്കു വടക്കു വരാപ്പുഴയ്ക്കു തെക്കു കുരുനാടു് ഉൾപ്പെട്ട പ്രദേശങ്ങളിൽ ൻമ-ാമാണ്ടുവരയിൽ അങ്ങു അനുഭവിച്ചിരിക്കുന്ന പ്രദേശങ്ങൾ നീക്കി ശേഷമുള്ള പ്രദേശങ്ങൾ കൊയും നാം അനുഭവിച്ചുകൊൾകയും അം. നമ്മുടെ നാട്ടകത്തുള്ള പ്രട്ടക്കമ്മാർ എടപെട്ട കാര്യത്തിനും നീക്കേണ്ടുന്നവരെ നീക്കുവാനും ആക്കേണ്ടുവരെ ആക്കുവാനും നാം ക്ലേശിക്കുന്ന കാര്യത്തിനു് അങ്ങുകൂടെ സഹായമായിരിക്കയും വേണം. എന്നാൽ ഈ അവസ്ഥ ചീട്ടിലും താൻ വായിച്ചു തൃപ്തിപ്പെടുത്തി സ്വരൂപത്തിങ്കൽ കുലശേഖരപ്പെരുമാളെ ധരിപ്പിച്ചേക്കയും വേണം. ൻ-ാ-ാമതു ധനുമാസം ക-ാംന- പതിനൊൽ കൈകയ്ഴുത്തു"

ഈ ഉടമ്പടി തിരുവിതാംകൂർ ചരിത്രത്തിൽ വളരെ പ്രാധാന്യം വഹിക്കുന്നുണ്ട്. എന്തുകൊണ്ടെന്നാൽ ഈ രാജ്യത്തിന്റെ വടക്കേ അതിർത്തിയെപ്പറ്റി മേലിൽ തർക്കിക്കാൻ കൊച്ചീരാജാവിനു നിവൃത്തിയില്ലാതെയായി. കരപ്പുറം ഇതിനുമുമ്പു തന്നെ തിരുവിതാംകോട്ടേക്ക് അടങ്ങിയെങ്കിലും, ഭാവിയിൽ ഒരു തർക്കവും ഉണ്ടാവരുതെന്നു വിചാരിച്ചാണ് അതിനെക്കുറിച്ച് ഒരു വകുപ്പു കൂടി ഇതിൽ ഉൾപ്പെടുത്തിയതു്.

ഉടമ്പടിക്കുശേഷം നമ്മുടെ തമ്പുരാൻ അടങ്ങിയിരുന്നില്ല. കൊച്ചീരാജാവിന്റെ രക്ഷയ്ക്കായി ഒരു സൈന്യത്തെ ഉടനെതന്നെ അപ്പിടിനു് വടക്കോട്ടയ്ക്കു് അയച്ചുകൊടുത്തു. വലിയകപ്പിത്താനേറയും അയ്യപ്പൻമാത്താണ്ഡപ്പിള്ളയുടേയും നേതൃത്വത്തിൽ അയയ്ക്കപ്പെട്ടിരുന്ന സുശിക്ഷിതവും സുസംഘടിതവുമായ വഞ്ചി സൈന്യത്തിനു സാമൂതിരിയെ തോല്പിക്കാൻ നിഷ്പ്രയാസം സാധിച്ചു. നെടുവിരിപ്പുസൈന്യം പറവൂർ, കൊടുങ്ങല്ലൂർ, വരാപ്പുഴ എന്നു മൂന്നു ദിക്കുകളിയായി പാളയം അടിച്ചു കിടക്കയായിരുന്നു. അതുകൊണ്ടു് ഡിലനായി തന്റെ സൈന്യത്തെ മൂന്നായി വിഭജിച്ചിട്ട് 'സാമൂതിരിയെ' എതിർത്തു വടക്കോട്ടോടിച്ചു. അനന്തരം സൈന്യം രണ്ടായി പിരിഞ്ഞു് ഒരുഭാഗം കളവയുടെ കീഴിൽ കരുപ്പടന്നവഴിക്കു തൃശ്ശിവപേരൂരേക്കും മറ്റേഭാഗം ഡിലനായിയുടെ നേതൃത്വത്തിൽ പടിഞ്ഞാറൻവഴി ചാവക്കാട്ടേയ്ക്കും തിരിച്ചു. അയ്യപ്പൻമാത്താണ്ഡപ്പിള്ള മാപ്രാണത്തു എത്തുന്നതിനു മുമ്പുതന്നെ സാമൂതിരി കൊച്ചി വിട്ടുപോവാൻ ഒരുങ്ങിക്കഴിഞ്ഞു. ഈ യുദ്ധത്തെപ്പറ്റി കൊച്ചീഗ്രന്ഥവരിയിൽ ഇപ്രകാരം കാണുന്നു:—

"ഇപ്രകാരം ഉടമ്പടിയും എഴുതി പകർന്നു. അയ്യപ്പൻമാത്താണ്ഡപ്പിള്ള കളവയേയും പുങ്ങപ്പാരത്തേയും കല്പിച്ചു മകരമാസം ഒന്നു-ാംനു- വരാപ്പുഴയും മഞ്ഞുമ്മലും ചാത്തനാട്ടും കോതാട്ടും വെടിതുടങ്ങി കഴിക്കയും ചെയ്തു. തുപ്പാപ്പിസപതുപത്തിങ്കലെ പാളയം മാപ്രാണത്തു് എത്തിയപ്പോൾ എല്ലാവടത്തുനും കഴികയും ചെയ്തു. പുതൈതെക്കാലോളം എത്തിയതുമില്ല."

സാമൂതിരി തൃശ്ശിവപേരൂർ വിടുന്നതിനു മുമ്പു പല അക്രമങ്ങൾ അവിടെ നടത്തിയിരുന്നതായി വടക്കുനാഥക്ഷേത്രത്തിലെ ഗ്രന്ഥവരിയിൽനിന്നു തെളിയുന്നു.

"൯൪൦-ാമതിൽ തുലാമ്പുതിൽ സപ്തപത്തിങ്കേനും പെരിമ്പടപ്പിൽ സപ്തപത്തിങ്കേനും തമ്മിൽ അന്യോന്യം പറഞ്ഞു ചേന്ന പുരുഷാരത്തെയും ശേഖരിച്ചും കൊണ്ടു നെടുവിരിപ്പിൽ സപ്തപത്തിലെ ആളുകളെ ഒഴിപ്പാനായിട്ടു വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു മുകുന്ദപുരത്തു എഴുന്നെള്ളി. ഇരുനൂറുകൊണ്ടു പേരാറു വീതി, മുള്ളുക്കര, കവളപ്പാറ ഈ പ്രദേശത്തുള്ള നായന്മാരെ ശേഖരിച്ചുംകൊണ്ടു കാര്യക്കാരന്മാർ തൃശ്ശിവപേരൂക്കു വന്നു. നെടുവിരിപ്പിൽ സപ്തപത്തോടു പടതുടങ്ങിയതിന്റെ ശേഷം ഗ്രാമത്തിലുള്ള നമ്പൂരിമാരു് ഏല്ലാവരുംകൂടി, നെടുവിരിപ്പിൽ സപ്തപത്തിലെ ആളുകളെക്കൊണ്ടു തൃശ്ശിവപേരൂർ നാലുപാലത്തിന്നകത്തു സങ്കേതത്തിൽ ഉള്ള ഭവനങ്ങളും കക്കയും ചുട്ടനശിപ്പിച്ചതിന്റെ ശേഷം ദേവസ്വം അടിയാന്മാരായിട്ടുള്ളവരെ കക്കെയും മതിലകത്താണ്ടും പുറനിനകത്തായിട്ടും മൂന്നു മാസ്സും" പാർപ്പിച്ചു. പലവിധം അശുദ്ധികളും വരുത്തിയതുകൂടാതെ നാലമ്പലം ഗോപുരങ്ങൾ ചുട്ടപൊളിച്ചു കളഞ്ഞതായിരേഖയുണ്ടു്. ഏകദേശം 1,81,720 പണത്തിന്റെ നഷ്ടം വന്നതായിട്ടാണു് കണക്കു്.

ഈ യുദ്ധത്തിൽ കണ്ണാട്ടിക്കൈമാബു് സാമൂതിരിയെ രഹസ്യമായി പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നുവെന്നു മാത്രമല്ല, തിരുവിതാംകൂറിന്റെ തെക്കുകിഴക്കേപ്രാന്തങ്ങളിൽ ചില അക്രമങ്ങൾ നടത്തുകയുംചെയ്തു. കണ്ണൂരിലെ അലിരാജാവും സാമൂതിരിക്കു പിന്തുണയായി നിന്നു. സാമൂതിരിക്കു വല്ല വിധത്തിലും യുദ്ധം അവസാനിപ്പിച്ചാൽ കൊള്ളാമെന്നുതന്നിരുന്നുങ്കിലും അലിരാജാവു് സമ്മതിച്ചില്ല. അയാൾ കടൽവഴിക്കു തിരുവിതാംകൂറിനെ ആക്രമിക്കാൻ ഒരുക്കങ്ങൾചെയ്തു. എന്നാൽ മഹാരാജാവു് ചെയ്തിരുന്ന മുൻകരുതലുകൾ കൊണ്ടു് ആ ശ്രമം ഫലിച്ചില്ലെന്നു മാത്രമല്ല, ആറായിരത്തോളം പടയാളികളോടുകൂടി പൊന്നാനിയിൽവന്ന പാളയം അടിച്ചുചാത്തിരുന്ന സാമൂതിരിയേയും കൂട്ട

രേയും ജനറാൽ ഡിലനായി അവിടെനിന്നും ഓടിച്ചു കളകയും ചെയ്തു. അനന്തരം ഡിലനായിയും ദളവയും തുശ്ശിവപേരൂർവന്നു അല്പം താമസിച്ചു. സാമൂതിരിയാകട്ടെ ചേലക്കരയ്ക്കു മാറി, ആ സ്ഥലത്തെ ബലപ്പെടുത്തി. എന്നാൽ ദളവയും ഡിലനായും അങ്ങോട്ടു പുറപ്പെട്ട നെടുവിരിപ്പു സൈന്യത്തെ അവിടെനിന്നും ഓടിച്ചുകളഞ്ഞു. അതുകൊണ്ടുംതൃപ്തിപ്പെടാതെ,അവർ സാമൂതിരിയുടെ തലസ്ഥാനനഗരിയെആക്രമിക്കാൻ ഭാവിച്ചുതുകണ്ടപ്പോൾ അദ്ദേഹം സമാധാനത്തിനപേക്ഷിച്ചു. ഇങ്ങനെ 938-ൽ രണ്ടു സ്വരൂപങ്ങളും തമ്മിൽ സമാധാനഉടമ്പടി നടന്നു. ഈ ഉടമ്പടി പ്രകാരം ഒന്നരലക്ഷം ഉറുപ്പിക യുദ്ധച്ചെലവിലേക്കു മഹാരാജാവിനു കൊടുക്കാമെന്നും കൊച്ചിയോടും തിരുവിതാംകൂറിനോടും മിത്രഭാവത്തിൽ ഇരുന്നുകൊള്ളാമെന്നും സാമൂതിരി സമ്മതിച്ചു.

മാത്താണ്ഡപ്പിള്ളദളവയുടെ യുദ്ധസാമർത്ഥ്യം കണ്ടു സന്തോഷിച്ചു കൊച്ചീരാജാവു പുത്തൻചിറ എന്ന പ്രദേശത്തെ ദളവയ്ക്കു സമ്മാനിച്ചു. എന്നാൽ മഹാമനസ്കനായ ആ മന്ത്രിവര്യൻ അതിനെ സർക്കാരിൽച്ചേർത്തു രാജ്യവിസ്തൃതിയെ പ്പുവ്വാധികം വർദ്ധിപ്പിച്ചുതേയുള്ളു. ആലങ്ങാടും, പറവൂരും, ഇങ്ങനെ തിരുവിതാംകൂറിനോടു ചേർന്നു. തദ്ദേശീയരാജാക്കന്മാർക്കു തിരുവിതാംകൂറിൽനിന്നു് അന്നുമുതൽക്കു് ആട്ടുത്സവം അനുവദിച്ചു. കുരുനാട്ടിലെ രാജ്ഞിയും തന്റെ ദേശത്തെ തിരുവിതാംകോട്ടേക്കു വിട്ടുകൊടുത്തു. ആ രാജ്ഞി കൊച്ചീരാജാവിനു കൊടുപ്പാനുണ്ടായിരുന്ന 6,000 പണവും മഹാരാജാവു കൊടുത്തുതീർത്തു.

കോഴിക്കോട്ടസാമൂതിരിയുമായി നടന്ന ഈ ഉടമ്പടിക്കു ശേഷം, നെടുവിരിപ്പും, പെരിമ്പടപ്പും, തമ്മിലുള്ള വൈരനിശ്ശേഷം നശിച്ചുവെന്നു പറയാം. ഏതാനും വർഷങ്ങളായി നിരന്തരം പോരാടിക്കൊണ്ടിരുന്ന ഈ രണ്ടു സ്വരൂപങ്ങളും അന്നുമുതല്ക്കു സൌഹൃദമായി കഴിഞ്ഞുകൂടി. ധർമ്മരാജാവു് കൊച്ചിക്കു ചെയ്തുകൊടുത്ത സഹായത്തിന്റെ മാഹാത്മ്യം അറിയണമെങ്കിൽ കൊച്ചീരാജ്യചരിത്രം വായിച്ചു നോക്കണം. അതുവരെ കൊച്ചീരാജ്യകുടുംബത്തിനു് ഒരു ദിവസത്തേക്കെങ്കിലും സ്വസ്ഥമായിരിക്കാൻ സാധിച്ചിട്ടില്ല. ആഭ്യന്തരമായ ഛിദ്രങ്ങൾ ഒരു

വഴിക്കും സാമൂതിരിയുടെ ആക്രമണങ്ങൾക്കും മറൊരു വഴിക്കും അവരെ പീഡിപ്പിച്ചുകൊണ്ടിരുന്നു. സാമൂതിരിയെ നാട്ടിൽനിന്നും അകറിയ ശേഷം നമ്മുടെ മഹാരാജാവു് തിരുവഞ്ചിക്കുളത്തു ക്ഷേത്രസന്നിധിയിൽ കൊച്ചിയിലെ ഇടപ്രഭുക്കന്മാരേയും നാടുവാഴികളേയും വിളിച്ചുവരുത്തി, മേലാൽ രാജകുടുംബത്തോടു വിശ്വാസപൂർവ്വം പെരുമാറിക്കൊള്ളാമെന്നു സത്യം ചെയ്യിച്ചു. ഇങ്ങനെ ആ മഹാനുഭാവൻ കൊച്ചിയിൽനിന്നു് ആഭ്യന്തരകലഹങ്ങളേയും നിഷ്കാസനം ചെയ്തു.

"കൊല്ലം ൽനൂറാമാണ്ടു് മിഥുനമാസം ൪-ാംന്നു തിരുവഞ്ചിക്കുളത്തു ഭഗവാന്റെ നടയിൽവെച്ചു് എഴുതിയ സത്യക്കുറിയാവിതു്:--തുപ്പാപ്പിസപ്തതിങ്കൽ കാത്തികതിരുനാൾപുറന്നകുലശേഖരപ്പെരുമാൾ തമ്പുരാന്റേയും പെരുമ്പടപ്പുസപ്തതിങ്കൽ രോഹിണിതിരുനാൾപുറന്ന വലിയ തമ്പുരാന്റേയും കല്പനകേട്ടു നടക്കുന്നതല്ലാതെ രണ്ടുസപ്തതിങ്കലേക്കും ശത്രുക്കളായിട്ടുള്ളവരോടു ഉള്ളും ചൊല്ലും ഓല ഉത്തരവും ഉണ്ടാകയില്ല. ഇങ്ങേസപ്തതിങ്കൽ രാജാക്കന്മാരോടും, അനന്തിരവന്മാ രാജാക്കന്മാരോടും കല്പന കേട്ടു നടന്നുകൊള്ളുന്നതല്ലാതെ വിപരീതമായിട്ടു് ഒന്നും ചെയ്കയുമില്ല. തിരുവഞ്ചിക്കുളത്തു ഭഗവാന്റെ ശ്രീപാദത്താണു് ഈ സത്യക്കുറി എഴുതിയ വള്ളുനാട്ടുകരമങ്കടത്തിന്നും കടുത്തമണ്ണിന്നും അരിപ്പുറയിന്നുംകൂടി എഴുതി വക്കയും ചെയ്തു."

ഇതുപോലെ മറ്റെല്ലാ ഇടപ്രഭുക്കന്മാരെക്കൊണ്ടും സത്യപ്രതിജ്ഞചെയ്യിക്കയാൽ രാജ്യത്തിൽനിന്നു് അനന്തശ്ചരിത്രം തല്ക്കാലം വിട്ടുമാറി. പാലിയത്തെ രണ്ടാമനും, ചെങ്ങഴി നമ്പ്യാരും അക്കാലത്തു കൊച്ചീരാജാവിനു വിപരീതമായി പ്രവർത്തിച്ചുകൊണ്ടിരുന്നവരാണു്. അവരിൽ പാലിയത്തു രണ്ടാമനെക്കൊണ്ടു അവിടുന്നു സത്യപ്രതിജ്ഞ ഒപ്പിടുവിക്കയും, നമ്പ്യാരെ സ്ഥാനഭ്രഷ്ടനാക്കിയിട്ടു ലോകരെക്കൊണ്ടു് എഴുതിവയ്പിക്കയും ചെയ്തു. മറുചില പ്രഭുക്കന്മാരുടെ വസ്തുവകകൾ കണ്ടുകെട്ടിയിട്ടു് അവരെ സാധാരണ പ്രജകളുടെ നിലയിലും ആക്കി.

937-ാമാണ്ടു് കർക്കടകത്തിൽ കൊച്ചീത്തമ്പുരാൻ വീണ്ടും തിരുവനന്തപുരത്തു് എഴുന്നള്ളി. അവിടെനിന്നു മഹാരാജാവി

നോടുകൂടി ശ്രീചീന്ദ്രത്തുചെന്നു താനും അനന്തിരവരും തുപ്പാപ്പി സപ്തസ്ഥാനത്തിങ്കലേക്കു വിപരീതമായി ഒരിക്കലും ഒന്നും പ്രവർത്തിക്കുന്നതല്ലെന്നും സ്ഥാണുമൂർത്തിപ്പെരുമാളുടെ സന്നിധിയിൽ സത്യം ചെയ്തു. ആ സംഭവം ഇപ്പോഴും ശ്രീചീന്ദ്രം ദേവസ്വം നാഴ്വഴിക്കണക്കിൽ ഇങ്ങനെ രേഖപ്പെടുത്തിക്കാണുന്നുണ്ട്.

"പെരുമാൾ സ്ഥാണുമാലയപ്പെരുമാൾ സ്വാമികോവിലിൽ പെരുമ്പടപ്പിൽ വലിയ തമ്പുരാൻ ശ്രീചീന്ദ്രത്തു തെക്കൻപെരുമാൾ നടയിൽ മൊഴിയോല എഴുതിവച്ചു സത്യംചെയ്തതിനാൽ നടന്നപ്രകാരത്തിനു് എഴുതിയ വയ്യോല:—ൽനടമാണ്ടു് ആടി മാസം ചതി-ാംനു വെള്ളിയാഴ്ചയും അപരപക്ഷത്തു ദ്വിതീയയും ചതയവും ശോഭനനിത്യയോഗവും ഇന്നാൾ ഉദിച്ചു് 11 നാഴികയ്ക്കുമേൽ ത്രിലാംമാശിനേരത്തു ചെമ്പയിൽ കൊട്ടാരത്തിൽ പെരുമ്പടപ്പിൽ വലിയതമ്പുരാൻ പടിഞ്ഞാറെ തെരുവീഥിക്കു് എഴുന്നരുളി ദർക്കളത്തിൽ ഇന്ദ്രവനത്തറയിൽ തിരുമജ്ജനം പൊലിഞ്ഞു. കിഴക്കേഗോപുരത്തിങ്കൽക്കൂടെ മതിലകത്തു് എഴുന്നരുളി തെക്കേടത്തു കൊടിമരം വലംവച്ചു ചെമ്പകരാമൻ മണ്ഡപത്തിൽക്കൂടെ അകത്തു തെക്കേടത്തു നമസ്കാരമണ്ഡപത്തിൽ എഴുന്നരുളി തെക്കൻപെരുമാളെത്തൊഴുതു എന്നും,.....തുശ്ശിവപേരൂർ രണ്ടാം വാഴ്ച്ചാനും വലിയസർവ്വാധികാര്യം മാതേവൻ സുബ്ബയ്യനും ശ്രീചീന്ദ്രത്തു കോവിലിൽ ഉൾച്ചിക്കാര്യം തമ്പി ഗാണവനും കൂടി നിന്നും ടി മണ്ഡപത്തിൽ പാലിയത്തുമേനവനും ഭട്ടവാ അയ്യപ്പൻ മാത്താണ്ഡനുംകൂടി.....നിറുത്തി തുപ്പടിയിൽ മൊഴിയോല എഴുതിവച്ചു വക."

"തൊള്ളായിരത്തി മുപ്പത്തേഴാമാണ്ടു കർക്കടകമാസം ചതി-ാംനു പെരുമ്പടപ്പു സപ്തസ്ഥാനത്തിൽ രോഹിണിനക്ഷത്രം പുറന്ന വീരകേളവമ്മ തിരുകോവിൽ അധികാരികൾ ശ്രീചീന്ദ്രത്തു സ്ഥാണുമൂർത്തിയുടെ സന്നിധിയിൽ എഴുതിപ്പിടിച്ച മോഴിയോലയാവിതു:— നാമും നമ്മുടെ അനന്തിരവരും തുപ്പാപ്പു സപ്തസ്ഥാനത്തിങ്കൽ കാർത്തികനക്ഷത്രംപുറന്ന ശ്രീപദ്മനാഭദാസ ബാലരാമവമ്മ കുലശേഖരപ്പെരുമാൾക്കും അങ്ങേ അനന്തിരവക്കും വിപരീതമായിട്ടുള്ള കാര്യങ്ങൾ ഒന്നും ചെയ്കയും ഇല്ല; ചെയ്യിപ്പിക്കയും ഇല്ല.

കൊച്ചീരാജാവു്

അങ്ങേ ശത്രുക്കളായിട്ടുള്ള ജനങ്ങൾക്കു ഉള്ളും ചൊല്ലും കൊടുക്കയും മാലഉത്തരം എഴുതുകയും ചെയ്കയും ചെയ്യിപ്പിക്കുന്നും ഇല്ല എന്നു നിശ്ചയം. സ്ഥാണുമൂത്തി പാടത്താണു്, ഇമ്മൊഴിക്കു് മൊഴിയോല എഴുതിയ പച്ചത്തിൽ അമ്പാടി കൈ എഴുത്തു്."

937-ൽ ചേത്തലവെച്ചു നടന്ന ഉടമ്പടിയിൽ കൊച്ചിയിൽനിന്നു തിരുവിതാംകൂറിലേക്കു വിട്ടുകൊടുത്ത ദേശങ്ങൾ ഇന്നതെല്ലാമെന്നു വ്യക്തമായി പറഞ്ഞിരുന്നുവെങ്കിലും, ചില തർക്കങ്ങൾക്കു പിന്നെയും വകയുണ്ടായിരുന്നു. ചില ക്ഷേത്രസംബന്ധങ്ങളും മേൽക്കോയ്മസ്ഥാനങ്ങളും. അവയോടുകൂടി വിട്ടുകൊടുത്തിരുന്നില്ല. അതുകൊണ്ടു് അവയെ സംബന്ധിച്ചു വ്യവസ്ഥ ചെയ്യാനായി 941 കന്നി 24-ാംനു വേറൊരു ഉടമ്പടിയുണ്ടായി. ഈ ഉടമ്പടിപ്രകാരം കൊച്ചീരാജ്യത്തിനു തിരുവിതാംകൂറിലേക്കു് അടങ്ങിയ ആലങ്ങാടു്, പറവൂർ, എന്നീ ദേശങ്ങളിൽ ഉള്ള സകല ക്ഷേത്രസംബന്ധങ്ങളും കോയ്മസ്ഥാനങ്ങളും തിരുവിതാംകൂറിനു ലഭിച്ചു. അതുപോലെതന്നെ കൊച്ചീരാജ്യത്തിൽപെട്ട പെരുമനത്തു് ഉച്ചപൂജയ്ക്കില്ലായ്മ പള്ളിപ്പുറം, പെരിഞ്ഞേരി, പുറത്തൂർ ഉൾപ്പെട്ട സ്ഥാനവും, എളങ്ങുന്നപ്പുഴ ശ്രീകോയ്മയും, നെടുങ്ങാടുദേശത്തെയും അടുർ ഗ്രാമത്തിലേയും കോയ്മസ്ഥാനവും, അന്നമനട സമുദായസ്ഥാനവും തിരുവിതാംകൂറിൽനിന്നു നടത്തിക്കൊള്ളുവാൻ കൊച്ചീരാജാവു സമ്മതിച്ചു.

ഇതിനിടയ്ക്കു ഒളവയും ഡിലനായിയുംകൂടി വടക്കൻപ്രദേശങ്ങളെ പ്രബലപ്പെടുത്തുന്നതിനു വേണ്ടതെല്ലാം ചെയ്തു. ഒന്നാമതായി പെരിയാറിന്റെ മുഖത്തു സ്ഥിതിചെയ്തിരുന്ന അയിക്കോട്ട, കൊടുങ്ങല്ലൂർകോട്ട, ഇവതുടങ്ങി സഹ്യാദ്രിവരെ ഒരു വലിയ പ്രാകാരം നിർമ്മിച്ചു. ഏകദേശം ഇരുപതടി വണ്ണത്തിലും പന്ത്രണ്ടടി ഉയരത്തിലും മുപ്പതിൽപ്പരം നാഴിക നീളത്തിലും അവിടവിടെ കൊത്തളങ്ങളോടും, വട്ടക്കോട്ടകളോടും കൂടി നിർമ്മിക്കപ്പെട്ട ഈ പ്രാകാരമാണു് ചരിത്രപ്രസിദ്ധമായ നെടുങ്കോട്ട. ഡിലനായിയുടെ കീഴിലുള്ള സൈന്യത്തിന്റെ ആങ്ങോട്ടും ഇങ്ങോട്ടുമുള്ള സഞ്ചാരം വടക്കൻപ്രദേശങ്ങളിലുള്ള ജനപ്രമാണികളെ പൂർണ്ണമായി ഒതുക്കുന്നതിനു വളരെ സഹായിച്ചു. ഒള

ഭയാകട്ടെ ഇതിനിടയ്ക്കു വഞ്ചിരാജ്യത്തിലെ നിയമസംരണിയെ ആലങ്ങാട്ടും പറവൂരും നടപ്പാക്കിക്കഴിയുകയാൽ അവിടെനിന്നു തിരുവനന്തപുരത്തേക്കു തിരിച്ചു കുണ്ടപുരം എന്ന ടിക്കിൽ പാളയം അടിച്ചു കുറച്ചുകാലം താമസിച്ചു. അവിടത്തെ താമസത്തിനിയിൽ അദ്ദേഹം കൊട്ടാരത്തെ ഒന്നുകൂടി പുതുക്കി പണികഴിപ്പിച്ചതുകൂടാതെ, തത്സമീപം ഒരുബലമുള്ള കോട്ടയും കൊത്തളങ്ങളും നിർമ്മിച്ചു. കൊല്ലത്തുനിന്നു കുണ്ടപുരം വഴിക്കു, പുറയ്ക്കാട്ടേക്കു ഒരു രാജപാത വെട്ടുന്നതിനും അദ്ദേഹം ഈ അവസരത്തിൽ ഏർപ്പാടുചെയ്തു. നീണ്ടകരയ്ക്കു കിഴക്കുവശമുള്ള തരിശുഭൂമിയെ വെട്ടിത്തെളിച്ചു ഒരു ഒന്നാംതരം തെങ്ങുംതോട്ടമാക്കിത്തീർത്തതും അദ്ദേഹമായിരുന്നു. അതുകൊണ്ടത്രേ ആ സ്ഥലത്തിനു ഭട്ടവാപുരം എന്നു പേർ സിദ്ധിച്ചതു്. ഭട്ടവ അവിടെനിന്നു് സപരിവാരം വക്കലവന്നു കുറേക്കാലം പാർത്തു. അക്കാലത്തിനുള്ളിൽ അദ്ദേഹം ആ സ്ഥലത്തെ ഒരു ചെറിയ നഗരമാക്കിത്തീർത്തു. 240 ഗൃഹങ്ങൾ പണിയിച്ചു് അദ്ദേഹം ബ്രാഹ്മണക്കു ദാനംചെയ്തുവത്രേ.

ഇങ്ങനെ നമ്മുടെ കാർത്തികതിരുനാൾ തമ്പുരാൻ കഷ്ടിച്ചു മൂന്നുനാലുകൊല്ലംകൊണ്ടു് അതിധർമ്മിഷ്ഠനായ ഒരു കേരളക്ഷത്രിയന്റെ നിലയെ പ്രാപിച്ചു. കന്യാകുമാരിമുതലുള്ള ശ്രോകണ്ണംവരെ എല്ലാവരും അദ്ദേഹത്തിന്റെ നിർമ്മല യശസ്സിനെ ഗാനംചെയ്തു. എന്നാൽ ആ തിരുമേനിയുടെ മഹിമാതിരേകത്തിന്റെ യഥാർത്ഥനികഷഗ്രാവമായി തീരാത്തുള്ള സംഭവം അസന്നമായിരുന്നതേയുള്ളു.

938-ൽ ഭട്ടവ മരിക്കയും വക്കല സുബ്ബയ്യൻ ഭട്ടവയായി നിയമിക്കപ്പെടുകയും ചെയ്തു. അദ്ദേഹവും സമർത്ഥനായ ഒരു മന്ത്രിവര്യനായിരുന്നു.

നവാബും ഇംഗ്ലീഷ്കമ്പനിയും

മധുരനായ്കന്മാരുടെ ശക്തി ക്ഷയിക്കയാൽ കർണ്ണാട്ടിക്കിലെ നവാബു് ഇംഗ്ലീഷുകാരുടെ സഹായത്തോടുകൂടി ആ സ്ഥലങ്ങളിൽ തന്റെ അധികാരശക്തി സുസ്ഥിരമായി സ്ഥാപിച്ചു.

എന്നാൽ നവാബിനാൽ തുച്ചിനാപ്പള്ളി ഗവണ്ണരായി നിയമിക്കപ്പെട്ട മുദാമിയ കാലക്രമേണ സ്വതന്ത്രനായിത്തീരുകയും അയാളുടെ പക്കൽനിന്നു മാത്താണ്ഡവർമ്മമഹാരാജാവു് കളക്കാട്ടുമുതൽ കന്യാകുമാരിവരെയുള്ള പ്രദേശം വിലയ്ക്കുവാങ്ങി കൈവശപ്പെടുത്തുകയും ചെയ്തു. നവാബാകട്ടെ മുദാമിയായെ സ്ഥാനഭ്രഷ്ടനാക്കി ഓടിച്ചിട്ടു്, മാഹ്മൂസ്ഖാൻ എന്നൊരാളെ ഗവണ്ണരായി നിയമിച്ചു. ഈ പുതിയ ഗവണ്ണർ താമസം വിനാ തിരുവിതാംകൂർ വിലയ്ക്കുവാങ്ങിയ പ്രദേശങ്ങളെ വീണ്ടെടുക്കയാൽ, മാത്താണ്ഡവർമ്മമഹാരാജാവു്, തനോടു സഹായത്തിനപേക്ഷിച്ച മുദാമിയായ്ക്കു് അത്ഥപുരുഷാരങ്ങൾ അയച്ചുകൊടുക്കുകയും നഷ്ടപ്പെട്ട ദേശങ്ങളെ വീണ്ടും പിടിച്ചെടുക്കയും ചെയ്തിരുന്നു. ഈ സംഭവങ്ങളെല്ലാം അറിഞ്ഞു കോപാന്ധനായ നവാബാകട്ടെ തിരുവിതാംകൂറിനോടു പകവീട്ടുവാനായി ഇംഗ്ലീഷുകാരോടു സഹായത്തിനപേക്ഷിച്ചു. മദ്രാസ് ഗവണ്ണർ ആ അപേക്ഷയെ സ്വീകരിച്ചിട്ടു മഹാരാജാവിനോടു നവാബിന്റെ സ്ഥലങ്ങൾ വിട്ടുകൊടുക്കണമെന്നു് അത്യാശ്യപ്പെട്ടുവെങ്കിലും അദ്ദേഹം അതിനു വഴിപ്പെട്ടില്ല. എന്നാൽ പിന്നീടുണ്ടായ എഴുത്തുകുത്തുകളുടെ ഫലമായി തിരുവിതാംകൂർ നവാബുമായി സഖ്യംചെയ്യേണ്ടതായിവന്നു. ഇങ്ങനെ കാത്തിക തിരുനാൾതമ്പുരാൻ രാജ്യഭാരമേറ്റകാലത്തു നവാബും ഇംഗ്ലീഷുകമ്പനിയും തിരുവിതാംകൂറിനോടു മിത്രഭാവത്തിൽ കഴിഞ്ഞുവരികയായിരുന്നു. എന്നാൽ മാഹ്മൂസ്ഖാനും നവാബിന്റെ മേലധികാരത്തെ വകവയ്ക്കാതെ തിരുവിതാംകൂറിന്റെ തെക്കുകിഴക്കൻ പ്രദേശങ്ങളിൽ അക്രമങ്ങൾ ചെയ്തുതുടങ്ങി. അതുവാമൊഴിക്കോട്ടയിൽ പാർത്തിരുന്ന വഞ്ചി സൈന്യത്തെ അയാൾ തോല്പിച്ചു. ഈ വിവരം അറിഞ്ഞ മഹാരാജാവു് തമ്പി കുമാരൻ ചെമ്പകരാമൻപിള്ളയുടെ കീഴിൽ ഒരു സൈന്യത്തെ അങ്ങോട്ടയയ്ക്കുകയും, ആ പരാക്രമശാലിയായ സേനാപതി മാഹ്മൂസ്ഖാനെ തോല്പിച്ചു് ഓടിക്കയുംചെയ്തു. എന്നാൽ കളക്കാടു മുതലായ ദിക്കുകൾ വീണ്ടെടുക്കുന്നതിനു് അദ്ദേഹത്തിനു സാധിച്ചില്ല.

മഹാരാജാവു് വിവരങ്ങൾ എല്ലാം കാണിച്ചു നവാബിനു എഴുതിഅയയ്ക്കയാൽ, മാഹ്മൂസ്ഖാനും സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു.

തൽസ്ഥാനത്തു നിയമിക്കപ്പെട്ട യൂസഫ്ഖാൻ തിരുവിതാംകൂറിന്റെ സഹായം അഭ്യർത്ഥിക്കയാൽ മഹാരാജാവു് പതിനായിരം പടയാളികളോടുകൂടി തമ്പി കുമാരൻ ചെമ്പകരാമനെ ആയ്ക്കാവുപാതവഴി ചെങ്കോട്ടയ്ക്കയച്ചു. യൂസഫിന്റെ കൂടെയും ഇരുപതിനായിരം ഭടന്മാരുണ്ടായിരുന്നു. ഈ രണ്ടു സൈന്യങ്ങളും യോജിച്ചു് മാഫൂസ്ഖാനെ നിഷ്പ്രയാസം തോല്പിച്ചു് ഓടിച്ചു. ഇങ്ങനെ കളക്കാടു മുതലായ ദിക്കുകൾ വീണ്ടും തിരുവിതാംകോട്ടേക്കു സ്വാധീനമായി. എന്നാൽ കാലക്രമേണ യൂസുഫ് നവാബിന്റെ അധികാരത്തെ വകവയ്ക്കാതായി. അയാൾ നവാബിനെതിരായി തിരുവിതാംകൂറിന്റെ സഹായം അപേക്ഷിച്ചു. പക്ഷേ ധർമ്മിഷ്ഠനായ മഹാരാജാവു് തന്റെ പൂർവ്വമിത്രത്തെ ഉപേക്ഷിക്കയില്ലെന്നു നിർബന്ധപൂർവ്വം അരുളിച്ചെയ്തതിൽ, യൂസഫ് ഫ്രഞ്ചുകാരുടെ സഹായത്തോടുകൂടി കളക്കാടു മുതലായ ദിക്കുകളെ വീണ്ടും പിടിച്ചടക്കി. തദനന്തരം മഹാരാജാവു യൂസഫ്ഖാന്റെ അക്രമങ്ങളെ വിശദീകരിച്ചു മദ്രാസ് ഗവർണ്ണർക്കു് അയച്ച ഒരു കത്തിൽനിന്നും അതിരുമേനിയുടെ മഹാമനസ്കതയും ഈസ്റ്റിൻഡ്യാകമ്പനിയോടുള്ള സ്നേഹബന്ധത്തിന്റെ ദാർഢ്യവും വ്യക്തമാക്കുന്നുണ്ടു്.

"..... യൂസഫ്ഖാൻ നവാബിന്റേയോ കമ്പനിയുടേയോ അനുമതിക്കുടാതെ പല അക്രമങ്ങൾ ചെയ്തതും നമ്മുടെ പ്രജകളോടു യുദ്ധംചെയ്തിട്ടു പിന്നീടു സഖ്യത്തിനപേക്ഷിച്ചതും, കമ്പനിയുടെ ഒരു ഭൃത്യനായിരുന്നകൊണ്ടു് അവരുടെ മിത്രമായ നമ്മുടെ നാട്ടിൽ കടന്നു് തീരെ ബഹുമാനമില്ലാതെ വീടുകൾ അടിച്ചുനിരത്തുക, കൊള്ളചെയ്ക, ക്ഷേത്രങ്ങളെ കൊള്ളിവയ്ക്കുക മുതലായി നിരവധി അഴിമതികൾ ചെയ്കയും അനേകലക്ഷം രൂപായുടെ നഷ്ടം സർക്കാരിലേക്കും അവഴി കമ്പനിക്കും വരുത്തിയതും മറ്റും വിവരിച്ചു് നാം അയച്ചുതന്നതിലെ പ്രമാണിവഴിക്കു് ഇടയിടെ ഒരു കത്തു് അയച്ചിരുന്നല്ലോ. നമ്മോടു ശണ്ഠയുടങ്ങേണ്ട കാര്യമൊന്നും ഇല്ലാതിരുന്നിട്ടും അയാൾ ബുദ്ധിഹീനമായി ഇങ്ങനെ ഒക്കെ പ്രവർത്തിച്ചു. അയാളുടെ അരുളുകളിൽ ചിലരെ നാം പിടിച്ചെങ്കിലും അവരോടു മര്യാദ

യായി പെരുമാറിയെന്നു മാത്രമല്ല, സമ്മാനങ്ങളും വഴിച്ചെലവും കൊടുത്തു് അയാളുടെ പാളയത്തിലേക്കു് അയച്ചുകൊടുക്കയും ചെയ്തു. എന്നാൽ അയാൾ അകട്ടെ നമ്മുടെ ആളുകളെ മൂക്കും ചെവിയും അറുത്തു് അവമാനിച്ചയയ്ക്കയാണു് ചെയ്തതു്. അത്ര നീചമായ മനോഭാവമാണു് അയാൾ പ്രകാശിപ്പിച്ചതു്. നിങ്ങളുടെ കത്തുകിട്ടുന്നതിനു മുമ്പു് യൂസഫ്ഖാൻ ചിലരെ ഇങ്ങോട്ടയച്ചു താൻ ശണ്ഠയ്ക്കു പുറപ്പെട്ടതു ബുദ്ധിമോശംകൊണ്ടായിരുന്നുവെന്നും നമ്മോടു സഖ്യംചെയ്യാൻ തയ്യാറാണെന്നും നമ്മെ അറിവിച്ചു. അയാൾ കമ്പനിയുടെ മിത്രമാണല്ലോ എന്നു വിചാരിച്ചും നവാബിന്റെ സൽക്കാരിനെ ഓർത്തും നാം അന്നു സന്ധിയിൽ ഏർപ്പെട്ടു. അയാൾക്കു സദുപദേശം നല്കാൻ അടുത്തു ആരും ഇല്ലായ്കകൊണ്ടാണു് ഇങ്ങനെ ഒക്കെ മണ്ടാടവിട്ടു പ്രവർത്തിക്കുന്നതു്. അയാൾക്കു് ആപത്തുകാലം അടുത്തുപോയി. ആ സ്ഥിതിക്കു് അയാൾ എന്തുചെയ്യും? ഉശുപാർശഗ്രഥത്താൽ അയാൾക്കു് ഉചിതമായ അനുഭവം ഉണ്ടാവാതിരിക്കയില്ല; അയാളുടെ യജമാനന്മാർ തന്നെ അയാളെ ശിക്ഷിച്ചുകൊള്ളുട്ടേ. കഴിഞ്ഞ ഫെബ്രുവരി 21-ാംതീയതി സഖ്യംചെയ്തിട്ടു് അയാൾ തിരുനെൽവേലി തുടങ്ങിയ ദിക്കുകളിലേക്കു പുറപ്പെട്ടു. നവാബിന്റെ സൽക്കാരും കമ്പനിയും യൂസഫ്ഖാനെപ്പോലുള്ള ആളുകൾക്കു രാജ്യങ്ങൾ ദാനംചെയ്യുന്നു. എന്നാൽ നമ്മുടെ ദേശങ്ങളിൽ കടന്നു അഴിമതി കാട്ടാതിരിക്കാൻ നിങ്ങൾ നിഷ്കർഷിക്കേണ്ടതാണു്. നാം എല്ലായ്പ്പോഴും നവാബിന്റെയും കമ്പനിക്കാരുടെയും കാര്യങ്ങളിൽ ശ്രദ്ധാലുവാണു്. നാമും നവാബും കമ്പനിയും തമ്മിൽ ചരിത്രിക്കുവാൻ യൂസഫ്ഖാൻ ചീഴിനോക്കി; നിങ്ങൾ അയാളെ വിശ്വസിക്കാതിരുന്നതു നന്നായി. അതു നമുക്കു വളരെ ആശ്വാസപ്രദമായെന്നു മാത്രമല്ല, നാം തമ്മിലുള്ള മൈത്രീബന്ധത്തെ ദൃഢീകരിക്കയുംചെയ്തു. യൂസഫ് നിങ്ങളുടെ അടുക്കലേയ്ക്കു പുറപ്പെട്ടാൽ, നിങ്ങൾ നമ്മെ അറിവിച്ചതുപോലെ കമ്പനിപ്പട്ടാളത്തെ അയാളെ അയച്ചു ശിക്ഷിക്കുന്നതു നന്നായിരിക്കും; അപ്പോൾ നാമും നിങ്ങളോടു സഹകരിക്കാൻ സന്നദ്ധനായിരിക്കുന്നതാണു്."

അനന്തരം നവാബിന്റെയും ഇംഗ്ലീഷു കമ്പനിയുടെയും ഒരു സംയുക്തസൈന്യം തിരുനാപ്പള്ളിക്കു പുറപ്പെട്ടു; തിരുവിതാംകൂർ മഹാരാജാവും ഒരു വലിയ സൈന്യം അയച്ചുകൊടുത്തു. അചിരേണ യൂസഫ്ഖാൻ ബന്ധനസ്ഥനാവുകയും രാജ്യദ്രോഹിയെന്ന നിലയിൽ തൂക്കിലിടപ്പെടുകയും ചെയ്തു. മഹാരാജാവു് ചെയ്തുകൊടുത്ത ഉപകാരത്തെ സംസ്മരിച്ചു് മദ്രാസ് ഗവണ്മെന്റ് കളക്കാടു തുടങ്ങിയ പന്ത്രണ്ടു ദേശങ്ങളും തിരുവിതാംകോട്ടേയ്ക്കു വിട്ടുകൊടുത്തു. എന്നാൽ ഏറെത്താമസിയാതെ വിജയമദാന്ധനായ നവാബ് ഇംഗ്ലീഷുപട്ടാളത്തോടുകൂടി തിരുനെൽവേലിക്കു പുറപ്പെട്ടു്, അവിടെനിന്നു് ഉടൻ ഒഴിഞ്ഞുകൊള്ളണമെന്നു മഹാരാജാവിനെ അറിയിച്ചു. ധർമ്മരാജാവു് കമ്പനിയുടെ സ്നേഹത്തെ മാത്രം പുരസ്കരിച്ചു കോട്ടകൊത്തളങ്ങളെല്ലാം വിട്ടുകൊടുത്തതിനുശേഷം തോവാളയ്ക്കു തിരിച്ചുപോന്നു. എന്നാൽ അഞ്ചുതെങ്ങിലെ പ്രമാണിവഴിക്കു് തന്റെ അവകാശങ്ങളെ മദ്രാസ്സിലേയും ബോംബെയിലേയും ഗവണ്മെന്റന്മാരെ അറിവിച്ചു് തരിക്കുവേണ്ടി നവാബിനോടു ശുപാർശചെയ്യണമെന്നു അവിടുന്നു് അഭ്യർത്ഥിച്ചു. അഞ്ചുതെങ്ങിലെ പ്രമാണി ഈ അവസരത്തിൽ മദ്രാസ് ഗവണ്മെന്റിക്കു് ഇങ്ങനെ എഴുതി:—

"തിരുമനസ്സിലെ അപേക്ഷയനുസരിച്ചു് തിരുനെൽവേലി പ്രദേശം വിട്ടുകൊടുക്കാത്തപക്ഷം, അതു നമ്മുടെ കമ്പനിക്കു ദോഷകരമായി പര്യവസാനിക്കുന്നതാണു്. നേരേമറിച്ചു മഹാരാജാവു തിരുമനസ്സിലെ അപേക്ഷ അനുസരിച്ചു പ്രവർത്തിക്കുമെന്നു വിചാരിക്കുന്നുണ്ടെങ്കിൽ ഇതിനെ സെപ്റ്റംബർ പതിനാറാം തീയതി മിസ്റ്റർ സ്റ്റെൻസർ അവിടത്തെ സന്നിധിയിലേക്കു് അയച്ച കത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള അവകാശങ്ങളെ സമ്പാദിക്കാൻ ഇതു് ഒരു ഉചിതമായ സന്ദർഭമാണു്. ഇങ്ങനെ ഒരു അവസരം മേലിൽ ലഭിക്കാവുന്നതല്ലാത്തതുകൊണ്ടു് ഈ അവകാശങ്ങൾ കരസ്ഥമാവുംവരെക്കും ഒരു തീർച്ചയും ചെയ്യാതിരിക്കണമെന്നു സവിനയം അപേക്ഷിക്കുന്നു."

ഇപ്രകാരം ഇംഗ്ലീഷുകമ്പനി നവാബിന്റെ കരാറുലംഘനത്തെ തങ്ങളുടെ അവകാശലാഭത്തിനു് ഒരു ഉപായമായി

വിനിയോഗിച്ചു. മദ്രാസ്ഗവണ്മെൻറിൽനിന്നും ഉടൻതന്നെ "കാർ" എന്ന ഉദ്യോഗസ്ഥനെ തിരുവനന്തപുരത്തേക്ക് അയച്ചു. ദളവയും ഈ ഉദ്യോഗസ്ഥനും നവാബിൻെറ പ്രതിനിധിയും തമ്മിൽ നാഗർകോവിലിൽവച്ച് ഒരു കൂടിക്കാഴ്ച നടത്തി. സഹ്യാദ്രിക്കു കിഴക്കുള്ള ദിക്കുകളെല്ലാം തൻെറ സർക്കാരിനും, കോട്ടയ്ക്കും മലയ്ക്കു പടിഞ്ഞാറുമുള്ള ദേശങ്ങൾ തിരുവിതാംകൂറിനും, അടുത്തുള്ളതാണെന്നും, താൻ വിട്ടുകൊടുക്കുന്ന ദേശങ്ങൾക്കു പ്രതിഫലമായി പ്രതിവർഷം തിരുവിതാംകൂർനിന്നു് ഒരുലക്ഷം രൂപാ തനിക്കു നൽകേണ്ടതാണെന്നും, അതിനുംപുറമേ തിച്ചിനാപ്പള്ളി രാജാക്കന്മാർക്കു കപ്പമായി കൊടുത്തുവന്ന സംഖ്യയെ അമ്പതിനായിരം രൂപയായി കുറച്ചു തനിക്കു തരേണ്ടതാണെന്നും നവാബു വാദിച്ചു; ഇംഗ്ലീഷു കമ്പനിയുടെ പ്രതിപുരുഷൻ ആ വാദത്തെ സാധിക്കുകയാൽ കാര്യം വലിയ ഉൽപ്പാടത്തിലായി. എന്നാൽ മഹാരാജാവു് തിരുമനസ്സുകൊണ്ടു നവാബിൻെറ അവകാശവാദങ്ങളെ ഓരോന്നായി ഖണ്ഡിച്ചു. അനേക വർഷശതങ്ങളായി തിരുവിതാംകൂറിൽനിന്നു് അനുഭവിച്ചുവന്ന ദേശങ്ങളെ വിട്ടുകൊടുക്കണമെന്നു പറഞ്ഞാൽ അഭിമാനിയായ ഒരു മഹാരാജാവു് എങ്ങനെ സമ്മതിക്കും? പരമാർത്ഥത്തിൽ തീച്ചുചെയ്യാതെ അല്പകാലം നീട്ടണമെന്നു മാത്രമേ കമ്പനിക്കുണ്ടായിരുന്നുള്ളു.

രണ്ടുമാസം കഴിഞ്ഞു് അഞ്ചുതെങ്ങിൽവെച്ചു വേറൊരു കൂടിയാലോചന നടത്തി. തൻെറ പൂർവികന്മാർ ദീർഘകാലമായി അനുഭവിച്ചുവന്ന ആ ദിക്കുകളെ തിരിച്ചു കൊടുക്കുന്നപക്ഷം കമ്പനിക്കു പ്രതിവർഷം 2,000 കണ്ടി കുരുമുളകും വിഴിഞ്ഞത്തു് ഒരു പണ്ടകശാല പണിയിക്കാൻ അനുവാദവും നവാബിനു പ്രതിവർഷം ഒരുലക്ഷം പണവും കൊടുത്തുകൊള്ളാമെന്നു മഹാരാജാവു സമ്മതിച്ചു. എന്നാൽ നവാബു് ഒരുവിധത്തിലും വഴിപ്പെടായ്കയാൽ മദ്രാസു ഗവർണ്ണരും നവാബുമായി കുറേക്കാലം എഴുത്തുകുത്തുകൾ നടന്നുകൊണ്ടിരുന്നു. ഒടുവിൽ 941-മാണ്ടു് ഒരു് ഉടമ്പടി നടന്നുവെങ്കിലും തിരുവിതാംകൂറിലേക്കു ചെങ്കോട്ട ഒഴിച്ചുള്ള ദിക്കുകളെല്ലാം നഷ്ടമായി. കപ്പവും അല്പം

വഴിപ്പിച്ചു. കമ്പനിയുടെ വിരോധം സമ്പാദിക്കാനുള്ള മടി കൊണ്ടും ഹൈദരാലിഖാൻ കേരളത്തിലേക്കു കടക്കാൻ ശ്രമിക്കുന്ന ഈ ഘട്ടത്തിൽ എങ്ങനെയെങ്കിലും സമാധാനമായിത്തീരുന്നതാണു് രാജ്യരക്ഷയ്ക്കു് ഉചിതമെന്നു തോന്നിയതിനാലും ആണു് ക്ഷുരാഗ്രബുദ്ധിയായ മഹാരാജാവു് ആ ഉടമ്പടിക്കു് ഒപ്പു വച്ചതു്.

ഇംഗ്ലീഷുകാരുടെ ശക്തി ഇതിനിടയ്ക്കു് ഉത്തരോത്തരം വർദ്ധിച്ചുകൊണ്ടിരുന്നു. ഹൈദരാലിയുടെ വർദ്ധമാനമായ ശക്തിയും ഫ്രഞ്ചുകാരുടെ സാമീപ്യവും ആണു് കണ്ണാട്ടിക്കു നവാബിന്റെയും ഇംഗ്ലീഷുകമ്പനിയുടെയും മൈത്രീബന്ധത്തെ ബലപ്പെടുത്തിയതു്. തിരുവിതാംകൂറിൽ അഞ്ചുതെങ്ങായിരുന്നു അവരുടെ പ്രധാന വാണിജ്യകേന്ദ്രം. എന്നാൽ വിഴിഞ്ഞത്തും പരാപ്പുഴയും ഓരോ പണ്ടകശാലകൾ കൂടിയുണ്ടായിരുന്നു. ഡച്ചുകാരുടെ ശക്തി മലയാളക്കരയിൽ നിലനിന്നുപോന്നതിനാൽ ഇംഗ്ലീഷുകമ്പനി കേവലം കച്ചവടക്കാരുടെ നില വിട്ടില്ല. എന്നാൽ ഇതിനിടയ്ക്കു ഭാരതഖണ്ഡത്തിന്റെ മറ്റു ഭാഗങ്ങളിൽ കമ്പനി പല മഹാവിജയങ്ങൾ സമ്പാദിച്ചുകഴിഞ്ഞിരുന്നു. കണ്ണാടകരാജ്യത്തു് അവർ ചാന്ദാസാഹിബിനും ഫ്രഞ്ചുകാക്കും എതിരായി അനവരുദ്ദീന്റെയും മഹമ്മദാലിയുടേയും ഭാഗം പിടിച്ചു യഥാക്രമം പ്രാകള്ളടേയും, മിർജുമ്ലയുടെ നില കർണ്ണം കടന്നു്. അചിരേണ കണ്ണാട്ടിക്കു് നവാബിന്റെ എജമാനന്മാരായി. ആർക്കാട്ടുനഗരത്തിന്റെ ഉപരോധത്തിനുശേഷം പത്തുകൊല്ലങ്ങൾക്കുള്ളിൽ അവരുടെ ശക്തി ശതഗുണം വർദ്ധിച്ചു. ബംഗാളിൽ പ്ലാസ്സി മഹായുദ്ധത്തിൽ സമ്പാദിച്ച വിജയം ആംഗലസാമ്രാജ്യത്തിന്റെ ബീജാവാപം ചെയ്തു. തിരുവിതാംകൂറിലും അവരുടെ നിലയ്ക്കു വലിയ വ്യത്യാസം വന്നുകഴിഞ്ഞുവെന്നു് അവരും മഹാരാജാവും തമ്മിൽ നടന്ന എഴുത്തുകുത്തുകളുടെ സ്വരത്തിൽനിന്നു മനസ്സിലാക്കാം. 859-ാമാണ്ടിടയ്ക്കു് ആറുങ്ങൽ റാണിയുടെ പക്കൽനിന്നു വാങ്ങിയ പാട്ടസ്ഥലത്തു പണ്ടകശാലകെട്ടി കച്ചവടം നടത്തിയ കുട്ടർ പത്തു നാല്പതു കൊല്ലങ്ങൾ കഴിഞ്ഞപ്പോൾ മഹാരാജാവിനോടു് ഏതാണ്ടു സമ

നിലയിൽ പെരുമാറിത്തുടങ്ങി. അവരുടെ അഭിവൃദ്ധി അത്യന്ത അത്ഭുതാവഹമായിരുന്നു.

ഹൈദരാലിയുടെ ആക്രമണം.

932-ാമാണ്ടു് സാമൂതിരിപ്പാടു പാലക്കാട്ടേയ്ക്കു കടന്നു് ആ രാജ്യത്തെ മൂന്നായി വിഭജിച്ചിട്ടു്, അതിന്റെ നടുഭാഗത്തെ കൈവശപ്പെടുത്തി; ആ സ്ഥലത്തിനു നടുവട്ടം എന്നു പേരുമിട്ടു. കാലക്രമേണ പാലക്കാടു മുഴുവനും കീഴടക്കണമെന്നായിരുന്നു സാമൂതിരിയുടെ ഉദ്ദേശം. അന്നു മൈസൂർരാജ്യം ഭരിച്ചിരുന്നതു 'ചിക്കകൃഷ്ണൻ' എന്ന ഹിന്ദുരാജാവായിരുന്നു. സാമൂതിരിയിൽനിന്നു തങ്ങളെ രക്ഷിക്കണമെന്നു പാലക്കാട്ടു രാജകുടുംബം ചിക്കകൃഷ്ണരാജാവിന്റെ പ്രതിനിധിയായിരുന്ന ഹൈദരാലിയോടു് അപേക്ഷിച്ചു. ഹൈദർ തന്റെ ഒരു ബന്ധുവിനെ സപരിവാരം അയച്ചു് സാമൂതിരിപ്പാട്ടിലെ സമരത്തുള്ളയെ ഒരു വിധം ശമിപ്പിച്ചു. പാലക്കാട്ടരാജാവിന്റെ രാജ്യം തിരിച്ചു കൊടുത്തുകൊള്ളാമെന്നും, മൈസൂരിലേക്കു പടച്ചെലവിന്നായി പന്ത്രണ്ടുലക്ഷം രൂപ ഏതാനും ഗഡുക്കളിലായി എത്തിച്ചുകൊള്ളാമെന്നും. അദ്ദേഹം സമ്മതിക്കയാൽ മൈസൂർ സേനാപതി പിൻവാങ്ങി. മൈസൂർ രാജാവിന്റെ മന്ത്രിയായ ദേവരാജിനും ഹൈദരിനും തമ്മിൽ ചില രഹസ്യ ഏടപാടുകൾ ഉണ്ടായിരുന്നു. അതു തീരാതെ ഇരിക്കയേയാണു് സാമൂതിരിപ്പാടു മുസൽമാൻപടയാളികളെ നാട്ടിൽനിന്നു പിൻവലിപ്പിക്കണമെന്നും പണം പിരിച്ചെടുക്കുന്നതിനു വേറെ ഏതെങ്കിലും വ്യവസ്ഥ ചെയ്യണമെന്നും അപേക്ഷിച്ചതു്. ഈ ദേവരാജിനു് ഒരു വലിയ അനുഗ്രഹംപോലെ തോന്നി. മലയാളനാട്ടിൽനിന്നു പിരിഞ്ഞുകിട്ടാനുള്ള പന്ത്രണ്ടുലക്ഷം രൂപയും പിരിച്ചെടുത്തുകൊള്ളാൻ ഹൈദർ ദേവരാജുമായി ഏർപ്പാടുചെയ്തു. രാജാവാകട്ടെ അതിലേയ്ക്കു ഹരിസിംഗ് എന്നൊരാളിനെ നിയോഗിച്ചുവെങ്കിലും, അയാൾ അവിടെ എത്തി അല്പം കഴിയുന്നതിനു മുമ്പു്, മൈസൂർരാജാവിന്റെ മന്ത്രി മരിച്ചുപോകയാൽ പണം വസൂലാക്കാതെ നാട്ടിലേക്കു മടങ്ങി. എന്നാൽ മാറ്റുമധ്യേ

ഹൈദരുടെ ക്ഷതിപ്രയോഗത്താൽ ഫരിസിംഗ്രംമൃതനായി. ഇങ്ങനെ പ്രസ്തുതലക്ഷ്യം സാധിച്ചുള്ള അവകാശം ഹൈദരിൽതന്നെ ചെന്നുചേർന്നു. ദേവരാജിനെ തുടർന്നു മന്ത്രിപദം പ്രാപിച്ചു നഞ്ചരാജും അചിരേണ ഹൈദരുടെ പ്രേരണയാൽ സ്ഥാനഭ്രഷ്ടനാവുകയാൽ തൽസ്ഥാനത്തു് അയാളുടെ ഉറ്റ മിത്രമായ കണ്ടിറാവു് നിയമിക്കപ്പെട്ടു. അന്നുമുതലുള്ള രാജ്യഭാരം അയാളുടെ അധീനത്തിലായി. രണ്ടുകൊല്ലം കൂടി കഴിഞ്ഞപ്പോൾ കണ്ടിറാവുവിനേയും മന്ത്രിപദത്തിൽനിന്നു നീക്കിയപ്പോൾ ഹൈദർ പേരിനു മന്ത്രിയായും കാര്യത്തിൽ രാജാവായും മൈസൂർ വാണുതുടങ്ങി.

938-ാമാണ്ടു് ഹൈദർ കണ്ണാടകരാജ്യത്തു കടന്നു് ഏതാനും സ്ഥലങ്ങളെ പിടിച്ചടക്കി. അക്കാലത്തു കണ്ണൂരിലെ മാപ്പിള രാജാവായ അലി കോലത്തിരിയും ആയി പിണങ്ങിയിരിക്കയായിരുന്നു. അയാൾ കണ്ണാടകദേശത്തു ബിഡ്നൂർകോട്ടയിൽ താമസിച്ചിരുന്ന ഹൈദരെച്ചെന്നുകണ്ടു കോലത്തിരിരാജ്യം പിടിച്ചടക്കുന്നതിനു തന്നെ സഹായിക്കണമെന്നു പ്രാർത്ഥിച്ചു. ഹൈദർ അതിനു സമ്മതിക്കയും ചെയ്തു. അനന്തരം അയാൾ കുറെ സൈന്യത്തോടുകൂടി കോലത്തിരിനാടു് ആക്രമിച്ചു നിഷ്പ്രയാസം കൈവശപ്പെടുത്തി. അവിടെനിന്നു് അയാൾ ഡച്ചുകാരുടെ വക കണ്ണൂർ കോട്ടയുടെ സമീപംപാളയം അടിച്ചു. ഡച്ചുകാരെ സ്വാധീനപ്പെടുത്താത്തപക്ഷം തന്റെ ഉദ്ദേശം പൂർണ്ണമായി ഫലിക്കയില്ലെന്നു കണ്ടു് അവരുടെ കമ്പനിവക ആളുകളെ ഉപദ്രവിക്കയോ അവരുടെ സ്ഥലത്തുകടന്നു് അക്രമങ്ങൾ പ്രവർത്തിക്കയോ ചെയ്യരുതെന്നു് അയാൾ തന്റെ ഭടന്മാരോടു പ്രത്യേകം ആജ്ഞാപിച്ചിരുന്നു. 1766 മാർച്ചുമാസം 15-ാംനു അയാൾ കണ്ണൂർ കോട്ടയുടെ അധിപതിയായിരുന്ന ക്രൂനൻബർഗ്ഗിനെ ചെന്നുകണ്ടു സസ്നേഹം അയാളെ തന്റെ പാളയത്തിലേക്കു ക്ഷണിച്ചുകൊണ്ടുപോയി. അവിടെവച്ചു സഖ്യത്തെപ്പറ്റി സംസാരിപ്പാനായി നവാബ് ആലിരാസാഖാൻ എന്നൊരാളെ നിയോഗിച്ചു. ഹൈദർ ഐറോപ്യന്മാരിൽവച്ചു് ഡച്ചുകാരോടുമാത്രമേ ബഹുമാനം ഉള്ളുവെന്നും അദ്ദേഹത്തിനോടു സഹകരിക്കാത്തപക്ഷം ഇന്ത്യാരാജ്യം മുഴുവനും ഇംഗ്ലീഷുകാർക്കു് അധീനമായിപ്പോവുമെന്നും ഇപ്പോഴേതന്നെ ചോളമണ്ഡലം മുഴുവനും

അവക്ക് അധീനമായിക്കഴിഞ്ഞുവെന്നും മറും റാസാഖാൻ പറഞ്ഞു. പരമാർത്ഥത്തിൽ ഹൈദർ തലശ്ശേരിയിലെ ഇംഗ്ലീഷുപണ്ടകശാലക്കാരോടും മയ്യഴിയിലെ ഫ്രഞ്ചുകാരോടും സഖ്യം ആലോചിച്ചിട്ട ഫലിക്കാഞ്ഞിട്ടാണ് ഡച്ചുകാരുടെ പ്രീതി സമ്പാദിക്കാൻ ശ്രമിച്ചത്. ഡച്ചുകാരും തൽക്കാലം വഴിപ്പെട്ടില്ല. എന്നാൽ ഹൈദർ ഏപ്രിൽമാസം 20ാം-നു തോടുകൂടി സാമൂതിരിയെ തോല്പിച്ച് കോവിലകത്തുതന്നെ ബന്ധനസ്ഥനാക്കിപ്പാർപ്പിച്ചപ്പോൾ ഡച്ചുകാർ ഭയപരവശരായിച്ചമഞ്ഞു. എന്നാൽ നയകൌശലം പ്രയോഗിച്ച് അയാളെ വശപ്പെടുത്താനാണ് അവർ ആദ്യം നോക്കിയത്. ഹൈദരുടെ വിജയത്തിൽ അയാളെ അഭിനന്ദിക്കുന്നതിനെന്ന നാട്യത്തിൽ അയാളുടെ ഉദ്ദേശങ്ങൾ എന്തെല്ലാമെന്ന് അറിയുന്നതിനായി കമ്പനി കോഴിക്കോട്ടേക്ക് ഏതാനും കമ്മീഷണറന്മാരെ അയച്ചു. ഇതിനിടയ്ക്ക് അഭിമാനഭംഗംനിമിത്തം ഹതാശനായിത്തീർന്ന സാമൂതിരി തന്റെ ഗാഹത്തിനു തീവച്ച് സ്വയം അഗ്നിക്ക് ഇരയായി. എട്ടാർപ്പാട്ടു തമ്പുരാൻ അകപ്പേട്ട പറമ്പുരേയ്ക്ക് ഓടി തിരുവിതാംകൂറിന്റെ അഭയം പ്രാപിച്ചു. സാമൂതിരിയുടെ നായന്മാർ കാടുകളിലും മലകളിലും ഒളിച്ചിരുന്നു, തരംപോലെ പുറത്തുവന്നു ഹൈദരുടെ സൈന്യത്തെ ഇരിക്കപ്പൊറുതിയില്ലാതാക്കിക്കൊണ്ടുമിരുന്നു. ഇങ്ങനെ ഹൈദരുടെ ഭടജനങ്ങൾ മുഴുപ്പടത്തിൽപ്പെട്ടിരിക്കുമ്പോൾ ആണ് ഡച്ചുകാരുടെ കമ്മീഷണർമാർ അവിടെ എത്തിയത്. തൽസമയത്തു് മഹാരാഷ്ട്രസൈന്യം തന്റെ രാജ്യത്തെ ആക്രമിക്കാൻ പുറപ്പെട്ടിരിക്കുന്നു എന്നൊരു വർത്തമാനംകൂടി ഹൈദർ അറിഞ്ഞു. അതുകൊണ്ട് അയാൾ ഏറാൾപ്പാട്ടിനെ പറമ്പൂരിൽനിന്നു വരുത്തി കോഴിക്കോട്ടു രാജ്യം അദ്ദേഹത്തിനു നല്കി. എന്നാൽ ആണ്ടുതോറും ഒരു ക്രിസ്ത്മസ്സംബ്ര മൈസൂരിലേക്കു കൊടുത്തുകൊള്ളാമെന്നു സാമൂതിരിയെക്കൊണ്ടു കരാറുചെയ്തിച്ചശേഷമേ രാജ്യം വിട്ടുകൊടുത്തുള്ളു.

ഡച്ചുകമ്മീഷണർമാരെ ഹൈദർ ബഹുമാനപൂർവ്വം സ്വീകരിച്ചു. ചേറുവായ് മുതൽ കൊടുങ്ങല്ലൂർവരെയുള്ള രാജ്യം കമ്പനിയുടെ വകയാണെന്നും അവിടെ പ്രവേശിക്കരുതെന്നും

കൊച്ചിയും തിരുവിതാംകൂറും ബന്ധുസ്വരൂപങ്ങളാകയാൽ അതുണ്ടു തമ്പുരാക്കന്മാരെയും ഉപദ്രവിക്കരുതെന്നും അല്പൻ ഹൈദരോട് അപേക്ഷിച്ചു. എന്നാൽ താൻ ആവശ്യപ്പെടുന്ന ഒത്താശകൾ കമ്പനി ചെയ്യുന്നപക്ഷം അവരുടെ ആളുകളെ ഉപദ്രവിക്കയില്ലെന്നും, കൊച്ചിയിൽകൂടി തിരുവിതാംകൂറിലേയ്ക്കു കടക്കുന്നതിനു തമ്പുരാൻ അനുവദിക്കുന്നതായാൽ ആ തമ്പുരാന്റെഭൂമികൾക്കു താൻ ഇളക്കം വരുത്തുന്നതല്ലെന്നും തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം ഒരു കരാറും ചെയ്വാൻ താൻ തയ്യാറില്ലെന്നും ഹൈദർ ശഠിച്ചപ്പോൾ ഈ വക കാര്യങ്ങളെപ്പറ്റി ബ്രിട്ടിഷ് ഗവണ്മെന്റിന്റെ അനുമതിക്കുടാതെ ഒരു തീർച്ചയും ചെയ്യാവുന്നതല്ലെന്നു കമ്മീഷണർമാർ പറഞ്ഞൊഴിഞ്ഞു. സമയലാഭത്തിനുവേണ്ടി ഇങ്ങനെ പറയുന്നതാണെന്നു ഗ്രഹിച്ചു ഹൈദരാവട്ടേ, കൊച്ചീരാജാവു് പടച്ചെലവിലേക്കു നാല്പു ലക്ഷം ഉറുപ്പികയും എട്ടാനകളും തിരുവിതാംകൂർ മഹാരാജാവു് പതിനഞ്ചുലക്ഷം ഉറുപ്പികയും മുപ്പതു ആനകളും ഉടൻ കൊടുക്കണമെന്നും അങ്ങിനല്ലെങ്കിൽ ആ രാജ്യങ്ങളിലേക്കു പുറപ്പെടാൻ താൻ കാത്തിരിക്കയാണെന്നും ഡച്ചുകാരെ അറിവിച്ചു.

ഡച്ചുകാരിൽനിന്നും ഈ വിവരം അറിഞ്ഞ മഹാരാജാവാകട്ടേ, ഹൈദർ യുദ്ധത്തിനു പുറപ്പെട്ടതു തന്റെ ആവശ്യപ്രകാരമല്ലായിരുന്നതിനാൽ യുദ്ധച്ചെലവിൽ ഒരംശം താൻ വഹിക്കണമെന്നു പറയുന്നതിന്റെ അർത്ഥം ദുരധിഗമമായിരിക്കുന്നുവെന്നും അതുകൊണ്ടു താൻ അതിനു തയ്യാറില്ലെന്നും മറുപടി കൊടുത്തു. കൊച്ചീതമ്പുരാൻ സകല ഭാരത്തേയും ഡച്ചുകമ്പനിക്കാരിൽ ചുമത്തിയിട്ടു സ്വസ്ഥമായിരുന്നു. എല്ലാംകൊണ്ടും ഡച്ചുകാർ വല്ലാതെ വിഷമിച്ചു. ഈ രാജാക്കന്മാരുടെ നിശ്ചയങ്ങളെ ഹൈദരെ അറിവിക്കുന്നപക്ഷം തങ്ങളുടെ നില വളരെ അപായകരമായിത്തീരുമെന്നു് അവർ കണ്ടു. അതുകൊണ്ടു് ചിലവു രണ്ടു രാജ്യങ്ങളെയും ബ്രിട്ടിഷ് ഗവണ്മെന്റിനെയും ധരിപ്പിച്ചിട്ടുണ്ടെന്നും അവരുടെ മറുപടി വരുമ്പോൾ അറിയിച്ചുകൊള്ളാമെന്നും മാത്രം അവർ ഹൈദർക്കു മറുപടി കൊടുത്തു.

ഇതിനിടയ്ക്കു തിരുവിതാംകൂർ മഹാരാജാവു സ്വസ്ഥനായിരുന്നില്ല. കടൽതീരംവഴിക്കു രാജ്യത്തിലേക്കു കടക്കാൻ ശ്രമി

ക്കുന്ന സൈന്യത്തെ തടയുന്നതിനു നെടുങ്കോട്ടകൊണ്ടു പ്രയോജനമില്ലെന്നു കണ്ടിട്ട് അതിനെ പടിഞ്ഞാറോട്ടു നീട്ടുന്നതിനു് അദ്ദേഹം ഏർപ്പാടുചെയ്തു. എന്നാൽ അങ്ങനെ ചെയ്യുന്നതിനു് അനുവദിക്കുന്നതായാൽ തങ്ങൾ ഹൈദരുടെ കോപത്തിനു പാത്രമായേക്കുമെന്നു ശങ്കിച്ചു, പണി ഉടനെ നിർത്തണമെന്നും തിരുവിതാംകൂറിലെ നായന്മാർ ഡച്ചുകാരുടെ അതിർത്തിക്കുള്ളിൽ കടന്നു പോകരുതെന്നും ഡച്ചുകാർ മഹാരാജാവിനെ കത്തുമുഖേന അറിവിച്ചു.

ഹൈദർ തിരുവിതാംകൂറിനെ ആക്രമിക്കുന്നതിനുള്ള ഒരുക്കങ്ങൾ ദ്രുതഗതിയിൽ ചെയ്തുവരുന്നതായി അറിഞ്ഞ മഹാരാജാവു് ശത്രുനിരോധനവിഷയത്തിൽ ഡച്ചുകാരുടെ സഹായം എത്രത്തോളം ഉണ്ടാവുമെന്നറിയാനായി സുബ്ബയ്യനെ കൊച്ചീക്കോട്ടയിലേക്കു് അയച്ചു. ദളവയും ബഹുമാനപ്പെട്ട കുമുദവരും തമ്മിൽ നടന്ന സംഭാഷണത്തെ അനന്തനെ മേഖപ്പെടുത്തിയിരുന്നു.

"ദളവ—തുപ്പാപ്പൂർ സപ്രുപവും ബഹുമാനപ്പെട്ട കുമ്പഞ്ഞിയും തമ്മിലുള്ള സഖ്യത്തെ ഭഞ്ജിക്കുന്നതിനായി ചില ദുഷ്ടന്മാർ പലമാതിരി ഉരുട്ടുകളും കളവുകളും ഇവിടെ പറഞ്ഞേക്കാം. അവയൊന്നും ബഹുമാനപ്പെട്ട കുമുദവർ വിശ്വസിക്കരുതു്.

കുമുദവർ—ദുഷ്ടന്മാർ പറയുന്ന കളവുകളും ഉരുട്ടുകളും നാം ഒരുകാലത്തും വിശ്വസിക്കുന്നതല്ല. മലയാളക്കരയിലുള്ള രാജാക്കന്മാർ ബഹുമാനപ്പെട്ട കുമ്പഞ്ഞിയോടു സൌഹാർദ്ദപൂർവ്വം പെരുമാറിക്കൊണ്ടിരിക്കുന്നതുപോലെ തന്നെ നാം അവരോടും പെരുമാറുന്നതാണു്.

ദളവ—അയിതലിനായ്ക്കൻ (ഹൈദർ) നാലുവഴിക്കും അതായതു്, മണ്ണുപുറത്തുകൂടിയും തൃശ്ശിവപേരൂർ വഴിക്കും കടൽമാർഗ്ഗമായും തെക്കു മലവഴിക്കും ഇങ്ങോട്ടു വരാൻ ഭാവിച്ചിരിക്കുന്നതായി കേൾക്കുന്നു. അതുകൊണ്ടു ബഹുമാനപ്പെട്ട കുമുദവരുമായി ആലോചിച്ചു രാജ്യത്തിനും പ്രജകൾക്കും ഉപദ്രവം തട്ടാതിരിക്കാനുള്ള കരുതലുകൾ ചെയ്യുന്നതിനായി തിരുമനസ്സുകൊണ്ടു കല്പിച്ചു് വഴിയച്ചിരിക്കയാണു്.

കുമുദവർ— അയിതലിനായ്ക്കൻ തെക്കോട്ട് പുറപ്പെട്ടുമെന്ന് ഒരു കിംവദന്തി നാമും കേട്ടു. എന്നാൽ സൂക്ഷ്മമായി ഒരു അറിവും ഇല്ല. എന്നാൽ അയാൾ മണപ്പുറം വഴിക്കോ കടൽ വഴിക്കോ പുറപ്പെട്ടാൽ തടഞ്ഞുനിർത്താൻ നാം നോക്കാതിരിക്കയില്ല. ഈ വിഷയത്തിൽ നാം ബറോഡിയായിലെ കല്പന കാത്തിരിക്കയാണു്. എന്നാൽ രാജാക്കന്മാരും അയിതലിനായ്ക്കനും തമ്മിൽ യോജിപ്പായി ഇരിക്കുന്നതിനു വേണ്ട പ്രയത്നങ്ങൾ നാം ചെയ്തുകൊണ്ടേ ഇരിക്കും.

ഭദ്രവ—എന്തായാലും പടവെഞ്ചനാദികളും ഉണ്ടയും വലിയ തോക്കുകളും കൈത്തോക്കുകളും കൊടുത്തയച്ചാൽ കൊള്ളാമെന്നു് അപേക്ഷയുണ്ടു്.

കുമുദവർ — പണ്ടാരവകയ്ക്കായി ബത്തേവിയായിൽനിന്നു വന്നിട്ടുള്ളതിൽ, നമ്മുടെ കൈവശത്തു് ഇപ്പോൾ ഉള്ളിടത്തോളം അയച്ചുകൊടുക്കാം.

ഭദ്രവ—മുളകുവകയിൽ കുറേ പണം മുൻകൂറായി എത്തിച്ചാൽ കൊള്ളാം.

കുമുദവർ—പുറക്കാട്ടും പത്തേരിയിലും മുൻ നിശ്ചയപ്രകാരമുള്ള മുളകു് ഏല്പിച്ചുകഴിഞ്ഞതായി അവിടെനിന്നും എഴുതിവന്നാൽ, ഒടുവിൽ പറഞ്ഞതനുസരിച്ചു 2,500 ഉറുപ്പിക അയയ്ക്കുന്നതിനു വിരോധമില്ല. *

.....

ഇതിനിടയ്ക്കു മൈസൂർ വടക്കുള്ള നായർപ്രമാണികളെ കയ്യുക്കുന്നതിനു തീവ്രപ്രയത്നം ചെയ്തു. അവരുടെ സ്ഥാനമാനങ്ങൾ എടുത്തുകളക, നീചജാതിയിൽ ചേർത്തു് അവമാനിക്ക, ഇത്യാദി പ്രയോഗങ്ങളൊന്നും അവരോടു ഫലിക്കയില്ലെന്നു് അയാൾ കണ്ടു. എന്തുകൊണ്ടെന്നാൽ, അപമാനം അനുഭവിക്കുന്നതിനെക്കാളും മരിക്കയാണു നല്ലതെന്നു വിചാരിച്ചു പലരും മരണത്തെത്തന്നെ കൈവരിച്ചു. എന്നാൽ 'മാഹ്'ത്തിൽക്കൂടി

* ഈ സംഭാഷണത്തിൽ ഭാഷ മാത്രമേ മാറിയിട്ടുള്ളു.

ഹൈദരുടെ പ്രീതി സമ്പാദിച്ച ചില പ്രമാണികളും ഉണ്ടായിരുന്നു.

942-ാമാണ്ടു കുംഭമാസാവസാനത്തിൽ ഹൈദരാലിയുടെ വക 28 പടക്കപ്പലുകൾ കൊച്ചിയഴിമുഖത്തുകൂടി അകത്തു കടന്നു കോട്ടമതിലിനോടു് അടുത്തു നങ്കൂരമിട്ടു നിന്നു. അ കപ്പലുകളിൽനിന്നു രണ്ടു ദൂതന്മാർ കരയ്ക്കു ഇറങ്ങിച്ചെന്നിട്ടു്, തങ്ങൾ വന്നിട്ടുള്ളതു മഹാരാഷ്ട്രന്മാരെ അന്വേഷിച്ചാണെന്നും മലയാളനാട്ടിനെ ഉപദ്രവിക്കാനല്ലെന്നും അറിയിച്ചു ശേഷം അടുത്ത ദിവസംതന്നെ വടക്കോട്ടേക്കു് ഓടിച്ചുപോയി. എന്നാൽ അവർ പോയതു തന്റെ ഉപദേശം അനുസരിച്ചാണെന്നു കുമ്പഡവർ കൊച്ചിയിലേയും തിരുവിതാംകൂറിലേയും തമ്പുരാക്കന്മാരെ അറിവിച്ചു. അതുകൊണ്ടു് ആ മാസത്തിൽ തന്നെ രണ്ടു രാജാക്കന്മാരുടേയും മന്ത്രിമാരും കുമുടവരും തമ്മിൽ കൊച്ചിയിൽവച്ചു് മേൽ നടക്കേണ്ടും കാര്യങ്ങളെപ്പറ്റി ഒരു ആലോചന നടത്തി.

"ടിപ്പു സുല്ത്താൻ—നവാബിന്റെ ഉരുക്കം കൊച്ചിയിൽ വന്നതിനെപ്പറ്റി എഴുതി അയച്ചതിലും അവരെ പറഞ്ഞയച്ചുകളഞ്ഞതിലും തിരുമനസ്സിലേക്കു് അനല്പമായ സന്തോഷമുണ്ടു്. അതിനെ ഇവിടെ അറിവിക്കാൻ തിരുമനസ്സുകൊണ്ടു കല്പിച്ചിരിക്കുന്നു.

കുമുടവർ—കുമ്പഞ്ഞിയും തുപ്പാപ്പുരുമായുള്ള മൈത്രിക്കു കുമ്പഞ്ഞിയുടെ പക്കൽനിന്നു് ഒരു ഏറക്കുറവും ഉണ്ടാകയില്ല. എന്നാൽ സാത്രുപത്തിൽനിന്നു് ഉടമ്പടി അനുസരിച്ചു 3,000 കണ്ടി കുരുമുളകു തൂക്കി എല്പിക്കുന്നില്ലല്ലോ. 2,300-ൽ ചിലപ്പോൾ കണ്ടിയോളമേ ഇവിടെ ഇതേവരെ എല്പിച്ചിട്ടുള്ളു. അതെന്താണു്?

ടിപ്പു—മുളകുകൊടികൾ വേണ്ടപോലെ കായ്ക്കാതെ എന്തു ചെയ്യും? മലയാളത്തിലുള്ള മുളകു മുഴുക്കെയും കമ്പനിക്കു കൊടുക്കണമെന്നും അതിലേക്കു് ഒരു പുതിയ ഉടമ്പടി ചെയ്യണമെന്നും തിരുമനസ്സിലേക്കു മോഹമുണ്ടു്.

കുമുടവർ—ഉടമ്പടി പുതുക്കുന്നതിനു ബത്തേവിയായിലെ അനുമതി ലഭിക്കാതെ തരമില്ല. മുൻ ഉടമ്പടി അനുസരിച്ചു നടക്കുന്നതിനു കുമ്പഞ്ഞിക്കു സമ്മതമാണു്."

പരമാത്ഥത്തിൽ ഡച്ചുകമ്പനിക്കു മൈസൂരേക്കുറിച്ചു തീവ്രമായ ഭയം ഉണ്ടായിരുന്നതുകൊണ്ടു മാത്രമാണു് ഉടമ്പടി പുതുക്കുവാൻ അവർ സമ്മതിക്കാതിരുന്നതു്. അവർ സംഭാഷണം തുടർന്നു:—

ഭളവ — നവാബിന്റെ പാളയം മലയാളത്തിൽ വന്നിട്ടു് കാലം കുറേ ആയി. അവർ ദേവബ്രാഹ്മണരോടും രാജാക്കന്മാരോടും വളരെ നിഷ്ഠുരമായി പെരുമാറുന്നതിനാൽ അവരെല്ലാം തിരുമനസ്സിലെ അഭയം പ്രാപിച്ചിരിക്കുന്നു. അവരുടെ ദാരിദ്ര്യനിദാനത്തിനായി നിരവധി പണം ചെലവുവരുന്നു; ഇനിയും ചെലവു നടത്തിക്കൊണ്ടുപോവാൻ വിഷമമാണു്. കോലത്തിരിരാജാവിനും സാമൂതിരിപ്പാടിനും അവരുടെ രാജ്യങ്ങളിൽ കടന്നിരിപ്പാൻ ഇതു പറ്റിയ സമയമാണു്. ഈ വിഷയത്തിൽ കുമ്പഞ്ഞിയുടെ ഭാവം എന്താണു്?

കുമുദവർ — മലയാളത്തിലെ രാജാക്കന്മാർ പടവെട്ടുമ്പോൾ, അതിൽ ഇടപെടുന്നതിനു നമുക്കു് അനുവാദമില്ല. പെരുമ്പടപ്പുസ്വരൂപത്തിന്റേയും തുപ്പാപ്പൂർ സ്വരൂപത്തിന്റേയും കാര്യത്തിൽ ഒരു് ഒത്തുക്കം വരുത്തുന്നതിനു മാത്രം നാം ശ്രമിക്കാം. എന്നുമാത്രമല്ല പടതുടങ്ങിയാൽ ജയം അക്കാണു് സിദ്ധിക്കുന്നതെന്നു നിശ്ചയവുമില്ല. തുപ്പാപ്പൂർ സ്വരൂപത്തിൽനിന്നു വടക്കേമലയാളത്തിലെ രാജാക്കന്മാക്കുവേണ്ടി പണം ചെലവുചെയ്യുന്നതിനു പ്രത്യുപകാരം അവർ ചെയ്യേണ്ടിവരും.

ഭളവ — നവാബു് പെരുമ്പടപ്പുസ്വരൂപത്തോടും തിരുവിതാംകൂറിനോടും അകൃമത്തിനു് ഒരുമ്പെട്ടാലോ? കമ്പനി എന്തു ചെയ്യും?

കുമുദവർ — നവാബിനോടു് അങ്ങനെ ചെയ്യരുതെന്നു പറഞ്ഞുനോക്കും. അയാൾ നമ്മുടെ വാക്കിനെ തള്ളിക്കളകയില്ലെന്നാണു് തോന്നുന്നതു്. ഇപ്പോൾതന്നെ അയാളുടെ പടവുകൾ തിരിച്ചുപോയതു നമ്മുടെ ഉപദേശാനുസരണമല്ലേ?

ഭളവ — അയാൾ നിങ്ങളുടെ ഉപദേശത്തെ സ്വീകരിക്കുന്നില്ലെന്നു വരുകിൽ. അപ്പോൾ എന്തുചെയ്യാനാണു് കുമ്പഞ്ഞി ഉദ്ദേശിച്ചിരിക്കുന്നതു്?

കുമുദവർ—ഹൈദർ സ്വയമേവ അതിനു തുനിയുകയില്ലെന്നു നമുക്കു നിശ്ചയമുണ്ട്. അതല്ല വിപരീതമായി പ്രവർത്തിച്ചാൽ അതിന്റെ ഫലം അയാൾതന്നെ അനുഭവിക്കും. അങ്ങോട്ടു ശണ്ഠയ്ക്കു പുറപ്പെടാതിരുന്നാൽ മാത്രം മതി.

ദളവ—കോലത്തിരിയും തുളുപ്പാപ്പുമായുള്ള ബന്ധം ബഹുമാനപ്പെട്ട കുമ്പഞ്ഞിക്കറിയാമല്ലോ. അതുകൊണ്ടു കോലത്തിരിക്കു രാജ്യം തിരിച്ചു കൊടുപ്പിച്ചാൽ കൊള്ളാമെന്നു തിരുമനസ്സിലേക്കു് അഭിപ്രായമുണ്ടു്.

കുമുദവർ—അക്കാര്യത്തിൽ മഹാരാജാവു് ഇഷ്ടംപോലെ ചെയ്തുകൊള്ളട്ടെ. പക്ഷേ അബദ്ധങ്ങൾ പലതും വന്നുചേരാൻ ഇടയുണ്ടു്.....

ദളവ—കോലത്തിരിക്കും സാമൂതിരിപ്പാട്ടിനും വേണ്ടി തിരുമനസ്സുകൊണ്ടു പടവെട്ടി തോൽവി പറഞ്ഞാൽ കുമ്പഞ്ഞി തമ്പുരാനു സഹായം ചെയ്യുമോ?

കുമുദവർ—തമ്പുരാൻ അക്കാര്യത്തിൽ പ്രവേശിക്കാതിരിക്കുന്നാണു നന്നു്. കുമ്പഞ്ഞിയും അക്കാര്യത്തിൽ പ്രവേശിക്കയേ ഇല്ലീ.....

ദളവ—തമ്പുരാനു പണത്തിനു വളരെ ബുദ്ധിമുട്ടുണ്ടു്. ഒരു ലക്ഷം രൂപ മുൻകൂറായി തന്നാൽ കൊള്ളാം.

കുമുദവർ—മുൻകൂറു പണം കൊടുത്തുപോകരുതെന്നു ബത്തേവിയായിൽനിന്നു കല്പനയുണ്ടു്."

ഈ സംഭാഷണത്തിൽനിന്നു ഡച്ചുകമ്പനിക്കാരുടെ മനോഭാവം വ്യക്തമാകുന്നുണ്ടു്. കൊച്ചീരാജാവു് സകലഭാരവും കമ്പനിക്കു വിട്ടുകൊടുത്തുവെങ്കിലും അവർ മൌനമവലംബിച്ചതിനാൽ, സ്വന്തം കാര്യക്കാരെ ഹൈദരുടെ പാളയത്തിൽ അയച്ചു സന്ധിചെയ്തു. ഇങ്ങനെ ഹൈദരോടു മല്ലിട്ടു നില്ക്കാൻ തിരുവിതാംകൂർ മാത്രം ശേഷിച്ചു.

ദളവ സുബ്ബയ്യനും ജനറാൽ ഡിലനായിയും കൂടി തിരുവിതാംകൂറിന്റെ രക്ഷയ്ക്കുള്ള ഏർപ്പാടുകളെല്ലാം ചെയ്തുവരവേ 943-ൽ ദളവ പരലോകം പ്രാപിച്ചു. തൽസ്ഥാനത്തു നിയമിക്കപ്പെട്ട ഗോപാലയ്യൻ ആ ജോലിക്കു കൊള്ളരുതാത്തവനാ

യതുകൊണ്ട് അദ്ദേഹത്തിനെ സഹായിപ്പാനായി തമ്പി ചെമ്പ കരാമൻപിള്ളയെ വലിയ സവ്വാധിയായും ഉപമന്ത്രിയായും നിയമിച്ചു.

യുദ്ധത്തിനുള്ള സകല ഒരുക്കങ്ങളും തിരുവിതാംകൂർ ചെയ്തു കഴിഞ്ഞുവെങ്കിലും ഹൈദരുടെ ആക്രമണം ഉണ്ടായില്ല. മഹാരാഷ്ട്രന്മാർ മൈസൂർ ആക്രമിക്കാൻ ഒരുമ്പെട്ടതായി കേട്ട് അയ്യായിരം മലയാളം വിട്ട ശ്രീരംഗപട്ടണത്തിലേക്ക് തിരിച്ചു, അവിടെച്ചെന്ന് ഒട്ടുവളരെപ്പണം കൊടുത്തു മഹാരാഷ്ട്രന്മാരെ അകറ്റിയശേഷം അയ്യായിരം നൈസാമാലിയും ആയി യോജിച്ചു് ഒരു വലിയ സൈന്യം ശേഖരിച്ചുകൊണ്ട് ആക്കാട്ടിലെ നവാബായ മഹമ്മദാലിയേയും അദ്ദേഹത്തിന്റെ മിത്രങ്ങളായ ഇംഗ്ലീഷുകാരേയും ഒരു നല്ല പാഠം പഠിപ്പിക്കാനായി തുശ്ശിനാപ്പള്ളിക്കു പുറപ്പെട്ടു. എന്നാൽ അവിടെവച്ചു നടന്ന യുദ്ധത്തിൽ നിഗ്രഹം തോല്പിക്കപ്പെടുകയാൽ, അയ്യായിരം മൈസൂരിലേക്കു മടങ്ങിപ്പോരേണ്ടിവന്നു. പക്ഷെ മഹമ്മദാലിയും കൂട്ടരും അയ്യാളെ വിട്ടില്ല; അവർ അയ്യാളെ പിൻതുടർന്നു മൈസൂരിൽ എത്തിയിട്ടു ബംഗളൂർ കോട്ടയെ അവരോധിച്ചു. അതിനിടയ്ക്കു് ഇംഗ്ലീഷുകാരുടെ വേറൊരു സൈന്യം ബോംബയിൽനിന്നു കടൽമാർഗ്ഗം വന്നു മംഗലപുരം കോട്ട പിടിച്ചെടുത്തു. ആ കോട്ടയെ ഹൈദർ അല്പദിവസം കഴിഞ്ഞു വീണ്ടെടുക്കയും കിഴക്കോട്ടു മദ്രാസുവരെക്കടന്നു ഇംഗ്ലീഷുകാക്കു നാശങ്ങൾ വരുത്തുകയും ചെയ്തുവെങ്കിലും, കമ്പനിയുടെയും നവാബിന്റെയും സംയുക്തസൈന്യത്തെ ദീർഘകാലം നിരോധിച്ചു നില്ക്കാൻ സാധിയ്ക്കാതെ സന്ധിക്കു് അപേക്ഷിച്ചു. മംഗലപുരത്തുവച്ചു് ഇരുകക്ഷികളും ചേർന്നടത്തിയ സന്ധിക്കരാറിന്റെ ഒന്നാംവകുപ്പിൽ, തിരുവിതാംകൂർ മഹാരാജാവു് നവാബിന്റെ ഒരു ബന്ധുവാകയാൽ അദ്ദേഹത്തോടു ഹൈദർ സമാധാനപൂർവ്വം വർത്തിക്കണമെന്നു് ഒരു നിശ്ചയംകൂടി ചെയ്തിരുന്നു.

ഹൈദർക്കു് ഇങ്ങനെ തുടരെത്തുടരെ ഉണ്ടായ പരാജയങ്ങൾ അയ്യാളുടെ വർദ്ധമാനമായ ദുർമ്മദത്തെ ഒട്ടടക്കി. തന്നെക്കാൾ പ്രാബല്യമുള്ള ഒരു ശക്തി ദക്ഷിണഭാരതത്തിൽ ഉണ്ടെന്നു്

അയ്യാർക്കു ബോധം വന്നു. മദ്രാസിൽ വച്ചു നടന്ന സന്ധിക്കാര്യത്തിൽ തിരുവിതാംകൂറിനെ ഒരു കാരണവശാലും ഉപദ്രവിക്കയില്ലെന്നു് ഒരു വകുപ്പുകൂടി ചേർത്തിരുന്നു. ഇങ്ങനെ ഹൈദരിൽനിന്നുള്ള ഭയം തൽക്കാലത്തേക്കു ശമിച്ചുവെങ്കിലും അയാളുടെ സ്ഥിതിഗതികളെ അറിവാനായി മഹാരാജാവു് മൈസൂർ കൊട്ടാരത്തിലേക്കു് ഒരു സ്ഥാനാപതിയെ നിയോഗിക്കാതിരുന്നില്ല.

ആഭ്യന്തരകാര്യങ്ങൾ.

ഈ അവസരത്തിൽ കഷ്ടിച്ചു 24 വയസ്സു പ്രായമുണ്ടായിരുന്ന ഒരു യുവാവു് തിരുമനസ്സിലെ സേവിച്ചിരുന്നു. കൊട്ടാരം രായസം ഉദ്യോഗത്തിൽനിന്നു് അയ്യാൾ സന്നിധിസ്ഥാനത്തിലേക്കു ഉയർത്തപ്പെട്ടു. ഈ യുവാവിന്റെ ബുദ്ധിഹ്രണവും കാര്യശേഷിയും മഹാരാജാവു തിരുമനസ്സുകൊണ്ടു് എളുമുറയായിരുന്ന കാലത്തുതന്നെ ഗ്രഹിച്ചിരുന്നതിനാൽ, അയ്യാൾ തിരുമനസ്സിലെ വിശ്വാസപാത്രമായിത്തീർന്നു. വലിയസംബാധികാര്യക്കാരും മറ്റുള്ളവരും അയ്യാളോടു് ആലോചിക്കാതെ യാതൊന്നും ചെയ്യുകയില്ലെന്നായി.

രാജ്യകാര്യങ്ങളിൽ മാത്രമല്ല അയ്യാൾ ശ്രദ്ധിച്ചതു്. ജനറൽ ഡിലനായിയും സൈന്യവകുപ്പിലെ പ്രധാന മുസൽമാൻ ഉദ്യോഗസ്ഥന്മാരും അയ്യാളെ ഗാഢമായി സ്നേഹിച്ചു. അവരുടെ അടുക്കൽനിന്നു് അയ്യാൾ യുദ്ധസമ്പ്രദായങ്ങൾ നല്ലപോലെ വശമാക്കി. ഡച്ചു്, പോർത്തുഗീസു്, പെഷ്യൻ, ഹിന്ദുസ്ഥാനി, ഇംഗ്ലീഷു് ഈ ഭാഷകളെല്ലാം അയ്യാൾ അഭ്യസിച്ചിരുന്നതുകൊണ്ടു വിദേശികളുമായുള്ള എഴുത്തുകുത്തുകളിൽ അയ്യാൾ നിപുണനായിത്തീർന്നു.

രാജസേവകനായിത്തീരുംമുമ്പു് പോക്കുമൂസാ എന്ന വണിഗ്വരന്റെ കണക്കപ്പിള്ളയായിരുന്നതിനാൽ, അയ്യാൾക്കു കച്ചവടത്തിലും നല്ല നോട്ടമുണ്ടായിരുന്നു. തന്നിമിത്തം വാണിജ്യവിഷയകമായുള്ള കാര്യങ്ങളുടെ മേൽനോട്ടം മുഴുവനും മഹാരാജാവു് അയ്യാൾക്കു വിട്ടുകൊടുത്തു.

ഈ ദരിദ്രകുലജാതനായ യുവാവാണ് പിൽക്കാലത്തു രാജാ കേശവദാസൻ എന്ന സുപ്രസിദ്ധനായിത്തീർന്ന കുന്നത്തൂർ കേശവപിള്ള.

മംഗലപുരത്തെ ഉടമ്പടിക്കു ശേഷം മഹാരാജാവു് വടക്കോട്ടു് എഴുന്നള്ളി അതിർത്തിയിലുള്ള കോട്ടകൊത്തളങ്ങളെ പരിശോധിച്ചിട്ടു്, ഹൈദർ ആക്രമിക്കുന്നതിനു് കരുങ്ങുന്നതായാൽ അയാളെ തടഞ്ഞുനിർത്തുന്നതിനു വേണ്ടി ഡച്ചുകാരേയും കൊച്ചീരാജാവിനേയും കണ്ടു വേണ്ട ഏർപ്പാടുകൾ എല്ലാം ചെയ്തു. അന്നത്തെ വലിയ സമ്പാധി തമ്പി കുമാരൻ ചെമ്പകരാമൻപിള്ളയും സന്ധ്യാതി കേശവപിള്ളയും മഹാരാജാവിനെ അനുഗമിച്ചിരുന്നു. രണ്ടുകൊല്ലം കഴിഞ്ഞപ്പോൾ വലിയ സമ്പാധികാര്യക്കാർ മരിച്ചുവെങ്കിലും തൽസ്ഥാനത്തു നിയമിക്കപ്പെട്ട മല്ലൻ ചെമ്പകരാമൻപിള്ള അതിസമർത്ഥനായിരുന്നതിനാൽ, രാജ്യകാര്യങ്ങളെ ഭംഗിയായി നിർവ്വഹിച്ചുപോന്നു. ഒളവ ഗോപാലയ്യൻ പേരിനുമാത്രം ആ സ്ഥാനം വഹിച്ചുതേയുള്ളു.

മല്ലൻ ചെമ്പകരാമൻപിള്ള മഹാരാജാവിന്റെ അനുവാദത്തോടുകൂടി രാജ്യത്തിന്റെ ഒരു സർവ്വെ തുടങ്ങി. ആ സർവ്വെ 948-ാമാണ്ടിൽ പൂർത്തിയായി. തോവാള മുതൽ പറവൂർവരെയുള്ള ഭൂമിയെല്ലാം അളന്നു് ഒരു പതിവുരജിസ്തരുണ്ടാക്കി. ഇതു് തിരുവിതാംകൂറിലെ രണ്ടാമത്തെ സർവ്വെ ആയിരുന്നു.

നെയ്യാറിൻകരയ്ക്കു് ഏതാനും മൈൽ തെക്കുകിഴക്കു സ്ഥിതിചെയ്യുന്ന പാറശ്ശാലയിൽ ഒരു ചെറിയ നഗരവും ഒരു ഉറപ്പുരയും സ്ഥാപിച്ചതും തിരുവനന്തപുരത്തുനിന്നു പദ്മനാഭപുരത്തേക്കുള്ള രാജപാതയ്ക്കു വീതികൂട്ടിയതും ഈ മല്ലൻ ചെമ്പകരാമൻപിള്ളയായിരുന്നു.

952-ൽ ഡിലനായി മരിച്ചുപോയതു തിരുവിതാംകോട്ടേക്കു് ഒരു വലിയ നഷ്ടമായിരുന്നു. അദ്ദേഹത്തിന്റെ മൃതശരീരം ഉദയഗിരിയിലെ പള്ളിയിൽ ബഹുമാനപൂർവ്വം സംസ്കരിക്കപ്പെട്ടു. അദ്ദേഹത്തിന്റെ ശവകുടീരത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു;—"പഥികരേ! നില്ലുക. 37 കൊല്ലത്തോളം വഞ്ചിമഹാരാജാവിനെ വിശ്വാസപൂർവ്വം സേവിച്ചു സപ്തജ്ഞലി

ത്താൽ കായംകുളം മുതല്ലുള്ള കൊച്ചിവരെയുള്ള രാജാക്കന്മാ തന്റെ സ്വാമിക്കു സ്വാധീനപ്പെടുത്തിക്കൊടുത്ത വേണാട്ടു സൈ സേനാപതിയായ യൂസ്റ്റേഷ്യസ് ബെനിഡിക്ടസ് ഡിലനായി ഇതാ ഇവിടെ ശയിക്കുന്നു."

955-ൽ ഗോപാലയ്യൻ മരിക്കയാൽ വലിയ സർവ്വാധി കല്ലൻ ചെമ്പകരാമൻപിള്ള ദളവയായി നിയമിക്കപ്പെട്ടു. എന്നാൽ അദ്ദേഹവും കരുകൊല്ലും കഴിഞ്ഞപ്പോൾ പരലോകം പ്രാപിച്ചു. അദ്ദേഹത്തിനുശേഷം ദളവാപദം പ്രാപിച്ച വടി വീശ്വരം സുബ്രഹ്മണ്യയ്യനും കഷ്ടിച്ചു കരുകൊല്ലുമേ ജീവിച്ചിരു ന്നുള്ളു. പിന്നീടു ദളവയായതു് നാഗർകോവിൽ രാമയ്യനായി രുന്നു. അദ്ദേഹം തീരെ കാര്യശേഷിയില്ലാത്തവനും ദുർബ്ബല ചിത്തനും ആയിരുന്നതിനാൽ, രാജ്യകാര്യങ്ങൾ നോക്കിവന്നതു് വലിയസർവ്വാധി ചെമ്പകരാമൻപിള്ളയായിരുന്നു. ഈ ചെമ്പ കരാമൻപിള്ള ഭരണകുശലനും രാജ്യക്ഷേമതൽപ്പരനും ആയിരു ന്നതുകൊണ്ടു്, നാട്ടിനും പ്രജകൾക്കും ഗുണപ്രദങ്ങളായ പല പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തി. അവയിൽ എല്ലാവിധ ത്തിലും പ്രധാനമായുള്ളതു് കോതയാറിനു കുറുകേ പണികഴി പ്പിച്ചു കരിങ്കല്ലണയാണു്. അതിന്റെ അവശിഷ്ടങ്ങൾ ഇപ്പോഴും കാണ്മാനുണ്ടു്.

ഹൈദരുടെ രണ്ടാമത്തെ ആക്രമണം.

949-ാമാണ്ടു് ഹൈദരാലി വീണ്ടും മലയാളനാട്ടിൽ പ്രവേ ശിച്ചു കൊള്ള ചെയ്തുതുടങ്ങി. കോഴിക്കോട്ടു സാമൂതിരി ഹൈ ദർക്കു് അടയ്ക്കാനുണ്ടായിരുന്ന കപ്പത്തിൽ ഒരു പൈസപോലും കൊടുക്കാറുണ്ടായിരുന്നില്ല. ഇതായിരുന്നു രണ്ടാമത്തെ ആക്രമ ണത്തിനുള്ള കാരണം. മൈസൂർ സേനാപതി തന്നെ ആക്രമി ക്കാനായി പാലക്കാട്ടുചേരിക്കു പുറപ്പെട്ടിരിക്കുന്നു എന്നു കേട്ട മാത്രയിൽ സാമൂതിരി മയ്യഴിയിലെ ഫ്രഞ്ചുഗവണ്മേക്കുണ്ടു് അവരുമായി ഒരു കരാറു ചെയ്തു. സാമൂതിരിയും രാജ്യവും പ്രജ കളും ഫ്രാൻസിലെ രാജാവിനു് അധീനപ്പെട്ടിരിക്കാമെന്നും അ തിനു പ്രതിഫലമായി ഫ്രഞ്ചുകാർ അദ്ദേഹത്തിനെ ശത്രുക്കളിൽ

നിന്നു രക്ഷിക്കണമെന്നും അയിരുന്നു വിശ്വയം. ഉടൻതന്നെ ഗവണ്ണരായ ഡൂപ്രാസായ്പ് കോഴിക്കോട്ടേക്കു പുറപ്പെട്ടു, ആ നഗരത്തിൽ ഫ്രാൻസിലെ കൊടികൾ പറത്തി. ഹൈദരുടെ സേനാനായകൻ അവിടെ എത്തിയപ്പോൾ, സാമൂതിരിപ്പാട്ടിലെ രാജ്യം ഫ്രാൻസിലെ രാജാവിന്റെ വകയാണെന്നു ഡൂപ്ലാ അറിവിച്ചുവെങ്കിലും, അയാൾ വകവച്ചതേയില്ല. ഒരു കൂടിക്കാഴ്ച നടത്തിയാൽ വല്ലതും ഫലിച്ചേക്കുമോ എന്നു സംശയിച്ചു, അതും നോക്കി. നവാബിന്റെ സൈന്യം കോഴിക്കോട്ടെത്തിയപ്പോൾ അവിടം വിട്ടു പൊയ്ക്കൊള്ളണമെന്നു സേനാപതി പറകയാൽ സായ്പും കൂട്ടരും ഇങ്ങോട്ടുവന്ന കപ്പലിൽതന്നെ മംഗലാപുരത്തിലേക്കു മടങ്ങി.

സാമൂതിരിക്കു നില്പുക്കള്ളിയില്ലാതായി; ഇനി ഡച്ചുകാരുടെ സഹായം അഭ്യർത്ഥിച്ചാലോ? എന്നായി വിചാരം. അവരാകട്ടെ ഹൈദർ എന്നു കേൾക്കുന്നമാത്രയിൽ വിറപൂണ്ടുകൊണ്ടിരിക്കയായിരുന്നതിനാൽ, അതും പ്രയോജനമില്ലെന്നു പൂർണ്ണമായ്ക്കൊണ്ടതിരി കണ്ടു. ഒടുവിൽ ആശ്രിതകല്പതരുവായ നമ്മുടെ പൊന്നുതമ്പുരാനെ അഭയം പ്രാപിക്കതന്നെ വേണം എന്നു നിശ്ചയിച്ചു അദ്ദേഹം ബന്ധുമിത്രാദികളോടുകൂടി തിരുവനന്തപുരത്തു വന്നുചേർന്നു. ധർമ്മരാജാവുണ്ടോ അഭയം പ്രാപിച്ചുവരെ രക്ഷിക്കാൻ മടിക്കുന്നു? അദ്ദേഹം ആകട്ടെ സാമൂതിരികുടുംബത്തെ സ്വന്ത ചെലവിൽ കുന്നത്തൂർ താമസിപ്പിച്ചു ഹൈദരുടെ അപ്രീതി സമ്പാദിച്ചു.

ഹൈദർ പിന്നീടു കൊച്ചിയുടെ നേർക്കു തിരിഞ്ഞു. രണ്ടു ലക്ഷം രൂപയും കൂറേ ആനകളും അയച്ചുകൊടുക്കണമെന്നു അയാൾ കൊച്ചീത്തമ്പുരാനോടു നിർബ്ബന്ധിച്ചു. തമ്പുരാനാകട്ടെ നമ്മുടെ തമ്പുരാനോടു ആലോചിച്ചതിന്റെ ശേഷം, താമസിയാതെ അയച്ചുകൊടുക്കാമെന്നു സമാധാനം പറഞ്ഞയച്ചു. അങ്ങനെ ചെയ്താൽ ഹൈദർ കോഴിക്കോടുവിട്ടു തെക്കോട്ടു കടക്കയില്ലെന്നായിരുന്നു മഹാരാജാവു വിചാരിച്ചത്. അതുകൊണ്ടു കൊച്ചിക്കു ആവശ്യമുള്ള പണം അദ്ദേഹം കടം കൊടുക്കുകൂടി ചെയ്തു. കൊച്ചിയിലെ ഒരു ഗ്രന്ഥവരിയിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു:—

"നെടുവിരിപ്പിൽ സ്വരൂപത്തിങ്കൽനിന്നും ബലേന രാജ്യം സ്വാധീനമാക്കി നടന്നുവരികകൊണ്ടു് രൂൻ-മാണ്ടിൽ നവാബിന്റെ കല്പനയ്ക്കു ശ്രീനിവാസരായരും പാളയവും വന്നു നെടുവിരിപ്പുരാജ്യം ഒതുങ്ങുകയും ചെയ്തു. അതിനോടുകൂടെ വള്ളുവനാടുകരം, വെട്ടത്തുനാടു്, കോട്ടയം, കടത്തനാടു്, കോലത്തുനാടു് ഉൾപ്പെട്ട രാജ്യം പെരുമ്പടപ്പുരാജ്യത്തിനു വടക്കുപുറം ഒക്കയും നവാബു് ഒതുക്കയും ചെയ്തു. പടച്ചെലവിനായിട്ടു് എതാനും ദ്രവ്യം തന്നുകൊള്ളണമെന്നു ശ്രീനിവാസരായരുടെ ഞെരുക്കമുണ്ടാകകൊണ്ടും നവാബിന്റെ പരവാന എഴുതിവരികകൊണ്ടും അതു് അനുസരിയാഞ്ഞാൽ രാജ്യം ഒതുക്കും എന്നു നിശ്ചയിക്കകൊണ്ടും അതു് അനുസരിച്ചു് ഫ,00,000 ഇക്കേരി വരാഹൻ കൊടുക്ക എന്നുവച്ചു നെടുങ്കോട്ടവെട്ടിയതിനു വടക്കുപുറത്തുള്ള രാജ്യത്തു് ഒരുപറക്കണ്ടത്തിനു രണ്ടുപണം പുഴയത്തും തെക്കുപുറത്തുള്ള രാജ്യത്തു ഒരുപറക്കണ്ടത്തിനു് ആറു പുത്തനും വരിനിട്ടു് എടുത്തു. പോരാത്ത മുതൽ പണ്ടാരവകയിൽനിന്നും ഉണ്ടാക്കി ലക്ഷം വരാഹൻ കൊടുക്കയും ചെയ്തു."

അനന്തരം ഹൈദർ ഒരുലക്ഷം വരാഹനും രണ്ടു ആനകളും കിട്ടണമെന്നു് ഒരു 'പരവാന'* കൊടുങ്ങല്ലൂർ രാജാവിനു് അയച്ചു. ഡച്ചുകാർ തന്നുരാനുവേണ്ടി വളരെ ശക്തിപൂർവം വാദിച്ചുനോക്കി; ഫലം ഉണ്ടായില്ലെന്നേയുള്ളു. മൈസൂർ സേനാനായകൻ കൊച്ചിയിൽകൂടിക്കടന്നു ചേറുവാപ്പുഴയുടെ മുകരയിൽ പാളയം അടിച്ചുകഴിഞ്ഞു. ആ സൈന്യത്തിന്റെ ഒരു വിഭാഗം കൊടുങ്ങല്ലൂർ എത്തിയപ്പോൾ രണ്ടു ഗഡുക്കളിലായി അരലക്ഷം വരാഹൻ കൊടുത്തുകൊള്ളാമെന്നു ചീട്ടു് എഴുതിക്കൊടുത്തു രാജാവു് രക്ഷപ്പെട്ടു.

ഇതുയും ആയപ്പോൾ ഡച്ചുകാരും ഹൈദരെ മുഷിപ്പിക്കാതിരിക്കാൻ യത്നങ്ങൾ ചെയ്തുതുടങ്ങി. എതാനും ആനകളും കുറെ വലിയ തോക്കുകളും മറ്റും അവർ നാഗപട്ടണത്തേക്കു് അയച്ചുകൊടുത്തു. എന്നാൽ അതിനോടുകൂടി ഹൈദരെ എതിർക്കുന്നതിനു തിരുവിതാംകൂറിന്റേയും കൊച്ചിയുടെയും സഹകര

---

* Firman.

ണത്തെ ശ്രദ്ധമായി അഭ്യർത്ഥിക്കാതിരുന്നില്ല. അതിനു തിരുവി താംകൂർ മഹാരാജാവു കല്പിച്ചയച്ച മറുപടി അവിടത്തെ ധർമ്മ നിഷ്ഠയെ മുഖ്യാഭിഷിക്തോദാഹരണമായി വിളങ്ങുന്നു. തിരുമ നസ്സുകൊണ്ടു് ആർക്കാട്ടിലെ നവാബിനോടും ഇംഗ്ലീഷ് ഈസ്റ്റി ൻഡ്യാ കമ്പനിയോടും കരാറുചെയ്തുകഴിഞ്ഞിട്ടുള്ളതിനാൽ, തൽ ക്കാലരക്ഷയ്ക്കുവേണ്ടി മാത്രം ഒരു കരാറു ചെയ്യാനല്ലാതെ ഡച്ചു കാരോടു ശാശ്വതസന്ധിക്കു തയാറില്ലെന്നായിരുന്നു അദ്ദേഹ ത്തിന്റെ മറുപടി. അതനുസരിച്ചു് അദ്ദേഹം വടക്കൻ കോട്ട കളെ പൂർവ്വാധികം ബലപ്പെടുത്തുകയും കൂടുതൽ സൈന്യത്തെ അവിടെ നിർത്തുകയും ചെയ്തു. അചിരേണ ഒരു ഡച്ചുസൈന്യ മെത്തുകയാൽ മൈസൂർസൈന്യത്തിന്റെ തെക്കോ ട്ടുള്ള ഗതി നിരോധിക്കപ്പെട്ടു. കൊടുങ്ങല്ലൂർ ഹൈദർക്കു് അധീ നമായതുകൊണ്ടു ഡച്ചുകാർ കൊടുങ്ങല്ലൂർ രാജാവിന്റെ കൊ ട്ടാരം മുതലായവ പിടിച്ചെടുത്തശേഷം മൈസൂർസേനയെ പുറ കോട്ടു തള്ളി.

ഇതിനിടയ്ക്കു ഹൈദരുടെ ആക്രമങ്ങളെപ്പറ്റി, മഹാരാ ജാവു് ആർക്കാട്ടിലെ നവാബിനും മദ്രാസ് ഗവണ്മെൻറിനും സവിസ്തരം എഴുതിയയച്ചതുകൊണ്ടു് അയാളുടെ വർദ്ധിച്ചുവരുന്ന ശക്തിയെ നിശ്ശേഷം നശിപ്പിക്കുന്നതിനു് അവർ നിശ്ചയിച്ചു. പിന്നീടുണ്ടായ യുദ്ധങ്ങളിൽ തിരുവിതാംകൂർ സൈന്യം ഇംഗ്ലീ ഷ് ശിപായികളോടു ചേർന്നു കോഴിക്കോട്ടു്, പാലക്കാടു്, തിരു നെൽവേലി മുതലായ ദിക്കുകളിലെല്ലാം വച്ചു് ഹൈദരെ എതി ർത്തു സധൈര്യം പോരാടി. യുദ്ധമധ്യേ 957-ൽ ഹൈദർ മര ണംപ്രാപിച്ചുവെങ്കിലും രണ്ടുകൊല്ലത്തേക്കുകൂടി മൈസൂർക്കാരു ടെ സമരോത്സുക നിലനിന്നു. ഡിലനായി 952-ൽ ഉദയഗിരി ക്കോട്ടയിൽവച്ചു മരിച്ചുപോയതുനിമിത്തം വലിയസവ്വാധിക്കായ്ക്കാരും സുബ്ബതി കേശവപിള്ളയും മറുമാണു് തിരുവിതാംകൂർ ടേന്മാരെ നയിച്ചതു്. വഞ്ചി സൈന്യത്തിന്റെ യുദ്ധകൌശ ലത്തെപ്പറ്റി അന്നത്തെ ഇംഗ്ലീഷ് സേനാപതികൾ വളരെ പ്ര ശംസിച്ചിട്ടുണ്ടു്.

959-ൽ മൈസൂരുമായി വീണ്ടും ഒരു സമാധാന ഉടമ്പടി ഉണ്ടായപ്പോൾ കമ്പനിക്കാർ നമ്മുടെ ധർമ്മരാജാവു ചെയ്തുകൊ

ടുത്ത സെഴഫാട്ട്പൂവ്മായ സഫായസഫകരണങ്ങളെ വിസ്മരിച്ചുകളഞ്ഞില്ല.

ഹൈദരാലി മലയാളനാട്ടിൽ വരുത്തിയ നാശങ്ങൾക്ക് കൈയും കണക്കുമില്ല. എന്നാൽ തിരുവിതാംകൂറിനു പണച്ചെലവല്ലാതെ മറു സങ്കടങ്ങൾ ഒന്നും നേരിടാൻ ഇടയായില്ല.

വടക്കുംനാഥദേവസ്വം ഗ്രന്ഥവരിയിൽ ഇങ്ങനെ കാണുന്നു—

"൯൫൨-ാമാണ്ടു കന്നിമാസം ന-ാംന- നബാബിന്റെ പാളയം തൃശ്ശിവപേരൂക്ക് കടക്കത്തക്കവണ്ണം നിശ്ചയിച്ചു് നടുവിലേമഠത്തിൽ നെന്മേനി തിരുമുമ്പീന്നും ദോഷം ഉണ്ടായിട്ടുള്ള അളുപാളയത്തിൽ പാത്തിരുന്നു. അ- തിരുമുമ്പീന്നും വാഴംക്കാരും അരിക്കാരു പട്ടന്മാരുംകൂടി ന-ാംന- ഉച്ചതിരിഞ്ഞു് അയ്യടി അകമ്പോൾ തൃശ്ശിവപേരൂക്ക് വന്നു നാലു ഗോപുരങ്ങളിലും മഠങ്ങളിലും പാത്തതിന്റെ ശേഷം അന്നു് അസ്തമിച്ചു് എന്ത്രാന്തിരീമാരും ശേഷമുള്ള അളുകളും കൂടി ശ്രീകോവിലും നടകളും അടച്ചുപൂട്ടി താക്കോലും കൊണ്ടുചെന്നു മങ്ങലത്തേക്കു വാങ്ങുകയും ചെയ്തു. എന്നതിന്റെ ശേഷം പെരുമ്പടപ്പിൽ സ്വരൂപത്തിങ്കൽ നബാബിന്റെ പട്ടണത്തിലേക്കു് അളയച്ചു് ലക്ഷം വരാഹൻ കൂപ്പം കൊടുക്കത്തക്കവണ്ണം നിശ്ചയിച്ചു് അരിക്കാരു പട്ടന്മാരെയും കൂട്ടിക്കൊണ്ടുവന്നു് തെക്കേഗോപുരത്തിങ്കൽ പറമ്പിലും പട്ടിണിപ്പുറമ്പിലും കോവിലകത്തും ഇട്ടിരുന്ന പാളയം പൊളിപ്പിച്ചു് കന്നിമാസം ൨൫-ാംന- ഫാവക്കാട്ടിലേക്കു പോകയും ചെയ്തു."

ഹൈദരുടെ സൈന്യം ക്ഷേത്രത്തിൽ കടക്കുകയാകട്ടെ അവിടത്തെ സാമാനങ്ങളെ അപഹരിക്കയാകട്ടെ ചെയ്തില്ലെന്നു് ഈ രേഖയിൽനിന്നു തെളിയുന്നുണ്ടു്. അയാൾക്കു് എങ്ങനെയും പണം സമ്പാദിക്കണമെന്നേ അത്യാഗ്രഹമുണ്ടായിരുന്നുള്ളു. അതിനാൽ കൂപ്പം പിരിക്കുന്ന വിഷയത്തിലാണു് കൂടുതൽ നിഷ്കർഷിച്ചുവന്നതു്. കോഴിക്കോട്ടു നായന്മാരെ അമർച്ച ചെയ്യുന്നതിനുള്ള പടച്ചെലവിലേക്കുപോലും കൊടുങ്ങല്ലൂരിലെയും കൊച്ചിയിലെയും രാജാക്കന്മാർ പണംകൊടുപ്പാൻ നിർബ്ബന്ധിതരായി.

ഹൈദർ തന്നുടാക്കന്മാരുമായി നടത്തിയ എഴുത്തുകുത്തുകളിൽ നിന്നു് അയാൾക്കു പണം സമ്പാദിച്ചു തന്റെ പുതിയ രാജ്യം ശത്തെ നല്ലപോലെ ഉറപ്പിക്കണമെന്നേ അഗ്രഹമുണ്ടായിരുന്നുള്ളുവെന്നു വ്യക്തമാകുന്നു. ഹിന്ദുക്കളോടു വിദ്വേഷമോ ക്ഷേത്ര ധ്വംസനാസക്തിയോ അയാൾ പ്രകടിപ്പിച്ചിരുന്നില്ല. അയാളുടെ പുത്രനായ ടിപ്പുവാകട്ടെ സ്വപിതാവിന്റെ നയകൌശലം തീരെ ഇല്ലാത്ത ആളായിരുന്നതിനാൽ അചിരേണ തന്റെ വംശത്തിന്റെ അധഃപതനത്തിനു കാരണഭൂതനായിത്തീർന്നു.

ഹൈദരുമായി മലയാളത്തിലെ രാജാക്കന്മാർ യുദ്ധത്തിൽ ഏർപ്പെടാൻ ഇടയായതു ഡച്ചുകാരുടെ ശക്തിക്ഷയത്തിനു കാരണമായ് ഭവിച്ചു. ഈവർ അങ്ങുമിങ്ങും തൊടാതെ നിന്നതുനിമിത്തം ഇരുകൂട്ടരുടേയും അപ്രീതിക്കു പാത്രമായതിൽ അത്ഭുതപ്പെടാനില്ല. നേരേ മറിച്ചു് ഇംഗ്ലീഷുകാരുടെ വിജൃംഭണം മലയാളികളുടെ ശ്രദ്ധയെ സവിശേഷം ആകർഷിക്കുകയും ചെയ്തു.

തിരുവിതാംകൂർ ഇംഗ്ലീഷുകാരുമായി സഖ്യം ചെയ്തതു തങ്ങളുടെ ശക്തിക്കു ബാധകമായിത്തീർന്നേക്കുമെന്നു ഡച്ചുകാർ ശങ്കിച്ചു. കൊച്ചീരാജാവും തിരുവിതാംകൂറിനോടു് ആലോചിക്കാതെയൊതൊന്നും പ്രവർത്തിക്കയില്ലെന്നു കണ്ടപ്പോൾ അവർ വല്ലാതെ പരിഭ്രമിച്ചു. പരമാർത്ഥത്തിൽ കൊച്ചി ഭരിച്ചിരുന്നതു തിരുവിതാംകൂർ മഹാരാജാവായിരുന്നു എന്നു് അന്നത്തെ ഡച്ചുഗവർണ്ണർ ബത്തേവിയായിലേക്കു് എഴുതിക്കാണുന്നു. ഇതെല്ലാംകൊണ്ടു തന്റെ കീഴിൽ ഒരു നല്ല സൈന്യം ഉണ്ടായിരുന്നെങ്കിൽ മൂൺസ് തീർച്ചയായും ഹൈദരുടെ സഹായത്തിനു പരസ്യമായി പുറപ്പെടുമായിരുന്നു. അതിനു നിവൃത്തിയില്ലായ്കയാൽ അയാൾ തിരുവിതാംകൂറിന്റെ യുദ്ധോദ്യമങ്ങൾക്കു പ്രതിബന്ധം ഉണ്ടാക്കിക്കൊണ്ടിരുന്നതേയുള്ളു. അതിനിടയ്ക്കു് അയാൾ ഹൈദരുമായി സഖ്യം ചെയ്യുന്നതിനുള്ള ശ്രമങ്ങൾ ചെയ്തുകൊണ്ടിരുന്നു. എന്നാൽ അങ്ങനെ ഒരു സഖ്യത്തിനു ഹൈദർ തയ്യാറുണ്ടായിരുന്നില്ലെന്നു മാത്രമല്ല അവസരം കിട്ടിയാലുടൻ തന്നെ ഡച്ചുകാരുടെ നേർക്കു പുറപ്പെടുന്നതാണെന്നു് അയാളെ അറിയിക്കുകൂടി ചെയ്തപ്പോൾ തിരുവിതാംകൂറിനു ചില ചില്ലറ സഹായ

ങ്ങർം ചെയ്തകൊടുത്തു. എന്നാൽ ഇതിനിടയ്ക്കു മലയാളികൾക്കു അവരിലുണ്ടായിരുന്ന വിശ്വാസം പാടേ നശിച്ചുപോയി.

മൂൺസിനൊത്തുടൻ കൊച്ചീഗവണ്മെന്റായിവന്ന വാൻഅംഗൽബേക്കും മൈസൂറിന്റെ പ്രീതി സമ്പാടിക്കാൻ ശ്രമിച്ചു. 957-ാമാണ്ടു് മഹാരാജാവു് കൊച്ചീത്തമ്പുരാന്റെ അനുമതിയോടുകൂടി പള്ളിപ്പുറത്തു വാട നന്നാക്കി ബലപ്പെടുത്താൻ ഏർപ്പാടുചെയ്തപ്പോൾ അംഗൽബേക്കു് പെരുമ്പടപ്പു തമ്പുരാനു് അയച്ച കത്തിൽനിന്നു് അയാളുടെ മനോഭാവം വ്യക്തമാകുന്നു.

"പെരുമ്പടപ്പു സപ്തരുപത്തു മൂത്തരാജാവു തിരുവുള്ളത്തിൽ ഏറേറണ്ടും അവസ്ഥ എന്തെന്നാൽ — ഏതാനും പടയാളികളും വേലക്കാരും വേണ്ടുന്ന കോപ്പുകളും കൊണ്ടു പള്ളിപ്പുറത്തു വാടയിൽ അയച്ചു് അവിടെ കല്ലുകൊണ്ടു് ഒരു വാട പണിയത്തക്കവണ്ണവും ചെറുതായിട്ടു് ഒരു കോട്ട കല്ലുകൊണ്ടു് തീക്കത്തക്കവണ്ണവും തുപ്പാട്ടിസപ്തരുപം കല്പിച്ചെന്നുള്ളപ്രകാരം നാം വിസ്മയത്തോടെ കേൾക്കയും ചെയ്തു. അയതു അങ്ങുന്നു് ഉടനെതന്നെ ഇങ്ങോട്ടു അറിയിക്കാതെ ഉപേക്ഷിച്ചതു് എന്തൊരു ഹേതുവെന്നു നമുക്കു് ഗ്രഹിച്ചുകൂടാ. ആ രാജാവിനു് അവിടേക്കു് ഒരു ചോദ്യവുമില്ലല്ലോ. അങ്ങുന്നും ബഹുമാനപ്പെട്ട കുമ്പഞ്ഞിയുടെ ബന്ധുവല്ലോ ആകുന്നതു്. കുമ്പഞ്ഞിയുമായുള്ള ചേർച്ചയ്ക്കു് ഉടനെതന്നെ ഈ അവസ്ഥ ഇങ്ങോട്ടേക്കു് അറിയിക്കയല്ലോ വേണ്ടിയതു്. അവിടെ കല്ലുകൊണ്ടു വാട പണിയിക്കയും കോട്ടകൂടി തീർപ്പിക്കയും ചെയ്യുന്നതിനു കുമ്പഞ്ഞി ഒരുനാളും സമ്മതിക്കയില്ല എന്നു് അങ്ങേക്കു വഴിയെ ധാരണയുണ്ടല്ലോ. അയതുകൊണ്ടു് അഴിക്കോടും കൊടുങ്ങല്ലൂരും ഇവിടെനിന്നുള്ള സഞ്ചാരം മുടക്കി എന്നല്ലോ വന്നതു്. എന്നാലീവണ്ണം തുപ്പാട്ടിസപ്തരുപം ചെയ്യുന്ന പ്രവൃത്തികൾ സമ്മതിക്കാതെകണ്ടു് വഴിയെ വിലക്കത്തക്കവണ്ണം നാം ഇപ്പോൾ അങ്ങയോടു് അപേക്ഷിക്കയാകുന്നു. അയതു ബഹുമാനപ്പെട്ട കുമ്പഞ്ഞിയുടെ നാമത്താലെ അങ്ങോട്ടേയ്ക്കു് അപേക്ഷിക്കയും ഈവണ്ണമുള്ള പ്രവൃത്തികൾ ഹേതുവായിട്ടു് ഏറിയോരനർത്ഥങ്ങൾ മുതിർവതുവാൻ സംഗതി ആകുന്നു. തിരുവായുസ്സു് വർദ്ധിച്ചിരിക്ക — എന്നാലിതു

കൊച്ചീകോട്ടയിന്ന നവംബർമാസം 10-ാംന- 1782-ാമത് എഴുതിയത്."

കൊച്ചീത്തമ്പുരാൻ ഈ എഴുത്തിന് ഉചിതമായ ഒരു മറുവടി അയച്ചുകൊടുത്തു. എന്നാൽ അതുകൊണ്ട് അയാൾക്കു തൃപ്തിയായില്ല. അതിനാൽ രണ്ടാമത് അയച്ച എഴുത്തിൽ അയാൾ ഇങ്ങനെ വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു.

* * * *

"ഇപ്പോൾ ഇങ്കിരിയേസ്സുമായിട്ടുള്ള പടക്കാലത്ത് ഒരു വിരോധവും തടവുമില്ലാത്ത വഴി കൊച്ചീന്ന മുനമ്പത്തും കൊടുങ്ങല്ലൂരും ഉണ്ടാകയല്ലോ വേണ്ടുന്നത്. അതുകൊണ്ട് ആ വാട ഉറപ്പിക്കുന്നതും മണ്ണുകൊണ്ടു കെട്ടിത്തീക്കുന്നതും നമുക്കു സമ്മതിച്ചുകൂടാ. അതുകൂടാതെകണ്ട് ആ വാട ഇടിഞ്ഞു നാനാവിധമായി കിടക്കുന്നു എന്നു പറയുന്നതു നേരല്ല. കഴിഞ്ഞ തിങ്കളാഴ്ച നാംതന്നെ പോയിക്കണ്ടിട്ട് അതു നന്നാക്കണമെന്നു് ആവശ്യമില്ല. അതുകൂടാതെ കണ്ട് തുപ്പാപ്പിസായ്പുപത്തിങ്കേന്ന നമ്മുടെ ശത്രുവായിട്ടു ഭൂമിയിൽ എല്ലാവെടത്തും പരമ്പോധമായല്ലോ. അതുകൊണ്ട് ആ രാജാവിനെ നമുക്കു് വിശ്വസിച്ചുകൂടാ. ആ വാട ഉറപ്പിക്കത്തക്കവണ്ണം വല്ലതും തുടങ്ങിയാൽ ബലത്തോടുംകൂടെ നാം മുടക്കുകയും ചെയ്യും.

* * * *

എന്നാലിത കൊച്ചീകോട്ടയിന്ന നവംബർ മാസം 14-ാംന- 1782-ാമതു എഴുത്തു് ജേ. ജീ. ആംഗൽബെക്ക് (ഒപ്പ്)."

ടിപ്പുസുൽത്താൻ രാജ്യഭാരം ഏറ്റപ്പോൾ ഡച്ചുകാർ അയാളുടെ പക്ഷത്തു പരസ്യമായി ചേർന്നുവെങ്കിലും മംഗലപുരത്തെ ഉടമ്പടിക്കുശേഷം അയാളെ ശങ്കിച്ചുതുടങ്ങി. അയാൾ ഇംഗ്ലീഷുകാരുടെ മിത്രമായി വർത്തിച്ചേക്കുമോ എന്നായിരുന്നു അവരുടെ പേടി. അതുകൊണ്ട് അവർ വീണ്ടും കൊച്ചീത്തമ്പുരാന്റെ സേവയ്ക്ക് ഒരുങ്ങി. ഇങ്ങനെ ആയിരുന്നു ഡച്ചുകാരുടെ നില.

മംഗലപുരത്തുവച്ചു നടന്ന ഉടമ്പടി ടിപ്പുവുമായുള്ള യുദ്ധത്തെ അവസാനിപ്പിച്ചുവെങ്കിലും, അതു് അയാളുടെ രാഷ്ട്രീയത്തെ കൂടുതൽ ബലപ്പെടുത്തുവാൻ സഹായിക്കയാണു് ചെയ്തത്.

അടുത്തുതന്നെ ഒരു കലഹം ഉണ്ടാകുന്നതിനുള്ള ഒ
ന്തർഭവിച്ചിരുന്നു. എന്തുകൊണ്ടെന്നാൽ ഉ
ത്തിന്റെ മേൽക്കോയ്മ ടിപ്പുസുൽത്താനെന്നേ
യാൽ ഇംഗ്ലീഷുകാർ സമ്മതിച്ചുകഴിഞ്ഞു. കുറുങ്കോട്ട
നാടു മാത്രമേ ഇംഗ്ലീഷുകാർ വിട്ടുകൊടുക്കാതിരുന്നുള്ളു.

9൬൭-ൽ മഹാരാജാവു തിരുമനസ്സുകൊണ്ടു തിരുവി
റിന്റെ തെക്കും കിഴക്കും സ്ഥിതിചെയ്യുന്ന ദേശങ്ങളെ തൃക്ക
പാർത്തു, അവിടങ്ങളിലെ ഭരണസമ്പ്രദായങ്ങളെ നേരിട്ടു അറി
യുന്നതിനും തീർത്ഥസ്ഥലങ്ങളെ സന്ദർശിക്കുന്നതിനുമായി മധുര,
തിരുനെൽവേലി മുതലായ ദിക്കുകളിൽക്കൂടി രാമേശ്വരത്തേക്കു
എഴുന്നള്ളി. ആ പ്രദേശങ്ങൾ തന്റെ മിത്രമായ ആർക്കാടു നവാ
ബിന്റെ കീഴിലായിരുന്നുവെങ്കിലും, ഭരണം നടത്തിവന്നതു
പഴയ പട്ടക്കാർ എന്നു വിളിക്കപ്പെട്ടുവന്ന ഏതദ്ദേശീയ പ്രമാ
ണികളായിരുന്നു. അവർ പ്രായേണ അക്രമികളും കൊള്ളക്കാരുമാ
യിരുന്നതുകൊണ്ടു ആത്മരക്ഷാർത്ഥം ഈസ്റ്റിൻഡ്യാകമ്പനിയുടെ
ഏതാനും ശിപായികളേയും നവാബിന്റെ ചില പ്രധാനപ്പെട്ട
ഉദ്യോഗസ്ഥന്മാരെയും അവിടുന്നുകൂടെ കൊണ്ടുപോയിരുന്നു.
പെരുസ്ഥരാജാക്കന്മാരുടെ എഴുന്നള്ളത്തിനുള്ള സകല ആഡംബ
രങ്ങളോടുംകൂടിയത്രേ തിരുമനസ്സുകൊണ്ടു യാത്രചെയ്തതു. അതാതു
ദിക്കുകളിൽ ഉള്ള ജനങ്ങളൊക്കെയും ധർമ്മരാജാവിന്റെ എഴുന്ന
ള്ളത്തു കൺകുളിക്കേ കണ്ടു ആനന്ദിച്ചു. അവിടങ്ങളിലുള്ള ജല
സേചനപദ്ധതികളേയും ഗതാഗതമാർഗ്ഗങ്ങളേയും പാലങ്ങളേയും
പഥികാശ്രമങ്ങളേയും മറ്റും അദ്ദേഹം സശ്രദ്ധം പരിശോധി
ച്ചു. അവിടുന്നു പിൽക്കാലത്തു നടപ്പിൽവരുത്തിയ പരിഷ്കാര
ങ്ങളിൽ മിക്കവയും ഈ യാത്രയുടെ ഫലങ്ങളായിരുന്നു.

തിരുമനസ്സുകൊണ്ടു സസുഖം രാമേശ്വരത്തു് എത്തി തീർത്ഥ
സ്നാനാദികർമ്മം യഥോചിതം നിർവ്വഹിച്ചു. അവിടെവച്ചു് കണ
ക്കില്ലാതെ ദ്രവ്യം ദാനധർമ്മാദികർമ്മങ്ങൾക്കായി ചെലവിടുകയാൽ,
ധർമ്മരാജാവെന്ന പ്രസിദ്ധി അദ്ദേഹത്തിനുണ്ടായി.

അവിടുന്നു തിരിച്ചെഴുന്നള്ളിയ ഉടനെതന്നെ രാജ്യക്ഷേമ
കരങ്ങളായ കാര്യങ്ങളിൽ ഏർപ്പെട്ടു. തെക്കൻതിരുവിതാംകൂറി

ല്ലാത്തെ പരിഹരിക്കാനായി അവിടുന്നു പല അണകെട്ടിച്ചു; തോവാളമുതലുള്ള പറവൂർവരെയുള്ള ജലപാതയെ പരിഷ്കരിപ്പിച്ചു; ചില ദിക്കുകളിൽ പുതിയ കനാലുകളും പാലങ്ങളും സത്രങ്ങളും പണികഴിപ്പിച്ചു; അഞ്ചൽ പാട്ട കാലോചിതമായി പുതുക്കി.

ഇക്കാലത്തു തിരുവിതാംകൂർ അയൽ രാജ്യക്കാർക്ക് അസൂയാജനകമായ വിധത്തിൽ ഐശ്വര്യസമൃദ്ധമായിത്തീർന്നു. ജനങ്ങൾ കച്ചവടത്തിലും കൃഷിയിലും വളരെപ്പട്ട സമാധാനപൂർവം ജീവിച്ചു. കള്ളന്മാരുടെ ഉപദ്രവം നാട്ടിൽ ഉണ്ടാവാതെ ഇരിപ്പാനായി എല്ലാ ഗ്രാമങ്ങളിലും നാടുകാവൽക്കാരെ ഏർപ്പെടുത്തിയിരുന്നതു നിമിത്തം ജനങ്ങളുടെ വസ്തുവകകൾ സുരക്ഷിതങ്ങളായി.

961-ൽ തിരുമനസ്സിലേക്ക് അത്യന്തദുഃഖകരമായ ഒരു സംഭവം നേരിട്ടു. അവിട്ടത്തെ അനുജനായ മകയിരംതിരുനാൾ തമ്പുരാൻ നാടുനീങ്ങി. ആ തമ്പുരാൻ ഇന്ദ്രജാലത്തിലും ചെപ്പടിവിദ്യയിലും അതിനിപുണനായിരുന്നുവെന്നും, ഒരിക്കൽ അവയിൽ അദ്വിതീയനായ തിരുനെൽവേലി പീതാംബരയ്യരെ തോല്പിച്ചുവെന്നും ഐതിഹ്യമുണ്ട്. രണ്ടരക്കൊല്ലം കഴിഞ്ഞു് മഹാവിദ്വാനും അംബരീഷചരിതാദി ആട്ടക്കഥകളുടെ കർത്താവും ആയിരുന്ന അശ്വതിതിരുനാൾ തമ്പുരാനും പരലോകം പ്രാപിച്ചു. ഇങ്ങനെ വഞ്ചീശവംശത്തിൽ കഷ്ടിച്ചു് ഏഴുവയസ്സു പ്രായമുണ്ടായിരുന്ന ബാലരാമവർമ്മതമ്പുരാൻ മാത്രം ശേഷിച്ചു. അതുകൊണ്ടു മഹാരാജാവു താമസിയാതെ കോലത്തുനാട്ടിൽ നിന്നു വംശവർദ്ധിനികളായ രണ്ടു കുമാരികളെ ദത്തെടുത്തു.

963-ാമാണ്ടു് ദളവ മരിച്ചുപോകയാൽ സർവ്വാധികാര്യക്കാരൻ ചെമ്പകരാമൻ ദളവയായി നിയമിക്കപ്പെട്ടു. ഗുണിമാത്രം നോക്കിയാൽ ആ സ്ഥാനത്തിനു് അവകാശി സുബ്ബരായി കേശവപിള്ളയായിരുന്നു. വാസ്തവത്തിൽ മഹാരാജാവു നടപ്പിൽവരുത്തിയ പരിഷ്കാരങ്ങളിലെല്ലാം പ്രധാനോപദേഷ്ടാവായിരുന്നതു് അദ്ദേഹമായിരുന്നെങ്കിലും നീതിനിഷ്ഠയും ന്യായപ്രിയവും ആയിരുന്ന അവിടുന്നു് അവകാശമുറയ്ക്കു് ചെമ്പകരാമൻപിള്ളയെ ദളവ

യായി കയറാംചെയ്തതാണ്. പിന്നീട്
യുടെ സ്ഥാനത്തു് സർവ്വാധികാര്യക്കാരായി
ശവപിള്ളയായിരുന്നു രാജ്യകാര്യം നടത്തിവ
മഹാരാജാവിന്റെയും കമ്പനിയുടെയും സ്നേഹ
ക്കു് ഒരുപോലെ പാത്രമായിരുന്നു.

സർവ്വാധികേശവപിള്ള ഒന്നാമതായി ചെയ്തതു് ഈസ്റ്റ്
ഡ്യാകമ്പനിയുമായുള്ള സഖ്യത്തെ പുനർവ്വാധികം ദൃഢീകരിപ്പാന
യിരുന്നു. അതിനായി അദ്ദേഹം ബാംബേ, മദ്രാസ് ഇവ
ങ്ങളിലെ പ്രധാന ഇംഗ്ലീഷ് ഉദ്യോഗസ്ഥന്മാരുമായി പു
തുകുത്തുകം തുടങ്ങി. അഞ്ചുതെങ്ങിലെ 'പത്തേരി'യുമായ
മുൻപു് ചെയ്തിരുന്ന കച്ചവടക്കരാറു് അക്ഷരംപ്രതി അനുവർത്തി
ക്കുന്ന വിഷയത്തിൽ അദ്ദേഹം ശ്രദ്ധാലുവായിരുന്നതിനാൽ,
കമ്പനിക്കാർ അദ്ദേഹത്തെ പൂർണ്ണമായി വിശ്വസിച്ചു.

കേശവപിള്ള സർവ്വാധിയായി നിയമിക്കപ്പെട്ടു് ഏതാനും
മാസങ്ങൾ കഴിഞ്ഞപ്പോൾ മഹാരാജാവു് ഉത്തരതിരുവിതാംകൂർ
സന്ദർശിപ്പാനായി എഴുന്നള്ളി. ഈ യാത്രയിൽ, ആലുവാ
നദിയുടെ അച്ഛസ്ഫടികസങ്കാശമായ ജലംകണ്ടു സന്തുഷ്ടനായ
മഹാരാജാവു് അവിടെ കുറേക്കാലം പാർക്കുന്നതിനു തീർച്ചപ്പെ
ടുത്തി. ഈ താമസത്തിനിടയ്ക്കു് ഒട്ടുവളരെ പ്പണം ചെലവാക്കി
അവിടുന്നു് ഒരു യാഗം നടത്തുകയും അന്യദിക്കുകളിൽനിന്നും
അതിനായി വന്നുചേർന്ന വിശിഷ്ടബ്രാഹ്മണർക്കു നിരവധി പണം
ദാനംചെയ്കയും ചെയ്തു. ആലുവായിലെ താമസക്കാലത്തു് നേരിട്ട
പണച്ചെലവു ദുർവ്വഹമായിരുന്നിട്ടും, കേശവപിള്ളയുടെ സാമ
ർത്ഥ്യത്താൽ യാതൊരു ബുദ്ധിമുട്ടുംകൂടാതെ കഴിഞ്ഞു. അതുകണ്ടു
മഹാരാജാവു് സന്തുഷ്ടനായിത്തീർന്നതിനാൽ അദ്ദേഹത്തിനെ ദള
വയായി നിയമിക്കണമെന്നു് അവിടുന്നു് അനന്തരം നിശ്ചയി
ച്ചു. അടുത്തുതന്നെ ചെമ്പകരാമൻപിള്ള മരിക്കയാൽ തിരുമന
സ്സിലെ അഗ്രഹം സാധിക്കയും ചെയ്തു. കേശവപിള്ളയാവട്ടെ
തിരുമനസ്സിലെ അനുവാദത്തോടുകൂടി ദളവ എന്ന പേരിനെ
മാറ്റിയിട്ടു ദിവാൻ എന്ന സ്ഥാനം സ്വീകരിച്ചു. ഇങ്ങനെ

ാംക്കുറിലെ ഒന്നാമത്തെ ദിവാൻജി

ുരത്തിൽ മഹാരാജാവു മാവേലിക്കര പുഴുന്ന ിരുന്നു. 964 കന്നി 8-ാംതീയതി വിജയദശമി തിരുമനസ്സുകൊണ്ടു് അദ്ദേഹത്തിന്റെ നീട്ടുകൊടുത്ത ുടുക്കുടി വഞ്ചിരാജ്യത്തിന്റെ ഭാഗ്യതാരം ഉച്ചാവ ാപിച്ചു.

ിങ്കുവിതാംകൂറിന്റെ വർദ്ധമാനമായ ഐശ്വര്യത്തെ കണ്ടു പുസുൽത്താനു കണ്ണുകടി തുടങ്ങി. ധർമ്മരാജാവിന്റെ കീർത്തി ിമവൽപർവ്വതനിരവരെ എത്തിക്കഴിഞ്ഞു. വഞ്ചിരാജ്യത്തെ അമർത്തി തന്റെ ചൊല്പടിയിൽ വശത്തിയില്ലെങ്കിൽ സ്വജീവി തംകൊണ്ടു് ഒരു പ്രയോജനവും ഇല്ലെന്നു് അഹങ്കാരിയും ദുർമ്മദാ ന്ധനും ആയ സുൽത്താൻ വിചാരിച്ചു. അതിനുള്ള മാർഗ്ഗങ്ങളും അയാൾ അചിരേണ കണ്ടുപിടിച്ചു.

സുൽത്താനു് അധീനമായിരുന്ന വടക്കൻ മലയാളത്തിലെ പ്രജകൾ അയാളുടെ ഉദ്യോഗസ്ഥന്മാർവഴിക്കു നേരിട്ട ഉപദ്രവ ങ്ങൾ സഹിയാഞ്ഞു് ബഹളം കൂടിത്തുടങ്ങി. നികുതിഭാരം ശത ഗുണം വർദ്ധിച്ചു. - നായന്മാർ മാത്രമല്ല മാപ്പിളമാർപോലും സുൽ ത്താന്റെ ശത്രുഭാവം കൈക്കൊണ്ടു. നിരവധി ജനങ്ങൾ കോ ഴിക്കോടു മുതലായ ദിക്കുകൾ വിട്ടു തിരുവനന്തപുരത്തു വന്നു താമസംതുടങ്ങി. നമ്മുടെ മഹാരാജാവു് അനന്തരകരണീയങ്ങളെ പ്പറ്റി ആലോചിപ്പാനായി ഇളമുറത്തമ്പുരാനെ മട്ടാഞ്ചേരിക്കോ വിലകത്തേക്കയച്ചു.* പതിനഞ്ചുദിവസത്തോളം ഇളയതമ്പു ാൻ പെരുമ്പടപ്പു തമ്പുരാനുമായി കൂടിക്കാഴ്ച നടത്തീട്ടു് മലയാ ളനാട്ടിനു നേരിട്ട അനർത്ഥങ്ങളെ പരിഹരിക്കുന്നതിനു മാർഗ്ഗ ങ്ങൾ ആലോചിച്ചുറച്ചു.

ടിപ്പു കൊള്ളകൊണ്ടു മാത്രം തൃപ്തിപ്പെട്ടില്ല. സകല ജന ങ്ങളും മഹമ്മദീയമതത്തിൽ ചേർന്നുകൊള്ളണമെന്നു് അയാൾ നിഷ്ഠുരമായ ആജ്ഞ പുറപ്പെടുവിച്ചു. വിസമ്മതം കാണിച്ച വരെ തീർപ്പാൻ അയാൾ കഴിവോറുകയാൽ, ഉൽകൃഷ്ടകുലജാതരായ

---

* ഈ അനുഭവത്തിനു ശേഷമാണു് ഇളയതമ്പുരാൻ നാടുനീങ്ങിയതു്.

സകല ഹിന്ദുക്കളും നാടുവിട്ടുതുടങ്ങി. അവക്ക് അഭയം നല്കുന്നതിനു തക്ക മനക്കരുത്തു് അന്നത്തെ കൊച്ചീരാജാവിന് ഇല്ലാതിരുന്നതുനിമിത്തം അവരെല്ലാം തിരുവിതാംകൂർ മഹാരാജാവിനെക്കണ്ടു സങ്കടം പറഞ്ഞു. പുരാണപ്രസിദ്ധരായ ഭാരതീയചക്രവർത്തികളെപ്പോലെതന്നെ അഭയാർത്ഥികൾക്കുവേണ്ടി സർവ്വസ്വവും ഉപേക്ഷിക്കാൻ തയ്യാറായിരുന്ന പൊന്നുതമ്പുരാൻ യാതൊരു സങ്കോചവുംകൂടാതെ അവരെ രക്ഷിക്കാമെന്നു കൈയേറ്റു. ടിപ്പു അനാഥകളായ സ്ത്രീജനങ്ങളോടും ശിശുക്കളോടും ഗോബ്രാഹ്മണരോടും പ്രവർത്തിച്ച കടുംകൈകളെപ്പറ്റി കേട്ട മാത്രയിൽ അവിടത്തെ ക്ഷാത്രതേജസ്സു് ഉജ്ജ്വലിച്ചു.

ടിപ്പു നമ്മുടെ തമ്പുരാനെ മാത്രമല്ല പിണക്കിയതു്. അയ്യാൾ മലയാളത്തുവന്ന ചിറക്കൽ രാജാവിനെക്കൊണ്ടു ഇംഗ്ലീഷുകാരുടെ പണ്ടകശാലകളെ കൊള്ളയിടീച്ചു. ചില വടക്കൻ രാജാക്കന്മാർ കപ്രയില്ലായ്മകൊണ്ടോ ഭയത്തിനു് അധീനരായിട്ടോ കുറച്ചുകാലം ഇങ്ങനെ അയ്യാളുടെ പാവകളായി വർത്തിച്ചു. എന്നാൽ സുൽത്താൻ ഇത്തരത്തോളം ബ്രാഹ്മണരെ ബന്ധനത്തിലാക്കീട്ടു് അവരെക്കൊണ്ടു ഗോമാംസം തീറ്റി എന്നും മറ്റുമുള്ള കള്ളവർത്തമാനം കാട്ടുതീപോലെ നാലുദിക്കിലും പരന്നപ്പോൾ കോട്ടയം, കടത്തനാടു മുതലായ ദിക്കുകളിലെ രാജാക്കന്മാർ ഇനി അയ്യാളെ വിശ്വസിച്ചിരിക്കാൻ തരമില്ലെന്നു കണ്ടിട്ടു് തല്ക്കാലത്തെ കമ്പനിയിലെ ഇംഗ്ലീഷു മേലധികാരികളെ വിവരമറിവിച്ചു. അതറിഞ്ഞപ്പോൾ ടിപ്പുവിന്റെ കോപം ദ്വിഗുണീഭവിക്കയാൽ പരപ്പനാട്ടിലെ ഒരു രാജാവിനേയും ഏതാനും ബ്രാഹ്മണരേയും പിടിച്ചുകൊണ്ടുപോയി 'മാക്ക'ത്തിൽച്ചേർത്തു.

സാമൂതിരിയും അടങ്ങിയിരുന്നില്ല. തദ്ദേശീയരായ സകല നായന്മാരും അദ്ദേഹത്തിനു തുണയായി നിന്നു. അതുകൊണ്ടു് ഒന്നരണ്ടു മാസങ്ങൾക്കുള്ളിൽ സുൽത്താന്റെ വക പല ദേശങ്ങളും അദ്ദേഹത്തിനു കീഴടങ്ങി. എന്നാൽ 963 ധനുമാസത്തിൽ സുൽത്താൻ ലാലി എന്ന ഫ്രഞ്ചുകാരന്റേയും മീർഅസർ അലി എന്ന പട്ടാണിയുടേയും നേതൃത്വത്തിൽ 6,000-ത്തിൽപരം ഭടന്മാരെ കോഴിക്കോട്ടേയ്ക്കു് അയച്ചു. സാമൂതിരിയും കൂട്ട

രും അവരോട് എതിർത്തു നില്പാൻ ശക്തിയില്ലാതെ പലായനം ചെയ്തു. ഈ അവസരത്തിൽ മുപ്പതിനായിരത്തോളം ബ്രാഹ്മണർ സകുടുംബം തിരുവിതാംകൂറിൽവന്നു താമസം തുടങ്ങിയത്രേ. സുൽത്താൻ ഒരുമാതിരി ബ്രാഹ്മണപിടിപെട്ടവനു് അയാളുടെ വിക്രമങ്ങൾ കേട്ടാൽ തോന്നിപ്പോകും. കാടുകളിൽപോയി ഒളിച്ചു മനുഷ്യരെ തേടിപ്പിടിച്ചുകൊണ്ടുവരാനായി ഒരു സൈന്യത്തെ കോഴിക്കോട്ട നിർത്തിയിട്ടു സുൽത്താൻ അവിടെനിന്നു വടക്കോട്ടു പുറപ്പെട്ടു. കോട്ടയം, കടത്തനാടു മുതലായ രാജ്യങ്ങളിലെ രാജാക്കന്മാരും മറ്റു പ്രമാണികളും തലശ്ശേരിയിൽചെന്നു് അവിടെനിന്നു തിരുവിതാംകൂറിലേക്കു തിരിച്ചു. കുറിച്ചുറുത്ത കോട്ടയ്ക്കുള്ളിൽ ഉണ്ടായിരുന്ന 2,000 നായന്മാരോടു പൊരുതുന്നതിനു് 30,000 ഭടന്മാരെയാണത്രേ ടിപ്പു നിയോഗിച്ചതു്. അവർ കുറേനേരം പൊരുതുന്നിടത്തു മതിച്ചുതു നീക്കി ബാക്കിയുള്ളവരെയെല്ലാം ടിപ്പു സ്വമതത്തിൽ ചേർത്തു. അവിടെവച്ചു ടിപ്പു ഇങ്ങനെ ഒരു വിളംബരവും പ്രസിദ്ധപ്പെടുത്തി:—

"മലയാളരാജ്യം കീഴടക്കിയിട്ടു് ഇന്നേയ്ക്കു 24 കൊല്ലം തികഞ്ഞു. നിങ്ങൾ കമ്മക്കാരികളും അനുസരണയില്ലാത്തവരുമാണു്. കഴിഞ്ഞ വർഷകാലത്തു നടന്ന ശണ്ഠയിൽ നിങ്ങൾ നമ്മുടെ ഭടന്മാരിൽ പലരെയും സത്യമതത്തിനുവേണ്ടി പ്രാണോത്സർഗ്ഗം ചെയ്ത എന്ന അമളിയെ അസ്വദിപ്പിച്ചു. അതു് അങ്ങനെ ഇരിക്കട്ടെ; ഇനി നിങ്ങളുടെ നടപടികളെ ഒന്നു ഭേദപ്പെടുത്താതെ നിവൃത്തിയില്ല. മേലിൽ നിങ്ങൾ അടങ്ങി ഒതുങ്ങി ഇരുന്നു നമുക്കു് അടയ്ക്കാനുള്ള നികുതി മുതലായതു്, മുറയ്ക്കു് അടച്ചുകൊള്ളണം.

* * * *

നിങ്ങൾ എല്ലാവരും കുലടാപുത്രന്മാരും സ്ത്രീപുരുഷസംസർഗ്ഗവിഷയത്തിൽ പാടേ മേഞ്ഞുനടക്കുന്ന കന്നുകാലികളെക്കാൾ ലജ്ജാവിഹീനരും ആകുന്നു. ഈപ്രകാരമുള്ള അനാചാരങ്ങളെ കൈവിട്ടു സാധാരണ മനുഷ്യരെപ്പോലെ നടക്കുവാൻ നാം ഇതിനാൽ നിങ്ങളോടു് ആജ്ഞാപിക്കുന്നു. ഈ ആജ്ഞ

യെ അനുസരിക്കാത്തപക്ഷം നിങ്ങൾ എല്ലാവരേയും ധർമ്മത്തിൽ ചേർക്കുന്നതാണെന്നും പ്രമാണികൾ രാജതലസ്ഥാനനഗരിയിലേക്കു് അയയ്ക്കുന്നതാണെന്നും പുരു സത്യംചെയ്തു കഴിഞ്ഞിരിക്കുന്നു.

അനന്തരം അയാൾ, മഹാലക്കാട്ടുശേരിയ്ക്കൊണ്ടു്, ഉടനെ തന്റെ സന്നിധിയിൽ എത്തണമെന്നു കൊച്ചീരാജാവിനു് ഒരു പ്രബലനായ ദൂതനെ അയച്ചു. വന്നെത്തിയ ഡെത്തിൻകാരിൽനിന്നു ടിപ്പു പുറപ്പെട്ടിട്ടു് മയവിലാലനായിരുന്ന പെരുമ്പടപ്പു മഹാരാജാവിനോടും കൊച്ചിയിലെ ലന്ത പ്രമാണിയോടും ആലോചന നടത്തിയശേഷം അവരുടെ ഉപദേശപ്രകാരം ഭയങ്ങോട്ടു് എഴുന്നള്ളി. അടുത്ത കാലത്തു തിരുവിതാംകൂറിലേക്കു വിട്ടുകൊടുത്ത അലങ്ങാടും പറവൂരും തിരിച്ചു ചോദിക്കണമെന്നും അങ്ങനെ തിരിച്ചു തരാത്തപക്ഷം തുപ്പാപ്പൂർസ്വരൂപത്തോടു യുദ്ധത്തിനു പുറപ്പെടണമെന്നും ഉപദേശിക്കാനായിരുന്നു സുൽത്താൻ കൊച്ചീരാജാവിനെ വരുത്തിയതു്. അദ്ദേഹത്തിനു രഹസ്യമായി സഹായം ചെയ്തുകൊടുത്താൽ ആ വിവരം ആരും അറികയുമില്ലല്ലോ. ഇംഗ്ലീഷുകാരുമായുള്ള ഉടമ്പടിയെ താൻ ഭഞ്ജിച്ചതായി വരുത്തരുതെന്നായിരുന്നു അയാളുടെ വിചാരം. എന്നാൽ ധർമ്മിഷ്ഠനും സത്യനിഷ്ഠനും ആയ പെരുമ്പടപ്പു തമ്പുരാൻ അതു് അനീതിയാണെന്നും, ഉടമ്പടിപ്രകാരം വിട്ടുകൊടുത്ത ഭൂമിയെ ചോദിക്കുന്നതു ശരിയല്ലെന്നും വാദിച്ചപ്പോൾ, ടിപ്പു മുഷിഞ്ഞു. രാഷ്ട്രീയത്തിൽ തിരുവിതാംകൂറിനെ താൻ ആക്രമിച്ചു കീഴടക്കിക്കളയുമെന്നും, രാമരാജാവിനു് ഇംഗ്ലീഷുകാരുടെ തുണയുണ്ടെന്നുള്ള ധാരണയെ ഒരു വലിയ കാര്യമായി താൻ കരുതീട്ടില്ലെന്നും എന്നാൽ അതിനു മുമ്പായി, തന്നോടു യോജിച്ചിരിക്കുന്നതിനു തയ്യാറുണ്ടോ എന്നു് അറിയുന്നതിനുവേണ്ടി രണ്ടു വകുപ്പുകളുമെഴുതി കത്തുംകൊടുത്തു് അങ്ങോട്ടയച്ചിരിക്കുന്നതെന്നും, അവരെ അവിടെ എത്തിച്ചുകൊടുക്കണമെന്നും അയാൾ തമ്പുരാനെ അറിയിച്ചു. തമ്പുരാൻ അങ്ങനെ ചെയ്തു.

ച്ചീത്തമുരാൻ നടന്ന സംഭവങ്ങളെ ഒക്കെ രഹസ്യ
ാവിനെ അറിവിച്ചു. തത്സമയം മഹാരാജാവു്
ർ എഴുന്നള്ളിയിരിക്കയായിരുന്നു. തിരുമനസ്സി
ന്റെ ഉദ്ദേശ്യം മനസ്സിലായതിനാൽ, അയാ
ളുടെ കാര്യം വശമാക്കുന്നതു അവസരത്തിൽ സമർത്ഥനായ
ാഗസ്ഥൻ അടുത്തുണ്ടായിരിക്കുന്നതു നല്ലതാണെ
ന്നു കരുതിക്കൊണ്ടു് മഹാരാജാവു് വിവരങ്ങളെല്ലാം
ചണ്ണക്കു് ഒരു കുത്തു് അയച്ചുകൊടുത്തു. ഗവ
ർമെന്റു ബ്രാഞ്ചർമാൻ എന്നൊരാളെ അതിവേഗം നി
യോഗിച്ചു്, തിരുമനസ്സിലെ ഉദ്ദേശം സാധിച്ചു.

യഥാകാലം ടിപ്പുവിന്റെ ആൾക്കാരായ ഗുലാംമോയുദീനും
ദാദാറാവുവും മഹാരാജസന്നിധിയിൽ വന്നു, കത്തിനെ അവർ
തുക്കെയിൽ സമർപ്പിച്ചു. ഇതായിരുന്നു സുൽത്താന്റെ പരീ
ത്തു:—"അവിടുന്നു് സൽഗുണവാനും മഹാനും ആയ ഒരു രാജാ
വാണെന്നും നമ്മുടെ സക്കാരുമായി സഖ്യംചെയ്യാൻ കാത്തുകൊ
ണ്ടിരിക്കയാണെന്നും കൊച്ചിയിലെ രാമവർമ്മരാജാവിൽനിന്നു്
അറിയുന്നു. അവിടുന്നു ബുദ്ധിമാനും കാര്യജ്ഞനും നല്ലപോലെ
അറിഞ്ഞിരിക്കുന്ന ആളും ആകയാൽ, നമ്മോടുള്ള സഖ്യം അവി
ടത്തേക്കു് എത്രമാത്രം ഗുണപ്രദമാണെന്നു മനസ്സിലാക്കിയിരി
ക്കാം. നമ്മുടെ വിശ്വസ്തഭൃത്യന്മാരായ മീർഗുലാം മോയദീനെ
യും ദാദാറാവുവിനേയും ഈ കത്തും കൊടുത്തയയ്ക്കുന്നു. അവിട
ത്തേക്കു സമ്മാനമായി ഇവിടെനിന്നു് അയച്ചിട്ടുള്ള ഉടുപ്പും ആ
ഭരണങ്ങളും കുതിരയും അവർ അവിടെ എല്പിക്കും. സ്നേഹപൂ
ർവമായ ഒരു ദൌത്യവും കൊണ്ടാണു് അവർ വരുന്നതു്. ശേഷ
മെല്ലാം അവർ മുഖാവിൽ പറയും."

മഹാരാജാവു് സുൽത്താന്റെ ദൂതന്മാരെ യഥോചിതം സ
ല്കരിച്ചുവെങ്കിലും, മേജർബ്രാൻഡർമാന്റെ സാന്നിധ്യം അവർക്കു
തീരെ രസിച്ചില്ല. മറുപടി താമസിയാതെ എഴുതിച്ചുകൊള്ളാ
മെന്നു പറഞ്ഞു മഹാരാജാവു് അവരെ തിരിച്ചയച്ചു. സുൽ
ത്താനു ചന്ദ്രഗിരിയല്ലൻ എന്ന മുൻഷി വഴിക്കു് അയച്ചുകൊ
ടുത്ത മറുപടിയിൽ അയാളുടെ ദയയ്ക്കും സഖ്യത്തിനെപ്പറ്റിയുള്ള

നിർദ്ദേശത്തിനും നന്ദിപറഞ്ഞിട്ടു്, ഏറിയകാലമാ
മിത്രഭാവത്തിൽ വർത്തിച്ചുവരുന്ന കമ്പനിക്കാരുടെ അ
തെ ഉടമ്പടി ചെയ്യാൻ നിവൃത്തിയില്ലാതെ വന്നതിൽ വ്യ
ക്തമാക്കുന്നതായിട്ടുമാത്രം കാണിച്ചിരുന്നു. എന്നാൽ വിലയേറിയ
പല സമ്മാനങ്ങളും അദ്ദേഹം അയച്ചുകൊടുക്കാതിരുന്നില്ല.

മഹാരാജാവു് തദനന്തരം ഈ രണ്ടു കത്തുകളുടേയും ഓരോ
പ്രതി മദ്രാസ് ഗവണ്മെന്റിനു് അയച്ചുകൊടുത്തു. അന്നത്തെ ഗവ
ണ്മെന്ററായിരുന്ന സർ അച്ചിബാൾഡ് ക്യാംപ്ബെൽ മഹാരാജാവി
ന്റെ നയകൌശലത്തേയും ദൃഢനിശ്ചയത്തേയും പറ്റി വളരെ
അഭിനന്ദിച്ചു. സുൽത്താന്റെ ദൂതന്മാരുമായി സന്ദർശനം നട
ത്തിയ അവസരത്തിൽ ബാനർമാൻകൂടിയുണ്ടായിരുന്നില്ലെങ്കിൽ
ഈസ്റ്റിൻഡ്യാ കമ്പനി പല വിധത്തിൽ തെറ്റിദ്ധരിക്കുമായിരു
ന്നു. അതിനിടവരുത്തെന്നു വിചാരിച്ചായിരുന്നു തിരുമനസ്സു
കൊണ്ടു് ഒരു ഉദ്യോഗസ്ഥനെ അയച്ചുകൊടുക്കണമെന്നും മദ്രാസ്
ഗവണ്മെൻറിനോടു് അവശ്യപ്പെട്ടതെന്നു വിശേഷിച്ചു പറയേ
ണ്ടതില്ലല്ലോ.

• കൊച്ചീത്തമ്പുരാൻ ഹൈദരുടേയും പിന്നീടു ടിപ്പുവിന്റേ
യും ആധിപത്യത്തെ അംഗീകരിച്ചുവെങ്കിലും, അവരോടു സഹ
കരിക്കാൻ സന്നദ്ധനായിരുന്നില്ല. പെട്ടെന്നുള്ള ആക്രമണ
ത്തിൽനിന്നു രക്ഷപ്പെടുന്നതിനു മാത്രമായിട്ടാണു് അങ്ങനെ ചെ
യ്തതു്. ഈ വിഷയത്തിൽ ഡച്ചുകാരുടേയും തിരുവിതാംകൂർ
മഹാരാജാവിന്റെയും ഉപദേശംകൂടി ഉണ്ടായിരുന്നുവെന്നു് അദ്ദേ
ഹംബെത്താവിയിലേക്കു് അയച്ച തീട്ടരത്തിൽനിന്നു കാണാം:-

"അരുളിച്ചെയ്തു എത്രയും കീർത്തിബഹുമാനപ്പെട്ട ബത്തേ
വിയായിലെ ഗൊർന്നാടോരുജനരാൽക്കു് എന്നാൽ—ഹൈദർനാ
വാബു് ബലത്തോടുകൂടി മലയാളത്തിൽവന്ന പല രാജാക്കന്മാരു
ടെ രാജ്യങ്ങളും ഒതുക്കി, നമ്മുടെ രാജ്യവും ഒപ്രക്കത്തക്കവണ്ണം
പാളയം നമ്മുടെ രാജ്യത്തും കടത്തി ഇട്ടതിന്റെ ശേഷം അക്കാ
ലം കൊച്ചിയിൽ കോട്ടയിൽ വാഴുന്ന എതിരേലരുമായിട്ടും തുപ്പാ
ട്ടിസപരുപത്തിങ്കൽ രാജാവുമായിട്ടും ഈ വന്നിരിക്കുന്ന ഗ്രണ്ടോ
ഷം വിചാരിച്ചാറെ, ഇപ്പോഴത്തെ അവസ്ഥയ്ക്കു ഭവ്യം ഒ

ത്തിട്ടും രാജ്യം പോകാതെ നിലനില്ക്കണമെന്നും പിന്നത്തതിൽ വേണ്ടുംപ്രകാരം വിചാരിച്ചുകൊള്ളാമല്ലോ എന്നും എതിരേലരും തുപ്പുപ്പിൽസ്വരൂപത്തിങ്കൽ രാജാവും പറകകൊണ്ടു നവാബും തിട്ടം സമാധാനം ചെയ്തു. * *"

തിരുവിതാംകൂർ മഹാരാജാവിന്റെ തിരുവെഴുത്തു കിട്ടിയ മാത്രയിൽ മദ്രാസിലെ ഗവർണ്ണർ മൈസൂർ സുൽത്താനു കരു കത്തയച്ചു. തുപ്പാപ്പൂർസ്വരൂപത്തിലെ മഹാരാജാവു് കമ്പനിയുടെ ഉത്തമമിത്രമായതുകൊണ്ടു് അവിടത്തെ നേക്കു കാണിക്കുന്ന വിരുദ്ധഭാവത്തെ ഒരു സമരാഹ്വാനമായി താൻ കരുതുന്നതാണെന്നു് അതിൽ അഭിപ്രായം വ്യക്തമായി പ്രസ്താവിച്ചിരുന്നു. എന്നാൽ ടിപ്പുവാകട്ടെ, താൻ വിശ്വാസഭംഗം ചെയ്തിട്ടില്ലെന്നും, സമുദ്രത്തിൽ ജലം ഉള്ളിടത്തോളംകാലം ഉടമ്പടിയെ ആദരിക്കുതന്നെ ചെയ്യുമെന്നും, വല്ലവരും പറഞ്ഞുണ്ടാക്കുന്ന മിഥ്യാകഥകളെ ഗവർണ്ണർ വിശ്വസിക്കുന്നതിൽ താൻ മനഃപൂർവ്വം വ്യസനിക്കുന്നുവെന്നും, താൻ സൈന്യം ശേഖരിക്കുന്നതു് ഉടമ്പടിപ്രകാരം തനിക്കു വിട്ടുതന്നിട്ടുള്ള ദേശങ്ങളിലെ അവകാശവാദികളായ നായന്മാരേയും മാപ്പിളമാരേയും നല്ല പാഠം പഠിപ്പിക്കാൻ മാത്രമാണെന്നും മറുപടി കൊടുത്തിട്ടു* യുദ്ധോദ്യമങ്ങൾ തുടർന്നു കൊണ്ടേ ഇരുന്നു. ഈ ചാടുവാക്യത്താൽ ഇംഗ്ലീഷുകാരുടെ കണ്ണിൽ മണ്ണിടാമെന്നായിരുന്നു അയാൾ വിചാരിച്ചതു്. എന്നാൽ ആ വിചാരം ലേശം പോലും ഫലിച്ചില്ല.

ഡിലനായി മരിച്ചുപോയ സ്ഥിതിക്കു തന്റെ സൈന്യത്തെ നയിക്കുന്നതിനു കമ്പനിവക മെയ്റോപ്യൻ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതു കാര്യക്ഷമതയ്ക്കു കുറേക്കൂടി സഹായിക്കുമെന്നു കരുതി മഹാരാജാവു നാലു ഇംഗ്ലീഷുസൈനികോദ്യോഗസ്ഥന്മാരേയും പന്ത്രണ്ടു സുബ്ബേദാരേയും അയച്ചുകൊടുപ്പാൻ സർ അച്ചിബിൽഡ് കാമ്പ്ബെല്ലിനു് എഴുതി. എന്നാൽ തന്ത്രജ്ഞനായ ആ ഗവർണ്ണർ കമ്പനിയുടെ അധികാരശക്തിയെ അച്ചടക്കടി വികസിപ്പിക്കാൻവേണ്ടി വേറൊരു മാർഗ്ഗം നിർദ്ദേശിച്ചു. ഉദ്യോഗസ്ഥന്മാരെ വിട്ടുകൊടുക്കുന്നതു തങ്ങളുടെ നയത്തിനു വിരുദ്ധമാകയാൽ; ടിപ്പുവിന്റെ ആക്രമണത്തിൽനിന്നു രാജ്യ

ത്തെ രക്ഷിക്കാനായി [illegible] കമ്പനിവക രണ്ടോ മൂന്നോ കൂപ്പിണിപ്പട്ടാളത്തെ [illegible] അയച്ചുകൊടുക്കാമെന്നായിരുന്നു ഗവണ്ണരുടെ അഭിപ്രായം. മഹാരാജാവു് അങ്ങനെ സമ്മതിക്കയാൽ ഗവണ്ണർ കാപ്റ്റൻ [illegible] നേതൃത്വത്തിൽ, രണ്ടു സൈന്യദളങ്ങളെ തിരുവിതാംകൂറിലേക്കു് അയച്ചു കൊടുത്തു. അതിനോടുകൂടി മദ്രാസു് ഗവണ്മെൻറും [illegible] തമ്മിലുള്ള കത്തിടപാടുകൾ നിഷ്പക്ഷം നടത്തുന്നതെന്നുള്ള ഭാവത്തിൽ ഗവണ്ണർ സർ ജാഫ്രൂ പെഴനി എന്നയാളെയും തിരുവനന്തപുരത്തു താമസിപ്പിച്ചു. പരമാർത്ഥത്തിൽ അദ്ദേഹമാണു് തിരുവിതാംകൂറിലെ ഒന്നാമത്തെ റസിഡണ്ടു്. ഈ വ്യവസ്ഥയോടുകൂടി നമ്മുടെ രാജ്യം കമ്പനിയുടെ മേൽക്കോയ്മ നാമമാത്രമായിട്ടെങ്കിലും സ്വീകരിച്ചുവെന്നു പറയാം. സൈന്യസംരക്ഷണത്തിനായി നല്കിവന്ന സഹായധനം കാലക്രമേണ കപ്പമായി രൂപാന്തരപ്പെട്ടു, ശാശ്വതമായും തീർന്നു.

നാഗർകോവിലിന്റെ കീഴിൽ വന്നുചേർന്ന രണ്ടു പട്ടാളങ്ങളേയും അഴിക്കോട്ട, കോട്ടയ്ക്കു സമീപം പാർപ്പിച്ചു. ഇങ്ങനെ തിരുവിതാംകൂർവക ദേശങ്ങളെ സംരക്ഷിക്കുന്നതിനു മാത്രമേ ഈ സൈന്യത്തെ ഉപയോഗിക്കാവൂ എന്നു മദ്രാസു് ഗവണ്മെൻറു നിർദ്ദേശിച്ചിരുന്നു. അതിനാൽ ടിപ്പുവിന്റെ ആക്രമണത്തെ നിരോധിക്കുന്ന വിഷയത്തിൽ ഈ സൈന്യംകൊണ്ടു് ഒരു പ്രയോജനവും ഇല്ലാതെയായി. എന്തുകൊണ്ടെന്നാൽ കൊച്ചിയുടേയും തിരുവിതാംകൂറിന്റേയും കവാടസ്ഥാനീയമായ കൊടുങ്ങല്ലൂരിനെ ബലപ്പെടുത്തിയെങ്കിൽ മാത്രമേ ടിപ്പുവിനെ തടുത്തു നിർത്താൻ സാധിക്കുമായിരുന്നുള്ളു. കൊടുങ്ങല്ലൂർകോട്ട ഡച്ചുകാരുടെ വകയായിരുന്നതുകൊണ്ടു് അതിനെ രക്ഷിക്കാൻ ഇംഗ്ലീഷുസൈന്യത്തെ ഉപയോഗിക്കാൻ പാടില്ലാതെവന്നു. അതുനിമിത്തം ഡച്ചുകാരുടെ വക കൊടുങ്ങല്ലൂർ കോട്ടയും അയിക്കോട്ടയും തിരുവിതാംകൂറിൽനിന്നു വിലയ്ക്കു വാങ്ങേണ്ടതായും വന്നുകൂടി. [illegible] കൊല്ലം തിരുവിതാംകൂറിലേക്കു ചേർന്നു.

ഈ സമയത്തു് ടിപ്പു സൈന്യസമേതം [illegible] യിൽ എത്തിക്കഴിഞ്ഞിരുന്നു. കൊടുങ്ങല്ലൂർ

റത്തെപ്പറ്റി കേട്ട കോപപരവശനായിട്ടുമഞ്ഞ സുൽത്താൻ, കൊടുങ്ങല്ലൂർകോട്ട മൈസൂർവകയാണെന്നും, അതിനെ വില്ക്കുന്നതിനധികാരമില്ലെന്നും, അതുകൊണ്ടു തിരുവിതാംകൂർസൈന്യത്തെ ഉടനടി അവിടെനിന്നു പിൻവലിപ്പിക്കേണ്ടതാണെന്നും മദ്രാസ്ഗവണ്മെന്റിനു എഴുതി അയച്ചു. കൊച്ചീത്തമുരാനും, ടിപ്പുവിന്റെ പ്രേരണയ്ക്കു വശപ്പെട്ട കോട്ട ഇട്ടിരിക്കുന്ന സ്ഥലത്തെപ്പറ്റി അവകാശവാദം പുറപ്പെടുവിച്ചു. അന്നു മദ്രാസ്ഗവണ്മെന്റായിരുന്ന മോറിങ്ടൺ സായ്പിനു കാസ്റ്റ്രിന്റെ സ്ഥിതികളൊന്നും മനസ്സിലാകായ്കയാൽ അദ്ദേഹം ഈ കൈമാറത്തെ ആക്ഷേപിച്ചു. അതിനാൽ മഹാരാജാവു് ഗവർണ്ണർ ജനറലിനോടു പരാതിപ്പെട്ടു. അദ്ദേഹവും ഗവർണ്മെന്റോടു് അഭ്യർത്ഥന യോജിച്ചുവെങ്കിലും ഒടുവിൽ യാഥാർത്ഥ്യം ഗ്രഹിച്ചപ്പോൾ, മഹാരാജാവിനെ അഭിനന്ദിക്കുകയാണുണ്ടായതു്. മോറിങ്ടണിന്റെ തീരുമാനത്തിനു പ്രേരകമായിരുന്നതു് വ്യക്തമായ സംഗതിയാണെന്നു് അദ്ദേഹം മഹാരാജാവിനു് അയച്ച കത്തിൽനിന്നു ഗ്രഹിക്കാം.

"അവിടുന്നു് അയിക്കോട്ടയും കൊടുങ്ങല്ലൂർ കോട്ടയും വിലയ്ക്കു വാങ്ങാൻ പോകുന്നുവെന്നു മിസ്റ്റർ പൊന്നി പറഞ്ഞു അറിവിച്ചിരിക്കുന്നു. അവിടത്തെ വലിച്ചുവാരുന്ന രാഷ്ട്രീയത്തെപ്പറ്റി കേൾക്കുന്നതു് എനിക്കു സാദ്ധ്യാനന്ദപ്രദമാണെങ്കിലും, ഈ ഘട്ടത്തിൽ, മൈസൂർ സുൽത്താന്റെ സാമന്തനായ കൊച്ചിയുടെ വക കോട്ടയും സ്ഥലങ്ങളും വിലയ്ക്കു വാങ്ങുന്നതു നിമിത്തം, അയാൾക്കു അവിടത്തേയ്ക്കുമേൽ സ്വാധീനം തോന്നാൻ ഇടയുണ്ടെന്നു മാത്രമല്ല, ആ ക്രമത്തിൽ ഒരു കാപട്യാശങ്ക ജനിക്കയും ചെയ്യും. ഞാൻ ഈ വിവരമൊക്കയും മിസ്റ്റർ പൊന്നിക്കുള്ള കത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. അവിടുന്നും മൈസൂർ സുൽത്താനും തമ്മിൽ, തക്കത്തിനു കാരണമായേക്കാവുന്ന ഏതെങ്കിലും ഏർപ്പാടുകളിൽ ഈ സമയത്തു് ഇടപെടുന്നതുകൊണ്ടു വന്നുചേരാൻ ഇടയുള്ള വിപത്തിനെ അവിടെ ധരിപ്പിക്കണമെന്നും ഞാൻ അദ്ദേഹം പറഞ്ഞിട്ടുണ്ടു്. അവിടത്തെ രാജ്യസീമകൾക്കു വെളിയിലുള്ള കലഹങ്ങളിലൊന്നിലും അവിടത്തെ സഹായമെന്നിനും തയ്യാറില്ലെന്നും ഇതിനാൽ അറിവി

ദിവാൻ കേശവപിള്ള നേരിട്ടാണ് എഴുത്തുകുത്തുകളെല്ലാം നടത്തിയത്. എത്രതന്നെ ശ്രമിച്ചിട്ടും മദ്രാസ് ഗവണ്മെന്റ് പിടിച്ചുപിടി വിട്ടില്ലെന്നു മാത്രമല്ല ഡച്ചുകാരിൽനിന്ന് അവിവേകപൂർവം വാങ്ങിയ സ്ഥലങ്ങളെ ഉടനെ തിരിച്ചുകൊടുത്ത് അവിടത്തെ പൂർവനിലയെ പുനഃസ്ഥാപിക്കാതിരുന്നാൽ കമ്പനിയുടെ രക്ഷയെ പിൻവലിച്ചുകളയുമെന്നു ഭയപ്പെടുത്തുകകൂടി ചെയ്തപ്പോൾ കേശവപിള്ള ആ കോട്ടകളുടെ വിശദമായ ചരിത്രവും അവ കൈവശമില്ലാതിരുന്നാൽ രാജ്യത്തിനുണ്ടാകാവുന്ന അപകടത്തിന്റെ സൂക്ഷ്മസ്വഭാവവും ബംഗാൾ, ബോംബെ മുതലായ ഗവണ്മെന്റുകളെ അറിവിച്ചു. മദ്രാസ് ഗവണ്മെന്റിന്റെ വാദമുഖങ്ങളെയും സയുക്തികം അദ്ദേഹം ഖണ്ഡിച്ചു. അതുകൊണ്ട്, ഗവണ്മെന്റ് ജനറലായിരുന്ന കാൺവാലീസ് ഉടനെ ഒരു തീർച്ചയും ചെയ്യാതെ, സ്ഥലത്തുചെന്നു അന്വേഷിപ്പാനായി ഒരു കമ്മീഷൻ നിയമിച്ചു. എന്നാൽ ഈ വാദത്തിന്മേൽ തൽക്കാലത്തേക്കെങ്കിലും തനിക്ക് അനുകൂലമായി തീർച്ചയുണ്ടായതുകൊണ്ടു ടിപ്പു സന്തുഷ്ടനായി. അയാൾ ഗവണ്മെന്റിന്റെ തീർച്ച അനുസരിച്ചു തിരുവിതാംകൂർ മഹാരാജാവിനോട് കൊടുങ്ങല്ലൂരും ആയിക്കോട്ടയും വിട്ടുകൊടുപ്പാൻ അവശ്യപ്പെട്ടു. മഹാരാജാവാകട്ടെ അങ്ങനെ ചെയ്യാതെ കേശവപിള്ളയെ സർവസൈന്യാധിപതിയായി നിയമിക്കയും അവയെ പൂർവാധികം ബലപ്പെടുത്തുകയും ചെയ്തതുകൊണ്ടു, ടിപ്പു ഒരു വലിയ പടയോടുകൂടി കോയമ്പത്തൂരിൽനിന്ന് അങ്ങോട്ടു തിരിച്ചു. പൂജവയ്പുകാലമായിരുന്നതിനാൽ മഹാരാജാവിനെ മാവേലിക്കര വിടാൻ സാധിച്ചില്ല. ടിപ്പു ഒരു കത്തോടുകൂടി തന്റെ ഒരു സർദാരെ അയച്ചിരുന്നു. അയാളെ കേശവപിള്ള പറവൂർവെച്ചു ബഹുമാനപൂർവം സൽക്കരിച്ചു മാവേലിക്കരയ്ക്കു കൂട്ടിക്കൊണ്ടുവന്നു. കത്തിലെ സാരം ഇങ്ങനെയിരുന്നു.

1. മഹാരാജാവിനെ ശരണം പ്രാപിച്ച പ്രജകന്മാരെയും മറ്റും വിട്ടുകൊടുക്കണം.

2. ഡച്ചുകാരിൽനിന്നു വാങ്ങിയതിൽ അവരുടേതല്ലാത്തതിനാൽ, അതാംക്കൂർ പട്ടാളത്തെ പിൻവലിക്കണം.

3. കൊച്ചിയിൽകടന്നു് മഹാരാജാവു് പണിയിച്ചിട്ടുള്ള കോട്ടകൊത്തളങ്ങൾ നിരത്തിക്കളയണം.

സുൽത്താന്റെ പരീത്തായിലെ ചാരോ വാക്യവും അയാളുടെ ദുർമ്മോന്ധ്യത്താൽ അങ്കിതമായിരുന്നെങ്കിലും, മഹാരാജാവു് സമാഹിതചിത്തത ലേശംപോലും വിടാതെ മറുപടിപറഞ്ഞു. ആ മറുപടി അറിഞ്ഞപ്പോൾ സുൽത്താന്റെ മുഖം ചുവന്നു. താൻതന്നെ ചെന്നു തമ്പുരാനെ പിടിച്ചു കെട്ടിക്കൊണ്ടു വരുന്നുണ്ടെന്നു് അയാൾ ശപഥംചെയ്തു. എന്നാൽ ധർമ്മത്തിൽ അടിയുറച്ചിരുന്ന മഹാരാജാവിന്റെ ഹൃദയത്തിനു ലേശംപോലും ചാഞ്ചല്യമുണ്ടായില്ല.

സുൽത്താന്റെ പെരുമ്പട കൊച്ചീത്തമ്പുരാന്റെ രാജ്യത്തിനുള്ളിൽ പല വിധത്തിലുള്ള നാശങ്ങൾ ചെയ്തശേഷം 964 ധനു പതിനഞ്ചാംതീയതി പ്രഭാതത്തിൽ വഞ്ചിരാജ്യംവക കോട്ടയുടെ പ്രധാന ദ്വാരദേശത്തിനു മുമ്പിൽ അണിനിരന്നു. 'പറവൂർപട്ടാളം'എന്നു ചരിത്രവിഖ്യാതമായ സൈന്യം അവരുണ്ടുമൂന്നു ദിവസത്തോളം തടഞ്ഞുനിർത്തി. ധനു പതിനെട്ടാംതീയതി തന്റെ സൈന്യത്തിൽനിന്നു ഏകദേശം 1000 കാലാളിനെയും 100 വഴിപ്പുണിക്കാരെയും കൂട്ടികൊണ്ടു, തദ്ദേശവാസികളിൽ ഒരുവൻ കാണിച്ചുകൊടുത്ത മാർഗ്ഗത്തിലൂടെ രഹസ്യമായി ദുഷ്പ്രവേശമെന്നു തിരുവിതാംകൂർ ധരിച്ചുവന്നതും ചെറുപുഴ മലവരെ നീണ്ടുകിടക്കുന്നതുമായ ദുർഗ്ഗങ്ങളുടെ വലത്തുഭാഗത്തേക്കു കടക്കുന്നതിനു ശ്രമിച്ചു. സുൽത്താന്റെ ഗതിയെപ്പറ്റി തിരുവിതാംകോട്ടകാര്യം അറിവുകിട്ടിയപ്പോഴേക്കും ആ കോട്ടയുടെ ഏറിയകൂറും അയാൾക്കു സ്വാധീനപ്പെട്ടുകഴിഞ്ഞു. സുൽത്താന്റെ താൻ കയറിക്കൂടിയ സ്ഥലത്തുനിന്നു് ഏകദേശം രണ്ടുനാഴിക യുള്ള പ്രധാന ദുർഗ്ഗദ്വാരത്തിൽചെന്നു് അതിനു നിന്നിരുന്ന തന്റെ സൈന്യത്തെ അകത്തു നു. ഈ വിഷയത്തിൽ സുൽത്താനു വലി നേരിട്ടില്ല. അകത്തു കോട്ടയ്ക്കരികിൽ നാട്ടുചെന്നിട്ടു വഴിവെട്ടുകാരാട്ടു കോ ചു കിടങ്ങിലിട്ടു നികത്തി രണ്ടു വഴിയു

ണ്ടാക്കുവാൻ അയാൾ ആജ്ഞാപിച്ചു. നന്നേ ക്ഷ
രുന്നതിനാൽ അവരുടെ ജോലി മന്ദഗതിയിലാണ് നട
സുൽത്താൻകുട്ടെ സേനയെ അണിനിരത്തീട്ട പ്രാകാരത്തിനര
കിൽക്കൂടി മുന്നോട്ട ഗമിച്ചുകൊണ്ടുമിരുന്നു. തിരുവിതാംകൂർകാ
രോ കൊത്തളവും ടിപ്പുവിനു വിട്ടുകൊടുത്തുവെങ്കിലും, അവ
രുടെ എതിർപ്പു ഭയങ്കരമായുണ്ടായി. മരുന്നുപുരയായും സേനാ
ഭവനമായും ഉപയോഗിച്ചുവന്ന ചെറിയ കെട്ടിടത്തിന്റെ സ
മീപത്തു ശത്രുസൈന്യം എത്തിയപ്പോൾ, നമ്മുടെ പടയാളി
കർക്കു വൈരാഗ്യം വർദ്ധിച്ചു. അവർ ഒരു ചെറിയ പീരങ്കി
അവിടെ വലിച്ചുവെച്ചു തെരുതെരെ വെടിതുടങ്ങി. ഉടനെ
സുൽത്താൻ തന്റെ സേനാമുഖത്തു നിന്നിരുന്നവരോട പിന്നോ
ക്കം മാറാനും ഒരു പുതിയ സംഘം മുന്പോട്ടകടന്നു കുന്തത്തോക്ക
കളുപയോഗിച്ചു് ആ സ്ഥലം കൈവശപ്പെടുത്താനും ആജ്ഞ
നല്കി. എന്നാൽ തിരുവിതാംകൂർകാരുടെ ഇരുപതു പടയാളി
കർ ഒളിച്ചു ശത്രുസൈന്യത്തിന്റെ പാർശ്വത്തിൽ എത്തി അവ
രെ ആക്രമിച്ചു. സേനാനായകനേയും ഒട്ടുവളരെ ഭടന്മാരെയും
കൊന്നുകളഞ്ഞതിനാൽ ആ സൈന്യദളം ഭയപ്പെട്ട പിന്നാക്കം
ഓടിത്തുടങ്ങി. മുന്പോട്ട പോകുന്നവരും പിന്നാക്കം ഓടുന്നവരും
തമ്മിൽ കൂട്ടിമുട്ടിയപ്പോൾ വലിയ കുഴപ്പവുമായി. സുൽത്താൻ
എത്രതന്നെ ശ്രമിച്ചിട്ടും സേനയെ ക്രമപ്പെടുത്തി നിത്താൻ സാ
ധിച്ചില്ല. അയാളും തിരക്കിൽ പെട്ടുപോയി. നിലവിട്ട ഓട്ടം
തുടങ്ങിയ മൈസൂർസൈന്യം ഏഴു അടി വീതിയും ഇരുപതടി
ആഴവും ഉണ്ടായിരുന്ന കിടങ്ങു കടന്നു രക്ഷപ്പെടാൻ നോക്കിയ
പ്പോൾ അവിടത്തെ തിരക്കുകൊണ്ടു പലരും മൃത്യുവശഗരായി.
ശവങ്ങൾകൊണ്ടു കിടങ്ങു മുക്കാൽഭാഗവും നികന്നു. ബാക്കി
യിരുത്തിൽപരം ഭടന്മാർ മരിച്ചുതായിട്ടാണു് കണക്ക്
ത്താനും കിടങ്ങിൽപതിച്ചു. എന്നാൽ പരിചാരക
ളെ തോളിൽ എടുത്തു കരയ്ക്കുകയറുവാൻ രണ്ടുമൂ
ന്നുപ്രാവിട്ടും കഴിച്ചില്ല. ഈ വീഴ്ചയിൽ ഉണ്ടാ
അയ്യാൾ മൃതനായിപ്പോയി. സുൽത്താന്റെ
കിടങ്ങിൽ കിടന്നു മരിച്ചുവത്രേ. അയാളു

ഏതു വിധത്തിൽ രക്ഷപ്പെട്ട പാളയത്തിലേക്കു നടക്കുവേ
ച വിശ്വസ്തഭൃത്യന്മാർ കണ്ടു് ഒരു ഡോലിയിൽ എടുത്തു
പാളയത്തിലേക്കു കൊണ്ടുപോയി. അയാളുടെ പല്ലക്കും അംഗ
ലീയകങ്ങളും രാജമുദ്രകളും എല്ലാം തിരുവിതാംകൂറുകാർക്കു ജയഘോ
ഷങ്ങളായി ലഭിച്ചു. അവർക്കു ഇതുതന്നെയോളം അർത്ഥനഷ്ടമേയു
ണ്ടായുള്ളു. സുൽത്താന്റെ ഉദ്യോഗസ്ഥന്മാരിൽ അഞ്ചു വെള്ള
ക്കാരെയും ജീവനാരായണൻ എന്ന മഹാരാഷ്ട്രനേയും നമ്മുടെ
ഭടന്മാർ തടവുകാരായിപ്പിടിച്ചു.

ടിപ്പു ലജ്ജിച്ചു തലതാഴ്ത്തി; കേശവപിള്ളയാകട്ടെ
ടിപ്പുവിന്റെ പല്ലക്കും മോതിരവും മറ്റും തിരുവനന്തപുരത്തു
ഉൽക്കണ്ഠിതനായി പാർത്തിരുന്ന മഹാരാജാവിനു കാഴ്ചവെച്ചു
ചരിതാർത്ഥ്യം പൂണ്ടു. ഇംഗ്ലീഷുകാർ ഈ സംഭവങ്ങളെല്ലാം
നോക്കിക്കൊണ്ടു നിന്നതേയുള്ളു. അതിനെപ്പറ്റി മഹാരാജാ
വിനു് അനല്പമായ കുണ്ഠിതം തോന്നി. അവിടന്നു് വിവരങ്ങളെ
വിശദമായി മദ്രാസിലേക്കും ആക്കോട്ടിലേക്കും എഴുതി അയച്ചു.
ടിപ്പുവിന്റെ വാളും പരിചയും പല്ലക്കും തനിക്കു് അയച്ചുത
ന്നാൽ കൊള്ളാമെന്നു നവാബു് ആവശ്യപ്പെടുകയാൽ മഹാരാ
ജാവു് അയച്ചുകൊടുക്കയുമുണ്ടായി.

ഈ അപകടം ഒക്കെ പറഞ്ഞതിനു ശേഷമാണു്; കോട്ടകൾ
എല്ലാറ്റിന്റെയും ഗവർണ്ണർ ജനറലിന്റെ തീർച്ച വരുന്നവരെ അടഞ്ഞി
രിയിരുന്നാൽ കൊള്ളാമെന്നു കാണിച്ചു മദ്രാസു് ഗവർണ്ണർ അയച്ച
കത്തു് സുൽത്താനു കിട്ടിയതു്. ടിപ്പു ഇവിടെ ഒരു കപടം
പ്രയോഗിച്ചു. മുൻതീയതിവച്ചു് ഒരു കത്തെഴുതി അയാൾ ഗവ
ർണ്ണർക്കു് അയച്ചുകൊടുത്തു. ഒളിച്ചോടിപ്പോയവരെ അന്വേ
ഷിച്ചു കോട്ടയ്ക്കകം പരിശോധിച്ചുകൊണ്ടിരിക്കവേ, തിരുവിതാം
ഭടന്മാർ തന്റെ നേരെ വെടിവച്ചുവെന്നും പ്രതിക്രിയ
ന്റെ ഭടന്മാർ കോട്ടയെ ആക്രമിച്ചു പിടിച്ചുവെന്നും
ംഭവത്തെപ്പറ്റി കേട്ട മാത്രയിൽ സൈന്യത്തെ
ഞ്ഞുവെന്നും ആ കത്തിൽ പ്രസ്താവിച്ചിരുന്നു.
നതുവരെ ഇംഗ്ലീഷുകാരുടെ ദൃഷ്ടിയിൽ നല്ല
യിരുന്ന അയാളുടെ ശ്രമം.

സുൽത്താൻ തനിക്കു നേരിട്ട അവമാനം ഓർത്തു കോപിഷ്ടനായിട്ട് ഈ നിന്ദ്യമായ പ്രാകാരത്തെ ഇടിച്ചുപൊടിച്ചിട്ടല്ലാതെ പാളയം വിട്ടു പോകുന്നതല്ലെന്നു ശപഥം ചെയ്തു. അതിലേക്കു ശ്രീരംഗപട്ടണം, ബംഗളൂർ മുതലായ ദിക്കുകളിൽനിന്നു പുതിയ യുദ്ധസാമാനങ്ങളെ വരുത്തുകയും മൈസൂരിൽനിന്നും കൂടകിൽനിന്നും കിട്ടാവുന്നിടത്തോളം ടേന്മാരെ ശേഖരിക്കയും ചെയ്തു. ഇതിനിടയ്ക്കു നെടുങ്കോട്ടയുടെ ബലത്തെ അയാൾ നല്ലപോലെ പരിശോധിച്ചു് ഓരോ ദിക്കുകളിൽ പീരങ്കിവയ്ക്കുന്നതിനു കിടങ്ങു നികത്തിത്തുടങ്ങി. നമ്മുടെ ധർമ്മരാജാവും അടങ്ങിയിരുന്നില്ല. അദ്ദേഹം കോട്ടകളെ പൂർവ്വാധികം ബലപ്പെടുത്താൻ വേണ്ട ഏർപ്പാടുകളൊക്കെ ചെയ്തു. എന്നാൽ മൈസൂർസേനയുടെ സംഖ്യാബലം ഓർത്തപ്പോൾ, അവിടുത്തേക്കു വലിയ ഭയം തോന്നാതിരുന്നില്ല. അതുകൊണ്ടു മദ്രാസ് ഗവർണ്ണരുമായി അദ്ദേഹം ഉടനെ എഴുത്തുകുത്തുകൾ നടത്തിക്കൊണ്ടിരുന്നു. ഹോളൻഡു സായ്പുകളുടെ കേവലം തുഷ്ണീഭാവം അവലംബിച്ചിരുന്നതുകണ്ടു കീഴ്ദ്യോഗസ്ഥന്മാർപോലും അദ്ദേഹത്തെ പഴിച്ചുതുടങ്ങി. ഇതിനിടയ്ക്കു മദ്രാസ് സൈന്യത്തിലെ ഒരു ഉദ്യോഗസ്ഥനായിരുന്ന താമസ് മൺട്രോ ഗവർണ്ണർക്ക് അയച്ച കത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരുന്നു:—

"വീണ്ടും ഒരു ആക്രമണം അനുക്ഷണം പ്രതീക്ഷിതമായിരിക്കുന്നു; മഹാരാജാവിനെ ഈ അവസരത്തിൽ സഹായിക്കാതെയിരിക്കുന്നപക്ഷം ഈ പ്രബലമായ ഒരു ശക്തിക്കു് എതിരായി അദ്ദേഹം ചെയ്യുന്ന പ്രയത്നങ്ങളെല്ലാം കുറച്ചുകാലത്തേക്കു് അത്യാഹിതത്തെ നീട്ടാൻ സാധിക്കുമെന്നല്ലാതെ നാശത്തെ നിശ്ശേഷം തടയുന്നതിനു പര്യാപ്തമാകയില്ല. ഇംഗ്ലീഷുപട്ടാളം അണിനിരന്നു നിലകൊള്ളുന്നതേയുള്ളു. ശത്രുക്രമണം ഉണ്ടായാൽ തടഞ്ഞുനിർത്തുന്നതിനുവേ വാദം നല്കീട്ടില്ലെന്നു പറയപ്പെടുന്നു. മഹാരാജാവു് അവരെ ഇംഗ്ലീഷുപക്ഷം വരെക്കൊണ്ടു വല്ല പ്രയോജനവും ഇപ്പോൾ അവസരം ഇതാണു്."

964 കംഭം ഇരുപതാംതീയതി വീണ്ടും ശണ്ഠ ആരംഭിച്ചു. 24-ാംനു-യോടുകൂടി ടിപ്പുവിന്റെ സൈന്യം കോട്ട പൊളിക്കാനായി വെടിതുടങ്ങി. അതു പൊളിയുന്ന മട്ടു കാണായ്കയാൽ വടക്കേ പ്രാകാരത്തിനു സമീപത്തു് ഏതാനും വലിയ പീരങ്കി കൂടിക്കൂടി സ്ഥാപിക്കപ്പെട്ടു. എന്നിട്ടും ഒരു മാസത്തോളം അതിൽ ഒരു വിടവും ഉണ്ടായില്ല. മേടമാസാരംഭത്തോടുകൂടി മുക്കാൽമൈലോളം വിടവു് കോട്ടയ്ക്കു സംഭവിക്കയാൽ, ശത്രു സൈന്യം അകത്തേക്കു കടന്നു. തിരുവിതാംകൂർ സേന പിൻവലിഞ്ഞുതുടങ്ങി. ടിപ്പുവിന്റെ സൈന്യം ലാഭിയുടെ നേതൃത്വത്തിൽ നിഷ്പ്രയാസം കൊടുങ്ങല്ലൂർകോട്ട പിടിച്ചെടുത്തു. അനന്തരം ലാലി കുറിയാപ്പള്ളിക്കു തിരിച്ചു. മൈസൂർസൈന്യത്തെ ഇനി പ്രതിക്കുന്നതുകൊണ്ടു പ്രയോജനമില്ലെന്നു കരുതി വഞ്ചിസൈന്യം പിന്മാറിക്കളഞ്ഞു.

ഈ സമയമെല്ലാം ഇംഗ്ലീഷുസൈന്യം നോക്കിക്കൊണ്ടിരുന്നതല്ലാതെ ഒന്നും ചെയ്തില്ല. സുൽത്താനാകട്ടെ തെക്കോട്ടു പുറപ്പെടുന്നതിനു മുമ്പായി നെടുങ്കോട്ടയെ അടിച്ചുനിരത്താൻ ശ്രമിച്ചു. ഒന്നാമതായി ക്രന്താലി കൈയിലെടുത്തതു വെള്ളിയതു സുൽത്താൻ തന്നെയായിരുന്നു. അതുപയുക്തവിദ്വേഷം അയാൾക്കു് ആ കോട്ടയോടുണ്ടായിരുന്നു.

സുൽത്താന്റെ അളുകൾ തിരുവിതാംകൂറിൽ പ്രവേശിച്ചു പ്രവേശം കടുപ്പിക്കുന്തിയ അക്രമങ്ങൾ വർണ്ണിക്കാൻ പ്രയാസമാണു്. അയാളുടെ ഉപദ്രവങ്ങളോടു ദുർദ്ദിക്ഷം, വിഷൂചിക, മസൂരി മുതലായവ കൂടി ചേർന്നപ്പോൾ, ജനങ്ങളുടെ കഷ്ടതകൾ സഹസ്രഗുണം വർദ്ധിച്ചു. പ്രാണരക്ഷാർത്ഥം അവർക്കുണ്ടായിരുന്ന മോഹം നിശ്ശേഷം നശിച്ചു. അക്കാലത്തു വരാപ്പുഴെ പാതിരി ടിപ്പുവിന്റെ യാത്രയെ ഇങ്ങ

[illegible]ല്ലാം വെട്ടിക്കൊല്ലുന്നതിനു സന്നയ ഭടന്മാരെ മുന്നിൽ നടത്തിക്കൊണ്ടു
[illegible]ത്തിൽ ഒരു പീരങ്കിപ്പടയാളിസം
[illegible]നു. സുൽത്താന്റെ അടുത്തു പി

ന്നിലും നൂറ്,000 ഭടന്മാർ തുണയായി നിന്നിരുന്നു.....
സ്ത്രീപുരുഷന്മാരിൽ അധികംപേരെയും അവർ കഴുവിന്മേലിട്ടു. അത്യുമായി തള്ളമാരെ കഴുവിലേറ്റിട്ട മക്കളെ അവരുടെ കഴുത്തിൽ കെട്ടിത്തൂക്കി. ആ കഠിനഹൃദയൻ ക്രിസ്ത്യാനികളേയും ഹിന്ദുക്കളേയും നഗ്നരായി തന്റെ മുമ്പിൽ വരുത്തി അവരുടെ കൈകാലുകളെ ആനക്കാലുകളോടു കൂട്ടിക്കെട്ടി അവ ചീന്തിപ്പോകുന്നതുവരെ വലിപ്പിച്ചു. പള്ളികളേയും ക്ഷേത്രങ്ങളേയും തീവച്ചോ പൊളിച്ചുനിരത്തിയോ നശിപ്പിച്ചു. ക്രിസ്ത്യാനിസ്ത്രീകളേയും ഹിന്ദുസ്ത്രീകളേയും മുസൽമാന്മാരെക്കൊണ്ടു കല്യാണംകഴിപ്പിച്ചു.....ഹിന്ദുക്കളുടെ ജാതിസൂചകമായ കുടുമ്മയെ മുറിപ്പിച്ചുകളഞ്ഞു; വഴിയിൽ കണ്ടെത്തിയ എല്ലാ ക്രിസ്ത്യാനികളും തൽക്ഷണം ചേല സ്വീകരിക്കാത്തപക്ഷം, കണ്ടെടുത്തുവച്ചു നിഗ്രഹിക്കപ്പെട്ടു. ഞാൻ വരാപ്പുഴ ഇരിക്കുമ്പോഴാണു് ഇതൊക്കെ നടന്നതു്."

സുൽത്താന്റെ ഈ ഭീകരമായ മ്ലേച്ഛയാത്രകണ്ടു് ആബ്ബാലവൃദ്ധം നാട്ടിലുള്ളവരെല്ലാം മലകളിലും കാടുകളിലും പോയി രക്ഷപ്പെടുവാൻ നോക്കി. കുറെവളരെപ്പേർ തിരുവനന്തപുരത്തേക്കു തിരിച്ചു. ഇതിനിടയ്ക്കു കൊച്ചീത്തമ്പുരാൻ തന്റെ കുടുംബാംഗങ്ങളെ എല്ലാം തിരുവനന്തപുരത്തേക്കു് അയച്ചുകഴിഞ്ഞിരുന്നു.

ടിപ്പു നിർബ്ബാധം അലുവാവരെ എത്തി. അവിടെവച്ചു പ്രകൃതിദേവി തിരുവിതാംകൂറിനു തുണയായി വന്നില്ലായിരുന്നുവെങ്കിൽ, ഈ രാജ്യം മുഴുവനും മൈസൂർകടുവാ വിഴുങ്ങിക്കളയുമായിരുന്നു. പെട്ടെന്നു കാലവർഷം തുടങ്ങുകയാൽ, അലുവാപ്പുഴ കരകവിഞ്ഞൊഴുകി. വർഷപ്രാരംഭത്തിന്റെ കാഠിന്യംനിമിത്തം അശ്വസൈന്യത്തേയും പീരങ്കികളേയും നദികളാൽ വ്യാകീർണ്ണമായ ആ പ്രദേശത്തു കൂടിക്കൊണ്ടുപോവാൻ അയാൾക്കു സാധ്യമായില്ല. ഇതിനുംപുറമെ മദ്രാസിലെ ഗവർണ്ണരായിരുന്ന ഹോളൻഡിനു് പകരം 'മെഡോസു്" എന്നൊരു സായ്പ് നിയമിക്കപ്പെട്ടുകയും, അദ്ദേഹം ടിപ്പുവുമായി യുദ്ധത്തിനു പുറപ്പെടുകയും ചെയ്തതുകൊണ്ടു്, അയാൾക്കു ശ്രീരംഗപട്ടണത്തിലേക്കു

ണ്ടതായും വന്നുകൂടി. കർണ്ണാടകത്തിനായി ടിപ്പുവിനോടു തീച്ചയായും പക്കരം ചോദിക്കാൻ താൻ ഒരുക്കമാണെന്നു ഗവർണ്ണർ ജനറലായിരുന്ന കാൺവാളീസ്പ്രഭുവും മഹാരാജാവിനു് എഴുതി അയച്ചു. അതുകൊണ്ടു അവിടന്നു് തെല്ലുമാത്രം ആശ്വാസമുണ്ടായി.

ടിപ്പുവിനു തിരിച്ചുപോകുന്ന വിഷയത്തിൽ പലേ വിധത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിട്ടു. വെടിമരുന്നുകളും മറ്റും ഉപയോഗശൂന്യങ്ങളായി; സൈന്യങ്ങൾക്കു് ആഹാരസാധനങ്ങൾ ഒന്നും കിട്ടാതെവന്നു; വിഷൂചിക മുതലായ രോഗങ്ങൾ പാളയത്തിനുള്ളിൽ പ്രവേശിച്ചു നാശങ്ങൾ ചെയ്തു. അതുകൊണ്ടു ടിപ്പു തന്റെ സൈന്യത്തെ രണ്ടായി പകുത്തിട്ടു് ഒരുഭാഗത്തെ അന്നമനടയും ചാലക്കുടിയും വഴി തൃശ്ശിവപേരൂരേക്കും, മറ്റെ പകുതിയെ കൊടുങ്ങല്ലൂരും ചാവക്കാടും വഴി പാലക്കാട്ടേക്കും അയയ്ക്കുവാൻ ആജ്ഞാപിച്ചു. എന്നാൽ ദിവാൻ കേശവപിള്ളയാൽ നീതമായ തിരുവിതാംകൂർ സൈന്യം അവരെ പിന്തുടർന്നു.

പാലക്കാടു്, കോയമ്പത്തൂർ, ഡിണ്ടിഗൽ മുതലായ ജില്ലകളിലെല്ലാം ബ്രിട്ടീഷു് സേനാപതികളുടെ കീഴിൽ തിരുവിതാംകൂർ സൈന്യം സധൈര്യം പോരാടുകയുണ്ടായി. ശ്രീരംഗപട്ടണത്തിൽവച്ചു ടിപ്പുവുമായി കരാറു നടന്ന അവസരത്തിലും കേശവപിള്ള സന്നിഹിതനായിരുന്നു. ആ ഉടമ്പടിപ്രകാരം ടിപ്പു തന്റെ രാജ്യത്തിൽ നേർപകുതിയും, യുദ്ധച്ചിലവുവകയ്ക്കു മൂന്നു കോടി മുപ്പതുലക്ഷം ഉറുപ്പികയും ഇംഗ്ലീഷുകാർക്കു കൊടുത്തു. എന്നാൽ അവിടെയും ടിപ്പു ചില വഞ്ചനകൾ ചെയ്യാതിരുന്നില്ല. എന്തുകൊണ്ടെന്നാൽ, അയാൾ വിട്ടുകൊടുത്ത ദേശങ്ങളിൽ ചിലതെല്ലാം അയാൾക്കുള്ളവയല്ലായിരുന്നു. തന്നിമിത്തം പിൽക്കാലത്തു പല തർക്കങ്ങളും ശണ്ഠകളും ഉണ്ടാവാൻ ഇടയായി.

തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം ആലങ്ങാടും, പറവൂരും, കുന്നത്തുനാടും ഉടമ്പടിയിൽ അയാൾ ഉൾപ്പെടുത്തി വഴക്കുണ്ടാക്കണമെന്നുദ്ദേശിച്ചു തന്നെയായിരുന്നു. മുഴുവൻ പ്രദേശവും കൊച്ചിരാൻ ഇംഗ്ലീഷുകാരുടെ അധീനത്തി-

ലാവുകയാൽ അദ്ദേഹത്തിനു വിട്ടുകൊടുത്ത രാജ്യത്തിൽ മുൻ പ്രസ്താവിച്ച രണ്ടു മൂന്നു താലൂക്കുകളും ഉൾപ്പെടുത്തിയി. അതിനെ സംബന്ധിച്ചു കേശവപിള്ള പരാതിപ്പോൾ മദ്രാസ് ഗവണ്മെൻറിൽനിന്നും അന്വേഷണത്തിനു ഒരു കമ്മിഷനെ നിയമിച്ചു.

കൊച്ചിയുമായുള്ള തർക്കം.

ഈ മൂന്നു താലൂക്കുകളും 937-ൽ ഉണ്ടായ ഉടമ്പടി അനുസരിച്ചു കൊച്ചി തിരുവിതാംകോട്ടേക്കു വിട്ടുകൊടുത്തവയാകയാൽ ഒരിക്കലും ടിപ്പുസുൽത്താൻെറ അധീനത്തിലായിരുന്നിട്ടില്ലെന്നു കേശവപിള്ള വാദിച്ചു. തിരുവിതാംകൂറിൻെറ വാദം ന്യായാനുസൃതമാണെന്നു മിസ്റ്റർ പൊന്നിയും അഭിപ്രായപ്പെട്ടു. ഈ വാദം കേട്ട ഗവർണ്ണർ ജനറൽ ടിപ്പുവിനോടു സമാധാനം ചോദിച്ചപ്പോൾ അയാൾ മറുപടി പറഞ്ഞതു് ഇങ്ങനെ ആയിരുന്നു:—

"ഈ താലൂക്കുകൾ മൂന്നും അഹമ്മദീയസർക്കാരിൻെറ അധീനത്തിലിരുന്ന കൊച്ചീരാജാവു് ദീർഘകാലമായി അനുഭവിച്ചുവരുന്നവയാകുന്നു. ഉടമ്പടിപ്രകാരം നാം ഒഴിഞ്ഞുതരേണ്ടതു യുദ്ധം ആരംഭിച്ച കാലത്തു് അഹമ്മദീയസർക്കാരിൻെറ കൈവശത്തിൽ ഇരുന്ന രാജ്യത്തിൽ പകുതി ആണല്ലോ. ഈ മൂന്നു താലൂക്കുകളും തിരുവിതാംകൂർ രാജ്യത്തിനു ഒരിക്കലും കരുങ്ങീട്ടില്ല. കൊച്ചീരാജാവിൻെറ നേർക്കു ബലം പ്രയോഗിച്ചു പിടിച്ചെടുത്തതാണു്"

കൊച്ചീരാജാവാകട്ടേ ഇങ്ങനെ വാദിച്ചു. കൊല്ലം 929 മാണ്ടു് തിരുവിതാംകൂർ രാജാവു് യുദ്ധത്തിൽ [illegible] ണു് കുന്നത്തുനാടു്. അന്നുമുതലുക്കു് അതന്നെ അനുഭവിച്ചുവരുന്നു. 932-ൽ [illegible] അതിനു വടക്കു സ്ഥിതിചെയ്യു[illegible] രണ്ടു താലൂക്കുകളേയും [illegible] തുപ്പാപ്പിൽ നി[illegible] തിരി നിർദ്ദേശ[illegible] ങ്ങും തുപ്പാപ്പൂർ

ച്ചിരുന്നു. അതിനും പുറമേ പടച്ചെലവിലേക്ക
ത്തിലെ മുതലെടുപ്പിൽ പകുതി കൊടുക്കാമെന്നും
ചെയ്തിട്ടുണ്ടായിരുന്നു; പിന്നാൽ തിരുവിതാംകൂർ മഹാ
പ് കരാറു അനുസരിച്ചു സാമൂതിരി അടക്കിയ പിള്ളാ ദേശ
ങ്ങളും വീണ്ടെടുത്തു തമ്പുരാനെ ഏല്പിക്കാതിരുന്നതിനാൽ, അല
ങ്ങാടും പറമ്പും തിരിച്ചുകിട്ടണമെന്നു പലപ്രാവശ്യം ആവശ്യ
പ്പെട്ടിട്ടും അദ്ദേഹം അങ്ങനെ ചെയ്തില്ല. തരാം തരാം പിന്നു
പറഞ്ഞുകഴിഞ്ഞുതേയുള്ളു. ടിപ്പു തിരുവിതാംകൂറിനെ ആക്രമി
ക്കാൻ ഇടയാക്കിയതു് ഇതാണു്."

കൊച്ചീരാജാവിന്റെ ഈ വാദം കേട്ടപ്പോൾ ധർമ്മരാജാവു വളരെ ആശ്ചര്യപ്പെട്ടു. വേണ്ട തെളിവുകൾ ഹാജരാക്കുന്നതിനു് അവിടുന്നു കേശവപിള്ളയെ നിയോഗിച്ചു. ദിവാൻജി ഹാജരാക്കിയ പ്രമാണങ്ങൾ കണ്ടപ്പോൾ കമ്മിഷണർമാരുടെ സംശയങ്ങൾ നീങ്ങി. പിന്നാൽ 937-ലെ ഉടമ്പടി അനുസരിച്ചു തിരുവിതാംകൂർ പൂർണ്ണമായി പ്രവർത്തിച്ചിട്ടുണ്ടോ പിന്നാക്കടി അന്വേഷിക്കേണ്ടതാണെന്നു് അവർ റിപ്പോർട്ടുചെയ്തു. പിന്നാൽ ആ അന്വേഷണം ദീർഘകാലം തുടർന്നുകൊണ്ടു പോകേണ്ട ആവശ്യം നേരിട്ടില്ല. പിന്നെന്തുകൊണ്ടെന്നാൽ, തെളിവു ഹാജരാക്കാൻ പല പ്രാവശ്യം കൊച്ചീതമ്പുരാനോടു് ആവശ്യപ്പെട്ടിട്ടും അദ്ദേഹം അനങ്ങാതെ ഇരുന്നുകളഞ്ഞതേയുള്ളു. ഒടുവിൽ കമ്മീഷണർമാർ ഇങ്ങനെ റിപ്പോർട്ടുചെയ്യുകയുണ്ടായി:—

"ഒടുവിൽ കൊച്ചീരാജാവു് അശ്രുപൂർണ്ണങ്ങളായ നേത്രങ്ങ
ടുകൂടി ഇവിടെ വന്നു വാദവിഷയമായ രണ്ടു താളുക്കുകളും
കാണുന്നതിനു് ഏതാനും ദിവസങ്ങൾക്കു മുമ്പുതക്കവിട്ടുകൊടുത്തു പോയതിനാൽ അവയെ
ഒരു അവകാശവും ഇല്ലെന്നു ബോ
അന്വേഷണം തുടർന്നുകൊ
ം തുപ്പാപ്പിസ്വരൂപ
ായ്യാൻ തയ്യാറ
രുപക്ഷ അങ്ങ
ച്ചിരിക്കുന്നു

സമാധാനസ്ഥാപനം.

സാമൂതിരി ചിറയ്ക്കൽ, കോട്ടയം, കുമ്പനാട്, നാട്ട്, ബേയപുരം, തണ്ണിയൂർ, പാലക്കാട്ട് മുതലായ രാജ്യങ്ങൾ കവളപ്പാറ, കരിങ്ങോട്ട്, കാവക്കാട്ട്, എടത്തറ, മണ്ണൂർ മുതലായ നാടുവാഴി പ്രഭുക്കന്മാരും തിരുവിതാംകൂറിൽ ശരണംപ്രാപിച്ചിരുന്നു. ഇവരെ അവരുടെ സ്ഥാനങ്ങളിൽ പ്രതിഷ്ഠിക്കുന്നതാരം ഇംഗ്ലീഷുകാർ മഹാരാജാവിൽ ചുമത്തി. ഇത് അത്യന്തം വിഷമമായ ഒരു കാര്യമായിരുന്നു. ടിപ്പു നാടുവിട്ടു പോയെങ്കിലും അയാളാൽ നാടുവാഴികളായി നിയമിക്കപ്പെട്ട സർദാരന്മാരിൽ പലരും പ്രബലന്മാരുമായിരുന്നു. വടക്കേമലയാളം മുഴുവനും താറുമാറായി കിടന്നിരുന്നുവെന്നു പറഞ്ഞാൽ വലിയ തെറ്റില്ല. എന്നിരുന്നാലും ഇംഗ്ലീഷ്കാർ തന്നിൽ നിക്ഷേപിച്ച വിശ്വാസത്തെ അവിടുന്നു സാഭിമാനം സ്വീകരിച്ച് അതിലേക്ക് തന്റെ പ്രധാന മന്ത്രിയായ കേശവപിള്ളയെ സകലവിധത്തിലുള്ള അധികാരങ്ങളുംകൊടുത്തു ചുമതലപ്പെടുത്തി.

ടിപ്പു തിരിച്ചുപോയ ഉടനെതന്നെ കൊച്ചീരാജകുടുംബത്തെ വടക്കോട്ട് അയച്ചുകഴിഞ്ഞിരുന്നു. സാമൂതിരിക്ക് അന്ന് 70 വയസ്സുണ്ടായിരുന്നതിനാൽ അദ്ദേഹത്തിനു തിരുവനന്തപുരം വിട്ടു പോവാൻ മനസ്സുണ്ടായില്ല. അതിനാൽ സാമൂതിരിയുടെ പ്രതിപുരുഷനായി വാഴുന്നതിനു കോഴിക്കോട്ട് കൃഷ്ണൻ രാജാവിനെ അവിടുന്നു നിയോഗിച്ചു.

ചിറയ്ക്കൽ രാജാവാകട്ടെ കുടുംബത്തെ മാത്രം തിരുവനന്തപുരത്തേക്ക് അയച്ചിട്ട് കണ്ണൂർ ആലിരാജാവു വഴിക്കു സുൽത്താന്റെ മൈത്രി സമ്പാദിക്കാൻ ശ്രമിച്ചിട്ടു ഫലിക്കാതെ ആത്മഹത്യ ചെയ്തുകളഞ്ഞു. തൽസ്ഥാനത്തേക്കു രണ്ടുപേർ അവകാശികളായി പുറപ്പെട്ടു. എന്നാൽ മഹാരാജാവു മലയാളസമ്പ്രദായമനുസരിച്ച് അവരിൽ മൂത്തയാളിനെ രാജാവായി വാഴിച്ചു.

വടക്കൻകായ്യങ്ങൾ ഭംഗിയായി ഒതുക്കുന്നതിനു കേശവപിള്ളയ്ക്ക് ഒരു കൊല്ലത്തോളം വേണ്ടിവന്നു, പല രാജാക്കന്മാരുടേയും, പ്രഭുക്കന്മാരുടേയും അവകാശങ്ങൾ കേട്ട തീർപ്പുചെയ്യുന്നതിനായി അദ്ദേഹത്തിനു ചിറയ്ക്കൽമുതൽ പാലക്കാട്ടുവ[illegible]

ന്ന. ഓരോ സ്ഥലത്തും ന്യായാനുസൃതമായും ശ്ലാഘ്യസപലമായും കാര്യങ്ങൾ നടത്തിവന്നതിനാൽ സകലജനങ്ങളുടെയും ബഹുമാനത്തിനു പാത്രമായി. അക്ഷരജ്ഞാനമില്ലാതെ മറുള്ളവരുടെ കൈയിൽ കേവ പാവകളെന്നപോലെ കാണപ്പെട്ട രാജാക്കന്മാരെയും പ്രമാ നികളെയും നേർവഴി നയിക്കുന്നതിനു് അതാതു സ്ഥലങ്ങളിൽ സമർത്ഥന്മാരായ കാര്യക്കാരെക്കൂടി നിയമിച്ചിട്ടാണു് അദ്ദേഹം തിരിച്ചുപോന്നതു്.

കോഴിക്കോട്ടു സാമൂതിരിയുടെ അധികാരം നടത്തിക്കൊ ണ്ടിരുന്ന കുഞ്ഞിരാജാവു അധികാരത്തുണ്ണുനിമിത്തം പലേ അഴിമതി കർമ്മം ചെയ്യുതുടങ്ങിയതിനാൽ കേശവപിള്ള സ്വാമിനാഥപട്ടർ എന്നൊരാളെ കാര്യക്കാരായി നിയമിച്ചിരുന്നു. അയ്യാൾനിമി ത്തം കുഞ്ഞിരാജാവിനു അനല്പമായ സ്വാതന്ത്ര്യഭംഗം നേരിട്ടതു കൊണ്ടു് അദ്ദേഹം മദ്രാസ്ഗവർണ്ണരുടെ അടുക്കൽ പരാതിപ്പെട്ടു, സാമൂതിരിസ്ഥാനം കൈയ്യൊഴിക്കിക്കൊണ്ടു പോന്നു. അതിനു ശേഷം അദ്ദേഹം കേശവപിള്ളയെ അവഗണിച്ചുതുടങ്ങിയ പ്പോൾ തൽസന്യച്ചെലവിലേക്കും മറുമുള്ള ധാന്യം ആ നാട്ടിൽ നിന്നു കിട്ടാതെയായി. അതിനെപ്പറ്റി കേശവപിള്ള മദ്രാസ് ഗവർണ്ണർക്കു റിപ്പോർട്ടുചെയ്തു. ഗവർണ്ണർ കുഞ്ഞിരാജാവിനെ താ ക്കീതുചെയ്തിട്ടു പാലക്കാട്ടു താമസിക്കുന്ന രാമരാജമന്ത്രിക്കു് എല്ലാ വിധത്തിലും വിധേയനായിരുന്നുകൊള്ളണമെന്നു് ആജ്ഞാ പിച്ചു.

ഈ സംഭവത്തിനുശേഷം കേശവപിള്ള വടക്കേമലയാള ത്തിലെ ആജ്ഞാകരനായിത്തീർന്നു. രാജാക്കന്മാരെ നീക്കാനും പുതിയതായി പ്രതിഷ്ഠിക്കാനും അദ്ദേഹത്തിനു് അധികാരം ലഭിച്ചു.

ഈ സമയത്തു കേശവപിള്ള കവളപ്പാറ മൂപ്പിൽനായരെ സ്വതന്ത്രനായി വാഴിച്ചതു നീതിവിരുദ്ധമാണെന്നും അദ്ദേഹം തന്റെ കീഴിലുള്ള ഒരു സാമന്തനാണെന്നും കൊച്ചീരാജാവു് മദ്രാസ്ഗവണ്മെൻറിനോടു പരാതി ബോധിപ്പിച്ചു.

"കവളപ്പാറനായരു് പെരുമ്പടപ്പു സ്വരൂപത്തിന്റെ കീഴി ലുള്ള ഒരു സാമന്തനാണു്. 932-ൽ കൊച്ചീരാജ്യത്തിന്റെ

ഏതാനും ഭാഗം സാമൂതിരി ആക്രമിച്ചു കൂട്ടത്തു നാടും പിടിച്ചെടുത്തു. 937-ൽ അകൂട്ടേ തുപ്പാപ്പു ന്റെ സഹായത്താൽ ആ പ്രദേശം വീണ്ടും നമുക്കു ത മായി. 941-ൽ കവളപ്പാറനാട്ടിലെ മൂളക്കു മുഴുവനും ന കൊച്ചീസക്കാരിലേക്കു തന്നു. എന്നാൽ ആ കൊല്ലത്തിൽതു തൈമരാലി കവളപ്പാറനാടു പിടിച്ചെടുക്കയാൽ അന്നുമുതലക്കു അവിടത്തെ മുതലെടുപ്പു കോഴിക്കോട്ടു കച്ചേരിയിൽ അടച്ചുവരി കയായിരുന്നു. അതിനെ വീണ്ടെടുപ്പാൻ പലപ്പോഴും ശ്രമിച്ചിട്ടും പലിച്ചില്ല."

കൊച്ചീത്തമ്പുരാൻ തിരുവിതാംകൂറിനെ സംബന്ധിച്ചു ചെയ്ത വാദത്തിന്റെ സൂക്ഷ്മാവസ്ഥ ഗ്രഹിച്ചു കമ്മീഷണരന്മാർ ഈ അവകാശവാദത്തെ തള്ളിക്കളഞ്ഞതേയുള്ളു.

ഇങ്ങനെ കേശവപിള്ള വടക്കൻ കായ്യങ്ങളെല്ലാം ഒതുക്കി യിട്ടു തിരിയെ നാട്ടിലേക്കു പോന്നു. എന്നാൽ കുറേക്കാലംകൂടി സമാധാനമായിരിക്കാൻ സാധിച്ചില്ല. എന്തുകൊണ്ടെന്നാൽ കമ്പനിയുമായി ഒരു വലിയ തക്കം ഉണ്ടാവാൻ ഇടവന്നു. യുദ്ധ ച്ചെലവു മുഴുവനും തിരുവിതാംകൂറിൽനിന്നു വാങ്ങിക്കേണ്ടതാ ണെന്നു കമ്പനി ശഠിച്ചു. ക്രി. വ. 1728-ൽ നടന്ന ഉടമ്പടി പ്രകാരം കൂടുതൽ സൈന്യം യുദ്ധാംഗത്തിലെ അയച്ചാൽ, അതിലേക്കുള്ള ചെലവു് കമ്പനിതന്നെ വഹിച്ചുകൊള്ളണ മെന്നായിരുന്നു വ്യവസ്ഥ ചെയ്തിരുന്നതു്. അതിനാൽ പണ ത്തിനു നന്നേ ഞെരുങ്ങിയിരിക്കുന്ന കാലത്തു് ഇത്രവലുതായ ഒരു സംഖ്യ തന്നോടു് ആവശ്യപ്പെട്ടതു് അന്യായമായിപ്പോയി എന്നു മഹാരാജാവു വാദിച്ചു. പക്ഷെ കമ്പനി വഴങ്ങുന്ന ലക്ഷണം ഒന്നും കാണിക്കായ്കയാൽ ഏതാനും ഗഡുക്കളിൽ പണം അടച്ചു കൊടുപ്പാൻതന്നെ മഹാരാജാവു തീ ത്തി. മദ്രാസ് ഗവർണ്ണർ അതുകൊണ്ടും തൃപ്തിപ്പെടാ ണ്ണ ക്ഷം രൂപായും ഉടനെ അയച്ചുകൊടുക്കണമെ ന്നു ഡിച്ചു. മഹാരാജാവാകട്ടെ കേശവപിള്ളയു സ്വതം ഏഴിലക്ഷം ഉറുപ്പിക അയച്ചുകൊടുത്തി ചെയ്തുകൊടുപ്പാൻ അവശ്യപ്പെട്ടു.

ുമനസ്സുകൊണ്ടു് ഗവണ്മെന്റർ ജനറലിന്റെ അടു
ിപ്പെട്ടിട്ടുപ്പോൾ അദ്ദേഹം അനുകൂലമായി തീർച്ച ചെ
ടു തിരുവിതാംകൂറിനു് അല്പം ആശ്വാസമുണ്ടായി.

ിപ്പുമായുള്ള യുദ്ധം കഴിഞ്ഞിരുന്നതിനാൽ തിരുവി
ിൽ താമസിച്ചിരുന്ന സൈന്യത്തെ പിൻവലിക്കേണ
മെന്നു മഹാരാജാവു് കമ്പനിക്കാരെ അറിയിച്ചു. അതിനു മറു
പടിയായി, കമ്പനി വിശ്വാസമായ ഒരു സൈന്യത്തെ പരിപാ
ലിച്ചുവരുന്നതു ബന്ധുരാജ്യങ്ങളുടെ ആവശ്യത്തിലേക്കാണെന്നും
ആ സൈന്യത്തിന്റെ ചെലവിൽ ഒരോഹരി ഓരോ രാജ്യവും
വഹിക്കേണ്ടതാണെന്നും മദ്രാസ് ഗവണ്മെന്റർ മറുപടി പറഞ്ഞു.
എന്നാൽ ചെലവു പ്രതിവർഷം 42,768 പഗോഡാ എന്നു
ക്കിപ്പെടുത്താമെന്നു ഗവർണ്മെന്റ് സമ്മതിച്ചു.

പുതിയഉടമ്പടി.

അതേവർഷംതന്നേ തിരുവിതാംകൂറും ഇംഗ്ലീഷു കമ്പനിയു
മായുള്ള ഉടമ്പടിയെ ഒന്നുകൂടി പുതുക്കി. അതിലെ പ്രധാന
പ്രമാണകം താഴെപ്പറയുന്നവയായിരുന്നു.

1. ടിപ്പു സുൽത്താൻ ഇംഗ്ലീഷുകാക്കു കൊടുത്ത കുന്ത്തു
നാടു്, ആലങ്ങാടു്, പറവൂർ എന്നീ താലൂക്കുകൾ ഇംഗ്ലീഷുകാർ
തിരുവിതാംകോട്ടേക്കു വിട്ടുകൊടുത്തിരിക്കുന്നു.

2. അകാരണം തിരുവിതാംകൂറിനെ ഏതെങ്കിലും രാജാ
ക്കന്മാർ കടൽ വഴിക്കോ കരവഴിക്കോ ആക്രമിക്കുന്ന പക്ഷം,
ഇംഗ്ലീഷുകാർ ആ ആക്രമണത്തെ നിരോധിക്കുന്നതാണു്.

3. ഇപ്രകാരം തിരുവിതാംകൂറിനെ സംരക്ഷിക്കുന്നതിനു
ഫലമായി യുദ്ധകാലത്തും അല്ലാത്തപ്പോഴും മുന്നു കമ്പനി
ുത്തിന്റെയും ഒരു കമ്പനി ഇംഗ്ലീഷു് പീരങ്കിപ്പടയാ
ം രണ്ടു കമ്പനി യൂറോപ്യൻ പട്ടാളത്തിന്റെയും പ്രേ
ാവു് ഇംഗ്ലീഷുകാർക്കു കൊടുക്കണം.

പട്ടാളങ്ങളെ മഹാരാജാവിനു ഇഷ്ടംപോലെ
താമസിപ്പിക്കാം. മഹാരാജാവു് അവശ്യ
സന്ദർഭത്തിനു് ഒരുങ്ങിയിരിക്കുന്നതു
സൈന്യങ്ങൾ വേണ്ടിവന്നാൽ, ഇം

ഇംഗ്ലീഷുകമ്പനി അയച്ചുകൊടുക്കുന്നതും, അങ്ങനെ അയയ്ക്കുന്ന സൈന്യങ്ങളുടെ ചെലവു കമ്പനി നടത്തിക്കൊള്ളുന്നതുമാകുന്നു.

5. തിരുവിതാംകൂർ മഹാരാജാക്കന്മാർ കമ്പനിയുടെ അനുവാദംകൂടാതെ സ്വയമേവ മറ്റു രാജാക്കന്മാരോടു യുദ്ധത്തിനു പുറപ്പെടുകയോ സന്ധിക്കു് ഒരുങ്ങുകയോ ചെയ്യുകൂടാത്തതാണു്.

6. ഇംഗ്ലീഷുകാർ ആവശ്യപ്പെടുന്ന അവസരങ്ങളിലെല്ലാം മഹാരാജാവു് സൈന്യം അയച്ചുകൊടുക്കേണ്ടതും എന്നാൽ അങ്ങനെ അയയ്ക്കപ്പെടുന്ന സൈന്യത്തെ, മധുര കോഴിക്കോടു എന്നീ സ്ഥലങ്ങൾക്കടുത്തുള്ള പ്രദേശങ്ങളിൽ നടക്കുന്ന യുദ്ധങ്ങളിൽ മാത്രം ഉപയോഗിക്കേണ്ടതുമാകുന്നു.

7. തിരുവിതാംകൂറും ഇംഗ്ലീഷുകമ്പനിയുമായുള്ള കച്ചവടം നിർബാധമായിരിക്കണം.

8. ആഭ്യന്തരഭരണകാര്യങ്ങളിൽ കമ്പനി ഇടപെടുവാൻ പാടില്ല. അവരുടെ രാജ്യത്തിൽ ഒരുഭാഗവും കമ്പനിയുടെ കൈവശത്തിൽ വയ്ക്കുവാനുള്ളതുമല്ല.

9. ഇംഗ്ലീഷുകാരുടെ കപ്പലുകൾ തിരുവിതാംകൂറിലെ തുറമുഖങ്ങളിൽ വന്നാൽ അവയ്ക്കു വേണ്ട ഒത്താശകളെല്ലാം സർക്കാരിൽനിന്നു ചെയ്തുകൊടുക്കേണ്ടതാകുന്നു.

ഈ ഉടമ്പടിയുടെ പ്രധാന കാരണഭൂതൻ കേശവപിള്ള യായിരുന്നു. അതിനോടുകൂടി തിരുവിതാംകൂറിലെ കച്ചവടം മുഴുവനും ഇംഗ്ലീഷുകാക്കു് അധീനമായെന്നു മാത്രമല്ല, അവർക്കു നാട്ടിൽ മേൽക്കോയ്മയും ഉറച്ചു. തിരുവിതാംകൂർ രാജാക്കന്മാരുടെ സ്വാതന്ത്ര്യം ഇങ്ങനെ നശിച്ചുപോകുമെന്നുള്ള ശങ്കയും അതിനോടുകൂടി നീങ്ങി. ഇപ്രകാരം ഒരു ഉടമ്പടി ചെയ്യുന്നപക്ഷം രാജ്യത്തിന്റെ സ്വാതന്ത്ര്യം നശിച്ചുപോകുമെന്നു മഹാരാജാവും ദിവാൻജിയും അറിയാതിരുന്നില്ലതാനും. ഇംഗ്ലീഷുകാരുടെ വർദ്ധിച്ചുവരുന്ന ശക്തിക്കു് ഏല്ലാ രാജ്യങ്ങളും ഒരു കാലത്തു കീഴടങ്ങാതിരിക്കയില്ലെന്നു് അവർ മനസ്സിലാക്കിയിരുന്നു. ആ ദീർഘദർശിത്വത്തിന്റെ ഫലമായിട്ടാണു് ബ്രിട്ടീഷുകാരുടെ ഒരു അതിപുരാതനബന്ധം പരിപാലിച്ചുകൊണ്ടിരിക്കുന്നതു്.

പരിഷ്കാരങ്ങൾ.

കേശവപിള്ളയെ അഭിനന്ദിച്ചു ബ്രിട്ടീഷു് ഈസ്റ്റിൻഡ്യാ കമ്പനി അദ്ദേഹത്തിനു രാജാ എന്ന സ്ഥാനം നല്കി. അന്നു മുതൽക്കു ദാസശബ്ദംകൂടി ചേർത്തു രാജാകേശവദാസൻ എന്ന പേരു് അദ്ദേഹം ഉപയോഗിച്ചുതുടങ്ങി.

യുദ്ധത്തിൽ ഏർപ്പെട്ടിരുന്ന കാലത്തുതന്നെ മഹാരാജാവു് അഭ്യന്തര ഭരണപരിഷ്കാരത്തിൽ ബദ്ധകങ്കണനായിത്തന്നെ വർത്തിച്ചു. സമാധാനപ്രാപ്തിയോടുകൂടി ഒന്നാമതായി അദ്ദേഹത്തിന്റെ ശ്രദ്ധപതിഞ്ഞതു വാണിജ്യത്തിലായിരുന്നു. വാണിജ്യവിഷയത്തിൽ വിശാലങ്ങളായ പലേ അഭിപ്രായങ്ങളും കേശവപിള്ളയ്ക്കുണ്ടായിരുന്നു. കയറ്റുമതിക്കു കയറിക്കിടക്കുന്നതിനു സൌകര്യമുഖങ്ങളെ ഓരോന്നായി ദിവാൻജി സന്ദർശിച്ചു. പ്രധാനസ്ഥലം പരിഷ്കരിച്ചുശേഷം അദ്ദേഹം പൂവാർ അവിടെനിന്നും വിഴിഞ്ഞത്തേക്കും പോയി. അവിടങ്ങളിലെ തുറമുഖങ്ങളെ കപ്പലുകളുടെ ഗതാഗതത്തിനു സുകരങ്ങളാക്കിത്തീർത്തു. വിഴിഞ്ഞത്തു് ഏതാനും പണ്ടകശാലകളും സമാനങ്ങൾ ഇടാനുള്ള കെട്ടിടങ്ങളും അദ്ദേഹം പണിയിച്ചു. പൂന്തുറെ ഒരു ഒന്നാന്തരം ബംഗ്ലാവും നിരവധി കെട്ടിടങ്ങളും നിർമ്മിച്ചതിനു പുറമേ, കച്ചവടക്കാരായും മറ്റു വ്യവസായങ്ങളിൽ ഏർപ്പെട്ടവരായും അനേകം ആളുകളെ അദ്ദേഹം കടൽ തീരത്തു പാർപ്പിച്ചതുകൊണ്ടു് ആ സ്ഥലം ജനനിബിഡമായിത്തീർന്നു.

അനന്തരം കേശവപിള്ള പുറക്കാട്ടേക്കു തിരിച്ചു. അവിടെ ഡച്ചുകാരുടെ വകയായി ഒരു പണ്ടകശാലയുണ്ടായിരുന്നു. ആ സ്ഥലത്തു താമസിക്കുന്ന കാലത്താണു്, അലപ്പുഴയ്ക്കു് ഒരു തുറമുഖമായിരിക്കാനുള്ള യോഗ്യതകൾ പലതും ഉണ്ടെന്നു് അദ്ദേഹം ഗ്രഹിച്ചതു്. വിദഗ്ദ്ധന്മാരായ ചിലരെക്കൊണ്ടു് അലപ്പുഴകടലിന്റെ പര്യവേക്ഷണം നടത്തിയതിന്റെ ഫലമായി ആ സ്ഥലത്തു് ഒരു തുറമുഖം സ്ഥാപിക്കാൻ തന്നെ അദ്ദേഹം തീർച്ചയാക്കി.

ഈ വിവരത്തെ അദ്ദേഹം തിരുമനസ്സിലെ അറിവിച്ചു. അവിടുത്തേയ്ക്കു പരമസന്തോഷം അനുഭവപ്പെട്ടു. ദിവാൻ ഉടൻ

തന്നെ കാടുവെട്ടിത്തെളിപ്പിച്ച് ആ പ്രദേശത്തെ സുഗ്രാമാക്കിത്തീർത്തു. അവിടം അക്കാലത്തെ കുറുനരികളുടെ വിവിധ ദുഷ്ടമൃഗങ്ങളുടേയും ആവാസഭൂമിയായിരുന്നു. എന്നാൽ രണ്ടു മാസങ്ങൾക്കുള്ളിൽ അലപ്പുഴ കണ്ടാലറിയാത്തവിധമായിപ്പോയി.

സർക്കാർ ചെലവിൽതന്നെ ഒരു പരുത്തിശാലയും ഏതാനും കടകളും പണിയിച്ച് പല സ്ഥലങ്ങളിൽനിന്നും കച്ചവടക്കാരെ വരുത്തി താമസിപ്പിച്ചു. ദിവാൻജിതന്നെ ബോംബെയിലുള്ള ഏതാനും സുഹൃത്തുക്കളുമായി എഴുത്തുകുത്തുനടത്തി, കച്ചിൽനിന്നും സിൻഡിൽനിന്നും ധനികന്മാരായ വ്യാപാരികളെ വരുത്തുന്നതിന് ഏർപ്പാടുചെയ്തു. ഹിന്ദുക്കൾക്ക് ആ സ്ഥലം വാസയോഗ്യമാക്കിത്തീർക്കാനായി ഉള്ളിലോട്ട് മാറി ഒരു ക്ഷേത്രം പണിയിച്ചതിനുശേഷം, അദ്ദേഹം തിരുനെൽവേലിയിൽനിന്നും മറ്റും ബ്രാഹ്മണരുൾപ്പെടെ വ്യാപാരികളെ വരുത്തിപ്പാർപ്പിച്ചു.

ദിവാൻജി അലപ്പുഴത്തന്നെ സ്ഥിരതാമസമാക്കി. അവിടെ ഒരു ഹജൂർകച്ചേരിയും കൊട്ടാരവും താമസിയാതെ പണിയിക്കയും, മഹാരാജാവ് അവിടെ എഴുന്നള്ളി തൃക്കൺപാർത്തു സന്തോഷിക്കുകയുംചെയ്തു. മലയാറ്റൂരും മറ്റുമുള്ള തടിയെല്ലാം മാത്തുത്തരകൻ എന്നൊരാൾ കുത്തകകൊടുത്തു, തടികളെ അലപ്പുഴെ കൊണ്ടുവന്നു വിൽക്കാൻ ഏർപ്പാടു ചെയ്തു. അതുപോലെ വനോൽപ്പന്നങ്ങളെ ശേഖരിച്ചയയ്ക്കുന്നതിനായി കുമ്പം, കുടമൂർ മുതലായ ടിക്കുകളിൽ തമ്പിനായിക്കൻ തുടങ്ങിയ വിചാരിപ്പുകാരെയും നിയമിച്ചു. ഇങ്ങനെ തിരുവിതാംകൂറിലെ കാടുകളിൽനിന്നും ഏലം, മെഴുക്, തേൻ, ദന്തം, ലാക്ക മുതലായ സാമാനങ്ങളൊക്കെ അലപ്പുഴക്കെത്തിത്തുടങ്ങി.

യൂറോക്കടത്തിന്റെ ഭാരം ശമിപ്പിക്കുന്നതിനു പണം സമ്പാദിക്കാതെ തരമില്ലല്ലോ. അതുകൊണ്ട് സർക്കാരിൽനിന്നു ഇഞ്ചത്തം ചരക്കുകളെ ബോംബേ, കൽക്കട്ടാ മുതലായ [illegible] ളിൽ എത്തിച്ചുകൊടുക്കുന്നതിനായി ഏതാനും [illegible] യിച്ചതിനാൽ രണ്ടുമൂന്നുകൊല്ലങ്ങൾക്കുള്ളിൽ [illegible] കിട്ടി.

കർം തുറമുഖത്തെത്തിക്കുന്നതിനും ആവശ്യമുള്ള തോ ഴിപ്പിച്ചതും ഈ ദിവാൻജിതന്നെയാണു്. ഇപ്രകാരം ലപ്പുഴപ്പട്ടണത്തെ തിരുവിതാംകൂറിലെ പ്രധാന തുറമുഖമാ ക്കിയതിന്റെ ശേഷമത്രേ കേശവപിള്ള തിരുവനന്തപുരത്തേക്കു പോയതു്.

തിരുവനന്തപുരത്തു കിഴക്കേക്കോട്ടവാതുക്കൽനിന്നു കിഴ ക്കോട്ടുള്ള രാജപാതയ്ക്കു വിസ്താരം വർദ്ധിപ്പിച്ചു് അതിന്റെ ഇരുവശത്തും കടകളും മറ്റും നിർമ്മിച്ചിട്ടു് ആ സ്ഥലത്തെ ഒരു വ്യാപാരകേന്ദ്രമാക്കുവാനാണു് പിന്നീടു് അദ്ദേഹം ഉദ്യമിച്ചതു്. അതിനോടുകൂടി കിള്ളിയാറിലും കരമനയാറിലും ഓരോ പാല ങ്ങൾ പണിയിച്ചു് കിഴക്കോട്ടുള്ള ഗതാഗതത്തെയും സുകരമാക്കി. അനന്തരം നാഞ്ചിനാട്ടു് ചില പുതിയ കൃഷിസേചനപദ്ധതി കൾ നിർമ്മിച്ചു് കൃഷിയെ അഭിവൃദ്ധമാക്കിയതിനു പുറമേ, കോ ട്ടാർ എന്ന സ്ഥലത്തു തിരുനെൽവേലി, മധുര മുതലായ ദിക്കുക ളിൽനിന്നു നെയ്ത്തുകാരെയും ചായവേലക്കാരെയും മറ്റും വരുത്തി താമസിപ്പിക്കയാൽ അവിടവും അചിരേണ ഒരു പ്രസി ദ്ധനഗരമായിത്തീർന്നു.

അനന്തരം തിരുവിതാംകൂർ കമ്മട്ടത്തിൽനിന്നും വെള്ളിച്ച ക്രത്തിനു പുറമേ അനന്തരായണൻചക്രം, ചിന്നച്ചക്രം, അനന്ത വരാഹൻ മുതലായ നാണയങ്ങൾകൂടി അടിക്കുന്നതിനു ദിവാൻ ജി ഏർപ്പാടുചെയ്തു. പണ്ടാരവക പാട്ടവസ്തുക്കളിൽ 'നിലവരി' എന്ന പുതിയ കരം വസൂൽ ചെയ്യും അദ്ദേഹം ചക്രനാഴിൽ പ്രമാണം വർദ്ധിപ്പിച്ചു.

ഇതിനിടയ്ക്കു ചുങ്കം സംബന്ധിച്ചു കൊച്ചീസർക്കാരുമായി ഒരു തർക്കം ഉണ്ടായി. 946-ൽ കൊടുങ്ങല്ലൂർ കോട്ടയും പള്ളി പുറവും ഡച്ചുകമ്പനിയുടെ പക്കൽനിന്നു തിരുവിതാംകൂർ വാ ങ്ങിയല്ലോ. കൊടുങ്ങല്ലൂർവഴിക്കു കൊണ്ടുവരുന്ന ചരക്കു കരങ്ങൾ ഒന്നും ചുമത്തരുതെന്നു് ആ തീറാധാര ചെയ്തിരുന്നുവെന്നും, ആ നിശ്ചയത്തിനു വിപ രീതാംകൂറിലെ അധികാരികൾ പെരുമ്പടപ്പു വടക്കു തുശ്ശിവപേരൂർ മുതലായ പ്രദേ

ശങ്ങളിൽനിന്നു വഞ്ചിവഴിക്കു വരുന്ന
ചുമത്തിയെന്നും, കൊച്ചീത്തമ്പുരാൻ ഡച്ചുകാ
എഴുതി അയച്ചു. ലന്തുവണ്ണർ മഹാരാജാവിനെ
ത്തെപ്പറ്റി എഴുതിച്ചോദിക്കാമെന്നു പറഞ്ഞുവെച്ചു
തീപ്പു വരുംമുമ്പേതന്നെ ഡച്ചുകാരുടെ ആധിപത്യം ഉ
യാൽ കൊച്ചീത്തമ്പുരാൻ തിരുവിതാംകൂർ സക്കാരുമായി പൂ
ത്തുകൂട്ടു നടത്തിനോക്കി. ഒടുവിൽ ഒരു തീട്ടൂരവുംകൊടുത്തു
അവിടുന്നു രണ്ടു കാര്യക്കാരന്മാരെ തിരുവനന്തപുരത്തേക്കു
അയച്ചു. ആ കാര്യക്കാരന്മാരുമായി ആലോചന നടത്തിയ
ശേഷം ദിവാൻജി കൊച്ചീത്തമ്പുരാനു് ഇങ്ങനെ എഴുതി
അയച്ചു.

ഇവിടത്തെ അവസ്ഥയാവിതു്. അണ്ണാപ്പട്ടരു കാര്യക്കാർ
മുതൽപേരുവശം കൊടുത്തയച്ച തീട്ടൂരം ഇവിടെ കൊണ്ടുവന്നു
തന്നു. അടിയൻ വായിച്ചുകണ്ടു് അവസ്ഥയും അറിഞ്ഞു. തുരു
ത്തിപ്പുറത്തു ചുങ്കത്തിൽ ഏതാനും അരിമൂടയും നെല്ലും തടഞ്ഞി
രിക്കുന്ന പ്രകാരവും കീഴിലെ കൊണ്ടുപോരുന്ന വകയ്ക്കു തുരുത്തി
പ്പുറത്തു ചുങ്കം കൊടുപ്പാറില്ലെന്നും അരിമൂടയും നെല്ലും തട
ഴിഞ്ഞു് അയയ്ക്കുണമെന്നും മുനമ്പത്തു് അഴി കടത്തിക്കൊണ്ടു
പോകുന്ന പലകയ്ക്കും തടിക്കും ചുങ്കം തരണമെന്നും എല്ലാം
കല്പിച്ചു എഴുതിവന്ന തീട്ടൂരത്തിൽ അകുന്നതു്. കൊടുങ്ങല്ലൂരും
തുരുത്തിപ്പുറവും മുനമ്പും അഴിയും ഇതിനിടക്കം [redacted]
ക്കുവഞ്ചിയോടു തിരുവിതാംകോട്ടേക്കു സക്കാരി
ദ്രവ്യം കൊടുത്തു എഴുതി വാങ്ങിച്ചിട്ടുള്ള
മേൽ സക്കാരിലേക്കു് അനുഭവമായിട്ടുള്ള
മുനമ്പത്തു് അഴിയിലും ഉള്ള ചുങ്കം അല്ലാതെ
ടു് ഇല്ലെന്നുള്ളതും തിരുമനസ്സു അറിയാതിരി
ഈ സ്ഥലങ്ങൾ മന്ത്രക്കുവഞ്ചിക്കു് അ
തുപോലെപോലുള്ള ചുങ്കം സക്കാരിലേക്കു
കൊണ്ടു് ഈ കാര്യങ്ങൾ തിരുമനസ്സറിവി
തിന്റെ ശേഷം അമ്പത്തിനാറാമാണ്ടു്
കുമുതൽ കണക്കു തീർത്തുതരാമെന്നു

എന്നതിന്റെ ശേഷം ഇപ്പോൾ മറെറാരു
എഴുതിവന്നതു, മുമ്പിൽ കല്പിച്ചു് എഴുതിയ
പ്രാർ അടിയന്തിരതീട്ടരം എഴുതുന്ന സംഗതിയി
ച്ചസ്ഥന്മാക്കു ഇങ്ങാപകമായിട്ടു് അറിവിക്കായ കാരണ
എഴുതിയതെന്നുതോ അടിയന്റെ മനസ്സിൽ തോന്നിയതു്.
ങ്ങമനസ്സുകൊണ്ടു് ഇന്നെയോളം കല്പിച്ച കായ്ങ്ങർക്കും എഴു
തിയിട്ടുള്ള കായ്ങ്ങർക്കും അണുമാത്രംപോലെങ്കിലും കരു വ്യത്യാ
സമായിട്ടു് രണ്ടാമതു മറിച്ചു കല്പിച്ചുപ്രകാരം അടിയനു കേട്ടു
ധാരണപോലും ഇല്ല. ഇപ്പോർ കല്പിച്ചു തീട്ടരം എഴുതിവന്നി
ട്ടുള്ള അവസ്ഥ രണ്ടാമതും തിരുമനസ്സിൽ വഴിയെ ധാരണയാ
വാൻ തക്കവണ്ണം അടിയൻ എഴുതി അയച്ചില്ലെന്നു വരികിൽ
അടിയൻ സർക്കാരിലേക്കു തസ്തീരുവാനായിത്തീരുമല്ലോ. എന്നി
ട്ടാണു് ഇപ്രകാരം തിരുമനസ്സിൽ അറിവിപ്പാൻ അടിയൻ എഴു
തി അയയ്ക്കുന്നതു്. എല്ലാം വഴിയെ തിരുമനസ്സിലേക്കു് അടി
യന്റെ നേക്കു തിരുമനസ്സുണ്ടായിട്ടു മുമ്പിൽ കല്പിച്ചു് അടി
യനു് എഴുതീട്ടുള്ള തീട്ടരത്തിൻപ്രകാരം തന്നെ ചുങ്കങ്ങർക്കു
സംശയംകൂടാതെ കൊടുത്തുപോരുവാൻ തക്കവണ്ണം പണ്ടാരക്കാ
ര്യത്തിനായിട്ടു് അക്കിയിരിക്കുന്ന കായ്ക്കാരന്മാരോടു തിരുമു
കല്പനവരുന്നതിനു തിരുമനസ്സുണ്ടാകണമെന്നു് അടിയൻ തിരു
മനസ്സറിവിക്കുന്നു. തിരുമനസ്സിലെ സചിവപത്തിക്കൽനിന്നും
സർക്കാരിൽനിന്നും ചെയ്തിട്ടുള്ള അന്യോന്യ
സാരവിഷയമായി വന്നുപോകാതെ ചുങ്ക
ത്തുപോന്നപ്രകാരം ഉള്ള ചുങ്കം കൊടുക്കുമെന്നു
ചു തീട്ടരം വന്നിട്ടുള്ളതു സത്യമായിട്ടതന്നെ
ചുങ്കം കൊടുപ്പിക്കുന്നതിനു കല്പനവരികയും

കൂടിക്കൊണ്ടുപോകുന്ന പലകയ്ക്കും മര
നമെന്നു് എഴുതിവന്നതു് ഏതുപ്രകാരത്തി
ന്നു് അടിയന്റെ മനസ്സോടു വിരോധി
യുമില്ല. അതിനു് എന്തെങ്കിലും ചില
ന്നു വരികിൽ മുമ്പാടെങ്ങനെ അപ്പ

കാരം സക്കാരിൽ എഴുതിക്കൊടുക്കുമ്പോൾ അതിനെ വിസ്തരിച്ചു് എഴുതിത്തരികയും ചെയ്യുമല്ലോ. അതിന്റെടുകൊപരങ്ങളും നല്ലപോലെതന്നെ കല്പിച്ചു വിചാരിക്കുമ്പോൾ വണ്ണം ചുങ്കക്കാര്യംകൊണ്ടു് എഴുതുവാൻ എട ഉണ്ടായിവരിക ഇല്ലെന്നാണു് അടിയന്റെ തോന്നിയതു്. തിരുമനസ്സിലെ കാര്യക്കാരന്മാർ ഇപ്പോൾ ഇവിടെ വന്നതിന്റെ ശേഷം സംസാരിച്ച അവസ്ഥ കേട്ടടത്തു മുമ്പിനാലെങ്ങും ഈ കാര്യങ്ങൾ ഒരിക്കൽപോലും അവർ അറിഞ്ഞിട്ടുള്ള ഭാവമായിട്ട കണ്ടതുമില്ല. അതു കല്പനയോടു സംസാരിച്ചതല്ലെന്നു അടിയൻ നിശ്ചയിക്കയും ചെയ്തു. ചുങ്കംവകയ്ക്കു കൊടുപ്പാനുള്ളതു് അതാതുമാസം കൊടുത്തുപോരുവാൻ തക്കവണ്ണവും കല്പന ഉണ്ടാകാറാകയും വേണം. എല്ലായ്പോഴും അടിയന്റെ നേക്കു നല്ലപോലെ തിരുമനസ്സുണ്ടായിരിക്കണമെന്നു് അടിയൻ അഗ്രഹിക്കുന്നു. ഈ അവസ്ഥ എല്ലാം അമ്പാടി മേനോൻ വായിച്ചുകണ്ടു തിരുമനസ്സറിവിച്ചുകൊള്ളുകയും വേണം. ഈ അവസ്ഥയ്ക്കു് എഴുതിയതു ദിവാൻ രാജാകേശവദാസു് 971-ാമാണ്ടു മീനമാസം 21-ാംതീയതി."

കാര്യം ഈ വിധത്തിൽ ഒതുങ്ങുകയില്ലെന്നായപ്പോൾ കൊച്ചീത്തമ്പുരാൻ ബോംബെ ഗവർണ്ണർക്കു തീട്ടം അയച്ചുനോക്കി. ഗവർണ്ണരുടെ ആജ്ഞാനുസാരം കൊച്ചീക്കോട്ടയിലെ ഇംഗ്ലീഷു കമ്മീഷണർ പലേ അന്വേഷണങ്ങൾ നടത്തിയെങ്കിലും ഒടുവിലത്തെ തീച്ചു, "കഴിഞ്ഞകാലത്തു് ഏതുപ്രകാരം നടന്നിരുന്നുവോ അതുപോലെ മേലിലും നടന്നുകൊള്ളണ"മെന്നായിരുന്നു. അങ്ങനെ തിരുവിതാംകൂറിനു് അനുകൂലമായ ഒരു വിധിയാണു് ഉണ്ടായതു്.

അനന്തരം രാജാകേശവദാസൻ പഴയ കോട്ടകൊത്തളങ്ങളെ ഒന്നുകൂടി ബലപ്പെടുത്തി. ഉദയഗിരിക്കോട്ടയിൽ നടത്തിവന്ന തോക്കുനിർമ്മാണം വർദ്ധിപ്പിച്ചു; പദ്മനാഭസ്വാമിക്ഷേത്രത്തിലെ ഗോപുരപ്പണി പൂർത്തിയാക്കിയിട്ടു കൊടിമരത്തിനു സ്വർണ്ണം പൂശിച്ചു; ക്ഷേത്രത്തിനുള്ളിൽ ദീപസ്തംഭങ്ങൾ

സർവ്വോപരി പ്രധാനമായ പരിഷ്കാരം ഫ്യൂഡലിസത്തെ ക്രോഡീകരണമായിരുന്നു.

ഇങ്ങനെ രാജ്യത്തിനുവേണ്ടി രാജാകേശവദാസ് ചെയ്തിട്ടുള്ള ഗുണഗണങ്ങളെ സ്മരിച്ച് മഹാരാജാവ് അദ്ദേഹത്തിന് ഒരു പ്രദേശം കരമൊഴിവായി കൊടുപ്പാൻ തീർച്ചപ്പെടുത്തി; എന്നാൽ തിരുമനസ്സിലെ കൃപകൊണ്ടു തനിക്ക് ഒരു മുട്ടും ഇല്ലെന്നു പറഞ്ഞ് അദ്ദേഹം ആ ദാനത്തെ വിനയപൂർവ്വം ഉപേക്ഷിച്ചു കളഞ്ഞു.

തിരുവിതാംകൂറിൽ ഇതിനു മുമ്പും പിമ്പും ഇത്ര മഹാനായ ഒരു ദിവാൻജി ഉണ്ടായിട്ടില്ല. വെറുതെയല്ല അദ്ദേഹത്തിനെ വലിയ ദിവാൻജി എന്ന പേരിൽ ജനങ്ങൾ ഇന്നും ഭക്തിപൂർവ്വം സ്മരിച്ചുപോരുന്നത്. അതിനിശിതമായ ബുദ്ധിശക്തി, അതിവിശാലമായ സംഘടനാപാടവം, മഹാരാജാവിനെക്കുറിച്ചു ഈശ്വരനിർവ്വിശേഷമായ ഭക്തി, രാജ്യത്തെക്കുറിച്ചു നിസ്സീമമായ അഭിമാനം, മഹാന്മാരിൽമാത്രം കാണപ്പെടുന്ന സ്വാർത്ഥപരിത്യാഗശീലം ഇവയത്രേ കേശവദാസിനുണ്ടായിരുന്ന പ്രധാന ഗുണങ്ങൾ. യുദ്ധകാലത്തു് അതിധീരനായ സേനാനായകനായിരുന്നുവെങ്കിൽ, സമാധാനകാലത്തു് ഉൽപ്പതിഷ്ണുവായ ഒരു രാജ്യതന്ത്രജ്ഞകുശലനെന്ന നിലയിലും അദ്ദേഹം പ്രകാശിച്ചു.

ഡച്ചുകാരുടെ അധഃപതനം.

1970-ാമാണ്ടിടയ്ക്കു കൊച്ചീക്കോട്ട ഇംഗ്ലീഷുകാർക്കു വിട്ടുകൊടുത്തതിനോടുകൂടി കേരളത്തിൽ അവരുടെ ശക്തി നിശ്ശേഷം അസ്തമിച്ചു എന്നു പറയാം. അക്കാലത്തുതന്നെ അവരുടെ മറ്റൊരു പ്രാബല്യകേന്ദ്രമായ സിലോണിൽവച്ചു അവർക്കു വലിയ പരാജയങ്ങൾ പറ്റി. ഇംഗ്ലീഷുകാർ ട്രിങ്കോമലി പിടിച്ചെടുത്തശേഷം ഇൻഡിയിലെ രാജാവായ രാജാധിരാജസിംഹനോടു സഖ്യം ചെയ്യാൻ ഉദ്യമിച്ചു. ഈ ഉദ്യമം തൽക്കാലം ഫലിച്ചില്ലെങ്കിലും, അചിരേണ ആ രാജാവു് ഡച്ചുകാരോടു [illegible]ണ്ടുകയാൽ ഇംഗ്ലീഷുകാരുടെ സഹായത്തിനു അഭ്യർത്ഥിച്ചു. [illegible] ആ അപേക്ഷയെ സ്വീകരിച്ചു് ഒരു സൈന്യത്തോടുകൂടി [illegible]ൽ അടുത്തു പലേ കോട്ടകളും പിടിച്ചെടുത്തും ഒടു

വിൽ ഡച്ചുകാർ തങ്ങളുടെ കോട്ടകളെ ഇംഗ്ലീഷുകാക്ക വിട്ടുകൊ
ടുത്തശേഷം ബത്തേവിയായിലേക്ക പിൻവലിഞ്ഞു.

നാട്ടുകാരുമായുള്ള യുദ്ധങ്ങളിൽ പങ്കുകൊള്ളേണ്ടതായി
വന്നതുനിമിത്തം നേരിട്ട കഷ്ടനഷ്ടങ്ങൾ ദുസ്സഹങ്ങളായി തീരു
കയാൽ അവർ സൈന്യത്തെ ക്രമേണ കുറച്ചുവരികയായിരുന്നു.
ഈ തക്കംനോക്കി സാമൂതിരി അവരുടെ മിത്രമായ പെരുമ്പടപ്പു
തമ്പുരാനെ ആക്രമിക്കയാൽ അവക്ക സൈന്യന്യൂനീകരണംവ
ഴിക്ക് ഉണ്ടായ ലാഭവും ഇല്ലാതെയായി. ഒടുവിൽ നാട്ടരാജാക്ക
ന്മാരുടെ ശണ്ഠകളിൽ ഏർപ്പെടെണ്ടെന്നും കേവലം കച്ചവട
സന്ധിയിൽ ഏർപ്പെട്ടാൽ മതിയെന്നും അവർ തീർച്ചയാക്കി.
ഈ അവസരത്തിലാണ് മാർത്താണ്ഡവർമ്മ മഹാരാജാവു കൊല്ലം
രാജ്യം പിടിച്ചെടുക്കാൻ തുടങ്ങിയത്. ആദ്യമേതന്നെ അവർ
തങ്ങളുടെ മിത്രമായ കൊല്ലം രാജാവിനെ സഹായിക്കാഞ്ഞതു
കൊണ്ട് അദ്ദേഹത്തിനു പരാജയംപറ്റി. കൊച്ചീതമ്പുരാനും
അവർ മനഃപൂർവം സഹായം ചെയ്യായ്കയാൽ മലയാളക്കരയിൽ
അക്കും അവരെപ്പറ്റി വിശ്വാസമില്ലാതെയായി. ഇങ്ങനെ
ഇരിക്കുമ്പോഴാണ് ഹൈദരുടെ ആക്രമണം. അപ്പോഴും അവ
മനമങ്ങും മിഴിയങ്ങും എന്ന മട്ടിൽ വർത്തിച്ചുതേയുള്ളു. ഇവരു
ടെ ഈ മനോഭാവം ഇംഗ്ലീഷുകാരുടെ ശക്തിയെ വർദ്ധിപ്പിച്ചുകൊ
ണ്ടേ ഇരുന്നു. ഭാരതഖണ്ഡത്തിന്റെ മറ്റു ഭാഗങ്ങളിൽ വിജയ
ശ്രീ പരിലാളിതരായിത്തീർന്ന ഇംഗ്ലീഷ്കാക്ക് ഇങ്ങനെ കേരള
ത്തിലും അടിയുറയ്ക്കാൻ ഇടവന്നു.

മഹാരാജാവിന്റെ സിംഹാസനാരോഹണം.

തിരുവിതാംകൂറിൽ നാലുപാടും സമാധാനവും ഐശ്വ
ര്യവും വർദ്ധിച്ചു; യുദ്ധം നിമിത്തം ഉണ്ടായ ജനബാധ നിശ്ശേ
ഷംനീങ്ങി; കൃഷിയും കച്ചവടവും അടിക്കടി അഭിവൃദ്ധിയെ
പ്രാപിച്ചു. ദക്ഷിണഇൻഡ്യയിലെ രാജ്യങ്ങളുടെ കൂട്ടത്തിൽ
എല്ലാംകൊണ്ടും പ്രശസ്തമായ ഒരു നില തിരുവിതാംകൂർ സമ്പാ
ദിച്ചു. ഇതുപോലൊരു രാജാവും രാജാവിനു യോജിച്ച മന്ത്രിയും
ഉണ്ടായാൽ ഏതു രാജ്യമാണ് ഐശ്വര്യസമ്പന്നമാവാത്തത്?

കിഴ്വൻരാജാവെന്ന പേരു കേട്ടാൽ പ്രജകളുടെ ഹൃദയം ഭക്തി സ്നേഹവിശ്വാസങ്ങൾകൊണ്ടു നിർഭരമാക്കിയിരുന്നു. വാസ്തവത്തിൽ രാമരാജാവെന്ന പേരു് അദ്ദേഹത്തിനെ സംബന്ധിച്ചിടത്തോളം അനവദ്യമായിരുന്നു.

ഈസ്റ്റിൻഡ്യാകമ്പനിയുടെയും കണ്ണാട്ടിക്കു നവാബിന്റെറയും വിശ്വാസത്തിനും സ്നേഹത്തിനും അദ്ദേഹം പാത്രമായതിൽ അത്ഭുതപ്പെടാനില്ല. നവാബു് അവിടുത്തേക്കു് 'മന്നസുൽത്താൻ മഹാരാജ രാമരാജബഹദൂർ ഷംഷേർജംഗ്' എന്ന വിശിഷ്ടബിരുദം നല്കി. ഈ ബിരുദം ഇന്നും വഞ്ചിരാജാക്കന്മാരെ അലങ്കരിച്ചുവരുന്നു. 'ശ്രീപത്മനാഭദാസ വഞ്ചിപാല രാമവർമ്മ കുലശേഖര കിരീടപതി മന്നേ സുൽത്താൻ മഹാരാജ രാമരാജബഹദൂർ ഷംഷേർജംഗ്' എന്ന ദീർഘമായ സ്ഥാനം ഇദംപ്രഥമമായി അംഗീകരിച്ചതു് ഈ മഹാരാജാവായിരുന്നു. 'രാമരാജാ' എന്നു കേട്ടാൽ അറിയാത്തവരായി ഭാരതഖണ്ഡത്തിൽ അന്നു് ആരുമില്ലായിരുന്നുവത്രെ. ഉത്തരഇൻഡ്യയിൽനിന്നും മറും ശ്രീപത്മനാഭദർശനത്തിനായി വന്നിട്ടുള്ള തീർത്ഥയാത്രക്കാരെല്ലാം മഹാരാജാവിന്റെ ദാനധർമ്മങ്ങൾകണ്ടു് 'രാമരാജു് കീജെ! ധർമ്മരാജു് കീജെ!' എന്നു ഉച്ചൈസ്വരം വിളിച്ചുവന്നു.

നാല്പതുവർഷത്തോളം ഈ മഹാരാജാവു രാജ്യം വാണു. 973 കുംഭം 13-ാംനു ശിവരാത്രിദിവസം ഒരുമണിക്കും രണ്ടു മണിക്കും മദ്ധ്യേ അവിടുന്നു സ്വർഗ്ഗലോകം പ്രാപിച്ചു. അപ്പോൾ അവിടത്തേക്കു 73 തിരുവയസ്സായിരുന്നുവെങ്കിലും, നാനാജാതിമതസ്ഥരായ സകല പ്രജകളും ഈ വർത്തമാനമറിഞ്ഞപ്പോൾ വിലപിച്ചുപോയി. പട്ടണത്തിലുള്ള സകല കടകളും പൊതുസ്ഥാപനങ്ങളും ഒരാഴ്ചവട്ടത്തേക്കു അടയ്ക്കപ്പെട്ടു.

ഈ മഹാരാജാവിന്റെ ഗുണഗണങ്ങളെ ഉദാഹരിക്കുന്ന പല സംഭവങ്ങളും ഉണ്ടായിട്ടുണ്ടു്. അവയെ എല്ലാം ഇവിടെ വിസ്തരിക്കാൻ തരമില്ല. ഒരിക്കൽ ഒരു ധനികനും പ്രഭുവുമായ ഒരാളുടെ ചില അവകാശങ്ങളെപ്പറ്റി തീർപ്പുചെയ്യാനായി മഹാരാജാവു് എഴുന്നള്ളിയിരിക്കയായിരുന്നു. രാജസഭാംഗങ്ങൾ ഇരുവശത്തുമായി നിരന്നു നിന്നു. എന്നാൽ കണ്ണിനു നല്ല കാഴ്ചയി

ല്ലാത്ത ഒരു വൃദ്ധസമൂഹം വരുന്നതിനു് അല്പം വൈകിപ്പോയി; അദ്ദേഹം വലത്തേ കൈ നെറ്റിയിൽ വച്ചുകൊണ്ടു് നാലുപാടും നോക്കിയശേഷം മഹാരാജാവു് ഇരുന്ന സ്ഥലത്തേക്കു മുഖം തിരിച്ചു "എന്റെ തമ്പുരാൻ എവിടെ എഴുന്നള്ളി ഇരിക്കുന്നു" എന്നു പതുക്കെ ചോദിച്ചു. അതുകേട്ട മഹാരാജാവു്, "മൂപ്പീന്നേ ത്താൻ നേരേതന്നെ ഇരിക്കുന്നു" എന്നു സസ്മിതം അരുളിച്ചെയ്തു. ഈ കേസിനെ സംബന്ധിച്ചിടത്തോളം മഹാരാജാവിന്റെ നില എന്താണു്?എന്നായിരുന്നു വൃദ്ധൻ ചോദിച്ചതിന്റെ അന്തസ്സാരം. അതിനെ മനസ്സിലാക്കിക്കൊണ്ടുതന്നെ ആയിരുന്നു മഹാരാജാവു മറുപടി പറഞ്ഞതും. അവിടന്നു് ഈ വൃദ്ധന്റെ നേക്കു കോപിക്കാതെ, അയാളുടെ ആജ്ഞാവത്തേയും ഇംഗിതത്തെ തുറന്നുപറയുന്ന സ്വഭാവത്തേയും മനസാ അഭിനന്ദിച്ചുതേ ഉള്ളു.

മറെറാരു അവസരത്തിൽ ടിപ്പുസുൽത്താൻ ചില ബ്രാഹ്മണപ്രമാരെ തിരുവനന്തപുരത്തേയ്ക്കു അയച്ചു. അവർ വലിയ ശാസ്ത്രിമാരെന്ന ഭാവത്തിൽ പദ്മനാഭസ്വാമിക്ഷേത്രത്തിലെ മണ്ഡപത്തിനുള്ളിൽ മറു ബ്രാഹ്മണരോടു കൂടി ഇരിക്കയായിരുന്നു. മഹാരാജാവു ക്ഷേത്രദർശനത്തിനു് എഴുന്നള്ളിയപ്പോൾ, പതിവുപോലെ അവിടെ കൂടിയിരുന്ന ബ്രാഹ്മണരേയെല്ലാം ഒന്നു നോക്കി. എന്നാൽ കൊട്ടാരത്തിൽ തിരിച്ചെഴുന്നള്ളിയ ഉടനെതന്നെ അവിടന്നു് ഒരു ഹരിക്കാരനെ അയച്ചു്. ആ രണ്ടു ശാസ്ത്രികളേയും തിരുമുമ്പിൽ വരുത്തി. അവർ ശ്രീപദ്മനാഭനേയും മഹാരാജാവിനേയും വണ്ണിച്ചു് ഏതാനും സംസ്കൃതപദ്യങ്ങൾ ചൊല്ലി. അതൊക്കെക്കഴിഞ്ഞപ്പോൾ അവിടന്നു പുഞ്ചിരിതൂകിക്കൊണ്ടു "ടിപ്പുസുൽത്താനു സുഖംതന്നെയോ? അദ്ദേഹം ഇപ്പോൾ വല്ല യുദ്ധത്തിലും ഏർപ്പെട്ടിരിക്കയാണോ" എന്നു ചോദിച്ചു. ബ്രാഹ്മണർ വല്ലാതെ പരിഭ്രമിച്ചതു കണ്ടപ്പോൾ അവിടന്നു് ഇങ്ങനെ അരുളിച്ചെയ്തവത്രേ. "നമ്മുടെ രാജ്യത്തിനുള്ളിൽ പാർക്കുന്നിടത്തോളം കാലം നിങ്ങൾക്കു് അപായമുണ്ടാകേണ്ട. രാജ്യം കട്ടുകൊണ്ടു സഞ്ചരിച്ചു വേണ്ടതെല്ലാം നോക്കിക്കൊണ്ടു സുൽത്താനോടു ചെന്നു പറഞ്ഞുകൊള്ളുക." മഹാരാജാവിന്റെ ധർമ്മനിഷ്ഠകണ്ടു്, ആ ബ്രാഹ്മണർ പരമാത്മാവെല്ലാം

തുറന്നുപറഞ്ഞു. അവരിൽനിന്നും ഇങ്ങനെ ടിപ്പുവിനെപ്പറ്റി പലേ സംഗതികളും ഗ്രഹിച്ചു മഹാരാജാവു ബ്രാഹ്മണോചിതമായ സമ്മാനങ്ങൾ നല്കി അവരെ നാട്ടിൽനിന്നും പറഞ്ഞയച്ചു. എന്നാൽ അവരാകട്ടെ പിന്നീടു ടിപ്പുവിനെ സേവിക്കാൻ മടിച്ചിട്ട്, പാണ്ഡ്യരാജ്യത്തു പോയി താമസിച്ചുവത്രേ.

പദ്മനാഭസ്വാമിക്ഷേത്രത്തിലെ ഒരു സ്ഥാനികൻ ആ ക്ഷേത്രത്തിലെ അളവില്ലാത്ത സ്വത്തിനെപ്പറ്റി ടിപ്പുവിന് അറിവുകൊടുത്തുവെന്നും അതിനു പ്രതിഫലമായി ടിപ്പു അയ്യാളുടെ ഗൃഹംമാത്രം തീവച്ചു ചുട്ടകളഞ്ഞില്ലെന്നും മഹാരാജാവു വിശ്വസിച്ചു പോന്നു. ഇതു മനസ്സിൽ വച്ചുകൊണ്ടു മഹാരാജാവ് പലപ്പോഴും അയ്യാളോടു "അതു കരയിലുള്ള ഗൃഹങ്ങൾ എല്ലാം ചുട്ടപൊടിച്ചിട്ടും നിന്റെ വീടുമാത്രം ടിപ്പുവിന്റെ ഉദ്യോഗസ്ഥന്മാർ കൊള്ളിവയ്ക്കാഞ്ഞതു വലിയ ഭാഗ്യമായിപ്പോയി" എന്നു കൂടക്കൂടെ അരുളിച്ചെയ്യാറുണ്ടായിരുന്നു. ഒരവസരത്തിൽ അയ്യാൾ അതു കേട്ട് ഇങ്ങനെ പറഞ്ഞു:—

"ടിപ്പുവിന്റെ സഹായംകൊണ്ടോണ്ട് അടിയന്റെ ഗൃഹത്തിന് അഗ്നിബാധയുണ്ടാകാതിരുന്നതെന്നു തിരുമനസ്സുകൊണ്ടു വിശ്വസിക്കുന്നെങ്കിൽ അടിയൻ തന്നെ ഒരു ചൂട്ടു കത്തിച്ചു കുപ്പുപ്പാടു ചുട്ടുപൊട്ടിച്ചേക്കാം."

മഹാരാജാവ് ഉടനെ അരുളിച്ചെയ്തു. "വേണ്ട വേണ്ട! നീ ഇനി അങ്ങനെ ചെയ്താൽതന്നെ അതുകൊണ്ട് എന്തു പ്രയോജനം?"

മഹാരാജാവ് അവസാനംവരെ അങ്ങനെ തന്നെ വിശ്വസിച്ചിരുന്നുവെങ്കിലും, ആ സ്ഥാനികനോടു യാതൊരു നീരസവും പ്രദർശിപ്പിക്കയുണ്ടായില്ല.

ടിപ്പുവുമായുള്ള യുദ്ധത്തിനിടയ്ക്കു "സ്വപ്നം നശിച്ചു. അടിയന്റെ ശരീരത്തിൽ പ്രാണനിരിക്കുന്നടത്തോളം ടിപ്പുവുമായി യുദ്ധം ചെയ്യും" എന്നു കേശവദാസൻ തിരുമനസ്സറിയിച്ചപ്പോൾ മഹാരാജാവ് അരുളിച്ചെയ്തു,

"പോ! അവസാനംവരെ നീ യുദ്ധം ചെയ്യുക. എന്നെ സംബന്ധിച്ചിടത്തോളം എനിക്കു ടിപ്പുവിന്റെ തട്ടുകാരനാ

യി ജീവിക്കാൻ മോഹമില്ല. ഈ അവസരത്തിൽ ഞാൻ മരിക്കാനാണു് ഇഷ്ടപ്പെടുന്നതു്. ദൈവത്തിന്റെ ഇച്ഛപോലെയെല്ലാം നടക്കട്ടെ"

അതു കേട്ടുകൊണ്ടിരുന്നവരെല്ലാം കണ്ണീർ വാർത്തുപോയി. അവരുടെ പ്രാർത്ഥനകൾ ഈശ്വരസന്നിധിയിൽ എത്താതിരുന്നില്ല. "അവിടത്തേക്കു് എന്താണിത്ര ഉൽക്കണ്ഠ. തിരുമനസ്സിലെ സൈന്യം ടിപ്പുവിന്റെ അടുക്കൽ എത്തുന്നതിനു മുമ്പുതന്നെ അയാൾ ആത്മരക്ഷയ്ക്കായി നാട്ടിലേക്കു പുറപ്പെടും" എന്നു് ഒരു ഭക്തശ്രേണി പറഞ്ഞു. അതു ഫലിക്കയും ചെയ്തു.

ഫ്രാ ബാർത്തലമ്യു എന്ന പാശ്ചാത്യൻ തിരുമനസ്സിലെ ഭരണത്തെപ്പറ്റി പറഞ്ഞിട്ടുള്ള വാക്കുകളെക്കൂടി ഉദ്ധരിച്ചുകൊണ്ടു് ഈ അധ്യായത്തെ ഉപസംഹരിച്ചുകൊള്ളട്ടെ.

"ഇപ്പോഴത്തെ മഹാരാജാവിന്റെ സൈന്യത്തിൽ പാശ്ചാത്യരീതിയിൽ സുരക്ഷിതമായ 50,000 ഭടന്മാരും വില്ലും അമ്പും കുന്തവും വാളും മഴുവും ധരിച്ചു ഒരു ലക്ഷത്തോളം നായന്മാരും ചേവകന്മാരും ഉണ്ടു്. അദ്ദേഹം വടക്കും തെക്കുമായി, വടക്കുംമുഖം തെക്കുംമുഖം എന്നു രണ്ടു വമ്പിയ സർവ്വാധികാര്യക്കാരെ നിയമിച്ചിരുന്നു. ഇവരിൽ ഓരോരുത്തരുടേയും കീഴിൽ സർവ്വാധികാര്യക്കാർ എന്ന പേരിൽ നാലുദ്യോഗസ്ഥന്മാരുണ്ടു്. ഈ സർവ്വാധികാര്യക്കാരന്മാരുടെ കീഴിൽ നന്നാലു കാര്യക്കാരും അവരുടെ കീഴിൽ പാവ്ത്യകാർ, ചന്ത്രക്കാർ, തുരക്കാർ മുതലായ ഉദ്യോഗസ്ഥന്മാരും കാണുന്നു. നികുതി പിരിക്കുന്നതിനും നാട്ടിൽ സമാധാനം പരത്തുന്നതിനും ആയി പട്ടാളക്കാർ സദാപി നാടുതോറും സഞ്ചരിക്കുന്നു. പൊതുജനരക്ഷ നാട്ടിൽ സംസ്ഥാപിതമായിരിക്കുന്നു. കവർച്ച, കൊലപാതകം ഇവയെപ്പറ്റി ഒരിടത്തും കേൾപ്പാൻ പോലുമില്ല. രാജപാതകളിൽ കൂടി ആരും നിർഭയം നടക്കാം. മതസംബന്ധമായ ആരാധനകൾ നിർബ്ബാധം നടത്തപ്പെടുന്നു. നീതിനിർവ്വഹണത്തിനു് ഒരിക്കലും അമാന്തം നേരിടാറില്ല. നദികളേയും സമുദ്രത്തേയും പരസ്പരം യോജിപ്പിക്കുന്ന അനേകം തോടുകൾ ഇപ്പോഴത്തെ മഹാരാജാവു് വെട്ടിച്ചിട്ടുണ്ടു്. അവിടത്തെ ഇച്ഛാനുസാരം കന്യാകുമാരിമുതൽ കൊടുങ്ങല്ലൂർവ

ര ഒരു രാജപാതയും നിർമ്മിക്കപ്പെട്ടിരിക്കുന്നു. അതിനാൽ ഇരുപത്തിനാലു മണിക്കൂറിനുള്ളിൽ രാജ്യത്തിന്റെ ഏതു ഭാഗത്തു നടക്കുന്ന സംഭവങ്ങളും തിരുമനസ്സിലേക്കു അറിവാൻ സാധിക്കുന്നു. സർക്കാർ ചെലവുകഴിച്ചു വാണിജ്യത്തിൽനിന്നും ചുങ്കത്തിൽനിന്നും മറുമായി പ്രതിവർഷം അഞ്ചുലക്ഷം ഉറുപ്പിക രാജ്യത്തിലേക്കു വരവുണ്ട്. അതിൽ പകുതി സർക്കാർ ചെലവിനായിൽ അടയ്ക്കപ്പെടുന്നു. അത്യാവശ്യം നേരിടുന്ന അവസരങ്ങളിൽമാത്രമേ അതിനെ തൊടാറുള്ളൂ. രാജാവു് .....പൊത്തഗോറിയന്മാരുടെ രീതിയിൽ ചോറും പാലും കറികളും മാത്രമേ ആഹാരത്തിനു് ഉപയോഗിക്കാറുള്ളൂ. അദ്ദേഹം സാധാരണ കടുന്നീലനിറത്തിലുള്ള ഒരു പട്ടുതൊപ്പിയും ചീനക്കാരുടെ രീതിയിൽ അഗ്രങ്ങൾ പിന്നോട്ടു് വളഞ്ഞിരിക്കുന്ന ചെരിപ്പും ധരിക്കുന്നു. ചുമലിൽനിന്നു് ഒരു വാർ കീഴ്പോട്ടു സദാ തൂക്കിയിരിക്കും. നീലവണ്ണത്തിലുള്ള അരപ്പട്ടയിൽ ഒരു പെർഷ്യൻ കഠാരി എല്ലായ്പ്പോഴും തിരുകിയിരിക്കും. എഴുന്നള്ളത്തു കാലങ്ങളിൽ അമ്പായിരമോ മൂവായിരമോ ആളുകളും അനന്തസ്വാരികളും അകമ്പടിസേവിക്കുന്നു. മൃഗയാത്രയുടെ മുമ്പിൽ വാദ്യക്കാരും രാജാവിന്റെ മഹിമാതിശയത്തെ കീർത്തിച്ചു പാടുന്ന രണ്ടു കൊട്ടാരം കവികളും കാണും. എഴുന്നള്ളത്തു പല്ലക്കിലാണു്. ഇരുപുറത്തും പ്രധാനപ്പെട്ട കൊട്ടാരംജീവനക്കാർ നടക്കുന്നു. എന്റെ കാലത്തു് അദ്ദേഹം കത്തോലിക്കമതപ്രചാരകന്മാരോടു വളരെ പ്രീതി പ്രദർശിപ്പിച്ചുവന്നു. അമ്പുതെങ്ങിലെ പാതിരിയുടെ ഗൃഹത്തിനു സമീപത്തുകൂടി എഴുന്നള്ളിയ അവസരങ്ങളിലെല്ലാം അവിടന്നു് അകത്തുചെന്നു് എന്റെ ക്ഷേമത്തെപ്പറ്റി അന്വേഷിക്ക പതിവായിരുന്നു."

മനുസ്മൃതി അനുസരിച്ചു രാജ്യം ഭരിച്ചുവന്ന അപൂർവം ചില രാജാക്കന്മാരിൽ അദ്വിതീയനായിരുന്ന നമ്മുടെ ധർമ്മരാജാവു്. വഞ്ചിനാടു സമുദായത്തിൽ അണുപോയാലും ആ മഹാരാജാവിന്റെ ചരിത്രം ലോകത്തിൽനിന്നു മാഞ്ഞുപോകുന്നതല്ല.

സാഹിത്യം.

തിരുവിതാംകൂർ മഹാരാജാക്കന്മാരെല്ലാം സംഗീതസാഹിത്യാദികലകളെ പോഷിപ്പിക്കുന്ന വിഷയത്തിൽ ജാഗരൂകന്മാരായിരുന്നു. കാർത്തികതിരുനാൾ തമ്പുരാനും ആ വിഷയത്തിൽ ഉദാസീനനായിരുന്നില്ല. മഹാകവി കുഞ്ചൻനമ്പ്യാരും ഉണ്ണായിവാര്യരും കാർത്തികതിരുനാൾ തമ്പുരാനെ ആശ്രയിച്ചു് തിരുവനന്തപുരത്തു വളരെക്കാലം പാർത്തിരുന്നു. നമ്പ്യാരുടെ തുള്ളലുകളിൽ പലതും അവിടത്തെ ഭരണകാലത്തു നിർമ്മിക്കപ്പെട്ടവയാണു്. ആ തുള്ളലുകൾ വായിക്കാത്ത മലയാളികൾ എത്രയോ ചുരുക്കമാണു്. ഉണ്ണായിയുടെ നളചരിതം നാലുദിവസത്തെ കഥകളും സംഗീതസാഹിത്യരസം ഒരുപോലെ തുളുമ്പുന്ന ഉത്തമകാവ്യങ്ങളാകുന്നു. തിരുമനസ്സിലെ സഹോദരനായ അശ്വതിതിരുനാൾ നിർമ്മിച്ചിട്ടുള്ള അംബരീഷചരിതാദി ആട്ടക്കഥകൾ അവിടത്തെ കവിതാപ്രതിഭയ്ക്കും പാണ്ഡിത്യത്തിനും നിദർശകമായി വിലസുന്നു. മധുരപ്രസന്നമായ രീതിയിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള ആ കഥകൾ നാലും ആട്ടക്കഥകളുടെ കൂട്ടത്തിൽ പ്രധാനമായ ഒരു സ്ഥാനം വഹിക്കുന്നു. സംസ്കൃതത്തിൽ ചില ചമ്പൂഗ്രന്ഥങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ടു്.

കാർത്തികതിരുനാൾ തമ്പുരാനും ഒരു കവിയായിരുന്നു. എന്നാൽ ആട്ടക്കഥകൾ മാത്രമേ അദ്ദേഹത്തിന്റെ വകയായി നമുക്കു് ലഭിച്ചിട്ടുള്ളൂ. അവയിൽ ചിലതു ഇപ്പോഴും അരങ്ങത്തുണ്ടു്. കവിത വളരെ മോശമെന്നു പറയാവുന്നതല്ല. രാജസൂയം, സുഭദ്രാഹരണം, നരകാസുരവധം, ബകവധം, ഗാണ്ഡീവവിജയം, പാഞ്ചാലീസ്വയംവരം, കല്യാണസൌഗന്ധികം മുതലായ കഥകൾ അവിടത്തെ കൃതികളാണു്. ഉദാഹരണാർത്ഥം ഒരു ഭണ്ഡകം മാത്രം താഴെ ഉദ്ധരിച്ചുകൊള്ളുന്നു.

"ഏവം പറഞ്ഞുഴറി ദേവേന്ദ്രസൂനുരപി
ഭാവം തെളിഞ്ഞഥ നടന്നു;
ഉഷ്ണസികരവനു; ദീർഘസദസി
ചെന്നു; ചരിതമിതഖിലമപി
സരസതരമവദയേമുരുക്കുക—
പരമവരുമാർന്നു;

പ്രാലേയശൈലവരകോലാഹലങ്ങളെയു—
മാലോകയന്നയമുപാഗാൽ
പാത്ഥനൊടുകൂടി; തീർത്ഥവുമാടി; ധാത്രീസുരേശ-
ഹമതു പേർത്തും നടന്നു ഹൃദി ചീർത്തോരുമോദമിടകൂടി;
കാലേ ഗതേ സപദി കാലിംഗദേശമപി
ചോളാവനീമഥ നടന്നു; പൂർണ്ണസുഖമാർന്നു
പാണ്ഡ്യഭൂവി ചേന്നു; പാണ്ഡുസുതനവിടെയൊരു
പൂർണ്ണശശിമുഖിയൊടഥചേന്നു ചിരമതിസുഖമിരുന്നു."

അധ്യായം ൯.

ബാലരാമവർമ്മ 973—986.

സിംഹാസനാരോഹണം ചെയ്ത അവസരത്തിൽ ബാലരാമവർമ്മ മഹാരാജാവിനു് പതിനാറുവയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളു. പ്രകൃത്യാ ശാന്തനും സൽസ്വഭാവിയും ആയിരുന്നെങ്കിലും മറ്റു രാജാക്കന്മാരിൽ കാണാറുണ്ടായിരുന്ന കൂശാഗ്രബുദ്ധിയും സ്വാർത്ഥവും അദ്ദേഹത്തിനുണ്ടായിരുന്നില്ല. അവിടുന്നു് ഒരേരി ശങ്കരൻനമ്പൂരി എന്ന ധനലോഭിയുടെ കൈയിൽ ഒരു പാവയേപ്പോലെ വർത്തിച്ചുപോന്നു. ഈ നമ്പൂരി കോഴിക്കോട്ടു സാമൂതിരിയുടെ നാട്ടിൽനിന്നു തിരുവനന്തപുരത്തു വന്നു ചേർന്നതുമുതൽക്കു നാട്ടുകാര്യങ്ങളിൽ ശനിദശ ആരംഭിച്ചു. അയാൾ അക്ഷരജ്ഞാനംപോലും ഇല്ലാത്ത ഒരു അജ്ഞാനബഹുവിദഗ്ദ്ധനും ദുരാചാരിയും അധികാരപ്രമത്തനും ആയിരുന്നു.

ഈ നമ്പൂരി ദിവാൻപദം കൈക്കലാക്കുന്നതിനാൽ രാജാകേശവദാസനെപ്പുറകിൽ അടിക്കടി ഏഷണി പറഞ്ഞുതുടങ്ങി. തൽഫലമായി ഗൌരവമേറിയ രാജ്യകാര്യങ്ങളെപ്പുററി തിരുമനസ്സുണർത്തിച്ചാൽപോലും ആ രാജ്യതന്ത്രജ്ഞനു സൌകര്യം ലഭിക്കാതെയായി. തിരുവിതാംകൂറിലെ ജനങ്ങൾ രാജാവിനെ പ്രത്യക്ഷ

ഖാലരാമവർമ്മ

ദൈവമെന്ന നിലയിൽ ആരാധിച്ചുവന്നതിനാൽ രാജാജ്ഞയെ ലംഘിക്കുന്നതുപോലെ പാപകരമായി അവക്കു മറെറാന്നും ഉണ്ടോ യിരുന്നില്ല. അതുകൊണ്ടു രാജാകേശവദാസന്റെ സ്ഥിതി വളരെ ശോചനീയമായിത്തീന്നു. രാജാജ്ഞകൂടാതെ നാടുകാണ്ക ങ്ങൾ നടത്തുന്നതെങ്ങനെ?

974-ൽ കൊച്ചീക്കാരനായ ഒരു തോട്ടപ്പായ നമ്പൂരിയും തിരുവനന്തപുരത്തെത്തി. അയ്യാൾ ജയന്തന്റെ ഒരു ഉറ മിത്രമായിരുന്നു. രാമയ്യൻ കൊച്ചിയിൽനിന്നു പിടിച്ചെടുത്ത കുരുപ്പു റനാടു് കൊച്ചിയിലേക്കു വീണ്ടെടുക്കുന്നതിനു വേണ്ടിയാണു് ഈ നമ്പൂരി വന്നിരുന്നതു്. ജയന്തന്റെ പ്രേരണയാൽ മഹാരാജാവു് ഒരു നീട്ടെഴുതി തോട്ടപ്പായിയെ ഏല്പിക്കയും ചെയ്തു. എന്നാൽ ഈ വൃത്തമാനം ഈശ്വരാധീനംമൂലം രാജാകേശവദാസൻ അറിയുകയാൽ, അതിശീഘ്രം നമ്പൂരിയെ പിന്തുടന്നു് കൊല്ലം പരവൂർ എന്ന സ്ഥലത്തുവച്ചു് പിടിക്കുടുകയും സന്നതു വാങ്ങി തുണ്ടുതുണ്ടായി കീറിക്കളകയും ചെയ്തു. ഇതിനിടയ്ക്കുതന്നെ മറെറാരു സംഭവംകൂടി ഉണ്ടായി. പുണ്യസ്മൃതിമയനായ കാർത്തികതിരുനാൾ തമ്പുരാന്റെ പള്ളിപ്പല്ലുക്കിൽകയറി ജയന്തൻ ശങ്കരൻനമ്പൂരി തിരുവനന്തപുരത്തെ തെരുവീഥിയിൽ സഞ്ചരിച്ചു. അതുകണ്ടപ്പോൾ ജനങ്ങൾക്കു് അയാളുടെ നേക്കു തോന്നിയിരുന്ന ജുഗുപ്സ പതിന്മടങ്ങു വർദ്ധിച്ചു. രാജാകേശവദാസനും നമ്പൂരിയുടെ ഈ ധിക്കാരത്തെപ്പറ്റി അതിപരുഷമായി സംസാരിക്കയുണ്ടായി. അതുകൊണ്ടു രാജാകേശവദാസനെ അകത്തി മിഷംപോലും നാട്ടിൽ വച്ചുകൊണ്ടിരിക്കരുതെന്നു നമ്പൂരിയും നിശ്ചയിച്ചു. അചിരേണ ഒരു വിലക്കുനീട്ടു് സമ്പാദിച്ചിട്ടു് നമ്പൂരി ആ മന്ത്രിസത്തമനെ സപരിഗ്രഹത്തിൽ ഒരു ബന്ധനസ്ഥനെന്ന നിലയിൽ പാർപ്പിച്ചു. ഇതറിഞ്ഞപ്പോൾ ജനങ്ങൾ വളരെ ക്ഷോഭിച്ചുവെങ്കിലും, ആ രാജദ്രോഹത്തിന്റെ പ്രേരണയാൽ അവരാരും സാഹസത്തിനൊന്നിനും ഒരുമ്പെട്ടില്ല. 974 മേടം 8-ാംനു കേശവദാസൻ മരിച്ചുകിടക്കുന്നതായി കാണപ്പെട്ടു. നമ്പൂരി കൊടുത്ത വിഷംനാമിത്തം മരിച്ചതായിട്ടാണു് അഭ്യൂഹം.

മരണകാലത്തു കേശവദാസന്റെ സമീപത്തു ബന്ധുജനങ്ങളാരും ഉണ്ടായിരുന്നില്ല. ബഹുമാനപ്പെട്ട ഇൗസ്റ്റിൻഡ്യാകമ്പനിയുടെ കോർട്ട് ഒഫ് ഡയറക്ടേർസ് അഥവാ നിർവാഹകസമിതി ഇൗ സംഭവത്തെപ്പറ്റി മദ്രാസ് ഗവണ്മെൻറിലേക്ക് അയച്ച കത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:—

"ഞങ്ങളുടെ ബഹുമാനപാത്രമായിരുന്ന പരേതനായ ദിവാൻ ഉദ്യോഗത്തിൽനിന്നു പിരിഞ്ഞതിനുശേഷം ജീവിക്കാൻ പോലും കഴിഞ്ഞില്ല. വിഷംകൊടുത്തു അദ്ദേഹത്തിനെ കൊന്നതായി വിചാരിപ്പാൻ ബലമായ കാരണമുണ്ട്."

നാട്ടിനു ഇതിൽപ്പരം ഒരു ഭാഗ്യദോഷം ഉണ്ടാവാനില്ല. രാജ്യത്തെ ടിപ്പുവിന്റെ ആക്രമണത്തിൽനിന്നു രക്ഷിച്ചു ബഹുമാനപ്പെട്ട കമ്പനിയുടെ സഹായത്താൽ ഉറപ്പിച്ചു, ശോഭനങ്ങളായ പരിഷ്കാരശതങ്ങളാൽ ഐശ്വര്യപൂർണ്ണമാക്കിത്തീർത്ത ഇൗ മഹാനുഭാവൻ തന്റെ സ്വാമിയുടെ ദേഹവിയോഗത്തിനടുത്തു തന്നെ ഇപ്രകാരം മരണംപ്രാപിച്ചു, ഒരു സാധാരണ മനുഷ്യനെപ്പോലെ സംസ്കരിക്കപ്പെട്ടതു വഞ്ചിരാജ്യചരിത്രത്തിനു ഒരു തീരാക്കളങ്കംതന്നെയാണു്. അതിനു് ഇടവരുത്തിയ നമ്പൂരിയുടെ പേരിനെ കോപകാലുഷ്യത്തോടുകൂടിയല്ലാതെ ഇന്നാട്ടുകാർക്കു സ്മരിക്കാൻ സാധിക്കുന്നതല്ല. രാജാവിനൊത്ത മന്ത്രി; മന്ത്രിക്കൊത്തരാജാവു് എന്ന നിലയിൽ അവർ ധർമ്മരാജാവും ദാസനും വർത്തിച്ചിരുന്നതു്.

അന്നത്തെ ബ്രിട്ടീഷുറസിഡണ്ടായിരുന്ന കർണ്ണൽമക്കാളെ കൊട്ടാരം സമ്പ്രതിയെ അറസ്റ്റുചെയ്തിച്ചു ചില അനേഷണങ്ങൾ നടത്തിയെങ്കിലും തെളിവുകിട്ടായ്കയാൽ അയാളെ വെറുതെ വിട്ടു; സമ്പ്രതി കുഞ്ഞുനീലൻപിള്ള ജയന്തൻനമ്പൂരിയുടെ അശ്രിതനായി വർത്തിച്ചുവന്ന ഒരു ദുഷ്ടനായിരുന്നതേ.

മൂന്നുദിവസം കഴിഞ്ഞു ഉടനെതന്നെ മഹാരാജാവു് ജയന്തൻശങ്കരൻ നമ്പൂരിയെ വലിയസവ്വാധി ഉദ്യോഗത്തിൽ നിയമിച്ചു് നീട്ടികൊടുത്തു. മുമ്പേതും പടുവങ്കരനായിരുന്ന നമ്പൂരിയാകട്ടെ, മന്ത്രിപദത്തിൽ പ്രതിഷ്ഠിതനായെങ്കിലും രാജ്യകാര്യ

ങ്ങർം നിവ്വഹിക്കാൻ കഴിയാതെ നന്നേ കുഴങ്ങി. അയാർം വലി യമേലെഴുത്ത ശങ്കരനാരായണൻ ചെട്ടിയേയും ഉപ്പു പുകയിലമുതലായവയുടെ കുത്തകക്കാരനായിരുന്ന മാത്തുത്തരകനേയും ഉപദേഷ്ടാക്കളായി തെരഞ്ഞെടുത്തപ്പോർം, ചില്ലാം ഭംഗിയായി.

"കാര്യക്ഷമമായ ഒരു മന്ത്രിസമിതി രൂപവൽക്കരിക്കേണമെന്നു ഗവണ്ണർ ജനറലായിരുന്ന മാർണിങ്ടൺപ്രഭു ഹൃദയപൂർവം ഉപദേശിച്ചിട്ടും, അജ്ഞാനം, ദുരാചാരം, ധനലോഭം ഇവ ഉടൽ വഹിച്ചുവാണിരുന്ന ഈ ദുർമ്മന്ത്രിത്രയം രാജ്യത്തിന്റെ ഭാഗധേയത്തെ നയിക്കാൻ ഇടവന്നു വന്നുചേർന്നു.

പണത്തിന്റെ ബുദ്ധിമുട്ടതീർക്കുന്ന വിഷയത്തിലാണു് നമ്പൂരിയും കൂട്ടരും ആദ്യമായി ശ്രമിച്ചതു്. അതിലേക്കു് ഒരു നല്ല ഉപായം ഈ ത്രിമൂർത്തികർം കണ്ടുപിടിച്ചു. രാജസമ്മതം സമ്പാദിക്കാൻ അവർക്കു ബുദ്ധിമുട്ടൊന്നും നേരിട്ടില്ല. രാജാകേശവദാസന്റെ ഭംഗമവസ്ഥക്കളെല്ലാം സർക്കാരിലേക്കു കണ്ടുകെട്ടാൻ അവർ ആജ്ഞ നല്കി. ആ പുണ്യപുരുഷന്റെ ധർമ്മപത്നി അണിഞ്ഞിരുന്ന ആഭരണങ്ങർംപോലും നമ്പൂരിയുടെ ആളുകർം അഴിച്ചുവാങ്ങി.

അടുത്ത പ്രവൃത്തി ഒരുപടി കൂടി കടന്നതായിരുന്നു. പണമുള്ള ആളുകളുടെ ഒരു ലിസ്റ്റു തയ്യാറാക്കീട്ടു് ഓരോരുത്തനിൽ നിന്നും കാരോ വലിയതുക പിരിച്ചുതുടങ്ങി. കൊടുക്കാത്തവർക്കെല്ലാം കഠിനമായ ശിക്ഷയും നല്കിവന്നു. വലിയ കച്ചവടക്കാർ, ജന്മികർം, ജോലിയിൽനിന്നു പിരിഞ്ഞ ഉദ്യോഗസ്ഥന്മാർ എന്നുവേണ്ട കൈയിൽ കാശുണ്ടെന്നു സംശയിക്കപ്പെട്ടവരെല്ലാം അവരുടെ മർദ്ദനത്തിനു വശംവദരായി. ഇങ്ങനെ പത്തുപതിനാലു ദിവസങ്ങർംകൊണ്ടിൽ ഒട്ടുവളരെ സംഖ്യ പിരിഞ്ഞുകിട്ടി. എന്നാൽ പാപകർമ്മം ചെയ്താൽ ഫലം അനുഭവിക്കാതെ നിവൃത്തിയില്ലല്ലോ. തെക്കൻതിരുവിതാംകൂറിലെ ധനികന്മാരുടെ ലിസ്റ്റിൽ മേല്പുത്തുവീട്ടിലെ ഒരാർംകൂടി ഉൾപ്പെട്ടിരുന്നു. അദ്ദേഹം ഏറിയകാലം ഒരു കാര്യക്കാരായിരുന്നശേഷം ജോലിയിൽനിന്നു പിരിഞ്ഞു് സ്വസ്ഥനായി കാലം കഴിക്കയായിരുന്നു. ഇരുപതിനായിരം പണം ആണു് അദ്ദേഹത്തിനോടു് ആവശ്യപ്പെട്ടതു്. അദ്ദേഹവും

യഥാകാലം നമ്പൂരിയുടെ മുമ്പിൽ ഹാജരായി; എന്നാൽ തന്റെ കൈയിൽ തൽക്കാലം പണം ഇല്ലെന്നും മൂന്നുദിവസത്തിനകം പ്രസ്തുത തുകയോടുകൂടി വന്നു ചേർന്നുകൊള്ളാമെന്നും പറഞ്ഞിട്ട് അദ്ദേഹം തിരിച്ചുപോയി.

തമ്പി ഒരു നിമിഷംപോലും കളയാതെ തെക്കൻദിക്കുകളിൽചെന്ന് നമ്പൂരിക്കു വിപരീതമായി പ്രചരണഘോഷം നടത്തി. അലപ്പുഴ മുതലായ വടക്കൻദിക്കുകളിലേക്കും അദ്ദേഹം ദൂതന്മാരെ നിയോഗിച്ചു. നേതാക്കന്മാർ എല്ലാം താമസിയാതെ വന്നുചേർന്ന ചില ദൃഢനിശ്ചയങ്ങൾ ചെയ്തു. നാട്ടുകാരെല്ലാം വേലുത്തമ്പിയോടു ചേരുകയാൽ, ഒരു നല്ല സൈന്യശേഖരം ചെയ്വാൻ അദ്ദേഹത്തിനു പ്രയാസമുണ്ടായില്ല. പട്ടാളംപോലും തമ്പിയുടെ ഭാഗത്തു ചേരുകയുണ്ടായി.

ക്ലിപ്തകാലത്തിനുള്ളിൽ തമ്പി വന്നുചേരായ്കയാൽ തമ്പിയെ പിടിച്ചു തിരുവനന്തപുരത്തു കൊണ്ടുവരാൻ നമ്പൂതിരി ആജ്ഞാപിച്ചു. എന്നാൽ അതിനുവേണ്ടി ആരും പോകേണ്ടതായി വന്നില്ല. തമ്പി ജനങ്ങളോടുകൂടി വടക്കേക്കോട്ടയ്ക്കു വെളിയിൽ പാളയം അടിച്ചുകഴിഞ്ഞു. രാജസ്ഥാനത്തെപ്പറ്റി അവർക്കുണ്ടായിരുന്ന ഭക്തിപാരമ്യത്താൽ, അവർ അകത്തു പ്രവേശിച്ചില്ലെന്നേ ഉള്ളു. തമ്പിയും പരിവാരവും കോട്ടയ്ക്കു വെളിയിൽ കൂടിയിരിക്കുന്നുവെന്നവർത്തമാനം കൊട്ടാരത്തിനുള്ളിൽ അറിഞ്ഞപ്പോൾ; മഹാരാജാവു് പരിഭ്രമിച്ചു. പദ്മനാഭസ്വാമിക്ഷേത്രത്തിലെ പ്രധാന തന്ത്രിയേയും മറ്റു ചില ബ്രാഹ്മണരേയും അവിടുന്നു തമ്പിയുടെ അടുക്കലേക്കു് അയച്ചിട്ടു്, ജനങ്ങളുടെ ന്യായമായ സകല അപേക്ഷകളേയും സ്വീകരിപ്പാൻ താൻ തയ്യാറാണെന്നു് അവരെ ധരിപ്പിച്ചു.

1. നമ്പൂരിദളവയെ ഉടനെ ജോലിയിൽനിന്നു പിരിച്ചു് നാടുകടത്തണം;

2. അയാളെ ഇനി ഒരുകാലത്തും തിരിച്ചു വിളിക്കുയില്ലെന്നു മഹാരാജാവു് ഉറപ്പുതരണം;

3. ശങ്കരനാരായണപിള്ളയേയും മാത്തുത്തരകനേയും പരസ്യമായി മുക്കാലിവയ്ക്കുയും അവരുടെ ചെവി അറുത്തുകളയുകയും വേണം;

4. ഉപ്പുകരം മുതലായ ജനോപദ്രവകരങ്ങളായ കരങ്ങൾ നിർത്തലാക്കണം;

ഇവയായിരുന്നു തമ്പിയുടെ അപേക്ഷകൾ. മഹാരാജാവു് ഈ അപേക്ഷകളെ അംഗീകരിച്ചിട്ടു്, ത്രിമൂർത്തികളെ ജോലിയിൽനിന്നു പിരിച്ചുവിട്ടു. എന്നാൽ അതുകൊണ്ടു മാത്രം തമ്പി തൃപ്തിപ്പെട്ടില്ല. ഒടുവിൽ തമ്പി നിർദ്ദേശിച്ച ശിക്ഷകൾ തന്നെ അവർക്കു കൊടുക്കേണ്ടതായി വന്നു.

ഈ ജനസംഘത്തിന്റെ നേതാക്കന്മാർ ചിറയിൻകീഴ് അയ്യപ്പൻ ചെമ്പകരാമൻപിള്ളയും വേലുത്തമ്പിയും ആയിരുന്നു. മഹാരാജാവു് ചെമ്പകരാമൻപിള്ളയെ ദളവയായും വേലുത്തമ്പിയെ മുളകുമടിശീലക്കാര്യക്കാരായും നിയമിച്ചു.

വലിയസർവ്വാധികാര്യക്കാരായ അയ്യപ്പൻചെമ്പകരാമൻപിള്ള ഭരണതന്ത്രകുശലനായിരുന്നതിനാൽ നമ്പൂതിരി ചെയ്യിച്ചു ജനദ്രോഹകരങ്ങളായ ഏർപ്പാടുകളെ നിർത്തലാക്കീട്ടു ഭരണത്തിൽ നാട്ടുകാർക്കു വിശ്വാസം ജനിപ്പിച്ചു. മഹാരാജാവിന്റെ രക്ഷയ്ക്കായി അദ്ദേഹം ഒരു ബ്രാഹ്മണനേയും ഒരു ക്ഷത്രിയനേയും ഒരു നായരേയും നിയമിച്ചതിനാൽ അവിടുന്നു കൂറച്ചുകാലത്തേക്കു ദുരാലോചനക്കാരുടെ കൈയിൽ പെടാതെ ആയി.

അയ്യപ്പൻ ചെമ്പകരാമൻപിള്ള അധികകാലം മന്ത്രിപദം വഹിച്ചില്ല. 976-ൽ അദ്ദേഹം മരിച്ചു. അടുത്ത ദളവായായ പാറശ്ശാല പത്മനാഭൻ ചെമ്പകരാമൻപിള്ള കാര്യശേഷിയില്ലാത്തവനായി കാണപ്പെടുകയാൽ ഏഴുമാസത്തിനു ശേഷം ജോലിയിൽനിന്നു നീക്കപ്പെട്ടു.

വേലുത്തമ്പി ഇതിനിടയ്ക്കു മന്ത്രിപദം കാംക്ഷിച്ചുകൊണ്ടാണിരുന്നതു്. സുബ്രഹ്മണ്യൻ കുഞ്ചുനീലൻപിള്ള, വലിയമേലെഴുത്തു മുത്തുപിള്ള, സ്ഥാനാപതി സുബ്രഹ്മണ്യൻ മുതലായ കപടശാലികളായ രാജസേവകന്മാരും വേലുത്തമ്പിയുടെ ഉദ്യമത്തിൽ സഹായികളായിരുന്നിച്ചുതായി ചില ചരിത്രകാരന്മാർ പറയുന്നതിൽ എത്രത്തോളം വാസ്തവമുണ്ടെന്നു് അറിയുന്നില്ല. അവർക്കു രാജാകേശവദാസന്റെ സഹോദരനായ തമ്പി ചെമ്പകരാമൻകുമാരനേ-

യും ഇരയിമ്മൻതമ്പിയേയും വല്ലവിധത്തിലും അകറ്റണമെന്നേ ഉണ്ടായിരുന്നുള്ളു ആഗ്രഹം. ജനറൽ കുമാരൻതമ്പിക്കും ഇരയിമ്മൻതമ്പിക്കും ഇംഗ്ലീഷുകാരുടെ പിന്തുണയുണ്ടായിരുന്നതിനാൽ, അവരെ അകറ്റുന്നതു സുകരമായിരുന്നുമില്ല. സർക്കാരിൽ നിന്നു അനേകലക്ഷം രൂപ രാജാകേശവദാസൻ അപഹരിച്ചതായി കുഞ്ഞുനീലൻപിള്ള കള്ളക്കണക്കുണ്ടാക്കി. എന്നാൽ ആ പണം കുമാരൻതമ്പിയുടേയും ഇരയിമ്മൻതമ്പിയുടേയും പക്കൽനിന്നു് ഈടാക്കൻ ശ്രമിച്ചപ്പോൾ അവർ തക്കം പറഞ്ഞു. അതുനിമിത്തം അവരുടെ പേരിൽ മഹാരാജാവിനു രസക്ഷയം ഉണ്ടായി. തക്കംനോക്കി തമ്പിമാർ രണ്ടുപേരുംകൂടി കമ്പനിക്കാരുമായി രഹസ്യ എഴുത്തുകുത്തുകൾ നടത്തുന്നുണ്ടെന്നും അവരുടെ ഈ കത്തിടപാടുവഴിക്കു രാജസ്ഥാനത്തിനു ഇളക്കം സംഭവിക്കാനിടയുണ്ടെന്നും രാജസേവകന്മാർ കൊട്ടാരത്തിൽ അറിവിച്ചു. തെളിവിലേക്കു ചില കള്ള എഴുത്തുകളും അവർ ഹാജരാക്കി.

ഈ സമയത്തു സർവ്വാധികാര്യക്കാരായിരുന്നതു് വേലുത്തമ്പിയായിരുന്നു. അദ്ദേഹവും ഈ ദുഷ്ടന്മാരുടെ വാക്കുകളെ വിശ്വസിച്ചുകാണണം. മറെറല്ലാ കാര്യങ്ങളിലും നീതിനിഷ്ഠനായി കാണപ്പെട്ടിരുന്ന വേലുത്തമ്പി സ്വാർത്ഥലാഭത്തെ മാത്രം ലക്ഷ്യമാക്കി ഇങ്ങനെ ഒരു നീചകൃത്യം ചെയ്യുമെന്നു വിശ്വസിപ്പാൻ പ്രയാസമായിരിക്കുന്നു.

ചുരുക്കിപ്പറഞ്ഞാൽ ജനറൽ തമ്പിയും പേഷ്കാർ ഇരയിമ്മൻതമ്പിയും ബന്ധിക്കപ്പെടുകയും 976-ൽ രഹസ്യമായി വധിക്കപ്പെടുകയും ചെയ്തു. ഈ വർത്തമാനം കേട്ടപ്പോൾ സൈന്യം ക്ഷോഭിച്ചു ലഹളയ്ക്കുപോലും തുനിഞ്ഞു. എന്നാൽ സന്ദർഭോചിതം കുഞ്ഞുനീലൻപിള്ളയും കൂട്ടരും രാജദ്രോഹികളാകുന്നു ദിവ്യമന്ത്രത്തെ ഉച്ചരിച്ചു് ക്ഷോഭത്തെ അടക്കി.

പരമാർത്ഥത്തിൽ മഹാരാജാവു് ഇവരുടെ വധശിക്ഷയ്ക്കു് അനുജ്ഞ നല്കിക്കാണുകയില്ലെന്നാണു് തോന്നുന്നതു്. കുഞ്ഞുനീലൻപിള്ളയെപ്പോലുള്ള കള്ളപ്രമാണം ചമയിതാക്കൾക്കു് എന്താണു് സാധിക്കാത്തതു്? സുഖലോലുപനായി രാജസേവകരെ

വേലുത്തമ്പിദളവ

രാൽ പരീതനായി കഴിഞ്ഞുകൂടിയ മഹാരാജാവു് രാജ്യകാര്യ
ങ്ങളിലൊന്നിലും ശ്രദ്ധിക്കാറേ ഇല്ലായിരുന്നു. കുഞ്ഞുനീലൻ
പിള്ളയും സേവകന്മാരും തങ്ങളുടെ ഇഷ്ടംപോലെ, എല്ലാം
പ്രവർത്തിച്ചുപോന്നു.

977-ൽ വേലുത്തമ്പി ദളവയായി നിയമിക്കപ്പെട്ടു. അദ്ദേ
ഹം അസാധാരണ ബുദ്ധിശക്തിയും തന്റേടവും ഉള്ള ആളായി
രുന്നതിനാൽ, കാര്യങ്ങളുടെ ഗതി അചിരേണ മാറിത്തുടങ്ങി.
ദളവയുടെ സ്വഭാവത്തിനുണ്ടായിരുന്ന പ്രധാനഗുണം ധൈര്യശ്ര
ദ്ധിയും അചഞ്ചലമായ സന്മാർഗ്ഗനിഷ്ഠയും ആയിരുന്നു. തെറ്റു
ചെയ്യുന്നു് ആരായിരുന്നാലും അദ്ദേഹം ശിക്ഷിക്കാതെ വിടാ
റില്ലായിരുന്നു. അദ്ദേഹം നല്കിവന്ന ശിക്ഷകൾ ഇന്നത്തെ നി
ലയ്ക്കു് അതിനിഷ്ഠുരമെന്നു തോന്നിയേക്കാമെങ്കിലും അന്നത്തെ
നിയമങ്ങൾ അനുവദിച്ചതിൽ കവിഞ്ഞ കാഠിന്യം അവയ്ക്കില്ലാ
യിരുന്നു എന്നു നാം ഓർക്കണം. ചിലപ്പോൾ കോപത്തിനു വ
ശംവദനാകാറുണ്ടായിരുന്നു എന്നൊരു ദൂഷ്യമേ വേലുത്തമ്പി
യിൽ ആരോപിക്കാൻ ഉണ്ടായിരുന്നുള്ളു.

വേലുത്തമ്പി ദളവാപദം പ്രാപിച്ചശേഷം ആദ്യമായി
ചെയ്തതു് സർക്കാരുദ്യോഗസ്ഥന്മാരുടെ ഇടയിൽ നടപ്പുണ്ടായി
രുന്ന അഴിമതികളെ നിർത്തലാക്കാനുള്ള ശ്രമമായിരുന്നു. ആ
ശ്രമം സഫലമാവുകയും ചെയ്തു. എല്ലാത്തരക്കാരുടേയും മേൽ
നോട്ടം അദ്ദേഹംതന്നെ ഏറ്റെടുത്തതിനാൽ അവയെല്ലാം ശു
ദ്ധമായി. അദ്ദേഹത്തിന്റെ ആജ്ഞകൾ അലംഘ്യമായിരുന്നു.
ഇങ്ങനെ കേശവദാസന്റെ കാലശേഷം അഴിമതിയാൽ ദൂഷി
തമായിത്തീർന്ന ഭരണം വീണ്ടും പരിഷ്കൃതാവസ്ഥയെ പ്രാ
പിച്ചു.

ഭരണപരിഷ്കാരങ്ങൾ.

വേലുത്തമ്പി സർക്കാരുദ്യോഗസ്ഥന്മാരുടെ ഇടയിലുള്ള കൃത്യനി
ഷ്ഠയും സദാചാരവും പ്രചരിപ്പിക്കുന്നതിനുവേണ്ടി ചെയ്തിട്ടുള്ള
ചില കാര്യങ്ങൾമാത്രം ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.
സർക്കാർ മുതൽ അപഹരിച്ചവർക്കു ദീർഘകാലം കാരാഗൃഹവാസം
ചെയ്യേണ്ടതായി വന്നുവെന്നുമാത്രമല്ല, ചിലർക്കു മരണശിക്ഷ

പോലും ലഭിച്ചു. അവരുടെ മുതലുകൾ സർക്കാരിലേക്ക കണ്ടു കെട്ടി. സർക്കാർ റിക്കാട്ടുകളെ തിരുത്തിയതായി തെളിഞ്ഞാൽ അങ്ങനെ ചെയ്തവരുടെ വലത്തുകൈയിലെ വിരലുകൾ അറുത്തുകളയുക പതിവായിരുന്നു. കൈക്കൂലിക്കാർക്ക പൊതുനിരത്തു കളിൽവച്ചു പരസ്യമായി അടിശിക്ഷ നല്കി. കള്ളസാക്ഷി പറയുന്നവരുടെ ചുണ്ടു മുറിച്ചുകളക, കർഷകന്മാരെ പീഡിപ്പിക്ക നവരുടെ സ്വത്തു കണ്ടുകെട്ടുക, കള്ളന്മാരെയും, സ്ത്രീകളുടെ മാനഹാനിവരുത്തുന്നവരെയും ശിരശ്ഛേദം ചെയ്യുക, ഇങ്ങനെ യുള്ള കഠിനശിക്ഷകൾ നിമിത്തം ജനങ്ങളുടെയും ഉദ്യോഗസ്ഥ ന്മാരുടെയും ഇടയ്ക്കു കുറ്റക്കാരുടെ സംഖ്യ കുറഞ്ഞു.

ടിപ്പു പ്രധാന തുറകളിലെ മുഖ്യ ഉദ്യോഗസ്ഥന്മാരോടും സൈനികപ്രമാണികളോടുംകൂടി എല്ലാ മുഖങ്ങളിലും സഞ്ചരി ക്കയും നേരിട്ടു പരാതികൾകേട്ടു തീർച്ചചെയ്യുയും കുറക്കാരെ അവിടവിടെവച്ചുതന്നെ ശിക്ഷിക്കയും ചെയ്തുവന്നു. കച്ചേരി കൂടുന്നതിനു ഇന്ന സ്ഥലമെന്നൊന്നും അദ്ദേഹത്തിനു് ഉണ്ടായിരു ന്നില്ല. ചിലപ്പോൾ മരത്തിന്റെ ചുവട്ടിൽ വച്ചായിരിക്കും കച്ചേരി നടത്തുന്നത്. മനുസ്മൃതിയിലെന്നപോലെ മഹമ്മ ദീയ നിയമത്തിലും നല്ല പാണ്ഡിത്യമുണ്ടായിരുന്നതിനാൽ നി യമാനുസൃതമായ ശിക്ഷകൾതന്നെയാണു് അദ്ദേഹം നല്കാറു ണ്ടായിരുന്നത്.

രാജാകേശവദാസനെപ്പോലെ വേലുത്തമ്പി ടിപ്പുവായും നിസ്സീമഭക്തനായിരുന്നു. സ്വന്തം മാതാവിനുപോലും അദ്ദേഹ ത്തിനെ ന്യായപഥത്തിൽനിന്നു വ്യതിചലിപ്പിക്കാൽ സാധിക്ക മായിരുന്നില്ല. ഒരിക്കൽ ടിപ്പുവയുടെ ഗൃഹത്തിനു സമീപം ഒരു ചാന്നാർ താമസിച്ചിരുന്നു. അയാൾ തന്റെ പുരയിടത്തെ ടിപ്പു യുടെ ഒരു ചാച്ചുക്കാരനു കുറികൊടുത്തിരുന്നു. തമ്പി ടിപ്പു യായ ഉടനെതന്നെ ആ കുറിക്കാരൻ വസ്തുവിനെ തന്റെ പേരിലാക്കി. ഈ വിഷയത്തിൽ സഹായിച്ചതു തമ്പിയുടെ മാതാവായിരുന്നുവത്രെ. ചാന്നാർ വിവരം അറിഞ്ഞമാത്രയിൽ ടിപ്പുവിനോടു സങ്കടം ബോധിപ്പിച്ചു. അന്വേഷണം നടത്തിയ പ്പോൾ കായ്ക്കുങ്ങളുടെ വാസ്തവമെല്ലാം അദ്ദേഹത്തിനു മനസ്സി

ലായി. പ്രസ്തുതവസ്തുവിനെ ഈ വിധം അന്യായമായി പതിച്ചുകൊടുത്ത കണക്കപ്പിള്ളയുടെ വിരലുകളെ തന്റെ അമ്മയുടെ മുമ്പിൽവച്ചുതന്നെ അദ്ദേഹം ചേരടിച്ചുകളകയും ചാന്നാക്കു വീണ്ടും വസ്തു പേരിൽ പതിച്ചു കൊടുക്കുകയും ചെയ്തു.

രാജസേവകന്മാരുടെ ഉപജാപങ്ങൾ.

വേലുത്തമ്പിയുടെ ഈ ശിക്ഷാക്രമപദ്ധതിനിമിത്തം അദ്ദേഹത്തിനു് ഉദ്യോഗസ്ഥന്മാരുടേ ഇടയ്ക്കു ശത്രുക്കൾ വർദ്ധിച്ചുവെന്നു പറയേണ്ടതില്ലല്ലോ. അദ്ദേഹത്തിന്റെ പ്രധാന താമസസ്ഥലം ആലപ്പുഴയിലായിരുന്നു. അദ്ദേഹം അവിടെ പാത്തു കച്ചേരി നടത്തിവരവേ, സമ്പ്രതി കുഞ്ഞുനീലൻപിള്ളയും വലിയമേലെഴുത്തു മുത്തുപിള്ളയും വേറെ ചില രാജസേവകന്മാരും ചേർന്നു മഹാരാജാവിനെ തെറ്റിദ്ധരിപ്പിച്ചു് അദ്ദേഹത്തെ ബന്ധിച്ചു വധശിക്ഷ നല്കുവാനായി ഒരു തിരുവെഴുത്തു സമ്പാദിച്ചു. അന്നു് റസിഡണ്ടായിരുന്ന മക്കാളെയ്ക്കു തമ്പിയോടു് അളവറ ബഹുമാനവും സ്നേഹവുമുണ്ടായിരുന്നു. അദ്ദേഹത്തിനെക്കണ്ടു തമ്പി ഈ വിവരങ്ങൾ ധരിപ്പിച്ചു. മക്കാളെ തിരുവനന്തപുരത്തുവന്നു് അന്വേഷണം നടത്തിയപ്പോൾ വേലുത്തമ്പി പറഞ്ഞതെല്ലാം പരമാർത്ഥമാണെന്നു തെളിഞ്ഞു. കുഞ്ഞുനീലൻപിള്ള മുതൽപേർ തന്നിമിത്തം ഉദയഗിരിക്കോട്ടയ്ക്കുള്ളിൽ ബന്ധനസ്ഥരാക്കപ്പെട്ടു. പരസ്യമായ വിചാരണയ്ക്കു മുമ്പുതന്നെ മേജർ ചെമ്പകരാമൻ, പദ്മനാഭപിള്ള, സർവ്വാധി നീലകണ്ഠൻ ചെമ്പകരാമൻപിള്ള എന്നു മൂന്നുപേരൊഴിച്ചു് ശേഷംപേരെ വിഷം തിന്നു മരിച്ചു:—

മഹാരാജസേവകന്മാർ ഇതുകൊണ്ടും അടങ്ങി ഇരുന്നില്ല. അവർ മഹാരാജാവിനേയും മക്കാളേസായ്പിനേയും തമ്മിൽ പിരിക്കാൻ വഴിനോക്കി. റസിഡണ്ടു് മഹാരാജാവിനെ ഒരു പാവയെന്നോണം കൂത്താടിക്കാൻ നോക്കുകയാണെന്നു് അവർ അദ്ദേഹത്തിനെ തെറ്റിദ്ധരിപ്പിച്ചു. അതിനെ വിശ്വസിച്ചു മഹാരാജാവു് മക്കാളെയുടെ നടപടികൾ തൃപ്തികരമല്ലെന്നും തന്മൂലം അദ്ദേഹത്തിനെ തിരിച്ചു വിളിക്കേണ്ടതാണെന്നും കാണിച്ചു കത്തിയായ ഒരു തീട്ടൂരം ഗവർണ്ണർ ജനറലിനു് അയച്ചു. വെല്ലു

സ്ലിപ്പട്ട അതനുസരിച്ചു മക്കാളെയെ തിരിച്ചു വിളിച്ചിട്ട് സമാധാനത്തിനു് ആവശ്യപ്പെട്ടപ്പോൾ, അദ്ദേഹം ഇവിടത്തെ സ്ഥിതിഗതികളെ വ്യക്തമാക്കിക്കൊടുത്തു. തന്മൂലം അദ്ദേഹം വീണ്ടും റസിഡണ്ടെന്ന നിലയിൽ തിരുവനന്തപുരത്തേയ്ക്കു് അയയ്ക്കപ്പെട്ടു. വെല്ലസ്ലിപ്പട്ട അയച്ച കത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

"മേജർ നല്ല ത്രാണിയുള്ള ഒരു ഉദ്യോഗസ്ഥനായതിനാൽ അവിടത്തേയ്ക്കു തൃപ്തികരമാകുംവണ്ണം എല്ലാ കാര്യങ്ങളും നോക്കിക്കൊള്ളും എന്നുള്ള പ്രതീക്ഷയോടുകൂടിയാണു് അദ്ദേഹത്തിനെ അങ്ങോട്ടു അയച്ചതു്. നേരെ മറിച്ചു അവിടെനിന്നും കേൾപ്പാനിടയായതിൽ വ്യസനിക്കുന്നു. മേജർ മക്കാളെ നമ്മുടെ അഭ്യാനുവരണം കഴിക്കുത്തയ്ക്കു വന്ന വിവരങ്ങൾ എല്ലാം പൂർണ്ണമായി ഇവിടെ ധരിപ്പിച്ചു. നിങ്ങൾക്കു തമ്മിൽ അഭിപ്രായ വ്യത്യാസങ്ങളൊന്നുമില്ലെന്നു് അദ്ദേഹം പറയുന്നു. ഇങ്ങനെ അറിവാൻ ഇടവന്നതിൽ എനിക്കു് അനല്പമായ സന്തോഷമുണ്ടു്. വേലുത്തമ്പി സമർത്ഥനും ത്രാണിയുള്ളവനുമാകയാൽ അദ്ദേഹത്തിനെ ദിവാനായി നിയമിച്ചതു് ഗവണ്മെണ്ടിനു സന്തോഷകരമായിരിക്കുന്നു."

വെല്ലസ്ലിപ്പട്ട തമ്പിയെ അഭിനന്ദിച്ചു് ഒരു ജോടി ഷാൽവയും മറ്റുചില വിലപിടിച്ച സാമാനങ്ങളും സമ്മാനമായി കൊടുത്തയയ്ക്കുകയും ചെയ്തു.

വേലുത്തമ്പിയുടെ സേച്ഛാഭരണത്തിന്റെ ശക്തിയാൽ വലിയ പണവ്യാപാരികൾക്കു രാത്രികാലങ്ങളിൽ സഞ്ചരിക്കുവാൻ തുറന്നിട്ടിട്ടു കിടന്നുറങ്ങാൻപോലും ഭയമില്ലാതായി. കടക്കാവുകളിൽ മുമ്പു് ഉണ്ടായിക്കൊണ്ടിരുന്ന കൊള്ളയും കവർച്ചയും നിശ്ശേഷം നിന്നുപോയി.

പുതിയ ആയക്കെട്ടു്.

വേലുത്തമ്പിയും ഭരണസംബന്ധമായി ചില പരിഷ്കാരങ്ങൾ നടപ്പിൽ വരുത്താതിരുന്നില്ല. രാജ്യത്തെ പുതിയതായി സർവ്വെ ചെയ്ത വസ്തു ഉടമസ്ഥന്മാർക്കു പുതിയ പട്ടയങ്ങൾ നല്കു

പുതിയ ആയക്കെട്ട് പുത്തിയാക്കിവച്ചു; കണക്ക് വയ്ക്കുന്ന രീതിയെ പരിഷ്കരിച്ചു. ഇങ്ങനെ നാട്ടിലെ മുതലെടുപ്പു വളരെ വർദ്ധിക്കാനിടയായി.

വാണിജ്യപരിഷ്കാരം.

വാണിജ്യവിഷയങ്ങളിൽ ആണ് അദ്ദേഹത്തിന്റെ ശ്രദ്ധ കൂടുതലായി പതിഞ്ഞത്. അതിനാൽ കച്ചവടത്തിനു [illegible] മായ വിധത്തിൽ പരിഷ്കരിക്കപ്പെട്ടു. സർക്കാർ വകയായ ഒരു കാര്യമുപോലും നഷ്ടപ്പെടാതിരിക്കത്തക്കവണ്ണം സകല കരുതലുകളും അദ്ദേഹം ചെയ്തു. ഇങ്ങനെ ധനസ്ഥിതി ഒരുവിധം ശോഭനമായിത്തീർന്ന ഉടനേതന്നെ ശമ്പളക്കുടിശികയിലും മറ്റും കൊടുക്കാനുണ്ടായിരുന്നതെല്ലാം അദ്ദേഹം കൊടുത്തുതീർത്തു. അതുവഴിക്കു സർക്കാരിലേക്കുണ്ടായിരുന്ന ഋണഭാരം ഒതുങ്ങി.

കൊല്ലം നഗരപരിഷ്കരണം.

കൊല്ലത്തെ [illegible] ടുശ്രമിച്ചു [illegible] വേലി [illegible] താമസിച്ചു [illegible] കെട്ടിടവു [illegible] ടെ നിർമ്മിക്കപ്പെട്ടു. [illegible] രവും ആദ്യപൂഴപോലെ ഒരു നല്ല നഗരമായിത്തീർന്നു. കൊല്ലത്തിനു ചെങ്കോട്ടയുമായി ഒരു രാജപാതയുണ്ടാക്കി അവിടവിടെ പുരകളും സത്രങ്ങളും സ്ഥാപിച്ചതിനാൽ ഈ നഗരത്തിലേക്കുള്ള ഗതാഗതവും സുകരമായി.

ഡച്ചുകാരുടെ ഭരണകാലം മുഴുവനും കമ്പനിയും സർക്കാരും തമ്മിലുള്ള മൈത്രീബന്ധത്തെ പരിപാലിക്കാൻ ഉറച്ചു ശ്രമിച്ചുകൊണ്ടേ ഇരുന്നു. ഈ വിഷയത്തിലും അദ്ദേഹം രാജാകേശവദാസനെത്തന്നെ അനുകരിച്ചു പോന്നതിനാൽ കാര്യങ്ങൾ ഭംഗിയായി നടന്നുപോന്നു. മേജർ മക്കാളെ രാമലിംഗ അരുട്ടിയാക്ക് അയച്ച ഒരു കത്തിൽ ഇപ്രകാരം പ്രസ്താവിച്ചു കാണുന്നു: —

"ദിവാൻ അലപ്പുഴയിലെ മന്ത്രിഗൃഹത്തിൽ താമസിക്കുന്നു; അരാഷ്ട്രയായിട്ട്, അദ്ദേഹം രാജസന്നിധിയിലില്ല. എല്ലാ സംഗതികളിലും അദ്ദേഹം പഴേ ദിവാന്റെ മാതൃകയെ അവലംബിച്ചിരിക്കുന്നതായി തോന്നുന്നു."

ഈ ആറുമാസക്കാലവും ദളവ അലപ്പുഴപ്പട്ടണത്തെയും പരിസ്ഥലങ്ങളെയും പരിശോധിക്കാൻ ശ്രമിക്കയായിരുന്നു. അലപ്പുഴ തലക്കുള്ള ഗതാഗതത്തിനു വേണ്ടി അനേകം രാജപാതകൾ തുറക്കുന്നതിനും ചങ്ങനാശ്ശേരിയിലും തലയോലപ്പറമ്പിലും മാർത്താലിയിലും ഓരോ ചന്ത ഏർപ്പെടുത്തുന്നതിനും ഈ അവസരത്തെ അദ്ദേഹം ഉപയോഗപ്പെടുത്തി. ഈ ചന്തകൾ വഴിക്ക് ഉൾനാട്ടിലെ ഉൽപ്പന്നങ്ങളെല്ലാം അലപ്പുഴയിലും കൊച്ചിയിലും എത്തുന്നതിനു സൌകര്യം ലഭിച്ചു.

പാരിതോഷികപ്പുറം തെളിച്ച് ആ സ്ഥലത്തെ തെങ്ങുകൃഷിക്കും നെല്ലുകൃഷിക്കും ഉപയോഗപ്രദമാക്കിത്തീർത്തതും അയിരുന്നു.

വ്യയസംക്ഷേപണവും പട്ടാളലഹളയും

ഭരണസംബന്ധമായ ചെലവുചുരുക്കലിനു കൂടുതൽ പിന്നീടു നോക്കിയത്. നായർ പട്ടാളത്തിന്റെ വിശേഷാൽ പടി അദ്ദേഹം അത്യന്തമായി കുറച്ചു. പട്ടാളക്കാരുടെ ഇടയ്ക്കു വളരുന്നതായ ക്ഷോഭത്തെ ദളവയുടെ ശത്രുക്കൾ അതിശയോക്തിയായി വർദ്ധിപ്പിച്ചു കഴിയുന്നതു ശ്രമിച്ചു. തൽഫലമായി ഒരു പട്ടാളലഹള തൊട്ടുകൂടെ പടർന്നുപിടിച്ചു. ലഹളക്കാർ എണ്ണം കൂടിയിട്ട് തിരുവനന്തപുരത്തു എത്തി. അവരെ നിരോധിക്കുന്നതിനു ആരും ഉണ്ടായില്ല. രാജസേവകന്മാരും അവരോടു സഹകരിച്ചു. കാര്യങ്ങളുടെ ഗതികേടു വല്ലാതെ കുഴങ്ങി.

വേലുത്തമ്പി ഈ ലഹളയെപ്പറ്റി അറിഞ്ഞ കൊച്ചിയിലേക്കു പുറപ്പെട്ടു. ലഹള ഒതുക്കുന്നതിനു സൈന്യത്തെ അയയ്ക്കാമെന്നു അദ്ദേഹം ബ്രിട്ടിഷ് റസിഡണ്ടുമായി ആലോചിച്ചു തീർച്ചപ്പെടുത്തിയതിനു ശേഷം ഒരു ബ്രിട്ടിഷ് സൈന്യവിഭാഗത്തോടുകൂടി തിരുവനന്തപുരത്തു

ത്തെത്തി. വലിയ പ്രയാസംകൂടാതെ എല്ലാം അമർച്ചവരുത്തിയിട്ട് അദ്ദേഹം പ്രമാണികൾക്കു മാത്രം കഠിനമായ ശിക്ഷകൾ നല്കി.

ഇങ്ങനെ സമാധാനം വീണ്ടെടുത്തെങ്കിലും, അദ്ദേഹത്തിനോടു പട്ടാളക്കാർക്കു ശത്രുതാ വർദ്ധിച്ചുതേയുള്ളു. നാട്ടിൽ കലഹമുണ്ടാക്കാൻ അവർ തക്കം നോക്കിക്കൊണ്ടേ ഇരുന്നു.

ബ്രിട്ടീഷുശക്തിയെ തിരുവിതാംകൂറിൽ വർദ്ധിപ്പിക്കുന്നതിനു് ഈ ലഹളയെ ഒരു മാർഗ്ഗമായി റസിഡണ്ടു കണ്ടു. പ്രസ്തുത സംഭവത്തെപ്പറ്റി വെല്ലസ്‌ലി പ്രഭു മദ്രാസ് ഗവർണ്ണർക്കു് അയച്ചു ഒരു കത്തിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു:—

"പ്രഭോ!

തിരുവിതാംകൂർ രാജാവിന്റെ കീഴിൽ ഉള്ള നായർ പട്ടാളക്കാരുടെ ഇടയ്ക്കു് ഉണ്ടായ ലഹളയെപ്പറ്റിയും ആ ലഹള പടർന്നു പിടിച്ചാൽ ആ വഴിക്കു രാജാധികാരത്തിനും ബ്രിട്ടീഷു ഗവണ്മെണ്ടിനും സംഭവിച്ചേക്കാവുന്ന, ഹാനിയെപ്പറ്റിയും റസിഡണ്ടു് അവിടെ അറിയിച്ചിട്ടുണ്ടല്ലോ. 1797-ൽ ബ്രിട്ടീഷു ഗവണ്മെണ്ടും രാജാവും ചേർന്നു് എഴുതിയ ഉടമ്പടിയിൽ, ആഭ്യന്തര കലഹശമനത്തിനായി ബ്രിട്ടീഷു സൈന്യത്തെ അയച്ചുകൊടുക്കണമെന്നു വ്യക്തമായ ഒരു വകുപ്പും ചേർത്തിരുന്നില്ല. എന്നാൽ ആ കരാറിന്റെ അന്തരമായ അർത്ഥം നോക്കിയാൽ നമുക്കു് അങ്ങനെ ഒരു ചുമതലയുണ്ടെന്നാണു് ഈ ലഹളയുടെ പ്രധാനമായ ഉദ്ദേശം രാജാവിന്റെ ആലോചനാസമിതിയിൽ ബ്രിട്ടീഷുകാർക്കുള്ള പ്രേരണാശക്തിയെ ഇല്ലാതാക്കുകയെന്നുള്ളതാണെന്നു കാണുന്നസ്ഥിതിക്കു് ഈ സഹായം ചെയ്തുകൊടുക്കേണ്ടതു തന്നെയാണെന്നു പ്രത്യക്ഷവുമാണു്.

അങ്ങു് ഇതിനു മുമ്പുതന്നേ രാജാവിന്റെ സഹായാർത്ഥം വേണ്ട ഏർപ്പാടുകൾ ചെയ്തുകഴിഞ്ഞിട്ടില്ലെങ്കിൽ ഈ കത്തു കിട്ടിയാലുടനെതന്നെ ലഹളയെ ഒതുക്കുന്നതിനും രാജാവിന്റെയും ദിവാന്റെയും അധികാരശക്തിയെ പുനഃസ്ഥാപിക്കുന്നതിനുമായി സൈന്യമുള്ള ഒരു ദിക്കിൽ നിന്നു് ഒരു ബ്രിട്ടീഷു സേനാവിഭാഗത്തെ അയച്ചുകൊടുക്കണമെന്നു ഞാൻ അപേക്ഷിക്കു

തിരുവിതാംകൂർ രാജാവുമായി നാം ചെയ്തിട്ടുള്ള സഹായ ഉടമ്പടിയെ ഭേദപ്പെടുത്തുന്നതിനു് ഇതു് ഒരു നല്ല അവസരമാണെന്നും ഞാൻ കരുതുന്നു. രാജാവിന്റെ സഹായാർത്ഥം ഒരു ബ്രിട്ടീഷു സൈന്യത്തെ ശാശ്വതമായി അവിടെ പാർപ്പിച്ചു് അതിന്റെ നിയന്ത്രണം സംബന്ധിച്ചുള്ള സകലാധികാരങ്ങളും ബ്രിട്ടീഷ് ഗവണ്മെണ്ടിൽ തന്നെ ഇരിക്കുന്നതിനു വ്യവസ്ഥചെയ്യണമെന്നാണു് എന്റെ അഭിപ്രായം.

ഈ ഭേദഗതിയെപ്പറ്റി രാജാവിനോടു സംസാരിച്ചു നോക്കാൻ ഞാൻ റസിഡണ്ടിനോടു് ആജ്ഞാപിച്ചിട്ടുണ്ടു്.....”

ഇങ്ങനെ ബ്രിട്ടീഷുകാർക്കു് അഭ്യന്തരഭരണത്തിൽ കൈകടത്തുന്നതിനു് ഒരു രന്ധ്രം ഉണ്ടാക്കിക്കൊടുത്തതു് വേലുത്തമ്പിയുടെ ശത്രുക്കളായിരുന്നു. വേലുത്തമ്പി റസിഡണ്ടിനോടു ചേർന്നു നിന്നിരുന്നെങ്കിൽ അദ്ദേഹത്തിനു പിന്നീടുണ്ടായ അപമൃത്യുകർമ്മം ഒന്നും നേരിടുകയില്ലായിരുന്നു. എന്നാൽ തമ്പിക്കു സ്വരാജ്യത്തെക്കുറിച്ചും രാജസ്ഥാനത്തെപ്പറ്റിയും നിസ്സീമമായ ഭക്തി ഉണ്ടായിരുന്നതിനാൽ, തദർത്ഥം തന്റെ ജീവനെപ്പോലും ബലികഴിക്കേണ്ടതായി വന്നുകൂടി.

റസിഡണ്ടു ഗവർണ്ണർ ജനറലിന്റെ ആജ്ഞാനുസരണം പുതിയ വ്യവസ്ഥയെപ്പറ്റി മഹാരാജാവിനോടു സംസാരിച്ചു നോക്കി. എന്നാൽ രാജസേവകന്മാരുടെ പ്രേരണാശക്തിയാൽ അദ്ദേഹം വഴിപ്പെട്ടില്ല. ഒടുവിൽ വേലുത്തമ്പി ഇങ്ങനെ ഒരു ഉടമ്പടി ചെയ്യാതിരുന്നാൽ ഉണ്ടായേക്കാവുന്ന ദോഷഫലത്തെ ഗണിച്ചിട്ടു്, അദ്ദേഹത്തിനെക്കൊണ്ടു് സമ്മതിപ്പിച്ചു. അതിനാൽ 1805 ജനുവരി പന്ത്രണ്ടാംതീയതി തിരുമനസ്സുകൊണ്ടു് പുതിയ ഉടമ്പടിക്കു് ഒപ്പുവച്ചു. ആ ഉടമ്പടിയാണു് ഇന്നും നടപ്പിലിരിക്കുന്നതു്.

പുതിയ ഉടമ്പടി.

ഈ ഉടമ്പടിയെ സംബന്ധിച്ചു തിരുമനസ്സിലേക്കു ബലമായ സംശയമുണ്ടായിരുന്നുവെന്നു മക്കാളെ സായ്പും രാമലിംഗപിള്ളയും തമ്മിൽ നടന്ന എഴുത്തുകുത്തുകളിൽ നിന്നു ഗ്രഹിക്കാവുന്നതാണു്.

രാമലിംഗമുതലിയാക്ക്",

"ഞാൻ അയയ്ക്കുന്ന ഈ കത്തുംകൊണ്ടു രാജാവിനെ സന്ദർശിച്ചു കാര്യങ്ങളെ വിശദമായി ധരിപ്പിക്കുക. അവക്കു തീച്ചയായും ഭ്രാന്താണു; നമ്മോടു ചെയ്തിട്ടുള്ള വാഗ്ദാനങ്ങളെ തുടരെത്തുടരെ ലംഘിക്കുന്നതിനും ഗവണ്മെണ്ടിന്റെ ആഗ്രഹത്തിനു വിപരീതമായി പ്രവർത്തിക്കുന്നതിനും രാജാവു ഉറയ്ക്കുന്നപക്ഷം ഒരു വിളംബരം പ്രസിദ്ധീകരിക്കാൻ ഞാൻ നിർബന്ധിതനായിത്തീരുമെന്നു് അദ്ദേഹത്തിനോടു പറയുക. രാജകുടുംബത്തിന്റെ നിലയും വിലയും പരിപാലിക്കണമെന്നാണു് എനിക്കു് ഇപ്പോഴും അഭിപ്രായമുള്ളതു്. അഞ്ചാറു കൊള്ളരുതാത്തവർക്കുവേണ്ടി തിരുമനസ്സുകൊണ്ടു് ഗവണ്മെണ്ടിന്റെ ശത്രുത്വം സമ്പാദിക്കാൻ ഒരുങ്ങുകയില്ലെന്നും ഞാൻ പ്രതീക്ഷിക്കുന്നു."

'മക്കാളെ'

മക്കാളെ സായ്പിനു്,

"ദിവാനും ഞാനുംകൂടി ഇന്നു രാവിലെ മൂന്നുമണിക്കു സന്ദർശിച്ചിട്ടു ഇപ്പോൾ തിരിച്ചു വന്നതേയുള്ളു. അവിടത്തെ സന്ദേശം ഞാൻ തുക്കെയിൽ കൊടുത്തു. ഉച്ചയ്ക്കു രണ്ടുമണിക്കാണു് താങ്കളെ കാണുന്നതിനു് അവിടന്നു നിശ്ചയിച്ചിരിക്കുന്ന സമയം. താങ്കൾവഴിക്കു ഗവണ്മെണ്ടു് അയച്ചിരിക്കുന്ന ആജ്ഞയെ ലംഘിക്കാതിരിക്കുന്നതു നാട്ടിനും രാജാവിനും ഒരുപോലെ ശ്രേയസ്കരമാണെന്നു ഞാൻ സംഭാഷണമദ്ധ്യേ വിശദമായി വിവരിച്ചു പറഞ്ഞു.....

.....വേലുത്തമ്പിയും എന്റെ ഉപദേശത്തെ ബലമായി പിന്താങ്ങി.....

....."

രാമലിംഗമുതലിയാർ.

കരാറിനു് ഒപ്പുവയ്ക്കാൻ മഹാരാജാവു് വൈമുഖ്യം പ്രകാശിപ്പിച്ചതിനാൽ, അദ്ദേഹത്തിനെ ഭയപ്പെടുത്താനായി മക്കാളെ സായ്പു് മേജർ ജനറൽ മാക്ഡൊവ്വലിന്റെ കീഴിൽ ഒരു സൈന്യത്തെ തിരുനെൽവേലിയിൽനിന്നു തിരുവനന്തപുരത്തേയ്ക്കു

അയപ്പാൻപോലും വ്യവസ്ഥചെയ്തുവരുത്തും. എന്തുകൊണ്ടെന്നാൽ റസിഡണ്ടു് ഗവണ്മെന്റു് ജനറലിനു് അയച്ച ഒരു കത്തിൽ ഇപ്രകാരം പ്രസ്താവിച്ചുകാണുന്നു.

"മഹാരാജാവുമായി സംഭാഷണം നടത്തി ഒരു തീരുമാനം ഉണ്ടാകുംവരെ മേജർ ഡൌവ്വലിനെ ഈ നാട്ടിൽ പ്രവേശിപ്പിക്കരുതെന്നു വേലുത്തമ്പി പ്രാർത്ഥിക്കയാലും അവിടത്തെ ഉപദേശാനുസൃതം പ്രവർത്തിക്കുന്നതിനു തിരുമനസ്സുകൊണ്ടു സമ്മതിക്കാതിരിക്കയില്ലെന്നു ഞാൻ പ്രത്യാശിക്കുന്നതുകൊണ്ടു്, ഇങ്ങോട്ടുള്ള പുറപ്പാടു് തൽക്കാലം നിർത്തിവെയ്ക്കാൻ ഞാൻ ജനറാൽ മാക്കൌലിനോടു് അപേക്ഷിച്ചിട്ടുണ്ടു്....."

രാജസേവകന്മാർ വരുത്തിവച്ച നാശങ്ങൾ നോക്കുക. പാർ കേരളത്തിന്റെ അഭിമാനപാത്രമായിരുന്ന രാജാ കേശവദാസ്സിനെ വിഷംകൊടുത്തു കൊന്നു; അദ്ദേഹത്തിനെപ്പോലെതന്നെ ഉദ്യോഗമുദ്ധിയും രാജ്യതന്ത്രകുശലനും സർവ്വോപരി സ്വദേശഭക്തനും ആയ മറ്റൊരു ദിവാൻജിയെ അപകടത്തിൽ ചാടിച്ചു കൊല്ലാൻ തുടങ്ങുന്നു; സ്വാർത്ഥലാഭത്തിനുവേണ്ടി രാജ്യത്തിന്റെ സ്വാതന്ത്ര്യത്തെ ബലികഴിപ്പാനും ദുർബ്ബലചിത്തനും പരമഭാഗവതനും ആയിരുന്ന തങ്ങളുടെ സ്വാമിക്കു നിദ്രാഭംഗം വരുത്താനും ശ്രമിക്കുന്നു.

കമ്പനിയുടെ ശക്തി ഈ നാട്ടിൽ വർദ്ധിപ്പിക്കുന്നതിനു വേണ്ടി മക്കാളെയും കൂട്ടരും ചെയ്തതാണെല്ലോ പററിമിൽ, വിൽസൺ തുടങ്ങിയ ചരിത്രകാരന്മാർ കഠിനമായി ആക്ഷേപിച്ചിട്ടുണ്ടു്.

രാജ്യരക്ഷയ്ക്കു് ആവശ്യമുള്ളതിൽ കവിഞ്ഞു് ഒരു സ്ഥിരസൈന്യത്തെ തിരുവിതാംകൂറിൽ നിർത്തി അതിന്റെ ചെലവിലേയ്ക്കു് ഒരു വലിയ തുക പ്രതിവർഷം ആവശ്യപ്പെട്ടതു ബ്രിട്ടീഷ് ജനതയുടെ ഉദാരമനസ്കതയ്ക്കു് അനുയോജിച്ചിരുന്നില്ലെന്നാണു് അവരുടെ ആക്ഷേപം.

ഈ ഉടമ്പടിയോടുകൂടി വേലുത്തമ്പിയുടെ ഉദ്യോഗജീവിതത്തിന്റെ ഉത്തരാർദ്ധം ആരംഭിക്കുന്നു.

980-ലെ കരാറിലെ വ്യവസ്ഥകൾ താഴെ ചേർക്കുന്നു.

ബഹുമാനപ്പെട്ട ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാക്കമ്പനി ബഹദൂറും തിരുവിതാംകൂറിലെ മഹാരാജാബഹദൂറും തമ്മിൽ ഉണ്ടായ സ്ഥിരമൈത്രിയേയും സഖ്യത്തേയും സംബന്ധിച്ച ഉടമ്പടി.

ഈസ്റ്റിൻഡീസുമായി വ്യാപാരം നടത്തുന്ന ഇംഗ്ലണ്ടിലെ ബഹുമാനപ്പെട്ട വണിക്കുക്കമ്പനിയും നാട്ടുനീങ്ങിയ തിരുവിതാംകൂർ മഹാരാജാവും തമ്മിൽ 1795-ൽ നടത്തിയ കരാറ് തിരുവിതാംകൂറിനെ വിദേശീയശത്രുക്കളിൽനിന്നു സംരക്ഷിക്കുന്നതിനും കമ്പനിയും തിരുവിതാംകൂർ രാജാവും തമ്മിലുള്ള മൈത്രീബന്ധത്തെ ഉറപ്പിക്കുന്നതിനും വേണ്ടി മാത്രമായിരുന്നതുകൊണ്ട് ഇരുപാട്ടുകാരുടേയും ഉദ്ദേശം വേണ്ടപോലെ സാധിതപ്രായമായില്ലെന്നു പ്രത്യക്ഷമാവുകയും തന്നിമിത്തം ആ ഉടമ്പടിയിലെ ന്യൂനതയെ പരിഹരിച്ച്, ഇരുകക്ഷികളുടേയും ഉദ്ദേശനിർവ്വഹണത്തിനു് അനുകൂലമായ വിധത്തിൽ തങ്ങളുടെ മൈത്രീബന്ധത്തെ സുസ്ഥിരമാക്കേണ്ടതു് ആവശ്യകമാണെന്നു പ്രസ്തുത കമ്പനിക്കും തിരുവിതാംകൂർ മഹാരാജാവിനും തോന്നുകകൊണ്ടും ഈസ്റ്റിൻഡീസിലുള്ള ബ്രിട്ടീഷ്കാരുടെ ദേശങ്ങൾക്കെല്ലാം ഗവർണ്ണർജനറലായ ഏറ്റവും ബഹുമാനപ്പെട്ട മാർക്കിസ് വെല്ലസ്ലി കെ. പി. ആർഡ് കെ. സി. ക്കുവേണ്ടി തിരുവിതാംകൂർ റസിഡണ്ടു് ലഫ്ടണൽ കണ്ണൽ കോളിൻ മക്കാളെയും തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സുകൊണ്ടും അത്യന്തതാല്പര്യം നടക്കുമാറു താഴ്പ്പുറയുന്ന വ്യവസ്ഥ അനുസരിച്ചു് ചുഴ്ത്തിയ ഉടമ്പടി.

1. ഇരുപാട്ടുകാരിൽ ആരുടെയെങ്കിലും ശത്രുക്കളും മിത്രങ്ങളും ഇരുകൂട്ടരുടേയും ശത്രുക്കളായും മിത്രങ്ങളായും ഗണിക്കപ്പെടേണ്ടതും ഏതുമാതിരി ശത്രുക്കളായിരുന്നാലും അവരിൽനിന്നു തിരുവിതാംകൂർ മഹാരാജ രാമരാജബഹദൂറിനെ രക്ഷിക്കാനുള്ള ചുമതല ബഹുമാനപ്പെട്ട ഈസ്റ്റിൻഡ്യാ കമ്പനി ബഹദൂർ വഹിക്കുന്നതുമാകുന്നു.

2. 1795-ലെ ഉടമ്പടിയിലെ ഏഴാംവകുപ്പിൽപ്രകാരം യുദ്ധകാലത്തു് കമ്പനി സൈന്യസഹായം ആവശ്യപ്പെട്ടാൽ, തന്റെ നായർപട്ടാളം കഴിച്ചുള്ള സൈന്യത്തിൽനിന്നും കഴിച്ചുള്ളിടത്തോളം ആളുകളെ അയച്ചുകൊടുക്കാൻ മഹാരാജാവു്

കടപ്പെട്ടിരിക്കെ, ആ ചുമതലയിൽനിന്നു കമ്പനി രാമരാജാവിനെ ഒഴിച്ചിരിക്കുന്നു.

3. ഒന്നും രണ്ടും വകുപ്പുകളിലെ വ്യവസ്ഥകൾനിമിത്തം കമ്പനിക്കു വലുതായ പണച്ചെലവു് ഉണ്ടാവാൻ ഇടയുള്ളതിനാലും മഹാരാജാവിന്റെ ചെലവു് അത്യധികം കുറയുന്നതിനാലും, 1795-ലെ കരാറിലെ മൂന്നാംവകുപ്പനുസരിച്ചു് സഹായസൈന്യച്ചെലവിലേയ്ക്കു മഹാരാജാവു കൊടുത്തുവരുന്ന തുകയ്ക്കു പുറമേ ഒരു കുപ്പിണി നാട്ടുപ്പട്ടാളത്തിന്റെ ചെലവുകൂടി കമ്പനിക്കു മഹാരാജാവു വർഷംതോറും നല്കേണ്ടതാകുന്നു. എന്നാൽ തിരുവിതാംകൂറിൽ പാർപ്പിക്കുന്ന സൈന്യത്തിനെ സംബന്ധിച്ചു നിയന്ത്രണാധികാരം മുഴുവനും കമ്പനിക്കാരിൽ സ്ഥിതിചെയ്യുന്നതാണു്.

4. മൂന്നാംവകുപ്പിൽ പറഞ്ഞിരിക്കുന്നതിൽ കൂടുതൽ സൈന്യം എപ്പോഴെങ്കിലും ആവശ്യപ്പെടുന്നപക്ഷം, അതിലേക്കു വേണ്ടിവരുന്ന അധികച്ചെലവിൽ ഒരുഭാഗം മഹാരാജാവിന്റെ ക്ഷാണിക്കും മുതലെടുപ്പിനും അനുയോജിച്ച വിധത്തിൽ മഹാരാജാവു വഹിക്കേണ്ടതാകുന്നു.

5. സമാധാനകാലത്തെ സ്ഥിരസൈന്യച്ചെലവിലേക്കോ യുദ്ധകാലത്തു വേണ്ടിവരുന്ന കൂടുതൽ ചെലവിലേക്കോ പണം ഇല്ലാതെ വന്നുപോയേക്കുമെന്നു ഗവർണ്ണർ ജനറലിനു സംശയം നേരിടുന്നപക്ഷം രാജ്യത്തിന്റെ ശാശ്വതമായ രക്ഷയെക്കരുതി മുതലെടുപ്പിന്റെ ഭരണകർത്താക്കളും ചേർന്നു നടത്തുന്നതിനേ, ഗവണ്മെൻറിന്റെ ഏതെങ്കിലും തുറയെ കാര്യക്ഷമമാക്കിത്തീക്കുന്നതിനോ, രാജ്യത്തിന്റെ ഏതെങ്കിലും ഭാഗത്തെ ഗവർണ്ണർ ജനറലിനു യുക്തം എന്നു തോന്നുംപോലെ കമ്പനി കൈവശം വച്ചിട്ടു് പ്രതിവർഷം കമ്പനിക്കു തരേണ്ടതുകയെ കുറയ്ക്കുന്നതിനോ, ആവശ്യകമായ നിയമങ്ങൾ നടപ്പിൽ വരുത്തുന്നതിനു ഗവർണ്ണർ ജനറലിനു് അധികാരമുണ്ടെന്നു് ഈ ചാട്ടുകാരും ഇതിനാൽ സമ്മതിക്കുന്നു.

ഇവയാണു് ഉടമ്പടിയിലെ പ്രധാന വകുപ്പുകൾ.

ഈ ഉടമ്പടിയുടെ ഫലമായി മഹാരാജാവിനും സേവകന്മാർക്കും വേലുത്തമ്പിയുടെ പേരിൽ നീരസം വർദ്ധിച്ചു. തന്റെ ശക്തിയെ വർദ്ധിപ്പിക്കുന്നതിനുവേണ്ടി വേലുത്തമ്പി ഇംഗ്ലീഷുകാരോടുചേർന്നു രാജ്യത്തിന്റെയും രാജാവിന്റെയും അഭിമാനത്തെ ബലികഴിച്ചുവെന്നും ഒന്ന് അന്യായമായ അപരാധം അദ്ദേഹത്തിന്റെ മേൽചുമത്തി. ജനങ്ങളും അദ്ദേഹത്തിനെ ദൂഷിച്ചുതുടങ്ങി. ഈ മാതിരി ഒരു ഉടമ്പടിയുണ്ടാവാനിടയായതു് രാജസേവകന്മാരുടെ അഴിമതിയും അവർനിമിത്തം ഉണ്ടായ പട്ടാളചിലവുകളുമാണെന്നു പൊതുജനങ്ങൾക്കു കാണാൻ കഴിഞ്ഞിരുന്നു.

മഹാരാജാവും കീഴ്ദ്യോഗസ്ഥന്മാരും വേലുത്തമ്പിയോടു പിണങ്ങി. എന്നാൽ അതൊന്നും വകവയ്ക്കാതെ അദ്ദേഹം സ്വധർമ്മത്തെമാത്രം ഓർത്തു രാജാവിന്റെ രക്ഷയ്ക്കു വേണ്ടതെല്ലാം പ്രവർത്തിക്കുന്നതിനായി ആലപ്പുഴയ്ക്കുപോയി, അവിടെ അല്പകാലം താമസിച്ചശേഷം തിരുവനന്തപുരത്തു തിരിച്ചുവന്നിട്ട്, മഹാരാജാവിന്റെ പ്രധാന ഉദ്യോഗസ്ഥന്മാരെ വിളിച്ചുകൂട്ടുകയും ഇങ്ങനെ ഒരു ഉടമ്പടി ചെയ്യാതിരുന്നാൽ വന്നുകൂടുമായിരുന്ന ദോഷഫലങ്ങളെ വിശദീകരിക്കയും ചെയ്തു. എന്നിട്ടും വലിയ പ്രയോജനമുണ്ടായില്ല.

ഇതിനിടയ്ക്കു് മക്കാളേസായ്പു് ഗവർണ്ണർ ജനറലിനു് അയച്ചുകൊടുത്ത റിപ്പോർട്ടിൽ, പ്രസ്തുത ഉടമ്പടി ഒപ്പുവച്ചതിൽ മഹാരാജാവിനും ജനതയ്ക്കും ഉണ്ടായ അമ്പരപ്പു് പരാകോടതിയെ പ്രാപിച്ചിരുന്നുവെന്നു പ്രസ്താവിച്ചിരുന്നു. അദ്ദേഹം വേലുത്തമ്പിയുടെ ഭരണനൈപുണ്യത്തെയും ഇങ്ങനെ പ്രശംസിക്കാതിരുന്നില്ല.

"തന്റെ സ്വാമിയുടേയും കമ്പനിയുടേയും ക്ഷേമത്തെമാത്രം അഭിലഷിച്ചു സുസ്ഥിരമായ സത്യനിഷ്ഠയോടുകൂടി വേലുത്തമ്പി രാജ്യക്കാര്യങ്ങളെ പൂർവ്വൽ ഭംഗിയായി നടത്തിക്കൊണ്ടിരിക്കുന്നു. എന്നാൽ ഏറിയകാലമായി ഈ കടൽത്തീരത്തു പ്രചരിച്ചുകൊണ്ടിരുന്ന അഴിമതികളാണ് അദ്ദേഹത്തിന്റെ പരിഷ്കരണയത്നത്തിനു പ്രതിബന്ധമായിരിക്കുന്നത്."

വേലുത്തമ്പി ആലപ്പുഴയ്ക്കു തിരിച്ചുപോയശേഷവും, നൂതനമായ ഉടമ്പടിവഴിക്കു രാജ്യത്തിനു ഉണ്ടാകാവുന്ന ഗുണങ്ങളെ

ക്കുറി മഹാരാജാവിനെ ബോധ്യപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരുന്നു. കമ്പനിക്കു കൊടുപ്പാനുള്ള തുകയിൽ പകുതി കുറച്ചു കിട്ടണമെന്നു് അദ്ദേഹം എഴുത്തുകുത്തുകഠം ചെയ്തുയാൽ, രണ്ടു കൊല്ലത്തേയ്ക്കുമാത്രം കമ്പനി കുറവുചെയ്തുകൊടുത്തു. എന്നാൽ ഈ കുറവു ശാശ്വതമാകുമെന്നാണു് അദ്ദേഹം വിശ്വസിച്ചതു്. പക്ഷേ കമ്പനി അങ്ങനെ ചെയ്യുന്നുയാൽ, പണം കൊടുത്തു തീക്കുന്നതിനു് അദ്ദേഹം വല്ലാതെ വിഷമിച്ചു. പിന്നീടു് മക്കാളെ ശവണ്ണർജനറലിനു് അയച്ച കത്തുകളിൽ എല്ലാം വേലുത്തമ്പിയെ കഠിനമായി ആക്ഷേപിച്ചുവന്നു. അദ്ദേഹവും വേലുത്തമ്പിയും ആയി നടന്ന സംഭാഷണങ്ങളിലും തമ്പിയുടെ പെരുമാറ്റത്തെ ഉണർത്തുന്നതിനു പര്യാപ്തമായ പദപ്രയോഗങ്ങഠം ആണു് സായ്പു നടത്തിയതു്. തമ്പിയുടെ കണ്ണുകഠം ഇപ്പോഠം പൂണ്ണമായി തുറന്നു. തനിക്കു് എന്തുതന്നെ ആപത്തു നേരിട്ടാലും രാജ്യത്തെയും രാജാവിനെയും വിടുന്നതല്ലെന്നു് അദ്ദേഹം ഉറച്ചു. റസിഡണ്ടിൽ നിന്നു അടിയ്ക്കടി ഉണ്ടായിക്കൊണ്ടിരുന്ന അപമാനങ്ങളെ സഹിച്ചുകൊണ്ടു് ഉദ്യോഗം വഹിക്കുന്നതിനേക്കാഠം ജോലി രാജിവയ്ക്കുന്നതാണു് ഉചിതം എന്നു ഒരവസരത്തിൽ അദ്ദേഹം പ്രസ്താവിച്ചു. തിനെ അടിസ്ഥാനപ്പെടുത്തി മക്കാളെ ഗവണ്മെണ്ടിനു് ഇങ്ങനെ ഒരു റിപ്പോർട്ടു് അയച്ചുകൊടുത്തു.

"ദിവാൻ സുഖക്കേടുനിമിത്തം ചിലപ്പോഴെല്ലാം ശയ്യാവലംബിയായിരിക്കുന്നു. രാജ്യകാര്യങ്ങഠം ശരിയായി നോക്കാൻ ഇനി പ്രയാസമാണെന്നും തന്നെ വിടുതൽചെയ്തുൽ കൊള്ളാമെന്നും അദ്ദേഹം എന്നോടുതന്നെ പ്രസ്താവിക്കയുണ്ടായി."

റസിഡണ്ടു പണത്തിനു ഞെരുക്കിക്കൊണ്ടിരുന്നതിനാൽ, സക്കാരിലേക്കു പിരിഞ്ഞുകിട്ടാനുള്ള തുകകളെ നിഷ്കൃഷ്ടിച്ചു പിരിച്ചെടുക്കുന്നതിനു വേലുത്തമ്പി പ്രയത്നം തുടങ്ങി. ഏതാനും വർഷങ്ങളായി മാത്തുത്തരകൻ എന്നൊരാഠം സക്കാരിലേക്കു കരം കൊടുക്കാതെ ഇരുന്നിരുന്നു. അയാഠം റസിഡണ്ടിന്റെ സേവകത്വം നടിച്ചു് കൈക്കൂടിശിക കൊടുക്കാതെ നോക്കി. എന്നാൽ തമ്പി അതൊന്നും വകവയ്ക്കാതെ അയാളുടെ വസ്തുവകകഠം കണ്ടുകെട്ടാൻ ഉത്തരവുകൊടുത്തു. തരകനാകട്ടെ വേലുത്തമ്പിയെ

പുറത്തുടരെത്തുടരെ കള്ളഹർജ്ജികൾ അയച്ചുകൊണ്ടുമിരുന്നു. തന്നിമിത്തം റസിഡണ്ടു് അന്വാളുടെ ഭാഗം പിടിച്ചു തമ്പിയെ കുറച്ചെടുത്താനും തുടങ്ങി.

ഇനി ജനപക്ഷം പിടിക്കുകയേ നിവൃത്തിയുള്ളു എന്നു തമ്പി തീച്ചപ്പെടുത്തി. അദ്ദേഹം ഇപ്രകാരം മക്കാളെയുടെ പരമശത്രുവായിത്തീർന്നു; എന്നാൽ കമ്പനിയോടു് ഒരു വിദ്വേഷവും അദ്ദേഹത്തിനുണ്ടായിരുന്നില്ല. രാജസേവകന്മാരും ഈ അവസരത്തിൽ തമ്പിയോടു സഹകരിക്കാൻ തീച്ചപ്പെടുത്തി; എന്തു കൊണ്ടെന്നാൽ വല്ല അപകടവും നേരിട്ടാൽ കുറ്റമെല്ലാം അദ്ദേഹത്തിൽ ആരോപിച്ചു തങ്ങൾക്കു രക്ഷപ്പെടാമെന്നാണു് അവർ വിചാരിച്ചതു്.

ഇനി തമ്പിയെ ഒരു നിമിഷംപോലും ദിവാനായി വച്ചുകൊണ്ടിരിക്കാൻ പാടില്ലെന്നു റസിഡണ്ടും നിശ്ചയിച്ചു. പ്രതിമാസം 500 രൂപ അടുത്തുൺ പറഞ്ഞിക്കൊണ്ടു് ചിറയ്ക്കൽ പോയി താമസിക്കാൻ അദ്ദേഹം തമ്പിയെ നിർബ്ബന്ധിച്ചുതുടങ്ങി. റസിഡണ്ടിന്റെ ഈ നടവടിക്രമം രാജാവിനു രസിച്ചില്ലെന്നു മാത്രമല്ല അദ്ദേഹം മദ്രാസ്ഗവണ്മെണ്ടിലേക്കു് പരാതിപ്പെടുകയും ചെയ്തു. വേലുത്തമ്പിയെ ഈ അവസരത്തിൽ പിരിച്ചുവിടാൻ തിരുമനസ്സിലേക്കു ലേശംപോലും താൽപ്പര്യമുണ്ടായിരുന്നു.

തമ്പി വളരെ പണപ്പെട്ട കുടിശ്ശികയിൽ ഒരുഭാഗം കൂടി കൊടുത്തുതീർത്തു; ബാക്കി കൊടുപ്പാൻ ഒരു നിവൃത്തിയും ഉണ്ടായിരുന്നില്ല. ദിവാൻജിയുടെ പ്രേരണയാലാണു് താൻ ഈ പുതിയ ഇടപാടി ഒപ്പുവെച്ചതെന്നും, അതിൻപ്രകാരമുള്ള തുക കൊടുക്കുന്നതിനു തനിക്കു നിവ്വാഹമില്ലെന്നും തിരുവായ്മൊഴിഞ്ഞാൽ പണയംവച്ചിട്ടപോലും സംപ്രീതിവരം കൊടുത്തുതീർക്കാൻ സാധിച്ചുകൊള്ളാമെന്നും റസിഡണ്ടു് തന്നെ പലപ്രാവിശ്യത്തിൽ ഉപദ്രവിച്ചുവരുന്നെന്നും മറ്റും മഹാരാജാവു് മദ്രാസ്ഗവണ്മെണ്ടിലേക്കു് എഴുതി.

ഈവക കേട്ടപ്പോൾ റസിഡണ്ടു് ദിവാൻജിയെ ഉടനെ പിരിച്ചയയ്ക്കണമെന്നു പൂർവ്വാധികം ശക്തിയോടുകൂടി നിർബ്ബ

ന്ധിച്ചു. റസിഡണ്ടു് ഇപ്രകാരം പരമശത്രുവായിത്തീർന്നിട്ടും തമ്പി കമ്പനിക്കു കൊടുക്കാനുള്ള പണം മുഴുവനും അത്ഭുതാവഹമായ സത്യനിഷ്ഠയോടുകൂടി കൊടുത്തുതീർക്കാൻ ശ്രമിക്കുന്നതു കണ്ടപ്പോൾ മഹാരാജാവിനു തമ്പിയുടെ പേരിൽ പ്രീതിയും ബഹുമാനവും വർദ്ധിച്ചു.

ഇതിനിടയ്ക്കു് സ്ഥാനാപതി സുബ്ബയ്യൻ മഹാരാജാവിനെയും റസിഡണ്ടിനെയും തമ്മിൽ രഞ്ജിപ്പിക്കുന്നതിനു് ശ്രമിച്ചുകൊണ്ടിരുന്നു. ഒരുദിവസം രാത്രി ഈ സുബ്ബയ്യൻ അലമ്പുഴവച്ചു് വേലുത്തമ്പിയുമായി സംസാരിച്ചുകൊണ്ടിരിക്കവേ, പെട്ടെന്നു വെളിയിലേക്കു ഇറങ്ങുകയും പാമ്പുകടിച്ചു മരിക്കയും ചെയ്തു. എന്നാൽ തമ്പി അദ്ദേഹത്തിനെ നിഗ്രഹിച്ചു എന്നു റസിഡണ്ടു് അദ്ദേഹത്തിന്റെ പേരിൽ കുറ്റം ചുമത്തി. അതിനോടുകൂടി കായ്ങ്കുളം എല്ലാം വികടശയെ പ്രാപിച്ചു.

മക്കാളെ നന്മവിഹീനനും ദുരഹങ്കാരിയും ആയിരുന്നു; വേലുത്തമ്പിയോ പൌരുഷം തികഞ്ഞ ഒരു ദുരഭിമാനിയും. ഇങ്ങനെയുള്ള രണ്ടുകൂട്ടർ തമ്മിൽ ബലപരീക്ഷണടന്നാൽ കായ്ങ്കുളം ദുഷ്പടസ്ഥിതിയിലാവാതെ തരമില്ലല്ലോ. അന്നു കൊച്ചിയിലും മക്കാളെ അമിതമായ അധികാരം നടത്തിക്കൊണ്ടിരുന്നു.

കൊച്ചിയിലെ പ്രധാനമന്ത്രിയായിരുന്ന പാലിയത്തച്ഛനു വിപരീതമായി നിരന്തരം പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു മൂന്നിരുപയം ആ രാജസന്നിധിയിലും ഉണ്ടായിരുന്നു. അവരിൽ പ്രധാനിയായ ചെറുപറമ്പത്തു കുഞ്ഞിക്കുണ്ണമേനോൻ മക്കാളെയുടെ ഒരു ആശ്രിതൻ കൂടി ആയിരുന്നതിനാൽ, പാലിയത്തച്ഛൻ വല്ലാതെ വിഷമിച്ചു. മറ്റു രണ്ടു രാജസേവകന്മാരെയും അദ്ദേഹം പിടികൂടി കൊടുങ്ങല്ലൂർ കായലിൽ കെട്ടിത്താഴ്ത്തിയതേ. അവരിൽ ഒരാൾ മുമ്പു പ്രധാനമന്ത്രിയായിരുന്ന രാമൻമേനോനും മറ്റെ ആൾ പ്രധാന സേനാനായകനായ ഗോവിന്ദമേനോനും ആയിരുന്നു. കുഞ്ഞിക്കുണ്ണമേനോനെ കൊച്ചീരാജാവു് മക്കാളെയുടെ രക്ഷയിൽ ഏല്പിച്ചുകൊടുത്തതിനാൽ, അദ്ദേഹത്തിനെ നിഗ്രഹിക്കുന്നതിനു പാലിയത്തച്ഛന്റെ ആൾക്കാർക്കു സാധിക്കാതെയായി. മേനോനെ വിട്ടുതരണമെന്നു പ്രധാനമന്ത്രി പല

പ്രാവശ്യം അവശ്യപ്പെട്ടിട്ടും റസിഡണ്ടു് അങ്ങനെ ചെയ്യാതിരുന്നതിനാൽ സായ്പിനെ ഏതുവിധത്തിലെങ്കിലും നിഗ്രഹിക്കണമെന്നു് അച്ചൻ തീച്ചപ്പെടുത്തിയിരിക്കയായിരുന്നു.

ഈ അവസരത്തിൽ വേലുത്തമ്പിയും പാലിയത്തച്ചനോടു സഹകരിക്കാൻ നിശ്ചയിച്ചു. രണ്ടുപേരും മേനാ സൈന്യശേഖരം ചെയ്യുതുടങ്ങി. കൊച്ചിയിലെ അപ്പോഴത്തെ രാജാവും ദുർബ്ബലചിത്തനായിരുന്നു. അദ്ദേഹം സേവകന്മാരുടെ കൈയിൽ ഒരു പാവയെന്നോണമാണു് വത്തിച്ചതു്. എന്നാൽ റസിഡണ്ടിന്റെ ഇച്ഛാനുസാരം ജീവിച്ചുപോന്നതിനാൽ, അദ്ദേഹത്തിന്റെ പേരിൽ സായ്പിനു് അനല്പമായ പ്രീതിയുണ്ടായിരുന്നു.

തമ്പിയും അച്ചനും പുരുഷാരം ശേഖരിക്കമാത്രമല്ല ചെയ്തതു്; അവർ ഫ്രഞ്ചുകാരുമായി എഴുത്തുകുത്തുകഠം നടത്തിക്കൊണ്ടുമിരുന്നു. അതിന്റെ ഫലമായി ഫ്രഞ്ചുദൂതന്മാരായ മൂന്നു അബിസീനിയന്മാർ 984 തുലാത്തിൽ അഞ്ചുതെങ്ങിൽ വന്നടുത്തു. ഫ്രഞ്ചുസൈന്യം മകരമാസാരംഭത്തിൽ വന്നുചേരുമെന്നു് അവർ പറകയാൽ, നേരത്തേതന്നെ ലഹള തുടങ്ങുന്നതിനു മന്ത്രിമാർ തീച്ചപ്പെടുത്തി. രണ്ടു നാട്ടിലും ഉള്ള പ്രഭുക്കന്മാരിൽ പലരും അവരോടു സഹകരിച്ചു.

മക്കാളെ ക്രിസ്തുമതപ്രചരണാർത്ഥം അത്യുത്സാഹംചെയ്തുകൊണ്ടാണിരുന്നതു്. അദ്ദേഹം നാട്ടിൽ വരുത്തിപ്പാർപ്പിച്ച പാതിരിമാർവഴിക്കു് അസംഖ്യം ജനങ്ങൾ ക്രിസ്തുമതം അവലംബിച്ചു. ഇതിനെ ഒരു കാരണമാക്കി ഇംഗ്ലീഷുകാരോടു ലഹളയുണ്ടാകുമെന്നു തമ്പിയും വിചാരിച്ചു. സാമൂതിരിപ്പാട്ടിലേക്കു അയച്ച ഒരു കത്തിൽ തമ്പി ഈ ഉദ്ദേശത്തെ വിശദമായി പ്രസ്താവിച്ചിരുന്നു. സാമൂതിരിയുടെ മന്ത്രി ഈ കത്തിനെ മലബാർ കലക്ടരെ ഏല്പിക്കുകയും അയാൾ അതിനെ തർജ്ജിമചെയ്യിച്ചു മദ്രാസ് ഗവണ്മെണ്ടിനു് അയയ്ക്കുകയും ചെയ്തു. തന്നിമിത്തം കപ്പുകടിശ്ശിക കൊടുത്തുതീർക്കാനായി ഗവണ്മെണ്ടും റസിഡണ്ടും തമ്പിയെ അലട്ടിത്തുടങ്ങി. എന്നാൽ തമ്പിയാകട്ടെ, തന്റെ ഉദ്ദേശത്തെ ലേശംപോലും വെളിപ്പെടുത്താതെ കപ്പം അടയ്ക്കുന്നവിഷയത്തിൽ അത്യുത്സാഹം പ്രദർശിപ്പിച്ചുകൊണ്ടിരുന്നു.

പക്ഷേ പണം ഉണ്ടാക്കുന്നതിനു വഴിയില്ലായ്കയാൽ, ഉദ്യോഗം രാജിവച്ചു താൻ കോഴിക്കോട്ടുപോയി താമസിച്ചുകൊള്ളാമെന്നും ദേഹരക്ഷയ്ക്കു കുറെ ബ്രിട്ടീഷ് പട്ടാളക്കാരെ അയച്ചുതന്നാൽ മതിയെന്നും അദ്ദേഹം റസിഡണ്ടിനോടു് അപേക്ഷിച്ചുവത്രേ.

ഈ അപേക്ഷ ഫലിച്ചാൽ റസിഡണ്ടിന്റെ കക്ഷിനിങ്ങളിൽ കുറഭാഗം കൊച്ചി വിടേണ്ടതായി വരുമെന്നും ആ വഴിക്കു റസിഡൻസിയെ ആക്രമിക്കാൻ കൂടുതൽ സൌകര്യം ലഭിക്കുമെന്നും ആണു് തമ്പി വിചാരിച്ചതു്. ഇതിനിടയ്ക്കു കൊച്ചിക്കോട്ടയെ ആക്രമിച്ചു് അവിടെ താമസിച്ചിരുന്ന റസിഡണ്ടിനേയും കൂട്ടരേയും അപായപ്പെടുത്താനായി തമ്പി അലപ്പുഴയിലും പറവൂരും ഉണ്ടായിരുന്ന പടയാളികളെ കൊച്ചിയിലേക്കു രഹസ്യമായി അയച്ചിരുന്നു.

വൃശ്ചികമാസത്തിൽ വേലുത്തമ്പിയെ കോഴിക്കോട്ടേയ്ക്കു് അയപ്പാനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. അതേസമയത്തുതന്നെ കളവയുടെ രണ്ടു ഉദ്യോഗസ്ഥന്മാരും 600 പടജനങ്ങളും കൊച്ചിയിൽ എത്തി പാലിയത്തച്ചമേനോന്റെ അകമ്പക്കാരോടു ചേർന്നു റസിഡൻസി ബംഗ്ലാവു വളഞ്ഞു് വെടിതുടങ്ങി. മക്കാളെയുടെ കീഴിൽ ഗ്രമസ്ഥാപനി നോക്കിവന്ന ഒരു പോർത്തുഗീസുകാരൻ സായ്പിനെ ഒരു ഗ്രൂഢസ്ഥലത്തു് ഒളിപ്പിച്ചതിനാൽ, അദ്ദേഹം രക്ഷപ്പെട്ടു. ഭടന്മാർ ബംഗ്ലാവിനുള്ളിൽ കടന്നു കഴിയുന്നതു നാശങ്ങളെല്ലാം ചെയ്തു. അപ്പോൾ 'പീഡ്മാണ്ടീസ്' എന്നൊരുകൂപ്പൽ തുറമുഖത്തു കിടന്നിരുന്നു. സായ്പും കുഞ്ഞുകുഞ്ഞുമേനോനും ആ കൂപ്പലിൽ ചെന്നുചേർന്നു.

ആ വിവരങ്ങൾ എല്ലാം കാണിച്ചു് പാലിയത്തച്ചമേനോൻ വേലുത്തമ്പിക്കു് ഒരു കത്തയച്ചു. അതിനു മറുപടി അയച്ചു മറുപടി താഴെ ചേർക്കുന്നു.

"അച്യുതമേനോന്റെ പക്കൽ കൊടുത്തയച്ച കടലാസ്സു് അഞ്ചു നാഴിക രാ ചെല്ലുമ്പോൾ കുന്നത്തൂർ കൊണ്ടുവന്നു തന്നു. വായിച്ചുകണ്ടു് അവസ്ഥയും അറിഞ്ഞു. കണ്ണ്നൽ മക്കാളെ കൊച്ചിയിൽ കോട്ടയിൽനിന്നും ഉരുവിൽ കേറി അഴിക്കു പുറത്തു ഉരുനിറുത്തി പാക്കനപ്രകാരവും കണ്ണൂർനിന്നും വന്നിരുന്ന ഏതാനും

സാർദാസുമാരെയും കൊച്ചിയിൽനിന്നും മാഗ്ലക്കാരെ ശേഖരിച്ചു് അവരെയും പത്തേമാരിൽ കേറി നിറുത്തിയിരിക്കുകൊണ്ടും എറണാകുളത്തു് എറക്കുവാനെന്നും പറഞ്ഞു് കേൾക്കുന്ന അവസ്ഥകൊണ്ടും എല്ലോ എഴുതിവന്നതു്. മാഗ്ലക്കാരെ ശേഖരിക്കുന്നതും കണ്ണൂരിൽനിന്നു വന്നതിൽ ഏതാനും വെള്ളക്കാരെ കൊച്ചിയിൽ നിറുത്തിഇരിക്കുന്നതും എറണാകുളത്തു് എറക്കി അങ്ങേ കൈവശത്തിലാക്കി അപജയപ്പെടുത്തുന്നതിനാകുന്നു എന്നും സൂക്ഷ്മമായിട്ടു നാം പറഞ്ഞുകേൾക്കകൊണ്ടും ആ അവസ്ഥയ്ക്കു് അങ്ങേയ്ക്കു് എഴുതിക്കൊടുത്തയയ്ക്കുവാൻ്റെ വേണ്ടുന്ന പ്രകാരങ്ങൾ വിചാരിച്ചു് ഉറപ്പിച്ചുകൊള്ളാം. ഞാൻ ഒന്നിലും പറയാതെ ചതിയിൽ അകപ്പെട്ടുവോ എന്നുള്ളതും എല്ലാ എടവും ഒന്നുപോലെ എളക്കുവാനുള്ള വഴി വിചാരിച്ചുകൊള്ളാതെ ഇവിടെമാത്രം ഇളക്കിയതുകൊണ്ടു ന്യായമില്ലുകയില്ലെന്നുള്ളതും എഴുതിക്കൊടുത്തയച്ചിട്ടു് അറിയണമെന്നില്ല. സമയം അടുത്തുപോകകൊണ്ടു് ഒരു വിനാഴികനേരംപോലും മറൊരുകാര്യത്തിങ്കൽ മനസ്സുവയ്ക്കാതെ എത്രയും വേഗത്തിൽ പെരുമ്പടപ്പുനാട്ടന്മേലും അങ്ങേ എടവകയിലും നായന്മാരായിട്ടും മാപ്പിളമാരായിട്ടും ഉള്ള ആളുകളെ ഒക്കെയും ശേഖരിച്ചു എറണാകുളത്തും തുപ്പുണിത്തുറയായിട്ടും പാഴ്പ്പിച്ചു യുദ്ധത്തിനുള്ള വട്ടങ്ങൾ കൂട്ടി വെള്ളക്കാരുടെ മാഗ്ലക്കാരാകട്ടെ എറണാകുളത്തു എറങ്ങുന്ന എങ്കിൽ ഉടനെ അയതിൻ്റെ ശേഷമായിട്ടു ചെയ്യുന്നതക്കവണ്ണം ചട്ടംകെട്ടി അങ്ങും നല്ലവണ്ണം സൂക്ഷിച്ചു പാർത്തുകൊള്ളണം. കുപ്പുപ്പണവും കൊടുത്തു എന്നു വരാതെ നിറുത്തിക്കൊള്ളണം. നെടിയിരിപ്പുനാട്ടന്മേലും അതിനോടു സമീപിച്ചിട്ടുള്ള നാടുകളിലും ഉള്ള ആളുകൾക്കുടെ എളകി അവിടവിടെ കൂട്ടംകൂടി കുഴഞ്ഞി ആളുകളുടെ നേരെ ചില്ലറകൾ കാട്ടിത്തുടങ്ങുന്നതിനും കാലതാമസത്തിനു് ഒട്ടും ഇടയില്ലെന്നു വന്നിരിക്കകൊണ്ടു് അയതിനു് ഏതെല്ലാം പ്രകാരം വിചാരിക്കുമെന്നാൽ അതിൻവണ്ണം ഒക്കയും വിചാരിച്ചു സാധീനത്തിലാക്കുവാനുള്ള

അളുകളെ സ്വാധീനത്തിലാക്കി വടക്കേടിക്കിലുള്ള അളുകൾ വേഗത്തിൽ കൂടി ചില്ലറകൾ കാട്ടിത്തുടങ്ങുവാൻ തക്കവണ്ണം എന്തും ധൈര്യമായിട്ട് വിചാരിക്കയത്രെ പ്രധാനമായിട്ടുള്ള കാര്യമാകുന്നത്. കൊച്ചിയിൽ കോട്ടയിൽ അപ്പോൾ അളുപാ ർപ്പിച്ചാൽ ഉറച്ചുകഴിയുന്നതല്ലായ്കകൊണ്ട് അടുക്കൽ ഇപ്പോൾ ആക്കിച്ചിരിക്കുന്നതു കൂടാതെ എറണാകുളത്തു പാർപ്പിപ്പതിനു കൂടെ കമ്പനിയെ വേഗത്തിൽ അവിടെ അയയ്ക്കുന്നതവണ്ണം വലിയ സാധികാര്യക്കാരെ പുതുതായി അയച്ചിരിക്കുന്നു. ഈ സംഗതിയിങ്കൽ മാർഗ്ഗക്കാരും ഈ കര അമർച്ചകൂടാതെ തുടങ്ങി എന്നുള്ളതും വരാതെ ഇരിക്കേണ്ടതിനു് അവരോടു് അതിന്റെ അവസ്ഥപോലെതന്നെ വിചാരിച്ചു് അമർച്ചവരുത്തിക്കൊള്ളണം. ആലപ്പുഴനിന്നും പട്ടാളവുംകൊണ്ടു നാം കൊല്ലത്തു് എത്തുന്നതിനു മുമ്പിൽ കായ്ത്തികുളങ്ങര, കരുനാഗപ്പള്ളി രണ്ടു മണ്ഡപത്തുംവാതുക്കൽ ഉള്ളതിൽ ഏതാനും വില്ലരു 18-ാംനു- അസ്കമിച്ചു പടിഞ്ഞാറെ കൊല്ലത്തു കടന്നാറെ കുമ്പഞ്ഞിപ്പട്ടാളത്തിൽ ഒരു പട്ടാളവും ഏതാനും സോർന്ദാസുമാരും വന്നു ചെറുക്കുന്നവിടെവച്ചു് പെടിയുണ്ടായാറെ നായന്മാരിൽ പത്തിരുപതു് അളുകൾക്കു പാടും ഏതാനുംപേക്കു മുറിയും ഉണ്ടാകകൊണ്ടും ശേഷം ഉള്ള നായന്മാരു് ആ സമയത്തിനു് എതുവാൻ എടകൂടായ്കകൊണ്ടു് ഇവരു് അവിടെനിന്നും ഒഴിച്ചു തിരിയെ നീണ്ടകരവരെ അഴികടന്നു് ഇക്കരെ കയറിയതിന്റെ ശേഷം പടിഞ്ഞാറെകൊല്ലത്തും അവരുടെ അളുക്കളെ കാവലുമാക്കി നീണ്ടകരെ അഴിക്കലും ഒരു കമ്പനിയെ ആക്കി അളുകൾ അങ്ങോട്ടു കടപ്പാതെ കാപ്പിച്ചിരിക്കകൊണ്ടു് കൊട്ടാരക്കര വഴിക്കു കിഴക്കെക്കൊല്ലത്തു കേറുകയെന്നു നിശ്ചയിച്ചു് പട്ടാളത്തിനെയും നായന്മാരെയും കൊട്ടാരക്കരെ ശേഖരിച്ചിരിക്കകൊണ്ടു് രണ്ടു ദിവസത്തിനകം ഉണ്ടാകുന്ന അവസ്ഥയ്ക്കു് എഴുതിക്കൊടുത്തയയ്ക്കും ഞാം. അവരും നല്ലവണ്ണം ഉറച്ചുതന്നെ പാർക്കുന്നതു്. അങ്ങും നാമും ഇപ്പോൾ പാർക്കുന്നതു കയ്യുകലമാകകൊണ്ടു് എഴുതി അയച്ചിട്ടു മടുവടി വന്നിട്ടു കായ്ങ്ങൾ നടക്കുവാനുള്ള സമയം അല്ലായ്കകൊണ്ടും.....

മക്കാളെ സായ്പു മലബാറിൽപോയി അല്പം താമസിച്ചിട്ടു സസൈന്യം കൊച്ചിയിൽ വീണ്ടും വന്നുചേർന്നു. ആ വിവരം അറിഞ്ഞു ഉളുവ താഴെ പറയുന്നപോലെ ഒരു കത്തു് പാലിയത്തച്ചനു് അയച്ചു.

"ഇക്കേള്ളമേനവൻ അങ്ങേരുടെ പക്കലും അമ്പൽവഴിക്കും കൊടുത്തയച്ച സാധനങ്ങളും പേർപ്പുകളും ഇവിടെ കൊണ്ടുവന്നതന്നു വായിച്ചുകണ്ടു് അവസ്ഥയും അറിഞ്ഞു. എല്ലാ വർത്തമാനങ്ങൾക്കും തിരിച്ചുതന്നെ എഴുതിവന്നവല്ലൊ. കൊച്ചിയിൽ കോട്ടയിൽ ഇനിയും ആളുകളെ എറക്കി വലുതായിട്ടുള്ള പീരങ്കികളും കേറിക്കൊണ്ടാൽ പിന്നത്തതിൽ അങ്ങോട്ടു ഒന്നും ചെയ്യാൻ കഴികയില്ലെന്നു വരുന്നതും അല്ലാതെ കൊച്ചീ, എറണാകുളം ഒഴീക്കൽ ഈ പ്രദേശങ്ങളിൽ നമ്മുടെ ആളുകൾക്കു സഞ്ചരിപ്പാൻപോലും വഹിയാ എന്നു വരുന്നതാകകൊണ്ടു് ആയതിനു് എടവന്നു എന്നു വരാതെ എത്രയും വേഗത്തിൽ ആളുകളെ കൊച്ചിയിൽ അയച്ചു് കോട്ടയിൽ പാക്കുന്ന ആളുകളെ ഒഴിപ്പിച്ചു് അതിനു തക്കത്തിൽ നാലു പീരങ്കിയും കേറി സൂക്ഷിക്കുന്നതിനു വേണ്ടുന്ന ആളുകളെയും ആക്കി ഇനി അവരുടെ ആളുകൾ അവിടെ വന്നു് എറങ്ങി ഉറക്കാതെ ഇരിക്കത്തക്കവണ്ണം ചട്ടംകെട്ടിക്കൊള്ളണം. വെള്ളിയാഴ്ചനാളിൽ കൊല്ലുത്തു കടക്കത്തക്കവണ്ണം നിശ്ചയിച്ചിരിക്കകൊണ്ടു് വ്യാഴാഴ്ചനാളിൽ കൊച്ചിയിൽ കോട്ട സ്വാധീനമാക്കിക്കൊള്ളണം. അങ്ങു് എറണാകുളത്തു് ഇരുന്നകൊണ്ടു് അതിനുതക്ക ആളുകളെ അയച്ചു കോട്ട ഒഴിപ്പിച്ചുതിന്റെ ശേഷം പിന്നെ അതിൽ അവിടെച്ചെന്നു ചട്ടം കെട്ടിക്കൊള്ളുക അല്ലാതെ അതിനുമുമ്പിൽ കൂടി പോയെന്നുള്ളതു വരികയും അരുതു്. കൊല്ലവും കൊച്ചിയും സ്വാധീനമാക്കുമ്പോൾ ശേഷമുള്ള ആളുകൾ എല്ലാവരും ഒന്നുപോലെ എളകുകയും ചെയ്യും. മറുള്ള വർത്തമാനങ്ങൾ ഒക്കെയും അരിക്കാരനോടു പറഞ്ഞയച്ചിട്ടുമുണ്ടു്. ഇച്ചെയ്ത്തിക്കു് എഴുതിയതു് ഉളുവാതമ്പി വേലായുധൻ ചെമ്പകരാമൻ 984 മതു 19-ാംനു."

കൊച്ചിയെ വീണ്ടും ശത്രുക്കൾ ആക്രമിക്കാതിരിപ്പാനായി റസിഡണ്ടു് വേണ്ട ഒരുക്കങ്ങൾ എല്ലാം ഉടൻതന്നെയാക്കിച്ചു.

കൊച്ചിയിലെ ഉദ്യോഗസ്ഥന്മാരാരും കോട്ടയ്ക്കുള്ളിൽ യാതൊരു ക്ഷണസാധനവും കടത്തിക്കൂടെന്നു് അദ്ദേഹം ആജ്ഞാപിച്ചു. കൊല്ലത്തുനിന്നും സഹായാർത്ഥം ഒരു സൈന്യം അയച്ചുകൊടുപ്പാൻ അവിടത്തെ ബ്രിട്ടീഷ് സേനാപതിക്കു് എഴുത്തയച്ചു.

അചിരേണ 2000-ൽപരം പെരുമ്പടപ്പു ഭടന്മാർ കായൽ വക്കത്തു വന്നുചേർന്നു. അയിരത്തോളം തിരുവിതാംകൂർ ഭടന്മാരും തിരിച്ചുകഴിഞ്ഞു.

കൊല്ലത്തുവച്ചു നടന്ന രണ്ടു സമരങ്ങളിൽ തമ്പിയുടെ പടയാളികൾക്കു വലിയ വിജയം ഒന്നും ഉണ്ടായില്ല. ഇനി കളിവിലുള്ള പ്രയോഗം നിത്തീട്ടു് നേരെ രംഗത്തു പ്രവേശിപ്പാൻ തമ്പി നിശ്ചയിച്ചു. ഇതേവരെ ഉണ്ടായ ലഹളകൾ പടയാളികളുടെ അസംതൃപ്തിനിമിത്തം ഉണ്ടായതാണെന്നു റസിഡണ്ടും കൂട്ടരും വിശ്വസിച്ചുകൊള്ളട്ടെ എന്നു വിചാരിച്ചു തമ്പി ശ്രദ്ധമായി അവരെ പ്രേരിപ്പിച്ചതേയുള്ളു. ഇനി അതു പോരെന്നു അദ്ദേഹം നിശ്ചയിച്ചു.

അദ്ദേഹം കണ്ടറ എന്ന സ്ഥലത്തുവച്ചു് ഒരു ഹൃദയദ്രാവകമായ വിളംബരം പ്രസിദ്ധീകരിച്ചു. ആ വിളംബരം വായിച്ചു ഉടനെ ജനതയുടെ ഹൃദയത്തിൽ ബ്രിട്ടീഷുകാരോടുള്ള വിദ്വേഷാഗ്നി ഉജ്ജ്വലിച്ചു; പ്രസ്തുത വിളംബരത്തെ ചുവടേ ചേർക്കുന്നു.

"ശ്രീമത്തു തിരുവിതാംകോട്ടസമസ്ഥാനത്തുനിന്നും ഈ സമയത്തു യത്നം ചെയ്തില്ലാതെ നിലനില്ക്കയില്ലെന്നു കണ്ടു നിശ്ചയിച്ചുതുടങ്ങേണ്ടിവന്ന കാര്യത്തിന്റെ നിർണ്ണയവും അവസരവും ഈ രാജ്യത്തും മഹത്തുക്കൾ, മഹാബ്രാഹ്മണർ ഉദ്യോഗസ്ഥന്മാർ മുതൽ ശൂദ്രർവരെ കീഴ്പരിഷവരെയും ഉള്ള പല ജാതി കൂടിയാനവന്മാരെ പരമ്പോധം വരേണ്ടതിനായിട്ടു് എഴുതി പ്രസിദ്ധപ്പെടുത്തുന്ന വിളംബരമാവിതു്:—

പരശുരാമപ്രതിഷ്ഠയാൽ ഉണ്ടായ മലയാളവും ഈ സംസ്ഥാനവും തോന്നിയ നാൾ മുതൽ ചേരമാൻപെരുമാൾ വംശം വരെയും പരിപാലനംചെയ്ത കാലത്തും അതിൽകീഴ് തുളുദേശത്തുപത്തുങ്കലേക്കു തിരുമുല്പും അടങ്ങി ബഹുതലമുറയായിട്ടു ചെങ്കോൽ നടത്തിയ അനേകം ആയിരം സംവത്സരത്തിനു ഇട

യിലും ഈ രാജ്യം ഇടപെട്ട് ഒരു പ്രോദ്യത്തിനും ശല്യത്തിനും ഇടവന്നിട്ടും ഇല്ല. 933-ാമാണ്ടു നാടുനീങ്ങിയ തിരുമനസ്സു കൊണ്ടു കല്പിച്ചു ഭൂരുഷ്ടിയാൽ മേൽക്കാലം വരവിന്റെ വിപരീതം കണ്ടു് ഇനി ഈ ഭാരം നമ്മുടെ വംശത്തിൽ ഉള്ളവർ വഹിക്കയില്ലെന്നുംവച്ചു നിശ്ചയിച്ചു. രാജ്യത്തിനെ പൂവോടും നീരോടുംകൂടെ ശ്രീപത്മനാഭസ്വാമിയുടെ തൃപ്പടിയിൽ ദാനവും ചെയ്തു. മേൽപട്ടം വാഴുന്ന തമ്പുരാക്കന്മാരു് അവിടത്തെ അളളായിട്ടു ഇരുന്നു കാര്യം വിചാരിക്കയും അവക്കു രാജഭോഗഭോഗ്യങ്ങളെക്കാളും അധികം തപോനിഷ്ഠയായിട്ടു പ്രതനിയമങ്ങളും അനുഷ്ഠിച്ചും, താൻ ദുഃഖിച്ചും കൂടികഠിക്കു സുഖം വരുത്തിയും, അതിനു് ഒരു കുറവുവരാതെ ഇരിക്കേണ്ടതിനു മേൽ രക്ഷയായിട്ടു ഈശ്വരസേവ, ദ്വേദീപം, മുറജപം, അന്നസത്രം, അടിയായിട്ടുള്ള സൽക്കർമ്മങ്ങളെ നടത്തി കാലം കഴിച്ചുകൊള്ളുകയെന്നും വച്ചു നിശ്ചയിച്ചു ശട്ടംകെട്ടി കൂടികഠിക്കു സുഭിക്ഷമായിട്ടു കഴിഞ്ഞുവരുന്നതിനാൽ, ഇപ്പോഠം ഈ കലിയുഗത്തുങ്കൽ ഹിമവൽസേതുപര്യന്തം ഇതുപോലെ ധർമ്മസംസ്ഥാനം ഇല്ലെന്നുള്ള കീർത്തി പൂർണ്ണമായി ഇരിക്കപ്പെട്ടതു സർവ്വപ്രകാരം പ്രസിദ്ധമായിട്ടു് അറിഞ്ഞിരിക്കുന്നതല്ലോ ആകുന്നു. മഹമ്മദലിഖാൻ ആക്കാട്ടുസുബ്ബയുംകെട്ടി തിരുച്ചിനാപ്പള്ളിൽവന്നു ദക്ഷിണശീമയും കഴുക്കിയതിന്റെ ശേഷം അവിടത്തെയ്ക്കു മിത്രഭാവമായിട്ടു ചെല്ലുണമെന്നുവച്ചു് അണ്ടൊന്നിനു് ആറായിരം രൂപായും ഒരു ആനയും നടിരായിട്ടു കൊടുക്കത്തക്കവണ്ണം പറഞ്ഞുവച്ചു കൊടുത്തുവന്നതല്ലാതെ ഈ രാജ്യം ഇടപെട്ടു് ഒരു പ്രോദ്യത്തിനും ശല്യത്തിനും ഇടവന്നിട്ടും ഇല്ല. അങ്ങനെയിരിക്കുന്ന സംഗതിയിങ്കൽ ടിപ്പുസുൽത്താനും ഇംഗ്ലീഷ്കൊമ്പഞ്ഞിയും പ്രബലമായിട്ടു വരിക കൊണ്ടും അതിൽ രണ്ടിൽകൊമ്പഞ്ഞി അളുകഠിക്കു നേരും വിശ്വാസവും ഉണ്ടെന്നും അവരെ വിശ്വസിച്ചാൽ ചതിക്കയില്ലെന്നും നിശ്ചയിച്ചു. അടിപൂവ്വമായിട്ടു് അഞ്ചുതെങ്ങലിൽ കോട്ടയിട്ടു ന്നതിനു സ്ഥലവും കൊടുപ്പിച്ചു് അവരെ അവിടെ ഉറപ്പിച്ചു സ്വാധീനവും വിശ്വാസവും ഉണ്ടായിരിക്കുമെന്നും നിശ്ചയിച്ചു. അതിനിമിത്തത്താൽ ടിപ്പുസുൽത്താഴിനോടു പകച്ചു പടയെടുത്തു

ഇവരേ സ്നേഹിപ്പാൻ ഇടവരുകയുംചെയ്തു. പിന്നത്തേതിന്റെ കാര്യവശാൽ ഉള്ള അനുഭവത്തിൽ ഇവരെ സ്നേഹിച്ചതു നാശത്തിനും വിശ്വസിച്ചതു ദോഷത്തിനും മൂലമായിട്ടുതീർന്നു സർവ്വപ്രപഞ്ചത്തിലും ദ്രോഹവും വിശ്വാസപാതകവും നിറഞ്ഞിരിക്കപ്പെട്ട ജാതി ഇവരോട്ട സമാനം ഇതിനു മുമ്പിൽ ഉണ്ടായിട്ടില്ലെന്നും ഇനി ഉണ്ടാകയില്ലെന്നും പ്രസിദ്ധമായിട്ട് അറികയും ചെയ്തു. അതിന്റെ വിവരങ്ങൾ എന്നെന്നാൽ:—ഇവർക്ക രക്ഷ കൊടുത്തു് ഇതു മേൽ ഒരു പ്രബലതയും ആക്കിത്തീർന്നു. നമ്പൂതിരിനെ നാൽക്കുനാൽ വഞ്ചനയായിട്ടു ബഹളം കുറച്ചും വംശം നാശംവരുത്തി. പിന്നെത്തതിൽ അടുത്ത രാജ്യങ്ങളിൽ സുഖവാഴ്ച വായിട്ട് എരിഞ്ഞുവന്ന ദീപത്തിനെയും അണച്ചു വാഴ്ചമനുകളെ പാഴ്ചമനകളും ആക്കി ആ ദ്രോഹബുദ്ധിയോടുംകൂടെ ഈ സംസ്ഥാനത്തും കടന്നു് അടിയിങ്കൽ ഉപായമായിട്ടും ക്രമത്താൽ ബലമായിട്ടും ഇടങ്ങി സർവ്വും നിർമ്മൂലം വരുത്തുന്നതിനായിട്ടു യത്നപ്പെട്ടിരിക്കുന്നു. അയതിന്റെ വിവരങ്ങൾ കുറഞ്ഞൊന്നു വെളിവായിട്ടു ചുരുക്കത്തിൽ എഴുതുന്നതെന്നാൽ, ടിപ്പുസുൽത്താനോടു യുദ്ധം ഉണ്ടായനിമിത്തം ഇവരെ സഹായത്തിനായിട്ടു കൈക്കൊണ്ടപ്പോൾ തൽക്കാലസമയത്തു ചതിയായിട്ടു മുട്ടിച്ചു് പത്തുലക്ഷം വരാഹൻ വാങ്ങിച്ചുകൊള്ളുകയുംചെയ്തു. അതിന്റെ ശേഷം നയവും ഭയവും കാട്ടി അണ്ടൊന്നിനു അരുലക്ഷം രൂപാവീതം ഇപ്പോൾ കൊടുക്കണമെന്നും ഇംഗ്ലീഷുജാതിയും തിരുവിതാംകോട്ട് സംസ്ഥാനവും ഉള്ളുകാമ്പംവരെയും അതിനുമണ്ണം വാങ്ങിച്ചുകൊള്ളുന്നതല്ലാതെ അധികം ഒരു ചക്രംപോലും ചോദിക്കയില്ലെന്നും രാജ്യകാര്യം എടപെട്ടു് അല്പകാര്യത്തിനുപോലും സംസാരിക്കയില്ലെന്നും 968-ാമാണ്ടു പറഞ്ഞുവച്ചു് സത്യപ്രമാണമായിട്ടു് ഉടമ്പടി കടലാസ്സും എഴുതിത്തരുകയുംചെയ്തു. അയതിനും മാറ്റങ്ങളായിട്ടു് ഈ രാജ്യത്തിൽ റസിഡണ്ടും ആക്കിപ്പാർപ്പിച്ചു. അവരുടെ വകയിൽ മൂന്നുപട്ടാളം കൊല്ലത്തു എറങ്ങിയതിനെയും സഹിച്ചു. സമ്പത്തിനു പാലുകൊടുത്തതുപോലെ അവക്കു പാർപ്പാൻ കോത്തളങ്ങളും വീടുകളും കെട്ടിക്കൊടുത്തു നാളുതോറും ചെയ്തുവരുന്ന അ[illegible]ങ്ങളേയും സഹിച്ചു എണ്ണമെ

ഒരു വ്യത്യാസ പ തരുതെന്നുംവച്ചു് അകന്നതും സൂ
പാത്തുവന്നു. പിന്ന ത്തതിൽ മുമ്പിലത്തെ ഉടമ്പട്ട്
മല്ലാതെ രണ്ടുല ം പുപവീതംകൂടെ കൊടുക്കണമെന്നും
അല്ലെങ്കിൽ യുദ്ധം ചെയ്യുമെന്നും 980-ാമാണ്ടു മകരമാ
അന്യായമായിട്ടു തുടങ്ങി. നാലുദിക്കിലും ഭീരങ്കിറാണ
ഇറക്കി വിപരീതത്തിനുള്ള വട്ടങ്ങൾ തുടങ്ങുകകൊ
വേറിട്ടു യാതൊരു സഹായം കാണാഴ്ചികയാലും ദുഷ്ടാലുദാ
ശക്തി ഏറിനും നിശ്ചയിച്ചു് അവരു പറഞ്ഞതിനമ്പന്നം രണ്ടു
രുപകൂടെ കൊടുത്തുവന്നു. ഇപ്പോൾ അ നിലയുംവിട്ടു
രാജ്യത്തുള്ള പുള്ളിപ്പട്ടാളം ഈശ്വരസേവ വഴിയൂട്ടു അടി
ള്ളതു് ഒക്കെയും നിറുത്തി അ വകയിൽ കൂടുതലും ഇവക്കു കൊടുക്ക
ണമെന്നും രാജ്യകാര്യും ഇടപെട്ടുള്ളതൊക്കയും റസിഡണ്ടു
മക്കാളിയെ ബോധിപ്പിച്ചു നടത്തണമെന്നും ഉള്ള ചട്ടവട്ട
ങ്ങൾ തുടങ്ങുകകൊണ്ടു് അങ്ങനെ ഇളുതൊന്നു് ഈ രാജ്യത്തിൽ
സംഭവിക്കയില്ലെന്നും അകന്ന വിധത്തിലും സങ്കടം പറഞ്ഞിട്ടും
ഭൂമിവരെയും താണുവണങ്ങിയിട്ടും സമ്മതിക്കാതെ ഈ കഴിഞ്ഞ
ധനുമാസത്തിൽ നമ്മുടെ പേക്കു എഴുതിവന്ന കടലാസിൽ നാം
ഇക്കാര്യത്തിനു വികല്പമായി തുടങ്ങിയിരിക്ക കൊണ്ടും ഈ ഉദ്യോ
ഗവും വിട്ടു നാമും നമ്മുടെ കുടുംബത്തിൽ ഉള്ളവരും കൂടെ കൂടി
യിട്ടുള്ള കാര്യസ്ഥന്മാരിൽ ചിലരും കൊമ്പഞ്ഞിരാജ്യത്തിൽ ചെ
ന്നു പാർത്തുകൊള്ളുണമെന്നും, അവിടെച്ചെന്നു പാർത്താൽ ഇവ
ക്കുവേണ്ടുന്ന ശമ്പളവും മാനമര്യാദയും നടത്തിക്കൊടുക്കുമെ
ന്നും അതിന്റെ ശേഷം രാജ്യകാര്യും ഇടപെട്ടുള്ളതൊക്കെ
യും റസിഡണ്ടു മക്കാളിതന്നെ പൂർണ്ണനായി ചട്ടംകെട്ടിക്കൊ
ള്ളുമെന്നും ആയതിനു താമസം കാണുന്നുവെങ്കിൽ യുദ്ധ
ത്തിന്റെ [illegible] രംഭമാകുന്നുവെന്നും എഴുതി. ഇപ്രകാരംതന്നെ തിരു
[illegible]നും കായിതം കൊടുത്തയയ്ക്കുകൊണ്ടും പ്രാണഹാ
[illegible]ന്നു് ആകിലും ഇങ്ങനെ ഉള്ള രാജദ്രോഹ
[illegible]നിന്നും ഉൾപ്പെടുകയില്ലെന്നു പറഞ്ഞതല്ലാ
റസിഡണ്ടു മക്കാളി ഇതു [illegible]
[illegible]ലേയും ശേഷം കാ
[illegible] പഴിക്കു് ഏതാനും

[illegible]യും കൊല്ലുത്തു ചൂറക്കി അറ [illegible]ട കയിൽ അപ്പി
[illegible]യിരുന്ന സ്ത്രീജനങ്ങളേയും വസ്തുക[illegible]ളെയും മറ്റു തി
[illegible]തുക്കി അക്രമങ്ങളായിട്ടു യുദ്ധം തുടങ്ങിയിരിക്കുന്നു. ഈ
[illegible]നത്തുനിന്നും ഇതിനു മുമ്പിലും [illegible]പ്പോഴും അവരോടു യു
[illegible]ണമെന്നുംനിരൂപിച്ചിട്ടില്ലാഴികകൊണ്ടു് ഇപ്പോൾ ഇവ
[illegible]ചിരിക്കുന്നതിനൊ പ്രതിക്രിയയായിട്ടു ചെയ്യുന്നില്ലാതെ
[illegible]സിച്ചു സംശയിച്ചാൽ പിന്നത്തേതിൽ അതുകൊണ്ടുവരു
ചെയ്യുന്നതെ ഈ രാജ്യത്തിൽ ആരും സംഗതിപ്പാനും കാ
[illegible]പ്പാനും നിവ്വാഹം ഉണ്ടായിരിക്കുന്നതും അല്ലാ. അതിന്റെ
വിവരം [illegible]ർക്കും ചുരുക്കത്തിൽ എഴുതുന്നതുഎന്തെന്നാൽ—ചതി
യുമാശ്രത്തിൽ രാജ്യം അവരുടെ കൈവശത്തിൽ ആക്കുന്നതു് അവ
രുടെ വംശപാരമ്പര്യം ആകുന്നതു കൊണ്ടും അതിനുമുമ്പു രാജ്യം
അവരുടെ കൈവശത്തിൽ അനാൽ കോയിക്കൽ കൊട്ടാരം കേ
ട്ടിപ്പടി ഉൾപ്പെട്ട സ്ഥലങ്ങളിൽ അവരുടെ പാറാവും വരുതിയു
മാക്കിത്തീർത്തു രാജമുദ്ര പല്ലക്കു പൊരുഷം ഉൾപ്പെട്ട ബ്രഹ്മ
സ്വങ്ങളും, ദേവാലയം ബ്രഹ്മാലയം സംബന്ധിച്ചുള്ള ശട്ടവട്ടങ്ങ
ളും നാട്ടുകൂട്ടവും നിരുത്തി ഉടുപ്പുതൽ സർവ്വസ്വവും കുന്നകയ്യായി
ട്ടു് ആക്കിത്തീർത്തു് തരിശുകിടക്കുന്ന നിലവും പുരയിടവും അള
ന്നു കൂടികുത്തകപ്പാട്ടം നിശ്ചയിച്ചു, തെങ്ങുവരി ഉൾപ്പെട്ട അധിക
[illegible] അല്പപിഴ്ച്ച നീചന്മാരെക്കൊ
[illegible]ങ്ങളിൽ കരിശ്ശും കൊടിയും
[illegible]തെ ബ്രാഹ്മണസ്ത്രീ മുതലായ സം
[illegible] . അങ്ങനെയുള്ളതൊന്നും ഈ രാ
[illegible]ധർമ്മത്തെ നടത്തി [illegible]ാടിൽ ഉള്ള
[illegible]ക്കേണ്ടതിനു മനുഷ്യ
[illegible]തെ
[illegible]തിച്ചു അരേ അറ
[illegible]നായിട്ടു ചെയ്യേണ്ട

തെമാസം ം
വേലായുധൻ
ഈ വി
വിളംബരങ്ങ
കവിതാംക്ഷറി
നെൽവേലി
ആദ്യത്തെതി
ംക്ഷറി
ക്ഷർ ഗവണ
ംസൈന്യ
ംയുദ്ധത്തിൽ
രാജ്യത്തെ
ംനയ്ക്ക് അറി
അങ്ങ
പ്രതിക്ഷമ
നവരുന്നതി
ബഹുമാന
ടേന്മാർ
ക്കയും കൊ
തായും അ
ഈ
മാനപ്പെട്ട
സദാ ഉൽ
ശാപൂർവ്വമാ
ശ്രദ്ധേ
മനസ്സറിയുന്നതിലേക്ക
നിവരെയിന്ന
തിനും ജനങ്ങ
ക്കളുകയാൽ
തായിരിക്കു
ബോധിപ്പിക്കാ

കരിക്കുന്നതിനു
ക്ഷറിലേക്ക് അധ
ാ ഉദ്ധികാരത്തെ
ിയും പുനഃസ്ഥാ
ന്ന നാട്ടുകാക്ക്
സ
വ
ക്ഷറായതൊരു രീതി

ചിതാംകുറിലേയും കൊച്ചി
ച്ചീകോട്ടയെ അക്രമിച്ച
യുദ്ധത്തിൻറ വിവരം
വച്ചു് അയച്ച കത്തിൽ നിന്ന
ലും അതിഭയങ്കരമായിരുന്നു.
ന്നാൽ അവിടെയും കമ്പനി
തുമേനോൻറ എഴുത്തിൽ
ചേർക്കുന്നു: —

കരണ
കാടുത്തയച്ച വർത്തമ
കണ്ടു് ഞാൻ പരി
കാനാ ചെയ്യുന്നു.
തോക്കു് ഉപദ്രവം
ട്ടുമുണ്ടു്.
ൻറുദ്യോർമ്മ.
സിലിൻറ ദൂത

കാനൻ,

പണ്ണം ഫ്രാൻസിക്കുട്ടി.
ടന്നു തിട്ടംവരുത്തും
മാനങ്ങൾക്കുംകൂടി
പിച്ചു വയ്ക്കുവാ
കാട്ടുവാ തവി വേറ
10-ാംനു
പണ കൊച്ചിയി
ന്തീയതിയോടു
ശിപായിക
റിവിടത്തെ ആളുകളു
അവരുടെ കണ്ണുകൾ
ള്ളാത്തതുത്തി ജനറിൽ
ടെ രോഗിണിയായ ഒരു

ഇവിടുന്നു
വാർത്ത കൂടിയും
ളുകൊടുക്കുന്നു
കുവഞ്ഞിവുകയിൽ

598
554

പാശ്ചാത്യവനിതയും സഞ്ജ്യൻഹൃദയും ഉണ്ട
മാത്രം അവർ ഉപദ്രവിക്കാതെ കൊച്ചിയിലേപ്പോരുകിൽ ഉള്ള അ

ഈ കഥയെ മറെറാരു വിധത്തിലാണ് ഗണ്ട മൈതാന
നോന്റെ ചരിത്രത്തിൽ പ്രസ്താവിച്ചിരിക്കുന്നത്. കിഴക്കോ
'രാമലിംഗം' എന്ന ഒരു ഭടന്റെ വാക്കിനെമാത്രം അടിസ്ഥാനമാക്കി
അങ്ങനെ എഴുതിയതാണെന്നു വ്യക്തമാകുന്നു. എന്നാൽ മേൽ
തമ്പിയുടെ പ്രേരണയിലാണ് ഈ കൃത്യം നടന്നതെന്നു വിശ്വസി
ക്കാൻ ഒരു ന്യായവുമില്ല. അക്കാലത്തെങ്ങും തമ്പി അടുപ്പൂഴയിൽ ഇല്ലായിരുന്നുവെന്നും അദ്ദേഹത്തിന്റെ കത്തുകളിൽ
നിന്നു വ്യക്തമാകുന്നു. വേലുത്തമ്പിയുടെ പേരിൽ വിദ്വേഷം
വളർത്തുവാൻവേണ്ടി ആ കുറ്റമെല്ലാം അദ്ദേഹത്തിൽആരോപി
ക്കയാണ് ചെയ്തത്. വെള്ളക്കാരെ മുക്കിക്കൊന്നതിനെപ്പററി
പിന്നീട് അന്വേഷണം നടത്തി. അന്ന് അമ്പലപ്പുഴയിൽ സർവ്വാ
ധികാര്യക്കാരായിരുന്ന ആളിന്റെ ജംഗമസാധനങ്ങൾ സർക്കാ
രിലേക്കു കണ്ടുകെട്ടുകപോലും ഉണ്ടായിട്ടുണ്ട്. ആ സാമാനങ്ങൾ
ഇന്നും ആശ്രാമത്തുക്ഷേത്രത്തിൽ കാണ്മാനുണ്ടത്രേ.

മകരം പതിനഞ്ചാംതീയതി ദളവ പാലിയത്തുമോനോന്
അയച്ച സാധനത്തിൽനിന്ന് അതിനുമുമ്പ് അച്ചനും അദ്ദേഹവു
തമ്മിൽ ഒരു കൂടിക്കാഴ്ച നടന്നുവെന്നും, തെക്കൻതിരുവിതാംകൂറിൽ
ഉണ്ടായ ലഹളകളെ പഠഞ്ഞൊതുക്കുന്നതിനായി ബ്ലാക്കബ്ബ
രൻ എന്നൊരു സായ്പു തഞ്ചാവൂരിൽനിന്നു വന്നിരുന്നു എന്നു
തെളിയുന്നു.

ഇവിടത്തെച്ചെയ്തിയാവിത്. വർത്തമാനങ്ങൾ ഒക്കെയും
കുണ്ടറവച്ച് പറഞ്ഞിട്ടുണ്ടല്ലോ. തഞ്ചാവൂർനിന്നും സാവധാന
ത്തിനായിട്ട് പാളയംകോട്ടയിൽവന്നു പാർത്തിരുന്ന വിളാക്ക
ബ്രിൽ എന്ന ആളു തിരിയെ 10-ാംനു തഞ്ചാവൂർ പോയപ്രകാ
രവും ഇനി സാവധാനത്തിന്റെ വട്ടം അല്ലെന്നും 15-ാനു
നാളുനാഴികപുലരുമ്പോൾ എഴുതിവരികയുംചെയ്തു. ഇനി താമ
സിയാതെ വട്ടംകൂട്ടും. ആളുകളേയുംകൊണ്ട് കടപ്പാനുള്ളതാക
കൊണ്ട് കൊച്ചിയിൽ പാർക്കുന്ന ആളുകളെ ഏതുപ്രകാരവും
കൂട്ടിച്ചു വടക്കോട്ടു അയക്കുന്നതിനു വിചാരിച്ചുകൊള്ളണം.

ാരുകളെ മാറുന്നതിനു" നാലുദിവസത്തി
ങ്കാകയും ചെയ്യും. കൊച്ചിയിൽ പാക്കുന്ന
വടക്കോട്ടു ഒരുമയക്കാതെ മറുള്ള കാര്യങ്ങൾ
പ്പിനുവരുന്നതല്ലായ്കകൊണ്ടു് അ കാര്യത്തിനു ഏതെ
രം വിചാരിക്കണമെന്നാൽ അതിനുള്ളതെല്ലാം ഒക്കയും വിചാ
രുകളെ വേഗത്തിൽ വടക്കോട്ടു പറഞ്ഞയച്ചു് അവ
ച്ചു് അതിന്റെ മറുവടി ഒട്ടും താമസിയാതെ എഴുതിവരി
കയുംവേണം. 984-ാമാണ്ടു് മകരമാസം 15-നു."

കാര്യങ്ങളുടെ ഗതി ഇത്രമാത്രം ദുർഘടാവസ്ഥയിലാവുകയും
സമാധാനത്തിനു വഴിയില്ലെന്നു വ്യക്തമാവുകയും ചെയ്തപ്പോൾ
ഗ്രാണ്ട് മദ്രാസ്സുഗവർണ്ണർ കേണൽ കഫ്പ്പുഡിനെ ഒരു സൈന്യത്തോ
ടുകൂടി കൊച്ചിയിലേക്കും കേണൽസെൻറു് ലെഗറിനെ ആരുവാ
മൊഴിവഴിക്കു് തിരുവിതാംകൂറിലേക്കും അയച്ചു. അതിനു
പുറമേ ഒരു വലിയ സൈന്യത്തെ കേണൽ വാലേസു്, കേണൽ
ഗിബ്ബ്സു് എന്നിവരുടെ കീഴിൽ തിരുനെൽവേലിയിൽ തയ്യാ
റാക്കി നിർത്തുകയുംചെയ്തു.

ഒരു ബ്രിട്ടീഷുപട്ടാളം പൊന്നാനിയിൽ എത്തിയ ഉടനെ
പ്രിവരം കാണിച്ചു് പാലിയത്തച്ചനോൻ ഒളവായ്ക്കു ഒരു സാധ
നം അയച്ചുകൊടുത്തു. അതിനു മറുവടിയായി ഒളവ അയച്ചു
ത്തു താഴെ ചേർക്കുന്നു.

"അരിക്കാരന്റെ പക്കൽ കൊടുത്തയച്ച സാധനവും വട
ക്കുനിന്നു എഴുതിവന്നതിന്റെ പകർപ്പു കൊടുത്തയച്ചതും 24-നു
തിയതി പത്തുനാഴിക രാത്രിചെല്ലുമ്പോൾ കണ്ടറെക്കുണ്ടുവന്നു
വായിച്ചുകണ്ടാറെ നാട്ടുപട്ടാളവും നാല്പതു വലിയ തോക്കും
പൊന്നാനിവായ്ക്കൽ എത്തിയപ്രകാരം എഴുതിയിരിക്കുന്നതു നല്ല
പരമാർത്ഥമെന്നു തോന്നുന്നില്ല. അസ്സാരം അരുക്കുകാരൻ വാങ്ങിട്ടുണ്ടെ
ങ്കിൽ വലുതാക്കി പറയുന്നതല്ലയോ എന്നും അറിഞ്ഞിട്ടില്ല. ഉള്ള
തുതന്നെ ആയിവരുന്നെങ്കിൽ ആ സംഗതിയിൽ വടക്കോട്ടു കട
ന്നാൽ കണക്കിലായിവരികയില്ലല്ലോ എന്നതുകൊണ്ടു പട്ടാളം
അവിടെ എറങ്ങിയതു സൂക്ഷ്മം അകുന്നോ എന്നു അറിഞ്ഞു് അരു
കുകാരൻ കണ്ടു ബോധിച്ചാൽ മനസ്സാത്തുവച്ചു ചെയ്യുപ്പാൻ കഴിയു

എങ്കിൽ ചെറുക്കണം. അതിനു വഴിയില്ലെന്നു വരുകിൽ ഉള്ള ആ
ളുകളെ എല്ലാവരേയും ഒന്നായിട്ട് ശേഖരിച്ചുകൊണ്ടു മൈതാന
മായിട്ടുള്ള ദിക്കുവിട്ട് ഒതുക്കുവാനുള്ളതു് ഒതുക്കിയും വച്ചു് കിഴക്കോ
ട്ടുമാറി വലിയതോക്കും കുതിരയും വരാതെകണ്ടുള്ള ദിക്കുനോക്കി
പടതുടങ്ങുവോളം ആ സ്ഥലത്തു സൂക്ഷിച്ചു പാർത്തുകൊണ്ടു മേൽ
വരുന്നതിന്റെ അവസ്ഥപോലെ വിചാരിച്ചു നടന്നുകൊള്ളുക
അത്രേ യുക്തമെന്നു തോന്നുന്നതു്. ഈ സംഗതിയിൽ കണ്ണൻ
മക്കാളിയുടെ അടുക്കൽ അയയ്ക്കുകയും ചെയ്യാവുള്ളതുമല്ല.
പട്ടാളം വരുന്ന അവസ്ഥ സൂക്ഷ്മം വിചാരിച്ചു വേഗത്തിൽ എ
ഴുതിക്കൊടുത്തയയ്ക്കണം. ഇപ്പോഴിക്കു് എഴുതിയ ദളവ തമ്പി
വേലായുധൻ ചെമ്പകരാമൻ. വിശേഷിച്ചു്, എഴുതിയതു് ഏറ്റവു
മാന്യർമുഖത്തു സമ്പാദികാര്യക്കാരെയും കാണിക്ക. വടക്കോട്ടു
കടപ്പാൻ വയ്യാ എന്നുണ്ടെങ്കിൽ സമ്പാദികാര്യക്കാരെ അവിടെ
കൂടെ പാർപ്പിച്ചുകൊണ്ടു ഗോവിന്ദൻ ഉണ്ണിയെ വേഗത്തിൽ
ഇങ്ങോട്ടയയ്ക്കണം. 984-ാമാണ്ടു് മകരമാസം 24-ാംനു."

പൊന്നാനിയിൽ സൈന്യം വന്നിരിക്കുന്നതു് പരമാർത്ഥ
മാണെന്നു് അറിഞ്ഞ മാത്രയിൽ തന്നെ പാലിയത്തച്ചമേനോൻ
കത്തുമുഖേന ദളവയെ അറിവിക്കയും വേലുത്തമ്പി അനന്തരകൃ
ത്യനീയത്തെപ്പറ്റി 28-ാംനു ഒരു സാധനം കൊച്ചീക്കു് അയച്ചു
കൊടുക്കയും ചെയ്തു. എന്നാൽ ഇത്രയുമായതിനോടുകൂടി മേനോ
ന്റെ ചിത്തം പകർന്നുതുടങ്ങി. ദളവയാകട്ടെ വെട്ടിയതോടു
വഴിക്കും മുറിഞ്ഞവഴിക്കും പട ഇങ്ങോട്ടു കടക്കാതിരിക്കാനായി
വേണ്ട ഏർപ്പാടുകൾ ഒക്കയും ചെയ്തിട്ടു്, മേനോനെ ധൈര്യപ്പെ
ടുത്താൻ നോക്കി. അതിനായി പാലിയത്തച്ചമേനോനോടുകൂടി
പാർപ്പിച്ചിരുന്ന ഗോവിന്ദനുണ്ണിക്കു് അദ്ദേഹം ഒരു കത്തയച്ചു.

"ഗോവിന്ദനുണ്ണി അറിയേണ്ടും അവസ്ഥ. അഞ്ചൽവഴി
കൊടുത്തയച്ച സാധനം 28-ാംനു വൈകുന്നേരം കണ്ടറെക്കൊ
ണ്ടുവന്നു തന്നു. വായിച്ചുകണ്ടു് അവസ്ഥയും അറിഞ്ഞു. വടക്കു
നിന്നും കുറഞ്ഞൊരു ബലം വരുന്നതു പല വഴിക്കും പറഞ്ഞു
കേട്ടതിൽ പരമാർത്ഥം തന്നെ ആകുന്നു എന്നും അതുകൊണ്ടു പാ
ലിയത്തച്ചമേനോനു മനസ്സിനു് വളരെ വിഷാദമായിട്ടു തോന്നി

യിട്ടുള്ളപ്രകാരവും എല്ലോ എഴുതിവന്നത്. ശ്രീരങ്കപട്ടണത്തു നിന്നും വരുന്ന ബലത്തിന്റെ അവസ്ഥയും ഇനി അവക്ക സമീപങ്ങളിൽനിന്ന ബലം വരുവാൻ ഇല്ലെന്നുള്ളതും അറിയാമല്ലോ. ആ വരുന്ന വരവിനെ ചെറുക്കകൊണ്ട് കിടക്കേ ടിക്കിൽ ഉള്ള ആളുകൾക്ക ധൈര്യം തോന്നി പിന്നത്തതിൽ അവരെ ഏല്ക്ക ന്നതിനും പരാധീനം ഇല്ലെന്നാണ് തോന്നുന്നത്. അയതിനും ഇവിടത്തെ വകയായിട്ടും സ്വരൂപത്തുകളെ വകയായിട്ടും ഉള്ള കൂടിയാനവന്മാരും കരുമനസ്സായിട്ടനിന്നും, അവരു വരുന്ന വഴി ക്ക ചെറുത്തുകൊണ്ടാൽ ഈ വരുന്ന ആളുകളാൽ ഇങ്ങോട്ട കട ക്കുവാൻ കഴിയുന്നതും അല്ലല്ലോ. അതിനായിട്ട പടിഞ്ഞാറെ മുഖത്തു വലിയസവ്വാധികാര്യക്കാരും പറവൂർ വരത്തക്കവണ്ണം 28-ാംന- കാലത്തു കണ്ടറെനിന്നും പറഞ്ഞയച്ചിരിക്കുന്നു. ത ങ്ങൾക്കുള്ളവരെയും പാലിയത്തുള്ള ആളുകളേയും മലസംബന്ധി ച്ചുള്ള സ്ഥലത്തു പാറ്റിച്ചു മാറുവാനുള്ളതുകളും മാറി കടപ്പുറം സമീപിച്ചുള്ള ടിക്കുകളിൽ അവർ സഞ്ചരിക്കുന്നപക്ഷം സഞ്ച രിക്കട്ടെ എന്നും വെച്ച് മലസംബന്ധിച്ചുള്ള ടിക്കുകളും ഉറപ്പി ച്ചു ഇങ്ങോട്ട കടക്കാതെ ചെറുപ്പാനുള്ള വഴിയും വിചാരിച്ചു ധൈര്യമായിട്ട ഇരുന്നുവരുന്ന കാര്യങ്ങൾ ഒക്കെയും നിവ്വഹിക്ക മെന്നുള്ള ഭാവം കാട്ടാതെ കുറഞ്ഞൊന്നു എങ്കിലും എളുക്കം കാ ട്ടിയാൽ ഇപ്പോൾ ഉണ്ടായിരിക്കുന്ന കാര്യത്തിനു ദോഷവും ആള കൾക്ക് ഒക്കെയും എളുക്കവും ആയിട്ട തീരുമെന്നുള്ളതും അറി യാമല്ലോ. ഇതുമേൽ ഒക്കയും കരുതി അതേ പാക്കുന്നത്. അതു കൊണ്ടു മേനവന്റെ മനസ്സിൽ മറൊരു വിഷാദം തോന്നി പ്പിക്കാതെ ഗോവിന്ദനുണ്ണിക്കുടെ അവിടെ പാക്ക.....
984 മകരം 28-ാംന-"

ഈ കത്തു് അവിടെ കിട്ടുന്നതിനു മുമ്പുതന്നെ പാലിയത്ത ച്ചൻ മക്കാളെയുമായി എഴുത്തുകുത്തുകൾ തുടങ്ങി. തിരുവിതാം കൂർ ദിവാനുമായുള്ള സഖ്യം ഉപേക്ഷിച്ചിരിക്കുന്നു എന്നും മേ ലാൽ കമ്പനിയുടെ ആജ്ഞാനുവർത്തിയായിരുന്നുകൊള്ളാമെന്നും അദ്ദേഹം മക്കാളക്ക് എഴുതുകയും സായ്പ് അപ്രകാരം സമ്മതി ച്ചുതന്നു സ്ഥിച്ചു് അച്ചൻ കീഴടങ്ങുകയും ചെയ്തു. ഈ വിവരം

അറിഞ്ഞപ്പോൾ വേലുത്തമ്പി പാലിയത്തച്ചനെ കഠിനമായി ആക്ഷേപിച്ചു് ഒരു കത്തു് അയച്ചുകൊടുത്തു. അതിനുശേഷം കുംഭം 11-ാംനു മേനോൻ അയച്ച മറുപടിയിൽനിന്നു വായനക്കാർക്കു തമ്പിയോടു് അളവറ്റ ബഹുമാനവും അച്ഛനോടു അത്രയ്ക്കു വെറുപ്പും തോന്നാതിരിക്കയില്ല. എന്തുകൊണ്ടെന്നാൽ വേലുത്തമ്പി തന്റെ ഉദ്ദേശലാഭത്തിനു വേണ്ടി ഒരു യന്ത്രമെന്നപോലെ അനുക്ഷണം ശ്രമിച്ചു; ഒരു ഒളിവും തിരിവും അതിനിടയ്ക്കു് ഉണ്ടായിട്ടില്ല. ഉദ്ദിഷ്ടകാര്യം ശരിയാവട്ടെ തെറ്റാവട്ടെ, മരണപര്യന്തം അതിൽനിന്നു പിന്മാറാതെതന്നെ അദ്ദേഹം നിലകൊണ്ടു. പാലിയത്തച്ഛനാകട്ടെ മക്കാളെയോടു സഖ്യംചെയ്തിട്ടും, കമ്പനിക്കു വിപരീതമായി കുറേക്കാലംകൂടി പ്രവർത്തിച്ചുകൊണ്ടിരുന്നതായി ഒടുവിൽ അദ്ദേഹം ദളവയ്ക്കു് അയച്ച കത്തിൽനിന്നു തെളിയുന്നു.

പാലിയത്തച്ചൻ കീഴടങ്ങിയതിനോടുകൂടി കൊച്ചിയിലെ ലഹള അവസാനിച്ചുവെന്നു പറയാം. വേലുത്തമ്പിയുടെ അവസാനവും ആസന്നമായി. അതു തമ്പി അറിയാതിരുന്നുമില്ല. സെൻറു് ലെഗറുടെ കീഴിൽ വന്നുചേർന്ന സൈന്യം അരുവാമൊഴിപ്പാതവഴി വഞ്ചിനാട്ടിലേക്കു കടന്നു. ഇവിടത്തെ സൈന്യം നിഷ്പ്രയാസം പരാജിതമായി.

ഈ വർത്തമാനം അറിഞ്ഞ ഉടൻതന്നെ അദ്ദേഹം മഹാരാജാവിനെ മുഖം കാണിച്ചിട്ടു താൻനിമിത്തം വഞ്ചിരാജവംശത്തിനും പൊന്നുതിരുമേനിക്കും യാതൊരു അപത്തും നേരിടുകയില്ലെന്നും കുറമെല്ലാം തന്റെ പേരിൽ ആരോപിച്ചിട്ടു് തിരുമനസ്സോടു ശത്രുഭാവത്തിൽ പെരുമാറിക്കൊണ്ടാൽ മക്കാളെയിൽനിന്നു യാതൊന്നും ഭയപ്പെടാനില്ലെന്നും ഉണർത്തിച്ചശേഷം അവിടെനിന്നും രഹസ്യമാർഗ്ഗേണ നിർഗ്ഗമിച്ചു. എളയരാജാവിനും വലിയതമ്പുരാനും തമ്പിയുടെ ദുർഗ്ഗതിയെപ്പറ്റി മനസ്താപമുണ്ടായി. എന്നാൽ ഉമ്മിണിത്തമ്പി തുടങ്ങിയ രാജസേവകന്മാർ ആ വഴിക്കു സ്വാർത്ഥലാഭത്തിനുള്ള കവാടം തുറന്നിരിക്കുന്നതായിക്കണ്ടു സന്തോഷിക്കയാണു് ചെയ്തതു്.

വടക്കോട്ടു പോകുംവഴി തമ്പിയും അനുജനും ഒരു ഭൃത്യനും കൂടി കിളിമാനൂർ കൊട്ടാരത്തിന്റെ കിഴക്കേ വാതുക്കൽ എത്തി. അവർ യാത്രാക്ലേശം നിമിത്തവും ക്ഷുത്തൃഡാത്തികൊണ്ടും നന്നെ ക്ഷീണിച്ചിരുന്നു. കൊട്ടാരത്തിനുള്ളിൽ യാതൊരു അനക്കവും കണ്ടില്ല. ഒരു മങ്ങിയ ദീപംമാത്രം കത്തുന്നുണ്ടായിരുന്നു. യദൃച്ഛയാ ഒരു കാവൽക്കാരൻ അവിടെവന്നു ചേർന്നപ്പോൾ അയാളോടു 'തമ്പുരാക്കന്മാർ അകത്തുണ്ടോ? ഞങ്ങൾക്കു വിശക്കുന്നു. ചോറിനു വല്ലു വഴിയും ഉണ്ടോ?' എന്നു ചോദിച്ചു. അയാൾക്കു ഇവരെ മനസ്സിലായില്ലെന്നു പറയേണ്ടതില്ലല്ലോ.

അയാൾ പറഞ്ഞു:—അല്പം നില്ക്കു. ഞാൻ പോയി നോക്കീട്ടുവരാം.

അന്നു കൊട്ടാരം കാര്യസ്ഥനായിരുന്നതു് അണിമംഗലത്തു നാരായണൻനമ്പൂരിപ്പാടായിരുന്നു. ഇദ്ദേഹം മഹാപണ്ഡിതനും ആയുധവിദ്യാചതുരനും ആയിരുന്നതിനു പുറമേ ഇംഗ്ലീഷ്കാരോടു പിണങ്ങി കാടുപൂകേണ്ടതായി വന്ന കോട്ടയം തമ്പുരാന്റെ ഗുരുവും ആയിരുന്നു. കാവൽക്കാരൻ വിവരങ്ങൾ എല്ലാം കാര്യസ്ഥനെ അറിവിച്ചു. നമ്പൂരിപ്പാടു് വന്നു നോക്കിയപ്പോൾ ആ പഥികന്മാർ ആരെല്ലാമെന്നു് എളുപ്പത്തിൽ മനസ്സിലാക്കി. എന്നാൽ അതൊന്നും വെളിയിൽ പ്രകാശിപ്പിക്കാതെ അവരെ യഥോചിതം സൽക്കരിച്ചു വിശപ്പടക്കിയശേഷം തമ്പി നമ്പൂരിപ്പാട്ടിനോടു കാര്യങ്ങളുടെ സ്ഥിതിഗതികളെ പറഞ്ഞറിഞ്ഞ തന്റെ മുഖവാൾ അദ്ദേഹത്തിനെ ഏല്പിച്ചു. രാത്രിയിൽ പാദചാരേണ പോകേണ്ടെന്നും ഒരു പല്ലക്കു തയ്യാറാക്കിക്കൊടുക്കാമെന്നും നമ്പൂരിപ്പാടു പറഞ്ഞുവെങ്കിലും അതൊന്നും സ്വീകരിക്കാതെ അവർ അവിടെനിന്നു പോയി. ഈ വാൾ ഇപ്പോഴും കിളിമാനൂർ കൊട്ടാരത്തിലുണ്ടു്. മൂന്നുമാസം കഴിഞ്ഞാണു് ഇവരെ വേലുത്തമ്പിയാണെന്നു ഗ്രഹിച്ചതെന്നു മി. നാഗമയ്യ പ്രസ്താവിച്ചിരിക്കുന്നതു പിശകാകുന്നു. കിളിമാനൂർ കൊട്ടാരത്തിലെ കാര്യസ്ഥനു തിരുവിതാംകൂറിലെ ദളവയെക്കണ്ടാൽ അറിയാൻ സാധിച്ചില്ലെന്നു് ആരു വിശ്വസിക്കും? അതിനും പുറമേ അദ്ദേഹം വേലുത്തമ്പിയുടെ സംരംഭങ്ങളിൽ സഹകരിച്ചിരുന്നവരിൽ ഒരാളാ

യിരുന്ന താനും. എന്നാൽ ഈ സംഭവം വഴിക്കു കിട്ടിമാന്തർ കൊട്ടാരത്തിലേക്കു് ആപത്തു നേരിടുമെന്നു തമ്പിക്കും നമ്പൂരിപ്പാട്ടിലേക്കും വിചാരമുണ്ടായിരുന്നു. അതുകൊണ്ടാണു് ഇതിനെപ്പറ്റി അദ്ദേഹം അരോടും മിണ്ടാതിരുന്നതു്.

വേലുത്തമ്പിയെപ്പറ്റി മി. നാഗമയ്യയും അതിനെ തുടർന്നു ചില ചരിത്രപാഠപുസ്തകനിർമ്മാതാക്കളും വിദ്വേഷപൂർവ്വം ചില തൊക്കെ പ്രസ്താവിച്ചു കാണുന്നുണ്ടു്. മി. നാഗമയ്യ പറയുന്നു:—

"ഇദ്ദേഹത്തേപ്പോലെ ഒരാളുടെ അവിർഭാവം ബാലരാമവർമ്മയുടെ ഭരണംപോലെ ദുർബലമായ ഒരു ഭരണദശയിലേ ഉണ്ടാവുകയുള്ളു. മഹാനുഭാവനായ മാർത്താണ്ഡവർമ്മയും അവിടത്തെ കീർത്തിമാനായ ഭാഗിനേയനും സിംഹാസനം അലങ്കരിച്ചിരുന്ന കാലത്തു രാമയ്യൻദളവയേയും രാജാകേശവദാസനേയും പോലുള്ളവർക്കുമാത്രമേ മുന്നണിയിൽ വരാൻ കഴിയുമായിരുന്നുള്ളു." അദ്ദേഹം വേലുത്തമ്പിയിൽ സ്വാർത്ഥതൽപ്പരത, അത്യാഗ്രഹം മുതലായ ചില ദോഷങ്ങളും വാച്യമായിട്ടല്ലെങ്കിലും വ്യംഗ്യമായി ആരോപിച്ചുകാണുന്നു.

എന്നാൽ ആധുനിക ചരിത്രകാരന്മാർ ഈ അഭിപ്രായത്തോടു യോജിക്കുമെന്നു തോന്നില്ല. വേലുത്തമ്പിയുടെ ഭരണസാമർത്ഥ്യത്തെ മക്കാളെയും വെല്ലസ്ലിപ്രഭുവും പല തവണ പ്രശംസിക്കയുണ്ടായിട്ടുണ്ടെന്നും, അദ്ദേഹത്തിന്റെ അവിർഭാവമാണു് തിരുവിതാംകൂറിനെ ജയന്തൻശങ്കരൻനമ്പൂരി തുടങ്ങിയ ചില കൊള്ളരുതാത്തവരുടെ കൈയിൽനിന്നു രക്ഷിച്ചതെന്നും അദ്ദേഹം വിസ്മരിച്ചുകളഞ്ഞു. ബ്രിട്ടീഷ്കാരുമായി ഇപ്പോൾ നിലവിലിരിക്കുന്ന ഉടമ്പടിക്കു കാരണഭൂതനും വേലുത്തമ്പിയായിരുന്നു. അങ്ങനെയുള്ള ഒരു ഉടമ്പടി നടപ്പിൽ വരുത്തിയതു നിമിത്തം അദ്ദേഹം മഹാരാജാവിന്റേയും രാജസേവകന്മാരുടേയും ദ്വേഷത്തിനുപോലും പാത്രീഭവിച്ചു. മക്കാളെ രാജ്യകാര്യങ്ങളിൽ കൈകടത്തിത്തുടങ്ങിയതു മുതല്ക്കാണു് തമ്പി ശത്രുഭാവം കൈക്കൊണ്ടതു്. ശത്രുക്കൾപോലും അദ്ദേഹത്തിൽ സ്വാർത്ഥതൽപ്പരത ആരോപിക്കുകയില്ല. സ്വാർത്ഥപരനായിരു

ന്നെങ്കിൽ പാലിയത്തച്ചനെപ്പോലെ തമ്പിക്കും മക്കാളിയോടും ക്ഷമായാചനം ചെയ്ത നല്ല പിള്ളയായി കഴിഞ്ഞുകൂടാമായിരുന്നു. ബ്രിട്ടീഷ് ജനത കീഴടങ്ങിയവരെ മർദ്ദിച്ചതായിട്ട ചരിത്രത്തിൽ ഒരിടത്തും കാണ്മാനില്ലല്ലോ. അവരുടെ നീതിബോധത്തിലും ഒരുകാലത്തും സംശയമുള്ളതായി കാണുന്നില്ല. തമ്പി ചെയ്തത് സാഹസംതന്നെയെങ്കിലും, അദ്ദേഹത്തിന്റെ പ്രവൃത്തിക്ക് പ്രേരകമായിരുന്നത് സ്വദേശാഭിമാനം ആയിരുന്നു എന്നുള്ളതു പ്രത്യക്ഷമാണ്. നാഗമയ്യാതന്നെ അന്യത്ര ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു:—

"അദ്ദേഹത്തിന്റെ മഹാസത്പവൃത്തവും സ്ഥിരതയും ബുദ്ധിശക്തിയും ആലോചിക്കുമ്പോൾ ഇങ്ങനെ ഒരു അവസാനം വന്നുകൂടിയതു ശോചനീയമായിരിക്കുന്നു. അദ്ദേഹം ജനിച്ച സമയം തെറ്റിപ്പോയി; അദ്ദേഹം നൂറുകൊല്ലത്തിനു മുമ്പു ജനിച്ചിരുന്നെങ്കിൽ സ്വഭാവശൈഥില്യത്തിനു, അപക്വമായ നീതിബോധത്തിനും, ഒന്നുകൊണ്ടും ഇളകാത്ത ധൈര്യത്തിനും മാതൃകയെന്ന നിലയിൽ അനശ്വരമായ യശസ്സു സമ്പാദിക്കുമായിരുന്നു; ജനങ്ങളുടെ ദൃഷ്ടിയിൽ ഭയങ്കരമായി തോന്നിച്ച പല്ലേ നിഷ്ഠുരകൃത്യങ്ങൾ അദ്ദേഹം ചെയ്തിട്ടുണ്ടെങ്കിലും, തിരുവിതാംകൂർ ചരിത്രത്തിലെ ഒരു ക്രോംവല്ലോ റിഷല്യൂവോ ആയിത്തീരുന്നതിന് ഒരു പ്രയാസവുമുണ്ടായിരുന്നില്ല. ഒരു അമ്പതു കൊല്ലത്തിനുശേഷം ജീവിച്ചിരുന്നെങ്കിൽ പാശ്ചാത്യവിദ്യാഭ്യാസഫലമായി പ്രചരിച്ച പരിഷ്കൃതാശയങ്ങൾക്കു വിധേയനായിട്ട് നിസ്തുലമായ മനശ്ശക്തിയാലും, നേതൃത്വം വഹിക്കുന്നതിനുള്ള ത്രാണിയാലും അദ്ദേഹം നമ്മുടെ നാട്ടിലെ ഭരണകർത്താക്കളിൽ അഗ്രഗണ്യനായി തീരുമായിരുന്നു."

ഇവിടെ മി. നാഗമയ്യായ്ക്കു വേലുത്തമ്പിയുടെ നൈസർഗ്ഗിക ഗുണങ്ങളെ അല്പമെങ്കിലും കാണാൻ സാധിച്ചതിൽ സന്തോഷിക്കേണ്ടിയിരിക്കുന്നു.

കണ്ണൻസെൻറു് ലഗർ നാഗർകോവിൽ ഉദയഗിരി, പദ്മനാഭപുരം എന്നീ സ്ഥലങ്ങളിലുണ്ടായിരുന്ന ആയുധസാമഗ്രികളെ കൈവശപ്പെടുത്തീട്ട് തിവാൻജിയെ 24 മണിക്കൂറിനുള്ളിൽ

ആത്മഹത്യ
ചിട്ടതരണമെന്ന കാണിച്ച് മാക്കാളെ എഴുതിയ ഉമ്മിണിത്തമ്പി മഹാരാജാവിനു് അയച്ചുകൊടുത്തു.

ആ കത്തു കിട്ടി മൂന്നു ദിവസത്തിനുശേഷം പത്മനാഭസൈന്യത്തിനു് ഏതെങ്കിലും പ്രതിബന്ധം നേരിടുന്നപക്ഷം രാജാവു് ദിവാന്റെ ദുഷ്പ്രേരണയ്ക്കു വശംവദനായിരിക്കുന്നുവെന്നു താൻ വിചാരിക്കുമെന്നും അതിന്റെ ഫലം മഹാരാജാവു് അനുഭവിക്കേണ്ടിവരുമെന്നും അയിരുന്നു കത്തിലെ സാരം.

കണ്ണൽലഗർ പത്മനാഭപുരത്തുനിന്നു തിരുവനന്തപുരത്തേക്കു തിരിച്ചു് പാപ്പനംകോടു് എന്ന സ്ഥലത്തു വന്നു പാളയം അടിച്ചു. മഹാരാജാവാകട്ടെ വേലുത്തമ്പി വരുത്തിവച്ച ലഹളയെപ്പറ്റി പശ്ചാത്തപിക്കുന്നതായും അദ്ദേഹത്തിനെ പിടിച്ചെടുക്കാൻ ഉടനടി വേണ്ടതു പ്രവർത്തിക്കാൻ തയ്യാറുള്ളതായും ഉമ്മിണിത്തമ്പി എന്ന പേരുള്ള മാർത്താണ്ഡൻ ഇരവിപിള്ളയുടെ മുഖാന്തരം പാളയത്തിൽ അറിവിച്ചു. മക്കാളെയും അവിടെ വന്നുചേർന്നു, ഉടനെ തമ്പിയെ പിടിക്കാൻ തിരുവിതാംകൂറിലേയും കമ്പനിയുടേയും ഏതാനും ഉദ്യോഗസ്ഥന്മാർ നിയുക്തരായി. അദ്ദേഹത്തിനെ പിടിച്ചുകൊണ്ടുവരുന്നവർക്കു 50,000 രൂപാ നല്കുന്നതാണെന്നു് ഒരു വിളംബരവും പ്രസിദ്ധപ്പെടുത്തി.

ഉമ്മിണിത്തമ്പിയായിരുന്നു പ്രസ്തുത സംഘത്തിന്റെ നേതാവു്. ഒളിവു ജീവിതത്തിനിടയ്ക്കു കുന്നത്തൂർ താലൂക്കിൽ വള്ളിക്കോട്ടിനു സമീപമുള്ള കാടുകളിൽ അഭയം പ്രാപിച്ചിരുന്നു.. അനുഷ്ഠാനസംബന്ധവും അവിടെ എത്തി. ഒളിവു ജീവിതംകൊണ്ടു് ശ്രദ്ധമായി മണ്ണടിയിലേക്കു തിരിച്ചു. അവിടെവച്ചു വേലുത്തമ്പിയുടെ സ്വാമിദ്രോഹിയായ ഒരു ഭൃത്യൻ ഉമ്മിണിത്തമ്പിക്കു് ഒറു കൊടുക്കയാൽ, അദ്ദേഹം മണ്ണടിയിലെ ഭഗവതിക്ഷേത്രത്തിനുള്ളിൽ കടന്നു. അദ്ദേഹത്തിന്റെ കൂടെ സഹോദരനായ പത്മനാഭൻ തമ്പിയും ഉണ്ടായിരുന്നു. ശത്രുക്കളുടെ കൈയിൽ അകപ്പെടുന്നതിനേക്കാൾ ആത്മബലിയാണു് ഉചിതമെന്നു് ആ വീരാഗ്രണി നിശ്ചയിച്ചു. തന്നെ കുത്തിക്കൊല്ലുന്നതിനു് പത്മനാഭൻതമ്പിയോടു് അദ്ദേഹം ആവശ്യപ്പെട്ടു. അനുജൻ അതിനു

കയാൽ അദ്ദേഹം തന്നെ തന്റെ കാര്യത്തെ മാ
ന്നെങ്കിൽ പാടുള്ളൂ. എന്നാൽ ആ മുറിവു് മരണപ്രദമായിത്തീ
ർന്നുവെന്നു് അറിഞ്ഞപ്പോൾ ക്ഷമായാചനത്തോടുകൂടി തന്നെ ശിരശ്ഛേദം ചെയ്യുവാൻ അനുജനോടു് അപേക്ഷിച്ചു. ഇനി അതുതന്നെയാണു് ഉചിതമെന്നു കണ്ടിട്ടു കരിങ്കുന്നാഭൻതമ്പി ജ്യേഷ്ഠന്റെ കഴുത്തു് ഒരു വെട്ടിനാൽ നിലത്തിട്ടു; അപ്പോഴേക്കു് ഉമ്മിണിത്തമ്പിയും കൂട്ടരും അവിടെ എത്തിക്കഴിഞ്ഞു. അവർ പദ്മനാഭൻതമ്പിയെ ബന്ധിച്ചു തിരുവനന്തപുരത്തേക്കു കൊണ്ടുപോയി. വേലുത്തമ്പിയുടെ മൃതശരീരത്തെ കണ്ണമ്മൂല എന്ന സ്ഥലത്തു് ഒരു കഴുകുമരത്തിൽ തൂക്കി നിർത്തി. ആ ഹീനകൃത്യത്തെപ്പറ്റി അന്നത്തെ ഗവർണ്ണർ ജനറലായിരുന്ന മിന്റോ പ്രഭു കഠിനമായി ആക്ഷേപിക്കയുണ്ടായി എന്നുകൂടി ഈ അവസരത്തിൽ പ്രസ്താവയോഗ്യമാണു്.

ഇങ്ങനെ ആയിരുന്നു ആ മഹാപുരുഷന്റെ ജീവിത നാടകത്തിലെ ദുരന്തവാക്യം പാടിയതു്. വേലുത്തമ്പിക്കു് എന്തൊക്കെ ദോഷങ്ങളുണ്ടായിരുന്നാലും—ആ രാജ്യാഭിമാനിയുടെ പുണ്യസ്മൃതിയെ കളങ്കപങ്കിലമാക്കുന്നതിനു് ആരൊക്കെ ശ്രമിച്ചാലും, അദ്ദേഹത്തിന്റെ നാമത്തെ ഭക്തിപൂർവ്വമാണു് നാട്ടുകാർ ഇന്നും സ്മരിക്കുന്നതു്.

തമ്പിയുടെ അനുജനെ ഏപ്രിൽ പത്താംതീയതി തൂക്കിലിട്ടു. ഹൃം സായ്പിനെ കൊല്ലുകയും പള്ളിയാത്തുരുത്തിയിലെ സംഭവത്തിൽ പങ്കുകൊള്ളുകയും ചെയ്തുവെന്നായിരുന്നു അനുജൻ തമ്പിയുടെ പേരിലുണ്ടായിരുന്ന ചാർജ്ജുകൾ.

വേലുത്തമ്പിയുടെ ബന്ധുജനങ്ങൾ ഈ സംഭവങ്ങൾ കൊണ്ടു ഭയപരവശരായി. നാട്ടുകാർക്കും അതിരറ്റ സങ്കടമുണ്ടായി. ജനങ്ങൾ ചേർന്നു് ഉമ്മിണിത്തമ്പിയുടെ വീടു് ചുട്ടുപൊടിക്കയും അതു നിന്നിരുന്നടത്തു് വാഴയും, അവണക്കും നട്ടുപിടിപ്പിക്കയും ചെയ്തുവത്രെ.

ഇതൊക്കെ നടത്തിയതു തമ്പിയുടെ ബന്ധുക്കളാണെന്നു പറഞ്ഞു്, അവരിൽ മിക്കപേരേയും മാർഗദീപികളിലേക്കു നാടുകടത്തി. ആ സാധുക്കളിൽ ഏതാനുംപേർ മാത്രമേ പ്രസ്തുത

ടീപുകളിൽ ചെന്നെത്തിയുള്ളൂ. മിക്കപേരും ആത്മഹത്യ ചെയ്യും ഈ കഠിന കൃത്യങ്ങളെല്ലാം ചെയ്തത് ഉമ്മിണിത്തമ്പി യായിരുന്നു.

വേലുത്തമ്പിയുടെ ഉത്തമമിത്രമായിരുന്ന വൈക്കം പത്മനാഭപിള്ളയും തൂക്കിലിടപ്പെട്ടു; എന്നാൽ ആ മഹാപുരുഷന്റെ വിഗ്രഹത്തെ ഇന്നും ജനങ്ങൾ ആരാധിച്ചുവരുന്നുണ്ടെന്നു് ഓർക്കുമ്പോൾ അദ്ദേഹത്തിനോടു് അന്നത്തെ ജനങ്ങൾക്കു് എത്രമാത്രം ബഹുമാനമുണ്ടായിരുന്നെന്നു് ഊഹിക്കാം.

അടുത്ത ദിവാൻജിയായ ഉമ്മിണിത്തമ്പി രാജസേവകനായിരുന്നല്ലോ. അയാൾക്കു നല്ല കാര്യശേഷിയും ബുദ്ധിശക്തിയും ഉണ്ടായിരുന്നെങ്കിലും, അധികാരഭ്രമം കലശലായിരുന്നു. ഭരണവിഷയത്തിൽ വേലുത്തമ്പിയെ അതിശയിക്കണമെന്നു് അദ്ദേഹം കാംക്ഷിച്ചു. രാജപ്രീതി വേണ്ടുവോളം ഉണ്ടായിരുന്നതിനാൽ, യഥേച്ഛം എന്തും ചെയ്യുന്നതിനു് അദ്ദേഹത്തിനു് സാധിക്കാതിരുന്നുമില്ല. ചില പരിഷ്കാരങ്ങളൊക്കെ ഉമ്മിണിത്തമ്പിയും നടപ്പിൽ വരുത്തിട്ടുണ്ടു്. നാടൊട്ടുക്കു് ഠാണാകൾ ഏർപ്പെടുത്തുക, നാഞ്ചിനാട്ടിലും മറ്റും നടന്നുവന്നതും രാജാധികാരത്തെ നിയന്ത്രിക്കുന്നതും അന്യ നാട്ടുകൂട്ടങ്ങളെ നിരോധിക്ക, അതിലേക്കു് ആ പ്രദേശങ്ങളിൽ നാട്ടു കാവൽ ഏർപ്പെടുത്തുക, നെയ്യാറുംകരയും തിരുവനന്തപുരത്തിനും മദ്ധ്യേയുള്ള പ്രദേശങ്ങളെ കാടുവെട്ടിത്തെളിപ്പിച്ചു ജനവാസയോഗ്യമാക്കിത്തീർക്ക, ബാലരാമപുരത്തു നെയ്ത്തുകാരെ വരുത്തി പാർപ്പിക്ക മുതലായ കാര്യങ്ങൾ ഉമ്മിണിത്തമ്പിയുടെ സാധിച്ചു.

ബാലരാമപുരം മഹാരാജാവിന്റെ സ്മാരകമായി ഉമ്മിണിത്തമ്പി സ്ഥാപിച്ചതാണു്. അതിനെ തിരുവിതാംകൂറിലെ ഉത്തമവാണിജ്യകേന്ദ്രമാക്കണമെന്നായിരുന്നു തമ്പിയുടെ ഉദ്ദേശം അതിലേക്കു കെട്ടിടങ്ങളും മറ്റും പണിയിപ്പാൻ 983-ൽത്തന്നെ ശ്രമം തുടങ്ങി. പല ദിക്കുകളിൽനിന്നു കച്ചവടക്കാരെയും നെയ്ത്തുകാരെയും വരുത്തി അവിടെ പാർപ്പിച്ചു. അവിടെനിന്നു വിഴിഞ്ഞത്തേയ്ക്കു് ഒരു തോടു വെട്ടിക്കണമെന്നും അദ്ദേഹത്തിനു് ആഗ്രഹമുണ്ടായിരുന്നു. എന്നാൽ ഈ ശ്രമങ്ങളെല്ലാം

ചുത്തിയാക്കുന്നതിനു മുമ്പു തന്നെ അദ്ദേഹം സ്ഥാനഭ്രഷ്ടനായി പ്പോയി.

ഉമ്മിണിത്തമ്പിക്കു് കീഴ്ദ്യോഗസ്ഥന്മാരെ വേണ്ടപോലെ നിയന്ത്രിക്കാൻ കഴിയാതെ വന്നു; ഭരണവകുപ്പുകളെല്ലാം കുഴങ്ങി; കപ്പം യഥാകാലം കൊടുക്കാതായി; ശമ്പളവും കുടിശികയിൽ പതിച്ചു. തമ്പി അധികാരപ്രമത്തനായിട്ട മഹാരാജാവിനെപ്പോലും വിസ്മരിച്ചുതുടങ്ങി.

മക്കാളെയുണ്ടോ ഇതൊക്കെക്കണ്ടുകൊണ്ടു് അടങ്ങിയിരിക്കുന്നു. അദ്ദേഹം ഭരണവൈകല്യങ്ങളെ പരിഹരിക്കേണ്ടതിന്റെ ആവശ്യത്തെപ്പറ്റി അടിക്കടി മഹാരാജാവിനു് എഴുതി അയച്ചു കൊണ്ടിരുന്നു. എന്നാൽ മഹാരാജാവാകട്ടെ ഒന്നിലും ശ്രദ്ധിക്കാതിരുന്നതിനാൽ, രാജ്യകാര്യങ്ങൾ അടിക്കടികുഴങ്ങിക്കൊണ്ടും ഇരുന്നു. ഇതിനിടയ്ക്കു മുറജപവും അടുത്തുവന്നു. പണത്തിനു ദൌർല്ലഭ്യം നേരിട്ടിരിക്കുന്ന ഇക്കാലത്തു മുറജപം നടത്തുന്നതു ശരിയല്ലെന്നു ദിവാൻ അഭിപ്രായപ്പെട്ടു. തമ്പുരാനാകട്ടെ എളയ രാജാവിന്റെ പ്രേരണയ്ക്കു വശംവദനായിട്ടു് മുറജപകാര്യത്തിൽ പ്രതിബന്ധമുണ്ടാക്കാൻ ശ്രമിച്ച തമ്പിയെ ദിവാൻ പക്ഷത്തിൽ നിന്നു നീക്കുവാനും തീച്ചപ്പെടുത്തി. എന്നാൽറസിഡൻറു് ഉമ്മിണിത്തമ്പിയുടെ പക്ഷത്തു നിന്നതിനാൽ മഹാരാജാവു വിഷമിച്ചു. എങ്കിലും മുറജപം നടത്തണമെന്നുതന്നെ ഉറച്ചു. വളരെക്കാലമായി നടന്നുവന്നിരുന്ന മുറജപത്തെനിത്തമാക്കാൻ ശ്രമിച്ചാൽ ഫലിക്കയില്ലെന്നു റസിഡണ്ടും കണ്ടു. ഒടുവിൽ മുറജപം യഥാപൂർവം നടത്തപ്പെടുകയാൽ, ഉമ്മിണിത്തമ്പി റസിഡൻറു മുഖാന്തിരം മദ്രാസ് ഗവൺമെൻറിനോടു പരാതിപ്പെട്ടു.

ഉമ്മിണിതമ്പിയുടെ പരമശത്രു എളയരാജാവായിരുന്നു. അദ്ദേഹം രാജകുടുംബത്തിലെ അംഗമല്ലായിരുന്നെങ്കിലും ഒത്തെടുക്കപ്പെട്ട രാജകുമാരികളുടെ അടുത്തചാർച്ചക്കാരനായിരുന്നതിനാൽ മഹാരാജാവിന്റെ പ്രീതിക്കു പാത്രീഭവിച്ചു. വേലുത്തമ്പിയുടെ ഉത്തമമിത്രമെന്ന നിലയിൽ, അദ്ദേഹം ജനങ്ങളുടെ ആരാധനാവിഗ്രഹമായിത്തീർന്നു. ഉമ്മിണിത്തമ്പി വേലുത്തമ്പിയോടും അദ്ദേഹത്തിന്റെ കുടുംബക്കാരോടും അനുവർത്തിച്ച നയ

ടത്ത ഈ രാജാവു് അതികഠിനം പ്രതിഷേധിച്ചുവെന്നു മാത്രമല്ല; അതിനു പ്രതിക്രിയചെയ്യാനും നിശ്ചയിച്ചിരുന്നു. തന്നിമിത്തം അദ്ദേഹം റസിഡണ്ടിന്റെ സാചീവിലോകനത്തിനു പാത്രമായിത്തീർന്നതിൽ അത്ഭുതപ്പെടാനില്ലല്ലോ.

പ്പിള്ള രാജാവിനെ രാജമന്ദിരത്തിൽനിന്നു വെളിക്കാക്കുന്നതിനു റസിഡൻറും തമ്പിയും മനസ്സുറപ്പിച്ചു. എന്നാൽ 985-ൽ മക്കാളെ ഉദ്യോഗത്തിൽനിന്നു വിരമിക്കയും കണ്ണൽ മൺട്രോ തൽസ്ഥാനത്തു നിയമിക്കപ്പെടുകയും ചെയ്തു. ഗവർണ്ണർ ജനറൽ മക്കാളെയെ അതികഠിനമായി താക്കീതു ചെയ്തതായി മില്ലും വിൽസനും എഴുതിയ ചരിത്രത്തിൽ കാണുന്നു. തിരുവിതാംകൂറിലും കൊച്ചിയിലും നടന്ന കലാപങ്ങൾക്കെല്ലാം യഥാർത്ഥ കാരണഭൂതൻ അദ്ദേഹമായിരുന്നെന്നു മിൻറോ പ്രഭുവിനും പ്രത്യക്ഷപ്പെട്ടുകാണണം. ഗവർണ്ണർ ജനറലിന്റെ ആജ്ഞാനുസാരം മൺട്രോ പ്പിള്ളയരാജാവിനെപ്പറ്റി അന്വേഷണം നടത്തിത്തുടങ്ങി. എന്നാൽ കായ്ങ്കുളം ദുർഘടഘട്ടത്തിൽ എത്തുംമുമ്പു് മഹാരാജാവു് നാടുനീങ്ങി. ഇതു 986 തുലാം 26-ാംനു- ആയിരുന്നു. ഇങ്ങനെ മഹാരാജാവിന്റെ ക്ലേശഭൂയിഷ്ഠമായ 29 കൊല്ലത്തെ ജീവിതം അവസാനിച്ചു.

ജനസമുദായസ്ഥിതി

ഡച്ചുകാരുടെ കാലത്തു ജനങ്ങളുടെ സമുദായസ്ഥിതിയെപ്പറ്റി അവരുടെ വിവരണങ്ങളിൽനിന്നു പലതും ഗ്രഹിക്കാം.

എല്ലാ ജാതിക്കാരിലും വച്ചു് നമ്പൂതിരിമാരെ ഉൽകൃഷ്ടന്മാരായി ഗണിച്ചുവന്നു; എന്നാൽ അവർക്കു തിരുവിതാംകൂറിൽ വലിയ പ്രാബല്യമൊന്നുമുണ്ടായിരുന്നില്ല. കൊച്ചിയിലാകട്ടെ രാജമന്ത്രിമാർപോലും അവരായിരുന്നു. ക്രമേണ അവരുടെ ശക്തി ക്ഷയിച്ചു. പോർത്തുഗീസുകാരുടെ കാലത്തു രാജപക്ഷം അവലംബിച്ചു നിന്നവർ ഡച്ചുകാരുടെ കാലമായപ്പോഴേക്കും രാജശക്തിക്കു് എതിരായി പ്രവർത്തിച്ചുതുടങ്ങി. തൃശ്ശിവപേരൂർ ഗ്രാമക്കാരായ നമ്പൂരിമാർ കൊച്ചി തമ്പുരാനെയും യോഗക്കാർ പോ

റിമാർ വഞ്ചിരാജാവിനെയും എഴുതിത്തള്ളുകൊണ്ടിരുന്നു. അതു വഴിക്കാണു് അവരുടെ പ്രാബല്യം നശിക്കാനിടയായതു്.

നായന്മാർ കൃഷി, ആയോധനം എന്നീ വൃത്തികളെ അവലംബിച്ചു ജീവിച്ചുവന്നു. വിഷ്ഷർ എന്ന ഡച്ചു പാതിരി അവരെപ്പറ്റി ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

"അവരിൽ ചിലർ നാടുവാഴികളാകുന്നു; മറ്റുചിലർ തങ്ങളുടെ ഭൂഭാഗത്തെ രാജാവിന്റെ കീഴിൽ കൈവശം വച്ചു് അനുഭവിച്ചുപോരുന്നു. രാജാവിനെ യുദ്ധത്തിൽ സേവിക്കയും രാജ്യത്തെ ശത്രുക്കളിൽനിന്നു രക്ഷിക്കയും ചെയ്യേണ്ടുന്ന ഭാരം അവക്കാണു്. എന്നാൽ ഈ വകയ്ക്കു് അവക്കു ശമ്പളം കൊടുക്കാറില്ല. നാട്ടിനു വെളിയിൽ പോയി സേവിക്കുന്നിടത്തോളം കാലം രാജാവു് അവക്കുവേണ്ടുന്നിടത്തോളം മാത്രം കൊടുത്തുവന്നു. അവർ കൃഷി നടത്തിവന്നതു് അവകാശവഴിയ്ക്കു സിദ്ധിച്ചിട്ടുള്ള അടിമകളായ പുലയരെക്കൊണ്ടായിരുന്നു.

അകമ്പടി സേവിച്ചുവന്ന നായന്മാക്കു പ്രതിദിനം മൂന്നു സ്റ്റിവരിൽ കൂടുതൽ രാജാക്കന്മാർ കൊടുക്കാറില്ല.

"രാജസന്ദേശവാഹികൾ, കാര്യക്കാരന്മാർ, നാടുകളും നഗരങ്ങളും ഭരിക്കുന്നതിനുള്ള അധികാരികൾ, പ്രധാന സേനിസചിവന്മാർ ഇവരെയെല്ലാം നായർ വർഗ്ഗത്തിൽ നിന്നാണു് തിരഞ്ഞെടുത്തു നിയമിച്ചുവന്നതു്....."

സമാധാനകാലങ്ങളിൽ അതാതുജാതിക്കാക്കു ജനനവശാൽ വച്ചിട്ടുള്ള തൊഴിലുകളിൽ പ്രവേശിച്ചു എല്ലാവരും ജീവിതം നയിച്ചുകൊള്ളണം."

നായന്മാരുടെ സാമൂഹ്യപരിപാലനം അവർ തന്നെ നടത്തിവന്നു. ഓരോ കരയ്ക്കും ആശാന്മാർ എന്നു വിളിക്കപ്പെട്ടവന്നു കാരണവന്മാർ ഉണ്ടായിരിക്കും. കരക്ഷേത്രത്തിലുള്ള കളിത്തട്ടിന്മേൽ വച്ചാണു് സാധാരണ കരയോഗങ്ങൾ കൂടാറുണ്ടായിരുന്നതു്. അതാതു ദേശത്തുള്ള വീട്ടുകാർ തമ്മിൽ വഴക്കുകൾ ഉണ്ടായാൽ കേട്ടു തീർച്ചു ചെയ്യുക, ക്ഷേത്രസംബന്ധമായ ഉത്സവാദികൾ നടത്തുക മുതലായവ ഈ യോഗക്കാരുടെ മുമതലയായിരുന്നു. യോഗനിശ്ചയങ്ങളെ ലംഘിക്കുന്നതു അപരിഷ്കാരമാ

യിരുന്നു. അവരെക്കൊണ്ടു പിഴ മൂളിക്ക പതിവായിരുന്നു; അങ്ങനെ ചെയ്യാൻ മടിച്ചു അപരാധികളെ കരവിലക്കിവന്നു. കരവിലക്കപ്പെട്ടവക്ക് ക്ഷേത്രപ്രവേശാദികൾ പോലും നിഷേധിച്ചുവന്നതുകൊണ്ട്, അവരുടെ ജീവിതം ക്ലേശഭൂയിഷ്ഠമായിതീർന്നു.

കരയ്ക്കിൽ ആരെങ്കിലും മരിച്ചാൽ, കരക്കാർ എല്ലാവരുംകൂടി മാവു വെട്ടിച്ചു ശവദാഹം നടത്തികൊടുക്കും. ബന്ധുക്കൾ പട്ടിണിക്കഞ്ഞികുടിച്ചു അരിയും കണ്ണോക്ക കാണാൻ വരുമ്പോൾ വെറുതിര പാക്ക പുകയില, അവൽ തുടങ്ങിയവയും കൊണ്ടുവന്നു കൊടുക്കും; പതിനാറടിയന്തിരത്തിന്ന് വരിയോല എഴുതി, അവശ്യമുള്ള സാധനങ്ങളിൽ ഓരോന്നു് കാരോ കരക്കാർ എല്പിക്കുന്നു. ഇങ്ങനെ വീട്ടുകാരനു് വലിയ ബുദ്ധിമുട്ടകൾ ഒന്നും കൂടാതെ അടിയന്തിരം നടക്കുന്നു.

ഓല കെട്ടുന്നതിനു കരക്കാർ ചുമതലപ്പെട്ടവരാണു്. അവശ്യമുള്ളിടത്തോളം ഓല തന്നാറാക്കിയിരിക്കുന്നതായി അറിയുകൊടുത്താൽ, അവർ എത്തി ഓലക്കെട്ടു നടത്തിക്കൊടുക്കും. മുക്കാനും പാനകയും ഉച്ചയ്ക്കു കഞ്ഞിയും വൈകുന്നേരത്തെ സദ്യയും, വീട്ടുകാർ തയ്യാറാക്കണം.

ഓരോ കരയിലും പരാപേക്ഷ കൂടാതെ ജീവിക്കുന്നതിനു വേണ്ടതെല്ലാം ഉണ്ടായിരിക്കും. അലക്കുന്നതിനു വെള്ളത്തേടനും ക്ഷൗരകർമ്മത്തിനു വെളക്കത്തലവനും, കെട്ടുതാലി ഉണ്ടാക്കാൻ തട്ടാനും ഗൃഹനിർമ്മാണത്തിനു തച്ചനും അതാതു കരകൾക്കു പ്രത്യേകമായുണ്ടായിരിക്കും. അവക്കു ഓണം, തിരുവാതിര തുടങ്ങിയ വിശേഷ ദിവസങ്ങളിൽ ചില പതിവുകളും ഉണ്ടു്.

കൃഷികർമ്മം പുലയരെക്കൊണ്ടു നടത്തിച്ചുവന്നു. അവർ ഭൂമിയോടു ചേർന്ന ക്രയവിക്രയ സാധനങ്ങൾ പോലെ ഗണിക്കപ്പെട്ടിരുന്നു, എന്നാൽ യജമാനന്റെ ഭൂമിയിൽ ജോലിയില്ലാത്തകാലത്തു് അവക്കു വേറെ കൂലി വേലയ്ക്കു പോവാൻ അനുവാദം ഉണ്ടായിരുന്നു. ഓരോ ദിവസത്തേക്കും തുച്ഛമായ കൂലി കൊടുത്തു വന്നതു കൂടാതെ കൊയ്ത്തുകാലത്തു പത്തിലൊന്നും അവക്കു കൊടുക്കാറുണ്ടായിരുന്നു. പുലയൻ ഒരു യജമാനന്റെയും പുലയി മറ്റൊരാളുടേയും വകയായിരുന്നാൽ, പുലയിയുടെ

ആദ്യത്തെ സന്താനം പുലയന്റെ ഉടമസ്ഥനും മറു സന്താനങ്ങൾ പുലയിയുടെ ഉടമസ്ഥനും അവകാശപ്പെട്ടിരുന്നു. എന്നാൽ ഒരു ക്ലിപ്ത വില കൊടുത്തു് ആദ്യത്തെ സന്താനത്തെ കൈവശപ്പെടുത്താൻ രണ്ടാമത്തെ ആൾക്കു് അവകാശമുണ്ടായിരുന്നത്രേ. മരുമക്കളെ 60 പണത്തിൽ കവിയാത്ത ഒരു സംഖ്യയ്ക്കു വിലയ്ക്കു വില്ക്കാനും ഓരോ പുലയനും അധികാരം നല്കിയിരുന്നു.

ഈഴവരുടെ സാമൂഹ്യാചാരങ്ങൾ നായന്മാരുടേതുപോലെ തന്നെയായിരുന്നതിനാൽ ഇവിടെ വിവരിക്കുന്നില്ല. അവരെയും സൈന്യത്തിൽ ചേർത്തുവന്നു. പുന്നാൽ തെങ്ങു കൃഷി ആയിരുന്നു അവരുടെ പ്രധാന തൊഴിൽ.

വിദ്യാഭ്യാസം.

കരയോഗം ഓരോ എഴുത്തു പള്ളിയും ആശാനും ഉണ്ടായിരുന്നു. അതിരാവിലെ എഴുന്നേറ്റു് ദന്തധാവനാദികർമം കഴിഞ്ഞാലുടനെ ശിശ്രൂക്കൾ എഴുത്തു പള്ളിയിൽ പോകുന്നു. ആദ്യം ചെല്ലുന്ന കുട്ടി അവിടെയുള്ള ഗണപതിവിഗ്രഹത്തെക്കുളിപ്പിച്ചു പൂമാല ചാർത്തിക്കണം. പിന്നീടു വരുന്ന കുട്ടികളുടെ പേരു വിവരവും അയാൾ മുറയ്ക്കു കുറിച്ചു വയ്ക്കേണ്ടതാണു്. താമസിച്ചു വരുന്നവർക്കു് ഓരോ അടിവീതം ക്ലിപ്തമായി കൊടുക്കും. ഈ സമ്പ്രദായത്തിനു ഏലാനടി എന്നായിരുന്നു പേർ. ആദ്യമായി വായ്പാഠം എന്ന സ്മൃതി എല്ലാ കുട്ടികളും ചേർന്നു ചൊല്ലുന്നു. പിന്നീടു് എഴുത്തു, വായന, കണക്കു് വാക്യം, പരപ്പേരു, മുതലായ പാഠങ്ങൾ അവരവരുടെ നിലയ്ക്കു അനുരൂപമായി നടത്തിക്കൊണ്ടിരിക്കും. സിദ്ധരൂപം വായിച്ചാൽ പഠിപ്പു് പൂർത്തിയായി എന്നാണു വച്ചിരുന്നതു്.

ഇങ്ങനെ ഒൻപതു മണിവരെ പഠിച്ചാൽ കാലത്തെ ഭക്ഷണത്തിനു് ഒരു മണിക്കൂറു അവസരം കൊടുക്കും—അനന്തരം പത്തു മുതൽ ഒന്നുവരെയാണു പഠനം. പിന്നീടു ഉച്ചയ്ക്കു് ഊണിനു സമയമായി. രണ്ടു മണിമുതൽ അഞ്ചുമണിവരെയാണു് പിന്നെ ക്ലാസ്സു്. ഇങ്ങനെ വിനോദത്തിനു് അവസരം കൂടാതെ

യാണു് പള്ളിക്കൂടം നടത്തിവന്നതു്. വൈകുന്നേരത്തും വാര്യാരം നടത്തിയ ശേഷമേ പള്ളിക്കൂടം വിടൂ.

പെൺകുട്ടികളെ ഗുണപാഠം, പത്തുവൃത്തം, ഇരുപത്തിനാലുവൃത്തം, ശീലാവതിപ്പാട്ടു മുതലായവ വിശേഷിച്ചു പഠിപ്പിക്കാറുണ്ടായിരുന്നെങ്കിലും എഴുത്തച്ഛൻ പാട്ടുകൾ എല്ലാവരും വായിക്കണമെന്നായിരുന്നു നിർബന്ധം.

പ്രാഥമിക വിദ്യാഭ്യാസം ഇങ്ങനെ പൂർത്തിയായാൽ, ഉപരിവിദ്യാഭ്യാസത്തിനു് കൂടുതൽ ആഗ്രഹമുള്ളവർ പ്രത്യേകം ഗുരുക്കന്മാരുടെ അടുക്കൽ പോയി കാവ്യാലങ്കാരാദികളും ജ്യോതിഷവും വൈദ്യവും അഭ്യസിച്ചുവന്നു.

സാഹിത്യം.

ഇക്കാലത്തിനിടയ്ക്കു മലയാളഭാഷ വ്യവസ്ഥപ്പെട്ടുകഴിഞ്ഞു. എഴുത്തച്ഛൻ പാട്ടുകൾ എല്ലാ ടിക്കുകളിലും പ്രചരിക്കയാൽ ഭാഷാസാഹിത്യത്തിൽ പൊതുവേ അഭിരുചി ജനിച്ചു. തിരുവിതാംകൂർ രാജാക്കന്മാർ ഭാഷാപോഷണാർത്ഥം മനസ്സുറപ്പുവരുത്തിച്ചതു കൂടാതെ മഹാകവികളെ കഴിയുന്നത്ര പ്രോത്സാഹിപ്പിച്ചുംവന്നു. രാമപുരത്തു വാര്യർ, കുഞ്ചൻനമ്പ്യാർ തുടങ്ങിയ മഹാകവികൾ വഞ്ചിരാജാക്കന്മാരെ ആശ്രയിച്ചു ജീവിച്ചുവന്നാണു്. ആട്ടക്കഥാപ്രസ്ഥാനത്തെയും അവർ പരിപുഷ്ടമാക്കി. കാർത്തികതിരുനാൾ അശ്വതിതിരുനാൾ തമ്പുരാൻ മുതലായവരുടെ കൃതികൾക്കു ഇന്നും പ്രചാരമുണ്ടല്ലോ.

ലക്ഷ്മിഭായി

TEMPLE
ODRUM PUBLIC LIBRARY

അധ്യായം ൧൦.

ഗൌരിലക്ഷ്മീഭായി 936—990.

ബാലരാമവർമ്മമഹാരാജാവിന്റെ കാലശേഷം രാജകുടുംബത്തിൽ പുരുഷാംഗങ്ങൾ ആരുമില്ലാതിരുന്നതിനാൽ രാജ്യാവകാശം തനിക്കാണെന്നു മാവേലിക്കരെ ഇളയതമ്പുരാൻ വാദിച്ചു. എന്നാൽ ശ്രീപദ്മനാഭസേവിനി വഞ്ചിയാർവംശവർദ്ധിനി രാജരാജേശ്വരി ഗൌരിലക്ഷ്മീഭായിയെ മഹാറാണിയായി ബ്രിട്ടീഷ് ഗവണ്മെൻറിങ്കൽനിന്നു വാഴിച്ചു. തദവസരത്തിൽ ബ്രിട്ടീഷ്ഗവണ്മെൻറിന്റെ പ്രതിനിധി എന്ന നിലയിൽ കണ്ണൻമേനോൻ താഴെപ്പറയുന്നവിളംബരം പ്രസിദ്ധപ്പെടുത്തി.

"ഈസ്റ്റിന്ത്യാ നാമാ ബന്ദാമേ ആങ്കീ തിരുവിതാംകോട്ടു സംസ്ഥാനത്തിലുള്ള സകല ജനങ്ങൾക്കും പരസ്യമായി അറിയിക്കുന്ന വിളംബരം എന്തെന്നാൽ:—

എത്രയും ബഹുമാനപ്പെട്ട ബംഗാളിലുള്ള സുപ്രീം ഗൌണർമെണ്ടാർ അവർകൾക്കു സദാനേരവും അപേക്ഷ എന്തെന്നാൽ അതാതു രാജ്യങ്ങളിൽ പൂർവ്വാപൂർവ്വമായിട്ടു നടന്നുപോരുന്ന മര്യാദകൾക്കു വ്യത്യാസം വരാതെയിരിക്കേണ്ടുന്നതു് അത്രേ ആകുന്നു.

ഇപ്പോൾ തിരുവിതാംകോട്ടു സംസ്ഥാനത്തിൽ മഹാരാജാ അവർകൾ നാടുനീങ്ങിപ്പോയതിന്റെ ശേഷം അനന്തരവസ്ഥാനത്തിനു സംശയം വരികകൊണ്ടു് ആ സംശയം വന്നിട്ടുള്ളതു വേണ്ടുംവണ്ണം വിസ്തരിക്കയും ചെയ്തു.

ഒന്നാമതു വിസ്തരിച്ചതിന്റെ ശേഷം തമ്പുരാട്ടിമാരുടെ സന്തതി അല്ലാതെ ഉള്ള വക്കു് അവകാശം ഇല്ലാ എന്നു നിശ്ചയം കാണുകയും ചെയ്തു. രണ്ടാമതു തമ്പുരാട്ടിമാരെ കൂടാതെ ദത്തു് എടുത്ത പ്രകാരം കീഴ് നാളിൽ നടന്നിട്ടും ഇല്ല.

മൂന്നാമതു തമ്പുരാട്ടിമാക്കു് ജനിച്ചിട്ടുള്ള പുത്രന്മാക്കല്ലാതെ മറെറാരുത്തക്കും [illegible] ഇല്ല.

ഇതുകൂടാതെ കുറയകാലം മുമ്പെ ഈ തിരുവിതാംകോട്ട് സംസ്ഥാനത്തിൽ ആണ്മക്കൾ ഇല്ലാതെയിരിക്കകൊണ്ട് അശ്വതിതിരുനാളിൽ പുറന്ന പെൺവഴി രാജാവു് രാജ്യഭാരം ഏറ്റിട്ടുള്ളപ്രകാരം കാണപ്പെടുന്നു.

ഇളയരാജവായ കേരളവർമ്മരാജാ അവർകളുടെ അമ്മയ്ക്ക് ഈ രാജ്യത്തിലേക്ക് തമ്പുരാട്ടിസംബന്ധം ഇല്ലായ്കകൊണ്ടു മേലെഴുതിയ രാജാവവർകൾക്കു രാജ്യഭാരം കൊടുക്കുന്നതു് എതുമയും മറ്റുമായ വ്യത്യാസമാകുന്നു. ഇപ്രകാരം വ്യത്യാസമായിട്ടുള്ള മറ്റുമാ ഈ സംസ്ഥാനത്തിലേക്കും ഈ സംസ്ഥാനത്തിലുള്ള പ്രജകൾക്കും വ്യത്യാസമായതെന്നെയാകുന്നു.

ഇക്കാര്യങ്ങൾകൊണ്ടു നിശ്ചയമായിട്ടു കാണപ്പെടുന്നതു എന്തെന്നാൽ, മൂത്ത തമ്പുരാട്ടി അവർകൾക്കുതന്നെ ഈ രാജ്യത്തിലേക്ക് അവകാശം ആകുന്നു.

തമ്പുരാട്ടിമാക്ക പുത്രന്മാർ ഉണ്ടാകുവോളത്തിനു മേലെഴുതിയ മൂത്ത തമ്പുരാട്ടി അവർകൾക്കുതന്നെ അവകാശം ആകുന്നു. തമ്പുരാട്ടിമാക്ക പുത്രന്മാർ ഉണ്ടായാൽപിന്നെ അ പുത്രന്മാക്കാകുന്ന അവകാശം.

ആയതുകൊണ്ട് സക്കാർ ഇംകിരീസ് കുമ്പഞ്ഞി ബഹാദൂർ അവർകളുടെ കല്പനയ്ക്ക പരസ്യമാക്കുന്നതു് എന്തെന്നാൽ:—ഈ തിരുവിതാംകോട്ട സംസ്ഥാനത്തിൽ ആറങ്ങൽ മുപ്പിൽ ലക്ഷ്മി അമ്മ എന്ന വലിയ തമ്പുരാട്ടി അവർകൾക്കുതന്നെ രാജ്യഭാരം നിശ്ചയിച്ചിരിക്കുന്നു. ആയതുകൊണ്ട് ഈ സംസ്ഥാനത്തിലുള്ള ഉദ്യോഗസ്ഥന്മാരും കുടിയാന്മാരും മറും എല്ലാപ്പേട്ട പ്രജകളും അവരവരുടെ ഉദ്യോഗത്തോടുകൂടെ മേലെഴുതിയ മൂത്തതമ്പുരാട്ടി അവർകളുടെ കല്പനയനുസരിച്ചു നടന്നുകൊള്ളുകയും വേണം.

മറും പരസ്യമായി അറിയേണ്ടുന്നതു് എന്തെന്നാൽ ബഹുമാനപ്പെട്ട കുമ്പഞ്ഞി സക്കാരോടുപുവ്വാപുവ്വമായിട്ടുള്ള സ്നേഹം വിചാരിച്ചു് ഈ രാജ്യം ആയവരുതന്നെ ഭരിക്കാൻതക്കവണ്ണം നിശ്ചയിച്ചിരിക്കുന്നു.

പിന്നെയും അറിയിക്കുന്നതെന്തെന്നാൽ ഈ സംസ്ഥാനത്തിൽ മുമ്പിനാൽ നിശ്ചയിച്ചു നടന്നുപോരുന്ന യമ്മം മുതലാ

മൺറോസായ്പു്

നിട്ടുള്ളതുകൊ ൾ.
ക്കുകയും ചെയ്യും.

ഫ്രെടപാടുമുതലായ
രുടെ നേരുപോലെയും ഈ
നടക്കുകയും ചെയ്യും. 986

ഇങ്ങനെ തിരുവിതാംകൂറി
യിൽനിന്നു മേൽകോയ്മസ്ഥാനത്തിലേ
ന്നി നിഷ്പ്രയാസം കടന്നു.

രാജ്യപ്രതിഷ്ഠാപനാവസരത്തിൽ നാ
മഹാറാണി ചെയ്ത പ്രസംഗം ശ്രോതാക്കളെ
ാക്കി. അതിന്റെ സാരം താഴെ ചേർക്കുന്നു:—

എന്തുകൊണ്ടും ബഹുമാനപ്പെട്ട സാഹിബ്വേ!.

സ്മൃതിക്ക് അത്യന്തം വിദൂരമായകാലം മുതല്ക്കേ
പൂവ്വികന്മാരാൽ ഏറ്റവും സമീചീനമായ വിധത്തിൽ ഭര
രിക്കപ്പെട്ടിരുന്നതും പിൽക്കാലത്തു ബഹുമാനപ്പെട്ട ഈസ്റ്റിം
ഡ്യാകമ്പനിയാൽ സുരക്ഷിതമായിത്തീർന്നതും ആയ ഈ മഹാ
നീയസിംഹാസനത്തെ അരോഹണം ചെയ്യുന്നതിനു് എനിക്കി
ടവരുമെന്നു ഞാൻ സ്വപ്നത്തിൽപോലും വിചാരിച്ചിരുന്നില്ല.
ഈശ്വരേച്ഛയാ ഇപ്പോൾ നാടുനീങ്ങിയ എന്റെ അമ്മാവനു
29 വയസ്സേ ഉണ്ടായിരുന്നുള്ളൂ. ശ്രീപത്മനാഭന്റെ ഹിതം മ
റൊരു വിധത്തിലായിരുന്നെങ്കിൽ, 978-ാമാണ്ടു നാടുനീങ്ങിയ
വലിയമ്മാവനെപ്പോലെ ഈ അമ്മാവനും ദീർഘകാലം ചെങ്കോൽ
നടത്തുമായിരുന്നു. എന്റെ കുലദൈവത്തിന്റെ നിശ്ചയം
ഈ വിധത്തിലാകയാൽ, ഞാൻ ഇപ്പോൾ ഈ ഭാരത്തെ സവി
ത്മനാ കൈയേല്ക്കുന്നു; എന്നാൽ ഭരണ വിഷയത്തിൽ പൂർവ്വ
പരിചയം തെല്ലുപോലും ഇല്ലാത്ത കേവലം സ്ത്രീയായ എനിക്കു്
ഇത്ര ഉന്നതവും സുദുർവഹവും ആയ ഈ സ്ഥാനം വഹിപ്പാനുള്ള
യോഗ്യതയും ത്രാണിയും ഇല്ലാത്തതിനാൽ, ശ്രീപത്മനാഭന്റെ
യാതൊരു പാശ്ചാത്യകമ്പനിയുടെ മൈത്രീസമ്പത്തു സമ്പാ

ാം നാല്പതിന്റെ
,യുടെ രക്ഷയിലും
ാമപ്പണം ചെയ്യുകൊ
ങ്ങ ഞാൻ രാജ്യകാര്യങ്ങ
.നിങ്ങളെ എന്നെന്നേ ജ്യേഷ്ഠ
ും ചെയ്യുന്നു. ഇതിൽ കൂടുത
ുമില്ലല്ലോ."

ാൾ കഷ്ടിച്ച് ഇരുപതു വയസ്സേ പ്രാ
ുന്നാൽ ആ പ്രായത്തിൽ കവിഞ്ഞ ലോ
ിതാനുസാധാരണമായ ധിഷണാശ
ക്തനും. അവിടത്തെ പാണിഗ്രഹണം ചെയ്തി
ശരി രാജരാജവർമ്മ കോയിത്തമ്പുരാനും സംസ്
ധിതന്മാരിൽ അഗ്രഗണ്യനായിരുന്നതിനു പുറമേ
ുയിൽ വിപുലമായ പരിചയം സമ്പാദിച്ചിരുന്ന
ുഷ്യനും ആയിരുന്നു. കോയിത്തമ്പുരാന്റെ ഉപദേശം
സരിച്ചാണ്, അവിടുന്ന് അതിദുഷ്കരമായ രാജ്യഭരണകർമ്മം
ിർവ്വഹിച്ചുപോന്നതു്. അതിനാൽ ഖണ്ഡിനഭോമണ്ഡലത്തിൽ
ാപിച്ചിരുന്ന ദുരന്ധകാരമേഘപടലി മന്ദം മന്ദം നീങ്ങിത്തു
ങ്ങി.

എന്നാൽ നിരാശാഭരിതനായിത്തീർന്ന എളയ രാജാവും
മഹാറാണിയുടെ പേരിനെ മലിനപ്പെടുത്താൻ ശ്രമിച്ചുകൊ
ണ്ടേ ഇരുന്നു. അതുകൊണ്ടു് അദ്ദേഹത്തിന്റെ നടപടികളെ സൂക്ഷിച്ചുകൊള്ളാനായി 'മഹാസിംഗ്' എന്നൊരു കില്ലേദാരെ റസിഡണ്ടു ശ്രദ്ധമായി നിയോഗിച്ചു. പക്ഷേ അതുകൊണ്ടു മഹാറാണിക്കു സൈ്വരമുണ്ടായില്ല. ഒടുവിൽ തടവുകാരനെന്ന നിലയിൽ ആദ്യം തല്ശേരിയിലും പിന്നീടു ചിങ്കൽപേട്ടയിലും അദ്ദേഹം പാർപ്പിക്കപ്പെട്ടു. ദിവാൻ ഉമ്മിണിത്തമ്പിയുടെ കൊള്ളരുതായ്മനിമിത്തം രാജ്യകാര്യങ്ങൾ ഭംഗിയായി നടക്കാതെ വന്നു. അതുകൊണ്ടു് അയാളെ തൽസ്ഥാനത്തുനിന്നു നീക്കേണമെന്നു് ആ മനസ്വിനി ഉറച്ചു. അവിടന്നു് 1811-ഏപ്രിൽ 15-ാംതീയതി മൺറോ സായ്പിനു് ഒരു കത്തയ

ച്ചു. അതിൽ ഉമ്മിണിത്തമ്പിയും കൂട്ടരും ചെയ്യുവാനാ അഴിമതികളെ ചൂണ്ടിക്കാണിച്ചിട്ട് അയാളെ സ്ഥാനഭ്രഷ്ടനാക്കുന്നതിനു കമ്പനിയുടെ സഹായത്തെ അപേക്ഷിച്ചിരുന്നു. അതിനേ തുടർന്ന് അയച്ച മറെറാരു കത്തിൽനിന്നു് ഉമ്മിണിത്തമ്പി രാജ്ഞിയുടെ ഇച്ഛയ്ക്കു വിപരീതമായി പലവിധത്തിലുള്ള കടുംകൈകൾ പ്രവർത്തിച്ചുവന്നതായും തെളിയുന്നു.

റസിഡണ്ട് മൺട്രോ ഉമ്മിണിത്തമ്പിയുടെ ഭരണവൈകല്യത്തെ സംബന്ധിച്ചിടത്തോളം രാജ്ഞിയോടു യോജിച്ചുവെന്ന് അദ്ദേഹം അയച്ച റിപ്പോർട്ടിൽ നിന്നു കാണാം.

സായ്പുതന്നെ രാജ്യഭരണയന്ത്രത്തെ നയിക്കണമെന്നായിരുന്നു രാജ്ഞിയുടെ ആഗ്രഹം. ആ ആഗ്രഹത്തെയും അവിടുന്ന് റസിഡണ്ടിനെ അറിയിച്ചു. ആയിടയ്ക്കു റസിഡൻറു് മദ്രാസ് ഗവർമ്മെൻറിലേക്ക് അയച്ച ഒരു കത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"ദിവാൻ ഉദ്യോഗത്തിനു യോഗ്യതയുള്ളവരായി ഈ രാജ്യത്തു ഞാൻ ആരെയും കാണുന്നില്ല. കഴിഞ്ഞ പത്തുകൊല്ലങ്ങളിലെ അനുഭവങ്ങൾ നോക്കിയതിൽ തലസ്ഥാനത്തേക്കു നിയമിക്കപ്പെടാവുന്ന ആരിലും എനിക്കു വിശ്വാസം തോന്നുന്നില്ല. എന്തുകൊണ്ടെന്നാൽ അക്കാലത്തിനുള്ളിൽ ബ്രിട്ടീഷുകാരുടെ പ്രേരണയനുസരിച്ചു നിയമിക്കപ്പെട്ടവരിൽ ഒരാൾ കമ്പനിയുടെ അധികാരത്തിനു് എതിരായി കലാപം ഉണ്ടാക്കി; മറെറാരാളിന്റെ മരണം കൊള്ള ദുർഭരണം മുതലായ ദൃഷ്ടാന്തങ്ങളാൽ കളങ്കിതമായും തീർന്നു. അതുകൊണ്ടു ദിവാൻ ഉദ്യോഗം നിർത്തീട്ടു, റാണിക്കും ജനങ്ങൾക്കും വിരോധമില്ലാത്തപക്ഷം റസിഡൻറു തന്നെ രാജ്യകാര്യങ്ങളെ പരിവേക്ഷണം ചെയ്യുന്നതു നന്നായിരിക്കുമെന്നാണു് എനിക്കു തോന്നുന്നതു്."

ഈ എഴുത്തുകുത്തുകളുടെ ഒക്കെ ഫലമായിട്ട് ഉമ്മിണിത്തമ്പി ദിവാൻപദത്തിൽനിന്നു മാറ്റപ്പെട്ടു. അതിനോടുകൂടി അയാൾ സായ്പിന്റെ പരമശത്രുവായും തീർന്നു. മൺട്രോ അതൊന്നും വകവയ്ക്കാതെ ദിവാൻപദം കൂടി സ്വീകരിച്ചു മുറയ്ക്കു കാര്യങ്ങൾ നോക്കിത്തുടങ്ങി.

ഉമ്മിണിത്തമ്പിയും വെറുതെ ഇരുന്നില്ല. അദ്ദേഹം മദ്ധ്യ
സ്ഥം സമ്പാദിക്കുന്നതിനും തന്റെ ബന്ധുവും ആയിരുന്ന മല്ലൻ
പിള്ളയെക്കൊണ്ടു മൺറോസായ്പിനെപ്പറ്റി മദ്രാസ് ഗവണ്മെ
ന്റിനു പരാതികൊടുപ്പിച്ചുകൊണ്ടേ ഇരുന്നു. എന്നാൽ ഗവമെ
ന്റിനു് മൺറോസായ്പിൽ പരിപൂർണ്ണവിശ്വാസം ഉണ്ടായിരുന്ന
തിനാൽ, ആ ഹർജ്ജികൊടുപ്പുകൊണ്ടു് ഒരു പ്രയോജനവും ഉണ്ടാ
യില്ല. എന്നാൽ അവയ്ക്കു കാരണഭൂതനായ ഉമ്മിണിത്തമ്പിയെ
കൊല്ലുന്നതിലേക്കു മാറ്റിത്താമസിക്കുന്നതിനു മദ്രാസ് ഗവണ്മെന്റു്
ആജ്ഞാപിച്ചു.

ഇപ്രകാരം ഉമ്മിണിത്തമ്പി കൊല്ലത്തേക്കു താമസം മാറ്റി.
എന്നാൽ അവിടെയും ഉപജാപകർമ്മങ്ങൾ തുടർന്നുകൊണ്ടേ ഇരു
ന്നു. ഒടുവിൽ റസിഡണ്ടിനെ അപായപ്പെടുത്താൻ ശ്രമിച്ചു
എന്ന കാരണത്തിന്മേൽ അദ്ദേഹത്തിനെയും ബന്ധനസ്ഥനാ
ക്കി ചിങ്കൽപേട്ടയിൽ പാർപ്പിച്ചു.

അടുത്തദിവസംതന്നെ റാണി അയച്ച ഒരു കത്തിൽ ഇപ്ര
കാരം പ്രസ്താവിച്ചിരുന്നു.

"എന്റെ പ്രിയപ്പെട്ട സഹോദരതുല്യനായ സാഹിബ്—

എന്റെ രാജ്യത്തിന്റെ സ്ഥാനമാനങ്ങളെപ്പറ്റിയും അ
ചാരമര്യാദകളെപ്പറ്റിയും കണ്ണല്പിനു് നല്ലപോലെ അറിവുള്ള
തുകൊണ്ടു്, അവയെ സംബന്ധിച്ചു വിവരിച്ചു പറയേണ്ട അ
വശ്യമില്ലല്ലോ. നാട്ടിലെ വിവിധധർമ്മസ്ഥാപനങ്ങളുടെ നില
നില്പിനായും എന്റെ പ്രജകളുടെ ക്ഷേമാഭിവൃദ്ധിക്കായും എ
ന്റെ പൂർവികന്മാരാൽ ഏർപ്പെടുത്തപ്പെട്ടിട്ടുള്ള ചട്ടങ്ങളുപ്പാടുക
ളെല്ലാം മാമൂലനുസരിച്ചു് ഒരു വ്യത്യാസവും കൂടാതെ നിർവിഘ്നം
നടത്തിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

സേതുസ്നാനത്തിനു് അയയ്ക്കപ്പെട്ടിരുന്ന ബ്രാഹ്മണർക്കു യഥാ
കാലം പണ്ടം കൊടുത്തിട്ടില്ലെന്നുള്ളതിനെപ്പറ്റിയുണ്ടായ പരാ
തിയെ സംബന്ധിച്ചു് അവർക്കു കഴിയുന്നത്ര വേഗത്തിൽ പണം
കൊടുത്തുതീർക്കണമെന്നു ഞാൻ എഴുതിയയച്ചിട്ടുണ്ടല്ലോ. ആ
വിഷയത്തിൽ കില്ലേദാർ മഹാസിംഗിനോടു വേണ്ടതുചെയ്യാൻ
കല്പനചെയ്തിട്ടുണ്ടു്. 986 ഇടവം 19-നു.

രാജ്യകാര്യങ്ങളെ സംബന്ധിച്ച് പരസ്പരം എഴുത്തുകുത്തു കർമ്മം നടത്തിക്കൊണ്ടിരിക്കുന്നത് കാര്യക്ഷമതയ്ക്കു കാരണമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇക്കാര്യത്തിൽ കണ്ണനും എന്നോടു യോജിക്കുമെന്നാണു് എന്റെ പൂർണ്ണവിശ്വാസം."

ഇങ്ങനെ രാജ്യകാര്യങ്ങളെപ്പറ്റി മഹാറാണി പ്രത്യേകം ശ്രദ്ധിച്ചുവന്നു. തിരുമനസ്സിലെ അറിവില്ലാതെ റസിഡണ്ടു് ദിവാൻ യാതൊരു കാര്യവും നടത്താറുണ്ടായിരുന്നുമില്ലല്ലോ. മൺറോസായ്പു തന്നെ ,ഇപ്രകാരം എഴുതിയിരിക്കുന്നു.

"തിരുവിതാംകൂറിലെ ഭരണം സത്യനിഷ്ഠയോടും ഉത്സാഹത്തോടുംകൂടി നടത്തപ്പെടുന്നതിനു പുറമെ അതു യഥാവിധി നിർവ്വഹിക്കപ്പെടുന്നുവെന്നു ജനങ്ങൾക്കും വിശേഷിച്ചു മഹാറാണിക്കും അറിവാൻ സൌകര്യമുണ്ടായിരിക്കേണ്ടതുമാണു്."

മാസത്തിൽ രണ്ടുതവണവീതം വരവുചെലവുകളെ സംബന്ധിച്ചു കണക്കുകൾ കൊട്ടാരത്തിൽ അയയ്ക്കണമെന്നായിരുന്നു ഏർപ്പാടു്. മൺറോ ദിവാൻപദം ഏറ്റതുമുതല്ക്കു് അഴിമതികർമ്മം നാട്ടിൽനിന്നു മാഞ്ഞുതുടങ്ങി. ഈ വിഷയത്തിൽ അദ്ദേഹം വേലുത്തമ്പിയെ അനുവർത്തിച്ചു. അഴിമതിക്കാരെ കണ്ടുപിടിക്കാനായി അദ്ദേഹം തോവാളമുതൽ പറവൂർവരെ സഞ്ചരിച്ചുകൊണ്ടിരിക്കുകയും കുറ്റംചെയ്തതായി തെളിഞ്ഞ ഉദ്യോഗസ്ഥന്മാർക്കു് അപ്പോഴപ്പോൾതന്നെ കായികശിക്ഷ നല്കുകയും ചെയ്തുവന്നു. ഈ സഞ്ചാരത്തിനിടയ്ക്കു അദ്ദേഹം പലരുടേയും പുറത്തു സന്മാർഗ്ഗപാഠങ്ങൾ പച്ചകൊത്തിച്ചുചയ്യാൻ ഇടയായെന്നു മി. ശങ്കുണ്ണിമേനോൻ പറയുന്നു.

എന്നാൽ അദ്ദേഹത്തിന്റെ ശിക്ഷാകർമ്മം വേലുത്തമ്പിയുടേതുപോലെ കഠിനങ്ങളായിരുന്നില്ല. ശിക്ഷ ഏറ്റവരെ ജോലിയിൽനിന്നു പിരിക്കാതെ അവരെ ശരിപ്പെടുത്തിക്കൊണ്ടുവരുന്നതിനാണു് സായ്പു് ശ്രമിച്ചതു്.

ഇങ്ങനെ അഴിമതിക്കാരെ ഒരുവിധം ശമിപ്പിച്ചു് ഉദ്യോഗജീവിതത്തെ സംശുദ്ധമാക്കിയശേഷം അദ്ദേഹം നാട്ടിലെ കൊള്ളാവുന്ന ജനങ്ങളോടു് ആലോചിച്ചും മഹാറാണിയുടെ അനുമതിയോടുകൂടിയും ആഭ്യന്തരഭരണപരിഷ്കരണാത്മകം അനേകം വഴിയോലകർമ്മം പ്രസിദ്ധപ്പെടുത്തി.

അനാത്തെ സക്കാർജീവനക്കാരെപ്പററി മൺറോസായ്പ് അയച്ച ഒരു റിപ്പോർട്ടിൽനിന്നു നമുക്കു പലതും ഗ്രഹിക്കാം.

"ഈ ദ്രോഹകരവും നിന്ദ്യവും അന്യ സകല കാര്യങ്ങളിലും ജാഗ്രുകവും നിപുണവും എന്നാൽ ധർമ്മനിർവ്വഹണത്തിൽ അലസവുമായിരിക്കുന്ന ഉദ്യോഗസ്ഥമണ്ഡലത്തിന്റെ അഴിമതികളേയും പരപീഡനങ്ങളേയും പററി ശരിയായി ബോധംജനിപ്പിക്കുന്നതിന് ഒരു വിവരണവും പയ്യാപ്തമല്ല. ഈ ഉദ്യോഗസ്ഥന്മാർ പരസ്പരസഹകരണത്തങ്ങളെ ആശ്രയിച്ചിരിക്കുന്ന ഒരു കൂട്ടുകെട്ടായി പ്രവർത്തിക്കുന്നതിനാൽ ഒരാളെ കുററി പരാതിപറയുന്നതു തങ്ങൾക്കു എല്ലാവരേയും അധിക്ഷേപിക്കുന്നതിനു തുല്യമായി ഗണിച്ചു പരിഭവിക്കുന്നു. ആവക്കശമ്പളം വളരെ കുറവായിരുന്നു എന്നതു മാത്രമല്ല, അതു പജനാവിൽനിന്നു കൊടുത്തുവന്നുമില്ല. നേരേമറിച്ചു ചില തുകകളെ യഥേഷ്ടം എടുത്തുകൊള്ളുന്നതിനു അവർക്കു അധികാരമുണ്ടായിരുന്നു. ഉദ്യോഗം ലഭിച്ചാൽ ഉടനെ അവർ രാജാവിനു വലിയ തുകകൾ കാഴ്ചവച്ചു വന്നതിനുപുറമെ ഇടവാവാസരങ്ങളിൽ ശമ്പളത്തിൽ കവിഞ്ഞ സംഖ്യകൾ കാഴ്ചവെക്കാൻ നിർബന്ധിതരുമായിരുന്നു. രണ്ടുമൂന്നുകൊല്ലത്തെ ജീവനത്തിനിടയിൽ അവർ ധാരാളം പണം സമ്പാദിച്ചുവയ്ക്കും. എന്നാൽ ഉദ്യോഗത്തിൽനിന്നു പിരിയുന്ന മാത്രയിൽ അവരുടെ സ്വത്തുകളെല്ലാം സർക്കാരിലേക്കു കണ്ടുകെട്ടും. ഇങ്ങനെ അവർ സമ്പാദിക്കുന്ന മുതലെല്ലാം ഒടുവിൽ പെട്ടെന്നവിധത്തിൽ വന്നുചേരുമെന്നു് അറിവുള്ളതുകൊണ്ടു് എത്ര കൊള്ളയടിച്ചാലും അവരെ താക്കീതുചെയ്യാറില്ല. എന്നാൽ തങ്ങൾ സമ്പാദിക്കുന്ന പണമെല്ലാം സർക്കാരിലേക്കു് അടങ്ങുമെന്നും, ഈ വിചാരം അവരെ അനാവശ്യഹരണശ്രമങ്ങളിൽനിന്നു വിരമിപ്പിക്കുന്നുമില്ല. എന്തുകൊണ്ടെന്നാൽ അങ്ങനെ അപഹരിക്കുന്ന പണമെല്ലാം ഒളുക്കിവയ്ക്കുന്നതിനു് അവർക്കു് അറിയാമായിരുന്നതുകൊണ്ടു്, ഈ തിന്റെ പരിണാമത്തെപ്പററി ഉൽക്കണ്ഠയ്ക്കു് അവകാശമില്ലായിരുന്നു. ജനങ്ങളെ സംബന്ധിച്ചിടത്തോളം, അവലാതികൊണ്ടു പ്രയോജനമില്ലായിരുന്നതുനിമിത്തം അവർ കാര്യലാഭത്തിനായി കൈക്കൂലികൊടുത്തുവന്നു. കോഴ സർവ്വസാധാരണമായിത്തീർന്നിരുന്നു."

ഇപ്രകാരം സർവ്വഥാ ദുഷിച്ചുപോയ (സർക്കാർജീവനക്കാരെ) സംശുദ്ധമാക്കുന്നതിനു മൺറോ ചെയ്ത ശ്രമങ്ങളുടെ ഫലമാത്രം ആശ്വാസപ്രദമായിരുന്നു എന്നു പറഞ്ഞറിവിക്കേണ്ടതില്ലല്ലൊ.

നീതിഭരണം കാര്യക്ഷമമാക്കുന്നതിനു സ്വതന്ത്രമായ നീതിന്യായക്കോടതികൾ അപേക്ഷിതമായിരുന്നു. അതിലേക്കു ഭരണകൂപ്പുകളെ ഉടച്ചുവാർക്കേണ്ടതായിവന്നു. (വലിയസർവ്വാധികാര്യക്കാരെന്നും സർവ്വാധികാര്യക്കാരെന്നും ഉള്ള ഉദ്യോഗങ്ങളെ നിർത്തുകയും ചെയ്തിട്ട് കാര്യക്കാർക്ക് താസീൽദാർ എന്ന പുതിയ പേരു കൊടുത്തു. അയാളുടെ അധികാരത്തെ നിയന്ത്രിക്കയും ചെയ്തു. ഇങ്ങനെ കാര്യക്കാർക്ക് റവന്യൂ ഒഴിച്ചുള്ള അധികാരങ്ങൾ ഒന്നും ഇല്ലാതെയായി. ഈ പരിഷ്കരണനടപടികളെപ്പറ്റി മൺറോ സായ്പ് മദ്രാസ് ഗവണ്മെണ്ടിലേയ്ക്കു കൊടുത്ത റിപ്പോർട്ടിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. "അവർ (കാര്യക്കാരന്മാർ) തങ്ങളുടെ താലൂക്കുകളെ സംബന്ധിച്ചിടത്തോളം സൈനികവും സിവിലുമായ സകലാധികാരങ്ങളും വഹിക്കുന്നു. ഈ സ്ഥാനം നല്കുമ്പോൾ രാജാവ് അവർക്കു വാൾ സമ്മാനിക്കുന്നു. ആ വാളും സ്ഥാനമുദ്രയും അവർ പോകുന്നിടത്തെല്ലാം കൊണ്ടുനടക്കുന്നു. റവന്യൂ ഉദ്യോഗസ്ഥന്മാരുടെമേൽപനവും കാര്യക്കാരന്മാർക്കുള്ള അധികാരങ്ങൾ വിശേഷിച്ചും, രക്ഷാപ്രവർത്തനത്തിലുള്ള വകുപ്പുകളുടെ മേൽനോട്ടവും, കാര്യക്കാരന്മാരുടെ കീഴിലാണ്. സേച്ഛാഭരണം നടപ്പാക്കുന്നു, ഒട്ടേറെ ശങ്കകളിൽ, റവന്യൂ ഉദ്യോഗസ്ഥന്മാരുടെ നടവടിയെ പ്രധാനോദ്യോഗസ്ഥന്മാരുടെ നടവടികളേക്കാൾ ശ്രദ്ധാപൂർവ്വം കുറ്റം. കാരണം ചെയ്യേണ്ടതാണ്. ജനങ്ങളുടെ വസ്തുവകകളെ സ്പർശിച്ചു അവരുമായി നിരന്തരം സാധികാരം പെരുമാറേണ്ടിവരുന്നതുനിമിത്തം കാര്യക്കാരുടെ ശക്തിവർദ്ധിക്കുന്നു; അതിനോടുകൂടി നീതിപരിപാലനാധികാരം കൂടിച്ചേർന്നാൽ നാട്ടുകാർ തീച്ചയായും തങ്ങളുടെ അധികാരത്തെ ദുർവിനിയോഗിക്കാതിരിക്കയില്ല."

നികുതിഭരണം.

ഈ റിപ്പോർട്ടിൽനിന്നു മൺറോസായ്പിന്റെ പരിഷ്കാരത്തിന്റെ ഉദ്ദേശം സവിശേഷം വെളിപ്പെടുന്നു. കാര്യക്കാര

ന്മാക്കുള്ള സൈനി കാധികാരവും നീതിപാലനാധികാരവും എടു
ത്തുകളഞ്ഞാൽ അവക്ക ജനങ്ങളുടെ മേലുള്ള പ്രേരണാശക്തി
നിശ്ശേഷം നശിച്ചു പോകും; തന്നിമിത്തം മേലാൽ നാട്ടിൽ കലാ
പം ഉണ്ടാവാതിരിക്കയും ചെയ്യും. റവന്യൂത്തുറയെ ജൂഡിഷ്യൽ
വകുപ്പിൽനിന്നു വേർതിരിക്കുന്നതായാൽ, ഈ രണ്ടു തുറകൾക്കും
കാര്യക്ഷമത കൂടുന്നതിനും നീതിനിർവ്വഹണം നിർബ്ബാധം നട
ക്കുന്നതിനും ഇടവരുന്നതും ആണു്. പക്ഷേ കമ്പനിയുടെ നി
യമപാഠകസമിതി മണ്ട്രോസായ്പിന്റെ അഭിപ്രായത്തോടു വിയോ
ജിക്കയാൽ ഒരടുത്തകാലംവരെ താസീൽദാരന്മാക്കുള്ള മജിസ്ട്രേട്ട
ധികാരം എടുത്തുകളഞ്ഞില്ല. എന്നാൽ കാര്യക്കാരന്മാക്കുണ്ടാ
യിരുന്ന സൈനികാധികാരം സായ്പു നിർത്തലാക്കി.

മൺട്രോ ഇതിനുപുറമെ ജനദ്രോഹകരങ്ങളായ കരങ്ങളിൽ
പലതും നിർത്തൽചെയ്തു. പുരുഷാന്തരം, തലവരി, വലക്കരം
മുതലായ സാധുക്കൾക്കു പീഡാകരങ്ങളായിരുന്ന കരങ്ങളെ അദ്ദേ
ഹമാണു് നിർത്തലാക്കിയതു്. അതിനുമുമ്പു് സർക്കാരിലേക്കുള്ള
അടായങ്ങളിൽ ഏഴു, കോഴ, ശ്രുപ്പ്, പിഴ, പുരുഷാന്തരം, പുല
യാട്ടുപെണ്ണു്, കോഴ, ഒത്തുകഴ്ച, പൊന്നരിപ്പു്, അറവലടക്കു്,
ചേരിക്കൽ, ശ്രാദ്ധമൂല, [illegible] ചെങ്കൊമ്പു്, ആനപിടി, ഉട
ഞ്ഞെളുക്കം, കിണറ്റിങ്കനിര, കൊമ്പു കുറവു വാലു തോലി
ത്യാദികൾ, തലപണം, ദുരുപയോഗം, രത്നങ്കം, പോരാഞ്ഞോ
രു്, ചെങ്ങാരം, തിരുനവരുന്ന കട്ടതെങ്ങു്, പൊളിച്ചെഴുത്തു്,
ആണ്ടുകാഴ്ച ഇവയായ [illegible] കളെ മറ്റു.

ഏഴയും, കോഴയും വേർതിരിച്ചു കാണുന്നതിനുമാതിരി കൊള്ളുതന്നെ ആയി
രുന്നു. നാടുവാഴികളുടെ ബന്ധുക്കളിൽ കൈയേറ്റം നടത്തി
എടുക്കുന്നതു ദ്രവ്യമായിരുന്നു ഏഴ. ആവശ്യംപോലെ നിർബ്ബ
ന്ധിച്ചു വാങ്ങുന്ന ധനത്തിനു കോഴയെന്നും പേർ പറഞ്ഞുവന്നു.

തപ്പു, പിഴ. അറിയാതെ ചെയ്തുപോയ അപരാധങ്ങൾ
ക്കു കല്പിച്ചുവന്ന പിഴയാണു്; അറിവോടുകൂടി ചെയ്യുന്ന ഗൌര
വമേറിയ അപരാധങ്ങൾക്കു കുറക്കാർ അടയ്ക്കുണ്ടതുകയാണു്
പിഴ.

പുരുഷാന്തരം. സ്ഥാനികൻ മരിക്കുമ്പോൾ, തൽസ്ഥാ
നത്തു വരുന്ന ആൾ കൊടുക്കേണ്ട സംഖ്യയാണു് പുരുഷാന്തരം.

ഷാപ്പുകാർ മാക്കാരിൽനിന്നുപോലും പുരുഷാന്തരം പിരിച്ചു വന്നു. എന്നാൽ കൊങ്ങിണിമാരെ മാത്രം ആ നികുതിയിൽ നിന്നു് ഒഴിവാക്കിയിരുന്നു. 2 മുതൽ 1200 പണംവരെ ഈ വകയിൽ ഈടാക്കാറുണ്ടായിരുന്നതേ.

പുലയാട്ടപ്പെണ്ണു്. അഗമ്യാഗമനത്താൽ ദൂഷിതരായ സ്ത്രീകളെയും പുരുഷന്മാരെയും വിലയ്ക്കു വിറ്റു കിട്ടുന്ന സംഖ്യയാണിതു്. അതിനു രാജാവിനായിരുന്ന അവകാശം.

കാഴ്ച. രാജകുടുംബത്തിൽ ഉണ്ടാവുന്ന മരണം, പടിയേറ്റം, പള്ളിക്കെട്ടു മുതലായ അവസരങ്ങളിൽ കുടിയാന്മാരും ഉദ്യോഗസ്ഥന്മാരും രാജാവിനു കാഴ്ചവച്ചുവന്നു. മാക്കാരെ മാത്രം അതിൽനിന്നു ഒഴിവാക്കിയിരുന്നു.

ഒത്തുകാഴ്ച. ഒത്തുവേളകളിൽ, കടം ഒഴിച്ചുള്ള സ്വത്തിന്റെ അഞ്ചിലൊന്നു രാജാവിനു കൊടുക്കണം എന്നായിരുന്ന നിയമം.

പൊന്നരിപ്പു. നദികളിൽനിന്നു പൊന്നരിച്ചെടുത്താൽ അതിൽ ഒരു അംശം രാജാവിനു ചെല്ലേണ്ടതാണു്.

അറാലടക്കം. അന്യംനിന്നുപോയ സ്വത്തു സർക്കാരിലേയ്ക്കു ചേർത്തുവന്നു. കൊങ്ങിണിമാരെ മാത്രം ഈ നിയമം പൂർണ്ണമായി ബാധിച്ചിരുന്നില്ല. അവരുടെ സ്വത്തിൽ നേർപകുതി സർക്കാരിലേക്കും ബാക്കി തിരുമലക്ഷേത്രത്തിലേക്കും ചേർത്തുവന്നു.

ചേരിക്കൽ. ഇതു തമ്പുരാന്റെ സ്വകാര്യഭൂമിയാണു്. അതിലെ ആദായംകൊണ്ടായിരുന്ന കോവിലകത്തെ ചെലവു നടന്നുവന്നതു്.

അയ്മുല, മുമ്മുല. മുതലായവ അസാധാരണ കന്നുകാലികൾ.

ചെങ്കൊമ്പു്. മനുഷ്യനെ കുത്തിക്കൊന്ന കന്നുകാലികൾ.

ആനപിടി. കാട്ടിൽനിന്നു പിടികിട്ടുന്ന ആനകൾ.

കിണറിൽപന്നി. കുഴികളിലും മറ്റും വീണുകിടക്കുന്ന പന്നികൾ.

കൊമ്പു, കുറവു മുതലായവ. തുലാപ്പത്തു കഴിയുമ്പോൾ നായന്മാർ നായാട്ടിനുപോക പതിവായിരുന്നു. നായാട്ടിൽനി ന്നു കിട്ടുന്ന രാജഭോഗങ്ങളാണു് ഇവ.

തലപ്പണം. പ്രജകളിൽ ഓരോരുത്തനും രാജാവിനു കൊ ടുത്തുവന്ന നികുതിയാണു്. കുട്ടികൾ ജനിച്ചാൽ അമ്മമാർ തമ്പുരാനു് ഒരു കാഴ്ച കൊടുത്തുവന്നു. തമ്പുരാന്റെ അടിയാരു കൂടിയാരിൽ ആരെങ്കിലും മാക്കത്തിൽ ചേന്നാലും കല്പപ്പണം കൊടുക്കേണമെന്നായിരുന്നു നിശ്ചയം.

രക്ഷാഭോഗം. എല്ലാവരും തങ്ങളുടെ രക്ഷയ്ക്കുവേണ്ടി കൊടുത്തുവന്ന കരം.

പേരാമ്പേരു്. ഇതു അന്നത്തെ കോർട്ടഫീസായിരുന്നു. കടലാസുരൂപ്രകാരം പിരിയാനുള്ള തുക സർക്കാരിൽനിന്നു പിരിച്ചു കൊടുക്കുന്ന അവസരത്തിലും വാദങ്ങൾ തീർച്ചചെയ്യുമ്പോഴും ഈ ടാക്കിവന്ന തുക.

ചങ്ങാതം. ആരുടെ എങ്കിലും രക്ഷയ്ക്കായി കാവൽ ചങ്ങാതം അയച്ചുകൊടുത്താൽ, അയാളിൽനിന്നു് ഈടാക്കിവന്ന സംഖ്യ.

തിരുമുൽക്കാഴ്ച. മുഖംകാണിക്കുന്ന അവസരത്തിൽ പട്ടാ യിട്ടും പണമായിട്ടും നല്കിവന്ന കാഴ്ച.

കെട്ടുതെങ്ങു്. മാടമ്പിമാരിൽനിന്നു പിരിച്ചുവന്ന തെ ങ്ങുകരം.

പൊളിച്ചെഴുത്തു. പണ്ടാരവക വസ്തുക്കളും മറ്റും തമ്പു രാന്റെ സിംഹാസനാരോഹണകാലത്തു പൊളിച്ചെഴുതുക പതി വായിരുന്നു. അവകാശം, അടുക്കുവത്തു, സൌജന്യം മുതലായ സംഖ്യകൾ രാജാവിനു കൊടുക്കണം.

ആണ്ടക്കാഴ്ച. മുക്കുവർ, ചോവന്മാർ, കാണാക്കർ മുതലാ യവർ കൊല്ലന്തോറും തങ്ങളുടെ സ്ഥാനത്തെ സംബന്ധിച്ചു വെ യ്ക്കാറുണ്ടായിരുന്ന കാഴ്ച.

പത്താംശതകത്തിന്റെ മദ്ധ്യത്തിലാണു് ഈ നികുതി നട പ്പായതു്.

കൃഷി, വാണിജ്യാദികളെ സംബന്ധിച്ചു പരി[illegible] പരിഷ്കരി

മൺറോ കൃഷിക്കാരുടെ സ്ഥിതിയെപ്പറ്റി [illegible]മായ [illegible]മായി നേപഷണം നടത്തീട്ട് അവക്ക ഗ്രണകരങ്ങളാ[illegible] പല ഏർപ്പാടുകൾ നടപ്പിൽവരുത്തി. ഉൾനാട്ടിൽക്കൂടി കൊണ്ടുപോകുന്ന ഭക്ഷണസാധനങ്ങൾ മുതലായവയ്ക്കുണ്ടായിരുന്ന ചുങ്കത്തെ നിർത്തലാക്കി. ഭൂനികുതി, ചുങ്കം ഇവയെ കൂത്തകയായി ലേലംവിളിച്ചു ഏല്പിക്കുന്ന സമ്പ്രദായം നാട്ടുകാക്കും സർക്കാരിനും ഒരുപോലെ ദോഷകരമെന്നു കണ്ടിരിക്കുന്നു, ആ വക പണം പിരിച്ചെടുക്കുന്നതിനു പ്രത്യേകം ഉദ്യോഗസ്ഥന്മാരെ നിയമിച്ചു. കുരുമുളക്, പുകയില, ഉപ്പു് ഇവയെ സംബന്ധിച്ചു കുത്തകകൾ ഏർപ്പെടുത്തി. ഇതിനുമുമ്പു് ഉപ്പുകുത്തക നടപ്പിലായിരുന്നു. ഉപ്പു പട്ടണങ്ങളിൽ ലംബുവായ ഒരു നികുതിമാത്രമേ ചുമത്തിയിരുന്നുള്ളൂ. എന്നാൽ കൂടിയാന്മാർ വിളയിക്കുന്ന ഉപ്പു മുഴുവനും മന്നിനു രണ്ടണ വീതം വിലവച്ചു സർക്കാരിൽ ഏല്പിക്കണമെന്നു വ്യവസ്ഥചെയ്തു. അവയെ ഉപ്പുപണ്ടകശാലകളിൽ ശേഖരിച്ചു് സർക്കാരിൽനിന്നു നാലുമുതൽ ആറണവരെ വിലവച്ചു വിറ്റുതുടങ്ങി. പുകയില, കുരുമുളകു് ഇവയെ വ്യാജമായി വ്യാപാരംചെയ്യുവന്നവരെ കണ്ടുപിടിച്ചു കഠിനമായ ശിക്ഷകൾ നല്കിയതിനാൽ സർക്കാരിലേക്കു് ഈവഴിയിൽ നല്ല ആദായമുണ്ടായി. ഇവയെക്കൂടാതെ പുറമെ കന്യാകുമാരിക്കടുത്തു് മത്സ്യച്ചിപ്പികൾ മുങ്ങിയെടുക്കുന്നതിനും വ്യവസ്ഥചെയ്തു.

കടകമ്പോളങ്ങളുടെ നിയന്ത്രണം.

പുകയില, മദ്യം മുതലായ വ്യാപാരങ്ങളുടെ മേൽനോട്ടം മുതലായ കർമ്മങ്ങൾക്കായി കൊത്തുവാൾ എന്നൊരു ഉദ്യോഗസ്ഥനെ പ്രത്യേകം നിയമിച്ചു. അയാളുടെ മേൽനോട്ടത്തിൽ നെല്ലു്, അരി മുതലായ ഭക്ഷണസാധനങ്ങളുടെ നിരക്കുവില യെ സായ്പു് ക്രമപ്പെടുത്തിയതു് ജനങ്ങൾക്കു വളരെ ആശ്വാസപ്രദമായിത്തീർന്നു. എന്നാൽ മുന്നാണ്ടുകളിൽ സർക്കാരിലേക്കു് അടയ്ക്കാനുണ്ടായിരുന്ന കരക്കുടിശികകൾ മുഴുവനും എഴുതിത്തള്ളുകൊടുത്തപ്പോൾ അവരുടെ ആഹ്ലാദം പരാകോടിയെ പ്രാപി

ച്ചു. നാട്ടിലെ വരവുചെലവുകളെ സംബന്ധിച്ചു കണക്കുകൾ ശ്രമപ്പെടുത്തുന്നതിനായി അദ്ദേഹം റെസ്റ്റിറാവു് എന്നൊരു മഹാരാഷ്ട്രബ്രാഹ്മണനെ നിയമിച്ചു. തലസ്ഥാനത്തിനുപുറത്തുള്ള സ്ഥലങ്ങളിൽനിന്നു പിരിഞ്ഞുകിട്ടുന്ന തുകകൾ അപ്പോഴപ്പോൾ ഹുജൂർഖജനാവിൽ അടയ്ക്കണമെന്നും അക്കൊണ്ടു സൂപ്രണ്ടിന്റേയും ദിവാന്റേയും ഒപ്പോടുകൂടിയ ബില്ലിൻപ്രകാരമേ പണം വെളിയിൽ കൊടുക്കാവു എന്നും ഏർപ്പാടുചെയ്തതിനാൽ ആയവ്യയങ്ങളെ ക്രമീകരിക്കുന്നതിനും ദിവാൻജിക്കു സാധിച്ചു.

അക്കാലത്തു സർക്കാരിലേക്കു 18 ലക്ഷത്തോളം ഉറുപ്പിക കടമുണ്ടായിരുന്നു. അതിൽ പന്ത്രണ്ടുലക്ഷവും കമ്പനിക്കാർക്കു കൊടുക്കാനുണ്ടായിരുന്നതാണു്. സർക്കാരിലേക്കു പ്രതിവർഷം ഈടാകാനുള്ള തുക ഇതിൽ കവിഞ്ഞിരുന്നുമില്ല. എന്നിട്ടും മൂന്നു കൊല്ലങ്ങൾക്കുള്ളിൽ അദ്ദേഹം കടം മിക്കവാറും തീർത്തുവശ്രീ

ദേവസ്വ പരിഷ്കരണം.

തിരുവിതാംകൂറിലെ ദേവസ്വങ്ങൾക്കു നിരവധി സ്വത്തുക്കൾ ഉണ്ടായിരുന്നു. ക്ഷേത്രാധികാരികൾക്കു ജനങ്ങളുടെ മേൽ അനല്പമായ പ്രേരണാശക്തി ഉണ്ടായിരുന്നതുകൊണ്ടു്, അവയെ സർക്കാരിലേക്കു അടയ്ക്കുന്നതു രാജശക്തിയുടെ വർദ്ധനയ്ക്കു കാരണമാകുമെന്നു വിചാരിച്ചു് വേലുത്തമ്പിദളവ അതിനായി ശ്രമിക്കയുണ്ടായി. പക്ഷേ ആ ശ്രമം ഫലിക്കുന്നതിനു മുമ്പു്, അദ്ദേഹം അപമൃത്യുവിൽ പതിച്ചുപോയി. ദളവയുടെ ഈ ഉദ്ദേശത്തെപ്പറ്റി മൺറോ അറിഞ്ഞ മാത്രയിൽ തന്നെ ദേവസ്വം വക കണക്കുകളെ ശരിപ്പെടുത്താനായി ആളുകളെ നിയമിച്ചു. പണ്ഡിതന്മാരായ ബ്രാഹ്മണരുടെ അനുമതിപ്രകാരം ക്ഷേത്രങ്ങളിലെ പതിവുകളെ പരിഷ്കരിച്ചു പുതിയ പടിത്തരങ്ങൾ ഏർപ്പെടുത്തിയപ്പോൾ, ഒട്ടുവളരെപ്പണം മിച്ചം വന്നു. ആ വഴിക്കു സർക്കാരിലെ കടങ്ങൾ വീട്ടുന്നതിനും നിഷ്പ്രയാസം സാധിച്ചു.

നീതിഭരണം.

മൺറോ ദിവാൻ പദം സ്വീകരിച്ചു സമയത്തു നീതിഭരണം അനാശാസ്യമായ നിലയിലാണിരുന്നതെന്നു മുമ്പു പ്രസ്താ

വിച്ചിട്ടുണ്ടല്ലോ. അതിനാൽ ജൂഡിഷ്യൽ വകുപ്പു പരിഷ്കരിക്കുന്ന വിഷയത്തിലും അദ്ദേഹത്തിന്റെ ശ്രദ്ധ ഗാഢമായി പതിഞ്ഞു; അതിലേക്കു് എഴുതിയ ചട്ടവരിയോലയെ അദ്ദേഹം തോപ്പുശാസ്ത്രികൾ എന്ന പണ്ഡിതൻവശം മഹാറാണിയുടെ പക്കൽ കൊടുത്തയച്ചു. അതിനു മറുപടിയായി മഹാറാണി അയച്ചു തിരുവെഴുത്തു താഴെ ചേർക്കുന്നു.

"നമുക്കു സഹോദരതുല്യമായിരിക്കുന്ന മഹാരാജമാന്യ രാജശ്രീ കണ്ണൻ സാഹീബു് അവർകൾക്കു.

തോപ്പുശാസ്ത്രിയാർ മുതൽപേർവശം കൊടുത്തയച്ചു കടുദാസും ഈ രാജ്യത്തുള്ള പ്രജകളുടെ സങ്കടങ്ങൾ കേട്ടു തീർക്കേണ്ടുന്നതിനു കോടു നിശ്ചയിച്ചു് എഴുതിയ ചട്ടവരിയോല കൊടുത്തയച്ചതും 29-ാംനു ഇവിടെ വന്നു വായിച്ചുകേട്ട അവസ്ഥയും അറിഞ്ഞു. കോട്ടംവച്ചു സങ്കടകാര്യം കേട്ടുതീർക്കേണ്ടുംപ്രകാരത്തിനു് ഒക്കയും വിവരമായിട്ടു തന്നെ എഴുതിവന്നുവെല്ലോ. ഇക്കാര്യം ആറുങ്ങൽ വച്ചു നമ്മോടു പറഞ്ഞിരിക്കകൊണ്ടും ഇപ്പോൾ ഇതിനുമുണ്ണും നിശ്ചയിച്ചു് എഴുതിവരികകൊണ്ടും പ്രജകളുടെ സങ്കടം അവിടവിടെവച്ചു വേഗത്തിൽ കേട്ടുതീപ്പിച്ചയക്കുന്നതു നമുക്കു് ഏറ്റവും സന്തോഷം തന്നെ ആകുന്നു. ഈ പ്രകാരം കോട്ടിനു യോഗ്യമായിട്ടുള്ള ആളും നിശ്ചയിച്ചു സങ്കടക്കാരുടെ കാര്യം വേഗത്തിൽ തീർത്തു് അയപ്പാൻ തക്കവണ്ണം നിദാനം വരുത്തുകയും ചെയ്യുമല്ലോ. സംശയം തീരാതെയുള്ള കാര്യങ്ങൾക്കു കൈ മുക്കുകയും ഇടയും വാരുകയും എന്നുള്ളതു് മുമ്പിനാലെ നടന്നുപോരുന്നതു അകകൊണ്ടും മലയാളത്തുള്ള നമ്പൂരിമാരു് ഇടപെട്ട കാര്യങ്ങളിൽ സംശയസ്ഥാനമായിട്ടു വരുന്നു എങ്കിൽ ശ്രദ്ധിച്ചുനോക്കി കൈ മുക്കി പറമാത്രം അറിഞ്ഞതിന്റെ ശേഷം സംശയം തീർന്നു വരുന്നതാകകൊണ്ടും അങ്ങനെയുള്ള കാര്യം വരുന്നു എങ്കിൽ അതിനു മാമൂൽപ്രകാരം നടത്തിച്ചു എങ്കിൽ കൊള്ളാം."

ഈ തിരുവെഴുത്തിൻപ്രകാരം സാപ്പു് നീതിഭരണാർത്ഥം തിരുവനന്തപുരത്തു് ഒരു് അപ്പീൽകോടതിയും, തിരുവനന്തപുരം, പത്മനാഭപുരം, മാവേലിക്കര, വയ്ക്കം, അലുവ എന്നിടിക്കു

കളിൽ ഓരോ ജില്ലാക്കോടതിയും സ്ഥാപിക്കപ്പെട്ടു. അപ്പീൽകേസുകൾ കേൾപ്പാൻ ഉൾപ്പെടെ നാലു ജഡ്ജിമാരാണ് കേട്ടുവന്നത്. ജില്ലാക്കോടതിയിലും രണ്ടു ജഡ്ജിമാരേയും ഓരോ ശാസ്ത്രിയേയും നിയമിച്ചു. നാട്ടിൽ നടപ്പിലിരുന്ന ആചാരങ്ങളേയും ധർമ്മശാസ്ത്രങ്ങളേയും ബ്രിട്ടീഷ് ഗവണ്മെൻറിൽനിന്നു പ്രസിദ്ധീകരിച്ചുവന്ന നിയമപദ്ധതികളെയും അനുസരിച്ചു എഴുതിയുണ്ടാക്കിയ ചട്ടപ്രകാരമുള്ള അനുസരിച്ചു ജഡ്ജിമാർ സിവിലായും ക്രിമിനലായും ഉള്ള കേസുകളെ തീർച്ചചെയ്തുവന്നു. ഈ കോടതികൾക്കു പുറമെ സർക്കാരുദ്യോഗസ്ഥന്മാരെ വിസ്തരിക്കുന്നതിനു ഫൗജ്ദാർകോടതി എന്ന പേരിൽ മറെറാരു കോടതിയും സ്ഥാപിക്കപ്പെട്ടു.

കോടതികളിൽ ജഡ്ജിമാരായി നിയമിക്കപ്പെട്ടവർ നായർ, ബ്രാഹ്മണർ എന്നീ ജാതികളിൽപ്പെട്ടവരായിരുന്നു. ചട്ടപ്രകാരമുള്ള പ്രധാന വകുപ്പുകൾ.

2. അപ്പീൽകോടതിയിൽ ദിവാൻ, രണ്ടു ബ്രാഹ്മണജഡ്ജിമാർ, ഒരു നായർജഡ്ജി എന്നിങ്ങനെ നാലു ജഡ്ജിമാരുണ്ടായിരിക്കേണ്ടതാകുന്നു.

3. കീഴ്ക്കോടതികളിൽ ഓരോന്നിലും രണ്ടു ബ്രാഹ്മണജഡ്ജിമാരും, ഓരോ നായർജഡ്ജിയും ഉണ്ടായിരിക്കേണ്ടതാണു്.

4. ഓരോ കോടതിയുടെയും കീഴിൽ ഓരോ ദരോഗയും (ഇൻസ്പെക്ടർ) ഏതാനും റാണാക്കളും പ്യൂൺമാരും ഉണ്ടായിരിക്കുന്നതാണു്.

6. താഴെ വിവരിച്ചിട്ടുള്ളവ നീക്കിയുള്ള എല്ലാ തക്കങ്ങളും ധർമ്മശാസ്ത്രവിധികളെയും നാട്ടുനടപ്പുകളെയും അനുസരിച്ചു് തീർച്ചചെയ്യേണ്ടതാകുന്നു.

7. ഹിന്ദുനിയമപ്രകാരം താഴെ പറയുന്ന അപരാധങ്ങൾക്കു മാത്രമേ മരണശിക്ഷ വിധിക്കാവൂ. (1) കലാപം ഉണ്ടാക്കുകയോ, അതിനായി ശ്രമിക്കയോ ചെയ്താൽ, (2) രാജ്യദ്രോഹത്തിനു അപായപ്പെടുത്തുകയോ അതിനുവേണ്ടി ശ്രമിക്കയോ ചെയ്താൽ, (3) മനഃപൂർവം കൂട്ടായ്മക്കവർച്ച നടത്തുക.

8. കൊല, അടികലശൽ, കൈയേറ്റം മുതലായവയ്ക്ക് മരണം, നാടുകടത്തൽ, വസ്തുകണ്ടുകെട്ടൽ, തടവു, മുക്കാലിൽ കെട്ടി അടി, പിഴ ഇത്യാദി ശിക്ഷകൾ യഥോചിതം നല്കുന്നതാണ്.

9. ജാതി, മതം, വസ്തുവകകൾ, പണമേപ്പാടുകൾ ഇവയെ സംബന്ധിച്ചും ധർമ്മശാസ്ത്രം അനുസരിച്ചും നാട്ടനടപ്പനുസരിച്ചും ശിക്ഷവിധിക്കേണ്ടതാകുന്നു. അംഗഭംഗം വധശിക്ഷ ഇവമാത്രം ഇത്തരം കേസുകളെ സംബന്ധിച്ചു നിത്തലാക്കിയിരിക്കുന്നു.

11. പരീക്ഷവഴിക്കുള്ള ശിക്ഷകൾ നിത്തലാക്കിയിരിക്കുന്നു.

12. സുറിയാനി, മഹമ്മടീയൻ, പാർസി തുടങ്ങി തിരുവിതാംകൂർ നിവാസികളിലാരെങ്കിലും കുറ്റംചെയ്താൽ, കൊലപാതകമൊഴിച്ചുള്ളതിനെല്ലാം ഹിന്ദുനിയമമനുസരിച്ചുതന്നെ ശിക്ഷകൾ നല്കുന്നതാണ്.

13. വാദിപ്രതികൾ ഭിന്നജാതീയരായിരുന്നാൽ പ്രതിയുടെ ജാത്യാചാരം അനുസരിച്ചു കേസുകൾ തീർച്ചയുചയ്യണം.

14. ഒരു കോടതിയുടെ അധികാരാതിത്തിയിൽ പാർക്കുന്നവർ മറ്റൊരു കോടതിയിൽ അന്യായം ബോധിപ്പിക്കാൻ പാടില്ല.

15. കവർച്ച, മോഷണം, അടികലശൽ മുതലായവ ചെയ്യുന്നവരെ പിടിച്ച് അടുത്ത ഠാണാക്കാരെ ഏല്പിക്കുന്നതിനു സർക്കാരുദ്യോഗസ്ഥന്മാർക്കും പൊതുജനങ്ങൾക്കും അധികാരമുണ്ട്.

18. കേസുവിചാരണകൾ പരസ്യമായിരിക്കണം.

19. കൊല, മോഷണം മുതലായ എല്ലാ കേസുകളും അതുപോലെതന്നെ സിവിൽകേസുകളും യഥാവിധി കേട്ട കോടതി വിധിപ്രസ്താവിക്കണം. സിവിൽകേസ്സായിരുന്നാൽ, പഞ്ചായത്തുമുഖാന്തിരം കേസു തീർക്കുന്നതിനു വാദി അവശ്യപ്പെട്ടാൽ കോടതിയിലെ ഏതെങ്കിലും ഉദ്യോഗസ്ഥൻ ഉൾപ്പെട്ട ഒരു പഞ്ചായത്തിലേക്കു കേസ്സയയ്ക്കാം.

20. എല്ലാത്തരം കേസുകളിലും—കുറത്തിന്റെ സ്വഭാവം, തെളിവു്, സാക്ഷികളുടെ പേരുകൾ, വാദിയാലും പ്രതിയാലും ഹാജരാക്കപ്പെട്ടിട്ടുള്ള പ്രമാണങ്ങൾ, വിധി ഇവയൊക്കെ രേഖപ്പെടുത്തണം.

21. കൊലതുടങ്ങിയ മഹാപരാധങ്ങൾ ഒഴിച്ചുള്ളവയ്ക്കു വിധിക്കപ്പെടുന്ന ശിക്ഷകൾ ഉടനടി നടത്തപ്പെടണം. എന്നാൽ വിധിയുടെ പകർപ്പു ശിക്ഷിക്കപ്പെട്ടവക്ക് നല്കേണ്ടതാകുന്നു. അതുപോലെ ഓരോ പകർപ്പു് കക്ഷികൾ പാക്കുന്ന ദിക്കിലെ കാര്യക്കാർ വാണാനായക്കനും അയക്കണം. അവർ അതു കിട്ടിയാമുടനെ ശിക്ഷനടത്തേണ്ടതാകുന്നു. കൊല തുടങ്ങിയ മഹാപരാധങ്ങൾക്കുള്ള വിധിയുടെ പകർപ്പു് ദരോഗക്ക അയച്ചു കൊടുക്കണം. ശിക്ഷ നിസ്സാരമെങ്കിൽ അയാൾ കോടതിയുടെ അജ്ഞാനുസരണം ശിക്ഷനടത്തുകയും അല്ലാത്തപക്ഷം ദിവാൻജിയുടെ ഉത്തരവിനു കാത്തിരിക്കയും ചെയ്യേണ്ടതാകുന്നു.

28. മരണശിക്ഷ മഹാരാജാവിന്റെ അനുമതിക്കുശേഷമേ നടത്താൻ പാടുള്ളൂ.

ആകെ 34 വകുപ്പുകൾ ഉണ്ടു്. അവ നീതിഭരണത്തിന്റെ കാതുക്ഷമതയ്ക്കു പര്യാപ്തമായിരുന്നു.

വേലുത്തമ്പിയുടെ ലഹളയ്ക്കുശേഷം തിരുവിതാംകൂറിൽ പറയത്തക്ക സൈന്യം ഒന്നും ഉണ്ടായിരുന്നില്ല. മൺറോ രണ്ടു നായർപട്ടാളവും ഒരു കുപ്പിണിഞ്ഞുറപ്പും ഏർപ്പെടുത്തീട്ടു് അവയെ യൂറോപ്യൻ ഉദ്യോഗസ്ഥന്മാരുടെ കീഴിലാക്കി. ഇങ്ങനെ നായന്മാരുടെ സൈന്യസേവനം നാമമാത്രമായി. അവക്ക് കാലക്രമേ പത്തിനു കൃഷി മുതലായ തൊഴിലുകളിൽ പ്രവേശിക്കയോ കൊള്ള, കവർച്ച മുതലായ നിന്ദ്യകർമ്മങ്ങൾകൊണ്ടു് ഉപജീവിക്കയോ ചെയ്യേണ്ടതായിവന്നു. എന്നാൽ ക്ഷുദ്രായ്മക്കവർച്ചക്കാരെ നാട്ടിൽനിന്നു് ഓടിക്കുന്നതിനുവേണ്ടി മൺറോ ഒരു പോലീസുവകുപ്പു് ഏർപ്പെടുത്തി. അതിലേക്ക അല്പാഹാരംതന്നെ, നേരെ ഉത്തരവാദിത്വമുള്ള ഏതാനും ദരോഗ (ഇൻസ്പെക്ടർ)മാരെ നിയമിച്ചു. അതിനുമുമ്പു് സൈനികവകുപ്പുകാർ തന്നെയാണു് പോലീസ്കൃത്യവും വഹിച്ചുവന്നതു്.

ഗതാഗതസൌകര്യം വർദ്ധിപ്പിക്കണമെങ്കിൽ ധാരാളം തോടുകളും പാലങ്ങളും നിരത്തുകളും ഉണ്ടായിരിക്കണമെല്ലോ. അതുകൊണ്ട് പൊതുമരാമത്തുകളുടെ മേൽനോട്ടം വഹിക്കുന്നതിനു കൊല്ലത്തെ സൂപ്പർ ഇൻറെൻഡിങ്ങ് എഞ്ചിനീയരെ ഈ ജോലികഠംക്കായി അദ്ദേഹം നിയമിച്ചു. ആ സായ്പിന്റെ മേൽനോട്ടത്തിൽ കൊല്ലത്തും തിരുവനന്തപുരത്തും റസിഡൻസികഠം പണിയിക്കപ്പെട്ടു.

ലക്ഷ്മീറാണി ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി എന്തു ചെയ്തുകഠം സഹിക്കുന്നതിനും തയ്യാറായിരുന്നു എന്നു താഴെ ചേർത്തിരിക്കുന്ന തിരുവെഴുത്തിൽനിന്നു കാണാം.

".....ആറുകളും തോടുകളും വെട്ടിച്ചു കരം തീർന്നാൽ കുടിയാനവന്മാരുടെ സങ്കടവും തീരും പണ്ടാരവകയ്ക്കു ലാഭമുള്ളതെന്നു കണ്ണുംനല്ലപോലെ വിചാരിച്ചു നിശ്ചയിക്കകൊണ്ടും അക്കാര്യംകൊണ്ടു വിചാരണചെയ്യുമിടത്തിൽ അന്യർക്കു തല്ലുകൂടുമെന്നു നടുക്ക് ബോധിക്കുകൊണ്ടും ഇക്കാര്യം സംബന്ധിച്ചും ഉറപ്പായിട്ട് ഉത്തരവുംകൊടുത്തു് ഇക്കാര്യം വേഗത്തിൽ തയ്യാറായാൽ നന്നു....."

അടിമവ്യാപാരം.

987-ൽ അടിമവ്യാപാരം നിർത്തൽചെയ്തു് ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. അതിനോടുകൂടി സർക്കാരിലേക്ക് ഈടാക്കിവന്ന അടിമപ്പണവും നിർത്തലായി.

രാജകുമാരന്റെ ജനനം.

988-ൽ മഹാറാണിക്കു് ഒരു പുരുഷസന്താനമുണ്ടായി. ആ സംഭവം അറിഞ്ഞപ്പോൾ പ്രജാവലി സന്തോഷസമുദ്രത്തിൽ ആറാടി. മൺട്രോസായ്പിനും അളവറ്റ സന്തോഷം ഉണ്ടായി. ഈ രാജകുമാരനാണു് ചരിത്രപ്രസിദ്ധനായ സ്വാതിതിരുനാൾ മഹാരാജാവു്. അവിടത്തെ ജനനദിവസം ഒരു വെള്ളയാനയെയും പിടിക്കയുണ്ടത്രെ. ഒരു ശുഭശകുനമായി ജനങ്ങൾ ഗണി

മൂന്നുമാസം കഴിഞ്ഞു് പ്രസ്തുത രാജകുമാരനെ മഹാരാജാ
ിനി പ്രഖ്യാപനംചെയ്യാൻ മഹാറാണി നിശ്ചയിച്ചു. എന്നാൽ
ന്നപ്രാശനകർമ്മത്തിനുമുമ്പു് പട്ടിയേറാം നടത്താൻ പാടി
ുന്നു ചില യാഥാസ്ഥിതികന്മാർ വാദിച്ചു. മഹാറാണി അതൊ
ം വകവച്ചില്ല. അന്ധ്രബ്രാഹ്മണരിൽ പലരും അവിടത്തെ
ഭിപ്രായത്തോടു യോജിക്കയാൽ, പട്ടിയേറാം ആഘോഷപൂർവം
ടത്തപ്പെട്ടു. തത്സംബന്ധമായി നടന്ന ഡർബ്ബാറിൽ മഹാറാ
ി കല്പിച്ചുചെയ്ത പ്രസംഗത്തെ ചുവടെ ചേർക്കുന്നു.

"ബഹുമാനപ്പെട്ട ഈസ്റ്റിൻഡ്യാകമ്പനി നീതിപൂർവം പ്രവ
ിച്ചുവരികയാൽ, അവരുടെ ഇച്ഛാനുകൂലം സകലതും സാധി
കൊടുക്കുന്നതിനു ശ്രീപത്മനാഭനു തിരുവുള്ളമുണ്ടായിരിക്കുന്നു.

കുലദൈവമായ ശ്രീപത്മനാഭസ്വാമിയുടെ അനുഗ്രഹാനുസ്മ
രണത്തിനും ഈ ശിശുവിനെ ഞാൻ കമ്പനിക്കാരുടെ ഹസ്ത
ങ്ങളിൽ സമർപ്പിക്കുന്നു. ഇനിമേൽ ഈ രാജശിശുവിന്റെ
ഹുമാനപൂർവമായ പരിരക്ഷണം അവരിൽ ചേർന്നതാണു്.
തിൽ കൂടുതലായി ഞാൻ എന്തുപറയേണ്ടു.

989 മീനം 25-നു."

ഇങ്ങനെ മഹാറാണി അന്നുമുതല്ക്കു് മഹാരാജാവിന്റെ
തിനിധിയായി വാണരുളുകയുണ്ടായി.

തോവാളത്താലൂക്കിലെ കൃഷിപ്പിഴ.

989-മാണ്ടു് തോവാളത്താലൂക്കിൽ ഭയങ്കരമായ ഒരു കൃഷി
ിഴ സംഭവിച്ചു. തന്നിമിത്തം ജനങ്ങൾക്കു ഭ്രമനികുതി കൊടു
ാൻ സാധിക്കാതെവന്നു. റസിഡണ്ടുദിവാൻ ഉടൻതന്നെ വി
രം അന്വേഷിച്ചു റിപ്പോർട്ടുചെയ്യാൻ തോവാള തഹസീൽ
ക്കു് എഴുതി അയച്ചു. ആ റിപ്പോർട്ടു കിട്ടിയ മാത്രയിൽ കരം
ിളവുചെയ്തുകൊടുക്കുന്നതിനെപ്പറ്റി, മഹാറാണിയുടെ അഭി
ായം അദ്ദേഹം കത്തുവഴി ചോദിച്ചു. അതിനു മറുപടിയായി
ങ്ങനെ ഒരു തിരുവെഴുത്തു് അയച്ചുകൊ

"നമുക്ക് സഹോദരതുല്യനായിരിക്കുന്ന മഹാരാജശ്രീ കണ്ണ്ടൽസാഹിബ്ബ് അവർകൾക്ക്—

.....കൊടുത്തയച്ച കടുദാസും തോവാള മണ്ടപത്തു വാതുക്കൽ തഹശീൽദാരുടെറ പേക്ക കർണ്ണൽ അയച്ച പത്തിന്റെറ നക്കൽ കൊടുത്തയച്ചതും വായിച്ചുകേട്ടു അവസ്ഥ അവക്ക് തോവാള മണ്ടപത്തുംവാതുക്കൽ ഈയാണ്ടു കാർശാനാ രണ്ടുപൂവിലും കുറവു എഴുതിക്കൊടുപ്പാനുള്ളതിന്റെ അവസ്ഥകൊണ്ടല്ലോ എഴുതിവന്നതിനാലാകുന്നു. ഇതിന്മണ്ണ ദൈവികമായിട്ടു കൃഷിക്കു പിഴവന്നാൽ സംശയംകൂടാതെ ടിയാനവന്മാക്ക വേണ്ടുന്ന ഒത്താശകഠം ചെയ്തുകൊടുക്കേ നതുതന്നെ ആകകൊണ്ടു ഇപ്പോഠം കർണ്ണൽ ഇപ്രകാരം വിചാരിച്ചു ഏതേതു കായ്യും ഗുണമായിട്ടു ചെയ്തുകൊടുക്കുന്നോ അ നമുക്കും വളരെ സന്തോഷം..... .....

ഇക്കൊല്ലത്തിൽതന്നെ മൺട്രോസായ്പ് ദിവാൻഉദ്യോഗം രാജിവച്ചു. അദ്ദേഹം കൊച്ചിയിലേയും ദിവാനായിരുന്നപ്പോ ന്നും ഇവിടെ നടപ്പിൽവരുത്തിയതുപോലുള്ള പരിഷ്കാരങ്ങ കൊച്ചിയിലും നടപ്പാക്കിയെന്നും സ്മരണീയമാകുന്നു. ഈ രാജ്യങ്ങളെപ്പറ്റിയും അദ്ദേഹത്തിനു് അളവറാ സ്നേഹ ബഹുമാനവും ഉണ്ടായിരുന്നുവെന്നു് വിശേഷിച്ചു പറ വശ്യമില്ലല്ലോ. അദ്ദേഹം ഇന്ത്യവിട്ടു പോയശേഷം, ൽറിൽവെച്ചു നടന്ന ഒരു വിസ്താരത്തിനിടയ്ക്കു്, കൊച്ച ത്തിന്മേൽ ചുമത്തിയിരിക്കുന്ന കപ്പത്തിന്റെറ കാഠിന്യത്തെ പ്പറ്റി വാദിച്ചപ്പോഴായി കാണുന്നതുതന്നെ അതിനു സാക്ഷ്യം ഹിക്കുന്നു. അന്നത്തെ കൊച്ചീത്തമ്പുരാൻ ഗവർണ്ണർ ജന മിനു് അയച്ച ഒരു കത്തിൽ മൺട്രോസായ്പിനെപ്പറ്റി ഇ കാരം പ്രസ്താവിച്ചിരുന്നു:—

"1811-ാമാണ്ടു് കർണ്ണൽ ജാൺമൺട്രോവിനെ നമ്മുടെ രാജ്യത്തു റസിഡണ്ടായി നിയമിച്ചശേഷം അദ്ദേഹത്തിന്റെ അശ്രാന്തപരിശ്രമവും ശ്രദ്ധാപൂർവ്വമായ നോട്ടവും ആണു് മുമ്പത്തെ ദിവാൻജിമാരുടെ ദ്രോഹബുദ്ധിയാലും കൂടകമ്മങ്ങളാ ജനസാഗരത്തിൽ നിമഗ്നമായിരുന്ന നമ്മുടെ രാജ്യത്തെ കരേ

451

റിയതും നമുക്കും നമ്മുടെ കുടുംബത്തിനും പ്രജാവലിക്കും സുഖമായി കാലയാപനംചെയ്യാൻ ഇടവരുത്തിയതും.....[൨]

തിരുവിതാംകൂറിൽ അദ്ദേഹം സാധിച്ചിട്ടുള്ള കാര്യങ്ങളെ എത്രതന്നെ പ്രശംസിച്ചാലും മതിയാവുന്നതല്ല. ഈ രാജ്യത്തു് ഇപ്പോൾ കാണുന്ന ചെറുശ്രദ്ധേയങ്ങൾക്കു കാരണഭൂതന്മാരായ ദിവാൻജിമാരുടെ കൂട്ടത്തിൽ അദ്ദേഹത്തിനും ഒരു മാന്യസ്ഥാനം നല്കാവുന്നതാണു്.

൧൧൦ ചിങ്ങത്തിൽ മഹാറാണിക്കു മറെറാരു പുരുഷസന്താനംകൂടെ ഉണ്ടായി. അദ്ദേഹം അതു് ഉത്രാടംതിരുനാൾ മാർത്താണ്ഡവർമ്മ എന്ന കഥകളിപ്രിയനായ മഹാരാജാവു്.

ദേവൻ പത്മനാഭൻ.

മൺട്രോ ദിവാൻപദത്തിൽനിന്നു നീങ്ങിയപ്പോൾ അപ്പീൽക്കോടതി ജഡ്ജിയായ തേവൻ പത്മനാഭനെ മഹാരാണി ദിവാൻജിയായി നിയമിച്ചു. അദ്ദേഹത്തെപ്പററി കണ്ണൽ മൺട്രോ മദ്രാസ് ഗവണ്മെൻറിലേക്കു ഇപ്രകാരം എഴുതിയിരുന്നു:—

> ശ്രീതിരുവിതാംകൂർ ദിവാൻപദം വഹിക്കുന്നതിനു നോട്ടുള്ള ഒരാളെ കണ്ടുപിടിക്കുന്നതിനു ഞാൻ ഏറിയകാലമായി ശ്രമിച്ചുവരികയായിരുന്നു. മുമ്പു് വടക്കുംഭാഗം സവ്വാധികാരിയായും പിന്നീടു് അപ്പീൽകോടതി ജഡ്ജിയായും ഇരുന്ന തേവൻ പത്മനാഭൻ തൽസ്ഥാനത്തിനു സർവ്വഥാ യോഗ്യനാണെന്നുള്ള എന്റെ അഭിപ്രായം സാധുവാണെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ഇദ്ദേഹം ഉമ്മിണിത്തമ്പിയാൽ വലിയ സവ്വാധികാര്യക്കാരായി നിയമിക്കപ്പെട്ടു. അങ്ങനെ തമ്പിയാൽ നിയമിക്കപ്പെട്ടവരിൽ എനിക്കു വിശ്വസിക്കാൻ കഴിഞ്ഞിട്ടുള്ള അപൂർവം ചിലരിൽ ഒരാളാണു് ഇദ്ദേഹം. തേവൻ പത്മനാഭൻ നല്ല കാര്യജ്ഞാനമുള്ളവനും കർമ്മകുശലനും, സത്യനിഷ്ഠനും അനഹങ്കാരിയും ആകുന്നു. അദ്ദേഹത്തിന്റെ ത്രാണിയിലും സത്യനിഷ്ഠയിലും ഉള്ള വിശ്വാസം നിമിത്തമാണു് റാണിയുടെ അനുമതിയോടുകൂടി ഞാൻ അദ്ദേഹത്തിനെ

പാവ്തിഭായി

ഇതിടെ സ്ഥാപിച്ച നീതിന്യായവകുപ്പിന്റെ അധ്യക്ഷനായി നിയമിച്ചതു്. ആ ഉദ്യോഗത്തിൽ നിയമിക്കപ്പെട്ടതുമുതല്ക്കു് അയാളുടെ നടപടികൾ എന്റെ പ്രതീക്ഷയ്ക്കു അനുകൂലവുമായിരുന്നു."

എന്നാൽ മദ്രാസ് ഗവണ്മെണ്ടിന്റെ അനുമതിലഭിച്ചു മൂന്നുകൊല്ലം കഴിഞ്ഞിട്ടേ ദേവൻപത്മനാഭനെ ദിവാൻജിയായി നിയമിക്കയുണ്ടായുള്ളു. ഒരു കേസുവിചാരണ നടത്തിക്കൊണ്ടിരിക്കവേ അദ്ദേഹം ഒരു പണ്ഡിതനെ ചവിട്ടുകയുണ്ടായത്രേ. ഈ കോപിയായ ഒരാളെ ദിവാൻജിയായി നിയമിച്ചാൽ അപകടമുണ്ടായേക്കുമെന്നു മൺറോ സംശയിച്ചു കാണണം.

അഞ്ചുമാസക്കാലത്തോളം ദിവാൽഉദ്യോഗംവഹിച്ചുശേഷം ദേവൻപത്മനാഭൻ മസൂരിബാധിതനായിട്ടു പരലോകം പ്രാപിച്ചു. അനന്തരം ബാപ്പുറാവു ദിവാൻജോലിക്കുടി നോക്കിവന്നു.

990-ൽ മഹാറാണിക്കു അലസ്യം തുടങ്ങി. വഞ്ചിരാജ്യനിവാസികളുടെ ഭാഗ്യാദരങ്ങൾക്കു പാത്രമായ ഈ സുകൃതിനി അചിരേണ നാടുനീങ്ങി. തിരുവിതാംകൂറിലെ റാണിമാർ പരിഷ്കൃതാശയത്തിൽ ഇതരരാജ്ഞികളെ അതിശയിച്ചിരുന്നു. നാട്ടിനു ദോഷകരമായ മാമൂലുകളെ ധ്വംസിക്കുന്ന വിഷയത്തിൽ രാജ്ഞിമാരാണു് മഗ്ദലർശിനികളായിരുന്നതു്. മോഷ്യാസന്ത്യായം വീട്ടു്, ക്രിസ്ത്യാനികൾക്കു ദർശനം നല്കിയ ഒന്നാമത്തെ റാണി ഗൌരീലക്ഷ്മീഭായി തിരുമനസ്സുകൊണ്ടായിരുന്നു. അതിനുമുമ്പു പാശ്ചാത്യരെ കോട്ടയ്ക്കുള്ളിൽ പ്രവേശിപ്പിക്കാറില്ലായിരുന്നുവെന്നു മാത്രമല്ല അവരെ സ്വീകരിക്കുന്നതിനു പ്രത്യേകം സ്ഥലം പണിയിച്ചിട്ടുമുണ്ടായിരുന്നു.

ഗൌരിപാവ്തീഭായി 990—1004.

ലക്ഷ്മീഭായി തിരുമനസ്സുകൊണ്ടു നാടുനീങ്ങിയ അവസരത്തിൽ അവിടുന്നു തന്റെ ഭർത്താവിനെ സമീപത്തു വിളിച്ചു് സഹോദരിയായ പാവ്തീറാണിയേയും മകളായ രുഗ്മിണിഭായിയേയുംരണ്ടു രാജാക്കന്മാരേയും അദ്ദേഹത്തിനെ ഏല്പിച്ചു. പാവ്തീറാണിക്കു അപ്പോൾ കഷ്ടിച്ചു പതിമ്മൂന്നുവയസ്സുപ്രായമേ ഉണ്ടു

യിരുന്നുള്ളൂ. ഈ ചെറുപ്രായത്തിൽതന്നെ തന്തുരാട്ടിക്കു രാജപ്രതിനിധിയായി വാഴേണ്ടിവന്നു. എന്നാൽ രാജരാജവർമ്മ കോയിത്തമ്പുരാന്റെയും മൺട്രോസായ്പ്പിന്റെ ഉപദേശം സ്വീകരിക്കുന്നതിലുപരി ഭരണകാര്യത്തിൽ ഒന്നും നോക്കിയിട്ടില്ല.

റാണി സുശീലയും സഹോദരിയെപ്പോലെതന്നെ ബുദ്ധിമതിയും ആയിരുന്നു. അവിടുന്ന് ഭരണം ഏറെ ഉടനെതന്നെ ശങ്കരുണ്ണാവി എന്നു വിളിച്ചുവന്ന സുബ്ബയ്യൻ ശങ്കരനാരായണയ്യനെ ദിവാൻജിയായി നിയമിച്ചു നീട്ടുകൊടുത്തു. എന്നാൽ അദ്ദേഹം ആ ജോലിക്കു തീരെ പോരാത്തവനായി കണ്ടപ്പെട്ടതുകൊണ്ടു റസിഡണ്ടിന്റെ അനുമതിയോടുകൂടി അവിടുന്ന ഹുജൂർക്കോടതി ജഡ്ജിയായ രാമൻമേനോനെ തൽസ്ഥലത്തു നിയമിച്ചു.

രാമൻമേനോൻ നല്ല കാര്യശേഷിയും തൻറേടവും ഉള്ളവനായിരുന്നു. എന്നാൽ അദ്ദേഹത്തിനും ദിവാൻ ഉദ്യോഗത്തിൽ ചിരകാലം ഇരിക്കാൻ സാധിച്ചില്ല. അന്നു കൊല്ലത്തു കച്ചവട എജൻറായിരുന്ന കാപ്ടൻഗോർഡിന്റെ നടപടികളിൽ ദിവാനു് അപ്രീതി ജനിച്ചതുനിമിത്തം അദ്ദേഹത്തിനും മൺട്രോസായ്പ്പിനും തമ്മിൽ നീരസമുണ്ടായി. ഈ അവസരം നോക്കി ദിവാൻപേഷ്കാർ റഡ്ഡിരായർ രാമൻമേനോനെ സ്ഥാനഭ്രഷ്ടനാക്കാൻ ശ്രമങ്ങളും തുടങ്ങി. ആ ശ്രമങ്ങൾ ഫലിക്കാതിരുന്നതില്ല. റസിഡണ്ടിന്റെ നിർബന്ധത്താൽ രാമൻമേനോൻ രാജിസ്സമർപ്പിക്കുവാൻ താഴ്ത്തപ്പെട്ടു. എന്നാൽ അദ്ദേഹം ഉടൻതന്നെ ജോലി രാജിവച്ചുതല്ലാതെ പുതിയ ഉദ്യോഗത്തിൽ പ്രവേശിച്ചതേ ഇല്ല.

മഹാറാണി ദിവാൻ രാമൻമേനോന്റെ ഗുണഗണങ്ങളെ അഭിനന്ദിച്ചു് അരിപ്പാട്ടിനു സമീപം കരുവാറ എന്ന സ്ഥലത്തു തോമല്ലൂർ എന്ന പുരയിടവും അതിനോടുതൊട്ടു പതിനാലു മുറിപുരയിടങ്ങളും ഒരു തോപ്പും 144 പറ 8 എടങ്ങഴി നിലവും കല്പിച്ചുകൊടുത്തതിനും പുറമേ ഒരു ഗൃഹവും പണിയിച്ചു കൊടുക്കയുണ്ടായി. ഇതു 991-ാമാണ്ടു് മീനം 29-ാംനു- അനുവദിച്ചതു.

മൺട്രോസായ്പ്പു് നാട്ടിനു വളരെ നന്മ ചെയ്തിട്ടുണ്ടെങ്കിലും വിദേശീയ ദിവാൻജിമാരുടെ ആക്രമണം അനുഭവത്തിലുണ്ടാ

ഉണ്ടായത്തു. 992-ാമ-
ദിവാൻജിയായി. റസിഡൻ-
നാൽ അദ്ദേഹം സായ്പിന്റെ ഇഷ്ട
നടത്തിവന്നു. ഏതാണ്ടു് അരുമാസത്തെ
ഉദ്യോഗത്തിൽനിന്നു പിരിഞ്ഞു് ഇംഗ്ലണ്ടിലേ-
കണ്ണൽമാക്കഡോവ്വൽ തൽസ്ഥാനത്തു നിയമിക്കപ്പെ
ചെയ്തു.

റഡ്ഡിറാവു അഥവാ വെങ്കിട്ടറാവുവിന്റെ കാലത്തും ചില പരിഷ്കാരങ്ങൾ നടന്നു. പരമാർത്ഥത്തിൽ അവയ്ക്കു കാരണഭൂതൻ തിരശ്ശീലയ്ക്കുള്ളിൽനിന്നു പ്രവർത്തിച്ചു മൺറോസായ്പു തന്നെ ആയിരുന്നു. ഇക്കാലത്തു മഹാറാണി ഏതാനും തിരുവെഴുത്തുവിളംബരങ്ങളാൽ, ഹിന്ദുക്ഷേത്രങ്ങൾക്കുവേണ്ടി ക്രിസ്ത്യാനികൾ ചെയ്തുപോന്നിരുന്ന ഉഴിയങ്ങൾ നിർത്തലാക്കുകയും ക്രിസ്ത്യാനികൾക്കു ഞായറാഴ്ച കഴിവു ദിവസമാക്കുകയും, സർക്കാരണങ്ങൾ മുല്ലാജാതിക്കാർക്കും ധരിച്ചുകൂടെന്നുള്ള ഏർപ്പാടു നിർത്തുകയും, ദേവസ്വംവക വസ്തുക്കൾ അനുഭവിച്ചുവന്ന ചെട്ടിമാരും മറ്റും കൊടുത്തുപോന്ന വിശേഷവരികൾ വേണ്ടെന്നു വെയ്ക്കുകയും ചെയ്തു.

കരണങ്ങൾക്കു സർക്കാർ മുദ്രയൊട്ടുകുടിയ ഓലകൾ നടപ്പാക്കിയതും, കാപ്പികൃഷി നാട്ടിൽ പ്രചരിപ്പിച്ചതും ലക്ഷ്മീറാണിയുടെ കാലത്തു ഏർപ്പെടുത്തിയ അച്ചുകൂത്തിനു പ്രചാരം വരുത്തിയതും ഈ ദിവാൻജിയായിരുന്നു.

കണ്ണൽമൺറോവിന്റെ കാലത്തു ക്രിസ്തുമതത്തിനു് അഭൂതപൂർവ്വമായ പ്രചാരം ഉണ്ടായിയെന്നു് ഈ അവസരത്തിൽ പ്രത്യേകം സ്മരണീയമാകുന്നു. ക്രിസ്ത്യാനികളെ ധാരാളമായി ഉദ്യോഗത്തിൽ പ്രവേശിപ്പിച്ചതുകൂടാതെ ക്രൈസ്തവമതപ്രചാരകന്മാർക്കു കഴിയുന്ന പ്രോത്സാഹനങ്ങൾ അദ്ദേഹം ചെയ്തുകൊടുക്കയും ചെയ്തു. അദ്ദേഹത്തിന്റെ പ്രേരണയാലാണു് മഹാറാണി കല്ലടയിലെ മൺറോത്തുരുത്തു് എന്ന പ്രദേശം ക്രിസ്ത്യൻമിഷൻ സൊസൈറ്റിക്കു വിട്ടുകൊടുത്തതു്.

ഷിൽ ചെന്നെത്തിയ
. 1858 ജനുവരി 26-ാംതെ
ഭട്ടാരത്തിന്റെ സ്മാരകമായി 36-ാ
ാമ്പൂരാൻ കായലുകൾതോറും പഥികന്മാ
ത്ഥം വിളക്കുമരങ്ങൾ സ്ഥാപിക്കയുമുണ്ടായി.

ഥാറാണിക്കു് ഇക്കാലത്തിനിടയ്ക്കു ഭരണവിഷയകമായ
ാഭിജ്ഞാനം ഏറെക്കുറെ സിദ്ധിച്ചുകഴിഞ്ഞു. തന്മൂലം അവി
ട്ടുത്തേക്കു ദിവാൻജിയിൽ അല്പാല്പം അവിശ്വാസവും ജനിച്ചു
ുടങ്ങി.

പുതിയ റസിഡണ്ടായ മാക്കഡെഴവ്വലും തന്റെകൂടെ
വെങ്കിട്ടരായർ എന്നൊരാളെ കൊണ്ടുവന്നിരുന്നു. അദ്ദേഹം
ദിവാൻ വെങ്കിട്ടരായരേക്കാൾ ബുദ്ധിമാനായിരുന്നതിനാലും,
റസിഡണ്ടിന്റെ വിശ്വാസപാത്രമായതുകൊണ്ടും കൊട്ടാരത്തി
ലെ സേവനിഷ്പ്രയാസം സമ്പാദിക്കയും ആ വഴിക്കു ദിവാൻ
ജിയുടെ അസിസ്റ്റൻറു് എന്ന നിലയെ അചിരേണ പ്രാപിക്ക
യും ചെയ്തു. അതിനോടുകൂടി ദിവാന്റെ അധികാരശക്തി
ക്രമേണ കുറഞ്ഞുവന്നു.

ദിവാൻപേഷ്കാർ വെങ്കിട്ടരായരുടെയും എല്ലാവരുടേയും
പ്രീതിസമ്പാദനത്തിനായി സമ്പാദിക്കാൻവേണ്ടി ഉറപ്പു ശ്രമിച്ചു
കൊണ്ടാണിരുന്നതു്. ശ്രീപദ്മനാഭസ്വാമിക്ഷേത്രം പുതുക്കിപ്പണി
കഴിപ്പിക്കുക, ഉത്സവം പരിഷ്കരിക്കുക, എഴുന്നള്ളത്തു പലവിധ
ത്തിൽ മോടിപിടിക്കുക ഇത്യാദി കാര്യങ്ങൾ കൊട്ടാരത്തിനോടു
ബന്ധപ്പെട്ടവരേയും ബ്രാഹ്മണരേയും അത്യധികം പ്രീണിപ്പിച്ചു.
ഇതൊക്കെക്കണ്ടു് ദിവാൻജി ഭയാകുലനായെന്നു പറയേണ്ടതി
ല്ലല്ലോ.

അന്നു കൊച്ചീദിവാൻജിയായിരുന്നതു് മൺട്രോവിന്റെയും
മാക്കഡൌവല്ലിന്റെയും മിത്രമായിരുന്ന നഞ്ചപ്പയ്യാവായിരുന്നു.
കണ്ണൽവെൽഷ് പ്യൂനയാൾ അദ്ദേഹത്തെ കള്ളക്കുറുനരി എന്നു
നാമകരണം ചെയ്തിരുന്നതിൽനിന്നു് അയാളുടെ സ്വഭാവത്തെ
ക്കുറിച്ചു നമുക്കു ഊഹിക്കാം. അയാളോടു മാക്കഡൌവലിനും
പ്രീതിയുണ്ടായിരുന്നു.

അക്കാലത്ത് കൊച്ചിയും തിരുവിതാംകൂറും തമ്മിൽ ഇടപ്പള്ളി എടവകയുടെ മേല്പോയ്മയേപ്പറ്റി ഒരു വലിയ തർക്കമുണ്ടായി. അതിൽ നമ്പ്യച്ചന്മ മഹാമനസ്കതയോടുകൂടി പെരുമാറിയെന്നു കാണുന്നു. എന്നാൽ ഇടിയറമലയെപ്പറ്റിയുണ്ടായ അവകാശത്തർക്കത്തിൽ അദ്ദേഹം തിരുവിതാംകൂറിലേക്കു ചില സഹായം ചെയ്തുകൊടുത്തുവെന്നും മഹാറാണിക്കു ബോധം വരികയാൽ, അവരുടെ പേരിൽ കൊട്ടാരത്തിലും വലിയ തൃപ്തിയുണ്ടായിരുന്നു. മലയേപ്പറ്റിയുണ്ടായ വാദത്തിന്റെ തീർച്ചയെ അടിസ്ഥാനപ്പെടുത്തി കൊച്ചീക്കാർ നമ്പ്യച്ചന്മയുടെ പേരിൽ ചില അപരാധങ്ങൾ പറഞ്ഞിട്ടുള്ളതുകൊണ്ടു് ഈ സംഭവങ്ങളേ ഇവിടെ വിവരിക്കാതെ തരമില്ല.

928-ാമാണ്ടുവരെ എടപ്പള്ളി എളങ്ങല്ലൂർസ്വരൂപം കൊച്ചിയുടെ കീഴിലായിരുന്നു. അന്നത്തെ തിരുവിതാംകൂർ മഹാരാജാവു് ചില വടക്കൻ ദിക്കുകളെ കീഴടക്കിയ കൂട്ടത്തിൽ എടപ്പള്ളിയും ഉൾപ്പെട്ടു. എന്നാൽ എടപ്പള്ളിയുടേയും കൊച്ചിയുടേയും അതിർത്തികൾ എടകലർന്നിരുന്നതുകൊണ്ടു് കുത്തകസ്വാധീനങ്ങളുടെ വ്യാജമായ വ്യാപാരംവർദ്ധിക്കുന്നതിനും അതിർത്തിയെ സംബന്ധിച്ചു കൂടക്കൂടെ ശണ്ഠകൾ ഉണ്ടാകുന്നതിനും ഇടയായി. അതിനാൽ കൊച്ചീരാജാവു് 99-ാമാണ്ടു് എടവം 19-ാംനു റാഡിഫണ്ടർ താഴെപ്പറയുന്ന ഒരു തീട്ടൂരം അയച്ചു.

"ശ്രീമത് സകലഗുണസമ്പന്നരായ സകലധർമ്മപരിപാലകരും, മിത്രമനോരഞ്ജിതരായ അഖണ്ഡിതപ്രതാപശ്രീപ്രസന്നരായ മഹാമേരുസമാനധീരരായ രാജമാന്യരാജശ്രീകണ്ണൻ മക്കുഡുവാൾ സായ്പ് അവർകൾക്കു കൊച്ചീ വീരകേരളരാജാവവർകൾ സലാം.

എടപ്പള്ളി രാജ്യം മുമ്പിനാലേ നമ്മുടെ കീഴായിട്ടു വരുമ്പോൾ 974-ാമാണ്ടു മുതലുള്ള തിരുവിതാംകൂർ സംസ്ഥാനത്തുനിന്നും നമ്മുടെ രാജ്യത്തേക്കു തകരാറായിട്ടുവന്ന സംഗതിയാൽ അവർ എടപ്പള്ളി നമ്പ്യാതിരിയെ തിരുവിതാംകൂർ [illegible] രാജ്യത്തിൽ എടകലർന്നിട്ടുള്ളതാകകൊണ്ടു് [illegible]

വാങ്ങിക്കുന്നതിനും പണ്ടാരവക സംഖ്യായമായിട്ടുള്ള ചാരക്കുകൾ വിളിക്കുന്നതിനും രണ്ടേടത്തേക്ക് ഏറ്റവും തക്കതകരാറുകൾ ആയിട്ടു വന്നിരിക്കുന്നു. മേലാൽ ഏടപ്പുള്ളിരാജ്യം മുന്നിലത്തെപ്പോലെതന്നെ നമ്മുടെ കീഴായിട്ടു അക്കിവെച്ചുപോരുകയും ഇപ്രകാരമുള്ള തകരാറുകൾ ഒന്നുംകൂടാതെ പണ്ടത്തെപ്രകാരം നടക്കുന്നതാകകൊണ്ടു തങ്ങളുടെ മനസ്സുകൊണ്ടു അതിനുണ്ണം അക്കിഞ്ഞതുവിച്ചാൽ നാം സന്തോഷത്തോടുകൂടി ഏടപ്പുള്ളിരാജ്യത്തിൽനിന്നും തിരുവിതാംകൂർസംസ്ഥാനത്തേക്കു 7579½ കലാപണം മുതൽക്കുട്ടുള്ളതു ആണ്ടുതോറും കൊടുപ്പിക്കയും ചെയ്യും. അയതു അല്ലെങ്കിൽ ആ വക പണത്തിനുള്ള വക ഒടമ്പടി ചെയ്യുന്നതിനു കാണിച്ചുവച്ചുകൊടുക്കയും ചെയ്യും. ഏടപ്പുള്ളിനമ്പ്യാതിരിക്കു ഇപ്പോൾ നടന്നുവരുന്ന മത്സ്യാദകൾക്കു ഒന്നിനും കുറവു വരാതെ ഒക്കയും നാം തന്നെ വിചാരിച്ചു നടത്തിച്ചുകൊള്ളുകയും ആപിന്നത്തേതിൽ ഏതെങ്കിലും വേണ്ടിവന്നാൽ ബ്രിട്ടീഷ്ഗവർമ്മെൻറാർ അവർകളുടെ അനുവാദപ്രകാരമല്ലാതെ ചെയ്കയും ഇല്ല. അയതുകൊണ്ടു രങ്ങൾ ദയവുചെയ്തു താൽപ്പര്യമായിട്ടു വിചാരിച്ചു, ഇനിമേൽ ഏടപ്പുള്ളിരാജ്യം നമ്മുടെ കീഴായിട്ടു വിചാരിച്ചു നടത്തിക്കുന്നതുക്കവണ്ണം ബ്രിട്ടീഷ്ഗവർമ്മെൻറാർ അവർകളുടെ അനുവാദത്തോടുംകൂടി നിദാനം വരുത്തിത്തരികവേണ്ടിയിരിക്കുന്നു. എന്നാൽ ഈ കാകിതം അവിടെ എത്തിയ അവസ്ഥയ്ക്കും തങ്ങൾ ശരീരസൌഖ്യത്തോടുകൂടി സന്തോഷമായിരിക്കുന്ന വർത്തമാനങ്ങൾക്കും എഴുതിവരികയും ചെയ്യുമല്ലോ."

റസീഡണ്ടു മാക്ഡൊവ്വൽ ഈ കത്തുവച്ചുകൊണ്ടു കൊച്ചീക്കു അനുകൂലമായ തീർച്ച ചെയ്യേണ്ടതാണെന്നു മദ്രാസ് ഗവണ്മെണ്ടിലേക്കു ശുപാർശചെയ്തു. മഹാറാണിക്കും ഏടപ്പുള്ളി രാജാവിനും ഈ വിഷയത്തിൽ വിപരീതാഭിപ്രായം ഉണ്ടെന്നും ഈ കത്തിൽ വിശദമായി കാണിച്ചിരുന്നു. ഇതുയും [illegible]ൽനിന്നു റസിഡണ്ടു നഞ്ചപ്പയ്യന്റെ പ്രേരണയ്ക്കു വശം[illegible]നു എന്നു തീർച്ചയാണു്. മദ്രാസ്സ് ഗവണ്മെൻറാ[illegible] നിർദ്ദേശിച്ചു മാറാത്തെ സമ്മതിച്ചുവെന്നു

ചാറയേണ്ടതില്ലല്ലൊ. ഇങ്ങനെ
യുടെ കീഴിലായി. എന്നാൽ അതു സ
ചെയ്യുതുടങ്ങിയമാത്രയിൽ അതു് തനിക്കു
തിരുവിതാംകൂർ രാജാക്കന്മാരിൽനിന്നു തൻറെ
സിദ്ധിച്ചിട്ടുള്ള അനുഗ്രഹങ്ങളെ താൻ ഒരുകാലത്തു
ല്ലെന്നും .മറും എടപ്പള്ളിരാജാവു് രസിഡണ്ടിനും
ആയച്ചു. തൻറെവാധീനംകൊണ്ടു് അപ്പോഴേക്കു മാക്ഡൊവൽ
മരിച്ചുപോകയാൽ പുതിയ രസിഡണ്ടു് കണ്ണൻ നൂവാൽ അ
അപേക്ഷയെ മദ്രാസ് ഗവണ്മെൻറിലേക്കു അയച്ചുകൊടുത്തു.
കാര്യങ്ങളുടെ സ്ഥിതിഗതികൾ ഇപ്പോഴാണു് ഗവണ്മെൻറു്
ശരിയായി ധരിച്ചതു്. അതിനാൽ അതുവരെ അനുഭവിയെ
അസ്ഥിരപ്പെടുത്തിട്ടു് അവർ വിവരം നൂവാലിനേയും നഞ്ചപ്പ
നുയേയും ധരിപ്പിച്ചു.

ഇതിനിടയ്ക്കാണ് ദിവാൻ റഡ്ഡിരായർ നഞ്ചപ്പനെ
തിരുവിതാംകൂറിലേക്കു ക്ഷണിച്ചതു്. അദ്ദേഹം വഴി[redacted]
സ്ഥാനം ഉറപ്പിക്കണമെന്നു മാത്രമേ ദിവാൻജിക്കു്
ണ്ടായിരുന്നുള്ളൂ. കൊല്ലത്തുവച്ചു രണ്ടു ദിവാൻജി
ഡണ്ടുംകൂടി ഇടിയറമാടമലയെ സംബന്ധിച്ചു് അ
ത്തിയെന്നും തൽഫലമായി അമല കൊച്ചിയിൽ
താംകൂറിലേയ്ക്കു വിട്ടുകൊടുത്തുവെന്നും അതിനു
ന്നോണം മഹാറാണി നഞ്ചപ്പനുക്കു പറവൂർ മ
ക്കര ചേന്ദ കിടാമങ്ങലത്തു പാട്ടം 6000 പറ
ന്നും 995 കക്കടകം 1-ാംനു കരമൊഴിവായി ൈ
അരങ്ങു് നഞ്ചപ്പനുയുടെ പേരിൽ പറഞ്ഞുവരുന്ന

രാജകുമാരന്മാരുടെ വിദ്യാഭ്യാസം.

ചങ്ങനാശ്ശേരി രാജരാജവർമ്മ കോയിത്തമ്പുരാ
നോട്ടത്തിൽ രാജകുമാരന്മാരും കുമാരികളും സംഗീതം,
ത്രം മുതലായ കലകളിൽ അപാരമായ പാണ്ഡിത്യം,
കിച്ചു. സംസ്കൃതത്തിനു പുറമേ, ഇംഗ്ലീഷ്, ഹിന്
പേർഷ്യൻ, തെലുങ്കു്, കന്നാടകം, മഹാരാഷ്ട്ര
ഭാഷകളും രാജകുമാരന്മാർ പഠിച്ചുകൊണ്ടിരുന്നു.

ച്ചിക്കെട്ട്.

കൊച്ചുതമ്പുരാട്ടിക്കു പത്തുവയസ്സു തിക
ച്ചിക്കെട്ടിനുള്ള ഒരുക്കങ്ങൾ തുടങ്ങി. ദിവാൻ
ിന് തൽസംബന്ധമായ സകല ചുമതലകളും
രാജകുടുംബത്തിലെ ഏക സ്ത്രീസന്താനമായിരുന്ന
തമ്പുരാട്ടിയുടെ പള്ളിക്കെട്ടുത്സവം നാലുദിവസംകൊണ്ടു
സമാപിച്ചാൽ പോരെന്നു വിചാരിച്ചു് പതിനാലുദിവസ
ത്തോളം ആഘോഷങ്ങൾ നടത്തി. തദവസരത്തിൽ ഇവിടെ
ഉണ്ടായിരുന്ന കണ്ണൽവെൽഷ് ഈ ആഘോഷങ്ങളെപ്പറ്റി
ഇപ്രകാരം എഴുതിയിരിക്കുന്നു.

"കർണ്ണൽമൺട്രോവിനു പകരം ഇംഗ്ലീഷ് റസിഡണ്ടായി
നിയമിക്കപ്പെട്ട മേജർ സതർലണ്ടു് മാക്ഡൂവലിനെ കാണ്മാ
നായി ഞാൻ തിരുവനന്തപുരത്തേക്കു പോകയായിരുന്നു.
ദ്ദേശ്യം വന്നുചേർന്നിരുന്നില്ല. അതുകൊണ്ടു ഞാൻ
ട്ടാളം കമാൻഡരായ മേജർമാക്കിയാഡിനോടു
തസമയം അലപ്പുഴയിലെ വാണിജ്യം എ
ഗോർഡനാണു് അക്കിംഗ് റസിഡണ്ടായി പാ
ിരുന്നതു്. 1819 മേ ഇരുപതാംതീയതി ഞാൻ
ന മാക്ഡൂവലിന്റെ വരവിനെ പ്രതീക്ഷി
ക്കു റാണിയിൽനിന്നു ഒരു ക്ഷണക്കത്തു കിട്ടി.

* *

ക്കൽ ഇറങ്ങീട്ടു് ഞങ്ങൾ പ്രത്യേകം തയ്യാ
ഒരു കെട്ടിടത്തിനുള്ളിലേക്കു നയിക്കപ്പെട്ടു;
ജതസിംഹാസനത്തിൽ തിരുവിതാംകൂറിലെ
സരസ്സയും ആയ റാണി ഇരുന്നിരുന്നു. റാണി
പൂർവ്വം സ്വീകരിച്ചു. ക്യാപ്റ്റൻ ഗോർഡൻ
ഞങ്ങളെ പരസ്പരം പരിചയപ്പെടുത്തിയ ശേഷം
നസ്ഥരായി. രണ്ടു മണിക്കൂർ നേരത്തോളം ഞങ്ങൾ
വിനോദിച്ചു. * *

മാരന്മാർ തദവസരത്തിൽ സന്നിഹിതരായി
രാളായിരുന്ന യഥാർത്ഥരാജ്ഞ്യാവകാശി. അദ്ദേ

ഛത്തിന്റെ ഇപ്പോൾ ഒൻപതുവയസ്സു
മൊലനാണു്; മറെറ രാജകുമാരനു മൂന്നുനാലുവയ
ുള്ളു. ഈ രണ്ടു കുമാരന്മാരും യാതൊരു സങ്കോചവും
എന്റെ മടിയിൽ കയറി ഇരുന്നു.

* * *

മഴക്കാലമായിരുന്നതിനാൽ വെടിക്കെട്ടു നന്നായില്ല.
ഷിന്നാൽ മഹാറാണിയുടെ സൌജന്യവും സൌശീല്യവും നിമി
ത്തം ആ നിരാശ തീരെ വിസ്മൃതമായി.

* * *

രാത്രി പതിനൊന്നുമണിയോടുകൂടി ഞങ്ങൾ യാത്ര പറഞ്ഞ
പ്പോൾ അടുത്ത ദിവസം ചെല്ലുണമെന്നു് റാണി ക്ഷണിച്ചു.
ഷിന്നാൽ ഞങ്ങളുടെകൂടെയുള്ള സ്ത്രീകളിൽ കരാർക്കു സുഖമില്ലാ
തിരുന്നതുകൊണ്ടു് 22-ാംനു രാത്രി എട്ടുമണിക്കാണു് പിന്നീടു്
കൊട്ടാരത്തിൽ പോയതു്. അന്നു് മന്നാന്തരം വെടിക്കെട്ടു
പ്രയോഗം ഞങ്ങൾ കണ്ടു. * *

25-ാംനു എന്റെ മാന്യസുഹൃത്തായ മേജർമാക്സ്വെൽ
ബംഗാളിൽനിന്നു മദ്രാസുവഴിക്കു വന്നുചേർന്നു. അടുത്ത ദിവസം
ജ്യോഹനത്തിൽ അദ്ദേഹം റാണിയുമായുള്ള പ്രഥമ സന്ദർശന
ത്തിനു പോയപ്പോൾ ഞാൻകൂടെ സഹഗമിച്ചു. ബ്രിട്ടീഷ്ഗവ
ണ്മെണ്ടിന്റെ പ്രതിനിധിയായ അദ്ദേഹത്തിനെ ബഹുമാന
പൂർവ്വം സ്വീകരിക്കുന്നതിനു് നാട്ടിലെ മാന്യജനങ്ങൾ എല്ലാം
സന്നിഹിതരായിരുന്നു; പട്ടാളം അണിനിരന്നു് അദ്ദേഹത്തെ
അദരപൂർവ്വം അഭിവരിച്ചു. ഇതെല്ലാം കണ്ടു് എനിക്കു് അളവറ
ഞ്ഞാശ്ചര്യമുണ്ടായി. റാണിയും യൂറോപ്യന്മാരും മാത്രമേ ഇരു
ന്നുള്ളു. ഇപ്പോൾ കല്യാണം നടത്തിയ തമ്പുരാട്ടിയ്ക്കും, ഭരനും,
റാണിയുടെ അച്ഛനും ഭർത്താവിനും ദിവാനും എന്നുവേണ്ട
മറാക്കും ഇരുപ്പുനല്കിയിരുന്നില്ല. രണ്ടു രാജകുമാരന്മാരും റവ
ണ്ടിനോടു സംസാരിച്ചു.

* * *

പള്ളിക്കെട്ടു ഇത്ര ഭംഗിയായി നടത്തിയതിനെ അഭിന
ന്ദിച്ചു് മഹാറാണി റെഡ്ഡിരായക്കു ചെങ്കോട്ടത്താലൂക്കിൽ രണ്ടു

ാരയരെ സ്ഥാനഭ്രഷ്ടനാക്കുന്ന
...ക്കലായിരുന്ന വെങ്കിട്ടരായർ ഈ തക്കം
ഡണ്ടിനോട് ഏഷണി പറഞ്ഞു. രാമൻമേനോ
ച്ചരണയും ഉണ്ടായിരുന്നു എന്നു തോന്നുന്നു. റസിഡണ്ടോ
, ദിവാൻ മാനിഭം വാങ്ങിയതു ശരിയായില്ലെന്നു ആക്ഷേപി
ിനു പുറമേ ഈ സ്ഥലങ്ങളെ തിരിച്ചു ഗവണ്മെണ്ടിനു കൊടു
,ന്നും നിർബന്ധിച്ചു. ഇതു റെഡ്ഡിരായക്കു അപമാനകര
യി തോന്നുകയാൽ അദ്ദേഹം രാജിവച്ചുകളഞ്ഞു. ഇങ്ങനെ
ഷണിവഴിക്കു സമ്പാദിച്ച സ്ഥാനം അതേമാർഗ്ഗത്തിൽതന്നെ
ദ്ദേഹത്തിനു നഷ്ടമായി.

997-ൽ ദിവാൻപേഷ്കാർ വെങ്കിട്ടരായർ ദിവാൻജിയായി
മിക്കപ്പെട്ടു. കുടിയാനവന്മാരിൽനിന്നു കരക്കുടിശിക വക
ിൽ ഈടാക്കാനുണ്ടായിരുന്ന തുക മുഴുവനും ഇളവുചെയ്തുകൊ
ടുക്കുന്നതിനു് അദ്ദേഹം മഹാറാണിയോടു അപേക്ഷിച്ചു. ഇതു
നിമിത്തം അദ്ദേഹം പെട്ടെന്നു പൊതുജനങ്ങളുടെ ബഹുമാന
ത്തിനു പാത്രീഭവിച്ചു. ഇങ്ങനെ ശുഭമായ രീതിയിൽ ആരംഭിച്ചു
ഉദ്യോഗജീവിതം മഹാറാണിക്കും റസിഡണ്ടിനും പ്രജകൾക്കും
ഒരുപോലെ തൃപ്തികരമായിതീർന്നു. അദ്ദേഹം ജനങ്ങളുടെ സങ്ക
ടനിവാരണത്തിൽ സദാ ഉത്സുകനായിരുന്നു. അദ്ദേഹത്തിനെ
ക്കണ്ടുകണ്ടു് സങ്കടം ബോധിപ്പിക്കുന്നതിനുള്ള സൌകര്യം
എല്ലാവർക്കും ലഭിച്ചു. റവന്യൂ, നീതിഭരണം ഇവയെ സംബ
ന്ധിച്ചു വെങ്കിട്ടരായക്കു വിപുലമായ പരിചയവും ജ്ഞാനവും
ഉണ്ടായിരുന്നതിനാൽ ആ വകുപ്പുകൾ കാര്യക്ഷമമായ വിധ
ത്തിൽ പരിഷ്കരിക്കപ്പെട്ടു.

ദിവാന്റെ സ്ഥിരതാമസം കൊല്ലത്തായിരുന്നു. ഹുജൂർ
കച്ചേരി മുതലായവ അക്കാലത്തു ആ നഗരത്തിലായിരുന്നു
സ്ഥിതിചെയ്തിരുന്നതു്. എല്ലാ തുറകളിലേയും ഭരണം അദ്ദേഹം
ശ്രദ്ധാപൂർവ്വം പര്യവേക്ഷണംചെയ്തുവന്നു.

കണ്ണൽവെൻഷ് വെങ്കിട്ടരായരെപ്പറ്റി ഇപ്രകാരം പ്രസ്താ
വിച്ചിരിക്കുന്നു.

"..... ഇപ്പോഴത്തെ ദിവാൻജി വളരെ സുമുഖനും
മര്യാദയുള്ളവനുമായ ഒരു കണ്ണാടകബ്രാഹ്മണനാണു്. അദ്ദേഹ

സ്വാതിതിരുനാൾ.

ത്തിന്റെ പേര് വെങ്കിട്ടരായർ എന്നാകുന്നു. ഇൻഡ്യയിൽ എവിടെക്കു പോകാൻ ഇടവന്നിട്ടുള്ള എറവും കുശാഗ്രമതികളും അദ്ദേഹത്തിന്റെ അടുക്കൽ ഒരുപോലെയാണ്. ഇംഗ്ലീഷു ഭാഷയും മറ്റും പഠിപ്പിക്കുവാൻ അദ്ദേഹത്തിനു വാശിയുണ്ട്. രാജ്യത്തിന്റെ രക്ഷാഭരണത്തിനും അഭിവൃദ്ധിക്കും വേണ്ടി പ്രവർത്തിക്കുന്ന വിഷയത്തിൽ അദ്ദേഹം വലിയ ജാഗ്രതനായിരിക്കുന്നു."

999 ൽ റസിഡണ്ടു് നോർത്ത് മലബാറിൽനിന്നയച്ച റിപ്പോർട്ടിൽ ഇങ്ങനെ കാണുന്നു:—

"മേൽപറഞ്ഞ പ്രസ്താവനയിൽ നിന്നു ഞാൻ ഉൽസുകയായിരിക്കുന്നു. ഈ വിഷയത്തിൽ രാജ്യത്തെ സദുദ്ദേശങ്ങളെ ദിവാൻ വെങ്കിട്ടരായർ പൂർണ്ണമായി നിർവഹിച്ചുവരുന്നു. തന്റെ ചുമതലയിലിരുന്നപ്പെട്ട ഗൗരവമേറിയ കാര്യങ്ങളെ നിർവഹിക്കുന്ന വിഷയത്തിൽ അദ്ദേഹം പ്രദർശിപ്പിച്ചിട്ടുവരുന്ന ശ്രദ്ധയും ശ്രമവും അത്യന്തം പ്രശംസാർഹമാണ്. നാനാജാതിമതസ്ഥരായ വഞ്ചിരാജ്യനിവാസികൾക്കു ദീർഘകാലമായി അവിജ്ഞാതമായിരുന്ന രക്ഷയും, സമാധാനവും ക്ഷേമവും ഇപ്പോൾ ലഭിച്ചിരിക്കുന്നു എന്നു സധൈര്യം പറയാം.

"ഈ ദിവാന്റെ കാലത്താണ് പടവുർകായലിനേയും കൊല്ലംകായലിനേയും സംബന്ധിപ്പിക്കുന്ന ഒരു തോടും തിരുവനന്തപുരത്തെ കഠിനംകുളം കായലിനോടു ബന്ധിപ്പിക്കുന്ന മറെറാരു തോടും വെട്ടിച്ചതു്. 999-ൽ തുടങ്ങിയ ഈ പണികൾ മൂന്നു കൊല്ലങ്ങൾക്കുള്ളിൽ പൂർത്തിയായി.

ക്രൈസ്തവമത പ്രചാരണം.

ഇതരമതങ്ങളോടു വഞ്ചിരാജാക്കന്മാർ പൊതുവേ സമഭാവനയോടുകൂടിയാണ് വർത്തിച്ചിരുന്നതെങ്കിലും, പാവ്വതീറാണിയുടെ കാലത്തു് ക്രൈസ്തവമതത്തിനു് അത്രയുപകാരമായ ഉണർച്ചയുണ്ടായി. പല പ്രോട്ടസ്റ്റൻറു മിഷനുകൾ ഈകാലത്തു സ്ഥാപിക്കപ്പെട്ടു. 981-ൽ റാംഗൽറെഡ്യൂ എന്നൊരു [illegible] പാതിരി മൈലാടി എന്ന സ്ഥലത്തു ചില പ്രധാനമാണ്ടുകൾ നടത്തിയെങ്കിലും പത്തു കൊല്ലം കഴിഞ്ഞാണ് നാഗർകോവിലിലെ ലണ്ടൻമിഷൻ സുസ്ഥാപിതമായതു്. തൊണ്ണൂറു ഇ

മിഷൻകാക്ക് അയ്യായിരം രൂപയും നാഗരുകോവിലിൽ ഒരു ബംഗ്ലാവും ദാനം ചെയ്തു. അവരിൽ ഒരാളായ റവ: സി. മീഡിനു് ജില്ലാക്കോടതി ജഡ്ജിയുദ്യോഗംപോലും നല്കിയത്രേ.

അതേവർഷംതന്നെ മഹാറാണി കണ്ണൽമൺറോവിന്റെ ഉപദേശാനുസരണം അലപ്പുഴ ഒരു പ്രോട്ടസ്റ്റാൻറു പള്ളി പണിയിക്കുന്നതിനു് അനുവാദം നല്കുകയും അതിനു് ആവശ്യമുള്ള തേക്കുതടികൾ വിലകൂടാതെ കൊടുക്കയും ചെയ്തു.

കോട്ടയത്തു ചർച്ചുമിഷൻസൊസൈറ്റി പ്രവർത്തനമാരംഭിച്ചതും അക്കൊല്ലത്തിലായിരുന്നു. സുറിയാനിമെത്രാനൊടു യോജിച്ചു് ഈ സംഘം ക്രൈസ്തുജനതയുടെ പുരോഗതിക്കായി പ്രയത്നം തുടങ്ങി. അവരുടെ വിദ്യാഭ്യാസത്തിനുവേണ്ടി കോട്ടയത്തു് ഒരു കാളേജു് സ്ഥാപിച്ചപ്പോൾ മഹാറാണി അതിലേക്കു് ഇരുപതിനായിരം രൂപാ ദാനംചെയ്തതായും കാണുന്നു.

കണ്ണൽമൺറോ മദ്രാസ്ഗവണ്മെണ്ടിലേക്കു് അയച്ച ഒരു കത്തിൽ പ്രസ്തുതസംഭവത്തെപ്പറ്റി ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:—

"സുറിയാനികളുടെ ലൌകികജീവിതത്തിനു് വളരെ ഉൽകൃഷ്ടമുണ്ടായിട്ടുണ്ടു്. അവരെ മഹാറാണിയുടെ ശ്രദ്ധയ്ക്കു പാത്രീഭവിപ്പിക്കുന്നതിനു ഞാൻ പലപ്പോഴും ശ്രമിക്കയുണ്ടായി. റാണിയുടെ കാരുണ്യഗ്രഹണപടുവും ഉദാരവും ദയാവും ആയ ചിത്തം സദാപി അവരുടെ ചരിത്രത്തിലും ഭാഗ്യഗതികളിലും സ്വഭാവഗതിയിലും അത്യൽക്കണ്ഠിതമായി കാണപ്പെടുന്നു.

*　　*　　*

റാണി അവരിൽ ഒട്ടുവളരെപേക്കു് ഉദ്യോഗങ്ങൾ കൊടുക്കയും കോട്ടയത്തു സ്ഥാപിച്ച കോളജിനു 20,000 രൂപാ സംഭാവനയായി നല്കുകയും ചെയ്തിരിക്കുന്നു."

മറ്റു സംഭവങ്ങൾ.

993-ൽ. തിരുവിതാംകൂർ ജാപ്പാണംപുകയിലയെ സംബന്ധിച്ചു് സിലോണുമായി ഒരു ഉടമ്പടി നടത്തി. 998-ൽ തങ്കച്ചേരി എന്ന ദേശത്തു 24 കൊല്ലത്തേയ്ക്കു് ബ്രിട്ടീഷ്ഗവണ്മെ

ണ്ടിനു പാട്ടമായി കൊടുത്തു. 1000-ാമാണ്ടിൽ കന്യാകുമാരിയിലെ ലന്തപ്പുത്തേരിനെ ബ്രിട്ടീഷ്കാക്കു വിട്ടുകൊടുത്തു.

1004-ൽ മഹാരാജാവിനു പ്രായപൂർത്തിവരികയാൽ റീജൻസി അവസാനിച്ചുവെങ്കിലും, അവിടത്തോടു ആലോചിക്കാതെ തന്പുരാൻ യാതൊന്നും പ്രവർത്തിക്കാറില്ലായിരുന്നു. നാടുനീങ്ങുംവരെ തിരുമനസ്സുകൊണ്ടു് സകല പദവികളോടുംകൂടി കൃതജ്ഞരായ പ്രജാസഹസ്രങ്ങളുടെ സ്നേഹബഹുമാനങ്ങൾക്കു പാത്രീഭൂതയായി ജീവിച്ചു.

അദ്ധ്യായം ൧൯.

സ്വാതിതിരുനാൾ രാമവർമ്മ 1008—1022.

തിരുവവതാരം.

ബാലരാമവർമ്മ മഹാരാജാവിന്റെ സംഭവബഹുലമായ രാജ്യഭാരം 986-ൽ അവസാനിച്ചു. അക്കാലത്തു വഞ്ചിരാജകുടുംബത്തിൽ പുരുഷസന്താനങ്ങൾ ഇല്ലാതിരുന്നതിനാൽ, മലയാളത്തിലെ ആചാരം അനുസരിച്ചു് ലോകോത്തരഗുണാഢ്യയും സൌന്ദര്യസാരപൂർണ്ണയും ആയ സേതുലക്ഷ്മീഭായി സിംഹാസനാരോഹണം ചെയ്തു. എന്നാൽ കഷ്ടിച്ചു ഒരു വർഷം കഴിഞ്ഞപ്പോഴേയ്ക്കു വഞ്ചിരാജ്യത്തിന്റെ സുകൃതവല്ലിയായ ആ തന്പുരാട്ടി തിരുവയർ വാണു. ആ വർത്തമാനം പരന്നപ്പോൾ നാട്ടുകാരുടെ ആനന്ദം പരാകോടിയെ പ്രാപിച്ചു. അവരുടെ ഹൃദയതല്ലജങ്ങളിൽനിന്നു പുറപ്പെട്ട പ്രാർത്ഥനകൾ സ്വർഗ്ഗീയസിംഹാസനംവരെ എത്തി. 989-ാമാണ്ടു് മേടമാസം 5-ാംനു മഹാറാണി ഒരു പുരുഷസന്താനത്തെ പ്രസവിച്ചുതിനോടുകൂടി കന്യാകുമാരിമുതൽ മൂനമ്പം വരെയുള്ള പ്രജാവൃന്ദം സന്തോഷപാരാവാരത്തിൽ മുഴുകി. സംസ്ഥാനത്തെ സകല ക്ഷേത്രങ്ങളിലും മഹാസംഭവത്തിനു യോജിച്ച രീതിയിലുള്ള വഴിപാടുകൾ [illegible] ത്തപ്പെട്ടു. പണ്ഡിതന്മാരായ നിരവധി [illegible] ളരെ പണം ദാനമായി നല്കപ്പെട്ടു; സാ[illegible] ങ്കികൾ ലോഭംകൂടാതെ നല്കി. അന്നദ

കുഞ്ഞൻ മൺഭരണിയുടെ രൂപഛായയുള്ള ഒരു വെള്ളിക്കുടം ശ്രീപത്മനാഭനെ കാഴ്ചവച്ചുവന്നു.

ഈ തമ്പുരാൻ ഗർഭസ്ഥനായിരിക്കുന്ന കാലത്തെ രാജ്യഭാരത്തിനായി ഗർഭശ്രീമാൻ പിന്നെ പേരിൽ ഇന്നും അറിയപ്പെടുന്നു. 989 മിഥുനം 15-ാംനു അവിടത്തെ ഭാര്യമാരിൽ മൂത്തറാണി ഒരാൺകുഞ്ഞിനെ പ്രസവിച്ചു. അവസരത്തിൽതന്നെ മറ്റൊരു റാണി അവിടത്തെ വലിയതമ്പുരാനുമായി പ്രേമപ്രാപനം ചെയ്തിട്ട് വേറും അധികമൊന്നും പറിഷ്കാരിക്കാൻ സാധിക്കാതെ പോയിരുന്നതുകൊണ്ട്, രാജ്യഭാരം നടത്തിയിരുന്നതുകൊണ്ട്, തമ്പുരാൻ ഒന്നാമത്തെയാളുടെ പുത്രനുടെ അവകാശിയായ പാത്രമായിരുന്ന ഈ സുകൃതിനി നാട്ടുനീങ്ങുകയാൽ, അവിടത്തെ പിതാവായ ചങ്ങനാശേരി രാജരാജവർമ്മ കോയിത്തമ്പുരാന്റെയും മാതുഷ്വസാവായ പാർവതീഭാണിയുടെയും മേൽനോട്ടത്തിലാണ് വളർന്നുവന്നത്. രണ്ടു പാവതീഭാണികളും കൂടിച്ചേർന്നു പതിനൊന്നുവയസ്സു മാത്രം പ്രായമുണ്ടായിരുന്ന ഇളയരാജാവിനും കുഞ്ഞൻ മൺഭരണിയുടെ ഉപദേശാനുസൃതം പ്രഭാതസ്നാനാദികർമ്മം യഥാവിധി നിർവഹിച്ചുവന്നു.

വിദ്യാഭ്യാസം.

രാജകുമാരകോയിത്തമ്പുരാൻ മഹാപണ്ഡിതനായിരുന്നതിനാൽ ഒരിക്കൽ ഉണ്ടായതെന്നായാണ് സ്വപുത്രനെ സംസ്കൃതം അഭ്യസിപ്പിച്ചത്. പുന്നാരമുത്തിലേക്ക് അതിപ്രഗത്ഭരായ രണ്ടു വിദ്വാന്മാരെ നിയോഗിച്ചിരുന്നു. ചെറുപ്രായത്തിൽതന്നെ കൊച്ചുതമ്പുരാൻ അസാധാരണമായ ധിഷ്ണാശക്തിയും ഗ്രഹണപാടവവും പ്രദർശിപ്പിച്ചിട്ടുള്ളതുകൊണ്ട്, പിതാവിനു വിദ്യാഭ്യാസവിഷയത്തിൽ വലിയ ശ്രമം ഒന്നും നേരിട്ടില്ല. ആറു വയസ്സുമുതൽക്കു കൊച്ചുതിരുമേനി തഞ്ചാവൂർ സുബ്ബരായരുടെ അടുക്കൽ ഇംഗ്ലീഷു പഠിച്ചുതുടങ്ങി. സുബ്ബരായർക്കു പ്രതിമാസം 30 റൂപാ ശമ്പളവും 50 റൂപാ പല്ലക്കുചെലവും രാജാവുതന്നു പോന്നിരുന്നു. ഇതുകൂടാതെ അവിടന്ന് തെലുങ്ക്, കന്നാടകം, തമിഴ്, ഹിന്ദുസ്ഥാനി, തെലുങ്ക്, കന്നാടകം എന്നീ ഭാഷകളും [illegible], ഈ ഭാഷകളിലെല്ലാം സുശ്രുതാളം പാണ്ഡിത്യവും അവിടന്നു രചിച്ചിട്ടുള്ള ഗാനങ്ങളിൽ [illegible]ക്കാം. അദ്ദേഹം പഠിച്ചിട്ടുള്ള പുല്ലാങ്കുഴൽ പ്രസിദ്ധഗാനങ്ങൾ രചിച്ചിട്ടുണ്ട്.

380 352 232 542 489 334 658 102 568 262

1000-ാമാണ്ടു് തിരുവനന്തപുരം സന്ദർശിച്ച കർണ്ണാൽ വെൽഷു് സ്വാതിതിരുനാൾ തമ്പുരാന്റെ പാണ്ഡിത്യത്തെപ്പറ്റി ഇപ്രകാരം പ്രസ്താവിച്ചുകാണുന്നു:—

"ഇപ്പോൾ പതിമൂന്നുവയസ്സു പ്രായമുള്ള മഹാരാജാവു് 'മാൽക്കോമിന്റെ മദ്ധ്യഭാരതം' എന്ന ആംഗലഭാഷാഗ്രന്ഥത്തിന്റെ ഒരു പരിച്ഛേദവും റംഗ്രൺ നഗരത്തിലെ അസ്സിസ്റ്റന്റു ഗവർണ്ണർജനറാൽ രചിച്ചിട്ടുള്ള പെർഷ്യൻ ലേഖനവും സംസ്കൃതത്തിലും മലയാളത്തിലും ഓരോഭാഗവും ഞങ്ങളുടെ മുമ്പിൽവച്ചു വിശദമായിവായിച്ചു; വാസന വളരെ ഭംഗിയായിരുന്നു. യൂക്ലിഡിന്റെ ക്ഷേത്രമിതിയിൽ ഒന്നാംപുസ്തകം 47-ാംപ്രമേയത്തെ അറിയുന്നതായിട്ടുകാണിച്ചു. ചിന്നൻ ചിലതൊക്കെ അത്യധികം വിസ്മയപരവശനായിത്തീർന്നു് ഹൈമവതി എന്ന ഇംഗ്ലീഷുപദം ജ്യോതിഷ്മതി എന്ന സംസ്കൃതപദത്തിന്റെ തർജ്ജമയാണെന്നും അതുപോലെതന്നെ ഗണിതത്തിലുള്ള മെറിഡ്യൻ, സെപ്റേഷൻ, ഒക്ടേഷൻ, ഡെക്കേഷൻ, ഡ്യുവോഡെസിമൽ എന്നീ പദങ്ങൾ 'മദ്ധ്യകോണം, സന്ധികോണം, ദശകോണം, ദ്വാദശകോണം' എന്നീ സംസ്കൃതശബ്ദങ്ങളുടെ തർജ്ജമയാണെന്നും ഈ കൊച്ചുബാലൻ പറഞ്ഞതായിരുന്നു. അവിടത്തെ ഇംഗ്ലീഷ് ഉച്ചാരണം ശുദ്ധമെന്നും പറവാൻ നിവൃത്തിയില്ല. എന്നാൽ പെർഷ്യൻ ഉച്ചാരണത്തിനു നല്ല ശുദ്ധിയുണ്ടെന്നിരുന്നു."

അവിടന്നു് ഇതിനിടയ്ക്കു സംഗീതപ്രയോഗവും പ്രദർശിപ്പിച്ചുവത്രെ.

'സംഗീതസാഹിത്യരസായ ലോകേ
കർണ്ണദ്വയം കല്പിതവാൻ വിധാതാ'

എന്നു ശ്ലാഘിച്ചിരുന്ന കൊച്ചുതമ്പുരാൻ അല്പകാലത്തിനുള്ളിൽ അവരണ്ടിലും ഒരുപോലെ പ്രാവീണ്യം സമ്പാദിച്ചു. വാഗ്ദേവി സദയം അദ്ദേഹത്തിനു വശഗയായിവർത്തിച്ചുപോന്നതിനാൽ ബാല്യാരംഭത്തിൽതന്നെ അവിടന്നു കവിത എഴുതിത്തുടങ്ങി.

ഇങ്ങനെ രാജരാജവർമ്മ കോയിത്തമ്പുരാന്റെ വാത്സല്യപൂർണ്ണമായ പരിചരണത്താൽ, കൊച്ചുതമ്പുരാൻ ശുക്ലപക്ഷത്തി

ലെ ഉഡുപതിക്കു സദൃശം ഉത്തരോത്തരം സവ്കലാലളിതനാ യിത്തീന്നു.

തമ്പുരാൻ പരമഭക്തനും നീതിനിഷ്ഠനും സ്വധർമ്മനിഷ്ഠനുമായിരുന്നു.

രാജ്യഭാരം.

1004-ാമാണ്ടു മേടം 1-ാംനു കൊച്ചുതമ്പുരാനു പതിനാറു തികഞ്ഞതിനാൽ അവിടുന്നു നേരിട്ടു രാജ്യഭാരം തുടങ്ങി. എന്നാൽ അവിടുന്നും അവിടത്തെ അനുജനായ മാത്താ ണ്ഡവർമ്മ യുവരാജാവും മഹാറാണിയുടെ ഉപദേശാനുസൃത മാണു് എല്ലാ കാര്യങ്ങളും നിർവഹിച്ചുവന്നതു്. അ രാജ്ഞി വി ശാലഹൃദയയും പ്രജാക്ഷേമൈകതൽപരയും ആയിരുന്നതിനാൽ ജനങ്ങളുടെ സവിശേഷമായ ഭക്തിക്കും ബഹുമാനത്തിനും പാ ത്രമായിട്ടു് രാജാക്കന്മാർക്കുള്ള സകല പദവികളോടുംകൂടി വിശ്രമ സൌഖ്യം അനുഭവിച്ചുപോന്നു. എന്നാൽ തന്റെ ഭരണകാ ലത്തു നടത്തിയിട്ടുള്ള പലേ പരിഷ്കാരങ്ങളെപ്പറ്റി രാജകുമാര ന്മാരോടും മറ്റും വളരെ ഔചിത്യത്തോടുകൂടി പറയാറുണ്ടാ യിരുന്നു. രാജ്ഞി ചെയ്തിട്ടുള്ള മഹനീയകൃത്യങ്ങളിൽവച്ചു സ വ്വദാ സ്മരണീയമായിട്ടുള്ള ഒന്നു് എഴുന്നള്ളത്തു അവസരങ്ങളിൽ സ്ത്രീജനങ്ങൾ വിളക്കു കൊണ്ടുനടക്കണമെന്നുള്ള പതിവു നിറു ത്തിക്കളഞ്ഞതാണു്.

സ്വാതിതിരുനാൾ മഹാരാജാവു് രാജ്യഭാരം ഏറ്റപ്പോൾ ദിവാനായിരുന്നതു് വെങ്കിട്ടരായരായിരുന്നു. പാർവതീറാണി യുടെ ഭരണകാലം വളരെ ശോഭനമായിത്തീന്നതിനു പ്രധാന കാരണഭൂതൻ അദ്ദേഹമായിരുന്നു. അന്നു് ബ്രിട്ടീഷ് റസിഡ ന്റായിരുന്ന മി. നേവാൾ മദ്രാസ്ഗവർമ്മെൻറിലേക്കു് അയച്ച ഒരു കത്തിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു.

ദിവാൻ വെങ്കിട്ടറാവു തന്റെ ഉന്മേഷവും കാര്യകുശല തയും സർക്കാരിന്റെയും പ്രജാസഞ്ചയത്തിന്റെയും ക്ഷേമൈ ശ്വര്യങ്ങൾക്കായി ചെയ്യുവരുന്ന അക്ഷീണപരിശ്രമങ്ങളുംകൊ ണ്ടു് തന്റെ വിശ്വാസത്തിനു പൂർണ്ണമായി പാത്രീഭവിച്ചിരി

ക്കുന്നു. ഒന്നാംകിടയിലുള്ള ഒരു ഉദ്യോഗസ്ഥനായി ഞാൻ ഹത്തിനെ ഗണിക്കുന്നു."

ഈ ദിവാൻ പാവ്തീറാണിയുടെ കാലത്തുതന്നെ ജനങ്ങളുടെ പ്രീതിക്കു പാത്രീഭവിച്ചുകഴിഞ്ഞു. അദ്ദേഹം ദിവാൻപദം പ്രാപിച്ചിട്ട് ആദ്യമായി ചെയ്തത് കരക്കടിശിക ഇളവുചെയ്തു എന്ന വിശിഷ്ടകൃത്യമായിരുന്നു. ജനങ്ങളുടെ സങ്കടങ്ങൾ കേട്ട് അവയെ പരിഹരിക്കുന്ന വിഷയത്തിൽ അദ്ദേഹം പ്രദർശിപ്പിച്ച ജാഗ്രതയും അന്യാദൃശമായിരുന്നു. എല്ലാ ഡിപ്പാർട്ടുമെൻറുകളെയും പററി വിപുലമായ ജ്ഞാനം ഉണ്ടായിരുന്നതിനാൽ അവയുടെ കാര്യക്ഷമമായ ഭരണത്തിനുവേണ്ടി അദ്ദേഹം വേണ്ടതെല്ലാം പ്രവർത്തിച്ചുകൊണ്ടിരുന്നു. തന്നിമിത്തം അഴിമതികളെല്ലാം നാട്ടിൽനിന്നു മറഞ്ഞു.

മഹാരാജാവു തൻെറ ഗുരുവായിരുന്ന സുബ്ബരായരെ ദിവാൻജിയായി നിയമിക്കുന്നതിനു കാംക്ഷിച്ചെങ്കിലും, മഹാറാണിയും റസിഡണ്ടായ കണ്ണൽ മോറിസ്സനും അതിനെ എതിർത്തു. എന്നാൽ കണ്ണൽ മോറിസ്സനെ മദ്രാസ് ഗവർമ്മെൻറ് തിരിച്ചു വിളിച്ചതിനോടുകൂടി വെങ്കിട്ടറാവു രാജിവച്ചു. മദ്രാസ് ഗവർമ്മെണ്ട് അദ്ദേഹത്തിനെ മൈസൂർ കമ്മിഷനിൽ ഒരംഗമായി നിയമിച്ചതുകൂടാതെ ഗവർണ്ണർ ജനറലായിരുന്ന ബെൻറിങ്പ്രഭു 'റായിറായരായ്' എന്ന ബിരുദവും നല്കി.

ദിവാൻ സുബ്ബരായർ.

മഹാരാജാവിനു് ഇങ്ങനെ യഥേച്ഛം പ്രവർത്തിക്കുന്നതിനുള്ള സൌകര്യം ലഭിക്കയാൽ, അവിടന്നു് 1005-ൽ സുബ്ബരായരെ ദിവാൻജിയായും, ഹജൂർകോടതിയിലെ ജഡ്ജിയായിരുന്ന കൊച്ചുശങ്കരപ്പിള്ളയെ ദിവാൻപേഷ്കാരായും നിയമിച്ചു. അക്കാലംവരെ ഹജൂർകച്ചേരിയും മറ്റും കൊല്ലത്തായിരുന്നു. അവിടന്നു് അവയെ തിരുവനന്തപുരം കോട്ടയ്ക്കകത്തേക്കു മാററി.

സുബ്ബരായർ സാമാന്യം നല്ല ബുദ്ധിമാനായിരുന്നു. കുറച്ചുകാലം ദിവാൻപേഷ്കാരായിരുന്നതുകൊണ്ടു്, അദ്ദേഹത്തിനു ഭരണവിഷയത്തിൽ വേണ്ട പരിചയം സിദ്ധിച്ചിരുന്നു. അതിനുപുറമേ തൻെറ പൂർവ്വാമിയെ എല്ലാവിധത്തിലും അതിശയിക്കണമെന്നു് അദ്ദേഹത്തിനു തീവ്രമായ ആഗ്രഹവും ഉണ്ടായിരുന്നു.

ഫിലഭേതകാര്യം' എന്നാണല്ലോ അപ്പുവാക്യം. അതു തിരുവിതാംകൂറിനെ ഒരു മാതൃകാരാജ്യം എന്ന നിലയിൽ എത്തിക്കുന്നതിനു് സുബ്ബരായർ ശ്രമിക്കയും ആ ശ്രമം സഫലമാവുകയും ചെയ്തു.

സുബ്ബരായർ ദിവാൻപദം എറ്റു് അധികം കഴിയുന്നതിനു മുമ്പായി തഞ്ചാവൂർതിരുവിങ്ങലത്തെ രാജസ്വാമി വാഴാളയ്യാ രുണ്ടായി. എന്നാൽ അവരുടെ തമ്മിലുണ്ടായ വാഴാള നിഷ്പ്രയാസം ശമിപ്പിക്കപ്പെട്ടു.

അവരിരുവരുടെയും തിരുവിങ്ങലത്തിൽ കവാടികളായി നിന്നിരുന്ന രണ്ടു മണ്ഡപങ്ങളുടെയും പിൻവലിക്കുന്നതിനെച്ചൊല്ലിയാണു് കലഹമുണ്ടായതു്. ഈ മണ്ഡപങ്ങൾ മറ്റൊരാളുടെ എന്നു തെളിയിക്കുന്നതിനു് ചുഴിഞ്ഞു നോക്കുകയോ സമയം കളയുകയോ ചെയ്യുന്നതിനു പകരം ഒരു കൊച്ചുകുട്ടിയുടെ പ്രതിനിധിയുടെ കൈയിൽ ഒരു കുപ്പിയും കൊടുത്തു് അതിൽ കടൽവെള്ളം നിറച്ചുകൊണ്ടുവരുവാൻ ആജ്ഞാപിച്ചു. കുട്ടി കുപ്പിയുമായി തിരിച്ചുവന്നപ്പോൾ അതിലെ കടൽവെള്ളം ഒഴിച്ചുകളഞ്ഞിട്ടു് ഈ മണ്ഡപങ്ങൾ തിരുവിതാംകൂറിന്റെ അതിർത്തിയിൽ സ്ഥാപിക്കുവാൻ കൊള്ളാമെന്നു് അഭിപ്രായപ്പെട്ടു. ഈ തീരുമാനം കേട്ടപ്പോൾ തഞ്ചാവൂർക്കാർ ഭയന്നുപോയി. അവർ പിൻവലിയുകയും ചെയ്തു.

സൈന്യത്തെ പിൻവലിച്ചതു് എപ്രകാരമാണെന്നു് അന്നത്തെ റസിഡണ്ടിന്റെ ഒരു ലേഖനത്തിൽനിന്നു വ്യക്തമാകുന്നുണ്ടു്. അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു:—

"തിരുവിതാംകൂർ സംസ്ഥാനത്തേക്കു് ഇപ്പോൾ അത്യാവശ്യമായ സാമഗ്രികളൊന്നുംഇല്ലാത്തതിനാൽ കൂച്ചുനാളത്തേക്കു ബ്രിട്ടീഷ് അധികാരത്തെ നിരസിക്കുന്നതിനു മേശംപോലും ശക്തിയുണ്ടാവുന്നതല്ല. രണ്ടാമതായി ഈ രാജ്യത്തിന്റെ രക്ഷ നമ്മുടെ സന്ധിയെ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നതിനാൽ, ഒരു വിദേശീയ ശത്രുവിനെ സഹായിക്കാൻ പുറപ്പെടുമെന്നു ശങ്കിക്കാനുമില്ല. മൂന്നാമതായി നമ്മുടെ ദേശങ്ങളിൽ കൂടിയല്ലാതെ ഒരു ശത്രുവിനും തിരുവിതാംകൂറിനെ ആക്രമിക്കാൻ സാധിക്കയുമില്ല. നാലാമ

ത്തായി ഞാൻ മുമ്പു പ്രസ്താവിച്ച കാര്യങ്ങൾക്കു് ഇപ്പോൾ തിരുവിതാംകൂറിലുള്ള സൈന്യങ്ങൾ മതിയാവുന്നതുമാണു്."

നാട്ടുകാരെക്കൊണ്ടു് ആയുധം വയ്പിച്ചിട്ടു കാലം കുറേച്ചെന്നിഞ്ഞതിനാൽ ഈവഴിൽനിന്നും ഒന്നും ഉണ്ടാപ്പെടാനില്ലെന്നും കൊല്ലത്തും കൊച്ചിയിലും പിരങ്ങന്മാക്കുള്ളതും ഉള്ള കമ്പനിക്കാരെ പണം നാടുകളെ രക്ഷിക്കുന്നതിനു് ഒരു കൂട്ടിണി പടയാളികൾ മതിയെന്നുമാണു് റസിഡണ്ടു പറഞ്ഞിട്ടുള്ളതിന്റെ ചുരുക്കം.

മഹാരാജാവു തിരുമനസ്സുകൊണ്ടു് നേരെ രാജ്യകാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധിച്ചുതുടങ്ങി. ദിവാൻ ഉദ്യോഗസ്ഥന്മാരുടെ ഹാജർവിവരങ്ങളുടെ [illegible] ഏർപ്പെടുത്തുകയും ചെയ്തു. [illegible] തിരുവിതാംകൂറിലുള്ള [illegible] കണ്ടുപുറപ്പെടുവിച്ചു. ഇടയ്ക്കിടയ്ക്കു [illegible] മറ്റും കൽപ്പനകൾ [illegible] ഇതിനിടയ്ക്കു [illegible] ഉദ്യോഗസ്ഥന്മാരുടെ [illegible] ചുരുക്കത്തിൽ [illegible] സാധിച്ചു.

പ്രതിദിവസം ഏഴുമണി മുതൽ പതിനൊന്നുമണിവരെ രാജ്യകാര്യങ്ങൾ നോക്കുന്നതിനായി അവിടുന്നു് ദിവാൻജിയുമായിട്ടു നിശ്ചയിച്ചു. റിട്ടയർട്ടു കളക്ടറായിരുന്ന പ്രധാന ഉദ്യോഗസ്ഥന്മാരും കൂടെക്കൂടെ ഹാജരാകണമെന്നായിരുന്നു വ്യവസ്ഥ. ആറിലധികം സമയം ക്ലിപ്തപ്പെടുത്തിയിരുന്നു. ഈ വ്യവസ്ഥകൊണ്ടു് ഓരോ ഉദ്യോഗസ്ഥനും ഭയം കൂടുതലായിത്തീർന്നു. അവിടുത്തെ പരിപൂർണ്ണ കാരുണ്യവും ഉള്ളവരെ കണ്ടുപിടിച്ചു പ്രോത്സാഹിപ്പിച്ചുവന്നതിനാൽ ഓരോ ഉദ്യോഗസ്ഥന്മാരായ ഉദ്യോഗസ്ഥന്മാരെക്കൊണ്ടു നിറഞ്ഞു.

തിരുവിതാംകൂറിലെ റസിഡണ്ടായിരുന്ന കേണൽ മോറിസ്സണു് മഹാരാജാവിനോടു അല്പം നിരസം തോന്നുകയും അതു നിമിത്തം ഉണ്ടായ ചുഴിഞ്ഞുകുത്തുകളുടെ ഫലമായി ഗവർണ്ണർ റസിഡണ്ടിനെ തൽസ്ഥാനത്തുനിന്നും മാറ്റിട്ടു് പോറൊങ്ങോ

ിനെ നിയമിക്കുകയും ചെയ്തുവെങ്കിലും യുവാവായ തമ്പു
രാന്റെ ഭരണം എങ്ങനെ ഇരിക്കുമെന്ന് അനേഷിക്കുന്നതി
നായി അദ്ദേഹം തിരുവിതാംകൂർ സന്ദർശിച്ചു. ഇങ്ങനെ നമ്മു
ടെ രാജ്യത്തെ ഇടംപ്രഥമമായി സന്ദർശിച്ച മദ്രാസ് ഗവണ്ണർ
മിസ്റ്റർ ലൂഷിങ്ടൺ ആയിരുന്നു. അദ്ദേഹം കൊല്ലത്തുവച്ചു
തമ്പുരാനെ കാണുകയും അവിടത്തെ സൌജന്യവും ബുദ്ധിശ
ക്തിയും സമചിത്തതയുംകണ്ടു സന്തോഷിക്കുകയുംചെയ്തു. ഈ
അവസരത്തിൽ കമ്പനിവക സാറായസൈന്യത്തിന്റെ കമ്മാ
ണ്ടർ തുക്കൺപാക്കനാതിനെ മഹാരാജാവിനെ സാധിച്ചു. അതു
കൊണ്ട് അതേ രീതിയിൽ നാന്നൂറുപട്ടാളത്തെ പരിപൂർണ്ണമാക്കുന്ന
തിന്ന് അവിടുന്നു നിശ്ചയിക്കയാൽ, പട്ടാളുക്കാക്ക് പുതിയതരം
ഉടുപ്പുകൾ കൊടുക്കുന്നതിനും പരിഷ്കൃതരീതിയിലുള്ള പരിശീ
ലനം നല്കുന്നതിനും സൈനികോദ്യോഗസ്ഥന്മാരോട് ആജ്ഞാ
പിച്ചു. തുടുപ്പുകാക്കും പുതിയ ഉടുപ്പുകൾ നല്കി. പഴയ
കുതിരലായങ്ങളെ പുതുക്കിപ്പണിയിച്ച് തുടുപ്പുകാക്കും, കൊട്ടാരം
വകയ്ക്കും അകമ്പടി സേവയ്ക്കും ഉള്ള കുതിരകളെ പ്രത്യേകം
സൂക്ഷിക്കാൻ വ്യവസ്ഥചെയ്തു. ഭംഗിയുള്ള ഉത്തമാശ്വങ്ങളെ
വിദേശങ്ങളിൽനിന്നു വരുത്തി, അവയുടെ സംരക്ഷണത്തിനു
പ്രത്യേകം ഉദ്യോഗസ്ഥന്മാരെ നിയമിച്ചു.

കുതിരലായത്തോടുചേർന്ന് കൊട്ടാരംവക അനേകങ്ങളെ സൂ
ക്ഷിപ്പാനും പ്രത്യേകം സ്ഥലങ്ങൾ ഒരുക്കിച്ചു, വാഹനവകുപ്പിൽ
നിന്നും ഒന്നാംതരം അകമ്പടിവാഹനകളെ വരുത്തിനിറുത്തി, അവ
യുടെ പരിപാലനത്തിനും രക്ഷാനായകനും സമർത്ഥന്മാരായ പാപ്പാന്മാ
രെയും നിയമിച്ചു. അനേകങ്ങളോടു മഹാരാജാവിന് പ്രത്യേകം
വാത്സല്യമുണ്ടായിരുന്നതേ. ഒരവസരത്തിൽ പുഴുന്നുള്ളുത്തു സമ
യത്തു അനേകളിൽ ഒന്നു പിണങ്ങുകയും അതുകണ്ട് അകമ്പടി
സേവക്കാരായ ഉദ്യോഗസ്ഥന്മാർ പരിഭ്രമിച്ചപ്പോഴെങ്കിലും മഹാ
രാജാവു് മുന്നോട്ടുപാടി ആനയെ നിയന്ത്രിക്കാൻ ശ്രമിക്കയും
ചെയ്തുവത്രേ.

ഇന്നത്തെ പുരോഗതിയുടെ സ്ഥാപകനും സ്വാതി
തിരുനാൾ തമ്പുരാനായിരുന്നു. അവിടുന്നു് നാട്ടിലുള്ള പലമാ

തിരി പശുക്കളെ ശേഖരിച്ചുനിത്തിയതിനുപുറമേ, സൌരാഷ്ട്രം, ഗുജ്ജരം മുതലായ വിദേശങ്ങളിൽനിന്നും ഒട്ടുവളരെ കറവപ്പശുക്കളെ വരുത്തിയത്രേ. ഇങ്ങനെ ശേഖരിച്ച പശുക്കളുടെ കൂട്ടത്തിൽ മാതുകയ്ക്കായി ഇംഗ്ലണ്ടിൽനിന്നു നേരിട്ടുവരുത്തിയ രണ്ടു കന്നുക്കുട്ടികളും ഉൾപ്പെട്ടിരുന്നു.

കാഴ്ചക്കാരുടെ ഉപയോഗാർത്ഥം ഒരു രാജകീയപശു പക്ഷി സംഗ്രഹാലയവും അവിടന്നു തിരുവനന്തപുരത്തു സ്ഥാപിച്ചു. അവിടെ നാട്ടിലും പുറമേയും ഉള്ള പലവിധ പക്ഷികൾ, മൃഗങ്ങൾ മുതലായവയെ ഭംഗിയും ബലവുമുള്ള കൂടുകളിൽ അടച്ചുസൂക്ഷിപ്പിച്ചു. പുലി, കടമാൻ, സിംഹം മുതലായ വന്യമൃഗങ്ങളുടെ യുദ്ധം കാണ്മാനതിൽ അവിടേക്കു വളരെ ഉത്സാഹമുണ്ടായിരുന്നുവത്രേ.

1007-ാമാണ്ടു് അതായതു തിരുമനസ്സുകൊണ്ടും രാജ്യഭാരം ഏറെ മൂന്നുകൊല്ലം കഴിഞ്ഞപ്പോൾ, നീതിന്യായക്കോടതികളെ അവിടന്നു് പാടെ പരിഷ്ക്കരിച്ചു. അന്നാണ്ടു് തിരുവിതാംകൂറിൽ പലേടങ്ങളിലായി മുൻസിഫ്കോടതികൾ ഇടംപ്രഥമമായി സ്ഥാപിക്കപ്പെട്ടതു്. അടുത്തകൊല്ലംമുതൽക്കു ഹജൂർകോടതി നിർത്തലാക്കീട്ടു് അതിനുപകരം തിരുവനന്തപുരത്തു് ഒരു ജില്ലാക്കോടതിയും ഏർപ്പെടുത്തി. നീതിഭരണത്തിൽ ദിവാൻജിയെ സഹായിക്കുന്നതിനായി സമർത്ഥന്മാരായ ഉദ്യോഗസ്ഥന്മാരെ ബ്രിട്ടീഷുസംസ്ഥാനങ്ങളിൽനിന്നു വരുത്തുന്നതിനും മഹാരാജാവു് അന്നത്തെ റസിഡണ്ടായിരുന്ന മി. കാസാമെജോറിനോടു ശുപാർശ ചെയ്തു.

അങ്ങനെ വരുത്തിയവരിൽ ഒരാളാണു് ഇട്ടിരാരിച്ചൻ കണ്ടപ്പൻ. ഈ കണ്ടന്മേനോൻ ഹജൂർകച്ചേരിയിൽ ദിവാൻ പേഷ്ക്കാരുടെ ഉദ്യോഗം സ്വീകരിച്ചു. അദ്ദേഹത്തിന്റെ കാര്യനിർവ്വഹണചാതുര്യവും കൃത്യപരായണതയും സത്യനിഷ്ഠയും അചിരേണ മഹാരാജാവിന്റെ ശ്രദ്ധയെ ആകർഷിക്കയാൽ, തിരുമനസ്സിലെ ദൃഢമായ വിശ്വാസത്തിനും പ്രീതിക്കും അദ്ദേഹം പാത്രീഭവിച്ചു. അതുനിമിത്തം ഭരണപരിവേക്ഷണം മാത്രം ദിവാൻജിയിൽ സമർപ്പിച്ചിട്ടു് പ്രധാനകാര്യങ്ങളുടെ നിർവ്വഹണ

ത്തിനു കണ്ടൻമേനോനെ ചുമതലപ്പെടുത്തുവാൻ ഗവൺമെന്റു് സുബ്ബരായരോടു് ആജ്ഞാപിച്ചു.

കണ്ടൻമേനോൻ അധികകാലം കഴിയുന്നതിനുമുമ്പു് പെരുന്തച്ചന്മാരുടെ സ്ഥാനത്തേക്കു് [illegible] ഇതിനാൽ കമ്പനിപ്രവൃത്തികളിൽ [illegible] രീതിയിൽ ഒരു പുതിയ [illegible] അദ്ദേഹത്തിനോടു് [illegible] റിന്റെ പ്രവർത്തനങ്ങളെപ്പറ്റി [illegible] ഇംഗ്ലീഷിൽ [illegible] ടിച്ചിട്ടു്. [illegible] 10: [illegible]

[illegible] തിനാ. [illegible] ട്ടിക്കുന്ന. [illegible] ജ്ഞയും മുൻപേ [illegible] ഇവരെ [illegible] ടിച്ചു. [illegible] അധികാരവും [illegible] നല്കി; ഏഴുവർഷത്തിനുള്ളിൽ [illegible] ക്കോടതിയുടെയും [illegible] വഹിക്കുന്നതിനും അധികാരപ്പെടുത്തി. പരമ്പരാഗതമായ [illegible] ത്തിൽ വലിയ ഭേദഗതികൾ വരുത്തിയിട്ടെങ്കിലും, ഈ നിയമാവലിയാണു് ഇന്നത്തെ നീതിന്യായഭരണത്തിന്റെ അടിസ്ഥാനമായിരിക്കുന്നതു്.

പ്രസ്തുതനിയമങ്ങളുടെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനു നല്ല കായ്ശേഷിയുള്ള ചില പുതിയ ഉദ്യോഗസ്ഥന്മാരുടെ ആവശ്യം നേരിട്ടു. മഹാരാജാവു് കണ്ടൻമേനവന്റെ ഉപദേശാനുസരണം ഗോവന്തരാവു് എന്നൊരാളെ [illegible]

മഹാരാജാവിനെ പ്രത്യേകം ബഹുമാനിക്കുന്നതിനുവേണ്ടിയാണു നിയമിച്ചു. ഈ ഉദ്യോഗം ലഭിച്ചതിൽ മന്ത്രിപ്രമുഖന്മാർ പ്രശംസാർഹമായും പറഞ്ഞു പരിചയിച്ചിരുന്ന കുശലപ്രശ്നങ്ങൾകൊണ്ടു ജഡ്ജിപ്പണി വഹിച്ചിരുന്ന പരിഷ്കാരിയെന്ന വിഷയത്തിൽ തന്റെ അനുഭവം ജനിപ്പിച്ച വിശ്വാസത്തെയും പ്രകടിപ്പിച്ചു. പോലീസ് വകുപ്പിന്റെ കൈകാര്യകർത്തവ്യം ഏതോ വിധത്തിൽ നിർവ്വഹിച്ചു.

പുതിയ പീനൽകോഡിന്റെ ഭാഷാന്തരത്തെ പരിശുദ്ധീകരിച്ചശേഷം മഹാരാജാവു പുലയരുടെ ഒരു കണ്ടെഴുത്തു നടപ്പിലാക്കുന്നതിനെ കൈയ്മേനോനോടു നിർദ്ദേശിച്ചു. ഈ ജോലിയും ഏല്പിച്ചതു ഭംഗിയായി നിർവ്വഹിച്ചു. ഈ പരിഷ്കാരങ്ങൾകൊണ്ടു നീതിയുടെ കണ്ണാടിയായ ദിവാൻജി സേവനത്തെ ബഹുമാനിച്ചതിനു. മഹാരാജാവും റസിഡണ്ടും അദ്ദേഹത്തിന്റെ നാനാഭാഗങ്ങളിലെ ഗുണപ്രവൃത്തികളെ അഭിനന്ദിച്ചു. ഇങ്ങനെ കൊടുമുടിയുടെ ഗുണപ്രാപ്തിക്ക് അദ്ദേഹത്തിന്റെ പേരിൽ ഒരുവാക്കു ദോഷം ഇണ്ടായി. താൻ കേവലം ഒരു പ്രിവിക്കൗൺസിലംഗത്തെപ്പോലെ സ്വതന്ത്രമായിത്തീർന്നിരിക്കുന്നുവെന്നും അധികാരമൊന്നുമേ കയ്യാൽതൊടാതെയാൽ കൈവശപ്പെടുത്തിക്കളഞ്ഞുവെന്നും അദ്ദേഹം ഗ്രഹിച്ചു. മെല്ലെകാണ്ടു പുണ്ണെന്നു പറുങ്കിലും നേരുപോലെ അദ്ദേഹത്തിനു ഇറച്ചിട്ട്, കൊച്ചുശങ്കരപ്പിള്ള പുന്ന പോഷ്ടോടുമേൽ കരിനിഴലു മാറ്റുന്നതിനു ആലോചി പ്പുതുടങ്ങി. പുന്നാൽ ആ ശ്രമങ്ങളൊന്നും ഫലിച്ചില്ലെന്നുവരികിലും കണ്ടൻമേനോൻ പെട്ടെന്നു രോഗശയ്യയെ പ്രാപിച്ചു, അതിനേ ദിവംഗതനാകുകയാൽ ദിവാൻജി വളരെ സന്തോഷിച്ചു. പക്ഷേ ദിവാന്റെ കൃത്യപ്രയോഗനിമിത്തമാണു് അപുന്നുവാൻ മരിച്ചുപോയതെന്നു ജനങ്ങൾ വളരെക്കാലത്തേക്കു പ്രസ്താവിക്കാറുണ്ടായിരുന്നു. മഹാരാജാവിനും മേനോന്റെ ദേഹവിയോഗത്തെപ്പറ്റി നിസ്സീമമായ ദുഃഖം ഉണ്ടായി.

അനന്തരം മഹാരാജാവിന്റെ ശ്രദ്ധ പരിഞ്ഞതു വാണിജ്യവിഷയത്തിലായിരുന്നു. 1011-ൽ 165 സാമാന്യങ്ങളുടെമേൽ ചുമത്തിവന്ന ചുങ്കങ്ങളെ തിരുമനസ്സിലെ അജ്ഞാനസ്വാധീ

ദിവാൻജി നിത്തലാക്കി. അതുനിമിത്തം കച്ചവടത്തിനു പൂർവാധികം അഭിവൃദ്ധിയുണ്ടായി. കർഷകന്മാരുടെ നികുതിഭാരത്തെയും തിരുമനസ്സുകൊണ്ടു കുറവുചെയ്തു.

ഖഞ്ചിരാജാക്കന്മാരെല്ലാം പണ്ഡിതന്മാരായിരുന്നുവെങ്കിലും രവിവർമ്മചക്രവർത്തിയുടെ കാലശേഷം, 'ദാക്ഷിണാത്യഭോജൻ' എന്ന വിശിഷ്ടസ്ഥാനത്തിനർഹനായിത്തീർന്ന മഹാരാജാവു സ്വാതിതിരുനാളായിരുന്നു. അതുകൊണ്ടു വിദ്യാദാനത്തിന്റെ മഹിമ അവിടുന്നു നല്ലപോലെ ഗ്രഹിച്ചിരുന്നു. 1009-ൽ മഹാരാജാവു ദിവാനുമായി ആലോചിച്ചു തിരുവനന്തപുരത്തു് ഒരു ആംഗലവിദ്യാലയം സ്ഥാപിച്ചു. അന്നു് റാബർട്ട്സ് എന്നൊരു സായ്പു് നാഗരുകോവിലിൽ ഒരു സ്കൂൾ നടത്തിക്കൊണ്ടിരുന്നു. അദ്ദേഹത്തിനു് അവിടുന്നു് പ്രതിമാസം 110 ഉറുപ്പിക സഹായധനം നല്കി. 1012-ൽ മഹാരാജാവു നാഗരുകോവിലിലെ ഈ വിദ്യാലയത്തെ സർക്കാരിലേക്കു് എടുത്തിട്ടു് റാബർട്ട്സിനെ 300 ഉറുപ്പിക ശമ്പളത്തിൽ അതിന്റെ അദ്ധ്യക്ഷനായി നിയമിച്ചു. പ്രസ്തുതസ്കൂളിൽ വിദ്യാർത്ഥികളെ സൌജന്യമായിട്ടാണു് പഠിപ്പിച്ചുവന്നതു്. അന്നത്തെ റസിഡണ്ടായിരുന്ന ജനറൽ ഫ്രേസറുടേ പ്രോത്സാഹനത്താൽ നാഗരുകോവിലിലെ വിദ്യാലയം അല്പകാലത്തിനുള്ളിൽ അഭിവൃദ്ധിയെ പ്രാപിച്ചതുകൊണ്ടു, മറ്റു ചില സ്ഥലങ്ങളിലും ഇംഗ്ലീഷ് സ്കൂളുകൾ സ്ഥാപിക്കുന്നതിനു മഹാരാജാവു് ഏർപ്പാടുചെയ്തു. ഇങ്ങനെ ഇംഗ്ലീഷ് വിദ്യാഭ്യാസം നമ്മുടെ നാട്ടിൽ ആദ്യമായി നടപ്പിൽ വരുത്തിയതു സ്വാതിതിരുനാൾ തിരുമേനിയായിരുന്നു.

മഹാരാജാവിനു സംസ്കൃതത്തിൽ വിപുലമായ ജ്ഞാനം ഉണ്ടായിരുന്നുവെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. അവിടത്തേക്കു തർക്കം, വ്യാകരണം, മീമാംസ തുടങ്ങിയ എല്ലാ ശാസ്ത്രങ്ങളിലും വ്യുത്പത്തി സിദ്ധിച്ചിരുന്നു. പാശ്ചാത്യശാസ്ത്രസിദ്ധാന്തങ്ങളെ ഭാരതീയസിദ്ധാന്തങ്ങളോടു സാദൃശ്യപ്പെടുത്തി നോക്കുന്നതിൽ അവിടുന്നു് അനല്പമായ കൌതുകം പ്രദർശിപ്പിച്ചു. ഗ്രഹങ്ങളുടെ സ്ഥിതിഗതികളെ അവിടുന്നു നിരീക്ഷിച്ചുപോന്നിരുന്നു. അന്നു് അലപ്പുഴ കച്ചവടപ്രമുഖരായിരുന്ന കാൽഡികോട്ടു് എന്നു

സായ്പിന്റെ നിരീക്ഷണഫലങ്ങളോടു താരതമ്യപ്പെടുത്തുക പതിവായിരുന്നു. ആ സായ്പ് സ്വന്തമായ ചില യന്ത്രസാമഗ്രികളുടെ സഹായത്തോടുകൂടിയാണ് നക്ഷത്രങ്ങളേയും ഗ്രഹങ്ങളേയും നിരീക്ഷിച്ചുവന്നത്. ആ യന്ത്രങ്ങളുമായുണ്ടായ പരിചയം മഹാരാജാവിനെ ഒരു നക്ഷത്രമ്പംഗ്ലാവും സ്ഥാപിക്കുന്നതിനു പ്രേരിപ്പിച്ചു. പുതിയ നക്ഷത്രമ്പംഗ്ലാവിലെ ആവശ്യത്തിലേക്ക് അവിടുന്ന് ഒരു അച്ചുടിയന്ത്രവും വരുത്തി.

ഏറെത്താമസിയാതെ ഒരു പുതിയ അച്ചുടിയന്ത്രവും സാമഗ്രികളും ഇംഗ്ലണ്ടിൽനിന്നു വരുത്തീട്ട് അവിടുന്ന സക്കാർവക ഒരു മുദ്രാലയം സ്ഥാപിച്ചു. ഈ അച്ചുക്കൂടത്തിൽനിന്ന് ആദ്യമായി പ്രസിദ്ധീകരിച്ച ഗ്രന്ഥം 1015-ലെ ഇംഗ്ലീഷു മലയാളം പഞ്ചാംഗമാകുന്നു. ഈ രണ്ടു സ്ഥാപനങ്ങളും തിരുവിതാംകൂറിനെ നാടുരാജ്യങ്ങളുടെ മുന്നണിയിൽ കൊണ്ടുവരുന്നതിനു് അത്യന്തം സഹായിച്ചു. മിസ്റ്റർ ജെ. എ. ബ്രൌൺ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

"ഇന്നു തിരുവനന്തപുരത്തു കാണുന്ന കാഴ്ചബംഗ്ലാവു് 1836-ൽ സ്ഥാപിക്കപ്പെട്ടു. പ്രസ്തുത സ്ഥാപനം അതിന്റെ ആവിർഭാവത്തിനു് അന്നു നാടുവാണിരുന്ന രാമവർമ്മമഹാരാജാവിന്റെ പരിഷ്കൃതാശയങ്ങളോടും ബ്രിട്ടീഷ് റസിഡണ്ടായിരുന്ന ജനറൽസ്കൂവാട്ട്ഫ്രേസർ അവിടത്തേക്കു നല്കിയ പ്രോത്സാഹനത്തോടും കടപ്പെട്ടിരിക്കുന്നു."

ഇന്ത്യൻഉപദ്വീപിന്റെ ഏറ്റവും തെക്കേഅറ്റത്തു് ഒരു നക്ഷത്രമ്പംഗ്ലാവു സ്ഥാപിക്കുന്നതുകൊണ്ടു് ജ്യോതിശ്ശാസ്ത്രത്തിനു സിദ്ധിക്കാവുന്ന ഗുണങ്ങളെ തിരുമനസ്സിലെ ദൃഷ്ടിയിൽകൊണ്ടുവന്നതു് ആലപ്പുഴെ കച്ചവട ഏജന്റായിരുന്ന മിസ്റ്റർ ജേ. കാൽഡിക്കോട്ട് ആകുന്നു. തന്റെ രാജ്യവും ഐറോപ്യരാജ്യങ്ങളോടൊപ്പം ശാസ്ത്രീയാന്വേഷണങ്ങളിൽപങ്കുകൊള്ളണമെന്നു തിരുമനസ്സിലേക്കു തോന്നിയ മോഹംനിമിത്തം അവിടുന്ന് ഒരു നക്ഷത്രമ്പംഗ്ലാവു പണിയിക്കാൻ കല്പിക്കയും അതിന്റെ സ്വയരക്ഷയായി മി. കാൽഡിക്കോട്ടിനെ നിയമിച്ചിട്ടു വേണ്ട യന്ത്രസാമഗ്രികൾ വരുത്താൻ അധികാരം നല്കയും ചെയ്തു.

കൊട്ടാരം ചികിത്സകന്മാരുടെ ശ്രദ്ധയിൽ ഒരു ഇംഗ്ലീഷ് ഡാക്ടറെക്കുടി നിയമിച്ചിരുന്നതിൽനിന്നും, പാശ്ചാത്യൗഷധങ്ങളുടെ പ്രയോജനം റാണിപ്പെട്ടതിനാൽ അവിടത്തെ തിരുവനന്തപുരത്ത് ഒരു ധന്വന്തരിപുരി സ്ഥാപിച്ചു. അതുപോലെതന്നെ അവിടത്തെ ഒരു ജൂഡിഷിയൽ ഡിപ്പാർട്ടുമെന്റും ഉൽഘാടനം ചെയ്തിട്ട് രാജശ്രീ ചിന്നസ്വാമിയെ ജൂഡിഷിയൽ തലവനായി നിയമിച്ചു. അതിനടുത്തുതന്നെ നാഞ്ചിനാട്ടിൽ ഒരു പ്രാഥമികാരോഗ്യകേന്ദ്രവും സ്ഥാപിച്ചു. രാജാവിനോടൊപ്പം ഒരിക്കൽ സുപ്രസിദ്ധനായ മേൽനോട്ടത്തിൽ വിട്ടുകൊടുത്തു.

ഇങ്ങനെ ഇന്നും കാണുന്ന പല പ്രധാനപ്പെട്ട ഭരണ വകുപ്പുകളുടെയും സ്ഥാപകൻ ഈ തിരുമനസ്സുകൊണ്ടായിരുന്നു. എന്നാൽ അവിടത്തെ പരിഷ്കൃതഭരണം സർവ്വശേഷം പെട്ടെന്നുള്ള അന്ധവിശ്വാസത്തിൽ. വിടിപ്പറച്ചിരുന്ന ചില അനാചാരങ്ങളുടെ ധ്വംസനത്തിനാകുന്നു. വളരെക്കാലമായി ശ്രദ്ധിച്ചിരുന്നു 'കൈമുക്കൽ' എന്നൊരു പരീക്ഷണം നടപ്പിൽ ഇരുന്നു. അതായത് വസ്തുസംബന്ധമായ രേഖകളിലും കള്ളസ്സത്യം മുതലായ കുറങ്ങൾക്കും പകരം സത്യപരീക്ഷചെയ്യുവനും, സത്യപരീക്ഷ, ജലപരീക്ഷ, അഗ്നിപരീക്ഷ, തുലാപരീക്ഷ എന്നിവ നാലുതരത്തിലായിരുന്നു. കുറ്റം ചെയ്തതായി ശങ്കിക്കപ്പെട്ടവിടത്തെ മുതലകൾ നിറഞ്ഞ കുഴികളിൽ നീന്തിക്കയറായിരുന്നു ജലപരീക്ഷ. അവനു് അപകടം ഒന്നും നേരിടാതിരുന്നാൽ, അവൻ നിരപരാധിയായി ഗണിക്കപ്പെടും.

അഗ്നിപരീക്ഷ കുറേക്കൂടി ഭയങ്കരമാണു്. കള്ളനെ പിടികൂടിയാൽ, അവൻ കുറ്റം സമ്മതിക്കുമോ എന്നറിയുന്നതിനു് ഏഴുദിവസത്തോളം ബന്ധനത്തിൽ പാർപ്പിക്കപ്പെടുന്നു. കുറ്റം സമ്മതിക്കാത്തപക്ഷം അന്യായക്കാരനെ വരുത്തി അവനെ വിട്ടയക്കുകയോ സത്യപരീക്ഷ ചെയ്യുകയോ എന്താണു് വേണ്ടതു് എന്നു ചോദിക്കുന്നു. സത്യപരീക്ഷയ്ക്കു് അയാൾ ആവശ്യപ്പെട്ടാൽ, കുറ്റക്കാരനെ കണ്ടുപിടിക്കുവാൻ ശുദ്ധമാക്കി ക്ഷേത്രത്തിനുള്ളിൽ കൊണ്ടുപോകുന്നു. അനന്തരം ഒരു ചെമ്പുപാത്രത്തിൽ എണ്ണ

യൊഴിച്ചു തിളപ്പിക്കും. അതിലിട്ടിരിക്കുന്ന പച്ചിലകൾ എണ്ണയുടെ തിളകൊണ്ടു് തെറിച്ചുവീഴുമ്പോൾ, കുറക്കാരന്റെ വലത്തുകൈയ്യു് പരിശോധിച്ചശേഷം "എന്റെ മേൽ ആരോപിച്ചിരിക്കുന്ന കുള്ളു ഞാൻ ചെയ്തിട്ടില്ല. അതു ചെയ്തതു് ആരാണെന്നു് എനിക്കു് അറിവുമില്ല" എന്നു ദേവവിഗ്രഹത്തെനോക്കി മൂന്നു തവണ പറയിച്ചിട്ടു് തിളയ്ക്കുന്ന എണ്ണയിൽ വലത്തെ കൈവിരലുകൾ മുക്കാൻ പറയുന്നു. അനന്തരം ആ വിരലുകളെ കാവൽക്കാർ പരിശോധിച്ചു് വിവരം രേഖപ്പെടുത്തീട്ടു്, തുണികൊണ്ടു പൊതിഞ്ഞുകെട്ടിമുദ്രവച്ചു അയാളെ മൂന്നുദിവസം തടവിൽ പാർപ്പിക്കുന്നു. അതിനുശേഷം കെട്ടഴിച്ചുനോക്കുമ്പോൾ പൊള്ളലുണ്ടായിരുന്നാൽ അവൻ കുറക്കാരനായു് ഗണിക്കപ്പെടുന്നു. വിരലുകൾ പൊള്ളിയിട്ടില്ലെങ്കിൽ അന്യായക്കാരൻ പിഴ മുളണം.

മൂന്നു നെല്ലിടപാഷാണം 32 ഗ്രണം നെയ്യിൽചേർത്തു സേവിപ്പിക്കുക; അല്ലെങ്കിൽ സപ്പുത്തെ അടച്ചുകെട്ടിയിരിക്കുന്ന കൂടത്തിൽ കൈയിടുവിക്കു, ഇതാണു് വിഷപരീക്ഷ.

തുലാപരീക്ഷ അന്ധവിശ്വാസത്തിന്റെ പാരമ്യത്തെക്കാണിക്കുന്നു. ആദ്യമായി ശങ്കിതനെ ത്രാസ്സിൽവച്ചു തൂക്കി ഭാരം രേഖപ്പെടുത്തീട്ടു്, കുറവിവരം അയാളുടെ ദേഹത്തിൽ എഴുതിക്കെട്ടുന്നു. വീണ്ടും തൂക്കുമ്പോൾ ഭാരം കൂടിക്കണ്ടാൽ അയാൾ കുറക്കാരനാണെന്നു തീച്ചയാകും.

അഗ്നിപ്രവേശനം ചെയ്യുന്നതിനുമുമ്പു് കൈമുക്കുപരീക്ഷ സ്വാതിതിരുനാൾ തിരുമനസ്സിലെ കാലംവരെ നടത്തിവന്നു. പിന്നാൽ തിരുമേനി 'കൈമുക്കു്' കുളിപ്പാടു നിശ്ശേഷം നിർത്തിക്കളഞ്ഞു. അതുപോലെതന്നെ സ്ത്രീകളെ ശിരോമുണ്ഡനം ചെയ്യുന്നാടുകടത്തുന്ന ക്രൂരകർമ്മവും അവിടുന്നു് നിർത്തലാക്കി.

നീതിഭരണം അനുസൃതമായി നടക്കണമെങ്കിൽ, ന്യായാധിപന്മാർ സ്വാതന്ത്ര്യമുണ്ടായിരിക്കണം. അതുകൊണ്ടു കൊലശിക്ഷയോ ജീവപര്യന്തം തടവോ വിധിക്കപ്പെട്ടിട്ടുള്ളവരുടെ കാര്യങ്ങളിലൊഴികെ താൻ ഇടപെടുന്നതല്ലെന്നു് അവിടുന്നു നിശ്ചയം ചെയ്തു.

ദിവാൻ വെങ്കിട്ടരായർ വീണ്ടും.

ദിവാൻ സുബ്ബരായരും പേഷ്കാർ കൊച്ചുശങ്കരപ്പിള്ളയും കൂടി കണ്ടൻമേനവനെ ഉപദ്രവിക്കുന്നതിനായിചെയ്ത ഗ്രഡശ്രമങ്ങൾ മഹാരാജാവും അറിയാതിരുന്നില്ല. അതുകൊണ്ട് അവിടത്തേക്ക് ഇവരുടെ പേരിൽ വലിയ അപ്രീതി ജനിച്ചു. ഈ അവസരത്തിൽ ജനങ്ങൾ അവരെപ്പറ്റി ഹർജികളും അയച്ചു തുടങ്ങി. അതുകൊണ്ട് 1012-ൽ മഹാരാജാവു് റസിഡൻറുമായി ആലോചിച്ചു അവരെ തൽക്കാലത്തേക്കു് ഉദ്യോഗത്തിൽ നിന്നു നീക്കിനിറുത്തുന്നതിനും പരാതികളെപ്പറ്റി നിഷ്പക്ഷമായി അന്വേഷണം നടത്തുന്നതിനും തീർച്ചപ്പെടുത്തി. അപ്പീൽകോടതി ജഡ്ജിയായിരുന്ന നാരായണൻ കേശവൻറെ പേരിലും പരാതികൾ ഉണ്ടായി. ഈ കേസ്സുകളെപ്പറ്റി പര്യാലോചിക്കുന്നതിനുവേണ്ടി അവിടുന്നു മിസ്റ്റർ മൺട്രോ (കണ്ണൻ മൺട്രോവിൻറെ പുത്രൻ)വിൻറെ അധ്യക്ഷത്തിൽ ഒരു കമ്മിഷനെ നിയമിച്ചു. ആ കമ്മിഷൻറെ വിധി പ്രതികൾക്കു് അനുകൂലമായിരുന്നിട്ടും, അവരെ ഉദ്യോഗത്തിൽ വച്ചുകൊണ്ടിരിക്കാൻ തിരുമനസ്സിലേക്കു തൃപ്തിയുണ്ടായില്ല. അതുകൊണ്ടു ദിവാൻജിയുടെ ചുമതലകൾ വഹിക്കുന്നതിനു വെങ്കിട്ടരായരുടെ അനുജനും സർ ടി. മാധവരായരുടെ പിതാവും ആയിരുന്ന രംഗരായരെ ചുമതലപ്പെടുത്തി.

മുമ്പു ദിവാനായിരുന്ന വെങ്കിട്ടരായരെത്തന്നെ തിരിയെ വിളിക്കണമെന്നായിരുന്നു തിരുമനസ്സിലെ അഗ്രഹം. അതുകൊണ്ടു് അവിടന്നു് അനുജനായ ഉത്രംതിരുനാൾ തമ്പുരാനെക്കൊണ്ടു വെങ്കിട്ടരായർക്കു് എഴുതി അയപ്പിക്കയും അദ്ദേഹം അപേക്ഷണം സ്വീകരിക്കയും ചെയ്തതിനാൽ വെങ്കിട്ടരായർ വീണ്ടും ദിവാൻജിയായി നിയമിക്കപ്പെട്ടു.

1013-ൽ വെങ്കിട്ടരായർ തിരുവനന്തപുരത്തെത്തി. അദ്ദേഹത്തിൻറെ ഭരണം ഊർജ്ജസ്വലമായിരുന്നു. എന്നാൽ അഛിരേണ റസിഡണ്ടായിരുന്ന ഡഗ്ലസ് സായിപ്പിനോടു ചില സംഗതികളിൽ യോജിക്കാതെ വന്നതിനാൽ അദ്ദേഹം അടുത്ത വർഷത്തിൽ രാജിവച്ചു കുംഭകോണത്തേക്കു പോയി.

വെങ്കിട്ടരായർ ദിവാനായി നിയമിക്കപ്പെട്ടപ്പോൾ രംഗരായർ ഉദ്യോഗം രാജിവച്ചൊഴിഞ്ഞതിനാൽ ദിവാൻ ഉദ്യോഗത്തിനു യോഗ്യതയുള്ളവരായി ആരും ഇല്ലാതിരുന്നതുകൊണ്ടു സുബ്ബരായരെത്തന്നെ തിരിച്ചുവിളിക്കാൻ അവിടുന്നു തീർച്ചപ്പെടുത്തി.

സുബ്ബരായർ ദിവാൻ.

1014-ൽ സുബ്ബരായർ വീണ്ടും ദിവാൻപദം സ്വീകരിച്ചു. ഉടൻതന്നെ മഹാരാജാവു് ദിവാൻജിയുടേയും കീഴ് ഉദ്യോഗസ്ഥന്മാരുടേയും അധികാരങ്ങളെ ക്ലിപ്തപ്പെടുത്തി ഒരു തിരുവെഴുത്തു വിളംബരം പ്രസിദ്ധപ്പെടുത്തി. ദിവാൻജിക്കല്ലാതെ മറ്റു ഉദ്യോഗസ്ഥന്മാർക്കാർക്കും മഹാരാജാവുമായി നേരിട്ടു് എഴുത്തുകുത്തുകൾ നടത്താൻ പാടില്ലെന്നു് അതിൽ വ്യവസ്ഥചെയ്തിരുന്നു.

വെങ്കിട്ടരായരുടെ വേർപാടിൽ ജനങ്ങൾക്കു വളരെ സങ്കടം ഉണ്ടായെങ്കിലും, സുബ്ബരായരും ക്രമേണ പൊതുജനപ്രീതി സമ്പാദിച്ചു. ഈ നിയമനത്തെ സംബന്ധിച്ചു റസിഡണ്ടു മഹാരാജാവു തിരുമനസ്സിനെ ഇപ്രകാരം അഭിനന്ദിച്ചു.

"ഈ സംഭവത്തെപ്പറ്റി ബഹുമാനപ്പെട്ട ഗവർണ്ണർക്കു റിപ്പോർട്ടുചെയ്യുമ്പോൾ അവിടത്തെ ഉദ്യോഗത്തിൽ ദീർഘകാലം ഇരുന്ന നല്ല കാര്യശേഷിയും വിശ്വാസ്യതയും പ്രകാശിപ്പിച്ചിട്ടുള്ളവനും, ഈ നാട്ടിനെ സംബന്ധിച്ച കാര്യങ്ങളെപ്പറ്റി മറ്റധികംപേർക്കില്ലാത്തമാതിരി വിപുലജ്ഞാനമുള്ളവനും ആയ ഒരാളുടെ നിയമനം പ്രജകളുടെ ക്ഷേമത്തിനും രാജസ്ഥാനത്തിന്റെ മഹിമയ്ക്കും വേണ്ടി സ്വധർമ്മത്തെ നിറവേറ്റുന്നതിനു് അവിടത്തേക്കുള്ള സന്നദ്ധതയുടെ ഉത്തമോദാഹരണമാണെന്നുള്ള എന്റെ അഭിപ്രായത്തെക്കൂടി രേഖപ്പെടുത്താൻ എനിക്കു സന്തോഷമുണ്ടു്."

ഈ സുബ്ബരായരുടെ കാലത്താണു് പുത്തൻമാളികയും രംഗവിലാസം കൊട്ടാരവും പണികഴിക്കപ്പെട്ടതു്.

ഇതിനിടയ്ക്കു മഹാരാജാവിന്റെ പ്രശസ്തി ഭാരതഖണ്ഡം മുഴുക്കെ വ്യാപിച്ചുകഴിഞ്ഞു. ബംഗ്ലാളം, കാശി കുംഭകോണം

പഞ്ചനദം മുതലായ ദിക്കുകളിൽനിന്നെല്ലാം മഹാവിദ്വാന്മാർ തിരുവനന്തപുരത്തു വന്നുചേർന്നു. അക്കൂട്ടത്തിൽ വന്നുചേർന്നവരിൽ ഒരാളായിരുന്ന സുപ്രസിദ്ധനായ ശങ്കരജ്യോത്സ്യർ. അദ്ദേഹം രഞ്ജിത്സിംഗിന്റെ കൊട്ടാരത്തിലെ ഒരു പണ്ഡിതരായിരുന്നു. മഹാരാജാവു് ഈ വിശിഷ്ടപുരുഷനെ അപ്പീൽകോടതിയിലെ ഒന്നാംജഡ്ജിയായി നിയമിച്ചു.

1016-ൽ ജനറൽകല്ലൻ തിരുവിതാംകൂറിലെ റസിഡണ്ടായിവന്നു. അദ്ദേഹത്തിന്റെ കൂടെ കൃഷ്ണയ്യൻ എന്നൊരു ബ്രാഹ്മണനും ഉണ്ടായിരുന്നു. ഈ ബ്രാഹ്മണന് ഇംഗ്ലീഷ് നല്ലപോലെ പരിചയമില്ലായിരുന്നുവെങ്കിലും, ഭംഗിയായും വേഗത്തിലും എഴുതാൻ വശമുണ്ടായിരുന്നു. അയ്യാൾ കല്ലൻസായ്പിന്റെ പ്രീതിഭാജനമായിരുന്നതിനാൽ അദ്ദേഹം വഴിക്കു തിരുവിതാംകൂർ സർക്കാരുദ്യോഗം സമ്പാദിക്കണമെന്നു് ആഗ്രഹിച്ചു. അയ്യാൾക്കു കൊടുക്കത്തക്ക ഒരു ഉദ്യോഗവും ഈ നാട്ടിൽ ഇല്ലാതിരുന്നതുകൊണ്ടു്, ഫാജ്ജർ ഡിപ്പ്ടി പേഷ്കാർ എന്നൊരു പുതിയ ഉദ്യോഗം നിർമ്മിക്കേണ്ടിവന്നു. അതിൽ 300 രൂപാ ശമ്പളത്തിൽ അയ്യാളെ നിയമിച്ചു ദേവസ്വം, ഊട്ടുപുര മുതലായവയുടെ ഭരണം വിട്ടുകൊടുത്തു. എന്നാൽ അതുകൊണ്ടൊന്നും അയ്യാൾക്കു തൃപ്തി വന്നില്ല. ദിവാൻ ഉദ്യോഗം കരസ്ഥമാക്കണമെന്നായിരുന്നു അയ്യാളുടെ മോഹം. അതിനാൽ അയ്യാൾ സുബ്ബരായരുടെ അധഃപതനത്തിനായി ഗൂഢയത്നങ്ങൾ ചെയ്തുകൊണ്ടിരുന്നു. ഈ മഹാരാജാവിന്റെ അറിവിൽപ്പെടുകയാൽ, അവിടന്നു് വല്ലാതെ മുഷിഞ്ഞു.

കല്ലനു നല്ല ശ്രവണശക്തിയില്ലായിരുന്നുവത്രേ. അതുകൊണ്ടു് അദ്ദേഹത്തിനോടു വളരെ ഉച്ചത്തിൽ സംസാരിക്കേണ്ടിവന്നു. ഈ മഹാരാജാവിനു വലിയ ഉപദ്രവമായിത്തോന്നുകയാൽ അവിടുന്നു് അദ്ദേഹത്തിനെ അപൂർവമായിട്ടേ സന്ദർശിക്കാറുണ്ടായിരുന്നുള്ളൂ. ഗവർമ്മെൻറിനും റസിഡണ്ടിനും മദ്ധ്യസ്ഥനായി നിന്നതു കൃഷ്ണരായരായിരുന്നതിനാൽ, അദ്ദേഹം തന്നിക്കു ലഭിച്ച ഈ സൌകര്യത്തെ റസിഡണ്ടിനും മഹാരാജാവിനും തമ്മിൽ നീരസം വർദ്ധിപ്പിക്കുന്നതിലേക്കു വിനിയോഗിച്ചു. മഹാ-

കല്ലൻസായ്യ്

രാജാവു റസിഡണ്ടിനെ സന്ദർശിക്കാത്തതു് അദ്ദേഹത്തിനോടുള്ള അനാദരംകൊണ്ടാണെന്നും ആ അനാദരത്തിനു കാരണഭൂതന്മാരിൽ പ്രധാനി സുബ്ബരായരാണെന്നും അയാൾ അടിക്കടി കല്പൻസായിപ്പിനെ അറിയിച്ചുകൊണ്ടിരുന്നു. ഏഷ്യണിക്കാരിൽനിന്നു വലിയ ഉദ്യോഗസ്ഥന്മാക്കും പ്രഭുക്കന്മാക്കും നേരിടാറുള്ള മഹാബദ്ധങ്ങൾ സർവജനവിദിതങ്ങളാണല്ലോ. ഏതു സാധുക്കൾ ഈ ദുർജ്ജിഹ്വന്മാർവഴിക്കു സങ്കടഗർത്തത്തിൽപ്പെട്ടു വലയുന്നുവെന്നു പറഞ്ഞറിയിക്കുവാൻ പ്രയാസമാണു്. സ്വപ്നത്തിൽപോലും വിചാരിച്ചിട്ടില്ലാത്ത സംഗതികൾ ഒരാൾ പറഞ്ഞതായിട്ടോ പ്രവർത്തിച്ചതായിട്ടോ കേവലം ഒരു നരകൃമി പറഞ്ഞതിനെ അടിസ്ഥാനപ്പെടുത്തി വലിയ ഉദ്യോഗസ്ഥന്മാർ കഠിനമൊക്കെ ചെയ്യാൻ ഒരുമ്പെട്ടാൽ ഈശ്വരനോടല്ലാതെ മറാരോടു സങ്കടം പറയും.?

കല്പൻസായിപ്പു സുശീലനും ജനാഭിവൃദ്ധിയിൽ താൽപര്യമുള്ളവനും ആയിരുന്നെങ്കിലും ക്ഷമാശീലം തീരെ കുറവുള്ള ആളായിരുന്നു. അഭിമാനത്തിനു ക്ഷതം വരുത്തുന്ന അവസരങ്ങളിൽ അദ്ദേഹം ഏതുമാം പ്രവർത്തിക്കാൻ സന്നദ്ധനായിരുന്നു. കൃഷ്ണരായരുടെ ഏഷ്യണി കേട്ടുകേട്ടു് അദ്ദേഹം മഹാരാജാവിൽ കുത്യവിലോപങ്ങൾ കണ്ടുതുടങ്ങി. ആ ധർമ്മപുത്രവിന്റെ സ്വഭാവംപോൽ ക്ഷിപ്രത്തിൽ കൃഷ്ണരായരുടെ ഏഷ്യണിവഴിക്കു തിമിരബാധിതമായിത്തീർന്ന കണ്ണുകളാൽ അങ്ങു് സ്നേഹപൂർവം വീക്ഷിച്ചുതുടങ്ങി. റസിഡണ്ടു രാജ്യകാര്യങ്ങളിൽ പ്രവേശിച്ചുതുടങ്ങിയപ്പോൾ മഹാരാജാവിനു ദുസ്സഹമായ അഭിമാനക്ഷയം തോന്നി. ജനങ്ങളിൽനിന്നു് എന്ന ഭാവത്തിൽ കൃഷ്ണരായർ തന്റെ ആശ്രിതന്മാരെക്കൊണ്ടു് എഴുതിച്ചു പരാതികൾകൊണ്ടു റസിഡണ്ടിന്റെ കച്ചേരി നിറഞ്ഞു. ആ ഹർജികൾ വായിച്ചുനോക്കിയാൽ സുബ്ബരായർ സാക്ഷാൽ പിശാചിന്റെ ഒരവതാരമാണെന്നു് ആരും വിചാരിച്ചുപോകും. റസിഡണ്ടുതന്നെ ഹർജികൾ വിചാരണ ചെയ്യാൻ തുടങ്ങിയപ്പോൾ, രാജാധികാരം നാമമാത്രമായിത്തീർന്നു. തഹശീൽദാർ തുടങ്ങിയ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതുപോലും തന്നോടാലോചിച്ചിട്ടുവേണം, എന്നു റസിഡണ്ടു ശഠിച്ചു. ഇങ്ങനെ ദിവാന്റെ അധികാരവും റസിഡണ്ടു കൈവശപ്പെടുത്തി. കേവലം

രായ സംപിള്ളമാക്ക് ശമ്പളക്കൂടുതൽ കൊടുക്കണമെന്നുപോലും റസി ഡണ്ടിനോട് ആലോചിച്ചിട്ടുവേണമെന്നു വന്നതിൽനിന്നു ദിവാൻസ്ഥാനം വെറും ഭാരമായിട്ടാണു സുബ്ബരായക്ക് തോന്നിയതു്.

മഹാരാജാവിനു കല്പനേറ ഈ പെരുമാറ്റം നിമിത്തം അനല്പമായ ക്ഷീണം തോന്നി. പ്രജകളുടെ ദൃഷ്ടിയിൽ സാക്ഷാൽ ധർമ്മമൂർത്തിയെപ്പോലെ വിളങ്ങിക്കൊണ്ടിരുന്ന ഈ തമ്പുരാനെ പ്പറ്റി വിചിത്രമായ റിപ്പോർട്ടുകൾ അടിക്കടി കല്പൻസാഹ്പ് ഗവർണ്മെന്റിക്കും അയച്ചുകൊടുത്തുകൊണ്ടിരുന്നു. 'ദൂരെയിരുന്നാൽ നേരറിയാമോ!' എന്നു ഉണ്ണായിവാര്യർ പറഞ്ഞതുപോലെ അതു ഞ്ഞൂറിൽപരം മൈൽ ദൂരത്തിരുന്ന ഗവർണ്മെന്റർ വാസ്തവമൊന്നും അറിഞ്ഞതുമില്ല. അതുകൊണ്ട് അദ്ദേഹം ഈ റിപ്പോർട്ടുകളെ വിശ്വസിക്കാതെ എന്തുചെയ്യും? ഈ സംഭവങ്ങളെല്ലാം മഹാരാജാവിനു മനോരാജ്യം ജനിപ്പിച്ചു. പ്രകൃത്യാ, പരമഭക്തനായിരുന്ന അവിടത്തേക്ക് സാംസാരികവിഷയങ്ങളിൽ വിമുഖതയും അനാസ്ഥയും അത്യന്തം ശ്രീപത്മനാഭന്റെ പാദാരവിന്ദങ്ങളിൽ ഭക്തിയും വർദ്ധിച്ചു.

സംഗതികളുടെ യഥാർത്ഥസ്ഥിതിഗതികളെ വിവരിച്ച് അവിടുന്നു മദ്രാസ് ഗവണ്മെന്റിക്ക് ഒരു തീട്ടൂരം അയച്ചുവെങ്കിലും അതുകൊണ്ടൊന്നും പ്രയോജനമുണ്ടായില്ല. സുബ്ബരായരെ പിരിച്ചയച്ചിട്ട് കൃഷ്ണറാവുവിനെ ദിവാൻ ഉദ്യോഗത്തിൽ പ്രതിഷ്ഠിക്കാതെ തരമില്ലെന്നു കണ്ടപ്പോൾ, ഉദ്യോഗസ്ഥന്മാർ [illegible] സംഭവം, കൃഷ്ണറായരുടെ സേവയ്ക്കുകൂടി. 'നണ'പ്പിശാചിന്റെ കരാളദംഷ്ട്രങ്ങൾ കണ്ടു വിനീതനായ സുബ്ബരായർക്കുട്ടി ജോലി രാജിവച്ചു തിരുവനന്തപുരത്തുതന്നെ താമസിച്ചു. മഹാരാജാവു് അദ്ദേഹത്തിനു പ്രതിമാസം അഞ്ഞൂറുരൂപാ പെൻഷൻ അനുവദിച്ചുകൊടുക്കയുംചെയ്തു.

കൃഷ്ണറാവുവിനു ദിവാൻജോലികൂടി നോക്കാൻ കല്പന നല്കിയെങ്കിലും, അദ്ദേഹത്തിനെ ആ സ്ഥാനത്തു സ്ഥിരമായി നിയമിക്കാൻ അവിടത്തേക്കു തൃപ്തിയുണ്ടായിരുന്നില്ല. ഒരു ദിവസം അവിടുന്നു് പിതാവായ രാജരാജവർമ്മ കോയിത്തമ്പുരാനേയും

എളമുറത്തമ്പുരാനെയും അരികിൽ വിളിച്ച് ഇങ്ങനെ അരുളി ചെയ്തു.

"മദിരാശിഗവണ്മെണ്ടു കല്ലൻസായ്പിന്റെ വാക്കിനെമാത്രം വിശ്വസിക്കുന്നതായി തോന്നുന്നു. ആ ഗവണ്മെൻറു തിരുവിതാംകൂറിന്റെ ക്ഷേമാഭിവൃദ്ധിയിൽ നമുക്കുള്ളതിലധികം താല്പര്യമുണ്ടെന്നു ഭാവിക്കുന്നത് അശ്വസ്യജനകംതന്നെ. ഈസ്റ്റിൻഡ്യാ കമ്പനി നമ്മുടെ ഒരു മിത്രം മാത്രമാണെങ്കിലും ഇന്നത്തെ മദ്രാസ്ഗവണ്മെൻറിന്റേയും കല്ലന്റേയും പെരുമാറ്റം കണ്ടാൽ മറിച്ചേ തോന്നൂ. നമ്മുടെ വിദ്വൽസഭയിൽ കമ്പനിയുടെ നാടുകളിൽനിന്നും മൈസൂർ, ഹൈദ്രാബാദ്, തഞ്ചാവൂർ കൊച്ചി തുടങ്ങിയ നാടുരാജ്യങ്ങളിൽനിന്നും നിരവധി വിദ്വാന്മാരുണ്ട്. ആ രാജ്യങ്ങളിലെ ഭരണം ഇവിടത്തെതിനേക്കാൾ ഒരു വിധത്തിലും ഉച്ചമല്ലെന്നു നമുക്കറിയാം. ആദ്യദശയിൽ നമ്മുടെ ഭരണം മദ്രാസ്ഗവണ്മെൻറിന്റേയും ഇന്ത്യാഗവണ്മെൻറിന്റേയും അഭിനന്ദനത്തിനു പാത്രമായിരുന്നു. എന്നാൽ പന്ത്രണ്ടു കൊല്ലത്തോളം ഭരിച്ച് ഭരണമീമാംസ പരിചയിച്ചശേഷം ഇപ്പോൾ തിരുവിതാംകൂറിനെ ഒരു തെലുങ്കു ബ്രാഹ്മണന്റെ ഹസ്തത്തിൽ സമർപ്പിക്കേണ്ടിവന്നിരിക്കുന്നു. ഇതിനേക്കാൾ സ്ഥാനത്യാഗം ചെയ്യുകയാണു് ഉചിതം."

ഇപ്രകാരം കല്പിച്ചിട്ട് അവിടുന്ന് ഈ വിവരമൊക്കെ കാണിച്ചു വളരെ ശക്തിയുള്ള ഭാഷയിൽ എഴുതിത്തയ്യാറാക്കിവച്ചിരുന്ന ഒരു തീട്ടൂരത്തെ എളമുറത്തമ്പുരാനെകാണിച്ചു. എന്നാൽ അച്ഛൻതിരുമേനിയും എളമുറത്തമ്പുരാനും അമ്മതമ്പുരാട്ടിയും ഈ തീട്ടൂരം ഗവണ്മെൻറ് ജനറലിനയയ്ക്കരുതെന്നു ഉപദേശിക്കയാൽ അവിടുന്നു കുറച്ചുകാലംകൂടി ക്ഷമിച്ചിരുന്നു. എന്നാൽ ദിവസംതോറും കല്ലന്റെ ഉപദ്രവം വർദ്ധിച്ചുവന്നു. ഒടുവിൽ മഹാരാജാവു കൃഷ്ണരായരെ മാറ്റി മുമ്പിരുന്ന റെസ്സിരായരെ ദിവാൻജിയാക്കാൻ നിശ്ചയിച്ചു. മദ്രാസ്ഗവണ്മെൻറു സമ്മതിക്കയും ചെയ്തു. എന്നാൽ ആ സമ്മതത്തെ രേഖപ്പെടുത്തി കല്ലൻ സായിപ്പ് അയച്ച കത്തിൽ തന്റെ അപ്രീതികൂടി സൂചിപ്പിക്കാതിരുന്നില്ല. ദിവാന്റെ ആശ്രിതന്മാരെയും ബന്ധുക്കളേയും

തിരുവിതാംകൂറിലേക്ക് കൊണ്ടുവന്നു് അവരെ ഉദ്യോഗങ്ങളിൽ നിയമിച്ചുപോകരുതെന്നു് ആ കത്തിൽ പ്രസ്താവിച്ചിരുന്നുവെങ്കിലും, റെസ്സിഡായർ അതൊന്നും വകവയ്ക്കാതെ ഒട്ടുവളരെ ചാപ്പിക്കാക്കും തന്റെ രണ്ടു പുത്രന്മാക്കും തിരുവിതാംകൂറിൽ ഉദ്യോഗം കൊടുത്തു. ദിവാൻപേഷ്കാരായിരുന്ന കേശവപിള്ളയേയും, കൊച്ചുശങ്കരപ്പിള്ളയേയും തിരിച്ചുവിളിച്ചു് അവർക്ക പഴയ ഉദ്യോഗങ്ങൾ നല്കി. കൃഷ്ണരായർ രാജികൊടുത്തു കൊല്ലത്തുപോയി താമസം തുടങ്ങി. ഇതൊന്നും കല്ലനു രസിച്ചില്ലെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ.

ഈ പ്രാവുവിനെപ്പറ്റി മഹാരാജാവു മദ്രാസ്സ്ഗവണ്മെന്റ്റിക്കു് അയച്ച കത്തിൽനിന്നു് ഭേഷിട്ടേക്കു് അദ്ദേഹത്തിന്റെ പേരിൽ ചുമത്തോള്ളം വെറുപ്പു തോന്നിയിരുന്നു എന്നു് പ്രത്യക്ഷമാകുന്നതാണു്.

"പ്രഭോ

... ...

... ...

ഇന്നതെ രസിഡണ്ടു് ഇവിടെ എത്തിയതുമുതല്ക്കു നമ്മുടെ ദിവാനായ സുബ്ബരായരിൽ അവിശ്വാസം പ്രകാശിപ്പിച്ചുതുടങ്ങി. ഇങ്ങനെ രസിഡണ്ടിന്റെ അപ്രീതിക്കു പാത്രീഭവിച്ച സുബ്ബരായരെപ്പറ്റി ഈ അവസരത്തിൽ രണ്ടു വാക്കു പ്രസ്താവിക്കേണ്ടിയിരിക്കുന്നു. സുബ്ബരായർ നമ്മുടെ അധ്യാപകൻ എന്ന നിലയിലും പിന്നീടു ദിവാൻ എന്ന നിലയിലും ഇരുപത്തിരണ്ടുകൊല്ലമായി നമ്മെ സേവിച്ചുവരുന്ന ഒരു വിശ്വസ്തഭൃത്യനാകുന്നു. അനാഥം തന്റെ കുമ്മപ്രതിയിൽ നമ്മുടെ ബഹുമാനത്തിനും വിശ്വാസത്തിനും മാത്രമല്ല അനേക രസിഡണ്ടന്മാരുടെയും അഭിനന്ദനങ്ങൾക്കു പാത്രീഭവിച്ചിട്ടുണ്ടു്. നമ്മുടെ വിശ്വസ്തനായ ഇപ്പ്രധാനസചിവനോടാണു് തന്നോടുകൂടി മദ്രാസിൽ വന്ന നാല്പ വയസ്സു പ്രായമുള്ള ഒരു തെലുങ്കു ബ്രാഹ്മണന്റെ ദുഷ്പ്രേരണയാൽ ജനറൽ കല്ലൻ വെറുപ്പും വിദ്വേഷവും പ്രകടിപ്പിച്ചുതുടങ്ങിയതു്.

ദിവാൻ സുബ്ബരായർ പ്രധാനാണെങ്കിലും റസിഡണ്ടിന്റെ സഹകരണം ലഭിച്ചിരുന്നിടത്തോളം കാലം പൊതുക്കാര്യങ്ങളെ ഭരണിയായി നിഷ്പ്രഹിച്ചുകൊണ്ടിരുന്നു. എന്നാൽ ആ സഹകരണം ലഭിക്കാതാവുകയും അന്യാളുടെ പ്രവൃത്തികളെ റസിഡണ്ടു അസംതൃപ്തിയോടുകൂടി വീക്ഷിക്കയും ചെയ്തുതുടങ്ങിയപ്പോൾമുതൽ തന്നെ നിഷ്പ്രയോജകമായ പ്രയത്നങ്ങളിൽനിന്നു തന്നെ ഒഴിഞ്ഞുവിടണമെന്ന് അയ്യാൾ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. എന്നാൽ ആയാളെ ജോലിയിൽനിന്നു പിരിച്ചുവിടുന്നതു രാജ്യക്ഷേമത്തിനു ബാധകമാകുമെന്നു നമുക്കു ബോധമുണ്ടായിരുന്നതിനാൽ ആ അപേക്ഷകളെ നാം കൈക്കൊണ്ടില്ല.

ഇതേസമയംതന്നെ തന്റെ സ്വന്ത സേവകനായ കൃഷ്ണരായർക്ക് ദിവാൻപേഷ്കാരുദ്യോഗം നല്കണമെന്നു റസിഡണ്ടു ശുപാർശചെയ്തു. ദിവാൻ റസിഡണ്ടിന്റെ പ്രീതി സമ്പാദിക്കാനായി അങ്ങനെ ചെയ്യുന്നതിനു കാംക്ഷിച്ചു; എന്നാൽ അങ്ങനെ ചെയ്താൽ മുമ്പൊരവസരത്തിൽ ഉണ്ടായതുപോലെ ദിവാന്റെ അധികാരശക്തിക്കു ഉടവുതട്ടുമെന്നു വിചാരിച്ചു നാം ആ കൃഷ്ണരായരെ നിയമിക്കുന്നതിൽ അത്യന്തം വൈമനസ്യം കാണിച്ചുവെങ്കിലും റസിഡണ്ടിന്റെ അപേക്ഷ സ്വീകരിക്കുന്നപക്ഷം അയ്യാൾക്കു ദിവാനോടുള്ള നീരസം നീങ്ങിയേക്കുമെന്നു കരുതി ഒടുവിൽ കൃഷ്ണരായരെ കരുവിശേഷാൽ ഡിപ്പ്ടിപേഷ്കാരായി നിയമിക്കുന്നതിനു സമ്മതിച്ചു.

ഈ നിയമനം നടന്നപ്പോൾ നാം വിചാരിച്ചതുപോലുള്ള അപകടസ്ഥിതി തന്നെ വന്നുചേർന്നു; എന്തുകൊണ്ടെന്നാൽ, അയ്യാൾ തന്റെ കീഴിലുള്ളവരെയും അല്ലാതുള്ളവരെയുംകൊണ്ടു ദിവാൻജിയെപ്പററി കള്ളഹർജി അയപ്പിച്ചുതുടങ്ങി. കൃഷ്ണരായർനിമിത്തം ദിവാൻജിക്കു നേരിട്ട സങ്കടങ്ങളും ഉപദ്രവങ്ങളും വർണ്ണിച്ചുതുടങ്ങിയാൽ ഈ ലേഖനം വളരെ നീണ്ടുപോകും. ചുരുക്കിപ്പറഞ്ഞാൽ ദിവാന്റെ അധികാരം നിശ്ശേഷം നശിച്ചു;
... ... അതിനും പുറമേ റസിഡണ്ടു് ഒപ്പിടാതെ ഒരു ഔദ്യോഗികമായ മെമ്മോനമുക്കു് അയച്ചുതന്നു. അതിൽ ദിവാനെപ്പററി നിരർത്ഥകങ്ങളും

ചെ
അടിസ്ഥാനശൂന്യങ്ങളും അന്യ ചില ദോഷാരോപണങ്ങൾ ഇതിനു
ള്ളിട്ട് അയാളെ ഉദ്യോഗത്തിൽനിന്നു പിരിച്ചയയ്ക്കേണ്ടതാണെന്നു
കാണിച്ചിരുന്നു. എന്നാൽ അതിനു ഒരു മറുപടി തയാറാക്കാതെ
ഇരിക്കുമ്പോൾ അതു നമ്മുടെ അറിവിനായി മാത്രം എഴുതിയ
ഒരു കത്തായിരുന്നുവെന്നും അതുകൊണ്ടു മറുപടി അയയ്ക്കേണ്ടതി
ല്ലെന്നും ജനറൽ കല്ലൻ നമ്മെ അറിയിച്ചു.

ഈ രണ്ടു കത്തുകളുടെയും ഉദ്ദേശം പ്രകടമാണു്. ഒന്നാമ
തായി റസിഡണ്ടിനു നാം മറുപടി അയച്ചാൽ അതിനെ മദ്രാസു്
ഗവണ്മെൻറിലേക്കു് അയയ്ക്കേണ്ടിവരും; അതു് ജനറൽകല്ലന്റെ
നയത്തിനു വിപരീതവുമാണു്. എന്തുകൊണ്ടെന്നാൽ ഇവിടെ
നടക്കുന്ന കാര്യങ്ങളെ മദ്രാസ് ഗവണ്മെൻറിൽനിന്നും മറച്ചുവ
യ്ക്കുന്നാണു് അയാളുടെ നിരന്തരശ്രമം. രണ്ടാമതായി നമ്മുടെ
മറുപടി കിട്ടാതിരുന്നാൽ മെമ്മോവിന്റെ ഒരു പകർപ്പു് ഗവ
ണ്മെൻറിലേക്കു് അയച്ചു് നമ്മുടെ മൌനം ആ ദോഷാരോപണ
ത്തെ പ്രതിഷേധിക്കാൻ നിവൃത്തിയില്ലായ്മകൊണ്ടു് ഉണ്ടായ
താണെന്നു സ്ഥാപിക്കാൻ സൌകര്യം ലഭിക്കയുംചെയ്യും. ഇങ്ങ
നെ നമ്മുടെ സുഖസൌകര്യത്തെപ്പറ്റി ഉൽക്കണ്ഠിതനെന്ന ഭാവ
ത്തിൽ നമ്മുടെ അധികാരത്തെ കീഴ്മേൽ മറിച്ചു് അതിനെ കയ
സ്ഥമാക്കാനുള്ള അയാളുടെ ദുരുദ്ദേശ്യം പ്രകടമാണു്.

റസിഡണ്ടിനു് ഇങ്ങനെ ഒരു ഉദ്ദേശമുണ്ടെന്നു നമുക്കു്
അപ്പോൾ മനസ്സിലായിരുന്നില്ല; അല്ലെങ്കിൽ ആ മെമ്മോവിനു
നാം മറുപടി അയയ്ക്കുകയും അതിനെ ഗവണ്മെൻറിന്റെ ശ്രദ്ധ
യിൽ കൊണ്ടുവരുന്നതിനു അപേക്ഷിക്കയും ചെയ്യുമായിരുന്നു.
മദ്രാസ്ഗവണ്മെണ്ടിന്റെ തീച്ചുരുറിപ്പുകഥ വായിച്ചപ്പോൾ,
ടിപ്പാന്റെ വാദ്ധ്യയും ശ്രേഷ്ഠിക്കുറവും നിമിത്തം അയാളെ പി
രിച്ചുവിടുന്നതിനു് നാം സന്നദ്ധരാണെന്നു് റസിഡണ്ടു് ഗവണ്മെ
ൻറിനെ അറിയിച്ചിരുന്നതായി കണ്ടു് നാം അത്ഭുതപ്പെട്ടു.
പ്രഭോ, അങ്ങനെ ഒരു ഉദ്ദേശം നമുക്കു് ഒരിക്കലും ഉണ്ടായിരുന്നി
ല്ലെന്നും ജനറൽകല്ലനുമായുള്ള അഭിമുഖസംഭാഷണാവസരങ്ങ
ളിൽ വ്യക്തമായ ഭാഷയിൽ നമ്മുടെ അശയത്തെ നാം പ്രകാ

ശിക്ഷിച്ചിട്ടുണ്ടെന്നും ഈ അവസരത്തിൽ ഉറപ്പായി പ്രസ്താവിച്ചു കൊള്ളുന്നു." ... ...

... ...

... ...

"പറേ ശ്രുപാശ്രവളത്തിൽ കൃഷ്ണരായരെ പ്രധാന ദിവാൻ പേഷ്കാരായി നിയമിക്കണമെന്നു റസിഡണ്ടു് അപേക്ഷിച്ചു. എന്നാൽ അതിന്റെ ദോഷഫലങ്ങൾ അചിരേണ പ്രത്യക്ഷപ്പെട്ടു. കൃഷ്ണരായർ വിജയാപ്പയിൽ മതിമറന്നു് നമ്മോടു് അനാദരം കാണിച്ചുതുടങ്ങി. തന്റെ ദുരാചാരങ്ങളും, താന്തോന്നിത്തവും നിമിത്തം അയ്യാൾ പൊതുജനങ്ങളാൽ നിന്ദിക്കപ്പെടുകയും രാജ്യത്തിനു് ഒരു ബാധയായി സകലരാലും ഗണിക്കപ്പെടുകയും ചെയ്തു. ... ...

... ..."

ഈ തീട്ടൂരം കുറിക്കു പറ്റി. എന്തുകൊണ്ടെന്നാൽ അയ്യാളെ പിരിച്ചുവിടുന്നതിനു മദ്രാസു് ഗവണ്മെൻറു് അനുവദിച്ചതിനു പുറമേ റസിഡണ്ടിനെ താക്കീതും ചെയ്തുണ്ടായി.

ഹല്ലൻസാഫ്പിനു മഹാരാജാവിന്റെ പേരിൽ ഉണ്ടായ അതൃപ്തി വർദ്ധിച്ചുകൊണ്ടേ ഇരുന്നു. മഹാരാജാവു സുബ്ബരായരുടെ ദുരുപദേശത്താൽ അതുണ്ടു് കൃഷ്ണരായരെ പിരിച്ചുവിട്ടതെന്നു വിചാരിച്ചു് അദ്ദേഹത്തിനെ തഞ്ചാവൂരിൽ മാറി താമസിപ്പിക്കേണ്ടതാണെന്നു റസിഡണ്ടു് മദ്രാസ് ഗവർമ്മെണ്ടിലേക്കെഴുതി. അതിലും സുബ്ബരായരെ പറ്റി പല ദോഷാരോപണങ്ങൾ ചെയ്തിരുന്നു. സുബ്ബരായർ സ്ഥലം വിട്ടുപോയതുകൊണ്ടു മഹാരാജാവിനു തീരെ മനഃസ്വാസ്ഥ്യം ഉണ്ടായിട്ടില്ല. തന്റെ രാജ്യത്തിനുള്ളിൽ തനിക്കു യാതൊരു അധികാരവും ഇല്ലാതാണെന്നു വിചാരിച്ചു അവിടുന്നു് അത്തിമാത്രം ഭേദിച്ചു. മിത്തം രാജ്യകാര്യങ്ങളിൽ തീരെ ആസ്ഥ കുറഞ്ഞു; [illegible] വിജ്ഞാനത്തിൽ മുഴുകി; ദിനചര്യകളൊക്കെ മാ[illegible] ക്ഷേത്രദർശനം ഇവയൊഴിച്ചു് ഒന്നിലും [illegible] കണക്കില്ലാതെ ദ്രവ്യം അദ്ദേഹം പത്മനാ[illegible] ലേക്കു കാഴ്ചവച്ചു. കൊട്ടാരത്തിലുള്ള

ദിവാനുപോലും മഹാരാജദർശനം ദുർല്ലഭമായിത്തീർന്നു. റസി
ഡണ്ടിനെമാത്രമല്ല മറ്റു യൂറോപ്യന്മാരെയും മുഖംകാണിക്കാൻ
അദ്ദേഹം അനുവദിക്കാതെയായി. തിരുമനസ്സിലെ ശരീരസൗ
ഖ്യവും അസ്വസ്ഥമായി.

സംഗതികൾ ഇങ്ങനെ നടന്നുകൊണ്ടിരിക്കെ റോഫ്ലട്ട്
തിരുവിതാംകൂർ സന്ദർശിച്ചു. അദ്ദേഹത്തിനു സന്ദർശനം
നല്കാൻപോലും എളയതമ്പുരാനും രാജരാജവർമ്മ കോയിത്തമ്പു
രാനും തിരുമേനിയെ വളരെ നിർബന്ധിക്കേണ്ടിവന്നു.

1019-ൽ അവിടുന്ന് തെക്കൻ തിരുവിതാംകൂറിലേക്കു കേവ
ലാദർശനത്തിനായി എഴുന്നള്ളി. വേണാട്ടരാജാക്കന്മാർ നാഞ്ചി
നാട്ടുകാരോട് ആലോചിക്കാതെ യാതൊരു കാര്യവും ചെയ്യുവതി
ല്ലായിരുന്നു. രാജശക്തി സുസ്ഥാപിതമായിത്തീർന്നതിനുശേഷ
വും, എഴുന്നള്ളത്തുകാലങ്ങളിൽ നാഞ്ചിനാട്ടിലെ പ്രമാണികൾ
ക്കു സന്ദർശനം നല്കുന്ന പതിവു നിലനിന്നുപോന്നു. എന്നാൽ
ഈ അവസരത്തിൽ മഹാരാജാവ് അതിനു് അനുവദിച്ചില്ല.
എന്തുകൊണ്ടെന്നാൽ വല്ലവരും സംഭാഷണമദ്ധ്യേ കല്ലൻസായ്പി
ന്റെ പേരു പ്രസ്താവിച്ചു പോയെങ്കിലോ എന്നു് അദ്ദേഹം
ഭയപ്പെട്ടു. സായ്പിന്റെ പേരു തന്റെ മുമ്പിൽവച്ചു് അതും
മിണ്ടിപ്പോകരുതെന്നായിരുന്നു തിരുമനസ്സിലെ കർശനമായ കല്പ
ന. കല്ലൻസായ്പിനെപ്പറ്റി പറയേണ്ടിവരുമ്പോഴെല്ലാം തിരുമ
നസ്സുകൊണ്ട് 'വെള്ള' എന്ന പദം മാത്രമേ ഉപയോഗിക്കാറുണ്ടാ
യിരുന്നുള്ളു.

കല്ലൻസായ്പു തിരുവിതാംകൂർ മഹാരാജാവിനെ മാത്രമല്ല
ഭരിച്ചുകൊണ്ടിരുന്നതു്. കൊച്ചിയിലെ രാജാവിനും ഇതേമാ
തിരുമേടം നേരിട്ടു; അവിടെ ദിവാൻജിയായിരുന്ന ശങ്കരവാ
രിയർ രാജാവിനു് അതൃപ്തി ജനിച്ചുവെങ്കിലും അദ്ദേഹത്തി
നു വിഷയത്തിലും റസിഡണ്ടു ബാധകമായി നിന്നു.
വാൻജിയെ ആക്ഷേപിച്ചു് റസിഡണ്ടിനു പരാ
തീട്ടും, സായ്പുവർകൾ വായ്മുടെ താഴ്ത്തി മറുപടി
ണ്ടിരുന്നു. അതുനിമിത്തം തമ്പുരാനു
തപം വർദ്ധിക്കയാൽ ദിവാൻ മഹാകഷ്ട

തിക്കാരനും വണ്ണമില്ലാത്തവനും അധികപ്രസംഗിയും ആണെന്നും അദ്ദേഹവും റസിഡണ്ടുംകൂടി നാട്ടിലെ ആചാരമര്യാദകളെയും നിയമങ്ങളെയും ലംഘിച്ച് രാജ്യത്തിൽ അസ്വാസ്ഥ്യം വളർത്തിക്കുന്നു എന്നും അവർ തന്റെ പെണ്ണാവിൽ പ്രവേശിച്ചുകൂടെന്നും തന്നോട് അനുവാദംകൂടാതെ അവർ ചെലവിട്ടിട്ടുള്ളതായ സംഖ്യയ്ക്ക് അവരെക്കൊണ്ട് ഉത്തരവാദിത്വം ചെയ്യിക്കണമെന്നും മറ്റും കാണിച്ച് മദ്രാസ് ഗവണ്മെണ്ടിനു് എഴുതി അയച്ചതിനു് കിട്ടിയ മറുപടി ഇങ്ങനെ ആയിരുന്നു:—

"ഈ തലെട്ടുപ്പുവിഷയത്തിൽ കൊച്ചിക്കുണ്ടായ ചെലവിന്റെ പ്രധാന കാരണഭൂതനും അതിയോഗ്യനും ആയ മന്ത്രിക്കോട്ട് രാജാവിനു വിദ്വേഷം ജനിച്ചുകാണുന്നതിലും നിസ്സാരമായ ചില സംഗതികളെയും അടിസ്ഥാനരഹിതമെന്നു് റസിഡണ്ടും അവിടുന്നും ഒരുപോലെ അഭിപ്രായപ്പെടുന്ന മറു ചില കാര്യങ്ങളെയും ആസ്പദമാക്കി മന്ത്രിയെ പിരിച്ചുവിടണമെന്നു് ആവശ്യപ്പെടുന്നതിലും നാം ഖേദിക്കുന്നു."

പക്ഷേ ശങ്കരവാര്യർ സമർത്ഥനായ ഒരു ദിവാനായിരുന്നതിനെപ്പറ്റി സമാധാനമെങ്കിലും കൊച്ചിയെ സംബന്ധിച്ചിടത്തോളമുണ്ടായിരുന്നു. തിരുവിതാംകൂറിലെ പിണക്കത്തിനെല്ലാം കാരണം കൃഷ്ണായ്യരുടെ കുതിമമായിരുന്നു. തെറ്റിദ്ധാരണനിമിത്തമാണു് സായ്പു മഹാരാജാവിനെ ക്ലേശിപ്പിച്ചുകൊണ്ടിരുന്നതു്.

തിരുമനസ്സുകൊണ്ടു ചെയ്തിട്ടുള്ള സകല കാര്യങ്ങളിലും അവിടത്തെ ധർമ്മബോധവും നീതിതൽപരതയും തെളിഞ്ഞു കാണ്മാനുണ്ടായിരുന്നു. അധ്യാത്മവിഷയകമായ സംഗതികളിൽ മാത്രം വ്യാപൃതനായിരുന്ന ഇക്കാലത്തുപോലും അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരെ അവിടുന്നു കഠിനമായി ശിക്ഷിക്കാതിരുന്നില്ല. ദിവാൻ റസ്സിഡന്റായിരുന്ന കാലത്തിനുമുള്ളിൽ ജനഹിതത്തിനു വിപരീതമായി പ്രവർത്തിച്ചുതുടങ്ങിയെന്നു് അവിടുന്നു ധരിച്ചു. തന്റെ ബന്ധുക്കളുടേയും ആശ്രിതന്മാരുടേയും കൈയിൽ ഒരു പാവയെന്നോണമാണു് രായർ പ്രവർത്തിച്ചുവന്നതു്. അല്പാല്പം കൈക്കൂലിയും അദ്ദേഹം വാങ്ങിത്തുടങ്ങി. അതുകൊണ്ടു മഹാ

രാജാവു് അദ്ദേഹത്തിനെ പിരിച്ചുവിടണമെന്നു തീർച്ചപ്പെടുത്തി.

1029-ൽ ദിവാൻ വടക്കൻദിക്കുകളിലേക്കു സഞ്ചരിച്ചുപോയി. അപ്പോൾ റസിഡണ്ടു കൊച്ചിയിലായിരുന്നു. റസ്സിഡായർ കൊല്ലത്തിനു വടക്കുള്ള പലേ താലൂക്കുകളിൽ സഞ്ചരിച്ചുശേഷം പറവൂർ തഹശീൽദാരെ സംബന്ധിച്ചു് ഉണ്ടായ പരാതിയെപ്പറ്റി അന്വേഷണം നടത്താനായി അവിടെ കുറെക്കാലം താമസിച്ചു. അങ്ങനെ അവിടെ താമസിക്കവേ, അദ്ദേഹം കൊച്ചീ ദിവാനായിരുന്ന നഞ്ചപ്പയ്യന്റെ പുത്രനായ ആനന്തരാമയ്യന്റെ ക്ഷണം സ്വീകരിച്ചു. ആ അവസരത്തിൽ ആനന്തരാമയ്യന്റെ അടുക്കൽനിന്നു് അദ്ദേഹവും ഹസ്സൂരിലെ സിൽബന്ദികളും പല വിധത്തിലുള്ള സമ്മാനങ്ങളെ വാങ്ങുകയുണ്ടായി. കേസ്സന്വേഷണവും തൃപ്തികരമായിരുന്നില്ല. അദ്ദേഹം തിരുവനന്തപുരത്തെത്തുന്നതിനുമുമ്പു ദിവാന്റെ അഴിമതികളെപ്പറ്റിയുള്ള പുണ്ണവിവരങ്ങൾ മഹാരാജാവിനു ലഭിച്ചുകഴിഞ്ഞിരുന്നു. അതുകൊണ്ടു ദിവാൻ അടുത്തദിവസം റിപ്പോർട്ടിനായി ചെന്നപ്പോൾ, തിരുമനസ്സുകൊണ്ടു ദർശനം അനുവദിച്ചില്ലെന്നു മാത്രമല്ല, രാജ്യവൃത്തിയാത്തപക്ഷം ദിവാന്റെ നടപടികളെപ്പറ്റി അന്വേഷണം നടത്താൻ അവിടുന്നു നിർബന്ധിതനാകുമെന്നു റസ്സിഡായ്ക്കു് എഴുതി അയയ്ക്കുകയും ചെയ്തു. അതനുസരിച്ചു് അദ്ദേഹം ഉടൻതന്നെ രാജിക്കൊടുത്തുവെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ.

അഴിമതിക്കാരെ ഒരു നിമിഷത്തേക്കുപോലും ജോലിയിൽ വച്ചുകൊണ്ടിരിക്കയില്ലെന്നു് അവിടുന്നു് ഒരു ദിവാൻപോഷ്ക്കായച്ച തിരുവെഴുത്തിൽനിന്നു തെളിയുന്നു. അന്യായം ചില്ലറ ജോലികൾ വഹിച്ചിരുന്ന കാലത്തു പ്രദർശിപ്പിച്ച കാര്യശേഷിയെമാത്രം ഓർത്തു് ആ സ്ഥാനത്തേക്കു് ഉയർത്തപ്പെടുന്നവരാണെന്നു. എന്നാൽ കാലക്രമേണ അയാളും മറ്റു ചില നീചബുദ്ധികളെപ്പോലെ ധനലോഭിയായി തീർന്നതുനിമിത്തം രാജ്യത്തിനു പല വിധ സങ്കടങ്ങളുണ്ടായെന്നും അതിനാൽ അയാളെ ജോലിയിൽനിന്നും പിരിച്ചുവിടുന്നു എന്നും ആയിരുന്നു ആ തീട്ടൂരത്തിന്റെ സാരം.

ഒരു ദിവസം തിരുമനസ്സുകൊണ്ട് ഇളയതമ്പുരാനെ അരികിൽ വിളിച്ച് ഇപ്രകാരം അരുളിച്ചെയ്തു. "ശ്രീനിവാസരായക്ക് കല്ലനെ നിരോധിച്ചു കാര്യങ്ങൾ നടത്തിക്കൊണ്ടു പോവാൻ തരമില്ല. കൃഷ്ണരായക്ക് അളയച്ചിട്ടുണ്ട്. അയാളെ ഒന്നുകൂടി പരീക്ഷിച്ചുനോക്കാം. അതുകൊണ്ടു റസിഡണ്ടിന്റെ പ്രതികൂല ഭാവം ശമിക്കുമോ എന്നും കാണാമല്ലോ." അടുത്തദിവസംതന്നെ തിരുമേനി കൃഷ്ണരായരെ ദിവാൻപേഷ്കാരായി നിയമിച്ച് കത്തു നീട്ടി തയ്യാറാക്കുന്നതിനു രായസം പിള്ളയോടു കല്പിച്ചു.

കൃഷ്ണരായർ ഇതൊന്നും അറിഞ്ഞിരുന്നില്ല. തിരുവനന്തപുരത്തേക്കുള്ള ക്ഷണം കിട്ടിയ ഉടനെ അദ്ദേഹം സംഭ്രാന്തചിത്തനായി. അതിരാവിലെ അയിരുന്ന അദ്ദേഹം തിരുമനസ്സിലെ മുഖം കാണിച്ചുത്. തദവസരത്തിൽ മഹാരാജാവു തിരുമനസ്സുകൊണ്ട് ഇപ്രകാരം അരുളിച്ചെയ്തു. "കൃഷ്ണരായരേ! താനെ വീണ്ടും ദിവാൻപേഷ്കാരായി നിയമിച്ചുള്ള നീട്ട് വാങ്ങിക്കൊള്ളുക. കഴിഞ്ഞതെല്ലാം നാം വിസ്മരിച്ചു മാപ്പുതന്നിരിക്കുന്നു. ഇന്നു മുതല്ക്കു താൻ നമ്മുടെ ആളാണു; കല്ലന്റെ അല്ല. പോയി ജോലിനോക്കിക്കൊള്ളുക; ശ്രീനിവാസരായക്ക് കഴിയുന്ന സഹായങ്ങളെല്ലാം ചെയ്തുകൊടുക്കണം."

കൃഷ്ണരായർ ആ ധർമ്മപ്രഭുമാളുടെ വാക്കുകൾ കേട്ട് സ്തബ്ധനായി നിന്നുപോയി. അയാളുടെ കണ്ണുകളിൽ ബാഷ്പം നിറഞ്ഞു. "തിരുമേനി! ഞാൻ അവിടത്തെ അടിമയാണു; 'രക്ഷിച്ചാലും' 'രക്ഷിച്ചാലും' എന്നു മാത്രം അദ്ദേഹം പറഞ്ഞു. ഇതു് ഏറെ വൃശ്ചിക ഠം-ാംനു ആയിരുന്നു. ഇതായിരുന്നു അവിടത്തെ അന്ത്യമായ നീട്ട്.

കുസൃതിക്കാരനായ കൃഷ്ണരായരെ ഈ തിരുമേനി ഒരു നിമിഷത്തിനുള്ളിൽ നല്ലവനാക്കിത്തീർത്തു. അന്നുമുതല്ക്കു് അദ്ദേഹം മഹാരാജാവിനോടു ഭക്തിപൂർവ്വമാണു പെരുമാറിയതു്. എന്നാൽ ദീർഘകാലം അവിടുന്നു ജീവിച്ചിരുന്നില്ല. ധനുപന്ത്രണ്ടാംതീയതി രാവിലെ പ്രഭാതസ്നാനത്തിനു് അവിടുന്നു് എഴുന്നള്ളിയതേ ഇല്ല; ഒൻപതുമണി ആകുംവരെ പള്ളിമെത്തയിൽ നിശ്ചലമായി കിടന്നതല്ലാതെ അനങ്ങുകപോലും ചെയ്യാതിരുന്നതിനാൽ രാജഭൃത്യ

ന്മാർ വിവരം എളയതമ്പുരാനെ അറിയിച്ചു. എന്നാൽ തമ്പുരാൻ അനുവാദംകൂടാതെ അകത്തു കടക്കുന്നതെങ്ങിനെ? എളയതമ്പുരാനുപോലും മഹാരാജാവിനെപ്പറ്റി അത്രക്കു ഭയമായിരുന്നു. വിവരം അറിഞ്ഞു അമ്മറാണിയും എഴുന്നള്ളി. ആ തിരുമേനിയും പ്രവേശനദ്വാരത്തിൽ നിന്നതല്ലാതെ അകത്തു കടന്നില്ല. എന്നാൽ പത്തുമണി ആയപ്പോൾ തിരുമനസ്സുകൊണ്ടു "ആരാണു" എന്നു കല്പിച്ചുചോദിച്ചു. അമ്മറാണി എന്നു അറിഞ്ഞ മാത്രയിൽ അവിടുന്നു എഴുന്നേല്ക്കാൻ ഭാവിച്ചു; എന്നാൽ തുക്കാലുകൾക്കു ശരീരത്തെ താങ്ങാൻ ശക്തിയില്ലാതെ വരികയാൽ അവിടുന്നു വീഴാൻതുടങ്ങി. ഇതുകണ്ട ഭൃത്യൻ പരിഭ്രമിച്ചു പിടിക്കാൻ ഭാവിക്കവേ "മരീ! എന്നോടു കളിക്കുന്നോ? ഞാൻ വീഴാനും മറ്റും പോവുന്നില്ല; എനിക്കു വേണ്ടിടത്തോളം ശക്തിയുണ്ടു" എന്നു അരുളിച്ചെയ്തുകൊണ്ടു വാതുക്കൽവരെ ചെന്നു 'അമ്മച്ചീ! അമറേത്തു കഴിഞ്ഞോ?' എന്നു ചോദിച്ചു. അനന്തരം എളയതമ്പുരാനോടു "ഇന്നു ഞാൻ സാധാരണയിൽ കവിഞ്ഞു ഉറങ്ങിപ്പോയി" എന്നു മാത്രം പ്രസ്താവിച്ചുശേഷം രണ്ടുപേരോടും പൊയ്ക്കൊള്ളാൻ കല്പിച്ചു. അമ്മറാണിയോടു തിരുമനസ്സിലേക്കുണ്ടായിരുന്ന ഭക്തിയും സ്നേഹവും അനിർവാച്യമായിരുന്നു. ആ മനസ്വിനിയിൽനിന്നും തിരുമേനി അവിടുത്തെ ശരീരക്ഷീണത്തെ മറച്ചുവയ്ക്കാനാണു നോക്കിയതു്. ഫ്ര മണിയായപ്പോൾ അവിടുന്നു തിരുക്കാപ്പു കഴിച്ചുവെന്നു പേരുവരുത്തിയിട്ടു അമറേത്തിനിരുന്നു.

എളയതമ്പുരാൻ വിവരമൊക്കെ ഡാക്ടരെ അറിയിച്ചുവെങ്കിലും ഡാക്ടർക്കു അകത്തുകടക്കാൻ അനുവാദം കിട്ടിയില്ല. അവിടുത്തെ ശരീരസ്ഥിതിയെപ്പറ്റി അടിക്കടി റിപ്പോർട്ടുചെയ്യണമെന്നു കല്പൻസായ്പു കുണ്ടൂരായരോടു് അരുൾചെയ്തിരുന്നു. പകൽ വീണ്ടും വീണ്ടും എളയതമ്പുരാൻ അന്വേഷിക്കാനായി കൊട്ടാരത്തിൽ എഴുന്നള്ളി; എന്നാൽ അകത്തു കടക്കാൻ അവിടുത്തേക്കു ധൈര്യം ഉണ്ടായില്ല. പതിനൊന്നാമതെത്ത ആവണധൈര്യമവലംബിച്ചു വാതുക്കൽചെന്നപ്പോൾ മഹാരാജാവിനെക്കണ്ടു് ഒന്നാരണ്ടു വാക്കുകൾ സംസാരിച്ചുശേഷം അദ്ദേഹം തിരിച്ചു എഴുന്നള്ളി.

രാത്രി പത്തുമണിയായപ്പോൾ അവിടുന്ന ദ്വരുപത്തിലുള്ള ലഘുവായ ഭക്ഷണം കഴിച്ച് പതിവുപോലെ പള്ളിക്കുറുപ്പിനു എഴുന്നള്ളി; പിന്നീട് ഉണന്നിട്ടേ ഇല്ല. രാവിലെ മൂന്നുമണിക്കു ഭൃത്യന്മാരിൽ ഒരാൾ പതിവുപോലെ അകത്തുചെന്നു നോക്കിയപ്പോൾ, തിരുമനസ്സുകൊണ്ടു ദിവംഗതനായെന്നു ഗ്രഹിക്കയാൽ ഓടിച്ചെന്ന് എളയതമ്പുരാനോടു വിവരം ഉണത്തിച്ചു. കൊട്ടാരത്തിനു വെളിയിൽ ആളുകൾ കൂട്ടംകൂടി നിന്നിരുന്നു. എളയതമ്പുരാൻ കൊച്ചുകുട്ടിയെപ്പോലെ വാവിട്ടു കരഞ്ഞുപോയി; അമ്മറാണി തലമുടി അഴിച്ചിട്ട് ഉച്ചൈസ്വരം വിലപിച്ചു; നാട്ടുകാരും ഉദ്യോഗസ്ഥന്മാരും ദീനദീനം ആക്രന്ദനം ചെയ്തു. നഗരം മുഴുവനും ജനാവലിയുടെ വിലാപധ്വനികൊണ്ടു മുഖരിതമായി.

നാട്ടുവാലായ്മ അചരിക്കുന്നതിനു കടകളും അങ്ങാടികളും പബ്ലിക്ക് ആഫീസുകളും എല്ലാം അടച്ചു പൂട്ടിയിട്ടു; എവിടെച്ചെന്നാലും തിരുമേനിയുടെ ഗുണഗണങ്ങളെ എണ്ണിയെണ്ണിപ്പറഞ്ഞുകൊണ്ട് ആബാലവൃദ്ധം ജനങ്ങൾ വിലപിക്കുന്നതേ കേൾപ്പാനുണ്ടായിരുന്നുള്ളു.

തിരുമനസ്സിലെ ആത്മാവു് ശ്രീപത്മനാഭന്റെ തൃപ്പാദങ്ങളോടു ചേർന്നു. അവിടുത്തെ ജീവിതം പരമാത്മത്തിൽ ശ്രീപത്മനാഭയശോഗാനമായിരുന്നു. ക്ഷാത്രധർമ്മത്തിൽനിന്നു വരവണ്ണം വ്യതിചലിക്കാതെയും ഈശപരാപ്പണബുദ്ധിയോടുകൂടിയും സമസ്തകർമ്മങ്ങളേയും അനുഷ്ഠിച്ചു ജീവിച്ച ഈ തമ്പുരാൻ ഒരു രാജർഷിയായി ഗണിക്കപ്പെടുന്നതിൽ അത്ഭുതത്തിനു് അവകാശമില്ല. ജനങ്ങൾ തമ്പുരാനെ നരസിംഹാവതാരമെന്നും ശക്തൻ തമ്പുരാനെന്നും ആണു് അക്കാലത്തു വിളിച്ചുവന്നതു്.

സ്വാതിതിരുനാൾ തമ്പുരാൻ ഒരു രാജ്ഞിയുടെ നിലയിൽ ജനകസദൃശനായിരുന്നുവെന്നു ഇതുമും പറഞ്ഞതിൽനിന്നു വ്യക്തമാകുന്നുണ്ടല്ലോ. അവിടുത്തേക്കു് അറിഞ്ഞുകൂടാത്ത വിദ്യകളില്ലായിരുന്നു. മാസ്മരവിദ്യയിൽപോലും അവിടുന്നു നിപുണനായിരുന്നുവെന്നു പറയപ്പെടുന്നു. സംഗീതത്തിന്റെയും സാഹിത്യത്തിന്റെയും പോഷണാർത്ഥം അവിടുന്നു ചെയ്തിട്ടുള്ള പ്രയത്നങ്ങളെ വർണ്ണിച്ചുതുടങ്ങിയാൽ ഒടുങ്ങുകയില്ല. ഭാരതഭൂമിയുടെ

നാനാഭാഗങ്ങളിൽനിന്നു വിദ്വാന്മാരെ അവിടുന്നു ക്ഷണിച്ചുവ രുത്തി കൊട്ടാരത്തിൽ പാർപ്പിച്ചിരുന്നു.

വിദ്വാംസഃ കവയോ ഭട്ടാഃ ഗായകാഃ പരിഹാസകാഃ
ഇതിഹാസ പുരാണജ്ഞാഃ.....

എന്നിങ്ങനെയുള്ള സപ്താംഗങ്ങളും സമ്പൂർണ്ണമായി സദസ്സിനു തികഞ്ഞിരുന്നു. വിദ്യയ്ക്കു കാലദേശഭേദമില്ലാത്തതി നാൽ അവിടുന്നു കേരളീയകലകളെ മാത്രമല്ല പോഷിപ്പിച്ചതു്. പാശ്ചാത്യജ്യോതിഷത്തിന്റെ പ്രചാരത്തിനായി അവിടുന്നു സ്ഥാപിച്ച വേധാലയത്തെപ്പറ്റി മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. നാട്ടുവൈദ്യത്തിനെന്നപോലെ പാശ്ചാത്യഭൈഷജ്യത്തിനും യു നാനിവൈദ്യത്തിനും അവിടുന്നു പ്രോത്സാഹനം നല്കി. പ്രസിദ്ധ ദില്ലീനഗരത്തിൽനിന്നു് ഒരു ഹക്കീം തിരുവനന്തപുര ത്തുവന്നു രാജകീയാതിഥിയായി വളരെക്കാലം താമസിച്ചുവത്രേ. ഷിയദാലിഖാൻ എന്നൊരു ഹക്കീമിനും തിരുവിതാംകൂറിൽ ഉദ്യോഗം നല്കുകയാൽ, അയാളുടെ വംശജന്മാർ ഇന്നും ഇന്നാട്ടി ലുണ്ടു്.

സംഗീതപ്രയോഗത്തിനു കേരളം ഒരുകാലത്തു പ്രസിദ്ധമാ യിരുന്നു. എന്നാൽ അതിനു അദ്ഭുതപൂർവ്വമായ ഉണർച്ച നല്കി യതു് ഈ തമ്പുരാനാണു്. അവിടുന്നു നാരദന്റെ അവതാരമായി ഗണിക്കപ്പെടുന്ന ത്യാഗരാജനെക്കാളും സംഗീതശാസ്ത്രനിപുണ നായിരുന്നു. അവിടുന്നു നിർമ്മിച്ചിട്ടുള്ള ഇരുപതിൽപരം വർണ്ണ ങ്ങളിൽ ചിലതു് ഉത്തരദേശങ്ങളിൽപ്പോലും ഇപ്പോൾ പാടിവ രുന്നുണ്ടു്.

കഥാകാലക്ഷേപം എന്ന നവീനപന്ഥാവിനെ അവിടു ന്നാണു് കേരളത്തിൽ ആദ്യമായി പ്രചരിപ്പിച്ചതു്. ഈ ശൈവ ശൃത്തിലേക്കായി അവിടുന്നു രചിച്ച കുചേലോപാഖ്യാനവും അജാമിളോപാഖ്യാനവും സംഗീതസാഹിത്യങ്ങളുടെ സമീചീന മായ സമ്മേളനംകൊണ്ടു് അതിമനോഹരമായിരിക്കുന്നു. കഥാ കാലക്ഷേപം നടപ്പിൽവരുത്തുന്നതിനുവേണ്ടി അവിടുന്നു തഞ്ചാവൂർ രാജാവിന്റെ സദസ്സിൽ ഒരുവനായ അനന്തപദ്മ നാഭസ്വാമികളെ സഹകാരികളോടുംകൂടി വരുത്തി

ഉത്രംതിരുനാൾ

അവക്കെല്ലാം യഥോചിതം ശമ്പളവും പതിച്ചുകൊടുത്തു. ഈ ഭാഗവതക്ക് പ്രതിമാസം 110 രൂപ ശമ്പളംനല്കി. അന്നത്തെ സ്ഥിതിക്കു് ഈ ശമ്പളം വളരെ ഭൂരിക്കും ചില ഉദ്യോഗസ്ഥന്മാക്ക മാത്രമേ ലഭിച്ചുവന്നിരുന്നുള്ളു. ഈ പ്രസിദ്ധഗായകനു 'കോകിലകണ്ഠൻ' എന്ന ബിരുദവും കല്പിച്ചുകൊടുത്തു. അദ്ദേഹത്തിന്റെ ഒരു പടം വലിയകൊട്ടാരത്തെ ഇപ്പോഴും അലങ്കരിക്കുന്നു.

ഹിന്ദുസ്ഥാനിഗാനപ്രയോഗത്തിൽ ചതുരനായ തഞ്ചാവൂർ രംഗയ്യങ്കാർ, വീണാവിദ്വാൻ ചേലാപുരം രഘുനാഥരായർ, സാരാംഗിയിൽ നിപുണനായ ചിന്താമണി ഭാഗവതർ, തഞ്ചാവൂർ മേരുസ്വാമി ത്യാഗരാജശിഷ്യനായ കന്നയ്യാഭാഗവതർ ഇവരൊക്കെ സ്വാതിതിരുനാൾ മഹാരാജാവിന്റെ സംഗീതസദസ്സിലെ അംഗങ്ങളായിരുന്നു.

വിവിധഭാഷകളിൽ അവിടുന്നു രചിച്ചിട്ടുള്ള കീർത്തനങ്ങൾക്കും പദങ്ങൾക്കും കണക്കില്ല. ഓരോ പാട്ടും എഴുതിത്തീന്നാലുടനെ തിരുമനസ്സുകൊണ്ടു് അതിനെ പ്രസിദ്ധ ഗായകന്മാക്ക് അയച്ചുകൊടുത്തുവന്നു. അതിലേക്കായി തിരുമനസ്സുകൊണ്ടു നിരവധി പണം ചെലവാക്കീട്ടുള്ളതായി കണക്കുകളിൽ കാണുന്നു. ഈ പാട്ടുകൾക്ക് ഇന്നു പ്രചാരക്കുറവു വന്നിട്ടുണ്ടെങ്കിൽ അതിന്റെ പ്രധാന കാരണം മലയാളികളുടെ ദേശാഭിമാനക്കുറവു മാത്രമാണു്.

തിരുവിതാംകൂർ മഹാരാജാക്കന്മാർ അമൃതേത്തു കഴിക്കുമ്പോൾ കല്പിച്ചുണ്ടാക്കിയ് പാട്ടുകൾ പാടുക പതിവാണു്. പകൽ അമൃതേത്തു സമയത്തു കീർത്തനങ്ങൾ മാത്രവും രാത്രി അമൃതേത്തുസമയത്തു കീർത്തനങ്ങളും വർണ്ണങ്ങളും പാടേണമെന്നാണു് വ്യവസ്ഥ. ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ എഴുന്നള്ളിക്കുമ്പോഴും ഇന്നിന്ന കീർത്തനങ്ങൾ നാഗസ്വരത്തിൽ വായിക്കണമെന്നും ചട്ടമുണ്ടാക്കീട്ടുണ്ടു്.

നമ്മുടെ നാട്ടിൽ പ്രചരിച്ചിരുന്ന ഗാനരീതിക്കുടി നടപ്പിൽ വരുത്താൻവേണ്ടി അവിടുന്നു ത്യാഗരാജസ്വാമികളുടെ ശിഷ്യ

ിൽ ചിലരെ നല്ല ശമ്പളംകൊടുത്തു തിരുവനന്തപുരത്തു വരു
ത്തി താമസിപ്പിച്ചു. അങ്ങനെ വന്നവരിൽ ചിലരുടെ വംശ
ജന്മാർ ഇന്നും തിരുവിതാംകൂറിലുണ്ട്. തിരുമനസ്സിലേക്ക് ഇതു
പോലെതന്നെ ഹിന്ദുസ്ഥാനിമാർഗ്ഗത്തിലും പാശ്ചാത്യമാർഗ്ഗത്തിലും
പ്രതിപത്തി ഉണ്ടായിരുന്നു എന്നു കൊട്ടാരം ഗായകന്മാരുടെ
കൂട്ടത്തിൽ മഹമ്മദീയസംഗീതജ്ഞന്മാരെയും ഒരു ചട്ടക്കാരനേ
യും നിയമിച്ചിരുന്നതിൽനിന്നു മനസ്സിലാക്കാം.

സംഗീതത്തിനു വാദ്യം, നൃത്തം ഗാനം എന്നു മൂന്നു അംഗ
ങ്ങൾ ഉണ്ടല്ലോ. നൃത്തകലയുടെ പോഷണത്തിനായി അവി
ടുന്നു പ്രസിദ്ധഗായക കവിയായിരുന്ന ദീക്ഷിതരുടെ ശിഷ്യോ
ത്തമനും ഫിഡിൽ വായനയിൽ അദ്വിതീയനും ആയ വടിവേലു
എന്ന നാട്ട്യാചാര്യനെ വരുത്തി. അദ്ദേഹം ഒരു പ്രസിദ്ധ
തെലുങ്കു കവികൂടി ആയിരുന്നു. നൃത്തത്തിനു ഉപയോഗിക്കാനാ
യിട്ട് സ്വാതിതിരുനാൾ തമ്പുരാൻ സംസ്കൃതത്തിലും മലയാള
ത്തിലും ഒട്ടുവളരെ പദങ്ങൾ നിർമ്മിച്ചിട്ടുമുണ്ട്. പദങ്ങളെല്ലാം
ശൃംഗാരരസപ്രധാനങ്ങളാണെങ്കിലും കല്പിച്ചുണ്ടാക്കിയ ഇത്തരം
ഗാനങ്ങൾക്ക് ഒരു വിശേഷമുണ്ട്. വിരഹിണിയായ നായികയു
ടെ അവസ്ഥയെ തന്നിൽ ആരോപിച്ചുകൊണ്ട് അവിടുന്നു നായ
കനായ ശ്രീപദ്മനാഭനോടു ചെയ്യുന്ന സങ്കടനിവേദനങ്ങളുടെ
രൂപത്തിലാണ് എല്ലാ പദങ്ങളും നിർമ്മിച്ചിരിക്കുന്നത്. ആ പദ
ങ്ങളുടെ കൂട്ടത്തിൽ ഒന്നായ 'പന്നഗേന്ദ്രശയനാ' എന്ന രാഗമാ
ലിക അവിടത്തെ സംഗീതശാസ്ത്രപ്രവീൺപത്തിയുടെ മുഖ്യാഭിജ്ഞി
കേതാഹരണമായി വിളങ്ങുന്നു. സമർത്ഥനായ ഒരു സംഗീതവി
ദ്വാനു രാത്രി മുഴുവനും പാടാൻ ഈ ഒരു ഗാനം മതിയാകും.

തിരുമനസ്സിലെ ഗാനങ്ങൾ എല്ലാം സാഹിത്യരസം തുളു
മ്പുന്നവയാണു്. ഈ ഗാനങ്ങൾക്കു പുറമേ കുറെ സ്വതന്ത്ര
സാഹിത്യഗ്രന്ഥങ്ങളും അവിടുന്നു രചിച്ചിട്ടുണ്ട്. തിരുവനന്ത
പുരത്തെ സാഹിത്യസദസ്സിനെ അലങ്കരിച്ചിരുന്ന ഭാഷാകവി
കളും ചില്ലറക്കാരായിരുന്നില്ല. അവരിൽ കരീന്ദ്രൻ എന്നു ബിരു
ദനാമത്തോടുകൂടിയ കിളിമാനൂർ വിദ്വാൻ കോയിത്തമ്പുരാനും
ഇരയിമ്മൻതമ്പിയും പ്രത്യേകം പ്രസ്താവയോഗ്യരാണു്.

ആകപ്പാടെ നോക്കിയാൽ സ്വാതിതിരുനാൾ തമ്പുരാന്റെ കാലം തിരുവിതാംകൂറിനു് ഒരു സുവർണ്ണദശ തന്നെയായിരുന്നു. ചുരുങ്ങിയ ഭരണകാലത്തിടനയ്ക്കു പുണ്യസ്മൃതിമയനായ ഈ തമ്പുരാൻ സാധിച്ചിട്ടുള്ള മഹാകാര്യങ്ങൾ ഓർക്കുമ്പോൾ നാം വിസ്മയപരവശരായിതീർന്നുപോകുന്നു. ദാക്ഷിണാത്യഭോജൻ, അഭിനവത്യാഗരാജൻ, നരസിംഹാവതാരം, ശക്തൻതമ്പുരാൻ ഇത്യാദി നാമങ്ങളാൽ അവിടുന്നു് ഇപ്പോഴും ഭക്ത്യാദരപുരസ്സരം സംസ്മരിക്കപ്പെടുന്നു. ഈ മഹാനുഭാവന്റെ പാവനനാമധേയം ലോകാവസാനംവരെ കേരളത്തിന്റെയും വിശേഷിച്ചു തിരുവിതാംകൂറിന്റെയും ജാജ്വല്യമാനമായ അഭിമാനസ്തംഭമായി പരിലസിക്കുന്നതാണു്.

അധ്യായം ൧൨.

ഉത്രം തിരുനാൾ മാർത്താണ്ഡവർമ്മ

1022—1036.

ഈ മഹാരാജാവിനു സിംഹാസനാരോഹണം ചെയ്യുമ്പോൾ 32 തിരുവയസ്സു തികഞ്ഞു കഴിഞ്ഞിരുന്നു. സ്വാതിതിരുമനസ്സുകൊണ്ടു സപ്തർഷാരോഹണം ചെയ്തു രണ്ടുമാസം കഴിഞ്ഞശേഷമാണു് രാജ്യാഭിഷേകകർമ്മം അത്യാഘോഷപൂർവ്വം നടത്തപ്പെട്ടതു്. മദ്രാസ് ഗവണ്മെണ്ടിലെ അനുമതി ലഭിക്കാൻ എന്തോ താമസം നേരിട്ടുവത്രേ.

അവിടുത്തേക്കു നാടുനീങ്ങിയ മഹാരാജാവിനെപ്പോലെ ഇംഗ്ലീഷ്, സംസ്കൃതം, ഹിന്ദുസ്ഥാനി, മഹാരാഷ്ട്രം, മലയാളം, തമിഴ് എന്നീ ഭാഷകൾ അറിയാമായിരുന്നു. കവിതാപത്തിൽ സ്വാതി അവിടത്തെ അതിശയിക്കുമായിരുന്നുവെങ്കിൽ, രാജ്യതന്ത്രനൈപുണിയിൽ ഉത്രം തിരുനാൾ മികച്ചു നിന്നു.

യുവരാജാവായിരിക്കുമ്പോൾതന്നെ യൂറോപ്യന്മാരോടു പെരുമാറുന്നതിൽ അവിടുന്നു കൂടുതൽ നയം പ്രയോഗിച്ചുവന്നു; എന്നാൽ ഇംഗ്ലീഷു ഭാഷയുടെ ഉച്ചാരണ വിഷയത്തിൽ അല്പം

വൈകല്യം അവിടുത്തേക്ക് ഉണ്ടായിരുന്നതായി പ്രത്യക്ഷപ്പെട്ടതു കൊണ്ടു തൽപരിഹരണാർത്ഥം റസിഡൻസി സർജ്ജനായ ഡാക്ടർ ബ്രൌണിന്റെ സഹായം അവിടുന്ന് അഭ്യർത്ഥിച്ചു. ബ്രൌണിന്റെയും റസിഡണ്ടിന്റേയും സഹായത്താൽ ആ ദോഷം അചിരേണ നീങ്ങി. ബ്രൌൺ സായ്പിന്റെ അടുക്കൽനിന്ന് അവിടുന്നു വൈദ്യശാസ്ത്രവും അഭ്യസിക്കയുണ്ടായി. രസതന്ത്രം, ശരീരവ്യവഹാരം ഇവയിലും അവിടുന്ന് അപാരമായ പാണ്ഡിത്യം സമ്പാദിച്ചു.

സക്കാർ ജ്യോതിഷ്കനായ മിസ്റ്റർ കാൽഡിക്കാട്ട് അവിടുത്തെ രസതന്ത്രപരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ഒരു രസശാലയിൽനിന്ന് ആദ്യം ചില മരുന്നുകൾ വരുത്തി അവിടുന്ന് അടുത്ത ആളുകളെ മാത്രം ചികിത്സിച്ചുവന്നു. പിന്നീട് യാതൊരാളും മരുന്നു വരുത്തിവച്ച് ചികിത്സാപദ്ധതി വർദ്ധിപ്പിക്കയും ഉണ്ടായി. ഇങ്ങനെ അവിടുത്തെ ഡിസ്പെൻസറി ഉത്തരോത്തരം വിപുലമായിത്തീരുന്നതിനു വേറൊരു കാരണംകൂടി ഉണ്ടായിരുന്നു. സാധുക്കളായ രോഗികളെ ചികിത്സിച്ചിട്ട് അവരെ പിരിച്ചുവിടുന്ന അവസരത്തിൽ മുണ്ടും സമ്മാനങ്ങളും കൊടുത്തേ അവിടുന്ന് അയയ്ക്കാറുണ്ടായിരുന്നുള്ളു. നമ്പൂരിമാർ ഇതേവരെ ഇംഗ്ലീഷുമരുന്ന് ഉപയോഗിക്കാറുണ്ടായിരുന്നില്ല. അവിടുത്തേ പ്രേരണയിൽ അവരും പാശ്ചാത്യൌഷധങ്ങൾ സേവിച്ചു തുടങ്ങി. വിദേശങ്ങളിൽ നിന്നുപോലും രോഗികൾ ചികിത്സയ്ക്കായി രാജധാനിയിൽ വന്നു. കാശിയിൽനിന്നു വന്ന ഒരു ഗൌഡബ്രാഹ്മണപണ്ഡിതനെ ഗ്രഹണിപീഡയിൽനിന്നു വിമുക്തനാക്കിയതു മുതൽ അവിടുത്തെ പേരു വെളിയിലും പരന്നു.

ഇതരശാസ്ത്രസംബന്ധമായ നിരീക്ഷണപരീക്ഷണങ്ങളും അവിടുന്നു നടത്തിക്കൊണ്ടിരുന്നു. അതിലേക്ക് വളരെ ശക്തിയേറിയ ഒരു വൈദ്യുതയന്ത്രം, ഗാൽവാനിക്ക് ബാറ്ററി, എയർ പമ്പ്, മഞ്ഞു കട്ടിയുണ്ടാക്കാനുള്ള യന്ത്രം, ഡാഗ്യൂറിയോറൈപ്പിങ്ങ് യന്ത്രം, തോലക്കണ്ണാടി, അണുദർശനി മുതലായവ ഒക്കെ സജ്ജീകരിക്കപ്പെട്ടിരുന്നു.

അവിടത്തേക്ക് ഇങ്ങനെ വിദ്യാവിനോദങ്ങളിൽ മാത്രമല്ല താൽപര്യമുണ്ടായിരുന്നത്. നിത്യവും കുതിരസ്സവാരി പരിശീലിച്ചുവന്നു. യൂറോപ്യരീതികളിൽ അവിടത്തേക്കു കലശലായ ഭ്രമം വന്നു കൂടിയതിനാൽ, കൊട്ടാരത്തിലെ സാമാനങ്ങളിൽ പലതും തിരുമനസ്സിലേക്കു ധരിക്കാനുള്ള ഉടുപ്പുകൾപോലും വിദേശങ്ങളിൽ ചെന്നിച്ചു വരുത്തിയവയായിരുന്നു. യൂറോപ്യസമ്പ്രദായത്തിൽ വസ്ത്രധാരണം ചെയ്തേ അവിടുന്ന് പുറത്തു സഞ്ചരിക്കാറുണ്ടായിരുന്നുള്ളുവത്രേ.

1013-ൽ ഒരു ദിവസം അവിടുന്ന് ശംഖുമുഖത്തു് വൈകുന്നേരം വലിയ തുറയിൽ പാളയം അടിച്ചു കിടന്നിരുന്ന ഒരു കപ്പൽ ദർശിക്കയുണ്ടായി. തോലക്കണ്ണാടിവച്ചു നോക്കിയപ്പോൾ, ആ കപ്പലിന്റെ മേൽ പാമരത്തിൽനിന്നു് ഒരു കൊടിയടയാളം കാണിക്കപ്പെട്ടതു തൃക്കൺപാർത്തു. അക്കാര്യം അപകടം പറഞ്ഞിയതായി അവിടുന്നു ഗ്രഹിക്കയും ഉടൻ തന്നെ ആ കപ്പൽക്കാരുടെ ആവശ്യം അറിഞ്ഞു വരുന്നതിനായി ആൾ അയയ്ക്കയും ചെയ്തു. ആ നൌക വിക്ടോറിയാ മഹാറാണിയുടെ ജൂബിലർ എന്ന യുദ്ധക്കപ്പലായിരുന്നു. സിലോണിലേക്കു് ഓടിച്ചുപോകുംവഴി കാലവൈപരീത്യത്താൽ വഴിക്കു താമസിക്കേണ്ടിവന്നതുനിമിത്തം ജലസംഭരം തീർന്നുപോയി. യുവരാജാവു് ആവശ്യമുള്ളിടത്തോളം ജലം അയച്ചുകൊടുത്തു എന്നു മാത്രമല്ല അവിടുന്നു സപരിതാവിനോടുകൂടി കപ്പലിൽ എഴുന്നള്ളി, അതിന്റെ എല്ലാ ഭാഗങ്ങളും സന്ദർശിക്കയും ചെയ്തു. കമാന്തിയായ ക്യാപ്റ്റൻ ഫുള്ളർട്ടൺ ബഹുമാനസൂചകമായി ആചാരവെടി വെയ്ക്കാൻ ഭാവിച്ചപ്പോൾ, വെടിശബ്ദം രോഗികളായി കപ്പലിൽ ഉണ്ടായിരുന്ന സ്ത്രീകൾക്കു് അപായകരമാണെന്നു സൈനികഡാക്ടർ യുവരാജാവിനോടു പറയുകയാൽ, അവിടുന്നു് ഉടനെതന്നെ തടസ്സം ചെയ്തു. നാലു മണിക്കൂർനേരം യുവരാജാവു് കപ്പലിൽ താമസിച്ചുവത്രെ.

വേറൊരു അവസരത്തിൽ, കൊട്ടാരത്തോടു ബന്ധിച്ചുള്ള കുട്ടികൾ മത്താപ്പു കത്തിച്ചു കളിച്ചുകൊണ്ടിരിക്കവേ, വെടിമരുന്നിനു തീപിടിച്ചു. യുവരാജാവു് അവരെ ഉടൻ തന്നെ വരുത്തി താൽക്കാലികമായ ശുശ്രൂഷകൾ ചെയ്തശേഷം ഡർബാർ

ഫിനിഷ്യനു് അളയച്ചു, രാജകുടുംബത്തിൽ അങ്ങേ അതലസ്യം പിടിപെട്ടെന്നു വിചാരിച്ചു് അദ്ദേഹം ഉടനെ അവിടെ എത്തി. അദ്ദേഹം തന്റെ വിചാരത്തെ തിരുമനസ്സറിവിച്ചപ്പോൾ അതുരക്ഷണത്തെ സംബന്ധിച്ചിടത്തോളം രാജാവെന്നും അടിമയെന്നും ഉള്ള വ്യത്യാസം നോക്കാൻ പാടില്ലെന്നു സസ്മിതം അവിടുന്നു് അരുളിച്ചെയ്തു.

അവിടുന്നു് യൂറോപ്യൻരീതികളിൽ പ്രതിപത്തി പ്രദർശിപ്പിക്കയും, യൂറോപ്യന്മാരുമായി സൈരസഹവാസം ചെയ്കയും തീണ്ടൽ തൊടീൽ മുതലായ അനാചാരങ്ങളെ വിഗണിക്കയും ചെയ്തതു കണ്ടിട്ടു തിരുമനസ്സിലേക്കു ജാതിവ്യത്യാസം ഇല്ലെന്നും ഒരു കാലത്തു ഇംഗ്ലണ്ടു സന്ദർശിക്കാൻ ഇടയുണ്ടെന്നും പാശ്ചാത്യർതൽപരരും വിശ്വസിച്ചു. ഒരു പ്രഷ്യൻ രാജകുമാരൻ ഒരിക്കൽ തിരുവനന്തപുരം സന്ദർശിച്ചപ്പോൾ എളയരാജാവിനെ വന്നുകണ്ടു. എന്നാൽ അവിടുന്നു പ്രതിസന്ദർശനം നടത്യാനായി എഴുന്നള്ളിയപ്പോൾ, ആ രാജകുമാരൻ അവിടെ ഇല്ലായിരുന്നു. അതുകൊണ്ടു തന്റെ കാർഡു് അവിടെ വച്ചിട്ടു് അവിടുന്നു തിരിച്ചുപോന്നു. പ്രൊഷ്യൻ രാജകുമാരനാകട്ടെ ആ കാർഡിനെ തന്റെ കുപ്പായക്കീശയിൽ ഇട്ടിരുന്നു. പിന്നീടു് അദ്ദേഹം ഇംഗ്ലണ്ടിൽ പോയ അവസരത്തിൽ, ബാംബോറോവണ്ണരായിരുന്ന എൽഫിൻസ്റ്റൺ പ്രഭുവിനെ സന്ദർശിക്കുകയുണ്ടായി, അദ്ദേഹത്തിന്റെ ബംഗ്ലാവിൽ ചെല്ലുകയുണ്ടായി, അപ്പോൾ പ്രഭു അവിടെ ഇല്ലാതിരുന്നതുകൊണ്ടു പ്രഷ്യൻ രാജകുമാരൻ തന്റെ കാർഡാണെന്നു വിചാരിച്ചു് ഉത്രം തിരുനാൾ തമ്പുരാന്റെ കാർഡു് അവിടെ എല്പിച്ചിട്ടു പോന്നു. പ്രഭു അതുകണ്ടപ്പോൾ, നമ്മുടെ എളയ തമ്പുരാൻ അവിടെ ചെന്നിരുന്നതായി വിശ്വസിച്ചു താൻ തത്സമയം ഗൃഹത്തിൽ ഇല്ലാതിരുന്നതിനെപ്പറ്റി സങ്കടം പ്രദർശിപ്പിച്ചു് ഒരു കത്തു തിരുവനന്തപുരത്തേക്കു് അയച്ചുകൊടുത്തു. ഈ കുഴപ്പത്തിനു് ഇടയാക്കിയ കാർഡിന്റെ യഥാർത്ഥചരിത്രം പിന്നീടാണു് പ്രഭുവിനു മനസ്സിലായതു്. എന്നാൽ അതുവഴിക്കു നമ്മുടെ യുവരാജാവും എൻ ഫിൻസ്റ്റൺ പ്രഭുവും തമ്മിൽ മൈത്രീബന്ധമുണ്ടായെന്നു പറയേണ്ടതില്ലല്ലോ.

ഭരണാരംഭം.

അവിടുന്ന് ഒരു ദുർഘടദശാസന്ധിയിലാണ് രാജ്യഭാരം ഏറ്റത്. ഖജനാവിലും ചെല്ലുംവകയിലും പണം തീരെ ഇല്ലായിരുന്നു. ശ്രീനിവാസരായർ പരമശാന്തനായിരുന്നതുകൊണ്ടും കല്ലന്റെ അപ്രീതിക്കു പാത്രീഭൂതനായതിനാലും, കുഴപ്പങ്ങൾ തീർത്തു കാര്യങ്ങൾ ഭംഗിയായി നയിച്ചുകൊണ്ടു പോകാൻ പ്രാപ്തനായിരുന്നില്ല. ശമ്പളം കുറെക്കാലമായിട്ടു കുടിശികയിൽ പതിഞ്ഞു; നികുതി ശരിയായി പിരിയാതെ വന്നു; വ്യാജവ്യാപാരം നിമിത്തം പുകയിലയിൽനിന്നുള്ള ആദായം കുറഞ്ഞു. നാടുനീങ്ങിയ തിരുമനസ്സിലെ തിരുമാസം സംബന്ധിച്ചു അടിയന്തിരച്ചെലവിലേക്കും മറ്റും ഒട്ടുവളരെ പണം കരുതിവയ്ക്കാതെ നിവൃത്തിയില്ലാതെയുമായി. ബ്രിട്ടീഷ് റസിഡണ്ടിന്റെ അനുകൂല്യം ഒന്നു മാത്രമേ ഈ ഘട്ടത്തിൽ ശുഭസൂചകമായിട്ടുണ്ടായിരുന്നുള്ളൂ.

മഹാരാജാവു് ആദ്യമായി ചെയ്തത് ശ്രീനിവാസരായരെ അപ്പീൽക്കോടതി ഒന്നാം ജഡ്ജിയായി, അയച്ചിട്ട് കൃഷ്ണരായരെ ദിവാൻജിയായി നിയമിക്കയായിരുന്നു. അദ്ദേഹം അതിസമർത്ഥനായിരുന്നതുകൊണ്ടു കാര്യങ്ങൾ എല്ലാം ഭംഗിയായി നടക്കുമെന്നു മഹാരാജാവു വിശ്വസിച്ചു. എന്നാൽ ശൂന്യമായ ഖജനാവോടുകൂടിയ ഒരു രാജ്യത്തിന്റെ ഭരണനിയന്ത്രണത്തെ നയിക്കുന്നതിനു് എത്ര സമർത്ഥനായാലും എളുപ്പത്തിൽ സാധിക്കയില്ലല്ലോ. അദ്ദേഹം ഖജനാപരിശോധിച്ചു് ഒരു റിപ്പോർട്ടു തയ്യാറാക്കി മഹാരാജാവിനെ കാണിച്ചു. 8,0000 രൂപയേ ഭണ്ഡാഗാരത്തിൽ ഉണ്ടായിരുന്നുള്ളൂ. എന്നാൽ എട്ടുമാസത്തെ ശമ്പളം കൊടുത്തു തീർക്കേണ്ടതായുമിരുന്നു. അതിനുംപുറമേ ജാപ്പാണത്തെയും തിരുനെൽവേലിയിലേയും പുകയിലക്കണ്ടാക്ടർമാർക്കു വച്ചിയസംഖ്യകം കൊടുപ്പാനുമുണ്ടായിരുന്നു. ഒരുലക്ഷം രൂപയോളം ഉണ്ടാക്കാതെ കാര്യങ്ങൾ മുന്നോട്ടു പോകയില്ലെന്നു ദിവാൻ മഹാരാജാവിനെ വിശദമായി ധരിപ്പിച്ചു.

കൃഷ്ണരായർ ഈ ദുർഘടഘട്ടത്തെ തരണം ചെയ്യുന്നതിനു കഴിയുന്നതും ശ്രമിച്ചു. നല്ല ശ്രാണ്ടിയും പരിചയവും ഉള്ള ഉദ്യോ

ഗസ്ഥന്മാരെ തിരഞ്ഞെടുത്തു് അദ്ദേഹം ചുമതലയേറിയ ഉദ്യോഗങ്ങളിൽ നിയമിച്ചു. അങ്ങനെ നിയമിക്കപ്പെട്ടവരിൽ ഒരാളായിരുന്ന ദിവാൻ പേഷ്കാർ കേശവപിള്ള.

പ്രധാന സംഭവങ്ങൾ.

മദ്രാസ് ഗവണ്മെന്റായിരുന്ന ടീഡെയിൽ പ്രഭുവിന്റെ പുത്രനായ ഗിഫോർഡ് പ്രഭു തിരുവനന്തപുരം സന്ദർശിച്ചു. മഹാരാജാവു ബഹുമാനപൂർവ്വം അദ്ദേഹത്തിനെ സൽക്കരിച്ചു. ഈ പ്രഭു നായർപട്ടാളം കമാണ്ടറായ മേജർ ഷിറഫിനോടുകൂടി നെടുമങ്ങാട്ടു മലകളിൽ ആന വേട്ട നടത്തിക്കൊണ്ടു് ഏതാനും ദിവസം ഇവിടെ താമസിച്ചു.

1023-ൽ സ്വാതിതിരുനാൾ തമ്പുരാന്റെ തിരുമാസ അടിയന്തിരം കൃഷ്ണരായർ വളരെ മോടിയായി നടത്തി. ആ വഴിക്കു് അദ്ദേഹത്തിനു മഹാരാജാവിന്റെ അനല്പമായ പ്രീതി ലഭിച്ചു.

യുവരാജാക്കന്മാരുടെ ഇംഗ്ലീഷുവിദ്യാഭ്യാസത്തിനായി സുബ്ബരായരെന്നും ശങ്കരമേനവനെന്നും രണ്ടുപേരെ നിയമിച്ചിരുന്നു. എന്നാൽ അതുപോരെന്നു വിചാരിച്ചു മഹാരാജാവു തിരുമനസ്സുകൊണ്ടു ടി. മാധവരായർ എന്നൊരാളെക്കൂടി വരുത്തി. 1024-ൽ മഹാരാജാവു് ആറുങ്ങൽ എഴുന്നള്ളിയിരിക്കുമ്പോൾ 'അച്ചിലസ്' എന്ന ഒരു കപ്പൽ അഞ്ചുതെങ്ങിൽ അടുത്തിരുന്നു. ഈ തീക്കപ്പൽ സന്ദർശിക്കാനായി തിരുമനസ്സുകൊണ്ടും കടപ്പുറത്തു് എഴുന്നള്ളി. അവിടത്തേക്കും പരിവാരങ്ങൾക്കും കയറുന്നതിനായി ബോട്ടുകൾ തയാറാക്കി നിർത്തിയിരുന്നു. ദിവാൻ കൃഷ്ണരായർ കയറിയ ബോട്ടു വളരെ നല്ലതും നീളമുള്ളതും ആയിരുന്നെങ്കിലും അതിനു വേണ്ടുവോളം അടിപ്പരപ്പുണ്ടായിരുന്നില്ല. അതേബോട്ടിൽതന്നെ ക്യാപ്റ്റൻസ്വാല്യും കയറി. എന്നാൽ തന്നിക്കും കൂട്ടിത്താനും ഇരിക്കാൻ രണ്ടു കസേരകൾ ഇടുന്നതിനു കൃഷ്ണരായർ നിർബന്ധിച്ചപ്പോൾ അമരക്കാരൻ തടസ്സം പറഞ്ഞു. പക്ഷേ അദ്ദേഹം വകവച്ചില്ല. അദ്ദേഹത്തിന്റെകൂടെ ഇംഗ്ലീഷ് ആഫീസിലെ ക്ലാർക്കായ മി. ശങ്കുണ്ണിമേനോൻകൂടി ഉണ്ടായിരുന്നു. വള്ളം അധികദൂരം പോകുന്നതിനു മുമ്പായി ആ വള്ളം മറിഞ്ഞു. ദിവാ

ഈ ക്യാപ്ടൻ സാലിയും തിരുവുള്ളിൽപ്പെട്ട കുട്ടിക്കരണം മറിഞ്ഞുതുടങ്ങി. ഒരുവാഗ്ദ്ധാകരുക്കു നോക്കിക്കൊണ്ടിരുന്ന മുസൽമാന്മാർ ഇതു കാണുകയും വെള്ളത്തിൽ ചാടി ദിവാൻജിയെ രക്ഷിക്കയും ചെയ്തു. ക്യാപ്ടൻ സാലിയും തന്റെ അംഗരക്ഷകനാൽ രക്ഷിക്കപ്പെട്ടു. ശങ്കുണ്ണിമേനോൻമാത്രം നീന്തി കരക്കു കയറി.

മഹാരാജാവു് കപ്പലിൽ നാലുമണിക്കൂർ നേരത്തോളം ചാത്തു.

അക്കൊല്ലത്തിൽതന്നെ മഹാരാജാവു കോഴിക്കോട്ടു ഫാജ്ജർ കച്ചേരിയിലെ നായബ്ബു് ശിരസ്തദാരായിരുന്ന പി. രാമൻമേനോനെ ക്ഷണിച്ചുവരുത്തി മുന്നൂറു രൂപ ശമ്പളത്തിൽ ഡിപ്യൂട്ടി പേഷ്കാരായി നിയമിച്ചു. ഈ പുതിയ നിയമനങ്ങളുടെ ഫലമായി ഭരണം ക്രമേണ ശോഭനമായ ഒരു ഘട്ടത്തിലേക്കു സംക്രമണം ചെയ്തു.

1024 അവസാനത്തിൽ മിസ്റ്റർ കാൽഡിക്കട്ടു് മരിച്ചു. അതിനുമുമ്പിൽ മഹാരാജാവിനോടു് ഒരു കാഴ്ചബംഗ്ലാവു് സ്ഥാപിക്കണമെന്നും നക്ഷത്രബംഗ്ലാവിന്റെ ഭരണത്തിനായി ഒരു നല്ല ജ്യോതിഷികനെ വരുത്തണമെന്നും അദ്ദേഹം ഉപദേശിക്കയുണ്ടായി. അതനുസരിച്ചു ബ്രൌൺ എന്നൊരു സായ്പിനെ അവിടുന്നു് എഴുതിയയച്ചു വരുത്തി. 1027-ൽ അദ്ദേഹം പുതിയ ഉദ്യോഗത്തിൽ പ്രവേശിച്ചു. അതുവരെ ഇംഗ്ലീഷും മലയാളവും കലന്ന ഒരു പഞ്ചാംഗമാണു് പ്രസിദ്ധീകരിച്ചുവന്നതു്. ഓരോ ഭാഷയിലും ഓരോ പഞ്ചാംഗം പ്രസിദ്ധീകരിക്കാൻ അനുമതിക്കു തീർച്ചപ്പെടുത്തി.

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രചരണാർത്ഥം മഹാരാജാവു നിരന്തരം പ്രയത്നിച്ചുകൊണ്ടാണിരുന്നതു്. അതിലേക്കു മി. ജോറാബട്ടസ് നടത്തിവന്ന വിദ്യാലയത്തിനു അവിടുന്നു ധനസഹായം ചെയ്തതുകൂടാതെ അവിടെനിന്നു് ഉയർന്ന പാസ്സായവർക്കു ജോലികൾ കൊടുത്തും വന്നു. അങ്ങനെ നിയമിക്കപ്പെട്ടവരിൽ പലരും പിൽക്കാലത്തു ഉയർന്ന ഉദ്യോഗങ്ങൾ വഹിക്കാനിടയായിട്ടുണ്ടു്.

സാമ്പത്തികാധഃപതനംനിമിത്തം ഏതാണ്ടും വഷ്ക്കാല മായിട്ട്, കൃഷിക്കാരിൽനിന്നു കുരുമുളകു ശേഖരിക്കാൻ സാധിക്കാതെവന്നു. അവരിൽനിന്നു യഥാകാലം മുളകു വാങ്ങിക്കുന്നതിനു് ഉചിതമായ മാർഗ്ഗം നിർദ്ദേശിക്കുന്നതിനായി ദിവാൻജി മറ്റുദ്യോഗസ്ഥന്മാരുടെ അഭിപ്രായങ്ങളെ ക്ഷണിച്ചു. കച്ചവടക്കാരിൽനിന്നു് ഒരു ലക്ഷം രൂപാ കടം വാങ്ങിക്കണമെന്നു മിക്കപേരും അഭിപ്രായപ്പെട്ടു. എന്നാൽ കൃഷിക്കാരിൽനിന്നുതന്നെ രസീതുകൊടുത്തു മുളകു വാങ്ങണമെന്നും സർക്കാരിൽനിന്നു് ആ മുളകെല്ലാം വിലപിച്ചു കിട്ടുന്ന പണം കൊടുത്തു് ആ രസീതുകൾ തിരിച്ചു വാങ്ങിക്കണമെന്നു പി. ശങ്കുണ്ണിമേനോൻ അഭിപ്രായപ്പെട്ടപ്പോൾ അതുതന്നെ കൊള്ളാമെന്നു ദിവാൻജിയും തീർച്ചപ്പെടുത്തി. മഹാരാജാവു് അതിലേക്കു ശങ്കുണ്ണിമേനോനെത്തന്നെ നിയോഗിക്കയും ചെയ്തു. ആ വഴി കുറെവളരെ പണം സർക്കാരിലേക്കു് അടായമായി ലഭിക്കയാൽ 1025-ലെ തുലാപുരുഷദാനം മംഗളമായി നടത്താൻ സാധിച്ചു.

1026-ൽ ലണ്ടനിൽവച്ചു നടത്താൻ നിശ്ചയിക്കപ്പെട്ട പ്രദർശനത്തിനു സാമാനങ്ങൾ അയച്ചുകൊടുക്കണമെന്നു മദ്രാസ് ഗവണ്മെൻറു് എഴുതിഅയച്ചു. തദനുസാരം അതിലേക്കു ഒരു കമ്മിറിയെ നിയമിക്കയും റസിഡണ്ടു് ഡർബാർ ഫിസിഷ്യനായിരുന്ന ഡാക്ടർ പെറോൾനസൺ, അപ്പീൽകോടതി ജഡ്ജിയായ മി. കോലാഫ്, ദിവാൻപേഷ്കാർ രാമൻമേനോൻ ഇവർ അടങ്ങിയ പ്രസ്തുതകമ്മിറിക്കാർ പലേ സാമാനങ്ങൾ അതിലേക്കു ശേഖരിച്ചു യഥാകാലം ലണ്ടനിലേക്കു് അയച്ചുകൊടുക്കയും ചെയ്തു. അക്കാലത്തു കൊട്ടാരത്തിലേക്കു ഒരു ഒന്തസിംഹാസനം പണിയിച്ചുകൊണ്ടിരിക്കയായിരുന്നു. പ്രസ്തുത സാമാനങ്ങളുടെ കൂട്ടത്തിൽ അതിനെക്കൂടി അയച്ചിരുന്നു. ആ സിംഹാസനത്തെ അവിടുന്നു വിക്ടോറിയാ മഹാറാണിക്കു സമ്മാനിക്കയുണ്ടായി. മഹാറാണി ആ സമ്മാനത്തെ സ്വീകരിക്കയും അതുകൊല്ലത്തിൽ സഫലസ്ഥലിഖിതമായ ഒരു തിരുവെഴുത്തു തിരുമനസ്സിലേക്കു് അയച്ചുകൊടുക്കയും ചെയ്തു. പ്രസ്തുത ലേഖനത്തെ പൊതുജനങ്ങൾക്കു വായിച്ചുകേൾപ്പിക്കാനായി ഒരു ഡർബാർ നടത്തി. ആ ഡർബാറിൻറെ ചിത്രത്തെ മിസ്റ്റർ ലൂയിസ്

ഫ്രീനാ ഫ്രെറോപ്യചിത്രകാരനെക്കൊണ്ടു് എഴുതിച്ചു് മ്യൂസിയം ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ടു്. തിരുവിതാംകൂറിൽനിന്നു അയച്ച ദന്തപ്പണികളെ പാശ്ചാത്യർ വളരെ അഭിനന്ദിക്കയുണ്ടായി. ദന്തസിംഹാസനം പിന്നീടു മ്യൂസിയമായ പ്രദർശനത്തിലും പ്രദർശിക്കപ്പെട്ടു. സകല ജനങ്ങളും അതിന്റെ ശില്പചാതുര്യത്തെ ശ്ലാഘിച്ചുവരുന്നു.

1025-ൽ പരസ്പരവ്യവഹാരത്തെ സംബന്ധിച്ചു ഒരു റിഫ്രഷ്മെന്റ് നടപ്പിൽ വരുത്തി. മുൻസിപ്പന്മാരുടെ സംഖ്യ 25-ൽനിന്നു 16-ാക്കി കുറച്ചു. മുൻസിപ്പന്മാരുടെയും ജഡ്ജിമാരുടെയുംഅധികാരപരിധി വലിപ്പിച്ചു.

1026-ൽ തിരുവനന്തപുരം നഗരത്തിന്റെ പലേ ഭാഗങ്ങളിൽ അഗ്നിബാധയുണ്ടായി. അതുനിമിത്തം പല കുടുംബക്കാർ ദാരിദ്ര്യക്ലേശത്തിൽ പതിച്ചു. മുമ്പു രാജകീയാനുമതി കൂടാതെ ഗൃഹങ്ങൾക്കു് കാട്ടിടുവിക്കാൻ പാടില്ലായിരുന്നു. അതുനിമിത്തം ഇനിയും അഗ്നിബാധയുണ്ടായേക്കാമെന്നു വിചാരിച്ചു തിരുമനസ്സുകൊണ്ടു് ഒരു വിളംബരമൂലം ആ പ്രതിബന്ധത്തെ നീക്കി. ഇങ്ങനെയാണു് കുടിയാനവന്മാർ തങ്ങളുടെ ഗൃഹങ്ങളിൽ ഓട്ടിടുവിച്ചു തുടങ്ങിയതു്. അഗ്നിബാധയാൽ സങ്കടപ്പെട്ട പലേ വീട്ടുകാർക്കു് അവിടുന്നു് സഹായധനവും നല്കുകയുണ്ടായി.

1028-ൽ തിരുവിതാംകൂറിന്റെ ഉത്തരഖണ്ഡത്തിൽ ജലപ്രളയവും ദക്ഷിണഖണ്ഡത്തിൽ അനാവൃഷ്ടിയും ഉണ്ടാവുകയാൽ ക്ഷാമം നാടൊട്ടുക്കു ബാധിച്ചു. തന്മൂലം നെല്ലും അരിയും വിലകൂറച്ചു സാധുജനങ്ങൾക്കു വിലക്കുണ്ടിവന്നു. സർക്കാരിൽനിന്നുതന്നെ ബംഗാളനെല്ലും അരിയും വരുത്തി വിതരണം ചെയ്തു. നികുതിപിരിക്കാൻ തരമില്ലാതെ വരികയും പണച്ചെലവു വർദ്ധിക്കയുംചെയ്ത ഈ അവസരത്തിൽ മറെറാരു വിപത്തുകൂടി നാട്ടിനു നേരിട്ടു. ഈസ്റ്റിൻഡ്യാ കമ്പനി പുകയിലക്കുത്തക നിർത്തിക്കളഞ്ഞതുകൊണ്ടു വ്യാജപുകയിലവ്യാപാരം ഫുല്ലായിട്ടും വ്യാപിച്ചു. ഈ വിപത്തുകളിൽനിന്നു രാജ്യത്തെ രക്ഷിക്കാൻ കൃഷ്ണരായർ അശ്രാന്തപരിശ്രമം ചെയ്തുകൊണ്ടിരിക്കുവേയാണു് ഹൈരിപാവ് തിരുമനസ്സുകൊണ്ടു പരലോകം പ്രാപിച്ചതു്. മഹാരാ

ജമുഖിരുമനസ്സുകൊണ്ട് സപ്തമാതാവിനെപ്പോലെ ഗണിച്ചു ആരാധിച്ചുവന്ന മഹാറാണിയുടെ അപരക്രിയകൾക്കു വല്ലതെങ്കിലും കുറവുവരുത്തുന്നതല്ലല്ലോ? ഒരാഴ്ചവട്ടത്തോളം കന്യോളങ്ങൾ പൂട്ടിയിട്ടിരുന്നു.

ഒന്നിനും ഒരു കുറവും വരുത്താതെ കൃഷ്ണരായർ കാര്യങ്ങൾ നിർവഹിച്ചതുകൊണ്ടു മഹാരാജാവിന് അദ്ദേഹത്തിന്റെ നേർക്ക് ണ്ടായിരുന്ന പ്രീതി പൂർവാധികം വർദ്ധിച്ചു.

ഇതിനിടയ്ക്കു ദിവാൻപേഷ്കാരായിരുന്ന കേശവപിള്ള മരിച്ചുപോകയാൽ തൽസ്ഥാനത്തു ഒരാളെ നിയമിക്കേണ്ടതായി വന്നു. ഡിപ്യൂട്ടിപേഷ്കാരന്മാരായ രാമൻമേനവനേയും വീരസ്വാമിനായിഡുവിനേയും ദിവാൻപേഷ്കാർ സ്ഥാനത്തേക്കു കയറ്റം ചെയ്തിട്ട് ആ വഴിക്കുണ്ടായ ഒരു ഒഴിവിൽ ടി. മാധവരായരെ നിയമിച്ചു. ശങ്കുണ്ണിമേനോന് പോലീസ് ശിരസ്തദാർ ഉദ്യോഗം നല്കിയതും ഇതിനിടയ്ക്കായിരുന്നു.

1028-ൽ ദിവാൻപേഷ്കാരായിരുന്നശേഷം അപ്പീൽക്കോടതി ജഡ്ജിപ്പണിയിലേല നോക്കിക്കൊണ്ടിരുന്ന ശ്രീനിവാസരായർ മരിക്കയാൽ ആ സ്ഥാനത്തേക്കു മഹാരാജാവു് പരമേശ്വരൻനമ്പൂതിരി എന്നൊരാളെ നിയമിച്ചു. അദ്ദേഹം കുറേക്കാലം മുൻസിപ്പായും പിന്നീടു് അലപ്പുഴ ജില്ലാക്കോടതി ജഡ്ജിയായും ജോലിനോക്കീട്ടുണ്ടായിരുന്നു.

1029-ൽ അടിമവ്യാപാരം നിർത്തിയിരിക്കുന്നതായി ഒരു രാജകീയവിളംബരമുണ്ടായി. അതേവർഷത്തിൽതന്നെ കരമന്ന പ്പാലത്തിന്റെ പണി തീർന്നു. അതിന്റെ ഉൽഘാടനകർമ്മം മഹാരാജാവു തിരുവനന്തപുരത്തുതന്നെ അത്യാഘോഷപൂർവം നടത്തി. ഹിരണ്യഗർഭദാനം നടന്നതും അക്കൊല്ലത്തിലായിരുന്നു.

തിരുവിതാംകൂറിലെ ആദ്യത്തെ കാനേഷുമാരി കണക്കെടുപ്പു് ക്രി. വ. 1336-ലാണു് എടുത്തതു്. അന്നത്തെ കണക്കിൻപ്രകാരം ഈ സംസ്ഥാനത്തു 1,27,066 ജനങ്ങൾ ഉണ്ടായിരുന്നു. അതാതു സ്ഥലങ്ങളിലെ പാവ്ത്തുകാരന്മാർ വീടുകൾ എണ്ണി, ജനസംഖ്യ തിട്ടപ്പെടുത്തി അതാതു താലൂക്കിലെ തഹശീൽദാർക്ക് അയച്ചുകൊടുക്കും; തഹശീൽദാരന്മാർ തങ്ങളുടെ താ

മൂക്കുകളിലെ കണക്കുകൾ ശരിപ്പെടുത്തി ഹജൂരിലേക്ക് അയയ്ക്കും; അവിടെവച്ചാണ് ആകെത്തുക വരുത്തുന്നത്. ഈ രീതി അനുസരിച്ചു 1029-ൽ രണ്ടാമതൊരു കാനേഷുമാരി കൂടി നടത്തി. പക്ഷേ ഫലം ഏറക്കുറെ തൃപ്തിയായിരുന്നു. പതിനെട്ടു കൊല്ലത്തിനുള്ളിൽ 18021 പേർ സംഖ്യയിൽ കുറവു വന്നുവത്രേ.

1030-ൽ പാരിസ്സിലെ പ്രദർശനത്തിലേക്ക് ഇവിടെനിന്നു സാമാനങ്ങൾ അയച്ചുകൊടുപ്പാനായി മഹാരാജാവു് മേജർ ഗ്രാൻറിന്റെ അധ്യക്ഷതയിൽ ഒരു കമ്മിറ്റിയെ നിയമിച്ചു. മാധവരായർ ആ കമ്മിറ്റിയിലെ ഒരു അംഗമായിരുന്നു.

പാതിരിമാരുടെ പ്രക്ഷോഭണം.

കൃഷ്ണരായർ ശിക്ഷാനല്ലനയവിഷയത്തിൽ പേഷ്വത്തമ്പിയെ അനുകരിച്ചുതു്; തന്നിമിത്തം അദ്ദേഹത്തിനു ശത്രുക്കൾ വളർന്നു. കാലംപോയ പോക്കിനെ അദ്ദേഹം അറിഞ്ഞതേയില്ല. കവണിപ്രയോഗം സർവ്വസാധാരണമായിരുന്നു. മുറയ്ക്കു് അനേഷണം നടത്തി ശിക്ഷാനല്ലനയത്തിനു പകരം ദിവാൻ തന്നെ പലപ്പോഴും പരാതികേട്ടു് ഉടനടി ശിക്ഷകൾ നല്കിവന്നു. അദ്ദേഹത്തിന്റെ ശത്രുക്കളിൽ ആരോ ഒരാൾ ഈ ശിക്ഷകളുടെ ഒരു് ഉജ്ജ്വലചിത്രം 'അതീനിയം' എന്ന ഇംഗ്ലീഷ് പത്രത്തിന്റെ പത്രാധിപരായ മീഡ് സായ്പിനു് അയച്ചുകൊടുത്തു. അതിന്റെ ഫലമായി ദിവാൻജിയുടെ ഭരണവൈകല്യങ്ങളെപ്പറ്റി അതിവർണ്ണനം ചെയ്യുന്ന ലേഖനപരമ്പരകൾ പ്രസ്തുത പത്രത്തിൽ കണ്ടുതുടങ്ങി. പക്ഷേ കല്ലൻസായ്പിന്റെ ആനുകൂല്യം അദ്ദേഹത്തിനു പൂർണ്ണമായുണ്ടായിരുന്നതിനാൽ ആദ്യമൊക്കെ വലിയ കുഴപ്പങ്ങൾ ഉണ്ടാകാതെ കഴിഞ്ഞു.

മഹാരാജാവു പത്രവായനയിൽ അത്യുൽസുകനായിരുന്നു. അവിടുന്നു തിരുവിതാംകൂറിനെ സംബന്ധിച്ചു കാണുന്ന വാർത്തകളുടെ നോട്ടെടുത്തുവന്നുവെന്നു മാത്രമല്ല രായസംപിള്ളയെക്കൊണ്ടു് ആ ലേഖനങ്ങളെ പകർത്തിച്ചു സൂക്ഷിച്ചും വന്നു. അതുകൊണ്ടു് അവിടുന്നു് കൃഷ്ണരായരെ വിളിച്ചു് ഈ മാതിരിപരാതികൾക്കു മേലാൽ ഇടവരുത്തരുതെന്നു് ആജ്ഞാപിക്കയും പരമാർത്ഥം അറിയുന്നതിനായി ഗ്രന്ഥകാരന്മാരെ നിയോഗിക്കയും ചെയ്തു.

കൃഷ്ണരായക്കു കാര്യങ്ങളുടെ സ്ഥിതിഗതികൾ സൂക്ഷ്മമായി മനസ്സിലായി. ലണ്ടൻ മിഷണറിമാരായിരുന്ന ലേപെനകുത്താക്കൾ. പക്ഷേ കല്ലൻസായ്പിന്റെ അനുകൂല്യം ഉണ്ടായിരുന്നതിനാൽ അദ്ദേഹം അവരെ വകവയ്ക്കാറുണ്ടായിരുന്നില്ല. ഒടുവിൽ മിഷണറിമാർ ക്രിസ്ത്യാനികളുടെ അവശതകളെ പരിഹരിക്കാനെന്നമട്ടിൽ മദ്രാസ് ഗവണ്മെന്റിനു ഒരു ഭീമ ഹർജി തയ്യാറാക്കി അയച്ചു. തിരുവിതാംകൂറിൽ അഴിമതികൾ നിർബാധം നടന്നുവരുന്നതായും കല്ലൻസായ്പ് അവയെ തടയാൻ നോക്കുന്നില്ലെന്നും, പോലീസുകാരെല്ലാം കൊള്ളക്കാരായിത്തീർന്നുപോയെന്നും, ഉയർന്ന ഉദ്യോഗസ്ഥന്മാരെല്ലാം നാനാവിധക്കാരാണെന്നും മറ്റും ആ ഹർജിയിൽ കാണിച്ചിരുന്നു. എന്തിനു് അധികം വിസ്തരിക്കുന്നു? ഇങ്ങനെ ഒരു ബീഭത്സവും ഭീകരവും ആയ ചിത്രം ഇനി വരയ്ക്കാനില്ല. എന്തെല്ലാം ദുഷ്പ്രങ്ങൾ ഭരണത്തിനു് ഉണ്ടാവാമോ അതൊക്കെ ഇവിടെ കാണാനുണ്ടായിരുന്നത്രേ. മിഷണറിമാരെ തുടർന്നാട്ടു ക്രിസ്ത്യാനികളും ഹർജികൾ അയച്ചുകൊണ്ടിരുന്നു. മദ്രാസ് ഗവണ്മെൻറു് ഈ ഹർജികളെല്ലാം കല്ലൻസായ്പിനു് അയച്ചുകൊടുത്തിട്ടു സമാധാനം അവശ്യപ്പെട്ടു. അദ്ദേഹം വിശദമായ ഒരു റിപ്പോർട്ടു തയ്യാറാക്കി അയച്ചെങ്കിലും ഗവണ്മെൻറിനു തൃപ്തിയായില്ല. ഒരു കമ്മിഷൻ അയച്ചു് അന്വേഷണം നടത്തണമെന്നായിരുന്നു അവരുടെ അഗ്രഹം. എന്നാൽ അങ്ങനെ ചെയ്യുന്നതു 1885-ലെ ഉടമ്പടിക്കു വിപരീതമാകയാൽ, രാജ്യത്തിൽ നടക്കുന്നതായി പറയപ്പെടുന്ന അക്രമങ്ങളെപ്പറ്റി ബ്രിട്ടീഷ് ഗവണ്മെൻറിനു തോന്നിട്ടുള്ള അഭിപ്രായങ്ങളെ സഗൌരവം പ്രതിപാദിച്ചു് ഉപദേശരൂപേണ ഒരു കത്തു മഹാരാജാവിനു് എഴുതി അയയ്ക്കുണ്ടതാണെന്നു ഡൽഹൌസിപ്രഭു മദ്രാസ് ഗവണ്മെൻറോടു് ആജ്ഞാപിച്ചു. തദനുസാരം, ഹാരിസ്പ്രഭു അയച്ച കത്തു് ഉപദേശരൂപത്തിലെങ്കിലും വജ്രപാതംപോലെയാണു് മഹാരാജാവിനു തോന്നിയതു്. അവിടുന്നു മന്ത്രിമാരോടു് ആലോചിച്ചു് ഉചിതമായ ഒരു മറുപടി അയച്ചുവെങ്കിലും അതുകൊണ്ടൊന്നും കാര്യങ്ങൾ ഒതുങ്ങിയില്ല; എന്നാൽ അചിരേണ ഇൻഡ്യയിൽ ശിപായിലഹള ഉണ്ടാവുകയാൽ കൂടുതൽ ഇതിനെപ്പറ്റി ആലോചിക്കാൻ ഇടവന്നില്ല. പക്ഷേ അതു്

അവസാനിച്ചതോടുകൂടി കോട്ടയ്ക്കൽ ഡയറക്ടർസ്സ് ചിന്ന നിവ്വാഹകസമിതി ഒരു അന്വേഷണക്കമ്മിഷൻ നിയോഗിക്കേണ്ടതാണെന്നു് ഇൻഡ്യാഗവണ്മെണ്ടിനു് ഒരു ശാസനം അയച്ചു. അതുടനെ തീവ്രമായിരുന്നമിഷണറിമാരുടെ പ്രക്ഷോഭണം, പക്ഷേ ഈശ്വരാനുഗ്രഹത്താൽ അന്വേഷണക്കമ്മിഷൻ ഉണ്ടായില്ല. അതിനുമുമ്പു് കൃഷ്ണരായർ മരിച്ചുപോയതിനാൽ അതിന്റെ അവശ്യം നേരിട്ടില്ലെന്നു പറഞ്ഞാൽ മതിയല്ലോ.

മുഞ്ചപത്തിനു് അവശ്യമുള്ള സംഖ്യ മാറിവയ്ക്കുന്നതിനും, സക്കാരുദ്യോഗസ്ഥന്മാരുടെ ശമ്പളക്കുടിശിക കൊടുത്തുതീർക്കുന്നതിനും പദ്മനാഭസ്വാമിക്ഷേത്രത്തിൽനിന്നും കടമായി എടുത്ത പണം തിരിച്ചു് അടയ്ക്കുന്നതിനും മരിക്കുന്നതിനു മുമ്പു് അദ്ദേഹത്തിനു സാധിച്ചു. പേടിക്കുമകുഗ്രഹത്തിൽ എന്ന അർത്ഥം കൃഷ്ണരായരിന്റെ മരണത്തെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു.

"ജനറൽകല്ലൻ തന്റെ ആശ്രിതനായ കൃഷ്ണരായരെ പൂർണ്ണമായി പിൻതാങ്ങുകയും പത്രലേഖകന്മാർ, മിഷണറിമാർ, ഹർജിക്കാർ, രാജ്യക്ഷേമകാംക്ഷികൾ എന്നുവേണ്ട സകലരിൽനിന്നും മദ്രാസ്ഗവണ്മെണ്ടിന്റെ ശാസനത്തിൽനിന്നു പോലും, രക്ഷിക്കുകയുംചെയ്തു. ആ ക്ഷീണചിത്തനായ മന്ത്രിയുടെ കീഴിൽ രാജ്യകാര്യങ്ങൾ ക്രമേണ ദുർഭരണത്തിന്റെ പരമകാഷ്ഠയിലെത്തി; ഭണ്ഡാഗാരം ശൂന്യമായി; ഒടുവിൽ ഗവണ്മെർജനറലായ ഡൽഹൗസിപ്രഭുവിന്റെ കണ്ണുകൾ തുറക്കയും, മദ്രാസ്ഗവണ്മെണ്ടായ ഹാരിസ്പ്രഭു മഹാരാജാവിനു ശക്തിപൂർവ്വം ഒരു ശാസനം അയയ്ക്കയുംചെയ്തു. അതിനുശേഷം കൃഷ്ണരായർ രണ്ടുകൊല്ലംകൂടി മന്ത്രിപദം വഹിച്ചു; എന്നാൽ അതിനുള്ളിൽ കാര്യങ്ങൾ അത്യന്തം ദയനീയാവസ്ഥയെ പ്രാപിച്ചു. എന്നിട്ടും ജനറൽകല്ലൻ അദ്ദേഹത്തിനെ സഹായിച്ചുകൊണ്ടേ ഇരുന്നു. മന്ത്രിയുടെ മരണം അതുകൊണ്ടു് കാലോചിതവും രാജ്യത്തിന്റെ രക്ഷയ്ക്കു സാഹായ്യകവും ആയി ഭവിച്ചു."

ഈ ചിത്രം മി. നാഗമയ്യ പറയുന്നപോലെ പക്ഷപാതദൂഷിതമായിരുന്നുവെന്നു പറയാതെ തരമില്ല. പരമാത്ഥത്തിൽ, കൃഷ്ണരായർ സുശീലനും, സത്യനിഷ്ഠനും, സ്വാമിഭക്തനുമായിരുന്നു

സഹോപശി രാജ്യക്ഷേമതൽപ്പരനും ആയിരുന്നു. അദ്ദേഹം മരണ ശയ്യാവലംബിയായിരിക്കുമ്പോൾ മഹാരാജാവു് എഴുന്നള്ളി തുക ൺചാക്കയും വൈദ്യസഹായാർത്ഥം സനിഷ്കർഷമായ് ഏർപ്പാടു കൾ ചെയ്കയും, അദ്ദേഹത്തിന്റെ ഭരണത്തെപ്പറ്റി സംതൃപ്തി പ്രകാശിപ്പിക്കയും ചെയ്തതിൽനിന്നു് അവിടുത്തേക്കു് അദ്ദേഹ ത്തിന്റെ പേരിൽ എത്രത്തോളം മതിപ്പുണ്ടായിരുന്നു എന്നു പ്രത്യക്ഷമാകുന്നു.

കൃഷ്ണരായരുടെ കാലത്തു നടന്ന മറ്റു പ്രധാന സംഭവങ്ങൾ.

1028-ൽ തിരുവല്ലയിൽ മതപ്രചരണത്തോലി ചെയ്തു താമ സിച്ചിരുന്ന ഫാക്സ്വത്തുധാര ക്രിസ്തുമതാവലംബികളായ അധഃകൃതർക്കു സഞ്ചാരസ്വാതന്ത്ര്യം നല്കാത്തതിനെപ്പറ്റി മദ്രാ സ്ഗവണ്മെൻറിനോടു പരാതി ബോധിപ്പിച്ചു. തൽഫലമായി വേണ്ട അന്വേഷണം നടത്തി റിപ്പോർട്ടു ചെയ്യാൻ, ശങ്കുണ്ണി മേനവൻ നിയുക്തനായി. അദ്ദേഹം വിവിധജനപ്രമാണി കളെ കണ്ടു തെളിവു ശേഖരിച്ചശേഷം, ഒരു റിപ്പോർട്ടു തയ്യാ റാക്കി ഗവണ്മെൻറിനയക്കയും, അതനുസരിച്ചുതന്നെ ഗവണ്മെ ൻറു തീർച്ചചെയ്കയും ചെയ്തു.

1030-ൽ മദ്രാസ്പ്രസിഡൻസിയിലെ കമാൻഡർ ഇൻ ചീഫായ ജനറൽ ഞൻസൻ തിരുവിതാംകൂർ സന്ദർശിച്ചു. അ ദ്ദേഹത്തിനേയും പരിവാരത്തേയും യഥോചിതം സ്വീകരിക്കുന്ന തിനു മഹാരാജാവു് വേണ്ട ഒരുക്കങ്ങൾ എല്ലാം ചെയ്തിരുന്നതി നാൽ, സായ്പു് വളരെ സന്തോഷത്തോടുകൂടിയാണു് തിരിച്ചുപോ യതു്. അതേവർഷത്തിൽതന്നെ, പേഷ്കാർ വീരസ്വാമിനായി ഡു മരിച്ചുപോകയാൽ, ആ സ്ഥാനത്തേക്കു മാധവരായരെ കയ റ്റംചെയ്തു.

സംസ്ഥാനത്തെ മൂന്നു ഡിവിഷനുകളായി വിഭജിച്ചു് ഓരോന്നും ഓരോ ദിവാൻപേഷ്കാരുടെ ചാർജ്ജിൽ വിട്ടുകൊടുക്ക ണമെന്നു കാണിച്ചു രാമൻമേനോൻ ഒരു പരിഷ്കരണപദ്ധതി പ്പുഴുതിയുണ്ടാക്കി ഗവണ്മെണ്ടിനു സമർപ്പിച്ചിരുന്നു. എന്നാൽ ദിവാൻജി അദ്ദേഹത്തിന്റെ അഭിപ്രായത്തെ അംഗീകരിക്കയു

ണ്ടായില്ല. പക്ഷേ മാധവരായർ ഏതാണ്ടു അതേരീതിയിൽ തന്നെ ഒരു പദ്ധതി ഹാജരാക്കിയപ്പോൾ ഗവണ്മെണ്ടു് അതിനെ അംഗീകരിക്കയും അതനുസരിച്ചുള്ള അധികാരവിഭജനം നടത്തുകയും ചെയ്തു. ഇങ്ങനെ രാമൻമേനോൻ ഉത്തരഡിവിഷന്റേയും മാധവരായർ തെക്കെ ഡിവിഷന്റേയും ദിവാൻപേഷ്കാരന്മാരായി ചാർജ്ജെടുത്തു.

1030-ാമാണ്ടു് അവസാനത്തിൽ വീണ്ടും പണസംബന്ധമായ ക്ലേശം നേരിടുകയാൽ പദ്മനാഭസ്വാമി ക്ഷേത്രത്തിൽനിന്നു അഞ്ചുലക്ഷം രൂപാ കടം എടുക്കേണ്ടിവന്നു.

1031-ലെ മദ്രാസ് പ്രദർശനത്തിൽ തിരുവിതാംകൂർ ഒരു പ്രധാനമായ സ്ഥാനം വഹിക്കയുണ്ടായി. മഹാരാജാവിനു തദവസരത്തിൽ ഒരു ഒന്നാം ക്ലാസ്സു മെഡൽ ലഭിച്ചു.

1010-ൽ ഏർപ്പെടുത്തിയ സക്കീട്ടുകോടതികളെ നിർത്തീട്ടു ബ്രിട്ടീഷിലെ രീതി അനുസരിച്ചു 1032-ൽ ജില്ലതോറും ഓരോ സെഷൻസ്കോടതികൾ സ്ഥാപിച്ചു.

1033-ന്റെ ആരംഭത്തിൽ ആറുങ്ങൽ മൂത്തറാണി പരലോകം പ്രാപിക്കയാൽ, രാജകുടുംബത്തിൽ സ്ത്രീസന്താനം ഇല്ലാതെയായി. അതുകൊണ്ടു് മദ്രാസു ഗവണ്മെണ്ടിന്റെ അനുവാദത്തോടുകൂടി മാവേലിക്കരയിൽനിന്നു രണ്ടു രാജകന്യകമാരെ ദത്തെടുത്തു.

അതേകൊല്ലം തന്നെ ഒരു പുതിയ താരിപ്പും ഏർപ്പെടുത്തി.

1033-ാമാണ്ടിന്റെ ആരംഭത്തോടുകൂടി സർക്കാരിലേക്കുള്ള കടങ്ങൾ മിക്കവാറും വീട്ടിയിട്ടു്, മുറജപത്തിനായി ഒരു വലിയ തുക നീക്കിവയ്ക്കാൻ കൃഷ്ണരായക്കു സാധിച്ചുവെന്നും ഇവിടെ പ്രസ്താവയോഗ്യമാകുന്നു.

തിരുവിതാംകൂറിനും തിരുനെൽവേലിക്കും മദ്ധ്യേയുള്ള അതിർത്തിത്തക്കം തീർത്തതും കൃഷ്ണരായരുടെ കാലത്തായിരുന്നു.

ചാന്നാൻപാതയിൽനിന്നു ചെങ്കോട്ടവരെയുള്ള അതിർത്തി പൂവ്വൽ ഇരിക്കുന്നതിനും അവിടംതൊട്ടു ശിവസല്ലൂർ മണിയുടെ തെക്കുകിഴക്കേക്കോണിൽകൂടി നേരെ മണിയും അയ്യയും

ത്തിലേക്കു് അച്ചുംപുത്തൂരിൽക്കൂടെ പവ്വതശിഖരംവരെ ഒരു രേഖ വരച്ചാൽ അതിനകത്തോ, അതിനു പടിഞ്ഞാറുഭാഗത്തോ ആയി കമ്പനിയാരുടെ വകയായിരിക്കുന്ന ബിംബിളിപട്ടണം പുളിയറ മുതലായ സ്ഥലങ്ങളെ കമ്പനി തിരുവിതാംകൂറിലേക്കു വിട്ടുകൊടുക്കുന്നതിനും അതിനുപകരം ക്ലാങ്കാട്ടു്, ബരിപ്പാരക്കര മുതലായ മണിയങ്ങളെ കമ്പനിക്കാക്കു വിട്ടുകൊടുക്കുന്നതിനും വ്യവസ്ഥ ചെയ്തു. മലബാറുകളിലും പണക്കിഴിയും കമ്പനിക്കു വിട്ടുകൊടുത്തതിനുപകരം കുരുമുളകിന്റെ ഒരംശം കുറവുചെയ്തു.

കുഞ്ഞരായരുടെ മരണത്തോടുകൂടി തിരുവിതാംകൂർ ഒരു നവയുഗത്തിലേക്കു കാലെടുത്തുവച്ചു എന്നു പറയാം. എന്നാൽ അദ്ദേഹത്തിന്റെ പേരിനെ മലിനമാക്കാൻ പലരും ശ്രമിച്ചുകൊണ്ടിരുന്നു.

ഒരു സംഗതി ഇക്കാലത്തിനിടയ്ക്കു പ്രകടമായിത്തീർന്നു. റസിഡണ്ടന്മാരുടെ നല്ല പിള്ളയാവാൻ സാധിക്കാത്ത ഒരു ദിവാനും ഭരണം വേണ്ടപോലെ നിർവഹിക്കാൻ സാധിക്കുമായിരുന്നില്ല. മക്കാളയുടെ കാലശേഷമാണു് ഇങ്ങനെയൊരു അവസ്ഥ നാട്ടിനു വന്നുകൂടിയതു്; അതിനുശേഷം അഭ്യന്തരകാര്യങ്ങളിൽപോലും അവർ തലയിട്ടുതുടങ്ങി. മൺറോ സായ്പു് കൊച്ചി, തിരുവിതാംകൂർ ഈ രാജ്യങ്ങളിലെ ദിവാൻപദം സ്വീകരിച്ചതുതന്നെ രാജാക്കന്മാരുടെ അപേക്ഷപ്രകാരമായിരുന്നെങ്കിലും, ഭരണവിഷയകമായ ഭേദഗതികൾ വരുത്തേണ്ടിവന്ന അവസരങ്ങളിലെല്ലാം കമ്പനിയുടെ നിവാഹകസമിതിയോടും മദ്രാസ് ഗവണ്മെണ്ടിനോടും ആലോചിച്ചുവന്നു. ഇങ്ങനെ ഒരു പുതിയ മാമൂൽ സൃഷ്ടിച്ചതുനിമിത്തം ഉടമ്പടിയിൽ കവിഞ്ഞ അധികാരങ്ങൾ അവർക്കു സ്വായത്തമായി.

പിന്നീടു വന്ന റസിഡണ്ടന്മാർ ഒരു പടികൂടി കടന്നതായി കാണുന്നു. കല്ലൻസായ്പിന്റെ കാലത്തു റസിഡണ്ടു് ദിവാന്റെ മേൽ അപ്പീൽ അധികാരംപോലും ചിലപ്പോഴൊക്കെ നടത്തിവന്നതായിക്കാണുന്നു. ജനങ്ങളുടെ സങ്കടംകേട്ടു് അദ്ദേഹം പലപ്പോഴും തീർച്ചകൾ ചെയ്യുവന്നതായി അക്കാലത്തു് അസിസ്റ്റന്റു് റസിഡണ്ടായിരുന്ന കർണ്ണൽ ഹോബർ ഡ്രൂറി ഒരിടത്തു പ്രസ്താവിച്ചിട്ടുണ്ടു്. സർക്കാർ പണം ചെലവഴിക്കുന്നതിനുപോലും കല്ലൻ

സായ്പിന്റെ അനുവാദം വേണ്ടിവന്നുവത്രേ. അദ്ദേഹം ഒരിക്കൽ കൊച്ചി ദിവാനു് അയച്ച കത്തിൽ ഇപ്രകാരം പ്രസ്താവിച്ചുകാണുന്നു. "റസിഡണ്ടു് ശുപാർശചെയ്യുന്ന കാര്യങ്ങളിൽ തടസ്സംപറയുന്നതു് കീഴ്നടപ്പിനു പ്രതികൂലമാണെന്നു നിങ്ങൾം രാജാവിനു ചൂണ്ടിക്കാണിച്ചുകൊടുക്കേണ്ടതായിരുന്നു. രാജാവിന്റെ സ്വന്ത ആവശ്യത്തിലേക്കു നീക്കിവച്ചിരിക്കുന്ന സംഖ്യയെ അദ്ദേഹം യഥേഷ്ടം ചെലവിടുന്നുവെങ്കിൽ, അതിനെ ആക്ഷേപിക്കാൻ തരമില്ല. എന്നാൽ സക്കാർവക പണം സംബന്ധിച്ചു തീർച്ചചെയ്യാനുള്ള അധികാരം റസിഡണ്ടിനുള്ളതാകുന്നു."

ഇങ്ങനെ ഒരു അധികാരം വാസ്തവത്തിൽ റസിഡണ്ടിനു് ഇല്ലായിരുന്നുവെങ്കിലും, അദ്ദോഹം ധനകാര്യങ്ങളിൽ പലപ്പോഴും പ്രവേശിക്കാറുണ്ടായിരുന്നു. കാലക്രമേണ സ്വന്തപണം യഥേഷ്ടം വിനിയോഗിക്കുന്നതിനും മദ്രാസ് ഗവണ്മെൻറിന്റെ അനുവാദം വേണ്ടിവന്നുവെന്നു 1010-ാമാണ്ടു് നാടുനീങ്ങിയ കൊച്ചീത്തമ്പുരാന്റെ നേത്യാരമ്മയുടെ ചെലവിലേക്കു പള്ളിയറ മുതൽപെട്ടിയിൽനിന്നു് ഒരു ക്ലിപ്തസംഖ്യ മദ്രാസ് ഗവണ്മെണ്ടിൽനിന്നു് അനുവദിച്ചുകൊടുത്തതിൽനിന്നു തെളിയുന്നു.

ദിവാൻജിമാരെ നിയമിക്കുന്ന വിഷയത്തിലും നീക്കുന്ന വിഷയത്തിലും റസിഡണ്ടു ചെയ്യുന്ന തീർച്ചയെ രാജാക്കന്മാർ സ്വീകരിക്കേണ്ടതായിവന്നതും കല്ലന്റെ കാലംമുതല്ക്കായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ നാട്ടരാജ്യങ്ങളെ സംബന്ധിച്ചിടത്തോളം മദ്രാസ് ഗവണ്മെണ്ടിനു് ഏതെല്ലാം കാര്യങ്ങളിൽ പ്രവേശിക്കാം എന്നുള്ളതു് എളുപ്പത്തിൽ ക്ലിപ്തപ്പെടുത്താവുന്നതല്ലെന്നു സർ ജാർജ് കാമ്പ്ബൽ 'നവീനഭാരതചരിത്രം' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നതു പരമാർത്ഥമാണു്.

രാജാക്കന്മാരുമായുള്ള ഉടമ്പടികൾക്കു പുറമെ ഓരോരോ കാലത്തു് ഇന്ത്യാഗവണ്മെൻറും സിക്രട്ടറി അഫ് സ്റ്റേറ്റും തമ്മിൽ നടന്നിട്ടുള്ള എഴുത്തുകുത്തുകൾം, ഗവർണ്ണർ ജനറൽ അതാതുകാലത്തു ചെയ്തിട്ടുള്ള നിശ്ചയങ്ങൾം, മാമൂൽ ഇത്യാദികളെ പരിശോധിച്ചാൽ മാത്രമേ നാട്ടരാജാക്കന്മാരും മേൽക്കോയ്മയും

തമ്മിലുള്ള ബന്ധത്തിന്റെ ശരിയായ സ്വഭാവം ഗ്രഹിക്കാൻ തരമുള്ളൂ എന്നാണ് ഇന്നത്തെ നില.

കൃഷ്ണരായരുടെ മരണാനന്തരം ദിവാൻപദത്തിനു യോഗ്യനായ അവകാശി സീനിയർ ദിവാൻപേഷ്കാരായ രാമൻമേനോനായിരുന്നു. അദ്ദേഹം റവന്യൂഭരണത്തിൽ അതിസമർത്ഥനും കാര്യബുദ്ധിയും ആയിരുന്നുവെങ്കിലും ആയില്യംതിരുനാൾ എളയതമ്പുരാന്റെ ഉപദേശപ്രകാരവും കല്ലൻസായ്പിന്റെ അനുമതിയോടുകൂടിയും തൽസ്ഥാനത്തു നിയമിക്കപ്പെട്ടതു മാധവരായരായിരുന്നു. ഉടൻതന്നെ രാമൻമേനോൻ ഉദ്യോഗം രാജിവച്ചു സ്വദേശത്തേക്കു പോയി. അന്നു അദ്ദേഹത്തിനു 500 രൂപാ ശമ്പളമുണ്ടായിരുന്നു. അതിനെ അയ്യിരം രൂപായാക്കാൻ കല്പനയുണ്ടായിട്ടും അദ്ദേഹം ജോലിയിൽ ഇരിക്കയുണ്ടായില്ല. 175 രൂപാ അദ്ദേഹത്തിനു പെൻഷൻ നല്കി. മാധവരായരുടെ ഒഴിവിൽ ദിവാൻപേഷ്കാരായി മി. പി. ശങ്കുണ്ണിമേനോനെ കയറാംചെയ്തു. മാധവരായരുടെ നിയമനത്തെപ്പറ്റി കല്ലൻസായ്പ് മദ്രാസ് ഗവണ്മെൻറിലേക്ക് അയച്ച റിപ്പോർട്ടിൽ ഇപ്രകാരം കാണുന്നു.

"തിരുവിതാംകൂർ ദിവാന്റെ മരണാനന്തരം മഹാരാജാവു തക്കേഡിവിഷനിൽ ദിവാൻപേഷ്കാരുദ്യോഗം വഹിച്ചുകൊണ്ടിരുന്ന മാധവരായരെ അളയച്ചുവരുത്തിയിട്ട് അദ്ദേഹത്തിനു കച്ചേരിയുടെ തൽക്കാലചാർജ്ജ് കൊടുക്കേണ്ടതാണെന്നു് എന്നോടു് അഭിപ്രായപ്പെട്ടു. അദ്ദേഹം രണ്ടു പേഷ്കാരന്മാരിൽവച്ചു് ജ്ഞാനിയാകുന്നു. സീനിയർ ദിവാൻപേഷ്കാരായ രാമൻമേനവൻ ഉത്തരതിരുവിതാംകൂറിലായിരുന്നു; തിരുവനന്തപുരത്തു് അന്നു നടന്നുകൊണ്ടിരുന്ന മുറജപം ഭംഗിയായി നടത്തുന്നതിനു ശ്രദ്ധനാകയാൽ അദ്ദേഹത്തിനു സാധിക്കുമായിരുന്നുമില്ല. അതിനാൽ മാധവരായരെ അക്ടിംഗ്ദിവാനായി നിയമിക്കണമെന്നു രാജാവു് അഭിപ്രായപ്പെട്ടതിനോടു ഞാൻ യോജിച്ചു." ഇതു വലുതായ ഒരു മാറ്റം രായർദിവാൻജിമാരുടെ കാലത്തു സംഭവിച്ചു കഴിഞ്ഞിരുന്നു. അതിനുമുമ്പിൽ എത്രയോ മുറജപങ്ങൾ ശ്രദ്ധദിവാൻജിമാരുടെ കാലത്തു നടന്നിട്ടുണ്ടെങ്കിലും ഇപ്പോൾ സ്ഥിതി പാടില്ലാതെയായതേ.

സർ. ടി. മാധവരായർ.

ദിവാൻ മാധവരായർ.

മാധവരായർ അതിസമർത്ഥനായ ഒരു ഉദ്യോഗസ്ഥനായിരുന്നു. ദിവാൻജിയായിരുന്നപ്പോൾ മുതല്ക്കു് അദ്ദേഹം പരിഷ്കരണയത്നങ്ങളിൽ നിരന്തരം ഏർപ്പെട്ടു. തിരുവിതാംകൂറും ബ്രിട്ടീഷ് കോയ്മയും തമ്മിലുള്ള ബന്ധത്തെ പൂർവ്വാധികം ഉറപ്പിക്കുന്നതിനായിരുന്നു അദ്ദേഹത്തിന്റെ ആദ്യത്തെ ശ്രമം. തദനന്തരം ധനസ്ഥിതിയെ ശോഭനമാക്കുന്നതിനു അദ്ദേഹം ഉദ്യമിച്ചു. തിരുവിതാംകൂറിൽ അഴിമതിയും കൊള്ളയും ആണ്ടു് നടമാടുന്നതെന്നു ദക്ഷിണഇന്ത്യയിൽ പരക്കെ ഒരു ബോധം പരന്നിരുന്നതിനെ അദ്ദേഹം നിശ്ശേഷം മാറ്റി. മദ്രാസ്ഗവണ്മെൻറിനും രാജ്യകാര്യങ്ങളുടെ നവ്യഗതികണ്ടു സംതൃപ്തി ജനിച്ചു.

ഹാരിസ്പ്രഭുവിന്റെ സന്ദർശനം.

തിരുവിതാംകൂർ മഹാരാജാവു് മദ്രാസ്ഗവർണ്ണരായ ഹാരിസ് പ്രഭുവിനെ തിരുവനന്തപുരത്തേക്കു ക്ഷണിച്ചു. അദ്ദേഹത്തിനെ സ്വീകരിക്കുന്നതിനു വേണ്ട ഒരുക്കങ്ങളെല്ലാം അതിവേഗത്തിൽ ചെയ്തു. കിഴക്കേക്കോട്ടവാതിൽ അക്കാലത്തു പുതുക്കിപണികഴിച്ചുകൊണ്ടിരിക്കയായിരുന്നു. ആ പണി വേഗത്തിൽ പൂർത്തിയാക്കി. പഴയ ഡർബാർഹാളിന്റെ തെക്കുവശത്തെ ഒരു മൈതാനമാക്കി; തെരുവുകളെല്ലാം ശുചിയാക്കപ്പെട്ടു. കൊല്ലത്തും അലപ്പുഴയും അതേവിധത്തിൽതന്നെ പലേ പരിഷ്കാരങ്ങൾ ചെയ്തു. ഹാരിസ്സ്പ്രഭു കൊച്ചിയിൽ വന്നടുത്തപ്പോൾ അദ്ദേഹത്തിനെ സ്വീകരിപ്പാനായി മഹാരാജാവിന്റെ ഒരു പ്രതിനിധിയും ഹാജരുണ്ടായിരുന്നു.

ഇതിനിടയ്ക്കു മാധവരായരെ ജോലിയിൽ സ്ഥിരപ്പെടുത്തിക്കഴിഞ്ഞിരുന്നു. അദ്ദേഹം കൊല്ലത്തുചെന്നു ഗവർണ്ണരെയും പത്നിയേയും പരിവാരത്തോടുകൂടി യഥോചിതം സ്വീകരിച്ചു തിരുവനന്തപുരത്തു കൊണ്ടുവന്നു. കൂടിക്കാഴ്ചകളും മറ്റുള്ള ചടങ്ങുകളും കഴിഞ്ഞു. ഫെറോസ്പ്രിന്നു കപ്പലിൽ ആണ് ഗവർണ്ണർ തിരുവനന്തപുരത്തു് വന്നതു്. മഹാരാജാവു് ആ കപ്പലിന്റെ എല്ലാ ഭാഗങ്ങളും നോക്കിക്കാണുകയുണ്ടായി. ഈ സന്ദർശനം തിരുവിതാംകൂർ രേ

ണത്തെ സംബന്ധിച്ചു ഗവണ്മെണ്ടുണ്ടായിരുന്ന മിഥ്യാബോധത്തെ നീക്കുന്നതിനു് അത്യന്തം സഹായിച്ചു. ഈ രാജ്യം സംതൃപ്തനായിട്ടാണു് സായ്പു തിരിച്ചുപോയതു് അതുകൊണ്ടു് ഇങ്ങനെ അഭിപ്രായപ്പെട്ടുകാണുന്നു:—

ഷദിവാൻ മാധവരായരുടെ മേൽനോട്ടത്തിൽ തിരുവിതാംകൂർ സംസ്ഥാനത്തു് ധനകാര്യനിർവ്വഹണത്തിൽ ഗണ്യമായ ഉൽകർഷം ഉണ്ടായിക്കാണുന്നതിൽ എനിക്കു് അനല്പമായ സന്തോഷമുണ്ടു്. ശമ്പളത്തിൽ പഴയപോലെ കടിശിക വരാറില്ല. പൊതുവേ വളരെ സംതൃപ്തിയും സന്തുഷ്ടിയും കാണപ്പെടുന്നു. അതിനുശേഷം മദ്രാസ് ഗവണ്മെൻറു കോട്ടു് അഫ് ഡയറക്ടർ ജനറലിനും ഈ വിവരങ്ങളെപ്പറ്റി റിപ്പോർട്ടു ചെയ്തു.

വിക്ടോറിയാ മഹാരാജ്ഞിയുടെ വിളംബരം.

1858-ൽ കമ്പനിയുടെ കീഴിൽനിന്നു മഹാരാജ്ഞി ഇന്ത്യാഭരണം ഏറെറടുത്തിട്ടു് ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി.

ചാന്നാർലഹള.

ക്രൈസ്തപ്രമിഷണറിമാർക്കു തിരുവിതാംകൂർ സർക്കാരിൽനിന്നു നല്കിയ പ്രോത്സാഹനത്തിന്റെ ഫലമായി നിരവധി ചാന്നാന്മാർ ആ മതത്തിൽ ചേർന്നു. അവർ പൂർവ്വാചാരം വെടിഞ്ഞു പുതിയ വേഷം സ്വീകരിച്ചപ്പോൾ ഉയർന്ന ജാതിക്കാരെന്നു് അഭിമാനിച്ചുവന്ന ഹിന്ദുക്കൾക്കു കണ്ണുകടി മൂഴുത്തു. ഉയർന്നജാതി സ്ത്രീകളുടെ രീതിയിൽ ഈ ക്രൈസ്തസ്ത്രീകൾ വസ്ത്രം ധരിച്ചുതിലാണു് അവർക്കു സങ്കടംനേരിട്ടതു്. കണ്ണൻമണ്ടോവിന്റെ കാലത്തു, നസ്രാണിസ്ത്രീകളുടെ രീതിയിൽ കുപ്പായം ധരിച്ചുകൊള്ളുന്നതിനു് അവർക്കു് അനുവാദം നല്കിയെങ്കിലും, അതുകൊണ്ടു് അവർ തൃപ്തിപ്പെട്ടില്ല. ഉയർന്നജാതിസ്ത്രീകളുടെ വേഷഭൂഷാദികൾതന്നെ വേണമെന്നു് അവർ ശഠിച്ചപ്പോൾ കാര്യം കുഴപ്പത്തിലായി. ഈ കൂട്ടരും മഹാരാജ്ഞിയുടെ വിളംബരത്തെത്തന്നെ ആധാരമാക്കിയാണു് ശണ്ഠ ആരംഭിച്ചതു്. വിളവംകോടു്, കല്ലുമലൈ, നാഞ്ചിനാൽ, അഗസ്തീശ്വരം, തോവാള എന്നീ സ്ഥലങ്ങളിൽ ഭയങ്കരമായ ലഹളകൾനടന്നു. ഒടുവിൽ സർക്കാർ എടപെട്ടു് നിയമത്താൽ

ചാന്നാന്മാരുടെ അവകാശത്തെ സ്ഥാപിക്കേണ്ടിവന്നു. ഇക്കാല ത്തുനടന്ന ചില രസകരങ്ങളായ സംഭവങ്ങളെ ഇവിടെ ഉദ്ധ രിക്കാം.

ലണ്ടൻമിഷൻകാർ ഹിന്ദുക്കളെ പൂർവകാലം മുതല്ക്കേ മനഃ പൂർവം പിണക്കിവന്നിരുന്നു. ഒരിക്കൽ, അതായതു വേലുത്തമ്പി ദളവയുടെ കാലത്തു്, പ്രസ്തുതമിഷന്റെ സ്ഥാപകനായ റിംഗിൾടെബ്ബ് ദിവാനെ സന്ദർശിച്ചപ്പോൾ, ദിവാൻ "നിങ്ങ ളുടെ മതമെന്തു്?" എന്നു ചോദിച്ചതിനു "മക്കാളയുടെ മതം" എന്നു ഉദ്ധതമായി മറുപടിപറകയുണ്ടായി. അതിനു ദിവാൻ കണക്കിനു മറുപടി നല്കാതിരുന്നുമില്ല. 'മക്കാളെയുടെ മതം' എന്നൊന്നു് ഉള്ളതായി എനിക്കു് അറിവില്ലല്ലോ എന്നു ദിവാൻ പറഞ്ഞപ്പോൾ സായ്പ് അല്പം ലജ്ജിച്ചുപോയെന്നു പറയേണ്ടതി ല്ലല്ലോ. ഏതായാലും മിഷണറിമാരുടെ അന്നത്തെ മനഃസ്ഥിതി ഈ വാക്കിൽനിന്നു് ഏതാണ്ടു് ഊഹിക്കാം. ലോകത്തിന്റെ പാപഭാണ്ഡത്തെ സ്വശിരസ്സിൽ ഏറെറടുത്ത ആ പരമപാവ നന്റെ മതമെന്നു പറവാൻ അദ്ദേഹത്തിനു തോന്നിയില്ല. ഉത്രംതിരുനാൾ മഹാരാജാവിന്റെ ഭരണത്തെ കളങ്കപ്പെ ടുത്താൻ അവർ ചെയ്ത ശ്രമംവഴിക്കു് ഭാഗ്യം ബ്രിട്ടീഷിനോടു ചേർക്കുമെന്നവട്ടംവരെ എത്തുകയുണ്ടായെന്നു മുമ്പു വിവരിച്ച സംഭവങ്ങളിൽനിന്നു് ഏതാണ്ടു് ഊഹിക്കാം. അവരുടെ പ്രേര ണയാൽ നടന്ന ഒരു സംഭവമാണു് താഴെ കുറിക്കുന്നതു്.

"മാടൻപിള്ള എന്നൊരാളിന്റെ ഉഴവനായി പുതുത്താൻ കൂട്ടി എന്നൊരു ചാന്നാനും അയാൾക്കു എശമ്പി എന്നൊരു ഭാര്യയും ഉണ്ടായിരുന്നു. അവർ ക്രിസ്തുമതം അവലംബിച്ചു. പുതിയ വേഷം ധരിച്ചുകൊണ്ടു് അവർ നേരെ തങ്ങളുടെ യജ മാനന്റെ അടുക്കൽ ചെന്നു്, ക്രൈസ്തവധർമ്മത്തെപ്പററി വാട പ്രതിവാദം ചെയ്യാൻ തുടങ്ങുകമാത്രമല്ല ചെയ്തതു്; അയാളെ അജ്ഞാനി എന്നു ആക്ഷേപിക്കപോലും ചെയ്തു. മാടൻപിള്ള ഈ അധികപ്രസംഗത്തിനു് അയാളെ ശാസിച്ചപ്പോൾ, മിഷ ണറിമാർ പിള്ളയുടെനേർക്കു ചന്ദ്രഹാസം എടുത്തു. ക്രിസ്തുമതം കേരളത്തിൽ പ്രചരിച്ചിട്ടു് അനേകം വർഷശതങ്ങളായെങ്കിലും,

ഹിന്ദുക്കളും ക്രിസ്ത്യാനികളും തമ്മിൽ ഇതേവരെ മൈത്രീപൂർവ്വമാണ വർത്തിച്ചുവന്നതു്. ഇപ്പോഴാകട്ടെ ഈ മിഷൻജോലിക്കാർ ഗവണ്മെണ്ടിന്റെ സഹായത്തോടുകൂടി പ്രചരണജോലി നടത്തീട്ടു് നേരെ ആ ഗവണ്മെണ്ടിനെത്തന്നെ മലിനമാക്കാൻ ശ്രമിച്ചുതുടങ്ങി. കല്ലൻസായ്പു് അവരോടു സഹകരിക്കാതെ വന്നപ്പോൾ, അവർ അദ്ദേഹത്തിന്റെ നേരെയും തിരിഞ്ഞു. ഭയങ്കരമായ ലേഖനങ്ങൾ വഴിക്കു് 'തിരുവിതാംകൂറിലെ ഭരണം നരകീയമാണെന്നു' അവർ സ്ഥാപിക്കാൻ ശ്രമിച്ചതു് ഹാരിസ് പ്രഭുവിന്റെ സന്ദർശനത്താൽ വിഫലമായെന്നോയുള്ളൂ.

ദിവാൻ മാധവരായർ ദക്ഷിണതിരുവിതാംകൂർ സന്ദർശിച്ചു്, ലഹള ശമിപ്പിക്കുന്നതിനുവേണ്ടി ഒരു താല്ക്കാലികവിളംബരം പ്രസിദ്ധീകരിച്ചുതിൽ, പൂർവ്വാചാരം ലംഘിക്കുന്നതു തെറ്റാണെന്നും ഇരുപാട്ടുകാരും 1004-ലെ രാജകീയവിളംബരം അനുസരിച്ചു നടന്നുകൊള്ളണമെന്നും അതിനു വിപരീതമായി പ്രവർത്തിക്കുന്നവരെ ശിക്ഷിക്കുന്നതാണെന്നും തെക്കൻതിരുവിതാംകൂറിലെ ഈഴവജാതിക്കാർ ചാന്നാന്മാർക്കു പ്രതിരായി നിന്നു പ്രവർത്തിച്ചുപോകരുതെന്നും സ്പഷ്ടമായി പറഞ്ഞിരുന്നു. ഈ വിളംബരത്തിൽ, മൺറോവിന്റെ ഉപദേശാനുസൃതം 989-ലും, പിന്നീടു് 1004-ലും പ്രസിദ്ധീകൃതമായ രാജശാസനങ്ങളിലുണ്ടായിരുന്ന കാര്യങ്ങളെ പ്രസ്താവിച്ചിരുന്നുള്ളുവെങ്കിലും, അതുകൊണ്ടു് മിഷണറിമാർ തൃപ്തിപ്പെട്ടില്ല. കൂപ്പായം ധരിക്കുന്നതിനുപകരം ബ്രാഹ്മണരുടേയും വെള്ളാളരുടേയും പോലെ ധരിക്കുന്നതിനു ചാന്നാർസ്ത്രീകൾക്കു സ്വാതന്ത്ര്യം ഉണ്ടായിരിക്കണമെന്നായിരുന്നു അവരുടെ ശാഠ്യം. എന്നാൽ തൽക്കാലം അവർ ഒതുങ്ങിയിട്ടു് തക്ക അവസരം കാത്തുകൊണ്ടേ ഇരുന്നു. അവർ ആദ്യമായി മഹാരാജാവിനോടു സങ്കടം ബോധിപ്പിച്ചു. ഹാരിസ് പ്രഭു ഉദ്യോഗം രാജിവച്ചപ്പോൾ സർ ചാൾസ് ട്രെവേലിയൻ ഗവണ്ണരായിവന്നു. സ്ത്രീകളുടെ മാറുമറയ്ക്കുന്ന വിഷയത്തിൽ തിരുവിതാംകൂർ ഗവണ്മെൻറു് അനാശാസ്യമായ പ്രതിബന്ധം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നതായി പാതിരിമാർ അസോസ്സിയെ തെറ്റിദ്ധരിപ്പിച്ചു. തൽഫലമായി ഗവർണ്ണർ കല്ലൻസായ്പിനു് ഇങ്ങനെ എഴുതി:—

"സത്യവും നീതിയും മാത്രമല്ല മനുഷ്യസാധാരണമായ സർവ്വമനോവൃത്തികളും ഈ സംഗതിയിൽ നമ്മുടെ വശത്താണ്. ഇങ്ങനെയുള്ള ഒരു സന്ദർഭത്തിൽ നാം ധൈര്യപൂർവ്വം പ്രവർത്തിച്ചില്ലെങ്കിൽ പരിഷ്കൃതലോകം മുഴുവനും നമ്മെ പുച്ഛിക്കും. അന്യന്മാരുടെ ന്യായമായ അവകാശങ്ങൾക്കു ബാധകമാവാത്തവിധത്തിൽ മഹാരാജ്ഞിതിരുമനസ്സിലെ ഇന്ത്യൻപ്രജകൾക്കു വിചാരസ്വാതന്ത്ര്യവും പ്രവർത്തനസ്വാതന്ത്ര്യവും നല്കണമെന്നുള്ള പ്രത്യേക ഉദ്ദേശത്തോടുകൂടി പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള രാജകീയവിളംബരത്തെ അടിസ്ഥാനപ്പെടുത്തി ഈ മാതിരി ജനപീഡനം നടത്തിവരുന്നു എന്നുള്ള അസാധാരണസംഗതി ആലോചിച്ചുനോക്കിയാൽ നാം ഇക്കാര്യത്തിൽ എടപെടാതെ നിവൃത്തിയില്ല. തിരുമനസ്സിലെ സർവ്വക്കാരായ സ്ത്രീജനങ്ങൾക്കു വിപരീതമായി അവിടുത്തെ വിളംബരത്തിൽ അവർക്കു നല്കപ്പെട്ടിട്ടുള്ള രക്ഷാവാഗ്ദാനത്തെ പ്രയോഗിച്ചുവരുന്നു എന്നും അവിടുന്ന് അറിയുമ്പോൾ എന്തു വിചാരിക്കുമെന്നും ഞാൻ വിവരിക്കണമെന്നില്ല. അതുകൊണ്ട് 1814-ലെ സക്കുലർ ഉത്തരവിലോ 1829 ഫെബ്രുവരി മൂന്നാംതീയതിയിലെ വിളംബരത്തിലോ അടങ്ങിയിരിക്കുന്ന ശാസനങ്ങൾ ഇക്കാര്യത്തിനോ പരിഷ്കൃതനായ ഒരു രാജാവിനോ യോജിച്ചതല്ലെന്നു രാജാവിനെ അറിവിക്കേണ്ടതു നിങ്ങളുടെ ചുമതലയാകുന്നു."

ചാന്നാർവർഗ്ഗത്തിലെ സ്ത്രീകൾക്കു മാറുമറച്ചു നടക്കുന്നതിനുള്ള അവകാശത്തെ പൂർണ്ണമായി നിഷേധിച്ചിരിക്കുന്നതിനുള്ള തെറ്റിദ്ധാരണയിലാണു് ഇങ്ങനെ ഒരു കത്തു് അയച്ചതെന്നു പറയേണ്ടതില്ലല്ലോ. എന്നാൽ മാധ്യസ്ഥം ഉടനടി വേണ്ടതു പ്രവർത്തിക്കാതിരുന്നുവെങ്കിൽ കാര്യങ്ങൾ ഭയങ്കരമായ ഒരു നിലയെ പ്രാപിക്കുമായിരുന്നു.

അദ്ദേഹം താഴെ പറയുംപോലെ ഒരു റിപ്പോർട്ടു അയച്ചു.

"1004-ാമാണ്ടായ ക്രിസ്താബ്ദം 1829-ൽ ബ്രിട്ടീഷ് റസിഡണ്ടിനോടു് ആലോചിച്ചു് റാണിതിരുമനസ്സുകൊണ്ടു് പ്രസിദ്ധപ്പെടുത്തിയ വിളംബരത്തിൽ ക്രിസ്ത്യൻ വനിതകൾക്കു

ട്ടുപ്പായം ധരിക്കാൻ അനുവാദം നല്കുകയും എന്നാൽ ഹിന്ദുക്ക
ളായ ചാന്നാർസ്ത്രീകൾ മേൽമുണ്ടു് ധരിച്ചുകൂടാത്ത നിഷേധിക്ക
യും ചെയ്തിരുന്ന എന്നു് അവിടുന്നു ധരിച്ചിട്ടുണ്ടല്ലോ. ഈ വിളംബ
രത്തിലെ ശാസനത്തിനു വിപരീതമായി ചാന്നാർസ്ത്രീകൾ പ്ര
ത്യേകിച്ചു ക്രിസ്ത്യാനിവനിതകൾ ബ്രാഹ്മണരുടേയും പാണ്ടി
ശൂദ്രരുടേയും രീതിയിൽ ചേല ധരിച്ചുതുടങ്ങിയതിനാൽ കൂടക്കൂടെ
കീഴ്പുടങ്ങൾ ഉണ്ടായിരുന്നുവെന്നും അവിടുന്നു ധരിച്ചുകാണുന്നു. മ
റാണിതിരുമനസ്സിലെ വിളംബരം ഉണ്ടായതുമുതല്ക്ക ചാന്നാർ
സ്ത്രീകൾ ചേല ധരിക്കുന്നതു സർവ്വസാധാരണമായിത്തീർന്നു. ചി
നാൽ അതിനെ നിരോധിക്കുന്നതു തങ്ങളുടെ ചുമതലയാണെന്നു
കൂടർ വിചാരിച്ചു. ഇരുകൂട്ടരും എഴുത്തോളം വഴുതിക്കൊടുക്കുകയി
ല്ലെന്ന മട്ടിലായി. തിരുനെൽവേലിയിൽ ഈയിടയ്ക്കുണ്ടായ സംഭ
വങ്ങളാൽ ഏറെക്കുറെ പ്രേരിതരായിട്ടായിരിക്കാം ചാന്നാന്മാർ
ചേല നടപ്പിൽവരുത്താൻതന്നെ നിശ്ചയിച്ചു. ഈ വിഷയത്തിൽ
ക്രിസ്ത്യൻചാന്നാന്മാർക്കു സങ്കടത്തിനു് അവകാശമില്ലെങ്കിലും മറ്റു
ള്ളവരുടെ നേതൃത്വം വഹിച്ചതു്. ചേലയെക്കാൾ മാറുമറയ്ക്കുന്നതിനു
കുറേക്കൂടെ ഉചിതമായ കുപ്പായം ധരിക്കുന്നതിനു അവർക്കു മുൻപ്രേ
രിപ്പിച്ചു വിളംബരം അനുവാദം നല്കിയിരുന്നല്ലോ; എന്നിട്ടും
പൊതുസാധാരണത്തെ സംബന്ധിച്ചു നിരോധനങ്ങളെ പാടെ നീ
ക്കണമെന്നായിരുന്നു അവരുടെ അഭ്യർത്ഥന. ഈ വിഷയത്തിൽ
ക്രിസ്തീയപാതിരിമാരുടെ അനുകമ്പയും പിൻബലവും ഉണ്ടാ
യിരുന്നുമെന്നു് അവർ വിചാരിച്ചു. ഈ നാട്ടിലെ ജനങ്ങളിൽ ഭൂരി
ഭാഗക്കാരായ ശൂദ്രർ ജാത്യാചാരങ്ങളെ മുറുകെപ്പിടിക്കുന്നവരാ
ണു്. തിരുവിതാംകൂറിൽ ജാതിക്കെട്ടിനു തെല്ലുപോലും അയ
വില്ലാത്തതുകൊണ്ടും സർക്കാരിൽനിന്നു പ്രസിദ്ധീകരിച്ച
വിളംബരവും മഹാരാജ്ഞിയുടെ വിളംബരവും തങ്ങൾക്കു് അനു
കൂലമാണെന്നുള്ള വിചാരത്താലും ശൂദ്രർ ചാന്നാന്മാരുടെ പരിവ
ർത്തനോദ്യമങ്ങളെ തടയുവാൻ തന്നെ ഉറച്ചു. ഈ നിലയിൽവി
ഷയം ലണ്ടനിലേക്കു കടക്കാൻ അധികമൊന്നും വേണ്ടിവന്നില്ല.

1004-ലെ വിളംബരത്തെ ലംഘിക്കാൻതന്നെ ചാന്നാ
ന്മാർ തയ്യാറായതിനാൽ ആ ലംഘനത്തിനായി അവരെ ശിക്ഷി-

ക്കാൻ ശൂദ്രർ തീച്ചയാക്കി. ഉയർന്നജാതിക്കാരുടേതെന്നു ഗണിക്കപ്പെട്ടിരുന്ന ചേല ധരിച്ച ചാന്നാർ വനിതകളെ അവർ ഉപദ്രവിച്ചു. ചാന്നാന്മാർ കേവലം ആത്മരക്ഷയ്ക്കു വേണ്ടതൊക്കെ ചെയ്തുമാത്രമല്ല ചെയ്തത്. അവർ വഴിയിൽകണ്ട ശൂദ്രസ്ത്രീകളിൽ പ്രതികാരം നടത്തി. മേക്കോട്ട് ഉള്ള ഒരു ചെറുപെണ്ണിനെ കഴിഞ്ഞ ഡിസംബർ 27-ാംതീയതി ഹിന്ദുക്കൾ ചുട്ടുപൊട്ടിച്ചു; 30-ാംതീയതി കോട്ടാറു ചന്തയിൽ വച്ചു ചില അടികലശലുകൾ നടന്നു. ജനുവരി 10-ാംനു- ഇരണിയൽ ചന്തയിൽ വച്ച് കുറേക്കൂടി ഭീകരമായ ഒരു ലഹള ഉണ്ടായി. ജനങ്ങളുടെ ഇടയിൽ ഉണ്ടായ പരിഭ്രമം അവർണ്യമായിരുന്നു. ഇരുപാട്ടുകാരിലും ഉള്ള നിരവധി ആളുകൾക്കു വലിയ കേടുപാടുകൾ പറ്റി. എന്നാൽ തങ്ങളുടെ പ്രവൃത്തികൾ അന്യായമാണെന്നുള്ള വിചാരത്താലായിരിക്കാം — ആരും അന്യായം ബോധിപ്പിച്ചില്ല. അതേരാത്രിതന്നെ വേറൊരു ചാപ്പലും നാഗർകോവിലെ റസിഡൻസിബംഗ്ലാവും അഗ്നിക്കിരയായി. 1-ാംതീയതിക്കും 16-ാംതീയതിക്കും മദ്ധ്യേ രണ്ടു മതരാധനാസ്ഥലങ്ങൾക്കുടി, ഭിന്നസ്ഥലങ്ങളിലായി നശിപ്പിക്കപ്പെട്ടു; രണ്ടു മിഷൻ[illegible] അതേ അനുഭവംതന്നെ ഉണ്ടായി. ഒരു ശൂദ്രസംഘം [illegible] ഇയിൽവച്ച് ഒരു ചാന്നാനേയും അയാളുടെ ഭാര്യയേയും ആക്രമിക്കയും അയാളുടെ വീടും അതിനോടുചേർന്ന 27 ഗൃഹങ്ങളും ചുട്ടുപൊട്ടിക്കയും ചെയ്തു.....

.....ഇതിനിടയ്ക്ക് അഗസ്തീശ്വരത്തെ ചാന്മാർ അല്പം പണവും ശേഖരിച്ചു സർക്കാർ അധികാരത്തോധിക്കുന്നതിനും, ഗ്രാമങ്ങൾ കൊള്ളചെയ്യുന്നതിപ്പെട്ടുത്തിയിരിക്കുന്നതായി സർക്കാരിലേക്കു റി അവർ തിരുനെൽവേലിയിലെ ചാന്നാന്മാരുടെ സ[illegible]രണത്തെ ക്ഷണിച്ചിട്ടുണ്ടെന്നുള്ളതും പ്രത്യക്ഷമായി.

ഞാൻ ഡിസംബർമാസാവസാനത്തിൽ പത്മനാഭപുരത്തിരിക്കുമ്പോഴാണ് ജനവിഭാഗങ്ങൾ തമ്മിലുള്ള വിരോധത്തെപ്പറ്റി അല്പമായി അറിഞ്ഞത്. നിരവധി ചാന്നാന്മാർ ശൂദ്രരും എന്നെ വന്നുകണ്ടു പരസ്പരം കുറമാരോപിച്ചു പരാതിപറകയും ചേലയെപ്പറ്റി സംസാരിക്കയും ചെയ്തു

തെക്കേഡിവിഷനിലെ പോലീസ് ഉദ്യോഗസ്ഥനും ഈ സംഗ
തിയെപ്പററി എനിക്ക് എഴുതിഅയച്ചിരുന്നു. കരു മുന്നാ
റിപ്പ് കൊടുക്കേണ്ടതു് അത്യന്താപേക്ഷിതമാണെന്നു തെക്കേ
ഡിവിഷനിലെ ഡിപ്യൂട്ടിപേഷ്കാരും അഭിപ്രായപ്പെട്ടു. 1829
ലെ വിളംബരം നിലനില്ക്കുന്നിടത്തോളം കാലം, അതിലെ
വകുപ്പുകളെ ഹിന്ദുക്കളും ക്രിസ്ത്യാനികളും അയ ചാന്നാന്മാർ
അടരിക്കേണ്ടതാണെന്നും, ജനങ്ങളിൽ ഭൂരിപക്ഷത്തെ സംബ
ന്ധിക്കുന്ന കരു നിയമത്തെ എങ്ങനെയെങ്കിലും മാററിയേ
തീരു എന്നുള്ള തങ്ങളുടെ മനോഭാവത്തെ അടിസ്ഥാനപ്പെടു
ത്തി ഒരു പ്രജാവിഭാഗത്തിനും ഉല്ലംഘിക്കാവുന്നതല്ലെന്നും
നിയമത്തിൽ ഭേദഗതിവരുത്തേണമെന്നു് ആഗ്രഹമുള്ളവർ സങ്ക
ടപരിഹാരം ഉണ്ടാകുംവരെ തങ്ങൾക്കു് അനുകൂലമായ സമിതിക
ത വിശദമാക്കി സർക്കാരിലേക്കു നിവേദനങ്ങൾ അയച്ചുകൊണ്ടി
രിക്കുന്നതാണു് ഉചിതമായ മാർഗ്ഗമെന്നും പ്രത്യക്ഷമാണെല്ലോ.
ഈ കാരണങ്ങളാൽ കഴിഞ്ഞ ഡിസംബർ 27-ാംതീയതി, പൊ
തുജനങ്ങൾക്കു് ഒരു മുന്നറിവുനല്കി. നടപ്പിൽ ഇരിക്കുന്ന ചട്ടങ്ങ
ളുടെയും, മാമൂലുകളേയും വിലക്കുവരുത്തുവാൻ ഒരുങ്ങുന്നവർ
കിലും മാററംവേണമെന്നുകാംക്ഷിക്കുന്നവർ സർക്കാരിനോടു ബോ
ധിപ്പിച്ചു നിവൃത്തിമാർഗ്ഗം നേടണമെന്നും, സമാധാനലംഘനം
ഒരു കാരണവശാലും വരുത്തരുതെന്നും അതിൽ കാണിച്ചിരുന്നു.
ാലത്തേക്കു സമാധാനലക്ഷണം കണ്ടു. എന്നാൽ അധികം
ുന്നതിനു മുമ്പായി കോട്ടാറുവച്ചു് ഒരു ലഹള ഉണ്ടാ
ാലീസ്സൈന്യത്തെ വർദ്ധിപ്പിക്കണമെന്നും മുന
പ്പെടുത്തുന്നതിനു് ഒരുകൂപ്പിണി ശിപായികളെ അ
യ്ക്കുന്നതിനും പേഷ്കാർ എഴുതിഅയച്ചു. ഉടൻതന്നെ
00 ടേന്മാരെ ഉദ്യോഗസ്ഥന്മാരോടുകൂടി അങ്ങോട്ടു് അയയ്ക്കാൻ
കുഞ്ഞ നല്കി. തെക്കു താമസിച്ചുവരുന്ന ഏതാനും ലണ്ടൻ മിഷ
നറിമാർതിരുവനന്തപുരത്തുവന്നു ചീനോടും നാഗർകോവിലോടും സ്ഥി
തികളെപ്പററി പറയുകയുണ്ടായല്ലോ. സ്ഥലപ്രത്യേകം അ
ന്വേഷണം നടത്തുന്നതിനു് എനിക്കു തിരുമനസ്സിലേയും നി
ങ്ങളുടേയും അനുജ്ഞയും ലഭിച്ചിരുന്നു.

ലഹളയുണ്ടായേക്കുമെന്നു ശങ്കയുണ്ടായിരുന്ന സ്ഥലങ്ങളിൽ പട്ടാളം നടത്തി; പോലീസുസൈന്യം വർദ്ധിപ്പിച്ചു;.....

.....

അനുചിതമായി പെരുമാറിയ ചില ചില്ലറ ഉദ്യോഗസ്ഥന്മാരെ സസ്പെണ്ടുചെയ്തു; ഇരുപാട്ടുകാരിലും പെട്ട ഏതാനും നേതാക്കന്മാരെ പിടിച്ചു ജാമ്യത്തിൽ വിട്ടു; സമാധാനപരിപാലനാർത്ഥം വേണ്ട കരുതലുകൾ എല്ലാം ചെയ്തു; എല്ലാ ജനവിഭാഗങ്ങളും നിയമത്തെ അക്ഷരംപ്രതി അനുവർത്തിക്കുന്ന വിഷയത്തിൽ സർക്കാരിനു നിർബന്ധമുണ്ടെന്നു പ്രത്യക്ഷപ്പെടുത്തി. ബലപ്രയോഗം കൂടാതെ സമാധാനം പുനഃസ്ഥാപിപ്പിക്കാൻ സാധിച്ചു എന്നു പറയുന്നതിന് എനിക്കു സന്തോഷമുണ്ട്. ഈ അവസരത്തിൽ ഡിപ്യൂട്ടി ദിവാൻപേഷ്കാരായ ശങ്കുണ്ണിമേനോൻ ചെയ്തിട്ടുള്ള ശ്രേഷ്ഠാന്തിയോടുകൂടിയ പ്രയത്നങ്ങളെ ഞാൻ അഭിനന്ദിക്കുന്നു.

1004-ലെ വിളംബരത്തിൽ കാലോചിതമായ ഭേദഗതിവരുത്തുന്നതിനു ഇനി സർക്കാരിൽനിന്നു് ആലോചിക്കുന്നതാകുന്നു.

മദ്രാസ്ഗവർമ്മെൻറു് ഈ റിപ്പോർട്ടിനെപ്പറ്റി ദിവാനെ അഭിനന്ദിച്ചെങ്കിലും ചേലയെ സംബന്ധിച്ചു് അഭിപ്രായം ഒരു വിളംബരം പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും മഹാരാജാവിനെ ഉപദേശിക്കാൻ കല്പൻസായ്പിനു് എഴുതിഅയച്ചു.

1034-മാണ്ടു് അതിനെപ്പറ്റി വീണ്ടും ഒരു വിളംബരമുണ്ടായതിൽ, ചേല ധരിക്കുന്ന വിഷയത്തിൽ എല്ലാക്കും സ്വാതന്ത്ര്യമുണ്ടെന്നു പ്രസ്താവിച്ചിരുന്നുവെങ്കിലും, ഉയർന്നജാതിക്കാരെ അനുകരിക്കരുതെന്നും കൂടി ചേർത്തിരുന്നതിനാൽ മദ്രാസ്ഗവർണ്മെൻറു തൃപ്തിയായില്ല; എങ്കിലും തൽക്കാലത്തേക്കു് ഇത്രമാത്രം ഭേദഗതിവരുത്തിയാൽ മതി എന്നു് അഭിപ്രായം തീർപ്പുപ്പെടുത്തി.

തീവെട്ടിക്കൊള്ളയും അമർച്ചയും.

ശങ്കുണ്ണിമേനോൻ തെക്കൻ തിരുവിതാംകൂറിൽ ഡിപ്പ്യൂട്ടിപേഷ്കാരായിരുന്നകാലത്തു്, 1034-ൽ, തിരുനെൽവേലി ജില്ലയിൽനിന്നു് ഒരു മറവസംഘം തിരുവിതാംകൂറിൽ കടന്നു് അരുവാമൊഴി, അഗസ്തീശ്വരം മുതലായ പ്രദേശങ്ങളിൽ കൂട്ടായ്മക്ക

ചച്ചു നടത്തിത്തുടങ്ങി. എന്നാൽ ഉടൻതന്നെ അദ്ദേഹം തൽസ്ഥലത്തുചെന്നു് അവരെയെല്ലാം പിടിച്ചൊടുക്കുന്നതിനു വേണ്ട കരുതലുകളെല്ലാം ചെയ്തു; അപ്പപ്പോഴത്തെ ഫലങ്ങളായിത്തീരാതിരുന്നുമില്ല. ശങ്കുണ്ണിമേനോന്റെ പ്രയത്നഫലമായി തെക്കൻതിരുവിതാംകൂറിൽ ക്ഷേമവും ഐശ്വര്യവും സുസ്ഥാപിതമായി. അദ്ദേഹം മാധവരായക്കു യോജിച്ച ഒരു ഉപമന്ത്രിതന്നെയായിരുന്നു. വിദ്യാഭ്യാസപ്രചരണത്തിൽ അദ്ദേഹം എത്രത്തോളം മനസ്സുവച്ചു പ്രവർത്തിച്ചുവെന്നു്, താഴെച്ചേർക്കുന്ന റിപ്പോർട്ടിൽനിന്നു തെളിയുന്നു:—

"ഈ കാര്യത്തെക്കുറിച്ചു് ആലോചിപ്പാനായി കല്ലൂളം തഹശീൽദാർ ശേഷഗിരി അയ്യരേയും മേൽകാങ്ങാണം അമീൽദാർ ഗോവിന്ദപിള്ളയേയും വരുത്തി.....അവരോടു് ആലോചിച്ചാറെ അങ്ങനെ ചെയ്യേണ്ടതു വളരെ ആവശ്യമാണെന്നും അതിലേക്കു് ഉത്സാഹിക്കാനായിട്ടു് എല്ലാപേർക്കും കണ്ണുപോലെ സമ്മതമുള്ളതാകുന്നു എന്നുള്ള അവരുടെ മണ്ടവത്തും വാതുക്കൽ ഉള്ള ശമ്പളക്കാർ എല്ലാവരും കേൾക്കുന്നതിനും പറകയാൽ മേൽ ഈ സ്ഥലത്തു് ഒരു പള്ളിക്കൂടം നിശ്ചയിച്ചു നടത്തുകയും ആയതു മേലാൽ ഒരിക്കലും മുടക്കം വരാത്തവിധത്തിൽ സ്ഥാപിക്കയും ചെയ്യേണ്ടതിലേക്കു മണ്ടവത്തുംവാതുക്കലുള്ള ശമ്പളക്കാർ എല്ലാവരുംകൂടി അവരുടെ ശമ്പളത്തിൽനിന്നും വകവച്ചു് മാസം ഒന്നുക്കു 1() ക. ക്കു വകയുണ്ടാക്കി ഒരു വാദ്ധ്യാരേയും മൂന്നു രൂപ ശമ്പളംവച്ചു് ഒരു ചട്ടം പിള്ളയേയും ആക്കി ശമ്പളക്കാർ വരിവച്ചു തയ്യാറാക്കുന്ന രൂപ പത്തും മുതൽപിടിയിൽ ഇടാക്കിക്കൊണ്ടു് വാദ്ധ്യാക്കും ചട്ടം പിള്ളയ്ക്കും മുതൽപിടിയിൽനിന്നുതന്നെ ശമ്പളം കൊടുക്കയും തഹശീൽദാരു മുതലായി പള്ളിക്കൂടക്കാര്യം വിചാരിച്ചു, പഠിപ്പാൻ ആഗ്രഹിച്ചു വരുന്ന കുഞ്ഞുങ്ങളെ തഹശീൽദാരുടെ ബോദ്ധ്യപ്രകാരം പള്ളിക്കൂടത്തിൽ ചേർത്തു് അവരെ തമിഴും ഗ്രന്ഥവും (മലയാളവും) എഴുത്തുകൽ സാധാരണമായിട്ടു വായിപ്പാനും (അയി).....

(ഇങ്ങനെ) മണ്ടപത്തുംവാതുക്കൽതോറും ഓരോ പള്ളിക്കൂടങ്ങൾ ഈയാണ്ടു മീനമാസംമുതൽ നിശ്ചയിച്ചു. ഈ വക പള്ളിക്കൂടങ്ങളിൽ ഒൽക്കുളത്തു 130 കുഞ്ഞുങ്ങളും, തോവാളെ 50 കുഞ്ഞുങ്ങളും അഗസ്തീശ്വരത്തു 45 കുഞ്ഞുങ്ങളും ഇരണിയൽ 62 കുഞ്ഞുങ്ങളും വിളവംകോട്ടു 35 കുഞ്ഞുങ്ങളും ഇപ്പോൾ പഠിച്ചുവരുന്നു.....

.....”

ഈ റിപ്പോർട്ടുകൾ കണ്ടു് മഹാരാജാവും കല്ലൻസായ്പും ശങ്കുണ്ണിമേനോനെ വളരെ പ്രശംസിക്കയുണ്ടായി.

ഡിപ്പാർട്ടുമെൻറു മാന്വൽ.

കല്ലൻസായ്പിന്റെ നിർദ്ദേശമനുസരിച്ചു് ശങ്കുണ്ണിമേനവൻ റവന്യൂ, തിരുവെഴുത്തു വിളംബരങ്ങൾ, സർക്കുലർ ഉത്തരവുകൾ, കൂടെക്കൂടെ അയയ്ക്കേണ്ടിവരുന്ന റിപ്പോർട്ടുകളുടെ മാതിരികൾ, ഹർജിച്ചീട്ടുകൾ കൊറാങ്ങളുടെ വിവരം, ഓരോ ഉദ്യോഗസ്ഥനും ഏതേതു കുറങ്ങളെപ്പറ്റി വിചാരണചെയ്തു് ഏതെല്ലാംമാതിരി ശിക്ഷകൾ നല്കാമെന്നുള്ള വിവരങ്ങൾ മുതലായവ അടങ്ങിയ ഒരു ഡിപ്പാർട്ടുമെൻറു മാന്വൽ 1033-ാമാണ്ടു് എഴുതിത്തുടങ്ങി; അചിരേണ അതു പൂർത്തിയാക്കുകയും ചെയ്തുവിട്ടു.

കല്ലൻസായ്പിന്റെ മരണം.

1035-മാണ്ടു് വൃശ്ചികമാസത്തിൽ 20 കൊല്ലത്തെ മഹനീയ സേവനത്തിനുശേഷം കല്ലൻസായ്പു് ഉദ്യോഗത്തിൽനിന്നു പിരിഞ്ഞു. ഈ ജോലിയിൽ പ്രവേശിക്കുംമുമ്പു് ദീർഘകാലം അദ്ദേഹം ഒരു ബ്രിട്ടീഷു് സേനാപതിയുടേയും പട്ടാളം എഞ്ജിനീയരുടേയും നിലയിൽ കമ്പനിയെ വിശ്വാസപൂർവ്വം സേവിച്ചിരുന്നതിനെ ഓർത്തു്, മദ്രാസു് ഗവർണ്ണർപോലും അദ്ദേഹത്തിനെ ബഹുമാനിച്ചുവന്നു. രാജാക്കന്മാരുടെ അധികാരത്തെ നാമമാത്രമാക്കിയും ചിലപ്പോൾ മദ്രാസു് ഗവർമ്മെൻറിന്റെ ആജ്ഞകൾപ്പോലും ധിക്കരിച്ചും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ടു്. കൊച്ചി, തിരുവിതാംകൂർ ഈ രണ്ടു രാജ്യങ്ങളിലെ രസ്യരാക്കന്മാരും അദ്ദേഹത്തിനെപ്പറ്റി കഠിനമായി ആക്ഷേപിച്ചിട്ടും അദ്ദേഹത്തിനെ ജോലിയിൽനിന്നുപിരിച്ചുവിടാൻ മദ്രാസു് ഗവർമ്മെൻറിനു സമ്മതമുണ്ടായില്ല. കൃഷ്ണരായരുടെ കാലത്തു് അദ്ദേഹം മഹാരാ

ജാവിനോടും ദിവാനോടുംചേർന്നു നിന്നപ്പോഴാണു് പാതിരിമാക്കു് അദ്ദേഹത്തിനോടു വിരോധം ജനിച്ചതു്. ക്രിസ്തുമതപരിഷ്കാരി എന്നപോലും ഒരു പാതിരി അദ്ദേഹത്തിനെപ്പറ്റി എഴുതി. ഈ മെിറോപ്യന്മാരുടെ പ്രക്ഷോഭണഫലമായി കല്ലനെ വേല വിരോധിച്ചു് അന്വേഷണം നടത്തണമെന്നു് ഇന്ത്യാ ഗവൺമെൻറു് മദ്രാസു് ഗവൺമെൻറിലേക്കു് എഴുതുകപോലും ഉണ്ടായി. എന്നാൽ അന്വേഷണം നടത്തുന്നതിനുമുമ്പു വേല വിരോധിക്കുന്നതു ശരിയല്ലെന്നു മദ്രാസു് ഗവണ്മെൻറ് അഭിപ്രായപ്പെട്ടു. പക്ഷെ അതിലേക്കുള്ള കമ്മിഷൻ നിയമിക്കപ്പെടുമ്മുമ്പെ കല്ലൻ ജോലി രാജികൊടുത്തു.

ജനങ്ങളുടെ ദൃഷ്ടിയിൽ കല്ലൻ ഒരു നാട്ടുകാരനായിരുന്നു. നാട്ടിൻെറ ഒരു ഭാഗവും അദ്ദേഹത്തിനു് അപരിചിതമായിട്ടുണ്ടായിരുന്നില്ല. ജനങ്ങളുടെ പേരിൽ അദ്ദേഹത്തിനുണ്ടായിരുന്നപോലുള്ള ഒരു പ്രീതി അദ്ദേഹത്തിനോടു ജനങ്ങൾക്കും ഉണ്ടായിരുന്നു. നാട്ടുകാരുടെ സങ്കടങ്ങൾ അവിടവിടെവച്ചുകേട്ടു് അവയെ പരിഹരിക്കുന്നതിനുവേണ്ടി അദ്ദേഹം മൻറുപ്പൂവ്വം യാത്രചെയ്തിരുന്നു. വലിയ ധനികനായിരുന്നതിനാൽ പണത്തിൽ അദ്ദേഹത്തിനു ലവലേശം കൊതിയുണ്ടായിരുന്നില്ല. തൻെറ സ്വത്തിൽ മുറിയക്കുറും അദ്ദേഹം ഈ നാട്ടിൽതന്നെ ചെലവു ചെയ്തു.

സാസ്റ്റിൻെറ ഔദാര്യം സർവ്വജനവിദിതമായിരുന്നു. ഒരിക്കൽ ഒരു റായ്യൂറുകോട്ട തുറക്കുന്നതിനുവേണ്ടി വരി ചോദിപ്പാൻവന്ന ആളിനോടു് അതിലേക്കു് എന്തു ചെലവുവരും എന്നു് അദ്ദേഹം ചോദിച്ചു. 3,000 രൂപ വേണ്ടിവരുമെന്നു് അവിടെ നിന്നിരുന്നതിൽ ഒരാൾ പറഞ്ഞ മാത്രയിൽ, അദ്ദേഹം ബുക്കു വാങ്ങി ആ സംഖ്യ മുഴുവനും തൻെറ പേരിൻെറ നേരെ എഴുതി ഒപ്പിട്ടുകൊടുത്തുവത്രേ. മറെറാരിക്കൽ ഈ നാട്ടുകാരനായ ഒരു ക്ലർക്കിനു ഗൃഹനിർമ്മാണത്തിനായി 1,500 രൂപ അദ്ദേഹം കടം കൊടുത്തു. ഏതാനും തവണകളിലായി അടച്ചു തീർക്കാമെന്നായിരുന്നു അയാളുടെ കരാറു്. അയാൾ സത്യനിഷ്ഠനാണൊ എന്നറിയണമെന്നേ കല്ലനു് അഗ്രഹമുണ്ടായിരുന്നുള്ളൂ. നാലഞ്ചു തവണകൾ

മുറയ്ക്കു് അടച്ചുകഴിഞ്ഞപ്പോൾ സായ്പു സംതൃപ്തനായുകയാൽ ബാക്കിസംഖ്യ ഉപേക്ഷിച്ചുകളഞ്ഞു. അദ്ദേഹം നിരവധിക്കുട്ടികൾക്കു പീസും പുസ്തകങ്ങൾക്കു പണവും കൊടുത്തുവന്നതായും കാണുന്നു.

ഉദ്യോഗത്തിൽനിന്നു പിരിഞ്ഞിട്ടും അദ്ദേഹം തിരുവിതാംകൂർ വിടാതെ പീരുമേട്ടിൽപോയി താമസിച്ചുവന്നു. 1037-ൽ ആലപ്പുഴവച്ചാണു് അദ്ദേഹം മരിച്ചതു്. ജനങ്ങൾ ഈ വർത്തമാനം അറിഞ്ഞപ്പോൾ അത്യന്തം ദുഃഖിച്ചു. അദ്ദേഹത്തിന്റെ സ്മാരകമായി മഹാരാജാവു് അദ്ദേഹത്തിന്റെപേരിൽ മദ്രാസു് ഐഛസ്സിൽ ഒരു സ്കോളർഷിപ്പു് ഏർപ്പെടുത്തി. തിരുവനന്തപുരത്തു് ഒരു ഇംഗ്ലീഷു് ഐഛസ്കൂൾ ഉണ്ടായപ്പോൾ, അതിനെ കല്പൻ ഐപ്രെസായി മാറ്റി.

മിസ്റ്റർ മാർഡ്ബി.

അടുത്ത റസിഡണ്ടു് മിസ്റ്റർ മാർഡ്ബി ആയിരുന്നു. അദ്ദേഹം അതിസമർത്ഥനും സൽഗുണസമ്പന്നനും നീതിനിഷ്ഠനും ആയിരുന്നു. തിരുവിതാംകൂറിൽ പലേ പരിഷ്കാരങ്ങൾ അദ്ദേഹത്തിന്റെ പ്രേരണനിമിത്തം ഉണ്ടായിട്ടുണ്ടു്.

മഹാറാണിയുടെ സമ്മാനങ്ങൾ.

ലണ്ടൻ പ്രദർശനത്തിനു കല്പിച്ചയച്ച സമ്മാനങ്ങൾക്കു പകരം മഹാറാണി അയച്ചസമ്മാനങ്ങൾ 1035-ാമാണ്ടു് ഇന്ത്യാസിക്രട്ടറിയുടെ ഒരു കത്തോടുകൂടി റസിഡണ്ടിനുകിട്ടി. ഒരു വശത്തു മഹാറാണിയുടെയും മറുവശത്തു മഹാരാജാവിന്റെയും നാമാക്ഷരങ്ങൾ കൊത്തീട്ടുള്ള സ്വർണ്ണംപടികാരം മധ്യത്തിൽ വച്ചിട്ടുള്ള രത്നഖചിതമായ ഒരു സാരസനമായിരുന്നു അവിടുന്നു അയച്ചുകൊടുത്തതു്. അതിനെ സ്വീകരിക്കുന്നതിനായി അവിടുന്നു് ഒരു കൂടിക്കാഴ്ച നടത്തിയതിനുപുറമേ തൽസ്മാരകമായി ഒരു ഇഞ്ചിനീയർ ഡിപ്പാർട്ടുമെൻറു് കൊള്ളിൻസു സായ്പിന്റെ മേൽനോട്ടത്തിൽ ഉൽഘാടനം ചെയ്കയും അനന്തവിക്ടോറിയാ മാർത്താണ്ഡൻതോട്ടിന്റെ പണി ആരംഭിക്കയും ചെയ്തു.

ആലപ്പുഴയിലെ ദീപസ്തംഭം.

അക്കൊല്ലത്തിലാണു് ആലപ്പുഴയിലെ ദീപസ്തംഭത്തിന്റെ പണി ആരംഭിച്ചതു്.

പള്ളിക്കെട്ട്.

1054 മേടമാസത്തിൽ ആറാമുങ്ങൽ മൂത്തതമ്പുരാനെ മഹാരാജാ തിരുമനസ്സിലെ പിതാവിന്റെ ഭാഗിനേയനും പില്ക്കാലത്തു സകലകലാവല്ലഭനെന്നും കേരളകാളിദാസനെന്നും വിഖ്യാതി സമ്പാദിച്ച കേരളവർമ്മ കോയിത്തമ്പുരാനെക്കൊണ്ടു പള്ളിക്കെട്ടുകഴിപ്പിച്ചു.

അതേവർഷത്തിൽതന്നെ രാജ്യത്തെ പദ്മനാഭപുരം, തിരുവനന്തപുരം, കൊല്ലം, ചേർത്തല എന്നു നാലു ഡിവിഷനുകളായി വിഭജിക്കയും, സ്ത്രീകൾക്കായി പീസില്ലാതെ ഒരു വിദ്യാലയം സ്ഥാപിക്കയും ചെയ്തു. ഇങ്ങനെ പുതിയതായി ഏർപ്പെടുത്തിയ ഡിവിഷനുകളിൽ ഒന്നായ കൊല്ലത്തു പേഷ്കാരായി നിയമിക്കപ്പെട്ടത് മി. പി. ശങ്കുണ്ണിമേനോനായിരുന്നു. അക്കാലത്തു കായംകുളം കൊച്ചുണ്ണിപ്പിള്ളപ്രവൃത്തിയാടുടേയും മറും അക്രമങ്ങളെ നിർത്തുന്ന വിഷയത്തിൽ മനസ്സുറപ്പു വന്നിച്ചതുകൊണ്ട് അദ്ദേഹം മഹാരാജാവിന്റേയും റസിഡന്റിന്റേയും പ്രീതിക്കു പ്രത്യേകം പാത്രീഭവിച്ചു. കേസ്സുകൾക്കു [illegible]ണ്ടാക്കുന്നതിനുവേണ്ടി അദ്ദേഹം പലപ്പോഴും വേഷംമാറി നടക്കാറുണ്ടായിരുന്നു; ചിലപ്പോൾ അപകടത്തിൽപോലും ചാടാൻ ഇടയായിട്ടുണ്ട്.

മഹാരാജാവിന്റെ സ്വർഗ്ഗാരോഹണം.

1035-ാമാണ്ടു് ഒടുവിൽ അനന്തവിക്ടോറിയാ മാത്താണ്ഡൻതോട്ടിന്റെ പണി സന്ദർശിപ്പാനായി അവിടുന്നു് എഴുന്നള്ളിയിരിക്കേ പെട്ടെന്നു ഒരു വയറുവേദന ഉണ്ടായി. അതു ക്രമേണ വർദ്ധിച്ചു. 1036 മിഥുനം 2-ാംനു പ്രഭാതത്തിൽ അവിടുന്നു നാടുനീങ്ങി. അന്ത്യശ്വാസംവരെ അവിടുത്തേക്കു ബോധം ഉണ്ടായിരുന്നു; ഇളമുറത്തമ്പുരാക്കന്മാരോടും ദിവാൻജിയോടും ഉത്സാഹപൂർവം സംസാരിക്കയുമുണ്ടായി.

റസിഡണ്ടായിരുന്ന മാർഷൽ ബിസായ്സ് അവിടുത്തെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു.

"അടിമവ്യാപാരം നിർത്തലാക്കുകയും, വിദ്യാഭ്യാസപ്രചാരണാർത്ഥം പ്രോത്സാഹനം നല്കുകയും, ജനക്ഷേമകരങ്ങളായ പലേ ഉദ്യോഗകർമ്മങ്ങൾ ചെയ്കയും, സർവ്വോപരി രാജകുമാരികൾ വഴിക്കു സ്ത്രീവിദ്യാഭ്യാസത്തിനു് ഉത്തമാദർശങ്ങൾ കാണിച്ചു കൊടുക്കയും ചെയ്ത ഈ തിരുമേനിയുടെ അപദാനങ്ങൾ അവിടത്തെ സ്മരണയെ നിലനിർത്തുന്നതിനു പര്യാപ്തമാകുന്നു. തിരുമനസ്സിലെ സൌജന്യത്തെ അവിടത്തോടു അടുത്തു പരിചയമുള്ള ഏല്ലാവരും സബഹുമാനം ഓർക്കുന്നതാണു്."

കൃത്യനിഷ്ഠയിൽ അവിടത്തെ അതിശയിക്കുന്നവരായി ആരും ഉണ്ടായിരുന്നില്ല; എന്നാൽ പ്രാതഃകാലിക അമൃതേത്തു ഉച്ചയ്ക്കു് ഒരുമണിക്കും അത്താഴ അമൃതേത്തു് അർദ്ധരാത്രിക്കു മുമ്പും മുടക്കാറില്ലായിരുന്നവരത്രേ. തീവ്രമായ ഈശ്വരഭക്തി, വിശാലമായ അനുകമ്പ, അപ്രതിഹതമായ നീതിബോധം മുതലായ സൽഗുണങ്ങൾക്കു് അവിടുന്നു പിളനിലമായിരുന്നു. അശ്രിതന്മാക്കു കല്പതരുവായിരുന്നെങ്കിലും, അവക്കുവേണ്ടി നീതിപഥത്തിൽനിന്നു് അവിടുന്നു് ഒരിക്കലും വ്യതിചലിക്കാറില്ലായിരുന്നുവെന്നുള്ളതിനു ലക്ഷ്യമായി ഒരു കഥപറയാം. അവിടുത്തെ ഒരു അശ്രിതൻ ഒരിക്കൽ കൊട്ടാരത്തിലെ ഒരു ഉദ്യോഗത്തിനു് അപേക്ഷിച്ചു. അതു ലഭിക്കുന്നു ഒരു ഉദ്യോഗം വഹിക്കുന്നതിനു് അയാൾക്കു യോഗ്യതയില്ലാതിരുന്നതുകൊണ്ടു് അവിടുന്നു് ആ അപേക്ഷയെ തിരസ്കരിച്ചുകളഞ്ഞു. എന്നിട്ടും അയാൾ പിട്ടില്ല; വീണ്ടും അപേക്ഷിച്ചു; അപ്പോഴും അതേ മറുപടിതന്നെ അയാൾക്കു ലഭിച്ചു. മൂന്നാമതും അയാൾ അപേക്ഷിച്ചപ്പോൾ രേഖാമൂലമായ അപേക്ഷ അയയ്ക്കാൻ അവിടുന്നു കല്പിക്കുകയും, അങ്ങനെ അയയ്ക്കപ്പെട്ട അപേക്ഷയിൽ, യോഗ്യതയില്ലാത്തതിനാൽ അയാളെ ആ ജോലിയിൽ നിയമിക്കാൻ നിവൃത്തിയില്ലെന്നതുക്കെവിളയാടുകയും ചെയ്തവത്രേ.

മറെറാരവസരത്തിൽ അവിടുന്നു് ഒരു ബ്രാഹ്മണനു നാലഞ്ചുരൂപ ദാനമായികൊടുത്തു. അയാൾ പോകാൻ തുടിച്ചപ്പോൾ, ആ തുക മുഴുവനും താൻതന്നെ ഉപയോഗിച്ചുകൊള്ളുന്നതിനു കല്പിച്ചുതരുവാടംകൊടുക്കണമെന്നു് അപേക്ഷിച്ചു. ഈ അപേക്ഷ

യുടെ അർത്ഥം അവിടുത്തേക്കു മനസ്സിലായി. കൊട്ടാരം സേവകന്മാർ ഇങ്ങനെ സാധുക്കളെ ഉപദ്രവിക്കുന്നതു നിർത്തിയില്ലാതെ അവിടുന്നു് അമൃതേത്തുകഴിക്കുന്നതല്ലെന്നു തീച്ചപ്പെടുത്തി. തൽഫലമായി അഴിമതിക്കാരെ കണ്ടുപിടിച്ചു തന്നുതന്നെ കഠിനമായ ശിക്ഷകൾ നല്കി.

സ്വാതിതിരുനാൾ സംഗീതത്തിലും സാഹിത്യത്തിലും എങ്ങനെയോ, അതുപോലെ ഉത്രംതിരുനാൾ തമ്പുരാൻ കഥകളിയിൽ അതിനിപുണനായിരുന്നു. അവിടത്തെ സേവകന്മാരിൽ അഗ്രഗണ്യനും സ്വാമിഭക്തനുമായ ഈശ്വരപിള്ള വിദ്വാനിപ്പുകാർ അക്കാലത്തെ നടന്മാരുടെ ക്ലൂത്തിൽ അദ്വിതീയനായിരുന്നുവെന്നാണു് അറിവു്. കേരളത്തിന്റെ പല ഭാഗങ്ങളിൽനിന്നും ഉത്തമനടന്മാരെ വരുത്തി അവിടുന്നു കഥകളിട്ടുത്താറുണ്ടായിരുന്നു. സിംഹദ്ധ്വജചരിതം തുടങ്ങിയ ചില കഥകൾ അവിടുന്നുതന്നെ രചിച്ചിട്ടുമുണ്ടു്.

അദ്ധ്യായം ൧൧.

ആയില്യംതിരുനാൾ രാമവർമ്മമഹാരാജാവു്—

1036—1055.

വഞ്ചിരാജ്യസിംഹാസനത്തെ അലംകരിച്ച മഹാരാജാക്കന്മാരുടെ ക്ലൂത്തിൽ ഈ മഹാരാജാവിനു അത്യുന്നതമായ ഒരു സ്ഥാനമുണ്ടു്. അവിടത്തെ കാലത്താണു് രാജ്യത്തിനു മാതൃകാസംസ്ഥാനം എന്ന പേർ ലഭിച്ചതു്. സിംഹാസനാരോഹണം ചെയ്യുമ്പോൾ അവിടത്തേയ്ക്കു 29 തിരുവയസ്സു ഉണ്ടായിരുന്നു. 1036 ചിങ്ങം 24-ാംനു- ആ ശുഭകർമ്മം യഥാവിധി നിർവഹിക്കപ്പെട്ടു.

ആയില്യംതിരുനാൾ തമ്പുരാനു് സംസ്കൃതം, ഇംഗ്ലീഷ്, തമിഴ്, തെലുങ്കു്, മഹാരാഷ്ട്രം, ഹിന്ദുസ്ഥാനി എന്നീ ഭാഷകളിൽ അനന്യസാധാരണമായ പാണ്ഡിത്യമുണ്ടായിരുന്നു. എ-

ആയില്യംതിരുനാൾ രാമവർമ്മ.

ന്നാൽ സംഗീതപ്രയോഗത്തിൽ അവിടുത്തോടു കിടനില്പാൻ അ
ക്കാലത്തു വളരെ അളുകൾം ദക്ഷിണഇന്ത്യയിൽ ഉണ്ടായിരുന്നില്ല.

അമ്മാവൻ തിരുമനസ്സിലെ സാഹചര്യത്താൽ രാജ്യകാര്യ
ങ്ങളിലും അവിടുന്നു വൈദഗ്ദ്ധ്യം സമ്പാദിച്ചിരുന്നു. പരമദയാ
ലുവും പ്രസന്നവദനനും ഉദാരചിത്തനും ആയ ഈ തിരുമേനി
യുടെ ദർശനമാത്രത്താൽ ആരും അവിടുത്തേക്കു വശപ്പെട്ടുപോ
കുമായിരുന്നു. ഭരണാരംഭത്തിൽ മാധവരായരെപ്പോലെ ഒരു ദി
വാൻജിയും മാർഠാ്ബിയെപ്പോലെ ഒരു ഉപദേഷ്ടാവും ഉണ്ടായി
രുന്നതു് അവിടുത്തെ ഭാഗ്യവിശേഷംതന്നെആയിരുന്നു.

ക്ഷാമബാധയും ധനസ്ഥിതിയും

അവിടുന്നു് സിംഹാസനാരോഹണം ചെയ്ത അവസര
ത്തിൽ രാജ്യത്തിന്റെ ധനസ്ഥിതി വളരെ ശോചനീയമായിരുന്നു.
അനാവൃഷ്ടിനിമിത്തവും ചാഴിയുടെ ഉപദ്രവത്താലും കൃഷിപ്പിഴ
വന്നതിനാൽ ക്ഷാമദേവത വഞ്ചിനാട്ടിൽകളിയാടിക്കൊണ്ടാണി
രുന്നതു്. ആഹാരസാമാനങ്ങൾക്കു വിലകൂടി; വിദേശങ്ങളിൽനി
ന്നുനെല്ലും അരിയും വരുത്തിയിട്ടും വില കുറയുന്ന ലക്ഷണം ക
ണ്ടില്ല; നിരവധി ജനങ്ങൾ ക്ഷാമംനിമിത്തം സങ്കടം അനുഭവി
ക്കാനിടയായി. സങ്കടപരിഹാരാർത്ഥംസർക്കാരിൽനിന്നു കഴിയുന്ന
സഹായങ്ങൾം ചില്ലാം ചെയ്തുകൊടുക്കാതിരുന്നില്ല. കരം ഇളവു
ചെയ്തുകയിൽ മുതലെടുപ്പിൽ രണ്ടുലക്ഷത്തിൽപരം രൂപ കുറവു
വന്നു; ചെലവോ നാലുഗുണം വർദ്ധിക്കയും ചെയ്തു; സാധുക്കൾക്കു
ജോലിയുണ്ടാക്കിക്കൊടുപ്പാനായി മരാമത്തു വേലകൾക്കായി
2,28,000 രൂപ നീക്കിവെയ്ക്കേണ്ടതായി വന്നുകൂടി. നാടുനീങ്ങി
യ മഹാരാജാവിനും സംബന്ധിച്ചഅടിയന്തിരത്തിനും ഒരുലക്ഷം
രൂപായെങ്കിലും കൂടാതെ കഴിയുമായിരുന്നില്ല.

മുളകുകുത്തകനിർത്തി.

അക്കൊല്ലത്തിൽതന്നെ മുളകുകുത്തകനിർത്തീട്ടു് അന്യരാജ്യ
ങ്ങളിലേക്കു് അയയ്ക്കുന്ന മുളകിന്മേൽ 15 ശതമാനം തുങ്കം ഏ
ർപ്പെടുത്തി. അതുനിമിത്തം കൃഷിക്കാർക്കു കുരുമുളകു കൃഷിയിൽ

കൂടുതൽ താൽപ്പര്യം ജനിച്ചു. പുകയിലയും ഏതൽപര്യന്തം ഒരു കുത്തകച്ചരക്കായിരുന്നു. കോയമ്പത്തൂരും മലയാളജില്ലയിലും കുത്തക നിർത്തലാക്കപ്പെട്ടുപോയതുകൊണ്ട് ആ പ്രദേശങ്ങളിൽനിന്നു വ്യാജച്ചരക്കുകൊണ്ടുവന്നു പലരും കച്ചവടം നടത്തിവന്നു. അതുപോലെതന്നെ തിരുവിതാംകൂറിൽ ഉപ്പിനു വില കുറഞ്ഞിരുന്നതിനാൽ ഇവിടെനിന്നു് ഉപ്പുകൊണ്ടുപോയി ബ്രിട്ടീഷിൽ വ്യാജക്കച്ചവടം നടത്തിവന്നവരും ധാരാളം ഉണ്ടായിരുന്നു. വ്യാജവ്യാപാരത്തെ തടയുന്നതിനു് എന്തെങ്കിലും കർശനമായ ഏർപ്പാടു ചെയ്യേണമെന്നായി മഹാരാജാവു് എന്നു മാത്രം വന്നുകൂടി. കൊച്ചീത്തുറമുഖത്തു പുകയിലയ്ക്കു കണ്ടികെന്നിനു 150 രൂപ തൂക്കം ഏർപ്പെടുത്തിയതുകൊണ്ടു വ്യാജവ്യാപാരം തൽക്കാലത്തേക്കു ശമിച്ചു. എന്നാൽ കൊച്ചീരാജ്യത്തും അചിരേണ പുകയിലക്കുത്തക നിർത്തലാക്കുകയും, പുകയിലച്ചുങ്കം നിർത്തുകയും ചെയ്തപ്പോൾ, തിരുവിതാംകൂറിൽ വീണ്ടും വ്യാജവ്യാപാരംതലപൊക്കി. അന്നത്തെ ധനസ്ഥിതിക്കു കുത്തകനിർത്താൻ സർക്കാരിനു ധൈര്യമുണ്ടായുമില്ല. അതുകൊണ്ടു പുകയിലയുടെ വില കുറച്ചുനോക്കി; എന്നിട്ടും വലിയ പ്രയോജനമുണ്ടായില്ല. കുത്തകകൊണ്ടു പലേ ദോഷങ്ങൾ ഉണ്ടായിരുന്നു.

(1) സർക്കാരിലേക്കു് ആവശ്യമുള്ളിടത്തോളം പുകയില മൊത്തമായി വിളിക്കേറ്റുപ്പാൻതക്ക കൺട്രാക്ടർമാർ ചുരുക്കമായിരുന്നു.

(2) കൺട്രക്ടു് ഏർപ്പാടു വ്യാജവ്യാപാരത്തെ പ്രോത്സാഹിപ്പിച്ചുവന്നു.

(3) കൺട്രാക്ടുന്മാക്കു യഥാകാലം കരാറനുസരിച്ചുള്ള പുകയില ഏല്പിക്കാൻ സാധിക്കാതെ പലപ്പോഴും വന്നുപോകാറുണ്ടായിരുന്നു. അതുനിമിത്തം കുത്തക വില്പനകർത്താക്കൾ പ്രതിബന്ധം നേരിട്ടു.

(4) താണതരം പുകയിലയാണു് കുത്തകക്കാർ സംഭരിച്ചുവന്നതു്.

ഏതൽ കാരണങ്ങളാൽ 1039-ൽ പുകയിലകുത്തകയും കരുവിളമ്പരമുഖേന മഹാരാജാവു നിർത്തലാക്കി. ഇതു അതി

ശോഭനമായ ഒരു പരിഷ്കാരമായിരുന്നുവെന്ന് അഭിമാനപൂർവ്വം പ്രത്യക്ഷപ്പെട്ടു. എന്തുകൊണ്ടെന്നാൽ കുണ്ടറയിൽ മരിച്ചു കൊല്ലത്തിൽ തിരുവിതാംകൂറിൽ 3460 കണ്ടി. പുകയില വിറ്റ വകയിൽ കിട്ടിയ ആദായം 8,48,978 രൂപയായിരുന്നു; എന്നാൽ കുത്തക നിറുത്തിയ ശേഷവും ചുങ്കം വകയിൽ ഏതാണ്ട് അതുതന്നെ സംഖ്യ പിരിഞ്ഞു. ജനങ്ങൾക്കു കുറഞ്ഞ വിലയ്ക്കു നല്ല പുകയില കിട്ടുകയും, വ്യാജവ്യാപാരം നിന്നു പോകയും ചെയ്തു എന്നൊരു ചരിതാർത്ഥ്യവും സർക്കാരിനുണ്ടായി.

വാണിജ്യസ്വാതന്ത്ര്യം.

1848-ലെ ആറാം ആക്ടിൻ പ്രകാരം ബ്രിട്ടീഷ് ഇൻഡ്യയിലെ ഉപതീരവാണിജ്യം സ്വതന്ത്രമാക്കപ്പെട്ടു. എന്നാൽ ആ നിയമം തിരുവിതാംകൂറിനെ ബാധിക്കുമായിരുന്നില്ല. തന്നിമിത്തം തിരുവിതാംകൂറിൽ നിന്നുള്ള ഏറുമതിച്ചരക്കുകൾക്കു ബ്രിട്ടീഷ് തുറമുഖങ്ങളിൽ തിരുവെഴുമതി കൊടുത്തിരുന്നു. അതുപോലെതന്നെ തിരുവിതാംകൂറിലേക്കുള്ള ഇറക്കുമതിച്ചരക്കുകളിന്മേലും അവർ തീരുവ ചുമത്തി വന്നു. എന്നാൽ തിരുവിതാംകോട്ട നിന്നു കരവഴി ബ്രിട്ടീഷ് കൊച്ചിയിലേക്കു കൊണ്ടുപോകാൻ മാർഗ്ഗമുണ്ടായിരുന്നതുകൊണ്ടും കൊച്ചി സംസ്ഥാനത്തു് ഒരു ലാഭപ്രദമായ കടത്തുകൂലിമാത്രം കൊടുത്താൽ മതിയായിരുന്നതിനാലും കച്ചവടക്കാർ ചരക്കുകൾ കൊച്ചിയിൽ കൊണ്ടുപോയി അവിടെനിന്നു വിദേശീയ തുറമുഖങ്ങളിലേക്കു കയറ്റി അയയ്ക്കുവന്നു. ഈ വഴിക്ക് ഈ സംസ്ഥാനങ്ങളിലെ തുറമുഖങ്ങളിൽ കച്ചവടമാന്ദ്യം സംഭവിച്ചു. തൽപരിഹാരാർത്ഥം മഹാരാജാവു് ബ്രിട്ടീഷ് ഗവണ്മെന്റിന്റെ അനുമതിയോടുകൂടി താഴെപ്പറയുന്ന തിരുവെഴുത്തു വിളംബരം പ്രസിദ്ധപ്പെടുത്തി.

"ശ്രീപത്മനാഭദാസ വഞ്ചിപാല രാമവർമ്മ കുലശേഖര കിരീടപതി മനോസുൽത്താൻ മഹാരാജരാജ രാമരാജബഹദൂർ ഷംഷേർജംഗ് മഹാരാജാ അവർകൾ സകലമാനപേർക്കും പ്രസിദ്ധപ്പെടുത്തുന്ന വിളംബരം.

തിരുവിതാംകോട്ട സംസ്ഥാനത്തിലെ കച്ചവടത്തിന്മേൽ ഇതുവരെ വാങ്ങിച്ചുവന്ന തീരുവ ബ്രിട്ടീഷ് ഗവണ്മെണ്ടിലേയും

കൊച്ചീ സക്കാരിലേയും സമ്മതപ്രകാരം ഭേദപ്പെടുത്തുന്നത് അ
വശ്യമായിട്ട കാണുകകൊണ്ടു പ്രസിദ്ധപ്പെടുത്തുന്നതെന്തെ
ന്നാൽ—

1. ഈ മാസം 20-ാംനു-മുതല്ക്കു പുകയില, പൊടി, ചുരു
ട്ട്, ഉപ്പ്, അഫീൻ, ചാരായം ഈ ചരക്കുകൾക്കു് ഒഴികെ ബ്രി
ട്ടീഷ് ഇന്ത്യയിലും കൊച്ചീരാജ്യത്തും ഉണ്ടാക്കുന്നതും അന്യ എ
ല്ലാ ചരക്കുകളും കരവഴിക്കോ കടൽവഴിക്കോ കായൽവഴിക്കോ
ഈ സംസ്ഥാനത്തുവന്നു ഇറക്കുമതിയാകുന്നവകയ്ക്കു ചുങ്കസ്ഥ
ങ്ങളിൽ തീരുവവാങ്ങിക്കുന്നതല്ല. മേൽവിവരിച്ചിട്ടുള്ള പുക
യില മുതലായ ചരക്കുകൾക്കു് ഇതുവരെ നടന്നുവരുന്ന ക്രമം
പോലെ മേലും നടക്കുന്നതാണു്.

2. ഈ സംസ്ഥാനത്തു് ഇറക്കുമതിയായിട്ട ബ്രിട്ടീഷ്
ഇൻഡ്യയിലും കൊച്ചീരാജ്യത്തും നിന്നു കരവഴിക്കോ കടൽവ
ഴിക്കോ കായൽവഴിക്കോ കയറുമതിചെയ്കകൊണ്ടു വരുന്ന
യാതൊരു ചരക്കുകൾക്കും ആ സംസ്ഥാനങ്ങളിലും തീരുവവാ
ങ്ങിക്കുന്നതല്ല. ബ്രിട്ടീഷ് ഇൻഡ്യാ ഗവമ്മെൻറിൽനിന്നും ആ
ഗവമ്മെൻറിൽചേർന്ന മലബാർ, ക്യാനറാ മുതലായ ദിക്കുകളി
ലേക്കു ബാംബെ ഉപ്പു കയറുമതി ചെയ്തു് അയച്ചുവരുന്ന ക്രമം
പോലെ മേലാൽ ഈ സംസ്ഥാനത്തേക്കും ആ വക ഉപ്പു കയറു
മതി ചെയ്കയക്കുന്നതിനു ബ്രിട്ടീഷ് ഗവമ്മെൻറിൽനിന്നും അനു
വദിക്കുന്നതാകുന്നു.

3. ബ്രിട്ടീഷ് ഇൻഡ്യയിലേയും കൊച്ചീസംസ്ഥാന
ത്തെയും വക ചരക്കുകൾക്കല്ലാതെ മറു രാജ്യങ്ങളിൽനിന്നും
കയറുമതി ചെയ്യും ഈ സംസ്ഥാനത്തെ തുറമുഖത്തിൽ കൊണ്ടു
വന്നു് ഇറക്കുന്ന ചരക്കുകൾക്കു ബ്രിട്ടീഷ് ഇന്ത്യയിലെ തീരുവവീ
തം ഈ രാജ്യത്തെ ചുങ്കങ്ങളിലും വാങ്ങിക്കുന്നതാകുന്നു. എ
ന്നാൽ അങ്ങനെയുള്ള മറുനാട്ടുചരക്കുകൾ ബ്രിട്ടീഷ് ഇൻഡ്യയി
ലോ കൊച്ചീരാജ്യത്തോ ഇറക്കി തീരുവപ്പെട്ട പിന്നീടു സം
സ്ഥാനത്തുവരുന്നതായാൽ ആയതിനു് ഇവിടെ തീരുവ വാങ്ങി
ക്കുന്നതല്ല.

4. ഈ സംസ്ഥാനത്തുനിന്നും കയറുമതിയാകുന്ന തടി,
ചക്ക, വള്ളം മുതലായ മരഉരുപ്പടികൾക്കു ആറിനു 10 വീത

ും മുളകിനും പാക്കിനും ഇംഗ്ലീഷ് 500 റാത്തൽ പടി കണ്ടി
ക്കുന്നതിന് 15 ഫ്രി. ത്രപാ വീതവും മറുള്ള എല്ലാ മരങ്ങൾക്കും നൂറിനു അഞ്ചുവീതവും തീരുവവാങ്ങിക്കുന്നതാകുന്നു. എന്നാൽ ഇവിടെനിന്നും കയറുമതിയാകുന്ന തിരുനെൽവേലിജവുളികൾ കൊച്ചീരാജ്യത്തേക്കാകട്ടെ ബ്രിട്ടീഷ് ഇൻഡ്യയിലേക്കാകട്ടെ കൊണ്ടുപോകുന്നതായിരുന്നാൽ ആ വകയ്ക്ക് ഇവിടെ തീരുവവാങ്ങിക്കുന്നതല്ല. ഭഗവതിക്കോട്ട, രാമേശ്വരംകോട്ട, ഇടപ്പള്ളി ഈ ചുങ്കവഴി കയറുമതിയാക്കുന്നതിൽ ഏതാനും ചരക്കുകൾക്കു മാത്രം തീരുവ വാങ്ങിക്കുന്നതും അങ്ങിനെ തീരുവവാങ്ങിക്കേണ്ട ചരക്കുകൾ ഇന്നതെല്ലാം എന്നു നിശ്ചയിച്ച് അപ്പോഴപ്പോൾ പ്രസിദ്ധപ്പെടുത്തുന്നതും അകുന്നു.

5. ഉപ്പ്, അഫീൻ, ചായം, ഈ വക ചരക്കുകൾ ഒഴികെ ഈ സംസ്ഥാനത്തുനിന്നും കരവഴിക്കോ കടൽവഴിക്കോ കായൽവഴിക്കോ കേറുമതിചെയ്തുകൊണ്ടുപോകുന്ന ചരക്കുകൾ തിരുവിതാംകോട്ട വകയായിരുന്നാലും ഇവിടെ ഇറക്കുമതിത്തീരുവ കൊടുത്തിട്ടുള്ള മറു രാജ്യത്തെ വകയായിരുന്നാലും ആയതിനു ബ്രിട്ടീഷ് ഇൻഡ്യാ ഗവൺമെൻറിലും കൊച്ചീസർക്കാരിലും ഇറക്കുമതിചെയ്യുന്ന സമയം തീരുവവാങ്ങിക്കുന്നതല്ല.

6. കോയമ്പത്തൂർ മുതലായ ബ്രിട്ടീഷ് ഇൻഡ്യാസ്ഥലങ്ങളിലെ ചരക്കുകൾ ഈ രാജ്യത്തെ കായൽവഴി ബ്രിട്ടീഷ് കൊച്ചിക്കാകട്ടെ സർക്കാർകൊച്ചിക്കാകട്ടെ നേരെ കൊണ്ടുപോകുമ്പോഴും ഇവിടെ തീരുവവാങ്ങിക്കുന്നതല്ല.

7. ഈ സംസ്ഥാനത്തുള്ള ചരക്കുകളിൽ ഇതുവരെ നടപ്പായിരിക്കുന്ന താരിപ്പുമാറി ബ്രിട്ടീഷു താരിപ്പു സ്ഥിരപ്പെടുത്തിയിരിക്കുന്നതിനാൽ അതനുസരിച്ചു ചരക്കുകൾക്കു വിലനിശ്ചയിച്ചിരിക്കുന്നതാകുന്നു.

1041 ഇടവം 14-ാംനു- ഇതിനെ തുടർന്നു തിരുവിതാംകൂറും കൊച്ചിയും മദ്രാസ് ഗവൺമെൻറും തമ്മിൽ ഒരു ഉടമ്പടിയുണ്ടായി. ബ്രിട്ടീഷിൻഡ്യയിൽ ഉണ്ടാക്കപ്പെടാത്തവയും എന്നാൽ ബ്രിട്ടീഷ് തുറമുഖങ്ങളിൽ തീരുവചുമത്തപ്പെട്ടവയും ആയ സാമാനങ്ങളെ തിരുവിതാംകൂറിൽ കയറുമതി ചെയ്യുമ്പോൾ

ഈ ഉടമ്പടി അനുസരിച്ചു തീരുവചുമത്താൻ പാടില്ലായ്കനിമിത്തം വന്നുകൂടുന്ന നഷ്ടത്തിനു പരിഹാരമായി മദ്രാസ് ഗവ ൎമ്മെൻറു് പ്രതിവർഷം നാല്പതിനായിരം രൂപ നമ്മുടെ സക്കാരിലേക്കു കൊടുത്തുകൊള്ളാമെന്നു ഇതിൽ കരാറുചെയ്തു.

കൊച്ചിനും തിരുവിതാംകൂറും തമ്മിൽ നടന്ന കരാറിലെ വ്യവസ്ഥകൾ:—

1. "കൊച്ചീരാജ്യവും തിരുവിതാംകോട്ടരാജ്യവും തമ്മിൽ നടക്കുന്ന കച്ചവടം പുഷ്ടിവരുവാൻവേണ്ടി ആ രണ്ടു രാജ്യങ്ങളുടെ മദ്ധ്യത്തിലുള്ള കൊച്ചീസക്കാർവക യില്ലാ ചുമുക്കുകളും നിർത്തൽചെയ്യുന്നതാകുന്നു.

2. കൊച്ചിയിൽ സക്കാർവക തിരുവിതാംകോട്ട രാജ്യത്തു കൊണ്ടുപോകുന്ന ചരക്കുകൾക്കു, ബ്രിട്ടീഷ് ഇൻഡ്യാരാജ്യത്തുനിന്നു് ആ രാജ്യത്തേക്കു കൊണ്ടുപോകുന്ന ചരക്കുകൾക്കു ബ്രിട്ടീഷ് ഗവണ്മെൻറുകാരായി നിശ്ചയിച്ച ക്രമങ്ങളും ഒഴിവുകളും പ്രകാരം തടസ്സംകൂടാതെ അവക ചരക്കുകൾ കൊണ്ടുപോകുന്നതിനു തിരുവിതാംകോട്ട സക്കാർ അനുവദിക്കുന്നതാകുന്നു.

3. തിരുവിതാംകോട്ട സക്കാർവകയായി കായൽവക്കത്തല്ലാതെ നാട്ടുപ്രദേശത്തുള്ള ചുമുക്കുകളിൽ പുറത്തേക്കു കൊണ്ടു പോകുന്ന പ്രധാനപ്പെട്ട ചില ചരക്കുകൾക്കു മാത്രം തീരുവ വാങ്ങിക്കുന്നതാകുന്നു.

4. ബ്രിട്ടീഷ് ഇൻഡ്യയിലെ ചരക്കുകൾ കോമ്പംപുത്തൂരിൽനിന്നും തിരുവിതാംകോട്ട രാജ്യത്തുകൂടി കൊച്ചിയിൽരാജ്യത്തേയ്ക്കോ ബ്രിട്ടീഷ് കൊച്ചിയിലേയ്ക്കോ കൊണ്ടുപോകുമ്പോൾ ആ ചരക്കുകൾ തിരുവിതാംകോട്ട രാജ്യത്തുനിന്നും പോകുന്ന ചരക്കുകൾക്കു വാങ്ങുന്നപ്രകാരം ഉള്ള തീരുവയുടെ ബാധ്യതയിൽനിന്നു ഒഴിവാക്കിയിരിക്കുന്നു. ആ ഒഴിവു തിരുനെൽവേലി തുണിച്ചരക്കുകൾ തിരുവിതാംകോട്ട രാജ്യത്തുകൂടി കടന്നുപോകുമ്പോൾ അവകൾക്കും സംബന്ധിക്കുന്നതാകുന്നു. കൊച്ചിയിൽരാജ്യത്തു് ആകിക്കീർനിന്നും ആ രാജ്യത്തു ചേർന്നു വേറെ ഏതൊരു സ്ഥലത്തേക്കു് വഴുകിലും തിരുവിതാംകോട്ട അതിർത്തിയിൽകൂടി ചരക്കുകൾ കടന്നുപോകുമ്പോൾ ആ വകകളെ തിരുവിതാംകോട്ട രാജ്യ

ത്തുനിന്നു പോകുന്ന ചരക്കുകൾക്കുള്ള തീരുവയിൽനിന്നു വേർ പെടുത്തിയിരിക്കുന്നു.

5. ഈ മേൽപറഞ്ഞ നിയമങ്ങൾപ്രകാരം ചിറയ്ൻ നെന്മാറ ഈ ദിക്കുകളിൽ ഒഴിച്ചു് കൊച്ചിയിൽ സർക്കാർവക പള്ളിക്കൂ പണ്ടകശാലകളിലും ഉപ്പു വില്ക്കുന്ന വില ഇൻഡ്യാമന്നു് ഒന്നുക്കു് ഒരു് ഉറുപ്പിക വീതം അണാവീതം ആക്കിയിരിക്കുന്നു. മേൽപറഞ്ഞ ചിറയ്ങ്കം നെന്മാറയും ഉള്ള പണ്ടകശാലകളിൽ കൊച്ചിയിൽ സർക്കാർവകയും ബ്രിട്ടീഷ്വകയും ആയി ഉള്ള ഉപ്പു വില്ക്കുന്ന വില തുല്യമാക്കുവാൻവേണ്ടി ഇൻഡ്യാമന്നു് ഒന്നുക്കു പത്തണാ ൻ പൈസാവീതം അധികമായി കൂട്ടിയിരിക്കുന്നു.

6. തിരുവിതാകോട്ട അതിർത്തിക്കു് ഉള്ള കായ്ക്കകളും പുകയിലയിന്മേൽ തീരുവ വാങ്ങുവാൻവേണ്ടി പട്ടിക്കാട്ടം ചെറുതുരുത്തിയിലും വെച്ചിട്ടുള്ള ചരക്കുകളും 1865 ജൂൺ മാസം 1-ാംനു-മുതല്ക്കു നിർത്തൽചെയ്യുന്നതും അന്നുമുതൽക്കു ചരക്കുകൾ തീരുവ കൂടാതെ കൊണ്ടുവരുവാനും കൊണ്ടുപോകുവാനും അനുവദിക്കപ്പെടുന്നതും ആകുന്നു.

7. ബ്രിട്ടീഷ് ഇൻഡ്യയിൽ നടപ്പുള്ളപ്രകാരം തീരുവ വസൂലാക്കുവാനുള്ള വീതവും താരിപ്പുവിലയും കൊച്ചിയിൽ സർക്കാരിൽനിന്നും മേൽപറഞ്ഞ ജൂൺമാസം 1-ാംനു-മുതൽക്കു നടപ്പാക്കും.

8. കുരുമുളകു്, ഉപ്പു്, കുറുപ്പു്, നാട്ടുചാരായം ഇവകൾ ഒഴിച്ചു സകല ചരക്കുകളും ബ്രിട്ടീഷ് ഇൻഡ്യാരാജ്യത്തു ചേർന്ന യാതൊരു ബന്തരിൽ വച്ചുകിലും ഇറക്കുകയോ അതല്ലാ യാതൊരു ബന്തരിൽനിന്നെങ്കിലും കയറുകയോ ചെയ്യുന്ന ക്രമംപോലെ തന്നെ കൊച്ചിയിൽസംസ്ഥാനത്തു ചേർന്ന യാതൊരു ബന്തരിൽ ഇറക്കുകയോ യാതൊരു ബന്തരിൽനിന്നും കയറുകയോ ചെയ്യുന്നതാകുന്നു. എന്നാൽ കൊച്ചിയിൽ രാജ്യത്തുചേർന്ന യാതൊരു ബന്തരിലോ സ്ഥലത്തോ ഇറക്കിയതിന്റെശേഷം ബ്രിട്ടീഷ് ഇൻഡ്യാരാജ്യത്തു ചേർന്ന യാതൊരു ബന്തരിലേയ്ക്കോ സ്ഥലത്തേയ്ക്കോ തിരിച്ചു കയറി പോകുന്ന ചരക്കുകൾക്കും ഇതുപോലെ ബ്രിട്ടീഷ് ഇൻഡ്യാരാജ്യത്തെ യാതൊരു ബന്തരിലോ സ്ഥല

ത്തോ ഇറക്കിയതിന്റെശേഷം കൊച്ചിയിൽ രാജ്യത്തെ വക യാതൊരു ബന്ധറിലേയ്ക്കോ സ്ഥലത്തേയ്ക്കോ തിരുമ്പി കയററിപ്പോ കുന്ന ചരക്കുകൾക്കും ഡ്രൂബാക്ക് എന്ന തിരുവയിലെ യാതൊരു അംശവും വിട്ടുകൊടുക്കയും ഇല്ല.

1040 ഇടവം 19."

ജുഡിഷ്യൽ പരിഷ്കാരം.

1036-ൽ ബ്രിട്ടീഷിലെ സിവിളും ക്രിമിനലും ആയ നട വടികൾ ഇവിടെ നടപ്പിലാക്കി. അപ്പീൽക്കോടതി എന്ന പേ രുമാറീട്ട്, പ്രധാന കോടതിക്കു സദിർക്കോടതി എന്ന പേര നല്കുകയും, മുമ്പുണ്ടായിരുന്ന മൂന്നു സെഷ്യൻ കോടതികളും അഞ്ചു ജില്ലാക്കോടതികളും നിത്തീട്ട്, അവയുടെ സ്ഥാനത്തു സിവിളായും ക്രിമനലായും ഉള്ള അധികാരങ്ങളോടുകൂടി നാലു ഡിസ്ട്രിക്ട് കോടതികളും ഏതാനും സ്മാൾകാസ് കോടതികളും സ്ഥാപിക്കയും ഇന്ത്യൻ പീനൽകോഡിലെ ശിക്ഷാവ്യവസ്ഥക ളെ ഈ രാജ്യത്തെ സ്ഥിതിഗതികൾക്കു യോജ്യമായവിധത്തിൽ മാറ്റം വരുത്തി ഇവിടെ നടപ്പാക്കുകയും ചെയ്തു. അടുത്ത കൊല്ലത്തിൽ സദിർകോടതിയെ വീണ്ടും പരിഷ്കരിച്ചു. സദിർ കോടതിയിൽ എല്ലാ ജഡ്ജിമാരും കൂടിയിരുന്നാണ് സകല വിധ ത്തിലുള്ള കേസുകളും തീർപ്പുചെയ്തുവന്നതു്. ആ ഏർപ്പാടു വേ ണ്ടെന്നുവച്ചിട്ട്, രണ്ടു ജഡ്ജിമാർ സിവിൾ കേസുകളും രണ്ടുപേർ ക്രിമനൽ കേസുകളും കേട്ടു തീർപ്പുചെയ്യണമെന്നു വ്യവസ്ഥചെയ്തു. എന്നാൽ ആറുമാസം കൂടുമ്പോൾ അവർ പരസ്പരം മാറി ഈ രണ്ടു വിധ വ്യവഹാരങ്ങളും കേൾക്കണമെന്നുകൂടി തീർപ്പു ചെയ്തി രുന്നു. കോർട്ടിൽ വ്യവഹരിക്കുന്നതിനു യോഗ്യതയുള്ള വക്കീ ലന്മാരെ നിയമിക്കുന്നതിനെ സംബന്ധിച്ചും 1040-ൽ ഒരു നി യമമുണ്ടാക്കി.

ജഡ്ജിമാരുടെ ശമ്പളം കൂട്ടുകയും പലേ സ്ഥലങ്ങളിൽ മജി സ്ട്രേട്ടുകോടതികളും പോലീസ്റാണാകളും സ്ഥാപിക്കയും ചെയ്തു. പോലീസ് സൈന്യത്തെ വർദ്ധിപ്പിച്ചു, മോഷണം, കവർച്ച, കൊല മുതലായ ഘോരാപരാധങ്ങളുടെ സംഖ്യ കുറച്ചു. ഇങ്ങ നെ, കായംകുളം കൊച്ചുണ്ണി തുടങ്ങിയ മഹാപരാധികളുടെ

ഭീകരമായ വാഴ്ച തിരുവിതാംകൂറിൽ അവസാനിച്ചതിനാൽ സകലരുടേയും ജീവിതവും ധനവും സുരക്ഷിതമാവുകയും സക്കാരിന്റെ പേരിൽ ജനങ്ങൾക്കു വിശ്വാസം വർദ്ധിക്കയും ചെയ്തു.

സദർ കോടതിയിലെ ഒന്നാമത്തെ ജഡ്ജിയായി നിയമിക്കപ്പെട്ടതു് ബ്രിട്ടീഷു് ഇൻഡ്യയിലെ ഒരു പ്രിൻസിപ്പൽ അമീൻ ആയിരുന്നു് ജുഡിഷ്യൽഭരണത്തിൽ വിശാലപരിചയം സമ്പാദിച്ച സദാശിവൻപിള്ളയായിരുന്നു. അദ്ദേഹം മാധവരായരുടെ ഒരു സതീർത്ഥ്യനുമായിരുന്നതും്രേ. ഈ സദാശിവൻപിള്ളയുടെ വിധികളെപ്പറ്റി ഇന്നും ജനങ്ങൾ ഭക്തിപൂർവം സംസാരിക്കാറുണ്ടു്.

അഞ്ചൽ വകുപ്പു്.

കാർത്തികതിരുനാൾ രാമവർമ്മമഹാരാജാവു് രാമേശ്വരത്തുനിന്നു തിരിച്ചെഴുന്നള്ളിയതിൽ പിന്നെ അഞ്ചൽ ഏർപ്പാടിനെ നവീകരിക്കയുണ്ടായി. എന്നാൽ അക്കാലത്തെ അഞ്ചൽ വകുപ്പു സക്കാർ കാര്യമായ എഴുത്തുകൾ കൊണ്ടുപോകുന്നതിനും കൊട്ടാരത്തിലെ ഉപയോഗത്തിലേക്കു വേണ്ട കോപ്പുകളും ശ്രീപദ്മനാഭസ്വാമിക്ഷേത്രത്തിലേക്കു് ആവശ്യമുള്ള പുഷ്പങ്ങളും പുറസ്ഥലങ്ങളിൽനിന്നുകൊണ്ടുവരുന്നതിനും മാത്രം ആയിട്ടു ഏർപ്പെടുത്തിയിരുന്നതാണു്. 1024-ൽ, ഉത്രം തിരുനാൾ മഹാരാജാവിന്റെ കാലത്തു, കുടിയാനവന്മാർ സക്കാരിലേക്കു് അയയ്ക്കുന്ന ഹർജികളും സക്കാർ ജീവനക്കാരുടെ എഴുത്തുകളും കൂലി കൂടാതെ അഞ്ചൽ മാർഗ്ഗം കൊണ്ടുപോവാൻ അനുവാദം നല്കുകയുണ്ടായി. മാധവരായരാണു ഈ ഡിപ്പാർട്ടുമെണ്ടിനെ പൊതുജനങ്ങൾക്കു് ഉപകാരപ്രദമാക്കിത്തീർത്തതു്. കുടിയാനവന്മാർ അയയ്ക്കുന്ന കത്തുരുപ്പടികളെ ഭൂരമോ ത്രുക്കമോ നോക്കാതെ ഓരോ ചക്രം നിരക്കിനു് അഞ്ചൽമാർഗ്ഗം കൊണ്ടുപോകുന്നതിനു് ഒരു ചട്ടം ഉണ്ടാക്കി. അഞ്ചൽ വകുപ്പിന്റെ മേലധികാരിയായി ഒരു സൂപ്രണ്ടിനേയും നിയമിച്ചു. അടുത്ത കൊല്ലത്തിൽ പുതിയ കൂലിനിരക്കു് ഏർപ്പെടുത്തപ്പെട്ടു. അഞ്ചലാഫീസു് ഇരിക്കുന്ന സ്ഥലത്തുനിന്നു രണ്ടു മൈൽ അകലെ കൊടുക്കേണ്ടിവരുന്ന എഴുത്തു മുതലായവയ്ക്കു്, ഓരോ ഉരുപ്പടിക്കും,

മൈൽ ഒന്നിനു അരച്ചക്രം വീതം കൂലി ചുമത്തി വന്നു. 1040-ൽ അഞ്ചൽ ഉരുപ്പടികൾ രജിസ്റ്റർ ചെയ്യാൻ ഏർപ്പാടുണ്ടായി. അനന്തരം മൂന്നുകൊല്ലംകൂടി കഴിഞ്ഞപ്പോൾ, തിരുവനന്തപുരം മുതൽ ചെറുവണ്ണൂർവരെ തപാൽ വള്ളവും നടപ്പാക്കപ്പെട്ടു. എന്നാൽ എഴുത്തുകൾ അയച്ചുവന്നതു പനയോലയിൽ ആയിരുന്നു. കടലാസിൽ എഴുത്തയയ്ക്കാമെന്നുള്ള ഏർപ്പാടു വന്നതു 1045-ാമാണ്ടു മുതൽക്കായിരുന്നു.

ഭൂനികുതി.

പ്രജാപീഡാകരങ്ങളായ നിരവധി കരങ്ങൾ സർക്കാരിൽ നിന്നു നിർത്തൽ ചെയ്തു. കരക്കുടിശ്ശിക പിരിക്കുന്ന വിഷയത്തിൽ, അതിനായി നിയുക്തന്മാരായ ചിറുദ്യോഗസ്ഥന്മാർ ജനങ്ങളെ ഒട്ടധികം പീഡിപ്പിച്ചുകൊണ്ടാണിരുന്നതു്. അതുകൊണ്ടു 1030-ാമാണ്ടുവരെയുള്ള കുടിശ്ശികകളും, പുതുതായി വെട്ടിത്തെളിച്ചു കൃഷി തുടങ്ങിയ സ്ഥലങ്ങളിൽ 1035 വരെയുള്ള കുടിശ്ശികകളും, ഗവണ്മെണ്ടിൽനിന്നു നിശ്ചയിക്കുന്നതിനു പുറമേ, കരം പിരിവുകാർ ജനങ്ങളെ പീഡിപ്പിക്കാതിരിക്കുന്നതിനുവേണ്ട ഏർപ്പാടുകളും ദിവാൻജി ചെയ്തു. സർവ്വപ്രധാനമായ പരിഷ്കാരം 1040 ഇടവം 21-ാംനു പ്രസിദ്ധപ്പെടുത്തിയ വിളംബരമാകുന്നു. അതിനെ താഴെ ഉദ്ധരിച്ചുകൊള്ളുന്നു.

*　　*　　*　　*　　*

"എന്തെന്നാൽ നമ്മുടെ രാജ്യത്തു ഭൂമിമുതലായ വസ്തുക്കളുടെ അനുഭവം കുടികർക്കു കഴിയുന്നിടത്തോളം സ്ഥിരമായിരിക്കണം എന്നു നാം വളരെ താൽപ്പര്യപ്പെടുന്നതും അങ്ങനെയുള്ള താൽപ്പര്യം പണ്ടാരപ്പാട്ടഭൂമികൾ സംബന്ധിച്ചു ഫലപ്പെടേണ്ടതിനും ആ വക ഭൂമികളിൽ പ്രിയം വർദ്ധിപ്പാൻ തക്കവിധത്തിൽ അവരുടെ ഇപ്പോഴത്തെക്കാൾ എത്രയും നല്ല സ്ഥിതിയിൽ വരുത്തണം എന്നു നമുക്കു അഭിപ്രായമായിരിക്കുന്നതും ആകകൊണ്ടു് ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്നതെന്തെന്നാൽ,

1-ാമതു അതതിടങ്ങളിലെ ആയക്കെട്ടുപ്രകാരം ഉള്ളതോ പിന്നീടു പതിഞ്ഞതോ ആയുള്ള താഴെപ്പറയുന്ന ഇനത്തിൽ ചേർന്ന എല്ലാ നിലം

പുരയിടങ്ങളെയും സക്കാരിൽനിന്നു ബോധിച്ചുപോലെ പിട്ടു ക്കയും മറുപേരിൽ പതിക്കയും ചെയ്യുന്നതു നിത്തിയിരിക്കുന്നു.

* വെൺപാട്ടം

‡ വെട്ടഴിവു പാട്ടം

മാരായപാട്ടം

മാറാപ്പാട്ടം

ഉഴവുപാട്ടം

ഇനി കണ്ടെഴുത്തുവരെ ഭേദപ്പെടുത്താത്ത സ്ഥിതിയിൽ കരംകൊണ്ടിട്ടുള്ള എല്ലാ ദർഘാസുപാട്ടം.

2-ാമതു മേൽപറഞ്ഞ ഭൂമികളെ അനുഭവിക്കുന്ന ആളുകൾക്കു അവയെ സ്വന്ത ഭൂമിപോലെയും വംശപാരമ്പര്യമായും അനുഭവിച്ചു ബോധിച്ചുതിന്മണ്ണം വില്ക്കയ്കമുതലായതു ചെയ്യുന്നതിനു പൂർണ്ണ അവകാശം ഉള്ളതാകുന്നു.

3-ാമതു് ഈ വക ഭൂമികളെ അർഹംപറഞ്ഞു വില ഒറ്റി മുതലായി എഴുതിക്കൊടുക്കുന്നതു ഇനിമേലാൽ സാധുവായിവരുന്നതാകകൊണ്ടു് അങ്ങനെ എഴുതിക്കൊടുക്കുന്നതു് അച്ചടിയോലയിൽ ആക്കുകയുന്നതും അതനുസരിച്ചു ക്രമപ്രകാരം പോക്കുവരവു മുതലായതു ചെയ്യുകയുന്നതും ആകുന്നു. കരക്കുടിശിക കോർട്ടു തീർപ്പു മുതലായി ന്യായമായിട്ടുള്ള വകയ്ക്കു് ഈ ഭൂമികളെ വില്ക്കുകയും ഈ വസ്തുക്കൾ ജാമ്യത്തിനു് ഉൾപ്പെടുത്തുകയും ചെയ്യാവുന്നതാകുന്നു.

4-ാമതു് മേൽപറഞ്ഞ ഭൂമികളുടെ അനുഭവക്കാർ അവയ്ക്കു വച്ചിട്ടുള്ള കരം കുടിശിക കൂടാതെ കൊടുത്തുവരുമ്പോൾ അനുഭവത്തിനു യാതൊരു വിരോധവും ഉണ്ടാകുന്നതല്ല.

5-ാമതു ഈ ഭൂമികളിന്മേൽ അനുഭവക്കാക്കുള്ള അവകാശം സ്ഥിരമായുള്ള വിധം സിദ്ധിച്ചിരിക്കുന്ന സ്ഥിതിക്കു് അവർ

---

* ഇതു് സക്കാർ പാട്ടമാകുന്നു. മുമ്പിനാലെ പണ്ടാരവകയായി കൊണ്ടിട്ടുള്ള വസ്തുക്കൾക്കു പുറമേ പുതുതായി കൂട്ടുവൽ പതിച്ചുകൊടുക്കുന്നവയെല്ലാം ഈ ഇനത്തിൽ ചേരുന്നു.

‡ ഇതു് സക്കാർവസ്തുക്കൾക്കും ജന്മവസ്തുക്കൾക്കുമുള്ള അനുഭവക്രമമാണു്. ഇതിൽ തരിശുഭൂമിയെ കൃഷിചെയ്യുന്നതിൽ ചെലവാകുന്ന പണത്തിനുള്ള പലിശയ്ക്കു തുല്യമായ തുകയെ കരത്തിൽനിന്നു കുറയ്ക്കുന്നതാകുന്നു.

വേണ്ടപോലെ ആ ഭൂമിയിൽ അധ്വാനം ചെയ്കയും മുതൽ ചെല വിടുകയും ചെയ്യാവുന്നതാകുന്നു.

6-ാമതു് റോഡ്, ആറു്, തോടു്, കൊട്ടാരം മുതലായ പബ്ലിക്കു് വിഷയങ്ങൾക്കു് അവശ്യപ്പെടുന്ന സമയം മാത്രം ജന്മം മുതലായ ഉൽപ്പത്തികളെപ്പോലെ ഈ ഭൂമികളെയും എടുക്കാം. അങ്ങനെ എടുക്കുന്ന വകയ്ക്കു് ഇപ്പോൾ നടന്നുവരുന്നതുപോലെ ദേഹണ്ഡം മാത്രമല്ല, വില്ലും വില ശരിയായിട്ടു കൊടുക്കയും ചെയ്യുന്നതാകുന്നു.

7-ാമതു കരം ഏർപ്പെടുത്തുന്നതിനും അന്യംനിന്ന മുതൽ ചേക്കുന്നതിനും കുറക്കാരന്റെ വസ്തു കണ്ടുകെട്ടി വില്പിക്കുന്നതിനും മറ്റു സക്കാരിലേക്കുള്ള അവകാശം ഇപ്പോൾ നടന്നുവരുന്നതുപോലെ അല്ലാതെ മേൽപറഞ്ഞ നിബന്ധനകളാൽ ബാധകപ്പെടുന്നതല്ല.

8-ാമതു ഒരുത്തനുള്ള വസ്തുക്കളിൽ ഏതാനും ഭാഗം കരം മുടക്കംവരുത്തുന്നതിനുവേണ്ടി കൃത്രിമമായിട്ടു ഗതിയില്ലാത്ത ഒരുത്തനു് എഴുതിക്കൊടുക്കുന്നതായാൽ സക്കാരിലെക്കു നഷ്ടംവരാതെയുള്ള മാർഗ്ഗത്തിൽ കരം ഈടാക്കുന്നതിനു സക്കാരിലേക്കു് അവകാശം ഉള്ളതാകുന്നു.

9-ാമതു ഈ ഉൽപത്തികൾ എഴുതിവാങ്ങിക്കുന്നവരുടെ അവകാശത്തെ ഉറപ്പുവരുത്തുന്നതിനുവേണ്ടിയും ഈ വിളംബരത്തിൽ നിയമിച്ചിട്ടുള്ളതിൻവണ്ണം പബ്ലിക്കു വിഷയങ്ങൾക്കായി എടുക്കുന്ന ഭൂമികൾക്കു വില്പും വിലകൊടുക്കുന്നതിൽ വച്ചു് സക്കാരിലേക്കു് ഉണ്ടാകുന്ന അധിക ചെലവിനെ ഈടാക്കുന്നതിനുവേണ്ടിയും ഉൽപ്പത്തികളെ വാങ്ങിക്കുന്നവർ അതതു സമയം തന്നെ ആധാരത്തുംപടി ഉള്ള അർത്ഥത്തിന്മേൽ നൂറിനു രണ്ടുവീതം ഹജൂർ കച്ചേരിയിൽനിന്നു് ഏല്പിടുത്തുന്ന ചട്ടത്തുംപ്രകാരം ഫീസു് ഒടുക്കേണ്ടതാകുന്നു എന്നു.

1040-ാമാണ്ടു് ഇടവം 21-ാംനു.

1041-ാമാണ്ടു ഇടവം 21-ാംതീയതിയിലെ ഈ വിളംബരം ജനങ്ങൾക്കു് എത്ര വലിയ ഒരു അനുഗ്രഹമായിരുന്നുവെന്നു മാധ്വരായർതന്നെ വെളിപ്പെടുത്തീട്ടുണ്ടു്. സക്കാർപാട്ടം വസ്തുക്കളുടെ

ഉടമസ്ഥാവകാശം സർക്കാരിനായിരുന്നു. അവയെ സാധാരണ ഒഴിപ്പിക്കാറുണ്ടായിരുന്നില്ലെങ്കിലും നിയമപ്രകാരം സർക്കാരിനു കൂടിയാനവനിൽനിന്നു പ്രതിഫലംകൂടാതെ വസ്തു ഒഴിപ്പിച്ചു എടുക്കാമായിരുന്നു. ദേഹണ്ണംപോലും അനുവദിച്ചുകൊടുക്കുമായിരുന്നില്ല. കൈവശത്തെ സർക്കാർ അടരിക്കാറുമില്ലായിരുന്നു. കൂടിയാനവനു വസ്തുവിനെ പണയപ്പെടുത്തുകയോ വില്ക്കുകയോ ചെയ്കകൂടാ. കരക്കുടിശിക വന്നാൽ അവ വസ്തു വിറ്റിച്ചു് എടുക്കുന്നതിനും നിവൃത്തിയില്ല. കൂടിയാനവനു വേറെ വസ്തുവില്ലാതിരുന്നാൽ കരം ഇളവുചെയ്തു കൊടുക്കയേ നിവൃത്തിയുള്ളു. വസ്തു ദേഹണ്ണിക്കുന്ന വിഷയത്തിൽ കൂടിയാനവനു താൽപര്യമുണ്ടാവാനും കാരണമില്ല. ഈ ദോഷത്തെ പരിഹരിക്കാനാണ് പ്രസ്തുത വിളംബരം പ്രസിദ്ധീകരിച്ചതു്.

മാധവരായരുടെ അഞ്ചു കൊല്ലത്തെ ഭരണം.

"തിരുവിതാംകൂറിന്റെ ഇന്നത്തെ നിലയെ അനേകം വർഷങ്ങൾക്കു മുമ്പിലുണ്ടായിരുന്ന സ്ഥിതിയോടു താരതമ്യപ്പെടുത്തിനോക്കുമ്പോൾ ഈ ചുരുങ്ങിയ കാലത്തിനുള്ളിൽ ഉണ്ടായിട്ടുള്ള അഭിവൃദ്ധി ഉത്സാഹജനകമായി തോന്നുന്നു. പൊതുക്കടങ്ങളെല്ലാം വീട്ടിത്തീർന്നിരിക്കുന്നു. ജീവനക്കാർക്കുള്ള ശമ്പളം 1,76,000 രൂപയോളം വർദ്ധിപ്പിച്ചിട്ടുണ്ടു്. സർക്കാർ ഉദ്യോഗസ്ഥന്മാർക്കു പെൻഷൻ കൊടുക്കുന്നതിനുള്ള ഒരു പദ്ധതി നടപ്പിലായിരിക്കുന്നു; പീഡാകരങ്ങളായ മുളകുകുത്തകയും പുകയിലക്കുത്തകയും നിർത്തലാക്കിയിരിക്കുന്നു. അതും കപ്പത്തെ കുറച്ചുകാലത്തേക്കു ഇളവുചെയ്തു തരാമെന്നു ബ്രിട്ടീഷുഗവണ്മെണ്ടു സ്ഥാപൂർവം ചെയ്ത വാഗ്ദാനത്തെ ഉപയോഗപ്പെടുത്താതെയാണു സാധിച്ചതു്; തീരുവകളിൽ പലതും കുറവുചെയ്തിരിക്കുന്നു. അതിദരിദ്രരായ ജനങ്ങൾപോലും ഗവണ്മെണ്ടിന്റെ നിലനില്പിനുവേണ്ടി സർക്കാരിനു കൊടുക്കാൻ ചുമതലപ്പെട്ടിരിക്കുന്ന ഉപ്പുകരം കഴിയുന്നതു കുറച്ചിട്ടു് ജീവധാരണത്തിനു് അവശ്യമുള്ള ഇതരവസ്തുക്കളിന്മേലുള്ള തീരുവയെ നിശ്ശേഷം നിർത്തിയിരിക്കുന്നു. ധനികന്മാരായ പ്രജകൾക്കാകട്ടെ, ജീവിതത്തിലെ സുഖസാമഗ്രികൾക്കു് ഭാരമില്ലാത്ത കരം നിശ്ചയിച്ചിരിക്കുന്നു. തിരുവിതാംകൂറിന്റെ പ്രാക്ക്

തിക കൃത്തകയെന്നു പറയാപുന്ന തടി, ഏലം, കുരുമുളകു് മുതലാ യവയിൽനിന്നാണു് മുതലെടുപ്പിന്റെ അധികഭാഗവും ലഭിക്കു ന്നതു്. അതു് ഈ നാട്ടിലെ പ്രജകളുടെ സമ്പാദ്യത്തെ സാരമായ വിധത്തിൽസ്പർശിക്കുന്നമില്ല. ദുർഭരമായിട്ടുള്ളത്രനികുതികളെല്ലാം നിർത്തലാക്കിയിരിക്കുന്നു. എല്ലാ പാട്ടവസ്തുക്കളും മേലാൽ ജന്മ വസ്തുക്കളുടെ നിലയിൽ ക്രയവിക്രയം ചെയ്യാവുന്നവയും പര മ്പരയായി അനുഭവിക്കപ്പെടാവുന്നവയും ആണെന്നുള്ള വിളംബ രത്താൽ ഭൂമിയുടെ അനുഭവക്രമം പൂർവ്വാധികം സുരക്ഷിതമാക്ക പ്പെട്ടിരിക്കുന്നു. നാട്ടുകാർ ഉൾനാട്ടിലേയും യൂറോപ്യന്മാർ വന ങ്ങളിലേയും തരിശ്ശു വെട്ടിത്തെളിച്ചുപയോഗിക്കുന്നു. ഇങ്ങനെ രണ്ടു കൂട്ടരും വെവ്വേറെ പരസ്പരവിദ്വേഷംകൂടാതെ പ്രവർത്തിച്ചുവ രുന്നു. ജനോപദ്രവകരങ്ങളായ നിരവധി ചുങ്കനികുതികളേയും ഉഴിഞ്ഞങ്ങളേയും നിറുത്തിയിരിക്കുന്നു. കമ്പോളക്രമം കൂട്ടി യും, ജീവനക്കാർക്കു് ഉത്തരോത്തരം ഉയർന്നനിരക്കുള്ള മാർഗ്ഗങ്ങൾ സുകരമാക്കിയും, നിഷ്കൃഷ്ടമായ പരീക്ഷണത്താലും, സർക്കാർ ഉദ്യോഗത്തിന്റെ കാര്യക്ഷമതയും സന്മാർഗ്ഗനിഷ്ഠയും വർദ്ധിപ്പി ച്ചിരിക്കുന്നു. പോലീസുകാർ തങ്ങളുടെ കൃത്യങ്ങളെ അനുപമമായ വിധത്തിൽ ഭംഗിയായി നിർവഹിക്കുന്നു. നീതിനിർവഹണ ത്തിലും പൊതുജനങ്ങൾക്കു വിശ്വാസം വർദ്ധിച്ചിട്ടുണ്ടു്. പൊ തുജനോപയുക്തങ്ങളായ പണികൾ നടത്തുന്നതിലേക്കു് ഒരു പ്രത്യേക ഡിപ്പാർട്ടുമെന്റു് ഉറന്നിരിക്കുന്നു. അതിലേക്കു പ്രതി വർഷം അനേകലക്ഷം രൂപ ചെലവു ചെയ്യപ്പെടുന്നു. വിദ്യാ ഭ്യാസം വഴിക്കുള്ള ഗ്രണങ്ങൾ അതിവേഗത്തിൽ നാട്ടൊട്ടുക്കു വ്യാപിച്ചുകൊണ്ടിരിക്കുന്നു. സഞ്ചാരങ്ങൾക്കും വൈദ്യസഹാ യം സുലഭമാക്കിയിരിക്കുന്നു. കടങ്ങൾ എല്ലാം വീട്ടുകയും സൽ ഭരണത്തിനു് ആവശ്യകമായിരിക്കുന്ന വർദ്ധമാനമായ ചെലവു കൾ നിർവഹിക്കയും ചെയ്തശേഷം ഭാവിയിൽ ഉപയോഗപ്പെടു ത്തത്തക്കവണ്ണം ഒരു നല്ല നീക്കിയിരിപ്പു വയ്ക്കുന്നതിനു സാധി ച്ചിരിക്കുന്നു"

ദിവാൻജി 1040-ാമാണ്ടു് അവസാനത്തിൽ എഴുതിയ ഈ മെമറിപ്പോർട്ടിനെപ്പറ്റി മദ്രാസ്. ശവണ്മെണ്ടും ഇന്ത്യാസിക്രട്ടറിയും വളരെ അഭിനന്ദിക്കയുണ്ടായി.

"തിരുവിതാംകൂറിന്റെ ധനസ്ഥിതി ഉത്തരോത്തരം സംതൃപ്തിജനകമായിക്കൊണ്ടിരിക്കുന്നതു് രാജാതിരുമനസ്സിലേക്കും അവിടത്തെ ഭരണകുശലനായ ദിവാൻ മാധവരായക്കും അഭിമാനകരമാകുന്നു.....ഭരണത്തിന്റെ സ്ഥിതി ധനസ്ഥിതിയേക്കാൾ അതൃപ്തികരമല്ല." എന്നു മദ്രാസ് ഗവണ്മെണ്ടും,

"നീതിഭരണത്തെ സുദൃഢമായ നിലയിൽ പ്രതിഷ്ഠിക്കുന്നതിനും സക്കാർ ജീവനത്തിന്റെ നിലയും വിലയും പൊതുവേ ശോഭനതരമാക്കിത്തീർക്കുന്നതിനും ചെയ്തിട്ടുള്ള ഉദ്യമങ്ങൾ മഹാറാണിയുടെ ഗവണ്മെൻറിന്റെ സവിശേഷമായ ശ്രദ്ധയ്ക്കു പാത്രമായിരിക്കുന്നു .....
.....തന്റെ പ്രജകളുടെ സ്ഥിതിഗതികളെ പരിഷ്കരിക്കുന്നതിനും അവരുടെ ഇടയിൽ വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനും നിരർത്ഥകങ്ങളായ സാമുദായിക വ്യത്യാസങ്ങളെ നശിപ്പിക്കുന്നതിനും തിരുമനസ്സുകൊണ്ടു ചെയ്തതായ പ്രയത്നങ്ങളെ മഹാറാണി തിരുമനസ്സിലെ ഗവണ്മെണ്ടു ഹൃദയപൂർവം അഭിനന്ദിക്കുന്നു." എന്നും ഇത്യാദിപ്രകാരവും അഭിനന്ദനപത്രങ്ങൾ അയച്ചു.

മാധവരായരുടെ മറു പരിഷ്കരണോദ്യമങ്ങൾ.

1037-ലെ ഒന്നാം റഗുലേഷനെ ഭേദഗതി ചെയ്തിട്ട്, ജില്ലാക്കോടതികളിൽ ക്രിമിനലോ സിവിലോആയ കേസുകളെ വിചാരിപ്പാൻ ജഡ്ജിമാരും കൂടിയിരുന്നു കേൾക്കേണ്ട അവശ്യമില്ലെന്നും ഒരു ജഡ്ജി കേട്ടു തീർപ്പുചെയ്താൽ മതിയെന്നും ഏർപ്പാടുചെയ്തു. എന്നാൽ പ്രാധാന്യമേറിയ ചില കേസ്സുകളെ സംബന്ധിച്ചുമാത്രം ഒന്നിലധികംജഡ്ജിമാർ കൂടിയിരുന്നു കേൾക്കുന്നതിനു് വ്യവസ്ഥചെയ്തു. മുൻസിപ്പന്മാരുടെ അധികാരം വർദ്ധിപ്പിച്ചു; മറ്റു കോടതികളുടേ അധികാരങ്ങളെ ക്രമപ്പെടുത്തി.

അക്കൊല്ലത്തിൽതന്നെ, ക്രിമിനൽ കേസുകളിൽ മാപ്പുസാക്ഷികളെ വിസ്തരിക്കുന്നതിനു വ്യവസ്ഥ അടങ്ങിയ മറെറാരു നിയമവും നടപ്പാക്കി.

ഈ അവസരത്തിൽ തിരുവിതാംകൂറിലെ നിയമനിർമ്മാണത്തിന്റെ ഗതിയെപ്പറ്റി രണ്ടുവാക്കു പറയേണ്ടിയിരിക്കുന്നു. പുരാതനകാലം മുതൽക്കേ സകല നിയമങ്ങളുടേയും ഉൽപത്തിസ്ഥാനം രാജാവായിരുന്നു. എട്ടാംശതകത്തിൽ മനുസ്മൃതി തുടങ്ങിയ ചില ഗ്രന്ഥങ്ങളെ അടിസ്ഥാനപ്പെടുത്തി വ്യവഹാരമാലിക എന്നൊരു നീതിഗ്രന്ഥം ഒരു നമ്പൂരിയോ മറ്റോ രചിക്കയുണ്ടായി. കേരളത്തിലെ ആചാരങ്ങൾക്കും മാമൂലകർക്കും യോജിച്ചുവിധത്തിൽ ആയിരുന്നു പ്രസ്തുത ഗ്രന്ഥം രചിക്കപ്പെട്ടിരുന്നത്. അതിനും പുറമേ രാജാക്കന്മാർ അപ്പോഴപ്പോൾ പ്രസിദ്ധീകരിച്ചുവന്ന ചട്ടവരിയോലകളും തിരുവെഴുത്തു വിളംബരങ്ങളും ഉണ്ടായിരുന്നു.

നവീനസംപ്രദായത്തിൽ ഉള്ള നിയമനിർമ്മാണം ഇടംപ്രഥമമായി തുടങ്ങിയതു മാധവരായർ ദിവാൻജി ആയിരുന്നു. ദിവാൻജിയോ സദിർക്കോടതിയോ നിയമങ്ങളുടെ നക്കൽ എഴുതിയുണ്ടാക്കി പ്രസിദ്ധീകരിച്ചുശേഷം ജനങ്ങളുടെ അഭിപ്രായം ക്ഷണിക്കയും ഒടുവിൽ രാജകീയാനുമതിവാങ്ങി നടപ്പാക്കുകയും അന്ന് മാധവരായരുടെ കാലം മുതൽക്കു 1063-ാമാണ്ടുവരെ നടന്നുവന്നതു്.

രജിസ്ട്രേഷൻ.

കരണങ്ങളുടെ രജിസ്ട്രേഷൻസംബന്ധിച്ചു 1048-ൽ ഒരു പുതിയ പദ്ധതി സൃഷ്ടിച്ചു. അതിനു മുമ്പായി ആധാരം എഴുത്തിനു് അച്ചുടിയോലകളുണ്ടായിരുന്നു. ആ ഓലകളെ വില്ക്കുന്നതിനും ആധാരം എഴുതുന്നതിനും ഓരോ പ്രവൃത്തിയിലും സർക്കാരിൽനിന്നു് ഉദ്യോഗസ്ഥന്മാരെ വച്ചിരുന്നു. ന്യായമല്ലാത്ത എടപാടുകൾക്കു ആധാരമാലവിലയ്ക്കാൻ പാടില്ലായിരുന്നു; എന്നാൽ ഉദ്യോഗസ്ഥന്മാർ പലവിധത്തിൽ ജനങ്ങളെ പീഡിപ്പിച്ചുവന്നു. 1043-ൽ 31 പുതിയ രജിസ്റ്റർ കച്ചേരികൾ സ്ഥാപിക്കപ്പെട്ടു. അവയുടെ പര്യവേക്ഷണത്തിനായി ഹജൂരിലും ഒരു രജിസ്റ്റർകച്ചേരി സ്ഥാപിച്ചു.

സദിർകോടതിപരിഷ്കാരം.

സദിർകോടതിയിൽ നാലുജഡ്ജിമാരാണു് ഉണ്ടായിരുന്നതു്. ഫുൾബെഞ്ചു കൂടേണ്ട അവസരം വരുമ്പോൾ, രണ്ടുപേർ യോഗിച്ചു

ക്കയും മറു രണ്ടുപേർ വിയോജിക്കയും ചെയ്താൽ, ഒരു തീർപ്പു യും ഉണ്ടാവാൻ തരമില്ലല്ലോ. ഈ ദോഷത്തെ പരിഹരിക്കാനായി 1047-ലെ ഒന്നാംറഗ്ലേഷൻ നടപ്പാക്കി. ഇങ്ങനെയുള്ള അവസരങ്ങളിൽ സീനിയർ ജഡ്ജിയുടെ അഭിപ്രായം അനുസരിച്ചു വിധി പ്രസ്താവിക്കാം എന്നും അതിനാൽ വ്യവസ്ഥചെയ്തു. ഫുൾബെഞ്ചല്ലാത്തിടത്തു് ഇങ്ങനെ അഭിപ്രായവ്യത്യാസംവന്നാൽ, അതേ കോടതിയിലെ വേറൊരു ജഡ്ജിക്കുടികേസ്സുകേട്ടു ഭൂരിഭാഗും അനുസരിച്ചു് തീർപ്പുചെയ്യുന്നതിനും ഈ റഗ്ലേഷനിൽ ഒരു വകുപ്പുണ്ടാക്കി.

വിദ്യാഭ്യാസപരിഷ്കാരം.

തിരുവിതാംകൂറിൽ ഇംഗ്ലീഷു വിദ്യാശാല ആദ്യമായി നടപ്പാക്കിയതു് പ്രഷ്യാ ദേശീയനായ റവ: വില്യം ടോബിയാസ് റിംഗിൾ ടൌബ് എന്ന പാതിരിയായിരുന്നു. 993-ൽ അദ്ദേഹം നാഗരുകോവിലിൽ ഒരു പാഠശാല സ്ഥാപിച്ചു് അതിൽ ഇംഗ്ലീഷു്, സംസ്കൃതം, മലയാളം ഇവ പഠിപ്പിച്ചുവന്നു. പ്രസ്തുത സ്കൂളാണു് ഇപ്പോൾ ഒരു സെക്കൻഡ് ഗ്രേഡ് കാളേജായിരിക്കുന്നതു്. തിരുവിതാംകൂർ ദിവാൻജിമാരായിരുന്ന നാണുപിള്ളയും, ടി. രാമരായരും ഈ മിഷ്യൻ പള്ളിക്കൂടത്തിൽ പഠിച്ചുവരത്രേ. പ്രസ്തുത സ്കൂളിന്റെ നടത്തിപ്പിനുവേണ്ടി അന്നു നാടുവാണിരുന്ന റാണി ലക്ഷ്മീഭായി തിരുമനസ്സുകൊണ്ടു വളരെ ധനസഹായം ചെയ്തയുണ്ടായെന്നും മുമ്പു് പ്രസ്താവിച്ചിട്ടുണ്ടല്ലോ.

സർക്കാർ വകയായി ആദ്യമായി ഉണ്ടായ ഇംഗ്ലീഷ് സ്കൂൾ തിരുവനന്തപുരത്തെ ഫ്രീ സ്കൂളാകുന്നു. അതിലെ ആദ്യത്തെ പ്രധാനാദ്ധ്യാപകൻ മി: റാബട്ട് സായിരുന്നു. ഈ ഫ്രീസ്കൂളിനെ തുടർന്നു കായംകുളം, കോട്ടാർ, ചിറയിൻകീഴ് മുതലായ സ്ഥലങ്ങളിൽ സ്കൂളുകൾ സ്ഥാപിക്കപ്പെട്ടു. 1039-ൽ ഉപരിവിദ്യാഭ്യാസാർത്ഥം ചില വിദ്യാർത്ഥിവേതനങ്ങൾ ഏർപ്പെടുത്തി. 1042-ൽ മാധവരായർ താലൂക്കുതോറും മലയാം പള്ളിക്കൂടങ്ങൾ സ്ഥാപിച്ചു. ഇംഗ്ലീഷു പള്ളിക്കൂടങ്ങളുടെ സംഖ്യ വർദ്ധിപ്പിക്കയും ബാലികാവിദ്യാലയങ്ങൾ പുതിയതായി തുറക്കയും അദ്ധ്യാപക പരിശീലനത്തിനായി ഒരു നാർമ്മൽസ്കൂൾ ഉണ്ടാക്കു-

യും ചെയ്യുന്നതിനു പുറമേ ഒരു പാഠപുസ്തകകമ്മിറ്റിയും നിശ്ചിച്ചു. വിദ്യാഭ്യാസവകുപ്പു പരിഷ്കരിക്കുന്ന രീതിയിൽ ശുപാർശചെയ്യുന്നതും അദ്ദേഹമായിരുന്നു. ഒരു ഡയറക്ടറും മലയാളം ഇംഗ്ലീഷ് സ്കൂളുകളുടെ പരിശോധനയ്ക്കു് ഓരോ ഇൻസ്പെക്ടർമാരും നിയമിക്കപ്പെട്ടു. ആദ്യത്തെ വിദ്യാഭ്യാസഡയറക്ടർ, പിന്നീടു് ദിവാൻജിയായി തീർന്ന ശങ്കരസുബ്ബയ്യരായിരുന്നു.

ഉപരിവിദ്യാഭ്യാസാർത്ഥം സർവ്വസാമഗ്രികളോടുകൂടിയ ഒരു കോളേജും അദ്ദേഹം തിരുവനന്തപുരത്തു സ്ഥാപിക്കയുണ്ടായി.

വൈദ്യസഹായം.

ഉത്രം തിരുനാൾ മഹാരാജാവിന്റെ ഭരണാരംഭത്തിൽ തിരുവിതാംകോട്ടു് ദേശാടനത്തിനു വന്ന ധർമ്മാശുപത്രിയുടെ ഉദ്യോഗസ്ഥന്മാർ ഒരു റസിഡൻസിയിൽ അതിഥികൾ കഴിഞ്ഞിരുന്നപ്പോൾ വന്നു ചേർന്ന രോഗികൾക്കു് ഡിസ്പെൻസർ അതാതുദിവസത്തിലെ രോഗങ്ങളെ മാത്രമേ ചികിത്സിച്ചുകൊടുത്തിരുന്നുള്ളു. പിന്നീടു് കാലക്രമേണ ഈ ധർമ്മാശുപത്രിയുടെ മേൽനോട്ടം ഡർബാർഫിസിഷനു വിട്ടുകൊടുത്തു. ഉത്രംതിരുനാൾ [illegible] നാഗരുകോവിലും ഓരോ ധർമ്മാശുപത്രിവീതം സ്ഥാപിച്ചു.

മാധവരായരുടെ കാലത്തു് ആശുപത്രികളുടെ സംഖ്യ വർദ്ധിപ്പിച്ചു. 1041 മലയാണ്ടത്തിൽ തിരുവനന്തപുരത്തു് ഒരു ജനറൽ ആശുപത്രിയും സ്ഥാപിച്ചു. അതിന്റെ ഉൽഘാടനാവസരത്തിൽ, ആയില്യംതിരുനാൾ മഹാരാജാവു് ഇങ്ങനെ അരുളിച്ചെയ്തു.

"അതിപ്രാചീനകാലം മുതല്ക്കേ, വങ്കിരാജാക്കന്മാർ ധർമ്മത്തെ കുലദൈവതമായി ഗണിച്ചു് പ്രവർത്തിച്ചു വന്നതിനാൽ ഈ സംസ്ഥാനത്തിനു ധർമ്മരാജ്യം എന്ന പേർ ഭാരതഖണ്ഡമൊട്ടുക്കു വ്യാപിച്ചിരിക്കുന്നു. രോഗശമനത്തിനും ശാരീരികവേദനയുടെ ലഘൂകരണത്തിനും വേണ്ട മാർഗ്ഗങ്ങൾ ഉണ്ടാക്കികൊടുക്കുന്നതിനേക്കാൾ പ്രയോജനകരവും സാരവത്തുമായ ധർമ്മകർമ്മം എന്തുള്ളു! ഈ ആതുരശാല ആരുടെ ക്ഷേമത്തെ പുരസ്കരിച്ചു സ്ഥാപിക്കപ്പെട്ടിരിക്കുന്നോ, അവർ നിർബ്ബാധം ഇതിൽ പ്രവേശിക്കുമെന്നും ഈ സ്ഥാപനം ആതുരശുശ്രൂഷയെന്ന പ്രധാ

നോദ്ദേശത്തെ വേണ്ടപോലെ നിവ്വഹിച്ചു് ലോകപ്രിശ്രുതമായി തീരുമെന്നും ഞാൻ വിശ്വസിക്കുന്നു. എന്റെ നാനാജാതി മതസ്ഥരായ പ്രജകൾക്കു് എല്ലാം ഔഷ്യസഹായസുലഭമായി തീൎന്നു കാണാൻ ഞാൻ അഭികാംക്ഷിക്കുന്നു."

തിരുവനന്തപുരത്തു ഇരുകൂടാതെ ജയിൽ ആശുപത്രി, പട്ടാളം ആശുപത്രി എന്നിങ്ങനെ രണ്ടു് ആതുരശാലകൾകൂടി ഉണ്ടായിരുന്നതു് ഉൾപ്പെടെ, ആയില്യംതിരുനാൾ മഹാരാ[illegible]ന്റെ കാലത്തു് ആറു ആശുപത്രികളുണ്ടായിരുന്നു. അവ[illegible]യുടെ സംഖ്യ 24-ആയി വൎദ്ധിച്ചു.

പൊതുമരാമത്തു്.

അനുദിനമെന്നോണം നവനവങ്ങളായ നിൎമ്മിതികളെ കെട്ടിവാൎത്തു ചമയ്ക്കുന്നതിൽ ശ്രദ്ധിക്കാതെ പൊതുജനങ്ങൾക്കു് ഉപകാരപ്രദമായ വിധങ്ങളിൽ മരാമത്തുകാൎയ്യം നടത്തുന്നതിനു് പ്രത്യേകം ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ കാലത്തു പുതുതായുണ്ടാക്കിയതും, തിരുവനന്തപുരത്തെ ബിഷപ്പ് ഹൗസ്, [illegible], പട്ടം പാതികൾ, ശ്രീവരാഹം, [illegible] തിരുവനന്തപുരത്തെ കുതിരപ്പന്തിക്കെട്ടിടം, നിരവധി രാജപാതകൾ ഇവയെയൊക്കെ നിൎദ്ദേശിക്കുന്നുണ്ടായിരുന്നു.

രാമയ്യൻ ദളവായുടെ കാലംമുതൽക്കാണു് രാജപാതകൾ നിൎമ്മിച്ചുതുടങ്ങിയതു്. എന്നാൽ അക്കാലത്തു കച്ചവടസാമാനങ്ങൾ വണ്ടിവഴി കൊണ്ടുപോകുന്ന പതിവില്ലായിരുന്നതുകൊണ്ടു് റോഡുകളെല്ലാം കേവലം നടക്കാപുകൾ ആയിരുന്നു. പ്രസിദ്ധ രാമരാജാവാണു് കന്യാകുമാരിമുതല്ക്കു കൊട്ടാരക്കരവരെ, ഇടയ്ക്കിടയ്ക്കു തണ്ണീർ പന്തലുകളോടും വഴിസമ്പ്രദായങ്ങളോടും കൂടിയ വലിയ റോഡു വെട്ടിച്ചതു്. ആയില്യംതിരുനാൾ രാജ്യഭാരം തുടങ്ങിയകാലത്തു പണകുടിമുതൽ ആരുവാമൊഴിവഴി തിരുവനന്തപുരത്തേക്കും അവിടെനിന്നു കൊല്ലത്തേക്കും 102 മൈൽ നീളത്തിൽ ഒരു പാതയും, കൊല്ലത്തുനിന്നു് കൊട്ടാരക്കരയും ആയ്മനകാവും വഴി ചെങ്കോട്ടയ്ക്കു പോകുന്നതായി 61½ മൈയിൽ നീളത്തിൽ വേറൊരുപാതയും കൊല്ലത്തുനിന്നു് ആലപ്പുഴയും ചേൎത്തലയും കടന്നു് കൊച്ചീക്കു പോകുന്നതായി 92 മൈൽ നീള

ത്തിൽ മൂന്നാമതൊരു പാതയും, മാത്രമേ ഉണ്ടായിരുന്നുള്ളു. കൊല്ലത്തുനിന്നു റാന്നിയും കാഞ്ഞിരപ്പള്ളിയും. കടന്നു് ഈരാറ്റുപേട്ടയ്ക്കു 69 മൈൽ നീളത്തിലും" പന്തളത്തുനിന്നു പത്തനാപുരത്തേക്കു 16 മൈൽ നീളത്തിലും, കുണ്ടുപുരത്തുനിന്നു മാവേലിക്കരയും തിരുവല്ലയും കടന്നു് ചങ്ങനാശേരിക്കു 25 മൈൽ നീളത്തിലും, കാത്തികപ്പള്ളിയിൽനിന്നു് മാവേലിക്കരയും, പന്തളം, കൊ[redacted]ർ; ഈ സ്ഥലങ്ങളിൽ കൂടി അച്ചൻകോവിലിലേക്കു 55 [redacted]നീളത്തിലും, ചങ്ങനാശേരിയിൽനിന്നു കാഞ്ഞിരപ്പള്ളിവഴി പെരുവന്താനത്തേക്കു 35 മൈൽ നീളത്തിലും, ഓരോ രാജപാതകൾ കൂടി ക്രമേണ ഉണ്ടായി. എന്നാൽ ഈ പാതകളിൽകൂടിയുള്ള സഞ്ചാരം പൂർകർമനിമിത്തം സുഗമമായിരുന്നില്ല.

1035-ാമണ്ടു് പരിഷ്കൃതരീതിയിൽ ഒരു് എഞ്ജിനീയർ ഡിപ്പാർട്ടുമെൻറു സംഘടിതമായെങ്കിലും, 1038-ൽ മിസ്റ്റർ ബ്രാട്ടൻ ചീഫ് എഞ്ജിനീയർ ആയി നിയമിക്കപ്പെടുംവരെ വിശേഷാൽ പണികളൊന്നും സമാരംഭിക്കയുണ്ടായില്ല. അക്കാലം മുതൽ ഒരു പത്തുകൊല്ലത്തിനുള്ളിൽ പല റോഡുകർം വണ്ടികർം കടപോകത്തക്കവണ്ണം ഭംഗിയായി നിർമ്മിക്കപ്പെട്ടു. കോട്ടയം മുതൽ പീരുമേട്ടുവരെയുള്ള റോഡിൻറേയും അശമ്പുറോഡിൻറേയും കുളച്ചൽമുതൽ നാഗർകോവിൽവരെയുള്ള റോഡിൻറേയും ചങ്ങനാശേരി റോഡിൻറേയും, പണി 1030-ൽ ആരംഭിച്ചു. 1048-നു മുമ്പിൽ അവയെല്ലാം പണിതീർന്നു. ഏകദേശം മൂന്നുലക്ഷത്തിൽപരം രൂപാ ഈ പാതകർക്കു മാത്രം ചെലവായി. 1044-ൽ തിരുവനന്തപുരത്തുനിന്നു നെടുമങ്ങാടുവഴി തെന്മലയ്ക്കും, ഇരണിയലിൽനിന്നു ചേരമകോട്ടയിലേക്കും ഉള്ള രാജപാതകളുടെ പണി തുടങ്ങി. അവയ്ക്കും 2½ ലക്ഷത്തിൽപരം രൂപ ചെലവിടേണ്ടിവന്നു. 1046-ൽ കൊല്ലം ചെങ്കോട്ട റോഡിൻറേയും, കായംകുളം പുനലൂർ റോഡിൻറേയും, കോട്ടയം ചങ്ങനാശേരിറോഡിൻറേയും, മറ്റുചില ഫില്ലറോഡുകളുടേയും പണി ആരംഭിച്ചു. അവയ്ക്കു് അരുലക്ഷത്തിൽ പരം രൂപ ചെലവുവന്നു. മൊത്തത്തിൽ റോഡുകൾക്കുമാത്രം പത്തു കൊല്ലങ്ങർക്കിടയിൽ

പതിനഞ്ചു ലക്ഷം രൂപയും പുനമൂർ പാലത്തിനു രണ്ടുലക്ഷം രൂപയും സർക്കാരിൽനിന്നു ചെലവു ചെയ്യ കാണുന്നു.

ദത്തുസനന്തു്.

നാട്ടുരാജ്യങ്ങളിൽ സന്തതി ക്ഷയം ഉണ്ടായാൽ നാട്ടാചാര പ്രകാരം മറു കുടുംബങ്ങളിൽനിന്നും ദത്തെടുത്തുകൊള്ളുന്നതി നുള്ള ഒരു സനന്തു് മഹാരാജ്ഞി മറു നാട്ടുരാജാക്കന്മാർക്കു പോലെ ഇവിടെയും അയച്ചിരുന്നു. ഈ അനുമതി ഇതിനുമുമ്പത്തെ 1037 മേടത്തിൽ അന്നത്തെ മദ്രാസു് ഗവണ്ണരായ സർ വില്യം ഡെനിസൺ മഹാരാജാവിനു് അയച്ചുകൊടുത്തു.

ഗവണ്ണരുടെ സന്ദർശനം.

1038 തുലാത്തിൽ മദ്രാസ് ഗവണ്ണർ തിരുവിതാംകൂർ സന്ദർശിച്ചു. ആഡംബരപൂർവം അദ്ദേഹം സ്വീകരിക്കപ്പെട്ടു. ഈ സന്ദർശനം രണ്ടു കോയ്മകളും തമ്മിലുള്ള മൈത്രീബന്ധത്തെ ഉറപ്പിക്കുന്നതിനു പ്രയോജനമായി.

അതേവർഷത്തിൽതന്നെ മഹാരാജാവു് തിരുമനസ്സുകൊണ്ടു് മദ്രാസിൽ എഴുന്നള്ളി ഗവണ്ണർക്കു പ്രതി സന്ദർശനം നല്കി. നമ്മുടെ രാജാക്കന്മാരിൽവച്ചു് ആദ്യമായി ഇങ്ങനെ പ്രതിസന്ദർശനം നടത്തിയ തമ്പുരാൻ ആയില്യംതിരുനാളായിരുന്നു.

മഹാരാജസ്ഥാനം.

ഇതിനു മുമ്പു് ബ്രിട്ടീഷ് ഗവർമ്മെൻറിൽനിന്നുള്ള എഴുത്തുകുത്തുകളിലെല്ലാം നമ്മുടെ തമ്പുരാക്കന്മാരെ കേവലം രാജാവു് എന്നുമാത്രമേ വിളിച്ചു വന്നിരുന്നുള്ളു. 'മഹാരാജാ' എന്ന സ്ഥാനം 1041-ാമാണ്ടാണു് ബ്രിട്ടീഷ് ഗവണ്മെൻറു് നല്കിയതു്. 1866 നവംബർ ഒൻപതാംതീയതി അതു പ്രമാണിച്ചുള്ള വൈസറായിയുടെ ഖരീത്താ സ്വീകരിപ്പാനായി ഒരു കൂടിക്കാഴ്ച നടത്തി. തത്സംബന്ധമായ ഒരു പരസ്യം ഇന്ത്യാഗസറ്റിലും ഉണ്ടായിരുന്നു.

"ഇപ്പോഴത്തെ രാജാവിന്റെ സൽഭരണത്തെ അഭിനന്ദിച്ചുമേലാൽ ബ്രിട്ടീഷ് ഗവണ്മെണ്ടിൽനിന്നുള്ള എല്ലാ എഴുത്തുകുത്തുകളിലും മഹാരാജാ എന്ന സ്ഥാനം ഉപയോഗിച്ചു തിരുമനസ്സിലെ അഭിസംബോധനം ചെയ്യുന്നതിനു ബഹുമാനപ്പെട്ട

വൈസറായി അവർകൾ ആജ്ഞാപിച്ചിരിക്കുന്നു.” ഈ സ്ഥാനം പിന്നീട് പരമ്പരാഗതമായിത്തീർന്നു.

അതെ കൊല്ലത്തിൽത്തന്നെ അവിടുത്തേക്ക് നൈറ്റ് ഗ്രാൻഡ് കമ്മാൻഡർ ആഫ് ദി സ്റ്റാർ ആഫ് ഇൻഡ്യാ എന്ന സ്ഥാനം മഹാറാണി കല്പിച്ചു നല്കുകയും അതു നല്കിയിരിക്കുന്നുവിവരം കാണിച്ച് ഒരു ശാസനത്തോടുകൂടി വൈസറായി അയച്ചു. ഖരീത മാഹാരാജാവിനെ ഏല്പിക്കാനായി കണ്ണൻ സ്റ്റുവാർടിനെ മദ്രാസ് ഗവർണ്ണർ തിരുവനന്തപുരത്തേക്കു അയയ്ക്കുയും ചെയ്തു. പ്രസ്തുത സ്ഥാനസ്വീകരണാർത്ഥം ജൂൺ പതിനഞ്ചാം തീയതി ഒരു കൂടിക്കാഴ്ചനടന്നു. 1042 മകരത്തിൽ ആ സ്ഥാനത്തിനുള്ള രാജചിഹ്നങ്ങളെ യഥാവിധി ധരിക്കുന്നതിനു വേണ്ടി മഹാരാജാവു് മദ്രാസിലേക്ക് എഴുന്നള്ളി.

മാധവരായർക്ക് കേ. സി. എസ്. ഐ. എന്ന സ്ഥാനവും നല്കപ്പെട്ടു.

കൊച്ചിരാജാവിന്റെ സന്ദർശനം.

1042 തുലാത്തിൽ കൊച്ചീരാജാവു് തിരുവനന്തപുരത്തു എഴുന്നള്ളി. അദ്ദേഹത്തിനെ രാജോചിതമായ വിധത്തിൽ മഹാരാജാവു തിരുമനസ്സുകൊണ്ടു സ്വീകരിക്കയുണ്ടായി.

ശ്രീരംഗപട്ടണം മെഡൽ.

1974-ാമാണ്ടു് ശ്രീരംഗപട്ടണം ഇംഗ്ലീഷുകാർ പിടിച്ചടക്കിയ അവസരത്തിൽ തമ്പുരാക്കന്മാർ തിരുമനസ്സുകൊണ്ടു ചെയ്തുകൊടുത്ത സഹായസഹകരണങ്ങളെ അഭിനന്ദിച്ചു മഹാരാജാവിനു നല്കാനായി കോർട്ടു് ഓഫ് ഡയറക്ടേർസ് 983-ാമാണ്ടു് അയച്ചുകൊടുത്ത സ്വർണ്ണമുദ്ര എന്തോ കാരണവശാൽ മദ്രാസിൽ കിടന്നുപോയത്രേ. ആ മുദ്ര 1043 ധനുമാസം 17-ാംനു ആയില്യംതിരുനാൾ തമ്പുരാനു മദ്രാസ് ഗവണ്മെണ്ടു് അയച്ചു കൊടുത്തു.

മദ്രാസ് ഗവർണ്ണരുടെ വരവു്.

1043 കുംഭത്തിൽ നേപ്പിയർ പ്രഭു തിരുവനന്തപുരം സന്ദർശിച്ചു. തദവസരത്തിൽ അദ്ദേഹം ഇങ്ങനെ പ്രസ്താവിക്കയുണ്ടായി:—

"രാഷ്ട്രീയസംഭവങ്ങൾമൂലമായും പ്രകൃതികോപം വഴിക്കും മറുപല രാജ്യങ്ങളിലും നേരിടാറുള്ള പരിവർത്തനങ്ങളിൽനിന്നും കഷ്ടതകളിൽനിന്നും സുരക്ഷിതമായ ഒരു രാജ്യത്തിന്റെ അധിപതിയായിരിക്കുന്ന ഈ മഹാരാജാവു് ഇന്ത്യൻ രാജാക്കന്മാരിൽവച്ചു് ഏറ്റവും അനുഗ്രഹീതനാകുന്നു. അദ്ദേഹം തന്റെ പൂർവികന്മാരിൽനിന്നു് സമാധാനവും സമ്പത്തും, പ്രജകളുടെ വാത്സല്യവും, പ്രബലയും ഗുണവതിയും ആയ നമ്മുടെ ചക്രവർത്തിനി തിരുമനസ്സിലെ മൈത്രിയും, അവകാശമായ്ക്കു സമ്പാദിച്ചിരിക്കുന്നു.

* * * * * * * * *
* * * * * * * * *

ആധുനികരീതികൾ അവലംബിച്ചു ഉത്തരോത്തരം നാഗരികതയെ പ്രാപിച്ചുവരുന്ന രാജാക്കന്മാരുടെ ചരിത്രത്തിൽ സാധാരണമായി കാണാത്ത ഒരു വിശിഷ്ടലക്ഷണം ഞാൻ ഈ മഹാരാജാവിൽ കാണുന്നു. ആത്യന്തികപ്രസ്ഥാനങ്ങളെ ഉപേക്ഷിച്ചിട്ടു് അവിടുന്നു വിവേകപൂർവ്വവും നയവിശിഷ്ടവും ആയ ഒരു മാധ്യമികമാർഗ്ഗത്തെ അവലംബിച്ചിരിക്കുന്നു. പ്രകൃത്യാ യാഥാസ്ഥിതികനും, ബുദ്ധിസമ്പത്തുകൊണ്ടു് ഉൽപതിഷ്ണുവും ആയ അവിടുന്നു് നാട്ടിനുവെളിക്കു്, പുരോഗമനപ്രവണമായ ആധുനികകാലത്തിന്റെ സവിവേകമായ പ്രത്യാശകളെ പൂരിപ്പിക്കുന്നതിനോടുകൂടി നാട്ടിനുള്ളിൽ സകല പ്രജകളുടെയും വിശ്വാസത്തെ സമാർജ്ജിക്കയും ചെയ്യുന്നു."

പള്ളിപ്പുറം.

പള്ളിപ്പുറം (മുനമ്പം) കാർത്തികതിരുനാൾ തമ്പുരാന്റെ കാലത്താണു് തിരുവിതാംകൂർ ഡച്ചുകാരിൽനിന്നു വാങ്ങിയതു്. കൊടുങ്ങല്ലൂർ കോട്ടയും അയ്ക്കോട്ടയും ഈ സ്ഥലത്തു സ്ഥിതിചെയ്യുന്നു. ഏറിയകാലമായി ഈ പ്രദേശത്തെ ചില പ്രധാനജന്മികൾക്കായി പാട്ടത്തിനു് ഏല്പിച്ചിരുന്നു. അതിന്റെ ഭരണം 1045-ലാണു് സർക്കാർ ഏറ്റെടുത്തതു്.

മഹാരാജാവിന്റെ മൂന്നാമത്തെ മദ്രാസ് സന്ദർശനം.

1045 മീനത്തിൽ വിക്ടോറിയാ മഹാരാജ്ഞിയുടെ തൃതീയപുത്രനായ ഡ്യൂക് ഓഫ് എഡിൻബറോ മദ്രാസിൽ എത്തി.

തദവസരത്തിൽ ഗവർണ്ണർ മഹാരാജാവിനേക്കുടി ക്ഷണിക്കയാൽ അവിടുന്നു മദ്രാസിൽ എഴുന്നള്ളി. ഗവണ്മെൻറു മന്ദിരത്തിൽ വച്ചു പ്രഭു മഹാരാജാവിനെ സ്നേഹപൂർവ്വം സ്വീകരിക്കയും താമസിയാതെ തിരുവനന്തപുരത്തുവന്നു് അവിടുത്തെ പ്രതിസന്ദർശിക്കയും ചെയ്തു.

സർ ടി. മാധവരായരുടെ രാജി.

ദിവാൻ സർ ടി. മാധവരായർ * 1047 എടവം 30-ാം തീയതി ഉദ്യോഗത്തിൽനിന്നു പിരിഞ്ഞു. അയില്യംതിരുനാൾ

---

* അദ്ദേഹത്തിൻറെ കുടുംബം വളരെ പ്രശസ്തമായിരുന്നു. പിതാവായ രംഗരായരും പിതൃസഹോദരനായവെങ്കിട്ടരായരുംതിരുവിതാംകൂർ ദിവാൻജിമാരായിരുന്നിട്ടുണ്ടു്. അദ്ദേഹം 1003-ൽ കുംഭകോണത്തുവച്ചു് ജനിച്ചു. മദ്രാസ് പ്രസിഡൻസി കാളേജിൻറെ അദ്ധ്യക്ഷനായിരുന്ന പൌവ്വൽസായ്പിൻറെ വിജ്ഞാനമാകുന്ന അരുവിയിൽനിന്നു ജ്ഞാനപാനം ചെയ്തിട്ടുള്ള പ്രസിദ്ധ പുരുഷന്മാരിൽ കരാളായിരുന്നു അദ്ദേഹം. കണക്കിലും പ്രകൃതിശാസ്ത്രത്തിലും അദ്ദേഹം വളരെ വാസന പ്രദർശിപ്പിച്ചു. പൌവ്വൽസായ്പിൻറെ വെണ്മാടത്തിൻമുകളിൽ വച്ചാണ് അദ്ദേഹം ജ്യോതിഷം അഭ്യസിച്ചതു്. അക്കാലത്തു മുളങ്കുഴലുകളും കണ്ണാടിക്കഷണങ്ങളും ഉപയോഗിച്ചു ഭൂതക്കണ്ണാടികളും ദൂരദർശിനികളും ഉണ്ടാക്കി അദ്ദേഹം സായ്പിനെ സന്തോഷിപ്പിക്കാറുണ്ടായിരുന്നു. 1921-ൽ പ്രസ്തുത സ്ക്കൂളിൽനിന്നു അഭിജ്ഞാനപത്രം സമ്പാദിച്ചശേഷം പഠിത്തം നിറുത്തി. കുറേക്കാലം സായ്പിൻറെ നിർബന്ധത്താൽ ആ സ്ക്കൂളിൽതന്നെ അധ്യാപകനായിരുന്നു. പിന്നീടു് മദ്രാസ് അക്കൌണ്ടൻറു ജനറലിൻറെ ആഫീസിൽ ഒരു ഉദ്യോഗം വഹിച്ചുകൊണ്ടിരിക്കവേയാണു് തിരുവിതാംകൂർ രാജകുമാരന്മാരെ പഠിപ്പിക്കുന്നതിനായി നിയമിക്കപ്പെട്ടതു്. അദ്ദേഹത്തിൻറെ ശിഷ്യന്മാരായ ആയില്യം, വിശാഖം എന്നീ രാജകുമാരന്മാരും വിദ്വാന്മാരായിത്തീർന്നു.

തിരുവിതാംകൂറിൽ നിന്നു പിരിഞ്ഞശേഷം 1048-ൽ അദ്ദേഹം ഇൻഡ്യൻരാജാവായ തുക്കോജിറാവു ഹോൾക്കരുടെ രാജ്യകാര്യോപദേഷ്ടാവായി നിയമിക്കപ്പെട്ടു. അവിടെ രണ്ടുകൊല്ലങ്ങൾക്കിടയിൽ സ്വപിതൃസഹോദരി പുത്രനായ ദിവാൻബഹാദൂർ രഘുനാഥരായരാൽ പിന്നീടു് പുതിയാക്കപ്പെട്ട ഇൻഡ്യൻപീനൽകോഡ് രചിച്ചു. ആ രാജ്യത്തു തീവണ്ടി നടപ്പുക്കുന്നതിനു ഒരു പദ്ധതി നിർമ്മിച്ചതും അദ്ദേഹമായിരുന്നു. 1874-ൽ ബറോഡായിലെ ഗയിക്കവാഡായ മുരഹരരായർ രാജസ്ഥാനത്തുനിന്നു നിക്കപ്പെടുകയാൽ 1050-ൽ അദ്ദേഹം ദിവാനും പ്രതിപുരുഷനും ആയി നിയമിക്കപ്പെട്ടു. അവിടെ നടന്നുവന്ന അഴിമതികൾ ഇല്ലായ്മചെയ്തു രാജ്യത്തെ മാതൃകാരാജ്യമെന്ന നിലയിൽ എത്തിച്ചു.

അക്കാലത്തിൽ അന്നു് അദ്ദേഹത്തിനു് ബോംബേ സർവ്വകലാശാലയിലെ ഓണമാജികൻ എന്ന സ്ഥാനം ലഭിച്ചതു്. 1052-ൽ രാജാസ്ഥാനം ലഭിച്ചു. 1057-ൽ ബറോഡായിൽനിന്നുപിരിഞ്ഞു. 1066ൽ മരിച്ചു.

തമ്പുരാനുമായി എന്തോ കാരണവശാൽ ഉണ്ടായ രസക്ഷയം ആയിരുന്നു അതിനു കാരണം. വിശാഖംതിരുനാൾ മഹാരാജാവു് അദ്ദേഹത്തിനെപ്പറ്റി ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. "പെരിക്ലീസ് ആതൻസിനുവേണ്ടിയും, ക്രോംവെൽ ഇംഗ്ലണ്ടിനു വേണ്ടിയും ചെയ്തത് മാധവരായർ തിരുവിതാംകൂറിനുവേണ്ടി ചെയ്തിട്ടുണ്ടു്." മാധവരായർ ജോലിയിൽനിന്നു 1000 രൂപ പെൻഷൻപറ്റി പിരിഞ്ഞ അവസരത്തിൽ പാർലമെൻറു് മെമ്പറായിരുന്ന സർ ഹെൻറിഫാസ്സ്റ്റ് അദ്ദേഹത്തിനു ശരിയായ ഉദ്യോഗം ബ്രിട്ടീഷ് ഗവണ്മെൻറിൽനിന്നു കൊടുക്കേണ്ടതാണെന്നു വാദിക്കയും ഉണ്ടായി. പ്രസംഗമധ്യേ അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചു.

"സർ മാധവരായർ ഇൻഡ്യയുടെ 'ടല്ലോ' എന്നു വിളിക്കപ്പെടാൻ അർഹിക്കത്തക്കവണ്ണം അത്ര സാമർത്ഥ്യത്തോടും നീതിനിഷ്ഠയോടുംകൂടി തിരുവിതാംകൂർ രാജ്യകാര്യങ്ങൾ നിർവഹിച്ചു. 1849-ൽ അദ്ദേഹം തിരുവിതാംകൂറിൽ ചെന്നപ്പോൾ ആ രാജ്യം ഏറ്റവും നികൃഷ്ടാവസ്ഥയിൽ ഇരിക്കുന്നതായി കണ്ടു. അദ്ദേഹം അവിടം വിടുമ്പോൾ അതു് ഒരു മാതൃകാരാജ്യമായിത്തീർന്നിരുന്നു. നമ്മുടെ മുതലെടുപ്പു് ഇപ്പോൾ ഉള്ളതിലധികം വർദ്ധിപ്പാൻ പ്രയത്നിക്കയും അഫീൻനികുതി വസൂലാകാത്തപക്ഷം അത്യാവശ്യമുള്ള പണത്തിനു് എവിടെപ്പോകേണ്ടു എന്നു കുഴങ്ങുകയുംചെയ്യുന്ന ഈ അവസരത്തിൽ ഇദ്ദേഹത്തിനെപ്പോലുള്ള ഒരാൾക്കു് ശരിയായ ഉദ്യോഗം കൊടുപ്പാൻ നമുക്കു സാധിക്കാത്തതു്." വിശാഖംതിരുനാൾ മഹാരാജാവു് ഈ മഹാപുരുഷനെപ്പറ്റി കൽക്കത്താ റിവ്യൂ എന്ന മാസികയിൽ ഇപ്രകാരം എഴുതി:—

"മാധവരായർ ഇപ്പോഴും പ്രൌഢപ്രായത്തിൽ തന്നെ ഇരിക്കുന്നു. ഇനിയും അദ്ദേഹത്തിനു 45 വയസ്സു തികഞ്ഞിട്ടില്ല. ശരീരത്തിനു് ഇപ്പോഴും നല്ല ദാർഢ്യവും ശ്രമക്ഷമതയും ഉണ്ടു്. രാജ്യഭരണം ജന്മാന്തരവാസന എന്നപോലെ അദ്ദേഹത്തിനു സ്വാഭാവികമായിരിക്കുന്നു. ഇനി ഒരു പതിനഞ്ചുകൊല്ലംകൂടി ജോലിനോക്കുന്നതിനു് അദ്ദേഹത്തിനു ശക്തിയുണ്ടു്."

മാധവരായർ തന്റെ അവസാനത്തെ തിരുവിതാംകൂർ ഭരണറിപ്പോർട്ടിൽ ഇപ്രകാരം എഴുതിയിരുന്നു.

"ഇക്കഴിഞ്ഞ അഞ്ചുകൊല്ലങ്ങൾക്കുള്ളിൽ ഞാൻ സാധിച്ചിട്ടുള്ള കാര്യങ്ങൾ അതിദുഷ്കരങ്ങൾ ആയിരുന്നുഎന്നുള്ള സംഗതി മറച്ചുവയ്ക്കുവാൻ ആഗ്രഹിക്കുന്നത് അനുചിതമായ വിനയപ്രകടനേച്ഛയായിരിക്കും. * * * * *
* * * * * * *

ഞാൻ ഉദ്യോഗമേറ്റപ്പോൾ മറു നാട്ടുരാജ്യങ്ങളിലുള്ളവയെ ഒക്കെക്കാളും സംഖ്യയിലും വിഷമതയിലും ആധിക്യമുള്ള അനവധി കാര്യങ്ങളെപ്പറ്റി അന്വേഷണം നടത്തുന്നതിനും തീർച്ചപ്പെടുത്തുന്നതിനും ഉള്ള ഭാരമാണു് നമ്മുടെ പൂർവികന്മാരായ ഉദ്യോഗസ്ഥന്മാരിൽനിന്നു് അവകാശമായ്ക്കു് എനിക്കു ലഭിച്ചതു്. അതിപ്രധാനങ്ങളായ പരിഷ്കാരങ്ങളെ ഗാഢമായി ചിന്തിച്ചു് കാരോന്നായി നടപ്പിൽവരുത്തേണ്ടിയിരുന്നു. കാടുപിടിച്ചു കിടന്നിരുന്ന അനേകം ധനാഗമമാർഗ്ഗങ്ങളെ നമ്മുടെ നിയന്ത്രണത്തിനു് അധീനമാക്കേണ്ടതായി വന്നു. അയൽരാജ്യങ്ങളുമായി പലേ സംഗതികളിൽ നമുക്കുണ്ടായിരുന്ന കാര്യബന്ധങ്ങളെ ശരിപ്പെടുത്താനുണ്ടായിരുന്നു. കാലാതിപാതത്താലും ഉപേക്ഷയാലും ഈ വിഷയത്തിൽ ഗുരുതരങ്ങളായ അനേകം നീതിവിലംഘനകർമം സംഭവിച്ചുപോയിരുന്നതിനാൽ, അവയെ പരിഹരിക്കുന്ന കാര്യം പ്രത്യേക വിഷമതകളോടുകൂടിയതായിരുന്നു. അവയെ അത്യുന്നതാധികാരസ്ഥന്മാരുടെ അറിവിൽപ്പെടുത്തേണ്ടതായിട്ടും, വിവരിച്ചു പറഞ്ഞും വാദിച്ചും ചിലപ്പോൾ അഭ്യർത്ഥിച്ചും അവക്കു് അനുകൂല്യപ്പെടുത്തിക്കൊടുക്കേണ്ടതായിട്ടും ഇരുന്നു. ഈ മാതിരി ബുദ്ധിമുട്ടുകൾക്കു് ഇപ്പോൾ പ്രത്യക്ഷമായ കുറവുള്ളതുകൊണ്ടു് ഇനി രാജ്യാഭിവൃദ്ധിക്കുവേണ്ടിയുള്ള കാര്യങ്ങൾക്കായി നമ്മുടെ സമയത്തേയും ശക്തിയേയും പൂർണ്ണമായി വിനിയോഗിക്കാൻ ഇടയാകുമെന്നു ഞാൻ പ്രത്യാശിക്കുന്നു."

മാധവരായർ തിരുവിതാംകൂറിൽ സാധിച്ചിട്ടുള്ള മഹാകാര്യങ്ങളെ സംബന്ധിച്ചു മിസ്റ്റർ ഗ്രിഫിത്തു് ഇപ്രകാരം പ്രസ്താവിച്ചുകാണുന്നു.

"ഖജനാ കഴിഞ്ഞിരുന്നുവെന്നു മാത്രമല്ല രാജ്യം ജനനത്തിൽ മുഴുകിയുമിരുന്നു. ശമ്പളക്കുടിശികനിമിത്തം സർക്കാർ ഉദ്യോഗസ്ഥന്മാർ പരസ്യമായി ലഹളകൂട്ടിക്കൊണ്ടിരുന്നു. ബ്രിട്ടീഷു്

ഗവണ്മെൻറിലേക്കുള്ള കപ്പം കൊടുത്തുതീർക്കാനും മഹാരാജാവിനു സാധിച്ചില്ല. നാശഗർത്തത്തിൽ പതിച്ചു കിടക്കുന്ന രാജ്യത്തിൻറെ സാചിവ്യം വഹിക്കുന്നതിനിടയാവുന്നതിനെക്കാൾ അനസൂയാജനകമായ അവസ്ഥ സങ്കല്പിക്കാൻ പ്രയാസമാണ്. എന്നാൽ താൻ ഒരു രാജ്യമീമാംസാപടുവും കായ്യഘടനാകുശലനും ആണെന്നു അചിരേണ അദ്ദേഹം പ്രത്യക്ഷപ്പെടുത്തി. അതിവേഗത്തിൽ കൃത്തകകളെയും രാജ്യത്തിൻറെ വാണിജ്യപുരോഗതിക്കു ബാധകമായിരുന്ന ഉപദ്രവകരങ്ങളായ ചില്ലറ നികുതികളെയും നിർത്തി; യൂറോപ്യൻ തോട്ടക്കാർ അവിടെച്ചെന്നു് ഭൂമി വിലയ്ക്കുവാങ്ങി കാപ്പിയും തേയിലയും കൃഷിചെയ്യാൻ പ്രേരിതരാകത്തക്കവണ്ണം അദ്ദേഹം വ്യവസായത്തെയും പ്രോത്സാഹിപ്പിച്ചു; പബ്ലിക്ക് കെട്ടിടങ്ങൾ പല ദിക്കുകളിൽ പണിയിച്ചു. നിരത്തുകൾ സർവത്ര വ്യാപിച്ചു; പാലങ്ങളും തോടുകളും നിർമ്മിക്കപ്പെട്ടു; സക്കാർ ഖജനാവു നിറഞ്ഞു; സാധുക്കളുടെ സങ്കടങ്ങൾക്കു പരിഹാരമുണ്ടായി."

ബറോഡായിൽ അദ്ദേഹം ചെയ്തിട്ടുള്ള കാര്യങ്ങളെപ്പറ്റി "വില്യം റിഹെഡ്വേസൽ" എന്ന ഗ്രന്ഥകാരൻ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

"അദ്ദേഹം ബറോഡയിലും നികുതി വസൂൽക്രമത്തെയും, പോലീസ് വകുപ്പിനേയും, നീതിഭരണത്തെയും അപ്പാടമസ്സകം നവീകരിച്ചു. സക്കാരുദ്യോഗങ്ങൾക്കായി സമർത്ഥന്മാരായ ആളുകളെ സമ്പാദിക്കയും നാട്ടുരാജ്യങ്ങളിൽ സർവതോമുഖമായി പ്രചരിച്ചിരുന്ന പരദ്രവ്യാപഹരണം, കൈക്കൂലി മുതലായ ദുഷ്കൃത്യങ്ങളിൽ ദുർമ്മോഹം ജനിക്കാതിരിക്കത്തക്കവണ്ണം അവരുടെ ശമ്പളം വർദ്ധിപ്പിക്കയും ചെയ്തിരിക്കുന്നു. സ്വൈരത്തോടും നിഷ്കൃഷ്ടയോടുംകൂടി ന്യായം നടത്തിയും, ചട്ടവും മുറയും സർവത്ര സ്ഥാപിച്ചും അദ്ദേഹം ഭരിച്ചു വരുന്നു എന്നു വിശ്വാസയോഗ്യമായ സാക്ഷ്യത്തോടുകൂടി പറഞ്ഞുകേൾക്കുന്നുണ്ടു്. ഗ്രാമത്തിലെ കാവൽക്കാരൻ യഥാപൂർവം തൻറെ കൃത്യം ചെയ്തുകൊണ്ടിരിക്കുന്നു; എന്നാൽ ഇപ്പോൾ അയാൾക്കു നല്ലമാസപ്പടികിട്ടുന്നുണ്ടെന്നു മാത്രമല്ല, തൻറെ പ്രവൃത്തികൾക്കു താൻതന്നെ ഉത്തരവാദം ചെയ്യേണ്ടതാണെന്നുള്ള ബോധവും ജനിച്ചിരിക്കുന്നു. ഇങ്ങനെ അടിമുതൽ മുടിവരെ രാജ്യഭരണസംബന്ധ

മായ സകല ഡിപ്പാർട്ട്മെൻറുകളിലും മാധവരായർ പ്രവർത്തിച്ചിരിക്കുന്നു. മാസപ്പടി കുറഞ്ഞുപോയെന്നോ, യഥാകാലം കിട്ടുന്നില്ലെന്നോ ഉള്ള പരാതി ഉണ്ടാവാത്ത വിധത്തിൽ അദ്ദേഹം സകല തുറകളേയും പരിഷ്കരിച്ചിരിക്കുന്നു. എന്നിട്ടും രാജ്യത്തിലെ മുതലെടുപ്പു ഉത്തരോത്തരം വർദ്ധിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു. പൂർവാചാരങ്ങളേയും മാമൂലുകളേയുംപാടെ ധ്വംസിച്ചോ നവീന സമ്പ്രദായങ്ങളെ ബലംപ്രയോഗിച്ചു ജനങ്ങൾക്കു ദുസ്സഹമായി തോന്നത്തക്ക വിധത്തിൽ അവരെകൊണ്ടു് സ്വീകരിപ്പിച്ചോ അല്ല മാധവരായർ കാര്യങ്ങൾ വഹിച്ചുപോരുന്നതു്. റൊലിറാണ്ഡിനെപ്പറ്റി പറയുമ്പോൾ, "അയാൾ പൂണ്ണയ്യനെപ്പോലിരിക്കുന്നു; അത്ര മിടുക്കനല്ലെന്നേ ഉള്ളൂ" എന്നു് പ്രസിദ്ധനായ ഒരു ഇംഗ്ലീഷുകാരനാൽ സ്ഥാപിക്കപ്പെട്ട മൈസൂരിലെ പൂണ്ണയ്യയോളം ബുദ്ധിസാമർത്ഥ്യമുള്ള ഒരു മഹാപുരുഷനാണു് നാം കാണുന്ന മാധവരായർ. എന്നാൽ സ്വഭാവഗുണത്തിലും ആജ്ഞാബലത്തിലും, വെല്ലസ്ലിയാൽ ദുഷ്കാന്തീകരിക്കപ്പെട്ട ആ ബ്രാഹ്മണ മന്ത്രിയെ സർ മാധവരായർ സർവ്വഥാ അതിശയിക്കുന്നു"—

ഫ്രഡറിക്കു് വില്യം മൂന്നാമൻ പ്രഷ്യയ്ക്കുവേണ്ടി ചെയ്തതു് ദിവാൻ മാധവരായർ തിരുവിതാംകൂറിനും ബറോഡയ്ക്കും വേണ്ടി ചെയ്തതായി 1888 മാർച്ചു് എട്ടാംതീയതിയിലെ ലണ്ടൻ ടൈംസ് പത്രത്തിലെ ഒരു ലേഖനത്തിൽ സൂചിപ്പിച്ചിരുന്നു.

ഇങ്ങനെ ലോകത്തിലെ ഏതു രാജ്യതന്ത്രജ്ഞനോടും കിടപിടിക്കത്തക്ക ഒരു മഹാപുരുഷനായിരുന്നു നമ്മുടെ സർ ടി. മാധവരായർ. എന്നാൽ വളരെ ബാല്യത്തിലേതന്നെ വലിയ ഉദ്യോഗലാഭം സിദ്ധിച്ചതുകൊണ്ടു് ഒരു പ്രത്യേകപ്രോത്സാഹനമോ ഭരിജനങ്ങളുമായി സംസർഗ്ഗം ചെയ്യുന്നതിൽ യാതൊരുവിധത്തിലുള്ള മടിയോ അദ്ദേഹത്തിനുണ്ടായിരുന്നില്ല. സകലർക്കും പ്രീതിജനകവും ഹൃദയാകർഷകവും ആയ വിധത്തിലുള്ള വിനയത്തോടുകൂടിയതായിരുന്നു അദ്ദേഹത്തിന്റെ പെരുമാറ്റം. തന്റെ കീഴിലുള്ളവരോടു് വലിയ അവജ്ഞാ കാണിച്ചു ഞെളിയുകയോ മേലുള്ളവരോടു് അഭിമാനംവിട്ടു കീഴിയുകയോ അദ്ദേഹം ചെയ്തിട്ടേ ഇല്ല."

മാധവരായക്ക് എന്തെങ്കിലും ഒരു ദൃഷ്ട്യുണ്ടായിരുന്നെങ്കിൽ അതു അമിതമായ സ്വജനപക്ഷപാതമായിരുന്നു. അതുവഴിക്കു 'തിരുവിതാംകൂർ തിരുവിതാംകൂർക്കാക്കു' എന്ന മുദ്രാവാക്യത്തോടുകൂടിയ ഒരു വലിയ പ്രക്ഷോഭണത്തിനു് അദ്ദേഹം ബീജാവാപം ചെയ്തു.

പക്ഷപാതരോഗം പിടിപെട്ടു് 1891-ൽ മൈലാപ്പൂരിലുള്ള മാധവഭാഗ് എന്ന മന്ദിരത്തിൽവച്ചു് തന്റെ അതിഭാസുരമായ ലൌകിക ജീവിതത്തിൽനിന്നു വിരമിക്കുംവരേ, ഫെർബ്ബട്ട് സ്പെൻസറുടെ കൃതികൾ വായിച്ചും വിവിധ വിഷയങ്ങളെ പരാമർശിച്ചു ലേഖനങ്ങളും ചെറുപുസ്തകങ്ങളും രചിച്ചും അദ്ദേഹം കാലം നയിച്ചുവന്നു.

മതവിഷയകവും സാമുദായികവും ആയ കാര്യങ്ങളിലെന്നപോലെ, രാജ്യകാര്യങ്ങളിലും അദ്ദേഹം മക്കടമുഷ്ടിയായ യാഥാസ്ഥിതികനോ അമിതവാദിയായ ഉൽപതിഷ്ണുവോ ആയിരുന്നില്ല. ദൃഢമായ ആത്മവിശ്വാസമുണ്ടായിരുന്നിട്ടും, തന്റെ വിശ്വാസത്തിനും സ്നേഹത്തിനും പാത്രമായ യോഗ്യന്മാരോടു് ആലോചിച്ചേ അദ്ദേഹം ഗൌരവമുള്ള കാര്യങ്ങൾ ചെയ്യാറുണ്ടായിരുന്നുള്ളു; എന്നാൽ തുടങ്ങിയ കാര്യം അവസാനിപ്പിക്കാതെ പിടാവുമുണ്ടായിരുന്നില്ല. ഫലിതം പറയുന്നതിൽ അതിവിരുതനായിരുന്നതിനാൽ, അദ്ദേഹത്തിനോടു ഒരിക്കൽ സംഭാഷണത്തിൽ ഏർപ്പെട്ടുപോയാൽ അതിൽനിന്നു വിരമിക്കാൻ ആർക്കും മനസ്സുണ്ടാകുമായിരുന്നില്ലത്രേ *.

ശേഷയ്യാശാസ്ത്രി.

1047-ൽ, മഹാരാജാവു തിരുമനസ്സുകൊണ്ടു് മദ്രാസിലെ റവന്യൂ ബോർഡിൽ ഹെഡ് ശിരസ്തദാരുദ്യോഗത്തിൽ ഇരുന്ന ഏ. ശേഷയ്യാ ശാസ്ത്രിയെ ദിവാൻജിയായി നിയമിച്ചു. അദ്ദേഹം സർ ടി. മാധവരായരുടെ സഹപാഠിയായിരുന്നു. അദ്ദേഹം തിരുവനന്തപുരത്തു വന്നുചേർന്ന ഉടനേ ഉണ്ടായ ഒരു സംഭവം അദ്ദേഹത്തിന്റെ സ്വഭാവഗ്രഹണത്തെ വിശദീകരിക്കുന്നു. മഹാ

---

* അദ്ദേഹം ഒരു കവിയും സുന്ദര കലോപാസകനും ആയിരുന്നു. മഹാരാഷ്ട്രഭാഷയിൽ അദ്ദേഹം പലേ സ്തോത്രങ്ങൾ രചിച്ചിട്ടുണ്ടത്രേ.

രാജാവിന്റെ സേവകനായിട്ട് ഒരു ബ്രാഹ്മണനുണ്ടായിരുന്നു. അവസ്ഥയും അധികാരവും ഉള്ള ഏതെങ്കിലും ഉദ്യോഗം കരസ്ഥമാക്കണമെന്നു അയ്യാൾ മോഹിച്ചു. അയ്യാൾക്കു ഒരു നല്ല ഉദ്യോഗം കൊടുപ്പാൻ, തമ്പുരാൻ തന്നെ മാധവരായരോടു് ഒരിക്കൽ കല്പിക്കയുണ്ടായി. പക്ഷെ മാധവരായർ അതിനെ ഗണിച്ചതേയില്ല. തമ്പുരാൻ അങ്ങനെ മാധവരായരോടു മുഷിഞ്ഞു. അചിരേണ അദ്ദേഹം ജോലി രാജിവയ്പ്പിയും ചെയ്തല്ലോ. അങ്ങനെ ഇരിക്കെ ഒരു മുൻസിപ്പു മരിച്ചു; കണ്ണുകാണാൻ പാടില്ലായിരുന്നുവെങ്കിലും ധാരാളം നിയമ പരിജ്ഞാനവും സത്യനിഷ്ഠയും ആ മുൻസിപ്പിനു് ഉണ്ടായിരുന്നുവത്രേ. ആ ഒഴിവിൽ തമ്പുരാൻ നമ്മുടെ രാജസേവകനെ നിയമിക്കാൻ ഒരു നീട്ടു് എഴുതി ശേഷയ്യാശാസ്ത്രിക്കു് അയച്ചുകൊടുത്തു. തത്സമയം അദ്ദേഹം അലപ്പുഴെ ആയിരുന്നു; ബ്രാഹ്മണന്റെ പൂർവ്വാശ്രമ കഥകളെല്ലാം അനേഷിച്ചറിഞ്ഞിട്ടു്, മി. ശാസ്ത്രി അതിനെ സദിർക്കോടതിയിലേക്കു് അയയ്ക്കാതെ പെട്ടിയിൽ വച്ചു പൂട്ടി. തിരുവനന്തപുരത്തു് എത്തിയ ഉടനെ അദ്ദേഹം ബ്രാഹ്മണനെ വരുത്തി ഇങ്ങനെ ചോദിച്ചു:—

"മലയാളത്തിലാണല്ലോ വിധിയെഴുതേണ്ടതു്. മലയാളം എഴുതാനും വായിക്കാനുമെങ്കിലും അങ്ങേക്കു് അറിയാമോ?

ബ്രാഹ്മണൻ—"ഇല്ല. ഇരുപതുകൊല്ലമായിട്ടു് രണ്ടുകണ്ണും കാണാത്ത മുൻസിഫ് എങ്ങനെ ജോലിനോക്കി? എനിക്കു കണ്ണിനു കാഴ്ചയെങ്കിലും ഉണ്ടല്ലോ. ജഡ്ജിതന്നെ വിധിന്യായങ്ങളെല്ലാം എഴുതിത്തുടങ്ങിയാൽ രായസംപിള്ളയ്ക്കു പിന്നെ എന്താണു് ജോലിയുണ്ടാവുക. പഠിപ്പും വായനയും ഉള്ളവർക്കു പണികിട്ടാൻ പ്രയാസവേണ്ടല്ലോ, എന്നെപ്പോലുള്ള നിസ്സഹായന്മാക്കല്ലേ അതു് അവശ്യം.ഇരുനാളായി കാത്തുകെട്ടിക്കിടന്നു സേവിച്ചിട്ടും ഇങ്ങനെ ഒന്നു ചെയ്യാൻ പ്രാപ്തിയില്ലെങ്കിൽ മഹാരാജാവിന്റെ ശക്തിക്കും പദവിക്കും എന്തു വിലയാണുള്ളതു്?

ഈ ബ്രാഹ്മണനു പഠിപ്പില്ലെങ്കിലും മിടുക്കു കൂടുമെന്നു ശാസ്ത്രിക്കു മനസ്സിലായി. പിന്നിട്ടു് അദ്ദേഹം മുഖംകാണിച്ചു അവസരത്തിൽ മഹാരാജാവു് കല്പിച്ചു ചോദിച്ചു:—

"എന്താ ശാസ്ത്രി! ആ തീട്ടരം സദിർകോടതിക്ക് ഇതേ വരെ അയയ്ക്കാതിരുന്നതു്? ഇത്ര നിസ്സാരമായ സംഗതിയിലും ഇങ്ങനെയൊരു താമസമോ?"

"ഒരുത്തു് കീറിക്കളയണമെന്നാണ് എന്റെ പ്രാർത്ഥന."

"എന്റെ തീട്ടരം ഞാൻതന്നെ കീറിക്കളയുകയോ? എന്റെ വാക്കിനു പിന്നെ എന്താണു വില? പൌവ്വലിന്റെ ശിഷ്യന്മാരെല്ലാം എങ്ങനെയാണു് ഇങ്ങനെ ഒരേതരത്തിൽ വന്നതു്?"

"ആ ബ്രാഹ്മണന്റെ സമ്മതവും ജനങ്ങളുടെ അഭിപ്രായവും നോക്കിയതിൽ അയാൾക്കു" ആ സ്ഥാനത്തിനു യോഗ്യതയില്ലെന്നു കാണുന്നു. ആ സ്ഥിതിക്കു് അയാളെ ഈ ഉദ്യോഗത്തിനു നിയമിച്ചാൽ ഭരണം മലിനീഭവിക്കാതിരിക്കയില്ല. അയാൾക്കു യോജിച്ച ഒരു ജോലി ഞാൻ കൊടുത്തുകൊള്ളാം."

"അതെങ്ങനെ?"

"പദ്മനാഭസ്വാമിക്ഷേത്രത്തിലെ അഗ്രശാലയിൽ തക്കതായ ഒരു മേലന്വേഷണക്കാരൻ ആവശ്യമുണ്ടു്. അയാൾക്കു് ആ പണി നല്ലപോലെ യോജിക്കും."

അതുകേട്ടപ്പോൾ മഹാരാജാവു സന്തുഷ്ടനായി. ഈ സംഭവത്തിൽനിന്നു് എത്ര ദുർഘടമായ ഒരു ഉദ്യോഗമാണു് താൻ വഹിക്കേണ്ടതെന്നു ശേഷയ്യാശാസ്ത്രിക്കു മനസ്സിലായി. പക്ഷേ അസാമാന്യമായ നയവും ബുദ്ധിഹ്രണവും ഉണ്ടായിരുന്നതുകൊണ്ടു് അദ്ദേഹം അഞ്ചുകൊല്ലത്തെ ഭരണം തൃപ്തികരമായ വിധത്തിൽ നിർവ്വഹിച്ചു.

പരിഷ്കാരങ്ങൾ.

1047-ലെ ചെലവു വരവിൽ കവിഞ്ഞിരുന്നതിനാൽ സർക്കാരിന്റെ ലക്ഷ്യം ആയവ്യയ സാമ്യം ആയിരിക്കണമെന്നും വരവിനെ കവിഞ്ഞു ചെലവു വരുന്നതു് ശരിയല്ലെന്നും അല്പം മിച്ചം കാണിക്കേണ്ടതാണെന്നും മദ്രാസ് ഗവണ്മെന്റു് ചൂണ്ടിക്കാണിച്ചു. അതുകൊണ്ടു് ആ വിഷയത്തിലാണു് ശേഷയ്യാശാസ്ത്രിയുടെ ശ്രദ്ധ ആദ്യമായി പതിഞ്ഞതു്. തൽഫലമായി 1048-ലെ ഭരണറിപ്പോർട്ടിനെപ്പറ്റി മദ്രാസ് ഗവണ്മെന്റു് ഇങ്ങനെ പ്രസ്താവിക്കയുണ്ടായി.

"1873 ആഗസ്റ്റ് 14-ാംനു അവസാനിക്കുന്ന 1048-ാമാണ്ടത്തെ ഭരണറിപ്പോർട്ടിൽനിന്നും, തന്നാണ്ടത്തെ ആയവ്യയപത്രിക അധികച്ചെലവുവരുന്ന ഒന്നായിരുന്നിട്ടും ഈ ഗവണ്മെൻറിന്റെ ഉപദേശാനുസൃതം മിതവ്യയപൂർവ്വമായ ധനവിനിയോഗംവഴിക്ക 22,400 രൂപയോളം സർക്കാർ മിച്ചംവച്ചതായിക്കാണുന്നതിൽ വളരെ സന്തോഷമുണ്ട്. പൊതുവെ 1048-ലെ മുതലെടുപ്പു ഭരണത്തിന്റെ ഫലം തൃപ്തികരമാണെന്നു ബഹുമാനപ്പെട്ട ഗവർണ്ണർ ഇൻകൌൺസിൽ വിചാരിക്കുന്നു."

അടുത്ത കൊല്ലത്തിലും ഇതുപോലെ മിച്ചംവരുത്താൻ തീവ്രാൻജിക്ക സാധിച്ചു.

നീതിഭരണം.

ജില്ലാക്കോടതികളിൽ കാര്യശേഷിയും നീതിബോധവുമുള്ള ജഡ്ജിമാരെ നിയമിച്ചു് നീതിപരിപാലനം കളങ്കരഹിതമാക്കിത്തീർത്തു. അരുവയിൽ ഒരു പുതിയ ജില്ലാക്കോടതിക്കൂടി സ്ഥാപിച്ചു. സദിർകോടതി പരിഷ്കരിച്ചു് ഒരു യൂറോപ്യൻ ബാരിസ്റ്ററേക്കൂടി ജഡ്ജിയായി നിയമിച്ചു.

ശമ്പളപരിഷ്കാരം.

ഉയന്തരം ഉദ്യോഗങ്ങളുടെ ശമ്പളം അവസ്ഥാനുസൃതം വർദ്ധിപ്പിച്ചു.

എഴുത്തുകുത്തിനു കടലാസ്

എഴുത്തുകുത്തുകൾക്കു മേലാൽ ഓലയ്ക്കു പകരം കടലാസ് ഉപയോഗിച്ചുകൊള്ളണമെന്നു വ്യവസ്ഥ ചെയ്തു.

ഉപ്പുവില്പന.

ഇതേവരെ ഉപ്പു അളന്നാണ് കൂടിയാനവന്മാക്കു വിറ്റുവന്നതു്. അതുവഴിക്കു പലേ അഴിമതികൾം നടന്നുവന്നു. വ്യാജവ്യാപാരവും സാധാരണയായി. തന്നിമിത്തം ഉപ്പളങ്ങളുടെ മേൽനോട്ടം കുറേക്കൂടെ കാര്യക്ഷമമാക്കുന്നതിനു അദ്ദേഹം വ്യവസ്ഥ ചെയ്തതുകൂടാതെ പുതിയ തൂക്കങ്ങളും ഏർപ്പെടുത്തി.

പൊതുമരാമത്തു്.

വക്കലത്തുരുപ്പു പണിയിക്കുന്നതിനു മാധവരായക്കു പൂർണ്ണ സമ്മതമില്ലായിരുന്നു. മദ്രാസ് ഗവണ്മെൻറിന്റെ നിർബന്ധ

ത്താലാണ് അദ്ദേഹം അതിൽ പ്രവേശിച്ചതു്. നാലരലക്ഷം രൂപാ അതിലേക്കു കണക്കു കണ്ടു. പണിയുടെ ചുമതല പൊതുമരാമത്തുഡിപ്പാർട്ടുമെൻറുതന്നെ വഹിച്ചു; പക്ഷേ അഞ്ചുകൊല്ലത്തിനിടയ്ക്കു പണി അല്പമേ മുന്നോട്ടു പോയുള്ളു. അതുകൊണ്ടു ചീഫ് എൻജിനീയരായ മിസ്റ്റർ ബാർട്ടൻറെ മേൽനോട്ടത്തിൽ അതിനെ ബോംബെയിലെ ഒരു യൂറോപ്യൻ കമ്പനിക്കു വിട്ടുകൊടുത്തു. എന്നിട്ടും പണി വളരെ മന്ദഗതിയിലേ നടക്കയുണ്ടായുള്ളു. എട്ടുലക്ഷം രൂപ ഇതേവരെ ചെലവും വന്നുകഴിഞ്ഞു. അതുകൊണ്ടു് ഒന്നാമത്തെ തുരപ്പുമാത്രം തൽക്കാലം തീത്തിട്ടു് അടുത്തതിൻറെ പണി മാററിവയ്ക്കാമെന്നു ഗവണ്മെൻറു തീർച്ചപ്പെടുത്തി. 1875 ജനുവരി മുതൽ 1050-മാണ്ടു മകരത്തിൽ ഒന്നാം തുരങ്കം കുറേ തീർന്നു. പത്തുലക്ഷം രൂപയോളം അതിലേക്കു ചെലവും വന്നു.

ഇതുകൂടാതെ ഇതിനിടയ്ക്കു പലേ തോടുകളും വെള്ളച്ചാലുകളും കുളങ്ങളും കുഴിപ്പിച്ചിട്ടുണ്ടെങ്കിലും റോഡുകൾ പണിയിക്കുന്നതിനു പണക്കുറവുനിമിത്തം സാധിക്കാതെവന്നു.

ശുചീന്ദ്രം ക്ഷേത്രത്തിൻറെ ഗോപുരങ്ങളുടെ പണിക്കുറവു തീർന്നതും മദ്രാസ് ഗവർണ്ണരുടെ സ്മാരകമായി തുടങ്ങിയ നേപ്പിയർ മ്യൂസിയത്തിൻറെയും മഹാരാജാസ് കാളേജിൻറെയും പണി പൂർത്തിയാക്കിയതും ശേഷയ്യാശാസ്ത്രിയുടെ കാലത്തായിരുന്നു.

വിദ്യാഭ്യാസപരിഷ്കാരം.

1049-ൽ ബാരിസ്റ്റർ ജഡ്ജിയായ ഡാക്ടർ കാംസ്ബിയുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്തു ഒരു ലാക്ലാസ്സു തുടങ്ങി. ഇങ്ങനെ ഇന്നത്തെ ലാക്കാളേജിൻറെ സ്ഥാപകൻ ശേഷയ്യാശാസ്ത്രിയായിരുന്നു. ഇതുകൂടാതെ പ്രാഥമികവിദ്യാപ്രചാരണാർത്ഥം കുടിപ്പള്ളിക്കൂടങ്ങൾക്കു ഗ്രാൻറു നല്കാൻ വ്യവസ്ഥചെയ്തു; ഗ്രാമപ്പള്ളിക്കൂടങ്ങളുടെ സംഖ്യ വർദ്ധിപ്പിച്ചു; പാഠപദ്ധതി നവീകരിച്ചു.

ജയിൽപരിഷ്കാരം.

അക്കിങ് റസിഡണ്ടായ മി. ഫാനിങ്ടൻറെ ഉപദേശാനുസൃതം തിരുവനന്തപുരത്തു് ഒരു സെൻട്രൽ ജയിലും ഡിസ്ട്രിക്ട്

തോറും ഓരോ ഡിസ്ട്രിക്ട് ജയിലുകളും അലപ്പുഴ വിശേഷാൽ ഒരു ജയിലും സ്ഥാപിച്ചു.

പൊതുശമ്പളപരിഷ്കാരം.

ഉയന്ന ഉദ്യോഗസ്ഥന്മാരുടെ ശമ്പളം മാത്രം കൂട്ടിയതുകൊണ്ടു ദിവാൻജി തൃപ്തിപ്പെട്ടില്ല. പൊതുവെ എല്ലാ ജീവനക്കാക്കും ശമ്പളം വർദ്ധിപ്പിക്കാൻ അദ്ദേഹം ഒരു പദ്ധതി തയ്യാറാക്കി. മഹാരാജാവു് തിരുമനസ്സിലേക്ക് ഇക്കാര്യത്തിൽ അത്ര തൃപ്തിയില്ലായിരുന്നു. എന്നിട്ടും 1049-ൽ അവിടുന്നു് അതിനു് അനുമതി നല്കി.

അധികാരനിയന്ത്രണം.

ദിവാൻജിയുടേയും മറ്റു ഡിപാർട്ടമെൻറദ്ധ്യക്ഷന്മാരുടെയും അധികാരങ്ങളെ നിർണ്ണയിക്കുന്ന ഒരു നിയമ പ്രണാളി അദ്ദേഹം സൃഷ്ടിച്ചു. ദിവാൻജിക്കു പൊതുവേ എല്ലാ തുറകളുടേയും മേൽനോട്ടം മാത്രംവച്ചുകൊണ്ടു് ഡിസ്ട്രിക്ട് മജിസ്ട്രേട്ടധികാരം പോഷ്കാരന്മാർക്കു വിട്ടുകൊടുത്തു.

സർണ്ണനാണയം.

ഒരു കമ്മട്ടം ഏർപ്പെടുത്തിട്ടു് പരിശോധനാർത്ഥം ഒരു സർണ്ണനാണയം നടപ്പിൽ വരുത്തിനോക്കി. പക്ഷേ വിജയപ്രദമാവായ്കയാൽ അതു ഉപേക്ഷിക്കേണ്ടിവന്നു.

നികുതിപരിഷ്കാരം.

ഈ പരിഷ്കാരങ്ങളാണു് ശേഷയ്യാശാസ്ത്രിയെ ജനങ്ങളുടെ ആരാധനയ്ക്കു പാത്രമാക്കിയതു്. അദ്ദേഹം സർക്കാർഭൂമിയുടെ വിസ്താരവും അതിരും നിർണ്ണയിച്ചു പണനികുതി ഏർപ്പെടുത്തി. അതിനുമുമ്പിൽ കുടിയാന്മാർ വാരമായിട്ടാണു് സർക്കാർ ഭൂമികർഷം നടത്തിവന്നതു്. തന്നിമിത്തം അവർക്കു പലവിധത്തിലുള്ള സങ്കടങ്ങൾ നേരിട്ടുകൊണ്ടിരുന്നു. നികുതി വാങ്ങുന്ന സമയം രസീതു കൊടുപ്പാനും പിരിവിനു നാൾവഴി, പേരേടു്, മാസാന്ത്യകണക്കു് മുതലായവ വെയ്ക്കുന്നതിനും അദ്ദേഹം ഏർപ്പാടുചെയ്തു. ബ്രിട്ടീഷു സംസ്ഥാനത്തുനിന്നു് ഇവിടത്തെ പ്രദേശങ്ങൾക്കു പകരമായി ലഭിച്ചിട്ടുള്ളതും 'അയൻ ജപ്തി' വസ്തുക്കൾ എന്നുവി

ളിക്കപ്പെട്ടുന്നതും ആയ ചില ഭൂമികഠം ചെങ്കോട്ടക്കര വാശലിൽ ഉണ്ടായിരുന്നു. ഈ ഭൂമികഠംക്കുള്ള കരം നെല്ലായി ചുമത്തി തെങ്കാശിയിൽ നടപ്പുള്ള നിരക്കുവിലയ്ക്കു പണമായി കൊടുക്കണം എന്നു നിശ്ചയിച്ചിരുന്നതു നിമിത്തം കൃഷിക്കാർ വളരെ സങ്കടം അനുഭവിച്ചുവന്നു. അതുകൊണ്ടു് അവിടെയും അയലാ ചാരം അനുസരിച്ചുള്ള കരം ദിവാൻജി നടപ്പാക്കി.

ക്ഷാമനിവാരണം.

1051-ൽ മദ്രാസ് പ്രസിഡൻസിയുടെ പലേഭാഗങ്ങളിൽ ഭയങ്കരമായ ക്ഷാമം ബാധിച്ചു. അസംഖ്യം ജനങ്ങഠം തിരുവിതാംകൂറിൽ അഭയം പ്രാപിക്കേണ്ടിവന്നു. എന്നാൽ ഇവിടെയും കൃഷിപ്പിഴനിമിത്തം കരം കുറച്ചു ചെയ്യേണ്ടതായിട്ടാണു് ഇരുന്നതു്. എന്നിട്ടും ക്ഷാമബാധിതരായ ആ അഗതികഠംക്കു് അന്നവസ്ത്രാദികഠം നല്കുന്ന വിഷയത്തിൽ ഗവണ്മെണ്ടും ജനങ്ങളും കഴിയുന്നതെല്ലാം ചെയ്തു്, ധർമ്മരാജ്യമെന്ന പേരു പൂർവ്വാധികം പ്രസിദ്ധമാക്കി.

പുതുക്കോട്ടയിലെ ഉപ്പുനിർമ്മാണം.

പുതുക്കോട്ടയിൽ ആവശ്യമുള്ള ഉപ്പു് അവിടെ സർക്കാരിൽ നിന്നുതന്നെ വിളയിച്ചു വിറ്റുവന്നു. ശേഷയ്യാശാസ്ത്രി വളരെ തടുത്തു് എഴുതീട്ടും അവർ സമ്മതിച്ചില്ല. ബ്രിട്ടീഷ് ഗവണ്മെണ്ടു് ഒടുവിൽ വിരോധിക്കയാൽ അവർ ഉപ്പുനിർമ്മാണം നിറുത്തി; എന്നാൽ ആ വകയിൽ ഉണ്ടാകുന്ന നഷ്ടത്തിനു പരിഹാരമായി 38,000 രൂപാ പ്രതിവർഷം കൊടുക്കണമെന്നു തീർച്ചചെയ്തു.

യൂറോപ്യന്മാരുടെ മേലുള്ള ക്രിമിനലധികാരം.

1012-ാമാണ്ടുവരെ ഏതദ്ദേശീയരാജ്യങ്ങളിൽ താമസിക്കുന്ന യൂറോപ്യന്മാരുടെ മേൽ ഉണ്ടാകുന്ന കേസുകളെ അതാതു നാട്ടുകളിലെ നിയമം അനുസരിച്ചു തീർച്ചചെയ്തുവന്നു. എന്നാൽ ബ്രിട്ടീഷ് പ്രജകളായ യൂറോപ്യന്മാരുടെ വിഷയത്തിൽ ഒരു നിശ്ചയവും ചെയ്യാതെയാണിരുന്നതു്. അലപ്പുഴ കാമ്മേഷ്യൽ ഏജണ്ടായിരുന്ന ജാൺലിഡ്സിൽ സർക്കാർപണം അപഹരിച്ചതായ ഒരു കേസ്സുണ്ടായപ്പോഠം ഈ സംഗതിയിൽ ഒരു തീർച്ച ചെയ്യേ

ണ്ടതായിവന്നു. തിരുവിതാംകൂർ ഗവണ്മെൻറു് അതിലേക്കു ഒരു കമ്മിഷനെ നിയമിച്ചു. കുറ്റം തെളിയുകയാൽ തടവു ശിക്ഷയും വിധിക്കപ്പെട്ടു. എന്നാൽ ഈ വിസ്താരം നീതിവിരുദ്ധമാണെന്നും ഇൻഡ്യാഗവണ്മെണ്ടു 1868-ാമാണ്ടു ജനുവരി പ്രസിദ്ധപ്പെടുത്തിയിരുന്ന വിളംബരത്തിനു വിപരീതമാണെന്നും മദ്രാസ് ഗവണ്മെണ്ടു് ആക്ഷേപിക്കയാൽ അയ്യാം തടവിൽനിന്നു വിമുക്തനായി. ഇതിനെ സംബന്ധിച്ചു മാധവരായർ പല എഴുത്തുകുത്തുകളും നടത്തി. അദ്ദേഹം ഈ വിഷയത്തെപ്പറ്റി ഇങ്ങനെ വാദിച്ചു.

(1) വാദവിഷയമായ അധികാരം രാജത്വത്തിൽ അന്തർവിച്ചിരിക്കുന്ന ഒരു അവകാശമാകുന്നു.

(2) തിരുവിതാംകൂർ അതിന്റെ സ്വന്ത രാജാവിനാൽ ഭരിക്കപ്പെടുന്നതുകൊണ്ടു് അതിനു് ആ അധികാരമുണ്ടു്.

(3) ആ അധികാരം ബ്രിട്ടീഷ് ഗവണ്മെണ്ടിനു വിട്ടുകൊടുക്കപ്പെട്ടതായി തെളിഞ്ഞിട്ടില്ല.

(4) ഗവർണ്ണർ ജനറൽ തിരുവിതാംകൂറിന്റെ ആ അധികാരം എടുത്തുകളഞ്ഞിട്ടില്ല; നേരേ മറിച്ചു ബ്രിട്ടീഷ് ഗവർമ്മെണ്ടിനുണ്ടായിരുന്ന അധികാരത്തെപ്പോലും വിട്ടുകൊടുക്കയേ ചെയ്തിട്ടുള്ളൂ.

പ്രസ്തുത വിളംബരത്തെ സംബന്ധിച്ചു് ദിവാൻജി അന്നത്തെ ഒരു പ്രസിദ്ധനിയമശാസ്ത്രവിദഗ്ദ്ധനായ സർ ജാൺ ഡി. മെയിനിന്റെ അഭിപ്രായത്തെ ക്ഷണിച്ചപ്പോൾ ആ ലായർ ഇപ്രകാരം അഭിപ്രായപ്പെട്ടു.

അതിനു് സ്റ്റാറ്റ്യൂട്ടിനാൽ (നിയമത്താൽ) നല്കപ്പെട്ട അധികാരത്തിന്റെ അപ്പുറം പോകുന്നതിനു നിവൃത്തിയില്ല. സ്റ്റാറ്റ്യൂട്ടാകട്ടെ എല്ലാ ബ്രിട്ടീഷ് പ്രജകളേയും ബാധിക്കുമെങ്കിലും ബ്രിട്ടീഷ് പാർല്ലുമെൻറിന്റെ അധികാരത്തിൻകീഴിലല്ലാത്ത തിരുവിതാംകൂർ രാജാവിനെയോ അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥന്മാരെയൊ ബന്ധിക്കുന്നതുമല്ല. അഥവാ സ്റ്റാറ്റ്യൂട്ട് തിരുവിതാംകൂർ കോടതികൾക്കുള്ള അധികാരത്തെ എടുത്തുകളഞ്ഞിരിക്കുന്നതായി വ്യക്തമായ ഭാഷയിൽ പറഞ്ഞിട്ടുണ്ടെന്നിരുന്നാൽ

തന്നെയും അതു് അവരെ സംബന്ധിച്ചിടത്തോളം ദുർബ്ബലമാണു്. ഫ്രാൻസിലെ കോടതികളുടെ അധികാരത്തെ എടുത്തുകളയുന്നതിനു് എന്നപോലെ തിരുവിതാംകൂർ കോടതികളുടെ അധികാരത്തെ സംബന്ധിച്ചു് എന്തെങ്കിലും ചെയ്യുന്നതിനും പാർല്ലുമെൻറിനു് അധികാരമില്ല. എന്നാൽ സ്റ്റാറ്റ്യൂട്ടാകട്ടെ വിളംബരമാകട്ടെ ഈ മാതിരി കാര്യങ്ങളിൽ എടപെടാൻ അധികാരം നല്കുന്നില്ലെന്നുള്ള സർ. മാധവരായരുടെ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു."

ഒടുവിൽ മദ്രാസ് അഡ്വൊക്കേറ്റ് ജനറൽ തന്റെ അഭ്യത്തെ അഭിപ്രായത്തെ പിൻവലിക്കയും തദനുസാരം മദ്രാസ് ഗവണ്മെൻറു് ശിക്ഷ ശരിവയ്ക്കയും ചെയ്തതായാൽ ലിസ്റ്റിൽ വീണ്ടും തടവിൽ കുറേക്കാലം പാർക്കേണ്ടിവന്നു. മഹാരാജാ തിരുമനസ്സിലെ കോടതികൾക്കു യൂറോപ്യൻ ബ്രിട്ടീഷ് പ്രജകളെ വിസ്തരിക്കാൻ അധികാരമുണ്ടെന്നു് ഇങ്ങനെ മദ്രാസ് ഗവണ്മെൻറു് സമ്മതിച്ചു.

എന്നാൽ ഇങ്ങനെ ദീർഘകാലം കഴിയുന്നതിനു മുമ്പു് അതായതു് 1035-ൽ വൈസറായി മദ്രാസ് ഗവണ്മെൻറിന്റെ ഈ തീർച്ചയെ വിസമ്മതിച്ചുകൊണ്ടു് ആ ഗവണ്മെൻറു് വൈസറായിയുടെ ഉപദേശപ്രകാരം ഇപ്രകാരം എഴുതി അയച്ചു:—

"1837-ൽ തിരുവിതാംകൂർ കോടതികളുടെ അധികാരം അംഗീകരിക്കപ്പെട്ടകാലത്തു നാട്ടുരാജ്യങ്ങളിൽവച്ചു് ചെയ്യപ്പെട്ടിരുന്ന കുറ്റങ്ങൾക്കായി യൂറോപ്യൻ ബ്രിട്ടീഷ് പ്രജകളെ ബ്രിട്ടീഷ് കോടതികളിൽ വിസ്തരിക്കുന്ന വിഷയത്തിൽ ചില വൈഷമ്യങ്ങൾ ഉണ്ടായിരുന്നു. ആ വൈഷമ്യങ്ങൾ പലേ സാമ്രാജ്യനിയമങ്ങളാലും ഇന്ത്യൻ നിയമങ്ങളാലും പരിഹരിച്ചിട്ടുള്ളതുകൊണ്ടു് ഇനി പുവ്നിലയിൽ വച്ചുകൊണ്ടിരിക്കേണ്ട കാര്യമില്ല."

അതിനുശേഷം ശേഷയ്യാശാസ്ത്രി ഈ വിഷയത്തിൽ ശക്തിപൂർവ്വം എഴുത്തുകുത്തു നടത്തിയിട്ടും ഫലമുണ്ടായില്ല. അദ്ദേഹത്തിന്റെ വാദത്തെ ചുവടേ ചേർക്കുന്നു:—

"ഈ സംസ്ഥാനം ഇതരരാജ്യങ്ങളെ അപേക്ഷിച്ചു വിസ്തൃതമല്ലാതെയോ ജനസംഖ്യയിലും ധനപുഷ്ടിയിലും വലുതല്ലാതെ

യോ ഇരിക്കട്ടേ, എന്നാൽ അതുകൊണ്ടു മഹാരാജാവിന്റെ രാജാധികാരത്തിനോ വിദേശീയരുടെ മേൽ ഉള്ള നിയമാധികാരവിഷയത്തിൽ സപ്രാജ്യനിയമങ്ങൾ ഒഴിച്ചു മറെറാരു നിയമത്തിനും വിധേയമല്ലെന്നുള്ള അവസ്ഥയ്ക്കോ ന്യൂനത കല്പിക്കാവുന്നതല്ല,.....പരമാത്മത്തിൽ ബ്രിട്ടീഷ് പ്രജകളല്ലാത്ത യൂറോപ്യന്മാരുടെയും അമേരിക്കന്മാരുടെയും, ഇൻഡ്യയിലോ ഏഷ്യന്തിലോ ഉള്ള മറു രാജാക്കന്മാരുടെ പ്രജകളുടെയും മേൽ രാജകീയകോടതികൾക്ക് അധികാരമുണ്ടെന്നുള്ളതു ബ്രിട്ടീഷ് ഗവണ്മെൻറു സമ്മതിച്ചിരിക്കുന്നു.....

.....

അയൽരാജ്യം അതിവിസ്തൃതവും ശക്തിസമ്പന്നവും ആയിരിക്കയും സേനാസംരക്ഷണത്തിനായിട്ട് ഒരു വലിയ സംഖ്യ കപ്പമായി വാങ്ങി തൽപ്രതിഫലമായി വിദേശീയാക്രമങ്ങളിൽനിന്ന് ഈ രാജ്യത്തെ സംരക്ഷിക്കാൻ ചില സന്ധികളാൽ കടപ്പെട്ടിരിക്കയുംചെയ്യുന്ന എന്നുള്ള കാരണത്താൽ ആ ചെറുരാജ്യത്തിനുള്ള അധികാരശക്തിക്കു ലോപം സംഭവിക്കാവുന്നതല്ല. ഈ തത്വത്തെ അംഗീകരിക്കുന്നപക്ഷം ഡെന്മാക്ക്, ഗ്രീസ്, സ്വിട്സർലണ്ട് എന്നീ ചെറിയ രാജ്യങ്ങളിൽവച്ചു കുറംചെയ്യുന്ന ബ്രിട്ടണിലെയും, റഷ്യയിലെയും, ജർമ്മനിയിലെയും പ്രജകളെ ഈ ടൈവിൽ പറഞ്ഞ രാജ്യങ്ങളിൽവെച്ചുതന്നെ വിസ്തരിക്കേണ്ടതാണെന്ന് അവശ്യപ്പെടാവുന്നതാകുന്നു."

ശേഷയ്യാശാസ്ത്രിയുടെ ഈ വാദത്തെ അവഗണിച്ചു ബ്രിഗവണ്മെൻറ് ഒടുവിൽ ഇപ്രകാരം വ്യവസ്ഥ ചെയ്തു.

"തിരുവിതാംകൂറിന്റെ പ്രത്യേകാവസ്ഥിതിയേയും അവിടെ പരിഷ്കൃതവും പുരോഗമനപ്രവണവുമായ തത്വങ്ങളെ അടിസ്ഥാനപ്പെടുത്തി നീതിഭരണം നടന്നുവരുന്നു എന്നുള്ള വസ്തുതയേയും പരിഗണിച്ചു ബ്രിട്ടീഷ് പ്രജകൾ പ്രതിസ്ഥാനത്തു വരുന്ന കേസ്സുകളെ വിസ്തരിക്കുന്നതിനായി യൂറോപ്യൻ ബ്രിട്ടീഷ് പ്രജകളായ ഒന്നാംക്ലാസ് മജിസ്ട്രേട്ടന്മാരെ സർക്കാരിൽനിന്നു തന്നെ നിയമിക്കാവുന്നതാകുന്നു."

ഈ തീർച്ച അനുസരിച്ചു റസിഡണ്ടു മദ്രാസ് ഹൈക്കോടതിക്കു കീഴ്പെട്ട ഒരു സെഷ്യൻ ജഡ്ജിയായി നിയമിക്ക-

പ്പെട്ടു. തത്സംബന്ധമായി 1875 മെ 5-ാംതീയതി ഒരു തിരുവെഴു ത്തുവിളംബരപ്പുമുണ്ടായി. ഏന്നാൽ ആ ആണ്ടിൽതന്നെ ഉണ്ടായ മറൊരു വിളംബരത്താൽ, ഈ സ്പെഷ്യൽ മജിസ്ട്രേട്ടന്മാരുടെ വിധിയിന്മേൽ അപ്പീൽ കേൾക്കുന്നതിനുള്ള അധികാരം സദിർ കോടതിയിലെ ബ്രിട്ടീഷ് പ്രജയായ ക്രിസ്ത്യൻ ജഡ്ജിക്കു നല്കി. ഇങ്ങനെ സദിർകോടതിയിൽ ഏറ്റവും ഒരു യൂറോപ്യൻ ജഡ്ജി ഉണ്ടായിരിക്കണമെന്നു വന്നുകൂടി.

മറ്റു പ്രധാന സംഭവങ്ങൾ.

ബോമ്പായിലെ ബിഗാം സാഹേബ്ബിന്റെ രാജ്യപ്രതിഷ്ഠാപനത്തിൽ പങ്കുകൊള്ളാനായി മഹാരാജാ തിരുമനസ്സിലെക്കു വൈസ്രായിയായ നാത്ത്ബ്രൂക്ക് പ്രഭു ക്ഷണം അയച്ചു. അവിടുന്ന് 1872 നവംബർ 11-ാംതീയതി അതിൽ സന്നിഹിതനാകത്തക്കവണ്ണം ബാംബെയിലേക്കു എഴുന്നള്ളി. ശേഷയ്യാശാസ്ത്രികൂടി തിരുമനസ്സിലേക്കുടെ പോയിരുന്നു. ബോംബയിൽ വച്ച് അവിടുന്നു ബഹുമാനപൂർവം സ്വീകരിക്കപ്പെട്ടു. പതിനഞ്ചാംതീയതി ഗവണ്മെൻറ് ഹൌസിൽവച്ച് അവിടുന്നു വൈസ്രായിയെ സന്ദർശിച്ചു. പ്രതിഷ്ഠാപനകർമ്മത്തിൽ വൈസ്രായിയുടെ വലത്തുഭാഗത്തായി രണ്ടാമത്തെ മാന്യാസനം അവിടുത്തേക്കു ലഭിച്ചു. 23-ാംതീയതിവരെ അവിടെ താമസിച്ച് പലേ രാജാക്കന്മാരെയും പ്രഭുക്കന്മാരെയും സന്ദർശിച്ചശേഷം അവിടുന്നു കാശിയിലേക്ക് എഴുന്നള്ളി തീർത്ഥസ്നാനം നടത്തി. അന്നു പ്രസിദ്ധ പണ്ഡിതനായ ഇലത്തൂർ രാമസ്വാമിശാസ്ത്രികൾ കാശിയിലെ പണ്ഡിതസഭയിൽ ഒരു അംഗമായി താമസിക്കയായിരുന്നു. ആ പണ്ഡിതമഹാസഭയിൽവച്ച് മഹാരാജാവു സംപൂജിതനായി.

ധനുമാസത്തോടുകൂടിയാണ് അവിടുന്നു തിരുവനന്തപുരത്തു തിരിച്ചെഴുന്നള്ളിയതു്.

തിരുമനസ്സിലെ ദേശാടനം.

നാത്ത്ബ്രൂക്ക് പ്രഭുവിന്റെ ക്ഷണംഅനുസരിച്ച് 1050-ൽ മഹാരാജാവു് കൽക്കത്തയ്ക്കു് എഴുന്നള്ളി. അവിടുന്ന് മദ്രാസ്സു്-

ആഗ്രാ ഡൽഹി മുതലായ സ്ഥലങ്ങളെ ഈ യാത്രയ്ക്കിടയിൽ സന്ദർശിക്കയുണ്ടായി.

വെയിൽസ് രാജകുമാരനുമായുള്ള കൂടിക്കാഴ്ച.

അടുത്തകൊല്ലത്തിൽ വെയിൽസു രാജകുമാരനെ സന്ദർശിക്കാനായി അച്ചിട്ടനു് മദ്രാസിൽ എഴുന്നള്ളി. ഈ അവസരത്തിലും തിരുമനസ്സുകൊണ്ടു് ബാംബെ, കാശി മുതലായ സ്ഥലങ്ങളെ സന്ദർശിച്ചു.

സാമ്രാജ്യ ഡർബാറും മഹാരാജകീയ പതാകയും.

വിക്ടോറിയാ റാണി ഇൻഡ്യാ ചക്രവർത്തിനി എന്ന സ്ഥാനംവഹിച്ചു ചരിത്രപ്രസിദ്ധമായ സംഭവത്തെ കൊണ്ടാടുന്നതിനായി ദില്ലിയിൽവച്ചു് ഒരു രാജസമ്മേളനം 1053 ധനു 18-ാം തീയതി നടത്താൻ നിശ്ചയിച്ചിരുന്നു. എന്നാൽ അതിൽ പങ്കു കൊള്ളുന്നതിനു അവിടുത്തെ ദേഹസ്ഥിതി അനുവദിക്കായ്കയാൽ, തിരുവനന്തപുരത്തുവച്ചു് അതേ ദിവസംതന്നെ ഒരു ഡർബാർ അത്യാഘോഷപൂർവം നടത്തപ്പെട്ടു. അന്നേദിവസത്തേയ്ക്കു് ഒരു മഹാരാജകീയപതാക ചക്രവർത്തിനി അയച്ചിരുന്നു. ഈ അവസരത്തിൽ വിക്ടോറിയാ ചക്രവർത്തിനിപദം ഐശ്വര്യാധിക്യത്തിനുപുറമേയുള്ള വിളംബരം പരസ്യമായി വായിക്കപ്പെട്ടു.

കൊച്ചിയുമായുള്ള അതിർത്തിത്തക്കം.

1. മലയാറ്റൂർ മലയോടു ചേർന്ന ഇടിയറമാട്ടു് എന്ന മലകളുടെ രാജ്യാധികാരം. 2. ഇരിങ്ങാലക്കുടെ തച്ചുടയകയ്മളെ അവരോധിക്കാൻ തിരുവിതാംകൂറിനുള്ള അവകാശം. 3. എളങ്കുന്നപ്പുഴ, അന്നമനട, പെരുമനം, ഈ ക്ഷേത്രങ്ങളുടെ കാര്യവിചാരം ഇവയായിരുന്നു തർക്കവിഷയം. ഇവയിൽ ഒന്നാമത്തെ സംഗതിയെപ്പറ്റി അന്വേഷിക്കാൻ ഗവണ്മെൻറിൽനിന്നു് ഒരു കമ്മിഷനെ നിശ്ചയിച്ചു; എന്നാൽ തീരുമാനമുണ്ടായതു വിശാഖം തിരുനാൾ മഹാരാജാവിന്റെ കാലത്താകുന്നു.

1053-ാമാണ്ടു് ആരംഭത്തോടു് ശേഷയ്യാശാസ്ത്രിയുടെ കാലാവധി അവസാനിക്കയാൽ അദ്ദേഹം ജോലിയിൽനിന്നു പിരിഞ്ഞു. നാട്ടുകാരെത്തന്നെ ദിവാൻജിമാരായി നിയമിക്കണ

മെന്നു അവിടുത്തേക്കു അല്പകാലമായി മോഹം തുടങ്ങിയിരുന്നു. അതുകൊണ്ടോണ്ടു ശേഷയ്യാ ശാസ്ത്രിയുടെ കാലാവധി നീട്ടിക്കൊടുക്കാതിരുന്നതു്.

അദ്ദേഹത്തിന്റെ മരണത്തെ സംബന്ധിച്ചു് അവിടുന്നു് മദ്രാസ് ഗവണ്മെണ്ടിലേക്കു ഇപ്രകാരം എഴുതി അയച്ചു:—

"അഞ്ചുകൊല്ലത്തെ വിജയപൂർവ്വമായ ഭരണത്തിനിടയ്ക്കു ശേഷയ്യാശാസ്ത്രി ചെയ്തിട്ടുള്ള നിരവധി മഹനീയ കൃത്യങ്ങളെപ്പറ്റി എന്റെ അഭിനന്ദനത്തെ ഈ അവസരത്തിൽ രേഖപ്പെടുത്തിക്കൊള്ളുന്നു." അടുത്തുൺ അനുവദിച്ചതിനെപ്പറ്റി ശേഷയ്യാശാസ്ത്രി ഇപ്രകാരം മഹാരാജാവിനു ഒരു കുത്തു അയച്ചു. "ഉദ്യോഗത്തിൽ ഇരിക്കുമ്പോൾ വലുതായ മാസപ്പടി തന്നു് അവിടുന്നു് എന്നെ സമ്പന്നനാക്കി; പണിയിൽ നിന്നുപിരിയുന്ന ഈ അവസരത്തിലാകട്ടെ, ഉദാരമായ അടുത്തുണും സമ്മാനവും തന്നു് എന്നെ സുഖസമൃദ്ധവാനാക്കുന്നു. ഇപ്രകാരം നല്കപ്പെട്ട അന്നം കൃതഘ്നമായോ അസംതൃപ്തിയോടുകൂടിയോ ഭുജിക്കപ്പെടുകയില്ല. എന്റെ ജീവിതചരിത്രത്തിലെ ഏറ്റവും ഭാസുരമായ അദ്ധ്യായം അവിടുത്തെ സേവനകാലമാകുന്നു. അതിനിടയ്ക്കു ഞാൻ സമ്പാദിച്ചിട്ടുള്ള അല്പമായ പേരും പെരുമയും, പരമാർത്ഥത്തിൽ, യാതൊരു നശ്വരവസ്തുവായ സ്വാമിയെ അല്പകാലത്തേക്കെങ്കിലും സേവിക്കുന്നതു അഭിമാനജനകമായി ഞാൻ ഗണിച്ചിരുന്നോ, ആ സ്വാമിയിൽ നിന്നു സ്വഭൃത്യനായ എന്നിൽ പ്രതിഫലിച്ചു തേജസ്സുമാത്രമാകുന്നു."

ശേഷയ്യാശാസ്ത്രിയുടെ മരണകാലം തിരുവിതാംകൂർ ചരിത്രത്തിലെ മറെറാരു ഭാസുരഘട്ടമാകുന്നു. ദക്ഷിണ ഇന്ത്യയിലെ മഹാന്മാരുടെ കൂട്ടത്തിൽ അദ്ദേഹത്തിനും ഒരു മാന്യസ്ഥാനം കല്പിക്കാവുന്നതാണു്.

1828 മാർച്ചുമാസം 22-ാംതീയതി ശേഷയ്യാശാസ്ത്രി തഞ്ചാവൂർ ഡിസ്ട്രിക്ടിൽ, കാവേരിയുടെ മുഖമായ വെട്ടാറിന്റെ കരയ്ക്കു സ്ഥിതിചെയ്യുന്ന അമരാവതി ഗ്രാമത്തിലെ ഒരു ഗൃഹത്തിൽ ജനിച്ചു. അദ്ദേഹത്തിന്റെ പിതാവു് ഒരു വൈദികബ്രാഹ്മണനായിരുന്നു. ആ വൈദികബ്രാഹ്മണനു് ആറു പുത്രന്മാരുണ്ടായിരുന്നതിൽ അഞ്ചാമനായിരുന്നു ശേഷയ്യൻ.

കഷ്ടിച്ചു കുത്തുംകഴിച്ചുവന്ന ഒരു കുടുംബത്തിലെ അംഗമായിരുന്നുകൊണ്ടു് ശേഷയ്യൻ സ്വപരിശ്രമംകൊണ്ടും രത്നവ്യാപാരിയായ ശ്രീ. പാലയ്യന്റെ കീഴിലാണു് വിദ്യാ

ഭ്യാസം നടത്തിയതു്. മദ്രാസിൽവച്ചു് ആ ബാലൻ കരു മുതലിയാരുടെ അടുക്കൽ നിന്നു തമിഴും റൊഡ്രീഗ്സ് എന്ന പാങ്കിയുടെ അടുക്കൽനിന്നു ഇംഗ്ലീഷും കണക്കും പഠിച്ചു. 1837-ൽ ആൻഡേർസൻ എന്ന പാതിരി മദ്രാസിൽ കരു ഇംഗ്ലീഷ് സ്ക്രൂൾ സ്ഥാപിച്ചു. പ്രസ്തുതസ്ഥാപനമാണു് ഇന്നു ക്രിസ്ത്യൻ കോളേജ് എന്ന വിഖ്യാതവിദ്യാമന്ദിരമായിത്തീർന്നിരിക്കുന്നതു്. ശേഷയ്യായെ മാതുലൻ ആ സ്ക്രൂളിൽ ചേർത്തു; എന്നാൽ ആ വിദ്യാലയത്തിലെ ചില വിദ്യാർത്ഥികൾ ക്രിസ്തുമതം അവലംബിക്കയാൽ അദ്ധ്യാത്തിന്റെ അവിടെനിന്നും പിൻവലിച്ചിട്ടു് മദ്രാസ് ഗവർണ്മെന്റുവക സ്ക്രൂളിൽ ചേർത്തു. അങ്ങനെ അദ്ദേഹം മാധ്വരായരുടെ സതീർത്ഥ്യനായി. ഫീസുകൊടുപ്പാൻ ശേഷയ്യയ്ക്കു നിവൃത്തിയില്ലെന്നറിഞ്ഞു് പെയ്ത്തൽസായ്പ് സ്വന്തകൈയിൽനിന്നും ഫീസുകൊടുത്തുവന്നു. പരീക്ഷകളിലെല്ലാം അദ്ദേഹം പ്രശംസാഹ്മായ വിധത്തിൽ ജയിക്കയാൽ നിരവധി സമ്മാനങ്ങൾ ലഭിച്ചു. ഇംഗ്ലീഷുഭാഷയിൽ അദ്ദേഹത്തിനുണ്ടായിരുന്ന സാമർത്ഥ്യം ഇംഗ്ലീഷുകാർക്കുപോലും വിസ്മയം ജനിപ്പിച്ചുവത്രേ.

1848-ൽ വിദ്യാലയം വിടുന്നതിനു മുമ്പായി പിതാവും മാതുലനും മരിച്ചുപോയി. അതിനാൽ കാലക്ഷേപത്തിനുവേണ്ടി ഉടനടി ഉദ്യോഗത്തിൽ പ്രവേശിക്കേണ്ടതായിവന്നു. അതിലേക്കു വളരെ ബുദ്ധിമുട്ടിയിട്ടും പ്രയോജനമുണ്ടായില്ല. ഒടുവിൽ ജാർജ് നാട്ടൻ എന്ന സായ്പിന്റെ കൃപയാൽ അദ്ദേഹം 12ൽ രൂപ ശമ്പളത്തിൽ റവന്യൂ ബോർഡിൽ നിയമിക്കപ്പെട്ടു. കാലത്താമസംകൂടാതെ 25 രൂപ ശമ്പളം കിട്ടി. ആ തുറയിൽ അദ്ദേഹത്തിന്റെ സതീർത്ഥ്യന്മാരായ സദാശിവൻപിള്ള, ദിനദയാലുനായിഡു, രാമയ്യങ്കാർ, മാധവരായർ എന്നിവർ ഉണ്ടായിരുന്നതുകൊണ്ടു് ഉത്സാഹമായി ദിവസങ്ങൾ കഴിഞ്ഞുപോന്നു. 1848-ൽ സർ വാൾട്ടർ എലിയട്ടിന്റെ ശുപാർശയാലും അദ്ദേഹത്തിനു മാസുലിപട്ടണത്തിലെ കനേഷുമാരി കണക്കെടുക്കുന്നതിൽ ശേഷയ്യാ പ്രദർശിപ്പിച്ച സാമർത്ഥ്യത്തെയും പൊതുവേ ഉദ്യോഗവിക്ഷയകമായി പ്രകാശിപ്പിച്ച കൃത്യനിഷ്ഠയേയും അരിഷ്ടിച്ചും മദ്രാസ് ഗവണ്മെന്റു് അദ്ദേഹത്തിനെ വിശാഖപട്ടണം കളക്ടരുടെ കീഴിൽ ഹെഡ് ശിരസ്തയായി നിയമിച്ചു. നാലുകൊല്ലം ആ ഉദ്യോഗം വളരെ തൃപ്തികരമാകുംവണ്ണം വഹിച്ചു. 1859-ൽ കരു ഡിപ്പ്യൂട്ടി കലക്ടരായി. 1869ൽ ഇനാം കമ്മിഷണരുടെ അസിസ്റ്റൻറായി നിയമിക്കപ്പെട്ടു- 1868-ൽ 1000 രൂപ ശമ്പളത്തിൽ റവന്യൂബോർഡു് ശിരസ്തയായി. ആ ജോലിൽ ഇരിക്കവേയാണു് തിരുവിതാംകൂർ ദിവാൻ ഉദ്യോഗം ലഭിച്ചതു്".

അദ്ദേഹം പെൻഷൻ പറ്റുന്നതിനു മുമ്പുതന്നെ സീ. എസ്. ഐ. എന്ന വിശിഷ്ട ബിരുദങ്ങൾ അലംകൃതനായി. അചിരേണ അദ്ദേഹത്തിനെ മദ്രാസിലെ നിയമനിർമ്മാണസഭയിലെ കരു അംഗമായി ഗവണ്മെന്റിൽ നിന്നു നിയമിച്ചു. 1954-ൽ വൈസറായിയുടെ എക്സിക്യൂട്ടീവു് കമ്മിറ്റിയിൽ അദ്ദേഹത്തിനു കരു സ്ഥാനം നല്കിയെങ്കിലും, അദ്ദേഹം ഉപേക്ഷിച്ചുകളഞ്ഞു. ഇതിനിടയ്ക്കു പുതുക്കോട്ടയിലെ ഭരണം വളരെ ലയനീയമായിത്തീരുകയാൽ, അവിടത്തെ ദിവാൻ ഉദ്യോഗം വഹിക്കുന്നതിനു ബക്കിംഗ് ഹാം പ്രഭു അദ്ദേഹത്തിനെ ക്ഷണിച്ചു; എന്നാൽ ആ ക്ഷണം സ്വീകരിക്കുംമുമ്പു്, അദ്ദേഹം പുതുക്കോട്ട സന്ദർശിച്ചു്, അവിടത്തെ സ്ഥിതിഗതികളെല്ലാം കണ്ടു മനസ്സിലാക്കി. അദ്ദേഹം ഇതേവരെ

സമ്പാദിച്ച യശസ്സിനെ പ്രയോജനശൂന്യവും പ്രതിബന്ധ ജടിലവും ആയ പ്രയത്നങ്ങളാൽ മലിനപ്പെടുത്തേണ്ടെന്നാണ് അവിടെ ചെന്നപ്പോൾ തോന്നിയത്. തദനുസാരമായി അദ്ദേഹം രാജാവിനും റസിഡണ്ടിനും എഴുതി അയക്കയും ചെയ്തു. എന്നാൽ രാജാവിന്റെ നിർബന്ധത്താലും സ്നേഹിതന്മാരുടെ പ്രേരണയാലും അദ്ദേഹം ആ സ്ഥാനം കൈയേൽക്കേണ്ടതായിത്തന്നെ വന്നുകൂടി. 1886-ാമതെ അദ്ദേഹം അവിടത്തെ ദിവാൻ പദം അലംകരിച്ചു. അക്കൊല്ലത്തിൽ രാജാവു മരിക്കയാൽ അദ്ദേഹം റീജൻറായി നിയമിക്കപ്പെട്ടു. തോംഡമാൻ രാജസ്ഥാനം കൈയേല്ക്കുംവരെ അദ്ദേഹം ആ സ്ഥാനം വിട്ടില്ല. 1894 ൽ അവിടെനിന്നു 400 രൂപ അടുത്തുണ്ടായിട്ട് കംഭകോണത്തു പത്മവിലാസം എന്ന സ്വഗൃഹത്തിൽവന്നു ജീവിതശേഷം നയിച്ചു. 1077-ൽ കേ. സീ. എസ് എ. എന്ന സ്ഥാനംകൂടി അദ്ദേഹത്തിനു ലഭിച്ചു. 1079 തുലാമാസത്തിൽ 76-ാമത്തെ വയസ്സിൽ അദ്ദേഹം പരലോകം പ്രാപിച്ചു.

മി. പി. ശങ്കുണ്ണിമേനോൻ.

മാധവരായൻ ഉദ്യോഗത്തിൽനിന്നു പിരിഞ്ഞ് ഉടനെ ശങ്കുണ്ണിമേനോനെ ആ സ്ഥാനത്തു നിയമിക്കണമെന്നായിരുന്നു മഹാരാജാവിന്റെ ആഗ്രഹം. എന്നാൽ മദ്രാസു ഗവൺമെൻറിന്റെ ഉപദേശം മറിച്ചായിരുന്നതിനാൽ, അവിടുന്നു ശേഷയ്യാശാസ്ത്രിയെ നിയമിക്കയുണ്ടായി. മഹാരാജാവിനും മാധവരായക്കും തമ്മിൽ രസക്ഷയമുണ്ടായതു ശങ്കുണ്ണിമേനോന്റെ ദുരുപദേശത്തലായിരുന്നു എന്നു മാധവരായർ തെറ്റിദ്ധരിച്ചു് ശങ്കുണ്ണിമേനോനെ പലപ്പോഴും ഉപദ്രവിക്കാൻ നോക്കുകപോലും ചെയ്തയുണ്ടായിട്ടുണ്ടു്. അദ്ദേഹം ഉദ്യോഗത്തിൽനിന്നു പിരിഞ്ഞതായി അറിഞ്ഞപ്പോൾ മേനോൻ ദിവാൻജിയാവും എന്നു ജനങ്ങൾ പലരെക്കെ വിശ്വസിച്ചിരുന്നു. പരമാർത്ഥത്തിൽ അദ്ദേഹത്തിനു ആ സ്ഥാനലാഭത്തിൽ യാതൊരു മോഹവും ഉണ്ടായിരുന്നില്ല. മൂന്നു ഡിവിഷനുകളിൽ പേഷ്കാർ ഉദ്യോഗം വഹിച്ചു് അവകളിലെല്ലാം പ്രചരിച്ചിരുന്ന കൊള്ള, കൈക്കൂലി, കൂട്ടായ്മവെപ്പു മുതലായ അക്രമങ്ങളെ ഉന്മൂലനം ചെയ്യും വിദ്യാഭ്യാസപ്രചരണാർത്ഥം കഴിയുന്ന പ്രയത്നങ്ങൾ ചെയ്യും ജീവിച്ചു നിസ്വാർത്ഥചിത്തനായിരുന്ന ആ മഹാനുഭാവൻ. ഈ മാധവരായക്കും ഒടുവിൽ അനുഭവപ്പെടാതിരുന്നില്ല. എന്തുകൊണ്ടെന്നാൽ മാധവരായർ ഉദ്യോഗത്തിൽനിന്നു പിരിഞ്ഞതു് രാജകോപം നിമിത്തമാണെന്നു കണ്ണാകണ്ണികയാ അറിഞ്ഞു ജനങ്ങൾ അദ്ദേഹത്തിനു

യാതൊരു സഹായവും ചെയ്യുകൊടുക്കുകയുണ്ടായില്ല. സ്വബന്ധു ജനങ്ങൾപോലും—മുതുക്കിപ്പുറഞ്ഞാൽ അദ്ദേഹത്തിനാൽ പല തുടേയും തലയ്ക്കുമീതെ ഉയർത്തപ്പെട്ട ഉററബന്ധുപോലും—അദ്ദേഹത്തിനെ കൈവെടിഞ്ഞു. വള്ളങ്ങളും വണ്ടികളും കിട്ടാതെ അദ്ദേഹം വളരെ വിഷമിച്ചു പ്രയാസപ്പെട്ടു. എന്നാൽ മാധവരായർ ഒരുവിധം അലപ്പുഴ എത്തിയപ്പോഴേയ്ക്കു അദ്ദേഹത്തെ സ്വീകരിപ്പാനായി മി. മേനോൻ അവിടെ കാത്തുനിന്നിരുന്നു. അവിടം മുതൽ കൊച്ചിവരെയുള്ള യാത്ര സുകരമായിരുന്നു. മി. മേനോൻ ഈ വിഷയത്തിൽ രാജകോപം ഉണ്ടാകുമെന്നു ശങ്കിക്കപോലും ചെയ്തില്ല. ഈ ഉദാരകൃത്യം മാധവരായരുടെ ഹൃദയത്തിൽ പശ്ചാത്താപം ഉളവാക്കി എന്നു പറയേണ്ടതില്ലല്ലോ. മഹാരാജാവാകട്ടെ ഈ വിവരം അറിഞ്ഞപ്പോൾ സന്തോഷിച്ചതേയുള്ളു. ഉദ്യോഗത്തിൽനിന്നു പിരിഞ്ഞുപോകുന്ന തന്റെ മേലധികാരിയോട് ഇങ്ങനെ പെരുമാറിയ മി. മേനവന്റെ ഉചിതജ്ഞതയേയും ഉദാരചിത്തതയേയും ശ്ലാഘിച്ചു തിരുമനസ്സുകൊണ്ടു് അദ്ദേഹത്തിനു് ഒരു തീട്ടൂരം അയയ്ക്കുപോലും ചെയ്തു.

പിന്നീടു് മാധവരായർ ശങ്കുണ്ണിമേനോനെ ക്രമേണക്രമേണ കത്തുകൾ അയച്ചുകൊണ്ടിരുന്നു എന്നുകൂടി ഇവിടെ പ്രസ്താവയോഗ്യമാണു്. 1053-ൽ മാധവരായർ വീണ്ടും തിരുവിതാംകൂർ സന്ദർശിച്ചു കാലത്തു ശങ്കുണ്ണിമേനോന്റെ സ്വഭാവത്തെ ചെന്നിരുന്നുകണ്ടുമാത്രമല്ല അദ്ദേഹത്തിനു് ഒരു സ്വർണ്ണഘടികാരവും വാച്ചും സമ്മാനിക്കയുമുണ്ടായി.

ശ്രേഷ്ഠന്റെശാസ്ത്രിയുടെ കാലത്തു തിരുവിതാംകൂറും കൊച്ചിയുമായി ചില അതിർത്തിത്തർക്കങ്ങൾ ഉൽഭവിച്ചപ്പോൾ, അതിനെപ്പററി അന്വേഷണം നടത്താൻ നിയുക്തനായതു ശങ്കുണ്ണിമേനോനായിരുന്നു. അദ്ദേഹത്തിനെ സഹായിപ്പാനായി പിള്ളവീട്ടിൽ മാധവൻപിള്ള, ചൊക്കലിംഗംപിള്ള എന്നിവരെക്കൂടി വിട്ടിരുന്നു. അവർ രണ്ടുപേരും മേനോന്റെ ശിഷ്യന്മാരായിരുന്നതിനാൽ അതിസമർത്ഥന്മാരായിരുന്നു. മാധവൻപിള്ള പിൽക്കാലത്തു പേഷ്കാരായും ചൊക്കലിംഗംപിള്ള ജഡ്ജിയായും വളരെ ശോഭിക്കാൻ ഇടവരികയും ചെയ്തു. അന്വേഷണം തീർന്ന

നാണപിള്ള തിയന്റെ.

ഉടനെ പേഷ്ക്കാർ വിശേഷാൽപടിയായി അനുവദിച്ചിരുന്ന 200 രൂപയും കൂറവുചെയ്യണമെന്നു ദിവാൻജി എഴുതിയിട്ടും മഹാരാജാവു് സമ്മതിക്കായ്കയാൽ ആ 200 രൂപ കൂടി കൂട്ടി അദ്ദേഹത്തിന്റെ ശമ്പളം 800 ആക്കി വർദ്ധിപ്പിച്ചു. ഇങ്ങനെ മഹാരാജാവിന്റെ തിരുമുള്ളത്തിനു് എല്ലാ വിധത്തിലും പാത്രമായ ശങ്കുണ്ണിമേനോനെ മഹാരാജാവു് ദിവാൻപദത്തിൽ നിയമിക്കുമായിരുന്നു. പക്ഷെ അദ്ദേഹത്തിനു് ഉദ്യോഗത്തിൽ നിന്നു പിരിയണമെന്നുള്ള ആഗ്രഹം തുടങ്ങീട്ടു കുറേക്കാലമായിരുന്നു. തിരുവിതാംകൂർചരിത്രം പൂർത്തിയാക്കുന്ന വിഷയത്തിൽ ബദ്ധശ്രദ്ധനായിരുന്നതുകൊണ്ടു് അദ്ദേഹത്തിനു ദിവാൻ പദത്തിൽ കാംക്ഷ ജനിച്ചതേയില്ല. പരമാത്മത്തിൽ മി. നാണുപിള്ളയെ ദിവാൻജിയായി നിയമിച്ചതു ശങ്കുണ്ണിമേനോന്റെ അഭിപ്രായംകൂടി അറിഞ്ഞതിന്റെ ശേഷമായിരുന്നുവത്രേ.

നാണുപിള്ള ദിവാൻജി.

മി. നാണുപിള്ള മുപ്പുതുകൊല്ലത്തോളം സർക്കാരിനെ സേവിച്ചു ഒരു ഉത്തമ റവന്യൂ ഉദ്യോഗസ്ഥനായിരുന്നു.

പ്രധാന സംഭവങ്ങൾ.

1053 തുലാമാസത്തിൽ മദ്രാസ് ഗവർമ്മെണ്ടു് അഞ്ചു തെങ്ങിനെ അഞ്ചുകൊല്ലത്തേക്കു പാട്ടമായി തിരുവിതാംകൂറിനു വിട്ടുകൊടുത്തു.

1054-ൽ സദർക്കോടതി പരിഷ്കരിച്ചു് ജഡ്ജിമാരുടെ എണ്ണം മൂന്നായി കുറച്ചു. ഈ കോടതിക്കു പൊതുവേയും അതിലെ കുറെ ജഡ്ജിക്കു പ്രത്യേകിച്ചും ഉള്ള ഭൂമതലങ്കളെയും കീഴ്ക്കോടതിയുടെ മേലുള്ള പരിശോധനാധികാരങ്ങളെയും ക്ലിപ്തപ്പെടുത്തി. പോക്കുവരവു ചട്ടങ്ങൾ നടപ്പാക്കി; കോതയാറണ നിർമ്മിക്കാനായി ഒരു പദ്ധതി നിർമ്മിച്ചു; പ്രാരംഭസർവ്വേ നടത്തി; പല സർക്കാർ, കോടതികൾ, വഴിയമ്പലങ്ങൾ മുതലായവ പുതുതായി പണിയിക്കപ്പെട്ടു. പുനലൂർ പാലത്തിന്റെ പണി 1054-ൽ പൂർത്തിയാക്കി.

ആയില്യംതിരുനാൾ തമ്പുരാന്റെ കാലത്തു നടന്ന ചില പ്രധാന സംഭവങ്ങൾ.

ജൂണിയർ റാണിയായ പാർവ്വതിഭായി തിരുമനസ്സിലെ കിളിമാന്നൂർ കോയിത്തമ്പുരാനെക്കൊണ്ടു 1057 മകരം 27-ാംനു പള്ളിക്കെട്ടുനടത്തി. ആ തിരുമേനി 1041 ചിങ്ങം 26-ാംനു രേവതിതിരുനാൾ കേരളവർമ്മ തമ്പുരാനെയും 1041 മേടം 8-ാംനു മകയിരംതിരുനാൾ തമ്പുരാനെയും, 1043 വൃശ്ചികം 19-ാംനു ചതയംതിരുനാൾ രാമവർമ്മ തമ്പുരാനെയും 1047 വൃശ്ചികം ഒൻപതാംതീയതി മാർത്താണ്ഡവർമ്മ തമ്പുരാനെയും പ്ര സവിച്ചു. അവരിൽ മകയിരംതിരുനാൾ 1050-ൽ നാടുനീങ്ങി. 1052-ൽ മൂലംതിരുനാൾ യുവരാജാവിന്റെ ജ്യേഷ്ഠസഹോദര നായ അത്തംതിരുനാൾ തമ്പുരാനും പരലോകം പ്രാപിച്ചു.

മഹാരാജാവിന്റെ പരലോകപ്രാപ്തി.

1055 മേടമാസത്തിൽ മഹാരാജാ തിരുമനസ്സിലേക്കു് അലസ്യം പിടിപെട്ടു. ഒരാഴ്ചവട്ടത്തോളം എളയതമ്പുരാൻ ശു ശ്രൂഷാപൂർവ്വം അവിടത്തെ ശുശ്രൂഷിച്ചു. ഈ രണ്ടു തമ്പുരാക്കന്മാർ തമ്മിൽ കുറച്ചുകാലമായി നല്ല സൈ്വരമുണ്ടായിരുന്നില്ല. ഈ ശുശ്രൂഷകണ്ടപ്പോൾ തിരുമനസ്സിലേക്കു ഹൃദയം തുറന്നു. ഇങ്ങനെ അന്ത്യദശയിലെങ്കിലും അവിടുത്തേക്കു സഹോദരനോടു രഞ്ജിക്കാനിടയായി. 1055 എടവം 19-ാംനു അവിടുന്നു സ്വർഗ്ഗാ രോഹണംചെയ്തു.

ഈ തിരുമനസ്സുകൊണ്ടു 1860 അക്ടോബർ 19-ാംനു സിംഹാസനാരൂഢനായശേഷം പരിഷ്കൃതവും പുരോഗമനപ്ര വണവും ആയ രാജ്യമീമാംസയെ അനുവർത്തിച്ചു ഭരണം നിർവ്വഹി ച്ചുപോന്നതിനാൽ തിരുവിതാംകൂർ നാട്ടുരാജ്യങ്ങളിൽവെച്ചു പ്ര ഥമഗണനീയമായിത്തീർന്നു. വെയിൽസിലെ രാജകുമാരൻ അദ്ദേ ഹത്തെപ്പറ്റി ഇപ്രകാരം പ്രസ്താവിക്കയുണ്ടായി.

"മഹാരാജാവു് 44 വയസ്സു പ്രായമുള്ള ഒരു ക്ഷത്രിയവം ശജൻ ആകുന്നു. അദ്ദേഹം മഹാരാഷ്ട്രം, തമിഴ്, ഹിന്ദു സ്ഥാനി, തെലുങ്കു്, ഇവയ്ക്കുപുറമേ ഇംഗ്ലീഷും നല്ലപോലെ എഴു തുകയും ധാരാളമായി സംസാരിക്കയും ചെയ്യുന്നു. അദ്ദേഹം

ശ്രീവിശാഖംതിരുനാൾ രാമവർമ്മ.

നല്ല സംസ്കൃതവ്യുൽപന്നനും പണ്ഡിതന്മാരുമായി സാഹിത്യ വിഷയകമായ വാദംനടത്തുന്നതിൽ തൽപ്പരനുമാകുന്നു. സംഗീത പ്രയോഗത്തിൽ അതിചതുരനും, സമയനിഷ്ഠയും കൃത്യബോധവും ഉള്ള ഒരു കാര്യകുശലനും ആണു്. ശാസ്ത്രങ്ങളിലും സ്വമത ത്തിലും അഭ്യേഹത്തിനു വളരെ പ്രതിപത്തിയുണ്ടു്"

ആധുനികതിരുവിതാംകൂറിന്റെ സ്ഥാപകൻ വാസ്തവ ത്തിൽ അയില്യംതിരുനാൾ തന്നെ ആയിരുന്നു. അവിടുന്നു കാളി ദാസന്റേയും ഷേക്സ്പീയരുടേയും ചില നാടകങ്ങളെ ഭാഷാന്ത രപ്പെടുത്തീട്ടുണ്ടു്. അവിടുന്നു രചിച്ച ശാകുന്തളഗദ്യവിവർത്തനം അതിമനോഹരമായിട്ടുണ്ടു്.

അദ്ധ്യായം ൫൪.

വിശാഖംതിരുനാൾ രാമവർമ്മ.

1055—1060.

അയില്യംതിരുനാൾ മഹാരാജാവിന്റെ ജ്യേഷ്ഠഭ്രാതാവായ കേരളവർമ്മത്തമ്പുരാനെപ്പോലെതന്നെ കനിഷ്ഠസഹോദരനായ ഉത്രാടംതിരുനാളും ശ്രുന്യബുദ്ധികളായിരുന്നതുകൊണ്ടു് രാജ്യാവ കാശികർ നടപ്രാക്രമം അയില്യംതിരുനാളും വിശാഖംതിരുനാ ളും ആണെന്നു 36-ാമാണ്ടു നാടുനീങ്ങിയ തമ്പുരാന്റെ കാലത്തു തന്നെ തീർച്ചപ്പെട്ടിരുന്നു. അതനുസരിച്ചു 1055 മീഥുനം 6-ാംനു വിശാഖംതിരുനാൾ മഹാരാജാവു രാജ്യഭാരം ആരംഭിച്ചു.

അവിടുന്നു് 1012-ാമാണ്ടു് ജനിച്ചു. പിതാവായ തിരുവല്ലാ കോയിത്തമ്പുരാനും മാതാവായ ശ്രീമതിനീലായിത്തമ്പുരാട്ടിയും സംസ്കൃതഭാഷയിൽ വളരെ പാണ്ഡിത്യമുള്ളവരായിരുന്നു. മാതാവു് സംസ്കൃതത്തിൽ നല്ല അത്ഭുതമർക്കര ത്തോടക്രൂടി നിരവധി പദ്യങ്ങൾ രചിച്ചിട്ടുണ്ടു്. ആ തമ്പുരാട്ടിക്കു് ഏഴു സ്വന്തം ങ്ങൾ ഉണ്ടായിരുന്നവരിൽ കടവിലാത്ത പുത്രനായിരുന്നു വിശാഖംതിരുനാൾ. മൂന്നുപേർ ബാല്യത്തിലേതന്നെ മരിച്ചുപോയി. രണ്ടുപേർ ബുദ്ധിക്കു സ്ഥിരതയില്ലാ ത്തവരായും തീർന്നു. വിശാഖംതിരുനാൾ തമ്പുരാൻ ജന്മനാതന്നെ ബലഹീനനായി രുന്നു. രണ്ടുമാസത്തേക്കു മാതുലാളനം ഏല്പിക്കുന്നതിനേ ഹേതവിധി അവിടത്തേ അനുവദിച്ചിരുന്നുള്ളു. പാർവതീഭായിറാണിയാണു് പിന്നീടു് അവിടത്തെ വളർത്തി യതു്; എന്നാൽ സ്വമനോവികാരങ്ങളെ നിയന്ത്രണംചെയ്യുന്നതിലും ത്രിവിധകര ണങ്ങളാലും സുസ്ഥിരമായും പക്ഷപാതരഹിതമായും അവിചലിതമായ നീതിനി

ഷ്യയോടുക്രൂടിയും പ്രവർത്തിക്കുന്ന വിഷയത്തിൽ അവിടുത്തേക്കു മാതൃകയായിരുന്നതു് സ്വപിതാവായിരുന്നു. പന്ത്രണ്ടാമത്തെ വയസ്സുവരെ ഇംഗ്ലീഷു—സുബ്ബരായരുടെ അടുക്കൽ വിദ്യ അഭ്യസിച്ചു അനന്തരം അദ്ദേഹത്തിന്റെ പള്ളിവായന നടത്തുന്നതിനായി മാധവരായരെ ചുമതലപ്പെടുത്തി. എന്നാൽ നാലുകൊല്ലം കഴിഞ്ഞപ്പോൾ മാധവരായർ സക്കാരുദ്യോഗത്തിൽ പ്രവേശിപ്പിക്കയാൽ ഗുരുമുഖേന യുള്ള വിദ്യാഭ്യാസം നിർത്തേണ്ടിവന്നു. അതിനുശേഷം ബുദ്ധിമാനായ തമ്പുരാൻ എഴുത്തിലും വായ്നയിലും നിരന്തരം ഏർപ്പെട്ടുകൊണ്ടിരുന്നു. അവിടുന്നു ആയുഷ്കാലം മുഴുവനും ഒരു വിദ്യാർത്ഥിയായിരുന്നു. സകല ശാസ്ത്രങ്ങളിലും അനുപ്രവേശിക്കുത്തക്ക ബുദ്ധിയാണു് അവിടുത്തേക്കു് ഉണ്ടായിരുന്നതു്. അതിനെ അവിടുന്നു നിരന്തരാഭ്യാസത്താൽ നിശിതതരമാക്കിത്തീർത്തു. ഉപന്യാസരചനയിൽ അവിടുന്നു് ബാല്യത്തിലേ സാമർത്ഥ്യം പ്രകാശിപ്പിച്ചുവന്നു. ക്രിമിനൽയുദ്ധകാലത്തു് "യുദ്ധത്തിന്റെ ഭയങ്കരതയും സമാധാനത്തിന്റെ ഗുണങ്ങളും" എന്ന വിഷയത്തെപ്പറ്റി ഇംഗ്ലീഷിൽ രചിച്ച ഉപന്യാസം കല്യൻസംസ്കൃതിന്റെ സവിശേഷമായ പ്രശംസയ്ക്കു പാത്രീഭവിച്ചു. അന്നു അദ്ദേഹത്തിനു പതിനെട്ടു വയസ്സേ പ്രായമുണ്ടായിരുന്നുള്ളു. പിന്നീടു് ജാൺബ്രൂസ് നാർട്ടനാൽ നടത്തപ്പെട്ടിരുന്ന "ഇൻഡ്യൻ സ്പെക്ടേറ്റർമാൻ" എന്ന പത്രത്തിൽ 'ബ്രൂട്ടസ്' എന്ന പേരുവച്ചു് മി. എഫ് എൻ. മാൾട്ടു് ബി അതാലോചിക്കേണ്ട കാര്യങ്ങൾ' എന്ന വിഷയത്തെപ്പറ്റി പ്രക്ഷോഭകരങ്ങളായ ലേഖനപരമ്പര പ്രസിദ്ധപ്പെടുത്തി. മാൾട്ടു് ബി പ്രസ്തുതലേഖനങ്ങളിൽ പ്രസ്താവിച്ച കാര്യങ്ങളിൽ പലതും സസന്തോഷം സ്വീകരിക്കയും ഉണ്ടായി. 1036-ൽ അവിടുന്നു് മദ്രാസിൽ എഴുന്നള്ളി ഗവണ്മെന്റിനെ സന്ദർശിച്ചു. സർ വില്യം ഡനിസൺ തദവസരത്തിൽ അവിടത്തെപ്പറ്റി ഇപ്രകാരം പ്രസ്താവിക്കയുണ്ടായി:—

"എനിക്കു പരിചയമുള്ള നാട്ടുകാരിൽവച്ചു് ഇദ്ദേഹം ഏറ്റവും ബുദ്ധിമാനായിരിക്കുന്നു; ഇപ്പോൾ നാടുവാഴുന്ന ഇദ്ദേഹത്തിന്റെ ജ്യേഷ്ഠഭ്രാതാവും ഇദ്ദേഹത്തിനെപ്പോലെയാണെങ്കിൽ തിരുവിതാംകൂറിന്റെ ഭാവി അത്യന്തം ശോഭനം തന്നെയാണു്."

അചിരേണ അവിടുത്തേക്കു് എഫ്. എം. യു. എന്ന ബിരുദം സിദ്ധിച്ചു. പിന്നീടു് അവിടുന്നു് ഇന്ത്യയിലുള്ള പല സ്ഥലങ്ങളും സന്ദർശിച്ചു, നിരവധി മഹാന്മാരുടെ പരിചയം സമ്പാദിച്ചു. തിരുവിതാംകൂറിൽ അദ്ദേഹം സന്ദർശിക്കാത്തതായി ഒരു മലയോ, പാറയോ, പുരാതനാവിശിഷ്ടങ്ങളോ, ഉണ്ടായിരുന്നില്ല.

തത്വശാസ്ത്രം, സസ്യശാസ്ത്രം, ജ്യോതിഷം മുതലായ ശാസ്ത്രങ്ങളിലും, ശില്പശാസ്ത്രത്തിൽ പ്രത്യേകിച്ചും അദ്ദേഹത്തിനു വിശാലമായ പരിജ്ഞാനം ഉണ്ടായിരുന്നു. നാട്ടിൽ മരച്ചീനി തുടങ്ങിയ സാധനങ്ങൾ പ്രചരിപ്പിച്ചതു് അവിടുന്നായിരുന്നു. ശില്പവിദ്യയിലും അവിടുത്തേക്കു താൽപ്പര്യമുണ്ടായിരുന്നതായി കാണുന്നു.

മാധവരായർ നാടുവിട്ടുപോയകാലത്തു "നാട്ടുകാരനായ ഒരു ഭരണതന്ത്രജ്ഞൻ" എന്ന തലവാചകത്തിൽ കൽക്കത്താ റിവ്യൂവിൽ എഴുതിയ ലേഖനം ആ മഹാത്മാവിനെ ഹോർക്കാറിന്റെ ദൃഷ്ടിയിൽ എത്തിച്ചു. ആ വഴിക്കാണു് മാധവരായർ ഉത്തരോത്തരം ഉയരുവാൻ ഇടയായതു്. ഏകദേശം ഇക്കാലത്തുതന്നെ ഇൻഡ്യഗവണ്മെന്റിന്റെ നിയമനിർമ്മാണസഭയിൽ ഒരു സാമാജികനായിരിക്കുന്നതിനു് രാജകുമാരനെ ഗവണ്മെന്റർജനറൽ ക്ഷണിച്ചുവെങ്കിലും ആരോഗ്യക്കുറവുനിമി

ത്തം അവിടുന്ന് ആ ക്ഷണം സ്വീകരിക്കയുണ്ടായില്ല. സത്യം, വിദ്യാഭ്യാസം, ആരോഗ്യം എന്നീ വിവിധ വിഷയങ്ങളെപ്പറ്റി അവിടുന്നു മലയാളത്തിലും പാലേലംഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

വിശാഖംതിരുനാൾ മഹാരാജാവിന്റെ രാജ്യാഭിഷേകോത്സവസമയത്തു് ബ്രിട്ടീഷ് റസിഡണ്ടായ മാക്ഗ്രിഗർസാഹ്പ് ഇപ്രകാരം അഭിപ്രായപ്പെട്ടു.

"മഹാനെന്ന പേരു സമ്പാദിക്കുന്നതിനു തിരുമനസ്സിലേപ്പോലെ സൌകര്യമുള്ളതായൊരു യുവരാജാവും യാതൊരിക്കലും രാജ്യാഭിഷിക്തനായിട്ടില്ലെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു. തിരുമനസ്സിലേക്കുള്ള യോഗ്യതകളെ പ്രജാക്ഷേമം എന്ന ഏകലക്ഷ്യത്തെ പുരസ്കരിച്ചു് ഉപയോഗിക്കുന്നപക്ഷം—തിരുമനസ്സുകൊണ്ടു് അങ്ങനെതന്നെ ചെയ്യുമെന്നും ഞാൻ വിശ്വസിക്കുന്നു. അതിന്റെ ഫലം തിരുവിതാംകൂറിലേക്കു മാത്രമല്ല സിദ്ധിക്കുന്നതു്. ഹിന്ദു രാജ്യം മുഴുവനും അതു പ്രതിഫലിച്ചു കാണുന്നതാണു്.....

.....

.....

ഞാൻ ഇപ്രകാരം പ്രസ്താവിക്കുന്നതു് രാജാക്കന്മാരോടു സംസാരിക്കുമ്പോൾ വേണ്ടതായ ഉപചാരം അനുസരിച്ചുല്ല. എന്റെ അഭിപ്രായം തിരുമനസ്സിലെ ഏതൽപര്യന്തമുള്ള ചര്യാക്രമത്താലും സപ്രജനവിദിതമായ തിരുമനസ്സിലെ പഠിപ്പിനാലും സ്വഭാവഗ്രഹണത്താലും നല്കപ്പെട്ടുന്ന പ്രബലമായ അടിസ്ഥാനത്തിന്മേൽ സ്ഥാപിതമാകുന്നു."

തിരുമനസ്സുകൊണ്ടും ഈ അവസരത്തിൽ ഇപ്രകാരം പ്രസ്താവിച്ചു:—

ഞാൻ ഇപ്പോൾ വഹിക്കാൻ പോകുന്ന ഈ ഭാരത്തിന്റെ മഹനീയതയേയും ഗൌരവത്തേയും പരിപാവനതയേയും പറ്റി എനിക്കു പൂർണ്ണബോധമുണ്ടു്. എന്നാൽ ഏതദ്വിഷയത്തിൽ എനിക്കുള്ള യോഗ്യതക്കുറവിനേയും ഞാൻ പൂർണ്ണമായി അറിയുന്നു. മുക്ഷ്യോപലക്ഷ്യം സഹജീവികളുടെ ഭരണകർതൃത്വപദത്തിന്റെ എന്റെ കായികവും മാനസികവും ആയ ശക്തികൾ എത്രമാത്രം അപര്യാപ്തമെന്നു ഞാൻ നല്ലപോലെ അറിയുന്നു.....

ഈ മാതിരി ഉള്ള അവസരങ്ങളിൽ പൊതുജനതയുടെ പ്രത്യാശകൾ സീമാതീതങ്ങളായിരിക്കും; എന്നാൽ അവ എത്രത്തോളം ഉയർന്നിരിക്കുന്നുവോ അത്രയ്ക്കു നിരാശയ്ക്കാണ് വഴി. പക്ഷെ എന്റെ പ്രജകളുടെ ക്ഷേമത്തെ പുലർത്തുന്നതിനും നിഷ്കളങ്കമായി രാജ്യഭാരം നടത്തുന്നതിനും ഞാൻ യാവച്ഛക്യം ശ്രമിക്കുന്നതാണ്.

വലിയകോയിത്തമ്പുരാന്റെ മോചനം.

കേരളഭാഷായോഷയുടെ സുകൃതകല്പദ്രുമവും സകലകലാവല്ലഭനും ആയ കേരളവർമ്മ വലിയകോയിത്തമ്പുരാനെ ആസ്ഥാനത്തിരുന്നാൽ തിരുമനസ്സുകൊണ്ട് എപ്പോഴോ കാരണവശാൽ കേവലം ബന്ധനസ്ഥനെന്നോണം പാർപ്പിച്ചിരുന്നു. മഹാരാജാവ് ആദ്യമായി ചെയ്തത് ആ മഹാനുഭാവനെ മോചിപ്പിച്ചിട്ട് 'പ്രേമാവാസപ്രിയതമവിയോഗത്തിനാലാത്തമായി'രുന്ന ലക്ഷ്മീഭായി ആറുങ്ങൽ മൂത്തതമ്പുരാനെ സന്തോഷിപ്പിക്കുക എന്ന പാവനകൃത്യമായിരുന്നു. വലിയകോയിത്തമ്പുരാൻ "ഇവ്വപ്രാണേശ്വരിയുടെ വിയോഗത്തിനാലും നാടുനീങ്ങിയതിനാലൊരുവനളവാം മാനസഭ്രമത്തിനാലും കഷ്ടപ്പെട്ട്" ഒരു നാലഞ്ചുകൊല്ലം ബന്ധനസ്ഥനെന്നോണം ജീവിതം കഴിച്ചുകൂട്ടുകയുണ്ടായി.

തിരുമനസ്സുകൊണ്ട് രാജ്യഭാരം ഏറ്റു കഴിച്ചു മൂന്നുമാസം കഴിഞ്ഞ ഉടനെതന്നെ നാണുപിള്ളയെ ദിവാൻഉദ്യോഗത്തിൽ നിന്നു പിരിച്ചുവിട്ടിട്ട് പത്തിരുപതുകൊല്ലങ്ങൾക്കു മുൻപുതന്നെ തനിക്കു പരിചിതനായിരുന്ന രാമസ്വാമിശാസ്ത്രിയാരെ ദിവാൻജിയായി നിയമിച്ചു. നാണുപിള്ളയ്ക്കു ഉചിതമായ പെൻഷനും അവിടുന്നു അനുവദിച്ചു.

നാണുപിള്ള ഇരുണ്ടിയൽ താലൂക്കിൽ നെയ്യൂർ എന്ന ദിക്കിൽ 1002 മേടം പന്ത്രണ്ടാംതീയതി ജനിച്ചു. അദ്ദേഹത്തിന്റെ പിതാവായിരുന്ന മേക്കോട്ടു നാഗൻതമ്പി കരുകലിനാനും മഹാപണ്ഡിതനുമായിരുന്നു. പിതാവുതന്നെയാണ് അദ്ദേഹത്തിനെ സംസ്കൃതം പഠിപ്പിച്ചിട്ടുള്ളത്. കുറച്ചുകാലം കഴിഞ്ഞു നെയ്യൂരിലെ ലണ്ടൻമിഷൻ ഇംഗ്ലീഷ് പള്ളിക്കൂടത്തിൽ ചേർന്ന് അദ്ദേഹം പഠിത്തംതുടങ്ങി. അവിടത്തെ പഠിത്തം തീർന്നശേഷം, നാഗർകോവിൽ സ്കൂളിൽ പഠിക്കുന്നകാലത്തു് അദ്ദേഹത്തിന്റെ പ്രഥമാധ്യാപകനായ മിസ്റ്റർ മില്ലർ "നാണു വളരെ ബുദ്ധിമാനാണ്." എന്നു പ്രസ്താവിക്കയുണ്ടായി. അദ്ദേഹം ബുദ്ധിശാലിയും സുശീലനും സത്യനിഷ്ഠനും രാജഭക്തനുമാരിൽ അഗ്രഗണ്യനും ആയിരുന്നു. നാണുപിള്ള നാഗർകോവിൽ സ്കൂൾ വിട്ടശേഷം തിരുവനന്തപുരത്തെ ഫ്രീ സ്കൂളിൽ ചേർന്നു പഠിച്ചു പലസമ്മാനങ്ങൾ വാങ്ങിച്ചു.

കല്ലൻസായ്പ് ഉദയഗിരിയിൽ ഇരിക്കുന്ന കാലത്തു് നാണുപിള്ള അദ്ദേഹത്തിനെ ചെന്നുകണ്ടു. സായ്പ് അദ്ദേഹത്തിനെ ഒരു വാളന്റീയരായി ജോലിയിൽ പ്രവേശിപ്പിച്ചു. ക്രമേണ അദ്ദേഹം ഒരു ഗുമസ്തപ്പണി സമ്പാദിച്ചു. കല്ലൻ ഇതു യുവാവിന്റെ കൃത്യനിഷ്ഠകണ്ടു സന്തോഷിക്കയാൽ, ഹർജിത്തുറയുടെ മനേജരായി അദ്ദേഹത്തിനെ നിയമിച്ചു. റസിഡണ്ടുദ്യോഗത്തിൽനിന്നു പിരിഞ്ഞ അവസരത്തിൽ അദ്ദേഹം നാണുപിള്ളയെപ്പറ്റി ഇപ്രകാരം പ്രസ്താവിച്ചു:—

"ഹർജിത്തുറയുടെ മാനേജരായ നാണുപിള്ള നാലുകൊല്ലംവരെ വാളന്റീയരായും പിന്നീടു പത്തുകൊല്ലത്തോളം റസിഡണ്ടുകച്ചേരിയിലെ ഒരു സ്ഥിരജീവനക്കാരനായും ജോലി നോക്കിട്ടുണ്ടു്. അയാൾ ആദ്യം നെയ്യൂർ മിഷൻസ്ക്കൂളിലും പിന്നീടു" തിരുവനന്തപുരത്തെ രാജകീയ ഗ്രാമ്മർ സ്ക്കൂളിലും ഇംഗ്ലീഷ് ഭാഷ അഭ്യസിച്ചു. 1846-ൽ ഞാൻ ഉദയഗിരി സന്ദർശിക്കാൻ പോയപ്പോഴാണു് അയാൾ തന്റെ ഇംഗ്ലീഷ് പരിജ്ഞാനംകൊണ്ടു സർവ്വഗ്രാഹികമായ ബുദ്ധിശക്തികൊണ്ടും എന്റെ ശ്രദ്ധയെ ആകർഷിച്ചതു്. അയാൾ സപ്രസാമർത്ഥ്യത്താലും കൃത്യനിഷ്ഠയാലും എനിക്ക് അതീവ സംതൃപ്തി നല്കിയിരിക്കുന്നു."

മാർത്താണ്ഡവർമ്മമഹാരാജാവിന്റെ കാലത്തു അസിസ്റ്റന്റു പോലീസ് ശിരസ്തദാരായി അദ്ദേഹം സർക്കാർജോലിയിൽ പ്രവേശിച്ചു. അദ്ദേഹം മാധവരായരുടേയും വിശാഖംതിരുനാൾ എളയതമ്പുരാന്റെയും പ്രീതിക്കു പ്രത്യേകം പാത്രീഭവിച്ചു. അചിരേണ തെക്കൻഡിവിഷൻ പേഷ്ക്കാരുദ്യോഗം അദ്ദേഹത്തിനു ലഭിച്ചു. ലാന്റ്മിഷനറിമാരുടെ പ്രക്ഷോഭപ്രദേശമാണെങ്കിലും തന്റെ നയചാതുരികൊണ്ടും കാര്യക്ഷമതകൊണ്ടും, അദ്ദേഹം പേഷ്ക്കാരുദ്യോഗത്തിൽ അത്യന്തം ശോഭിച്ചു. അക്കാലത്തു മാധവരായർ അദ്ദേഹത്തിനു് അയച്ച ഒരു കത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരുന്നു:—

"ഇപ്രകാരം വിശ്വാസപൂർവ്വമായും കൃത്യനിഷ്ഠയോടും മനഃപൂർവ്വമായും രാജ്യസേവനം തുടർന്നുകൊണ്ടിരുന്നാൽ, നിങ്ങൾ ഉദ്യോഗത്തിൽ ഇനിയും ഉയരുമെന്നു മാത്രമല്ല എനിക്കു പറവാനുള്ളതു്. നിങ്ങളുടെ സ്വന്ത ശ്രേയസ്സുമാത്രമല്ല ഇപ്പോൾ പരീക്ഷണഘട്ടത്തിലിരിക്കുന്നതെന്നു നിങ്ങൾ ഓർത്തുകൊള്ളണം. ഇന്ത്യൻ ജനതയുടെ സ്വഭാവഗുണവും വാസ്തവത്തിൽ ഇപ്പോൾ പരീക്ഷണദശയിൽ ഇരിക്കുന്നു. കർമ്മകുശലതയിൽ മാത്രമല്ല സർവ്വപ്രകാരേണയുള്ള സത്യനിഷ്ഠയിലും, അഭ്യസ്തവിദ്യന്മാരായ തദ്ദേശീയയുവാക്കന്മാർക്കു യൂറോപ്യന്മാരോടു കിടനില്ക്കുവാൻ സാധിക്കുമെന്നു കാണിച്ചുകൊടുത്താൽ, ഇന്ത്യൻ ജനതയ്ക്കു് ഒരു വലിയകാര്യം സാധിച്ചുകൊടുത്തതായി വിചാരിക്കാം. ഈ സംഗതിയുടെ പ്രാധാന്യത്തെ നിങ്ങൾ പൂർണ്ണമായി ഗ്രഹിച്ചിട്ടുണ്ടെന്നു് ഇതുവരെയുള്ള നിങ്ങളുടെ പ്രവൃത്തികളിൽനിന്നു കാണുന്നതിൽ എനിക്ക് അനല്പമായ സന്തോഷമുണ്ടു്."

അക്കാലത്തെ പ്രധാന ഉദ്യോഗസ്ഥന്മാരും മിഷണറിമാർപോലും നാണുപിള്ളയെ വളരെ പ്രശംസിച്ചു കാണുന്നതിൽനിന്നു് അദ്ദേഹത്തിന്റെ ഭരണം എത്ര ശോഭനമായിരുന്നെന്നു നമുക്ക് ഊഹിക്കാം. സർ, ടി. മാധവരായർ മജാലിയിൽനിന്നു പിരിഞ്ഞകാലത്തു ദിവാൻ ചാജ്ജു വഹിച്ചതു നാണുപിള്ളയായിരുന്നു. അക്കൊല്ലത്തെ ഭരണറിപ്പോർട്ടിനെപ്പറ്റി മദ്രാസ് ഗവണ്മെന്റു ചെയ്ത വിമർശത്തിലും നാണുപിള്ളയെക്കുറിച്ചു പ്രശംസാർത്ഥപദത്തിൽ കുറെ രണ്ടു വാക്കുകൾ

പറഞ്ഞിരുന്നു. 1953-ൽ അദ്ദേഹം ദിവാൻജിയായി നിയമിക്കപ്പെട്ടു. എന്നാൽ കോതയാറണ തുടങ്ങി അദ്ദേഹം ആരംഭിച്ചുവച്ച പലേ കാര്യങ്ങൾ സാധിക്കുന്നതിനു മുമ്പു് ഉദ്യോഗത്തിൽനിന്നു പിരിയേണ്ടിവന്നു. വിശ്രമാവസരത്തെ ഈശ്വരസേവയ്ക്കായും തിരുവിതാംകൂർ ചരിത്രനിർമ്മാണത്തിനായും അദ്ദേഹം വിനിയോഗിച്ചു. 1886 ആഗസ്റ്റ് 14-നു- അദ്ദേഹത്തിന്റെ പരിശുദ്ധജീവനം അവസാനിച്ചു.

പരിഷ്കാരങ്ങൾ.

മഹാരാജാവിനു് ഓരോ ദിവയെയും പരിപൂർണമെന്ന ആഗ്രഹമുണ്ടായിരുന്നു. അതിലേക്കായിട്ടാണു് രാമയ്യങ്കാരെ വരുത്തിയതു്. തന്റെ ജീവിതം പരിമിതമാണെന്നും അതിനിടയ്ക്കു പലതും സാധിക്കാനുണ്ടെന്നും കാലവിളംബം വരുത്തുന്നതു് ഉചിതമല്ലെന്നും അവിടുന്നുകണ്ടു; അല്പകാലത്തിനുള്ളിൽ പലതും സാധിക്കയും ചെയ്തു.

കരക്കുടിശിക.

എട്ടുലക്ഷം രൂപയോളം ഭൂനികുതിവകയിൽ പിരിയാതെ കിടന്നിരുന്നു. പ്രജകളെ ഉപദ്രവിക്കുന്ന വിഷയത്തിൽ പകുതി ഉദ്യോഗസ്ഥന്മാർക്കു വേണ്ടുവോളം അവസരം നല്കിയ ഈ കരക്കുടിശിക മുഴുവനും തിരുമനസ്സുകൊണ്ടു് എഴുതിത്തള്ളുകൊടുത്തു.

വ്യാജമുദ്രകയിലവ്യാപാരം തടയുന്നതിനായി അതിന്മേലുള്ള തീരുവ കുറച്ചു; ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വർദ്ധിപ്പിച്ചു; നിയമങ്ങളേയും വിളംബരങ്ങളേയും ക്രോഡീകരിച്ചു പ്രസിദ്ധീകരിക്കാനായി ഒരു കമ്മിറ്റി ഏർപ്പെടുത്തി.

പോലീസുപരിഷ്കാരം.

1056-ലെ നാലാംറഗുലേഷനാൽ പോലീസ് സൈന്യത്തെ ഉടച്ചുവാർത്തു. പഴയ പോലീസുവകുപ്പു് കുറക്കാരെ കണ്ടുപിടിച്ചു ശിക്ഷിക്കുന്ന വിഷയത്തിൽ അപര്യാപ്തമായിരുന്നു. അതിനാൽ പോലീസുകാരുടെയും മജിസ്ട്രേട്ടന്മാരുടേയും അധികാരങ്ങളെ വേർപെടുത്തുകയും പോലീസ് സൈന്യത്തെ കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്തു. പോലീസ് സൈന്യത്തെ ഒരു പ്രത്യേക ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലാക്കി.

ജുഡിഷ്യൽപരിഷ്കാരം.

ജുഡിഷ്യൽ ഡിപ്പാർട്ടുമെണ്ടാണ് പിന്നീടു ദിവാന്റെ ശ്രദ്ധയ്ക്കു വിഷയീഭവിച്ചതു്. ബ്രിട്ടീഷ് ഇൻഡ്യയിലെ ക്രിമിനൽ നടപടിക്രമവും പീനൽകോടും ഇവിടെയും നടപ്പിൽ വരുത്തി. ജില്ലാക്കോടതികളേയും മുൻസിപ്പുകോടതികളേയും സംബന്ധിച്ചു നിയമങ്ങളെ ഭേദപ്പെടുത്തി ഒരു സിവിൽകോടു റഗുലേഷനും സദിർകോടതിയെ പരിഷ്കരിക്കുന്നതിനു രണ്ടാമതൊരു നിയമവും പ്രസിദ്ധീകരിച്ചു. സദിർകോടതി ജഡ്ജിമാരുടെ സംഖ്യ മൂന്നിൽനിന്നു അഞ്ചായി വർദ്ധിപ്പിക്കയും ചീഫ് ജസ്റ്റീസിനെയും നാലു പ്പണി ജഡ്ജിമാരെയും ഹിന്ദുനിയമം സംബന്ധിച്ചു ഉപദേശിക്കാനായി ഒരു പണ്ഡിതനെയും നിയമിക്കയും ചെയ്തു. സ്മാൾകേസ്സുകളെ തീർച്ചചെയ്യുന്നതിനുള്ള അധികാരം മുൻസിപ്പന്മാക്കു നല്കി; ജില്ലാക്കോടതികളുടെ സംഖ്യ കുറച്ചു.

റവന്യൂപരിഷ്കാരം.

റവന്യൂത്തുറയിലെ ജീവനക്കാരുടെ ഇടയിൽ ചില പരിഷ്കാരങ്ങൾ വരുത്തി. ദിവാൻപേഷ്കാരുടെ മേൽനോട്ടത്തിൽ ഇരുന്നിരുന്ന ഉപ്പുഡിപ്പാർട്ടുമെണ്ടിനെ പുതുക്കി ഒരു ഡിപ്യൂട്ടി പേഷ്കാരുടെ അധികാരത്തിൻകീഴിൽ ആക്കി. പരിഷ്കൃതരീതിയിൽ കണ്ടെഴുത്തു നടത്തുന്നതിനായി സെറ്റിൽമെൻറു പേഷ്കാക്കു ആവശ്യമുള്ള അധികാരം നല്കുന്ന ഒരു തിരുവെഴുത്തു വിളംബരം 1058-ൽ പ്രസിദ്ധീകരിച്ചു. അതിലേക്കു ശങ്കരസുബ്ബയ്യരെ കണ്ടെഴുത്തു ദിവാൻപേഷ്കാരായി നിയമിച്ചു.

മറ്റു ചില്ലറ പരിഷ്കാരങ്ങൾ.

പല ചില്ലറ നികുതികളും നിർത്തി; മുദ്രപ്പുറാഹ്ലേഷൻ നടപ്പാക്കി, ചില ഊഴിയവേലകളും വേണ്ടെന്നുവച്ചു; കൃഷിയുടെ അഭിവൃദ്ധിക്കായി പ്രദർശനങ്ങളും നടത്തി; കാപ്പിക്കും തേയിലക്കും മറ്റും കയറുമതിത്തീരുവയും കുരുപ്പിനു് ഇറക്കുമതിച്ചുങ്കവും നിർത്തലാക്കി.

കൊച്ചിയുമായുള്ള തക്കം.

ഈ തക്കം കുറേക്കാലത്തിനുമുമ്പേ തുടങ്ങിയതാണു് അതി നെപ്പറ്റി ആലോചിപ്പാനായി ഒരു കമ്മിറ്റി ഏർപ്പെടുത്തിയ തായി മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ഒരു തീർച്ചയും ഉണ്ടാ കാതെ കിടന്നിരുന്ന ഈ തക്കങ്ങളെ അവസാനിപ്പിക്കുന്നതിനു ഒരു മാർഗ്ഗമേ ഉണ്ടായിരുന്നുള്ളു. 1055-ൽ ഇരുഭാഗക്കാരും ചേർന്നു മദ്രാസ് ഗവണ്മെൻറിന്റെ മദ്ധ്യസ്ഥത്വത്തിൽ അതിനെ വിട്ടുകൊ ടുപ്പാൻ കരാറു ചെയ്തു. മദ്രാസ് ഗവണ്മെണ്ടാകട്ടെ ജെ. സി. ഹാ നിങ്ടൻ എന്നൊരു സിവിലിയനെ അതിലേക്കു നിയമിച്ചു. അദ്ദേഹം ഇരുഭാഗക്കാരുടെയും വാദങ്ങൾകേട്ടു തീർച്ചചെയ്യുന്ന തിനും അതിന്മേൽ അപ്പീൽ പാടില്ലെന്നുമായിരുന്നു അന്നത്തെ നിശ്ചയം.

എന്നാൽ ഇടിയറമാടിനെ സംബന്ധിച്ചു അന്ത്യം കൊ ച്ചിക്കു് അനുകൂലമായി ചെയ്തിരുന്ന മദ്ധ്യസ്ഥതീർച്ചയെ മദ്രാസ് ഗവണ്മെണ്ടു റദ്ദുചെയ്തതിനാൽ ആ സ്ഥലം തിരുവിതാംകോ ട്ടേക്കു അടങ്ങി. തച്ചടയകയ്മളെ അവരോധിക്കാനുള്ള അധി കാരം തിരുവിതാംകൂറിനുള്ളതാണെന്നു തന്നെയായിരുന്നു മധ്യ സ്ഥവിധി. എന്നാൽ ആ വിധിയനുസരിച്ചു് ഒരു കയ്മളെ അവ രോധിപ്പാനായി നിശ്ചയിച്ചപ്പോൾ നാട്ടുകാർ വിരോധിച്ചു് തിരുവിതാംകൂറിലെ പുരോഹിതനും തന്ത്രിയും ആയ നെടുമ്പുള്ളി തരണനല്ലൂർ നമ്പൂരിപ്പാട്ടിലേക്കു ലഹളയിൽ പങ്കുകൊ ണ്ടുകയും തിരുവിതാംകൂർ ദിവാൻപേഷ്കാക്കു ക്ഷേത്രത്തിൽ ഓടി രക്ഷപ്പെടേണ്ടതായിവരികയും ചെയ്തു. തന്മൂലം അതിൽ സംബ ന്ധിച്ചു ആളുകളെ ക്രമപ്രകാരം കൊച്ചീസർക്കാർ ശിക്ഷിക്കുകയും തൽസംബന്ധമായി തിരുവിതാംകൂർ ഗവണ്മെണ്ടിനോടും മദ്രാസ് ഗവണ്മെൻറിനോടും സമാധാനം ചോദിക്കയും ചെയ്യേണ്ട തായിവന്നു. ഒടുവിൽ തിരുവിതാംകൂറിൽനിന്നു അപരാധം. മുറയ്ക്കു നടത്തുകയും ചെയ്തു.

ഇളങ്കുന്നപ്പുഴ, അന്നമനട, പെരുമന ഈ മൂന്നു ക്ഷേത്ര ങ്ങളും കൊച്ചിയിലേക്കു തന്നെയെങ്കിലും, അവയ്ക്കുള്ള സ്ഥ ാനുക്കളുടെ കാര്യവിചാരം ചെയ്യാനുള്ള അവകാശം തിരു

വിതാംകൂറിനുണ്ടെന്നായിരുന്ന അവയെ സംബന്ധിച്ചുള്ള തീർച്ച. ഈ തീർച്ച. പിന്നീട് പലേ അസൌകര്യങ്ങൾക്കും ക്ലേശങ്ങൾക്കും ഇടയാക്കിയെന്ന വഴിയേ കാണാം.

ഈ വാദങ്ങൾ ഏത്ര വാശിയോടുകൂടിയവയായിരുന്നുവെന്ന കൊച്ചിയിലെ ദിവാൻജിയായിരുന്ന ശങ്കുണ്ണിമേനോന്റെയും ദിവാൻപേഷ്കാരായിരുന്ന ശങ്കുണ്ണിമേനോന്റെയും കുറിപ്പുകളിൽനിന്ന ഗ്രഹിക്കാം. കൊച്ചീദിവാന്റെ ഒന്നരണ്ടു കുറിപ്പുകൾ ഇവിടെ ഉദ്ധരിക്കാം.

1878 അക്ടോബർ 17 മുതല്ക്ക 20 വരെ.

കൊല്ലം,
അക്ടോബർ 18.

നാണുപിള്ളദിവാൻ പതിനൊന്നുമുക്കാൽമണിക്ക് എന്റെ വാസസ്ഥലത്തുവന്നു. ഞങ്ങൾ ഒരുമിച്ചു കൊല്ലംറസിഡണ്ടിന്റെ ബംഗ്ലാവിൽപോയി. നാണുപിള്ള റസിഡണ്ടിന്റെ കൈയിൽ ഒരു മെമ്മോ കൊടുത്തു. മിസ്റ്റർ ഹാനിങ്ടൺ പേഷ്കാർ ശങ്കരയ്യർ എഴുതിയിരുന്നതിൽ നിന്ന ചില ഭാഗങ്ങൾ വായിച്ചു. പിന്നീടു രണ്ടു രാജ്യക്കാരും തമ്മിൽ സമ്മതിച്ചെഴുതേണ്ടുന്ന ഉടമ്പടിയുടെ ഒരു പകർപ്പു തയ്യാറാക്കി. അതിൽ ഇളങ്ങുന്നപ്പുഴ മുതലായ സ്ഥലങ്ങളുടെ തക്കത്തപ്പുറമുള്ളരേഖകൾ മുതലായതു ഇപ്പോൾ മാസം 1-നു-ക്ക മുമ്പു റസിഡണ്ടിന്റെ അടുക്കൽ അയച്ചുകൊടുക്കണം എന്നും റസിഡണ്ടിന്റെ തീർച്ച അവസാനതീർച്ചയായി വിചാരിച്ചുകൊള്ളണമെന്നും അതിന്മേൽ തിരിച്ചു കല്പിടുന്നതിനു രണ്ടു രാജ്യക്കാരും കമ്മീഷണന്മാരെ നിയമിക്കണമെന്നും അവർക്കൂടി നിശ്ചയിച്ചു. അതിന്മേൽ തിരിക്കണമെന്നും അവർ തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായാൽ അവയെപ്പറ്റി രണ്ടു ദിവാൻജിമാരും കൂടി ആലോചിച്ചു തീർച്ചചെയ്യണമെന്നും ദിവാൻജിമാർതമ്മിലും അഭിപ്രായവ്യത്യാസമുണ്ടായാൽ മദ്ധ്യസ്ഥന്റെ നിലയിൽ റസിഡണ്ടു ചെയ്യുന്ന തീർപ്പു അവസാനതീർപ്പായി വിചാരിക്കണമെന്നും മറും വിവരിച്ചിരുന്നു.

19-ാംതീയതി രാവിലെ തിരുവിതാംകൂർ ദിവാൻജിയെക്കാണാൻ പോയിരുന്നു. ഉടമ്പടിയുടെ ഓരോ ഭാഗങ്ങളെപ്പറ്റിയും

വളരെ തക്കമുണ്ടായി. ഇടിയറമലയെ സംബന്ധിച്ചിട്ടുള്ള തക്കം കൂടി ഈ ഉടമ്പടിയിൽ ചേക്കണമെന്നും ഞാൻ നിർബന്ധിച്ചു എന്നാൽ ആ സംഗതി വളരെക്കാലംമുമ്പുതന്നെ തീർച്ച ചെയ്തു പോയി എന്നും അതു് ഈ ഉടമ്പടിയിൽ ചേർത്താൽ ഇതേവരെ അതു തീർച്ചയാകാത്ത ഒരു സംഗതിയാണെന്നും വിചാരിക്കുമെ ന്നും ഈ കാരണങ്ങളാൽ ആ ഒരു സംഗതി ഈ ഉടമ്പടിയിൽ ചേർക്കാൻ നിവൃത്തിയില്ലെന്നും തിരുവിതാംകൂർ ദിവാൻ നിർബ്ബ ന്ധമായിപ്പറഞ്ഞു. മലയാറ്റൂർ മലകളുടെ മേലുള്ള സർവ്വാധികാ രവും ഒഴിഞ്ഞുകൊടുത്തിരിക്കുന്നതായി കാണിക്കുന്ന ഒരു തിരു വെഴുത്തു വിളംബരത്തിന്റെ കാപ്പി അവർ കാണിച്ചു. അതിൽ ഇടിയറ മലകൾ കൂടി ഉൾപ്പെട്ടിട്ടുണ്ടെന്നു് അവർ പറയുന്നു. മുമ്പു തീർച്ചപ്പെട്ടുപോയ സംഗതികളെപ്പറ്റി വീണ്ടും ആലോ ചിക്കുന്നതല്ല എന്നുള്ള ഒരു ഭാഗം കൂടി ഈ ഉടമ്പടിയിൽ ചേ ർക്കണമെന്നു അവർ പറയുന്നു. ഇതിന്റെ ഉദ്ദേശം ഞാൻ ഇടി യറമലകൾ മുതലായ ചില പ്രദേശങ്ങളുടെ അവകാശത്തെപ്പ റ്റി വാദിക്കുന്നതു ഫലിക്കാതെയിരിക്കുവാനാണു്. എന്നാൽ ഞാൻ ഈ ഭാഗത്തെപ്പറ്റി വളരെ ബലമായിട്ടു തടുത്തുപറഞ്ഞു. റസിഡണ്ടു് ഇന്നേദിവസം വൈകുന്നേരം തിരുവനന്തപുരത്തേ ക്കു പോകുന്നതിനാൽ ഞങ്ങൾ രണ്ടാളും റസിഡൻസിക്കു ചെ ല്ലേണ്ടതെന്നും ഒരു എഴുത്തു റസിഡൻറു് മിസ്റ്റർ ഫാനിങ്ടൺ കൊടുത്തയച്ചു.....

.....

ദിവാൻജിയും പേഷ്കാർ ശങ്കുണ്ണിമേനോനും 12 മണിക്കു എന്നെ കാണാൻവന്നു. റസിഡൻസിയിൽവച്ചു ഉടമ്പടിയിൽ ചേർക്കണമെന്നു് അവർ പറഞ്ഞ ഭാഗത്തെപ്പറ്റി എതിർത്തുവാ ദിച്ചു.....

.....

വ്യശ്ചികം 10-ാംനു-

തിരുവിതാംകൂർ ദിവാൻജിയുടെ ഒരു എഴുത്തിന്റെ കാപ്പി യും അടക്കംചെയ്തു റസിഡണ്ടിന്റെ എഴുത്തുകിട്ടി. അതിൽ ഇടിയറമലകൾ മുതലായ സ്ഥലങ്ങളെ ഉടമ്പടിയിൽ കൊള്ളി ച്ചുകൂടാ എന്നു പറഞ്ഞിരുന്നു. എന്നാൽ ഞാൻ ഇതിനെ സമ്മതി

ച്ചില്ല. തുപ്പൂണിത്തുറച്ചെന്ന രാജാവിനോടു വിവരം അറിവിച്ചു. എന്റെ അഭിപ്രായത്തിൽ തന്നെ അവിടുന്നും ചേർന്നു.....
....."

ചില പ്രധാന സംഭവങ്ങൾ.

1056-ൽ മദ്രാസ് ഗവണ്ണരായ ബക്കിംങ്ഹാംപ്രഭു ഈ സംസ്ഥാനം സന്ദർശിച്ചു. അടുത്തകൊല്ലത്തിൽ മഹാരാജാതിരുമനസ്സുകൊണ്ടു ഉത്തരഇന്ത്യയ്ക്കു എഴുന്നള്ളി. ആ ദേശാടനത്തിനിടയ്ക്കു അവിടുന്നു മദ്രാസ്, പൂന, ബോംബെ, കല്ക്കത്ത, അലഹാബാദ് മുതലായ നഗരങ്ങളെ സന്ദർശിക്കയും ഗയാസ്നാനം നടത്തുകയും ചെയ്തു. തിരിച്ചെഴുന്നള്ളുംവഴി അവിടുന്നു ഫോർട്ടുകർ മഹാരാജാവിന്റെ അതിഥ്യം സ്വീകരിച്ചു.

1057 ഇടവത്തിൽ അവിടുത്തേയ്ക്കു ജീ. സീ. എസ്. ഐ. എന്ന ബിരുദം ലഭിച്ചു. എന്നാൽ അതിലേക്കുള്ള സ്ഥാനചിഹ്നങ്ങൾ 1058 മകരത്തിലാണു് നല്കപ്പെട്ടതു്; അതിലേക്കു അവിടുന്നു സഹോദരിനേയികളേയും കൂട്ടിക്കൊണ്ടു മദ്രാസിലേക്കു എഴുന്നള്ളി.

1059-ൽ അവിടുന്നു രാമേശ്വരം സന്ദർശിച്ചു. 959-നു ശേഷം ആ പുണ്യസ്ഥലം സന്ദർശിച്ച തമ്പുരാൻ വിശാഖംതിരുനാളായിരുന്നു.

ഈ മഹാരാജാവിനു ഫെല്ലോഷഫ് ടിലിനിയൻസൊസൈറ്റി, ഫെല്ലോ അഫ് ടി ജിയോഗ്രഫിക്കൽസൊസൈറ്റി, ഫെല്ലോ അഫ് ടി റായൽ ഏഷ്യാറ്റിക്ക് സൊസൈറ്റി, ഫെല്ലോ അഫ് ടി സ്റ്റാറ്റിസ്റ്റിക്കൽ സൊസൈറ്റി, ഓഫീസിയർ ഡിലാഇൻസ്ട്രക്ഷൻപബ്ലിക്, മെംബർ ഡിലാസൊസയിറ്റെ എറ്റ്നോളോഗിയൽ, ഏ മാരിറ്റൈയിംപാരിസ് എന്നിങ്ങനെ പലേ സ്ഥാനങ്ങളുണ്ടായിരുന്നതിൽനിന്നു അവിടുന്നു, ഏതെല്ലാം ശാസ്ത്രങ്ങളിൽ നിഷ്ണാതനായിരുന്നുവെന്നു തെളിയുന്നു.

ചരമഗതി

1060-ാമാണ്ടു് അവസാനത്തിൽ അവിടുത്തേക്കു അസ്വസ്ഥം ആരംഭിച്ചു. കർക്കടകം 21-ാനു നാടുനീങ്ങി.

ഈ മഹാരാജാവിനെപ്പററി ബാരിസ്ററർ ജീ. പി. പിള്ള ഇന്ത്യയിലെ മഹാന്മാർ എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം വിവരിച്ചിരിക്കുന്നു.

"രാമവർമ്മമഹാരാജാവു് സിംഹാസനാരൂഢനായ അന്നു്, സക്കാരുദ്യോഗസ്ഥന്മാക്കുണ്ടാകാവു ദൊഷ്യങ്ങളിൽവച്ചു ഏററവും നിന്ദ്യമായുള്ളതു കൈയ്ക്കൂലിയാണെന്നുള്ള ബോധം അതിവിദൂരത്തുള്ള കുന്നുകളിൽ പാക്കുന്ന മലവേടനുപോലും പെട്ടെന്നുണ്ടായി. വ്യഭിചാരംപോലെ കൈക്കൂലിയും കണ്ടുപിടിക്കാനും കണ്ടുപിടിച്ചാൽ തെളിയിക്കാനും പ്രയാസമുള്ളതാണു്. എന്നാൽ കൈക്കൂലിയുടെ ഗന്ധം കുറച്ചുകിലും രാമവർമ്മമഹാരാജാവിനു കിട്ടിപ്പോയാൽ അദ്ദേഹത്തിന്റെ കോപത്തിൽനിന്നും ആർക്കും അയാളെ രക്ഷിക്കുവാൻ കഴിയുമായിരുന്നില്ല. അപരാധന്മാരെ ശിക്ഷിക്കുന്ന വിഷയത്തിൽ അവിടുന്നു പ്രദർശിപ്പിച്ചിടത്തോളം ശുഷ്കാന്തിസഹ്രണവന്മാരെ രക്ഷിക്കുന്നതിലും അവിടുന്നു കാണിച്ചുവന്നു. അതീവനിപുണയോടുകൂടിയും മുഷിയാതെ കണ്ടും പണിയെടുക്കുന്ന വിഷയത്തിലും അവിടുന്നു സകല ഉദ്യോഗസ്ഥന്മാക്കും ഒരു മാതൃകയായി പരിശോഭിച്ചു. അവിടുത്തെപ്പോലെ അധ്വാനപൂർവ്വം പണിയെടുക്കുന്നവനായി തിരുവിതാംകൂറിൽ ഏതെങ്കിലും ഉദ്യോഗസ്ഥൻ ഉണ്ടായിരുന്നോ എന്നും സംശയമാകുന്നു. രാത്രിയിൽ തന്റെ മേശമേൽ ഉള്ള വിളക്കു കെടുത്തിയതിനുശേഷം കെടുത്തപ്പെടുന്നതോ പുലർച്ചക്കു് ആ വിളക്കു കത്തിക്കുന്നതിനു മുമ്പായി കത്തിക്കപ്പെടുന്നതോ ആയ വിളക്കു തിരുവനന്തപുരം നഗരത്തിൽ യാതൊരാൾക്കും കാണുമായിരുന്നില്ല. തെറ്റു കണ്ടുപിടിക്കുന്നതിൽ അതിസമർത്ഥനായ രാമയ്യങ്കാരാൽ പരിശോധിക്കപ്പെട്ടശേഷം തന്റെ അംഗീകാരത്തിനായി അയക്കപ്പെടുന്ന ഉദ്യോഗികുറിക്കാർട്ടുകൾ കെട്ടുകെട്ടുകളായി എന്നും വൈകുന്നേരത്തു ഏഴു മണിക്കു കൊട്ടാരത്തിൽ പ്രത്യക്ഷപ്പെടും; എന്നാൽ പുലരുംമുമ്പു് അവയെ സവിഷ്കൃഷ്ടം വായിച്ചു സമുചിതമായ തിരുത്തലുകൾ ചെയ്തശേഷം വള്ളിപിലക്കു മടക്കി അയക്കപ്പെടും; അതിനെ തുടർന്നു ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും മേൽ കല്പനാസംബന്ധിയിട്ടുള്ള സകലഉദ്യോഗസ്ഥന്മാർക്കും കെട്ടു തപാ

ലിൽ ഇടുന്നതിനായിക്കൊണ്ടുപോകുന്നതു കാണാം. സൂര്യോദയത്തോടുകൂടി രാമവർമ്മമഹാരാജാവു സവാരിക്കെഴുന്നള്ളുന്നതായി കാണപ്പെടുന്നു; തിരിച്ചെഴുന്നള്ളുന്ന സമയത്തു അവിടത്തെ പിന്നാലെ കൊട്ടാരത്തിലേക്കു കൊണ്ടുപോകുന്ന രാത്രി സാധനങ്ങളെക്കാണുമ്പോൾ ഈ പ്രാതഃകാലിക സവാരി സസ്യശാസ്ത്ര സംബന്ധമായ സാധനങ്ങളുടെ സംഭരണത്തിനു കൂടിയായിരുന്നുവോ എന്നു ആർക്കും തോന്നിപ്പോകും.

കാലത്തു പതിനൊന്നു മണിയാകുമ്പോൾ കുളി, ജപം മുതലായവ യഥാവിധി നിർവ്വഹിച്ചിട്ടു അവിടുന്നു പ്രവൃത്തിക്കു തയാറാകുന്നു. ഈ നിത്യകർമ്മങ്ങളിൽ അവിടുത്തേക്കു അളവറ്റ നിഷ്ഠയുണ്ടായിരുന്നു. തന്റെ ക്ഷീണിച്ച ശരീരത്തിനു ഹാനി സംഭവിച്ചേയ്ക്കുമെന്നുള്ള ഘട്ടങ്ങളിൽപോലും, അവയെ അവിടുന്നു അനുഷ്ഠിക്കാതിരിക്കയില്ല. കാപ്പിഅമൃതെത്തിനുള്ള മണി രണ്ടടിക്കുന്നതുവരെ അവിടുന്നു് രാജമന്ദിരത്തെ സംബന്ധിച്ചും ക്ഷേത്രസിൽബന്ധികളെ സംബന്ധിച്ചും ചില്ലറ സംഗതികളെപ്പോലും ഉപേക്ഷിക്കാതെ ശ്രദ്ധമായി ശ്രദ്ധിക്കും. പിന്നെ ബാക്കിയുള്ള പകൽസമയം രാജ്യഭരണസംബന്ധമായ റിപ്പോർട്ടുകൾ നോക്കിയും ഉദ്യോഗസ്ഥന്മാർക്കു സന്ദർശനം നൽകിയും കഴിച്ചുകൂട്ടും..... .....

.....

ഗവർണ്ണർ സായ്പിന്റെ വരവോ ക്ഷേത്രത്തിൽ ഉത്സവമോ സദ്യയോ മറ്റുവല്ല വിശേഷങ്ങളോ ഉണ്ടാകുമ്പോൾ തത്സംബന്ധമായ കാര്യബാഹുല്യം അവിടത്തെ വിശ്രമാവസരത്തെ കുറച്ചുതല്ലാതെ ദിനചര്യയ്ക്കു വിഘ്നം വരുത്തിയില്ല.

രാജകുടുംബത്തിൽ ജനിച്ചു രാജഗൃഹത്തിലുള്ള വിഭവാഡംബരങ്ങളുടെ അനിവാര്യമായ ആകർഷണത്തെ വകവെക്കാതെയും, ജന്മനാദുർബലമായ ശരീരത്തിൽ ബാല്യംമുതൽ വ്യാധികൾ ചെയ്തുകൊണ്ടിരുന്ന പീഡകളെ കൂട്ടാക്കാതെയും, പാഠാലയപ്രവേശം മുതലായ പ്രരോചനാമാർഗ്ഗങ്ങൾ ഒന്നും അവശ്യപ്പെടാതെയും ആ മഹാപുരുഷൻ സമ്പാദിച്ച പാണ്ഡിത്യകീർത്തി അത്ഭുതാവഹം തന്നെയാകുന്നു."

വിശാഖംതിരുനാൾ തമ്പുരാന്റെ കൃതികൾ.

1. യുദ്ധത്തിന്റെ ഭയംകരതയും സമാധാനത്തിന്റെ ഗുണവും
2. തിരുവിതാംകൂറിന്റെ രാഷ്ട്രീയവിവരണം.
3. എഫ്. എൻ മാർട്ടംബിയുടെ ശ്രുത്യുള്ള ചില വിഷയങ്ങൾ.
4. ഒരു ഏതദ്ദേശീയ രാജ്യതന്ത്രജ്ഞൻ.
5. ജ്യോതിശ്ശാസ്ത്രത്തെപ്പറ്റി ഒരു ലേഖനം.
6. പ്രകൃതിയും ശില്പവും തമ്മിലുള്ള സംബന്ധം.
7. മനുഷ്യമാഹാത്മ്യം.
8. സംസ്കൃതസാഹിത്യത്തിന്റെ സംസ്കാരികമായ വില.
9. നമ്മുടെ വ്യവസായസ്ഥിതി.
10. ഉന്നതവിദ്യാഭ്യാസത്തെപ്പറ്റി ചില അഭിപ്രായങ്ങൾ.
11. സത്യം, വിദ്യാഭ്യാസം, ആരോഗ്യം മുതലായവയെപ്പറ്റിയുള്ള ലഘുപുസ്തകങ്ങൾ.

വിശാഖംതിരുനാൾ മഹാരാജാവു് രാജ്യാശ്രമമുനി എന്നു സ്വയം അഭിമാനിച്ചുവന്നു; വന്യാശ്രമമുനിയായി ജീവിതം അവസാനിപ്പിക്കണമെന്നു് അവിടുത്തേക്കു് അഗ്രഹവുമുണ്ടായിരുന്നു. എന്നാൽ ഹതവിധി അതിനു അനുവദിച്ചില്ല.

അധ്യായം ൬൭.

മൂലംതിരുനാൾ സർ രാമവർമ്മ 1061—1099.

സിംഹാസനാരോഹണം.

1061 ചിങ്ങം 2-ാംന്നു രാവിലെ എട്ടുമണിക്കു തിരുമനസ്സിലെ സിംഹാസനാരോഹണം നടന്നു. അതിനുള്ള കരുക്കൾ നേരത്തേ ചെയ്തിരുന്നു. കൊല്ലത്തു കിടന്നിരുന്ന് ബ്രിട്ടീഷുപട്ടാളത്തെ അതിനുമുമ്പേതന്നെ തിരുവനന്തപുരത്തു ക്ഷണിച്ചുവരുത്തിയിരുന്നു. ഏഴേകാൽ മണിക്കുമുമ്പായി ബ്രിട്ടീഷുപട്ടാളവും നായർപട്ടാളവും തെക്കെതെരുവുമൈതാനത്തിൽ

അണിനിരന്നു. ഏഴടിച്ചു് ഇരുപതുമിന്നിട്ടായപ്പോൾ തിരുമന സ്സുകൊണ്ടു് തെക്കേത്തെരുവിലുള്ള കൂടിക്കാഴ്ച മുറിയിൽ എഴുന്ന ള്ളി. ഏഴരയ്ക്കു ബ്രിട്ടീഷ് റസിഡണ്ടു് മിസ്റ്റർ ഫാനിങ്ടൻ മഹാരാജാ തിരുമനസ്സിലെ തുറുപ്പുകാരാൽ അനുനീതനായിട്ടു വന്നുചേർന്നു. ദിവാൻ രാമയ്യങ്കാർ റസിഡണ്ടിനെ എതിരേറ്റു കൊണ്ടുചെന്നപ്പോൾ രണ്ടാം റെ യുവരാജാവു് അദ്ദേഹത്തെ മുറിയുടെ വാതുക്കലേക്കു വഴികാ ട്ടിച്ചു കൊണ്ടുപോയി. മഹാരാജാ തിരുമനസ്സുകൊണ്ടു സാബ്ബി നെ കൈകൊടുത്തു യഥാസ്ഥാനം ഇരുത്തി. തിരുമനസ്സുകൊണ്ടു റസിഡണ്ടിന്റെയും ബ്രിട്ടീഷ് പട്ടാളത്തിന്റെ നായകനായ കണ്ണൽ ബ്ലൂക്കിന്റെയും മദ്ധ്യേ ആസനസ്ഥനായി. യുവരാജാക്ക ന്മാരും ദിവാൻജിയും യഥാസ്ഥാനം സ്ഥിതിചെയ്തു. റസിഡണ്ടു വർകർ രാജചിഹ്നമായ പൊന്നിൻകിരീടത്തെ തിരുമനസ്സിലെ തുക്കെയിൽ കൊടുക്കയും അവിടുന്നു് അതിനെ സാദരം വാങ്ങി ശ്രീപത്മനാഭനേയും ഗുരുജനങ്ങളെയും ഭക്തിപൂർവ്വം സ്മരി ച്ചുകൊണ്ടു സ്വശിരസ്സിൽ ധരിക്കയുംചെയ്തു. അനന്തരം റസിഡ ണ്ടു് ബ്രിട്ടീഷ്ഗവണ്മെൻറിന്റെ പ്രതിനിധി എന്ന നിലയിൽ കരുവിളംബരം വായിച്ചു. തദവസരത്തിൽ എല്ലാവരും എഴു നേറ്റു നിന്നു. അനന്തരം തിരുമനസ്സുകൊണ്ടും റസിഡണ്ടും പര സ്പരം സമ്മാനങ്ങൾ നൽകി. കല്പനപ്രകാരം മുപ്പത്താറു ജയിൽ പുള്ളികളെവിലങ്ങു വെട്ടിച്ചു് വിടുവിച്ചു. തദനന്തരം തിരുമന സ്സുകൊണ്ടു സഭാസ്യരോടുകൂടി വരാന്തയിൽ എഴുന്നള്ളി. അവിടെ വച്ചു റസിഡണ്ടു് ബ്രിട്ടീഷ് ഗവണ്മെൻറിന്റെ വിളംബരം കൂടി വായിച്ചു. അതിനുശേഷം താഴെ ചേർത്തിരിക്കുന്ന രാജകീയ വിളംബരവും വായിക്കപ്പെട്ടു."

ശ്രീപത്മനാഭദാസബാല രാമവർമ്മ കുലശേഖരകിരീടപതി മനോസുൽത്താൻ മഹാരാജരാജരാമരാജബഹദൂർ ഷംഷേർജംഗ്

മഹാരാജാ അവർകൾ പേക്ഷ പ്രസിദ്ധപ്പെടുത്തുന്ന

വിളംബരം.

എന്തെന്നാൽ നമ്മുടെ അമ്മാവൻ ശ്രീപത്മനാഭദാസ വഞ്ചിപാല കുലശേഖരകിരീടപതി മനോസുൽത്താൻ മഹാരാജ

രാജ രാമരാജബഹദൂർ ഷംഷെർജംഗ് നൈറ്റ് ഗ്രാൻഡ് കമ്മാൻഡർ ആഫ് ദി മോസ്റ്റ് എക്സാൽട്ടഡ് ആർഡർ ആഫ് ദി സ്റ്റാർ ആഫ് ഇൻഡ്യാ, ഫെല്ലോ ആഫ് ദി റായിൽ ജ്യാഗ്രഫിക്കൽ സൊസൈറ്റി, ലണ്ടൻ, ഫെല്ലോ ആഫ് ദി ലിനിയൻ. സൊസൈറ്റി, ലണ്ടൻ, ഫെല്ലോ ആഫ് ദി സ്റ്റാറ്റിസ്റ്റിക്കൽ സൊസൈറ്റി, ലണ്ടൻ, ആഫീസ്സർ ഡിലാ ഇൻസ്ട്രക്ഷൻ പബ്ലിക്ക്, മെമ്പർ ഡിലാ സൊസൈറ്റി ഡസ് എഗ്രാറ്റ്യഡ് സ്സ്കോളോനിയാലിസ് എറ്റ്മാരിട്ടായിമിസ്,പാരീസ് മഹാരാജാ അവർകൾ ഇക്കഴിഞ്ഞ കർക്കടകം 21-ാംതീയതി നാട്ടുനീങ്ങിപ്പോകകൊണ്ടും രാജ്യകാര്യങ്ങൾ നാം വിചാരിപ്പാനുള്ളതെന്നു നിശ്ചയിക്കപ്പെട്ടിരിക്കകൊണ്ടും കീഴ്മര്യാദപ്രകാരവും ബഹുമാനപ്പെട്ട ബ്രിട്ടീഷ് ഗവണ്മെൻറാർ അവർകളുടെ അനുമതിയോടുകൂടിയും രാജ്യകാര്യങ്ങൾ ഒക്കയും നാം വഹിച്ചിരിക്കുന്നതാകകൊണ്ടു ആയതു സകലമാനപേരും അറിഞ്ഞു നടന്നുകൊള്ളുകയും വേണം.

എന്നു്, 1061-ാമാണ്ടു് ചിങ്ങമാസം 2-ാംനു.

വിളംബരവായനയ്ക്കുശേഷം അച്ഛാരവെടികൾ വെയ്ക്കപ്പെട്ടു. തദനന്തരം തിരുമനസ്സുകൊണ്ടു് വീണ്ടും ദർബാർഹാളിനുള്ളിൽ പ്രവേശിച്ചു സിംഹാസനസ്ഥായി. മദ്രാസ് ഗവണ്മെന്റായ ഗ്രാൻഡഫ് അയച്ചിരുന്ന കത്തു തൃക്കൈയിൽ ഏൽപ്പിച്ചു. അതു വിടുന്ന അയ്യ് വായിച്ചുനോക്കിയശേഷം ദിവാൻജിയുടെ കൈയിൽ കൊടുത്തു. ആ എഴുത്തിന്റെ അവസാനഭാഗത്തു ഇപ്രകാരം പ്രസ്താവിച്ചിരുന്നു:—

അവിടുത്തെ ഭരണം സുദീർഘവും അതിഭാസുരവും തിരുമനസ്സിലേക്കു ശ്രേയസ്കരവും പ്രജകൾക്കു ക്ഷേമപ്രദവും ആയിരിക്കട്ടേ എന്നുള്ള എന്റെ നിഷ്കളങ്കമായ അശിസ്സിനെ പ്രസ്താവിച്ചുകൊള്ളുന്നു." മദ്രാസ് ഗവണ്മെന്റുടെ അശിസ് അക്ഷരംപ്രതി ഫലിച്ചു എന്നു അനന്തരസംഭവങ്ങൾ തെളിയിക്കുന്നു. കിഴവൻ തമ്പുരാന്റെ കാലശേഷം ഇത്ര ദീർഘകാലം നാടുവാണ ഒരു രാജർഷി തിരുവിതാംകൂറിൽ ഉണ്ടായിട്ടില്ലല്ലോ.

മഹാരാജാവു തിരുമനസ്സുകൊണ്ടു തദവസരത്തിൽ ചെയ്ത പ്രസംഗം അതിപ്രൌഢവും ഹൃദയാവർജ്ജകവുമായിരുന്നു.

"ഈ ചെറുപ്രായമായ 28-ാമത്തെ വയസ്സിൽ അതി ഗൗര വാവഹമായ രാജ്യഭാരം വഹിക്കുന്നതിനു ഞാൻ ഇങ്ങനെ നി ബന്ധിതനാകുമെന്നുള്ള വിചാരം എനിക്കുണ്ടായിരുന്നില്ല. രമ്പത്തുമുറയ്ക്കു നാടുവാണിരുന്ന എന്റെ പൂവ്വികന്മാർ— കടെ ങ്ങടെ കൂട്ടത്തിൽ എന്റെ അടുത്ത പൂവ്വഗാമികളായി രണ്ടു മൂ ലന്മാരും വിജ്ഞാനസമ്പന്നകൊണ്ടും മഹൽഭാവത്തിലും ഒട്ടും കുറഞ്ഞവരായിരുന്നുമില്ല—ശ്രേയസ്കരമാകുംവണ്ണം വഹിച്ചുപോ ന്ന ഈ സ്ഥാനത്തെ വേണ്ട വിധത്തിൽ വഹിക്കുന്ന വിഷയ ത്തിൽ, അവരുടെ പിൻഗാമിയായിത്തീർന്ന എന്നെ അത്യന്തം പര്യാകുലചിത്തനാക്കിത്തീർക്കുന്നത് പ്രായക്കുറവുകൊണ്ടുള്ള അ പ്രാഗത്ഭ്യതയെക്കാൾ വ്യവഹാരാനഭിജ്ഞത നിമിത്തമുള്ള അപ യ്യാപ്തതയാകുന്നു. എന്റെ ത്രാണിക്കുറവിനെപ്പറ്റി പരിപൂർണ്ണ ബോധം എനിക്കുണ്ടെങ്കിലും, പൊതുവേ ഇന്നത്തെ സ്ഥിതിഗതി കൾ നോക്കിയാൽ ധൈര്യത്തിനും സന്തോഷത്തിനും ധാരാളം വഴികാണുന്നുണ്ട്. ഈ സംഗതികളെപ്പറ്റിയും തദ്വാരാ എനിക്കു ണ്ടായിട്ടുള്ള കൃതജ്ഞതയെപ്പറ്റിയും ഈ അവസരത്തിൽ പ്രസ്താ വിക്കേണ്ടിയിരിക്കുന്നു. എന്റെ പൂവ്വികന്മാരുടെ ശ്രദ്ധാപൂർ മായ ഭരണം വഴിക്കു ഈ പുരാതനരാജ്യം അഭ്യുദയപഥത്തിൽ ഉത്തരോത്തരം ചരിച്ചുകൊണ്ടിരിക്കുന്നു. രാജ്യത്തിന്റെ ധനാഗ മമാർഗ്ഗങ്ങൾ ആശാസ്യമായ നിലയിൽ വർത്തിക്കുന്നു. അതിശോ ഭനമായ ഒരു ഭാവിയുടെ അടിസ്ഥാനം അഴത്തിലും വീതിയിലും ഉറപ്പിക്കപ്പെട്ടു കഴിഞ്ഞു. അതിനാൽ എന്റെ പൂവ്വികന്മാർ തെളിച്ചുതന്നിട്ടുള്ള മാർഗ്ഗത്തിൽക്കൂടി മുന്നോട്ടു പോകേണ്ട ഭാരമേ എനിക്കുള്ളു; ഏതുമാത്രമല്ല ഏതദ്വിഷയത്തിൽ, ഈ നഗരത്തിൽ തന്നേ താമസിച്ചുപോരുന്ന ബ്രിട്ടീഷ് പ്രതിനിധിയുടെ സൌ ഹാർദ്ദപൂർവ്വമായ സഹായവും ഉപദേശവും, മേൽക്കോയ്മയുടെ പി ന്തുണയും എനിക്കു എല്ലായ്പ്പോഴും ഉണ്ടായിരിക്കുമെന്നുള്ള വിശ്വാ സവും സീമാതീതമായിട്ടുണ്ട്.....

.....

അതിഭാസുരവും വിജയശ്രീലാളിതവുമായ ചക്രത്തിന്റെ മാർഗ്ഗം എത്തിയ ഒരു അത്യന്തപ്രയോജനവത്തും അമൂല്യവും ആയ ജീവിതത്തെ, അനന്തരവും മനുഷ്യബുദ്ധിക്കു അവിഷയവു

മായ ജ്ഞാനത്തിനു ഇരിപ്പിടമായ യാതൊരു പരമാത്മാവു് അപ
രിക്കാൻ നിശ്ചയിച്ചുവോ, ആ അനന്തകല്യാണഗുണനിധി
നിൽ തമോമയമായുള്ളതു നീങ്ങുമാറു തേജോവഷ്ടം ചൊരിയു
രം ഗുൽഗ്വലമായുള്ളതിനെ എല്ലാം പരിഹരിച്ചു ശക്തിദാനം
ചയ്യുമെന്നും കർത്തവ്യപഥത്തിൽ നിന്നു് വ്യതിചലിക്കാതെ
എന്നെ കാത്തുകൊള്ളുമെന്നും, യാതൊരു സുകൃതിയുടെ അകാല
നഷ്ടത്താൽ നാം ഇപ്പോൾ ദുഃഖിക്കുന്നുവോ ആ തിരുമേനിയാൽ
ക്ഷുണ്ണമായ മാർഗ്ഗത്തിലൂടെ ചരിക്കുന്നതിനുള്ള മനസ്സും ശക്തിയും
നല്കി, അവിചാരിതമായി എന്റെ രക്ഷയിൽ ഏല്പിക്കപ്പെട്ട
ഒരു ലക്ഷത്തോളം വരുന്ന സമാധാനശീലന്മാരും വ്യവസായി
കളും ആയ പ്രജകളുടെ ക്ഷേമത്തെയും ഐശ്വര്യത്തേയും വർദ്ധി
പ്പിക്കാൻ എന്നെ ഉണിയുള്ളവനാക്കിത്തീർക്കുമെന്നും ഞാൻ ദൃഢ
മായി വിശ്വസിക്കയും അതിനുവേണ്ടി ഹൃദയപൂർവ്വം പ്രാർത്ഥിക്ക
യുംചെയ്യുന്നു."

അനേകദിവസം തിരുമനസ്സുകൊണ്ടു് മൂന്നരലക്ഷംരൂപ കഴ
ക്കൂട്ടിശിക എഴുതിയുചെയ്യുകൊടുക്കയും ജല ദുർഭിക്ഷം ഉള്ള സ്ഥല
ങ്ങളിൽ കിണറുകൾ കുഴിപ്പിച്ചുകൊടുക്കുന്നതിനായി 1500 രൂപ
അനുവദിക്കുകയും ചെയ്തു.

തിരുമനസ്സിലെ യൌവരാജ്യഭാരം.

അവിട്ടത്തു് കൊല്ലം 1033 കന്നി 11-നു തീയതി മൂലം നക്ഷത്രത്തിൽ അവ
തരിച്ചു. അവിട്ടത്തെ മരുമകൻ 997-മാണ്ടിൽ സ്വർഗ്ഗസ്ഥനായ റാണി ലക്ഷ്മീഭാ
യി തിരുമനസ്സിലെ ഭർത്താവും ആയിരുന്നു, വിശേഷം മുതലായ വിശ്വവിശ്രുത
നാമധേയനായ രാമവർമ്മമഹാരാജാവിന്റെ സഹോദരിയും ആയ റാണി ലക്ഷ്മീഭായി തിരുമനസ്സു
കൊണ്ടും, പിതാവു് കേരളത്തിൽ വലിയകോയിത്തമ്പുരാന്റെ മരുമകനും ആയിരുന്ന ചങ്ങനാശ്ശേരി രാജരാജവർമ്മകോയിത്തമ്പുരാനും ആയിരുന്നു. പിതാ
വായ കോയിത്തമ്പുരാൻ മഹാ വിദ്വാനും സകല ശാസ്ത്രപാരംഗതനുമായിരുന്നതു്. മരുമകന്റെ ഗുരുശുശ്രൂഷാചിരകാലം അനുഭവിക്കുന്നതിനു അവിട
ത്തെക്കു ഭാഗ്യമുണ്ടായില്ല. എന്തുകൊണ്ടെന്നാൽ തിരുവയസ്സു പതിനെട്ടാം
ദിവസം മരുമകൻ ഇഹലോകവാസം വെടിഞ്ഞു. ജ്യേഷ്ഠനായ അത്തംതിരുനാൾ
തമ്പുരാനു അന്നു മൂന്നുവയസ്സേയുണ്ടായിരുന്നുള്ളു.

ഈ രണ്ടു രാജകുമാരന്മാരുടേയും പെങ്ങിവയനായ രാമവർമ്മമഹാരാജാവു്
ആദ്യം അച്ഛനുജിരായതേയും പിന്നീടു രണ്ടനുജന്മാരുടേയും നിയമിച്ചു. 1045-ൽ
ശരീരശാസ്ത്രം നിമിത്തം അത്തം തിരുനാൾ തമ്പുരാൻ പഠിപ്പു നിറുത്തി.

അക്കൊല്ലത്തെ ഭരണറിപ്പോർട്ടിൽ സർ. ടി. മാധവരായർ രാജകുമാരന്മാരുടെ വിദ്യാഭ്യാസത്തെപ്പറ്റി ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

"ഇക്കൊല്ലത്തിൽ രാജകുമാരന്മാരുടെ പഠിത്തത്തിൽ താഴെപ്പറയുന്ന വിഷയങ്ങൾ ഉൾപ്പെട്ടിരുന്നു.

വായന,—

ചരിത്രം—ഗോൾഡ് സ്മിത്തിന്റെ റോം. 130 വശം. ഡിസംവിറിയുടെ പ്രാരംഭംമുതൽക്ക് ഇരുപത്തെട്ടയം വിഴറാറിന്റെ സ്ഥാപനംവരെ; ഭൂവിവരണം—യൂറോപ്പ്, ഏഷ്യ 113 വശം. കണക്ക—ദശാംശം തൈരാശികം, വർഗ്ഗമൂലം കണ്ടുപിടിക്കാനുള്ള വഴി.

വ്യാകരണം—സുബ്ബിവാന്റെ വ്യാകരണത്തിൽ ഒരു ഭാഗം.

വിജ്ഞാനത്തിനും വിനോദത്തിനും ഉപയുക്തമായ അനേകം മറ്റു ഗ്രന്ഥങ്ങളും രാജകുമാരൻ വായിച്ചുകൊണ്ടിരുന്നു. അനന്തരം ലോകകാര്യങ്ങളെപ്പറ്റി അറിവു സമ്പാദിക്കാനായി മദ്രാസ് മെയിലും മറ്റൊരു നാട്ടുവർത്തമാനക്കടലാസുകളും വായിക്കാറുണ്ടായിരുന്നു. വർഷാരംഭത്തിൽ, മി. റാസ് കണക്കിലും ചരിത്രത്തിലും ഓരോ പ്രശ്നപത്രം കൊടുത്തും മറ്റുവിഷയങ്ങളിൽ വാങ്മൂലമായും പരീക്ഷ നടത്തി. ഫലം വളരെ തൃപ്തികരമായിരുന്നു.....

.....

സംസ്കൃതപഠനത്തിൽ രണ്ടു രാജകുമാരന്മാർക്കും തൃപ്തികരമായ അഭിവൃദ്ധിയുണ്ടായിട്ടുണ്ട്."

തിരുമനസ്സിലേക്ക് കഴിച്ചു അഞ്ചുവയസ്സുണ്ടായിരുന്നപ്പോഴാണ് സർ വില്യം ഡനിസൺ തിരുവിതാംകൂർ സന്ദർശിച്ചത്. അന്നേ അസ്സാമാന്യമായ ബുദ്ധിശക്തി അവിടുന്നു പ്രദർശിപ്പിച്ചിരുന്നതായി ലേഡി ഡനിസൺ പ്രസ്താവിച്ചിട്ടുണ്ട്. * യൌവനാരംഭത്തിനു മുമ്പുതന്നെ മലയാളം സംസ്കൃതം ഇംഗ്ലീഷ് ഈ ഭാഷകളിൽ അനായാസമായും ഹിന്ദുസ്ഥാനിയിലും തമിഴിലും സമാന്യമായും ഉള്ള പാണ്ഡിത്യം അവിടുന്ന് സമ്പാദിച്ചുകഴിഞ്ഞു.

സംഗീതപ്രയോഗത്തിലും അവിടുത്തേക്കു തല്പരത്വമുണ്ടായിരുന്നു. അവിടുന്നു ഇംഗ്ലീഷ് ഭാഷ അന്യോന്യശ്രമമായ വിധത്തിൽ പുഴുതുകയും വായിക്കുകയും ചെയ്യുന്നതിനു റസിഡണ്ടായ മി. ജെ. ഡി, ഠീസ്സും, മിസ്സർ ഗ്രിഫിത്തും പ്രസ്താവിച്ചിട്ടുണ്ട്.

കാണുന്നുണ്ട്.

അവിടുത്തെ പ്രഥമസഹോദരിയും ഉത്തരകേരളവർമ്മ വലിയകോയിത്തമ്പുരാന്റെ പത്നിയുമായ ലക്ഷ്മീഭായി ആറാമ്മൽ മൂന്നാമ്പുരാൻ തിരുവയർ വാണിട്ടില്ലെങ്കിലും, ആറാമ്മൽ എളയതമ്പുരാൻ നാലു പുത്രസന്താനങ്ങൾക്കു മാതൃത്വം വഹിക്കയാൽ മൂലംതിരുനാൾതമ്പുരാന് ഭാഗിനേയസമ്പത്തും വർദ്ധിച്ചു. 1040 ചിങ്ങം 6-ാംന- രേവതിതിരുനാൾ തമ്പുരാനും 1041 മേടം എട്ടാംതീയതി മകയിരം തിരുനാൾ തമ്പുരാനും 1043 പുത്രികം 19-ാംന- ചതയംതിരുനാൾ തമ്പുരാനും 1047 പുത്രികം 9-ാംന- അശ്വതിനാൾതമ്പുരാനും ജാതരായി.

പതിനാറാമത്തെ തിരുവയസ്സിൽ തിരുമാടമ്പുത്സവം യഥാവിധി നടത്തപ്പെട്ടു. അതിനുശേഷവും ജ്ഞാനസമ്പാദന വിഷയത്തിൽ അശ്രാന്തപരിശ്രമം ചെയ്തുകൊണ്ടേ ഇരുന്നുവെങ്കിലും 1050-ൽ ജ്യേഷ്ഠസഹോദരന്റെ അകാലമൃ

ത്സംഗംനിമിത്തം അവിടത്തെ ഉത്സാഹത്തിനു വലിയ ഭംഗംസംഭവിച്ചു. വിനോദത്തിലും വിദ്യാഭ്യാസത്തിലും തന്റെ നിത്യസഹചരനായിരുന്ന ജ്യേഷ്ഠൻ തിരുമേനിയുടെ രൂപം അവിടത്തെയുള്ളാരിക്കലും മറക്കാൻ സാധിച്ചിരുന്നില്ല.

1055-ൽ തിരുമനസ്സുകൊണ്ടു് ആയില്യംതിരുനാൾ തമ്പുരാന്റെ അനുമതിയോടുകൂടി ആ തിരുമനസ്സിലെ സൽഗുണവതി ആയ ഭത്തുപുത്രിയെ പട്ടം കെട്ടുകയും ഇട്ടു. അതേകൊല്ലത്തിൽതന്നെ ആയില്യംതിരുനാൾ നാടുനീങ്ങുകയാൽ നമ്മുടെ രാജകുമാരൻ അടുത്ത എളമുറത്തമ്പുരാനായി.

രണ്ടുകൊല്ലംകൂടി കഴിയുന്നതിനുമുമ്പു് അവിടത്തെ പ്രിയപത്നി പരലോകം പ്രാപിച്ചു. പിന്നീടു് കൊച്ചുശ്രീനാരായണൻതമ്പി എന്ന പേരിൽ അറിയപ്പെട്ട ഒരു ശിശുമാത്രമേ, തിരുമനസ്സിലേക്കു പത്നീവിയോഗസമയത്തിൽ താങ്ങായിട്ടുണ്ടായിരുന്നുള്ളു.

1057-ൽ മൂലംതിരുനാൾ യുവരാജാവു് വിശാഖംതിരുനാൾ തമ്പുരാന്റെ അനുമതിയോടുകൂടി ബാംഗ്ലൂർ, മദ്രാസു് മുതലായ ദിക്കുകളെ സന്ദർശിച്ചു. രണ്ടുകൊല്ലം കഴിഞ്ഞു് കൊച്ചീരാജാവിന്റെ ക്ഷണം അനുസരിച്ചു അവിടെ എഴുന്നള്ളുകയും ആ യാത്രയിൽ മലബാർക്കുടെ സന്ദർശിക്കയുംചെയ്തു.

മഹാരാജാവിന്റെ ഭരണാരംഭത്തിൽ രാമയ്യങ്കാർ തന്നെ ദിവാൻ ഉദ്യോഗം വഹിച്ചു് മുമ്പു തുടങ്ങിവച്ചിരുന്ന കണ്ടെഴുത്തു ജോലികൾ ശക്തിപൂർവം തുടർന്നു. കണ്ടെഴുത്തുജോലികളുടെ സാമാന്യ വിവരങ്ങൾ അടങ്ങിയ ഒരു വിളംബരവും വിരുത്തിക്കാരുടെ അനുഭോഗത്തെ സംബന്ധിച്ചു അന്വേഷണം നടത്തുന്നതിനെപ്പറ്റി മറെറാരു വിളംബരവും തിരുമനസ്സുകൊണ്ടു പ്രസിദ്ധീകരിച്ചു.

ദിവാൻ രാമയ്യങ്കാരുടെ മറു പരിഷ്കാരങ്ങൾ.

1061-ലെ രണ്ടാംറ്റൂലേഷൻ.

സിവിൽക്കോടതികളിലെ വിധിനടത്തു നിർത്തിവയ്ക്കുന്നതിനും ക്രിമിനൽശിക്ഷകളെ തല്ക്കാലത്തേക്കു നിർത്തിവയ്ക്കുന്നതിനും ഉള്ള അപേക്ഷകളെ കേട്ടു തീർച്ചചെയ്യാൻ ഈ റ്റൂലേഷൻ ഹൈക്കോടതിയിലെ മറവെയ്ക്കേഷൻജഡ്ജിയെ അധികാരപ്പെടുത്തി.

1064-ലെ നാലാംറ്റൂലേഷൻ.

ബ്രിട്ടീഷ് ഇൻഡ്യയിലും കൊച്ചീസംസ്ഥാനത്തും ഉള്ള കോടതികളിലെ വിധികൾ തിരുവിതാംകൂറിൽ നടത്തുന്നതിനു് ഇവിടത്തെ കോടതികൾക്കു അധികാരം നൽകി. അതിലേക്കു കൂടുതലും ചട്ടങ്ങളും നടപ്പാക്കി.

മുൻസിപ്പുദ്യോഗത്തിനും വക്കീൽപ്പണിക്കും ബ്രിട്ടീഷ്ഗവ ണ്മെണ്ടിന്റെയും മദ്രാസ് സർവ്വകലാശാലയുടെയും പരീക്ഷകൾ ജയിച്ചിരിക്കണമെന്നു വ്യവസ്ഥചെയ്തു.

ദിവാൻ ഉദ്യോഗത്തിൽനിന്നു പിരിഞ്ഞു.

1062 ധനുവിൽ രാമയ്യങ്കാർ ആറുകൊല്ലത്തെ ഭരണശേഷം 700 രൂപാ പെൻഷൻ പറ്റിക്കൊണ്ടു ഉദ്യോഗത്തിൽനിന്നു പിരിഞ്ഞു.

മി. രാമയ്യങ്കാരുടെ ജീവചരിത്ര സംക്ഷേപം.

അദ്ദേഹം 1001-ാമാണ്ടു് മദ്രാസ് പട്ടണത്തിൽ ജനിച്ചു. പിതാവ് റവന്യൂബോർഡ് ആഫീസിലെ ഒരു ക്ലാർക്കായിരുന്നു. അദ്ദേഹത്തിന്റെ കനിഷ്ഠപുത്രനായ രാമയ്യങ്കാർക്ക് ബാല്യത്തിൽ നല്ല ശരീരസുഖം ഇല്ലാതിരുന്നതിനാൽ ഈ ബാലൻ സ്വമാതുലനായ വെങ്കടകം കൃഷ്ണയ്യങ്കാർക്ക് പാലാറിന്റെ കരയിലുണ്ടായിരുന്ന ഗ്രാമത്തിലാണു് കഴിച്ചുകൂട്ടിയതു്.

മദ്രാസ് ഗവണ്മെൻറുവകയായ ഒരു സ്കൂൾ സ്ഥാപിച്ചപ്പോൾ രാമയ്യങ്കാരെ പഠിക്കുവാനായി അവിടെ അയച്ചു. ഇങ്ങനെ രാമയ്യങ്കാരും സർ ടി മാധവരായരുടെ സഹപാഠിയായിരുന്നു, ഈ കൂട്ടി അഛിരേണ 'അഭിജ്ഞൻ' എന്ന ബിരുദവും പൌവ്വൽ സായ്പിന്റെ ഹൃദയപൂർവ്വമായ അനുഗ്രഹവും സമ്പാദിച്ചു. പ്രകൃതിശാസ്ത്രത്തിലും അദ്ദേഹത്തിനു വളരെ പ്രതിപത്തിയുണ്ടായിരുന്നു.

കഷ്ടിച്ചു മാത്രം കാലക്ഷേപത്തിനുള്ള ഒരു കുടുംബത്തിലെ അംഗമായിരുന്നതിനാൽ, മാതാപിതാക്കന്മാർക്കുതാൻ ഒരു ഭാരമായിത്തീരരുതെന്നു വിചാരിച്ചു ഈ ബാലൻ പഠിത്തത്തിൽ അത്യന്തം ശ്രദ്ധാനുകാണിക്കയും പച്ചയ്യപ്പധർമ്മഭണ്ഡാരകാര്യ വാഹികളാൽ ഏർപ്പെടുത്തപ്പെട്ട സ്കോളർഷിപ്പു് സമ്പാദിക്കയും ചെയ്തു.

പഠിപ്പുതീർന്നശേഷം അയ്യങ്കാർ റെവന്യൂബോർഡ് സെക്രട്ടരായിരുന്ന സർ താമസ് പൈക്രാഫ്റ്റിന്റെ കച്ചേരിയിൽ ഒരു ട്രാൻസ്ലേറ്ററായി നിയമിക്കപ്പെട്ടു. ആ നിലയിൽ റവന്യൂ

രേണസംബന്ധമായ വിപുലജ്ഞാനം അദ്ദേഹം സമ്പാദിച്ചു. 1025-ൽ അദ്ദേഹം നെല്ലൂർ കളക്ടരുടെ കച്ചേരിയിൽ ഹെഡ് മുൻസിഫ് ഉദ്യോഗം സ്വീകരിക്കയും 1029 വരെ ആ ഉദ്യോഗത്തിൽ ഇരിക്കയുംചെയ്തു. എന്നാൽ ആ വർഷത്തിൽ പൊതുമരാമത്തുശാഖ രൂപവൽകൃതമായപ്പോൾ, ഗവണ്മെണ്ടു് രാമയ്യങ്കാരെ ഗവണ്മെണ്ടു് ചീഫ് സെക്രട്ടറിയുടെ കീഴിൽ ഡിപ്യൂട്ടി രജിസ്ട്രാറായി നിയമിച്ചു. അങ്ങനെ മരാമത്തു സംബന്ധിച്ചു ജോലികളും അദ്ദേഹത്തിനു് പരിചിതമായി. അടുത്ത കൊല്ലത്തിൽ അദ്ദേഹം നെല്ലൂർ ജില്ലയിൽ നായിബു് ശിരസ്തദാരായി നിയമിക്കപ്പെട്ടു. ആ ഉദ്യോഗത്തിൽ ഇരിക്കുമ്പോൾ ജില്ലാകളക്ടരായ എഫ്. ബി. എൽടൻ സായ്പു് അദ്ദേഹത്തിനെ ഇപ്രകാരം പ്രശംസിക്കയുണ്ടായി:—

"ഈ മാതിരിയുള്ള പുരുഷന്മാരാണു് തങ്ങളുടെ രാജ്യത്തിന്റെ യഥാർത്ഥബന്ധുക്കൾ: ഏതു സ്ഥിതിയിൽ ഇരിക്കുന്നതിനാണോ തങ്ങൾക്കു് ഇടവരുന്നതു് ആ സ്ഥിതിയിൽ ഇരുന്നുകൊണ്ടുതന്നെ സംതൃപ്തിയോടുകൂടി ചെയ്യപ്പെടുന്ന കർമ്മങ്ങളാണു് തങ്ങളുടെ രാജ്യത്തെ ഇതരരാജ്യങ്ങളെക്കാൾ ഉൽകൃഷ്ടമാക്കിത്തീർക്കയും സജ്ജനങ്ങളുടെ ബഹുമതിക്കു പാത്രീഭവിപ്പിക്കയും ചെയ്യുന്നതു്."

1034-ൽ മദ്രാസ് ശവർണ്ണരായ സർ ചാൾസ് ട്രെവല്യൻ സായ്പു് രാമയ്യങ്കാരെ ഇനാം കമ്മീഷണരുടെ അസിസ്റ്റൻറായി നിയമിച്ചു. പ്രസ്തുത ജോലിയിൽ രാമയ്യങ്കാർ എങ്ങനെ ശോഭിച്ചു എന്നു ഗവർണ്ണരുടെ വാക്കുകളിൽനിന്നുതന്നെ നമുക്കു അറിയാം. അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു:—

"അതേക്കുട്ടത്തിൽ മറെറാരു നാട്ടുകാരനായ ഉദ്യോഗസ്ഥൻ തഞ്ചാവൂർ ജില്ലയിൽ റവന്യൂഡിപ്പാർട്ടുമെൻറിൽ വളരെ ഗൌരവമേറിയ ഒരു പ്രവൃത്തി ഇപ്പോൾ ചെയ്തതിന്നതേയുള്ളു. ആ ഉദ്യോഗസ്ഥന്റെ ശേഷിയും ആജ്ഞാവയുക്തപുമായ നടപടിയും അദ്ദേഹത്തിനു മാത്രമല്ല, അദ്ദേഹം ഏതു ജനസമൂഹത്തിലെ അംഗമായിരിക്കുന്നോ ആ ജനസമൂഹത്തിനും അഭിമാനപാത്രമായിരിക്കുന്നു." ആ സായ്പു് തന്നെ രാമയ്യങ്കാർക്കു അയച്ച ഒരു കത്തിന്റെ ഒരു ഭാഗം താഴെ ചേർക്കുന്നു:—

ഇന്ത്യാക്കാക്ക് ഇനിമുതൽ കൂടുതലായ ഉദ്യോഗങ്ങൾ കൊടുക്കേണ്ടതാണെന്നുള്ള ഗൌരവമേറിയ കാര്യം വീണ്ടും ആലോചനയ്ക്കു വിഷയീഭവിച്ചിരിക്കുന്നു. ഇപ്പോൾ പാർലമെൻറിന്റെ ആലോചനയിലിരിക്കുന്ന ബിൽ, ഇന്ത്യാക്കാരെന്നും ഇംഗ്ലീഷുകാരെന്നും ഉള്ള ഭേദബുദ്ധി ഗവണ്മെണ്ടിനു ഉണ്ടാവരുതെന്നും, ഏതെങ്കിലും ഉദ്യോഗം ഒഴിവുവരുമ്പോൾ, ആ ഉദ്യോഗത്തിൽ, നേരത്തേ സർവീസിൽ പ്രവേശിച്ചു എന്ന യോഗ്യതയെ അസ്പദമാക്കിയോ, നിസ്സന്ദിഗ്ദ്ധമായും സ്വതന്ത്രമായും ഉള്ള സാധാരണ ജീവിതക്രമത്തെ അടിസ്ഥാനപ്പെടുത്തിയോ യോഗ്യതയുണ്ടെന്നു കാണുന്ന നാട്ടുകാരെത്തന്നെ കഴിവുള്ളിടത്തോളം നിയമിക്കേണ്ടതാണെന്നും ഉള്ള നീതിപ്രമാണത്തെ ആധാരമാക്കി കൊണ്ടുവരപ്പെട്ടിട്ടുള്ളതാകുന്നു. പ്രസ്തുത നിയമം നടപ്പിലായാൽ ഒരു വഴിക്കു് ഓരോ പ്രസിഡൻസിയിലേക്കും ഗവണ്മെണ്ടിനു സിദ്ധിക്കുന്ന കൂടുതൽ അധികാരത്തിന്റെ · ഗുണഫലാനുഭോക്താക്കളുടെ കൂട്ടത്തിൽ നിങ്ങളും ഒരുവനായിത്തീരാത്തപക്ഷം ഏതിനിക്കു കഠിനമായ ഇച്ഛാഭംഗം ഉണ്ടാകുന്നതാണു്. ഇങ്ങനെ ഒരു മാറുകൊല്ലത്തോളം നിങ്ങളെ പ്രാധാന്യമേറിയ ഓരോ ഉദ്യോഗങ്ങളിൽ വെച്ചുകൊണ്ടിരുന്നാലും തഞ്ചാവൂരിലേ ഒഴുങ്ങു എന്ന നികൃതി വസ്തുക്രമത്തെപ്പോലെ ദുഷ്ടരവും ചുമതലയേറിയതുമായ ഒരു ജോലിയിൽ നിങ്ങളെ ഏർപ്പെടുക്കാനുണ്ടാവുന്നതല്ല. പ്രസ്തുത ജോലിക്കു ഈ സംസ്ഥാനത്തിലെ യൂറോപ്യന്മാരും ഏതദ്ദേശീയരുമായ ഉദ്യോഗസ്ഥന്മാരുടെ കൂട്ടത്തിൽ നിങ്ങളോളം യോഗ്യതയുള്ളവരായി വേറെ ആരും ഇല്ലെന്നായിരുന്നു നിങ്ങളെക്കുറിച്ചു എന്റെ അടുക്കൽ ശുപാർശചെയ്തിരുന്നതു്. തഞ്ചാവൂർ ജില്ലയിലെ മുതലെടുപ്പിന്റെ പകുതിയോളം നിങ്ങളുടെ കൈവശമായിരുന്നിട്ടും നിങ്ങൾക്കു മുമ്പേതന്നെ ഉണ്ടായിരുന്ന ഗുണമാഹാത്മ്യത്തിനു ഏറ്റക്കുറവുവരുത്തുന്നതായ് യാതൊരു സംശയത്തിനും ഇടവരുത്താതെ ഏറ്റവുംക്ഷം സംതൃപ്തി ജനിക്കത്തക്കവണ്ണം നിങ്ങൾ ഏറെറിരുന്ന ജോലി ചെയ്തതീർത്തു.”

തഞ്ചാവൂരിലെ സെറ്റിൽമെൻറു് പ്രവൃത്തി തീർന്നശേഷവും കളക്ടരുടെ അപേക്ഷാനുസാരം അദ്ദേഹത്തിനെ തൻറെ

പേർസനിൽ അസിസ്റ്റൻറായി വച്ചുകൊള്ളുന്നതിനു അദ്ദേഹത്തിനു അനുവാദം ലഭിക്കയും 1036-ൽ രാമയ്യങ്കാരെ നാമക്കൽ സബ് കളക്ടരായി തെരഞ്ഞെടുത്തു് അദ്ദേഹത്തിനു ഒന്നാംഗ്രേഡ് ഡിപ്യൂട്ടികളക്ടരായി പ്രമോഷനും ഒന്നാക്ലാസ് മജിസ്ട്രേട്ടധികാരവും നല്കി. മൂന്നുകൊല്ലത്തോളം ആ ഉദ്യോഗത്തിൽ ഇരുന്നു

ഏകദേശം ഇക്കാലത്തുതന്നെ ബ്രിട്ടീഷ് ഇന്ത്യാഗവണ്മെണ്ടു് കടലാസു നാണ്യം നടപ്പാക്കിയതു്. അപ്പോൾ മദ്രാസ് ഗവണ്മെണ്ടു് അദ്ദേഹത്തിനെ തിരുച്ചിനാപ്പള്ളിയിലെ കടലാസുനാണ്യത്തിന്റെ അസിസ്റ്റൻറു കമ്മീഷണരായി 600 മുതൽ 800 വരെ ഉള്ള ശമ്പളസ്കെയിലിൽ നിയമിച്ചു. എന്നാൽ ഈ ഉദ്യോഗത്തിൽ തനിക്കു വേണ്ടിടത്തോളം ജോലി ഇല്ലെന്നു അദ്ദേഹം മദ്രാസ് ഗവണ്മെണ്ടിനെ അറിയിക്കയാൽ 1041-ൽ ചീഫ് സെക്രട്ടറിയുടെ അസിസ്റ്റൻറായി നിയമിക്കപ്പെട്ടു. അടുത്തകൊല്ലത്തിൽ സ്റ്റാമ്പ് സൂപ്രണ്ടായിരുന്ന കണ്ണൽ ടെംപിൾ മരിച്ചുപോകയാൽ മദ്രാസ് ഗവർണ്ണരായ നേപ്പിയർ പ്രഭു 1000 രൂപ ശമ്പളത്തിൽ രാമയ്യങ്കാരെ നിശ്ചയിച്ചു. 1040-ൽ അദ്ദേഹം മദ്രാസ് നിയമനിർമ്മാണസഭയിലെ ഒരു സാമാജികനായി. ആ നിലയിൽ അദ്ദേഹം ഗവണ്മെണ്ടിന്റെ പ്രശംസയ്ക്കു പാത്രീഭവിച്ചുവെന്നു് സർ അലക്സാണ്ടർ ആർബത്നാട്ട് പറഞ്ഞിട്ടുള്ള വാക്കുകളിൽനിന്നു കാണാം:—

"ഇക്കാലത്താണു് നമ്മുടെ ലെജിസ്ലേറ്റിവു് കൌൺസിലിൽ ഏതദ്ദേശീയനായ ഒരു അംഗം ഇടംപ്രഥമമായി പ്രവൃത്തിചെയ്തുകൊണ്ടിരുന്നതു്. സ്വഭാവത്തിന്റെ ആജ്ഞാവത്തിലും വിവേചനശക്തിയുടെ മേന്മയിലും അദ്ദേഹത്തിനെ അതിശയിക്കുന്ന ഒരാൾ ഈ ബ്രിട്ടീഷ് ഇന്ത്യയിലുള്ള ഒരു നിയമനിർമ്മാണസഭയിലും കാണുന്നതല്ല."

പിന്നീടു കൊല്ലത്തോളം രാമയ്യങ്കാർ നിയമസഭാംഗമായി ജോലിചെയ്തു. പിന്നീടു കൊല്ലത്തോളം മദ്രാസ് നഗരത്തിലെ മുനിസിപ്പൽ കമ്മീഷണരായും അദ്ദേഹം ഇരുന്നിട്ടുണ്ടു്.

1046-ൽ അദ്ദേഹത്തിനു കമ്പാനിയൻ ഓഫ് ദി ഓർഡർ ഓഫ് ദി സ്റ്റാർ ഓഫ് ഇൻഡ്യ (സി. എസ്. ഐ). എന്നു

ബിരുദം ലഭിച്ചു. അന്നു മദ്രാസ് ഗവണ്മെന്റായിരുന്ന നേപ്പിയർ പ്രഭു ഈ സംഭവത്തെപ്പറ്റി രാമയ്യങ്കാർക്കു ഇങ്ങനെ ഒരു എഴുത്തയച്ചു:—

സി. എസ്. ഐ. എന്ന സ്ഥാനമുദ്രയെ ചീഫ് സെക്രട്ടറി താമസിയാതെ നിങ്ങൾക്കു അയച്ചുതരുമെന്നു ഞാൻ വിശ്വസിക്കുന്നു. മഹാരാജ്ഞി തിരുമനസ്സുകൊണ്ടു ദയാപൂർവം നിങ്ങൾക്കു അരുളിയ ഈ ബഹുമതിയിൽ എനിക്കുള്ള ഹൃദയപൂർവമായ അനുമോദനത്തെ നിങ്ങളെ അറിയിക്കുന്നതിനും സ്വഭാവോന്നതികൊണ്ടും കർമ്മകൌശലം കൊണ്ടും ഗവണ്മെൻറുസേവനം കൊണ്ടും നിങ്ങൾ സർവ്വഥാ അർഹിക്കുന്നതായ ഈ ബഹുമതി മഹാറാണി തിരുമനസ്സിലെ പ്രീതിസൂചകമായി നിങ്ങൾക്കു ലഭിച്ചതിനെപ്പറ്റി എന്റെ സഹപ്രവർത്തകന്മാർക്കും എന്നെപ്പോലെ മനഃപൂർവമായ സംതൃപ്തിയുണ്ടായിട്ടുണ്ടെന്നുള്ള വസ്തുതയെ വെളിപ്പെടുത്തുന്നതിനും ഞാൻ ഈ അവസരത്തെ ഉപയോഗിച്ചുകൊള്ളുന്നു.

1050-ൽ അദ്ദേഹം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലായി നിയമിക്കപ്പെട്ടു. ഇരുകൂട്ടാതെ അദ്ദേഹം പ്രധാനപ്പെട്ട പല കമ്മിറ്റികളിൽ പ്രവർത്തിക്കയും ഉണ്ടായിട്ടുണ്ട്. അങ്ങനെ ഇരിക്കവേയാണ് വിശാഖംതിരുനാൾ തമ്പുരാൻ അദ്ദേഹത്തിനെ ദിവാൻജിയായി നിശ്ചയിച്ചതു്. ദിവാൻജിയുടെ നിലയിൽ അദ്ദേഹം ചെയ്തിട്ടുള്ള പരിഷ്കാരങ്ങളിൽ ചിലതു മുകളിൽ വിവരിച്ചിട്ടുണ്ടല്ലോ.

1. ജീവനക്കാരുടെ സംഖ്യ കുറച്ചു് ശമ്പളം വർധിപ്പിച്ചു.

2. റവന്യൂഭരണത്തെ പ്രത്യധികം കാര്യക്ഷമമാക്കി.

3. ഉപ്പളങ്ങളെയും ഉപ്പുപണ്ടകശാലകളേയും ശരിയായി ഭരിക്കുന്നതിനു സാൾട്ട് ഡിപ്പാർട്ടുമെന്റേർപ്പെടുത്തി.

4. റവന്യൂസർവേയും സെറിൽമെന്റും തുടങ്ങി.

5. ജയിലിനുള്ളിൽ വ്യവസ്ഥിതരീതിയിൽ കാരാഗൃഹം ഏർപ്പെടുത്തി.

6. സാധുക്കളായ കുടിയാന്മാർ പേരിനു മാത്രം വിലയ്ക്കു വാങ്ങി സർക്കാരിലേക്കു ക്ഷുണസാധനങ്ങളും മറ്റും ഏല്പിക്കണമെന്നും വച്ചിരുന്ന ഏർപ്പാടുകളിൽ ചിലതിനെ പാടെ മാറ്റുകയും മറ്റുള്ളവയെ ഭേദപ്പെടുത്തുകയും ചെയ്തു.

7. തൂലുതുല്ലുന്നതിനും പഞ്ചസാര നിർമ്മിക്കുന്നതിനും യന്ത്രങ്ങൾ വരുത്തി സ്വദേശീയവ്യവസായങ്ങളെ പോഷിപ്പിക്കാൻ ശ്രമിച്ചു.

8. സ്റ്റാമ്പ് ആക്ട് നടപ്പാക്കി.

9. കാപ്പിത്തോട്ടങ്ങളിൽ നികുതി ഒഴിവാക്കി; ചില ഏറുമതിച്ചുങ്കങ്ങൾ നിർത്തി.

10. കൃഷിസംബന്ധമായ പ്രദർശനങ്ങൾ നടത്തി.

11. ഗ്രാമങ്കൊടുത്തു പ്രാഥമികവിദ്യാഭ്യാസം പ്രചരിപ്പിച്ചു.

12. നാർമ്മൽസ്കൂൾ സ്ഥാപിച്ചു.

ഉദ്യോഗത്തിൽനിന്നു പിരിഞ്ഞശേഷം രാമയ്യങ്കാർ ഗ്രന്ഥപാരായണത്തിൽ ഏർപ്പെട്ടും വിദ്യാഭ്യാസസംബന്ധമായ ഓരോ പ്രവൃത്തികൾ ചെയ്തും ജീവിക്കയേ ഞണ്ട് മദ്രാസിൽവച്ച് ജ്വരബാധിതനായി ദിവംഗതനായത്.

അദ്ദേഹത്തിന്റെ സ്വഭാവത്തെപ്പറ്റി രണ്ടു വാക്കുകൂടി പറയുന്നതു അനുചിതമായിരിക്കയില്ലല്ലോ.

അദ്ദേഹം മിതഭോക്താവും സമീക്ഷ്യകാരിയും, പുസ്തകപാരായണത്തിൽ അതിതല്പരനും കർത്തവ്യാനുഷ്ഠാനത്തിൽ അതിനിഷ്ഠയുള്ളവനും, എല്ലാ കാര്യങ്ങളിലും നല്ല അടുക്കും മുറയും ഉള്ളവനും ആയിരുന്നു. നീതിപഥത്തിൽനിന്നു അദ്ദേഹം ഒരിക്കലും വ്യതിചലിക്കാറുണ്ടായിരുന്നില്ല. ചില ഉദ്യോഗസ്ഥദുഷ്പ്രഭുക്കൾക്കുള്ളതുപോലെ സ്തുതിവാക്യം കേൾക്കുന്നതിലും അദ്ദേഹത്തിനു ലേശംപോലും പ്രതിപത്തിയില്ലായിരുന്നു.

സ്തുതി കേൾക്കുന്നവർ ചിലപ്പോൾ അപകടത്തിൽ ചാടുമെന്നു മാത്രമല്ല, പ്രഭുക്കന്മാരുടെ പ്രീതിയ്ക്കു വേണ്ടി പലപ്പോഴും സാധുജനഹിംസ ചെയ്വാൻ പ്രേരിതരായിത്തീരുകയും ചെയ്യുന്നു. രാമയ്യങ്കാർക്കു സ്തുതിയിൽ ഭ്രമമില്ലായിരുന്നുവെന്നു മാത്രമല്ല, അതിശയോക്തികലർത്തിയോ അനാവശ്യമായോ സംസാരിക്കുന്നവരോടു അദ്ദേഹം നീരസവും പ്രകാശിപ്പിച്ചുവന്നു. യാതൊരു കാര്യവും പരീക്ഷിച്ചറിയാതെ അദ്ദേഹം വിശ്വസിക്കാറുമില്ലായിരുന്നു. അദ്ദേഹത്തിന്റെ ഇഷ്ടാനിഷ്ടങ്ങൾ പ്രബലങ്ങളായിരുന്നുവെങ്കിലും താൻ ചെയ്തുപോയതു

തെറ്റാണെന്നു ബോധംവരുന്ന മാത്രയിൽതന്നെ ആ തെറ്റിനെ തിരുത്താൻ അദ്ദേഹം കൂടിക്കാഴുണ്ടായിരുന്നില്ല. എന്നാൽ തന്റെ കീഴിലുള്ളവർക്ക് അദ്ദേഹം ഉത്സാഹകനായ ഒരു യജമാനനായിരുന്നു. ആ വഴിക്ക് അദ്ദേഹം പ്രബലന്മാരായ ചില ശത്രുക്കളെ സമ്പാദിക്കയുംചെയ്തു. അദ്ദേഹത്തിന്റെ ഭരണത്തെ ദൂഷിച്ചു ചില ലേഖനങ്ങൾ എഴുതുകയും മറും ചെയ്തതിനാൽ വിശാഖംതിരുനാൾതമ്പുരാന്റെ കാലത്തു നാടുവിട്ടുപോകാൻ നിർബന്ധിതനാവുകയും പിൽക്കാലത്തു് തിരുവിതാംകൂറിന്റെ അഭിമാനസ്തംഭമായിത്തീരുകയും ചെയ്ത പരേതനായ ബാരിസ്റ്റർ ജി. പരമേശ്വരൻപിള്ളതന്നെ ഈ മഹാനുഭാവന്റെ ചരിത്രത്തെ ചിത്രണം ചെയ്തിട്ടുണ്ടു്.

യാഥാസ്ഥിതികനെങ്കിലും കാലത്തിനൊത്ത കോലം കെട്ടാൻ അദ്ദേഹം കൂടിച്ചില്ല. കാലം പുരോഗമനപ്രവണമാണെന്നു് അദ്ദേഹത്തിനു കാണാൻ കഴിഞ്ഞു. തന്റെ കുടുംബത്തിലുള്ള സ്ത്രീജനങ്ങളെ ഇംഗ്ലീഷുഭാഷയും ഇംഗ്ലീഷുഗാനങ്ങളും പഠിപ്പിക്കയും, പാശ്ചാത്യരീതിയിൽ നിർമ്മിക്കപ്പെട്ട സ്വഭവനത്തിൽ യൂറോപ്യന്മാരെ ക്ഷണിച്ചുവരുത്തി വിരുന്നു കൊടുക്കയും ചെയ്ത ആദ്യത്തെ നാട്ടുകാരൻ രാമയ്യങ്കാരായിരുന്നു. അദ്ദേഹത്തിന്റെ പ്രയത്നത്താലാണു് മദ്രാസിലെ കാസ്മോപ്പോളിറ്റൻക്ലബ് സ്ഥാപിക്കപ്പെട്ടതു്. അതിന്റെ ആദ്യത്തെ സിക്രട്ടറിയും അദ്ദേഹമായിരുന്നു.

നിയമനിർമ്മാണസഭയിൽ അനുദ്യോഗസ്ഥന്മാരുടെ സംഖ്യ വർദ്ധിപ്പിക്കേണ്ടതാണെന്നും ഗവണ്മെന്റിന്റെ ആയവ്യയപത്രികയെപ്പറ്റി വിമർശിക്കുന്നതിനും ഗവണ്മെന്റിനോടു ചോദ്യങ്ങൾ ചോദിക്കുന്നതിനും ജനങ്ങൾക്കു് അധികാരം നല്കേണ്ടതാണെന്നും ഗവണ്മെന്റിനോടു് ആദ്യമായി ആവശ്യപ്പെട്ടതും അദ്ദേഹമാണെന്നാൽപ്പിന്നെ അദ്ദേഹം ആരാണെന്നു് വിസ്മയിക്കാത്തതു്!

ടി. രാമരായർ.

1062 മകരം 2-ാംനു കോട്ടയം ദിവാൻപേഷ്കാരായിരുന്ന രാമരായർ ദിവാൻജോലിയിൽ പ്രവേശിച്ചു.

അദ്ദേഹം 1006-ാമാണ്ടു് തിരുവനന്തപുരം നഗരത്തിൽ ജനിച്ചു. പിതാവായ സഭാരാമരായർ കരു സെക്രട്ടറിജഡ്ജിയുടെ നിലയിൽ പ്രസിദ്ധിസമ്പ

ടിച്ച ഒരു മാന്യദേഹമായിരുന്നു. ഈ സഭാരാമരായരുടെ സ്വഭാവോൽക്കർഷത്തെയും സത്യനിഷ്ഠയേയുംപറ്റി പല മാന്യന്മാർ പ്രശംസിച്ചിട്ടുണ്ട്.

രാമരായർ ആദ്യം മഹാരാജാവിന്റെ സ്ത്രീസ്കൂളിലും പിന്നീട് നാഗർകോവിലിലെ എൽ. എം. എസ്. സെമിനാരിയിലും പഠിച്ചു. ഈ കടുവിൽപറഞ്ഞ വിദ്യാലയത്തിൽ പഠിച്ചു ദിവാൻപദത്തിൽ എത്തിയവരിൽ രാമരായർ രണ്ടാമനായിരുന്നു. അദ്ദേഹം സ്കൂൾവിട്ട് അധികകാലം കഴിയുന്നതിനു മുമ്പായി ക്ലാർക്കജോലിയിൽ നിയമിക്കപ്പെട്ടുവെങ്കിലും, ഗവണ്മെണ്ടു് അദ്ദേഹം അർഹിച്ചതായ പ്രമോഷൻ നല്കുന്നതിൽ കോഴിക്കോട്ടു് ഡിസ്ട്രിക്ട് കോടതിയിൽ ടാൻഡ് ലോറർപണി സ്വീകരിച്ചു. 1032-മാണ്ടുവരെ ആ പണിയിൽ ഇരുന്നു; എന്നാൽ നമ്മുടെ ഗവണ്മെൻറ് ബ്രിട്ടീഷ് റസിഡണ്ടിന്റെ അനുമതിയോടുകൂടി അദ്ദേഹത്തിനെ തിരുവിതാംകൂറിൽവരുത്തി. പ്രസ്തുതജോലിയിൽ അദ്ദേഹം പ്രദർശിപ്പിച്ച നീതിബോധവും കൃത്യനിഷ്ഠയുംകണ്ടു സന്തോഷിച്ച സർക്കാർ അദ്ദേഹത്തിനെ ആദ്യം ഹുജൂരിലെ ഡിപ്പൂട്ടിരജിസ്ട്രാരായും പിന്നീട് കന്നാം ശിരസ്തദാരായും കയറാറംചെയ്തു. അവിടെനിന്നും അതിവേഗത്തിൽ അദ്ദേഹം മുയന്നു. 1037-ൽ ഡിപ്പൂട്ടികളക്ടരായും അടുത്ത കൊല്ലത്തിൽ കൊല്ലം പേഷ്കാരായും നിയമിക്കപ്പെട്ടു. അക്കാലത്തു റസിഡണ്ടായിരുന്ന് എഫ്. എൻ. മാൻഡ്ലി സർ ടി. മാധവരായർക്ക് അയച്ച ഒരു കത്തിൽ രാമരായരെപ്പറ്റി ഇപ്രകാരം പ്രസ്താവിച്ചുകാണുന്നു:—

"നിങ്ങളുടെ ഓഫീസുകളിൽ ചിലരെ ജോലിയിൽ നിയമിക്കുന്നതു എന്നുള്ള ദോഷകരമേപേണത്തിനു്, അവർ തങ്ങളുടെ കർത്തവ്യനിർവഹണത്തിൽ മറ്റുള്ളവരെക്കാൾ ത്രാണി പ്രദർശിപ്പിക്കുന്നുണ്ടു് എന്നുള്ളതു് മതിയായ സമാധാനമാകുന്നതാണു്. രാമരായർ പ്രത്യേകിച്ചും ഒരു ഉത്തമനായ ഉദ്യോഗസ്ഥനാണെന്നു് തന്റെ സാമർത്ഥ്യത്താൽ തെളിയിച്ചു കഴിഞ്ഞിരിക്കുന്നു." ഇതുപോലെ മറ്റെല്ലാ റസിഡണ്ടന്മാരുടേയും പ്രശംസയ്ക്കു് അദ്ദേഹം പാത്രീഭവിച്ചു.

16 കൊല്ലം കൊല്ലംഡിവിഷൻ ഭരിച്ചതിനിടയ്ക്കു് അദ്ദേഹം കൊല്ലം—ചെങ്ങോട്ട രാജപാതയുറക്കുന്ന വിഷയത്തിൽ ശീഘ്രമായ പ്രയത്നം ചെയ്യുകയും അദ്ദേഹത്തിന്റെ മുഴുത്തുകുത്തുകളുടെ ഫലമായി ആ റോഡു് അറ്റകുറ്റപ്പെടുകയും ചെയ്തു. വേറൊരു രസകരമായ സംഭവം ഇവിടെ പ്രസ്താവയോഗ്യമാകുന്നു. കൊല്ലത്തു പരവൂർ അഴിമുഖത്തോളം എത്തുന്ന ഒരു വലിയ തോപ്പു് കടൽത്തീരത്തു അദ്ദേഹം സന്ദർശിച്ചു; നെടുങ്ങോലത്തും ഇരുമ്പിക്കരയിലും ഭൂമി പതിപ്പെടുത്തു കൃഷി നടത്തി. അങ്ങനെ കൊല്ലംതാലൂക്കിൽ അദ്ദേഹത്തിനു പ്രത്യേക താൽപര്യത്തിനു വഴിയുണ്ടായി. ഇരുമ്പിക്കരയാറിന്റെ പ്രവാഹം നിമിത്തം, അവിടെയുള്ള നിലങ്ങളിൽ കൃഷിപ്പിഴ വരുന്നതു ഇന്നും സാധാരണമാണല്ലോ. ആ ദോഷം പരിഹരിക്കുന്നതിനായി, ഒരു തോട്ടവെട്ടിക്കണമെന്നു് അദ്ദേഹം ക്രൂടെക്രൂടെ ഗവണ്മെന്റിലേക്ക് എഴുതിക്കൊണ്ടിരുന്നു. എന്നാൽ ഗവണ്മെൻറ് അനുവദിക്കയുണ്ടായില്ല. അങ്ങനെ ഇരിക്കെയാണു് അദ്ദേഹം ദിവാൻജിയായതു്. അപ്പോൾ ആ തോട്ടിനു വേണ്ട പണം അനുവദിക്കാൻ അദ്ദേഹത്തിനു സൌകര്യം ലഭിച്ചു. എന്നാൽ ചിലരാനും കുടിലചിന്തന്മാർചെന്നു ദിവാൻജി സ്വന്തനിലം നന്നാക്കുവാനാണു്

ഇത്ര വളരെപ്പണം ചെലവാക്കുന്നതെന്നു് പരാതിപ്പെട്ടു. അദ്ദേഹമാകട്ടെ അതിനെ വേണ്ടെന്നു വയ്പ്പിയും ചെയ്തു. ആ ദുഷ്ടന്മാരുടെ അനുനയനിമിത്തം അന്നാട്ടുകാർ ഇന്നും സങ്കടപ്പെടുന്നു.

സർ ടി. മാധവരായർ 1038-ൽ റസിഡണ്ടിനു് അയച്ച ഒരു റിപ്പോർട്ടിൽ രാമരായരെപ്പറ്റി പ്രസ്താവിച്ചിരുന്ന ഭാഗംകൂടെ ഇവിടെ ഉദ്ധരിക്കാം.

"1851 മുതൽ 1867-വരെയുള്ള കാലഘട്ടത്തിൽ രാജ്യത്തിന്റെ ഈ ഭാഗം വളരെ അലങ്കോലമായി കിടന്നിരുന്നു. സർക്കാർ ഉദ്യോഗസ്ഥന്മാർ ജനങ്ങളെ കൂഴ്വുള്ള വിധത്തിലെല്ലാം ഞെക്കിപ്പിഴിഞ്ഞു് പണം സമ്പാദിക്കുന്നതിനു തങ്ങളുടെ അധികാരശക്തിയെ പ്രയോഗിച്ചുവന്നു. ഭവനഭേദനവും കവർച്ചയും അതിവ വർദ്ധിക്കയാൽ ജനങ്ങൾ സദാപി ഭയപരവശരായി ജീവിച്ചിരുന്നു. ജനരക്ഷകന്മാരായിരിക്കേണ്ടവരാ അതിനു കഴിവുള്ളവരോ ആയ ഉദ്യോഗസ്ഥന്മാരുടെ അനുകൂല്യം സമ്പാദിച്ചിരുന്നതുകൊണ്ടു് ഈ അക്രമികൾക്കു ശിക്ഷയനുഭവിക്കേണ്ടിവരുമെന്നുള്ള ഭയമേ ഇണ്ടായിരുന്നില്ല. ചില്ലറ ജീവനക്കാരുടെ അക്രമങ്ങളെ സംബന്ധിച്ചു ജനങ്ങൾ പോലീസ് അധികാരികൾക്കു അയക്കാറുണ്ടായിരുന്ന ഹർജികൾ സാധാരണമായി അവഗണിക്കപ്പെട്ടവന്നു. ഈ ദയനീയാവസ്ഥയെ പരിഹരിക്കുന്നതിലേക്കു മറ്റുള്ളവർക്കു മാതൃകയായിരിക്കത്തക്കവണ്ണം വിശ്വാസ്യനും സമർത്ഥനുമായ ഒരു അസിസ്റ്റന്റിന്റെ ആവശ്യം എനിക്കു നേരിട്ടു. ഈ വിഷയത്തിൽ രാമരായരെക്കാൾ ത്രാണിയുള്ള ഒരാളെ തെരഞ്ഞെടുക്കാൻ എനിക്കു കഴിയുമായിരുന്നില്ല. അതുകൊണ്ടു് മഹാരാജാവിനോടും അന്നത്തെ റസിഡണ്ടിനോടും ഞാൻ അയാളെപ്പറ്റി ശുപാർശചെയ്തു. അങ്ങനെ ഇരിക്കെ എന്റെ ഡിവിഷനിൽ തഹശീൽദാരുടെ ഒരു ഒഴിവു വന്നു; അയാളെ അതിൽ നിയമിക്കയും ചെയ്തു. അചിരേണ അയാൾ ഈ സംസ്ഥാനത്തിലുള്ളതിൽവച്ചു് ഏറ്റവും സമർത്ഥനായ തഹശീൽദാരാണെന്നു പ്രത്യക്ഷപ്പെട്ടു. അയാളുടെ കാര്യനിർവ്വഹണസാമർത്ഥ്യത്തെപ്പറ്റി ഇന്നാട്ടുകാരുടേയും സാക്ഷ്യം വേണ്ടുവോളമുണ്ടു്. 1857-ൽ കൃഷ്ണയ്യർ മരിക്കയും ഞാൻ ദിവാൻ ഉദ്യോഗത്തിൽ നിയമിക്കപ്പെടുകയും ചെയ്തു. എനിക്കു തരണം ചെയ്യേണ്ടതായിവന്ന ബുദ്ധിമുട്ടുകളെ ഈ ചുരുങ്ങിയ റിപ്പോർട്ടിൽ പ്രതിപാദിക്കാവുന്നതല്ല. ആ ബുദ്ധിമുട്ടുകളിലും എനിക്കു പെരുമാറേണ്ടിവന്ന ഉദ്യോഗസ്ഥമണ്ഡലത്തിന്റെ പൊതുസ്വഭാവത്തെയുംപറ്റി സാമാന്യമെങ്കിലും ബോധം ഹാരിസ് പ്രഭുവിന്റെ മിനിട്ട് സിനുടെ അനുബന്ധിച്ചു് 1859 ഫെബ്രുവരി 28-നു അയച്ച മെമ്മോറാണ്ടം വായിച്ചാൽ ഉണ്ടാവുന്നതാണു്. ആ കമ്മിസ്സറുടെ അഡ്രസ്സിൽ ഇതിനോടുകൂടി അയയ്ക്കുന്ന പത്രികയിൽ കാണും. എനിക്കു പൂർണ്ണമായി വിശ്വസിക്കാവുന്ന ഒന്നോരണ്ടു ഉദ്യോഗസ്ഥന്മാർ എന്റെ പാർശ്വത്തിൽ അവശ്യം ഉണ്ടായിരിക്കേണ്ടതു അത്യാവശ്യം നേരിട്ടു. എന്റെ കച്ചേരിയുടെ പോലീസ് വകുപ്പിൽ ഒരു ഒഴിവുവന്നപ്പോൾ, ഞാൻ ശുപാർശ ചെയ്തതനുസരിച്ചു തിരുമനസ്സു കൊണ്ടു അദ്ദേഹത്തിനെ നിയമിച്ചു. ഈ നിലയിൽ രാമരായരുടെ സഹായം എനിക്കു് അത്യന്തം പ്രയോജനപ്പെട്ടു. അദ്ദേഹം പ്രമോഷനു് എല്ലാ വിധത്തിലും അർഹനാണെന്നു പ്രത്യക്ഷപ്പെടുകയും തത്സമയം തന്നെ അദ്ദേഹത്തിന്റെ അടുത്ത മേലധികാരി മരിക്കുകയും ചെയ്തതിനാൽ മഹാരാജാവിന്റെയും റസിഡണ്ടിന്റെയും

.സമ്മതത്തോടുകൂടി അദ്ദേഹത്തിനു കയ്യാറം നല്കി. കുറച്ചുകാലം കഴിഞ്ഞപ്പോൾ രാമൻപിള്ള പേഷ്കാർ മരിച്ചു; പതിവനുസരിച്ചു കന്നാംപോലീസ് ശിരസ്തദാരെ അതിലേക്കു നിയമിക്കുകയും ചെയ്തു. കഴിഞ്ഞ മേ മാസത്തിലാണ് രാമരായക്കു ദിവാൻപേഷ്കാർഉദ്യോഗത്തിനു തീട്ടൂരംകൊടുത്തയച്ചത്. ഈ ഉദ്യോഗത്തിൽ രാമരായർ ഉത്തമമായ വിധത്തിൽ രാജ്യസേവനം ചെയ്ത മഹാരാജാവിന്റെ പ്രീതിക്കു പാത്രീഭവിച്ചിരിക്കുന്നു."

ഈ എഴുത്തുകളിൽനിന്നു നമുക്കു പലതും മനസ്സിലാക്കാം. മാധവരായർ തന്റെ ബന്ധുക്കളെ ധാരാളമായി ജോലിയിൽ നിയമിച്ചുവന്നതായിട്ടുള്ള ആക്ഷേപം നാട്ടുകാരുടെ അവകാശങ്ങൾ വിഗണിക്കപ്പെടാറുണ്ടായിരുന്നുവെന്നും ഉള്ള പരാതികൾ തീർച്ചയായും ഉണ്ടായിക്കാണുമെങ്കിലും എന്നു പ്രത്യക്ഷമാണ്. രാജാമതായി രാമരായർ എത്രതന്നെ സമർത്ഥനായിരുന്നാലും അദ്ദേഹത്തിനെ ഉയർത്തിക്കൊണ്ടുവരുന്ന വിഷയത്തിൽ സാമാന്യത്തിലധികം തൽപരത്വം ദിവാൻജി പ്രകാശിപ്പിച്ചുവന്നുവെന്നും തീർച്ചയാണ് ഈ ലേഖനത്തിൽനിന്നു നിഷ്പ്രയാസം ഗ്രഹിക്കാം. വിദേശീയദിവാൻജിമാരുടെ പ്രവാഹത്തോടുകൂടി നാട്ടുകാർ അസ്വപ്രന്മാരായിത്തീർന്നതു് ഇങ്ങനെതന്നെയാണ്. അല്പാത്തപക്ഷം വഞ്ചിരാജ്യവും വേറെയും അനേകം രാമയ്യന്മാരെയും കേശവപിള്ളമാരെയും പ്രസവിക്കുമായിരുന്നു. ഉമ്മിണിത്തമ്പിയുടെ കാലശേഷം, അങ്ങനെ ഒരു സംഭവം ഉണ്ടാകാതിരുന്നതോർക്കുമ്പോൾ, രായർ ദിവാൻജിമാർ ഗുണത്തെക്കാൾ അധികം ദോഷമല്ലയോ ചെയ്തതെന്നുള്ള ന്യായമായ ശങ്കയ്ക്കു് അല്പം അവകാശമുണ്ട്.

രാമരായരുടെ സാമർത്ഥ്യത്തെയോ രാജ്യസ്നേഹത്തെയോ അല്പം വിസംവദിക്കുവാനുദ്ദേശിക്കുന്നതല്ല. അദ്ദേഹത്തോടു കാര്യം. മാധവരായരുടെ കാലശേഷം ദിവാൻജിയായിരുന്ന ശേഷയ്യാശാസ്ത്രിയും അദ്ദേഹത്തിനെ പ്രശംസിക്കയുണ്ടായിട്ടുണ്ട്.

"നിങ്ങളോടുള്ള സഹപ്രവർത്തനം എനിക്ക് അത്യന്തം സന്തോഷപ്രദമായിരിക്കുന്നു. ഭരണത്തിന്റെ എല്ലാ ശാഖകളിലും പരിഷ്കാരങ്ങൾ നിർദ്ദേശിക്കുകയും നിവർത്തിക്കയും ചെയ്യുന്നതിലും സത്യനിഷ്ഠന്മാരായ കീഴ് ഉദ്യോഗസ്ഥന്മാരെ പ്രോത്സാഹിപ്പിക്കയും, അഴിമതിക്കാരെ അമർത്തുകയും ചെയ്യുന്നതിലും, സകല പേഷ്കാരന്മാരിലും വച്ചു നിങ്ങൾ അദ്വിതീയൻതന്നെയാണ്. നിങ്ങളുടെ നിരന്തരവും ശ്ലാഘനീയവുമായ പ്രയത്നങ്ങളുടെ ഫലമായി ഈ സംസ്ഥാനത്തിലെ ഏറ്റവും വലിയ ഡിവിഷൻ അതിശോഭനമായ നിലയെ പ്രാപിച്ചിരിക്കുന്നു; തൽഭരണം ജനങ്ങൾക്കു അനുഗ്രഹമായും തീർന്നിരിക്കുന്നു. നാട്ടിന്റെ പ്രാകൃതികവിഭവങ്ങളെ വികസിപ്പിക്കുന്ന വിഷയത്തിൽ നിങ്ങൾ ചെയ്തിട്ടുള്ള ഉദ്യമങ്ങളും സഫലമായിത്തീർന്നിട്ടുണ്ട്. നിങ്ങൾ ഉൽഘാടനംചെയ്ത നിരത്തുകൾ റോഡുകൾ സഞ്ചാരസൌകര്യത്തെ പൂർവ്വാധികം വർദ്ധിപ്പിച്ചിരിക്കുന്നു. പുതിയതായുണ്ടാക്കിയ രാജപാതകളിൽ നിങ്ങൾ നിർമ്മിച്ചിട്ടുള്ള സത്രങ്ങളും പഥികാശ്രമങ്ങളും നിങ്ങളുടെ മൻകീർത്തിക്കു സാക്ഷ്യംവഹിക്കുന്നു. അവ ജനങ്ങൾക്കു വലിയ അനുഗ്രഹമായിത്തീർന്നിട്ടുണ്ട്."

1061-ൽ സർ. എം. ഈ. ഗ്രാന്റ് ഡഫിന്റെ ഗവർണ്മെണ്ടു രാമരായർക്ക് എഫ്. എം. യു. സ്ഥാനം നല്കി. ഇതുകൊണ്ടും അദ്ദേഹത്തിനു ദിവാൻഉദ്യോഗവും ലഭിച്ചു.

പ്രധാനസംഭവങ്ങൾ

രാമരായർ ദിവാൻഉദ്യോഗം ഏറ്റകൊല്ലത്തിൽ സംസ്ഥാനമൊട്ടുക്കു മഹാറാണിയുടെ സുവർണ്ണജൂബിലി അത്യാഘോഷപൂർവ്വം നടത്തപ്പെട്ടു. 1062 കുംഭം അഞ്ചും ആറും തീയതികളിൽ ഈ സംസ്ഥാനത്തെ കച്ചേരികൾ, പള്ളിക്കൂടങ്ങൾ മുതലായവയെല്ലാം ഇതു സംബന്ധിച്ചു് ഒഴിവു നല്കിയിരുന്നു. എല്ലാ താലൂക്കുകളിലും സാധുക്കൾക്കു മിഷ്ടാന്നഭോജനവും, വിദ്യാർത്ഥികൾക്കു പലഹാരങ്ങളും സർക്കാർ ചെലവിന്മേൽ നല്കി. മഹാറാണിക്കു സർവ്വമംഗളങ്ങളേയും ആശംസിച്ചു രചിക്കപ്പെട്ടിരുന്ന വഞ്ചിപ്പാട്ടുകൾ പാടിക്കൊണ്ടു കുട്ടികൾ ഓരോ ദിക്കുകളിൽ നടത്തിയ ഘോഷയാത്രകൾ നാട്ടിൽ അദ്ഭുതപൂർവ്വമായ ഉന്മേഷത്തെയും ആഹ്ലാദത്തെയും ജനിപ്പിച്ചു. ജയജയശബ്ദംകൊണ്ടു് വഞ്ചിനാടു മണ്ഡലം മുഖരിതമായി. തിരുവനന്തപുരത്തെ പത്മവിലാസത്തു വച്ചു് നാട്ടുകാക്കും, ഫാജൂർകച്ചേരിയോടു ചേർന്നുള്ള തീന്മുറിയിൽ വച്ചു് ധാരമാക്കും വിരുന്നുസൽക്കാരം നടത്തി.

വൈസറായിയുടെ പരീത്ത സ്വീകരിക്കുന്നതിനായുള്ള കൂടിക്കാഴ്ച അഞ്ചാംതീയതിയാണു് നടത്തപ്പെട്ടതു്. ആ പരീത്തയുടെ തർജ്ജിമ ചുവടെ ചേർക്കുന്നു:—

"ഇന്ത്യാചക്രവർത്തിനി തിരുമനസ്സിലെ ഭരണത്തിന്റെ അർദ്ധശതാബ്ദപൂർത്തിയെ യഥോചിതം ആഘോഷിക്കുന്നതിലേക്കു തിരുമനസ്സുകൊണ്ടു ചെയ്തിരിക്കുന്ന ഒരുക്കങ്ങളെപ്പറ്റി കേട്ടതിൽ ഞാൻ അതീവ സന്തുഷ്ടനായിരിക്കുന്നു. അവിടത്തെ നിഷ്ഠയുടേയും സ്നേഹത്തിന്റേയും ഈ സ്വയംപ്രകാശനത്തെപ്പറ്റി മഹാറാണിതിരുമനസ്സിലെ ഞാൻ അറിയിക്കാതിരിക്കയില്ല. വിക്ടോറിയാ രാജ്ഞിയുടെ സുദീർഘവും സമാധാനപൂർവ്വവുമായ ഭരണം ആ തിരുമനസ്സിലെ രക്ഷയിലിരിക്കുന്ന പ്രജാകോടികളുടെ വർദ്ധമാനക്ഷേമൈശ്വര്യങ്ങളാൽ അങ്കിതമായിരിക്കുന്നു. ഇൻഡ്യയിൽ അത്ര നിർബാധവും അവിച്ഛിന്നവും ആയ ശാന്തി നാലുപാടും പരത്തിയിരിക്കുന്നു. അതിന്റെ ഛായയിൻകീഴിൽ ഈ രാജ്യത്തിലെ നാടുവാഴിരാജാക്കന്മാർ പെളിയിൽനിന്നുള്ള ആക്രമണത്തെപ്പറ്റിയോ ഉള്ളിൽനിന്നുണ്ടാകാവുന്ന വിപ്ലവങ്ങളെപ്പറ്റി

ന്യോ ഉള്ള ഭയലേശംകൂടാതെ തങ്ങളുടെ സമയത്തെയും ശ്രദ്ധയേയും പ്രജകളുടെ ക്ഷേമത്തിനും രാജ്യങ്ങളുടെ സാന്മാർഗ്ഗികവും ഭൌതികവും ആയ അഭ്യുന്നതിക്കും വേണ്ടി വിനിയോഗിക്കാൻ കഴിവുള്ളവരായിത്തീർന്നിരിക്കുന്നു. രാജ്ഞിതിരുമനസ്സിലെ ശോനേയും ശുഭപ്രേടവും ആയ ഭരണത്താൽ അവിടേക്കു സിദ്ധിച്ചിട്ടുള്ള ഗുണഫലങ്ങളെ അവിടുന്നു വേണ്ടപോലെ അറിയുന്നു എന്നു ലോകസമക്ഷം ധരിപ്പിക്കുന്നതിനു് ഈ ശുഭാവസരം നല്കിയ സൌകര്യത്തെ സന്തോഷപൂർവ്വം അവിടുന്നു് ഉപയോഗപ്പെടുത്തിയതായി അറിഞ്ഞതിൽ എനിക്കു ചാരിതാർത്ഥ്യം ഉണ്ടു്. അവിടത്തെ അധികാരശക്തിയെ പിന്താങ്ങുകയും സുഖസൌകര്യങ്ങളെ വർദ്ധിപ്പിക്കയും, അവിടത്തെയും ബ്രിട്ടീഷ്ഗവർമേന്റുകൾ തമ്മിൽ എല്ലാ കാലത്തും നിലനിന്നിരുന്ന സൌഹാർദ്ദപൂർവകമായ ബന്ധങ്ങളെ പരിരക്ഷിക്കയുംചെയ്യുന്ന വിഷയത്തിൽ സദാപി ഹൃദയപൂർവകവും സാനുകമ്പയുമായ സഹായം ചെയ്തുകൊണ്ടിരിക്കണമെന്നു തന്നെയാണു് മഹാരാജ്ഞിയുടെ ആഗ്രഹമെന്നു് അവിടത്തോടു് എനിക്കു് ഉറപ്പായിപ്പറയാം."

ഡർബാറിൽ ഈ പരീത്ത വായിക്കപ്പെട്ടു. തിരുമനസ്സിലെ മറുപടി പ്രസംഗം അവസരോചിതമായ വിധത്തിൽ ഗംഭീരമായിരുന്നു. അതിൽ ഒരു ഭാഗം മാത്രം ഇവിടെ ഉദ്ധരിക്കാം.

"ഈ ഭാരതഖണ്ഡം മുഴുവനും, മഹാരാജ്ഞിക്കു വിജയം ആശംസിച്ചുകൊണ്ടു ജനതയുടെ ഹൃദയത്തിൽനിന്നു പൊങ്ങുന്ന ഉച്ചൈസ്തരമായ ആശീർവാദങ്ങളാൽ മുഖരിതമായിരിക്കുന്നു. ഈ ഗംഭീരധ്വനി ഇപ്പോൾ ഹിമവൽപർവതനിരയേയും ഭേദിച്ചു്, അതിനപ്പുറമുള്ള രാജ്യങ്ങളിലും വ്യാപിച്ചു്, സകല ലോകത്തിന്റെയും ശ്രവണപുടങ്ങളിൽ പതിക്കയും ആ വഴിക്കു് ഇന്ത്യൻരാജാക്കന്മാരും പ്രജാമണ്ഡലങ്ങളും തങ്ങളുടെ പ്രിയപ്പെട്ട മഹാറാണിയോടുള്ള ഭക്തിയിലും അചഞ്ചലപ്രേമത്തിലും ഏകാഭിപ്രായക്കാരാണെന്നുള്ള വാർത്ത സർവലോകവിദിതമായി ഭവിക്കയും ചെയ്യും."

ഈ സംഭവത്തിന്റെ സ്മാരകമായി മൂലംതിരുനാൾ തമ്പുരാൻ ലണ്ടനിലെ ഇന്ത്യാഓഫീസിനു പതിനായിരം

രൂപയും മദ്രാസിലെ സാങ്കേതികവിദ്യാലയത്തിനു രണ്ടായിരം രൂപയും ദാനം ചെയ്തതിനു പുറമേ വിക്ടോറിയാ ജൂബിലിടൌൺ ഹാൾ എന്നൊരു കെട്ടിടവും കൊല്ലുത്തു സ്ത്രീജനങ്ങൾക്കായി വിക്ടോറിയാമെഡിൽസ്ക്കൂളും ആശുപത്രിയും സ്ഥാപിച്ചു; ദുർവ്യവഹാരങ്ങളായ ചില നികൃതികളെ നിർത്തൽ ചെയ്യുന്ന രണ്ടു തിരുവെഴുത്തുവിളംബരങ്ങൾ പ്രസിദ്ധംചെയ്തു; 12 ജയിൽപ്പുള്ളികളെ വിലങ്ങു വെട്ടിവിട്ടു; ദന്തംകൊണ്ടും കരുന്താളികൊണ്ടും അതിവിചിത്രമായി നിർമ്മിക്കപ്പെട്ട ചില വിശിഷ്ടസാധനങ്ങൾ മഹാരാജ്ഞിക്കു് അയച്ചുകൊടുത്തു.

1062-ൽ കൊച്ചിയിലെ എളയരാജാവു തിരുവനന്തപുരത്തു് എഴുന്നള്ളി, തിരുമനസ്സിലെ അതിഥിയായി ഏതാനും ദിവസത്തോളം പാർത്തു. ആ വർഷം കൊച്ചിയും തിരുവിതാംകൂറും തമ്മിലുള്ള സ്നേഹബന്ധം കുറെക്കൂടി വർദ്ധിച്ചു.

1063-ൽ മദ്രാസ്ഗവർണ്ണരായ കാർണ്ണിമാറാ പ്രഭു തിരുവനന്തപുരത്തു വന്നു രണ്ടുനാൾ താമസിക്കയുണ്ടായി. അവിടുത്തെ ഔദ്യോഗികമായ സൽക്കാരചാതുരികൊണ്ടു് പ്രഭു അത്യന്തം സംപ്രീതനായി ഭവിച്ചു. തീന്മേശ കഴിഞ്ഞു് പ്രഭു ചെയ്ത പ്രസംഗത്തിനിടയിൽ ഇപ്രകാരം പ്രസ്താവിക്കയുണ്ടായി.

"വളരെക്കാലമായിട്ടു് ഉത്തമന്മാരായ ഭരണകർത്താക്കന്മാരാൽ തിരുവിതാംകൂർ അനുഗൃഹീതമായിരിക്കുന്നു; എത്രകാലമായിട്ടെന്നു ഞാൻ പറയുന്നില്ല—പരിഷ്കൃതാശയതപത്തിലും കർത്തവ്യനിഷ്ഠയിലും അവർ അതിപ്രശസ്തരായിരിക്കുന്നു. ഇന്നത്തെ മഹാരാജാവു് ഈ വിഷയത്തിൽ സപൂർവികന്മാരെ അതിശയിക്കുന്നതിനു സർവാത്മനാ പ്രയത്നിക്കുമെന്നുള്ളതിൽ എനിക്കു സംശയമേ ഇല്ല. ഈ രാജ്യവാസികളിൽ അന്യാദൃശമായി പ്രശോഭിച്ചുകാണുന്ന നൈസർഗികവും ഉൽകൃഷ്ടവും വിവേകപൂർവകവുമായ വിനയസ്വഭാവം കണ്ടിട്ടു് എന്റെ ഹൃദയം വിസ്മയതരളിതമായിരിക്കുന്നു. ഇങ്ങനെയുള്ള ഒരു ജനതയുടെ രക്ഷാകർത്തൃത്വം വഹിക്കാൻ ഈ മഹാരാജാവുതിരുമനസ്സുകൊണ്ടു് സർവഥാ അർഹനാണെന്നാണു് എന്റെ അഭിപ്രായം. രാജ്യഭരണവിഷയമായി

അടുത്തകാലത്തു് അവിടുന്നു ചെയ്തിട്ടുള്ള നാനങ്ങൾ പഴുപ്പുഫല ങ്ങളായിത്തീർന്നിട്ടുണ്ടെന്നു് എനിക്കറിയാം."

പ്രജാവിന്റെ ആഗമനത്തെ സംസ്മരിക്കുന്നതിനായിട്ടു കണ്ണി ാറാച്ചുന്ന എന്നൊരു മാക്കറു പാളയത്തിൽ ആരംഭിച്ചു.

ശവണ്ണരുടെ വരവിനു പ്രത്യേകം ചില കാരണങ്ങൾകൂടി ഉണ്ടായിരുന്നു. എന്നാലെന്നാൽ ഉദ്യോഗവിഷയത്തിൽ ഇക്കാലത്തു പരദേശികളും വിദേശികളും തമ്മിൽ വലിയ തക്ക വും വഴക്കുകളും ഉണ്ടായിക്കൊണ്ടിരുന്നു. രണ്ടു കക്ഷികളും സം ഘങ്ങൾ കൂടുകയും ബഹളങ്ങൾ ഉണ്ടാക്കുകയും ചെയ്തതിനു പുറ മെ, അവരുടെ ശത്രുത്വം നാട്ടിലും പുറത്തുമുള്ള പത്രങ്ങളിൽ ലേ ഖനദ്വാരാ വെളിപ്പെടുകയും ചെയ്തു. മലയാളികളിൽ എല്ലാ വർഗ്ഗക്കാരും യോജിച്ചു പ്രവർത്തിച്ചു. മലയാളികളുടെ നേതൃത്വം വഹിച്ചവരുടെ കൂട്ടത്തിൽ പുണ്യശ്ലോകനായ ബാരിസ്റ്റർ ജി. പരമേശ്വരൻപിള്ളയും പ്രസിദ്ധനായ കാവാലം നീലകണ്ഠപ്പി ള്ളയും പിൽക്കാലത്തു ഹൈക്കോടതിജഡ്ജിയായിത്തീർന്ന മി. കേ. പി. ശങ്കരമേനോനും പ്രത്യേകം സ്മരണീയരാകുന്നു. ജീ. പി. പിള്ള എഴുതി ഉണ്ടാക്കിയ 'മലയാളിമെമ്മോറിയൽ' ലോകസ ചാതുരിയുടേയും ബുദ്ധിവിലാസത്തിന്റെയും സ്മാരകമായി പരി ശോഭിക്കുന്നു.

ഇരുപാട്ടുകാരും സായ്പുവർകൾക്കു പരാതി അയച്ചിരുന്നു. എന്നാൽ മഹാരാജാതിരുമനസ്സിലെ സൽക്കൃതിയാൽ സന്തുഷ്ട നായ സായ്പുവർകൾ, അവിടുത്തെ നീതിനിഷ്ഠയിൽ പൂർണ്ണമായി വിശ്വസിച്ചു് ഹർജികളെപ്പറ്റി നാതൊന്നും ആലോചിക്കാതെ യാണു് മടങ്ങിപ്പോയതു്.

1063-ൽ തിരുമനസ്സുകൊണ്ടു് പുതുശ്ശേരി, പൂന, ബാംബേ മുതലായ നഗരങ്ങൾ സന്ദർശിച്ചു. മാർഗ്ഗമധ്യേ എഴുന്നള്ളി ത്താമസിച്ച സ്ഥലങ്ങളിലൊക്കെയും ജനങ്ങൾ ധർമ്മരാജ്യത്തി ലെ മഹാരാജാവിനു മംഗളപത്രങ്ങൾ നല്കുകയും തിരുമനസ്സു കൊണ്ടു് അതാതു ഭാഷകളിൽതന്നെ ഉചിതമായ മറുപടി പറ കയും ചെയ്തു. ആ മംഗളപത്രങ്ങളും മറുപടികളും പുസ്തകരൂപേ ണ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടു്. ബോംബെ നഗരത്തിൽവച്ചു

തിരുമനസ്സിലേക്കു ടാറാ തുടങ്ങിയ കോടീശ്വരന്മാരിൽനിന്നു് സൽക്കാരങ്ങൾ ലഭിക്കയും കൊന്നാട്ടു് പ്രഭുവിനെയും പ്രഭ്വിയേയും മൈസൂർ രാജാവിനേയും സന്ദർശിക്കാൻ ഭാഗ്യമുണ്ടാവുകയും ചെയ്തു. അവിടെ പതിനാലു ദിവസത്തോളം താമസിച്ചു ശേഷം അവിടുന്നു മദ്രാസ്സിൽ എഴുന്നള്ളി ഗവണ്മെന്റെ സന്ദർശിച്ചിട്ടു കൊച്ചീവഴിക്കു തിരുവനന്തപുരത്തേക്കു തിരിച്ചുപോന്നു.

1064-ൽ മഹാറാണി തിരുമനസ്സുകൊണ്ടു മഹാരാജാവിനു "നൈറ്റ്ഗ്രാൻഡ് കമാൻഡർ അഫ് ദി മോസ്റ്റ് എക്സാൽട്ടഡ് ആർഡർ അഫ് ദി സ്റ്റാർ അഫ് ഇൻഡ്യാ" എന്ന സ്ഥാനം നല്കി. തൽസംബന്ധമായ സ്ഥാനമുദ്രയും ഉടുപ്പും സ്വീകരിക്കാനായി അവിടുന്നു് അക്കൊല്ലത്തിൽ തന്നെ മദ്രാസിലേക്കു് എഴുന്നള്ളി.

വെയിൽസ് രാജകുമാരൻ അതേവർഷത്തിൽ ഇന്ത്യ സന്ദർശിക്കാനായി പുറപ്പെടുന്നു എന്നറിഞ്ഞു് അദ്ദേഹത്തിനെ അവിടുന്നു തിരുവിതാംകൂറിലേക്കും ക്ഷണിച്ചു. ഈ സംസ്ഥാനത്തെ വനാന്തരങ്ങളിൽ മൃഗയാവിനോദത്തിനു ധാരാളം വകയുണ്ടെന്നറിഞ്ഞ രാജകുമാരൻ ആ ക്ഷണത്തെ സസന്തോഷം സ്വീകരിച്ചു. പ്രസ്തുത രാജകുമാരന്റെ സ്വീകരണാർത്ഥം തിരുമനസ്സുകൊണ്ടു വേണ്ടുന്ന ഒരുക്കങ്ങളെല്ലാം നേരത്തെ ചെയ്തു. 1065 പ്രമിതത്തിൽ അദ്ദേഹം കൊറാലത്തു എത്തി. മഹാരാജാതിരുമനസ്സുകൊണ്ടു് അവിടെ എഴുന്നള്ളി സ്വന്ത കൊട്ടാരത്തിൽവച്ചു തന്നെ അവിടുന്നു പ്രഭുവിനെ സ്വീകരിച്ചു. അനന്തരം രാജകുമാരൻ അവിടത്തെ പ്രധാന ക്ഷേത്രവും വെള്ളച്ചാട്ടവും കണ്ടതിന്റെ ശേഷം റസിഡണ്ടിനോടുകൂടി വേട്ടയ്ക്കായി പുറപ്പെട്ടു. അതിനു വേണ്ട ഒരുക്കങ്ങളെല്ലാം തിരുമനസ്സുകൊണ്ടു് ചെയ്തിരുന്നു. അദ്ദേഹത്തിനു തിരുവനന്തപുരം കൂടി സന്ദർശിക്കണമെന്നു് ആഗ്രഹമുണ്ടായിരുന്നു; എന്നാൽ സമയദൌർലഭ്യംകൊണ്ടു തിരുനെൽവേലിയിലേക്കു മടങ്ങിപ്പോയി. ഏതായിരുന്നാലും ഇംഗ്ലീഷുരാജകുടുംബത്തിലെ ഒരു അംഗത്തെ ഇടംപ്രഥമമായി സ്വമന്ദിരത്തിൽവച്ചു സ്വീകരിക്കുന്നതിനുള്ള ഭാഗ്യം മൂലംതിരുനാൾ മഹാരാജാവിനാണു് ലഭിച്ചതു്.

1065-ൽ തിരുമനസ്സുകൊണ്ടു് ഉത്തരഇൻഡ്യയിലേക്കു് എഴുന്നള്ളി, നാസിക് മുതലായ പ്രസിദ്ധസ്ഥലങ്ങളെ സന്ദർശിച്ചു. നാസിക്കിൽനിന്നു് അവിടുന്നു കാശിയിലേക്കു തിരിച്ചിട്ടു ഗംഗാസ്നാനവും വിശ്വനാഥദർശനവും കഴിച്ചിട്ടു ഗയ എന്ന പുണ്യസ്ഥലത്തേക്കു പുറപ്പെട്ടു. അവിടെ വിധിപ്രകാരമുള്ള പുണ്യകർമ്മങ്ങൾ അനുഷ്ഠിച്ചശേഷം കൽക്കത്തയ്ക്കു് എഴുന്നള്ളി, വൈസറായിയെ സന്ദർശിച്ചു. അവിടെനിന്നു് അയോധ്യയ്ക്കു തിരിച്ചു. ലക്നൌ, ആഗ്ര, ദില്ലി മുതലായ പ്രധാന നഗരങ്ങളും ഈ യാത്രയിൽ സന്ദർശിക്കപ്പെട്ടു. ഏകദേശം രണ്ടുമാസത്തിനു ശേഷമാണു് തിരുമനസ്സുകൊണ്ടു തിരുവനന്തപുരത്തു തിരിച്ചെഴുന്നള്ളിയതു്.

1066 തുലാമാസത്തിൽ അവിടുന്നു രാമേശ്വരത്തു് എഴുന്നള്ളി. 1076 മേടം 19-നു തുലാപുരുഷദാനവും 1069-ൽ പത്മഗർഭവും നടത്തപ്പെട്ടു. 1066-ൽ അവിടത്തെ ഭാഗിനേയനായ അശ്വതിതിരുനാൾ തമ്പുരാൻ ബി. എ. പരീക്ഷാബിരുദം നേടി. നാട്ടുരാജാക്കന്മാരുടെ ക്ലാസ്സിൽ ആദ്യമായി ബീ. എ. ബിരുദം സമ്പാദിച്ചതു് ഈ രാജകുമാരനായിരുന്നു എന്നുള്ള സംഗതിയും ഇവിടെ പ്രസ്താവയോഗ്യമാകുന്നു. തത്സന്തോഷസൂചകമായി തിരുമനസ്സുകൊണ്ടു ഭാഗിനേയനു് ഒരു ജോടി കടുക്കനും ഏതാനും പുസ്തകങ്ങളും സമ്മാനിച്ചു.

രാമരായരുടെ കാലത്തുണ്ടായ പ്രധാന പരിഷ്കാരങ്ങൾ.

1063-ലെ രണ്ടാംറഗുലേഷൻ.

ഈ റഗുലേഷൻ അനുസരിച്ചു് തിരുവിതാംകൂറിൽ ഒരു നിയമനിർമ്മാണസഭ സ്ഥാപിക്കപ്പെട്ടു. അഞ്ചു് ഔദ്യോഗികാംഗങ്ങളും അനൗദ്യോഗസ്ഥാംഗങ്ങളും ചേർന്ന ഈ സഭയിൽ എല്ലാ ബില്ലുകളും ഥാജരാക്കപ്പെടണമെന്നും അവിടെ പാസായശേഷം രാജകീയാനുമതിയോടുകൂടി നിയമമായിത്തീരുന്നതാണെന്നും ഇതിനാൽ വ്യവസ്ഥചെയ്തു. ദിവാൻ ഈ നിയമസഭയുടെ എക്സ് അഫിഷ്യോ പ്രസിഡണ്ടായിരുന്നു. സഭയിൽ ഥാജരാക്കപ്പെട്ടതിനുമുമ്പു് ബില്ലുകളെ ജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കണമെന്നും ഏർപ്പാടുചെയ്തിരുന്നു. ഇങ്ങനെ ജനങ്ങളെ

നിയമനിർമ്മാണവിഷയത്തിൽ ഭാഗഭാക്കുകളാക്കിയത് ഈ മഹാരാജാവായിരുന്നു. അടിയന്തിരനിയമങ്ങൾ സഭയുടെ അനുമതികൂടാതെ പാസ്സാക്കാമെന്നു് ഈ റഗുലേഷനിൽ നിശ്ചയിച്ചിരുന്നുവെങ്കിലും, അങ്ങനെയുള്ള നിയമങ്ങൾക്കു് ആറുമാസത്തേക്കുമാത്രമേ പ്രാബല്യം ഉണ്ടായിരുന്നുള്ളു. 1064-ൽ ആണു് ആദ്യത്തെ നിയമനിർമ്മാണസഭ കൂടിയത്.

മുദ്രകാലകം 1043-ൽ നിർത്തലാക്കപ്പെട്ടുവെങ്കിലും മുദ്രയില്ലാത്ത ഓലകളിൽ എഴുതപ്പെട്ട പ്രമാണങ്ങളിന്മേൽ പിഴ ഇപ്പോഴും ഈടാക്കിക്കൊണ്ടിരുന്നു. 1062-ലെ ഒരു വിളംബരത്താൽ ഈവകയെ അത്തരം പിഴകളിൽനിന്നു് ഒഴിവാക്കി.

1060-നു മുമ്പു് നടത്തപ്പെട്ട സർക്കാർപാട്ടവസ്തുക്കൈമാറ്റങ്ങളെ സംബന്ധിച്ചു് ഈടാക്കാതെ കിടന്നിരുന്ന കൂടിശ്ശികഫീസുകളെ സർക്കാരിൽനിന്നു് ഉപേക്ഷിച്ചിരിക്കുന്നതായി മറ്റൊരു വിളംബരവും അക്കൊല്ലത്തിൽ ഉണ്ടായി.

സ്റ്റാമ്പുനിയമം.

1063-ൽ സ്റ്റാമ്പുനിയമത്തിൽ ചില ഭേദഗതികൾ വരുത്തി. 1059-ലെ ഒന്നാംറഗുലേഷൻപ്രകാരം മുദ്രവില അടയ്ക്കാത്തവരിൽനിന്നു വലിയ പിഴ ഈടാക്കിവന്നു. മുദ്രവിലയുടെ പത്തുഗുണം ഈടാക്കണമെന്നുള്ള വ്യവസ്ഥയെ നിർത്തലാക്കീട്ടു്, അഞ്ചുഗുണം മതിയെന്നു് ഒരു പുതിയ നിയമം നടപ്പിൽ വരുത്തുകയും ചില പ്രത്യേക സംഗതികളിൽ ഈടാക്കീട്ടുള്ള അധികത്തുക തിരിച്ചു കൊടുക്കുന്നതിനു് ഡിവിഷൻപേഷ്കാരന്മാരെ അധികാരപ്പെടുത്തുകയും ചെയ്തു.

പിറവകപരിഷ്കാരം.

1063-ലെ ആറും, ഏഴും, എട്ടും റഗുലേഷനുകളാൽ യഥാക്രമം അഫീൻ, ഉപ്പു്, പുകയില ഇവയെ സംബന്ധിച്ച ചട്ടങ്ങളെ ജനങ്ങൾക്കു കൂടുതൽ ഗുണപ്രദമായ വിധത്തിലും എന്നാൽ സർക്കാരിലേക്കു ആദായം വർദ്ധിക്കത്തക്കവണ്ണവും പുതുക്കി.

അടിയറപ്പീസുനിർത്തി.

മരുമക്കത്തായനിയമപ്രകാരം അടുത്ത ശേഷക്കാരില്ലാതെ മരിക്കുന്നവരുടെ വസ്തുക്കളുടെ വിലയിൽ നാലിലൊന്നു സർക്

മീലേക്ക് അടിയറയായി കൊടുക്കണമെന്നുണ്ടായിരുന്നു. ഒരു തിരുവെഴുത്തുവിളംബരത്താൽ സക്കാരിൽനിന്ന് ഈ അവകാശത്തെ ഉപേക്ഷിച്ചു. അതുപോലെ തന്നെ മക്കത്തായികളായ കലച്ചെട്ടികർക്കു സന്താനവിച്ഛേദം വരുമ്പോൾ അവരുടെ ഭാഗിനേയക്കു അവകാശം സിദ്ധിക്കണമെങ്കിൽ സക്കാരിലേക്ക് ഒരു ഫീസു കൊടുക്കണമെന്നുണ്ടായിരുന്ന നിയമത്തെയും മറൊരു വിളംബരത്താൽ റദ്ദ് ചെയ്തു.

ജന്മിയുടെ വകയായ വസ്തുക്കൾ അനുഭവിച്ചുവരുന്ന കുടിയാനവൻ അവകാശിയില്ലാതെ മരിച്ചാൽ, ആ കുടിയാന്റവന്റെ അവകാശം സക്കാരിലേക്ക് അടങ്ങുമായിരുന്നു. സക്കാർ അത്തരം വസ്തുക്കളെ സക്കാർപാട്ടം വസ്തുക്കളാക്കിവന്നതിനാൽ, ജന്മിക്കു പൊളിച്ചെഴുത്തു തുടങ്ങിയ അവകാശങ്ങൾ നഷ്ടപ്പെട്ടുവന്നു. യാതൊരുതെറും ചെയ്യാത്ത ജന്മി ഇങ്ങനെ നഷ്ടപ്പെടേണ്ടിവരുന്നത് അനീതിയാകയാൽ, സക്കാർ അങ്ങനെ വസ്തു കൈവശപ്പെടുത്തുമ്പോൾ, ഭൂസ്വാമി എന്ന നിലയിലായിരിക്കരുതെന്നും ജന്മിയുടെ കുടിയാനവൻ എന്ന നിലയിൽ ആയിരിക്കേണ്ടതാണെന്നും, അത്തരം വസ്തുക്കൾ കൈമാറം ചെയ്യുന്നതായാലും, കൈമാറം വാങ്ങുന്ന ആൾ ജന്മിയുടെ അനുഭോഗങ്ങൾ കൊടുക്കണമെന്നും മൂന്നാമതൊരു രാജകീയവിളംബരം അതേവർഷത്തിൽ തന്നെ ഉണ്ടായി.

വിരുത്തിയേപ്പാട്ട്.

വിരുത്തിയേപ്പാട്ട് സാധുജനങ്ങൾക്ക് ഏതുമാത്രം ഉപദ്രവകരമായിരുന്നു എന്ന് 1064-ൽ റസിഡണ്ടു ഹാമിങ്ടൺ എഴുതിയ ഒരു വിമർശത്തിൽനിന്നു നമുക്കു ഗ്രഹിക്കാം.

"ചില അടിയന്തിരങ്ങൾക്കു കറിസാമാനങ്ങൾ, മല്ലാശ മുതലായവ ഏല്പിച്ചുകൊള്ളാമെന്ന വ്യവസ്ഥയിന്മേൽ വസ്തുക്കൾ നല്കപ്പെട്ടിരുന്നവരാണ് വിരുത്തിക്കാർ. തങ്ങളനുഭവിച്ചുവന്ന വസ്തുക്കളെ തിരിച്ചുകൊടുത്തിട്ട് ഈ ഏല്പാട്ടിൽനിന്നു വിമുക്തരാവാൻ വിരുത്തിക്കാർ അനുവദിക്കപ്പെട്ടിരുന്നില്ല. അങ്ങാടിനിരക്കിൽനിന്നു വളരെ കുറഞ്ഞവിലയ്ക്കു സാമാനങ്ങൾ ഏല്പിക്കാൻ അവർ നിർബന്ധിതരായിത്തീർന്നു."

ഏതാനും വർഷങ്ങളായിട്ട വിരുത്തി ഏല്പാടുകളിൽ പല തും നിത്തിപരികയായിരുന്നു. മൂലംതിരുനാൾ മഹാരാജാവു തിരു മനസ്സുകൊണ്ടു് അവയെ നിശ്ശേഷം നിത്തൽചെയ്തു.

അഞ്ചൽ പരിഷ്കാരം.

1064-ൽ ഒരു അഞ്ചൽ റഗ്രലേഷൻ പാസ്സാക്കി. ജനങ്ങളുടെ സൗകര്യാത്ഥം ഒന്നും, രണ്ടും, നാലും ചക്രം വിലയുള്ള സ്റ്റാമ്പുകളും, അരച്ചക്രം വിലയുള്ള കാർഡുകളും നടപ്പിൽ വരുത്തി.

നാട്ടുവൈദ്യസഹായം.

ഇംഗ്ലീഷുമരുന്നുകളിൽ ജനങ്ങൾക്കു പൊതുവെ വിശ്വാസം ജനിച്ചിരുന്നില്ലെന്നു മാത്രമല്ല, ആശുപത്രികൾ എല്ലാ സ്ഥലങ്ങളിലും സ്ഥാപിക്കപ്പെട്ടിട്ടും ഇല്ലായിരുന്നു. അതുകൊണ്ടു മഹാരാജാ തിരുമനസ്സുകൊണ്ടു് ഏതാനും നാട്ടുവൈദ്യന്മാർക്കു ഗ്രാന്റു നല്കി നാട്ടുവൈദ്യത്തെ പ്രോത്സാഹിപ്പിച്ചു.

വിദ്യാഭ്യാസപരിഷ്കാരം.

തിരുവനന്തപുരത്തു 1063-ൽ പരീക്ഷണാത്ഥം സ്ഥാപിച്ചിരുന്ന ഫ്രീനാമ്മൽസ്കൂളിനെ സുസ്ഥിരമായ അടിസ്ഥാനത്തിന്മേൽ ഉറപ്പിച്ചു. ഗവണ്മെൻറുവകയായ ഒരു വ്യാവസായിക വിദ്യാലയം സ്ഥാപിക്കയും അതിന്റെ ഭാരവാഹിത്വം, മദ്രാസിൽ അയച്ചു പരിശീലനം നടത്തിച്ചു ഒരു ഗ്രാഡ്വേറ്റു സൂപ്രണ്ടിനു വിട്ടുകൊടുക്കയുംചെയ്തു. ഈ ഒരു സ്ഥാപനത്തിനു തന്നെ പ്രതിവർഷം 1,50,000 രൂപ ചെലവുവന്നു. അതാതു ഡിവിഷനിലുള്ള നല്ല പണിക്കാരെ പ്രേരിപ്പിച്ചു് അവരുണ്ടാക്കിയ ഒന്നാംതരം ശില്പവേലകളെ തിരുവനന്തപുരത്തെ സ്കൂൾ ഓഫ് ആർട്ട്സിൽ പ്രദർശിപ്പിക്കുന്നതിനും മിടുക്കൻപേഷ്കാരന്മാരെ മുമതലപ്പെടുത്തി.

1064-ൽ സംസ്കൃതഭാഷയിൽ ഉപരിവിദ്യാഭ്യാസം നടത്തുന്നതിലേക്കു കോട്ടയ്ക്കകത്തു് ഒരു സംസ്കൃതപാഠശാല സ്ഥാപിച്ചു. എന്നാൽ അദ്യകാലത്തു ബ്രാഹ്മണരെ മാത്രമേ അതിൽ ചേർത്തുവന്നിരുന്നുള്ളു. ക്രമേണ നായന്മാരെയും പഠിപ്പിച്ചു തുട

ങ്ങി. കാലാന്തരത്തിൽ എല്ലാ ജാതിക്കാരെയും പരിപ്പിക്കുന്നതിനു് അവിടുന്നതന്നെ വ്യവസ്ഥചെയ്തു.

ഗവണ്മെണ്ടുപ്രസ്സു് പരിഷ്കരിച്ചു്, നല്ല അച്ചടിസാമാനങ്ങൾ വരുത്തി; സർക്കാരുദ്യോഗസ്ഥന്മാരെ സസ്പെണ്ടുചെയ്തതോ, പിരിച്ചുവിടുകയോ ചെയ്യുന്നതിനെ സംബന്ധിച്ചു ബ്രിട്ടീഷു് ഇൻഡ്യയിൽ നടപ്പുണ്ടായിരുന്ന ചട്ടങ്ങൾ ഇവിടെയും ഏർപ്പെടുത്തി; റവന്യൂഉദ്യോഗസ്ഥന്മാരെ സഹായിക്കുന്നതിനായി തടസ്ഥരെ നിയമിക്കുന്നതിനും ചില ചട്ടങ്ങൾ നടപ്പിലാക്കി.

ഹൈക്കോട്ടുപരിഷ്കാരം.

സദർകോടതിയെ പരിഷ്കരിച്ചു് ഇന്നത്തെ രീതിയിലാക്കിയതു രാമരായരുടെ കാലത്തായിരുന്നു. 1065-ലെ. ഒന്നാംറഗുലേഷൻ അനുസരിച്ചു് ജഡ്ജിമാരുടെ സംഖ്യ അഞ്ചിൽനിന്നു നാലാക്കിക്കുറച്ചു; ഫുൾബെഞ്ചിനു മൂന്നു ജഡ്ജിമാർ മതിയെന്നുവച്ചു; സിവിൽകേസുകളെ സംബന്ധിച്ചു ഒന്നാം അപ്പീൽ കേൾക്കുന്നതിനു് ഒറ്റ ജഡ്ജിയെ അധികാരപ്പെടുത്തി; അതിന്മേലുള്ള അപ്പീൽ രാജകീയകോടതി കേൾക്കണമെന്നും വ്യവസ്ഥചെയ്തു. 2,500 രൂപയോ അതിൽ കവിഞ്ഞതോ ആയ സലയുള്ള കേസുകളിന്മേൽ ഡിസ്ട്രിക്ടുകോടതി ചെയ്യുന്നതീർപ്പുകളെപ്പറ്റി ഉണ്ടാകുന്ന അപ്പീലുകളെ മൂന്നു ജഡ്ജിമാരടങ്ങിയ ഫുൾബെഞ്ചുകേട്ടു് തീർപ്പുചെയ്തിട്ടു് രാജകീയാനുമതിക്കു് അയയ്ക്കപ്പെടണമെന്നു നിശ്ചയിച്ചു. അതേ കൊല്ലത്തിലെ രണ്ടാംറഗുലേഷൻ അനുസരിച്ചു പരിഷ്കരിച്ച സിവിലും ക്രിമിനലും ആയ നടപടിക്രമങ്ങൾ, ബ്രിട്ടീഷുകോഡുകളെ പൊതുവെ അനുകരിച്ചും എന്നാൽ ഈ നാട്ടിനു യോജിച്ച ചില ഭേദഗതികളോടുകൂടിയും നടപ്പിൽവരുത്തി.

മെഡിക്കൽവകുപ്പു്.

1065-ൽ, ഈ വകുപ്പും കാര്യക്ഷമമായ വിധത്തിൽ പരിഷ്കരിക്കപ്പെട്ടു. ആശുപത്രികളുടെ സംഖ്യ വർദ്ധിപ്പിച്ചതുകൂടാതെ ശവച്ഛേദക്കാരുടെ ശവച്ഛേദം കൂട്ടുകയും മദ്രാസ്മെഡിക്കൽ കാളേജിൽ പാസ്സാകുന്നവരെ ഡാക്ടർമാരായി നിയമിക്കുന്നതിനു വ്യവസ്ഥ

യുണ്ടാക്കയുംചെയ്തു. തിരുവനന്തപുരത്തു് ഒരു വാക്സ്സിൻഡിപ്പോ വും സ്ഥാപിച്ചു.

സിവിൽകോടതിറഗുലേഷൻ.

1057-ലെ സിവിൽകോടതി റഗുലേഷനിൽ ചില ഭേ ഗതികൾ ഇതിനാൽ വരുത്തി. മുൻസിഫന്മാരുടെ സ്മാൾകാസ് അധികാരം 20 രൂപയിൽനിന്നു മുപ്പതുരൂപയായും ജില്ലാജഡ്ജി മാരുടെ ഫൈനൽ അപ്പല്ലേറ്റു് അധികാരം 50-ൽനിന്നു 60 രൂപയായും വർദ്ധിപ്പിച്ചു.

മറ്റു പരിഷ്കാരങ്ങൾ.

ഹജൂർജീവനക്കാരുടെ ശമ്പളം കൂട്ടി. താലൂക്കുകച്ചേരി കളെ പരിഷ്കരിച്ചു്, ഇതേവരെ കണക്കുശാഖയുടെ ചാർജ്ജു വഹിച്ചുകൊണ്ടിരുന്ന ഡിപ്പ്ടിതഹശീൽദാരന്മാർക്കു, തഹശീൽ ദാരന്മാരുടെ കീഴിൽ റവന്യൂശാഖയുടെ ചാർജ്ജുവഹിക്കുന്നതിനു അധികാരം നല്കി. സബ്ബായംഡിപ്പാർട്ടുമെൻറിലേക്കു ഡറാ ഡൂണിലെ ഇമ്പീരിയിൽ ഫാറസ്റ്റ്സ്കൂളിൽ അയച്ചു പരിശീ ലനം കഴിപ്പിച്ച ഏതാനും ആളുകളെ നിയമിച്ചു. സർക്കാർ വേധാലയത്തിന്റെ മേൽനോട്ടത്തിൽ ഒരു അണറിഡയറക്ട രെയും മ്യൂസിയത്തിന്റെ പര്യവേക്ഷണത്തിനു് ഒരു് അഭിജ്ഞ നായ സൂപ്രണ്ടിനേയും നിശ്ചയിച്ചു. നിരവധി പുതിയ രാജ പാതകൾ നിർമ്മിക്കപ്പെട്ടു; കൃഷിക്കു് ഉപയോഗത്തിനായി അനേ കം കുളങ്ങൾ കുഴിപ്പിച്ചു. കൊല്ലത്തുനിന്നും തിരുനെൽവേലിക്കു ഒരു തീവണ്ടിപ്പാത ഉണ്ടാക്കുന്നതിനുവേണ്ട പ്രാരംഭ എഴുത്തുകുത്തു കൾ നടത്തി. കായലുകൾ നികത്തി കൃഷി ചെയ്യുന്നവർ അഞ്ചു കൊല്ലത്തേക്കു കരം കൊടുക്കേണ്ടെന്നും പിന്നീടു് ഏക്കർ ഒന്നിനു ഒന്നരരൂപവീതം ഉള്ളുസംവത്സരം കൊടുത്താൽ മതിയെന്നും നിശ്ചയിച്ചു.

1067-ൽ ദിവാൻജി പെൻഷൻപറഞ്ഞിരിഞ്ഞു. അതിനു മുമ്പിൽതന്നെ അദ്ദേഹത്തിനു സീ. ഐ. ഇ. എന്ന സ്ഥാനം ലഭിച്ചു. ഉദ്യോഗത്തിൽനിന്നു പിരിഞ്ഞശേഷം അദ്ദേഹം മൂന്നു കൊല്ലമേ ജീവിച്ചിരുന്നുള്ളു. അദ്ദേഹത്തിന്റെ മരണം പൊതുവേ

ഗുഹ്യകപ്രദേശത്തിങ്കൽനിന്നുണ്ടായ പാടുകൾ. ഒന്നാമത്തേതിനെ സ്ഥാപിക്കപ്പെട്ടിരിക്കുന്ന രാമരായുമിഷൻഹോസ്പിറ്റൽ അദ്ദേഹത്തിന്റെ സ്മാരകമായി ഇന്നും പ്രശോഭിക്കുന്നു.

ശങ്കരസുബ്ബയ്യർ.

അദ്ദേഹം താണ ഉദ്യോഗത്തിൽനിന്ന് അടിക്കടി ഉയർന്നുവന്ന ഒരു ദേശഭക്തനായിരുന്നു. രാമരായർ ഉദ്യോഗത്തിൽ നിന്നു പിരിഞ്ഞ അവസരത്തിൽ, അദ്ദേഹം ഫൈഴുത്തുഡിപ്പാർട്ടുമെന്റിന്റെ അദ്ധ്യക്ഷം വഹിച്ചുവന്ന സീനിയർ ദിവാൻ പേഷ്കാരായിരുന്നു.

അദ്ദേഹം 1011-ൽ തിരുവിതാംകൂറിൽ ജനിച്ചു. അദ്ദേഹത്തിന്റെ മാതൃവ്യൻ അമ്പലക്കോടതിയിലെ ഒരു പണ്ഡിതരായിരുന്നു. തിരുവനന്തപുരത്തെ സ്കൂളിൽ പഠിച്ചതിൻശേഷം അദ്ദേഹം അന്ത്യോപശബ്ദത്തിൽ ഒരു മാദ്ധ്യാപകുദ്യോഗം സമ്പാദിച്ചു. ആ ജോലിയിൽ പ്രകാശിപ്പിച്ച സാമർത്ഥ്യം അന്നു നാടുവാണിരുന്ന മഹാരാജാവിന്റെ ശ്രദ്ധയെ ആകർഷിച്ചതിനാൽ അവിടുന്ന് ഒരു ജോടിമോതിരം സമ്മാനിച്ചു. സർ ടി. മാധവരായർ അദ്ദേഹത്തിനെ ഡിപ്പുട്ടിപോലീസ് ശിരസ്തദാരായി നിയമിച്ചു. ആ ഉദ്യോഗം വഹിക്കുന്ന കാലത്തു് ചെങ്കോട്ടയിൽ നടന്ന ലഹള ശമിപ്പിക്കുന്ന വിഷയത്തിൽ കാണിച്ച സാമർത്ഥ്യംനിമിത്തം, നാട്ടഭാഷാവിദ്യാലയങ്ങളുടെ അധ്യക്ഷനായി നിയമിക്കപ്പെട്ടു. അദ്ദേഹത്തിന്റെ ഉത്സാഹപൂർവ്വമായ നാട്ടഭാഷാഭ്യസനത്തിനു വലിയ ഉണർച്ച ഉണ്ടായതു്. വിശാഖംതിരുനാൾ യുവരാജാവായിരിക്കുന്ന കാലത്തു് അദ്ദേഹത്തിന്റെ പരിശ്രമങ്ങളെ പ്രശംസിച്ചു ഗൽകത്താറിവ്യൂവിൽ ഇങ്ങനെ എഴുതുകയുണ്ടായി.

"അടുത്ത കാലംവരെ ഈ ഡിപ്പാർട്ടുമെന്റു് മിസ്റ്റർ ശങ്കരസുബ്ബയ്യരുടെ അതിസമർത്ഥമായ ഭരണത്തിലാണിരുന്നതു്; അദ്ദേഹത്തിനെക്കാൾ ശ്രദ്ധയും ജാഗ്രതയും മനഃപൂർവ്വം ജോലിചെയ്യുന്നതിലുള്ള നിഷ്ഠയും പ്രകാശിപ്പിക്കുന്ന ഉദ്യോഗസ്ഥന്മാർ തിരുവിതാംകൂറിൽ ഇല്ല."

അചിരേണ, അദ്ദേഹം തെക്കൻഡിവിഷനിലെ ഡിപ്പുട്ടിപേഷ്കാരായി; അവിടെനിന്നു പേഷ്കാരായും ഉയർന്നു.

ഫ്രെഞ്ചിയും തിരുവിതാംകൂറും തമ്മിൽ അതിർത്തിതർക്കം ഉണ്ടായിച്ചപ്പോൾ, തർക്കംതീർക്കുന്നതിനു മഹാരാജാവു ശങ്കരസുബ്ബയ്യരെ ആണു് നിയോഗിച്ചതു്. ആ ജോലി അദ്ദേഹം വളരെ ഭംഗിയായി നിർവ്വഹിച്ചു. 1057-ൽ രാമസ്വാമികണക്കെഴുത്തു് ആരംഭിച്ചപ്പോൾ, ശങ്കരസുബ്ബയ്യർ കണക്കെഴുത്തു ദിവാൻപേഷ്കാരായി നിയമിക്കപ്പെട്ടു.

പ്രധാന സംഭവങ്ങൾ.

1068-ൽ മദ്രാസ് ഗവർണ്ണരായ വെൻലോക്ക് പ്രഭു തിരുവിതാംകൂർ സന്ദർശിച്ചു. മഹാരാജാവു തിരുമനസ്സുകൊണ്ടു നല്കിയ

ശങ്കരസാമ്പ്രയ്യർ.

വിരുന്നുസൽക്കാരം കഴിഞ്ഞുചെയ്ത പ്രസംഗത്തിൽ പ്രഭുപ്രകാരം പ്രസംഗിച്ചു:—

"ഐശ്വര്യലക്ഷ്മി വിളയാടുന്നതും സകലവിധത്തിലുള്ള സുഖജീവിതോപകരണങ്ങൾ നിറഞ്ഞതുമായ നാട്ടുംപുറങ്ങളിൽ കൂടി മനോഹരങ്ങളായ കായലുകൾ വഴിക്കു ഞാൻ ഈ തലസ്ഥാനനഗരിയിൽ വന്നുചേർന്നു; മഹാരാജാവിന്റെയും രാജ്യഭരണവിഷയത്തിൽ അവിടുത്തെ സഹായിച്ചുവരുന്നവരുടേയും പരിചയം സമ്പാദിച്ചതിൽ എനിക്കു പ്രീതിമാത്രം ഉണ്ടു്. ഈ സംസ്ഥാനത്തുകൂടിയുള്ള എന്റെ സഞ്ചാരത്തിനിടയിൽ രാജ്യവും സന്തുഷ്ടിയും സർവതോമുഖമായി പുരോഗമിക്കുകാണ്മാൻ സാധിച്ചതു് എനിക്കൊരൊന്നു് ഈ അപൂർവപ്രസ്ഥാനത്തിൽനിന്നു് എനിക്കു നിഷ്പ്രയാസം ഗ്രഹിക്കാം."

ഈ സംഭവത്തെത്തുടർന്നു മദ്രാസിലെ കമാൻഡർഇൻചീഫായ സർ ജയിംസ് ഡോർമർയും പുതുക്കോട്ടയിലെ രാജാവും തിരുവനന്തപുരത്തുവന്നു മഹാരാജാവിന്റെ ആതിഥ്യം സ്വീകരിച്ചു.

1068-ൽ അവിടുന്നു മദ്രാസ്ഗവർണ്ണരെ പ്രതിസന്ദർശിച്ചു. ആ അണ്ടിൽതന്നെ അവിടുന്നു് കുറാലം, പാപനാശം, തെങ്കാശി തീർത്ഥം മുതലായ പുണ്യസ്ഥലങ്ങളിലേക്കു തീർത്ഥാടനം നടത്തി.

1069-കന്നിമാസത്തിൽ റാണി പാർവതീഭായി അമ്മയുടെ എളയതമ്പുരാൻ നാടുനീങ്ങിയതുനിമിത്തം അവിടുത്തേക്കും പ്രസ്തുകർത്താവിനും അതിരറ്റ സങ്കടം നേരിട്ടു. അക്കൊല്ലത്തിൽ തന്നെ അവിടുന്നു വീണ്ടും രാമേശ്വരത്തു് എഴുന്നള്ളുകയുണ്ടായി.

1070-ൽ വൈസറായി ആയ എൻജിൽപ്രഭുവിനെ സന്ദർശിക്കാനായി തിരുമനസ്സുകൊണ്ടു മദ്രാസിലേക്കു് എഴുന്നള്ളി; എന്നാൽ എളയരാജാവായ രേവതിതിരുനാൾ കേണലവർമ്മതമ്പുരാൻ നാടുനീങ്ങുകയാൽ, പ്രഭുവിനെ രഹസ്യമായി സന്ദർശിച്ചശേഷം, അവിടുന്നു് ഉടൻതന്നെ തിരുവനന്തപുരത്തേക്കു തിരിച്ചുപോന്നു.

1072-ൽ മഹാറാണിയുടെ വല്യുപ്പുമ്പിള്ള ആറാട്ടാഘോഷപൂർവം നടത്തപ്പെട്ടു. തൽസ്മാരകമായി തിരുവനന്തപുരത്തു് ഡയമണ്ടു് ജൂബിലി പബ്ലിക്കു് ലൈബ്രറിയും വിക്ടോറിയാ മഹാറാണി മന്ദിരവും സ്ഥാപിക്കപ്പെട്ടു.

1073-ൽ മദ്രാസ് ഗവണ്മെന്റരായ സർ ആർതർ ഫ്രെഡിബാങ്ക് ഥാവ്ലാക്കും പത്നിയും തിരുവനന്തപുരം സന്ദർശിച്ചു. വിരുന്നുസൽക്കാരത്തിന്റെ അവസാനത്തിൽ പ്രഭു നടത്തിയ പ്രസംഗത്തിനിടയ്ക്കു ഇപ്രകാരം പറയുകയുണ്ടായി.

"തിരുമനസ്സിലെ ഭരണകാലത്തു് അവിടുത്തെ രക്ഷയ്ക്കു് അധീനരായിരുന്ന ജനമണ്ഡലത്തിനു പുരോഗതിയിലും ഐശ്വര്യത്തിലും ഒരു കുറവും ഉണ്ടാവുകയില്ലെന്നു അവിടുത്തെ സിംഹാസനാരോഹണ ദശയിൽ സ്റ്റേറ്റു് സിക്രട്ടറിയും മദ്രാസു ഗവണ്മെണ്ടും പ്രത്യാശിക്കയുണ്ടായല്ലോ. ആ പ്രത്യാശയിൽ കവിഞ്ഞഫലം ഇപ്പോൾ ഉണ്ടായിരിക്കുന്നു; എന്തുകൊണ്ടെന്നാൽ അവിടുത്തേ ഭരണത്തിന്റെ ഉദാരഫലങ്ങളെപ്പറ്റി വർഷന്തോറും അഭിനന്ദിക്കുന്നതിനു മദ്രാസ് ഗവണ്മെണ്ടിനു് അവസരം ലഭിച്ചിരുന്നു.

പ്രധാനപരിഷ്കാരങ്ങൾ.

വിദ്യാഭ്യാസപരിഷ്കാരം.

ഡിസ്ട്രിക്ട് സ്കൂൾസൂപ്രണ്ടുദ്യോഗവും മലയാളംസ്കൂൾ ഡയറക്ടർ ഉദ്യോഗവും നിർത്തലാക്കീട്ടു്, മൂന്നു റെയിൻജ് ഇൻസ്പെക്ടർമാരെയും ഏതാനും അസിസ്റ്റൻറന്മാരെയും സബ് അസിസ്റ്റൻറന്മാരെയും നിയമിച്ചു. ഈ ഇൻസ്പെക്ടന്മാരുടെ ജോലി പരിശോധിക്കുന്നതിനും വിദ്യാഭ്യാസസംബന്ധമായുണ്ടാകുന്ന സംബന്ധങ്ങൾ തീർക്കുന്നതിനും പരീക്ഷയ്ക്കു് ഒരു എഡ്യൂക്കേഷൻ സിക്രട്ടറിയേയും നിശ്ചയിച്ചു; സഹായധനം നല്കുന്നതിനെ സംബന്ധിച്ചു ഒരു നിയമം എഴുതിയുണ്ടാക്കി; അധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിച്ചും, തലസ്ഥാനത്തു് ഒരു ഇംഗ്ലീഷ് നോർമൽസ്കൂളും ട്രെയ്നിങപരിഹാരപാഠശാലയും സ്ഥാപിച്ചു. ലാക്ലാസിനെ ആർട്സ് കാളേജിൽനിന്നു വേർപെടുത്തിയിട്ടു്, ഒരു പ്രത്യേക ലാകാളേജു് ഏർപ്പെടുത്തി. ബാലികമാർക്കായി സ്ഥാപിക്കപ്പെട്ടിരുന്ന ഹൈസ്കൂളിനെ രണ്ടാം ഗ്രേഡ് കാളേജാക്കി ഉയർത്തീട്ടു് മിസ് വില്യംസിനെ ലേഡി പ്രിൻസിപ്പാളായി നിയമിച്ചു; ഒരു കൃഷിത്തോട്ടവും കർഷകവിദ്യാലയവും ഉൽഘാടനം ചെയ്തു; സ്കൂൾ ഓഫ് ആർട്സ് പരിഷ്കരിച്ചു; പെൺകുട്ടികൾക്കു

നിശ്ചയിച്ചിരുന്ന സ്ക്കൂൾ ഫീസു നിറുത്തലാക്കി. എന്നാൽ വിദ്യാഭ്യാസവിഷയകമായി നടന്ന പരിഷ്കാരങ്ങളിൽ വച്ചു സർപ്രധാനമായുള്ളതു പാഠപദ്ധതിപരിഷ്കരണമാകുന്നു. വിദ്യാഭ്യാസകാര്യദർശിയായ മി. പി. അയ്യപ്പൻപിള്ള നിർമ്മിച്ച പുതിയപദ്ധതിയിൽ മലയാളഭാഷയ്ക്ക് അത്യുന്നതമായ ഒരു സ്ഥാനം നല്കി. ഇംഗ്ലീഷ് വിദ്യാലയങ്ങളിൽ മാതൃഭാഷ പേരിനു മാത്രമേ പഠിപ്പിച്ചുവന്നിരുന്നുള്ളൂ. ആ ദോഷം നിശ്ശേഷം നീങ്ങി.

നഗരശുചീകരണവും പൊതുജനാരോഗ്യവും.

ഒരു സാനിട്ടറിഡിപ്പാർട്ടു സ്ഥാപിക്കപ്പെട്ടു; നഗരങ്ങളും തോറും പട്ടണപരിഷ്കരണക്കമ്മിറ്റികൾ ഏർപ്പെടുത്തി.

വനംവകുപ്പ്.

വനസംരക്ഷണാർത്ഥമേഷനിൽ ചില ഭേദഗതി വരുത്തുകയും ഡിപ്പാർട്ടുമെൻറിനെ ആപാദചൂഡം പരിഷ്കരിക്കയും ചെയ്തു.

പുരാണതത്വാന്വേഷണവകുപ്പ്.

ശിലാശാസനങ്ങൾ ഗ്രന്ഥവരികൾ മുതലായ പുരാതനരേഖകളെ ശേഖരിച്ചു പ്രസിദ്ധപ്പെടുത്താനായി റായിബഹദൂർ സുന്ദരംപിള്ളയുടെ അദ്ധ്യക്ഷത്തിൽ ഒരു പ്രത്യേക വകുപ്പു ഗവർമ്മേരിക്കപ്പെട്ടു.

ഉഴിയവേല നിർത്തി.

1070 വരെ ക്ഷേത്രങ്ങളിലേക്കും ഊട്ടുപുരകളിലേക്കും ആവശ്യമുള്ള സാമാനങ്ങൾ വിരുത്തിക്കാരാണ് എടുപ്പിച്ചുവന്നതു്. അതു നിർത്തലാക്കി.

1010 മുതലുള്ള കോർട്ടുഫീസുവകയാലും പിഴവകയാലും ഊടുകാരനുണ്ടായിരുന്ന കുടിശികകളെ കുറച്ചെഴുതി. സർക്കാരിൽനിന്നോ ദേവസ്വത്തിൽനിന്നോ ഒരുടമ്പടിയാനവധിക്കു എടുത്തിട്ടുള്ള പണംവകയിലോ പലിശവകയിലും 1070-ാമാണ്ടു ഒടുവിൽ മാസംവരെ പിരിയാതെ കിടന്നിരുന്ന തുകകളെകണക്കിൽ കുറച്ചെഴുതി. ഒരു വിളംബരം പ്രസിദ്ധീകരിച്ചു.

രജിസ്ട്രേഷൻഡിപ്പാർട്ട്മെൻറ്.

ബ്രിട്ടീഷ്ഇൻഡ്യൻ നിയമത്തിനു അനുരൂപമായി 1071-ലെ ഒന്നാംറഗുലേഷൻ നടപ്പാക്കുകയും ഡിപ്പാർട്ടുമെൻറിനെ ഒരുകുപ്പാടെ ഉടച്ചു വാർക്കയുംചെയ്തു.

ജയിൽഭരണം.

1071-ൽതന്നെ ജയിൽഭരണത്തെ പരിഷ്കരിക്കുന്നതിലേക്കു ഒരു റഗുലേഷൻ നടപ്പാക്കി.

ജന്മികുടിയാൻതർക്കം.

1071-ലെ അഞ്ചാംറഗുലേഷൻ വഴിക്കു, വളരെക്കാലമായി ജന്മികളും കുടിയാനവന്മാരും തമ്മിൽ നടന്നുകൊണ്ടിരുന്ന വഴക്കുകൾക്കു ശമനം വരുത്തി.

പൊതുമരാമത്തു.

50,000-ത്തിൽപരം ഏക്കർ ഭൂമിക്കു സേചനസൌകര്യം നല്കുന്നതിനായി ഏർപ്പെടുത്തിയ കോതയാർ പദ്ധതി അനുസരിച്ചു പണി ആരംഭിച്ചതും ശങ്കരസുബ്ബയ്യരായിരുന്നു. അതിനും പുറമേ പബ്ലിക്കു വർക്സ്ഡിപ്പാർട്ടുമെൻറിനെ മദ്രാസിൽ നടപ്പിൽ ഇരുന്ന രീതി അനുസരിച്ചു പരിഷ്കരിച്ചു.

വൈദ്യസഹായം.

ആശുപത്രികൾക്കും ഔഷധവിതരണശാലകൾക്കും നാട്ടുവൈദ്യശാലകൾക്കും സഹായധനം നല്കുന്നതിനുവേണ്ടി ഒരു സഹായധനപദ്ധതി രൂപവൽകരിച്ചു; ഉയർന്ന വൈദ്യവിദ്യാഭ്യാസത്തിലേക്കു ഏതാനും വിദ്യാർത്ഥിവേതനങ്ങൾ നടപ്പിലാക്കി; തിരുവനന്തപുരത്തു സ്ത്രീജനങ്ങൾക്കും കുട്ടികൾക്കുമായി ഒരു പ്രത്യേക ആശുപത്രിയും സ്ഥാപിച്ചു.

സർക്കാർരക്ഷാഭോഗം.

1073 മകരം ഒന്നാംതീയതി നടപ്പാക്കിയ രക്ഷാഭോഗനിയമം അനുസരിച്ചു് തദനന്തരം ജോലിയിൽ പ്രവേശിക്കുന്നവരെല്ലാം സർക്കാർ രക്ഷാഭോഗത്തിൽ ചേരണമെന്നു നിശ്ചയിച്ചു.

നിയമനിർമ്മാണം.

നിയമനിർമ്മാണസഭയെ കൂടുതൽ പ്രയോജനപ്രദമാക്കിത്തീർക്കുന്നതിനുവേണ്ടി 1073-ലെ അഞ്ചാംറഗുലേഷൻ നടപ്പാക്കി. പഴയ റഗുലേഷൻപ്രകാരം സഭയ്ക്ക് കൂടുതലായാൽ പതിനാറ് അംഗങ്ങളോളമേ പാടുള്ളു എന്നു വച്ചിരുന്നു. ഇപ്പോഴാകട്ടെ എണ്ണത്തിൽ കുറയാതെയും പതിനഞ്ചിൽ കവിയാതെയും അംഗങ്ങൾ ഉണ്ടായിരിക്കണമെന്നു നിശ്ചയിച്ചു. രണ്ടിൽ കുറയാതെ അനുദ്യോഗസ്ഥാംഗങ്ങൾ വേണമെന്നുള്ള പഴയ ചട്ടത്തെ മാറ്റിയിട്ട്, അഞ്ചിൽ രണ്ടുഭാഗത്തിൽ കുറയാതെ അനുദ്യോഗസ്ഥന്മാരുണ്ടായിരിക്കണമെന്നും അവരെ തെരഞ്ഞെടുത്തു് അയയ്ക്കുന്നതിനു വേണ്ട ചട്ടങ്ങൾ കൊട്ടാരത്തിലെ അനുമതിയോടുകൂടി നിർമ്മിക്കുന്നതിനും ഈ റഗുലേഷനിൽ വ്യവസ്ഥചെയ്തു. എന്നാൽ സംസ്ഥാനത്തിലെ മുതലെടുപ്പിനെ സംബന്ധിച്ചതോ ആ മുതലെടുപ്പിൽനിന്നു പണച്ചെലവു വരുത്തുന്നതോ ആയ നിയമനിർമ്മാണത്തിനും മതത്തെപ്പറ്റിയും മതാനുഷ്ഠാനങ്ങളേയും നടപ്പുകളേയും പറ്റിയും ഉള്ള നിയമങ്ങൾക്കും ബില്ലുകൾ ഏതാണ്ടു രാക്കേണമെങ്കിൽ മുൻകൂട്ടി ദിവാൻജിയുടെ അനുവാദം വാങ്ങിയിരിക്കണമെന്നു നിശ്ചയിച്ചു.

ഈ റഗുലേഷനിലെ പന്ത്രണ്ടാംവകുപ്പിലെ രണ്ടാംപണ്ഡികപ്രകാരം നാടുവാഴുന്ന രാജകുടുംബം, നമ്മുടെ രാവണമെണ്ടു്, അന്യരാജ്യക്കാരും തമ്മിലുള്ള ബന്ധങ്ങൾ, ബ്രിട്ടീഷ് ഗവണ്മെണ്ടുമായുള്ള സന്ധികളിലോ ഉടമ്പടികളിലോ ഉൾപ്പെട്ട സംഗതികൾ, ക്രിമനൽ പുള്ളികളെ അന്യദേശത്തുനിന്നും ചൂണ്ടുസ്റ്റാഡിഷൻപ്രകാരം വരുത്തുന്നതു്, അലഞ്ഞുനടക്കുന്ന യൂറോപ്യന്മാർ, യൂറോപ്യൻ ബ്രിട്ടീഷ്പ്രജകൾ, തുറമുഖസംബന്ധമായ കാര്യങ്ങൾ, ബ്രിട്ടീഷ്വകയായ തീവണ്ടി, കമ്പിത്തപാൽ, തപാൽ മുതലായവ, നായർപട്ടാളവും തുറപ്പും, ഇത്യാദി വിഷയങ്ങളെ സംബന്ധിച്ചു യാതൊരു നിയമം നിർമ്മിക്കുന്നതിനും സഭയ്ക്കു അനുവാദം നിഷേധിച്ചു.

ഏതെങ്കിലും ഒരു ബിൽ രാജാക്ഞ്ഞയ്മനസ്സുണ്ടെങ്കിൽ ആറു ദിവസങ്ങൾക്കു മുമ്പു് മെമ്പർസഭയ്ക്കു് അറിവുകൊടുത്തു അനുവാദ

ത്തിനപേക്ഷിക്കണം. പിന്നീട് ഉദ്ദേശവിവരണസഹിതം അതു നെ ഗവണ്മെന്റു ഗസറ്റിൽ പ്രസിദ്ധപ്പെടുത്താനായി അയയ്ക്കണം. അനന്തരം ആ ബില്ലിനെ സഭാസെക്രട്ടറി അംഗങ്ങൾക്കെല്ലാം അയച്ചുകൊടുക്കയും പതിനഞ്ചുദിവസം കഴിഞ്ഞു്, അതിനെ സഭയിൽ വായിക്കുന്നതിനു് സഭയോടു് മെംബർ അനുവാദം ചോദിക്കയും ചെയ്യണം. പ്രസ്തുത ബില്ലിന്റെ മൌലികസിദ്ധാന്തത്തെപ്പറ്റിയും വ്യവസ്ഥകളുടെ ഗുണദോഷങ്ങളെപ്പറ്റിയും സഭാംഗങ്ങൾ വിമർശിച്ചതിനുശേഷം, പ്രത്യേകകമ്മിറ്റിയുടെ പരിശോധനയ്ക്കു് അതിനെ വിടയ്ക്കേണ്ടതാണെന്നു സഭ അഭിപ്രായപ്പെട്ടാൽ അങ്ങനെ ഒരു കമ്മിറ്റിയെ സഭതന്നെ തെരഞ്ഞെടുക്കണം. പ്രസ്തുത ബില്ലിൽ വല്ല ഭേദഗതിയും ചെയ്യണമെന്നു അഭ്യർത്ഥനയുള്ള മെംബർ അദ്ദേഹം വാങ്ങിക്കാൻ ഉദ്ദേശിക്കുന്ന ഭേദഗതിയുടെ പകർപ്പു സിക്രട്ടറിക്കു് അയക്കണം. അനന്തരം സിലക്ടു് കമ്മിറ്റി നിശ്ചയിക്കുന്നതും ഓരോ മെമ്പറന്മാർ നിർദ്ദേശിക്കുന്നതും ആയ ഭേദഗതികളെപ്പറ്റി ഗാഢമായി ആലോചിച്ചു തീർച്ചപ്പെടുത്തിയ ശേഷം, ബില്ലിനെ അടുത്ത യോഗത്തിൽസ്വീകരിച്ചു് അനുവദിക്കണമെന്നു പ്രയോക്താവിനു് അഭിപ്രായപ്പെടാം. അങ്ങനെ പാസ്സാക്കപ്പെടുന്ന ബില്ലിനെ സിക്രട്ടറി കൊട്ടാരത്തിലേക്കു് അയയ്ക്കണം. തിരുമനസ്സുകൊണ്ടു് അതിനെ നിരാകരിക്കുന്ന പക്ഷം, ഒരു മെംബർക്കും അതു ക്ഷോപിക്കാൻ പാടില്ല. നേരെ മറിച്ചു് അവിടന്നു തുല്യംചാത്തിയാൽ അതു നിയമമായിത്തീരുന്നു. ഇതായിരുന്നു സഭയുടെ നടപടിക്രമം.

നിയമസഭയുടെ മഹത്തായ പ്രയോജനത്തെപ്പറ്റി അദ്ദേഹമായി അറിഞ്ഞതു് തിരുവിതാംകൂർ അതെന്നുള്ള വാസ്തവവും ഇവിടെ പ്രസ്താവയോഗ്യമാകുന്നു.

മി. ശങ്കരസുബ്ബയ്യർ ഉദ്യോഗത്തിൽനിന്നു പിരിഞ്ഞു.

1073 മീനത്തിൽ ശങ്കരസുബ്ബയ്യർ 4 കൊല്ലത്തെ രാജ്യസേവനാനന്തരം 800 രൂപ പെൻഷൻ വാങ്ങി. ഉദ്യോഗത്തിൽനിന്നു പിരിഞ്ഞു. അന്നു് അദ്ദേഹത്തിനു 63 വയസ്സായിരുന്നു. ബ്രിട്ടീഷ് ഗവണ്മെന്റു് അദ്ദേഹത്തിനു സീ. ഐ. ഈ. എന്ന സ്ഥാനം

കുഞ്ഞുപാറിപ്പാറ്റ".

നല്കിയതിനു പുറമേ അന്നത്തെ ഗവണ്ണരായിരുന്ന സർ. ആർതർ ഹാവലാക്ക് അദ്ദേഹത്തിനെ മദ്രാസ് ലജിസ്ലേററിവ് കൌൺസിലെ ഒരു അംഗമായി നിയമിക്കയുംചെയ്തു. അക്കാലത്തും അദ്ദേഹം തിരുവിതാംകൂറിനെ സേവിച്ചുകൊണ്ടുതന്നെയാണിരുന്നത്. കൊല്ലം ചെങ്കോട്ട റയിൽപാത സംബന്ധിച്ച് ഉണ്ടായ ഉടമ്പടി തിരുവിതാംകൂറിനു ദോഷകരമാണെന്നും അതിനെ മാററി കിട്ടണമെന്നും മദ്രാസ് നിയമനിർമ്മാണസഭാംഗമായിരുന്ന കാലത്തു അദ്ദേഹം ബലമായി വാദിച്ചുവെങ്കിലും ഫലിച്ചില്ല. * 1080-ൽ അദ്ദേഹം ശങ്കരവിലാസം എന്ന സ്വഗൃഹത്തിൽവച്ചു പരലോകം പ്രാപിച്ചു.

ദിവാൻബഹദൂർ കൃഷ്ണസ്വാമിരായർ.

ഹൈക്കോടതിയിലെ ചീഫ്ജസ്റ്റീസായിരുന്ന മിസ്റ്റർ കെ. കൃഷ്ണസ്വാമിരായർ 1073-ൽ ദിവാൻജിയായി നിയമിക്കപ്പെട്ടു. സദുദ്ദേശങ്ങളോടുകൂടിയ ഒരു ഉദ്യോഗസ്ഥനായിരുന്നെങ്കിലും അദ്ദേഹത്തിന്റെ ഭരണം അതിശോഭനമായിരുന്നുവെന്നു പറവാൻ നിവൃത്തിയില്ല. ഒരു ജഡ്ജിയുടെ നിലയിൽ അദ്ദേഹം ശോഭിച്ചിടത്തോളം ഈ പുതിയ ഉദ്യോഗത്തിൽ പ്രകാശിച്ചിട്ടില്ലെന്നായിരുന്നു പൊതുജനാഭിപ്രായം.

അദ്ദേഹം 1020ൽ ജനിച്ചു. മദ്രാസ്പ്രസിഡൻസി പരീക്ഷയിൽ ജയിച്ചശേഷം 1040-ൽ മുപ്പത്തുരൂപ ശമ്പളത്തിൽ നെല്ലൂർ ഡിസ്ട്രിക്ട് കോടതിയിൽ റിക്കാർട്ടു കീപ്പുദ്യോഗം സമ്പാദിച്ചു. മൂന്നുകൊല്ലം കഴിഞ്ഞപ്പോൾ ശിരസ്തദാരായി. 1045-ൽ മുൻസിപ്പുദ്യോഗത്തിൽ നിയമിക്കപ്പെട്ടു. 1058-ൽ രാജമഹേന്ദ്രത്തിലെ സബ്ജഡ്ജിയായി. അടുത്ത വർഷത്തിലാണ് തിരുവനന്തപുരം ഹൈക്കോടതിച്ചീഫ് ജഡ്ജിയായി നിയമിക്കപ്പെട്ടതു്. ഏഴുകൊല്ലത്തോളം തിരുവിതാംകൂറിലെ നിയമസഭാംഗമായും ഇരുന്നിട്ടുണ്ട്. 1070-ൽ ദിവാൻബഹദൂർ സ്ഥാനം ലഭിച്ചു.

സത്യസന്ധതാപരനും, സുശീലനും, കരുണാർദ്രചിത്തനും സർവോപരി സദാചാരനിഷ്ഠനും ആയിരുന്നതിനാൽ, അദ്ദേഹം സകലജനങ്ങളുടേയും പ്രീതിക്കും ബഹുമാനത്തിനും പാത്രീഭവിച്ചു.

---

* പാതയുടെ തൈർഘ്യത്തെ അടിസ്ഥാനപ്പെടുത്തി ലാഭം വീതിക്കണമെന്നായിരുന്നു. എന്നാൽ അതു തിരുവിതാംകൂറിലേക്കു നഷ്ടമായിരുന്നു. എന്തുകൊണ്ടെന്നാൽ തിരുവിതാംകൂറിൽനിന്നു പാതസംബന്ധിച്ചു ഭീമമായ തുക ചെലവാക്കേണ്ടിവന്നു. വലിയ മലകൾ തുരന്നാണ് പാത നിർമ്മിക്കേണ്ടിയിരുന്നതു്. അതിനാൽ മുടക്കിയ മൂലധനത്തെ അടിസ്ഥാനപ്പെടുത്തി ലാഭം വീതിക്കണമെന്നായിരുന്ന ശങ്കരസുബ്ബയ്യരുടെ വാദം.

പ്രധാന സംഭവങ്ങൾ.

തിരുവിതാംകൂർ രാജാക്കന്മാർക്ക് അതേവരെ പത്താൻപത്തു അച്ഛാംവെടിയായിരുന്ന പതിവു്. 1074-ൽ രണ്ടു വെടികൾ കൂടിക്കൂട്ടി. തദ്സംബന്ധമായ പഠീത്താവായിക്കുന്നതിനു് ഒരു പ്രത്യേക ഡർബാർകൂടി.

അതേ കൊല്ലത്തിൽതന്നെ കൊല്ലം തിരുനെൽവേലി തീവണ്ടിപ്പാതയുടെ പണി ആരംഭിച്ചു. പൊന്നൻദേവൻ മലകളേയും അഞ്ചനാടിനേയും സംബന്ധിച്ചു പുതിയാറിൽതമ്പുരാൻ കുറേക്കാലമായി അവകാശം പുറപ്പെടുവിച്ചുകൊണ്ടാണിരുന്നതു്. ആ തക്കം ഇരുപാട്ടുകാക്കും തുല്യികരണമായ വിധത്തിൽ കുട്ടിസ്വാമിരായർ ഒത്തുക്കി.

ദത്തു്.

1076 ചിങ്ങത്തിൽ മാവേലിക്കരെ രാജകുടുംബത്തിൽനിന്നു രണ്ടു റാണിമാരെ ദത്തെടുത്തു. പ്രസ്തുത രാജകുടുംബത്തിൽനിന്നുള്ള നാലാമത്തെ ദത്തായിരുന്നു ഇതു്. തദ്സംബന്ധമായി നടന്ന ഡർബാറിൽവച്ചു് ഈ ദത്തിടവരവറിയുള്ള തിരുവെഴുത്തുവിളംബരം വായിക്കപ്പെട്ടു.

കർസൺപ്രഭുവിന്റെ സന്ദർശനം

അതേ ആണ്ടു പുരുഷികത്തിൽ, വൈസറായി ആയ കർസൺപ്രഭു ദക്ഷിണേന്ത്യൻ സന്ദർശിക്കാനായി വന്നപ്പോൾ മഹാരാജാവു തിരുമനസ്സുകൊണ്ടു് ഇങ്ങോട്ടു ക്ഷണിച്ചു. തിരുവിതാംകൂർ സന്ദർശിച്ച ആദ്യത്തെ വൈസരായി ഇദ്ദേഹമായിരുന്നു. പുരുഷികം 5-ാംനു രാവിലെ അദ്ദേഹം ക്ലൈവ് എന്ന അവിക്കപ്പലിൽ കൊല്ലത്തുവന്നിറങ്ങി. അദ്ദേഹത്തിനെ സ്വീകരിപ്പാനായി ദിവാൻജി തുടങ്ങിയ ഉദ്യോഗസ്ഥന്മാർ അവിടെ തയ്യാറായിരുന്നു. അന്നു വൈകുന്നേരംവരെ അദ്ദേഹം കൊല്ലത്തു താമസിച്ചു. അടുത്ത ദിവസം രാവിലെ തിരുവനന്തപുരത്തെത്തി, രണ്ടുദിവസം താമസിച്ചശേഷം മടത്തുറവഴി കുറാലത്തേക്കും അവിടെനിന്നു തിരുനെൽവേലിക്കും പോയി.

പ്രഭുവിനെ സ്വീകരിപ്പാനായി തിരുവനന്തപുരത്തു ചെയ്തിരുന്ന ഒരുക്കങ്ങൾ ആരാലും വർണ്ണിക്കപ്പെടാവുന്നവയല്ല. വള്ള

ക്കടവുകൾ കമനീയമായി അലങ്കരിക്കപ്പെട്ടിരുന്നു. റോഡുകളിൽ അവിടവിടെ നിരവധി പണം ചെലവിട്ട്, അനേകം ആർച്ചുകൾ നിർമ്മിച്ചിരുന്നു. പുത്തൻക്കച്ചേരി മൈതാനത്തുവച്ച് ഒരു വെടിക്കെട്ടും കാഴ്ചബംഗ്ലാവിൽവച്ച് ഒരു ദീപക്കാഴ്ചയും നടത്തപ്പെട്ടു. കൂടിക്കാഴ്ച വിരുന്നു മുതലായവയും വളരെ മോടിയായി നിർവഹിക്കപ്പെട്ടു. തീൻ കഴിഞ്ഞു് പ്രഭു ചെയ്ത പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിക്കയുണ്ടായി.

"ഈ രാജ്യത്തിലെ സർവതോമുഖമായ പ്രകൃതിവിലാസത്തെയും സകൃദ്ദേശീയമായ മനോഹാരിതയേയുംപറ്റി വളരെക്കാലമായി ഞാൻ കേൾക്കുന്നു. ഏതാദൃശമായ ദൃശ്യവിശേഷത്താൽ വശീകരിക്കപ്പെടാത്തവരായി ആരാണുള്ളതു്. ഇവിടെ പ്രകൃതിദേവി അമൂല്യങ്ങളായ സകല അനുഗ്രഹങ്ങളേയും പ്രദാനം ചെയ്തിരിക്കുന്നു- യഥാകാലം സൂര്യൻ പ്രകാശിക്കാതെയോ മഴ പെയ്യാതെയോ ഇരിക്കുന്നില്ല. അനാവൃഷ്ടിയെന്ന ദോഷം ഇന്നാട്ടുകാക്കു് അനുഭവപ്പെടുന്നതേ ഇല്ല. ശാശ്വതമായ ഐശ്വര്യവും ഇവിടെ കളിയാടുന്നു.

... ...

... ...

തിരുമനസ്സുകൊണ്ടു് കരുണാശീതളസ്വാന്തനും അനുകമ്പാർദ്രനും ആയ ഒരു ഭരണകർത്താവാണെന്നു് എനിക്കു കേട്ടറിവുണ്ടു്. അവിടുത്തെ ഗുണഗണങ്ങൾ പതിനഞ്ചുകൊല്ലത്തെ ക്ഷേമാഭിവൃദ്ധികരമായ ഭരണത്താൽ സുപരീക്ഷിതങ്ങളാകയാൽ, പ്രജാവല്ലിയുടെ വാത്സല്യം നിരന്തരം വർദ്ധിച്ചുകൊണ്ടേ ഇരിക്കുന്നു. യാഥാസ്ഥിതികങ്ങളായ വാസനകൾ ഉൽപതിഷ്ണുതയോടു് അദ്ദേഹത്തിൽ സമ്മേളിച്ചിരിക്കുന്നതായി എനിക്കു് അറിയാം."

ഈ സന്ദർശനത്തിന്റെ സ്മാരകമായി തിരുമനസ്സുകൊണ്ടു് 'കർസൻ്റെപ്രൈസ്' എന്ന ഒരു വാർഷികസമ്മാനം ഏർപ്പെടുത്തി. പ്രായോഗികമായ പ്രയോജനമുള്ള ശാസ്ത്രീയവിഷയങ്ങളിൽ ഏതെങ്കിലും ഒന്നിനെപ്പറ്റി എഴുതപ്പെടുന്ന ഉത്തമപ്രസംഗത്തിനു് 500 രൂപ സമ്മാനം ആണ്ടുതോറും നല്കിവരുന്നു.

ബി. എ. ബിരുദധാരികൾക്കെല്ലാം ഈ മത്സരത്തിൽ പങ്കെടുക്കാവുന്നതാകുന്നു.

ചില അനിഷ്ടസംഭവങ്ങൾ.

1076 കന്നി 25-ാംന- അശ്വതിതിരുനാൾ തിരുമനസ്സുകൊണ്ടും അക്കൊല്ലത്തിൽതന്നെ ഏടവമാസം 24-ാംന- ചിത്തിരതിരുനാൾ തിരുമനസ്സുകൊണ്ടും മിഥുനം 2-ാംന- ആറുങ്ങൽ മൂത്തതമ്പുരാൻ റാണി ലക്ഷ്മീഭായി സീ. ഐ. തിരുമനസ്സുകൊണ്ടും നാടുനീങ്ങുകയാൽ മഹാരാജാവു തിരുമനസ്സിലേക്കുണ്ടായ സങ്കടം വാചാംവിഷയമായിരുന്നുവെന്നേ പറഞ്ഞുകൂടൂ. ഈ യുവരാജാക്കന്മാരുടെ ദേഹവിയോഗം നിമിത്തം നാട്ടുകാർക്കുണ്ടായ മനോവ്യഥയും ശോകാവസ്ഥയും നീങ്ങുന്നതുമല്ല. വിക്ടോറിയാ മഹാറാണിയും ആ വർഷത്തിൽതന്നെ നാടുനീങ്ങി. തൽസ്മാരകാർത്ഥം കൽക്കത്തയിൽ സ്ഥാപിക്കാൻ തീച്ചയാക്കിയ വിക്ടോറിയാ മഹാളിന് ശ്രീമൂലം രൂപയും, കർസൻപ്രഭുവിയാൽ ഏർപ്പെടുത്തപ്പെട്ട മിഡ്വൈഫ്സ്കോളർഷിപ്പിനു 50,000 രൂപയും സംഭാവനചെയ്തു.

എഡ്വേർഡുചക്രവർത്തിയുടെ കിരീടധാരണം.

1902 ആഗസ്റ്റ് 19-ാംന- എഡ്വേർഡ് ചക്രവർത്തിയുടെ കിരീടധാരണം സംബന്ധിച്ചു ആഘോഷങ്ങൾ തിരുവിതാംകൂറിന്റെ എല്ലാ ഭാഗങ്ങളിലും നടന്നു. അതുസംബന്ധിച്ച് 1903 ജനുവരി 1-ാംന- ദില്ലിയിൽ വച്ചു നടന്ന ഡർബാറിൽ മഹാരാജാവും പങ്കുകൊണ്ടുവെന്നു മാത്രമല്ല, തിരുമനസ്സിലേക്കു നൈസർമിനോടുകൂടി ആദ്യത്തെ നിരയിൽ തന്നെ സ്ഥാനം ലഭിക്കയുമുണ്ടായി. അതിൽനിന്നു തിരുമനസ്സിലേക്കുറിച്ചു ബ്രിട്ടീഷ്ഗവർണ്മെണ്ടിനുണ്ടായിരുന്ന മതിപ്പ് ഊഹിക്കും ഏറെക്കുറെ ഉഹിക്കാം. ഈ ആഘോഷാവസരത്തിലാണ് ജി. സി. ഐ. ഈ. എന്ന സ്ഥാനവും ഡർബാർ മെഡലും അവിടുത്തേക്കു ലഭിച്ചതു്.

തിരുവിതാംകൂറിലും ഡർബാർ ആഘോഷങ്ങൾ താലൂക്കുതോറും ഉണ്ടായി. പാവപ്പെട്ടവർക്ക് അന്നദാനവും വിദ്യാർത്ഥികൾക്കു പലവിധസമ്മാനങ്ങളും നല്കപ്പെട്ടതിനു പുറമെ, എല്ലാടങ്ങളിലും ഘോഷയാത്രകളും നടന്നു.

മദ്രാസ് ഗവണ്മെന്റായിരുന്ന ആംപ്തിൽപ്രഭു 1078-ൽ തിരുവിതാംകൂർ സന്ദർശിച്ചപ്പോൾ മഹാരാജാവിന്റെ ഭരണകൌശലത്തെ സംബന്ധിച്ചു വളരെയെല്ലാം ശ്ലാഘിച്ചുപറഞ്ഞു.

1079 മകരത്തിൽ കൊച്ചി വലിയതമ്പുരാൻ രാജമന്ദിരത്തിനു തിരിച്ചെഴുന്നള്ളുംവഴിക്കു മഹാരാജാതിരുമനസ്സിലെ ക്ഷണമനുസരിച്ച് അവിടുത്തെ അതിഥ്യം സ്വീകരിച്ചു മൂന്നു ദിവസത്തോളം തിരുവനന്തപുരത്തു പാർത്തു.

പരിഷ്കാരങ്ങൾ.

നായർപട്ടാളത്തെ 1076-ൽ പരിഷ്കരിച്ചു. എല്ലാ ജാതിക്കാരെയും ചേർത്ത് ഒരു പട്ടാളം നിർമ്മിക്കണമെന്നായിരുന്ന കൃഷ്ണസ്വാമിരായരുടെ താൽപ്പര്യം. എന്നാൽ മഹാരാജാതിരുമനസ്സു കൊണ്ട് നായർപട്ടാളത്തെ നിർത്തിക്കളയുന്നതിനു സമ്മതിക്കയുണ്ടായില്ല. ഇതേവരെയുണ്ടായിരുന്ന രണ്ടു പട്ടാളങ്ങളെ ചേർത്തു മൂന്നാക്കി; പതിനാറു കുപ്പിണിയുണ്ടായിരുന്നതിനെ പതിനായിക്കരുവച്ചു; എല്ലാംകൂടി 910 പേർ മതിയെന്നു നിശ്ചയിച്ചു; കുറവുചെയ്ത 500 പേരെ പുത്തൻ സൈനികാവശ്യങ്ങൾക്കായിട്ട് പുത്തൻപട്ടാളം അഥവാ മൂന്നാംപട്ടാളമായി രൂപവൽക്കരിച്ചു. അവർക്ക് ബ്രിട്ടീഷ് സൈന്യത്തിന്റെ രീതിയിൽ സൈനികപരിശീലനം നല്കുന്നതിന് ഏർപ്പാടുചെയ്തതു കൂടാതെ പ്രത്യേകം മൈതാനങ്ങളും താമസസ്ഥലങ്ങളും പണിയിച്ചുകൊടുക്കയും ചെയ്തു.

വിദ്യാഭ്യാസപരിഷ്കാരം.

1077-ൽ ഒരു പുതിയ പാഠപദ്ധതി നടപ്പിൽ വരുത്തി. സ്കൂളുകളെ ഹൈസ്കൂൾ, മിഡിൽസ്കൂൾ, അപ്പർപ്രൈമറി, ലോവർപ്രൈമറിഎന്നു നാലായിതരം തിരിച്ചു. ഇവയിൽ ആദ്യത്തെ രണ്ടുതരം സ്കൂളുകളിലും അധ്യാപനം ഇംഗ്ലീഷുഭാഷയിലും മറ്റു രണ്ടുമാതിരി സ്കൂളുകളിൽ മാതൃഭാഷയിലും നടത്താൻ ഏർപ്പാടുചെയ്തു. മുമ്പിൽ നടന്നുകൊണ്ടിരുന്ന എലിമെൻടറി (പ്രാഥമിക) പരീക്ഷനിർത്തീട്ട് ഇംഗ്ലീഷിലും മലയാളത്തിലും പ്രത്യേകം മിഡിൽസ്കൂൾ പരീക്ഷകൾ ഏർപ്പെടുത്തി. സാങ്കേതികവിദ്യാഭ്യാസാർത്ഥം വിദേശങ്ങളിൽ പോകുന്നവർക്കുള്ള വേതനങ്ങളുടെ സംഖ്യ

ഏർപ്പിച്ചു. രാജകീയകാളേജിൽ ചരിത്രം,പ്രകൃതിശാസ്ത്രം എന്നീ വിഷയങ്ങൾ കൂടി പഠിപ്പിക്കുവാൻ പ്രഫ'സറന്മാരെ നിയമിച്ചു. ലാകോളേജ് പരിഷ്കരിച്ചു സ്ഥിരമായ ഏതാനും പ്രഫ'സറന്മാരെയും ലക്ചറർമാരെയും (പ്രാസംഗികന്മാരെയും) നിശ്ചയിച്ചു. സർവേ ഡിപ്പാർട്ടുമെൻറിനോടു് അനുബന്ധിച്ചു്, റവന്യൂഉദ്യോഗസ്ഥന്മാരുടെ സർവ്വേ പരിശീലനാർത്ഥം ഒരു സർവ്വേക്ലാസ്സും സ്ഥാപിച്ചു.

ഡിപ്പാർട്ടുമെൻറു കോഡുകർ.

മെഡിക്കൽ വകുപ്പിനേയും, പി. ഡബ്ല്യു. ഡി. യേയും സംബന്ധിച്ചു് ഓരോ കോഡുകർ നടപ്പിൽവരുത്തി. ഒരു മെഡിക്കൽസ്കൂളും സ്ഥാപിച്ചു.

പരിഷ്കൃതരീതിയിൽ കൃഷിഡിപ്പാർട്ടുമെൻറു സ്ഥാപിക്കുന്നതിനുവേണ്ടി കുഞ്ഞൻപിള്ള എന്നൊരു യുവാവിനെ തത്സംബന്ധമായ വിദ്യാഭ്യാസത്തിനുവേണ്ടി ഇംഗ്ലണ്ടിൽ അയച്ചു. അതുപോലെ തന്നെ ഭൂഗർഭശാസ്ത്രം അഭ്യസിക്കുന്നതിനു ഒരാളെയും വൈദ്യശാസ്ത്രത്തിനു മറെറാരാളെയും ഗവണ്മെണ്ടു വേതനത്തോടുകൂടി അയയ്ക്കുകയുണ്ടായി.

അഞ്ചൽ പരിഷ്കാരം.

മണിഓർഡർ പദ്ധതി ആദ്യമായി തുടങ്ങിയതു കൃഷ്ണസ്വാമി രായരായിരുന്നു. സ്റ്റാമ്പുകളുടേയും കാർഡുകളുടേയും വിലകുറച്ചു.

നാണയക്കുഴപ്പം.

തിരുവിതാംകൂറിൽ നടപ്പിലിരുന്ന ഒറ്റ വെള്ളിച്ചക്രം നിർത്തലാക്കീട്ടു്,ഇന്നത്തെ മാതിരിയിലുള്ള ചെമ്പുതുട്ടുകളും പണവും അരപ്പുണയും പ്രചരിപ്പിച്ചു. ആ വഴിക്കു ജനങ്ങൾക്കു താൽക്കാലികമായുണ്ടായ സങ്കടങ്ങൾനിമിത്തം ദിവാൻജിയുടെ പേരിലുണ്ടായിരുന്ന ജനപ്രീതിക്കു് അല്പം കുറവുസംഭവിക്കാനിടയായി. എന്നാൽ പണ്ടത്തെ ഒറ്റച്ചക്രങ്ങളുടെ സ്ഥാനത്തു ചെമ്പുതുട്ടുകൾ നടപ്പാക്കിയതു് വാസ്തവത്തിൽ വലിയ ഒരു അനുഗ്രഹമായിരുന്നു.

നിയമനിർമ്മാണവും രാജകീയവിളംബരങ്ങളും.

1073-ലെ മൂന്നാംറഗ്രലേഷൻ ഡിപ്പാർട്ടുമെൻറിൽ വിചാരണനടത്തുന്ന ഉദ്യോഗസ്ഥന്മാർക്കു സർക്കാരുദ്യോഗസ്ഥന്മാരുടെ പൊതുനടപടികളെപ്പറ്റി അന്വേഷിക്കാൻ അധികാരം നല്കി.

1074-ലെ 2-ം 3-ം റഗ്രലേഷനുകളാൽ 1067-ലെ ക്രിമിനൽ നടപടി നിയമം നന്നാക്കപ്പെട്ടു. 1074-ലെ തിരുവെഴുത്തുവിളംബരത്താൽ 1004-ലെ വിളംബരം റദ്ദാക്കപ്പെടുകയും പൊതുദേവാരാധനയ്ക്കു കെട്ടിടം കെട്ടുന്നതിനെപ്പറ്റി ചില വ്യവസ്ഥകൾ ഏർപ്പെടുത്തപ്പെടുകയും ചെയ്തു. അതേ കൊല്ലത്തിലെ 5-ാംറഗ്രലേഷൻ മരണശാസനത്തെപ്പറ്റി ചില ചട്ടങ്ങൾ ഏർപ്പെടുത്തി. 1075ൽ കൈമാറപ്പുരസംബന്ധമായി നിയമമുണ്ടാക്കി. അക്കൊല്ലത്തിലെ മൂന്നാംറഗ്രലേഷൻ വക്കീൽവൃത്തിയെപ്പറ്റിയുള്ള ചട്ടങ്ങളെ ഏകീകരിച്ചു. 1076-ലെ മൂന്നാംറഗ്രലേഷൻ നഗരശുചീകരണച്ചട്ടങ്ങളെ പരിഷ്കരിച്ചു. 1077-ലെ ഒന്നാംറഗ്രലേഷൻ സിവിൽകോടതി റെഗ്രലേഷനെ ഭേദപ്പെടുത്തി മുൻസിഫന്മാരുടെ സല 500-ൽ നിന്നു 1000 ആക്കി. പ്രായപൂർത്തി വരാത്തവരുടെ ദേഹത്തിനും സ്വത്തിനും രക്ഷ നല്കുന്നതിനുവേണ്ടി ഒരു നിയമവും അക്കൊല്ലത്തിൽത്തന്നെ നിർമ്മിച്ചു.

പാവപ്പെട്ട കുഷ്ഠരോഗികളെ വേർപെടുത്തി താമസിപ്പിക്കുന്നതിനും ചികിത്സിക്കുന്നതിനും ആയി ചട്ടങ്ങളുണ്ടാക്കി.

1079-ൽ അച്ചുക്കൂടങ്ങളേയും വർത്തമാനപ്പത്രങ്ങളേയും നിയന്ത്രിക്കുന്നതിനും ദുരുപദേശനിരോധനത്തിനും ആയി നിയമങ്ങൾ ഏർപ്പെടുത്തി.

1079-ൽ കൃഷ്ണസ്വാമിരായർ ഉദ്യോഗത്തിൽനിന്നു പിരിഞ്ഞു് മദിരാശിയിലുള്ള സ്വഗൃഹത്തിൽ താമസമാക്കി. അദ്ദേഹം പിന്നെയും വളരെക്കാലം ജീവിച്ചിരുന്നു. 1901-ൽ ചക്രവർത്തി തിരുമനസ്സുകൊണ്ടു് അദ്ദേഹത്തിനു സി. ഐ. ഇ. എന്ന സ്ഥാനം നല്കി.

മിസ്റ്റർ വി. പി. മാധവരായർ.

മഹാരാജാവുതിരുമനസ്സുകൊണ്ടു് ഇതേവരെ തിരുവിതാം കൂർസർവീസിൽ ഇരുന്നവരെത്തന്നെയാണു് ദിവാൻജിയായിനിയമിച്ചുവന്നതു്. കൃഷ്ണസ്വാമിരായർ ഉദ്യോഗത്തിൽനിന്നു പിരിഞ്ഞപ്പോൾ സീനിയർ ദിവാൻപേഷ്ക്കാരായ വി. നാഗമയ്യ കുറച്ചുകാലത്തേക്കു് അഫിഷ്യേറ്റിങ്ങ് ദിവാനായിരുന്നു. എന്നാൽ 1079 മീനം 12-ാംനു- മൈസൂരിലെ റവന്യൂകമ്മിഷണരും സീനിയർ കൌൺസിലരും ആയിരുന്ന വി. പി. മാധവരായർ ദിവാനുദ്യോഗത്തിൽ പ്രവേശിച്ചു. പക്ഷേ രണ്ടുകൊല്ലത്തോളമേ അദ്ദേഹം ഉദ്യോഗത്തിൽ ഇരുന്നുള്ളു. ആ ചുരുങ്ങിയ കാലത്തിനുള്ളിൽ നാട്ടിനു ഗുണകരങ്ങളായ പലതും ചെയ്വാൻ അദ്ദേഹത്തിനു സാധിക്കയും ചെയ്തു.

പ്രധാന സംഭവങ്ങൾ.

1080-ാമാണ്ടു് തിരുമനസ്സുകൊണ്ടു കൊച്ചീരാജാവിനെ പ്രതിസന്ദർശിച്ചു. ഈ എഴുന്നള്ളത്തിൽ അവിടുന്നു തന്റെ പ്രണയിനിയായ അമ്മച്ചിയെ കൂടിക്കൊണ്ടുപോയിരുന്നു. അതേ കൊല്ലത്തിൽത്തന്നെ തിരുമനസ്സുകൊണ്ടു മദ്രാസ് ഗവർണ്ണർക്കും പ്രതിസന്ദർശനം നടത്തി. 1080 കുംഭത്തിൽ കാശിമഹാരാജാവു് ഇവിടെ എഴുന്നള്ളി അദ്ദേഹത്തിനെ മഹാരാജാവു യഥായോഗ്യം സൽക്കരിക്കയും ചെയ്തു.

1081-ൽ വെയിൽസ് രാജകുമാരൻ മദ്രാസിൽ എഴുന്നള്ളി. എന്നാൽ അവിടുത്തെ സന്ദർശിക്കുന്നതിനു തിരുമനസ്സിലേക്കു സാധിച്ചില്ല. എന്തുകൊണ്ടെന്നാൽ അവിടുത്തേക്കു വിചാരിച്ചിരിക്കാതെ ഒരു ശീലായ്മ ഉണ്ടായതുനിമിത്തം മദ്രാസിലേക്കുള്ള എഴുന്നള്ളത്തു് ഉപേക്ഷിക്കേണ്ടതായി വന്നുകൂടി.

1081 മേടം 24-ാംനു- ആറുങ്ങൽ മൂത്തതമ്പുരാൻ തിരുമനസ്സിലെ പള്ളിക്കെട്ടു് അത്യാഘോഷപൂർവം നടത്തപ്പെട്ടു. വരനായ വലിയ കോയിത്തമ്പുരാൻ, കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ ഭാഗിനേയനായിരുന്നു. ഈ അടിയന്തിരത്തിനു മുമ്പുതന്നെ മാധവരായർ ഇവിടത്തെ ഉദ്യോഗം രാജിവച്ചതിനാൽ

മി. വി. പി. മാധവരായർ.

അതു നടത്താനുള്ള ഭാഗ്യം അകാലത്തിങ്കൽ ദിവാനായ രാജാരാമരാ
വുക്കായിരുന്നു ലഭിച്ചതു്.

പരിഷ്കാരങ്ങൾ

പ്രാഥമികവിദ്യാഭ്യാസം ഫീസുകൂടാതെ നല്കപ്പെടുന്നതിനു 1079-ൽ ഗവണ്മെൻറു നിശ്ചയിച്ചു. അതനുസരിച്ചു താണജാതിക്കാർക്കുള്ള പള്ളിക്കൂടങ്ങളിൽ വാദ്ധ്യാന്മാരുടെ ശമ്പളത്തുക മുഴുവനും ഗ്രൻറായി കൊടുക്കുന്നതിനു അനുവദിച്ചു. 1080-ൽ പരിഷ്കൃതരീതിയിൽ സെൻട്രൽ അക്കൌണ്ടു് ആൻഡ് ആഡിറ്റു് ആഫീസു് ഉൽഘാടനം ചെയ്തിട്ടു് അതിൻറെ അധ്യക്ഷനായി മദ്രാസിൽനിന്നു ഒരാളെ വരുത്തി നിയമിച്ചു.

പ്രജാസഭ.

1080-ാമാണ്ടു് മൈസൂരിലെ രീതിയിൽ ശ്രീമൂലംപ്രജാസഭ എന്നൊരു സഭ സ്ഥാപിച്ചു. അതു ചരിത്രപ്രസിദ്ധമായ ഒരു മഹാസംഭവം ആകുന്നു. മഹാരാജ-തിരുമനസ്സിലേയും വി. പി. മാധവരായരുടേയും നിത്യസ്മാരകമായി വിളങ്ങുന്ന പ്രസ്തുതസഭ അതിൻറെ ജീവിതദശയിൽ പലേ കാര്യങ്ങൾ നാട്ടിനുവേണ്ടി സാധിച്ചിട്ടുണ്ടു്. രണ്ടാമത്തെ സഭ അവസാനിക്കുംമുമ്പേ പ്രസിദ്ധനായകനായിരുന്ന കാവാലം നീലകണ്ഠപ്പിള്ളയുടെ നിവേദനഫലമായി, ജനോപദ്രവകരമായിരുന്ന നെല്ലുരം നിർത്തപ്പെട്ടു. ആരംഭദശയിൽ ഈ സഭയ്ക്കു ജനങ്ങളുടെ ആവശ്യങ്ങളേയും സങ്കടങ്ങളേയും നിവേദനരൂപേണ അറിവിക്കാൻ അധികാരമേ ഉണ്ടായിരുന്നുള്ളൂ. ആദ്യത്തെ യോഗത്തിലേക്കു പ്രതിനിധികളെ തെരഞ്ഞെടുത്തതുതന്നെ ഗവണ്മെൻറായിരുന്നു. പിന്നാൽ രണ്ടാമത്തെ യോഗത്തിനു മുൻപു് അംഗങ്ങളെ തെരഞ്ഞെടുക്കാനുള്ള അധികാരം ജനങ്ങൾക്കു സിദ്ധിച്ചു. പത്തുപതിനൊന്നു കൊല്ലങ്ങൾക്കുള്ളിൽ പ്രജാസഭയ്ക്കുള്ള അധികാരങ്ങൾ വളരെ വർദ്ധിച്ചു.

ഹജൂർപരിഷ്കാരം.

ഹജൂർകച്ചേരിയുടെ അന്നത്തെ ശോചനീയസ്ഥിതികണ്ടു് സിൽബന്തികളുടെ ശമ്പളം കുട്ടുന്നതിനും അയോഗ്യരായിട്ടുള്ളവരെ വെളിയിൽ വിട്ടിട്ടു് ക്ഷാണിയുള്ളവരെ അവിടെ നിയമിക്കു

ന്നതിനു ഒരു സ്കീം തയാറാക്കി മഹാരാജാവിനു സമർപ്പിച്ചു. അവിടുന്ന് അതു് അനുവദിക്കയും ചെയ്തു.

ദേവസ്വപരിഷ്കാരം.

ദേവാലയങ്ങളും മഠവും അശുദ്ധിപ്പെട്ടാൽ ശുദ്ധികലശം നടത്തുന്നതിനെ സംബന്ധിച്ചു യാതൊരു ചട്ടവും ഉണ്ടായിരുന്നില്ല. അതുവഴിക്കു സാധുജനങ്ങൾക്കു വലിയ കഷ്ടനഷ്ടങ്ങൾ നേരിട്ടുകൊണ്ടിരുന്നു. ചില കുടുംബങ്ങൾപോലും അങ്ങനെ നശിക്കാനിടയായിട്ടുണ്ടു്. അതിനാൽ ഈ വിഷയത്തെപ്പറ്റി അന്വേഷിച്ചു റിപ്പോർട്ടു ചെയ്യാനായി 1080-ൽ ഒരു ഉദ്യോഗസ്ഥനെ നിയമിച്ചു.

ക്ഷേത്രങ്ങളിലെ നിത്യനിദാനം മാസവിശേഷം ആട്ടവിശേഷം മുതലായവ ആറിൽപരം വർഷങ്ങൾക്കു മുമ്പു നിശ്ചയിച്ചിരുന്ന പതിവനുസരിച്ചാണു് നടന്നുവന്നതു്. അതിനാൽ കീഴ്ജീവനക്കാർക്കു നേരിട്ട ബുദ്ധിമുട്ടുകൾ സീമാതീതങ്ങളായിരുന്നു. അന്നത്തെ നിരക്കിനു ഇപ്പോൾ സാമാനങ്ങൾ കിട്ടുന്നതെങ്ങിനെ? ആ സ്ഥിതിക്കു പതിവു പരിഷ്കരിക്കാതെ നിവൃത്തിയില്ലാതെ വന്നു. അതിലേക്കു മറെറാരു ഉദ്യോഗസ്ഥനെയും ചുമതലപ്പെടുത്തി.

എക്സൈസ് ഡിപ്പാർട്ടുമെൻറു്.

ഈ ഡിപ്പാർട്ടുമെൻറിന്റെ ഭരണം ഹുജൂരിന്റെ പിറവകയീനാ ശാഖയുടെ കീഴിൽ ദിവാൻപേഷ്കാരന്മാരാണു് നടത്തിവന്നതു്. പേഷ്കാരന്മാർക്കു മറു പല ജോലികളും ഉണ്ടായിരുന്നതുകൊണ്ടു് ഈവകുപ്പിനെ വേർതിരിക്കേണ്ടതാണെന്നു ഗവണ്മെൻറു നിശ്ചയിച്ചു. മദ്രാസ് ഗവണ്മെൻറിന്റെ ഉപദേശവും ഈ വിഷയത്തിലുണ്ടായിരുന്നു. 1080 കർക്കടകത്തിൽ എക്സൈസ് ഡിപ്പാർട്ടുമെൻറു് എന്നൊന്നു സ്ഥാപിച്ചു. അതിനെ ഒരു കമ്മിഷണരുടെ മേൽനോട്ടത്തിൽ വിട്ടു.

1081-ൽ മാധവരായർ ഉദ്യോഗത്തിൽനിന്നു പിരിഞ്ഞു. അകാലിങ്ങു ദിവാനായ രാജാരാമരായരുടെ സ്മാരകമായി അറിയപ്പെടുന്നതു വിദ്യാലയങ്ങളിലെ ഫീസു വർദ്ധനയാകുന്നു.

ടി. പി. രാജഗോപാലാചാരി.

ANDRUM PUBL

ദിവാൻ എസ്. ഗോപാലാചാരി.

അദ്ദേഹം 1082 ചിങ്ങംമുതൽ ആ വർഷത്തിന്റെ അവസാനംവരെ ഉദ്യോഗം വഹിച്ചു. പറയത്തക്ക വിശേഷസംഭവങ്ങളൊന്നും അക്കാലത്തുണ്ടായില്ല. അക്കൊല്ലം ധനുവിൽ മഹാരാജാവു മദിരാശിയിൽ എഴുന്നള്ളി ഗവണ്മെന്റെ സന്ദർശിച്ചു; ആ മകരത്തിൽ ഗവണ്മെന്റായ സർ ആർതർലാലിയും പത്നിയും തിരുവനന്തപുരത്തുവന്നു മഹാരാജാ തിരുമനസ്സിലെ അതിഥ്യം സ്വീകരിച്ചു. മേടം പത്രണ്ടാംതീയതി ആറുങ്ങൽ ഇളയതമ്പുരാൻ തിരുമനസ്സിലെ പള്ളിക്കെട്ടു കിളിമാന്നൂർ രാമവർമ്മകോയിത്തമ്പുരാൻ ബീ. എ-യെക്കൊണ്ടു നടത്തിച്ചു.

ദിവാൻ പി. രാജഗോപാലാചാരി.

അദ്ദേഹം 1083 തുലാം 8-ാംനു- ഉദ്യോഗത്തിൽ പ്രവേശിച്ചു. അദ്ദേഹത്തിന്റെ ഭരണം വളരെ ഉജ്ജ്വലമായിരുന്നു. മി. രാജഗോപാലാചാരി ദീർഘകാലം ബ്രിട്ടീഷ് സർവീസിൽ ഇരുന്ന പ്രശസ്തി സമ്പാദിച്ചിരുന്നതുകൂടാതെ 1072 മുതൽ ഏഴുതാനും വർഷക്കാലം കൊച്ചീദിവാൻപദം അലങ്കരിക്കയും ചെയ്തിരുന്നു.

പ്രധാന സംഭവങ്ങൾ.

1083-ൽ തിരുമനസ്സുകൊണ്ടു പൂനാ ഗായൻ സമാജത്തിലെ ഒരു അംഗമാക്കപ്പെട്ടു. അക്കൊല്ലത്തിൽതന്നെ അവിടുന്നു കന്യാകുമാരിക്കു എഴുന്നള്ളി; ദേവീദർശനം നടത്തി. ഒരുത്തകൊല്ലത്തിൽ സർവസൈന്യാധിപതിയായ കിച്ചനർപ്പട്ട തിരുവനന്തപുരത്തു വന്നു തിരുമനസ്സിലെ അതിഥിയായി ഏതാനുംദിവസം പാർത്തു. അയാണ്ടു കർക്കടകത്തിൽ തിരുമനസ്സുകൊണ്ടു സംസ്കൃതകവികിരീടമണിയായ കുഞ്ഞിക്കുട്ടൻതമ്പുരാനു മഹാഭാരതാനുവാദത്തിനു പാരിതോഷികം എന്ന നിലയിൽ 1,000 രൂപ സമ്മാനിച്ചു. 1085-ൽ തിരുമേനി വൈസറായിഅക്ഷർകളെ സന്ദർശിക്കാനായി മദിരാശിയിൽ എഴുന്നള്ളി. പുനമാമ്പുത്തൂർ, ശൃംഗേരിമഠാധിപതിയായ ശങ്കരാചാര്യർ കാഞ്ചീക്ഷേത്രപ്രതിഷ്ഠയായി വന്നപ്പോൾ തിരുവനന്തപുരത്തു വിരികയറ്റി തിരുമനസ്സിലെ അതിഥ്യം സ്വീകരിച്ചു നാലഞ്ചുദിവസം വിട്ടകലെക്കൊ

ട്ടാരത്തിൽ താമസിക്കയും ചെയ്തു. രണ്ടുദിവസം മഹാരാജാവു ആ ദ്ദേഹത്തിനെ സന്ദർശിച്ചു പതിനായിരം രൂപവീതം പാടകാണിക്ക ഇട്ടതിനു പുറമെ ഒരു കൊമ്പനാനയേയും സമ്മാനിച്ചു. ശങ്കരാചാര്യരും തിരുമേനിക്കു രണ്ടു സാൽവകളും ഒരു പതക്കവും സമ്മാനിക്കയുണ്ടായി. മകരമാസത്തിൽ കാശിയുവരാജാവു് തിരുവനന്തപുരത്തുവന്നു അവിടത്തെ അതിഥിയായി ഏതാനും ദിവസം താമസിച്ചു. മീനമാസത്തിൽ അവിടത്തെ പുത്രിയുടെ താലികെട്ടു കല്യാണം ആഘോഷപൂർവ്വം നടത്തപ്പെട്ടു.

1085 മേടം 2-ാംനു എഡ്വേർഡ് ചക്രവർത്തി പരലോകം പ്രാപിച്ചതിനാൽ മൂന്നു ദിവസത്തേക്കു കടകമ്പോളങ്ങളും കച്ചേരികളും അടച്ചു രാജ്യമാസകലം ദുഃഖം ആചരിച്ചു.

1086-ൽ തിരുമനസ്സിലെ രജത ജൂബിലി മഹോത്സവം നാടൊട്ടുക്കു് കൊണ്ടാടപ്പെട്ടു.

ജോർജ്ജ് ചക്രവർത്തിയുടെ കിരീടധാരണോത്സവം പ്രമാണിച്ചു വൃശ്ചികം 2-ാംനു ദില്ലിയിൽവച്ചു നടത്തപ്പെട്ട ഡർബാറിൽ സംബന്ധിക്കുന്നതിനായി അവിടുന്നു് എഴുന്നള്ളി. ഈ അവസരത്തിൽ ചക്രവർത്തി തിരുമനസ്സിലോട്ടു പത്തുമിനിട്ടുനേരം സംഭാഷണം ചെയ്യുന്നതിനു നാട്ടുരാജാക്കന്മാരുടെ കൂട്ടത്തിൽ അവിടുത്തേക്കു മാത്രമേ സാധിച്ചുള്ളുവത്രെ.

അക്കൊല്ലത്തിൽ തന്നെ കപൂർത്തല മഹാരാജാവു് തിരുവനന്തപുരത്തു വന്നിരുന്നു; ദിവാൻജി 1912 ജൂൺ 26-ാംനു മുതൽ 25 ദിവസത്തെ അവധി എടുത്തപ്പോൾ സീനിയർ ദിവാൻ പേഷ്കാർ മി. എസ്. പത്മനാഭയ്യൻ ചാർജ്ജു വഹിച്ചു. മഹാരാജാവു് കർക്കടകത്തിൽ കന്യാകുമാരിക്കു് എഴുന്നള്ളി 2 ദിവസം അവിടെ താമസിച്ചു.

1088 ഇലാം 22-ാംനു വ്യാഴാഴ്ച അറുങ്ങൽ ഇളയതമ്പുരാൻ തിരുമനസ്സിലെ സീമന്തപുത്രനായി ചിത്തിരതിരുനാൾ തമ്പുരാൻ തിരുവവതാരംചെയ്തു.

ജനറൽ സർ ജേ.ബി.ഹണ്ട് തിരുവനന്തപുരം സന്ദർശിച്ചു.

1089 വൃശ്ചികത്തിൽ, മഹാരാജാവുതിരുമനസ്സുകൊണ്ടു വൈസ്രായിയെ സന്ദർശിക്കാനായി മദിരാശിക്കു് എഴുന്നള്ളി. മകര-

മാസത്തിൽ ഈജിപ്തിലെ യൂസഫ് കമാൽപാഷ എന്ന രാജകുമാരൻ തിരുവിതാംകൂർ സന്ദർശിച്ചു. ഈ ആണ്ടു് അവസാനത്തിൽ അതായതു 1914 മേ പത്താംതീയതി പി. രാജഗോപാലാചാരി ഉദ്യോഗത്തിൽനിന്നു പിരിഞ്ഞു.

പരിഷ്കാരങ്ങൾ.

കൃഷിവായ്പ.

1066-ലെ 4-ാംറഗ്ലുലേഷൻ കൃഷിവായ്പയെ സംബന്ധിച്ചു ചില ചട്ടങ്ങൾ ഏർപ്പെടുത്തിയിരുന്നെങ്കിലും, അതിന്റെ പ്രയോജനം കൃഷീവലന്മാർക്കു പൊതുവെ അനുഭവിക്കാൻ കഴിഞ്ഞില്ല. ഒന്നാമതായി അതിന്റെ വ്യാപ്തി വളരെ പരിമിതമായിരുന്നു; കരക്കൃഷി അതിന്റെ വ്യാപ്തിയിൽപ്പെട്ടിരുന്നതേയില്ല. രണ്ടാമതായി വായ്പ അനുവദിക്കുന്ന വിഷയത്തിൽ വലിയ താമസം നേരിട്ടുകൊണ്ടുമിരുന്നു; മൂന്നാമതായി വാർഷിക ബഡ്ജറിൽ അതിലേക്കു പ്രത്യേക സംഖ്യ കൊള്ളിക്കാറുണ്ടായിരുന്നുമില്ല. ഈ ന്യൂനതകളെ പരിഹരിക്കുന്നതിനു വേണ്ട വ്യവസ്ഥ 1083-ൽ ചെയ്തു.

റവന്യൂഡിപ്പാർട്ടുമെൻറ്.

1083-ൽ ദിവാൻപേഷ്കാരന്മാർക്കു കീഴ് ഉദ്യോഗസ്ഥന്മാരുടെ നിയമനം, സ്ഥലംമാറ്റം, ശിക്ഷ, അവധികൊടുക്കൽ മുതലായവയെ സംബന്ധിച്ചും, റവന്യൂകേസുകളുടെ തീർപ്പിനെപ്പറ്റിയും കൂടുതലധികാരം നല്കി. കൊല്ലം തഹശീൽദാർക്കുണ്ടായിരുന്ന മജിസ്ട്രേട്ടധികാരം എടുത്തിട്ടു് ഒരു സ്റ്റേഷണറി മജിസ്ട്രേട്ടിനെ നിയമിച്ചു. ദിവാൻജി തെക്കൻ താലൂക്കുകളെ സന്ദർശിച്ചു കൃഷീവലന്മാരുമായി അഭിമുഖസംഭാഷണം നടത്തീട്ടു്, കോതയാറണയിലെ വെള്ളംകൊണ്ടു് കൃഷിനടത്തപ്പെടുന്ന നിലങ്ങളിൽ ചുമത്തേണ്ട നികുതിഭാരം നിർണ്ണയിച്ചു; കന്നിപ്പൂചിനവുള്ള തവണ തുലാം വൃശ്ചികം മാസങ്ങളിലും കുംഭപ്പൂവിനുള്ളതു മീനം മേടം മാസങ്ങളിലും അടച്ചാൽ മതിയെന്നും നിശ്ചയിച്ചു.

1084-ൽ പദ്മനാഭപുരം ഡിവിഷനെ പരിഷ്കരിച്ചു; പകുതിക്കണക്കന്മാരുടെ ശമ്പളം വർദ്ധിപ്പിച്ചു; ഓരോ താലൂക്കിലും ഓരോ സർവ്വേയരെ നിയമിച്ചു; പേഷ്കാർക്കു പുറമേ ഒരു ഡിവി

ഷൻ അസിസ്റ്റൻറു ഉദ്യോഗംക്കടി ഏർപ്പെട്ടുത്തി. കാപ്പിയും തേയിലയും കൃഷിചെയ്യുവന്ന ഭൂമികളിൽ ഏക്കറൊന്നിന്ന രണ്ടണയായി കുറച്ചിരുന്ന കരത്തെ പന്ത്രണ്ടണയായി വർദ്ധിപ്പിച്ചു. കായൽകുത്തിപൊക്കി കൃഷിചെയ്യുന്നതുനിമിത്തം ജലമാർഗ്ഗമായ് ഗതാഗതത്തിന്ന തടസ്സം നേരിടാതിരിക്കുന്നതിന്നവേണ്ടി തറവില കരു രൂപയിൽനിന്ന ഒരു രൂപയാക്കി. കൊല്ലം ഡിവിഷനിലെ നായർവിരുത്തി ഏർപ്പാടു നിർത്തീട്ട്, വസ്തുക്കരം പാട്ടം കെട്ടി. വിരുത്തിക്കാരുടെ നന്മയ്ക്കായി കോപ്പുവിലവാശിവകയിൽ ഈടാകാനുണ്ടായിരുന്ന 28,861 രൂപ ഇളവുചെയ്തുകൊടുത്തു. കന്നുകാലിപ്പൌണ്ടുകരം ഏർപ്പെടുന്നതിന് കരു പദ്ധതി രൂപവൽക്കരിച്ചു.

1085-ൽ ഏലം വകുപ്പിനെ റവന്യൂത്തുറയോടു കൂട്ടിച്ചു. കൊല്ലം തിരുവനന്തപുരം ഈ ഡിവിഷനുകരം പരിഷ്കരിച്ചു. അഞ്ചനാട്ട്, കണ്ണൻദേവൻമലകരം, പള്ളിവാശൽ, പൂപ്പാറ, ഉടുമ്പഞ്ചോല എന്നീ പകുതികരം ചേർത്ത് ദേവികുളം എന്നൊരു താലൂക്ക പുതിയതായി ഏർപ്പെടുത്തിയിട്ട് കരു തഹശീൽദാരെയും പുത്തനായി നിയമിച്ചു. ആലപ്പുഴ അസിസ്റ്റൻറ് എക്സൈസ് കമ്മീഷണർക്ക് ഇതേവരെ അവിടുത്തെ ഖജനാവിനെ സംബന്ധിച്ചുണ്ടായിരുന്ന ചുമതലകളെ വിടുത്തിയിട്ട്, ആ ഖജനാവിനെ ലാൻഡുറവന്യൂത്തുറയുടെ കീഴിൽ ആക്കുകയും അതിൻെറ മേൽനോട്ടത്തിനായി കരു തഹശീൽദാരെ പ്രത്യേകം നിശ്ചയിക്കയും ചെയ്തു.

പള്ളിപ്പുറത്തെ കുത്തകപ്പാട്ടവസ്തുക്കളെ സംബന്ധിച്ച് കരു വിളംബരം ഇക്കൊല്ലത്തിൽ പ്രസിദ്ധീകരിച്ചു. ഈ സ്ഥലം 964-ൽ ഡച്ച് ഈസ്റ്റിൻഡ്യാക്കമ്പനിക്കാരിൽനിന്ന വിലയ്ക്കു വാങ്ങിയതാണ്. 984-ൽ പള്ളിപ്പുറം കൊഴുഅവകാശം 21 കൊല്ലത്തേയ്ക്കു മി. ജെയിംസ്ടേറ് എന്നൊരാൾക്ക കൊടുത്തു. പിന്നീട് 1006-ാമാണ്ടു മുതൽ പത്തുവർഷകാലം സാമുവൽ വണ്ണീഡ് എന്നൊരാൾക്ക കുത്തകപ്പാട്ടമായി കൊടുത്തു. എന്നാൽ കാലാവധി തീരുംമുമ്പുതന്നെ അതായതു 1010-ൽ പാട്ടത്തെ 20 കൊല്ലത്തേയ്ക്കു പുതുക്കി. 1030-ൽ ജാൺസിപ്പിയോ വണ്ണീഡിൻെറ പേരിൽ അതിനെ വീണ്ടും പതിനഞ്ചുകൊല്ലത്തേക്കുകൂടി പുതു

ക്കിയെഴുതി. വസ്തുക്കളിൽനിന്നുള്ള സകല ആദായങ്ങളും പാട്ടക്കാരനു് അനുഭവിക്കാമായിരുന്നു; പ്രതിവർഷം ഒരു നിശ്ചിത സംഖ്യ സക്കാരിനു കൊടുത്താൽ മതിയെന്നായിരുന്നു വ്യവസ്ഥ. പാട്ടക്കാരനാകട്ടെ കുത്തകപ്പാട്ടനിരക്കുവെച്ചു പുരയിടങ്ങളെ കുടിയാനവന്മാക്കു കൊടുത്തു നടത്തിച്ചുപോന്നു. ഈ കുടിയാനവന്മാക്കു സ്ഥിരമായ യാതൊരു അവകാശവും വസ്തുക്കളിന്മേൽ ഉണ്ടായിരുന്നില്ല. അവരിൽനിന്നു യഥേഷ്ടം വസ്തു ഒഴിപ്പിക്കുന്നതിനുള്ള അധികാരവും പാട്ടക്കാരനുണ്ടായിരുന്നു. തന്നിമിത്തം കുടിയാനവന്മാർ പലവിധത്തിലുള്ള സങ്കടങ്ങൾ അനുഭവിച്ചുകൊണ്ടിരുന്നു. 1035-ൽ അവർ അന്നത്തെ റസിഡണ്ടായിരുന്ന മി. എഫ്. എൻ. മാൾട്ട്ബിക്കു് പരാതി ഹർജികൾ അയച്ചു. റസിഡണ്ടു് ഈ ഹർജികളെ സക്കാരിനു് അയച്ചുകൊടുത്തു. സക്കാരാകട്ടെ വനം കൺസർവേറരായിരുന്ന മി. കോലോഹിനേയും ഡിപ്യൂട്ടി പേഷ്കാരായിരുന്ന മി. ശങ്കുണ്ണിമേനോനെയും ഈ വിഷയത്തെപ്പറ്റി അന്വേഷണം നടത്തുന്നതിനായി നിയോഗിച്ചു. തൽഫലമായി, പാട്ടത്തിന്റെ കാലാവധി തീർന്ന ഉടനേതന്നെ തൽപ്രദേശത്തെ സക്കാർ വീണ്ടെടുത്തു കുടിയാനവന്മാരുമായി നേരിട്ടു് വിടപെടുവന്നു. എന്നാൽ അതുകൊണ്ടു് അവക്കു കൂടുതൽ ഗുണമൊന്നും സിദ്ധിച്ചില്ല. എന്തുകൊണ്ടെന്നാൽ, മുമ്പു പാട്ടക്കാരനു കൊടുത്തുവന്നിടത്തോളം പാട്ടം ഇപ്പോൾ സക്കാരിലേക്കു കൊടുക്കേണ്ടതായിവന്നു. 1047-ൽ സർ ടി. മാധവരായർ പ്രസ്തുതസ്ഥലത്തെ സന്ദർശിച്ചു് ഒരു മെമ്മോറാണ്ടം എഴുതിയുണ്ടാക്കി. അതിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

"ഈ പ്രദേശത്തിന്മേൽ സക്കാരിനു പൂർണ്ണമായ ജന്മാവകാശം ഉണ്ടെന്നുള്ള സിദ്ധാന്തമായിരുന്നു കുടിയാനവന്മാരും സക്കാരും തമ്മിലുള്ള ഏറ്റുപാടുകൾക്കു നിയാമകമായിരുന്നതു്. കുടിയാനവന്മാരെ ഇഷ്ടംപോലെയും നിരുപാധികമായും വസ്തുവിൽനിന്നു ഒഴിപ്പിക്കുന്നതിനു സക്കാരിനു് അധികാരമുണ്ടായിരുന്നു."

"ഈ സിദ്ധാന്തപ്രകാരം അവിടെയുള്ള നിലംപുരയിടങ്ങളെ ലേലത്തിൽ വിളിച്ചിട്ടു് സാധാരണ ക്രമികുതിമാത്രം ഈടാ

ക്കുന്നതിനു സർക്കാരിനു അധികാരമുണ്ടെങ്കിലും, ഈ അവകാശത്തെ പ്രയോഗിക്കുന്നതിനു ഞാൻ ഒരിക്കലും ഉപദേശിക്കയില്ല."

1065-ലെ വിളംബരപ്രകാരം കൂടിയാന്മാരുടെ അനുഭവത്തിൽ ഇരുന്ന പുരയിടങ്ങളെ അവരുടെ പേരിൽ പതിച്ചുകൊടുത്തിട്ട്, അവരിൽനിന്നു കുത്തകപ്പാട്ടം ഈടാക്കാൻ വ്യവസ്ഥചെയ്തു. എന്നാൽ കുത്തകപ്പാട്ടത്തിനും സാധാരണ നികുതിക്കും തമ്മിലുള്ള വ്യത്യാസത്തിന്റെ ഇരുപതുമടങ്ങു കെട്ടിവെച്ചു് അവയെ പണ്ടാരവക പ്പാട്ടവസ്തുക്കളായി വേണമെങ്കിൽ മാറാമെന്നു് ഒരു വകുപ്പുകൂടി അതിൽ ചേർത്തിരുന്നു.

നിലങ്ങളെ മാത്രം ലേലത്തിൽ വിളികേൾക്കുന്നവരുടെ പേരിൽ സെറ്റിൽമെന്റു നിരക്കനുസരിച്ചുള്ള നികുതി ചുമത്തി പതിച്ചുകൊടുപ്പാൻ ഏർപ്പാടുചെയ്തിരുന്നു; എന്നാൽ സെറ്റിൽമെന്റു തുടങ്ങിയപ്പോൾ ആ നിലങ്ങളിൽ ഏതാനുംഭാഗം പുരയിടങ്ങളാക്കി തെവെപ്പു നടത്തപ്പെട്ടുപോയതായി കണ്ടു. അതിനാൽ സാധാരണ പാട്ടത്തിന്റെ 31½ ഗ്രുണത്തിൽ കുറയാത്ത വില ഈടാക്കിക്കൊണ്ടു സർക്കാർ ആ വകവസ്തുക്കളെയും അനുഭവുക്കാരുടെപേരിൽ പണ്ടാരവക വസ്തുക്കളായി പതിച്ചുകൊടുപ്പാൻ നിശ്ചയിച്ചു. കുറച്ചുകാലം കഴിഞ്ഞു് കോട്ടയം പോഷ്ടരുടെ നിർദ്ദേശാനുസരണം വിലയത്ഥം പല തവണകളിലായി ഉടച്ചാൽ മതിയെന്നുവെച്ചുവെങ്കിലും പിന്നെയും 5310 രൂപ ആ ഇനത്തിൽ പിരിയാതെ വന്നു. തന്മൂലം 1083 മകരത്തിനു മുമ്പു് തറവില ഉടയ്ക്കപ്പെടാത്ത തെവെയ്പു നിലങ്ങളെ കുത്തകപ്പാട്ടമായി ഗണിക്കാൻ ഗവണ്മെണ്ടു് ആജ്ഞാപിച്ചു. എന്നാൽ സെറ്റിൽമെന്റുകാലത്തോ പിന്നീടോ ഗവണ്മെണ്ടു നിശ്ചയിക്കുന്ന വിലയത്ഥം കൊടുത്തു് ആ വസ്തുക്കളെയും പണ്ടാരവക പാട്ടവസ്തുക്കളായി മാറ്റിക്കുന്നതിനു കൂടിയാന്മാക്കു് സ്വാതന്ത്ര്യമുണ്ടായിരുന്നു. എന്നിട്ടും പലരും അങ്ങനെ ചെയ്യാതിരുന്നതിനാൽ 1085 മിഥുനം 5-ാംതീയതിയിലെ വിളംബരത്താൽ പണ്ടാരപ്പാട്ടത്തിന്റെ പത്തുഗ്രുണം വിലയത്ഥം ഇരുപതു തവണകളിലായി കുടിശ്ശികയോടു ചേർത്തു് ഒടുക്കി, ആവക വസ്തുക്കളെ പണ്ടാരപ്പാട്ടവസ്തുക്കളായി മാറ്റിക്കൊള്ളുന്നതിനു കൂടിയാന്മാക്കു് അനുവാദം നല്കി.

നാട്ടിലെ തുക്കങ്ങളേയും അളവുകളേയും ഏകീകരിച്ചു ക്രമപ്പെടുത്താനായി 1085-ൽ ഒരു നിയമം ഉണ്ടാക്കി.

രജിസ്ട്രേഷൻ.

ആധാരങ്ങൾ രജിസ്റ്റർചെയ്യുന്നതിനു ക്രമമായ ഏർപ്പാടു നടപ്പാക്കിയതു 1042-ൽ ആയിരുന്നല്ലോ. ആ നിയമപ്രകാരമാണു് രജിസ്ട്രാരന്മാർ സർക്കാർജീവനക്കാരായിത്തീർന്നതു്, 1052-ൽ പ്രസ്തുത നിയമത്തിൽ കാലാനുരൂപമായ ചില ഭേദഗതികൾ ചെയ്തു. അതിൻപ്രകാരം ഇൻഡ്യയ്ക്കു വെളിയിൽവെച്ചു് എഴുതിപ്പിടിച്ച പ്രമാണങ്ങളെ രജിസ്റ്റർചെയ്യുന്നതിനുള്ള കാലാവധി മൂന്നിൽനിന്നു് ആറുമാസത്തേയ്ക്കു നീട്ടി. ഇംഗ്ലീഷിൽ എഴുതപ്പെട്ടതല്ലാത്ത കരണങ്ങളെയും തിരുവനന്തപുരം ആഫീസിൽ രജിസ്റ്റർചെയ്യാൻ വ്യവസ്ഥചെയ്തു. 1070-ലെ നിയമപ്രകാരം രജിസ്ട്രേഷൻ വകുപ്പു് ആകപ്പാടെ നവീകരിക്കപ്പെട്ടു. 1087-ൽ പ്രസ്തുത ഡിപ്പാർട്ടുമെൻറിനെ അനുകൂടി പരിഷ്കരിച്ചു; ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വർദ്ധിപ്പിച്ചു; അവരുടെ ചുമതലകളെയും അധികാരങ്ങളെയും സമഗ്രമായി നിർവചിച്ചു. രജിസ്റ്റർചെയ്യുന്നതിനുള്ള ചട്ടങ്ങളെ കാലോചിതമായ വിധത്തിൽ പുതുക്കി.

അതേ കൊല്ലത്തിൽ തന്നെ കോർട്ടുഫീസ് ചട്ടത്തേയും പുതുക്കി.

അക്കൌണ്ടു് ഡിപ്പാർട്ടുമെൻറു്.

1086-ൽ അക്കൌണ്ടു് പരിഷ്കാരത്തിനായി നിയമിക്കപ്പെട്ട സ്പെഷ്യൽ അക്കൌണ്ടു് ആഫീസർ മിസ്റ്റർ ഗോർഡൻറെ ശുപാർശ അനുസരിച്ചു ചില പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തി. മേജർ ട്രഷറികൾ മാസാന്ത്യ കണക്കുകളെ നേരിട്ടു് സെൻട്രൽ അക്കൌണ്ടു് ആഫീസിലേക്കു് അയയ്ക്കാൻ ഏർപ്പാടുചെയ്തു. പന്ത്രണ്ടു മേജർ ട്രഷറികൾ സ്ഥാപിച്ചു. മറ്റു ചെറുനാവുകളെ മേജർ ട്രഷറികളുടെ അധികാരത്തിൻ കീഴിലാക്കി. 1087-ൽ മേജർ ട്രഷറികളുടെ സംഖ്യ ഏഴായും അടുത്തകൊല്ലത്തിൽ ആറായും കുറച്ചു. അക്കൌണ്ടുകോഡും പരിഷ്കരിക്കപ്പെട്ടു.

പീരുമേടുതാലൂക്കു്.

1087-ൽ ചങ്ങനാശേരിയിലെ ഏഴു പകുതികളേയും മീനച്ചിലെ ഒരു പകുതിയും ദേവികുളത്തെ രണ്ടു പകുതികളും ചേർത്തു

പീരുമേട്ടു താലൂക്കു് എന്നൊരു താലൂക്കുകൂടി നിൎമ്മിച്ചു്, അവിടെ ഒരു തഹശീൽദാരെയും സിൽബന്ദികളേയും നിയമിച്ചു.

മലവാരം കൃഷി.

രജിസ്റ്റർചെയ്യാത്ത ചേരിക്കൽഭൂമിയിൽ അനുവദിക്കപ്പെട്ടിരുന്ന മലവാരം കൃഷി ഏറ്റുപാടു നിൎത്തൽചെയ്തു. കുറഞ്ഞ തറവിലവെച്ചു് ചേരിക്കൽ മേലാൽ പതിച്ചുകൊടുക്കുന്നതല്ലെന്നു തീൎച്ചപ്പെടുത്തി.

ഉപ്പുഡിപ്പാർട്ടുമെൻറു്.

988-ാമാണ്ടിന്റെ അവസാനത്തിൽ ഉപ്പിനെ സൎക്കാർ വക കുത്തകച്ചരക്കാക്കിയിരുന്നു. കൂടിയാനവൎഗ്ഗക്കാർ വിളയിച്ചു വന്ന ഉപ്പിനെ ക്ലിപ്തവിലയ്ക്കു സൎക്കാരിൽ ഏല്പിച്ചുകൊള്ളണമെന്നായിരുന്നു വ്യവസ്ഥ. എന്നാൽ 1040-ാമാണ്ടിൽ ബ്രിട്ടീഷ് ഗവണ്മെണ്ടുമായി ചെയ്ത ഉടമ്പടിപ്രകാരം, ബ്രിട്ടിഷ് സംസ്ഥാനങ്ങളിലെ വില നിരക്കുവച്ചു മാത്രമേ ഇവിടെയും ഉപ്പു വില്ക്കാവൂ എന്നു വന്നുകൂടി. ഈ ഉടമ്പടിയുടെ ഫലമായി തെക്കൻഡിവിഷൻ ഒഴിച്ചു് മറെറല്ലാ ടിക്കുകളിലും ഉപ്പുകൃഷി വിരോധിക്കപ്പെട്ടു. തെക്കൻഡിവിഷനുകളിലാകട്ടെ, കൂടിവകയായും പണ്ടാരവകയായിട്ടും ഉപ്പു പാത്തികൾ ഉണ്ടായിരുന്നു. പാത്തികളിൽ വിളയുന്ന ഉപ്പിനു ശരിയായ കൂടിവാരവും മേൽവാരവും സൎക്കാരിൽനിന്നു കൊടുത്തുവന്നു. അവയുടെ മേൽവിചാരത്തിനു് ഉപ്പളം ശിരസ്തദാർ എന്നൊരു ഉദ്യോഗസ്ഥനെ 1041-ൽ നിയമിക്കപ്പെട്ടു. 1051-ൽ, ഉപ്പു് അളന്നുവില്ക്കുന്ന ഏറ്റുപാടു നിൎത്തലാക്കീടു്, തൂക്കക്കണക്കിനു വില്ക്കാൻ വ്യവസ്ഥചെയ്തു. ഉപ്പുകൃഷിയേയും വില്പനയേയും നിയന്ത്രിക്കുന്നതിനു ചില ചട്ടങ്ങളും ഉണ്ടാക്കി.

തിരുവിതാംകൂറിൽ ചെലവുള്ള ഉപ്പു് ഇങ്ങനെ ബോംബേ, തൂത്തുക്കുടി, ഈ സ്ഥലങ്ങളിൽനിന്നും, താമരക്കുളം, രാജാക്കമംഗലം, വാരിയൂർ, കൊളച്ചൽ, തട്ടാരിപ്പു, ഓരോടെ ഇത്യാദി തെക്കൻടിക്കുകളിൽനിന്നും അണു് ലഭിച്ചുവരുന്നതു്. നാട്ടിൽ ഉപ്പുകൃഷി ചെയ്യുന്നതിനു പ്രത്യേകം ലൈസൻസു് ഏറ്റെടുത്തിട്ടുള്ളതുകൊണ്ടു് എല്ലാവരും കൃഷിനടത്താൻ പാടില്ല. കൂടിവക

പഴയ പാത്തികളിൽ നാല്പതു ശതമാനം കൂടിവാരം ആണ് കൊടുത്തുവന്നിരുന്നതു്. ആ കൂടിവാരത്തിൽ മന്നൊന്നുക്കു് ഏഴു രൂപക്രം വില സക്കാരിൽനിന്നു കൊടുത്തുവന്നു. ബാക്കി അറു പതുശതമാനം സക്കാരിന്റെ മേൽവാരമായി ഗണിക്കപ്പെട്ടു. പുതിയ പാത്തികളിലാകട്ടെ, ലൈസൻസുകാക്കു മന്നൊന്നിനു 2½ അണ മുതൽ 3½ അണവരെ വില നല്കി; അവിടെ കൃഷി ചെയ്യുന്ന ഉപ്പിൽനിന്നു സക്കാർ മേൽവാരം എടുക്കാറുമുണ്ടായിരുന്നില്ല. ഇങ്ങനെ ചെയ്തതു നാട്ടുപ്പുകൃഷിയെ പ്രോത്സാഹിപ്പിക്കാൻ വേണ്ടിയായിരുന്നു. 1087-ൽ ബാംബേ ഉപ്പു നേരിട്ടു വരുത്തി വിറ്റുകൊള്ളുന്നതിനു കൺട്രാക്ടന്മാരെ ഏർപ്പെടുത്തിയെങ്കിലും സക്കാർ വരുത്തിവച്ചിരുന്ന ഉപ്പു പണ്ടകശാലകളിൽ വിറ്റുകൊണ്ടേ ഇരുന്നു.

അതേകൊല്ലത്തിൽതന്നെ താമരക്കുളം എക്സ്റ്റെൻഷൻ എന്നൊരു പുതിയ അളം കൂടി സ്ഥാപിക്കയുമുണ്ടായി.

അബ്കാരി.

വിദേശീയമദ്യവ്യാപാരം സംബന്ധിച്ചു പുതിയ നിയമങ്ങൾ 1086 ചിങ്ങം ഒന്നാംതീയതി മുതല്ക്കു നടപ്പാക്കി. നാട്ടു മദ്യങ്ങളുടെ അളവുകളും ക്രമപ്പെടുത്തി.

കള്ളും ചാരായവും ഉണ്ടാക്കി വില്ക്കുന്നതിനുള്ള സ്വാതന്ത്ര്യം കുത്തകക്കാരെ ഏല്പിച്ചിരുന്നു. അവർ ആണ്ടുതോറും ഒരു നിശ്ചിതസംഖ്യ സക്കാരിലേക്കു കൊടുക്കണമെന്നായിരുന്നു വ്യവസ്ഥ. ഈ വ്യവസ്ഥയ്ക്കു വിപരീതമായി മദ്യം ഉണ്ടാക്കുകയോ വില്ക്കുകയോ ചെയ്യുന്നതിനെ തടയുന്നതിനായി 1054-ൽ ഒരു കലാൽ നിയമം നടപ്പാക്കി. എന്നാൽ ഈ കുത്തക ഏല്പാടുകൊണ്ടു സിദ്ധിക്കുന്നതിൽ അധികം ഗുണം എക്സൈസ് ഏല്പാടുകൊണ്ടു സിദ്ധിക്കും എന്നു കണ്ടിട്ടു്, 1073 മുതൽ ക്രമേണ എക്സൈസ ഏല്പാടു നടപ്പിൽ വരുത്തി. ഈ പുതിയ ഏല്പാടനുസരിച്ചു്, കള്ളുവില്പനയ്ക്കും ചാരായവില്പനയ്ക്കും ഉള്ള കാരോ പീടികയിൽനിന്നു സക്കാരിനു ആദായം ലഭിച്ചു. ചാരായം വാറുന്നതിനുള്ള പൂർണ്ണസ്വാതന്ത്ര്യം ചിലർക്കു ലൈസൻസിൻപ്രകാരം നൽകീട്ടു്, അവർ വാറിയെടുക്കുന്ന മദ്യത്തിന്റെ വിലയിൽ ഒരു

ക്ലിപ്തമായ ഓഹരി സക്കാരിലേക്ക കൊടുക്കണമെന്ന നിശ്ചയം ചെയ്തു. ഇപ്രകാരം സക്കാരിൽനിന്ന നിയുക്തരായ ആളുകൾ നിശ്ചിതമായ നിരക്കിന്ന ചാരായഷാപ്പുകാക്ക ചാരായം വിറ്റു കൊള്ളണമെന്നും, അവർ അന്നന്ന നടത്തുന്ന വില്പനകൾക്ക ശരിയായ കണക്ക വെച്ചുകൊള്ളണമെന്നും പണ്ഡിതമായ ചട്ട ങ്ങൾ ഉണ്ടാക്കി. എന്നാൽ ആദ്യകാലത്തു് എല്ലാ ഡിവിഷന്ന കളിലും ഈ ഏർപ്പാട നടപ്പിലായിരുന്നില്ല. 1087-ൽ ആണ് കോട്ടയംഡിവിഷനിൽ ഏതാനും താലൂക്കുകളിൽ ഈ ഏർപ്പാട നടപ്പിലാക്കിയതു്. ക്രമേണ മറ്റു താലൂക്കുകളിലും നടപ്പാക്കി.

അഫീന്നം കഞ്ചാവും സംസ്ഥാനത്തിലെ കുത്തകച്ചരക്കുകള യിരുന്ന. കുത്തകക്കാരൻ ആണ്ടുതോറും ഒരു ക്ലിപ്തസംഖ്യ സക്കാ രിലേക്കു് അടയ്ക്കണമെന്നായിരുന്ന പണ്ടത്തെ ഏർപ്പാടു്. 1063-ലെ സ-ാംറെഗുലേഷൻപ്രകാരം അഫീൻകുത്തക നിർത്തലാക്ക പ്പെട്ടുകയും, സക്കാർ തന്നെ നേരിട്ടു കൃഷി വരുത്തി കച്ചവട ത്തിനായി കുത്തകക്കാരെ ഏല്പിച്ചുതുടങ്ങുകയുംചെയ്തു. കുത്തക ക്കാരായ കച്ചവടക്കാർ സക്കാരിനു് അപ്പോഴപ്പോൾ വിലകൊ ടുത്തു ചരക്കു് ഏറ്റെടുത്തുകൊള്ളണം എന്നു വച്ചു. 1081-ാമാണ്ടു മുതല്ക്ക കൃഷിയും കഞ്ചാവും വകയിലുള്ള മുതലെടുപ്പു ശ്രേഖരിക്ക ന്നതിന്ന പുതിയ എക്സൈസ് ചട്ടങ്ങൾ ഏർപ്പെടുത്തി.

മദ്രാസ്ഗവണ്മെണ്ടിന്റെ സ്റ്റോർസിൽനിന്ന സക്കാർ പ്രതിവർഷം വിലയ്ക്കുവാങ്ങുന്ന കഞ്ചാവിന്റെ മേൽ ചുമത്തി വന്ന തീരുവയുടെ മുക്കാൽഭാഗം വർഷാവസാനത്തിൽ സക്കാരി ലേക്ക വിട്ടുകൊടുപ്പാൻ ഇക്കൊല്ലം ബ്രിട്ടീഷ്ഗവണ്മെണ്ടു തീർച്ച ചെയ്തു. 1086-ൽ ഈ വകയിൽ സക്കാരിലേക്ക 7,500 ബ്രി. രൂപയോളം ലഭിക്കയുമുണ്ടായി.

പുകയില 1039-ാമാണ്ടുവരെ കുത്തകച്ചരക്കായിരുന്ന. ഈക്കൊല്ലത്തിൽ ആണ് അതു നിർത്തൽചെയ്തതു്. അങ്ങനെ പുകയില വ്യാപാരം ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം ജനങ്ങൾക്ക ലഭിച്ചെങ്കിലും, തീരുവ വളരെ കൂടുതലായിരുന്നതിനാൽ, കൂടികൾക്ക പുകയില വരുത്തി കച്ചവടം നടത്താൻ സാധിക്കാ ത്തവന്നു. തന്നിമിത്തം കൂടികൾ പുകയില വരുത്തി സക്കാർ

ചണ്ടകശാലകളിൽ ഏർപ്പിച്ചിട്ട്, കച്ചവടത്തിനായി അപ്പോഴ പ്പോൾ തിരിച്ചു വാങ്ങുന്ന ചില്ലുങ്ങാംക്കു മാത്രം തീരുവ അടച്ചാൽ മതിയെന്നവച്ചു. 1087-ലെ ഒന്നാംറെഗുലേഷൻ തത്സംബന്ധമായി അതുവരെയുണ്ടായിരുന്ന ചട്ടങ്ങളെ നിഷ്കലാക്കീട്ട് ചുങ്കയിലവ്യാപാരത്തെ നിയന്ത്രിക്കുന്നതിനും വ്യാജവ്യാപാരം തടയുന്നതിനും സമർത്ഥങ്ങളായ വ്യവസ്ഥകൾ നിർമ്മിച്ചു. അന്നു മുതല്ക്കാണ് ലൈസൻസ് ഏർപ്പാടുവന്നത്.

ഏറുമതിക്കും ഇറക്കുമതിക്കും തീരുവ തീർപ്പിക്കുന്ന വകയ്ക്ക് ചുങ്കകൾ ഇടംപ്രഥമമായി ഏർപ്പെടുത്തിയത് 989-ൽ ആയിരുന്നു. എന്നാൽ അത്യകാലങ്ങളിൽ ഉൾനാട്ടിൽകൂടി പോകുന്ന ചരക്കുകൾക്കും തീരുവ ചുമത്തിവന്നു. 1042-ൽ പ്രജാപീഡാകരങ്ങളായ അത്തരം തീരുവകൾ നിഷ്കലാക്കപ്പെട്ടു. തന്നിമിത്തം ആകെ ഒൻ ചുങ്കകൾ ഉണ്ടായിരുന്നതിനെ അക്കൊല്ലം ഏഴായിക്കുറച്ചു. അങ്ങനെ കച്ചവടത്തിനു അഭിവൃദ്ധിയുണ്ടായെങ്കിലും, ഉപതീരുവാണിജ്യം സംബന്ധിച്ചു തീരുവകൾ ബ്രിട്ടീഷ് ഇൻഡ്യയിൽ നിഷ്കലാക്കപ്പെട്ടതിനോടുകൂടി, ഈ സംസ്ഥാനവുമായി ബ്രിട്ടീഷ് ഇന്ത്യയ്ക്കുള്ള വ്യാപാരത്തിനു വലിയ പ്രതിബന്ധം നേരിട്ടു. അതിനാലാണ് 1040-ലെ വാണിജ്യഉടമ്പടി ഉണ്ടായത്. അതനുസരിച്ചു താഴെപ്പറയുന്ന സാമാനങ്ങളിൽ മാത്രമേ കയറുമതിത്തീരുവ ചുമത്താൻ പാടുള്ളു എന്നു സക്കാർ തീർപ്പുപ്പെടുത്തി.

(1) തെങ്ങിൽനിന്നുണ്ടാകുന്ന സകല സാമാനങ്ങളും. (2) അടയ്ക്ക. (3) പനയിൽനിന്നുള്ള ഉൽപ്പന്നങ്ങൾ. (4) നെല്ലു മുതലായ ധാന്യങ്ങളും പുന്നവിത്തുകളും. (5) പുന്നകൾ. (6) വെണ്ണ, നെയ്യ്, കൊഴുപ്പു മുതലായവ. (7) ശർക്കരയും കൊന്നും. (8) തടി, പലക മുതലായവ. (9) ഇഞ്ചി, ചുക്ക്, കോൽ ഇഞ്ചി. (10) ഉപ്പുമീൻ. (11) കാപ്പി. (12) പുകി. (13) കരുന്തിൽനിന്നുണ്ടാകുന്ന ഉൽപ്പന്നങ്ങൾ. (14) കുവക്കിഴങ്ങും കുവമാവും. (15) മഞ്ഞൾ, മരമഞ്ഞൾ മുതലായവ. (16) കയ്പോലം. (17) ചണം മുതലായ നാരുവസ്തുക്കൾ. (18) മീൻവല. (19) കരുമുളക്. (20) കക്കയും കുമ്മായവും.

ക്രമേണ ഇവയിൽ ചിലതു നിൎത്തലാക്കയും മറ്റുള്ളവയിന്മേലുള്ള തീരുവ കുറയ്ക്കുകയും ചെയ്തു. 1082 മുതല്ക്കു പുതിയ താരിപ്പുകഠം ഏർപ്പെടുത്തി; കയറുമതിത്തീരുവ നിൎത്തലാക്കി. 1086-ൽ പലകയ്ക്കും മരസാമാനങ്ങൾക്കും ഉള്ള കയറുമതിത്തീരുവ പത്തു ശതമാനത്തിൽനിന്നു നാലുശതമാനമായിക്കുറച്ചു. പുന്നയ്ക്ക, കോലിഞ്ചി, ക്ഷവമാവു്, ക്ഷവക്കിഴങ്ങു്, മഞ്ഞൾ, കച്ചോലം, കോരപ്പുല്ലു്, ചൂരൽ, കന്നുകൊമ്പു്, മാൻകൊമ്പു്, ദന്തം, ശംഖു് മുതലായി പലേ സാമാനങ്ങളുടെ മേൽ ഉള്ള തീരുവ നിശ്ശേഷം നിൎത്തി. ചന്ദനത്തടിയുടെ താരിപ്പുവില റാത്തലിനു 8 അണയിൽനിന്നു മൂന്നണയായി കുറച്ചു.

അതേ കൊല്ലത്തിൽ തന്നെ സക്കാർ പണ്ടകശാലകളെ സംബന്ധിച്ചും മറ്റും പുതിയ ചട്ടങ്ങൾ ഉണ്ടാക്കി; ചൌക്കകളുടെ സംഖ്യയും വൎദ്ധിപ്പിച്ചു.

1087 കുംഭം മുതൽക്കു് അഞ്ചുകൊല്ലത്തെയ്ക്കു് തടിയിന്മേലുള്ള തീരുവ നിശ്ശേഷം നിൎത്തി.

ജുഡിഷ്യൽ ഡിപ്പാൎട്ടുമെണ്ടു്.

രാജഗോപാലാചാരി ദിവാൻജി ഉദ്യോഗം കൈ ഏല്ക്കുന്നകാലത്തു് ക്രിമിനൽ അധികാരം ഉള്ള സർവ കോടതികൾക്കും സംസ്ഥാനത്തു് ഉണ്ടായിരുന്നു. എന്നാൽ അദ്ദ്യത്തെ കൊല്ലത്തിൽ കൊല്ലത്തും അലപ്പുഴയും ഓരോ സ്പെഷനറി ഒന്നാം ക്ലാസ് മജിസ്ട്രേട്ടുകോടതികൾ പുതിയതായി സ്ഥാപിച്ചുവെങ്കിലും, പരവൂരിലെ മൂന്നാംക്ലാസു മജിസ്ട്രേട്ടുകോടതിയും അലപ്പുഴെ രണ്ടാംക്ലാസു മജിസ്ട്രേട്ടുകോടതിയും നിൎത്തലാക്കിക്കളഞ്ഞു. വൈക്കംക്ഷേത്രത്തിലെ മാനേജക്കണ്ടായിരുന്ന മജിസ്ത്രീരിയൽ അധികാരവും പിൻവലിച്ചു. അക്കൊല്ലം അവസാനത്തിൽ ലഹളക്കേസുകളുടെ വിചാരണയ്ക്കായി തൽക്കാലത്തേക്കു് ഒരു സ്പെഷ്യൽ ഒന്നാംക്ലാസു മജിസ്ട്രേട്ടുകോടതി തിരുവനന്തപുരത്തു സ്ഥാപിച്ചു. ഓരോ ഡിവിഷനിലേയും ഒന്നാംക്ലാസു മജിസ്ട്രേട്ടന്മാൎക്കു രണ്ടും മൂന്നും ക്ലാസു മജിസ്ട്രേട്ടന്മാരുടെ വിധിന്മേൽ അപ്പീൽ കേൾക്കുന്നതിനുള്ള അധികാരം നല്കി.

കൊല്ലം ഡിസ്ട്രിക്ട് കോടതിയിൽ ഒരു അഡിഷനൽ രണ്ടാം ജഡ്ജി നിയമിക്കപ്പെട്ടു. സബ്ബാര മുൻസിഫ് കോടതികളിൽ ഒന്നിനെ ചെങ്ങന്നൂർ സ്ഥിരമുൻസിപ്പുകോടതിയായും മറെറാന്നിനെ കൊല്ലം സ്ഥിരം കോടതിയായും മാററി. കാഞ്ഞിരപ്പള്ളി മജിസ്ട്രേട്ടിനു മുൻസിഫ് അധികാരം നല്കി. ചെങ്കോട്ടയിലേയ്ക്ക് ഒരു പ്രത്യേകം മജിസ്ട്രേട്ട് മുൻസിപ്പിനെ നിയമിച്ചു. ഇങ്ങനെ 1083 അവസാനത്തിൽ സംസ്ഥാനത്തു 29 സിവിൽ കോടതികൾ ഉണ്ടായിരുന്നു.

1084-ൽ തിരുവനന്തപുരത്തെ എസ്പ്രഷ്യൽ മജിസ്ട്രേട്ടുകോടതി നിർത്തലാക്കി. കോട്ടാറെറ രണ്ടാംക്ലാസ്സ് മജിസ്ട്രേട്ടുകോടതിയെ ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടുകോടതിയാക്കി ഉയർത്തി. അതുപോലെ തന്നെ ചേർത്തല തഹശീൽമജിസ്ട്രേട്ടിനു ഒന്നാംക്ലാസ്സു മജിസ്ട്രേട്ടധികാരം നല്കി. പാറശ്ശാലയിലെ മജിസ്ട്രേട്ടുകോടതി നിർത്തലാക്കി. നെയ്യാററിൻകരെ ഒരു രണ്ടാംക്ലാസ്സ് സ്പെഷനറി മജിസ്ട്രേട്ടുകോടതി സ്ഥാപിച്ചു.

ആലപ്പുഴ ജില്ലയിൽ രണ്ടു അഡിഷണൽ ജഡ്ജിമാരെയും കൊല്ലത്തു് ഒരു അഡിഷണൽ ജഡ്ജിയേയും ഈയാണ്ടു നിയമിച്ചു. തിരുവല്ലയിൽ ഒരു അഡിഷനൽമുൻസിഫ് കോടതികൂടി ഏർപ്പെടുത്തി.

1084-ൽ രണ്ടാംറഗുലേഷൻപ്രകാരം മുൻസിപ്പന്മാരുടെ സലവർദ്ധിപ്പിച്ചു.

1085-ൽ ആലപ്പുഴെ അഡിഷനൽക്കോടതി നിർത്തിയിട്ട് കോട്ടയത്തു് ഒരു സെഷൻകോടതി സ്ഥാപിച്ചു. കൊല്ലത്തെ താൽക്കാലിക അഡിഷൻകോടതിയെ സ്ഥിരമാക്കി. സെഷൻ കോടതികളുടെ അധികാരാതിർത്തികൾക്കു ചില മാററം വരുത്തി. അഞ്ചുതഹശീൽമജിസ്ട്രേട്ടന്മാക്കു് ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടധികാരം നല്കി. പരവൂരിൽ വീണ്ടും ഒരു മജിസ്ട്രേട്ടുകോടതി തുറന്നു. ദേവികുളം താലൂക്കിലെ തഹശീൽദാക്കു് ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടുകോടതി നിർത്തലാക്കി. തിരുവനന്തപുരത്തു് ഒരു അഡിഷണൽ ഒന്നാംക്ലാസ്സു മജിസ്ട്രേട്ടിനെക്കൂടി നിയമിച്ചു.

1085-ലെ സിവിൽകോട്ട്സ് റഗുലേഷൻ, മുൻസിപ്പന്മാരുടെ സല്ല സാധാരണ കേസുകളിൽ 1000 രൂപയിൽനിന്നു

2000 രൂപയായും സ്മാൾകാസ്സുകളിൽ 50-ൽനിന്നു 100 ആയും വർദ്ധിപ്പിക്കയാൽ മുൻസിപ്പുകോടതികളുടെ ജോലിവർദ്ധിച്ചു. അതുകൊണ്ടു മാവേലിക്കരയും, മീനച്ചിലും ഓരോ മുൻസിപ്പുകോടതികളും, മറ്റു പല സ്ഥലങ്ങളിലായി എട്ടു അഡിഷണൽ മുൻസിപ്പുകോടതികളും സ്ഥാപിക്കപ്പെട്ടു. കാഞ്ഞിരപ്പള്ളി മജിസ്ട്രേട്ടിന്റെ മുൻസിപ്പു അധികാരം എടുത്തുകളഞ്ഞു. ഇപ്രകാരം 1085-ൽ ദേവസ്ഥാനത്തെ സിവിൽകോടതികളുടെ സംഖ്യ 39 ആയി വർദ്ധിച്ചു.

ഹൈക്കോടതി ചീഫ് ജസ്റ്റീസിന്റെയും ഹൈക്കോടതിയുടെയും, മറ്റു സിവിൽകോടതി ഉദ്യോഗസ്ഥന്മാരുടെയും അധികാരങ്ങളെ വിശദീകരിച്ചു് ചില പുതിയ ചട്ടങ്ങളും ഈക്കൊല്ലത്തിൽ നടപ്പാക്കി.

1086-ൽ കാഞ്ഞിരപ്പള്ളിയിൽ ഒരു ഒന്നാംക്ലാസ്സു് മജിസ്ട്രേട്ടുകോടതി സ്ഥാപിച്ചതുകൂടാതെ, അഞ്ചു തഹശീൽദാരന്മാർക്കു ഒന്നാംക്ലാസു മജിസ്ട്രീരിയിൽ അധികാരം നല്കി. കോട്ടയത്തു ഒരു അഡിഷണൽ രണ്ടാംജഡ്ജിയെക്കൂടി നിയമിച്ചു. കാഞ്ഞിരപ്പള്ളിയിൽ ഡിസ്ട്രിക്ട് മുൻസിഫ്കോടതി പുനഃസ്ഥാപിക്കപ്പെട്ടു.

1087-ൽ കുണ്ടുപുരത്തെയും കോട്ടയത്തെയും അഡിഷണൽ മുൻസിഫ്കോടതിയെ യഥാക്രമം കരുനാഗപ്പള്ളിക്കും പെരുമ്പാവൂരേക്കും മാറി. ചെങ്ങോട്ടയിലെ മുൻസിഫ്മജിസ്ട്രേട്ടുകോടതി നിർത്തലാക്കി. അടൂരിൽ ഒരു പുതിയ മുൻസിഫ്കോടതി സ്ഥാപിച്ചു.

1088-ൽ മൂണ്ടക്കയത്തു ഒരു സ്റ്റേഷണറി മജിസ്ട്രേട്ടുകോടതി ഏർപ്പെടുത്തി; അതിനോടുകൂടി കാഞ്ഞിരപ്പള്ളി മുൻസിപ്പിനുണ്ടായിരുന്ന മജിസ്ട്രീരിയിൽ അധികാരം പിൻവലിച്ചു കളഞ്ഞു.

വിദ്യാഭ്യാസം.

1083-ൽ ഇൻസ്പെക്ടർമാരുടേയും വിദ്യാലയാധ്യക്ഷന്മാരുടെയും അധികാരങ്ങളെ വർദ്ധിപ്പിക്കുന്നതിനു് ഒരു പദ്ധതി നിർമ്മിച്ചു. പെൺപള്ളിക്കൂടങ്ങളുടെ മേൽനോട്ടത്തിനായി ഒരു ഇൻസ്പെക്ട്രസ്സിനേയും അവരുടെ കീഴിൽ 4 അസിസ്റ്റൻറു്

ഇൻസ്പെക്ട്രസ്സുകളേയും നിയമിക്കാൻ തീർച്ചപ്പെടുത്തി. സംസ്ഥാനത്തെ മൂന്നു റേഞ്ചുകളായി വിഭജിച്ചിരുന്നതിനെ രണ്ടായിക്കുറക്കുന്നതിനും സബ് അസിസ്റ്റൻറു ഇൻസ്പെക്ടർ ഉദ്യോഗം നിർത്തലാക്കുന്നതിനും ഉറച്ചു.

പാഠപദ്ധതി പരിഷ്കരിക്കുന്നതിലേക്കായി പത്തു അംഗങ്ങൾ ഉൾപ്പെട്ട ഒരു കമ്മറ്റി നിയമിക്കപ്പെട്ടിരുന്നു. ആ കമ്മറ്റിയുടെ റിപ്പോർട്ടിനെ ഗവണ്മെണ്ടു പരിശോധിച്ചുതുടങ്ങി.

നാലാംഫാറത്തിലും അഞ്ചാംഫാറത്തിലും പരീക്ഷ നടത്തി ഫലം നിർണ്ണയിക്കുന്നതിനുള്ള അധികാരം അതാതു സ്കൂളിലെ പ്രഥമാധ്യാപകന്മാർക്കുതന്നെ നല്കി.

മഹമ്മദീയരുടെ ഇടയിൽ വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിലേക്കായി, മഹമ്മദീയവിദ്യാലയങ്ങൾക്കു പൂർണ്ണമായ ശമ്പളഗ്രാൻറു് അനുവദിച്ചു; അറബി പഠിപ്പിക്കുന്നതിനും അനുവാദം നല്കി; അറബി മുൻഷിമാർക്കു പ്രത്യേകം ഗ്രാൻറു് ഏർപ്പെടുത്തി മഹമ്മദീയ വിദ്യാർത്ഥികൾക്കു ഫീസു പകുതിയാക്കി.

ഈഴവർക്കു് എല്ലാ സർക്കാർപള്ളിക്കൂടങ്ങളിലും പ്രവേശം നല്കുന്നതിനുവേണ്ടി, അവർക്കു പ്രവേശം പാടില്ലാത്ത സ്ഥലങ്ങളിൽ സ്ഥിതിചെയ്യുന്ന പള്ളിക്കൂടങ്ങളെ അവിടെനിന്നു മാറ്റുന്നതിനു് ആജ്ഞാപിച്ചു.

സവർണ്ണഹിന്ദുക്കളായ കളേജു വിദ്യാർത്ഥികൾക്കായി ഒരു ഹോസ്റ്റൽ തിരുവനന്തപുരത്തു സ്ഥാപിച്ചു.

ഭാഷാവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പളം അഞ്ചുരൂപയിൽ ഏഴായി വർദ്ധിപ്പിച്ചു; അനവധി ഭാഷാവിദ്യാലയങ്ങളിൽ ജിമ്നേഷിയങ്ങൾ ഏർപ്പെടുത്തി.

അടുത്തു പ്രൈവറ്റു ഇംഗ്ലീഷ്സ്കൂളുകൾ സ്ഥിതിചെയ്യുന്ന ദിക്കുകളിൽനിന്നു സർക്കാർ ആംഗലപാഠശാലകൾ പിൻവലിച്ചുകളഞ്ഞു. ഇങ്ങനെ ആലപ്പുഴ ഇംഗ്ലീഷ്ഹൈസ്കൂളും, തിരുവല്ലയിലും ചങ്ങനാശ്ശേരിയിലും, ഉണ്ടായിരുന്ന മിഡിൽസ്കൂളുകളും നിർത്തലാക്കപ്പെട്ടു. തിരുവട്ടാറിലും ചിറയിങ്കീഴിലേയും ഇംഗ്ലീഷ്മെഡിൽസ്കൂളുകളേയും ഇക്കൊല്ലം മുതല്ക്കു നിർത്തി. വിദ്യാർത്ഥികൾക്കു കരപരിശീലനം നല്കുവാനായി യൂറോപ്പിൽ

നിന്നു് കരാളെ വരുത്താൻ ഏർപ്പാടുചെയ്തു. അനുദ്യോഗസ്ഥാംശങ്ങൾ ഉൾപ്പെട്ട അനേകം വിദ്യാഭ്യാസ ബോർഡുകൾ സ്ഥാപിക്കപ്പെട്ടു.

തിരുവനന്തപുരത്തെ ഫോളി ഏഞ്ജൽസ് കാൺവെൻറു ഇംഗ്ലീഷ് ഹൈസ്കൂളിനു 6,446 രൂപയും മുളകുമ്മൂട്ടു സാങ്കേതികപാഠശാലയ്ക്കു് 1,297 രൂപായും കെട്ടിട ഗ്രാൻറു് നല്കി. കോട്ടയത്തും നാഗർകോവിലിലും ഉള്ള ക്രൈസ്തവ കാളേജുകൾക്കു് അയ്യായിരം രൂപവീതം പ്രത്യേക ഗ്രാൻറു് അനുവദിച്ചു — ഗ്രാൻറുകൾക്കായിട്ടു മാത്രം ഇക്കൊല്ലത്തിൽ 1,94,051 രൂപ ചെലവുവന്നു.

1084-ൽ സംസ്കൃതകാളേജിനെ തെക്കൻറെഞ്ചു് ഇൻസ്പെക്ടരുടെ കീഴിലാക്കി.

1083-വരെ സ്കൂളുകളെ പൊതുവെ ഇംഗ്ലീഷ് സ്കൂളുകളെന്നും മലയാളം സ്കൂളെന്നും വിഭജിച്ചിരുന്നു. ഇംഗ്ലീഷ് സ്കൂളുകൾതന്നെ ഹൈസ്കൂൾ, മിഡൽസ്കൂൾ എന്നു രണ്ടായി തരംതിരിക്കപ്പെട്ടിരിക്കുന്നു. മലയാളംസ്കൂളുകൾ, രണ്ടാംക്ലാസുവരെ ലോവർ പ്രൈമറി എന്നും നാലാംക്ലാസുവരെയുള്ളവ അപ്പർ പ്രൈമറി എന്നും, ആറാംക്ലാസുവരെയുള്ളവ, നാട്ടുഭാഷാ മിഡിൽസ്കൂളുകളെന്നും, ഏഴു, എട്ടു, ക്ലാസുകളുള്ളവ നാട്ടുഭാഷാ ഹൈസ്കൂളുകളെന്നും വിളിക്കപ്പെട്ടുവന്നു. ഈ സ്കൂളുകൾ മുന്നു റെഞ്ചു് ഇൻസ്പക്ടറന്മാരുടെ മേൽനോട്ടത്തിലാണിരുന്നതു് ഓരോ റെഞ്ചിലും നന്നാലു ഡിസ്ട്രിക്ടുകളും ഓരോ ഡിസ്ട്രിക്ടിനേയും ഭരിക്കുന്നതിനു ഇൻസ്പെക്ടരുടെ കീഴിൽ ഓരോ അസിസ്റ്റൻറു് ഇൻസ്പക്ടരും ഉണ്ടായിരുന്നു. പ്രൈമറിസ്കൂൾ പരിശോധനമാത്രം നടത്തുന്നതിലേക്കു് ഏതാനും സബ് ഇൻസ്പക്ടന്മാരെയും നിയമിച്ചിരുന്നു. 1084-ൽ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറു ഡയറക്ടർ ആഫ് പബ്ലിക് ഇൻസ്ട്രക്ഷൻ എന്ന ഉദ്യോഗസ്ഥൻറെ കീഴിൽ ആക്കപ്പെട്ടു; ഇൻസ്പക്ടർമാരുടെ സംഖ്യ രണ്ടായി കുറച്ചു; സബ് അസി. ഇൻസ്പക്ടർ ഉദ്യോഗം നിർത്തലാക്കപ്പെട്ടു.

ഈ പരിഷ്കാരങ്ങൾ വഴിക്കു് വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിനു് ഒരു നവജീവപ്രസരണമുണ്ടായി.

1085-ൽ പുതിയ എഡ്യൂക്കേഷണൽകോഡു നടപ്പിലായി. ഇംഗ്ലീഷ് സ്കൂളിലെ വിദ്യാർത്ഥികളുടെ ഫീസു വർദ്ധിപ്പിച്ചു. സ്കൂൾലീവിങ്ങ് പരീക്ഷ നടപ്പിലാക്കി. ഇംഗ്ലീഷ് മിഡിൽ സ്കൂൾ പരീക്ഷ നിർത്തലാക്കപ്പെട്ടു. സ്കൂളുകളെ സെക്കൻഡറി എലിമെൻറി എന്നു രണ്ടായി വിഭജിച്ചു. മലയാം പള്ളിക്കൂടങ്ങളെല്ലാം എലിമെൻറി സ്കൂളുകളായി. ഒന്നുമുതൽ നാലുവരെ ക്ലാസുകൾക്കു ലോവർഗ്രേഡ് എലിമെൻറി എന്നും, 4 മുതൽ ഏഴുവരെയുള്ളവയ്ക്കു ഹൈയർ ഗ്രേഡ് എലിമെൻറി എന്നും നാമകരണം ചെയ്തു. നാലാംക്ലാസുവരെ പഠിക്കാത്തവർക്ക് ഇംഗ്ലീഷുസ്കൂളുകളിൽ പ്രവേശം അനുവദിക്കാൻ പാടില്ലെന്നു നിശ്ചയിച്ചു; ആ ക്ലാസുകളിലെ ഫീസും നിർത്തി. അഞ്ചും ആറും ക്ലാസ്സുകളിൽ ഫീസ് അല്പം വർദ്ധിപ്പിച്ചു.

കോഡിൻെറ അവിഭാജ്യഘടകമായിരുന്ന സ്കൂൾഭരണം, വിനിയമനം, ഹാജർ മുതലായവയ്ക്കു പൂർവ്വാധികം മേന്മയുണ്ടായി. ഗ്രാൻറ് സമ്പാദിക്കാനായി പേരിനു മാത്രം നടത്തപ്പെട്ടിരുന്ന നിരവധി വിദ്യാലയങ്ങൾ നാട്ടിൽനിന്നു മാഞ്ഞു.

അധ്യാപകന്മാരുടെ പരിശീലനാർത്ഥം ഒരു ട്രെയിനിംഗ് കോളേജും അദ്ദേഹം തിരുവനന്തപുരത്തു സ്ഥാപിച്ചു.

ഇക്കൊല്ലത്തിൽ പാഠപുസ്തകക്കമ്മിറ്റിയെയും പുനരുൽഘാടനംചെയ്തു.

1086-ൽ പുതിയ എഡ്യൂക്കേഷനൽ കോഡിൻെറ പ്രവർത്തനത്തെപ്പറ്റി പ്രൈവറ്റുസ്കൂൾ മാനേജരന്മാരുടെ ഇടയിൽ പരാതികൾ ഉണ്ടായി. പ്രൈവറ്റുസ്കൂൾ മാനേജർമ്മാർക്ക് അതിലെ വ്യവസ്ഥകൾ അനുസരിച്ചു നടക്കാൻ പ്രയാസം നേരിട്ടു. എന്നാൽ മി. രാജഗോപാലാചാരിയുടെ ഗവണ്മെൻറ് ഈ പ്രക്ഷോഭണങ്ങളെ വകവച്ചതേയില്ല. കാലക്രമംകൊണ്ടു വിദ്യാഭ്യാസക്കോഡ് എത്രത്തോളം പ്രയോജനകരമാണെന്നു പ്രത്യക്ഷപ്പെട്ടുമെന്നു ജനങ്ങൾക്കു മനസ്സിലാകാതിരിക്കയില്ലെന്ന് അദ്ദേഹം ദൃഢമായി വിശ്വസിച്ചു. പരമാർത്ഥത്തിൽ ഡാക്ടർ മില്ലിൻെറ നയം മനസ്സുകൊണ്ടു മാത്രമാണ് വിദ്യാഭ്യാസത്തിനു നാട്ടിൽ ഇത്ര വളരെ പ്രചാരമുണ്ടായത്.

കോഡിൽപ്രകാരം ഉള്ള ലൈസൻസ്സ് എർപ്പാടു് ഇക്കൊല്ലംമുതൽക്കു നടപ്പിൽവന്നു. ഇക്കൊല്ലത്തിൽ ഇംഗ്ലീഷ്സ്കൂൾ പരിശോധനാർത്ഥം ഒരു യൂറോപ്യൻ ഇൻസ്പെക്ടരെ നിയമിച്ചിട്ടു, റെയിഞ്ചു് ഇൻസ്പെക്ടർമാർക്കു നാട്ടുഭാഷാവിദ്യാഭ്യാസങ്ങളുടെ മേൽവിചാരം വിട്ടുകൊടുത്തു.

1087-ൽ ഹാജരിനെ സംബന്ധിച്ചും മറ്റും ചില ഭേദഗതികൾ കോഡിൽ വരുത്തി. സെക്കൻഡറിസ്കൂൾ ഇൻസ്പെക്ടർക്കു് ഒരു് അസിസ്റ്റൻറിനെ അനുവദിച്ചു. അസിസ്റ്റൻറു് ഇൻസ്പെക്ടർമാരുടെ ശമ്പളക്രമം പരിഷ്കരിച്ചു. അധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിച്ചു. ഹയർഗ്രേഡ് സെക്കൻഡറിസ്കൂൾ ഹെഡ്മാസ്റ്റർമാർക്കു 200 മുതൽ 300 വരെ ശമ്പളം നല്കീട്ടു് അവരെ എജുക്കേഷൻ റിസ്സർച്ചു് ഇൻസ്പെക്ടർമാർക്കു തുല്യരാക്കി. അസിസ്റ്റൻറന്മാരെ 60 മുതൽ 100 വരെയും 100 മുതൽ 150 വരെയും രണ്ടു ഗ്രേഡുകളായി വിഭജിച്ചു.

മലയാളംസ്കൂൾ അധ്യാപകന്മാരുടെയും ശമ്പളവും വർദ്ധിപ്പിച്ചു.

സർക്കാരിൻെറ അംഗീകാരംകൂടാതെ നടത്തപ്പെടുന്ന സ്കൂളുകളെ പട്ടികയിൽ നിന്നു നശിപ്പിക്കുന്നതിനും സർക്കാരിൽനിന്നു ചില വ്യവസ്ഥചെയ്തു.

1089-ൽ വീണ്ടും ചില ഭേദഗതികൾ കോഡിൽവരുത്തി. ഡയറക്ടരുടെ പേർസനൽ അസിസ്റ്റൻറു് എന്നൊരു പുതിയ ഉദ്യോഗം സൃഷ്ടിച്ചു; റേഞ്ചുകൾ വീണ്ടും മൂന്നാക്കി; ഡിസ്ട്രിക്കുകളുടെ സംഖ്യ പത്രണ്ടിൽനിന്നു 18 ആയി വർദ്ധിപ്പിച്ചു. ഇൻഡ്യൻ പ്രൊഫസ്സർമാർക്കും യൂറോപ്യൻ പ്രൊഫസർമാർക്കും തുല്യ ശമ്പളം കൊടുക്കണമെന്നു തീർച്ചപ്പെടുത്തി.

നാട്ടുഭാഷാവിദ്യാഭ്യാസത്തിൻെറ സ്ഥിതികളെപ്പറ്റി അന്വേഷണം നടത്തുന്നതിനുവേണ്ടി ദിവാൻബഹാദൂർ എ. ഗോവിന്ദപ്പിള്ളയുടെ അധ്യക്ഷത്തിൽ ഒരു കമ്മിറ്റി ഏർപ്പെടുത്തി. അപ്പർ പ്രൈമറിസ്കൂൾ ടീച്ചിങ്ങ് സ്കൂളുകൾ പുതുതായി സ്ഥാപിക്കപ്പെട്ടു.

ഈ പരിഷ്കാരങ്ങളുടെ ഒക്കെ ഫലമായി വിദ്യാഭ്യാസവകുപ്പിലെ ചെലവു വളരെ വർദ്ധിച്ചു. 1083-ൽ ഈ വിഷയത്തിൽ ഉണ്ടായ മൊത്തച്ചെലവു് 4,29,656 രൂപയേ ആയിരുന്നുള്ളൂ. 1088-ൽ അതു 12,84,450 രൂപ ആയായതു ഏകദേശം മൂന്നു ഗുണം വർദ്ധിച്ചു. ഈ തുകയിൽ ഏകദേശം ഒന്നര ലക്ഷത്തോളം കാളേജ് വിദ്യാഭ്യാസത്തിനായിട്ടു മാത്രം ചെലവാക്കിയതാണു്. സക്കാരിൽനിന്നു ഇങ്ങനെ അകെ മുതലെടുപ്പിന്റെ പത്തിലൊന്നു ഭാഗത്തോടു അടുത്തുവരുന്ന തുക വിദ്യാഭ്യാസത്തിനുവേണ്ടി ചെലവാക്കിവരുന്നതോക്കുമ്പോൾ നമ്മുടെ നാട്ടിൽ അഭ്യസ്തവിദ്യന്മാരുടെ സംഖ്യ ഇത്ര കണ്ടു വർദ്ധിച്ചതിൽ അത്ഭുതത്തിനു വഴിയില്ല.

മെഡിക്കൽ ഡിപ്പാർട്ടുമെൻറു്.

1041-ൽ തിരുവനന്തപുരത്തു് ഒരു ജനറൽ ആശുപത്രി സ്ഥാപിച്ചതായി മുൻപു് പ്രസ്താവിച്ചിട്ടുണ്ടല്ലോ. എന്നാൽ 1053-മാണ്ടുവരെ മദ്രാസ് പ്രസിഡൻസിയിലെ ഇൻസ്പെക്ടർ ജനറലാണു് ഇവിടത്തെ ആശുപത്രികളെ പരിശോധിച്ചുവന്നതു്. അക്കൊല്ലംമുതൽക്കാണു് ആ ജോലി ഡർബാർഫിസിഷ്യൻ വഹിച്ചുവന്നതു്. ഈ ഡിപ്പാർട്ടുമെൻറു് കാലക്രമേണ വളർന്നുവന്നു. 1071-ൽ തിരുവനന്തപുരത്തെ ജനറൽ ആശുപത്രിയിലെ കാര്യനിർവ്വഹണത്തിനായി ഒരു അസിസ്റ്റൻറു് സർജനെക്കൂടി നിയമിക്കയും കുടികൾ നടത്തിവന്ന ആശുപത്രികൾക്കു ഗ്രാൻറു് നല്കിത്തുടങ്ങുകയുംചെയ്തു. 1073-ലാണു് കുഷ്ഠരോഗികൾക്കായി ഒരു പ്രത്യേക ആശുപത്രി സ്ഥാപിച്ചതു്. രാജഗോപാലാചാരി അവർകൾ ദിവാൻപദം കൈയേറ്റ അവസരത്തിൽ 20 ആശുപത്രികളും 24 ഔഷധചികിത്സാശാലകളും ഉണ്ടായിരുന്നു. 1082-ൽ പടനായർകുളങ്ങര ഒരു് ആയുർശാലയുണ്ടായിരുന്നു.

1082-ൽ ആലപ്പുഴയും കൊല്ലത്തും വിഷൂചികയും, കോട്ടയത്തും, കൊല്ലത്തും മസൂരിയും പടർന്നുപിടിക്കയാൽ തന്നിവാരണാർത്ഥം പട്ടണപരിഷ്കരണക്കമ്മിറ്റികൾ വേണ്ട യത്നങ്ങളെല്ലാം ചെയ്തു. എന്നാൽ ഒരു കൊല്ലത്തോളം യാതൊരു ശമനവും ഉണ്ടായില്ല. തിരുവനന്തപുരത്തെ ഓടകളുടെ സംരക്ഷണം

അക്കൊല്ലത്തിൽതന്നെ പി. ഡബ്ള്യു. ഡി. യിൽനിന്നു വിട്ടു ത്തി പട്ടണപരിഷ്കരണക്കമ്മിറ്റിക്കു വിട്ടുകൊടുത്തു.

വീട്ടുകരം ഏർപ്പെടുത്തുന്നതിനു പട്ടണപരിഷ്കരണക്കമ്മി റ്റികളെ അധികാരപ്പെടുത്തി ഒരു നിയമം 1084-ൽ നിർമ്മിച്ചു. 1086-ൽ ആലുവ, കായംകുളം, തിരുവല്ല എന്നീ നഗരങ്ങളിൽ പട്ടണപരിഷ്കരണക്കമ്മിറ്റികൾ ഏർപ്പെടുത്തി. കോതമംഗലം, ഏറ്റുമാനൂർ, ചെങ്ങന്നൂർ, അടൂർ, കായംകുളം എന്നീസ്ഥലങ്ങളിൽ ഓരോ ഡിസ്പെൻസറികൾ പുതിയതായി സ്ഥാപിച്ചു. 1087-ൽ പ്രഥമശുശ്രൂഷ പരിശീലിപ്പിക്കുന്നതിലേക്കു സെൻറ് ജാൺസ് ആംബുലൻസ് സംഘങ്ങൾ നാഗർകോവിലിലും, തിരുവനന്തപുരത്തും, കൊല്ലത്തും, ആലപ്പുഴയും, കോട്ടയത്തു ഏർപ്പെടുത്തി. സ്ത്രീകൾക്കായി ഒരു കമ്പൌണ്ടിംഗ് ക്ലാസ്സു പുതുതായി തുറന്നു.

1098-ൽ കൊച്ചൽ, പത്മനാഭപുരം, ചങ്ങനാശേരി, പറവൂർ, നെയ്യാറ്റിൻകര എന്നീ സ്ഥലങ്ങളിൽ പ. പ. കമ്മിറ്റികൾ സ്ഥാപിച്ചു. കന്നുകാലികൾക്കുള്ള പൌണ്ടുകളുടെ മേൽനോട്ടം പ. പ. കമ്മിറ്റികൾക്കു വിട്ടുകൊടുത്തു.

1089-ൽ കുഴിത്തുറ, മാവേലിക്കര, ഹരിപ്പാട്, ആറുങ്ങൽ എന്നീ പട്ടണങ്ങളിലും നഗരപരിഷ്കരണക്കമ്മിറ്റികൾ ഏർപ്പെടുത്തുകയാൽ പ്രസ്തുത കമ്മിറ്റികളുടെ സംഖ്യ പത്തൊൻപതായി വർദ്ധിച്ചു. കുത്താട്ടുകുളത്തും പെരുമ്പാവൂരും ഓരോ ഡിസ്പെൻസറിയും ഇക്കൊല്ലത്തിൽ സ്ഥാപിക്കയുണ്ടായി.

പുതിയതായി പലേ ആശുപത്രികൾ ഈ ദിവാൻജിയുടെ കാലത്തു സ്ഥാപിക്കപ്പെട്ടതിനാൽ ഈ ഇനത്തിലും ചെലവു വളരെ വർദ്ധിച്ചു. 1083-ൽ വൈദ്യശാലകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്കായി 3,34,125 രൂപ ചെലവുവന്നു; എന്നാൽ 1089-ൽ ചെലവായ സംഖ്യ 4,47,936 രൂപയായിരുന്നു. സാനിട്ടറി വകുപ്പിലേക്കു 1083-ൽ ചെലവായതു 63,767 രൂപയായിരുന്നു. 1089-ൽ അതുകൊണ്ടു ചെയ്തു 75,743 രൂപയായി വർദ്ധിച്ചു. പ.പ. കമ്മിറ്റികൾക്കുള്ള ഗ്രാൻറിൽമാത്രം വലിയ വ്യത്യാസം ഉണ്ടായിരുന്നില്ല.

പോലീസ് ഡിപ്പാർട്ട്മെൻറ്.

1083-ാമാണ്ടു് പോലീസുവകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വർദ്ധിപ്പിച്ചു. ഏഴു ക്ലാസ്സുകളായി വിഭജിക്കപ്പെട്ടിരുന്ന ഇൻസ്പെക്ടർമാർക്ക് മുപ്പതുമുതൽ 100 വരെ ശമ്പളക്രമമാണു് അനുവദിച്ചിരുന്നതു്. 1083-ൽ അവരെ യഥാക്രമം 50, 75, 100, 125, 150 എന്നിങ്ങനെ ശമ്പളത്തോടുകൂടിയ അഞ്ചു ഗ്രേഡുകളായി വിഭജിച്ചു. കാൺസ്റ്റബിൾമാർക്ക് ആറു രൂപ മുതൽ എട്ടുരൂപവരെ ശമ്പളമുണ്ടായിരുന്നു. അവരെ 7 രൂപ, 8 രൂപ എന്നീ ക്രമത്തിൽ രണ്ടു ഗ്രേഡുകളാക്കി.

ജൂൺമാസം 8-ാംനു നടന്ന ചാലലാഥളയുടെ ഫലമായി കോട്ടയ്ക്കം പോലീസ്സ്റ്റേഷൻ അഗ്നിക്കിരയാവുകയാൽ, ഈ മാതിരി ലഹള മേലിൽ ഉണ്ടാകുന്നിടത്തെല്ലാം പ്രൂണിറിവ് പോലീസിനെ ഏർപ്പെടുത്തുന്നതിനുവേണ്ടി പോലീസ്റ്റാഫ്ലേഷ്യനെ ഭേദപ്പെടുത്താൻ സർക്കാർ നിശ്ചയിച്ചു. 1084-ലെ നാലാം റെഗ്ലേഷൻ ആ നിശ്ചയത്തിന്റെ ഫലമായിരുന്നു.

1084-ൽ പോലീസ് സൂപ്രണ്ടിന്റെ അധികാരങ്ങളെ ക്ലിപ്തപ്പെടുത്തുന്ന ഏതാനും ചട്ടങ്ങൾ നടപ്പിൽവന്നു. ഈ ചട്ടപ്രകാരം രൂ0 രൂപ വരെയുള്ള ജീവനക്കാരെ നിയമിക്കുന്നതിനു സൂപ്രണ്ടിനു് അധികാരം ലഭിച്ചു.

1086-ൽ നാലു പ്രാസിക്യൂട്ടിങ്ങ് ഇൻസ്പക്ടർമാരെ നിയമിക്കുന്നതിനു നിശ്ചയിക്കയും രണ്ടുപേരെ നിയമിക്കയും ചെയ്തു.

1088-ൽ പോലീസ്വകുപ്പിനെ അമൂലാഗ്രം തൊഴുതിപരിഷ്കരിച്ചു. സംസ്ഥാനത്തെ അഞ്ചു ഡിസ്ട്രിക്റ്റുകളായും 17 സർക്കിളുകളായും വിഭജിച്ചിട്ടു്, ടേവികളും ഒഴിച്ചുള്ള ഓരോ ഡിസ്ട്രിക്കുടിനേയും ഓരോ ഡിസ്ട്രിക്കുട് പോലീസ് സൂപ്രണ്ടിന്റെയും സർക്കിളിനെ ഇൻസ്പെക്ടരുടേയും കീഴിലാക്കി. ചാജ്ജിങ്ങ് സ്റ്റേഷനുകളുടെ സംഖ്യ വർദ്ധിപ്പിച്ചു; അവയുടെ മേൽനോട്ടം സബ് ഇൻസ്പെക്ടർക്ക് വിട്ടുകൊടുത്തു. സബ് ഇൻസ്പെക്ടർമാരായി മേലാൽ ഗ്രാഡേഡറുകളെ മാത്രമേ നിയമിക്കാവൂ എന്നു വ്യവസ്ഥ ചെയ്തു. ഒരു പ്രാസിക്യൂട്ടിങ്ങ് ഇൻസ്പെക്ടരെ കൂടുതലായി നിയമിച്ചു; ഹെഡ് കാൺസ്റ്റബിൾമാരുടെ സംഖ്യ 170-ൽ നിന്നു 100

ആയി കുറച്ചു. ഒന്നാംക്ലാസു കാൺസ്റ്റബിളിനു ഒൻപതുരൂപ ശമ്പളമാക്കി. ഡിപ്പാർട്ടുമെൻറിലേക്കു സിവിലിയൻ ക്ലെറിക്കൽ സ്റ്റാഫ് അനുവദിച്ചു. പോലീസ്വകുപ്പിൻെറ അദ്ധ്യക്ഷനു പോലീസ് കമ്മിഷണർ എന്ന പേർ നല്കി.

വനംവകുപ്പ്.

1000-ാമാണ്ടുവരെ വനസംരക്ഷണത്തിനു പ്രത്യേക വ്യവസ്ഥകളൊന്നും ഉണ്ടായിരുന്നില്ല. തേക്കു വെട്ടിമുറിക്കിക്കൊണ്ടുവരുന്നതിനു സർക്കാരിൽനിന്നു കുത്തകക്കാരെ നിയമിച്ചിരുന്നു. അവർ ചെയ്യുവന്ന അഴിമതികൾ ഭയങ്കരങ്ങളായിരുന്നു. 1000-ാമാണ്ടു് യു. വി. മൺറോ എന്നൊരാൾ കാൺസെർവേറ്റർ ആയി നിയമിക്കപ്പെട്ടുവെങ്കിലും അച്ചൻകോവിൽ ആറുവഴിക്കും, പെരിയാർവഴിക്കും തേക്കുതടി വെട്ടിയിറക്കിക്കൊണ്ടുവരുന്നതിനും ഏലമലകളിൽനിന്നു് ഏലം ശേഖരിച്ചു് അലച്ചുഴി കൊണ്ടുവന്നു ഏല്പിക്കുന്നതിനും മാത്രമാണു് അദ്ദേഹം നിയമിക്കപ്പെട്ടതു്. കാലക്രമേണ ഈട്ടിയും, ആഞ്ഞലിയും കോൺതേക്കും രാജകീയവൃക്ഷങ്ങൾ അക്കപ്പെടുകയും അവയ്ക്കു കുറഞ്ഞതു് ഏഴിഞ്ചു വണ്ണമെങ്കിലും ഉണ്ടായിരിക്കണമെന്നു നിയമമുണ്ടാക്കുകയും ചെയ്തു.

1040-ൽ തിരുവിതാംകൂർ വിപ്ലവത്തിനുള്ള ചട്ടങ്ങൾ ഉണ്ടാക്കപ്പെട്ടപ്പോൾ, കരിന്തോളിയും ചന്ദനവും രാജകീയവൃക്ഷങ്ങളാക്കപ്പെട്ടു. അക്കൊല്ലം തന്നെ കുടികൾ ഏല്പിക്കുന്ന ഏലക്കായ്ക്കുള്ള കുടിവില കുറച്ചുകളഞ്ഞു. വനസംരക്ഷണത്തിനുള്ള ഏർപ്പാടുകൾ ക്രമേണയാണു് ഉണ്ടായതു്. 1051-ാമാണ്ടുവരെ രാജകീയവൃക്ഷങ്ങൾ സർക്കാരിൽനിന്നു നേരിട്ടോ, കുത്തകക്കാർവഴിക്കോ മുറിപ്പിച്ചു് അലച്ചുഴി കൊണ്ടുവന്നു വിറ്റുവന്നു. അക്കൊല്ലത്തിലാ കട്ടെ, ബോംബെയിലെ ഒരു വർത്തകസംഘം ഈ സംസ്ഥാനത്തെ തേക്കും ഈട്ടിയും വേണ്ടിടത്തോളം വാങ്ങിക്കൊള്ളാമെന്നു സർക്കാരുമായി ഉടമ്പടിചെയ്തു.

കുടിപാർപ്പുള്ള സ്ഥലങ്ങളിൽനിന്നു് നാലുമൈൽ അകലം വരെയുള്ള കാടുകൾ വെട്ടിത്തെളിച്ചു കൃഷിചെയ്യുന്നതിനു 1056-ൽ അനുവാദം നല്കി. മൂന്നു കൊല്ലം കഴിഞ്ഞു, അതായതു് 1059-ൽ വനസംരക്ഷണം സംബന്ധിച്ചു കാര്യങ്ങളെ

പ്പററി അന്വേഷണം നടത്തുന്നതിനായി ഒരു കമ്മിററി നിയമിക്കപ്പെട്ടു. ആ കമ്മിററിയുടെ നിർദ്ദേശാനുസൃതം 1063-ൽ ആണ്ട് ചതുരശ്രമൈൽ വളത്തുകാടായി കഴിച്ചിടപ്പെട്ടു. വനം വകുപ്പിന്റെ ഭരണത്തിലേക്ക് വനശാസ്ത്രപരിശീലനം കഴിച്ചിട്ടുള്ള ഒരു ഉദ്യോഗസ്ഥനെ നിയമിക്കയും പലേ കാവൽസ്ഥലങ്ങളും ഡിപ്പുകളും ഏർപ്പെടുത്തുകയും ചെയ്തു.

1083-ൽ ആകെ 34 ചതുരശ്രമൈൽ വിസ്താരമുള്ള പന്ത്രണ്ടു പ്രദേശങ്ങൾ 'റിസർവ്വ്' ആക്കപ്പെട്ടു. ഏലവനങ്ങളെ, ഏലമല സൂപ്രണ്ടിന്റെ കീഴിൽനിന്നു കാൺസർവേറരുടെ മേൽനോട്ടത്തിലാക്കുന്നതിനു നിശ്ചയിച്ചു.

1083-ാമാണ്ടു് അവസാനത്തിൽ തിരുവിതാം കൂറിൽ 2,328 ചതുരശ്രമൈൽ വളത്തുകാടുകളും 139 ചതുരശ്രമൈൽ റിസർവു ഭൂമികളും ഉണ്ടായിരുന്നു. പുതിയതായി ഏർപ്പെടുത്തിയ പന്ത്രണ്ടു റിസർവ്ഭൂമികളിൽ ചിലെട്ടെണ്ണം കന്നുകാലികളെ വളത്തുന്നതിനും വിറകു ശേഖരിക്കുന്നതിനും വേണ്ടി മാത്രം തിരിച്ചിടപ്പെട്ടവയായിരുന്നു. മതിയായ കാരണം കൂടാതെ, റിസർവ്ഭൂമികളെ സംബന്ധിച്ചു നയത്തിൽ യാതൊരു ഭേദഗതിയും വരുത്താൻ പാടില്ലെന്നു സർക്കാർ തീർച്ചപ്പെടുത്തി. ട്രിവാൻപേഷ്ണാരന്മാരുടെ മേൽനോട്ടത്തിൽ വനം സെറിൽമെൻറു നടത്തി, പലേ വനങ്ങൾക്കു അതിരുകൾ നിർണ്ണയിച്ചു.

1082-ലെ 'ഫാറസ്റ്റ് കോഡു' ഈ കൊല്ലത്തിന്റെ അവസാനമുതലുള്ള നടപ്പിലാക്കി.

റിസർവ്വനങ്ങളിൽ ഒരു നിശ്ചിത പീസുവച്ചു് കന്നുകാലികളെ തീറാൻ അനുവദിക്കാമെന്നു നിശ്ചയംചെയ്തു. റിസർവ്വല്ലാത്ത വനങ്ങളിൽനിന്നു വിറകു വെട്ടിക്കൊണ്ടുപോകുന്നതിനു ടൺ ഒന്നിനു നാലണ വീതം സർക്കാരിലേക്കു കൊടുക്കണമെന്നായിരുന്ന 1083 വരെയുണ്ടായിരുന്ന വ്യവസ്ഥ. ഇപ്പോൾ അതു് ഒരു രൂപയായി വർദ്ധിപ്പിച്ചു. അത്തരം വനങ്ങളിൽനിന്നു കൊണ്ടുപോകുന്ന കരിക്കു ടൺ ഒന്നിനു് ഒന്നര രൂപ ഫീസു നിശ്ചയിച്ചു. ഡയറാഡൂൺ ഫാറസ്റ്റ് കോളേജിൽ

പോയി പരിശീലനം കഴിച്ചു വരുന്നതിനു രണ്ടുപേർക്കു വേതനം നല്കുകയും രണ്ടു ഡിപ്പ്ടിറെയിഞ്ജരന്മാരെ സർക്കാർ ചെലവിൽ കോയമ്പുത്തൂർ ഫാറസ്റ്റ് സ്കൂളിലേക്ക് അയയ്ക്കുയും ചെയ്തിരുന്നു. ഡയറാഡൂണിൽ പോയിരുന്ന രണ്ടുപേരും ഇക്കൊല്ലത്തിൽ തിരിച്ചുവരികയാൽ, അവരെ റെയിഞ്ജറന്മാരായി നിയമിച്ചു.

1034-ൽ വനം കാൺസർവേറരുടെ അധികാരം വർദ്ധിപ്പിച്ചു. വനരാഹ്രഷ്യനിൽ കാലോചിതമായ ഭേദഗതി വരുത്തുന്നതിലേക്ക് ഒരു പുതിയ ബിൽ നിയമനിർമ്മാണസഭയിൽ ഹാജരാക്കി.

1086-ൽ പുതിയതായി രണ്ടു റിസർവുകൾ കൂടി ഏർപ്പെടുത്തി. വനംവകുപ്പിനെ ഇക്കൊല്ലത്തിൽ സമഗ്രമായി പരിഷ്കരിച്ചു.

അക്സ്ഫോർഡിലേയും ജർമ്മനിയിലേയും ഫാറസ്റ്റ്കാളേജുകളിൽനിന്നു വനശാസ്ത്രപരിജ്ഞാനം സമ്പാദിച്ചുവരുന്നതിലേക്കു സർക്കാരിൽനിന്നു് അസിസ്റ്റൻറു കാൺസർവേറരെ യൂറോപ്പിലയച്ചു; വനസംബന്ധമായ ചട്ടങ്ങളിൽ സാരമായ ഭേദഗതികൾ വരുത്തുകയും തടിയുടെ വിലനിരക്കിൽ ചില വ്യത്യാസങ്ങൾ വരുത്തുകയും ചെയ്തു.

1089-ൽ ഫാറസ്റ്റ് മ്യൂസിയത്തിൻെറയും ഹെർബാറിയത്തിൻെറയും മേൽനോട്ടത്തിനു് ഒരു ക്യൂറേറരെ നിയമിച്ചു. തടിയുടെയും വിറകിൻെറയും താരിഫ്പിരിവു വർദ്ധിപ്പിച്ചു.

1083-ൽ വനം വകുപ്പിലെയും കൃഷി വകുപ്പിലെയും വരവു് 8,08,558 രൂപയും ചെലവു് 5,77,016 രൂപയുമായിരുന്നു; എന്നാൽ അടുക്കൊല്ലം കഴിഞ്ഞപ്പോഴേക്കു വരവു് 12,92,802 രൂപയും, ചെലവു് 7,28,342 രൂപയും ആയി. ഇങ്ങനെ സർക്കാരിൻെറ ആദായം 2,31,542 രൂപയിൽനിന്നു 5,64,460 രൂപയായി വർദ്ധിച്ചു.

കൃഷിഡിപ്പാർട്ടുമെൻറു്.

1083-ൽ ഡാക്ടർ കുഞ്ഞൻപിള്ള കൃഷിസംബന്ധമായ വിദ്യാഭ്യാസം പൂർത്തിയാക്കീട്ടു് തിരിച്ചു വരികയാൽ അദ്ദേഹത്തിൻെറ കീഴിൽ ഒരു കൃഷി ഡിപ്പാർട്ടുമെൻറു് ഉൽഘാടനം ചെയ്തു

പ്പെട്ടു. തിരുവനന്തപുരത്തും കൊല്ലത്തും ഉണ്ടായിരുന്ന കൃഷി ത്തോട്ടങ്ങളും തിരുവനന്തപുരത്തെ മൃഗാശുപത്രിയും അദ്ദേഹത്തി ന്റെ കീഴ്ത്തിയിൽ വിട്ടുകൊടുത്തു. പ്രസ്തുത ഡിപ്പാർട്ടുമെൻറു സംബന്ധിച്ചു ഒരു പദ്ധതി തയാറാക്കി സമർപ്പിക്കുന്നതിനും സർക്കാർ അദ്ദേഹത്തിനോടു് ആജ്ഞാപിച്ചു. അദ്ദേഹം തദനു സാരണ ഒരു റിപ്പോർട്ടു് അന്തവസാനിക്കുംമുമ്പുതന്നെ സമർപ്പി ക്കയുണ്ടായി.

തിരുവിതാംകൂറിന്റെ പല ഭാഗങ്ങളിലും തെങ്ങിനു് ഒരു മാതിരി രോഗം പിടിപെട്ടിരുന്നു. പ്രസ്തുതവൃക്ഷത്തിന്റെ ആ രംഭത്തിൽ രോഗബാധിതമായ തെങ്ങുകളെ, ഇമ്പീരിയൽ മൈ ക്കോളജിസ്റ്റായ ഡാക്ടർ ഇ. ജെ. ബട്ലർ പരിശോധിച്ചു തൽഫലത്തെ സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിക്കയുണ്ടായി. ഈ രോഗത്തിന്റെ ലക്ഷണങ്ങളെയും, തന്നിവാരണോപായങ്ങ ളേയും വിശദീകരിക്കുന്ന ലഘുലേഖകൾ മലയാളത്തിൽ അച്ചു ടിച്ചു് സർക്കാരിൽനിന്നു പ്രചരണംചെയ്തു. ഡാക്ടർ കുഞ്ഞൻ പിള്ള ഡാക്ടർ ബട്ലരെ പിന്തുടർന്നു് വീണ്ടും പരിശോധന

ടത്തി.ന

1084-ൽ ഈ ഡിപ്പാർട്ടുമെൻറിനെ പുനഃസംഘടനം ചെയ്തു മൂന്നു കൃഷി ഇൻസ്പെക്ടർമാരുടേയും 2 സബ് ഇൻസ്പെ ക്ടർമാരുടേയും നിയമനത്തിനു് അനുവാദംനല്കി. കൃഷിസംബ ന്ധമായ ഒരു പരീക്ഷണശാല സ്ഥാപിക്കുന്നതിനും നിശ്ചയിച്ചു. ഈ പരീക്ഷണശാലയിൽ, നെല്ലു്, മരച്ചീനി, കരിമ്പു്, നില ക്കടല മുതലായവയെപ്പറ്റി പരീക്ഷണങ്ങൾ നടത്തിത്തുടങ്ങി. നെൽകൃഷിസംബന്ധിച്ച പരീക്ഷണങ്ങൾ കുടിയാനവന്മാരുടെ നിലങ്ങളിലാണു് ആദ്യം നടത്തിയതു്. സർക്കാരിൽനിന്നും പല തരത്തിലുള്ള വളങ്ങളും കൃഷികായുധസാമഗ്രികളും വാങ്ങി അവയെ ഉപയോഗിക്കുന്നതുകൊണ്ടുള്ള ഗുണങ്ങളെ പ്രായോഗി കമായി കാണിച്ചുകൊടുക്കുക, ലഘുലേഖകൾ വഴിക്കു് കൃഷി ശാസ്ത്രസംബന്ധമായ ജ്ഞാനം ജനങ്ങളുടെ ഇടയ്ക്കു വർദ്ധിപ്പി ക്കുക, കൃഷിപ്രദർശനങ്ങൾ നടത്തുന്ന വിഷയത്തിൽ പ്രോ ത്സാഹിപ്പിക്കുക മുതലായവയിലാണു് ഈ ഡിപ്പാർട്ടുമെൻറിന്റെ

ശ്രദ്ധ ആദ്യമായി പതിഞ്ഞതു്. തെങ്ങിനെ സംബന്ധിച്ച പരിശോധനകൾക്കായി ഒരു് ഉദ്യോഗസ്ഥനെ പ്രത്യേകം നിയോഗിച്ചു; ആറു വിത്തുകാളകളെ മൈസൂരിൽനിന്നു വരുത്തി നാട്ടിന്റെ ഓരോ ഭാഗത്തായി നിർത്തി, മൃഗചികിത്സാശാഖയെ പരിഷ്കരിച്ചു; കോട്ടയത്തും ഒരു മൃഗാശുപത്രി സ്ഥാപിച്ചു.

1085-ൽ ഡിപ്പാർട്ടുമെന്റു വകയായി ഒരു തെങ്ങുകൃഷിത്തോട്ടം അലപ്പുഴനഗരത്തിലും കന്നുകാലിവളർത്തുന്നതിനായി ഒരു സ്ഥാപനം തിരുവനന്തപുരത്തും ഉണ്ടാക്കി. സക്കാർചെലവിൽ ഒരു കൃഷിപ്രദർശനം ആണ്ടുതോറും പ്രജാസഭാസമ്മേളനകാലങ്ങളിൽ നടത്താൻ നിശ്ചയിച്ചു. നാഗരുകോവിലിലും ഒരു മൃഗാശുപത്രി ഉൽഘാടനംചെയ്തു. തിരുവനന്തപുരത്തു പട്ടണത്തിൽ പുഴുവളർത്തുന്നതിനു് ഒരു സ്ഥാപനം നിർമ്മിച്ചു് ജോലികൾ ആരംഭിച്ചു. 1087-ൽ ഒരു കൃഷിഇൻസ്പെക്ടരെ അണുപ്രാണിവിജ്ഞാനീയം അഭ്യസിപ്പാനായി പൂനായിലേക്കു അയച്ചു.

1088 ലാബോറേറ്ററി അസിസ്റ്റന്റിനെ കൃഷിശാസ്ത്രപരിശീലനാർത്ഥം പൂനായിലേക്കു് നിയോഗിച്ചു.

1089-ൽ കൊല്ലത്തും പീരുമേട്ടിലും ഓരോ മൃഗാശുപത്രികൾകൂടി ഏർപ്പെടുത്തി മത്സ്യകൃഷിയെ വികസിപ്പിക്കാൻവേണ്ടി രണ്ടു ഫിഷറി ഇൻസ്പെക്ടർമാരെ നിയമിക്കുന്നതിനു് ഇക്കൊല്ലത്തിൽ അനുവാദം ഗവണ്മെന്റു തീർപ്പുപ്പെടുത്തിയതു്. ആ ഇൻസ്പെക്ടർമാർ രണ്ടുപേരെയും മദ്രാസു് ഫിഷറി ഡിപ്പാർട്ടുമെന്റിന്റെ അണറി ഡയറക്ടറായിരുന്ന സർ പ്രൈസാക്കിന്റെ മേൽനോട്ടത്തിൽ പരിശീലനം ചെയ്യാനായി അയച്ചു.

ദേവസ്വം ഡിപ്പാർട്ടുമെന്റു്.

സർക്കാർവകയായും ഉടമാണ്മക്കാരുടെ വകയായും നിരവധി ക്ഷേത്രങ്ങൾ ഈ സംസ്ഥാനത്തു് ഇപ്പോൾ ഉണ്ടു്. പുന്നാൽ 987-വരെ യാതൊരു ക്ഷേത്രത്തിന്റെ ഭരണവും സർക്കാരിലേക്കു് ഇല്ലായിരുന്നു. അക്കൊല്ലത്തിൽ 578 ക്ഷേത്രങ്ങളുടെ ഭരണം സർക്കാരിൽനിന്നു പിറെടുത്തിട്ടു് അവയുടെ ഭൂസ്വത്തുക്കൾ വകവെച്ചു. 1049-ലെ കണക്കനുസരിച്ചു് ഈ സ്വത്തുകളിൽനിന്നു് സർക്കാരിലേക്കുണ്ടായ വരവു് 4,30,000 രൂപ ആയിരുന്നു

ക്ഷേത്രത്തു വളരെ ഇല്ലാത്ത ക്ഷേത്രങ്ങളും സർക്കാരിലേക്ക് പിടുത്തമായിട്ട് മാന്വലിൽ പ്രസ്താവിക്കുന്നു. എന്നാൽ അത്തരം ക്ഷേത്രങ്ങൾ വളരെ കുറവ് ആയിരുന്നു എന്നു സൂക്ഷ്മമായി പരിശോധിച്ചുനോക്കിയാൽ അറിയാം. 1171 ചെറിയ ക്ഷേത്രങ്ങളെ സർക്കാർ അടക്കിയതിട്ട്, അവയ്ക്കും ചില പതിവു കർമ്മം ഏർപ്പെടുത്തിയതായി കാണുന്നു. ഈ രണ്ടിനം ക്ഷേത്രങ്ങളിലുംകൂടി ജീവനക്കാരുടെ ശമ്പളമായ 80,000 രൂപ തള്ളിയാൽ നൈവേദ്യം, ഓടിനടക്കിരങ്ങൾ, സദ്യ ഉത്സവങ്ങൾ ഇവയ്ക്കായി 1049-ൽ ചെലവുവന്ന സംഖ്യ 3,17,000 രൂപയായിരുന്നു. അതിൽ കുറഞ്ഞതും ഉടച്ചുപുറമേനിന്നുവേണ്ടിവന്ന ചെലവായിരുന്നു.

1079-ാമാണ്ടിൽ ക്ഷേത്രഭരണം സംബന്ധിച്ച് ഒരു റഗുലേഷൻ ഉണ്ടായി.

മി. രാജഗോപാലാചാരി ദിവാൻജിയായി വന്ന കാലത്തു സർക്കാർവകയായി 380 മേജർ ദേവസ്വങ്ങളും 1186 മൈനർ ദേവസ്വങ്ങളും ഉണ്ടായിരുന്നു. ഈ രണ്ടുവക ക്ഷേത്രങ്ങളിലും അവയുടെ വകയായിരുന്നവയും സർക്കാരിലേക്ക് അടക്കിയവയും അന്യ ട്രസ്റ്റുകളിൽനിന്നുള്ള വരവിനെ കണക്കുവെയ്ക്കാറില്ലായിരുന്നതിനാൽ, പെട്ടെന്നിങ്ങനെയിൽനിന്നു ദേവസ്വം വസ്തുക്കളിൽനിന്നുള്ള വരവിനെ വേർതിരിക്കാൻ സാധിക്കാതെ വന്നു. 987-നു ശേഷം സർക്കാർ ഏറ്റെടുത്ത ഏഴു ക്ഷേത്രങ്ങളുടെ ചെലവുമാത്രം, അവയുടെ വകയായ വസ്തുക്കളുടെ അദായത്തിൽനിന്നാണ് നടത്തിവന്നത്.

ശ്രീപദ്മനാഭസ്വാമിക്ഷേത്രം ഇവയുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിരുന്നില്ല. അതിന്റെ ഭരണവും മേൽനോട്ടവും മഹാരാജാവു തന്നെയാണ് വഹിച്ചുവന്നത്.

മേജർദേവസ്വങ്ങളുടെയും പല മൈനർദേവസ്വങ്ങളുടെയും കാര്യവിചാരം ദിവാൻപേഷ്കാരന്മാർക്കും അവരുടെ കീഴിലുള്ള ഉദ്യോഗസ്ഥന്മാർക്കുമായിരുന്നു. മൈനർദേവസ്വങ്ങളിൽ ചിലതുമാത്രം ഉടമാണക്കാരാണ് ഭരിച്ചുകൊണ്ടിരുന്നത്; എന്നാൽ ഭരണസംഘത്തിൽ സർക്കാരിന്റെ പ്രാതിനിധ്യം വഹിക്കു

നതിനു മനുഷ്യം അല്ലെങ്കിൽ കോയ്മക്കുടി ഉണ്ടായിരുന്നു. ക്ഷേത്രങ്ങളെ സംബന്ധിച്ചിടത്തോളം വളരെക്കാലമായിട്ട് ഒരുമാതിരി ജനകീയ രൂപമാണു് നടന്നുവന്നതെന്നു കാണിപ്പാനായി ഒരു പുരാതന രേഖയെ ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ.

"വയ്ക്കത്തു ക്ഷേത്രത്തിൽ ആട്ടം തിരുവല്ലാഗ്രാമത്തിൽ കൈപ്പിഴസഭയുപി എന്നാറം സമുദായപ്രവൃത്തി നടത്തിവരുമ്പോൾ ആ കൈപ്പിഴത്തറവാടു് അന്യംനിന്നുപോകയാൽ ഊരാണ്മക്കാർ എല്ലാവരുംകൂടി ക്ഷേത്രകാര്യം വിചാരിച്ചു് മണ്ഡപം നടത്തുന്നതിനായി അയിരുരു് ശാക്കര കോവിലന്മാക്കു് മേൽക്കോയ്മസ്ഥാനം കൊടുത്തു. ആ ശാക്കരകോവിലന്മാരു് ദേവസ്വം എടപെട്ട കാര്യാദികം വിചാരിച്ചുവന്നു. അങ്ങിനെ ഇരിക്കുമ്പോൾ ആ കോവിലന്മാക്കു ക്ഷേത്രമണ്ഡപം നടത്തുന്നതിനു ശക്തിയില്ലാതെ തീൻ കാരണം ആ കോവിലന്മാരുടെ മേൽക്കോയ്മസ്ഥാനം ഉപേക്ഷിച്ചു് ഇവിടെനിന്നും പോയി. അങ്ങിനെ കോവിലന്മാർ പോയിട്ടുള്ളതു് 582-മതിലാകുന്നു.

ശാക്കരകോവിലന്മാർ മേൽക്കോയ്മസ്ഥാനമുപേക്ഷിച്ചു പോയതിന്റെ ശേഷം കുറേദിവസം ഊരാണ്മക്കാർതന്നെ ദേവസ്വം കാര്യങ്ങൾ വിചാരിച്ചുവന്നു. അങ്ങിനെ ഇരിക്കുന്ന സമയത്തിങ്കൽ എല്ലാവരുംകൂടി കാര്യം വിചാരിക്കുന്നതു് അത്ര വെടിപ്പല്ലെന്നും മേൽക്കോയ്മസ്ഥാനത്തെ വഹിച്ചു മണ്ഡപം നടത്തുന്നതിനു് ഒരാളെ ആക്കണമെന്നും യോഗം തിങ്കൽനിന്നും നിശ്ചയിച്ചു് ഊരാണ്മക്കാർ എല്ലാവരുംകൂടി തുപ്പാടസഭയുപത്തിൽ ചെന്നു ദേവനെയും മണ്ഡപത്തെയും രക്ഷിച്ചുതരണമെന്നു പറഞ്ഞു അഭ്യർത്ഥിച്ചു. ആ കാലത്തുങ്കൽ ഉണ്ടായിരുന്ന ആദിത്യവർമ്മമഹാരാജാവു കൊല്ലത്തു് അഭ്യാസത്തു് എഴുന്നെള്ളിയിരുന്നു ഊരാണ്മക്കാരുടെ മേൽപ്രകാരമുള്ള അപേക്ഷയെ കേട്ട ഉടനെ വടക്കുംകൂറു്, തെക്കുംകൂറു്, അമ്പലപ്പുഴ, കായങ്കുളം, കൊട്ടാരക്കര മുതലായ രാജാക്കന്മാരുടെ ഇടയിൽ നാം രക്ഷിക്കുന്നതിനു് വളരെ പ്രയാസമുണ്ടെന്നുവരികിലും, നിങ്ങൾ ആ രാജാക്കന്മാരെ ഒക്കെകൂടെന്നു് ഇവിടെവന്നു് അഭ്യർത്ഥിച്ചിരിക്കുന്ന സ്ഥിതിക്കു്, ഏതുവിധവും അഭിമതം സാധിച്ചുതരാമെന്നു രാജാവു പറഞ്ഞു-

അങ്ങിനെ പറഞ്ഞുവച്ചു ഊരായ്മക്കാരെയും കൂട്ടിച്ചുംകൊണ്ടു കൊല്ലുത്തുനിന്നും ആറുങ്കലേക്ക് എഴുന്നള്ളി ആറുങ്ങൽ ചെന്നു തൃപ്പാദസന്നിധത്തിലേക്കു വളരെ പ്രത്യേകമായും ഏറവും കായ്മസ്ഥനായും ഉള്ള മാമ്പിള്ളിപണ്ടാരത്തിലെ വരുത്തി, ഈ ഊരായ്മക്കാർ നമ്പൂരിമാർ അപേക്ഷിച്ചിട്ടുള്ള കാര്യത്തെ പറഞ്ഞു. ഉടനെ വലിയകോയ്മസ്ഥാനവും സമുദായത്തിനു് അർഹം നിയമിക്കുന്ന അധികാരവും കൊടുക്കുന്നപക്ഷം മേൽക്കോയ്മസ്ഥാനത്തെ വഹിക്കയും സമുദായത്തിനു തക്ക യോഗ്യന്മാരായിട്ടുള്ള ആളുകളെ അക്കി ദേവനേയും മര്യാദയും രക്ഷിക്കയും ചെയ്യാമെന്നു പണ്ടാരത്തിനു പറഞ്ഞു. എന്നതിന്റെ ശേഷം ആറുങ്ങൽ വലിയ പന്തൽതീർത്തു് അ പന്തലിൽവച്ചു് രാജാവും ഊരായ്മക്കാരും കൂടി ഇങ്ങനെ വലിയ കോയ്മസ്ഥാനവും സമുദായത്തിന്നാളാക്കുന്ന അധികാരവും പണ്ടാരത്തിലേക്കു കൊടുത്തു. രാജാവിന്റെ ആളായിട്ടു് പണ്ടാരത്തിലെ അവരോധിച്ചു. ഇതു് 584-ാമതിലാകുന്നു.”

ക്ഷേത്രങ്ങളിൽ 994-ലെ പരിപാലനസംഘം ചേർന്നാണ് അടിയന്തിരാദികർമം നടത്തിക്കൊണ്ടിരുന്നതു്. എന്നാൽ വിരുത്തിഭൂപ്പാടു നിർത്തലാക്കുകയും വേലക്കൂലിയും സാമഗ്രികളിലയും വർദ്ധിക്കയും ചെയ്തുകൊണ്ടു ക്ഷേത്രച്ചെലവും വളരെ വർദ്ധിച്ചു. 1085-ൽ 10,83,875 രൂപയോളം ഈ ഇനത്തിൽ ചെലവായി. ദേവസ്വംവസ്തുക്കളെ മറുവസ്തുക്കളിൽനിന്നു വേർതിരിക്കാൻ കഴിയാതെയും വന്നു. തന്നിമിത്തം മി. രാമചന്ദ്രറാവുടെ അധ്യക്ഷത്തിൽ, ഒരു കമ്മിറ്റി ഏർപ്പെടുത്തീട്ടു് ഹിന്ദുക്ഷേത്രങ്ങളുടെ പ്രവർത്തനത്തെപ്പറ്റി അന്വേഷണം നടത്തി റിപ്പോർട്ടുചെയ്യുന്നതിനു പ്രസ്തുതകമ്മിറ്റിയോടു് ആജ്ഞാപിച്ചു. 1085-ൽ അവർ പ്രസ്തുതകമ്മിറ്റി റിപ്പോർട്ടു സമർപ്പിച്ചതു്.

ഊട്ടുപുരകൾ, അഗ്രശാല, ഊട്ടുകൂടകം, പടിഞ്ഞാറെ ഇത്യാദികർമങ്ങൾക്കായി 1084-ൽ ഏഴുലക്ഷം രൂപാവോളം ചെലവുവന്നു. ദിവാൻ മി. രാജഗോപാലാചാരി അവർകൾ ഈ ചെലവു കുറയ്ക്കുന്ന വിഷയത്തിൽ അത്യുത്സാഹമായി മനസ്സുവച്ചതു്. 1085-ൽ അന്നേഹം ഊട്ടുപുരകളിൽ പലതും നിർത്തലാക്കി. നിർത്തലാക്കാത്ത ഊട്ടുപു

രകളിലെ പതിവുകളെ പണമാക്കി. ഊട്ടുപുരസംബന്ധിച്ചു സിൽബന്ധികളുടെ ചെലവു കുറച്ചു, ഓരോ ഊട്ടുപുരയിലും ഇരുവഴിയാത്രക്കാക്കും സാധുക്കൾക്കും ആഹാരംകൊടുക്കണമെന്നും അങ്ങനെ ആഹാരം നല്കുന്നവകയ്ക്കു് ഓരോ ഊട്ടുപുരയിലും ഇന്ന സംഖ്യയിൽ കവിഞ്ഞു ചെലവു വന്നുപോകരുതെന്നും അദ്ദേഹം വ്യവസ്ഥചെയ്തു. തിരുവനന്തപുരം അഗ്രശാലയിലെ പതിവിൽ മാത്രം അക്കൊല്ലത്തിൽ യാതൊരു മാറ്റവും വരുത്തിയില്ല. ഇങ്ങനെ കനകലക്ഷത്തോളം രൂപ ഊട്ടുപുരച്ചെലവിൽ അദ്ദേഹം കുറവുവരുത്തി.

1086-ൽ ഊട്ടുപുരസംബന്ധിച്ചു പതിവുകൾ വീണ്ടും കുറച്ചതിനാൽ പതിനായിരം രൂപായോളം ലാഭം ഉണ്ടായി.

1087-ൽ രാമചന്ദ്രറാവുവിന്റെ റിപ്പോർട്ടനുസരിച്ചു് സക്കാർവസ്തുക്കളെ ദേവസ്വംവസ്തുക്കളിൽനിന്നു് വേർതിരിക്കാൻ ഏർപ്പാടുചെയ്തു. ശാന്തിക്കാരുടെ ശമ്പളം പരിഷ്കരിച്ചു. ദേവസ്വം ജീവനക്കാരുടെ മേൽ തഹശീൽദാരന്മാക്കുള്ള അധികാരത്തെ കുറച്ചുകുറച്ചു. പന്ത്രണ്ടു് ഊത്തുട്ടുകളിൽ അരണ്ണം നിത്തലാക്കിയിട്ടു്, ആ വകയിൽ ഉണ്ടായ പണത്തെ കുളക്കരയിലെ സ്പെഷ്യൽസ്കൂളിനോടു ചേർന്ന ഹോസ്റ്റലിന്റെ നടത്തിപ്പിനായി വിനിയോഗിച്ചു.

മി. രാമചന്ദ്രറാവുവിന്റെ റിപ്പോർട്ടിനെ സക്കാർ ഗാഢമായി പഠിച്ചാലോചിച്ചിട്ടു് 1088-ൽ ഉത്തരവു പാസ്സാക്കി.

ദേവസ്വം ഭൂനികുതിയെ സക്കാർ ഭൂനികുതിയിൽ നിന്നു വേർതിരിച്ചു. ഏഴുതിത്തിരുവ ദേവസ്വങ്ങളിലെ (മേജർ ദേവസ്വങ്ങൾ) നിത്യനിദാനം കഴിച്ചുള്ള സകല പതിവുകളെയും മേലാൽ പണമായി പുതുക്കുന്നതിനെ സംബന്ധിച്ചു ദിവാൻപേഷ്കാരന്മാരുടെ അഭിപ്രായങ്ങൾ ക്ഷണിച്ചുവരുത്തീട്ടു്, അവയിന്മേൽ തീർച്ചകൾ ചെയ്തു. കാരണമറിയിക്കാതെ അവകാശങ്ങളെ തൽക്കാലത്തേക്കോ എന്നെന്നേക്കുമായിട്ടോ എടുത്തുകളയുന്നതിനും നിഷ്കർഷിക്കുന്നതിനും സക്കാരിനു് അധികാരമുണ്ടെന്നു 1088 മേടം 29-നു് ഒരു ഡിക്ലറേഷൻ പ്രസിദ്ധപ്പെടുത്തി

1088-ൽ രണ്ടു ഊത്തുട്ടുകൾ കൂടിനിന്നു; ആ വകയിൽ കിട്ടിയ സംഖ്യയെ മലയാളബ്രാഹ്മണർക്കായുള്ള സ്കൂൾ

സ്ഥലിനു നീക്കിവച്ചു. ഇക്കൊല്ലത്തിൽതന്നെ അഗ്രശാലയും പരിഷ്കരിച്ചു, ചെലവിൽ അല്പം കുറവുവരുത്തി.

1089 മൈനർ ദേവസ്വങ്ങളിൽ ചിലതിന്റെ പതിവു കർം നിർത്തി. വൈക്കം ക്ഷേത്രത്തിലെ തിരുവാഭരണം തിട്ടപ്പെടുത്താനായി ഒരു ഉദ്യോഗസ്ഥനെ നിയമിച്ചു പല ക്ഷേത്രങ്ങളെ പുതുക്കിപ്പണികഴിപ്പിച്ചു.

ജീയാളജിക്കൽ ഡിപ്പാർട്ടുമെൻറ്.

ഈ സ്ഥാപനവും പി. രാജഗോപാലാചാരിയുടെ കാലത്താണു് ഉണ്ടായതു്. അതിലേക്കു പ്രത്യേക പരിശീലനാർത്ഥം മി. ഐ. സി. ചാക്കോ, മി. ഈ മാസിലാമണി എന്നു രണ്ടു പേരെ ശീമയ്ക്കു് അയച്ചിരുന്നു. അവർ 1083-ൽ തിരിച്ചുവരികയാൽ, സംസ്ഥാനത്തെ രണ്ടു ഡിവിഷനായി വിഭജിച്ചിട്ടു് ഓരോ ഡിവിഷനിലേക്കു് അവരിൽ ഓരോരുത്തനെ നിയമിച്ചു.

ഇങ്ങനെ നോക്കിയാൽ മി. രാജഗോപാലാചാരി പരിഷ്കരിക്കാത്തതായി ഒരു ഡിപ്പാർട്ടുമെൻറും തിരുവിതാംകൂറിൽ ഉണ്ടായിരുന്നില്ല.

നിയമനിർമ്മാണം.

1084-ൽ പബ്ലിക്കു് തോടുകളേയും കടത്തുകളേയും സംബന്ധിച്ചു് ഒരു റഗുലേഷൻ ഉണ്ടായി. 1084-ലെ രണ്ടാം റഗുലേഷൻ സിവിൽ കോടതികളെ അധികരിച്ചും, 1085-ലെ ൫-ാം റഗുലേഷൻ, അളവുകളേയും തൂക്കങ്ങളേയും സംബന്ധിച്ചും 1086-ല മൂന്നാം റഗുലേഷൻ കള്ളു നാണയങ്ങളെ സംബന്ധിച്ചും 1087-ലെ ഒന്നും, രണ്ടും, ആറും, ഏഴും റഗുലേഷനുകൾ യഥാക്രമം പുകയില, രജിസ്ട്രേഷൻ, കോർട്ടഫീസു്, മോട്ടാർ വാഹനങ്ങൾ ഇവയെ അധികരിച്ചും, 1088-ലെ നാലാം റഗുലേഷൻ നായന്മാരുടെ ദായക്രമത്തെ വിഷയീകരിച്ചും നിയമനിർമ്മാണം ചെയ്തു. 1085-ൽ ഉണ്ടായ ഒരു വിളംബരപ്രകാരം മുനമ്പത്തുള്ള കുത്തകപാട്ടവസ്തുക്കൾ പണ്ടാരവകപാട്ടവസ്തുക്കളാക്കപ്പെട്ടു. 1086-ൽ ഉണ്ടായ മറെറാരു വിളംബരത്താൽ സ്വദേശാഭിമാനിപുത്രത്തെ കണ്ടുകെട്ടിയിട്ടു് തൽപത്രാധിപനായ മി. കെ. രാമകൃഷ്ണപിള്ളയെ നാടുകടത്തി.

മി. രാമകൃഷ്ണപിള്ള ഒരു നല്ല ഗദ്യകാരനും നിരൂപകനും ആയിരുന്നു. അദ്ദേഹം കുറേക്കാലമായി സർക്കാരുദ്യോഗസ്ഥന്മാരെയും രാജസേവകന്മാരെയും പറ്റി അതികഠിനമായി നിരൂപണംചെയ്തുകൊണ്ടേ ഇരുന്നു. പാറപ്പുറം, ഉദയഭാനു മുതലായ ഗ്രന്ഥങ്ങളെ പ്രസിദ്ധീകരിച്ചു കൊട്ടാരത്തപ്പറ്റി അവജ്ഞ ജനിപ്പിച്ചിട്ടുപോലും കരുണാർദ്രചിത്തനായ മഹാരാജാവു തിരുമനസ്സുകൊണ്ടു് യാതൊരു നടപടിയും നടത്താൻ സമ്മതിച്ചില്ല. എന്നാൽ രാജഗോപാലാചാരിയെപ്പറ്റി ചില ലേഖനങ്ങൾ സ്വദേശാഭിമാനിയിൽ കണ്ടപ്പോൾ അദ്ദേഹം വല്ലാതെ ക്ഷോഭിച്ചു. മനസ്സില്ലാമനസ്സോടുകൂടിയാണത്രേ തിരുമനസ്സുകൊണ്ടു ഈ വിളംബരത്തിനു ഒപ്പുവച്ചതു്. മി. രാമകൃഷ്ണപിള്ള നിഷ്പക്ഷപാതചിത്തനും ന്യായബുദ്ധിയും സ്വാതന്ത്ര്യപ്രേമിയും ആയിരുന്നു.

റെയിൽവേ.

1087-ാമാണ്ടവസാനത്തിൽ കൊല്ലം തിരുവനന്തപുരം റെയിൽവേക്കുള്ള പ്ലാനുകളും കണക്കുകളും സൌത്തിൻഡ്യൻ റെയിൽവേ ഏജൻറു ഗവൺമെൻറിൽ സമർപ്പിച്ചു. അടുത്തകൊല്ലത്തിൽ അതിലേക്കു സിക്കട്ടറി ആഫ് സ്റ്റേറ്റിൻെറ അനുമതി ലഭിച്ചു. ആവശ്യമുള്ള ഭൂമികൾ എടുക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്തുതുടങ്ങി. 1089-ൽ ആ ജോലി പൂർത്തിയാകയാൽ കമ്പനിയുടെ ജോലിക്കു പ്രാരംഭ നടപടികൾ നടത്തി.

പരസ്പരസഹായം.

1089-ൽ ഏതദ്ദിഷ്കമായി ഒരു റിബലേഷൻ ഉണ്ടാവുകയാൽ മി. സി. ഗോവിന്ദപ്പിള്ളയെ കോ-ആപ്പറേറ്റീവു രജിസ്ട്രാരായി നിയമിച്ചു.

പൊതുവേ നോക്കിയാൽ രാജഗോപാലാചാര്യരുടെ ഭരണം ഉൎജ്ജസ്വലമായിരുന്നു. അദ്ദേഹത്തിനു സർ ടി. മാധവരാവർ തുടങ്ങിയ ചില ദിവാൻജിമാക്കണ്ടായിരുന്നതുപോലുള്ള ബ്രാഹ്മണജനപക്ഷപാതം തീരെ ഇല്ലായിരുന്നുവെന്നു മാത്രമല്ല; സിവിൽസർവീസിൽ ജാതിമതഭേദം കൂടാതെ എല്ലാവരെയും പ്രവേശിക്കുന്ന വിഷയത്തിൽ പ്രത്യേക നിഷ്കൎഷയും ഉണ്ടായിരുന്നു. അധഃ

മി. എം. കൃഷ്ണൻനായർ.

കൃതജ്ഞതയുടെ അവശതകളെ നീക്കുന്ന വിഷയത്തിൽ വളരെ ജാഗ്രത പ്രദർശിപ്പിച്ചതിനാൽ, അദ്ദേഹം അവരുടേയും കൃതജ്ഞതയ്ക്കു സവിശേഷം പാത്രമായി.

1089 മേടം 28-ാംനു സർ രാജഗോപാലാചാരി ദിവാൻ ഉദ്യോഗത്തിൽനിന്നു പിരിഞ്ഞു. അതിനുശേഷം അദ്ദേഹം ബ്രിട്ടീഷ് സർവീസിൽ പലേ വലിയ ഉദ്യോഗങ്ങൾ വഹിച്ചു ശേഷം പെൻഷൻപറ്റി വിശ്രമസുഖം അനുഭവിക്കവേ 1103 വൃശ്ചികമാസത്തിൽ പരലോകം പ്രാപിച്ചു.

ദിവാൻ കൃഷ്ണൻനായർ.

1089—1095.

1914 മേ പതിനാലാം തീയതി, ഹൈക്കോർട്ടു ചീഫ് ജസ്റ്റീസായിരുന്ന കൃഷ്ണൻനായരവർകളെ തിരുമനസ്സുകൊണ്ടു ദിവാൻജിയായി നിയമിച്ചു.

വിശേഷസംഭവങ്ങൾ.

1090 തുലാമാസത്തിൽ മതിരാശി ഗവർണ്ണരായ പെൻറുലണ്ടു പ്രഭു പണീസമേതം തിരുവനന്തപുരത്തുവന്നു. അക്കൊല്ലത്തിൽതന്നെ കുംഭമാസത്തിൽ ബറോഡാരാജാവും രാജ്ഞിയും തിരുവിതാംകൂർ സന്ദർശിച്ചു; മഹാരാജാവിന്റെ അതിഥിയായി മൂന്നു ദിവസത്തോളം തിരുവനന്തപുരത്തു താമസിച്ചു.

1092 കന്നി രണ്ടാംതീയതി അറുപത്തൊൻപതാമത്തെ തിരുമനസ്സുകൊണ്ടു കാർത്തികതിരുനാൾ പെൺചഴിത്തമ്പുരാനെ പ്രസവിച്ചു. അടുത്തകൊല്ലം കന്നിമാസത്തിൽ, മഹാരാജാ തിരുമനസ്സിലെ ഷഷ്ടിപൂർത്തി മഹോത്സവം നാട്ടിലെല്ലായിടത്തും ആഘോഷിക്കപ്പെട്ടു. 1093 ധനു 18-ാംനു കൊല്ലം തിരുവനന്തപുരം തീവണ്ടി നടപ്പിൽവന്നു.

ലോകമഹായുദ്ധം.

1914 ആഗസ്റ്റ് മാസത്തിൽ ലോകമഹായുദ്ധം ആരംഭിച്ചു. ആസ്ട്രിയാ, ഹംഗേറിയ, തുർക്കി, ജർമ്മനി എന്നീ രാജ്യങ്ങൾ ഒരുപക്ഷത്തും, റഷ്യ, ഫ്രാൻസ്, ബൽജിക്കു, ഇറാലി, ഇംഗ്ലണ്ടു എന്നീ രാജ്യങ്ങൾ മറുപക്ഷത്തും നിന്നു സമാരംഭിച്ച ഈ യുദ്ധം ലോകത്തിൽ

വരുത്തിക്കൂട്ടിയ നാശം അതിഭീകരമായിരുന്നു. കാലക്രമേണ അമേരിക്കക്കുടി ബ്രിട്ടീഷ് പക്ഷത്തിൽ ചേർന്നു. നാലുകൊല്ലത്തോളം നീണ്ടു നിന്ന ഈ യുദ്ധത്തിൽ ഇൻഡ്യാക്കാർ ധനംകൊണ്ടും ആൾകൊണ്ടും ഇംഗ്ലീഷുകാരെ സഹായിച്ചു. ഇൻഡ്യൻപട്ടാളം ഫ്രാൻസിലും മെസൊപ്പൊട്ടാമിയായിലും വച്ചു മുന്നണിയിൽ നിന്നുതന്നെ യുദ്ധംചെയ്തു. തിരുവിതാംകൂറും ഈ യുദ്ധത്തിൽ യഥാശക്തി പങ്കുകൊള്ളുകയുണ്ടായി. ഇവിടെ സൈന്യശേഖരത്തിനായി ഒരു റിക്രൂട്ടിങ് ആഫീസരെ പ്രത്യേകം നിയമിച്ചിരുന്നു. അങ്ങനെ ശേഖരിക്കപ്പെട്ട ഭടന്മാരിൽ പലരും ധീരധീരം പോരാടി. യുദ്ധത്തിൽ മരണംപ്രാപിച്ചവരുടെ കുടുംബങ്ങൾക്കു സർക്കാരിൽനിന്നു ധനസഹായം ചെയ്തതിനു പുറമെ, തിരിച്ചുവന്നവർക്കു സൌജന്യമായി ഭൂമികൾ പതിച്ചുകൊടുപ്പാനും വ്യവസ്ഥചെയ്തിരുന്നു.

ഈ യുദ്ധം നടന്നുകൊണ്ടിരിക്കവേ ഇന്ത്യ ഒട്ടുക്കു വലുതായ ക്ഷാമം പിടിപെട്ടു. നമ്മുടെ സാമാനങ്ങളെ വിദേശീയക്കപ്പലുകളിലേക്കു് അയപ്പാൻ സാധിക്കാതെവന്നതുകൊണ്ടു പണത്തിനു ദൌർല്ലഭ്യം നേരിട്ടു; അരി മുതലായ സാമാനങ്ങൾക്കു വില വർദ്ധിച്ചു. അതുകൊണ്ടു് ബർമ്മ തുടങ്ങിയ രാജ്യങ്ങളിൽനിന്നു സർക്കാർ നെല്ലും അരിയും വരുത്തി, ജനങ്ങൾക്കു കൊടുപ്പിക്കേണ്ടിവന്നു. സർക്കാരിനു് ഇങ്ങനെ പലേമാതിരി ക്ലേശങ്ങൾ നേരിട്ടുകൊണ്ടിരുന്ന കാലത്താണു് കൃഷ്ണൻനായർ ദിവാൻജിയായിരിക്കാൻ ഇടവന്നതു്. എന്നിട്ടും ഗവണ്മെണ്ടിലേക്കു പ്രതിവർഷം ഓരോ വലിയ സംഖ്യ മിച്ചംവരുത്താൻ അദ്ദേഹത്തിന്റെ ഭരണനൈപുണി ഒന്നുകൊണ്ടു മാത്രമായിരുന്നു. 1918-ൽ ആണു് യുദ്ധം അവസാനിച്ചതു്.

പരിഷ്കാരങ്ങൾ.

1091-ലെ ഒന്നാംറെഗുലേഷൻപ്രകാരം ഗ്രാമപ്പഞ്ചായത്തു കോടതികൾ സംസ്ഥാനത്തു പല ദിക്കുകളിൽ സ്ഥാപിച്ചു. അതു നാട്ടുകാക്കു ഒരു വലിയ അനുഗ്രഹമായിത്തീർന്നു. സിവിൽ കോടതികളിൽ ചില്ലറസംഖ്യകൾക്കുവേണ്ടി നമ്പരുപതിച്ചാൽ, ആ വഴിക്കു വലിയ പണച്ചെലവും കാലതാമസവും നേരിടാതെ

കഴികയില്ല. പഞ്ചായത്തുകോടതികളുടെ സ്ഥാപനത്തോടുകൂടി ആ ബുദ്ധിമുട്ടുകൾ ഒഴിഞ്ഞു. 1092-ലെ രണ്ടാംറഗുലേഷൻ ക്രിമിനൽ നടവടിനിയമത്തെ കാലോചിതമായ വിധത്തിൽ പുതുക്കി; എട്ടാംറഗുലേഷനാൽ നിദ്ധനന്മാരെ സംബന്ധിച്ച് ചില ചട്ടങ്ങൾ ഏർപ്പെടുത്തി. 1091-ൽ തീരുവച്ചുങ്കങ്ങളെ സംബന്ധിച്ചും ഒരു നിയമമുണ്ടാക്കി.

സർക്കാർ ഭൂസംരക്ഷണനിയമം പുതുക്കി. 1063-ാമണ്ടുവരെ, കുടിയാനവന്മാർക്കു പുതുവൽസ്ഥലം കെട്ടിയടച്ച് കൃഷി ചെയ്യാമായിരുന്നു. അങ്ങനെയുള്ള കൈയേറ്റം റവന്യൂ ഉദ്യോഗസ്ഥന്മാരുടേയോ കണ്ടെഴുത്തുകാരുടെയോ ദൃഷ്ടിയിൽ പെടുന്നകാലത്തു്, അവർ അന്വേഷണം നടത്തി, ഏക്കർ ഒന്നിനു കാൽരൂപാവീതം, പയറുപാട്ടം ചുമത്തിവന്നു. വസ്തുവിൽ പ്രവേശിച്ചു കാലംമുതൽക്കു വൃക്ഷങ്ങൾ കായ്ക്കുംവരെ അതിനു പാട്ടം കൊടുത്താൽ മതിയാകുമായിരുന്നു. വൃക്ഷങ്ങൾ കായ്തുടങ്ങിയാൽ ഫലവൃക്ഷത്തിന്റെ നിരക്കനുസരിച്ചു പാട്ടം കൊടുക്കണം എന്നായിരുന്നു ഏർപ്പാടു്. എന്നാൽ ബുദ്ധിമാന്മാരായുള്ളവർ മാത്രം പൊതുവലിൽ പ്രവേശിച്ചാലുടനെതന്നെ അതിനെ തങ്ങളുടെ പേരിൽ പതിച്ചുകിട്ടുന്നതിനു് അപേക്ഷിച്ചുവന്നു. ഈ പതിവു സാധുക്കൾക്കു വളരെ ദ്രോണപ്രദമായിരുന്നു. പൊതുവലുകളെ ലേലത്തിൽ വിളിക്കുന്നപക്ഷം പണമുള്ളവർ പിടിച്ചുകൊണ്ടു പോകാനേ ഇടയുണ്ടാകുമായിരുന്നുള്ളു. എന്നാൽ, 1063-ലെ ഭരണറിപ്പോർട്ടിനെപ്പററിയുള്ള വിമർശനത്തിൽ റസിഡണ്ടു് ഇപ്രകാരം പ്രസ്താവിക്കുണ്ടായി.

"സർവ്വകതരിശുഭൂമികളിൽ രഹസ്യമായി പ്രവേശിച്ചു് കെട്ടിടവും മറും വച്ചു കരമൊന്നും കൊടുക്കാതെ അനുഭവിക്കുന്നതിനു് ആളുകൾക്കു മൌനാനുവാദം നല്കപ്പെട്ടിരിക്കുന്നു. ഭാവിയിൽ വളരെ വിലയുണ്ടാകാവുന്ന വനപ്രദേശങ്ങൾ ഇങ്ങനെ വെട്ടിത്തെളിക്കുന്നതിനും സർക്കാരിൽനിന്നു് അവശ്യം സംരക്ഷിക്കേണ്ട ഭൂഭാഗങ്ങളിൽ ക്രമമായി പ്രവേശിച്ചു് അവയെ കൈവശപ്പെടുത്തുന്നതിനും അനുവദിച്ചിരിക്കുന്നു. ഈ സമ്പ്രദായം ഉടനടി നിർത്തേണ്ടതാണു്.....
.....

ഭൂമിയെ ലേലത്തിൽ വിളിക്കേണ്ട ആവശ്യമില്ല; എന്നാൽ ഭൂമിയിൽ പ്രവേശിക്കുന്നതിനു മുമ്പു് അങ്ങനെ ചെയ്യാൻ ആഗ്രഹിക്കുന്നയാൾ അപേക്ഷ അയയ്ക്കേണ്ടതും, അനുവാദം നല്കുന്ന വിഷയത്തിൽ വല്ല ആക്ഷേപവും ഉണ്ടോ എന്നു റവന്യൂ ഉദ്യോഗസ്ഥന്മാർ നിർണ്ണയിക്കേണ്ടതും ആകുന്നു."

മദ്രാസു ഗവണ്മെന്റും റസിഡണ്ടിനോടു യോജിച്ചു. അതിനാൽ അതേ 1067-ലെ രണ്ടാംറഗുലേഷൻ നടപ്പാക്കിയതും. എന്നാൽ ആ ചട്ടത്തിന്റെ പ്രവർത്തനത്തിൽ ചില ന്യൂനതകൾ ഉണ്ടെന്നു കാണപ്പെടുകയാൽ, 1075-ലെ ഒന്നാംറഗുലേഷനും 1085-ലെ രണ്ടാംറഗുലേഷനും അവയെ പരിഹരിക്കാൻ ശ്രമിച്ചു. എന്നിട്ടും ചില ന്യൂനതകൾ കാണപ്പെടുകയാലത്രേ 1091-ലെ നാലാംറഗുലേഷൻ നടപ്പാക്കപ്പെട്ടതു്. പ്രസ്തുത നിയമത്താൽ,

1. "ആരെക്കിലും, അവകാശപ്പെട്ടതായി കാണപ്പെടാത്ത വസ്തുക്കൾ എല്ലാം സർക്കാർഭൂമിയായി ഗണിക്കപ്പെടുന്നു.

2. നിരുത്തൽതുടങ്ങിയ ഭൂമികളും സർക്കാരിലേക്കു് ഏതെങ്കിലും കാരണത്താൽ കണ്ടുകെട്ടപ്പെട്ട വസ്തുക്കളും സർക്കാർഭൂമി തന്നെ.

3. കുടിയാനവന്മാരുടെ വസ്തുക്കൾക്കുള്ളിൽ സാമുദായികാവശ്യങ്ങൾക്കായി പ്രത്യേകം ഒഴിച്ചിടപ്പെട്ടവയോ ഉപയോഗപ്പെടുത്തിവരുന്നവയോ ആയ ഭൂമികളും പുറമ്പോക്കുകളായി ഗണിക്കപ്പെടുന്നു.

4. ഏതെങ്കിലും സർക്കാർഭൂമിയെ പുറമ്പോക്കായി പ്രഖ്യാപനംചെയ്യാൻ സർക്കാരിനു് അധികാരമുണ്ടു്.

5. അനധികൃതമായ വസ്തു കൈവശപ്പെടുത്തലിന്മേൽ നടവടിനടത്തി, അങ്ങനെ ചെയ്യുന്നവരിൽ നിന്നു പിഴ ഈടാക്കാൻ ദിവാൻപേഷ്കാർക്കു് അധികാരം ഉണ്ടു്.

6. സർക്കാർവസ്തുവിലോ പുറമ്പോക്കിലോ പ്രവേശിച്ചു വരിൽനിന്നു കൈവശക്കാലത്തേയ്ക്കുള്ള കുടിശികയോ പിഴയോ ഈടാക്കി അവരെ വസ്തുവിൽനിന്നു ദിവാൻപേഷ്കാർക്കു് ഒഴിക്കാവുന്നതാകുന്നു."

ഇതുപോലെ മറ്റു പല അധികാരങ്ങളും ദിവാൻപേഷ്കാക്ക് നല്കി.

1092-ലെ 2-ാംറഗുലേഷൻ തിരുവിതാംകോട്ടെ ഇൻഡ്യൻ ക്രിസ്ത്യാനികളുടെ ഇടയിൽ മരണശാസനം എഴുതിവയ്ക്കാതെ മരിക്കുന്നവരുടെ സ്വത്തിനുള്ള പിന്തുടർച്ചാവകാശത്തെ സംബന്ധിക്കുന്ന ചട്ടങ്ങളെ ഏകീകരിക്കയും നന്നാക്കുകയും ചെയ്തു.

ലാൻഡ് റിക്കർട്ടസംരക്ഷണം.

ലാൻഡുറിക്കാർട്ട സംരക്ഷണരീതിയെ 1090-ൽ അമൂലാഗ്രം പരിഷ്കരിച്ചു ചില ചട്ടങ്ങൾ ഏർപ്പെടുത്തി.

പോലീസ് റഗുലേഷൻ.

1090-ലെ മൂന്നാംറഗുലേഷൻപ്രകാരം മുമ്പുണ്ടായിരുന്ന പോലീസ്നിയമങ്ങളിൽ ചില സാരതരങ്ങളായ വ്യത്യാസങ്ങൾ വരുത്തി.

മോട്ടാർ റഗുലേഷൻ.

മോട്ടാർവാഹനങ്ങളെ നിയന്ത്രിക്കുന്നതിലേക്ക 1094-ൽ ഒരു പുതിയ നിയമം നിർമ്മിച്ചു. പതിനെട്ടവയസ്സിൽ കുറവുള്ളവർ വണ്ടി ഓടിക്കയോ ഓടിക്കാൻ അനുവദിക്കയോ ചെയ്ക, മോട്ടാർ അപകടങ്ങളെപ്പറ്റി റിപ്പോർട്ടചെയ്യാതിരിക്കുക, ലൈസൻസുകൂടാതെ വണ്ടി ഓടിക്കുക, ഒരാൾക്കുള്ള ലൈസൻസു മറെറാരാൾക്ക കൊടുത്തു അയാളെക്കൊണ്ടു വണ്ടി ഓടിപ്പിക്ക, ഉദാസീനമായോ അനുവദിച്ചിട്ടുള്ള വേഗത്തിൽ കവിഞ്ഞോ ഓടിക്ക, മജിസ്ട്രേട്ടോ പോലീസുദ്യോഗസ്ഥനോ ആവശ്യപ്പെടുമ്പോൾ ലൈസൻസു കാണിക്കാതിരിക്കുക, മോട്ടാർവാഹനങ്ങൾ രജിസ്ടർചെയ്യാതിരിക്കുക, മുതലായവ ശിക്ഷാർഹമാക്കപ്പെട്ടു. അതേകൊല്ലത്തിൽ ഉണ്ടായ ചിട്ടിനിയമവും ജനങ്ങൾക്ക അത്യന്തം ഗുണപ്രദമായി ഭവിച്ചു.

സിവിൽകോടതികൾ.

1090 ചിങ്ങത്തിൽ കോട്ടയത്തെ ടെമ്പററി രണ്ടാംമുൻസിഫിയുടെ കോടതി പറവൂരേക്ക മാററി. 1087-ൽ നിർത്തലാക്ക

പ്പെട്ട ചെങ്കോട്ട മുൻസിഫ്കോടതി 1090 കംഭം മുതല്പേ പുനഃസ്ഥാപിക്കപ്പെട്ടു.

കുഡിഡിപ്പാർട്ടുമെൻറ്.

ചില കുഡിത്തോട്ടങ്ങളും വളഡിസ്പെൻസാകളും മിസ്റ്റർ ഗുണ്ടുൻ നായരുടെ കാലത്തും പുതിയതായി തുറന്നു. മത്സ്യവ്യവസായവും മത്സ്യസമൃദ്ധിയും പരിശീലിപ്പിക്കാനായി ഒരന്വേഷണപ്പേരും 1091-ൽ തിരിച്ചുവന്നു. കൊച്ചിൻ രാജ്യത്തെ ഫിഷറി ഇൻസ്പെക്ടരായും മറ്റൊരാളെ മത്സ്യവ്യവസായ ഇൻസ്പെക്ടരായും നിയമിച്ചു.

പരസ്പരസഹായ സംഘങ്ങൾ.

മദ്രാസ് പരസ്പരസഹായ സംഘങ്ങളുടെ രജിസ്ട്രാരുടെ കീഴിൽ പരിശീലനാർത്ഥം അയയ്ക്കപ്പെട്ട ശ്രീ. സി. നാരായണപിള്ള ഇക്കൊല്ലം അവസാനത്തിൽ തിരിച്ചുവന്നിട്ട് സംഘപ്രവർത്തനാരംഭം ശ്രമിച്ചതുടങ്ങി. ആകെക്കൂടിനോക്കുമ്പോൾ തിരുവിതാംകൂറിൽ 266 സംഘങ്ങളും 17,237 അംഗങ്ങളും 3,37,321 രൂപ മൂലധനവും ഉണ്ടായതിൽനിന്നു പരസ്പരസഹായതത്വങ്ങൾ ഇന്നാട്ടിൽ വ്യാപകമായി പ്രവർത്തിച്ചുവരുന്നതായി കാണാം.

മരീഡിപ്പാർട്ടുമെൻറ്.

ഈ സംസ്ഥാനത്തെ പ്രധാന വ്യവസായങ്ങളിലൊന്നായ അലപ്പുഴയും, കൊല്ലവും, കൊച്ചിയിലും മറ്റുമുള്ള കയറ്റുമതിക്കച്ചവടക്കാരും തമ്മിൽ നടത്തപ്പെടുന്ന വ്യാപാരമതികൾക്കുവേണ്ടിയും കണക്കുകൾ തയ്യാറാക്കുന്നതിലേക്കു ഒരു മർക്കന്റൈൽ മറൈൻ ഡിപ്പാർട്ടുമെൻറ് ഇതു പ്രഥമമായി സ്ഥാപിച്ചതു 1084-ൽ ആയിരുന്നു. ഉറമ്പുതങ്ങളിൽ സാമാനങ്ങൾ ഇറക്കി സൂക്ഷിക്കുന്ന വിഷയത്തിൽ വേണ്ട സൌകര്യങ്ങൾ ചെയ്തുകൊടുക്കുക, വ്യാപാരികളെ കരയിൽനിന്നു കപ്പലിലേക്കും, കപ്പലിൽനിന്നു കരയ്ക്കും കൊണ്ടുപോകുന്നതിനു വള്ളങ്ങൾ ഏർപ്പെടുത്തുക, അവയുടെ ഗതാഗതത്തെ നിയന്ത്രിക്കുക മുതലായ ജോലികൾ ഈ ഡിപ്പാർട്ടുമെൻറാണ് നിർവ്വഹിച്ചുവന്നതു്. നാവികന്മാരുടെ സഹായാർത്ഥം 1087-ൽ അലപ്പുഴ ഒരു ദീപസ്തംഭവും സ്ഥാപിക്കപ്പെട്ടിരുന്നു.

കൂറേക്കാലമായി ഇറമുഖങ്ങളെ വികസിപ്പിക്കുന്ന വിഷയത്തിൽ സർക്കാരിന്റെ ശ്രദ്ധ പതിഞ്ഞുകൊണ്ടാണിരുന്നതു്. അലപ്പുഴത്തുറമുഖത്തെ നാവികവൃത്തി പരിചയിപ്പിട്ടുള്ള ഒരു യൂറോപ്യൻപോട്ട് ആഫീസരുടെ കീഴിലാക്കുന്നതിനു 1090-ൽ നിശ്ചയിച്ചു. അതിൻപ്രകാരം ലഫ്ടനൻറു കമാൻഡർ ഡബ്ളിയൂ. എൻ. കെല്ലി എന്ന ആൾ തൽസ്ഥാനത്തു നിയമിക്കപ്പെട്ടു. മറീൻവകുപ്പിനെ അന്നുമുതൽക്കു് എക്സൈസ് വകുപ്പിൽനിന്നു വേർതിരിച്ചു്, അതിനെ ഈ സായ്പിന്റെ മേൽനോട്ടത്തിൽ വിട്ടുകൊടുത്തു.

വിദ്യാഭ്യാസവകുപ്പു്.

ഇംഗ്ലീഷു് സ്കൂളിൽ ഒന്നുമുതൽക്കു് 6-ാംഫാറംവരെ ഉള്ള ക്ലാസുകളിൽ ഗ്രാഡ്വേറ്റുകൾ അണ്ടർ അദ്ധ്യാപകന്മാരായി നിയമിക്കപ്പെട്ടുവന്നതു്. അവരിൽ പലർക്കും മലയാളഭാഷ പരിചയം ഇല്ലാതിരുന്നതുകൊണ്ടു നല്ല ഭാഷാപരിജ്ഞാനമുള്ള അണ്ടർഗ്രാഡ്വേറ്റുകളെ നിയമിച്ചാൽ മതിയെന്നു തീർച്ചപ്പെടുത്തി. പ്രൈവറ്റു സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ ശ്രേയസ്സിനെ ഉദ്ദേശിച്ചു് ഒരു പ്രാവിഡൻറുഫണ്ടു് ഏർപ്പെടുത്തുന്നതിനെപ്പറ്റി ആലോചിപ്പാനായി ഒരു കമ്മിറ്റി ഏർപ്പെടുത്തിയിരുന്നു. ആ കമ്മിറ്റിയുടെ റിപ്പോർട്ടിനെപ്പറ്റി പഠിച്ചാലോചിപ്പാനായി, ഹൈസ്കൂൾ മാനേജരന്മാരും ഡയറക്ടരും ചേർന്നു് ഒരു കൂടിയാലോചന നടത്തി. 1091-ൽ പ്രസ്തുതഫണ്ടിനെ സംബന്ധിച്ചു ചട്ടങ്ങൾ നടപ്പിൽവന്നു. അതേകൊല്ലത്തിൽതന്നെ ഒരു ഡിപ്യൂട്ടി ഡയറക്ടരെ നിയമിച്ചിട്ടു് എലിമെൻററിസ്കൂളുകളുടെ മേൽനോട്ടം അദ്ദേഹത്തിനു വിട്ടുകൊടുത്തു. റെയിഞ്ചുകളുടെ സംഖ്യ മുന്നിൽനിന്നു രണ്ടായി കുറച്ചു.

മോവർഗ്രേഡ് ററീച്ചേഴ്സ് സർട്ടിഫിക്കറ്റ് പരീക്ഷയ്ക്കു രണ്ടുകൊല്ലത്തെ പരിശീലനം വേണമെന്നാണു് വച്ചിരുന്നതു്. മേലാൽ ഒരുകൊല്ലത്തെ പരിശീലനം മതിയെന്നു ഗവണ്മെൻറു 1090-ൽ നിശ്ചയിച്ചു. വീ. എച്ചു്. പരീക്ഷയും അക്കൊല്ലത്തിൽതന്നെ വീണ്ടും തുടങ്ങി. എന്നാൽ മലയാളം കണക്കു് എന്നീ വിഷയങ്ങൾമാത്രം പഠിപ്പിച്ചാൽ മതിയെന്ന വ്യവസ്ഥ

ചെയ്തു. ഹയർഗ്രേഡ് എലിമെൻറ റി സ്കൂളുകളിൽ സംസ്കൃതമുൻഷിമാരെ തെരഞ്ഞെടുക്കുന്നതിലേക്ക് ഒരു പ്രത്യേകപരീക്ഷയും ഇക്കൊല്ലംമുതൽക്കു നടത്തിത്തുടങ്ങി. 1091 മുതൽക്കു് ഇംഗ്ലീഷ്സ്കൂളുകൾ രണ്ടാംഫാറംവരെയുള്ള ക്ലാസുകളിൽ ഇംഗ്ലീഷുഭാഷാഭ്യസനം ഒഴിച്ചുള്ളതെല്ലാം മലയാളത്തിൽ നടത്തണമെന്നു വ്യവസ്ഥചെയ്തു. പുതിയതായി മലയാളം ഹയർഗ്രേഡ് ററീച്ചേഴ്സ് സർട്ടിഫിക്കറ് പരീക്ഷ നടപ്പിലാക്കിയതും അക്കൊല്ലത്തിലായിരുന്നു. ടെയിനിങ്ങ് സ്കൂളുകളെ എലിമെൻറ റിസ്കൂളുകളുമായി യോജിപ്പിച്ചു് അവയുടെ ഹെഡ്മാസ്റ്റർമാരായി ചുൽ. ററി. ഖിതുദ്ധാരികളെ നിയമിക്കാൻ ഏർപ്പാടുചെയ്യുകയും ഉണ്ടായി.

തെക്കൻതിരുവിതാംകൂറിൽ തമിഴ്വിദ്യാഭ്യാസത്തിനു സൌകര്യം വർദ്ധനതിലേക്കും ചില വ്യവസ്ഥകൾ ചെയ്തു. തോവാള, അഗസ്തീശ്വരം, ചെങ്കോട്ട എന്നീ താലൂക്കുകളിലെ സ്കൂളുകളിൽ ആദ്യത്തെ രണ്ടു ക്ലാസുകളിലും മലയാളവും തമിഴും പഠിപ്പിക്കണമെന്നും എന്നാൽ മൂന്നും നാലും ക്ലാസുകളിൽ അതാതു ദേശങ്ങളിലെ ആവശ്യമനുസരിച്ചു മലയാളമോ തമിഴോ ഏതെങ്കിലും ഒന്നു പഠിപ്പിച്ചാൽ മതിയെന്നും, എലിമെൻറ റി സ്കൂൾലീവിംഗ് പരീക്ഷയ്ക്കു തമിഴ്നിർബന്ധിതമായി എടുക്കുന്ന വിദ്യാർത്ഥികൾക്കു മലയാളം ഐച്ഛികവിഷയമാക്കണമെന്നും നിശ്ചയിച്ചു.

തിരുവനന്തപുരത്തെ സംസ്കൃതപാഠശാല ഒരു കോളേജാക്കിയതും മി. കുഞ്ഞൻനായരായിരുന്നു. 1090 മുതലാണ് പ്രസ്തുതകോളേജു് ഡയറക്ടരുടെ കീഴിലായി.

കോഡിൽ ചില ഭേദഗതികളും അദ്ദേഹം വരുത്തുകയുണ്ടായി.

ജിയാളജിക്കൽ ഡിപ്പാർട്ടുമെൻറു്.

സംസ്ഥാനത്തെ രണ്ടു ജീയാളജിക്കൽ ഡിവിഷനുകളിൽ ഒന്നിനെ 1090-ൽ നിർത്തലാക്കി.

ആയുർവേദപാഠശാല.

ആയുർവേദപാഠശാലയെ കോട്ടയ്ക്കത്തുനിന്നു മാറ്റിയിട്ടു് അതിൽ എല്ലാ ജാതിക്കാർക്കും പ്രവേശനം നല്കി.

നിയമസഭാപരിഷ്കാരം.

1063-ൽ നിയമസഭ സ്ഥാപിക്കപ്പെട്ടപ്പോൾ അഞ്ചു മുതൽ എട്ടുവരെ അംഗങ്ങളുണ്ടായിരിക്കാമെന്നായിരുന്നു വ്യവസ്ഥ. അവരിൽ 2 പേർ അനുദ്യോഗസ്ഥന്മാരായിരിക്കണമെന്നു നിർബന്ധമായിരുന്നുവെങ്കിലും അവരെ സർക്കാരിൽ നിന്നാണു തെരഞ്ഞെടുത്തുവന്നത്. സഭയ്ക്കു നിയമനിർമ്മാണം സംബന്ധിച്ചല്ലാതെ മറെറാരു അധികാരവും ഉണ്ടായിരുന്നില്ല. എന്നാൽ എല്ലാ അംഗങ്ങൾക്കും സ്വതന്ത്രമായി വാദപ്രതിവാദം ചെയ്യുന്നതിനും വോട്ടു ചെയ്യുന്നതിനും അധികാരം നല്കിയിരുന്നു. 1073-ലെ റഗുലേഷനാൽ അംഗങ്ങളുടെ സംഖ്യ പതിനൊന്നു മുതൽ പതിനഞ്ചുവരെ ആകാമെന്നും എന്നാൽ അഞ്ചിൽ രണ്ടു ഭാഗം അനുദ്യോഗസ്ഥന്മാരായിരിക്കണമെന്നും നിശ്ചയിച്ചു. പക്ഷേ പൊതു റവന്യൂവിനെ സ്പർശിച്ചേക്കാവുന്ന എല്ലാ ബില്ലുകൾക്കും ദിവാൻജിയുടെ അനുമതി നേരത്തെ ലഭിച്ചിരിക്കേണമെന്നുണ്ടായിരുന്നു. അനുദ്യോഗസ്ഥാംഗങ്ങളെ ആദ്യമായി ഗവൺമെൻറുതന്നെ തെരഞ്ഞെടുത്തു; പിന്നീട് അവരെ തെരഞ്ഞെടുക്കാൻ പ്രജാസഭയ്ക്ക് അധികാരം നല്കി.

1905-ലെ ഒന്നാം റഗുലേഷനാൽ അംഗങ്ങളുടെ സംഖ്യ 25-ആയി വർദ്ധിപ്പിച്ചു; അവരിൽ അനുദ്യോഗസ്ഥാംഗങ്ങൾക്കു കുഷ്ടിച്ചു ഭൂരിഭാഗം സിദ്ധിച്ചു. നേരിട്ട അംഗങ്ങളെ തെരഞ്ഞെടുത്തയയ്ക്കുന്നതിനുള്ള അധികാരവും ജനങ്ങൾക്കു നല്കി. നിയമനിർമ്മാണത്തിനെ സംബന്ധിച്ച് അതിനു മുമ്പുണ്ടായിരുന്ന അധികാരങ്ങൾ ഇപ്പോഴും നല്കുകയുണ്ടായി; എന്നാൽ പ്രസ്തുത റഗുലേഷന്റെ വകുപ്പുകളെ സ്പർശിക്കുന്ന ഒരു നിയമവും പാസ്സാക്കുന്നതിന് അതിന് അധികാരം നല്കിയില്ല. തെരഞ്ഞെടുപ്പധികാരം ഏറക്കുറെ വിസ്തൃതമായ അടിസ്ഥാനത്തിന്മേൽ ഉറപ്പിക്കയും, ഗവണ്മെൻറിനോടു ചില ക്ലിപ്ത വിഷയങ്ങളെ സംബന്ധിച്ചു ചോദ്യങ്ങൾ ചോദിക്കുന്നതിനും ബഡ്ജററിനെപ്പററി നിരൂപണം ചെയ്യുന്നതിനും ചില അധികാരങ്ങൾ കൂട്ടിത്തലായി സഭയ്ക്കു സിദ്ധിക്കയുംചെയ്തു.

ആയുർവേദ ഡിപ്പാർട്ട്മെൻറു.

1065-ൽ ആയുവ്വേദ പാഠശാല സ്ഥാപിക്കുകയും ഏതാ ാം വൈദ്യന്മാക്ക ഗ്രാൻറു നല്കുകയും ചെയ്തുവെങ്കിലും ഇപ്പോൾ നടപ്പിലിരിക്കുന്ന ആയുവ്വേദഡിപ്പാർട്ടുമെൻറു സ്ഥാപിച്ചതു മി. കൃഷ്ണൻനായരായിരുന്നു. തിരുവനന്തപുരത്തു് ഒരു് ആയുവ്വേദ ഡിസ്പെൻസറിയും ഒരാശുപത്രിയും സ്ഥാപിക്കയും; ആയുവ്വേദപാഠ ശാലയിലെ പാഠപദ്ധതി പരിഷ്കരിക്കയും ചെയ്തു.

മി. കൃഷ്ണൻനായർ ഉദ്യോഗത്തിൽനിന്നു പിരിഞ്ഞു.

1095 മിഥുനത്തിൽ അദ്ദേഹം പെൻഷൻപറ്റി പിരി ഞ്ഞു. പ്രകൃത്യാ പരമശാന്തനും, സദാചാരനിരതനും, പ്രസന്ന വദനനും സർവോപരി സ്വാമിഭക്തനും ആയിരുന്നതിനാൽ അ ദ്ദേഹം മഹാരാജാ തിരുമനസ്സിലേയും പ്രജാസഞ്ചയത്തിൻറെയും പ്രീതിക്കു് ഒരുപോലെ പാത്രീഭൂതനായി. അദ്ദേഹത്തിൻറെ അഡംബരശൂന്യവും ചാരിത്രമധുരവും ആയ ജീവിതം ഉദ്യോ ഗമണ്ഡലത്തിനു് ഒരു് ഉത്തമ നിദർശനമായു് പരിശോഭിച്ചു. ശാന്തചിത്തനെങ്കിലും യൂറോപ്യൻ ഉദ്യോഗസ്ഥന്മാരോടു വളരെ തൻറേടത്തോടുകൂടിയാണു് അദ്ദേഹം പെരുമാറിയതു്.

അതിവിഷമമായ ഒരു ഘട്ടത്തിലായിരുന്ന അദ്ദേഹം ടിവാൻജിഉദ്യോഗം കൈയേറതു്; ക്ഷീണിച്ചും വിജ്ഞയപൂർവം ഭര ണം നടത്തിയെന്നുള്ളതു് അദ്ദേഹത്തിനു അഭിമാനജനകമാകുന്നു.

തിരുവിതാംകൂർ വിട്ടശേഷം അദ്ദേഹം മദ്രാസിലെ മന്ത്രി സഭയിൽ അംഗമായിത്തീർന്നു. അവിടെയും പൊതുജനസമ്മത നായ മന്ത്രി എന്ന വിശിഷ്ട പദം അദ്ദേഹം സമ്പാദിച്ചിട്ടുണ്ടു്. ആയുരാരോഗ്യ സൌഖ്യത്തോടുകൂടി ഇന്നും അദ്ദേഹം ജീവിക്കുന്നു.

ടിവാൻ രാഘവയ്യാ.

മി. എം. കൃഷ്ണൻനായർ ഉദ്യോഗത്തിൽ നിന്നു പിരിഞ്ഞ ഉടനെ മഹാരാജാവു തിരുമനസ്സുകൊണ്ടു മി. ടി. രാഘവയ്യാ പ ട്ടാലുഗാരുവിനെ ടിവാൻജിയായി നിയമിച്ചു. ബ്രിട്ടീഷിൽ കലക്ടരായിരുന്ന റവന്യൂവകുപ്പിൽ നല്ല പരിചയം സിദ്ധിച്ചി രുന്ന ഒരാളായിരുന്നു അദ്ദേഹം. അതുകൊണ്ടു ഭരണവിഷയക മായി വലിയ ക്ലേശമൊന്നും അദ്ദേഹത്തിനു നേരിട്ടില്ല.

മി. രാഘവയ്യ പന്തലുഗാരു.

പ്രധാനസംഭവങ്ങൾ.

1096 കന്നി മാസത്തിൽ മതിരാശി ഗവണ്ണർ ആയ വിച്ചിങ്ങ്ടൺ പ്രഭുവും പത്നിയും തിരുവിതാംകൂർ സന്ദർശിച്ചു. മഹാരാജാവു തിരുമനസ്സുകൊണ്ടു അവർകളെ യഥോചിതം സ്വീകരിച്ചു. പതിവുപോലുള്ളകൂടിക്കാഴ്ച, വിരുന്നു മുതലായവയും നടന്നു. ഒരുകൊല്ലത്തിൽ തന്നെ മഹാരാജാവു തിരുമനസ്സുകൊണ്ടു ബംഗാളിലേക്ക് എഴുന്നള്ളി ഒരു മാസത്തോളം അവിടെ താമസിക്കയുണ്ടായി. ഈ യാത്രയിൽ അവിടുന്നു, മൈസൂർ രാജാവിനെ സന്ദർശിച്ചു് അദ്ദേഹത്തിന്റെ ബഹുമാനപൂർവമായ അതിഥ്യം സ്വീകരിച്ചു. മിഥുനം 23-ാം നു തിരിച്ചെഴുന്നള്ളി.

1097 മകരത്തിൽ വെയിൽസു രാജകുമാരൻ മദ്രാസിൽ എഴുന്നള്ളിയ അവസരത്തിൽ, മഹാരാജാവു തിരുമനസ്സുകൊണ്ടു അങ്ങോട്ടു് എഴുന്നള്ളി, രാജകുമാരനുമായി കൂടിക്കാഴ്ച നടത്തി. അടുത്ത മാസത്തിൽ കൊച്ചീരാജാവു തിരുവനന്തപുരത്തുവന്നു തിരുമനസ്സിലെ അതിഥിയായി കുറച്ചുദിവസം താമസിച്ചു.

1097 മീനം 9-ാംനു ആറുങ്ങൽ റാണിയുടെ തമ്പുരാൻതിരുമനസ്സിലേക്കു ഒരു പുരുഷസന്താനം ഉണ്ടായി. അടുത്തകൊല്ലത്തിൽ മഹാരാജാവു തിരുമനസ്സുകൊണ്ടു തുപ്പൂണിത്തുറ, തൃശ്ശിവപേരൂർ മുതലായ സ്ഥലങ്ങളിലേക്കു് എഴുന്നള്ളി കൊച്ചീരാജാവിന്റെ ആതിഥ്യം സ്വീകരിച്ചു.

ജാഞ്ജൂവരിക്രുവത്തി 1098ക്കുടകന്തിൽ തിരുമനസ്സിലേക്കു് ആണറി കണ്ണൽ സ്ഥാനം നല്കി.

1099 കന്നി 5-ാംനു മുതല്കു് തിരുവിതാംകൂർ, കൊച്ചീ, പുതുക്കോട്ട, ബംഗാനപ്പള്ളി, ശാന്തൂർ എന്നീ അഞ്ചു രാജ്യങ്ങൾക്കും ഗവണ്ണർ ജനറലുമായി പൊളിറ്റിക്കൽ ഏജന്റുവഴിക്കു നേരിട്ടുള്ള രാഷ്ട്രീയ ബന്ധം ഏടുപ്പിച്ചു. ധനു പതിനഞ്ചാംതീയതി ആറുങ്ങൽ മൂത്ത തമ്പുരാന്റെ പുത്രിയായി ഉത്രംതിരുനാൾ ആറുങ്ങൽ കൊച്ചുതമ്പുരാൻ അവതരിച്ചു.

പരിഷ്കാരങ്ങൾ.

ആദ്യമായി ദിവാൻജിയുടെ ഉദ്ഘടിപതിഞ്ഞതു റവന്യൂവകുപ്പിലായിരുന്നു. ആദായനികുതി വകുപ്പുകൂടി സൃഷ്ടിച്ചു് രണ്ടി

നയും ഒരു കമ്മിഷണരുടെ കീഴിലാക്കി. 1096-ലെ എട്ടാം റഗുലേഷൻ അനുസരിച്ച് ഒരു അടായ നികുതി അഡിറ്ററും മൂന്ന ഇൻസ്പക്ടർമാരും നിയമിക്കപ്പെട്ടു; ലാൻഡ് റവന്യൂകമ്മിഷണർ, ദിവാൻ പേഷ്കാരന്മാർ, ദേവികുളം കമ്മിഷണർ ഡിവിഷൻ അസിസ്റ്റൻറന്മാർ ഇവക്ക് അടായനികുതി കമ്മിഷണരുടെ അധികാരങ്ങൾ നല്കി.

വനംഡിപ്പാർട്ടമെൻറ്.

ഈ വകുപ്പിൽ ചില ചില്ലറ പരിഷ്കാരങ്ങൾ വരുത്തി; കാൺസർവേറരുടെ ആഫീസ് കൊല്ലത്തുനിന്നും തിരുവനന്തപുരത്തേക്കു മാറി.

കൃഷിവായ്പ.

കൃഷിവായ്പ ഏർപ്പാടു നടപ്പിലായിട്ട് ഏതാനും വർഷങ്ങളായിരുന്നിട്ടും പണം കടം വാങ്ങാൻ ജനങ്ങൾക്കു പലേ പ്രതിബന്ധങ്ങൾ ഉണ്ടായിരുന്നു. അവയെ പരിഹരിക്കാനായി കൃഷിവായ്പറഗുലേഷനിൽ ചില ഭേദഗതികൾ വരുത്തി.

അഞ്ചൽവകുപ്പ്.

അഞ്ചൽ വകുപ്പിനെ പരിഷ്കരിക്കയും അഞ്ചൽ കൂലിക്കാളുടെ നിരക്ക് അല്പം വർദ്ധിപ്പിക്കയും ചെയ്തു.

പരസ്പരസഹായം.

പരസ്പരസഹായസംഘങ്ങളുടെ സംഖ്യ ഉത്തരോത്തരം വർദ്ധിച്ചുകൊണ്ടേ ഇരുന്നു. അതിനാൽ ഈ വകുപ്പിനെ കാലാനുരൂപമായ വിധത്തിൽ പരിഷ്കരിക്കയും പുതിയ ചട്ടങ്ങൾ ഉണ്ടാക്കയും ഉദ്യോഗസ്ഥന്മാരുടെ സംഖ്യ വർദ്ധിപ്പിക്കയും ചെയ്തു. മി. രാമവയ്യ ദിവാൻജിയായ കാലം മുതല്ക്കു അഞ്ചു കൊല്ലത്തിനുള്ളിൽ പരസ്പരസഹായ സംഘങ്ങൾക്കുണ്ടായ വളർച്ച താഴെ കാണിക്കുന്നു.

	അംഗങ്ങൾ	മൂലധനം,	റിസർവ് ഫണ്ട്
1096	17,237	3,37,321	23,793
1097	21,382	4,16,134	33,646
1098	29,761	5,61,217	49,482
1099	46,168	8,33,117	68,404
1100	74,076	16,72,659	1,56,770

കൂട്ടുകുടുംബനികർം.

1092 തുലാം ഒന്നാം തീയതി ജായിൻറ് സ്റ്റാക്കുകമ്പനികളുടെ നടത്തിപ്പിനെ നിയന്ത്രിപ്പാനായി ഒരു റഗ്ലുലേഷൻ നടപ്പിൽ വരുത്തിയിട്ട് തത്സംബന്ധമായി 1062-ൽ ഉണ്ടായ റഗ്ലുലേഷന്റെ ന്യൂനതകളെ പരിഹരിച്ചു.

ക്ഷാമബത്തയും ശമ്പളക്കമ്മിറ്റിയും.

സാമാനങ്ങർക്കു് അസാമാന്യമായ വിലവർദ്ധനയുണ്ടായതുകയാൽ, 50 രൂപവരെ ശമ്പളമുള്ള എല്ലാ സർക്കാർ ഉദ്യോഗസ്ഥന്മാർക്കും ക്ഷാമബത്ത നല്കി. പൊതുവേ ശമ്പളക്കൂടുതൽ നല്കുന്നതിനെപ്പറ്റി അന്വേഷണം നടത്തുന്നതിനു് ഒരു 'ശമ്പളക്കമ്മിറ്റി' ഏർപ്പെടുത്തിയിട്ടു്, അവരുടെ നിർദ്ദേശാനുസാരം എല്ലാ ജീവനക്കാർക്കും ശമ്പളം വർദ്ധിച്ചു.

റവന്യൂ ദേവസ്വവിഭജനം.

1097-ലെ ദേവസ്വവിളംബരം അനുസരിച്ചു് 1098 ചിങ്ങം ഒന്നാംതീയതി മുതല്ക്കു ദേവസ്വത്തെ റവന്യൂത്തുറയിൽ നിന്നു വിടുത്തി ദേവസ്വം കമ്മിഷണരുടെ കീഴിൽ ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറാക്കി. കുറെക്കാലമായി ക്രൈസ്തവസമുദായം ഈഴവാദികളോടു സഹകരിച്ചു പൌരസ്വമതപത്തിനായി പ്രക്ഷോഭണം നടത്തിക്കൊണ്ടിരിക്കുന്നു. ദേവസ്വം തുറയും റവന്യൂത്തുറയും ഒന്നായിരിക്കുന്നിടത്തോളം കാലം അവർക്കു റവന്യൂ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗങ്ങർ ലഭിക്കുന്നതിനു സൌകര്യമില്ലാതെയാണിരുന്നതു്. ആ ന്യൂനതയെ പരിഹരിക്കുന്നതിലേക്കു വേണ്ടി ദേവസ്വത്തെ ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറായി തിരിച്ചു. ശ്രീപത്മനാഭസ്വാമിക്ഷേത്രം, അരുശാല, പേർസണൽ ഡിപ്പാസിറ്റ്, ക്ഷേത്രങ്ങർ മുതലായവയും അവയെ സംബന്ധിച്ചു വസ്തുക്കളും ഒഴിച്ചുള്ള ക്ഷേത്രങ്ങളും ഉൾപ്പെടെ ദക്ഷിണ മുതലായവയും ദേവസ്വം ഡിപ്പാർട്ടുമെൻറിന്റെ കീഴിലാക്കി. ദേവസ്വങ്ങളെ മേജർ, മൈനർ, പെറ്റി എന്നു മൂന്നായി തരംതിരിച്ചു. പ്രതിവർഷം 1000 രൂപായിൽ കവിഞ്ഞു ചെലവുള്ള ക്ഷേത്രങ്ങർ എല്ലാം മേജർദേവസ്വങ്ങളും 100

രൂപയ്ക്കും 1000 രൂപയ്ക്കും മദ്ധ്യേ പെലവുവരുന്ന ദേവസ്വങ്ങൾ മൈനർദേവസ്വങ്ങളും ശേഷമുള്ളവ പെറിദേവസ്വങ്ങളുമായി. ഭൂനികുതിയുടെ ഒരു ക്ലിപ്തമായ അംശം ദേവസ്വത്തിലേക്കു വിട്ടുകൊടുത്തു. ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണത്തിനായി ദേവസ്വം മരാമത്തും ഏർപ്പെടുത്തി.

ഫീസുവർദ്ധനയും വിദ്യാർത്ഥിബഹളവും.

ഇംഗ്ലീഷുസ്കൂളുകളിൽ പെട്ടെന്നു ഫീസു് വർദ്ധിപ്പിച്ചതിനേ സംബന്ധിച്ചു പൊതുജനങ്ങളുടെ ഇടയിൽ അല്പം ക്ഷോഭമുണ്ടായി. ആ ക്ഷോഭം വിദ്യാർത്ഥികളുടെ ഇടയ്ക്കു സംക്രമിച്ചതോടുകൂടി, മിക്ക സ്ഥലങ്ങളിലും വിദ്യാലയംവിട്ടു കുട്ടികൾ ഇറങ്ങിപ്പോയി. തിരുവനന്തപുരത്തു തത്സംബന്ധമായി ചില ലഹളകൾ ഉണ്ടായെങ്കിലും അന്നത്തേപോലീസു കമ്മീഷണരുടെ സാമർത്ഥ്യത്താൽ വലിയ കുഴപ്പംകൂടാതെ ഇരിക്കുവേയാണു്, വിദ്യാർത്ഥിസംഘത്തോടു സഹകരിച്ചു ചില അദ്ധ്യാപകന്മാർ കല്ലേറുമുതലായവ നടത്തി സമാധാനഭംഗം വരുത്തിയതു്. അതിശാന്തന്മാരുടെ ക്ഷമപോലും അസ്തമിച്ചുപോകുമാറു നടത്തപ്പെട്ട കല്ലേറിൽ മാസ്റ്റർ പിറ്റിന്റെ താടിക്കു മുറിവുപറ്റീട്ടും അദ്ദേഹം അക്ഷുബ്ധനായിത്തന്നെ വർത്തിച്ചു; എന്നാൽ അതിനിടയ്ക്കു പോലീസ് ഒസെന്ന്യം ഇടപ്പെട്ടു്, വിദ്യാർത്ഥികളെ പിരിച്ചുവിടാൻ ശ്രമിക്കവേ പലർക്കും പരുക്കുപറ്റുകയുണ്ടായി. ഈ സംഭവം പ്രക്ഷോഭകന്മാർക്കു നല്ല ഒരു് അവസരംനല്കി. എന്നാൽ മി. രാമവർമ്മയുടെ ശ്രമഫലമായി ബാഹളമെല്ലാം അചിരേണ അസ്തമിച്ചു. ഫീസുനിരക്കു് അടുത്തകൊല്ലംമുതൽക്കു ട്രിട്ടിയാൽ മതിയെന്നും നിശ്ചയിച്ചു.

വിദ്യാഭ്യാസവകുപ്പു്.

തിരുവനന്തപുരത്തെ രാജകീയകാളേജിനെ സയൻസ് കാളേജെന്നും, ആർട്ട്സ് കാളേജ് എന്നും രണ്ടായി വിഭജിച്ചു്, കലാവിഭാഗത്തെ തെക്കോട്ടേയ്ക്കുമാറ്റി. വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്ന സമുദായങ്ങൾക്കു ചില ഫീസ് ഒഴിവുകൾ ഏർപ്പെടുത്തി. സംസ്കൃതകാളേജിലെ പാഠപദ്ധതി

പരിഷ്ക്കരിക്കയും, പണ്ഡിതന്മാക്ക് 40 മുതൽ 70 വരെയും: 70 മുതൽ നൂറുവരെയും ശമ്പളക്രമം അനുവദിക്കയുംചെയ്തു. തിരുവിതാംകൂറിൽ ഒരു സർവകലാശാല സ്ഥാപിക്കുന്നതിനെപ്പറ്റി ആലോചിപ്പാനായി സുപ്രസിദ്ധ വിദ്യാഭ്യാസപ്രവർത്തകനും പണ്ഡിതാഗ്രണിയും ആയ മിസ്റ്റർ കെ. വീ. രംഗസ്വാമി അയ്യങ്കാർ അവർകളുടെ അദ്ധ്യക്ഷത്തിൽ ഒരു കമ്മിറ്റിയെ നിയമിച്ചു. എന്നാൽ ഈ കമ്മിറ്റി തയ്യാറാക്കിയ വിദഗ്ദ്ധ റിപ്പോർട്ടനുസരിച്ചുള്ള വല്ലതൊന്നും പ്രവർത്തിക്കയുണ്ടായില്ല.

നിയമസഭാപരിഷ്കാരം.

1097-ലെ രണ്ടാംറിപ്പബ്ലിക്കേഷൻവഴിക്ക് നിയമസഭയെ പരിഷ്ക്കരിച്ചു. അംഗങ്ങളുടെ സംഖ്യയെ 25-ൽനിന്നു് അമ്പതാക്കി; അവരിൽ 28 പേർ തെരഞ്ഞെടുക്കപ്പെടുന്നവരും; 22 പേർ സർക്കാരിൽനിന്നു നിയമിക്കപ്പെടുന്നവരും ആയിരിക്കണമെന്നും, അപ്രകാരം നിയമിക്കപ്പെടുന്നവരിൽതന്നെ 7 പേർ അനുദ്യോഗസ്ഥന്മാരായിരിക്കണമെന്നും വ്യവസ്ഥചെയ്തു. ദിവാൻ സഭയുടെ സ്ഥിരാദ്ധ്യക്ഷനായിരിക്കും; എന്നാൽ അദ്ദേഹത്തിനു് ഉദ്യോഗസ്ഥന്മാരിൽനിന്നോ അനുദ്യോഗസ്ഥന്മാരിൽനിന്നോ ഒരാളെ ഡിപ്യൂട്ടിപ്രസിഡണ്ടായി നിയമിക്കാൻ അധികാരമുണ്ടായിരിക്കും. സഭയ്ക്കു ബഡ്ജറ്റിനെപ്പറ്റി വോട്ടുചെയ്യാനും നിശ്ചയങ്ങൾ പാസ്സാക്കാനും, ചോദ്യങ്ങൾചോദിപ്പാനും അധികാരംസിദ്ധിച്ചു. ബഡ്ജറ്റു വാദത്തിനിടയിൽ ടോക്കൺമോഷൻവഴിക്കു സർക്കാരിന്റെ നയങ്ങളേയും മറ്റുംപറ്റി വിമർശിക്കാൻ അംഗങ്ങൾക്കു് ഈ നിയമത്താൽ സാധിക്കുമായി. അഞ്ചുരൂപയിൽ കുറയാത്ത കരം ഒടുക്കുള്ളവർക്കെല്ലാം വോട്ടവകാശം നല്കി; തിരുവനന്തപുരം മുനിസിപ്പാലിറ്റിയിൽമാത്രം ഒരു രൂപ കരമോ ആദായനികുതിയോ കൊടുക്കുന്നവരെയെല്ലാം നിയോജകന്മാരാക്കി. ബി. ഏ. ബിരുദധാരികൾക്കും നായർ ബ്രിഗേഡിലെ പെൻഷൻ ഉദ്യോഗസ്ഥന്മാർക്കും എല്ലാ സ്ഥലങ്ങളിലും വോട്ടവകാശം സിദ്ധിച്ചു. സ്ത്രീകൾക്കും വോട്ടവകാശം നല്കി എന്നുള്ളതാണു് ഈ റിഫ്രോമിനെപ്പറ്റി വിശേഷവിധിയായി പറയാനുള്ള മറെറാരുകാര്യം.

സിവിൽക്കോടതികൾ.

1097-ൽ സിവിൽക്കോടതിച്ചട്ടങ്ങളിലും പലഭേദഗതികൾ വരുത്തി.

വെള്ളപ്പൊക്കം.

1097 കർക്കടകത്തിൽ തിരുവിതാംകൂറിന്റെ മിക്കഭാഗങ്ങളിലും വലിയ വെള്ളപ്പൊക്കമുണ്ടായി. ഇതിനുമുമ്പിൽ ഇങ്ങനെ ഒരു ജലപ്രളയം ഉണ്ടായിട്ടേ ഇല്ല. തന്നിമിത്തം കുട്ടനാട്ടിലും മറ്റും ഉള്ള ജനങ്ങൾ തങ്ങളുടെ സർവ്വസ്വവും ഉപേക്ഷിച്ചു കടൽത്തീരങ്ങളിൽപോയി അഭയം പ്രാപിക്കേണ്ടിവന്നു. വിളവുകൾ, കന്നുകാലികൾ, ഗൃഹങ്ങൾ മുതലായവയ്ക്കു വലിയ നാശം സംഭവിച്ചു. സമ്പന്നന്മാരും ദരിദ്രജനങ്ങളോടൊപ്പം പട്ടിണി കിടക്കേണ്ടി എന്ന ശോചനീയ സ്ഥിതിയെ പ്രാപിച്ചു. രാഷ്ട്രവസ്തുക്കളുടെ നാശവും ജനങ്ങളും ഈ സാധുക്കളുടെ സങ്കടപരിഹാരാർത്ഥം കഴിയുന്ന സഹായങ്ങൾ എല്ലാം ചെയ്തു. നശിച്ചുപോയ ഗ്രാമങ്ങളുടെ പുനരുദ്ധാരണാർത്ഥം സർക്കാർ വലിയ സംഖ്യകൾ അനുവദിച്ചുകൊടുത്തു.

ഈ മഹാ ജലപ്രളയവും ധാരമുറിയാതെ ചൊരിഞ്ഞുകൊണ്ടിരുന്ന വർഷധാരയും ഒരു മഹാവിപത്തിന്റെ സൂചനകൾ മാത്രമേ ആയിരുന്നുള്ളൂ. എന്തുകൊണ്ടെന്നാൽ പ്രജകളുടെ പിതാവു് എന്നു് അന്വർത്ഥനാമാവായ ശ്രീമൂലംതിരുനാൾ രാജശ്രീ ഏതാനുംദിവസത്തെ അലസ്യത്തിനുശേഷം 1099 കർക്കടകം 23-ാംനു രാത്രി 11ര മണിക്കു നാടുനീങ്ങി. ജനങ്ങൾ ഇടവിടാതെപെയ്തുകൊണ്ടിരുന്ന മഴയെല്ലാം ഏറുകൊണ്ടു് തെക്കേക്കോട്ടവാതുക്കൽ കാത്തുകിടന്നിരുന്നു. ഈ സംഭവം അറിഞ്ഞമാത്രയിൽ അപരിമിതമായ ദുഃഖം അനുഭവിച്ചു വിലാപം നടത്തിക്കൊണ്ടു് ആ പ്രദേശമെല്ലാം മുഖരിതമായി. കാർത്തിക തിരുനാൾതമ്പുരാന്റെ കാലശേഷം ഇത്ര ദീർഘകാലംമറ്റൊരു തമ്പുരാനും നാടുവാണിട്ടില്ല. അനൗദ്ധത്യം, അഹിംസ; ക്ഷാന്തി, കൃത്യനിഷ്ഠ, ആശ്രിതവാത്സല്യം, കാരുണാർദ്രചിത്തത, മഹാമനസ്കത, നീതിനിഷ്ഠ, പ്രജാവാത്സല്യം, തീവ്രമായ ഈശ്വരഭക്തി മുതലായ വിശിഷ്ടഗുണങ്ങൾക്കു അവിടുന്നു വിള

നിലമായിരുന്നു. ഭരണവിഷയകമായി ഈ വിപുലജ്ഞാനമുള്ള വർ നന്നേ ചുരുക്കമായിരുന്നു. അതിസമർത്ഥന്മാരായ മന്ത്രിവര്യന്മാരെപ്പോലും തിരുമനസ്സിലെ നിശിതമായ യുക്തിവാദം അസ്തപ്രജ്ഞരാക്കിയിട്ടുണ്ട്.

അവിടുത്തേക്കു മുഖസ്തുതിയിൽ ലേശംപോലും പ്രീതിയില്ലായിരുന്നു. കാലത്തു നാലരമണിക്ക് ഉണർന്നു ദന്തശോധനം മുതലായതുനടത്തി, ശ്രീകൃഷ്ണവിലാസം കൊട്ടാരത്തിൽ വച്ചിരിക്കുന്ന തിരുമനസ്സിലെ അമ്മതമ്പുരാൻ തിരുമനസ്സിലെ പടത്തിനെ വന്ദിച്ചിട്ട് അഞ്ചരമണിയോടെ രംഗവിലാസം കൊട്ടാരത്തിൽ എഴുന്നള്ളി തിരുമുഖം കാണ്മാൻ വന്നിട്ടുള്ള ഉദ്യോഗസ്ഥന്മാരുദ്യോഗസ്ഥന്മാരെ കാണും. പിന്നീട് കടവിലെഴുന്നള്ളി നീരാട്ടുകഴിയും ജപവുംകഴിച്ചു തേവാരപ്പുരയിൽ എഴുന്നള്ളി വന്ദിച്ചു്, ക്ഷീരം മുതലായതു് ഉണ്ടെങ്കിൽ അതുകളുംകഴിച്ചു്, എട്ടരമണിയോടെ ശ്രീപദ്മനാഭകോവിലിൽ എഴുന്നള്ളും. അവിടെ സ്വാമിദർശനം കഴിച്ചിട്ട്പുത്തൻമാളികയിൽ എഴുന്നള്ളിനാട്ടു. നീങ്ങിയ മഹാരാജാക്കന്മാരുടെ പടങ്ങളെ വന്ദിച്ചിട്ട്, അമൃതേത്തിനു് എഴുന്നള്ളും. ഒമ്പതരമണിയോടെ അമൃതേത്തുകഴിഞ്ഞു് രംഗവിലാസം കൊട്ടാരത്തിൽ എഴുന്നള്ളി സ്വല്പം വിശ്രമിക്കും. പത്തുമണിമുതൽ പന്ത്രണ്ടുമണിവരെ സർവ്വാധികാര്യക്കാരുടെ വിളിപ്പോർട്ടുകേൾക്കയും ഉദ്യോഗസ്ഥന്മാരുദ്യോഗസ്ഥന്മാരെ കാണുകയുമായിരിക്കും. പന്ത്രണ്ടുമണി കഴിഞ്ഞാൽ സ്വല്പമായ ഒരു നിദ്രയുണ്ടു്. അരമണിക്കൂർ ഔദ്യോഗികജോലിയിലും പത്രവായനയിലും പുസ്തകപാരായണത്തിലും ആയിട്ടു നാലുമണിവരെ കഴിക്കും. ഇടയ്ക്കു രണ്ടുമണിക്കു കാപ്പി അമൃതേത്തുണ്ടാവും. നാലേകാൽമണിക്കു സവാരി എഴുന്നള്ളും. അഞ്ചരമണിയോടെ തിരിയെ എഴുന്നള്ളി കടവിലെഴുന്നള്ളത്തും സന്ധ്യാവന്ദനവും അരത്താഴം അമൃതേത്തും കഴിച്ചു് ഏഴുമണിയോടെ രംഗവിലാസം കൊട്ടാരത്തിൽ എഴുന്നള്ളി കുറേനേരം പത്രങ്ങളോ പുസ്തകങ്ങളോ വായിച്ചുകൊണ്ടിരിക്കും. പത്തുമണിയോടെ ഉറക്കത്തിനായി ശ്രീകൃഷ്ണവിലാസം കൊട്ടാരത്തിൽ എഴുന്നള്ളും. ഇതായിരുന്നു അവിടുത്തെ ദിനചര്യ.

തിരുമനസ്സുകൊണ്ടു രാജ്യഭാരം ഏറെ അധികകാലം കഴിയുംമുമ്പു് അവിടത്തെപറ്റി അതികക്ഷമായി പത്രലേഖനങ്ങൾ എഴുതുകയും കാണ്മാറാപ്രട്ടവിനു് ഒരു തുറന്ന കത്തു പ്രസിദ്ധീകരിക്കയുംചെയ്ത മി. ജി. പി. പിള്ളയോടു് അവിടുന്നു് അനുവർത്തിച്ച നയം അവിടത്തെ സ്വഭാവത്തെക്കുറിച്ചു നിർണ്ണായകമായി വിലസുന്നു. ഈ മി. ജി. പി. പിള്ള ഇംഗ്ലണ്ടിൽ പഠിച്ചു താമസിക്കുമ്പോൾ പണത്തിനു വളരെ ബുദ്ധിമുട്ടിയതായി തിരുമനസ്സുകൊണ്ടു് അറിഞ്ഞു് ഉടൻതന്നെ അവിടുന്നു് 50 പവൻ അയച്ചുകൊടുക്കയുണ്ടായത്രേ. അവിടുന്നു് ഒരിക്കൽ കന്യാകുമാരിയിൽ എഴുന്നള്ളി താമസിക്കുന്നകാലത്തു, സത്രത്തിനു സമീപം ചുറ്റി നടക്കവേ തത്സമയം ഒരു സ്ത്രീ ഊണു കഴിഞ്ഞു് എച്ചിലില വലിച്ചെറിഞ്ഞതു തിരുമനസ്സിലെ ദേഹത്തിൽ വീണുവീണില്ല എന്നമട്ടിലായി. അവിടുന്നു തിരിഞ്ഞുനോക്കിയിട്ടു് കൊട്ടാരത്തിൽ എഴുന്നള്ളി. അവിടത്തെ സാനിറ്ററി ഉദ്യോഗസ്ഥനെ അടുക്കലുവരുത്തിയിട്ടു് "എടോ! ഒരു സ്ത്രീ എന്റെ ദേഹത്തിൽ എച്ചിലില വലിച്ചെറിഞ്ഞു. താൻ എന്തു ചെയ്യാൻപോകുന്നു" എന്നു കല്പിച്ചു. പ്രാസിക്യൂട്ടു ചെയ്യും എന്നു കേട്ട ബ്രഹ്മണൻ മറുപടിപറഞ്ഞപ്പോൾ അവിടുന്നു് "എടോ മിടുക്കാ! ഒരു സാധുസ്ത്രീ അറിയാതെ ചെയ്തുപോയകാര്യത്തിനു താൻ അവളെ പ്രാസിക്യൂട്ടു ചെയ്യാൻ പോകുന്നു, എന്തു സാമർത്ഥ്യം! അങ്ങനെ വരാതെ നോക്കണം; അതാണു മിടുക്ക്" എന്നു കല്പിച്ചപ്പോൾ അയാൾ ഇളിഭ്യനായി. എന്നാൽ അത്രകൊണ്ടു് അവസാനിച്ചില്ല. അവിടുന്നു് പെട്ടെന്നു വിഷയം മാറിയിട്ടു്, അച്ചുകുത്തിനേപ്പറ്റി ഫോമുചുരുക്കി. ഈ പ്രശ്നോത്തരങ്ങളുടെ ഫലമായി ആ ഉദ്യോഗസ്ഥന്റെ ഔദ്യോഗികജീവിതം അലസമാണെന്നു തെളിക്കുകയും ചെയ്തു.

നിസ്സാരകാര്യങ്ങൾപോലും അവിടുത്തെ ശ്രദ്ധയിൽ പെടാതിരിക്കയില്ല. തിരുമനസ്സിലേക്കു് അയച്ചുകൊടുക്കുന്ന കാരേറിപ്പോസ്റ്റാപ്പീസിലെ കവർ നിർമ്മിക്കുന്ന തൊഴിലാളികൾ കവറിന്റെ പുറത്തു പ്രത്യേകം രേഖപ്പെടുത്തി.

വന്നു. അവിടുത്തേക്കു തിരുവിതാംകൂറിലെ ഓരോ ഉദ്യോഗസ്ഥനെപ്പറ്റിയും പരിപൂർണ്ണമായ ജ്ഞാനമുണ്ടായിരുന്നു. വല്ലകാരണവശാലും അവരോടു തിരുവുള്ളക്കേടുണ്ടായാൽതന്നെയും, അതൊന്നും പ്രമോഷൻ കൊടുക്കുന്നവിഷയത്തിൽ പ്രതിബന്ധമാകാറില്ലായിരുന്നു. ശങ്കരസുബ്ബർദിവാൻജി അധികാരത്തിലിരുന്നകാലത്തു് ഒരു ദിവാൻപേഷ്ക്കാർ മരിച്ചു. ആ ഒഴിവിൽനിയമിക്കപ്പെടാൻ ന്യായമായ അവകാശി ഹുസ്സൂർ ഡിപ്പ്ടിപേഷ്കാരായിരുന്ന മി. പിറവിപെരുമാൾപിള്ളയായിരുന്നു. എന്നാൽ അല്പം തിരുമനസ്സിലെ അപ്രീതിക്കു പാത്രമായിരുന്നു എന്നറിഞ്ഞിരുന്ന ശങ്കരസുബ്ബയ്യർക്കു് അദ്ദേഹത്തിനെ ശുപാർശചെയ്യാൻ സങ്കോചമുണ്ടായി. കൊട്ടാരത്തിൽ രണ്ടുതവണപോയിട്ടും പേഷ്കാർ വേലയ്ക്കു് ആളാക്കേണ്ടകാര്യത്തെപ്പറ്റി ഒന്നും സംസാരിക്കയുണ്ടായില്ല. അന്നു ചീഫ് സിക്രട്ടറിയായിരുന്ന മി. രാമപിള്ള മുഖം കാണിപ്പാൻചെന്നപ്പോൾ പേഷ്കാരെ നിയമിക്കുന്നകാര്യത്തിൽ ദിവാൻ ഒരു ശുപാർശയും ചെയ്യാത്തതെന്തുകൊണ്ടാണെന്നും ആ സ്ഥാനത്തിനു ന്യായമായ അവകാശി പിറവിപെരുമാൾപിള്ളയാണെന്നും, അയാളോടു് അവിടുത്തേക്കു നീരസമുണ്ടെങ്കിൽ അതു് അവിടുത്തെമാത്രം സംബന്ധിക്കുന്ന കാര്യമാണെന്നും അതുകൊണ്ടു് അയാളെ ശുപാർശചെയ്യാൻ ദിവാൻജിയോടു പറയണമെന്നും അവിടുന്നു് മി. രാമപിള്ളയോടു കല്പിച്ചു. കൊട്ടാരം ജീവനക്കാരിൽ ആരോടെങ്കിലും അവിടുന്നു മുഷിഞ്ഞാൽ, അവർക്കു നല്കുന്ന ഏറ്റവും കഠിനമായ ശിക്ഷ അയാൾക്കു് ഓണക്കോടിയും വിഷുകൈനീട്ടവും നിഷ്കിക്കളക, മുഖം കാണിക്കാൻ അനുവാദം കൊടുക്കാതിരിക്ക ഇവയായിരുന്നു.

ഒരു് അവസരത്തിൽ തിരുമനസ്സുകൊണ്ടു കടപ്പുറത്തേക്കു് എഴുന്നള്ളുമ്പോൾ ഒരാൾ പെട്ടെന്നു തിരുമനസ്സിലെ വണ്ടിയുടെ ചവിട്ടുപടിയിൽ കയറി ഗവർമിൻറ്റിനെ കൈ അകത്തിട്ടു തുടയിൽ പിടിച്ചു. കോപ്പുമാൻ പെട്ടെന്നു വണ്ടിനിറുത്തി. രക്ഷപ്പുകാർ അയാളെ അവിടെനിന്നും വലിച്ചു താഴെ റോഡിൽ ഇട്ടു. തിരുമനസ്സുകൊണ്ടു് ഒന്നും മിണ്ടിയതുമില്ല. എന്നാൽ പൊടുന്നനെ പുറപ്പെടുവിച്ച ഉടനെ അത്യുഷ്ണം ചെയ്തു് അയാളെ

ഉപദ്രവിക്കാതിരിക്കാൻ ചട്ടംകെട്ടണമെന്നു സവ്വാധികാര്യക്കാരോടു കല്പിക്കുക എന്ന വിശിഷ്ടധർമ്മമായിരുന്നു. ഇതിനിടയ്ക്കു പോലീസുകാർ ആ സാധുവിനെ പിടിച്ചു സ്റ്റേഷനിൽ ഹാജരാക്കിക്കഴിഞ്ഞിരുന്നു. തിരുമനസ്സിലെ കല്പന അറിഞ്ഞപ്പോൾ പോലീസുകാർ അയ്യാൾക്കു ഭ്രാന്തായിരിക്കണമെന്നു വിചാരിച്ചു് ഉടൻപാറയിലെ ഭ്രാന്താശുപത്രിയിലേക്കു് അയച്ചു. അയ്യാൾ ഒരു കാൺസ്റ്റബിളായിരുന്നു; ഉടൻതന്നെ അയാളെ ഡിസ്മിസ്സു ചെയ്തു, ആസ്പത്രിയിൽവച്ചു് ഡാക്ടർ പരിശോധിച്ചപ്പോൾ അയ്യാൾക്കു് ഒരു ഭ്രാന്തും ഇല്ലെന്നു പ്രത്യക്ഷപ്പെട്ടുവെങ്കിലും, അങ്ങനെ പറവാൻ അയ്യാൾക്കു ധൈര്യം വന്നില്ല. തിരുമനസ്സുകൊണ്ടു് ഈ വിവരം എല്ലാം അറിഞ്ഞു് ഡർബാർ ഫിസിഷ്യൻ മുഖേന അയാളെ മോചിപ്പിക്കയും പോലീസ് കമ്മിഷണരോടു കല്പിച്ചു വീണ്ടും ജോലിയിൽ പ്രവേശിപ്പിക്കയും ചെയ്തു. ആ കാൺസ്റ്റബിൾ അല്പകാലമായി ഈശ്വരഭക്തിയിൽ മുഴുകിയിരിക്കയായിരുന്നു. അങ്ങനെ ഭഗവല്ലീലകളെപ്പറ്റി ചിന്തിച്ചുനടക്കവേയാണു് തിരുവമനസ്സുകൊണ്ടു് എഴുന്നള്ളുന്നതു് കണ്ടതു്. രാജാവു് വിഷ്ണുവിന്റെ അംശമാണെന്നു് ധരിച്ചുവച്ചിരുന്ന അയ്യാൾ അവിടത്തെ കാലുതൊട്ടു വന്ദിപ്പാനും തീർച്ചപ്പെട്ടുത്തി. ഭക്തിപാരവശ്യം കൊണ്ടുണ്ടായ ഉന്മാദമാണു് അയ്യാളെക്കൊണ്ടു് അങ്ങനെ പ്രവർത്തിപ്പിച്ചതെന്നു് പിന്നീടു എല്ലാക്കും അറിവാൻ കഴിഞ്ഞു.

അവിടത്തെ അപദാനങ്ങളേയും കൃത്യനിഷ്ഠയേയും പററി ഇങ്ങനെ പലതും പറയാനുണ്ടു്. ശ്രീപത്മനാഭപ്രീതമായല്ലാതെയാതൊരു കാര്യവും അവിടുന്നു ചെയ്യാറില്ലായിരുന്നു. പ്രജകളുടെ ഹിതമായിരുന്നു അവിടുത്തേക്കും ഹിതം. 1099-ലെ വെള്ളപ്പൊക്കക്കാലത്തു് അവിടുന്നു് ശയ്യാഗ്രസ്തനായിരിക്കയായിരുന്നു. തിരുമേനി സ്വസ്ഥനായിരിക്കണമെന്നു ഡാക്ടർമാർ ഉപദേശിച്ചിട്ടും അതൊന്നും വകവയ്ക്കാതെ അവിടുന്നു് ജനങ്ങളുടെ സങ്കടപരിഹാരാർത്ഥം ദിവാനുമായി ആലോചനനടത്തിക്കൊണ്ടിരുന്നു: അവിടത്തെ അന്ത്യമായതിരുവെഴുത്തുതന്നെ ആ വിഷയത്തെപ്പററിയായിരുന്നു.

കണ്ടെഴുത്തു വീണ്ടും ആരംഭിക്കണമെന്നു പല ദിവാൻജി മാർ തിരുമനസ്സറിവിച്ചിട്ടും, രാജ്യത്തിലെ ധനസ്ഥിതി അതി ശോഭനമായിരിക്കുന്ന സ്ഥിതിക്കു കരംകൂട്ടി ജനങ്ങളെ പീഡി പ്പിക്കേണ്ട ആവശ്യമില്ലെന്നാണു് അവിടുന്നു കല്പിച്ചതു്.

തിരുമേനിയെ ഒരു പ്രാവശ്യം കണ്ടിട്ടുള്ളവർ പിന്നീടു ഒരു കാലത്തും മറക്കുകയുണ്ടാകയില്ല. അവിടുത്തെ സുവർണ്ണവിഗ്ര ഹം ഹൃദയക്ഷേത്രങ്ങളിൽ പ്രതിഷ്ഠിച്ചു് ഉപാസിച്ചുവന്ന പ്രജാ സഞ്ചയത്തെയാണു് അവിടുന്നു വിട്ടുപിരിഞ്ഞതു്

അദ്ധ്യായം ൧൯൩.

റീജൻറു് മഹാറാണി ലക്ഷ്മീഭായി 1100--1107.

ശ്രീചിത്തിരതിരുനാൾ തമ്പുരാനു പ്രായപൂർത്തിവന്നിട്ടില്ലാ തിരുന്നതുകൊണ്ടു്, ബ്രിട്ടീഷ് ഗവണ്മെൻറിൽനിന്നു് ആറുങ്ങൽ മൂത്തതമ്പുരാനെ റീജൻറായി പ്രഖ്യാപനംചെയ്തു. 1100 ചിങ്ങം 17-ാംനു- ആയിരുന്നു അവിടുന്നു സ്ഥാനാരോഹണം ചെയ്തതു്. അന്നേദിവസം രാവിലെ അവിടുന്നു് കടവിലെഴുന്നള്ളത്തു കഴിഞ്ഞു് പരിവാരസമേതം ശ്രീപദ്മനാഭസ്വാമി കോവിലിൽ എഴുന്നള്ളി സ്വാമിദർശനം, കാണിക്ക മുതലായവ കഴിച്ചുശേഷം ചൊക്കട്ടാമണ്ഡപത്തിൽ എഴുന്നള്ളി; പഴയ മാമൂൽ മര്യാദ രിച്ചു മറ്റങ്ങളും മറ്റും നടത്തീട്ടു് ചിറന്തക്കല്ലുവക്കു നീട്ടകം തുല്യംചാർത്തി. ദിവാൻജിക്കുള്ള നീട്ടിന്റെ പകർപ്പു താഴെച്ചേർക്കുന്നു:—

"തിരുവനന്തപുരത്തുപെരുമാൾ ശ്രീപദ്മനാഭപ്പെരുമാൾ തൃക്കുത്തിലും ശുചീന്ദ്രം ആദിയായ മറ്റു ക്ഷേത്രങ്ങളിലും പൂജ, വഴിപാടു ഉൾപ്പെട്ടവകയ്ക്കും അഗ്രശാലവകയ്ക്കു തിരുനാൾ ഇവ രുടെസേവ മുതലായതിനും വകവച്ചിരിക്കുന്നതിന്മണ്ണം ഉള്ള നെല്ലും പണവും അതാതുകാലങ്ങളിൽ കൊടുപ്പിച്ചു് അങ്ങിയന്ത്ര ങ്ങൾക്കു ലോപവും നേരുനീക്കുംവരാതെ വേണ്ടുംപ്രകാരം നട പ്പാൻ തക്കവണ്ണം ചട്ടംകെട്ടി അനുവസ്ഥയ്ക്കു് എഴുതിവരി

കയും വേണം എന്നും ഇക്കാര്യവും ചൊല്ലി 1100-ാമാണ്ട് ചിങ്ങം 17-ാംനു ദിവാൻവെങ്കട്ടരമണൻ രാമവമ്മ നീട്ടു് എഴുതിവിട്ട എന്നു തിരുവുള്ളമായ നീട്ടു്."

തിരുമനസ്സുകൊണ്ടു് അത്യുമായിചെയ്ത പരിച്ഛാരം, മുഖം കാണിപ്പാൻ വരുന്നവർ യാതൊരു കാഴ്ചയുംകൊണ്ടു ചെല്ലാൻ പാടില്ല എന്നുള്ളതായിരുന്നു. പവനായും രൂപയായും ഓരോ സംഖ്യ മുഖദർശനത്തിനു ചെല്ലുന്നവർ തിരുമുൽക്കാഴ്ചവയ്ക്കുന്ന പതിവു പഴയ കാലംമുതല്ക്കേ നടപ്പുണ്ടായിരുന്നതു ഇങ്ങനെ അവിടുന്നു നിർത്തലാക്കി.

അന്നു വൈകുന്നേരം നടന്ന പബ്ലിക് ഡർബാറിൽ ക്ഷണിക്കപ്പെട്ട സകലക്കും അവിടുന്നു് ഇരുപ്പുകൊടുത്തു. മുമ്പൊക്കെ സായ്പന്മാക്കും അവരുടെ പത്നിമാക്കും മാത്രമേ ഇരിപ്പു കൊടുക്കാറുണ്ടായിരുന്നുള്ളൂ എന്നുള്ള സംഗതിയും ഇവിടെ വക്തവ്യമാണു്.

ഡർബാർ.

ചിങ്ങം 17-ാംനു വൈകുന്നേരം പൊളിറ്റിക്കൽ ഏജന്റിന്റെ എസ്കോർട്ടായ മദ്രാസ് റജിമെന്റിൽ മുന്നിൽ രണ്ടു ഭാഗവും, മഹാരാജാവു തിരുമനസ്സിലെ അംഗരക്ഷകന്മാരും, ഒന്നും രണ്ടും നായർ പട്ടാളങ്ങളും 3—35-നു ഡർബാർഹാളിന്റെ മുൻവശത്തുള്ള മൈതാനത്തുവന്നു അണിനിരന്നു. മുൻവശത്തുള്ള ഡർബാർഹാളിൽ സിംഹാസനത്തിന്റെ ഇരുഭാഗത്തായി സാമ്രാജ്യത്തിന്റെ സ്ഥാപിച്ചിരുന്നു. 3—45-നു അറിഞ്ഞിൽ ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ടു കൊച്ചുതമ്പുരാൻ തിരുമനസ്സിനോടുകൂടി എഴുന്നള്ളി. ദിവാൻജി തിരുമനസ്സിലെ യഥാവിധി എതിരേറ്റു.

3—50-നു അറുങ്ങൽ മൂത്തതമ്പുരാനും എഴുന്നള്ളി; രണ്ടു മിനിട്ടു കഴിഞ്ഞപ്പോൾ മഹാരാജാ ശ്രീചിത്തിരതിരുനാൾ തമ്പുരാൻ എഴുന്നള്ളിയപ്പോൾ നായർപട്ടാളം കമ്മാൻഡണ്ടു ദിവാൻജിയുംകൂടി അവിടത്തെ എതിരേറ്റു. 21 അടിച്ചു വെടിക്കരം വയ്ക്കപ്പെട്ടു.

കൃത്യം നാലുമണിക്കുതന്നെ മഹാരാജാ തിരുമനസ്സിലെ അംഗരക്ഷകന്മാരിൽ ഒരു വിഭാഗത്തിന്റെ അകമ്പടിയോടുകൂടി പൊളിറിക്കൽഏജൻറ് എത്തി. ദിവാൻ അദ്ദേഹത്തെ ഡർബാർഹാളിന്റെ മദ്ധ്യഭാഗംവരെ എതിരേറ്റുകൊണ്ടുപോയി. അവിടെവച്ച് മഹാരാജാവു തിരുമനസ്സുകൊണ്ടും സ്വാഗതം പറഞ്ഞ് അദ്ദേഹത്തിനെ യഥാസ്ഥാനത്തു ഇരുത്തി. അദ്ദേഹത്തിന്റെ ഇടത്തുവശത്തു മഹാരാജാ തിരുമനസ്സുകൊണ്ടും വലത്തുവശത്തു് അരുങ്ങൽ മൂത്തതമ്പുരാനും എഴുന്നള്ളിയിരുന്നു.

സ്വല്പ സംഭാഷണത്തിനു ശേഷം ഗവർണ്ണർജനറലിന്റെ ഏജൻറും സദസ്യരും എഴുന്നേറുനിന്നു; ഏജൻറ് മഹാരാജാ തിരുമനസ്സിലെ സിംഹാസനത്തിലേക്കു നയിച്ചിട്ട് രത്നകിരീടത്തെ തൃക്കൈയിൽ സമർപ്പിച്ചു; തത്സമയം ബാൻഡുകാർ തിരുവിതാംകൂർ ദേശീയഗാനം വായിച്ചു. പട്ടാളക്കാർ 21 ആചാരവെടികഴിച്ചു.

അനന്തരം ഏജൻറു സിംഹാസനത്തിന്റെ വലത്തുവശത്തുള്ള കസാലയിലേക്കു മഹാറാണി തിരുമനസ്സിലേ നയിച്ചു; അതിനു ശേഷം എല്ലാവരും ഇരുന്നു. ഏജൻറ് ബ്രിട്ടീഷ് ഗവണ്മെണ്ടിന്റെ വിളംബരം വായിക്കാനായി എഴുന്നേറപ്പോൾ, സദസ്യർബഹുമാനപുരസ്സരം എഴുന്നേറുനിന്നു.

"1924 സെപ്റ്റംബർ 1-ാംനു തിരുവനന്തപുരം ഡർബാർ ഹാളിൽവച്ചു നടത്തിയ ഡർബാറിൽ മദ്രാസ് സംസ്ഥാനങ്ങളിലെ ഗവർണ്ണർജനറലിന്റെ ഏജൻറായ സി. ഡബ്ള്യു. ഈ കാട്ടൺ എസ്ക്വയർ സി. ഐ. ഈ. ഐ. സി. എസ്. വായിച്ച

വിളംബരം.

ശ്രീപത്മനാഭദാസവഞ്ചിപാല സർ രാമവർമ്മകുലശേഖര കിരീടപതി മന്നേസുൽത്താൻ മഹാരാജ രാജരാമരാജബഹദൂർ ഷംഷേർജംഗ് നൈറ്റ്ഗ്രാൻഡ് കമാണ്ടർ ഓഫ് ദി മോസ്റ്റ് എക്സാൾട്ടഡ് ആർഡർ ഓഫ് ദി സ്റ്റാർ ഓഫ് ഇൻഡ്യ, നൈറ് ഗ്രാൻഡ് കമാൻഡർ ഓഫ് ദി മോസ്റ്റ് എമിനെൻറ് ആർഡർ ഓഫ് ദി ഇൻഡ്യൻ എംപയർ, മൂന്നാംമെഡാസ് റജിമെൻറ്

പത്താംബെറാലിയൻ ആണറ റികർണ്ണൽ, തിരുവിതാംകൂർ മഹാ രാജാ തിരുമനസ്സുകൊണ്ടു് കൊല്ലവർഷം 1099-ാമാണ്ടു് കർക്കടക മാസം 23-ാംനു-ക്ക 1924 ആഗസ്റ്റുമാസം 7-ാംനു- നാട്ടുനീ ങ്ങിയിരിക്കുന്നതിനാലും,

ശ്രീപത്മനാഭദാസ വഞ്ചിപാല രാമവർമ്മകുലശേഖരകിരീ ടപതി മനോസുൽത്താൻ മഹാരാജ രാജരാമരാജ ബഹദ്ദർ ഷംഷേർജംഗ് മഹാരാജാവു തിരുമനസ്സിലെ നിയമപ്രകാരമുള്ള രാജ്യാവകാശി ആയി ഇൻഡ്യാഗവണ്മെൻറു് അംഗീകരിച്ചിട്ടുള്ള തിനാലും, തിരുമനസ്സിലെ തിരുവിതാംകൂർ മഹാരാജാവായി ഇതിനാൽ പ്രഖ്യാപനം ചെയ്തിരിക്കുന്നു.

മേല്പറഞ്ഞ ശ്രീപത്മനാഭദാസ വഞ്ചിപാലരാമവർമ്മ കുല ശേഖരകിരീടപതി മനോസുൽത്താൻ മഹാരാജരാജരാമരാജ ബഹ ദ്ദർ ഷംഷേർജംഗ് മഹാരാജാവു തിരുമനസ്സിലേക്കു ബാല്യപ്രാ യമായതിനാലും, രാജകുടുംബത്തിലെ മൂത്തപെൺവഴിത്തമ്പുരാ ന്മാരായ അമ്മറന്തൽ മൂത്തതമ്പുരാൻ തിരുമനസ്സിലെ റീജൻറായി ഇൻഡ്യാഗവണ്മെൻറു് അംഗീകരിച്ചിരിക്കുന്നതിനാലും, മഹാരാ ജാവു തിരുമനസ്സിലേക്കു പതിനെട്ടുവയസ്സു പൂർത്തിയാകയും ഭര ണാധികാരങ്ങൾ യഥാക്രമം അവിടുത്തേക്കു ലഭിക്കയും ചെയ്യു ന്നതുവരെ തിരുവിതാംകൂർ സംസ്ഥാനത്തെ ഭരിക്കുന്നതിനും, അതിൻറെ ഭരണത്തെ നിയന്ത്രിക്കുന്നതിനും, ശ്രീപത്മനാഭ സേവിനി, വഞ്ചിധർമ്മവർദ്ധിനി രാജരാജേശ്വരി, റാണിലക്ഷ്മീ ഭായി മഹാരാജാവു തിരുമനസ്സിലെ റീജൻറായി ഞാൻ ഇതി നാൽ പ്രഖ്യാപനം ചെയ്യുന്നു. അപ്രകാരം സ്വീകരിച്ചു മൂത്ത തമ്പുരാൻ തിരുമനസ്സിലെ അനുസരിച്ചു നടക്കണമെന്നും തിരു വിതാംകൂർ സർക്കാരിൻറെ സകല പ്രജകളോടും ഇതിനാൽ അരുളിച്ചെയ്യുന്നു.

കൊല്ലവർഷം ആയിരത്തിഒരുനൂറാമാണ്ടു ചിങ്ങമാസം പതി നേഴ്ചംതീയതിക്കു ക്രിസ്താബ്ദം ആയിരത്തിത്തൊള്ളായിരത്തി ഇരുപത്തിനാലാംവർഷം സെപ്റ്റംബർമാസം ഒന്നാംതീയതി ആയ ഇന്നേദിവസം തിരുവിതാംകൂറിൽ തിരുവനന്തപുരത്തുവച്ചു എൻറെ കൈയൊപ്പും മുദ്രയുംവച്ചു കൊടുത്തിരിക്കുന്നു.

ബഹുമാനപ്പെട്ട ഗവർണ്ണർജനറൽ ഇൻകൌൺസിലി ന്റെ ഉത്തരവിൻപ്രകാരം മദ്രാസ് സംസ്ഥാനങ്ങളിൽ ഗവർണ്ണർ ജനറലിന്റെ ഏജൻറു സി. ഡബ്ള്യു. ഈ കാട്ടൺ."

വിളംബരം വായിച്ചു തീർന്ന ഉടനെ ബാൻഡുകാർ വീണ്ടും ദേശീയഗാനം വായിച്ചു; പട്ടാളക്കാർ പതിമ്മൂന്നു ആചാരവെടി വച്ചു; തദനന്തരം സദസ്യർ എല്ലാവരും ഇരുന്നു.

ഇതിനിടയ്ക്കു മഹാരാജാവു തിരുമനസ്സുകൊണ്ടും ഗവർണ്ണർ ജനറലിന്റെ ഏജൻറും പരസ്പരം പദാഭിവാദ്യങ്ങൾ നല്കി. മഹാറാണി റീജൻറു് സ്ഥാനികാരം ഉപയോഗപ്പെടുത്തി സെൻ ട്രൽ ജയിലിൽനിന്നു 54-ം കോട്ടയത്തെക്കാരാവാസത്തിൽനിന്നു 2-ം തടവുകാർക്കു മോചനം നല്കി.

അനന്തരം മഹാരാജാവു തിരുമനസ്സുകൊണ്ടും മഹാറാണി റീജൻറു തിരുമേനിയും, പൊളിറ്റിക്കൽ ഏജൻറും, ദിവാൻ, നായർപട്ടാളം കമാൻഡർ, സ്വാധികാര്യക്കാർ മുതലായവരും പ്രസംഗമണ്ഡപത്തിലേക്കു പുറപ്പെട്ടു. അവിടെവച്ചു ഏജൻറിന്റെയും തിരുമനസ്സിലേയും വിളംബരങ്ങൾ യഥാക്രമം ചീഫ് സിക്രട്ടറി ആർ. കൃഷ്ണപിള്ളയും സ്വാധികാര്യക്കാർ മി. ആർ. കൃഷ്ണപിള്ളയും വായിച്ചു. ഈ അവസരങ്ങളിലും ബാൻഡുകാർ ദേശീയഗാനം വായിക്കയും പട്ടാളക്കാർ ആചാരവെടികൾ വയ്ക്കയും ചെയ്തു.

മഹാറാണി തിരുമനസ്സിലെ വിളംബരം താഴെ ചേർക്കുന്നു:—

"ശ്രീപത്മനാഭസേവിനി വഞ്ചിധർമ്മവർദ്ധിനി രാജരാജേശ്വരി
റാണി സേതുലക്ഷ്മീഭായി മഹാരാജാവു തിരുമനസ്സുകൊണ്ടു്
1924 സെപ്തംബർ 1-ാംതീയതിക്കു്
1100-ാമാണ്ടു് ചിങ്ങമാസം പതിനേഴാംതീയതി
കല്പിച്ചു പ്രസിദ്ധപ്പെടുത്തുന്ന
വിളംബരം.

സകലമാനജനങ്ങളും അറിയേണ്ടതെന്തെന്നാൽ, നമ്മുടെ മാതുലനായിരുന്ന ശ്രീപത്മനാഭദാസ വഞ്ചിപാല സർ രാമവർമ്മ കുലശേഖര കിരീടപതി മന്നേസുൽത്താൻ മഹാരാജരാജ

രാമരാജ ബഹദൂർ ഷംഷേർജംഗ്, നൈറ്റ്ഗ്രാൻഡ് കമാൻഡർ ആഫ് ദി മോസ്റ്റ് എക്സാൾറ്റെഡ് ആർഡർ ആഫ് ദി സ്റ്റാർ ആഫ് ഇൻഡ്യാ, നൈറ്റ്ഗ്രാൻഡ് കമാൻഡർ ആഫ് ദി മോസ്റ്റ് എമിനൻറ് ആർഡർ ആഫ് ദി ഇൻഡ്യൻ എംപയർ, മൂന്നാം മദ്രാസ് റജിമെൻറ് പത്താം ബറാലിയൻ ആണററി കണ്ണൽ, മഹാരാജാവു തിരുമനസ്സുകൊണ്ടു് 1924 ആഗസ്റ്റുമാസം 7-ാംതീയതിക്കു് 1099-ാമാണ്ടു കർക്കടകമാസം 23-ാംനു- നാട്ടുനീങ്ങിയിരിക്കുന്നതിനാലും,

ഈ സംസ്ഥാനത്തിലെ രാജാധികാരം ശ്രീപത്മനാഭദാസ വഞ്ചിപാല രാമവർമ്മ കുലശേഖര കിരീടപതി മന്നേസുൽത്താൻ മഹാരാജരാജരാമരാജ ബഹദൂർ ഷംഷേർജംഗ് മഹാരാജാവിനു ലബ്ധമായിരിക്കുന്നതിനാലും കീഴ്നടപ്പനുസരിച്ചും ബ്രിട്ടീഷ് ഗവണ്മെൻറിൻെറ അംഗീകാരത്തോടുകൂടിയും അവിടുന്നു് മഹാരാജാവായി ഇന്നേദിവസം സ്ഥാനാരോഹണം ചെയ്തിരിക്കുന്നതിനാലും,

ശ്രീപത്മനാഭദാസ വഞ്ചിപാല രാമവർമ്മ കുലശേഖര കിരീടപതി മന്നേസുൽത്താൻ മഹാരാജരാജ രാമരാജബഹദൂർ ഷംഷെർജംഗ് മഹാരാജാവിനു ബാല്യപ്രായമായിരിക്കുന്നതിനാലും അവിടുത്തേക്കു പതിനെട്ടുവയസ്സു തികയുകയും ഭരണാധികാരങ്ങൾ അവിടുത്തേക്കു സിദ്ധിക്കുകയും ചെയ്യുന്നതുവരെ ശ്രീപത്മനാഭസേവിനി വഞ്ചിധർമ്മവർദ്ധിനി രാജരാജേശ്വരി രാജ്ഞി സേതു ലക്ഷ്മീഭായി മഹാരാജാവായ നാം കീഴ്നടപ്പനുസരിച്ചും ബ്രിട്ടീഷ് ഗവണ്മെൻറിൻെറ അംഗീകാരത്തോടുകൂടിയും ശ്രീപത്മനാഭദാസ വഞ്ചിപാല രാമവർമ്മ കുലശേഖര കിരീടപതി മന്നേസുൽത്താൻ മഹാരാജരാജ രാമരാജബഹദൂർ ഷംഷെർജംഗ് മഹാരാജാവിനുവേണ്ടി റീജൻറായി രാജ്യഭാരം കൈയേറ്റിരിക്കുന്നതാകുന്നു."

അനന്തരം മഹാരാജാവു തിരുമനസ്സുകൊണ്ടും റീജൻറു് തിരുമേനിയും സഭാസ്യരും ഡർബാർഹാളിലേക്കു മടങ്ങി യഥാസ്ഥാനം ഉപവിഷ്ടരായി. അതിനു ശേഷം പൊളിറ്റിക്കൽ ഏജൻറു് മിസ്റ്റർ കാട്ടൺ ചെയ്ത പ്രസംഗം താഴെ ചേർക്കുന്നു.

റീജൻറു തിരുമേനീ!

ജീവിതത്തിൻെറ മദ്ധ്യദശയിൽ രാജ്യഭാരവിഷയമായ ചുമതലകൾ വഹിക്കുന്നതിനു് ഇടവന്നതു് അവിടുത്തെ ഭാഗ്യവിശേഷംതന്നെ. അവസരത്തിൻെറ അഭാവംകൊണ്ടുമാത്രം അവിടുത്തേക്കു് ഇതേവരെ അലബ്ധമായിരുന്ന ഭരണനൈപുണി തിരുമനസ്സിലെ നിസർഗ്ഗജമായ ബുദ്ധിഗ്രഹണംകൊണ്ടു് ഇനി സ്വയമേവ ഉണ്ടായിക്കൊള്ളുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. നാടുനീങ്ങിയ മഹാരാജാവു തിരുമനസ്സിലെ പരിപൂർണ്ണവിശ്വാസത്തിനു പാത്രീഭൂതനും കൂശാഗ്രബുദ്ധിയും സമർത്ഥനും ആയ ഒരു ഭരണധുരന്ധരനെ ആദ്യത്തെ ദിവാനായി ലഭിച്ചതിനാലുള്ള ഗുണം അവിടുത്തേക്കു ലഭിച്ചിരിക്കുന്നു. അദ്ദേഹം തിരുമേനിയുടെയും വിശ്വാസത്തിനു പാത്രീഭവിക്കുമെന്നു നിശ്ചയംതന്നെ. ഏതാനും വർഷത്തേക്കു തിരുമനസ്സുകൊണ്ടു് ഉൽക്കർഷോന്മുഖങ്ങളായ ഭാരതീയരാജ്യങ്ങളിൽ ഒന്നിൻെറ പരമ്പരാഗതങ്ങളായ അധികാരങ്ങളുടെ ട്രസ്റ്റിയും രക്ഷാധികാരിണിയും ആയിരിക്കുന്നതാണു്. പുണ്യശ്ലോകനായ ശ്രീമൂലംതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു സമാരംഭിച്ചിട്ടുള്ള മഹനീയങ്ങളായ ഉദ്യമങ്ങളെ പരിസമാപിച്ചിക്കേണ്ടതു തിരുമനസ്സിലെ കർത്തവ്യമായിരിക്കുന്നു. തിരുവനന്തപുരം നഗരവാസികൾക്കു് ഒരു വൈസറായിയെ അതായതു കർസൺപ്രഭുവിനെ മാത്രമേ സല്ക്കരിക്കുന്നതിനുഭാഗ്യമുണ്ടായിട്ടുള്ളു. അദ്ദേഹം ബുദ്ധിപൂർവ്വം പ്രസ്താവിച്ചിട്ടുള്ളതുപോലെ, 'നാടുനീങ്ങിയ മഹാരാജാവു് യാഥാസ്ഥിതികമായ വീക്ഷണഗതിയെ അതിപരിഷ്കൃതങ്ങളായ അഭിപ്രായങ്ങളോടു് സംയോജിപ്പിച്ചിരുന്നു. അവിടുത്തെപുരനീയനായ പൂർവ്വഗാമിയാൽ സമാരബ്ധമായ രാഷ്ട്രീയപരിഷ്കാരങ്ങൾ അവിടുത്തെ ഭരണദശയിൽ ദൃഢീകരിക്കപ്പെട്ടുന്നുവെന്നു മാത്രമല്ല, നാശകരമായ വെള്ളപ്പൊക്കമോ പ്രകൃതികോപവശാൽ ഉണ്ടാകാവുന്ന മറ്റു അത്യാഹിതങ്ങളോ സംഭവിക്കാത്തപക്ഷം, ഈ സംസ്ഥാനത്തെ മുതലെടുപ്പിൽ പ്രതിവർഷം ഉണ്ടായിക്കൊണ്ടിരിക്കുന്ന അഭിവൃദ്ധികൊണ്ടു് വിദ്യാഭ്യാസം മുതലായി രാജ്യോന്നതിക്കു വേണ്ടിയുള്ള യത്നങ്ങൾക്കായി ഉത്തരോത്തരം പണം ചെലവുചെയ്യാൻ സാധിക്കുന്നതുമാണു്.'

"മഹാരാജാവേ!

അവിടുന്നു് പ്രധാനമായ ഒരു ഭാഗം വഹിച്ചു് ഇപ്പോൾ നടത്തുന്ന എല്ലാ ചടങ്ങുകളുടേയും പൂർണ്ണമായ അർത്ഥം ഗ്രഹിക്കുന്നതിനു് അവിടുത്തേക്കു് ഒരു പക്ഷേ പ്രായമായിട്ടില്ലായിരിക്കാം. എന്നാൽ പ്രായപൂർത്തി വന്നതിനുശേഷം, ഈ കഴിഞ്ഞ മൂന്നു വാരങ്ങളിൽനടന്ന സംഭവങ്ങളെപ്പറ്റി അലോചിച്ചു നോക്കുന്ന അവസരത്തിൽ, ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽവച്ചു് നടത്തപ്പെട്ട ക്രിയാമദ്ധ്യേ അവിടുത്തേ പൂർവികനും ധീരാഗ്രണിയും അന്യ മാർത്താണ്ഡവർമ്മമഹാരാജാവിന്റെ ഖഡ്ഗം അവിടുത്തേക്കു നല്കപ്പെട്ടതും, ഇന്നത്തെ ഡർബ്ബാറിൽ വച്ചു തിരുവിതാംകൂർ മഹാരാജാക്കന്മാരുടെ രത്നഖചിതമായ കിരീടം പൂന്തെറ പക്കൽനിന്നും വാങ്ങി അവിടുന്നു സ്വശിരസ്സിൽ ധരിച്ചു് സിംഹാസനാരോഹണം ചെയ്തതും, പ്രത്യേകം സ്മൃതിപഥത്തിൽ ഉദിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇവയിൽ ആദ്യത്തേതു് ആധ്യാത്മികവും, രണ്ടാമത്തതു് ഭൌതികവും അന്യ പൂർവ്വസ്ഥാനത്തിൽ അവിടുന്നു പ്രവേശിച്ചതിന്റെ ചിഹ്നങ്ങളാകുന്നു. ഈ വിവിധാധ്യായങ്ങളേയും യഥാർഥം വിനിയോഗിക്കുന്നതിനു് സർവ്വഥായോഗ്യനായിത്തീരണമെന്നാണിരിക്കണം ഇനിമേൽ തിരുമനസ്സിലെ അഭികാംക്ഷ. ഇതു ലഘുവായ കാര്യവുമല്ല. എന്നാൽ നാടുനീങ്ങിയ മഹാരാജാവിൽ പ്രത്യക്ഷമായി ശോഭിച്ചിരുന്ന സ്വഭാവൌന്നത്യത്തിന്റെയും ഗ്രഹണപാടവത്തോടുകൂടിയ ധിഷണാശക്തിയുടേയും അപാരബലമായ കൃത്യനിഷ്ഠയുടേയും ലാഞ്ഛനകർ തിരുമനസ്സിൽ കാണുന്നതെങ്കിലുള്ളതു ശ്ലാഘോദ്ഗ്രമായിരിക്കുന്നു; എന്നുമാത്രമല്ല ഭാവിയിൽ മഹാരാജപദം അലങ്കരിക്കാനുള്ള സ്വപുത്രനെപ്പറ്റി ഏതു മാതാവിനും ഉണ്ടാകാവുന്നതിൽ കവിഞ്ഞ ഉൽകൃഷ്ടമനോരഥങ്ങൾ അവിടുത്തെ പ്രിയജനനിക്കു തിരുമനസ്സിലേക്കുറിച്ചു് ഉണ്ടെന്നു പറയുന്നതു കേവലം ഭംഗിവാക്കല്ല. മാതാക്കളുടെ വാത്സല്യാതിരേകംകൊണ്ടു് അവിടുത്തേക്കു് നിരവധി ഗുണങ്ങൾ സിദ്ധിച്ചിട്ടുള്ളതുകൂടാതെ, പ്രജാവലിയുടെ നിഷ്കളങ്കമായ രാജഭക്തിയിൽനിന്നും, സാവത്രികമായ സ്നേഹഭാരത്തിൽനിന്നും, ലഭിക്കാവുന്ന പ്രോത്സാഹനവും

തിരുമനസ്സിലേക്ക് സ്വാധീനമായിരിക്കുന്നു. അവിടുന്നു രാജ്യഭാരം കൈയേല്ക്കുന്ന കാലത്തു് വെലാസ്ക്വാസിന്റെ ചിത്രങ്ങളാൽ സുബ്രാല്യത്തിലെ മനോഹരരൂപം അനശ്വരമാക്കപ്പെട്ട സ്പെയിനിലെ ഡ്യാൺ കാർലോസ് ബാൽത്തസാറിനെപ്പറ്റി പറഞ്ഞിട്ടുള്ളതുപോലെ 'അദ്ദേഹം യഥാർത്ഥത്തിൽ ഒരു രാജാവും അദ്ദേഹത്തിന്റെ മനോഗതങ്ങളെല്ലാം രാജോചിതങ്ങളും ആകുന്നു' എന്നു് എല്ലാവരും അവിടുത്തേ പുകഴ്ത്തുമാറാകട്ടെ.....

.....

അതിനുശേഷം മഹാറാണിറിജന്റു തിരുമനസ്സുകൊണ്ടു ചെയ്ത പ്രസംഗമദ്ധ്യേ ഇപ്രകാരം പ്രസ്താവിക്കയുണ്ടായി.

"എന്നാൽ അറ്റുപോകുന്ന പാവന കുടുംബത്തിന്റെ നിർവഹണ വിഷയത്തിൽ സകല ഉദ്യോഗസ്ഥന്മാരും പ്രജകളും സർവാത്മനാ സഹായിക്കുമെന്നു ഞാൻ ഹൃദയപൂർവം പ്രത്യാശിക്കുകയും അതിനു പ്രതിഫലമായി അവരുടെ ക്ഷേമത്തെ പുലർത്തുന്നതിൽ ഞാൻ അവികലശ്രദ്ധയോടുകൂടിയിരിക്കുന്നതാണെന്നു വാഗ്ദാനം ചെയ്കയും ചെയ്യുന്നു."

പ്രധാന സംഭവങ്ങൾ.

ആറുങ്ങൽ മൂത്തതമ്പുരാനും ഇളയതമ്പുരാനും മഹാറാണി എന്ന സ്ഥാനം ഇന്ത്യാഗവർമ്മെണ്ടിൽനിന്നു നല്കി. 1099-ലെ വെള്ളപ്പൊക്കംകൊണ്ടുണ്ടായ സങ്കടങ്ങളുടെ നിവാരണാർത്ഥം മഹാറാണി തിരുമനസ്സുകൊണ്ടു സ്വന്തം വകയിൽനിന്നു് ഒട്ടുവളരെപ്പണം അയച്ചുകൊടുത്തതിനു പുറമേ പുനരുദ്ധാരണശ്രമങ്ങൾ യഥാവിധി ചെയ്യുന്നതിനു റവന്യൂക്കമ്മീഷണറെ ചുമതലപ്പെടുത്തുകയും ചെയ്തു; സാധുക്കൾക്കു വിലകൂടാതെയും മറ്റുള്ളവർക്കു അസ്സൽ വിലയ്ക്കും പുറപണിക്കുള്ള സാധനങ്ങൾ കൊടുപ്പാൻ വനം ഡിപ്പാർട്ടുമെണ്ടിലെ ഉദ്യോഗസ്ഥന്മാരെ അധികാരപ്പെടുത്തി; കൃഷി വായ്പയ്ക്കുള്ള സൗകര്യത്തെ അഞ്ചുരലക്ഷമായി വർദ്ധിപ്പിച്ചിട്ടു്, അതുകമൂലം കൃഷി നഷ്ടംനേരിട്ട സ്ഥലത്തുള്ള കർഷകന്മാർക്കു കൊടുപ്പാനായി നീക്കിവച്ചു. വടക്കൻ

ഡിവിഷനുകളിലെ ചില പ്രദേശങ്ങളിൽ കന്നിപ്പൂവിലെ കരപ്പിരിവു നിർത്തിവച്ചു.

ദിവാൻ മാറീസ് ഈ. വാട്സ്.

ദിവാൻബഹദൂർ ടി. രാഘവയ്യ സി. എസ്. ഐ. അവർകൾ 1100 എടവം 6-ാംതീയതി ഉദ്യോഗത്തിൽനിന്നു പിരിഞ്ഞു. മിഥുനം പത്താംതീയതിവരെ ചീഫ് സെക്രട്ടറി ആർ. കൃഷ്ണപിള്ള അഫിഷ്യേറ്റിംഗ് ദിവാനായി ജോലിനോക്കി. മിഥുനം 10-ാംതീയതി മിസ്റ്റർ വാട്സ് ഉദ്യോഗത്തിൽ പ്രവേശിച്ചു. ജനങ്ങളിൽ ഒരു വിഭാഗം ഈ നിയമനത്തെ അനുകൂലിക്കാതെ ഇരുന്നുവെങ്കിലും, അചിരേണ അദ്ദേഹം സർവ്വജനസമ്മതനായിത്തീർന്നു. അടുത്തകാലത്തെങ്ങും ഇത്ര സമർത്ഥനും ദേശഭക്തനും ആയ ദിവാൻ ഉണ്ടായിട്ടില്ലെന്നു് ഒടുവിൽ എല്ലാവരും മുക്തകണ്ഠം സമ്മതിച്ചു.

പ്രധാന സംഭവങ്ങൾ.

1101 തുലാമാസത്തിൽ മഹാരാജശ്രീ ഗവർണർ ഫ്രോഷ്മൻ പ്രഭുവും പത്നിയും തിരുവനന്തപുരം സന്ദർശിച്ചു. സചകാന്തസന്ദർശനമായിരുന്നതിനാൽ ഗീർവ്വാണം പറഞ്ഞു കനകക്കുന്നു കൊട്ടാരത്തിലെത്തിച്ചു വിദ്വൽസദസ്സുകൾ രണ്ടു തവണ കൂടിക്കേട്ടതു മാത്രമേ ഉണ്ടായുള്ളൂ.

1102 തുലാം 6-ാംതീയതി മഹാറാണി തിരുമനസ്സിലേക്കു ഒരു പുത്രി ജനിച്ചു. മകരം 24 പതീയതി ചിത്തിരതിരുനാൾ തമ്പുരാൻതിരുമനസ്സുകൊണ്ടു നടത്തപ്പെട്ട. ഉപനയനം, വേദാരംഭം, കേശാന്തം, സ്നാനം എന്നിങ്ങനെ അതിനു നാലു സംസ്കാരങ്ങളുള്ളതിൽ വേദാരംഭത്തിൽ ആയുധവിദ്യകൂടി അഭ്യസിപ്പിക്കുന്നു. മീനം 12-ാംതീയതി പടിഞ്ഞാറേ കൊട്ടാരത്തിൽ നടത്തപ്പെട്ടു. ഈ കർമ്മം വളരെ പ്രാധാന്യമുള്ളതാകുന്നു. അതിനു ശ്രേഷ്ഠമേ രാജകുമാരന്മാർ വൈദികമതസ്ഥരാകുന്നതിനു് നിയമമുള്ളൂ. അതിലേക്കു 1,2(1,200) രൂപ ചെലവുവരുന്നു.

[illegible] സന്നിധിയിൽ കൊച്ചിയിലെ സ്വാതന്ത്ര്യാഗമപ്രശ്നത്തെ [illegible] വിചാരണചെയ്തതു വിധിനിർണ്ണയിച്ചതു മുഴുവനുള്ളതു, മഹാരാജാ തിരുമ

മി. എം. ഇ൪. വാട്സ്

നസ്സിലെ അതിഥിയായി ഒരാഴ്ചവട്ടം താമസിച്ചു. പ്രശ്നികത്തിൽ ബ്രിട്ടീഷ് സവ്വൈസന്യാധിപതിയായ സർ വില്യം ബേർഡ്വുഡ് തിരുവനന്തപുരം സന്ദർശിച്ചു. അടുത്ത മാസത്തിൽ മഹാരാജാവു തിരുമനസ്സുകൊണ്ടു് കൽകത്ത, കാശി, ദില്ലി, ബോംബേ എന്നീ നഗരങ്ങൾ സന്ദർശിക്കാനായി സപരിവാരം എഴുന്നള്ളി. മകരം 22-ാംതീയതി ആണു് അവിടുന്നു തിരിച്ചെഴുന്നള്ളിയതു്.

1104 ധനുമാസത്തിൽ വൈസറായി ആയ ഇവിൻപ്രഭുവും പ്രഭ്വിയും തിരുവനന്തപുരത്തു വന്നു് മഹാറാണിയുടെ ആതിഥ്യം സ്വീകരിച്ചു. 1929 ഡിസംബർ 2-ാംതീയതി കാലത്തു എട്ടുമണിക്കു് അദ്ദേഹം കൊച്ചിവിട്ടു. 9½ മണിക്കു കോട്ടയത്തെത്തി വലിയ പള്ളി സന്ദർശിക്കയും അവിടുത്തെ പൊഷ്ട്രൻ കുരിശുകൾ കണ്ടു സന്തോഷിക്കയുംചെയ്തു. 11 മണിക്കു കോട്ടയത്തുനിന്നും പീരുമേട്ടിലേയ്ക്കു തിരിച്ചു. ഒന്നരയ്ക്കു് അവിടെ എത്തി. 4 മണിയോടുകൂടി തേക്കടിയിൽ എത്തുകയും അവിടെനിന്നും എടപ്പാളയത്തിൽ പോയി രണ്ടുദിവസം വേട്ടനടത്തുകയും ചെയ്തശേഷം ഡിസംബർ 6-ാംനു കാലത്തു 8½ മണിക്കു കൊല്ലത്തേക്കു പുറപ്പെട്ടു. അഞ്ചുമണിക്കു് കൊല്ലത്തു വന്നുചേർന്നു. അവിടെവച്ചു് അദ്ദേഹം ചുണ്ടൻവള്ളംകളികണ്ടു് സന്തോഷിച്ചു. ഏഴാംതീയതി ഉച്ചയ്ക്കു രണ്ടുമണിക്കാണു് തിരുവനന്തപുരത്തു് എത്തിയതു്. മഹാരാജാ തിരുമനസ്സുകൊണ്ടും മഹാറാണി റീജന്റു തിരുമനസ്സുകൊണ്ടും പ്രഭുവിനേയും പ്രഭ്വിയേയും, യഥോചിതം സ്വീകരിച്ചു. വൈകുന്നേരത്തു് രണ്ടു തമ്പുരാക്കന്മാരും അവരെ സന്ദർശിക്കയും പ്രഭുവർഗ്ഗങ്ങളും പത്നിയും തെക്കേതമ്പുരാട്ടി കൊട്ടാരത്തിൽവച്ചു് പ്രതിസന്ദർശനം നടത്തുകയും ചെയ്തു. അന്നുതന്നെ അഞ്ചുമണിക്കു് പ്രഭുപത്നിയാർക്കുവേണ്ടി കൊട്ടാരത്തിൽവച്ചുതന്നെ അരമനസ്ത്രീകളുടെ സന്ദർശനവും ഉണ്ടായി. ഡിസംബർ പതിമ്മൂന്നാംതീയതി രാത്രി [illegible] ഇവിടെ വിരുന്നു സൽക്കാരം. മഹാരാജാവിനെക്കൊണ്ടും മഹാറാണിയെക്കൊണ്ടും ഇവിടെ ഞങ്ങളും വൈസ്രീഗൽ ദമ്പതിമാർക്കു ഉദ്ദീപ്തമായ രണ്ടു മെഡലുകൾ കൊടുപ്പിച്ചു. അതു ചടങ്ങായിരുന്നു.

അടുത്തദിവസം 9—30-ന് വൈസറായിയും പരിവാരവും കന്യാകുമാരിക്കു പുറപ്പെട്ടു. അവിടെനിന്നു അടുത്തദിവസം രാവിലെ തിരുനൽവേലിവഴിക്കു തിരിച്ചുപോവുകയുംചെയ്തു.

അതേകൊല്ലത്തിൽതന്നെ ഇന്ത്യാഗവണ്മെൻറ് മഹാരാണിക്കു സി. ഐ. എന്ന സ്ഥാനം നല്കി. തൽസംബന്ധമായ സ്ഥാനമുദ്ര വൈസറായിതന്നെ അവിടുത്തേക്കു സമ്മാനിച്ചു.

പരിഷ്കാരങ്ങൾ.

എക്സൈസ് വകുപ്പ്.

1914-ലെ ചെത്തുകരനിയമം അനുസരിച്ചു, കൺട്രാക്ടർമാക്കും സർക്കാരിനും പലേ ബുദ്ധിമുട്ടുകൾ നേരിട്ടുകൊണ്ടിരുന്നു. തന്നിമിത്തം 1102ൽ ആ ചട്ടങ്ങളിൽ ചില ഭേദഗതികൾ വരുത്തി. കരവും വർദ്ധിപ്പിച്ചു. കരുപ്പട്ടിച്ചാരായത്തിനുള്ള തീരുവയും കഞ്ഞാവിൻെറ വിലയും കൂട്ടി. ഡിപ്പാർട്ടുമെൻറിൻെറ നയം മദ്യപാനാസക്തി കുറയ്ക്കുവാനാണെന്നും അതിലേക്കു ഷാപ്പുകളുടെ സംഖ്യ കുറച്ചുകൊണ്ടുവരുകയും ലഹരി സാധനങ്ങളുടെ വില ക്രമേണ വർദ്ധിപ്പിക്കയും ചെയ്യുന്നതാണെന്നും 1102-ലെ ഭരണറിപ്പോർട്ടിൽ വിശദമായി പ്രസ്താവിച്ചിരുന്നു.

ചലനചിത്രനിയമം.

സഭ്യേതരങ്ങളായ ചലനചിത്രങ്ങളുടെ പ്രദർശനത്തെ നിരോധിക്കുന്നതിനായി 1102-ൽ ഒരു റഗുലേഷൻ നടപ്പാക്കി.

സാമുദായികപ്രശ്നങ്ങൾ

ഇക്കൊല്ലത്തിൽ സർക്കാർ സർവ്വങ്ങളെ എല്ലാ ജാതിക്കാർക്കും തുറന്നുകൊടുക്കുന്നതിനേപ്പറ്റിയും, കുലിവേലക്കാരുടെ ഇടയ്ക്കു സാമാന്യവിദ്യാഭ്യാസം പ്രചരിപ്പിക്കേണ്ട ആവശ്യത്തെപ്പറ്റിയും മോട്ടാർ വാഹനങ്ങളുടെ വേഗത്തെ നിയന്ത്രിക്കേണ്ടതിനെ സംബന്ധിച്ചും ഓരോ നിശ്ചയങ്ങൾ നിയമനിർമ്മാണസഭയിൽ പാസ്സാക്കി.

നേരിയമംഗലം പള്ളിവാശൽറോഡ്.

മൈറെയിഞ്ചിൽനിന്നുള്ള ചരക്കുകൾ ബ്രിട്ടീഷ് ഇന്ത്യ വഴിക്കാണു പുറദേശങ്ങളിൽ പൊയ്ക്കൊണ്ടിരുന്നതു. അതി

നാൽ, ഗതാഗതത്തെ തിരുവിതാംകൂർ തുറമുഖങ്ങളിലേക്ക് നയിക്കുന്നതിനും, ഫല പുഷ്ടിയുള്ള ഒട്ടുവളരെ പ്രദേശങ്ങളെ കൃഷിക്ക് ഉപയുക്തമാക്കിത്തീർക്കുന്നതിനും ഇങ്ങനെ ഒരു റോഡിന്റെ ആവശ്യമുണ്ടെന്നു സർക്കാരിനു ബോദ്ധ്യപ്പെട്ടു. അതിനാൽ കോതമംഗലത്തുനിന്നു മൂന്നാർവരെ ഒരു റോഡു വെട്ടിക്കുന്നതിനുള്ള ഒരു പദ്ധതി മി. വാട്സ് നിർമ്മിച്ചു.

കുഴൽവെള്ളവും വൈദ്യുതദീപവും.

തിരുവനന്തപുരത്തു കുഴൽവെള്ളവും വൈദ്യുതദീപവും നടപ്പാക്കുന്നതിന് ഓരോ പദ്ധതികളും ഇക്കൊല്ലത്തിൽ തന്നെയാണ് തുടങ്ങിവച്ചത്. ഈ പരിഷ്കാരങ്ങൾ വഴിക്ക് ഈ നഗരം ഇപ്പോൾ കണ്ടാലറിയാത്ത വിധത്തിൽ മാറിപ്പോയിരിക്കുന്നു.

ബ്രൂക്ക്ബോണ്ട് കമ്പനി.

ഈ കമ്പനിക്കാർക്ക് ഏതാനും ഭൂമി നല്കുന്നതിനെ സംബന്ധിച്ച് ആലോചന നടന്നെങ്കിലും, ദിവാൻജി ജനപ്രതിഷേധത്തെ അടിച്ചു് അതു വേണ്ടെന്നുവച്ചു.

ടെലഫോൺ എക്സ്റ്റൻഷൻ.

കച്ചവടക്കാരുടെ സൗകര്യാർത്ഥം കൊച്ചിക്കും അലപ്പുഴയ്ക്കും മദ്ധ്യേ ഒരു ടെലഫോൺലൈൻ ഉൽഘാടനം ചെയ്യുന്നതിനെ സംബന്ധിച്ച് മി. വാട്സ് ബ്രിട്ടീഷ് ഗവണ്മെണ്ടുമായി എഴുത്തുകുത്തു നടത്തി, അതിലേക്ക് ഒരു ഉടമ്പടി ഉണ്ടാക്കി. 15 കൊല്ലം കഴിഞ്ഞു് ഈ ഉടമ്പടിപ്രകാരം ലൈൻ മുഴുവനും തിരുവിതാംകൂറിലേക്ക് എടുക്കാൻ അവകാശമുണ്ടു്. അതിനിടയ്ക്കുണ്ടാകുന്ന ലാഭത്തിൽ ഒരു ഓഹരി സർക്കാരിനു കൊടുക്കണമെന്നും അതിൻ വ്യവസ്ഥ ചെയ്തിരിക്കുന്നു.

കൊല്ലം എറണാകുളം തീവണ്ടിപ്പാത.

ഈ തീവണ്ടിപ്പാതയുടെ പ്രാരംഭവേല ഈ കൊല്ലത്തിൽ പൂർത്തിയായി.

മെഡിക്കൽ വകുപ്പു്.

ഡാക്ടർ രാമൻതമ്പി, ഡാക്ടർ പുന്നൻലൂക്കോസ്, ഡാക്ടർ ഡേവിഡിയൂ. എ നോബിൾ എന്നിവർ ചേർന്നു ഒരു മെഡിക്കൽ ബോർഡു നിശ്ചയപ്പെട്ടു.

ദേവസ്വം.

1100-ാമാണ്ടു് അവസാനത്തിൽ ഈ ഡിപ്പാർട്ടുമെൻറിന്റെ ഭരണം ദിവാൻജിയിൽനിന്നു വിടുത്തി. മേലാൽ ദേവസ്വം കമ്മിഷണർ മറ്റാരാണി തിരുമനസ്സിലോടു് നേരിട്ടു് ഉത്തരവാദം ചെയ്താൽ മതിയെന്നു തീർച്ചപ്പെടുത്തി.

ചാക്ക തമ്പാനൂർ റയിൽവേപാത.

ചാക്കയിൽനിന്നു തിരുവണ്ടിപ്പാത തമ്പാനൂർവരെ നീട്ടുന്നതിനു് ഒരു പദ്ധതിയുണ്ടാക്കി. ആവശ്യമേണ്ട അതിനുള്ള പണികളും ആരംഭിച്ചു.

നീണ്ടകരപ്പാലം.

ഈ പാലം മിസ്റ്റർ വാട്സിന്റെ മറ്റൊരു സ്മാരകമായി പ്രശോഭിക്കുന്നതാണു്. അതുവഴിക്കു് കൊല്ലത്തുനിന്നു കൊടുക്കോട്ടുള്ള ഗതാഗതം വളരെ സുകരമായി.

വിമൻസ് കാളേജു്

സ്ത്രീകൾക്കുള്ള കാളേജിനെ ഒന്നാം ഗ്രേഡായി ഉയർത്തുന്നതിനുവേണ്ടി അതികമനീയമായൊരു പുതിയ കെട്ടിടം നിർമ്മിച്ചു.

ഇങ്ങനെ ഒട്ടുവളരെ പരിഷ്കാരങ്ങൾ മിസ്റ്റർ വാട്സ് നടപ്പാക്കിയെന്നു മാത്രമല്ല, കൊച്ചീത്തുറമുഖം സംബന്ധിച്ചുംറും തിരുവിതാംകൂറിന്റെ അവകാശങ്ങളെപ്പറ്റി ബലമായി വാദിച്ചു് ഇന്നാട്ടുകാരുടെ കൃതജ്ഞതയ്ക്കു സവിശേഷം പാത്രമാവുകയും ചെയ്തു. അദ്ദേഹം നിർമ്മിച്ച ബട്ലർ കമ്മിറ്റി റിപ്പോർട്ടു തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം ഒരു വിലയേറിയ പ്രമാണമാകുന്നു.

1104 മിഥുനത്തിൽ മി. വാട്സ് ജോലിയിൽനിന്നു പിരിയുകയും മി. വി. എസ്. സുബ്രഹ്മണ്യയ്യർ തൽസ്ഥാനത്തു നിയമിക്കപ്പെടുകയും ചെയ്തു.

1108 കുംഭം പതിനൊന്നാംതീയതി മി. വാട്സ് മരിച്ചു. ആയതു സംബന്ധിച്ചു് പബ്ലിക് ആഫീസുകൾക്കു് ഒരു ദിവസത്തെ ഒഴിവുകൊടുത്തു.

ദിവാൻ വി. എസ്. സുബ്രഹ്മണ്യയ്യർ.

അദ്ദേഹം 1104 മിഥുനം 10-ാംനു ദിവാൻജോലിയിൽ പ്രവേശിച്ചു. തൈക്കോട്ടതിവാക്കീലായും ലാകോളജു് പ്രൊഫ

ഡി. എസ്. സുബ്രഹ്മണ്യയ്യർ



സ്സറായും ചൈറക്കോടതി ജഡ്ജിയായും അദ്ദേഹം വളരെ ശോഭിച്ചുപോരുകയും ദിവാൻജി എന്ന നിലയിൽ അധികം ഒന്നും ചെയ്യുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. മി. വാട്സ് തുടങ്ങിവച്ച പല പരിഷ്കാരങ്ങളും അദ്ദേഹം പൂർത്തിയാക്കി. അദ്ദേഹത്തിന്റെ കാലത്തുണ്ടായ സ്മരണീയസംഭവങ്ങൾ കുട്ടനാടൻ പ്രദേശങ്ങളിലെ വെള്ളപ്പൊക്കവും നാടൊട്ടുക്കു പരന്ന സാമ്പത്തികാധഃപതനവും മദ്യപാനനിരോധനാന്ദോളനവും മിക്കദിക്കുകളിലും നടന്ന പ്രക്ഷോഭണങ്ങളുമാകുന്നു. 1106 കർക്കടകം 11-ാംന്നു മുതൽ ചിങ്ങം മൂന്നാംതീയതിവരെ അല്പകാലം മി. വി. എസ്സ്. സുബ്രഹ്മണ്യയ്യർ അവധി എടുത്ത കാലത്തു് അക്ടിംഗ് ദിവാനായി ഹൈക്കോർട്ടു ജഡ്ജി മി. ഏ. വെങ്കിട്ടരാമയ്യർ നിയമിക്കപ്പെട്ടു. അക്കാലത്തിനുള്ളിൽ അദ്ദേഹം ചെയ്ത തുഞ്ചനങ്ങളുടെ പ്രീതിക്കു സവിശേഷം പാത്രീഭവിച്ചു.

ഏതാനും ചില നിയമങ്ങളും ഇക്കാലത്തിനിടയ്ക്കു പുതിയതായി ഉണ്ടായി. 1105 ലെ ഗ്രാമപ്രജ്ഞായത്തുറെഗുലേഷനേയും ജന്മികുടിയാൻ റെഗുലേഷനേയും ഭേദപ്പെടുത്തുന്നതിനു് ഓരോ ബില്ലുകൾ ഡാജരാക്കിയെന്നുള്ളതും ഇവിടെ പ്രസ്താവയോഗ്യമാകുന്നു.

റീജൻസിയുടെ അവസാനം.

1931 നവംബർ 6-ാംതീയതി റീജൻസിഭരണം അവസാനിച്ചു.. മഹാറാണി തിരുമനസ്സുകൊണ്ടു ചെയ്ത പരിഷ്കാരങ്ങളിൽ ചിലതു പ്രത്യേകം സ്മരണീയമാകുന്നു. നാടുവാഴുന്ന രാജാക്കന്മാരെ മുഖംകാണിക്കാൻ ചെല്ലുന്നവർ കാഴ്ചദ്രവ്യങ്ങൾ കൊണ്ടുചെല്ലണമെന്നുണ്ടായിരുന്ന ഏർപ്പാടു് നിർത്തിയതും, ഡർബാറിനു കൂടണിക്കപ്പെടുന്ന നാട്ടുകാർക്കു ഇരുപ്പുനല്കിയതും, ക്രിസ്ത്യാനികൾക്കു ഉദ്യോഗവിഷയകമായി പൂർവ്വാധികം പ്രോത്സാഹനം നല്കിയതും, ജനാഭിപ്രായം നിർത്തൽചെയ്തതും, ചില സർക്കാർ കേന്ദ്രങ്ങളിൽ നടപ്പുണ്ടായിരുന്ന ദേവദാസിയേർപ്പാടു് പാടില്ലെന്നുവച്ചതും, സ്റ്റേറ്റ് എഡിഡഡ് ബാങ്കു സ്ഥാപിച്ചതും, ചെന്തല പൂരത്തിനുള്ള പാട്ടു വിരോധിച്ചതും, സ്ത്രീകൾക്കു് സർക്കാർ സർവീസിൽ പ്രവേശനം കൊടുത്തതും, സ്ത്രീകൾക്കുള്ള

കാളിദാസനാംഗ്രന്ഥകർത്താവു ഉജ്ജയിനിയിലുണ്ടായിരുന്നു, എന്നുള്ളതിനു ഇപ്പോൾ ചില അഭിപ്രായഭിന്നതകൾ ചെയ്യുകൊണ്ടിരിക്കുന്നുണ്ടു. പ്രസ്തുതകർത്താവു ഉജ്ജയിനിയിൽ വസിച്ചിരുന്നുവെന്നുള്ളതിനു സംശയമില്ലെങ്കിലും അദ്ദേഹം ഏതു കാലത്തിലാണു ജീവിച്ചിരുന്നതെന്നുള്ളതു സംശയമാണു.

അദ്ധ്യായം ൪൭.

ശ്രീചിത്തിരതിരുനാൾ രാമവർമ്മ മഹാരാജാവു്.

1107 മുതലാം 20-ാംതീയതി അവിടുത്തെ ഭരണപ്രതിഷ്ഠാപനകർമ്മം നടത്തി. 19-ാംതീയതിമുതൽ തന്നെ തിരുവനന്തപുരത്തു് ഒരു മഹോത്സവം തന്നെയായിരുന്നു. അതിലേക്കു പൊതുജനങ്ങൾ നിർവ്വഹിച്ചതു ചെലവിട്ടു് ഒരു ചിത്രാഗാരം സ്ഥാപിച്ചിരുന്നു. 19-ാംതീയതി കാലത്തു് പുട്ടമണിക്കു് പ്രസ്തുത നഗരത്തിലെ പ്രദർശനം ഡാക്ടർ കൃഷ്ണൻപണ്ടാലയാൽ ഉൽഘാടനംചെയ്യപ്പെട്ടു. മഹാരാജാവു തിരുമനസ്സുകൊണ്ടു ചിത്രാഗാരത്തെ സന്ദർശിച്ചു് ആനന്ദിച്ചു. അടുത്തദിവസം രാവിലെ പൊക്കോട്ടാമണ്ഡപത്തിൽ എഴുന്നള്ളിയിരുന്നു ഡർബാർ. തിരുമനസ്സിലെ എഴുന്നള്ളത്തു കാണ്മാനായി പുത്തൻകച്ചേരിയുടെ ചുറുംഭാഗങ്ങൾ കൂടിയിരുന്നു. കച്ചേരിയുടെ പരിസരങ്ങൾ അതികമനീയമായി അലങ്കരിക്കപ്പെട്ടിരുന്നു. അന്നു പത്രണ്ടു മണിയോടുകൂടിത്തന്നെ പോലീസുകാർ ഫുൾഡ്രസ്സു യൂനിഫാറംധരിച്ചു പുത്തൻകച്ചേരിവളപ്പിൽ പ്രവേശിച്ചു് കെട്ടിടങ്ങളേയും പരിസരങ്ങളേയും പരിരക്ഷിക്കുന്നതിനുള്ള ഭാരം ഏറ്റെടുത്തിരുന്നു. തെക്കു പടിഞ്ഞാറേഗോപുരത്തിനു സമീപത്തു നിർമ്മിച്ചിരുന്ന വളപ്പിൽസ്കോട്ടുസൈന്യവും സ്ഥലംപിടിച്ചു. ഉച്ചതിരിഞ്ഞു 3-ാമ-ു ഗവർണ്ണർ ജനറലിന്റെ എ.ഡ.സ്കാട്ടും മഹാരാജാതിരുമ

ശ്രീ ചിത്തിരതിരുനാൾ.

നസ്സിലെ അംഗരക്ഷകന്മാരും, കൊടികളോടും ബാൻഡുകളോടും കൂടി ഒന്നും രണ്ടും നായർപട്ടാളങ്ങളും, ഡർബാർ ഹാളിന്റെ പുരോഭാഗത്തുള്ള മൈതാനത്തു് അണിനിരന്നു.

ഡർബാർഹാളിലെ രാജകീയ സിംഹാസനത്തിന്റെ പിന്നിൽ 13:7-ൽ വിക്ടോറിയാ മഹാറാണി കൊടി സ്ഥാപിച്ചിരുന്നു. അതിന്റെ മാതൃകയിൽ മഹാരാജ കൊടി ഹാളിന്റെ മുൻവശത്തും തൂക്കിയിരുന്നു.

3—45-ൽ അമ്മമഹാറാണി തിരുമനസ്സുകൊണ്ടു് അറിങ്ങൽ കൊട്ടാരത്തിലേക്കു പുറപ്പെട്ടു. അപ്പോൾ പതിവുപോലുള്ള അഭിവാദനങ്ങൾ കഴിഞ്ഞു് മഹാറാണി റീജന്റു തിരുമേനിയും പത്തുമിനിട്ടിനു ശേഷം മഹാരാജാ തിരുമനസ്സുകൊണ്ടും പുളിമൂടുതമ്പുരാന്റെ കൂതിര കെട്ടിയ വണ്ടിയിൽ പുറപ്പെട്ടരുളിയപ്പോൾ, ലിവാൻ മി. വി. പുന്നൂസ്. സുബ്രഹ്മണ്യമുതലിയാർ നായർപട്ടാളം കമാൻഡർ എന്നിവർ തിരുമേനിമാരെ യഥോചിതം സ്വീകരിച്ചു. പുറപ്പാടു വെടികളും വച്ചുപൊട്ടി. തിരുമനസ്സുകൊണ്ടു് സിംഹാസനത്തിന്റെ സമീപത്തുചെന്നു മഹാറാണി റീജന്റു തിരുമനസ്സിലെ വന്ദിച്ചശേഷം സിംഹാസനസ്ഥനായി. അടുത്തു പ്രത്യേകം ഒരുക്കിയിരുന്ന കസാലയിൽ റീജന്റു തിരുമേനിയും ഉപവേശിച്ചു.

കമണിക്കു് ഗവർണ്ണർ ജനറലിന്റെ ഏജന്റു് മഹാരാജാ തിരുമനസ്സിലെ അംഗരക്ഷകന്മാരുടെ അകമ്പടിയോടുകൂടി വന്നു ചേർന്നു. അപ്പോൾ പതിവുപോലുള്ള അഭിവാദനവെടികൾ വെച്ചുപൊട്ടി. ലിവാൻജി അദ്ദേഹത്തിനെ ചിതിരറു കല്പടകളുടെ മുകളിൽ കൊണ്ടുചെന്നപ്പോൾ, ഉത്രാടംതിരുനാൾ തമ്പുരാൻ അദ്ദേഹത്തിനെ യഥോചിതം സ്വീകരിച്ചു; ഹാളിൽ പ്രവേശിച്ചു ഉടനെ ഏജന്റിനു മഹാരാജാതിരുമനസ്സുകൊണ്ടു് സ്വാഗതം അരുളി.

കുശലപ്രശ്നാനന്തരം കണ്ണൽ പ്രിച്ചാർഡ് ചൈസറായിയുടെ കീഴിലുള്ള മഹാരാജാ തിരുമനസ്സിലെ തുക്കെയിൽ ഏല്പിച്ചു. അതു വായിച്ചു തീരുംവരെ സദസ്യർ എഴുന്നേറ്റുനിന്നു. ആ കീഴ്ത്ത താഴെ ചേർക്കുന്നു:—

ശ്രീപത്മനാഭദാസ വഞ്ചിപാല രാമവർമ്മ കുലശേഖര കിരീടപതി മനോസുൽത്താൻ മഹാരാജാധിരാജ രാമരാജബഹദൂർ ഷംഷേർജംഗ് തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലേക്ക് —

കുലീനനും ബഹുമാന്യനും ആയ സുഹൃത്തേ:—

ഈ ശുഭമുഹൂർത്തത്തിൽ തിരുമനസ്സിലെ അനുമോദിക്കുന്നതിനായി ഞാൻ പുഴ്ഴുന്നതു നിർവ്യാജമായ സന്തോഷത്തോടുകൂടിയാകുന്നു. അവിടുത്തെ കുടുംബവുമായുള്ള എന്റെ സ്നേഹബന്ധം വളരെക്കാലമായി നിലനിന്നുപോരുന്നതും എന്റെ ഇപ്പോഴത്തെ ഉദ്യോഗം കൈയേറ്റു ഏറെത്താമസിയാതെ അവിടുത്തേക്കുണ്ടു പരമ്പരാനുക്രമമായ പൂർണ്ണാവകാശം സ്വീകരിക്കുന്നതിനു് അവിടുത്തേക്കുള്ള പ്രാപ്തിയെപ്പറ്റി നേരിട്ടറിഞ്ഞു തീരുമാനിക്കുന്നതിനു് എനിക്കു് അവസരം ഉണ്ടായിട്ടുള്ളതുമാകുന്നു. അവിടുത്തെ സംസ്ഥാനത്തിലെ പൂർണ്ണ ഭരണാധികാരങ്ങൾ തിരുമനസ്സുകൊണ്ടു ഇപ്പോൾ സ്വീകരിക്കുന്നതിനെപ്പറ്റി അനുകൂലമായി തീരുമാനിക്കത്തക്കവണ്ണം എനിക്കു ലഭിച്ചു അറിവുകൾ അത്യന്തതൃപ്തികരമായിരുന്നു.

തിരുമനസ്സിലെ പൂർവികന്മാരാൽ മാത്രമല്ല, അവിടുത്തേക്കു ബാല്യമായിരുന്നപ്പോൾ മഹാറാണി തിരുമനസ്സിനാലും, രാജ്യതന്ത്രനൈപുണിയോടുകൂടി ഉത്തമമായ മാതൃകയിൽ ഭരിക്കപ്പെട്ടുപോരുന്ന ഒരു സംസ്ഥാനത്തിന്റെ ഭരണകർത്തൃത്വം കൈ ഏല്ക്കുന്നതിൽ തിരുമനസ്സുകൊണ്ടു് അതിധന്യനാകുന്നു. മഹാറാണി റീജൻറു തിരുമനസ്സിലെ നേക്കുള്ള അവിടുത്തേയും തിരുവിതാംകൂർ സംസ്ഥാനത്തിന്റേയും കടപ്പാടു് എത്രത്തോളമാണെന്നു് എനിക്കു നിർണ്ണയിക്കുന്നതിനോ അവിടുത്തേക്കു വീട്ടുന്നതിനോ വൈഷമ്യമുള്ളതായിരുന്നാലും മഹാറാണി റീജൻറു തിരുമനസ്സിലെ ഏഴു കഴിഞ്ഞുള്ള ജീവിതകാലത്തിൽ അവിടുത്തെ പ്രതാപത്തെയും ശ്രേയസ്സിനെയും പരിപാലിക്കുന്നതിൽ തിരുമനസ്സുകൊണ്ടു വേണ്ടതെല്ലാം ചെയ്യാതിരിക്കയില്ലെന്നു എനിക്കു നിശ്ചയമുണ്ടു്.

൨൫. ആസ്റ്റിൻ

തിരുമനസ്സുകൊണ്ടു കൈയേല്ക്കാൻ പോകുന്ന പ്രാതിനിധ്യപരമായ ഉത്തരവാദിത്വങ്ങളും കർത്തവ്യങ്ങളും ഗുരുതരങ്ങളായവയും തിരുമനസ്സിലെപ്പോലെ, ഭരണനയത്തെ നിയന്ത്രണംചെയ്യാൻ ചുമതലപ്പെട്ടിരിക്കുന്നവർക്ക് ഉണ്ടാകാറുള്ള വൈഷമ്യങ്ങളെ തരണംചെയ്യുന്നതിന് ധൈര്യം, വിവേകം, ഉത്സാഹം എന്നിവ അത്യാവശ്യവും ആകുന്നു. തിരുമനസ്സിലെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളോടു എതിരിടുന്ന വിഷയത്തിൽ ഒരു പ്രധാന ഭാരം വഹിക്കുന്നതിന് അവിടുത്തെ വിദ്യാഭ്യാസവും പരിശീലനവും തിരുമനസ്സിലെ പര്യാപ്തമാക്കീട്ടുള്ളതിനു പുറമേ, ഈ കൃത്യനിർവ്വഹണത്തിൽ, എന്നിലും എന്റെ ഏജന്റിലുംനിന്നു സഹാനുഭാവപൂർവ്വമായ ഉപദേശത്തേയും സാഹായ്യത്തേയും എല്ലാസ്സമയം അവിടുത്തേക്കു പ്രതീക്ഷിക്കാവുന്നതുമാകുന്നു. തിരുമനസ്സിലേക്കു ഭരണാധികാരം നേരിട്ടു നല്കുവാനും കൃത്യാന്തരബാഹുല്യതയാൽ തിരുവിതാംകൂർ സന്ദർശിക്കുന്നതിനും ഇടയാകാതെ പോയതിൽ ഞാൻ യഥാർത്ഥമായി ഖേദിക്കുന്നു. എന്നാൽ മറെറാരവസരത്തിൽ തിരുമനസ്സിനോടും അവിടത്തെ ജനങ്ങളോടും എന്റെ പൂർവ്വമൈത്രീബന്ധത്തെ നവീകരിക്കാൻ സാധിക്കുമെന്നാണു് എന്റെ പ്രത്യാശ.

തിരുമനസ്സിലെ അഭ്യുന്നതിയേയും വിജയകരമായ ഭരണത്തേയും ലക്ഷ്യമാക്കിയുള്ള എന്റെ നിർവ്യാജമായ ആശംസകളെ അറിയിക്കുന്നതിനും ഞാൻ ഈ അവസരത്തെ വിനിയോഗിച്ചുകൊള്ളുന്നു.

തിരുമനസ്സിലെ നേർക്ക് എനിക്കുള്ള ബഹുമാനാദരങ്ങളെ പ്രകാശിപ്പിക്കുന്നതിനു ഞാൻ അഭ്യർഥിക്കുകയും ചെയ്യുന്നു.

എന്നു് തിരുമനസ്സിലെ മിത്രം,

വില്ലിങ്ഡൺ,

വൈസറായിയും ഇൻഡ്യാഗവർണ്ണർ ജനറലും, ന്യൂ ഡൽഹി,
1931 ഒക്ടോബർ 3 നു.

കരീത്ത വായിച്ചുതീർന്ന ഉടനെ പട്ടാളക്കാർ ആഘോഷം ചെയ്യുകയും ബാൻഡുകാർ ദേശീയഗാനത്തിന്റെ ഏതാനും ഭാഗം

ക്കം വായിക്കയും ചെയ്തു. അനന്തരം 31 അഭിപ്രായപെടികൾ വെയ്ക്കപ്പെട്ടു.

തദനന്തരം ബ്രിട്ടീഷ് ഗവണ്മെണ്ടിന്റെ പ്രതിനിധി എന്ന നിലയിൽ കണ്ണൽ പ്രിച്ചാർഡ് അവർകൾ താഴെപ്പറയുന്ന വിളംബരം വായിച്ചു. തദവസരത്തിൽ സദസ്യർ എഴുന്നേറ്റു നിന്നു.

"ശ്രീപത്മനാഭദാസ വഞ്ചിപാല രാമവർമ്മ കുലശേഖര കിരീടപതി മനോസുൽത്താൻ മഹാരാജരാജ രാമരാജബഹദൂർ ഷംഷേർജംഗ് മഹാരാജാ തിരുമനസ്സിലെ നിയമപ്രകാരമുള്ള രാജ്യാവകാശിയായി ഇൻഡ്യാ ഗവണ്മെണ്ടു് അംഗീകരിക്കയും, 1924 ഡെസംബർമാസം 1-ാംന്നു തിരുവിതാംകൂർ മഹാരാജാവായി പ്രഖ്യാപനം ചെയ്കയും ചെയ്തിട്ടുള്ളതിനാലും,

മേൽപ്പറഞ്ഞ ശ്രീപത്മനാഭദാസ വഞ്ചിപാല രാമവർമ്മ കുലശേഖര കിരീടപതി മനോസുൽത്താൻ മഹാരാജരാജ രാമരാജബഹദൂർ ഷംഷേർജംഗ് മഹാരാജാവു തിരുമനസ്സിലേക്ക് ജ്യേഷ്ഠപുത്രനായിരുന്നതിനാലും, ഭരണാധികാരത്തിൽ സ്ഥാകാലം മേവിട്ടുനിൽക്കുവാൻ രാജകുടുംബത്തിലെ മൂത്ത പെൺവഴിത്തന്നുരാനായ ശ്രീപത്മനാഭദാസവിനി വഞ്ചിയമ്മവലിനി രാജരാജേശ്വരി മഹാറാണി സേതു ലക്ഷ്മീഭായി മഹാരാജാവു് സി. ഐ. തിരുമനസ്സിലെ തിരുവിതാംകൂർ സംസ്ഥാനത്തെ ഭരിക്കുന്നതിനും അവരുടെ ഭരണത്തെ നിയന്ത്രിക്കുന്നതിനും റീജന്റായി പ്രഖ്യാപനം ചെയ്തതിനാലും,

ഇൻഡ്യാഗവണ്മെണ്ടു് ഇപ്പോൾ മഹാരാജാവു തിരുമനസ്സിലേക്കു് ഭരണാധികാരം പ്രദാനംചെയ്യുവാൻ തീരുമാനിച്ചിട്ടുള്ളതിനാലും, മഹാറാണി തിരുമനസ്സുകൊണ്ടു് ഈ സംസ്ഥാനത്തിന്റെ ഭരണം അവിടുത്തെ ഹസ്തങ്ങളിൽ സമർപ്പിക്കുന്നതിനാലും, ശ്രീപത്മനാഭദാസ വഞ്ചിപാല രാമവർമ്മ കുലശേഖര കിരീടപതി മനോസുൽത്താൻ മഹാരാജരാജ രാമരാജബഹദൂർ ഷംഷേർജംഗ് തിരുമനസ്സുകൊണ്ടു് ഈ സംസ്ഥാനത്തിന്റെ ഭരണം ഇന്നേദിവസം കൈയേറിരിക്കുന്നു എന്നു് ഞാൻ പ്രഖ്യാപനം ചെയ്യുന്നു. തിരുമനസ്സിലെ, തങ്ങളുടെ മഹാരാജാവായും

നാടുവാഴിയായും സ്വീകരിച്ചു് അവിടത്തെ അനുസരിച്ചു നട
ക്കേണമെന്നു തിരുവിതാംകൂർ സർക്കാരിന്റെ സകല പ്രജകളോ
ടും ഇതിനാൽ ആജ്ഞാപിക്കുന്നു.

കൊല്ലവർഷം അയിരത്തി ഒരുനൂറേഴ്വാമാണ്ടു് തുലാമാസം
ഇരുപത്താറീയതിക്കു ക്രിസ്താബ്ദം ആയിരത്തിഎണ്ണൂറ്റിമുപ്പത്തി
മൂന്നാമതു വർഷം നവംബർമാസം അറാംതീയതി ആയ
ഇന്നേദിവസം തിരുവിതാംകൂറിൽ തിരുവനന്തപുരത്തുവെച്ചു
എന്റെ കൈയ്യൊപ്പും മുദ്രയും വച്ചുകൊടുത്തിരിക്കുന്നു.

ബഹുമാനപ്പെട്ട ഗവർണ്ണർ ജനറലിന്റെ ഉത്തരവിൻപ്ര
കാരം വിച്ചു്. ആർ. ഡിൽ. പ്രിച്ചാർഡ്, മദ്രാസ് സംസ്ഥാനങ്ങ
ളിൽ ഗവർണ്ണർ ജനറലിന്റെ ഏജന്റു്."

അതേ സമയത്തുതന്നെ മഹാരാജാവു സ്വാതികാരം ഉപ
യോഗപ്പെടുത്തി തിരുവനന്തപുരം സെൻട്രൽ ജയിലിൽനിന്നു
36 തടവുകാർക്കു മോചനം നല്കി. അനന്തരം മഹാരാജാവും
മറ്റു സഭാസ്യരും പ്രസംഗമണ്ഡപത്തിലേക്കു പുറപ്പെട്ടു. അവി
ടെവെച്ചു് ബ്രിട്ടീഷ് ഗവണ്മെണ്ടിന്റെ വിളംബരം ചീഫ്സിക്ര
ട്ടറി മി. ജാക്സു് വായിച്ചു. തദനന്തരം സഭാസ്യർ എഴുന്നേറ്റു
നിന്നു. അനന്തരം മഹാരാജാവു തിരുമനസ്സിലേയും മഹാറാണി
റീജന്റു തിരുമനസ്സിലേയും ഓരോ വിളംബരങ്ങൾ വായിക്ക
പ്പെട്ടു. മഹാരാജാ തിരുമനസ്സിലെ വിളംബരം വായിച്ചുതീരുമ്പോൾ
21 ആചാരവെടികളും അണിവെടിയും വയ്ക്കപ്പെട്ടു.

പിന്നീടും മഹാരാജാവു തിരുമനസ്സുകൊണ്ടും സഭാസ്യരും ഡർ
ബാർ ഹാളിലേക്കു മടങ്ങി. എല്ലാപേരും യഥാസ്ഥാനം ഉപവേ
ശിച്ചു. കർണ്ണൽ പ്രിച്ചാർഡ് തിരുവിതാംകൂറിന്റെ ആധുനിക
സ്ഥിതിയെ പരാമർശിച്ചും, മഹാറാണിയേയും മഹാരാജാവിനേ
യും അഭിനന്ദിച്ചും സുദീർഘമായ ഒരു പ്രസംഗം ചെയ്തു. അതി
നു മറുപടിയായി മഹാരാജാ തിരുമനസ്സുകൊണ്ടു് ചെയ്ത പ്രസം
ഗത്തെ ഇവിടെ ഉദ്ധരിക്കാതെ തരമില്ല.

കർണ്ണൽ പ്രിച്ചാർഡേ, മഹതികളേ, മഹാന്മാരേ!

ഒരുണ്ടര ശതാബ്ദത്തിനു മുമ്പു് ബ്രിട്ടീഷുകാർ ഈ രാജ്യത്തു
കാട്യമായി താവളമുറപ്പിക്കുകയും, മധുരയും തിരുനെൽവേലിയു

മായി യുദ്ധം നടന്നിരുന്ന വിഷമകാലങ്ങളിലും, ഹൈദരാലിയും ടിപ്പുസുൽത്താനുമായിട്ടുണ്ടായ യുദ്ധങ്ങളിലും, തിരുവിതാംകൂറും മേൽക്കോയ്മയും തമ്മിലുള്ള മൈത്രി ഗാഢമായ ഇതരേതരാശ്രയവും പരസ്പരസഹകരണവും കൊണ്ടു ദൃഢീകൃതമാവുകയും 1795-ാമാണ്ടിൽ ചോളും ഈസ്റ്റിൻഡ്യാക്കമ്പനിക്കു രാജാവുമായുള്ള തങ്ങളുടെ പുരാതന മൈത്രിയെപ്പറ്റി പ്രസ്താവിക്കുന്നതിനു സാധിക്കയുംചെയ്തു. രാജാവിനു ഗവണ്മെണ്ടിന്റെ മേലുള്ള നിയന്ത്രണാധികാരഗതിയെ യാതൊരുവിധത്തിലും തടസ്സം ചെയ്തയില്ലെന്നും രാജാവിനെ പുറമേനിന്നുള്ള ശത്രുക്കളിൽനിന്നു രക്ഷിച്ചുകൊള്ളാമെന്നും അന്നു ഈസ്റ്റിൻഡ്യാക്കമ്പനി നല്കിയ ഉറപ്പ് ഈ മൈത്രിയുടെ കൂടുതലായുള്ള ഒരു തെളിവായിരുന്നു. തിരുവിതാംകൂർ അതിന്റെ ബാല്യദശകം ഒരുപോലെ തന്നെ വിശ്വാസ്യപൂർവ്വം നിറവേറിട്ടുണ്ടെന്നുള്ളത് സന്തോഷത്തിനും അഭിമാനത്തിനും വകയുള്ള കാര്യമാകുന്നു. മേൽക്കോയ്മയും ഈ സംസ്ഥാനവും തമ്മിലുള്ള ബന്ധങ്ങളുടെ മുദ്രാവാക്യവും മൈത്രീകതത്വവും, സമാധാനം, സൌഹാർദ്ദം ഇവയായിരുന്നു. ഈ കാലം മുഴുവനും നമ്മുടെ ക്ഷേമൈശ്വര്യങ്ങൾക്കു താദാത്മ്യമുണ്ടായിരുന്നു എന്നും നിശ്ശ്രയമായി പറയാം.

പുരാതന ചേരവംശത്തിലെ ഒരു സന്താനവും പ്രതിനിധിയും അയ എന്റെ രാജ്യത്തിലെ ആചാരങ്ങളും നടപ്പും അനുസരിച്ചു് വൈസറായിയുടെ അംഗീകരണത്തിനും തൽക്കാലാധികാരപ്രതിഷ്ഠാപനത്തിനുംശേഷം ഞാൻ ഈ സംസ്ഥാനത്തിന്റെ ഭരണം കൈയേല്ക്കുന്നു. ഗൌരവമേറിയ ഈ മുഹൂർത്തത്തിൽ, ഈ രാജ്യത്തേയും അതിന്റെ നാടുവാഴിയേയും ചക്രവർത്തി തിരുമനസ്സിനോടും അവിടത്തെ പ്രതിനിധികളോടും ബന്ധിക്കുന്ന കെട്ടുപാടുകളുടെ ചരിത്രപരമായ അടിസ്ഥാനത്തേയും, അവിച്ഛിന്നമായ നിലനില്പിനേയും ഞാൻ അഭിമാനപൂർവ്വം അനുസ്മരിക്കുന്നു. ഇപ്പോഴത്തെ ഇൻഡ്യാ വൈസറായി എന്റെ നേക്കു കാണിച്ചിട്ടുള്ള വിവേകപൂർവമായ അനുകമ്പയും അദ്ദേഹത്തിന്റെ സ്വന്തനിലയിൽ ഉള്ള സൌഹാർദ്ദവും മാർഗ്ഗോപദേശവും കൊണ്ടു് ഈ കെട്ടുപാടുകൾ എന്നെ സംബന്ധിച്ചിടത്തോളം

സുദൃഢമാക്കപ്പെട്ടിട്ടുണ്ടു്. അദ്ദേഹത്തിനോടു് ഞാൻ പ്രത്യേകമായി കൃതജ്ഞതയുള്ളവനായിരിക്കുന്നു. എന്റെ ഗാഢമായ ബഹുമാനാദരങ്ങൾ ബഹുമാനപ്പെട്ട വൈസറായി അവർകളേയും വില്ലിംഗ്ഡൺ പ്രഭുപത്നിയേയും നിങ്ങൾ സദയം അറിയിക്കുമോ? ഞാൻ താൽപ്പര്യത്തോടും യഥാർത്ഥമായ അനുരാഗത്തോടും ശ്രദ്ധിച്ചുകൊണ്ടിരുന്ന നിങ്ങളുടെ പ്രസംഗത്തിൽ എന്റെ സംസ്ഥാനത്തിനു സിദ്ധിച്ചിട്ടുള്ള ക്രമപ്രവൃദ്ധമായ അഭിവൃദ്ധിയെപ്പറ്റി നിങ്ങൾ പ്രസ്താവിച്ചുവല്ലോ. എന്റെ പൂർവ്വാമികളുടെ തീക്ഷ്ണവും അക്ഷീണവുമായ പരിശ്രമങ്ങളും, നിങ്ങൾ പ്രസ്താവിച്ചിട്ടുള്ളതുപോലെ തിരുവിതാംകൂറിന്റെ ക്ഷേമാഭിവൃദ്ധിയിൽ എന്റെ മാതൃസഹോദരിയായ മഹാറാണി റീജന്റു് പ്രദർശിപ്പിച്ച ബുദ്ധിപൂർവ്വമായ ഔത്സുക്യവും നിമിത്തമാണു് ഈ അഭിവൃദ്ധി ഉണ്ടായിട്ടുള്ളതു്. ഞാൻ ഇപ്പോൾ വ്യവസ്ഥിതവും സുരക്ഷിതവും ആയ ഒരു ഗവണ്മെണ്ടിന്റെ ഭരണം കൈയേല്ക്കുന്നു. എന്നാൽ ഞാൻ അപ്രകാരം ചെയ്യുന്നതു് മിഥ്യാഭിമാനത്തോടുകൂടിയോ ആത്മസംതൃപ്തിയോടുകൂടിയോ അല്ല; ഈ മഹനീയമായ അവകാശലാഭംകൊണ്ടുണ്ടായിട്ടുള്ള ഭൂമതലയെപ്പറ്റി പൂർണ്ണമായും ഉദ്ഗമായും ഉള്ള ബോധത്തോടുകൂടിയാകുന്നു.

ഈ രാജ്യത്തിന്റെ ധനസ്ഥിതിയെപ്പറ്റി നിങ്ങൾ ശരിയായി സൂചിപ്പിച്ചു. ചില വിഷയങ്ങളിൽ അതു തൃപ്തികരമാണെന്നിരുന്നാലും, സ്വഭാവത്തിലും വ്യാപ്തിയിലും സാവ്വത്രികവും ഗൌരവാവഹവും ആയ സാമ്പത്തികമാന്ദ്യത്തിന്റെ നാശകരമായ ഫലങ്ങളിൽനിന്നും വിമുക്തമാകുന്നതിനു് ഈ രാജ്യത്തിനു ഭാഗ്യമുണ്ടായിട്ടുണ്ടെങ്കിലും, ഇപ്പോഴത്തെ സ്ഥിതിയും ഉൽക്കണ്ഠാജനകം തന്നെയാണു്. അഭ്യാടങ്ങൾ കുറയ്ക്കുകയും നമ്മുടെ ധനാഗമമാർഗ്ഗങ്ങൾ പരിപുഷ്ടീകരിക്കയും ആയിരിക്കും എന്റെ സ്ഥിരമായ ഉദ്ദേശമെന്നു ഞാൻ നിങ്ങളോടും നിങ്ങൾമുഖാന്തരം ബഹുമാനപ്പെട്ട വൈസറായി അവർകളോടും ഉറപ്പുപറഞ്ഞുകൊള്ളുന്നു. വഞ്ചിരാജാക്കന്മാർ അവലംബിച്ചുവന്ന ആദർശങ്ങൾ ഇവയാണെന്നും ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ.

വിദ്യാഭ്യാസത്തിലും രാജ്യത്തിന്റെ ഉൽക്കർഷത്തിനുവേണ്ടിയുള്ള രാഷ്ട്രീയവും സൈനികവുമായ ഉദ്യമങ്ങളിലും ഈ രാജ്യത്തിനു സിദ്ധിച്ചു സിസ്തുലമായ സ്ഥാനത്തെക്കുറിയും നിങ്ങൾ പരാമർശിച്ചിട്ടുണ്ടു്. അതേമാർഗ്ഗത്തിൽതന്നെ ഈ രാജ്യത്തിന്റെ പുരോഗതിയെ തടസ്സപ്പെടുത്തുന്നതിനും പരിഭ്രാന്തിവിഷയമായി മുന്നണിയിൽ വച്ചിട്ടുള്ളതിനു് അതിനെ ശക്തമാക്കുന്നതിനും അയിരിക്കും വളരെ പ്രയത്നവും നിരന്തരവുമായ ശ്രമമെന്നു ഞാൻ പറയേണ്ടതില്ലല്ലൊ.

തിരുവിതാംകൂർ ഇൻഡ്യയുടെ ഏറ്റവും തെക്കേമുലയ്ക്കു് ഈ ഉപഭ്രൂഖണ്ഡത്തിന്റെ ഇതരഭാഗങ്ങളിൽനിന്നു വേർപിരിഞ്ഞിരിക്കുന്നതെങ്കിലും അതിനു സർവതോമുഖമായ അഭിവൃദ്ധിയും, അൻപാർന്ന ക്ഷേത്രാളം വരുന്ന ജനസംഖ്യയും, രണ്ടരകോടി രൂപയെങ്കിലും ഉണ്ടായിരിക്കയും, പലേ മഹാകാര്യങ്ങൾ അതു സാധിച്ചിട്ടുള്ളതിനു പുറമെ നിരവധി ഉച്ചാഭിലാഷങ്ങളോടുകൂടി നിന്നുകൊണ്ടിരിക്കയും, ചെയ്യുന്ന സ്വതിക്കുന്നതിനു സ്വാതന്ത്ര്യമായി ഉദ്ദേശിക്കാവുന്നതിലധികം ഉദാസീനത അതിന് ഇൻഡ്യയിലും ഇംഗ്ലണ്ടിലും ഉണ്ടായിരിക്കുന്നില്ല. ജനസംഖ്യയിൽ വൈഷമ്യാബാദിനാലും മൈസൂരിനാലും മാത്രം അതിശയിക്കപ്പെട്ടിട്ടുള്ള ഒരു നാടുവാഴിസ്ഥാനത്തിന്റെ സ്ഥാനം കൂടുതൽ നിശ്ചിതവും അസന്ദിഗ്ദ്ധവും ആയി അംഗീകരിക്കപ്പെടേണ്ടതാണെന്നു് ആവശ്യപ്പെടുന്നതു ന്യായരഹിതമല്ലല്ലൊ.

നിങ്ങളുടെ പ്രസംഗത്തിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്ന ദയാപൂർവമായ മനോഭാവങ്ങൾക്കു ഞാൻ നിങ്ങളോടു് കടപ്പെട്ടിരിക്കുന്നു. വൈസ്രായിയുടെ പ്രതിനിധി എന്ന നിലയിലും ഇൻഡ്യാഗവർമ്മെന്റുമായുള്ള കത്തിടപാടുകൾ നടത്തുന്നതിനു മുമ്പു തലപ്പെട്ട മല്യൂസ്ഥനെന്ന നിലയിലും നിങ്ങളുമായുള്ള എന്റെ ബന്ധം കഴിഞ്ഞകാലങ്ങളിലെന്നപോലെ എന്നും സൌഹാർദ്ദപരവും വ്യക്തിപരവുമായിരിക്കുമെന്നു് എനിക്കു വിശ്വാസമുണ്ടു്. ഇപ്പോൾ ഇൻഡ്യയെ അഭിമുഖീകരിച്ചിരിക്കുന്ന അനേകം ഗൌരവപ്രശ്നങ്ങളുണ്ടു്. ബ്രിട്ടീഷ് ഇൻഡ്യയും ഇൻഡ്യൻ സംസ്ഥാനങ്ങളും തമ്മിലുള്ള ഭാവിബന്ധം എന്തായിരി

ക്കണമെന്ന പരിശോധിച്ചു വരികയാണു്. അതിപ്രാധാന്യമുള്ള രാഷ്ട്രീയവും ഭരണവിഷയകവും ആയ പരിവർത്തനങ്ങളെപ്പറ്റി വാദപ്രതിവാദങ്ങൾ നടത്തുകയും ആലോചിക്കയും ചെയ്യുമ്പോൾ, ഈ പരിവർത്തനങ്ങളെ പരിഗണിച്ചു ബ്രഹ്മാനപ്പെട്ട ചെയർമായി അവർകളോടും നിങ്ങളോടും ആലോചിച്ചശേഷം എന്റെ കുടുംബത്തിന്റെ വിശ്വസ്തമിത്രമായ സർ സി. പി. രാമസ്വാമി അയ്യരെ നിയമസംബന്ധവും ഭരണവ്യവസ്ഥിതിവിഷയകവും ആയ കാര്യങ്ങളിൽ എന്റെ ഉപദേഷ്ടാവായി നിയമിക്കുന്നതിനു ഞാൻ തീരുമാനിച്ചിരിക്കുന്നു.

മൈസൂർ മഹാരാജാതിരുമനസ്സുകൊണ്ടു സ്വന്തം നിലയിൽ എനിക്കു പ്രദാനംചെയ്ത മഹത്തായ സൽക്കാരത്തിനും ആ സംസ്ഥാനത്തു ഞാൻ ഭരണപരിശീലനം നടത്തിയ അവിടുന്നും അവിടുത്തെ ഉദ്യോഗസ്ഥന്മാരും എനിക്കു ചെയ്തതന്നിട്ടുള്ള നിരന്തരവും സൌഹൃദപൂർവകവുമായ സഹായത്തിനും എനിക്കുള്ള അത്യന്തനിർവ്യാജവും ഹൃദയപൂർവകവുമായ കൃതജ്ഞതയെ ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ. ബ്രിട്ടീഷ് ഭരണസമ്പ്രദായങ്ങൾ പഠിക്കുന്ന വിഷയത്തിൽ എനിക്കു ചെയ്തതന്ന സൌകര്യങ്ങൾക്കായി ഞാൻ മദ്രാസ് ഗവണ്മെന്റിനോടും നന്ദിപറഞ്ഞുകൊള്ളുന്നു. മി. ഡഡ്ലിനോടും ഈ അവസരത്തിൽ ഞാൻ കൃതജ്ഞത പറഞ്ഞുകൊള്ളട്ടെ. അദ്ദേഹം ഇന്നു് ഇവിടെ സന്നിഹിതനായതിൽ എനിക്കു പ്രത്യേകം സന്തോഷമുണ്ടു്. എന്റെ ഭരണകാര്യം സംബന്ധിച്ച അധ്യാപകനായ മി. ഡട്ടിനോടു് അദ്ദേഹം ചെയ്തതന്നിട്ടുള്ള നിരന്തരവും അമൂല്യവും ആയ ഉപദേശങ്ങൾക്കായി ഏറ്റവും ഹൃദയംഗമമായ നന്ദി പ്രദർശിപ്പിച്ചുകൊള്ളുന്നു. എന്റെ പ്രജകളോടും അവരുടെ ആവശ്യങ്ങളോടും സംസ്ഥാനത്തെ ചിറ്റിധഡിപ്പാർട്ടുമെന്റുകളുടെ പ്രവർത്തനരീതിയോടും പരിചയം സമ്പാദിക്കുന്ന വിഷയത്തിൽ ഞാൻ പ്രദർശിപ്പിച്ച ഔത്സുക്യത്തെപ്പറ്റി നിങ്ങൾ സൂചിപ്പിക്കയുണ്ടായി. ഈ കേവലം കടമയെന്നതിനപേക്ഷയുള്ളതായിട്ടു, യഥാർത്ഥസന്തുഷ്ടിയെ പ്രദാനം ചെയ്യുന്ന കടമയായിട്ടാണു് എനിക്കു തോന്നീട്ടുള്ളതു്.

എന്റെ പ്രജകളുടെ ഇടയിലുള്ള എല്ലാ വർഗ്ഗക്കാരുടേയും വർഗ്ഗ വിഭാഗങ്ങളുടേയും സ്നേഹവും ബഹുമാനവും സമ്പാദിക്കുന്നതിനു് ഈശ്വരകൃപയാൽ എനിക്കു പ്രാപ്തിയുണ്ടാകുമെന്നാണു് എന്റെ പ്രത്യാശ. എന്റെ നിരന്തരവും പ്രധാനവും ആയ താൽപര്യവും ശ്രദ്ധകലക്ഷ്യവും അവരുടെ ജീവനോദ്യമങ്ങളിലുള്ള അഭ്യുദയമായിരിക്കുന്നതാണു്. നിങ്ങൾ പരമാർത്ഥമായി പ്രസ്താവിച്ചതുപോലെ വളരെ ഗൌരവപൂർണ്ണമായ ഒരു ചുമതലയാണു് കാലക്രമാഗതമായി എനിക്കു ലഭിച്ചിട്ടുള്ളതു്. എന്റെ പ്രജകളുടെ സമാധാനം, സന്തുഷ്ടി, ക്ഷേമം ഇവയെ അഭിവൃദ്ധിപ്പെടുത്തുന്നതിനു് എന്റെ താണിക്കനരുപമായി പ്രവർത്തിച്ചാൽ അല്ലാതെ ആ ചുമതല വേണ്ടപോലെ നിർവഹിക്കപ്പെടുന്നതല്ലെന്നും ഞാൻ ഗ്രഹിച്ചിരിക്കുന്നു. എനിക്കു് ഒരിക്കലും പറഞ്ഞറിയിക്കാൻ പാടില്ലാത്തവണ്ണം ഞാൻ അത്രമാത്രം കടപ്പെട്ടിട്ടുള്ള എന്റെ മാതാവിന്റെ ശ്രദ്ധാപൂർവ്വമായ ഔൽസുക്യത്തിന്റേയും അതുല്യമായ ശ്രദ്ധയുടേയും അമൂല്യപ്രേരണ എന്റെ കർത്തവ്യനിർവഹണത്തിൽ എനിക്കുണ്ടായിരിക്കുമെന്നുള്ളതു ഒരു് അത്യാശ്വാസവും മഹത്തായ അനുഗ്രഹവുമാകുന്നു.

ഒരു തിരുവിതാംകൂർ ഭൂസ്വത്തുജാമ്യബാങ്കിന്റെ പ്രാരംഭമൂലധനമായി ഉപയോഗിക്കുന്നതിലേക്കു് ഒരുലക്ഷം രൂപയും അനാഥക്കും അംഗവിഹീനക്കും ആയി ഒരു മന്ദിരം സ്ഥാപിക്കുന്നതിനു് അരലക്ഷം രൂപയും ഈ അവസരത്തിന്റെ സ്മാരകമായി എന്റെ സകാര്യസ്വത്തിൽനിന്നു നല്കുന്നതിനു ഞാൻ തീരുമാനിച്ചിരിക്കുന്നു എന്നു പ്രസ്താവിക്കമാത്രമേ ഇനി ചെയ്യേണ്ടതായിട്ടുള്ളു. വിപുലമായ കർത്തവ്യങ്ങളോടും അധികാരങ്ങളോടും കൂടി ശ്രീമൂലം പ്രജാസഭയ്ക്കു നിയമത്താൽ സ്ഥാപിതമായ ഒരു അടിസ്ഥാനം നല്കുന്നതിനും ഞാൻ ഉദ്ദേശിക്കുന്നു. ഈ ഉദ്ദേശം സിദ്ധിക്കായി താമസിയാതെ ഒരു വിളംബരം പുറപ്പെടുവിക്കുന്നതാണു്.

ഇപ്പോൾ എന്നിൽ നിക്ഷിപ്തമായിരിക്കുന്ന മഹാകൃത്യങ്ങളും ഔദ്യോഗികളും നിർവഹിക്കുന്നതിനുള്ള മനശ്ശക്തിയും വിജ്ഞാനവും സങ്കല്പശക്തിയും ലോകനിയന്താവു് എനിക്കു് പ്രദാനംചെയ്യട്ടെ”

ഈ പ്രസംഗാനന്തരം പുഷ്പാവരം ഉപവിഷ്ടരായി. അനന്തരം മഹാരാജാവു തിരുമനസ്സുകൊണ്ടു കണ്ണൽ പ്രിച്ചാർഡിനേ ഹാരമണിയിച്ചു. ഒടുവിൽ പതിവുള്ള അത്തറോപചാരങ്ങളോടുകൂടി ഡർബാർ അവസാനിപ്പിച്ചു.

അന്നു് ഏഴുമണിക്കു മഹാരാജാവു തിരുമനസ്സുകൊണ്ടു് കോട്ടയ്ക്കകം കൊട്ടാരത്തിൽനിന്നു കവിടിയാർകൊട്ടാരംവരെ സപരിവാരം രഥത്തിൽ എഴുന്നള്ളി. രാജവീഥി മൈതൃതടീപാവഡിയാൽ പ്രദീപ്തമായിരുന്നു. ഈ എഴുന്നള്ളത്തു കാണാൻ വിദേശങ്ങളിൽനിന്നുപോലും പതിനായിരക്കണക്കിനു് ജനങ്ങൾ വന്നിരുന്നു. കൊടിവഹിക്കുന്ന ഗജയൂഥപൻ, ചമയഗജങ്ങൾ, നഗരിനാനകം, ചെപ്പുക്കുതിരകൾ, തിരുമനസ്സിലെ അംഗരക്ഷകസൈന്യം, രണ്ടു നായർപട്ടാളങ്ങൾ, വേല്ലാർ മുതലായവരോടുകൂടി പൂങ്കുടയും ചെങ്കോലും, രണ്ടുവരികളിലായി പട്ടക്കാരും ഛത്രിക്കാരും, ഇവയ്ക്കുപുറമേ ആറു കുതിരപൂട്ടിയ സുവർണ്ണരഥം ഈ ക്രമത്തിലായിരുന്നു ഘോഷയാത്ര.

ജനങ്ങൾ നടത്തിയ ആഘോഷങ്ങളെപ്പറ്റി വർണ്ണിപ്പാൻ പ്രയാസം. ഒരാഴ്ചവട്ടത്തോളം തിരുവനന്തപുരം നഗരിയിൽ ഒരു മഹോത്സവം തന്നെയായിരുന്നു. അഞ്ചാംദിവസം രാവിലെ മഹാരാജാ തിരുമനസ്സിലേക്കു് ചിത്രനഗരിയിൽവെച്ചു് പൊതുജനങ്ങളുടെ വകയായി ഒരു മംഗളപത്രം സമർപ്പിച്ചു. അടുത്തദിവസം കൊട്ടാരത്തിൽവെച്ചു് ഒരു ഗാർഡൻപാർട്ടിയും വെടിക്കെട്ടും നടന്നു. ബഹുമാന്യരായ അതിഥികളുടെ കൂട്ടത്തിൽ രാജാ ശ്രീമത്തു് യശവന്തറാവു അണ്ണാസാഹിബു് ഹിന്ദുറാവു ഘോരപതി മാമലുക്കത്തുമദാർ സേനാപതി സാംതൂർരാജാ, മദ്രാസ് ഹൈക്കോടതി ജഡ്ജി മി. എം. വെങ്കിട്ടസുബ്ബറാവു്, ഡാക്ടർ കെ. കൃഷ്ണൻപണ്ടാല, കൊല്ലംകോട്ടരാജാ സർ വാസുദേവരാജാ, ഇന്ദുക്കരൻരാജാ, സർദാർ മദനഗോപാൽരാജു് അർസ്, മി. റവി. ആർ. വെങ്കിട്ടരാമശാസ്ത്രി, ലഫ്ടനൻറു് കേണൽ റവി. പി. ബാസറാറ്, ഡാക്ടർ ഓ. ഫാസ്റ്റർ, സർ സി. പി. രാമസ്വാമിഅയ്യർ മുതലായവർ ഉൾപ്പെട്ടിരുന്നു.

പ്രധാന സംഭവങ്ങൾ.

മഹാരാജാവു തിരുമനസ്സുകൊണ്ടു് ഡർബാർ പ്രസംഗത്തിൽ അരുളിച്ചെയ്തതുപോലെ സർ സി. പി. രാമസ്വാമിഅയ്യർ കെ. റ്റി. സി. ഐ. ഈ. അവർകളെ തിരുമനസ്സിലെ രാഷ്ട്രീയ കാര്യോപദേഷ്ടാവായി നിയമിച്ചു. അല്പകാലം കഴിഞ്ഞു്, ദിവാനായിരുന്ന റ്റി. ഐ. സ്. സുബ്രഹ്മണ്യയ്യർക്കു പെൻഷൻകൊടുത്തിട്ടു് നീലഗിരി കലക്ടർ, മി. പി. ജോസ്റ്റിൻ ഐ. സി. എസ്. നു് ദിവാൻഉദ്യോഗം നല്കി. അധഃകൃതോന്നമനാർത്ഥം ഒരു പ്രത്യേക ഉദ്യോഗസ്ഥനേയും നിയമിച്ചു.

പരിഷ്ക്കാരങ്ങൾ.

1107 മകരം ഒന്നാംതീയതിമുതൽക്കു ഭ്രസ്പത്തുഡ്യൂട്ടി ഉൽഘാടനംചെയ്യപ്പെട്ടു. ഇതു കൃഷീവലന്മാരായ നാട്ടുകാർക്കു് ഒരു മഹാനുഗ്രഹമായിരുന്നു. കൊച്ചീ തുറമുഖത്തുനിന്നും ചുങ്കം ഇനത്തിൽ നിന്നുണ്ടാകുന്ന ആദായം അധീശഗവണ്മെൻറും തിരുവിതാംകൂർ കൊച്ചിഇവ രണ്ടു നാട്ടുരാജ്യങ്ങളും, തമ്മിൽ വീതിച്ചെടുക്കേണമെന്നുള്ള വ്യവസ്ഥ 1931 ഏപ്രിൽ തുടങ്ങി വരുന്നതായി ഇന്ത്യാഗവണ്മെൻറു തീർച്ചപ്പെടുത്തിയതിനാൽ, ആ വഴിക്കു സർക്കാരിലേക്കു് ഒരു വലിയ തുക ആദായം ലഭിച്ചു.

അഞ്ഞൂറുരൂപയിൽ കവിഞ്ഞ ഉദ്യോഗങ്ങളിൽ നിയമനം നടത്തുമ്പോൾ പൊളിറ്റിക്കൽ ഏജൻറിനോടു് ആലോചിക്കണമെന്നുണ്ടായിരുന്ന നടപ്പും മൈക്കോടതിയിൽനിന്നു മരണശിക്ഷയോ ജീവപര്യന്തശിക്ഷയോ വിധിക്കുന്ന തീർപ്പുകളെ ബ്രിട്ടീഷ് ഏജൻറിനു് അയച്ചുകൊടുത്തുവന്ന പതിവും ഭേദപ്പെടുത്തിയതു് അവിടത്തെ ഭരണാംഗത്തിലായിരുന്നു.

തിരുവനന്തപുരം നഗരത്തെ പൂർവ്വാധികം മനോഹരമാക്കിത്തീർക്കുന്ന വിഷയത്തിലും അവിടുന്നു ബദ്ധശ്രദ്ധനായിരിക്കുന്നു. അതിലേക്കു മൈസൂറിലെ നാഗരനിർമ്മാണവിദഗ്ദ്ധനായ ഡാക്ടർ ക്രോംബിഗില്ലിനെ ചുമതലപ്പെടുത്തി.

ശ്രീലയാത്ര ചെയ്തിട്ടുള്ളവർക്കു ക്ഷേത്രപ്രവേശം അനുവദിച്ചു. ചുമ്പുള്ളിക സർവീസിൽ എല്ലാവർക്കും പ്രവേശം നല്കുന്നില്ലെന്നുള്ള പരാതിയെ പരിഹരിക്കുന്നായി ഒരു സർവീസ് കമ്മിഷൻ

എഴുപ്പെടുത്തി; അധഃകൃതക്ക് തറവിലകൂടാതെ ഭൂമി പതിച്ചുകൊടുക്കുന്നതിനും തടിവില എളുപ്പുകൊടുക്കുന്നതിനും മറ്റും വേണ്ട വ്യവസ്ഥകൾ ചെയ്തു. പള്ളിവാസൽ വൈദ്യുതപദ്ധതി രൂപവൽക്കരിച്ചു് അതിലേക്കുള്ള പ്രാരംഭജോലികൾ തുടങ്ങി. ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ കല്ലറകൾ പൊളിച്ചു് അതിലെ നിക്ഷേപങ്ങൾ തിട്ടപ്പെടുത്തിച്ചു. ദേവസ്വം ഡിപ്പാർട്ടുമെൻറു കരണം ദിവാൻജിയിൽനിന്നു ചേർപ്പെടുത്തി മുമ്പുണ്ടായ രാജകീയവിളംബരത്തെ റദ്ദ് ചെയ്തു. ഹജൂർ സെൻട്രൽ വെസ്റ്റാക്കുഖർ റിക്കാർട്ടുകളുടെ സൂക്ഷിപ്പിനുവേണ്ടി ഒരു പദ്ധതി നിർമ്മിച്ചു. ഇങ്ങനെ പലേ പരിഷ്കാരങ്ങൾ അവിടുന്നു് ഈ ചുരുങ്ങിയകാലത്തു ചെയ്തിട്ടുള്ളതോർക്കുമ്പോൾ രാജ്യത്തിൻെറ ഭാവി അതിശോഭനമായിരിക്കാനേ തരമുള്ളൂ എന്നു് ആർക്കും പ്രവചിക്കാം.

1932 ജൂൺ പത്താംതീയതി മഹാരാജാവുതിരുമനസ്സുകൊണ്ടു് വൈസറായിയെ സന്ദർശിക്കുന്നതിനായി സിംലായിൽ എഴുന്നള്ളി. ജൂനിയർ മഹാറാണി തിരുമനസ്സുകൊണ്ടു് കാർത്തികതിരുനാൾ തമ്പുരാട്ടിയോടുകൂടി ശീമ സന്ദർശിച്ചതും ഇവിടെ പ്രസ്താവയോഗ്യമാകുന്നു. തിരുമേനിമാരെ ജൂൺ എട്ടാംതീയതി ചക്രവർത്തിതിരുമനസ്സുകൊണ്ടു സ്വീകരിക്കുകയുണ്ടായി. ലണ്ടനിൽവച്ചു തിരുവിതാംകൂർകാർ നല്കിയ ഒരു മംഗളപത്രത്തിൽ, മഹാറാണിയുടെ ഉൽപതിഷ്ണുതയെ വളരെ പുകഴ്ത്തിയിരുന്നു.

മഹാരാജാവു തിരുമനസ്സുകൊണ്ടു ജൂലായി ഏഴാംതീയതി വൈസറായി അവർകളുമായി കൂടിക്കാഴ്ചനടത്തി. ആഗസ്റ്റു് 23-ാംനു- വൈസറായിക്കും പത്നിക്കും ഒരു വിരുന്നുസൽക്കാരം ചെയ്തു.

ആഗസ്റ്റു് 25-ാംനു- അവിടുന്നു് സിംലായിൽനിന്നു ബോംബയിൽ എഴുന്നള്ളി. തദവസരത്തിൽ അമ്മമഹാറാണി തിരുമനസ്സുകൊണ്ടു് അവിടെ തിരിച്ചെഴുന്നള്ളുകയാൾ എല്ലാവരുംകൂടി തിരുവിതാംകൂറിലേക്കു പുറപ്പെട്ടു. ഈ യാത്രാമദ്ധ്യേ തിരുമനസ്സുകൊണ്ടു പല സ്ഥാപനങ്ങൾ സന്ദർശിച്ചു് അവയുടെ പ്രവർത്തനരീതികൾ മനസ്സിലാക്കി. മഹാരാജാവു തിരുമനസ്സിലേക്കും അമ്മ മഹാറാണി തിരുമനസ്സിലേക്കും സ്വാഗതംചെയ്യുന്ന

തിനായി ഇതിനിടയ്ക്കു തിരുവിതാംകൂറിൽ വലിയ ഒരുക്കങ്ങൾ നടന്നുകൊണ്ടിരുന്നു. മിഥുനമാസം 23-ാംനു കൊല്ലത്തും 24-ാം തീയതി തിരുവനന്തപുരത്തും വച്ചു പൊതുജനങ്ങളുടെ വക മംഗളപത്രങ്ങൾ തിരുമേനിമാർക്കു സമർപ്പിക്കപ്പെട്ടു.

1108 തുലാമാസത്തിൽ തിരുമനസ്സിലെ അരുപത്തൊന്നാം വയസ്സു മോടിയായി നടത്തപ്പെട്ടു. ഒരാഴ്ചവട്ടത്തോളം വിദ്യാലയങ്ങൾക്കും തിരുവനന്തപുരത്തെ പബ്ലിക്ക് കച്ചേരികൾക്കും ഒഴിവുകൊടുത്തു.

തത്സംബന്ധമായി വഞ്ചിയൂർ ശ്രീമൂലവിലാസം സ്കൂളിൽ വച്ചു നടത്താൻ നിശ്ചയിച്ച പ്രദർശനത്തെ അമ്മറാണി തിരുമനസ്സുകൊണ്ടുതന്നെ തുലാം 11-ാംനു രാവിലെ ഉൽഘാടനം ചെയ്തു. അവിടെ നിരവധി അപൂർവ വസ്തുക്കൾ പ്രദർശിപ്പിക്കപ്പെട്ടിരുന്നു. തദവസരത്തിൽ മഹാറാണി തിരുമനസ്സുകൊണ്ടു ചെയ്ത പ്രസംഗമധ്യേ ഇപ്രകാരം പ്രസ്താവിച്ചിരുന്നു.

"ദേശീയപാരമ്പര്യത്തിനു വിപരീതമാകാതെതന്നെ നമ്മുടെ കല എല്ലായ്പോഴും തദ്വിഷയകമായ വൈദേശികപ്രേരണാശക്തികളോടു ഔദാര്യപൂർവം വർത്തിച്ചുവന്നു. എന്നാലും അതിന്റെ മഹനീയാദർശം സദാപി ഭാരതീയമായിത്തന്നെ വർത്തിച്ചു. ഇത്തരം പ്രദർശനങ്ങളുടെ ലക്ഷ്യം ഉൽകൃഷ്ടപ്രേരണകൾ നല്കുന്ന ഉത്തമ മാതൃകകളെ കാണിച്ചുകൊടുക്ക എന്നുള്ളതാകുന്നു. .....

.....

നമ്മുടെ മൌനം അധഃപതനവും കലയിലുള്ള അനാസ്ഥ സംസ്കാരത്തിന്റെ ക്ഷയവും ആണെന്നു നാം പഠിക്കണം."

തിരുനാൾ മഹോത്സവം സംബന്ധിച്ച് ഒരു സ്കൂട്ടറാലിയും നടത്തപ്പെട്ടു. തദവസരത്തിൽ സംസ്ഥാനത്തിലെ സ്കൂട്ട് ചീഫായ തിരുമനസ്സിലേക്കു തൽസ്ഥാപനംവക ഒരു മംഗളപത്രം സ്കൌട്ട് കമ്മീഷണർ സമർപ്പിച്ചു.

എന്നാൽ ഈ ആട്ടത്തിരുനാൾ സംബന്ധിച്ചു നടന്ന കാര്യങ്ങളിൽവച്ച് ഏറ്റവും പ്രധാനം, തദവസരത്തിൽ പ്രസിദ്ധ

പ്പെടുത്തിയ രാജകീയവിളംബരമായിരുന്നു. ആ വിളംബരംവഴിക്കു തിരുമനസ്സുകൊണ്ടു ശ്രീമൂലം അസംബ്ലി, ശ്രീചിത്രസ്റ്റേറ്റ് കൌൺസിൽ എന്നിങ്ങനെ രണ്ടു മണ്ഡലങ്ങളോടുകൂടിയ ഒരു നിയമസഭ ഏർപ്പെടുത്തി. കൌൺസിലിൽ 39 അംഗങ്ങൾ ഉണ്ടായിരിക്കുന്നതും അവരിൽ 22 പേർ തെരഞ്ഞെടുക്കപ്പെടുന്നവരായിരിക്കുന്നതും ആകുന്നു. ആറു പ്രത്യേക നിയോജകമണ്ഡലങ്ങളുൾപ്പടെ 22 നിയോജകമണ്ഡലങ്ങൾ ഈ സമിതിസംബന്ധിച്ചുണ്ടായിരിക്കും. 25 രൂപാ കരംകൊടുക്കുന്നവർക്കും പത്തുകൊല്ലം തികഞ്ഞിട്ടുള്ള ഗ്രാഡ്വേറ്റുകൾക്കും 100 രൂപായോ അതിൽ കവിഞ്ഞോ പെൻഷൻ ഉള്ളവർക്കും വോട്ടവകാശം ഉണ്ട്.

ശ്രീമൂലം അസംബ്ലിയിൽ 72 അംഗങ്ങൾ ഉള്ളതിൽ 60 പേർ അനുദ്യോഗസ്ഥന്മാരായിരിക്കുന്നതാണ്. അവരിൽ 42 പേർ തെരഞ്ഞെടുക്കപ്പെടുന്നവരായിരിക്കും.

അഞ്ചുരൂപ കരമോ അതു രൂപ മുൻസിപ്പൽനികുതിയോ കൊടുക്കുന്നവർക്കും എല്ലാ ഗ്രാഡ്വേറ്റുകൾക്കും വോട്ടവകാശം നല്കിയിരിക്കുന്നു. അസംബ്ലിയിൽ ഈഴവർക്കു നാലും മഹമ്മദീയർക്കു രണ്ടും സ്ഥാനങ്ങൾ ലഭിക്കത്തക്കവണ്ണം വ്യവസ്ഥചെയ്തിട്ടുണ്ട്.

ഈ തിരുവെഴുത്തുവിളംബരം വഴിക്കു ജനങ്ങളുടെ അവകാശങ്ങൾ പൂർവ്വാധികം വിപുലമാക്കപ്പെട്ടു. മുമ്പു് 50 രൂപ കരം കൊടുക്കുന്നവർക്കേ ശ്രീമൂലം പ്രജാസഭയിൽ വോട്ടവകാശമുണ്ടായിരുന്നുള്ളു. അതിനെ ഇപ്പോൾ ഇരുപത്തഞ്ചായി കുറച്ചു. പ്രജാസഭയിൽ നിവേദനങ്ങൾ സമർപ്പിക്കാൻ മാത്രമേ അധികാരമുണ്ടായിരുന്നുള്ളു. എന്നാൽ ഇപ്പോഴാകട്ടെ നിയമനിർമ്മാണത്തിനും ചോദ്യങ്ങളും ഉപചോദ്യങ്ങളും ചോദിക്കുന്നതിനും അധികാരം ലഭിച്ചിരിക്കുന്നു. തുറമുഖം, റയിൽവേ, ധർമ്മസ്ഥാപനങ്ങൾ, നാണ്യം മുതലായ കാര്യങ്ങളെപ്പറ്റി നിയമസഭയ്ക്കു പ്രതിവാദിക്കാൻ അധികാരമില്ലായിരുന്നു. ആ പ്രതിബന്ധവും ഇപ്പോൾ നീങ്ങി. ദേവസ്വത്തെക്കുറിച്ചും സൈന്യത്തെക്കുറിച്ചും ദിവാൻജിയുടെ അനുവാദമുള്ളപക്ഷം പ്രതിവാദിക്കാമെന്നുകൂടി ഇതിൽ വ്യവസ്ഥചെയ്തിരിക്കുന്നു. ബഡ്ജറിനെ സംബ

ന്ധിച്ച് രണ്ടു മണ്ഡലങ്ങൾക്കും വാദപ്രതിവാദം നടത്താം. അഞ്ചുരൂപാവരെയുള്ള ശമ്പളത്തെ സംബന്ധിച്ചും ഇപ്പോൾ വോട്ടുചെയ്യാം.

ഇങ്ങനെ പരിഷ്കൃതമായ നിയമസഭയുടെ ആദ്യത്തെ യോഗം അടുത്തുതന്നെ കൂടുന്നതാണ്. അതിലേക്കുള്ള തെരഞ്ഞെടുപ്പു സംബന്ധിച്ചു വോട്ടർമാരുടെ ലിസ്റ്റു തയ്യാറാക്കാനായി കൊല്ലം പേഷ്കാരായിരുന്ന വീരരാഘവയ്യരവർകളെ നിയമിച്ചു.

വിദ്യാഭ്യാസപരിഷ്കാരത്തിനായി ഇക്കൊല്ലത്തിൽ ഒരു കമ്മിറ്റിയെ നിയമിച്ചു. ആ കമ്മിറ്റി ഉദ്യോഗപ്രമായി ജോലി ചെയ്തുകൊണ്ടിരിക്കുന്നു.

ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ കല്ലറകൾ തുറപ്പിച്ചു കണക്കു തിട്ടപ്പെടുത്തിയതും, വലിയകൊട്ടാരത്തിൽ ഈശ്വരസേവ മുതലായതിനെ പരിഷ്കരിച്ചതും, സവ്വാണി നിർത്തിയതും, അന്യകൃതരുടെ ക്ഷേത്രപ്രവേശനത്തിനെ സംബന്ധിച്ച് അന്വേഷിക്കാനായി ഒരു കമ്മിറ്റി ഏർപ്പെടുത്തിയതും ഈ അടുത്തകാലത്തു നടന്ന പരിഷ്കാരങ്ങളാണ്.

നിയമനിർമ്മാണസഭകളുടെ വോട്ടവകാശത്തെ ഭേദപ്പെടുത്തുക, ജാതീയപ്രാതിനിധ്യത്തിനുവേണ്ടി പ്രക്ഷോഭണം നടത്തുക മുതലായ ഉദ്ദേശങ്ങളോടുകൂടി ഏതാനും ക്രൈസ്തവനേതാക്കന്മാർ ഈഴവർ, മുസ്ലിമീങ്ങൾ എന്നീജാതിക്കാരോടുചേർന്ന് ഒരു യോഗംകൂടി, തങ്ങളുടെ അപേക്ഷകളെ ഗവണ്മെണ്ടു സ്വീകരിക്കാത്തപക്ഷം സഭകളോടു നിസ്സഹകരിക്കുന്നതാണെന്നു തീർച്ചപ്പെടുത്തി. എന്നാൽ അതിനേത്തുടർന്ന് ഈഴവർ, മുസ്ലിമീങ്ങൾ തുടങ്ങിയ ജനതകൾ ഓരോ സമ്മേളനത്തു നിസ്സഹകരണപ്രതിഷേധയോഗങ്ങൾ നടത്തി നിശ്ചയങ്ങളെ യഥാസ്ഥാനത്തു അയച്ചുകൊടുത്തുതുടങ്ങിയെങ്കിലും ഗവർമ്മെൻറിൽനിന്നു റിയോർഗനൈസേഷൻകമ്മണ്ഡലങ്ങളിൽ ചില ഭേദഗതി വരുത്തുന്നതിനു നിശ്ചയിച്ചു. എന്നിട്ടും പ്രക്ഷോഭകന്മാർ സമാധാനപ്പെടാതെ ആലോചനകൾ നടത്തിക്കൊണ്ടേയിരിക്കുന്നു. പക്ഷേ മഹാരാജാതിരുമനസ്സിലെ കരുണാപൂർണ്ണമായ ഒരു മഹനീയദാനം എന്ന നില

യിൽ അധികജനങ്ങളും നിയമനിർമ്മാണപരിഷ്കാരത്തെ ആദരിക്കുതന്നെ ചെയ്യുന്നു.

നിയമ നിർമ്മാണം

തിരുവിതാംകൂറിൽ പ്രാഥിഡൻറു രക്ഷാരോഗങ്ങളുടെ സംക്രമദുസ്സഹമായവിധത്തിൽ വർദ്ധിക്കയാൽ അവയെ നിയന്ത്രിക്കുന്നതിനായി 1108-ലെ മൂന്നാംറഗ്രലേഷൻ നടപ്പാക്കി.

നാലാംറഗ്രലേഷൻ നഗരത്രുപവർത്തനത്തിനു ഉപയുക്തങ്ങളായ ചില ചട്ടങ്ങൾ ഏർപ്പെടുത്തി. ഒഴിഞ്ഞുകിടക്കുന്നതോ കെട്ടിടം കെട്ടിയിട്ടുള്ളതോ ആയ ഭൂമിയെ കെട്ടിടത്തിനുള്ള സ്ഥലമായോ പ്രസ്തുത നിയമത്തിൻെറ 11-ാംവകുപ്പിൽ വിവരിച്ചിരിക്കുന്നഏതെങ്കിലും സംഗതിക്കായോക്രമപ്രകാരം തിരിച്ചിടുകയോ വീണ്ടും തിരിച്ചിടുകയോ ചെയ്ക. 2. തെരുവുകളും റോഡുകളും ഗതാഗതമാർഗ്ഗങ്ങളും ഉണ്ടാക്കുകയോ നീട്ടുകയോ ഭേദപ്പെടുത്തുകയോ നന്നാക്കുകയോ അടയ്ക്കുകയോ അവയുടെ കിടപ്പു മാറ്റുകയോ ചെയ്ക. 3. കെട്ടിടങ്ങൾ, പാലങ്ങൾമുതലായവ പണിയിക്കുകയോ ഭേദപ്പെടുത്തുകയോ മാറ്റുകയോ പൊളിക്കയോ ചെയ്യുക. 4. ഉടനടി അവശ്യമുള്ളതായിരുന്നാലും അല്ലെങ്കിലും പദ്ധതിയിൽ ഉൾപ്പെട്ട സ്ഥലത്തു് ഏതെങ്കിലും ഭൂമിയോ മറ്റു സ്ഥാവരവസ്തുവോ തീറുവാങ്ങുകയോ വച്ചുമാറുകയോ മറ്റു പ്രകാരത്തിൽ വാങ്ങുകയോചെയ്യുക. 5. പദ്ധതിയിലുൾപ്പെട്ട വസ്തുക്കളുടെ അതിരുകൾ മാറിയിടുകയും പ്ലാട്ടുകൾ ഭേദപ്പെടുത്തുകയുംചെയ്യുക. 6. നഗരസഭ വാങ്ങിയിട്ടുള്ളതോ സഭയുടെ ഉടമസ്ഥതയിലുള്ളതോ ആയ ഭൂമി തീറുകൊടുക്കയോ വച്ചുമാറുകയോ പാട്ടം കൊടുക്കയോ മറ്റു പ്രകാരത്തിൽ വിനിയോഗിക്കയോ ചെയ്യുക. 7. സാമാനങ്ങൾ കയറ്റി ഇറക്കുന്നതിനുള്ള സൌകര്യങ്ങൾ. 8. ജലസംഭരണം. 9. വിളക്കുവയ്പു്. 10. ജലനിർഗ്ഗമനം. 11. തെരുവുകൾ, നിരത്തുകൾ, ചതുരാകൃതിയിലുള്ള ഗ്രഥപങ്ക്തികൾ, വീടുകൾ, മതിൽക്കെട്ടുങ്ങൾക്കോ, ധർമ്മകാര്യങ്ങൾക്കോവേണ്ടിയുള്ള കെട്ടിടങ്ങൾ, ഷാപ്പുകൾ, തൊഴിൽശാലകൾ, ആശുപത്രികൾ, ഡിസ്പെൻസ

സറികൾ, ഗവൺമെൻറുവകയും നഗരസഭവകയും ആയ കെട്ടിടങ്ങൾ എല്ലാവിധത്തിലുമുള്ള പൊതുകാര്യങ്ങൾ എന്നിതു കൾക്കായി ഭൂമി തിരിച്ചിടുകയോ കരുതിയിടുകയോചെയ്യുക. 12. ഗ്രന്ഥനിർമ്മാണം. 13. ചരിത്രസംബന്ധമായോ പുരാണവസ്തു ശാസ്ത്രസംബന്ധമായോ പ്രാധാന്യമുള്ളതോ പ്രകൃതിരമണീയങ്ങളോ, യഥാർത്ഥത്തിൽ മതകാര്യങ്ങൾക്കായി ഉപയോഗിക്കുന്നതോ പൊതുജനങ്ങൾ പ്രത്യേകമതഭക്തിയോടുകൂടി ഗണിച്ചുവരുന്നതോ ആയ വസ്തുക്കളും കെട്ടിടങ്ങളും സൂക്ഷിക്കുക. 14. പദ്ധതിയിലുൾപ്പെട്ട ഭൂമിയുടേയോ കെട്ടിടങ്ങളുടേയോ ഉടമസ്ഥന്മാർക്ക് പദ്ധതി അനുസരിച്ചു കെട്ടിടങ്ങൾ പണിയുന്നതിനോ പണികളോ ഭേദഗതികളോ പരിഷ്കാരങ്ങളോ നടത്തുന്നതിനോ ആവശ്യമുള്ള തുക മുഴുവനുമോ അംശമോ പദ്ധതിയിൽ നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകളും നിബന്ധനകളും അനുസരിച്ചു മുൻപേറായികൊടുക്കുക. ഇത്യാദി കാര്യങ്ങളെ ഈ നഗരത്രുപവൽക്കരണപദ്ധതിയിൽ കൊള്ളിച്ചിരിക്കുന്നു.

1108-ലെ അഞ്ചാംറഗുലേഷൻ നടപ്പിലിരുന്ന മരണപത്രനിയമത്തിൽ ചില ഭേദഗതിവരുത്തി. ആറാംറഗുലേഷൻ 109½-ലെ ചിട്ടിനിയമത്തേയും 1100-ലെ ഒന്നാംറഗുലേഷനേയും അല്പം ഭേദപ്പെടുത്തി. ചിട്ടിത്തവണയുടേയോ തവണകളുടേയോ തീയതികളേയും വട്ടമറുതിവരുന്ന തീയതിയേയും ചിറാളന്മാരുടെ സംഘം വിളിച്ചുകൂട്ടി, മൂന്നിൽ രണ്ടു ഭാഗത്തിൽ കുറയാത്ത അംഗങ്ങൾ ചേർന്നു ചെയ്യുന്ന തീരുമാനം അനുസരിച്ചു മാറാവുന്നതാണെന്നും എന്നാൽ ചിട്ടി പിടിച്ച ചിറാളന്മാർ അപ്രകാരം നീട്ടപ്പെടുന്നകാലത്തേക്ക് അടയ്ക്കാനുള്ള തുകയെ പ്രതിവർഷം 6 ശതമാനം പലിശ കൂട്ടികൊടുക്കേണ്ടതാണെന്നും അങ്ങനെ വരുന്ന തുകകൂടി വീതപ്പലിശയിൽ കൂട്ടേണ്ടതാണെന്നും മറും ഈ റഗുലേഷനിൽ വ്യവസ്ഥചെയ്തു.

1108-ലെ 7-ാംറഗുലേഷൻ ക്ഷത്രിയരുടെ വിവാഹത്തെയും പിന്തുടർച്ചാവകാശത്തെയും ഭാഗത്തെയും മറും ഭേദപ്പെടുത്തി. ഈ നിയമം ക്ഷത്രിയർക്കു പരസ്പരം വിവാഹം അനുവദിച്ചതിനുപുറമേ, പൊതുവേയുള്ള പൂവ്വികയിൽനിന്നു

തങ്ങൾ നാലു തലമുറയിലധികം അകന്നു നില്ക്കുന്നതായാൽ രണ്ടു കക്ഷികളും ക്ഷത്രിയരായിരിക്കുമ്പോൾ അവരുടെ വിവാഹങ്ങൾ രക്തബന്ധത്താലോ വിവാഹബന്ധത്താലോ, മാത്രം അന്യായമായി ഗണിക്കപ്പെടുകയില്ലെന്നും ചട്ടമുണ്ടാക്കി. ഈ വകുപ്പിൻപ്രകാരം മുമ്പു രക്തബന്ധമുണ്ടായിരുന്നവർ തമ്മിൽ വിവാഹം അകാമെന്നുവന്നു.

1108-ലെ പന്ത്രണ്ടാംറഗുലേഷൻ ജന്മികുടിയാന്മാർ തമ്മിലുണ്ടായിരുന്ന വഴക്കുകൾക്കു ശമനം വരുത്തി. ഇരുകൂട്ടരുടെയും അവകാശങ്ങളെ നിഷ്കർഷിച്ചു നിശ്ചയിച്ചു.

1. തീരുമുതലായതുമൂലം കൈമാറ്റം ചെയ്യപ്പെട്ട ജന്മവസ്തുക്കളുടെ കരം കൈമാറ്റം വാങ്ങിയ ആൾ വഹിക്കണമെന്നു വച്ചു.

2. ജന്മിക്കരം കൊടുക്കുന്നതിനുമാത്രം ഉള്ള ബാദ്ധ്യതയോടുകൂടി കുടിയാനവൻ ഭൂമിയുടെ ഉടമസ്ഥനായിത്തീർന്നു.

3. ഭൂമി വിഭജിക്കപ്പെടുമ്പോൾ, ജന്മിക്കരം എങ്ങനെ നിശ്ചയിക്കണമെന്നു വ്യവസ്ഥചെയ്തു.

4. പൊളിച്ചെഴുത്തുഫീസ് കാണത്തിന്റെ 30 ശതമാനത്തിൽ കവിയാൻ പാടില്ലെന്നു നിബന്ധനയുണ്ടാക്കി.

5. ജന്മിക്കരം വസ്തുവിന്മേലുള്ള കന്നാമത്തെ ബാദ്ധ്യതയായിരിക്കണമെന്നും, ജന്മിയുടെ അവകാശം കൈമാറ്റം ചെയ്യുമ്പോൾ കുടിയാനവശു് എന്തെല്ലാം ബാദ്ധ്യതകൾ ഉണ്ടായിരിക്കണമെന്നും വ്യവസ്ഥചെയ്തു.

6. പൊളിച്ചെഴുത്തു നിർബന്ധിതമല്ലെന്നാക്കി.

7. ജന്മിക്കരം പുതുക്കുക, വസ്തുലാക്കുക മുതലായവയെ സംബന്ധിച്ചും ചട്ടങ്ങളുണ്ടാക്കി.

രക്ഷാഭോഗപദ്ധതി.

തിരുവിതാംകൂറിലെ സർക്കാരുദ്യോഗസ്ഥന്മാർക്കു മാത്രമേ സർക്കാർ രക്ഷാഭോഗത്തിൽ ചേരുവാൻ അനുവദിക്കപ്പെട്ടിരുന്നുള്ളു. ഇക്കൊല്ലത്തിൽ അതിന്റെ പ്രവർത്തന പരിധിയെ വിപുലമാക്കിട്ടു് എല്ലാവർക്കും അതിൽ ചേരുന്നതിനു് അനുവാദംനല്കി.

പെൻഷൻ പറ്റുന്നതിനു മുമ്പു മരിച്ചുപോകുന്ന സർക്കാരുദ്യോഗസ്ഥന്മാരുടെ കുടുംബങ്ങളെ സഹായിപ്പാനായി, വേറൊരു പദ്ധതിയും തിരുമനസ്സുകൊണ്ടു നടപ്പിൽ വരുത്തിയിരിക്കുന്നു. ഉദ്യോഗസ്ഥന്മാർ എത്ര കൊല്ലം സർവീസിൽ ഇരുന്നിട്ടുണ്ടോ അതു പൂർണ്ണവർഷങ്ങളിലെ ചിങ്ങമാസങ്ങളിൽ അവർക്കുണ്ടായിരുന്ന ശമ്പളത്തുകകളേ കൂട്ടി, അതുയും സംഖ്യ അവകാശികൾക്കു കൊടുപ്പാനാണു് ഈ പദ്ധതിയാൽ വ്യവസ്ഥചെയ്തതു്. എന്നാൽ ഏതു കാരണവശാലും പ്രസ്തുത സംഖ്യ 3000 രൂപയിൽ കവിയരുതെന്നു നിർബ്ബന്ധമുണ്ടു്.

ഇപ്രകാരം 'അഗ്രാധികൃപ്രദനാ'യി വിളങ്ങുന്ന പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ടു് പ്രജകളുടെ അകൈതവമായ പ്രേമത്തിനും ഭക്തിക്കും പാത്രമായി ചിരകാലം നാടുവാഴുമാറാകട്ടെ.

പ്രാർത്ഥിക്കാം നമുക്കെല്ലാം പ്രാർത്ഥിക്കാം ദൈവത്തോടി
പ്പ്രാർത്ഥിവപ്രവേകനെപ്പാലിപ്പാൻ പ്രതിക്ഷണം.

അദ്ധ്യായം ൧൮.

ജനസമുദായം.

ഇംഗ്ലീഷുകാരുടെ കാലമായപ്പോഴേക്കും നായന്മാരുടെ സമുദായസ്ഥിതി വളരെ ശോചനീയമായിത്തീർന്നു. നാട്ടുകൂട്ടങ്ങൾ എല്ലാം ഉടഞ്ഞു; സൈനിക സേവനത്തിനു് അവരുടെ ആവശ്യംവേണ്ടെന്നുവന്നു; ഇംഗ്ലീഷു വിദ്യാഭ്യാസം ക്രമേണ പ്രചരിച്ചതിനോടുകൂടി കുടുകുടുംബ ഏറ്റുപാടു് ഉലയുകയും പ്രബലമായ വ്യക്തിബോധം ഓരോരുത്തനിലും ഉണരുകയും ചെയ്തു. കളരി ഏറ്റുപാടും പഴയ രീതിയിലുള്ള ആയുധാഭ്യാസവും നശിച്ചു; കരയോഗങ്ങൾ ദുർബ്ബലങ്ങളായ് ഭവിച്ചു. അതിനോടുകൂടി അവരുടെ കായികശക്തിക്കു ന്യൂനത സംഭവിച്ചു. സമുദായബന്ധം ശിഥിലമായി; യുവജനങ്ങൾ തൊഴിലില്ലാതെ പ്രായേണ

അലസപ്രവൃത്തിയിൽ കാലയാപനം ചെയ്യുതുടങ്ങി; ദായക്രമത്തിൽ തന്നെ പൊതുവേ നീരസം ജനിച്ചു. കാരണവന്മാർ തറവാടിന്റെ ഗുണത്തിനുവേണ്ടി ഏകാഗ്രമായി ശ്രദ്ധിക്കുന്നതിനു പകരം, തങ്ങളുടെ ഭാര്യമാക്കും സന്താനങ്ങൾക്കും സുഖമായി ജീവിക്കുന്നതിനു വേണ്ട മൂലധനം കരുതിവയ്ക്കുവാനായി തറവാട്ടു മുതലിൽ കൈവച്ചുതുടങ്ങി. അപ്പഴിക്കു കൂടും ബാഹുല്യം സ്വാഭാവികമായിത്തീർന്നു; ചിലർ അനന്തിരവന്മാരെ തോല്പിക്കാൻവേണ്ടിമാത്രം കുടുംബസ്വത്തുകളെ അന്യാധീനപ്പെടുത്തിവന്നതായും കാണുന്നുണ്ട്. ജനസംഖ്യാവർദ്ധിക്കയും, ഭൂസ്വത്തു ചുരുങ്ങിവരികയും ചെയ്തതിന്റെ ഫലമായി മലബാർ മാനുവൽ ഒന്നാം വാല്യത്തിൽ പറഞ്ഞിരിക്കുംപോലെ "നായന്മാർ എല്ലാം ഗൃഹസ്ഥാശ്രമം നേരത്തെ കൈവരിച്ചുവന്നതുകൊണ്ടു സംഖ്യയിൽ അതിവേഗം വർദ്ധിച്ചും അവസ്ഥാനുരൂപമല്ലാതെ ദാരിദ്ര്യകൂപത്തിൽ പതിച്ചും ഉത്തരോത്തരം അധഃപതനം പ്രാപിച്ചു"കൊണ്ടിരുന്നു" ദുരഭിമാനം നിമിത്തം യാതൊരു തൊഴിലിലും പ്രവേശിക്കാതെ നിരുത്തരവാദികളായ ഇളമുറക്കാരുടേയും തരമുണ്ടെങ്കിൽ മക്കൾക്കു നാലുകാശിനുള്ള മുതലുണ്ടാക്കിക്കൊടുക്കണമെന്നുള്ള നിഷ്കർഷയോടുകൂടി പ്രവർത്തിക്കുന്ന കാരണവന്മാരുടേയും മദ്ധ്യേ ഏതു തറവാടാണു നിലനില്ക്കുന്നതു പോരെങ്കിൽ കാലഗതിയിൽ നിരർത്ഥകങ്ങളായി തീർന്നുപോയ താലികെട്ട്, തെരുണ്ടുകളിതുടങ്ങിയ അടിയന്തിരങ്ങളും തറവാട്ടു മുതലിന്റെ അടിത്തട്ടു തോണ്ടുന്നതിനു സഹായിച്ചുകൊണ്ടിരുന്നു. വീടുവിട്ടു പുറത്തു പോകുന്നതിനുള്ള മടി, പുരാതനാചാരങ്ങളിലുള്ള നിഷ്ഠ, ദുരഭിമാനം, ബുദ്ധിമുട്ടുകളേയും ക്ലേശങ്ങളേയും സഹിക്കുന്നതിനുള്ള സാമർത്ഥ്യക്കുറവു്, അമിതമായ സുഖലോലുപത, പരസ്പരം യോജിച്ചു പ്രവർത്തിക്കുന്നതിനുള്ള വൈമുഖ്യം, കടിപ്പുക, ധനോൽപാദനത്തിനും ഉൽകർഷേച്ഛയ്ക്കും ഏകനിദാനമായിരിക്കുന്ന കുടുംബസ്ഥത്തെ വേണ്ടവിധത്തിൽ പരിപോഷിപ്പിക്കുന്നതിനു് ഉതകത്തക്ക വിധത്തിലുള്ള ദാമ്പത്യ ജീവിതത്തിന്റെ അഭാവം ഇത്യാദി നാശബീജങ്ങളെ ഉന്മൂലനം ചെയ്യുംതെ നായർ സമുദായം ഉയരുകയില്ലെന്നു, ബുദ്ധിമാന്മാരായ ചില

സമുദായ സ്നേഹികൾ കണ്ടു. തൽഫലമായി തിരുവിതാംകൂറിൽ ഒരു നായർ സമാജം സ്ഥാപിതമായി. ഈ വിഷയത്തിൽ മനസ്സു റുപ്പുവത്തിച്ച കാവാലം നീലകണ്ഠപ്പിള്ള, സി. കുഞ്ഞപിള്ള, കേ. പി. പത്മനാഭമേനോൻ തുടങ്ങിയ സമുദായ ഭക്തന്മാരുടെ നാമത്തെ നായന്മാരിൽ ആക്കം വിസ്മരിക്കാവുന്നതല്ല. ക്രമേണ ഈ സഭയും അഖിലകേരള നായർ സമാജമായി വളരുകയും നായന്മാരുടെ ഇടയിലുണ്ടായിരുന്ന അനാചാരങ്ങളിൽ ചിലതു നശിച്ചുതുടങ്ങുകയും ചെയ്തു. നായന്മാരുടെ ഈ സമാജത്തിന്റെ ഫലമായിട്ടാണ് ഇപ്പോഴത്തെ നായർ റഫ്ലേഷൻ തന്നെ ഉണ്ടായത്. പ്രസ്തുത നിയമം വിവാഹബന്ധത്തിനു പൂർവാധികം ദാർഢ്യം നല്കി.

അപ്രകാരം നായർ സമാജത്തിലും ഒരു ഛിദ്രം കടന്നുകൂടി. ഒരു സമാജത്തിനു പകരം രണ്ടു സമാജങ്ങൾ നടത്തപ്പെട്ടുതുടങ്ങി. ഇങ്ങനെ നായന്മാരെ സംയോജിച്ചു പ്രവർത്തിക്കാൻ ഒരു സംഘം ഇല്ലാതിരുന്ന കാലത്താണ് നായന്മാരുടെ അഭിമാനസ്തംഭമായ മന്നത്തു പത്മനാഭപിള്ള അവർകൾ ഏതാനും നായർസ്നേഹിതന്മാരുടെ ഒത്താശയോടുകൂടി ഒരു 'നായർ ഭൃത്യജനസംഘം' സ്ഥാപിച്ചതു്. പ്രസ്തുത സംഘം മി. പത്മനാഭപിള്ളയുടെ തീവ്രപ്രയത്നത്താൽ അതിവേഗം വളർന്ന് ഇന്നത്തെ 'സർവീസ് സൊസൈറ്റി'യായി പരിണമിച്ചു. പ്രസ്തുത സംഘം സമുദായോദ്ധാരണവിഷയത്തിൽ ചെയ്തിട്ടുള്ള നാനാമുഖങ്ങളായ പ്രയത്നങ്ങളെ ഇവിടെ വിവരിക്കുന്നില്ല. രണ്ടാമത്തെ നായർ റഫ്ലേഷൻ പരമാർത്ഥത്തിൽ സർവീസു സൊസൈറ്റിയുടെ പരിശ്രമഫലമാകുന്നു. ഈ വിഷയത്തിൽ പണ്ഡിതാഗ്രണിയായ മി. പി. കേ. നാരായണപിള്ള, സർവീസ് സൊസൈറ്റി പ്രസിഡണ്ടായിരുന്ന ചങ്ങനാശേരി പരമേശ്വരൻപിള്ള, എഞ്ജിനീയർ മി. പരമേശ്വരൻപിള്ള തുടങ്ങിയ സമുദായഭക്തന്മാർ ചെയ്തിട്ടുള്ള പ്രയത്നങ്ങളും അനുപലപനീയങ്ങളാകുന്നു. ഈ സൊസൈറ്റി നാടുതോറും സഞ്ചരിച്ചു കരയോഗങ്ങൾ സ്ഥാപിക്കയും സ്വന്തവിദ്യാലയങ്ങൾ വഴിക്കു വിദ്യാപ്രചാരം ചെയ്കയും ചെയ്തവരുണ്ടെങ്കിലും, അതിനു എതി

ായി ഒരു സംഘം തിരുവിതാംകൂറിലുണ്ടെന്നു വ്യസനപൂർവ്വം പറയേണ്ടിയിരിക്കുന്നു. അതിനും പുറമേ, സംഘത്തിനുള്ളിൽ തന്നെ ഛിദ്രം കടന്നുകൂടീട്ടില്ലയോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. ചുരുക്കിപ്പറയുന്നതായാൽ സ്വജാതിവിദ്വേഷം നായന്മാർക്ക് കൂടെപ്പിറപ്പാണു്. നായന്മാർക്ക് നായർപ്രഭുക്കന്മാരിലും ഉദ്യോഗസ്ഥന്മാരിലും നിന്നുണ്ടാകുന്ന ഉപദ്രവം മറ്റാരിൽനിന്നും ഉണ്ടാകാറില്ല.

നായർമഹാസഭ, ദക്ഷിണതിരുവിതാംകൂർ നായർസമാജം മുതലായി വേറെയും ചില സംഘങ്ങളുണ്ടെങ്കിലും അവയ്ക്കാർക്കും സർവീസ് സൊസൈറ്റിയേപ്പോലെ വിജയമുണ്ടായിട്ടില്ല. എന്നാൽ ഈ സംഘങ്ങൾക്കൊന്നിനും നായന്മാരുടെ വ്യവസായമെന്നുള്ളതെ തീക്കുന്നതിനോ അനൈകമത്യത്തെ പരിഹരിക്കുന്നതിനോ കഴിഞ്ഞിട്ടില്ലെന്നു നിസ്സന്ദേശം പറയാം.

ക്രിസ്ത്യാനികൾ.

മക്കാളെയുടെ കാലംമുതല്ക്കു ക്രിസ്ത്യാനികൾക്കു പൂർവ്വാധികം അഭ്യുദയം ഉണ്ടായിട്ടുണ്ടു്. പരിശ്രമശീലന്മാരായ അവരാണു് മലംപ്രദേശങ്ങളെ സസ്യസംപുഷ്ടങ്ങളായ ഭൂഭാഗങ്ങളാക്കിത്തീർത്തതു്. അധഃകൃത സമുദായാംഗങ്ങളെ സമത്വത്തിനു ചേർത്തു് അവർക്കു ലൌകികവും പാരത്രികവുമായ ക്ഷേമത്തിൽ മാർഗ്ഗമുണ്ടാക്കിക്കൊടുക്കുക, വിദ്യാപ്രചാരണാർത്ഥം നിരവധി വിദ്യാലയങ്ങൾ സ്ഥാപിക്കുക മുതലായി പല നന്മകൾ എൽ. എം. എസ്. മിഷനറിമാർ നാട്ടിനുവേണ്ടി ചെയ്തുകൊണ്ടിരിക്കുന്നു. ക്രിസ്ത്യാനികളിലും കക്ഷിവഴക്കുകൾ ധാരാളമുണ്ടെങ്കിലും, അവരെ സംയോജിപ്പിക്കാനുള്ള ശ്രമങ്ങൾ നിരന്തരം നടന്നുകൊണ്ടാണിരിക്കുന്നതു്.

വ്യവസായം, വാണിജ്യം, മുതലായ കാര്യങ്ങളിൽ ക്രിസ്ത്യാനികൾ ഇതര സമുദായക്കാർക്കു മാതൃകയായിരിക്കുന്നു. എന്നാൽ ജാതിവ്യത്യാസം ഹിന്ദുക്കളിലെന്നപോലെ അവരിലും കടന്നുകൂടിക്കാണുന്നതു ശോചനീയമാണെന്നു പറയാതെ നിവൃത്തിയില്ല. തിരുവിതാംകൂറിലെ പതിനാറുലക്ഷത്തോളം വരുന്ന

ക്രിസ്ത്യാനികളിൽ ഒരു വലിയ ശതമാനം ഇന്നും അധഃകൃതരായി ഗണിക്കപ്പെട്ടിരിക്കുന്നു.

ഈഴവർ.

തിരുവിതാംകൂറിൽ ഈഴവർ സംഖ്യയിൽ നായന്മാരോളം തന്നെയുണ്ട്. അടുത്തകാലംവരെ അവർ ഉൽകൃഷ്ടവിദ്യാഭ്യാസവിഷയത്തിൽ അലസന്മാരായിരുന്നു. ഇതിനു പലേ കാരണങ്ങൾ ഉണ്ടായിരുന്നു. വിദ്യാലയങ്ങളിൽ പ്രവേശം നല്കാതിരിക്കുക, വിദേശങ്ങളിൽ പോയി ഉയർന്ന പരീക്ഷകൾ ജയിച്ചു വന്നിട്ടുള്ളവക്ക് പ്രോത്സാഹനം നല്കാതിരിക്കുക മുതലായ ഹേതുക്കൾ, നിമിത്തമാണ് ഇങ്ങനെ ഒരു ദുഷ്പ്രതി നേരിട്ടത്. മൂലം തിരുനാൾ മഹാരാജാവിന്റെ ഭരണകാലമായപ്പോഴേക്കും ഈ സ്ഥിതിക്ക് അല്പം വ്യത്യാസം നേരിട്ടു. ശ്രീനാരായണഗുരുവിന്റെയും എസ്. എൻ. ഡീ. പി. യോഗത്തിന്റെയും തീവ്രമായ പ്രയത്നം നിമിത്തം അവരുടെ അവശതകൾ ക്രമേണ കുറഞ്ഞു വന്നു. ഇപ്പോൾ അവരുടെ കൂട്ടത്തിലും അഭ്യസ്തവിദ്യന്മാരുടെ സംഖ്യ ഒട്ടും കുറവല്ല. അതിപൂർവകാലംമുതല്ക്കേ സംസ്കൃതം, വൈദ്യം മുതലായവ ഈ ജാതിക്കാർ അഭ്യസിച്ചുപോന്നതിൽ നിന്നു വിദ്യാഭ്യാസവിഷയകമായി അവർക്ക് അനാസ്ഥ ഇല്ലായിരുന്നു എന്നു തെളിയുന്നുണ്ട്. വ്യവസായത്തിൽ ഈഴവർ നായന്മാരെക്കാൾ മുന്നോക്കം നില്ക്കുന്നുണ്ട്. കയറു വ്യവസായം പ്രായേണ അവരുടെ കൈയിൽ തന്നെയാണ്. തുണിനിർമ്മാണം ഇപ്പോൾ നിഷ്പ്രയോജനമായി ഗണിക്കപ്പെട്ടുപോരുന്നു. തീണ്ടൽ തൊടീൽ തുടങ്ങിയ അനാചാരങ്ങളെ നശിപ്പിക്കുന്നതിനും ക്ഷേത്രപ്രവേശനത്തിനും ഈഴവരാണ് ഇന്നു മുന്നിട്ടു പ്രവർത്തിക്കുന്നത്. എന്നാൽ അവരുടെ വക ചില ക്ഷേത്രങ്ങളിലും പുലയർ തുടങ്ങിയവക്ക് പ്രവേശനം അനുവദിച്ചുകാണാത്തതിൽനിന്നു കേരളത്തിലെ ജാതിഭ്രാന്തിന്റെ കാഠിന്യം ഗ്രഹിക്കാവുന്നതാണ്. അടുത്തകാലത്തു നടന്ന പൌരസമതാവാദത്തിലും ഈഴവരും പങ്കുകൊണ്ടുവെങ്കിലും, അവക്ക് പറയത്തക്ക പ്രയോജനങ്ങളൊന്നും ഉണ്ടായിതായി കാണുന്നില്ല.

നമ്പൂരിമാർ.

കേരളീയാചാരങ്ങളുടെ സംരക്ഷകന്മാർ അടുത്തകാലംവരെ നമ്പൂരിമാരായിരുന്നു. പുരാചാരനിഷ്കർഷനിമിത്തമായും, വിവാഹവിഷയകമായി അവരുടെ ഇടയ്ക്കു നടന്നുപോരുന്ന ചില അചാരങ്ങൾ വഴിക്കും, നമ്പൂരിമാർ പ്രായേണ ക്ഷയിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു. എന്നാൽ അടുത്തകാലത്തു ഉണ്ണിനമ്പൂരിമാർക്കുണ്ടായ ഉണർച്ച ഈ സമുദായത്തെ ഉദ്ധരിക്കുന്നതിനു പര്യാപ്തമായിത്തീരുമെന്നു വിശ്വസിക്കാം. അവർ ഇപ്പോൾ ഉൽപതിഷ്ണുക്കളുടെ മുന്നണിയിൽ പ്രവർത്തിക്കഴിഞ്ഞു. ഇംഗ്ലീഷ് വിദ്യാഭ്യാസവും ക്രമേണ അവരുടെ ഇടയ്ക്കു വ്യാപിച്ചുതുടങ്ങീട്ടുണ്ട്. പ്രകൃത്യാ മേധാവികളും നിഷ്കർഷാപട്ടുശാലികളും ആയ മലയാള ബ്രാഹ്മണർ അധികകാലം കുടിയുംമുമ്പുതന്നെ കേരളീയ ഹിന്ദുക്കളുടെ നേതൃത്വം വഹിക്കാൻ വീണ്ടും മുടയായേക്കാം.

മറ്റു സമുദായക്കാർ.

മറ്റുസമുദായക്കാരും ഇതുപോലെ സാമൂഹ്യപുരോഗതിക്കുവേണ്ടി അക്ഷീണപരിശ്രമം ചെയ്തുകൊണ്ടേ ഇരിക്കുന്നു.

പൊതുവേ പറയുന്നതായാൽ ഒരു ജാതീയമനസ്ഥിതി എല്ലാ വർഗ്ഗക്കാരിലും കടന്നുകൂടീട്ടുണ്ട്. ഇതു നിരവധി മത്സരങ്ങൾക്കു ഇടവരുത്തുന്നു. മിക്ക വർത്തമാനക്കടലാസുകളിലും ഇതരവർഗ്ഗക്കാർക്കു മനഃക്ലേശം വരുത്തുന്ന ലേഖനപരമ്പരകൾ കാണുന്നതു ഒഴിവാനിയമെന്നേ പറയേണ്ടൂ. എല്ലാ വർഗ്ഗക്കാരും വഞ്ചിമാതാവിന്റെ സന്താനങ്ങൾ എന്ന നിലയിൽ കൈയ്യോടു കൈ കോർത്തുപിടിച്ചു രാജ്യക്ഷേമമാർഗ്ഗം പ്രവർത്തിക്കുന്നതു കാണ്മാൻ ഈശ്വരൻ ഇടവരുത്തട്ടെ. അതിനുള്ള ചില ചിഹ്നം യുവജനങ്ങളുടെ ഇടയ്ക്കു കണ്ടുതുടങ്ങീട്ടുമുണ്ട്.

അനാചാരധ്വംസനം, അവശസമുദായങ്ങളുടെ ഉന്നമനം മുതലായ വിഷയങ്ങളിൽ എല്ലാ വർഗ്ഗക്കാരും ഒത്തുചേർന്നു പ്രവർത്തിച്ചു കാണുന്നതു് ഒരു ശുഭലക്ഷണം തന്നെ.

ഭാഷയും സാഹിത്യവും.

ഈ അടുത്തകാലത്തു ഭാഷയ്ക്കു് അഭ്രതപൂർവ്വമായ ഉണർച്ചയുണ്ടായിരിക്കുന്നു. പ്രസ്തുത വിഷയത്തിൽ മൂലംതിരുനാൾ മഹാ

രാജാവിന്റെ കാലത്തെ വിക്ടോറിയ കല്പത്തോടു സാദൃശ്യപ്പെടുത്താം. സാഹിത്യത്തിന്റെ എല്ലാ ശാഖകളും അത്യന്തം പുഷ്ടമായിരിക്കുന്നു. അനന്തപുരത്തു മൂത്തകോയിത്തമ്പുരാൻ, കേരളവർമ്മ വലിയകോയിത്തമ്പുരാൻ, എ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ, സരസഗായക കവിമണി കേ. സീ. കേശവപിള്ള, കുമാരൻ ആശാൻ തുടങ്ങി നിരവധി കവികളും രാമകൃഷ്ണപിള്ള, സീ. വി. രാമൻപിള്ള മുതലായ ഗദ്യകാരന്മാരും ഏതു ഭാഷയ്ക്കും അഭിമാനഹേതുക്കളാണ്. ആധുനിക കാലത്തെ മഹാകവികളുടെ കൂട്ടത്തിൽ ഉള്ളൂരിനും, നിരൂപകന്മാരുടെ കൂട്ടത്തിൽ മി. പി. കേ. നാരായണപിള്ളയ്ക്കും അത്യുന്നതമായ സ്ഥാനമുണ്ടല്ലോ. അനവധി യുവസാഹിത്യകാരന്മാരും ഭാഷാപോഷണത്തിൽ പ്രഗ്രന്മാരായി ജീവിക്കുന്നുമുണ്ട്.

ശാസ്ത്രഗ്രന്ഥങ്ങളുടെ അഭാവം തീരണമെങ്കിൽ ഗവണ്മെണ്ടിന്റെ സഹകരണം അത്യന്താപേക്ഷിതമാകുന്നു. ഒന്നാമതായി അതിനു് ഉദ്യമിക്കുന്നവർക്കു ചാരിതോഷങ്ങൾ നല്കുക, അധ്യാപനം മാതൃഭാഷയിൽ വേണമെന്നു നിർബന്ധിക്കുക, മുതലായ പല്ലേ കാര്യങ്ങൾ സർക്കാരിനു ചെയ്യാൻ കഴിയും.

കലകളുടെ ഉന്നമനത്തെ പുരസ്കരിച്ചു് തിരുവനന്തപുരത്തു് ഒരു സംഘം സ്ഥാപിച്ചിട്ടു വളരെക്കാലമായി. എന്നാൽ കേരളീയ കലകളുടെ ഉന്നമനാർത്ഥം അവർക്കു് ഇതേവരെ ഒന്നും ചെയ്യാൻ സാധിച്ചിട്ടില്ല.

പരിസമാപ്തി.

മതബോധം.

ഇംഗ്ലീഷുവിദ്യാഭ്യാസഫലമായി ആദ്യകാലത്തു് ഹിന്ദുക്കളുടെ മതവിശ്വാസത്തിനു് ഈഷൽ ശൈഥില്യം നേരിട്ടുവെങ്കിലും, അചിരേണ ആ ന്യൂനത നീങ്ങിത്തുടങ്ങി. സനാതനധർമ്മത്തിന്റെ മൂലതത്വങ്ങൾ ഇപ്പോൾ എല്ലാവരും ഗ്രഹിച്ചുതുടങ്ങി

ന്നിരിക്കുന്നു. അതിനുംപുറമെ കാരണങ്ങളുമുണ്ട്. 1911-ാമാണ്ടിടയ്ക്കു രാമകൃഷ്ണമിഷൻകാർ തിരുവിതാംകൂറിലും പ്രചാരണജോലി ചെയ്തുതുടങ്ങി. ഒന്നുരണ്ടു കൊല്ലങ്ങൾക്കിടയിൽ അരിപ്പാട്ട്, തിരുവല്ല, മുതലായ ടിക്കുകളിൽ മഠങ്ങൾ സ്ഥാപിക്കപ്പെട്ടു. പ്രസ്തുത മിഷൻകാർ ഹിന്ദുക്കളുടെ ഏകീകരണത്തിനു അന്ധവിശ്വാസധ്വംസനത്തിനും വേണ്ടി തീവ്രയത്നം ചെയ്തുകൊണ്ടിരുന്നു. ആര്യസമാജക്കാരും തിരുവിതാംകൂറിൽ പ്രചരണജോലി ചെയ്തുകൊണ്ടിരുന്നു. ശ്രീനാരായണഗുരുസ്വാമിയായിരുന്നു മറെറാരു ആത്മികശക്തി. പുരാണാടികളുടെ നിഗൂഢങ്ങളായ അർത്ഥങ്ങളെ പ്രകാശിപ്പിക്കുന്ന വിഷയത്തിൽ ഈ സ്ഥാപനങ്ങൾ സജീവശക്തികളായി വർത്തിക്കുന്നു.

നമ്മുടെ ക്ഷേത്രങ്ങളും സനാതനധർമ്മതത്വങ്ങളെ പ്രചരിപ്പിക്കുന്നതിനു ശ്രമിക്കുന്നപക്ഷം ഹിന്ദുക്കളുടെ ഇടയ്ക്കു ചിരകാലമായി കടന്നുകൂടിട്ടുള്ള ചരിത്രങ്ങൾ നീങ്ങി ലോകക്ഷേമാർത്ഥം ഒത്തൊരുമിച്ചു പ്രവർത്തിക്കുന്നതിനുള്ള സൌമനസ്യം സകല ഹിന്ദുക്കൾക്കും ഉണ്ടാകാതിരിക്കയില്ല.

ഇംഗ്ലീഷുകാരുടെ ആധിപത്യംകൊണ്ടു തിരുവിതാംകൂർ ജനതയ്ക്കു സിദ്ധിച്ചിട്ടുള്ള ഗുണങ്ങൾ അപരിമേയങ്ങളാകുന്നു.

ഒന്നാമതായി ഇംഗ്ലീഷ് വിദ്യാഭ്യാസം നാട്ടിൽ പ്രചരിച്ചു. അതു വഴിക്കു ജനങ്ങൾക്കു ചിത്തസംസ്കാരം വർദ്ധിക്കയും അന്ധവിശ്വാസങ്ങൾ നശിക്കയും ചെയ്തു. ജനങ്ങൾക്കു പൂർവ്വാധികം സ്വാതന്ത്ര്യബോധവും ഉണ്ടായി.

രണ്ടാമതായി തീവണ്ടി, കമ്പിത്തപാൽ, തുടങ്ങി സുഖജീവിതസാമഗ്രികൾ കേരളത്തിലും വർദ്ധിച്ചു. രാജവീഥികൾ, ഉത്തമരീതിയിലുള്ള ആതുരശാലകൾ, കോടതികൾ ഇവയെല്ലാം അതിനുശേഷമാണ് തിരുവിതാംകൂറിൽ ഉണ്ടായിട്ടുള്ളത്.

മൂന്നാമതായി ആൾ ഭേദമോ വർഗ്ഗഭേദമോ നോക്കാതെ നീതിഭരണം നടത്തുന്നമെന്നു വന്നതു് ഇംഗ്ലീഷ്കാരുടെ ആഗമനത്തിനു ശേഷമാകുന്നു. ആക്കും പൂരുതൊഴിലും യഥേച്ഛം സ്വീകരിക്കണമെന്നും വന്നു.

നാലാമതായി നമുക്കു ബഹിർലോകവും അന്യി കൂടുതൽ സംബന്ധമുണ്ടാവുകയും അ വഴിക്കുണ്ടായ നൂതനവിചാരങ്ങൾ നിമിത്തം ഒരു അസംതൃപ്തിയും ക്ഷോഭവും മനസ്സിലുണ്ടാവുകയും ചെയ്തയാൽ, നാം കേവലം പിതിയന്ത്രത്തിരിപ്പിനു വശഗരായി രിക്കേണ്ടവരല്ലെന്നും ഉണർന്നു തീവ്രപ്രയത്നം ചെയ്യാത്തപക്ഷം നശിച്ചുപോകുന്നതാണെന്നും പാരക്കേ ഒരു ബോധം ഉണ്ടായിട്ടുണ്ടു്. നവീനരീതിയിലുള്ള ജനകീയഭരണത്തിൽ ആസക്തി വർദ്ധിച്ചതും, തല്പ്രാപ്തിനുവേണ്ടി എന്തു ക്ലേശം സഹിച്ചും പ്രയത്നിക്കേണ്ടതാണെന്നു സാമ്പ്രദായികമായ ഒരു ബോധം ഉണ്ടാ യതും ആംഗ്ലേയരുടെ സമ്പർക്കത്താലാകുന്നു.

ഇന്നു തിരുവിതാംകൂർ നിരവധി ഉച്ചാഭിലാഷങ്ങളോടു കൂടി വർത്തിക്കുന്നു. അവയെ പൂരിപ്പിക്കുന്ന വിഷയത്തിൽ അ തൃൽസുകനായ ഒരു മഹാരാജാവിനെയും നമുക്കു ഭാഗ്യവശാൽ ലഭിച്ചിട്ടുണ്ടു്. തിരുമനസ്സുകൊണ്ടു് ആയുരാരോഗ്യസമ്പൽ സമൃ ദ്ധനായിരിക്കാൻ ജഗദീശ്വരൻ കടാക്ഷിക്കട്ടെ.

അനുബന്ധം.

1. പള്ളിബാണപ്പെരുമാളെപ്പറ്റി ഒരു ഐതിഹ്യം.

അദ്ദേഹം ഹിന്ദുധർമ്മം ഉപേക്ഷിച്ചു ബുദ്ധമതം സ്വീകരിച്ചിട്ട് കോട്ടയം താലൂക്കിൽപ്പെട്ട കിളിരൂർ ദേശത്തു താമസമുറപ്പിച്ചു. അനന്തരം അവിടെ ഒരു ബുദ്ധമതവിഹാരം പണികഴിപ്പിച്ചിട്ട് അദ്ദേഹം പ്രസ്തുതമതത്തിന്റെ പ്രചാരണാർത്ഥം ശ്രമങ്ങൾ ചെയ്തുതുടങ്ങി. എന്നാൽ ഹിന്ദുക്കളാരും അവിടെ ചെന്നു താമസിക്കായ്കയാൽ അദ്ദേഹം വല്ലാതെ വിഷമിച്ചു. വിഹാരത്തിലെ പൂജാദികൾ നടത്താൻപോലും ബ്രാഹ്മണരെ കിട്ടാതെയായത്രേ. കടവിൽ ബലം പ്രയോഗിച്ചു ചില ബ്രാഹ്മണരെ അതിലേക്കു കൊണ്ടുവരേണ്ടതായി വന്നു. പള്ളിയിൽമേനോൻ എന്നും വെട്ടിക്കളങ്കരക്കയ്മൾ എന്നും രണ്ടു നായന്മാർ അദ്ദേഹത്തിന്റെ ആശ്രിതന്മാരായുണ്ടായിരുന്നു. അവർക്ക് കുടുവളരെ വസ്തുക്കളും പെരുമാൾ നല്കിയിരുന്നു.

അല്പകാലം കഴിഞ്ഞു പെരുമാൾ നീലംപേരൂരിൽ ഒരു ബുദ്ധവിഹാരം പണിയിച്ചപ്പോൾ ആ രണ്ടു നായർ പ്രമുഖന്മാർക്കും അവിടെയും വസ്തുക്കൾ ലഭിച്ചു. എന്നാൽ അചിരേണ പെരുമാൾ മഹാമ്മദീയമതം സ്വീകരിച്ചുവെന്നും മക്കത്തു പോയെന്നുമാണ് ഐതിഹ്യം.

പെരുമാളിന്റെ കാലശേഷവും പ്രസ്തുത ബുദ്ധമതവിഹാരങ്ങൾക്കു കുറേക്കാലത്തേക്കു പ്രാധാന്യമുണ്ടായിരുന്നത്രേ. എന്നാൽ കിളിരൂർദേശവും സമീപദേശവും തമ്മിൽ നടന്ന ഒരു യുദ്ധപരീക്ഷയിൽ, കിളിരൂർദേശം ജയിച്ചുവെങ്കിലും അവരെ ബൌദ്ധന്മാർ എന്നു പ്രതിപക്ഷക്കാർ അധിക്ഷേപിക്കയാൽ ആ രണ്ടു വിഹാരങ്ങളേയും ശാസ്താംകോവിലുകളാക്കിയെന്നാണ് ഇന്നും ജനങ്ങൾ വിശ്വസിക്കുന്നതു്.

2. എട്ടുവീടർ.

വേണാട്ടെ അറുന്നൂറുവർ എന്ന സംഘത്തിന്റെ കാര്യനിർവ്വാഹകസംഘമുകളായിരുന്നു എട്ടുവീടർ. തൃപ്പാപ്പൂർ തിരുവടിയുടെ നേതൃത്വത്തിൽ വേണാട്ടിനെ സംബന്ധിച്ച കാര്യങ്ങൾ അവർ നിർവ്വഹിച്ചുപോന്നു. മി. ലോഗൻ തറയേയും നാട്ടിനേയുംപറ്റി ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

"പ്രാകൃതനകാലംമുതൽക്കു നായന്മാരുടെ തറയെന്നും നാടെന്നും ഉള്ള സംഘങ്ങൾ രാജ്യത്തെ ഭരണകർത്താക്കന്മാരുടെ അതിക്രമങ്ങളിൽനിന്നും ദുർഭരണത്തിൽനിന്നും സംരക്ഷിച്ചുപോന്നു; ഇതരകാരണങ്ങളെ ഒഴിക്കിക്കൊണ്ടും ഈ ഒരു സംഗതിയാണു് മദ്ധ്യകാലമായി മലയാളരാജ്യം അനുഭവിച്ചുപോന്ന ഐശ്വര്യത്തിനു മൂലഹേതുഭൂതമായിരുന്നതു്.....ഈ അറുന്നൂറുവർ എന്ന സംഘം പാർലമെന്റിന്റെ സ്ഥാനം വഹിക്കയും ചിലപ്പോൾ രാജാജ്ഞയെപ്പോലും ഉല്ലംഘിക്കയും മന്ത്രിമാരെ ശാസിക്കയും ചെയ്തുപോന്നു."*

എട്ടുവീടർ ഇങ്ങനെ വേണാട്ടിലെ ഏകജനകീയസംഘത്തിന്റെ "കാഞ്ചി-
പുരം" ജനകീയാവകാശങ്ങളുടെ സംരക്ഷകന്മാരുമായിരുന്നു. ദേവസ്വം ഭര
ണത്തിനായി മാത്രം ഏർപ്പെടുത്തപ്പെട്ടിരുന്ന എട്ടരയോഗം ദുർബലമാവുകയും
അവർ അങ്ങും ഇങ്ങും ചേരാതെ നില്ക്കുയും ചെയ്തപ്പോൾ, ജനങ്ങളുടെ ഭാഗം
പിടിച്ചു നില്ക്കുന്നതിനു് എട്ടുവീടരേ ഉണ്ടായിരുന്നുള്ളു. യോഗക്കാരും രാജപക്ഷ
ത്തിനു വിപരീതമായിരുന്നെങ്കിലും അവർ ചെയ്ത ഉപജാപകൃത്യങ്ങളെല്ലാം
പിള്ളമാരുടെ തലയിൽ കെട്ടിവച്ചിട്ടു് നല്ലപിള്ളകളാവാൻ നോക്കി. എട്ടുവീടർ
എങ്ങനെ രാജകുടുംബത്തിനു വിപരീതമായിതീർന്നുവെന്നു അന്യത്ര പ്രസ്താവിച്ചി
ട്ടുണ്ടല്ലോ. വീരക്ഷത്രിയന്മാരായ എട്ടുവീടരെ നശിപ്പിച്ചതിന്റെ പാപപരിഹാര
മായിട്ടത്രേ മുറജപവും പദ്മനാഭസ്വാമിക്ഷേത്രത്തിലെ പാൽപായസനിവേദ്യ
വും ഏർപ്പെടുത്തിയതു്.

3. യോഗം.

ശ്രീപദ്മനാഭസ്വാമി ക്ഷേത്രകാര്യങ്ങൾ നിർവഹിപ്പാനായി പുരാതനമായ
ഒരു സംഘമായിരുന്നു ഇതു്. ഈ യോഗത്തിൽ, ഒരു സ്വാമിയാർ (നമ്പൂരി
സന്ന്യാസി), ആറു പോറ്റിമാർ, ഒരു നായർ, ഇവക്കു കാരോ വോട്ടും രാജാവിനു
ഒരു വോട്ടും ഉണ്ടായിരുന്നു. കൊല്ലവർഷാരംഭത്തിലാണു് പ്രസ്തുത യോഗം
ഉണ്ടായതെന്നു തോന്നുന്നു. ക്ഷേത്രസംബന്ധമായ പൂജാദികളേയും മറ്റും
അധികരിക്കുന്ന ചട്ടങ്ങൾ ഏർപ്പെടുത്തിയതു അവരാണു്. ആ ചട്ടങ്ങൾ ഇന്നും
നിലവിലിരിക്കുന്നു.

പ്രസ്തുത യോഗത്തിന്റെ അധികാരങ്ങൾ അതിവിപുലങ്ങളായിരുന്നു.
അവരുടെ ശിക്ഷയ്ക്കു രാജാക്കന്മാർപോലും പാത്രമായിട്ടുണ്ടെന്നു ചില പുരാതന
രേഖകൾ തെളിയിക്കുന്നു.

4. ശ്രീ മീനാക്ഷിഭായി.

മധുരനായ്ക്കവംശത്തിന്റെ സ്ഥാപകനായ വിശ്വനാഥനായ്ക്കന്റെ കാല
ശേഷം ചൊക്കനാഥനായ്ക്കൻ, രംഗകൃഷ്ണവീരപ്പനായ്ക്കൻ, വിജയരംഗചൊക്ക
നാഥനായ്ക്കൻ മുതലായി പതിനാലു നായ്ക്കന്മാർ നാടുവാണു. 1732-ൽ വിജയ
രംഗചൊക്കനാഥൻ മരിച്ചപ്പോൾ പുത്രന്മാരാരും ഇല്ലാതിരുന്നതുകൊണ്ടു്, മീനാ
ക്ഷിഭായി രാജ്യഭാരം തുടങ്ങി. ആ രാജ്ഞി അചിരേണ വിജയകുമാരൻ എ
ന്നൊരു കുമാരനെ ദത്തെടുത്തപ്പോൾ, അദ്ദേഹത്തിന്റെ പിതാവായ ഭംഗാരു
തിരുമലനായ്ക്കൻ രാജ്യത്തിനു് അവകാശവാദം പുറപ്പെടുവിച്ചു; ഈ മത്സരം
ആക്കാട്ടിലെ നവാബിനു തന്റെ അധികാരശക്തിയെ വർദ്ധിപ്പിക്കാൻ അവ
സരംനല്കി. നവാബു തന്റെ പുത്രനായ സഫ്ദർ അലിഖാനെ സൈന്യം
തിച്ചിനാപ്പള്ളിക്കു് അയച്ചു് ഭംഗാരുവിനെ രാജാവായി വാഴിച്ചിട്ടു്, ആ രാജ്യ
ത്തെ തന്റെ ആധീനത്തിലാക്കാൻ ശ്രമിച്ചു. രാജ്ഞിയാകട്ടെ, ചന്ദാസാഹി
ബിനു് കുറേകോടി രൂപാ കൈക്കൂലി കൊടുത്തതിനാൽ, അദ്ദേഹത്തിന്റെ
സഹായശക്തികൂടി കുറേക്കാലംകൂടി നാടുവാണു. എന്നാൽ രാജ്ഞിയുടെ
നിസ്സഹായാവസ്ഥകണ്ടു ചന്ദാസാഹിബു് അചിരേണ അവരെ സ്വഗൃഹത്തിൽ
ബന്ധനസ്ഥയാക്കിപ്പാർപ്പിച്ചു. പിന്നീടു് ആനപ്പട്ടിൻ വിഷംകൊടുത്തു കൊന്ന
വെന്നാണു് ഐതിഹ്യം. ഇങ്ങനെ മീനാക്ഷിഅമ്മാളോടുകൂടി നായ്ക്കന്മാരുടെ
വാഴ്ച അവസാനിച്ചു.

ഈ രാജ്ഞി വേണാട്ടിൽ ചേന്നതും തിരുനെൽവേലിയിൽ ഉൾപ്പെട്ടതുമായ ഏതാനും ഭൂമികളെ ഇമാംസാഹിബ് എന്ന ഒരു മഹമ്മദീയസാധുവിനു ദാനം ചെയ്തതായി കാണുന്നു. എന്നാൽ മധുരനായ്ക്കന്മാർക്കു വേണാട്ടിന്മേൽ ഉണ്ടായിരുന്ന സ്വാധീനശക്തി രാജ്ഞിയുടെ കാലത്തിനു മുമ്പുതന്നെ നശിച്ചു പോയിരുന്നു.

5. മാഫൂസ്ഖാൻ.

(1744—49)

ഇദ്ദേഹം ആർക്കാട്ടു നവാബായിരുന്ന മഹമ്മദ് അനവറുദ്ദീൻഖാൻ ബാദറിന്റെ പുത്രനായിരുന്നു. 1749-ൽ ആംബൂർ യുദ്ധത്തിൽവച്ചു ഫ്രഞ്ചുകാർ നവാബിനെ നിഗ്രഹിക്കുംവരെ മാഫൂസ്ഖാൻ മധുരയിലെ ഗവർണ്ണരായിരുന്നു. അനന്തരം അയാൾ നവാബായി. എന്നാൽ നാലുകൊല്ലം കഴിഞ്ഞപ്പോൾ ഫ്രഞ്ചുകാർ അയാളെയും ആംബൂർ എന്ന സ്ഥലത്തുവച്ചു തോല്പിച്ചു ബന്ധനസ്ഥനാക്കി. ഇംഗ്ലീഷുകാരുടെ മിത്രമായ മഹമ്മദാലിക്കുവേണ്ടി തന്റെ രാജ്യാവകാശത്തെ വിട്ടുകൊടുത്തിട്ട് അയാൾ മധുരയിലെ ഗവർണ്ണരായി വാണു; പിന്നീട നവാബുമായി പിണങ്ങിയതും വീരമാർത്താണ്ഡവർമ്മ രാജാവിനാലും രാമവർമ്മ മഹാരാജാവിനാലും തോല്പിക്കപ്പെട്ടതും അന്യത്ര വിവരിച്ചിട്ടുണ്ടല്ലോ.

6. യൂസഫ്ഖാൻ.

രാമനാഥപുരം ജില്ലയിൽ പനയൂരെന്ന സ്ഥലത്തു് വെള്ളാളകുലത്തിൽ 900-ാമാണ്ടിടയ്ക്കു് ജനിച്ചു. മരുതനായകംപിള്ള എന്നായിരുന്നു പേരു്. ബാല്യത്തിൽ മഹാകസ്തി ആയിരുന്നതിനാൽ സ്വകുടുംബത്തിൽനിന്നു ബഹിഷ്കൃതനായി. അനന്തരം പുതുശേരിയിൽചെന്നു് ക്ലാക്ലാ എന്ന പരന്ത്രീസുകാരനോടുകൂടി മൂന്നിലധികം വർഷം താമസിച്ചു. പിന്നീടാണു് ഇസ്ലാംമതം സ്വീകരിച്ചതു്. കുറച്ചുകാലം ബ്രണ്ടൻ എന്ന യൂറോപ്യനോടുകൂടി പാത്തു-പരന്ത്രീസ് ഇംഗ്ലീഷ്, പറങ്കി മുതലായ ഭാഷകൾ അഭ്യസിച്ചു. ചരിത്രപ്രസിദ്ധനായ ചന്ദാസാഹിബ്ബിന്റെ കീഴിൽ നെല്ലൂർ മുതലായ പ്രദേശങ്ങളുടെ ഗവർണ്ണരായിരുന്ന മഹമ്മദുകമാലിന്റെ വൈദ്യനായിട്ടും യൂസഫ് അല്പകാലം ജീവിതംനയിക്കയാൽചന്ദാസാഹിബിന്റെകീഴിൽ ഒരു ഉദ്യോഗംലഭിച്ചു. ഈ നിലയിൽഒരു ചെറുസൈന്യം ശേഖരിച്ചുഅതിന്റെസുബേദാരായിരിക്കയും 1752-ൽ ട്രിച്ചിനാപ്പള്ളിയുടെ കീഴിൽ ഒരു സൈനികോദ്യോഗസ്ഥനായിത്തീരുകയും ചെയ്തു. ഇക്കാലങ്ങളിൽ നെല്ലൂർ സുബേദാർ എന്ന പേരു അദ്ദേഹത്തിനു പ്രസിദ്ധമായിത്തീർന്നു. ചന്ദാസാഹിബ് മീനാക്ഷിഅമ്മ എന്ന റാണിയെ വഞ്ചിച്ചു നിഗ്രഹിച്ചതിനു പ്രതിക്രിയയായി മങ്കോജി ഭോസ്ലാമണ്ഡപത്തിൽവച്ചു് അയാളുടെ ശിരശ്ഛേദം ചെയ്തപ്പോൾ, മഹമ്മദാലി കർണ്ണാടകത്തിനു് നവാബായി. മൈസൂരും നവാബും തമ്മിൽ അചിരേണ ഒരു യുദ്ധമുണ്ടാവുകയും ആ യുദ്ധത്തിൽ യൂസഫ് ധീരധീരം പോരാടുകയും ചെയ്തു. എന്നാൽ യൂസഫിന്റെ ഉയർച്ചയിൽ അസൂയാലുവായിത്തീർന്ന പുണ്ണയ്യപ്പൻ എന്നൊരാൾ മൈസൂർ സേനാധിപനായ നന്ദരാജനാൽ ആയോദ്ധാവിനു് അയയ്ക്കപ്പെട്ടതായി ഇംഗ്ലീഷുകാർ തെറ്റിദ്ധരിക്കത്തക്കവണ്ണം ഒരു കത്തുണ്ടാക്കി സൂത്രത്തിൽ ഇംഗ്ലീഷുകാരുടെ പാളയത്തിൽ എത്തിച്ചു. പക്ഷേ പിന്നീടുണ്ടായ അന്വേഷണത്തിൽ പരമാർത്ഥം തെളിയുകയാൽ പുണ്ണയ്യപ്പനു വധശിക്ഷ നല്കപ്പെട്ടു. തൃശ്ശിനാപ്പള്ളിയിലെ സൈന്യങ്ങൾക്കു

ആവശ്യമുള്ള ആഹാരസാധനങ്ങളെ കൈകലാക്കാൻ സായ്പും യൂസഫ്ഖാനും കൂടി ഒരു രാത്രി കൊണ്ടുപോകയും, ഫ്രഞ്ചുകാർ അതിനെ അപഹരിക്കാനായി ഒളിച്ചിരിക്കുന്നതായി യൂസഫ് ഗ്രഹിക്കയും അവരോട് എതിരിട്ട് വിജയം സമ്പാദിക്കയുംചെയ്തു. ഇതിനു പ്രത്യുപകാരമായി മേജർ ലാറൻസിന്റെ ശുപാർശ അനുസരിച്ച് യൂസഫ്ഖാനു കമ്മന്താൻ എന്ന സ്ഥാനവും ചില കീർത്തിമുദ്രകളും മദ്രാസ് ഗവണ്മെന്റ് നല്കി.

അങ്ങനെ ഇരിക്കെ ആണ് അന്യത്ര പ്രസ്താവിച്ചിട്ടുള്ളതുപോലെ മാഹ്മൂസ് ഖാൻ ദക്ഷിണദിക്കിലേക്കു ഗവണ്മെന്റെന്ന നിലയിൽ പുറപ്പെട്ടതു്. ഈ മാഹ്മൂസ്ഖാൻ അഹംകാരിയും ഉൽകർഷേച്ഛുവും ആയിരുന്നു. അയാളുടെ സഹകാരിയായിരുന്ന ലോറൻസായ്പു പണത്തിനുവേണ്ടി എന്തുചെയ്യുന്നതിനും മടിക്കാത്ത ആളുമായിരുന്നു. അവർ രണ്ടുപേരുംകൂടി നിരവധി ക്ഷേത്രങ്ങൾ കൊള്ളചെയ്തു. എന്നാൽ സീസ്സിനു് ഈ ദുരാചാരങ്ങൾ തുടർന്നുകൊണ്ടുപോവാൻ സാധിച്ചില്ല. എന്തുകൊണ്ടെന്നാൽ കൈക്കൂലി, കൊള്ള മുതലായ കാര്യങ്ങൾ അദ്ദേഹം പിടിക്കപ്പെട്ട് സായ്പ് തിരിച്ചു വിളിക്കപ്പെടുകയും കാരാഗൃഹത്തിൽ കുറേക്കാലം പാർത്തശേഷം തടവുചാടി യൂറോപ്പിലേക്കു കടക്കുകയും ചെയ്തു.

യൂസഫ് മാത്രം കൈക്കൂലി വാങ്ങുകയോ കൊള്ളയ്ക്കു് കൂട്ടുനില്ക്കുകയോ ചെയ്തില്ല. അതിനാൽ വെല്ലൂർ മുട്ടസാ ആലിയിൽനിന്നു് ഈടാക്കാനുണ്ടായിരുന്ന കുപ്പം പിരിക്കുന്നതിനു നവാബ് അദ്ദേഹത്തിനെ ആണ് അയച്ചതു്. ഉടനെത്തന്നെ ആലി ഫ്രഞ്ചുകാരുടെ സഹായത്തെ അഭ്യർത്ഥിച്ചു. പക്ഷേ യൂസഫിന്റെ നയവൈദഗ്ദ്ധ്യത്താൽ ആലി നാലുലക്ഷം രൂപാ കൊടുക്കാമെന്നു സമ്മതിച്ചു. എന്നാൽ ആ തുക പിരിക്കുന്നായി അയക്കപ്പെട്ട ആറാംധിപന്മാരിലേശം പോലും നയകൌശലം ഇല്ലാത്തവനായിരുന്നതുകൊണ്ടു് ആലി ആ സംഖ്യ കൊടുക്കയുണ്ടായില്ല. ഫ്രഞ്ചുകാർ അയാളുടെ സഹായത്തിനു് എത്തുകയുംചെയ്തു.

പിന്നീടു് നവാബു് മധുര തിരുനെൽവേലി തുടങ്ങിയ ദേശങ്ങളെ കപ്പത്തിനു പകരം മൂന്നുകൊല്ലത്തേക്കു് ഇംഗ്ലീഷ്കാർക്കു കുത്തകപ്പാട്ടമായി കൊടുത്തപ്പോൾ, കമ്പനിക്കാരുടെ പ്രതിനിധിയായി അയയ്ക്കപ്പെട്ടതു യൂസഫ്ഖാനായിരുന്നു. അതു നവാബിനു രസിച്ചില്ല. അയാൾക്കു യൂസഫിന്റെ പേരിൽ ഇതിനിടയ്ക്കു വലുതായ അസൂയ ജനിച്ചുകഴിഞ്ഞിരുന്നു.

യൂസഫിന്റെ ഭരണം അതിശോഭനമായിരുന്നു. 1758-ൽ ഫ്രഞ്ചുസൈന്യം മദ്രാസ് കോട്ട വളഞ്ഞപ്പോൾ ഇംഗ്ലീഷ്കാരെ യൂസഫ് നല്ലപോലെ സഹായിച്ചു. ഫ്രഞ്ചുകാരുമായുള്ള യുദ്ധങ്ങളിലെല്ലാം ഇംഗ്ലീഷ്കാരുടെ വിജയത്തിനു കാരണഭൂതൻ യൂസഫ്ഖാൻ തന്നെയായിരുന്നു. അതിനു പാരിതോഷികമായി കമ്പനിക്കാർ യൂസഫിനു മൂന്നുലക്ഷം രൂപാ ദാനംചെയ്തു.

മാഹ്മൂസ്ഖാനും പുലിത്തേവരുംകൂടി കൊള്ളനടത്തിത്തുടങ്ങിയപ്പോഴും അവരെ തടയുന്നതിനു കമ്പനിക്കാർ യൂസഫിനെയാണു നിയമിച്ചതു്. അദ്ദേഹം കാര്യം അദ്ദേഹം ഭംഗിയായി നിറവേറുകയുംചെയ്തു. മാഹ്മൂസിനെയും പുലിത്തേവനെയും യൂസഫ് നിശ്ശേഷം തോല്പിച്ചു. അനന്തരം അദ്ദേഹം ദക്ഷിണദേശത്തിലെ ഗവണ്മെന്റായി നിയമിക്കപ്പെട്ടു. ഇതൊന്നും മഹമ്മദാലിക്കു രസിച്ചതല്ല. എന്നാൽ കമ്പനിയുടെ ഉദ്യോഗസ്ഥൻ എന്ന നില വിട്ടു് മഹമ്മദാലിയുടെ കീഴിൽ ഗവണ്മെന്റാവുക എന്ന ഔദ്ധത്യം യൂസഫ് പ്രതീക്ഷിച്ചിരുന്നതായില്ല. ഇംഗ്ലീഷ്കാരുടെ കുത്തകപ്പാട്ട കാലാവധി തീരുംവരെ യൂസഫ്

വിപരീതമായി ഒന്നും പ്രവർത്തിച്ചില്ല. അയാൾ അതിനുശേഷം സൈന്യശക്തി വർദ്ധിപ്പിച്ചുതുടങ്ങി. അതിനെപ്പറ്റി നവാബ് ഇംഗ്ലീഷ്കാരോട് പരാതിപറഞ്ഞു. കമ്പനിക്കാരുടെ ഭരണനിർവ്വഹണസഭയിൽ നവാബ് അമിതമായ പ്രേരകശക്തി പ്രയോഗിച്ചുകൊണ്ടിരുന്നതിനാൽ യൂസഫിന്റെ നാശകാലം സന്നിഹിതമായി. അദ്ദേഹം ഉടനടി മദ്രാസിൽ എത്തിക്കൊള്ളണമെന്ന കമ്പനിക്കാർ ആജ്ഞാപിച്ചു. ഈ അവസരത്തിലാണ് ഇംഗ്ലീഷ്കാരുടെ പ്രേരണാനുസൃതം തിരുവിതാംകൂർ മഹാരാജാവ് തിരുനെൽവേലിയെ ആക്രമിച്ചത്. ഖാൻ മഹാരാജാവിനെ തോൽപ്പിച്ചു. ഗ്രന്ഥകാരൻ ഈ തക്കംനോക്കി യൂസഫിന്റെ വശത്തു ചേർന്നു. അവരാകട്ടെ നൈസാമാലിയെക്കൊണ്ട് യൂസഫിനെ മധുര തിരുനെൽവേലി എന്നീ ദേശങ്ങളുടെ ഗവർണ്ണരായി നിയമിക്കയുംചെയ്തു.

1763-ൽ കമ്പനിക്കാർ യൂസഫിനെ തോൽപ്പിച്ച് ബന്ധനസ്ഥനാക്കി, ഒരു മരത്തിൽ കെട്ടിത്തൂക്കിക്കൊന്നു. അദ്ദേഹത്തിന്റെ പിടിച്ചുകൊടുത്ത മാപ്പിൾ എന്ന ഗ്രന്ഥകാരനെ വലിയ തുകകൾ സമ്മാനമായി ലഭിക്കയുംചെയ്തു. നവാബ് അയാളുടെ മൃതശരീരത്തെ നുറുക്കി കാരോ ഖണ്ഡത്തെ തഞ്ചാവൂർ, പാളയംകോട്ട, തിരുവിതാംകൂർ മുതലായ ദിക്കുകളിലേക്കയച്ചുവരുത്തി. ഉടൽ മറവുചെയ്ത സ്ഥലത്തു ഷേകുഇമാം എന്ന മാന്യൻ പിന്നീട് ഒരു പള്ളിപണിയിക്കയുണ്ടായി. അതിനു ഖാൻ സാഹേബ് പള്ളിവാസൽ എന്ന പേരും നല്കി.

(Abridged from Mr. V. R. Parameswaran Pillay's Article on Yusufkhan.)

7. ആറുവീടർ.

ഇവർ വള്ളിയൂർ മുതലായ ദിക്കുകളിൽപ്പാർത്തിരുന്ന യാദവക്ഷത്രിയരുടെ വംശക്കാരായിരുന്നു; കാലക്രമേണ നായന്മാരായിത്തീർന്നു. മാർത്താണ്ഡവർമ്മ മഹാരാജാവിനെ സഹായിച്ചതിനാൽ അവർക്കു പല്ലേ സ്ഥാനമാനങ്ങളും നിരവധി വസ്തുക്കളും ലഭിച്ചു. എട്ടുവീടരെ ഒതുക്കുന്ന വിഷയത്തിൽ ആ മഹാരാജാവു് ആവരുടെ സഹായത്തെയാണ് പ്രധാനമായി അവലംബിച്ചതു്.

8. ആമ്മച്ചിപ്ലാവ്.

ചരിത്രപ്രസിദ്ധമായ ഈ പ്ലാവു് നെയ്യാറിൻകര ശ്രീകൃഷ്ണക്ഷേത്രത്തിൽ നില്ക്കുന്നു. മാർത്താണ്ഡവർമ്മ മഹാരാജാവിനു ശത്രുക്കളിൽനിന്നും അഭയംനല്കിയ വൃക്ഷമായതിനാലത്രേ ഈ പേരു സിദ്ധിച്ചതു്. ഒരുകാലത്തു് ഈ പ്ലാവിന്റെ സമീപപ്രദേശങ്ങൾ അതിവദ്ധ്യമങ്കളായിരുന്നു. അടുത്തെങ്ങും ജനവാസമുണ്ടായിരുന്നില്ല. നദീതീരങ്ങൾ പ്രായേണ മുൾപ്പടർപ്പുകളാലും വന്യരങ്ങളിലും ദുഷ്പ്രാപമായിരുന്നു. പ്രസ്തുത വൃക്ഷത്തിന്റെ ചുവട്ടിൽ ഈഞ്ചപ്പടപ്പുകൊണ്ടു മറഞ്ഞിരുന്നു. യുവരാജാവു് എട്ടുവീടരുടെ ആക്രമകാരായ ചടച്ചി മാർത്താണ്ഡപ്പിള്ളയുടേയും അനുചരന്മാരുടെയും കൈയിൽ അകപ്പെടാതെ തിരുവനന്തപുരത്തുനിന്നു് ഒരുവിധത്തിൽ ഇവിടെ എത്തി. അവിടെയെങ്ങും ഒരു അഭയസ്ഥാനം ലഭിക്കയില്ലെന്ന മട്ടായപ്പോൾ അവിടുന്നു സകലസംരക്ഷകനായ ശ്രീപത്മനാഭനെ ധ്യാനിച്ചുകൊണ്ടു് ക്ഷണനേരം നിന്നു. പൊടുന്നനെ ഒരു ബാലൻ അവിടെ പ്രത്യക്ഷീഭവിച്ചിട്ടു് "ആ വൃക്ഷത്തിന്റെ പൊത്തിൽ കടന്നിരുന്നുകൊള്ളുക" എന്നു പറയുകയാൽ, അവിടുന്നു വളരെ

പ്പെട്ടിച്ചെട്ട് അതിനുള്ളിൽ പ്രവേശിച്ചു. അല്പനേരം കഴിഞ്ഞു അവിടുന്നു വെളിയിൽ ഇറങ്ങി നോക്കിയപ്പോൾ ഒരു ശരം ആ വൃക്ഷത്തിൽ തറച്ചിരിക്കുന്നതായി കണ്ടു.

തനിക്കു രക്ഷ ലഭിച്ചതു ബാലഗോപാലന്റെ കാരുണ്യത്താലാണെന്നു വിശ്വസിച്ച മഹാരാജാവു് ആ സ്ഥലത്തു് ഒരു ശ്രീകൃഷ്ണക്ഷേത്രം പണികഴിപ്പിച്ചു. അതിന്റെ പ്രാകാരത്തിനുള്ളിൽ വടക്കുപടിഞ്ഞാറേ കോണിലായി ആ വൃക്ഷം ഇപ്പോഴും നില്ക്കുന്നു; അഞ്ചു വാരയോളം ചുറ്റളവു വരും; തായിത്തടിക്കു ആറേഴടി പൊക്കം ഉണ്ടു്. ഉള്ളു പൊള്ളയെങ്കിലും ശാഖോപശാഖം തഴച്ചു് ഏർ അടി വ്യാസമുള്ള ഒരു വൃത്തസ്ഥലത്തിനു തണൽ നല്കിക്കൊണ്ടിരുന്നു. അതിൽ കായ്ക്കുന്ന കായ്കളിൽ ആദ്യത്തേതു സ്വാമിക്കു നിവേദിച്ച ശേഷം തിരുവനന്തപുരത്തു വലിയകൊട്ടാരത്തിൽ അയച്ചുകൊടുക്കുക പതിവുണ്ടത്രേ. മൂലംതിരുനാൾ മഹാരാജാവു് ഈ വൃക്ഷത്തെ അഭിവന്ദിക്കാറുമുണ്ടായിരുന്നു.

4. മല്ലൻപേരാർ.

എട്ടവീട്ടിൽപിള്ളമാരും കുഞ്ഞുഞ്ഞമ്പിമാരും മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ വേട്ടയാടിക്കൊണ്ടിരുന്ന കാലത്തു നെയ്യാറിൻകരത്താലൂക്കിൽ അതിയന്നൂർദേശത്തു വില്ലാളിവീരനായ ഒരു നായർ ജീവിച്ചിരുന്നു. ഒരുദിവസം രാത്രിയുടെ അന്ത്യയാമത്തിൽ ഈ യുവാവു് എണീറ്റു് തന്റെ വേഷം പകർന്നിട്ടു് ഒട്ടച്ചല്ലടം ധരിച്ചശേഷം ആയുധപ്പുരയിൽ പോയി വില്ലും ആവനാഴിയും എടുത്തുകൊണ്ടു വേട്ടയ്ക്കായി വെളിയിൽ ഇറങ്ങി. ഒരു മുക്കാൽ നാഴികയോളം നടന്നു് അയ്യാൾ ഒരു കുറിക്കാട്ടിനു സമീപം എത്തി, ഒരു മരത്തിന്റെ മുമ്പിൽ മറഞ്ഞുനിന്നു. ഒരുകൈയിൽ വില്ലും മറ്റേകൈയിൽ അമ്പുമായി ചൊവി വട്ടംപിടിച്ചും ശ്വാസമടക്കിയും അയ്യാൾ ഉടവഴിയിലേക്കു ഉറ്റുനോക്കിക്കൊണ്ടിരിക്കവേ എന്തോ അനക്കംകേട്ടു് ശരം തൊടുത്തു; പക്ഷേ തന്റെ ഉദ്ദേശലാഭത്തിനു സമയമായില്ലെന്നു കണ്ടു് അയ്യാൾ അമ്പു പിൻവലിച്ചിട്ടു വീണ്ടും അതേവഴിയിലേക്കുതന്നെ ദൃഷ്ടി പതിപ്പിച്ചുകൊണ്ടു നിന്നു. അങ്ങനെ ഇരിക്കെ മൂന്നാളുകളുടെ തല കണ്ടുതുടങ്ങി. അവർ മൂന്നുപേരിൽ ഒരാൾ ആരെന്നു അയ്യാൾ ഗ്രഹിച്ചുകഴിഞ്ഞു. ആ വിശിഷ്ടപുരുഷൻ "വീടെവിടെ?" എന്നു ചോദിച്ചതിനു "അടിയൻ, അടുക്കൽത്തന്നെ" എന്നു വില്ലാളി മറുപടിപറഞ്ഞു. അതിനുശേഷം അവർ യാത്രതുടരാൻ ഭാവിച്ചപ്പോൾ വില്ലാളി അവരെ പിന്തുടർന്നു. കുറേ നടന്നപ്പോൾ മാർഗ്ഗം കണ്ടകിതവും ദുർഗ്ഗമവും ആയിത്തീരുകയാൽ അയ്യാൾ മുന്നോട്ടു കടന്നു ചെന്നിട്ടു് "അടിയന്റെ ചുമലിൽ ഇരിക്കാം" എന്നു് ആ വിശിഷ്ടപുരുഷനോടു് അറിവിച്ചു. ആദ്യം അദ്ദേഹം തടസ്സം പറഞ്ഞുകിലും കടവിൽ വില്ലാളിയുടെ നിർബ്ബന്ധത്തിനു വഴങ്ങിപ്പെട്ടു് കാട്ടുപ്രദേശം കഴിയുംവരെ അയാളുടെ ചുമലിൽ യാത്രചെയ്തു.

ഈ വിശിഷ്ടപുരുഷൻ മാർത്താണ്ഡവർമ്മയുവരാജാവായിരുന്നു. അദ്ദേഹം തിരുവനന്തപുരത്തുനിന്നു് ഒളിച്ചു പദ്മനാഭപുരത്തേക്കു് എഴുന്നള്ളുകയായിരുന്നു. അവിടുന്നു് ഈ ഗ്രന്ഥസഞ്ചാരത്തിനിടയ്ക്കു് കോട്ടക്കൽദേശത്തുള്ള ഒരു പുലയനായർസ്ത്രീയുടെ സൽക്കാരമേല്ക്കുകയുമുണ്ടായി. അതിനുശേഷമാണു് ഈ സംഭവമുണ്ടായതു്.

വില്വാളി യുവരാജാവിനേയും അനുചരന്മാരെയും തന്റെ ഗൃഹത്തിനടുത്തുള്ള "ഇലങ്കത്തി"ൽ ഗൂഢമായി പാർപ്പിച്ചിട്ട്, അവർക്ക് വേണ്ടുന്ന ആഹാരസാധനങ്ങൾ ഒരുക്കിക്കൊടുത്തു. അനന്തരം വഴിക്ക് ശത്രുബാധയുണ്ടാവാതിരിപ്പാൻ ഏർപ്പാടുചെയ്തിട്ട് അയാൾ അവരെ പെരുങ്കടവിളെക്കൊണ്ടുചെന്നാക്കാനായി പുറപ്പെട്ടു. അപ്പോൾ "നിന്റെ പേരെന്ത്?" എന്നു യുവരാജാവു ചോദിച്ചു. "മല്ലൻ" എന്നു വില്വാളി മറുപടിപറഞ്ഞു. "നീ വെറും മല്ലനല്ല; മല്ലൻപേരാർ" ആണ് എന്നു കല്പിച്ചു.

ശ്രീ മാർത്താണ്ഡവർമ്മ രാജ്യഭാരം ഏറെശേഷം നെയ്യാറ്റിൻകര ക്ഷേത്രനിർമ്മാണത്തിനു് ഒരുങ്ങിയപ്പോൾ മല്ലൻപേരാരെ അളയച്ചു വരുത്തിയിട്ട് അയാളുടെ സഹോദരിക്ക് ആ ക്ഷേത്രത്തിൽ തളി പതിച്ചുകൊടുക്കയും, ആ സ്ത്രീക്കു കൊട്ടാരത്തിൽ കിഴക്കേത്തെരുവിൽ വാഴവിളാകം പുരയിടം കരമൊഴിവായി കൊടുക്കയുംചെയ്തു. മറെറാരു സഹോദരിക്കു കൊട്ടാരത്തിൽ തളിയും ക്ഷേത്രത്തിന്റെ തെക്കുകിഴക്കേ അതിരുതൊട്ടു കന്നിപ്പുറം കടവുവരെയുള്ള കണ്ടകൃഷിവസ്തുക്കളും പതിച്ചുകൊടുത്തു. ഈ മല്ലൻപേരാരുടെ തറവാടായ ക്രുടല്ലൂർ വീട് ഇപ്പോഴും ഉണ്ട്.

10. താമരക്കുളത്തു നമ്പൂതിരി.

മാർത്താണ്ഡവർമ്മയുവരാജാവു് എട്ടുവീടരെ ഭയപ്പെട്ടു വേഷച്ഛന്നനായി നടക്കുന്നകാലത്തു് ഒരിക്കൽ മലനാടുവഴിക്കു തുപ്പരപ്പു് എന്ന പ്രദേശത്തു എത്തി. അവിടത്തെ മഹാദേവർക്ഷേത്രത്തിന്റെ ഭരണാധികാരിയായിരുന്ന താമരക്കുളത്തുനമ്പൂതിരി, അദ്ദേഹം യുവരാജാവിനെ ഒരു നിലവറയ്ക്കുള്ളിൽ ഇരുത്തി ഏതാനംദിവസം രക്ഷിക്കയുണ്ടായി. തൽപ്രതിഫലമായി അദ്ദേഹം പന്ത്രണ്ടുകോട്ട നിലവും നൂറോളം ഏക്കർ ഭൂമിയും നമ്പൂതിരിക്കു ദാനംചെയ്തു

"ശകാബ്ദം 1655-നു മേൽ ചെല്ലുനിന്റെ കൊല്ലവർഷം 908-ാമാണ്ടു് ആനി മാസം 25 ചൊവ്വാഴ്ചയും അശ്വതിയും, അപരപക്ഷത്തു നവമിയും ഗജകരണവും ശുഭയോഗവും പെറാ ഇന്നാളിൽ കീഴ്പെരുർ ശ്രീവീര ഇരവിഇരവി മാർത്താണ്ഡവർമ്മ ചിറവായ് മൂത്തവരായ നാം തിരുവല്ലാഗ്രാമത്തിൽ വിശ്വാമിത്രഗോത്രത്തിൽ താമരക്കുളത്തു കിരിയൻ കിരിയക്കു് ഉദകപൂർവ്വം ധർമ്മദാനപ്രമാണമാക വിട്ടുകൊടുത്ത നിലങ്ങളും പുരയിടങ്ങളുമാവിതു്. ചെറുമണ്ണൂർ ഉള്ളിട്ടപറമ്പിൽ ചിറവാരുപോക്കാൻ നീരുണ്ടു നെൽവിളയും കോടനൂർ ഉലവറിക്കണ്ടം ഉള്ളിട്ടതടി പലതിനാൽ നിലം പന്തിരുകലനും പുരയിടങ്ങൾക്കും കരയ്ക്കാട്ടിനും എല്ലയാവിതു കീഴ് എളുകൈ ഉപരിയൽ മഹാദേവർ കോവിലിനും ക്രുടലാപ്പുറത്തിനും ആറുമുഴിക്കു മേല്പു തെന്നൽകൈ പുള്ളൂർവയലിനും കരയ്ക്കും കുളത്തിനും വടക്കു് മേലൻകൈ മടത്തുവിളാകത്തിനും മേലേകരയ്ക്കാട്ടിൻകന്നർകല്ലിനും നെടുങ്ങോട്ടു പറമ്പിനും കിഴക്കു് വടവെല്ലുകൈ ചിറവാരത്തിനും തെക്കു് ഇവ എല്ലുകൈ നടുവിൽകിടന്ന ഉലവറിക്കണ്ടം ഉള്ളിട്ട - ടി പലതുനിലം പന്തിരുകലവും മടത്തുവിളാകം ഉള്ളിട്ട പുരയിടങ്ങളും കരയ്ക്കാട്ടം ഇന്നാളുമുതൽ പണ്ടടയാഭരയും പഴയവരെയും തവത്തു നാം കൊള്ളും കോളുമറ എപ്പേരും പരമാവിലംഇൻറ ചിലവരി എപ്പേരും വരിയും കഴിഞ്ഞു. നിധിനിക്ഷേപം ജലതരുപാഷാണഅകക്ഷീണ കാമ്യസിദ്ധ സാദ്ധ്യമെന്നു ചൊല്ലപ്പെട്ട അഷ്ടഭോഗകാമ്യങ്ങൾക്കും ദാനവിനിവിക്രിയങ്ങൾ

ക്കം, യോഗ്യനാക ആചന്ദ്രതാരമേ സന്തതിപ്രവേശമേ ചന്ദ്രാദിത്യൻവരയ്ക്കു ഇൻറ കോടന്നൂർ ഉലറിക്കണ്ടം" ഉള്ളിട്ടതടി പലതു നിലം പന്നിരുകലവും മട ത്തുവിളാകം ഉള്ളിട്ട പുരയിടങ്ങളും കരയ്ക്കാടും ഇന്നാളുമുതൽ താമരക്കുളത്തു കിരിയർ കിരിയക്ക് ഉദകപൂർവ്വം ധർമ്മോനപ്രമാണമാക വിട്ടുകൊടുത്തോം. ഇവർ കല്ലുളത്തു ഉടയാർവിളാകം സ്ഥലമായിരിക്ക. ഇപ്രകാരവാകും ഇൻറ ദാനപ്രമാണ കാല കൈഎഴുതിന കണക്ക അയ്യപ്പൻ വിക്രമൻ."

11. ചിങ്ങൻകോതയും മുണ്ടയ്ക്കൽ മുതലിയാരും.

കൊല്ലവർഷം പത്താംശതകത്തിൽ ഒറശേഖരമംഗലത്തു മുകുന്ദറ എന്ന കിക്കിനെ ഭരിച്ചുവന്ന ഒരു നാടുവാഴിയായിരുന്ന ചിങ്ങൻകോത. അദ്ദേഹം മഹാപ്രതാപശാലിയും സുഗ്രീവാജ്ഞനും ആയിരുന്നതിനാൽ വഞ്ചിരാജാ വിനെ ധിക്കരിച്ചുവന്നു. ഈ നാടുവാഴിയുടെ ഉറമിത്രവും മന്ത്രിയും ആയി രുന്ന മുണ്ടയ്ക്കൽ മുതലിയാർ. ചിങ്ങൻകോതയുടെ മിത്രഭാവത്തിൽ വർത്തിച്ചി രുന്ന ഉഴമലയ്ക്കൽപിള്ള, ചിറുവീട്ടിൽപിള്ള മുതലായവരും പ്രബലന്മാരായിരു ന്നതിനാൽ, മാർത്താണ്ഡവർമ്മയുവരാജാവു് മുതലിയാരുടെ പുത്രനെ വശീക രിച്ചു് അയാൾ വഴിക്ക ചിങ്ങൻകോതയേയും ക്രൂട്ടരേയും നശിപ്പിക്കാൻ ശ്രമിച്ചു. ഒരു ദിവസം മുണ്ടയ്ക്കൽമുതലിയാരും പുത്രനുംകൂടി നെയ്യാറിൻ കരയ്ക്കുപോകുമ്പോ, ആറു കടക്കാനുള്ള ഒറത്തടിപ്പാലത്തിൽ കയറിയപ്പോൾ പുത്രൻ പിതാവിനെ നിഗ്രഹിച്ചു് ആറിൽ ഒഴിക്കിക്കളഞ്ഞു. ഈ ഭയങ്കര വാർത്തകേട്ടപ്പോൾ ചിങ്ങൻകോത ദുഃഖിതനായിച്ചമഞ്ഞു. അചിരേണ അദ്ദേഹം രോഗശയ്യയെ പ്രാപിക്കയുംചെയ്തു. ഈ തക്കംനോക്കി വഞ്ചിസൈന്യം ആ നാട്ടിനെ ആക്രമിച്ചു സ്വാധീനപ്പെടുത്തി. മുണ്ടയ്ക്കൽ കൊച്ചുമുതലിയാക്ക വാഴവിളാകത്തു മുണ്ടയ്ക്കൽകുറുപ്പു് എന്ന സ്ഥാനവും ആയിരപ്പറനിലവും നിര വധിപുരയിടങ്ങളും ദാനംചെയ്തുവത്രേ. എന്നാൽ ഭാഗ്യഹീനനായ കുറുപ്പാകട്ടെ ഇത്രവളരെ വസ്തുക്കൾ തനിക്കു് ആവശ്യമില്ലെന്നു പറകയാൽ മഹാരാജാവു് ഉരിനിലംമാത്രം തിരിച്ചെടുത്തുവത്രേ.

12. ചടച്ചി മാർത്താണ്ഡപ്പിള്ള.

മാർത്താണ്ഡവർമ്മയുവരാജാവിനെ വേട്ടയാടാനായി കുഞ്ഞുത്തമ്പിമാർ നി യോഗിച്ചിരുന്ന വില്ലാളികളിൽ അഗ്രഗണ്യനായിരുന്ന ചടച്ചി മാർത്താണ്ഡപ്പിള്ള. അദ്ദേഹവും ശിഷ്യന്മാരുംകൂടി പിന്തുടരുന്ന അവസരത്തിലാണല്ലോ യുവരാ ജാവു് അമ്മച്ചിപ്പിലാവിൻറെ പൊത്തിൽകയറി രക്ഷപ്പെട്ടതു്. എന്നാൽചടച്ചി യുടെ ലക്ഷ്യം തെറാത്തശർപ്രയോഗം കണ്ടു്, അയാളെ സ്വാധീനപ്പെട്ട ത്താൻ യുവരാജാവു നിശ്ചയിച്ചു. അയാളെ പിടിച്ചുകൊണ്ടുവരാനായി അതി സമർത്ഥനായ ഒരു ചാരനെ അവിടുന്ന നിയോഗിച്ചു. അങ്ങനെ അയാൾ തിരുമുമ്പിൽ ആനയിക്കപ്പെട്ടപ്പോൾ യുവരാജാവു് കല്പിച്ചുചോദിച്ചു:—

"ഇവനാണോ ചടച്ചി—ആൾകേട്ടതുപോലില്ലല്ലോ?"

ചടച്ചി:—അടിയൻ കണ്ടതുപോലല്ല.

യുവരാജാവു്:—നീ നമ്മെ ശ്രോഹിക്കാൻ പുറപ്പെട്ടിരിക്കുന്നതെന്തു്?

ചടച്ചി:—മാടമ്പിമാരുടെ ഉപ്പും ചോറും തിന്നതുകൊണ്ടു്.

യുവരാജാവു്:—അതു നാം തന്നാലോ?

ചടച്ചി:—തിരുമനസ്സിലെ നേർക്കം അതുപോലെ നന്ദി കാണിക്കും."

അതിനശേഷം ചടച്ചിയെ തമ്പുരാൻ സപ്തതൃന്മാരുടെ കൂട്ടത്തിൽ ചേർത്തു. പലപരീക്ഷകൾ നടത്തിനോക്കീട്ടും, അയാൾ വിശ്വാസഭംഗംകാണിക്കായ്കയാൽ അവിടുത്തേക്ക് തിരുവുള്ളം ഉണ്ടായിട്ട് ഒരു വീരശൃംഖലയും കാലക്ഷേപാർത്ഥം 22 കോട്ട നിലവും 60 മുറി പുരയിടങ്ങളും നല്കി. ചടച്ചി മാർത്താണ്ഡപ്പിള്ള മാരായമുട്ടം എന്ന സ്ഥലത്തു നിർമ്മിച്ച ഗൃഹം ഇപ്പോഴും ഉണ്ട്.

ആയയിൽപുതുവീട്.

മാർത്താണ്ഡവർമ്മയുവരാജാവു് ഒരു ദിവസം ഒരു ഈഴഗൃഹത്തിൽ കളിച്ചിരുന്നതായി അന്യത്ര പ്രസ്താവിച്ചിട്ടുണ്ടല്ലോ. പെരുങ്കടവിളയിലുള്ള ആ ഈഴവകുടുംബത്തിലേക്കു തിരുമനസ്സുകൊണ്ടു പണിയിച്ചുകൊടുത്ത ഗൃഹമത്രേ പ്രസ്തുത പുതുവീട്.

13. പുനച്ചൽ വലിയയജമാനൻ.

പദ്മനാഭപുരം കോട്ടയ്ക്കു തെക്കുപടിഞ്ഞാറായി കല്ക്കുളംതാലൂക്കിൽ പുനച്ചൽ വലിയവീട് സ്ഥിതിചെയ്യുന്നു. പടിഞ്ഞാറേകോട്ടയിൽനിന്നു വീട്ടുവരെ റോഡുണ്ട്. ഈ പുരാതന ഗൃഹത്തിലെ ഒരു കാരണവനായിരുന്ന മാർത്താണ്ഡപ്പിള്ള വലിയ യജമാനൻ. അദ്ദേഹം മാർത്താണ്ഡവർമ്മ മഹാരാജാവൊന്നിച്ചു് പാണ്ടിക്കു പോവുകയും ആ രാജകുമാരന്റെ വിവാഹകർമ്മത്തിൽ പങ്കുകൊള്ളുകയും ചെയ്തു. ഈ തമ്പുരാന്റെ മാതുലൻ "അഭിരാമി"യെന്ന വംഗയുവതിയെ പട്ടം കൃഷ്ണയും ഇട്ടതിനെ സംബന്ധിച്ചു നാട്ടുകാരുടെ ഇടയ്ക്കു വളരെ ക്ഷോഭമുണ്ടാവുകയും തൽകർമ്മത്തിൽ ഭാഗഭാക്കായിരുന്ന വലിയ യജമാനനെ ഭ്രഷ്ടു് കല്പിക്കപ്പെടുകയും ചെയ്തിരുന്നു. മഹാരാജാവു് അതുകൊണ്ടു് അദ്ദേഹത്തിനെ വാഴ്വുവഹുശോഭും അധികാരത്തിൽപ്പെട്ട തിപ്പലി വീട്ടിലേക്കു മാറ്റുകയറി ചില പുതിയ സ്ഥാനമാനങ്ങൾ നല്കുകയുണ്ടായി.

വലിയ യജമാനനു് ഒരു ആനയുടെ ബലമുണ്ടായിരുന്നത്രേ. പാതിരുനാഴി അരിയുടെ ചോറു ഒരുനേരത്തെ ഭക്ഷണത്തിനു വേണമായിരുന്നുവെന്നാണു് ഐതിഹ്യം. കാലത്തു കഞ്ഞിക്കു് മഹാരാജാവു തിരുമനസ്സുകൊണ്ടു കല്പിച്ചുകൊടുത്ത പഴഞ്ഞിക്കണ്ടം അമരാവതി ഏലയിൽ തിരുവാംകോട്ടമടയടിനിലമായി ഇന്നും സ്ഥിതിചെയ്യുന്നു. ഈ വലിയ യജമാനൻ മാർത്താണ്ഡവർമ്മ രാജാവിനെ പലതവണ ശത്രുപീഡയിൽനിന്നു രക്ഷിക്കയുണ്ടായിട്ടുണ്ടു്.

923-ൽ വട്ടക്കോട്ട നിർമ്മിച്ചതു് ഇദ്ദേഹത്തിന്റെ മേൽനോട്ടത്തിലായിരുന്നു. അതിടയ്ക്കുള്ള ശ്രീചിത്രം ക്ഷേത്രവരിയിൽ ഇങ്ങനെ ഒരു രേഖ കാണുന്നു:—

"ശ്രീചിത്രം പെരുമാൾ താണുമാലയപ്പെരുമാൾ കോവിൽക്കായ്മം വിചാരിപ്പിന്റെ താണവനണ്ണാവി അറിയവേണ്ടും അവസ്ഥയ്ക്കു്.

തിരുവാള കോട്ടപ്പടിയിൽ കാവൽനില്പുകുഞ്ഞുക്കുട്ടം പിള്ളമാക്കും വലിയയജമാനൻ പുനച്ചൽ മാർത്താണ്ഡപ്പിള്ള വലിയയജമാനൻ പുള്ളിക്കു് ആണ്ടൊന്നുക്കു് ഇരുപതിനായിരം കോട്ടനെല്ലു കൊടുത്തുകൊള്ളുകയും വേണം. ഇച്ചെയ്കിക്കു് സാധനം എഴുതിയ വലിയകൊട്ടാരം രായസം.....
.....

അദ്ദേഹം കാത്തികതിരുനാൾ തമ്പുരാന്റെയും ബാലരാമവർമ്മ മഹാരാജാവിനെയും സേവിച്ചു പലേ ബിരുദങ്ങൾ സമ്പാദിച്ചു. വേലുത്തമ്പിദളവയുടെ കാലത്തു് ഇംഗ്ലീഷുപട്ടാളം ആരുവാമൊഴിപ്രാന്തവഴിക്കു തിരുവിതാംകൂറിൽ കടന്നപ്പോൾ അദ്ദേഹം അവരെ എതിർത്തു തോല്പിച്ചുവെങ്കിലും, പീരങ്കിപ്പട വരികയാൽ ആത്മഹത്യ ചെയ്തു് സ്വപൈതൃകത്തെ സംരക്ഷിച്ചുവന്നു. മരിച്ച സ്ഥലത്തു് ഒരു വീരക്കല്ലു നിന്നു് ഇന്നും പൂജിച്ചുവരുന്നു. അവിടെ കയ്യ് അമ്പലം നിന്നിച്ചു സർക്കാരിൽനിന്നു നാഴിയരിവച്ചു നിവേദ്യം നടത്തിക്കൊണ്ടിരുന്നു. നായർപട്ടാളക്കാർ ആ ക്ഷേത്രത്തിൽ ചെന്നു് ആരാധിക്കാറുണ്ടത്രേ. അദ്ദേഹത്തിന്റെ വാൾ ആ ക്ഷേത്രത്തിൽ ഉണ്ടു്. ശവകുടീരം വലിയ യജമാനൻവിള എന്നു പറയുന്ന അഞ്ചുഗ്രാമം കോട്ടവാതലിന്റെ പടിഞ്ഞാറെ പുരയിടത്തിൽ സ്ഥിതിചെയ്യുന്നു. അദ്ദേഹത്തിന്റെ അടിമപ്പുറയന്മാരുടെ വംശക്കാർ കപ്പിയറയിലും അഞ്ചുഗ്രാമം ചാവുക്കുടുത്തു പൊട്ടക്കുളത്തും പാർക്കുന്നു. ഈ വലിയ എജമാനനു് വട്ടക്കോട്ട കെട്ടിയ "ഗയക്കുട്ടി" വലിയ എജമാനൻ എന്നുകൂടി പേരുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ആനയ്ക്കു കന്യാകുമാരിക്ഷേത്രത്തിൽനിന്നു നിത്യവും ചോറുകൊടുത്തുവന്നതായി ആ ക്ഷേത്രത്തിലെ കണക്കുകളിൽനിന്നു കാണാം. ബാലിവാഹിതനായിരുന്നുവെന്നും മണ്ണടിഭഗവതിയുടെ ഉപാസകനായിരുന്നുവെന്നും അറിയുന്നു. അദ്ദേഹം പൂജിച്ചുവന്ന കണ്ണാടി ബിംബവും മുമ്പു പ്രസ്താവിച്ച ക്ഷേത്രത്തിൽ വച്ചിട്ടുണ്ടു്.

അദ്ദേഹത്തിന്റെ ഭാഗിനേയനായ ഈശപ്പപിള്ള വലിയ യജമാനനും ജാതിപരാക്രമിയും ധീരനുമായിരുന്നു.

14. രാജാകേശവദാസനെപ്പറ്റി അദ്ദേഹത്തിന്റെ സമകാലികനായ ഒരാൾ പുഴുതിന്ന പാട്ടു്.

തർക്കട്ടു്.

തന്നെ തവ നൽ വചനങ്ങൾ നേരികേൾവിതിട്ടം
ചൊന്നമൊഴി മാറാത ശോഭിതവാൻ ഇന്നയിന്ന
തന്തിരിക്കുതന്തിരിയായ "താരണി-ത്രുതിക്കവന്ത
മന്തിരി തിവാൻ കേശവൻ.

ഇദ്ദേഹത്തെപ്പറ്റി സുദീർഘമായ ഒരു പുരാതന കവിതയും ഉണ്ടു്.

15. കണ്ണൽ മൺട്രോ.

അദ്ദേഹം 1791-ൽ ഇൻഡ്യയിൽ വന്നു. അചിരേണ മദ്രാസു് സൈന്യവകുപ്പിലെ ക്യാപ്ടനായി നിയമിക്കപ്പെട്ടു. കൻപതുകൊല്ലംകൊണ്ടു് അദ്ദേഹം മദ്രാസു് സൈന്യത്തിന്റെ കപ്പാർട്ടർമാസ്റ്റർ ജനറലായിത്തീർന്നു. 1810-ൽ കണ്ണൽ മകാളെയെ മദ്രാസു് ഗവൺമെണ്ടിൽനിന്നു തിരിച്ചു വിളിച്ചപ്പോൾ റസിഡണ്ടിന്റെ സ്ഥാനത്തേക്കു് അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. പെട്ടെന്നു് ഇങ്ങനെ കയറ്റംകിട്ടിയതുകൊണ്ടു് യൂറോപ്യൻ സൈന്യഉദ്യോഗസ്ഥന്മാരിൽ പലർക്കും മൺട്രോവിനോടു് അസൂയ തോന്നി. തൽഫലമായി 1888-ൽ അദ്ദേഹത്തിന്നു് കോർട്ടുമാർഷൽ ചെയ്യുമെന്നുള്ള ഘട്ടംവരെ എത്തുകയുംചെയ്തു. അതിനിടവരുത്തിയ സംഭവം വളരെ രസകരമായിരുന്നു നാട്ടുപട്ടാളങ്ങളുടെ കമാൻഡിങ്ങു് ആഫീസറന്മാരാണു് ആ പട്ടാളക്കാർക്കു് ആവശ്യമുള്ള പാളയസാമഗ്രികൾ യഥാകാലം സംഭരിച്ചുകൊടുത്തുവന്നതു്. അതിലേക്കു് ഒരു സ്ഥിര

മായ അലവൻസ് ഈ ഉദ്യോഗസ്ഥന്മാക്ക നല്കിവന്നു. അതിനെ ഭേദപ്പെട്ട ത്തുന്നതിനെപ്പററി കമാൻഡർ ലഫ്ടനൻറ് കണ്ണൽ മൺട്രോവിനോട് അഭി പ്രായം ചോദിച്ചപ്പോൾ സാഹ്ബ് ഒരു റിപ്പോർട്ട് സമർപ്പിച്ചു. യുദ്ധകാലത്തു സാമാന്യവില വർദ്ധിക്കാൻ ഇടയുള്ള സ്ഥിതിക്ക് നാട്ടുപട്ടാളത്തിന്റെ ആവശ്യ ത്തിലേക്കുള്ള സാധനസാമഗ്രികളെ സംഭരിച്ചുകൊടുക്കുന്നവക്ക യുദ്ധകാലത്തി ലെന്നപോലെ സമാധാനകാലത്തും ഒരേ സംഖ്യ അനുവദിക്കുന്നതായാൽ സൈ നികോദ്യോഗസ്ഥന്മാരുടെ കത്തവ്യവും താൽപര്യവും പരസ്പരവിരുദ്ധമാവാനും, ആ വഴിക്ക തങ്ങളുടെ കീഴിലുള്ള പട്ടാളത്തെ യുദ്ധരംഗത്തിൽ ഇറക്കുന്നതിനു പയ്യാച്ചുമായ വിധത്തിൽ പരിശീലിപ്പിക്കുന്ന വിഷയത്തിൽ അവക്ക വൈ മുഖ്യം ജനിക്കുന്നതിനും ഇടയുണ്ടല്ലോ. അതിനാൽ ഈ ഏർപ്പാട് നിർത്തണ മെന്നു് അദ്ദേഹം ബലമായി വാദിച്ചു. ഈ അഭിപ്രായം സൈനികോദ്യോഗ സ്ഥന്മാരുടെ കത്തവ്യബോധത്തെപ്പററി പ്രതികൂലമായി സ്പർശിക്കുന്നു എന്ന കാരണത്താൽ അദ്ദേഹത്തെ അറസ്റ്റുചെയ്യുന്നതിനു കമാൻഡർ ഇൻചീഫ് ആജ്ഞാപിച്ചു. എന്നാൽ മദ്രാസ് ഗവണ്മെൻറ് മൺട്രോവിന്റെ ഭാഗത്തുചേർന്നതുനിമിത്തം അദ്ദേഹം രക്ഷപ്പെട്ടു.

മൺട്രോ റസിഡണ്ടായി വന്ന കാലത്തു തിരുവിതാംകൂറിന്റെ സ്ഥിതി വളരെ ശോചനീയമായിരുന്നു. വേലുത്തമ്പിയുടെ ലഹള ശമിപ്പിച്ച വകയ്ക്ക് ബ്രിട്ടീഷ് ഗവണ്മെണ്ടിലേക്കു 15,00,000 രൂപാ ചെലവു വന്നതേ. അതിൽ മൂന്നിൽ രണ്ടുഭാഗം തിരുവിതാംകൂറും ബാക്കി കൊച്ചിയും കൊടുക്കണമെന്നായി രുന്നു മദ്രാസ് ഗവണ്മെണ്ടിന്റെ നിർബ്ബന്ധം. ചെലവെത്ര കുറച്ചിട്ടും ഈ വലിയ തുക കപ്പത്തിനു പുറമേ കൊടുക്കാൻ ഉമ്മിണിത്തമ്പിക്കു സാധിച്ചില്ല. അങ്ങനെ ഇരിക്കവേ ആണ് തമ്പുരാൻ നാടുനീങ്ങിയതു്. തൽസംബന്ധമായും പണച്ചെലവു നേരിട്ടു. പോരെങ്കിൽ രാജ്യാവകാശത്തെപ്പററിയും തർക്കമുണ്ടായി. മൺട്രോ ആ വഴക്കുകളെല്ലാം ശമിപ്പിക്കയും ഉമ്മിണിത്തമ്പിയെ സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്തിട്ട് റാണിയുടെ അപേക്ഷപ്രകാരം ദിവാൻജി ഉദ്യോഗംകൂടി കൈയേറ്റു. കൊച്ചിയിലെയും ദിവാൻപദം അദ്ദേഹം സ്വീകരിച്ചതോക്കുമ്പോൾ, ഈ വിഷയത്തിൽ ബ്രിട്ടീഷ്കാരുടെ പ്രേരണ രണ്ടു തമ്പുരാക്കന്മാക്കും ഉണ്ടായിരുന്നതായി ഊഹിക്കാം. കാഴ്ചബംഗ്ലാ കുഴപ്പംകൂടാതെ ഇരിക്കുന്നതിനു് കരു ത്തൈറോപ്പ ഉദ്യോഗസ്ഥൻ തന്നെ ഭരണയന്ത്രത്തെ നയിക്കണമെന്നു് അവർ ബുദ്ധിപൂർവ്വം തീർച്ചപ്പെടുത്തിയിരിക്കണം. റാണിയും കണ്ണൽ സാഹ്ബും നടത്തിയ എഴുത്തുകുത്തുകൾ വായിച്ചുനോക്കിയാൽ മൺട്രോവിന്റെ ഭരണഗതി വായനക്കാക്കുതന്നെ എളുപ്പത്തിൽ ഗ്രഹിക്കാമെന്നു വിചാരിച്ചു് അവയിൽ ചിലതിനെ താഴെ ചേർക്കുന്നു:—

ഉദ്യോഗനിയമനവിഷയത്തിൽ മൺട്രോസായ്പു് കരു ബോർഡിനെ, തുട ത്തലഹപ്പെടുത്തിയിരുന്നു. ആ ബോർഡിനു് എഴുതിയിരുന്ന കരു കത്തു്.

"കാഞ്ഞെന്നജീശഖാൻ, ദേവൻ പത്മനാഭൻ, നഞ്ചപ്പയ്യൻ, ശങ്കരനാരായ ണപിള്ള, ചിദംബരംപിള്ള ഇവക്ക്.

എന്തെന്നാൽ ഉദ്യോഗങ്ങൾ വിചാരിക്കേണ്ടുന്നതിനു നല്ല നേരും വിശ്വാ സവും യോഗ്യതയും ഉള്ള ആളുകളെ ആക്കേണ്ടുന്ന ആവശ്യമായിരിക്കുന്നു. ഇപ്പോൾ ഉദ്യോഗക്കാരെ വളരെപേരെ മാററിയിരിക്കകൊണ്ടും അവക്ക പകരം ആളെ നിശ്ചയിക്കേണ്ടുന്ന ആവശ്യമായിരിക്കകൊണ്ടും നിങ്ങൾ വിചാരണ

ചെയ്യുന്നതും വിശ്വാസവും യോഗ്യതയും കള്ളവനായും ഗൃഹസ്ഥനായും പണ്ടാര കാര്യത്തിനു രാപകൽ പ്രയാസപ്പെട്ടു നടക്കുന്നവനായും ഒള്ള ആളുകളെ നിശ്ചയിച്ചു നമുക്കു എഴുതി ബോധിപ്പിച്ചുകൊള്ളണം. ഇനിമേലും ഉദ്യോഗങ്ങൾക്കു ആളു നിശ്ചയിക്കുന്നതിനു നിങ്ങൾക്കു എഴുതി അതിനുള്ളതും നിങ്ങൾ ശുപാർശചെയ്യുന്നവരെ ആക്കുക എന്നല്ലാതെ മുറയ്ക്കു സാധനം എഴുതി വരുന്നതിനുള്ളതും കരു ഉദ്യോഗവും ആക്കുക എന്നു വച്ചിട്ടില്ലാഴികകൊണ്ടു നിങ്ങൾ ആക നിശ്ചയിച്ചു ആക്കുന്നതിൽ കരുത്തരെങ്കിലും അയോഗ്യനെന്നും പണ്ടാരവക കാര്യത്തിനു കൊള്ളരുതാത്തവനെന്നും വന്നു എന്നു വരാതെ മേലെഴുതിയ പ്രകാരം പേരും വിശ്വാസവും ത്രാണിയും യോഗ്യതയും ഗതിയും ഉള്ളവരെ ഉദ്യോഗങ്ങൾക്കു നിശ്ചയിച്ചു ശുപാർശചെയ്തുകൊള്ളുകയും വേണം. അതിനുള്ളതും അല്ലാതെ ഈ വകയിൽ കണ്ടെങ്കിലും മേലെഴുതിയപ്രകാരമല്ലാതെ വ്യത്യാസം വന്നാൽ അതുനിമിത്തം നിങ്ങളോടു വളരെ കോപത്തിനിടവരുകയും ചെയ്യും. അയതു മനസ്സിൽ ഉണ്ടായിട്ടു വിചാരിച്ചു ഉദ്യോഗങ്ങൾക്കു ആക നിശ്ചയിച്ചു നമ്മെ ബോധിപ്പിച്ചുകൊള്ളണം.

987 പുശ്ചികം 7-ാംനു കണ്ണൽ മൺറോ."

മഹാറാണി കടന്നെ സംബന്ധിച്ചു കണ്ണലിനയച്ച തീട്ടരം.

"നമുക്കു സഹോദരതുല്യമായിരിക്കുന്ന മഹാരാജമാന്യരാജശ്രീ കണ്ണൽ സായ്പ്പു അവർകൾക്കു".

24-ാംനു കൊടുത്തയച്ച കടദാസു 25-ാംനു ഇവിടെവന്നു. നാം വായിച്ചുകേട്ടു കൂടെപ്പോരുതന്നെ ശ്രീപാദത്തു കാര്യംവിചാരിക്കുന്ന അപ്പുച്ചെട്ടിയേയും മേലെഴുത്തു സോമനാഥപിള്ളയേയും അങ്ങോട്ടു അയച്ചിരിക്കകൊണ്ടു അവരു ഇതിനു മുമ്പിൽ അവിടെ നാം പറഞ്ഞയച്ചിട്ടുള്ള അവസ്ഥകളും കണ്ണലിനെ ബോധിപ്പിച്ചിരിക്കുമല്ലോ. ഈ സംസ്ഥാനത്തെ അവസ്ഥയും വർത്തമാനങ്ങളും കണ്ണൽ വഴിപോലെ ബോധിച്ചിരിക്കുന്നതാകകൊണ്ടു വിസ്തരിച്ചു എഴുതേണ്ടതില്ലല്ലോ. ആക്കിയതന്നെ ഏറാം കരുതക്കം ഉണ്ടായെന്നു വരാതെ ഇരിക്കുന്തക്കവണ്ണം ഒക്കയും നിദാനം വരുത്തണമെന്നു തന്നെയല്ലോ വിചാരിക്കുന്നതു. കമ്പനി വകയ്ക്കു 15,00,000 രൂപാവരയ്ക്കും ചെല്ലുവാനുണ്ടെന്നു എഴുതിവന്നിരിക്കുന്നതിനു അടുപ്പാനുള്ള രൂപാ ഒവശത്തിൽ അടച്ചുതരേണമെന്നുള്ളതു നാമും വിചാരിച്ചിട്ടില്ലായ്കകൊണ്ടു ആവശ്യമായിട്ടുള്ള കാര്യം എങ്ങനെയും എങ്കിലും നടക്കേണ്ടതിനു നമുക്കു ആലസ്യവും ഇല്ല. കൊച്ചു കുഞ്ഞിനു കരപ്പന്റെ ദീനം കണ്ടായിരുന്നതു ശാന്തമായി. നമുക്കും സൌഖ്യംതന്നെയാകുന്നു. കണ്ണലും ബീബി സായ്പും കുഴന്തയും സൌഖ്യമായിരിക്കുന്ന അവസ്ഥയും എഴുതിവരികയും വേണം.

986-ാമാണ്ടു മിഥുനം 22-ാംനു തുപ്പൂംപായ്തു."

മുതലെടുപ്പിൽ ഭൂനികുതി കരു പ്രധാനഭാഗം വഹിച്ചു എങ്കിലും ആ ഇനത്തിൽ വിരിഞ്ഞ തുക മുഴുവനും ദേവസ്വം, പൂജ, ഊട്ടു, ഇശപരസേവ ഇവയ്ക്കായിട്ടാണു ചെലവുചെയ്തുവന്നതു. കച്ചവടത്തുറയിൽനിന്നുള്ള തുകയിൽനിന്നു കപ്പലും കൊട്ടാരം സംബന്ധിച്ച വിശേഷാൽ ചെലവുകളും നിവർത്തിച്ചുപോന്നു.

"നമുക്ക സഹോദരതുല്യമായിരിക്കുന്ന മഹാരാജമാന്യരാജശ്രീ കണ്ണൽ സായ്പ് അവർകൾക്ക്".

ശ്രീപാദത്തുകാര്യം വിചാരിക്കുന്ന അപ്പുക്കുട്ടിയും മേലെഴുത്തു സ്വാമിനാഥപിള്ളയും നിലയ്ക്കാമുക്കിൽ വന്ന കണ്ടതിന്റെ ശേഷം പറഞ്ഞയച്ച വർത്തമാനം ഒക്കെയും ഇവിടെവന്ന പറഞ്ഞുകേൾക്കയുംചെയ്തു. കമ്പനിവകയ്ക്കു ചെല്ലുവാനുള്ള തുക അടയ്ക്കുണ്ടെന്നുകാര്യത്തിനു കണ്ണൽതന്നെ യത്നംചെയ്തുവരുന്നുവല്ലോ. വലിയ അമ്മാവൻ എഴുന്നള്ളിയിരിക്കുന്ന നാൾ തുടങ്ങി ഈ രാജ്യത്തുള്ള നിലത്തിനും പുരയിടത്തിനും എടുക്കുന്ന മുതൽകൊണ്ടു ദേവസ്വം ഊട്ടു ഈശ്വരസേവ ആദിയായിട്ടുള്ള ധർമ്മച്ചെലവു നടത്തി മുളകു പുകയില പാക്കു ആദിയായിട്ടുള്ള കച്ചോടത്തിൽ ഉണ്ടാക്കുന്ന മുതൽകൊണ്ടു കമ്പനി പട്ടാളം വകയ്ക്കും ഇവിടെ ഉള്ള വിശേഷാൽ ചെലവുവകയ്ക്കും ആയിട്ടത്രേ ചെലവിട്ടുവന്നതു". ആയവസ്ഥകാര്യം ഒക്കെയും കണ്ണൽ ബോധിച്ചിരിക്കകൊണ്ടു വിസ്തരിച്ചു് എഴുതണമെന്നും ഇല്ലല്ലോ. അഞ്ചുതെങ്ങിൽ മുളകു ഉൽപ്പാടിചെയ്യുപടവഞ്ഞനാതി തന്നുവന്ന വകയിൽ ആലപ്പുഴ ആയിട്ടും തിരുവനന്തപുരത്തു് ആയിട്ടും ചക്കലാത്തും ചാരിശാറും ആയിട്ടു നാല്പതിനായിരത്തിൽ ചിലപാണം ഗജത്തോളം ചേദംവന്നുപോകുന്നപ്രകാരം കേൾക്കകൊണ്ടും ആയതു ഇവിടെ പെരുത്തു ചെലവു് ഇല്ലായ്കകൊണ്ടും ആ വക ചരക്കിനെ ഏതുപ്രകാരത്തിൽ ചെലവിടാമെന്നും നിശ്ചയിച്ചു് എഴുതിവാരണം. കമ്പനിവകയ്ക്കു നിലവ കള്ള കുപ്പാ രണ്ടുമൂന്നു സംവത്സരംകൊണ്ടു തവണയിൽ ക്രൂടിക്രൂടി അടച്ചുതീരുവാൻ തക്കവണ്ണവും വിചാരിച്ചുകൊള്ളുമല്ലോ.

983 കർക്കടകമാസം 6-ാംനു തുല്യം ചാത്തു"

രാണിയുടെ സ്വകാര്യച്ചെലവിലേക്കും യുദ്ധച്ചെലവിലേക്കും ഉള്ള തുകകൾ പോലും മൺറോസായ്പിന്റെ പ്രേരണയാൽ കുറയ്ക്കുണ്ടിവന്നു.

"കമ്പനിയുടെ കടൻ അടച്ചു തീരേണ്ടുന്ന കാര്യംകൊണ്ടു കണ്ണലിനു് ഏറ്റവും വ്യസനമായിട്ടു തോന്നിയിരിക്കുന്നു എന്നും നമുക്കു" അക്കഴുത്തിലുള്ള മനസ്സും ഇവിടെ ക്രൂടെ ഇടപെട്ടിട്ടുള്ള ആളുകളിടെ ആലോചനകളും വേണ്ടുംപ്രകാരം കാണുന്നില്ലെന്നും അല്ലോ എഴുതിവന്നതിലാകുന്നു. ഇവിടെ ആലോചനകൾക്കു വിശേഷിച്ചു് ആരും ഇല്ലെന്നും നമുക്കും നമ്മുടെ സ്നേഹിതർക്കും ഗുണമായിട്ടു വരേണ്ടുന്നതിനു കമ്പനിക്കാരുടെ മനസ്സു് ഇനിയും വഴിപോലെ ചേരുകാണമെന്നും" മാറും 986 കർക്കടകത്തിൽ 6-ാംനു-യും.

"നമ്മുടെക്രൂടെ പാർക്കുന്ന അദ്ദേഹത്തിനു് ദീനമാകകൊണ്ടു് മാറി പാർപ്പിക്കണമെന്നു് കണ്ണൽ നമുക്കു് എഴുതി അയയ്ക്കുകൊണ്ടു് മത്താണ്ഡമഠത്തിൽ പാർപ്പിച്ചിരിക്കുന്ന അവസ്ഥയ്ക്കു് എഴുതി അയച്ചിട്ടുണ്ടല്ലോ. ഇപ്പോൾ അദ്ദേഹത്തിനെ ഇവിടെ പാർപ്പിക്കരുതെന്നും വടക്കോട്ടു പറഞ്ഞയയ്ക്കുന്നെന്നും കണ്ണലിന്റെ കടലാസു് എഴുതിവന്നിരിക്കുന്നപ്രകാരം കില്ലേദാരു അപ്പുക്കുട്ടിയെ വരുത്തിച്ചു പറഞ്ഞു എന്നും അപ്പുക്കുട്ടി അമ്മുമ്മയുടെ തിരുമനസ്സറിയിച്ച പ്രകാരം അമ്മുമ്മ കല്പിച്ചു നാം കേട്ടതിന്റെ ശേഷം നമുക്കു ഏറ്റവും വ്യാധനം ഉണ്ടാകയും ചെയ്തു. സ്വകാര്യച്ചെലവിനും നാം കണ്ണലിനെ ബോധിക്ക ഇല്ലെന്നത്രേ നാം നിശ്ചയിച്ചതു്. നമ്മുടെ കല്യാണവും കഴിച്ചു. ഏഴെട്ടു സംവത്സരമായിട്ടുക്രൂടെ പാർത്തു ഒരു കുഞ്ഞും ഉണ്ടായിട്ടുവേണ്ടുംവണ്ണമായിരിക്കുമ്പോൾ ഇപ്പോൾ വടക്കോട്ടു് അയക്കാം എന്നുള്ളതു വരുന്നതും അല്ല. ഇക്കാര്യം ഇടപെട്ടുള്ളതു കീഴ്മുറയ്ക്കുത്തരം

നമ്മുടെ മനസ്സുപോലെ അല്ലാതെയും മറെറാരു പ്രകാരത്തിൽ വരുന്നതല്ലല്ലോ. ഇക്കാര്യം കേട്ടതിൻെറ ശേഷം ഏറെറവും വ്യസനമായിരിക്കകൊണ്ടു് കണ്ണലിൻെറ എഴുത്തു വന്നിട്ടുവേണം മനസ്സിനു സന്തോഷം വരുവാൻ. 8-ാംനു- ആറങ്ങലിലേക്കു യാത്ര നിശ്ചയിച്ചിരിക്കകൊണ്ടും അദ്ദേഹത്തിനു ദീനം വരിക കൊണ്ടും നാം ആറങ്ങൽ വരുമ്പോൾ അദ്ദേഹംക്രൂടെ വരുന്നതിനും താമസിക്കാതെ മറുവടി എഴുതിവരണം....."ഇങ്ങനെ 987 ചിങ്ങം 2-ാം തീയതിയും റാണി മൺട്രോസായ്പിനു് എഴുതി അയച്ചതു നോക്കുമ്പോൾമൺട്രോവിനു് ഈയിടയ്ക്കു ചില തെററിദ്ധാരണകൾ ഉണ്ടായിരുന്നതായി സംശയിക്കേണ്ടി ഇരിക്കുന്നു. എന്നാൽ ആ തെററിദ്ധാരണ എളുപ്പത്തിൽ നീങ്ങിയതുമില്ല. എന്തുകൊണ്ടെന്നാൽ "ഈ സംസ്ഥാനത്തു് ഒരു പുനരുദ്ധരണം മുതലായിട്ടുള്ള വകയ്ക്കുപോലും മുതലായിട്ടുള്ള സകല കണക്കുകളും അതാതു മാസംതോറും നാം ബോധിപ്പിക്കത്തക്കവണ്ണം എഴുതിവരുത്തി കൊടുത്തയയ്ക്കുണമെന്നും കണ്ണൽ നിശ്ചയിച്ചു. ഈ ആണ്ടു് കന്നിമാസത്തെ മുതൽ ചെലവു വകയ്ക്കും ബജറ്റിൽനിന്നും നാം വാങ്ങിച്ചുകേട്ട, വരിയോല ഇങ്ങോട്ടു കൊടുത്തയയ്ക്കുന്ന വ്യവസ്ഥകൊണ്ടു് എഴുതിവന്ന എല്ലോ. ആ വക വരിയോല ഇവിടെ വരികകൊണ്ടു് നമുക്കു സന്തോഷമാകയുംചെയ്തു.....987 തുലാം 19-ാംനു- ഇങ്ങനെ റാണി പ്രസ്താവിച്ചതു് അവിടത്തെ ബുദ്ധിഹീനംകൊണ്ടുമാത്രമാണു്.

അപ്പുക്കുട്ടിയായിരുന്ന എഴുത്തുകുത്തുകളെ സംബന്ധിച്ചിടത്തോളം മാധ്യസ്ഥം വഹിച്ചതു്. അയാൾ വഴിക്കായിരുന്ന റാണിക്കും മൺട്രോവിനും തമ്മിൽ അല്പം നീരസം ജനിച്ചതും. റാണിയുടെ സ്വന്തപണം വിനിയോഗിക്കുന്ന വിഷയത്തിൽപോലും റസിഡണ്ടു ദിവാൻ എടപെടുകയും തിരുമാസ അടിയന്തിരത്തിനുള്ള ചെലവു വെട്ടിക്കുറയ്ക്കുകയും ചെയ്തതിനോടുകൂടി ആയിരിക്കണം ആ നീരസം വർദ്ധിച്ചതു്. എന്നാൽ ബുദ്ധിമതിയായ റാണി ആ നീരസത്തെ വെളിയിൽ പ്രകാശിപ്പിച്ചതേയില്ല. അപ്പുക്കുട്ടിയെ ശ്രീപാദത്തു കായ്മ വിചാരിപ്പാനാക്കിയതു തിരുമനസ്സിലേക്കു വളരെ സങ്കടകരമായിരുന്നു "അപ്പുക്കുട്ടി കുറെയെ മുൻപിനാലെ ഇവിടെ സേവിച്ചിരിക്ക കാരണത്താൽ ഉപേക്ഷിക്കരുതെന്നു വച്ചല്ലോ ശ്രീപാദത്തു കായ്മ വിചാരിക്കുന്നതിനു് ഇപ്പോഴും ആക്കിയിരിക്കുന്നതു്" എന്നു റാണി പ്രസ്താവിച്ചിട്ടുള്ളതിൽനിന്നുതന്നെ അതു വ്യക്തമാകുന്നു.

"അയാൾ നമുക്കു ഏറെറം ഹിതജ്ഞനല്ലാഴികകൊണ്ടു് ആയവസ്ഥയും ആറങ്ങൽവച്ചു കണ്ണലിനോടു നാം പറകയും പിന്നത്തതിൽ എഴുതി അയയ്ക്കയും ഉണ്ടായിരിക്കവേ ഇതിനുള്ളിൽ എഴുതിവരികകൊണ്ടു് എഴുതിവന്നതിനുള്ളിൽ തന്നെ കൈവഴി ചെല്ലും ഇടപെട്ട കായ്ങ്ങൾ തൽക്കാലത്തേയ്ക്കു വിചാരിച്ചു വീഴ്ചവരാതെ നടത്തേണ്ടതിനു് ഈ മാസം 1-ാംനു- മുതല്ക്കു് അപ്പുക്കുട്ടിയെ ആക്കുകയുംചെയ്തു. കൈവഴി ചെല്ലും ഇടപെട്ട അസാരവൃത്തി ഉള്ളതു വിചാരിച്ചു രക്ഷിപ്പിച്ചു നടത്തേണ്ടുന്നതിനു മേലും നല്ല നേരും വിശ്വാസവും ഒള്ള ആളുകൾ ഇന്നാരെന്നു നമ്മുടെ സന്തോഷപ്രകാരം വിചാരിച്ചു നിശ്ചയിച്ചു് എഴുതി അയയ്ക്കുയും ചെയ്യും. നാം ബുദ്ധിശാലിയായിരിക്കകൊണ്ടും നമ്മുടെ സന്തോഷപ്രകാരം സകല കായ്ങ്ങളും നടത്തിക്കണമെന്നു കണ്ണലിനു അഭിപ്രായമുണ്ടായിരിക്കകൊണ്ടും അതിനുള്ളിൽ മറെറാരുത്തരുടെ ആലോചനകൾ ഒന്നും പറഞ്ഞുചേർക്കുടാതെയും കൃത്രിമമായിട്ടുള്ള വചനങ്ങൾ അനുസരിച്ചുകൊള്ളാതെയും

ഇരിക്കേണ്ടുന്നതാകുന്നു എന്നും എഴുതിയിരിക്കുന്നു എല്ലോ. എല്ലാ കാര്യങ്ങൾക്കും കണ്ണലിന്റെ ഹിതംപോലെ അല്ലാതെ വിചാരിച്ചിട്ടില്ലെന്നും വിചാരിക്കേണ്ടുന്നതില്ലെന്നും അല്ലാതെ ചില ഉണർത്തുകൾ ചോദിപ്പാനും പറവാനും കൃത്രിമങ്ങളായിട്ട് ഒന്നു നടത്തിപ്പാനും നടപ്പാനും നടക്കണമെന്നും ആലോചനക്കാരായിട്ടും നമുക്കു വിശേഷിച്ചു് ആരുംതന്നെ ഇല്ലെന്നുള്ള അവസ്ഥയും വർത്തമാനങ്ങളും പല വിധത്തിലുമായിട്ടു കണ്ണൽ വഴിപോലെ ബോധിച്ചിരിക്കുന്നതാകൊണ്ടും വിസ്തരിച്ചെഴുതുവാനും ഇല്ല.....
987-ാമാണ്ടു് വൃശ്ചികം 4-ാംന-.

ഈ എഴുത്തിൽനിന്നു റാണിയുടെ സങ്കടം പ്രകടമാണു്. കണ്ണൽ കേവലം ദിവാൻ എന്ന നിലവിട്ടു് ഒരു മേൽ അധികാരിയുടെ സ്ഥാനം സ്വയം കൈയേറിയതായും വ്യക്തമായിരിക്കുന്നു.

ക്രൈസ്തവസമുദായത്തിനു പ്രത്യേകിച്ചു് പ്രോട്ടസ്റ്റന്റു ക്രൈസ്തവജനങ്ങൾക്കു മൺറോ ചെയ്തിട്ടുള്ള ഉണങ്ങൾ സീമാതീതങ്ങളായിരിക്കുന്നു. "അദ്ദേഹം തിരുവിതാംകൂറിൽ ചെന്നുചേർന്നതു മുതല്ക്കു് എല്ലാ ജാതി ക്രിസ്ത്യാനികൾക്കും വിശേഷിച്ചു സുറിയാനികൾക്കു സുനിശ്ചിതമായ രക്ഷ നല്കി" എന്നു ഡാക്ടർ ഡഫ് പ്രസ്താവിക്കുന്നു

പണ്ടാരവകയിൽനിന്നു കമ്പനിയുടെ ബജനാവിൽ അധികം കടക്കിപ്പോയ തുകയെ മൺറോ കോട്ടയം സിമ്മനാരിക്കു കൊടുത്തതുതന്നെ ആ ക്രൈസ്തവജനപക്ഷപാതത്തിനു് ഉത്തമലക്ഷ്യമായിരിക്കുന്നു.

"നമുക്കു സഹോദരതുല്യമായിരിക്കുന്ന മഹാരാജമാന്യരാജശ്രീകണ്ണൽ സായ്പ്പു് അവർകൾക്കു്.

കമ്പനി ഭെഷ്കരിഷ്ക് വകയിലും കടൻവകയിലും പണ്ടാരവകയിൽനിന്നും കമ്പനിബജനാവകയ്ക്കു കടക്കിയ രൂപായിൽ 21,200 രൂപായ്ക്കു വ്യത്യാസമായിട്ടു കാണുന്നു എന്നും അതിൻവണ്ണം വ്യത്യാസം വന്നതു് ഇന്ന സംഗതിയാൽ എന്നു നേരായിട്ടു തിട്ടം വന്നിട്ടില്ലെന്നും എങ്കിലും ഈവക രൂപാപണ്ടാരവകയ്ക്കു് കടക്കേണമെന്നു കണ്ണലിനു് അപേക്ഷയായിരിക്കുന്നതിനാൽ ഈവക രൂപ കോട്ടയത്തു സിമ്മനാരിയുടെ ചെലവു നടപ്പാനുള്ള വകയ്ക്കു് നമ്മുടെ മനസ്സിൻ പ്രകാരം കൊടുത്താൽ രാജ്യത്തു നമ്മുടെ പേരു അഭിവൃദ്ധിയായിട്ടവന്നു കമ്പനിയാരുടെ സ്നേഹവും അധികമായിട്ടു് ഉണ്ടായിരിക്കുമെന്നും ശേഷം വർത്തമാനങ്ങൾക്കും എല്ലോ എഴുതിവന്നതിലാകുന്നു.....
993-ാമാണ്ടു് കുംഭം 28-ാംന-."

ഈ വാക്കുകളിൽനിന്നു കണ്ണലിന്റെ പ്രേരണ എത്രത്തോളം ഉണ്ടായിരുന്നു എന്നു സ്പഷ്ടമാണല്ലോ.

വെങ്കിട്ടരായർ ദിവാൻപദം ഏറ്റതിന്റെ ശേഷവും മൺറോമിഷൻകാർക്കു വേണ്ടി മനഃപൂർവ്വം പ്രയത്നിച്ചുകൊണ്ടിരുന്നു.

"കൊടുത്തുട്ടസാധനവും വായിച്ചുകേട്ട അവസ്ഥയും അറിഞ്ഞു. മയിലാടിയിൽ പാർക്കുന്ന പാതിരിയുടെ പേർക്കു് എൺപത്തെട്ടരേമാഫാണി കോട്ടയും കറുണി ഇരുനാഴിയും നിലം അനുഭവം പതിച്ചുകൊടുത്തിരിക്കുന്നതിനു..... ത്തിനു എഴുനൂററത്തേമാകാണി കോട്ടയും ഉരിയ നെല്ലും പാട്ടം ഒള്ളതിൽ അനുഭവം വകയ്ക്കു് വക നീക്കികൊടുത്ത നെല്ലുകോട്ട-അറനൂററത്തും പോകെ നൂറേമാകാണി കോട്ടയും ഉരിയനെല്ലും മിച്ചവാരം വകയ്ക്കു കേൾവിയിൽ ആളക്കുത്തു

ക്കവണ്ണം പതിച്ചു ചോദ്യം ചെയ്യുന്ന എന്നും അനുഭവം പ്രതിക്കുന്നതിനു് ഇതു വളരെ മിച്ചവാരം കൊടുക്കണമെന്നും അറിഞ്ഞിട്ടില്ലെന്നുംഇപ്രകാരം മിച്ചവാരം കൊടുത്തു അനുഭവിക്കുന്നതു പരാധീനമെന്നും പാതിരി ബോധിപ്പിച്ചിരിക്കുന്നു എന്നും അസാരവൃത്തി മിച്ചവാരം കേൾവിയിൽ അളക്കുത്തക്കവണ്ണവും ശേഷം അനുഭവമായിട്ടു വകനീക്കി കൊടുക്കുത്തക്കവണ്ണവും കണ്ടൽ പറഞ്ഞിരിക്കുന്ന സംഗതികൊണ്ടും ഇപ്രകാരം നിലത്തിനു് ഇപ്പോൾ മിച്ചവാരം കൊടുത്തുവരുന്ന വകയിൽഒരു കോട്ട നെല്ലും മേൽ എഴുതിയ നിലത്തിൽ കോട്ട ഒന്നിനു രണ്ടു പണംവീതം കോട്ടക്കഴിവകയ്ക്കു് $177\frac{1}{4}$ പണവും കണക്കിൽ മുതൽ ക്രട്ടിച്ചു ശേഷം ഒക്കെയും അനുഭവത്തിൽ ക്രട്ടിപ്രതിച്ചു കൊടുപ്പാനുള്ളതാകകൊണ്ടും അതിൻവണ്ണം അനുഭവനീട്ടു് എഴുതിക്കെട്ടിച്ചു കൊടുത്തയയ്ക്കുന്ന അവസ്ഥകൊണ്ടും എല്ലൊ എഴുതി വന്നതിനാലാകുന്നു. ഈ വകയ്ക്കു് ഇപ്രകാരംതന്നെ നിലനടന്നുവരുത്തുവാനൊള്ളതെന്നു നാമും നിശ്ചയിക്കകൊണ്ടു് എഴുതി കെട്ടിവന്ന അനുഭവനീട്ടിനു് എഴുത്തിട്ടു ഇതിനോടുക്രടെ കൊടുത്തയച്ചിരിക്കുന്ന നീട്ടും പാതിരിക്കു കൊടുത്തു അപ്രകാരം നടത്തിച്ചുകൊള്ളുത്തക്കവണ്ണം നിദാനം വരുത്തിക്കൊള്ളുകയുംവേണം. എന്നും ഇക്കാര്യം ചൊല്ലി 993-ാമാണ്ടു് ഇടവ മാസം 24-ാംനു- ദിവാൻ ജനാർദ്ദനരായർ വെങ്കിട്ടരായക്കു നീട്ടു് എഴുതിവിട്ടു എന്നു തിരുവുള്ളമായ നീട്ടു്.

മൺറോസായ്പു് ജനകീയ സംഘങ്ങളെ അമർച്ചചെയ്ത രീതി വളരെ രസാവഹമാകുന്നു.

നാഞ്ചിനാട്ടുകാർക്കു് ആണ്ടിലൊരിക്കൽ- ത്രുച്ചീന്രത്തു സമ്മേളിച്ചു് തങ്ങളുടെ സാമ്പത്തികവും ധാർമ്മികവും സാമുദായികവും ആയ കാര്യങ്ങളെപ്പറ്റി ആലോചിച്ചുവന്നു. ഈ സമ്മേളനത്തിൽ തോവാളെ, അഗസ്തീശ്വരം മുതലായ താലൂക്കുകളിലെ പന്ത്രണ്ടു പിടാകർക്കാരും അവരുടെ എൺപതോളം വരുമായിരുന്ന യോഗങ്ങൾ വഴിക്കു് തെരഞ്ഞെടുക്കപ്പെട്ടന്ന ഇരുന്നൂറിൽപരം അംഗങ്ങളും പങ്കെടുക്കാറുണ്ടായിരുന്നു. ഒരിക്കൽ മൺറോസായ്പു് ഉദയഗിരിക്കോട്ടയിൽ താമസിക്കവേ, ഈ യോഗക്കാർ സായ്പിനെക്കണ്ടു് തങ്ങളെ സംബന്ധിക്കുന്ന ചില കാര്യങ്ങൾ അറിവിക്കാനായി ആഗ്രഹാക്ഷാപൂർവ്വം കോട്ടയ്ക്കുള്ളിൽ പ്രവേശിച്ചു. അവരെല്ലാം അകത്തായി എന്നു കണ്ട ഉടനെ അവരുടെ ആഡംബരങ്ങളെയും പടയാദികളെയും പിടിച്ചെടുക്കുന്നതിനും അവരെ ഒക്കെ ബന്ധിക്കുന്നതിനും സായ്പു് ആജ്ഞാപിച്ചു. മേലാൽ ഈ മാതിരി സംഘങ്ങൾ ക്രട്ടുകയില്ലെന്നു വാഗ്ദാനം ചെയ്തതിനു ശേഷമേ സായ്പു് അവരെ വിട്ടയയ്ക്കുയുണ്ടായുള്ളു.

അദ്ദേഹം പ്രോട്ടസ്റ്റൻറ്-ക്രൈസ്തവപ്രചരണാർത്ഥം ചെയ്ത ശ്രമങ്ങളുടെ സ്വഭാവം 1813-ൽ റിംഗിൾടെയ്ബോയ്ക്കു് അയച്ചുകൊടുവാ ചോദ്യങ്ങളിൽ നിന്നും അതിനു പ്രസ്തുത മിഷണറി അയച്ച ഉത്തരങ്ങളിൽനിന്നും ഊഹിക്കാം.

ചോദ്യം (1) തിരുവിതാംക്രിൽ പ്രോട്ടസ്റ്റൻറ് മിഷ്യൻ സ്ഥാപിച്ച സമയവും വിധവും പ്രസ്തുത മിഷനു സിദ്ധിച്ചിട്ടുള്ള പ്രാബല്യവും അധികാരങ്ങളും തൽസംബന്ധമായി മിഷ്യൻ സമർപ്പിക്കുന്ന റിപ്പോർട്ടുകളുടെ രീതിയും റിംഗിൾ ടോബേ വിവരമായി അറിയിക്കണം.

ഉത്തരം—എന്റെ മേലധികാരം വഹിക്കുന്നതു ലണ്ടൻമിഷനറിസംഘമാണു്. പ്രസ്തുത സംഘം എന്നെയും ക്രാൻ, ഡിഗ്രെയഞ്ചസ് എന്ന മറ്റു രണ്ടാളുകളെയും 1805-ൽ കോപ്പേൻ ഹേഗൻ വഴിക്കു് തരങ്കംപാടിയിലേയ്ക്കു് അയച്ചു. അധികാരപത്രം എന്റെ കൈവശമില്ല. അതിനെ ഞാൻ മദ്രാസ് ഗവണ്മെണ്ടിനെ കാണിക്കയുണ്ടായി. ഒരു സുവിശേഷസംഘികയിൽ അതു പ്രസിദ്ധീകരിക്കപ്പെട്ടിട്ടുമുണ്ടു്.

ആ മാസികയുടെ പകർപ്പു ഞാൻ വീട്ടിൽ ചെല്ലുന്ന അവസരത്തിൽ കണ്ടു കിട്ടുന്നപക്ഷം റസിഡണ്ടിനു അയച്ചുതരാം. ഗവർണ്ണർ ജനറൽ ലൻറിക് പ്രഭുവിന്റെ അനുവാദത്തോടുകൂടി ഡിഗ്രയിഞ്ചസും ക്രാനും വിശാഖപട്ടണത്തിൽ സഭകൾ സ്ഥാപിച്ചു. "എനിക്കു് കീഖ്വെൺസായ്പു് ഒരു ലൈസൻസും തഞ്ചാവൂർ റസിഡണ്ടു് ഒരു പാസ്പോർട്ടും തന്നതിനാൽ ഞാൻ പാളയംകോട്ടയിൽ വന്നു തിരുവിതാംകൂറിൽ പ്രചാരണവേല തുടങ്ങുംവരെ തിരുനെൽവേലിയിലെ മിഷന്റെ ചുമതല വഹിച്ചിരുന്നു. എനിക്കു സിദ്ധിച്ച ലൈസൻസിനെ കണ്ണൻ മൺട്രോ സായ്പിനെ ഞാൻ കാണിച്ചിട്ടുമുണ്ടു്".....

.....

ഞാൻ പരേതനായ രാജാവിന്റെ കാലത്തു് മൈലാടിയിൽ ഒരു പള്ളി കെട്ടുന്നതിനു് അനുവാദം ചോദിച്ചു. എന്നാൽ വേലുത്തമ്പിയുടെ തടസ്സത്താൽ എന്റെ ശ്രമം വിഫലീഭവിച്ചുപോയി. യുദ്ധത്തിനു മുമ്പു് ഒരു പള്ളിയും വേറെ പള്ളികളും സ്ഥാപിക്കുന്നതിനു് അനുവാദം കിട്ടി.....

.....

ഈ നാട്ടിലെ സ്ഥിതിഗതികൾ എല്ലാം കുഴപ്പത്തിലായിരുന്നതിനാൽ, നാട്ടുകാരിൽ മിക്കവരും മിഷണറിമാരുടെ സഹായത്താൽ വല്ലതായ ലാഭം കിട്ടുമെന്നു പ്രതീക്ഷിച്ചിരുന്നു. മേലാൽ തലവരി, ഉഴിയം മുതലായവ കൊടുക്കേണ്ടിവരികയില്ലെന്നുള്ള വിചാരത്തോടുകൂടി ഈ സഭയിൽ ചേരാൻ 5000 പേരോളം കരുതി.....

.....എന്നാൽ അവരുടെ സ്വാനുഭവത്തിൽനിന്നു്, ആ പ്രത്യാശ മിഥ്യയാണെന്നു തെളിഞ്ഞു. യുദ്ധം തുടങ്ങിയ കാലത്തു് എന്റെ കീഴിൽ ഉണ്ടായിരുന്ന സഹായികൾ എല്ലാം വിശ്വാസത്തെ കൈവെടിഞ്ഞു.....

.....ഐഹികമായ ഗുണങ്ങൾ ലഭിക്കയില്ലെന്നു കണ്ടപ്പോൾ പ്രോട്ടസ്റ്റൻറു മതത്തിൽ ജനങ്ങൾക്കുണ്ടായിരുന്ന പ്രതിപത്തി നശിച്ചു. .....എന്നാലും ചിലർ മാത്രം തങ്ങളുടെ വിശ്വാസത്തെ ഉപേക്ഷിച്ചില്ല. അവരാണ് ഈ സഭയുടെ അസ്ഥിവാരം..... മൂന്നാമത്തേയും നാലാമത്തേയും ചോദ്യങ്ങളുടെ ഉത്തരമാണു വളരെ രസകരമായിരുന്നതു്.

ചോദ്യം (3) "ഠിങ്കിരോമ്പേയുടെ കീഴിലുള്ള സുവിശേഷോപദേഷ്ടാക്കൾ" തെറ്റുചെയ്യാൽ അവക്കു നല്കുവാനുള്ള ശിക്ഷകൾ എന്തൊക്കെയാണെന്നും അവരെ നിയന്ത്രിക്കുന്ന രീതി എന്താണെന്നും അറിവിക്കണം.

ഉത്തരം—നിസ്സാരങ്ങളായ തെറ്റുകൾ ചെയ്യാൽ അവരെ തിരുവെഴുത്താഴ്ത്തിൽ സംബന്ധിപ്പിക്കയില്ല. വലുതായ കുറ്റങ്ങൾ ചെയ്യുന്നപക്ഷം ജോലിയിൽനിന്നു പിരിച്ചുവിടുകയോ സസ്പെണ്ടുചെയ്കയോ ചെയ്യും.....

.....

ചോദ്യം (4) സഭാംഗങ്ങളുടെ തെറ്റുകൾക്ക് എന്തു ശിക്ഷയാണ് വരിക്കാവുള്ളതു്.

ഉത്തരം—1. വ്യഭിചാരം. വ്യഭിചാരം ചെയ്യുന്നവരെ തിരുവത്താഴത്തിൽ ഉൾപ്പെടുത്തുകയില്ല.

2. ന്യായപ്രമാണത്തോടുള്ള പള്ളിശുശ്രൂഷയിൽ സംബന്ധിക്കാതിരുന്നാലും തിരുവത്താഴത്തിൽനിന്നു മുടക്കംചെയ്യും.

3. ക്ഷുദ്രം ചെയ്യുന്നതായാൽ സഭയിൽനിന്നു നീക്കിക്കളയും.

4. ഇതരമതക്കാരുമായി വിവാഹബന്ധത്തിൽ ഏർപ്പെട്ടാൽ ആ വിധമ്മികളെക്കൂടി ജ്ഞാനസ്നാനം ചെയ്യിക്കുംവരെ മുടക്കു വല്ലും.

5. ഭാഗ്യദേവതയ്ക്കു ബലികഴിച്ചാൽ ആജീവനാന്തം സഭയ്ക്കു പുറത്താക്കും.

6. കള്ളസാക്ഷിപറഞ്ഞാൽ ദൈവം ശിക്ഷകൊടുത്തുകൊള്ളും.....

സായ്പിനു് ഇന്ത്യാക്കാരെപ്പറ്റിയുണ്ടായിരുന്ന അഭിപ്രായം ഈ ഉത്തരത്തിന്റെ അനുബന്ധത്തിൽനിന്നു വ്യക്തമാകുന്നു.

".....മൂഢമതികളായ ഇന്ത്യാക്കാരുടെ ഇടയ്ക്കു സ്ഥാപിത്മായ പ്രഥമസഭയിൽ മിഷണറിമാർ പിതാക്കൾ മക്കളെ എന്നപോലെ സഭാംഗങ്ങളെ പരിപാലിക്കേണ്ടതാണു്. സഭയിൽ ചേരാനും അതിൽനിന്നു പിരിയാനും അവർക്കു സ്വാതന്ത്ര്യമുള്ളതിനാൽ. നിഷ്കൃഷ്ടമായ നിബന്ധനകൾ ഉണ്ടായിരിക്കുവാൻ പാടില്ല.....

എന്നാൽ സായ്പന്മാർ സഭയുടെ മേൽനടത്തിപ്പിനു് ആവശ്യമുള്ള ചട്ടങ്ങൾ രൂപവൽക്കരിച്ചതനാൽ നേതൃത്വം സ്വീകരിച്ചുകൊള്ളാം."

മൺറോസായ്പ് മിഷ്യന്റെ അഭിവൃദ്ധിക്കു് ആവശ്യമുള്ള ചട്ടങ്ങൾ ഉണ്ടാക്കി അയച്ചുകൊടുക്കയും ചെയ്തു.

ചോദ്യം (10) ക്രിസ്ത്യാനികൾക്കു സർക്കാരുദ്യോഗസ്ഥന്മാരിൽനിന്നും വല്ല ഉപദ്രവും നേരിടുന്നുണ്ടോ?

ഉത്തരം—ഇക്കാലത്തു് ഒരു് ഉപദ്രവവും നേരിടാറില്ല. എന്നാൽ ക്രിസ്ത്യാനികളുടെ ജ്ഞാതികളും യജമാനന്മാരും അവരെ പീഡിപ്പിക്കാറുണ്ടു്. ഇംഗ്ലീഷുകാരുടെ ആധിപത്യം നശിച്ചാൽ വലിയ ഞെരുക്കവും ഉപദ്രവും നേരിട്ടേയ്ക്കും എന്നു വിചാരിച്ചു പലരും ക്രിസ്തുമാർഗ്ഗത്തിൽ ചേരാൻ മടിക്കുന്നു.....

.....

.....

1813 മാർച്ചു 13-ാംനു- ഈ മറുപടി സായ്പിനു കിട്ടിയശേഷമാത്രയിൽ ലക്ഷ്മീമായി തിരുമനസ്സുകൊണ്ടു 100 കോട്ടപ്പറമ്പോളം സഭയ്ക്കു ദാനം ചെയ്തുവന്നു.

16. പഴശിരാജാവിന്റെ ഉപജാപം.

1812 മേ 24-ാംനു- രാത്രിയിൽ 14-ാംറജിമെന്റിലെ ജമേദാരായ പഞ്ചയിക്ക്ഹവിൽദാരന്മാരും എതാനും ശിപായികളുംകൂടി ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരെ നിഗ്രഹിക്കുന്നതിനു് ഒരു രഹസ്യാലോചന നടത്തി. എന്നാൽ അന്നുതന്നെ ജമേദാർ അയ്യപ്പു എന്നയാൾ അതിനെപ്പറ്റിയുള്ള സകല വിവരങ്ങളും അഡ്ജൂട്ടന്റു് കോക്കിനെ അറിവിച്ചു. തൽഫലം റിറേയ്മെന്റിവസം രാവിലെ കണ്ണൂർ ഫാമിൽട്ടൻ ഹാളും മറ്റു സൈനികോദ്യോ

ഗന്ധർവന്മാരും കൊല്ലം റസിഡൻസിയിൽക്കൂടി അനന്തരകരണീയത്തെപ്പറ്റി ഗാഢമായി ആലോചിച്ചു. അനന്തരം കണ്ടാത്തുസമയത്തു ഗ്രൂഢാലോചനക്കാരെ എല്ലാം അറസ്റ്റുചെയ്തു. ഈ ഉപജാപത്തിനു പ്രേരകന്മാരായി പ്രവർത്തിച്ചവരെ കണ്ടുപിടിക്കാൻ റസിഡണ്ടും ശ്രമിച്ചു; സാധുക്കളുടെ വേഷത്തിൽ സഞ്ചരിച്ചിരുന്ന കുട്ടവളരെ ഉപജാപകന്മാരെ അദ്ദേഹത്തിന്റെ ചാരന്മാർ പിടികൂടി. എല്ലാവരെയും യഥോചിതം ശിക്ഷിച്ചു. കോട്ടയം രാജാവിന്റെ പ്രേരണയോടുകൂടിയാണ് ഈ ഗ്രൂഢാലോചന നടന്നതെന്നു പ്രത്യക്ഷപ്പെട്ടു. രാജാവിനു തിരുവിതാംകൂറിന്റെ ആധിപത്യവും ക്ഷയിക്കുഹൈസെനു മന്ത്രിപദവും സമ്പാദിക്കണമെന്നായിരുന്നതേ ഈ ലക്ഷ്യത്തിന്റെ ഉദ്ദേശം.

17. സ്വാതിതിരുനാളും ചന്ദ്രശേഖരനാനയും.

ഒരു ഐതിഹ്യം.

കൊട്ടാരക്കര ചന്ദ്രശേഖരൻ എന്നൊരു പ്രസിദ്ധപ്പെട്ട ആനയുണ്ടായിരുന്നു. ആ ആനയെ ചിറമല ദേവസ്വത്തിൽ എഴുന്നള്ളിപ്പാൻ കൊണ്ടുപോയ അവസരത്തിൽ, ഒരു ബാലൻ കല്ലെറിയുകയുണ്ടായതേ. ആനയാകട്ടെ ആ കല്ലെടുത്തു തന്റെ വായിൽ സൂക്ഷിച്ചു പോന്നു. തന്റെ ശത്രുവിനെ പിന്നീട് കണ്ടതു് ഏതാനും വർഷങ്ങൾക്കു ശേഷമായിരുന്നുവത്രേ. ആ സംഭവം വളരെ രസകരമാകുന്നു.

ചന്ദ്രശേഖരനെ തിരുവനന്തപുരത്തു ആറാട്ടിനു കൊണ്ടുവന്നിരുന്നു. ആറാട്ട് അല്പം കടന്നുപോയപ്പോൾ ഈ ആന തന്റെ പഴയ ശത്രുവിനെ കാണുകയുണ്ടായി. ഉടനെതന്നെ തന്റെ വായിൽ ഒളിച്ചുവച്ചിരുന്ന കല്ലെടുത്തു് അയാളെ എറിയുകയും അയാളുടെ കാൽ ഒടിയുകയും ചെയ്തുവത്രേ. അതിനോടുകൂടി ആളുകൾ ഓട്ടം തുടങ്ങി. ആനയാകട്ടെ അതിനുശേഷം അനങ്ങാതെ നില്ക്കുവോ സ്വാതിതിരുനാൾ മഹാരാജാവു് ഒരു ക്രൂസലുംകൂടാതെ ആനയുടെനേക്കു് പാഞ്ഞുചെന്നപ്പോൾ ആന തലതാഴ്ത്തി മഹാരാജാവിനെ വണങ്ങിപോലും. പിറെറ ദിവസം ഏറുകൊണ്ട ആളിനേയും കാലൊടിയുവാൻ ഹേതുവാക്കിയ കല്ലിനേയും അവിടുന്നു തിരുമുമ്പിൽ വരുത്തുകയുണ്ടായി. അപ്പോഴാണ് അവിടുത്തേക്കു കഥ മനസ്സിലായതു്. കല്ലുപരിശോധിച്ചപ്പോൾ അതിനു വളരെ ഘനമുള്ളതായിക്കണ്ടു. അതിനെ പൊട്ടിച്ചുനോക്കി; ഉള്ളിൽ ഒരു വിശിഷ്ടരത്നം ഇരിക്കുന്നതായികണ്ടു. പ്രസ്തുത രത്നത്തെ നടുനായകമാക്കി ഒരു പതക്കം ഉണ്ടാക്കി അവിടുന്നു് നിത്യവും ധരിക്കാറുണ്ടായിരുന്നുപോലും.

18. ഉത്രംതിരുനാൾ തമ്പുരാനും കഥകളിയോഗവും.

ഈ മഹാരാജാവു് വലിയകൊട്ടാരം കഥകളിയോഗം എന്നൊരു സംഘം സ്ഥാപിച്ചു നടത്തിവന്നു. അതിന്റെ മേൽനോട്ടം വഹിച്ചതു വിളായിക്കോട്ട നമ്പൂരി എന്നൊരു സംഗീതജ്ഞനായിരുന്നു. അദ്ദേഹത്തിന്റെ ഇല്ലം കടമാളൂർ ആയിരുന്നതിനാൽ, തിരുമനസ്സുകൊണ്ടു ശ്രീകണ്ഠേശ്വരത്തിനു സമീപം ഒരു മഠം പണിയിച്ചുകൊടുത്തു.

യോഗത്തിൽ ആൾ ചേക്കുന്നതിനു തിരുമനസ്സുകൊണ്ടു് അംഗീകരിച്ച സ്ത്രീധനം അതിരസകരമായിരുന്നു. അതിൽ ചേരണമെന്നാഗ്രഹിച്ചു്, ആരെ

ങ്കിലും ചെന്നാൽ, അയാളെ മുഖത്തുതേപ്പിച്ചു ചുട്ടികുത്തി തിരുമുമ്പിൽ ഹാജരാക്കണമെന്നായിരുന്നു ഏർപ്പാട്. നല്ല വേഷച്ചേർച്ചയുണ്ടെന്നു് അവിടത്തേക്കു തോന്നിയാലെ അയാളെ യോഗത്തിൽ ചേർക്കു. ഇപ്രകാരം തെരഞ്ഞെടുക്കപ്പെട്ട നടന്മാരിൽ സേവകൻ ഈശ്വരപിള്ള, പുത്തൻ കൊച്ചുകുഞ്ഞുപിള്ള, പഴയ കൊച്ചുകുഞ്ഞുപിള്ള, പഴവങ്ങാടി നാണുപിള്ള, നളനുണ്ണി, ഇട്ടിച്ചെന്നപ്പണിക്കർ, കൊച്ചയ്യപ്പണിക്കർ മുതലായി പലേ പ്രസിദ്ധനടന്മാർ ഉൾപ്പെട്ടിരുന്നു. ഇവരുടെ കൂടെ നായകൻ ഈശ്വരപിള്ളയായിരുന്നു.

അദ്ദേഹം വിളവംകോട്ടതാലൂക്കിൽ ഒരു ധനികന്റെ ഗൃഹത്തിൽ അടിച്ചുതളി ജോലി നടത്തിവന്ന ഒരു സാധുസ്ത്രീയുടെ പുത്രനായിരുന്നു. ജോലിതികഞ്ഞ ബാല്യത്തിലെ തിരുവനന്തപുരത്തു വന്നുചേർന്നു. ഭാഗ്യംകൊണ്ടു വിളാകത്തുകോട്ട നമ്പൂരിയുടെ ദൃഷ്ടിയിൽപ്പെടുവാൻ ഇടയായി. ഈ ബാലൻ വളർന്നു തിരുമുമ്പിൽ ആനയിക്കപ്പെട്ടപ്പോൾ, അയാളുടെ വേഷം അവിടത്തേക്കു നല്ലപോലെ പിടിച്ചു. ആറുമാസം കഴിഞ്ഞു മുറയ്ക്കു് അരങ്ങേറ്റവും നടത്തി. ഉണ്ണാനും ഉടുപ്പാനും പുറമേ മൂന്നു രൂപ ശമ്പളവും തിരുമനസ്സുകൊണ്ടു കല്പിച്ചുകൊടുത്തു.

ഈശ്വരപിള്ളയുടെ വേഷച്ചേർച്ചയും, രസവാസനയും, അഭിനയത്തിലുള്ള തന്മയത്വവും കണ്ടു് അയാളുടെ പേരിൽ അവിടത്തേക്കു് അതിയായ കാരുണ്യമുദിച്ചതിനാൽ, അമ്മന്നൂർ പരമേശ്വരച്ചാക്യാരെ വരുത്തി, കൂടെക്കൂടി അഭ്യസിപ്പിച്ചു. ഇതിനിടയ്ക്കു് അയാൾ അക്ഷരാഭ്യാസം ചെയ്തുകൊണ്ടിരുന്നു. ചുരുക്കിപ്പറഞ്ഞാൽ ഈശ്വരപിള്ളയുടെ അഭിനയചാതുരി അദ്ദേഹത്തിനു് ഒരു ഭാഗ്യസോപാനം വിരചിച്ചു. കോട്ടയ്ക്കകത്തു് ഒരു പുരയിടം മഹാരാജാതിരുമനസ്സുകൊണ്ടു വാങ്ങിച്ചു് ഒരു പുരയും വയ്പിച്ചു കൊടുത്തു. ഇതിനിടയ്ക്കു് അമ്മ മരിച്ചുപോയതിനാൽ, ഈശ്വരപിള്ള ഒരു കന്യകയെ തെരഞ്ഞെടുത്തു അവിടെ കൊണ്ടുവന്നു പാർപ്പിച്ചു. കാലക്രമേണ ശമ്പളവും വർദ്ധിച്ചുവന്നു. ഈശ്വരപിള്ള വിചാരിപ്പുകാർ എന്ന പേരു തിരുവിതാംകൂറിലും വെളിയിലും പരന്നു.

ഈശ്വരപിള്ളയുടെ കൈലാസോദ്ധാരണം, വൻവണ്ണന മുതലായവ സുപ്രസിദ്ധമായിരുന്നു. അദ്ദേഹത്തിന്റെ അഭിനയപാടവത്തെ കാണിക്കുന്നതു വിശേഷസംഭവം പറയാം. അദ്ദേഹം തന്റെ പുത്രിമാരിൽ ഒരാളായ ഗൌരിക്കുട്ടിയെ പഴവങ്ങാടി നാണുപിള്ളയ്ക്കു സംബന്ധംകഴിച്ചു കൊടുത്തു. അതു തിരുമനസ്സിലെല്ലാ പ്രിയപ്പെട്ടതായിരുന്നു. എന്നാൽ അതിവിദഗ്ദ്ധി ആയിരുന്ന ഗൌരിക്കുട്ടിയമ്മയ്ക്കു് ഈ വിവാഹം തീരെ രസിച്ചില്ല. തന്റെ മകളുടെ ഭർത്തൃവാത്സല്യത്തെ പ്രതീക്ഷിക്കാൻ ഈശ്വരപിള്ള മാർഗ്ഗങ്ങൾ ആലോചിച്ചുകൊണ്ടേ ഇരുന്നു. അങ്ങനെ ഇരിക്കെ കൊട്ടാരത്തിൽ ദക്ഷയാഗം കഥകളി ആടേണ്ടതായി വന്നു.

"അറിയുന്നതെന്മമ പുത്രിയെ നല്കിയ-
തനുചിതമായിതെടോ."

എന്ന ഭാഗത്തെ ഈശ്വരപിള്ള സ്വാനുഭൂതിയെ കലർത്തി വിസ്തരിച്ചു് ആടി. തിരുമനസ്സിലേക്കു സംഗതി മനസ്സിലാവുകയാൽ അടുത്ത ദിവസം നാണുപിള്ളയെ വിളിച്ചു് "നാണു സംബന്ധമുറയ്ക്കു് ഇനി ഗൌരിക്കുട്ടിയുടെ വീട്ടിൽ പോകേണ്ട" എന്നു അരുളിച്ചെയ്കയും ചെയ്തു.

ഇതുപോലെ പല കഥകൾ ഉണ്ട്. വിസ്തരഭയത്താൽ ഇവിടെ ചേർക്കുന്നില്ല.

19. ആയില്യംതിരുനാളും സുകുമാരകലകളും.

ആയില്യംതിരുനാളിന്റെ കാലം സംഗീതവിദ്യയെ സംബന്ധിച്ചിടത്തോളം അതിശോഭനമായിരുന്നു. അദ്ദേഹത്തിന്റെ കൊട്ടാരത്തിലെ സംഗീതസദസ്സിൽ രാഘവയ്യർ എന്ന മഹാഗായകനും, കല്യാണകൃഷ്ണൻ എന്ന വൈണികനും, തിരുക്കൊടിക്കാവു കൃഷ്ണയ്യർ എന്ന ഫിഡിലിസ്റ്റും ഉൾപ്പെട്ടിരുന്നു. ഭാരതഖണ്ഡം ഒട്ടുക്കു സഞ്ചരിച്ചു ദിഗ്വിജയം നടത്തിയ മഹാവൈത്തിയയ്യർ അക്കാലത്തു തിരുവിതാംകൂറിൽ വന്നു രാഘവയ്യരോടു തോല്ക്കുയുണ്ടായി. ആയില്യംതിരുനാൾ തമ്പുരാന്റെ സംഗീതപ്രയോഗം കണ്ടു് ആ വിശിഷ്ടഗായകവര്യൻ അത്ഭുതപ്പെട്ടുപോയത്രേ. 'രാജാ രവിവർമ്മ' എന്ന പ്രസിദ്ധചിത്രകാരനും, നാരായണപ്പിള്ളയാശാൻ എന്ന നടശിരോമണിയും ഈ മഹാരാജാവിന്റെ കാലത്തു ജീവിച്ചിരുന്നവരാണല്ലോ. ഇങ്ങനെ അവിടുന്നു് സുകുമാരകലകളെ പോഷിപ്പിച്ചിരുന്നതിനു് അതിജാഗരൂകനായിരുന്നു.

20. വിശാഖംതിരുനാൾ തമ്പുരാന്റെ നീതിനിഷ്ഠ.

വിശാഖംതിരുനാൾ മഹാരാജാവിന്റെ കാലത്തു ചിലരെല്ലാംകൂടി രാമയ്യങ്കാരെ അധിക്ഷേപിച്ചതായി മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. യഥാർത്ഥത്തിൽ കുറ്റം ചെയ്തവർ കടന്നുകളഞ്ഞു. മറ്റു ചിലരെ പിടികൂടി കേസു മുറയ്ക്കുനടത്തി. ജഡ്ജിയായിരുന്ന അരിയനായകംപിള്ള പുള്ളികളെ വെറുതെവിട്ടു വിധി പ്രസ്താവിച്ചശേഷം ഉദ്യോഗം രാജിവച്ചുകളഞ്ഞു. കേസ് വീണ്ടും വിചാരണയ്ക്കെടുത്തപ്പോൾ രണ്ടാം ജഡ്ജിയായിരുന്ന അനന്തസുബ്രഹ്മണ്യയ്യനും പുള്ളികളെ വെറുതെ വിട്ടിട്ട്, തിരുവിതാംകൂറിൽനിന്നു കടന്നു. വിശാഖംതിരുനാളാകട്ടെ അരയനായകംപിള്ളയെ ഹൈക്കോടതി ജഡ്ജിയായി ഉയർത്തി. അനന്തസുബ്രഹ്മണ്യയ്യൻ മദ്രാസിൽ മൂന്നുകൊല്ലത്തോളം കഷ്ടപ്പെട്ടശേഷം അവിടത്തെ ഒരു ജഡ്ജിയായിത്തീർന്നു.

TRIVANDRUM PUBLIC LIBRARY

പദസൂചി.

അ

അകന്നാനൂർ 5
അച്യുതമേനോൻ 258, 259
അച്യുതരായർ 31
അച്യുതവാര്യർ 107
അജാമിളോപാഖ്യാനം 356
അഞ്ഞൂറ്റൻതെങ്ങ് 61, 70, 105, 108, 115, 172, 195, 257
അട്ടൂർ ഗ്രാമം 165
അണ്ണാപ്പട്ടരു കാര്യക്കാർ 223
അണ്ടിക്കടവു് 159
അനന്തൻ ചക്രപാണി 21
അനന്തപത്മനാഭപിള്ള 89
അനന്തപത്മനാഭസ്വാമി 356, 357
അനന്തരായൻ പണം 222
അനന്തവരാഹൻ 222
അന്നമനട 200, 212
അന്നമനട സമുദായം 212
അന്നസത്രം 263
അനോജിനാഥ്ജൂർ 69
അപ്പുണ്ണൻ 71
അമ്മച്ചിപ്പിലാവു് അനുബന്ധം. 8
അമ്മാടിമേനോൻ 225
അമ്പലപ്പുഴ 122, 123, 124, 125, 137
അമ്പുൽറസൂക്ക 71
അഭിരാമി 93
അയ്മല 299
അയിരൂർ 111
അയിലിനാഥ്ജൂൻ=ഐദർഅലി
അരനടികൾ തിരുവടികൾ 18
അരുണ്ണൻ ചെമ്പകരാമൻപിള്ള 239
അരുണ്ണൻ പള്ളിച്ച 53
അരുണ്ണൻ മത്തായുപ്പിള്ള 154
അർക്കാട് 160, 162
അർക്കുറാവി 125
അർക്കൂർ 122
അശ്വതിതിരുനാൾ 194, 233, 287
അഹമ്മതീയ സക്കാർ 213
അഴകപ്പാ മുതലിയാർ 93, 95, 96
അറബികൾ 40
അരന്തറയർ 76
അറാലടക്കം 299
അംബരീക്ഷചരിതം. 194, 233
അംബാസമുദ്രം. 31

ആ

ആക്കാട്ട നഗരം. 172, 208
ആക്കാട്ട നവാബു്. 114, 188, 193
ആച്ചിബാൽഡ് ക്യാംപ്ബൽ. 201
ആട്ടക്കഥകൾ. 233
ആണ്ടകാഴ്ച. 300
ആതിച്ചൻപിള്ള. 53
ആദി ചേരവംശം. 5, 6
ആദിത്യൻ I. 19
ആദിത്യവർമ്മ 60, 61
ആദിത്യവർമ്മൻ 20, 28, 30, 33
ആദിത്യവർമ്മ സംഗ്രാമധീരൻ 25
ആദിത്യവർമ്മ രണ്ടാം സഖ്യാംഗനാഥൻ 29
ആനപിടി 299
ആനപരുട്ടീൻ 172, അനുബന്ധം 4, 5
ആയക്കെട്ടു് (പുതിയു) 245
ആയില്യംതിരുനാൾ 392—439
ടി അനുബന്ധം 19
ആരുവാമൊഴി 51, 115, 137, 272, 275
ആരിക്ക 3
ആലുവാട് 125

ആലങ്ങാട് 123, 133, 162, 165, 199, 212, 213, 214
ആലപ്പുഴ 125, 159, 220, 221, 222, 238, 246, 253, 258, 270, 271
ആലിരംസഖാൻ 174
ആലുവാ 123, 137, 195, 211
ആലുവാപ്പുഴ 211
ആൽഫെൻസൊ ഡിസൂസാ 78
ആൽമേയിദാ 40
ആശ്രമം 69, 269, 271
ആറന്മുള 122
ആറുമുഖംപിള്ള 96, 104, 108
ആറുവീടർ 89, അനുബന്ധം 7
ആറുവേല 55, 115, 141
ആംഗൽബെക്ക് ജേ. ജി. 192
ആസ്റ്റിൻ റവീ. 575

ഇ

ഇക്കേളമേനോൻ 261
ഇടത്തറപോറ്റി 51, 53
ഇടവാ 62, 96, 105
ഇടിക്കുളമേനോൻ 124, 125
ഇട്ടിയാതിരിശിമേനോൻ 269
ഇമാനുവൽ 36
ഇരണിയൽ 19, 111, 112, 122
ഇരവിക്കുട്ടിപ്പിള്ള 51, 54
ഇരയിമ്മൻതമ്പി 240
ഇരയ്യെക്കുട്ടിഅമ്മ 49
ഇളങ്ങല്ലൂർ 153
ഇളയ ഇരയ്യെക്കുട്ടിഅമ്മ 49
ഇളമ്പയിൽ പണ്ടാരത്തിൽ മാർത്താണ്ഡവർമ്മ 51
ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാകമ്പനി 55, 61, 136, 154, 155, 166, 170, 172, 228, 236, 250, 251, 263
ഇംഗ്ലീഷ്കാർ 64, 105, 108, 115, 192, 193, 197, 199, 202, 208, 209, 210, 212, 215, 218, 219, 226, 227, 240, 257.
ഇംഗ്ലീഷ് കമ്പഞ്ഞി=ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാകമ്പനി

ഈ

ഈജിപ്ത് 2
ഈഴവർ 83, 188, 193, 195, 201, 218, 219, 220, 221

ഉ

ഉണ്ണിക്കേരളവർമ്മ 65, 70-71, 89, 93, 150, 151
ഉണ്ണിക്കേരളവർമ്മ കുലശേഖരപ്പെരുമാൾ 45
ഉത്രംതിരുനാൾ 310
ഉദയഗിരി 97, 137, 188, 225, 243, 244, 278
ഉദയമാർത്താണ്ഡവർമ്മ 31, 32
ഉദയംപേരൂർ 82, 83
ഉമയമ്മത്തമ്പിരാട്ടിയാർ 35, 49
ഉമയമ്മറാണി 61-64, 87
ഉമയൻ ശ്രീവീരമാർത്താണ്ഡവർമ്മ ഉമാദേവി 21
ഉമാദേവി കുലശേഖരത്തമ്പുരാട്ടി 58
ഉമ്മിണിത്തമ്പി=മാർത്താണ്ഡൻ
ഉമ്മിണിത്തമ്പി ഇരവി 293, 394
ഉമ്മിണിപ്പിള്ള 42

ഊ

ഊർ ഖഗാക്ഷ 2

എ

എടത്തറ 215
എടത്തറ പോറ്റി 100
എടപ്പള്ളി രാജാവ് 40, 316
എടപ്പള്ളി 315, 316
എടവാ=ഇടവാ
എട്ടരയോഗം—അനുബന്ധം 3
എട്ടിയാപുരം ജമിന്ദാർ 22
എട്ടുവീടർ 53, 61, 64, 65, 86, 93, 98, 100, 101, 103, 141
അനുബന്ധം 2, 8, 9, 10, 11
എസിക്കെയിൽ റാബി 113
എളംകുളം 259, 260, 270
എളങ്ങല്ലൂർ സ്വരൂപം 315
എളമ്പയിൽ പണ്ടാരം 100

എളമ്പുള്ളി പണ്ടാരം 100
എളയിടത്തുസചരുപം 17, 73, 104, 108, 109, 110
എഴുത്തച്ഛൻ 84
എഴുത്തച്ഛൻ പാട്ടുകൾ 237
എറണാകുളം 259, 260, 261, 270

ഏ

ഏലാനാടി 186
ഏശോ ദാ തപിരായി 14, 18, 28
ഏറാമാന്നൂർ 75, 123, 138, 273
ഏഴ 298

ക

കച്ച് 221
കടത്തനാട് 187, 197
കടിയപട്ടണം 72, 111
കടത്തുരുത്തി 82
കഠിനംകുളം ക്ഷേത്രം 21
കണ്ടിയൂർ 110, 124
കണ്ണമൂല 280
കണ്ണശ്ശഭാഗവതം 84
കണ്ണശ്ശഭാരതം 84
കണ്ണശ്ശരാമായണം 84
കണ്ണൂർ 259
കണ്ണൂരിലെ ആലിരാജാവു് 161, 174, 215.
കണ്ണാടകരാജ്യം 174
കണ്ണൻ മകാളി 236, 243, 244, 245, 249, 251, 253, 261, 263, 273, 275, 277, 278, 279, 283, 379.
കണ്ണൽ മൺറോ. അനുബന്ധം 15
കണ്ണൽ ഹിരോൺ 136
കണ്ണാറിക്കു നാവാബു് 135, 155, 161, 166, 171, 172, 182, 228
കന്യാകുമാരി 1, 2, 19, 26, 37, 72 91, 96, 135,
കപ്പേജു്, കണ്ണൽ 272
കമലുവാഹനപണ്ഡിതൻ 38
കരുപ്പുറം 126, 127, 128, 157, 160, 235
കരികാലചോളൻ 12
കരിങ്ങോട് 215
കരുനന്ദൻ 17
കരുനാഗപ്പള്ളി, 74, 260
കരുവന്നൂർകോട്ട 138
കരൂർപട്ടണം 5
കല്യാണസൌഗന്ധികം ആട്ടക്കഥ 233
കൽക്കട്ട 221, 244
കൽക്കുളം 72, 74, 99, 103, 111, 122, 141.
കല്ലുളം കോട്ട 65
കല്ലൻ സാഹു് 340, 341, 342, 343 344, 345, 346, 347, 348, 349, 353, 354, 363, 364, 368, 369, 370, 371, 372, 373, 374, 376.
കവളപ്പാറ 161, 215, 217
കവിലക്ഷ്മണൻ 25
കളക്കാട് 73, 135, 136, 137, 167
കളിപ്പാൻകുളം 61
കഴക്കൂട്ടത്തുപിള്ള 54, 100
കാകതീയരാജാവു് 24, 25.
കാഞ്ചീപുരം 24, 50
കാണ്ണിമാറാപ്രള 471, 472, 473
കാത്തികതിരുനാൾ=രാമവർമ്മ (ധർമ്മരാജാ)
കാത്തികപ്പള്ളി 260
കാത്തോപ്പള്ളി=കാത്തികപ്പള്ളി
കാൻഡി 226
കാമ്പിത്താൻ 89
കാബ്രാൾ 36, 37
കായംകുളം 25, 73—74, 104, 110 112, 113, 115, 116, 117, 121, 122, 123, 137, 152, 183.
കാരക്കോട്ടകരുപ്പു് 89
കാവക്കാട് 215
കാഴ്ച 299
കാളനായർ 54
കാൺവാലീസ് 205, 212
കിണറിൽപന്നി 299
കിളികൊല്ലൂർ 268
കിളിമാന്നൂർ 116, 151, 276 277.
കിഴക്കെമുഖം (കിഴക്കുംമുഖം) 269
കിഴ്പേരൂർ 16
കിഴ്പേരൂർ രവിവർമ്മ 29

കുഞ്ഞുകുഞ്ഞുമേനോൻ (ചെറുവര ന്വത്തു്) 256
കുഞ്ഞുത്തമ്പിമാർ 97, 101, അനുബന്ധം 9
കുഞ്ഞുനീലൻപിള്ള (സന്ധ്യതി) 236, 239, 240, 241, 243,
കുഞ്ഞൻനമ്പ്യാർ 150, 233, 287
കുടകു് 209
കുടമൺപിള്ള 100
കുടമാളൂർ 74, 123, 124, 125
കുടല്ലൂർ 221
കുണ്ടറ, 262, 272, 274
കുന്നലക്കോനാതിരി 132
കുന്നത്തുനാടു് 212, 213.
കുന്നത്തൂർ 186, 258, 279
കുന്നത്തൂർകേശവപിള്ള=രാജാ കേശവദാസു്
കുന്നംമേൽരാജാവു് 151
കുമ്പഞ്ഞി 118, 268
കുമ്പഞ്ഞിപ്പട്ടാളം 260
കുമ്പളഞ്ഞി 159
കുമ്പം 221
കുമരകം 123, 125, 138,
കുമാരകമ്പ്ൻ 50
കുമാരൻ ചെമ്പകരാമൻപിള്ള 167, 168, 184, 185, 269,
കുമാരസ്വാമിപ്പിള്ള 96, 97, 105
കുമുദവർ 128, 129, 130, 156
കുമുദവർക്യൂൺസു=കുമുദവർ.
കുമുദവർ ഗോളനസ്സി 113
കുയ്യാപ്പള്ളി 210
കുരുനാടു് 159
കുലശേഖരത്തമ്പിരാട്ടി 32
കുളച്ചൽ 71, 111, 112, 114, 115.
കുളത്തൂർ ഇരയിമ്മൻ 53
കുഴിത്തുറ 73
കുറവു് 300
കുറങ്ങോട്ടു നായർ 193
കുറുമ്പനാടു് 215
കൃപകം=ദേശിങ്ങനാടു്.
കൃസ്തുമതം 257
കൃസ്ത്യാനികൾ 82, 83, 211, 587
കൃഷ്ണഗാഥ 84
കൃഷ്ണൻ ചെമ്പകരാമൻ(ദളവ) 94, 195
കൃഷ്ണൻനായർ. സർ എം. 529, 530, 536, 538.
കൃഷ്ണരായർ 338, 340, 342, 343, 344, 345, 347, 353, 354, 363, 364, 368, 369, 370, 371, 372, 373, 374, 376.
കൃഷ്ണരാജാ (കൊഴിക്കോട്ടു്) 215, 216.
കൃഷ്ണസ്വാമിരായർ 487, 488, 492, 493.
കെട്ടുതെങ്ങു് 300
കേരളപുരം 50
കേരളമാഹാത്മ്യം 5
കേരളോൽപ്പത്തി 5
കേരളസന്തോഷപല്ലവരായർ 21
കേരളവർമ്മ (കോട്ടയം) 63, 64, 89.
കേരളവർമ്മ വലിയകോയിത്തമ്പുരാൻ 443, 591.
കേരളവർമ്മരാമായണം 84
കേശവദാസൻ—രാജാകേശവദാസൻ
കേശവപിള്ള, കെ. സി. 591
കൊങ്ങുരാജ്യം 9
കൊച്ചുതൈയവർമ്മർ 31
കൊച്ചി 1, 4, 37, 39, 56, 57, 64, 74, 104, 105, 106, 107, 108, 110, 112, 113, 117, 118, 119, 123, 124, 125, 127—132, 157, 162, 192, 197, 199, 200, 201, 203, 206, 211, 212, 213, 214, 215, 219, 222, 223, 225, 226, 227, 235, 246, 256, 258, 260, 261, 262, 271, 272, 273, 283, 315, 348, 349.
കൊച്ചിക്കോട്ട, 59
കൊച്ചിരവിപ്പണിക്കർ 53
കൊച്ചുമാത്താണ്ഡപ്പിള്ള 53
കൊച്ചുമുസ്സതു് 112
കൊച്ചുമേനവൻ 120
കൊച്ചുരവിമാത്താണ്ഡവർമ്മ 89
കൊടുങ്ങല്ലൂർ 3, 19, 56, 133, 160 165, 175, 187, 192, 203, 204, 205, 210, 212, 222, 223,

കൊടുങ്ങല്ലൂർ കോട്ട 59, 210
കൊട്ടാരക്കര 28, 57, 73, 106, 110, 269.
കൊരക്കേണി കൊല്ലം 75
കൊരട്ടിക്കയ്യൻ 123
കൊമ്പു് 300
കൊമ്പിയച്ചൻ 133
കൊല്ലം 18, 19, 21, 32, 37, 40, 41, 56, 57, 58, 72, 73, 104, 106, 107, 110, 115, 116, 117, 138, 227, 245 261, 262, 265, 268, 269.
കൊല്ലം കായംകുളംയുദ്ധം 104—109
കൊല്ലംയുദ്ധം 105
കൊല്ലവർഷം 14
കോക്കീളാനടികൾ 19
കോടശ്ശേരി അഞ്ചികയ്യൻ 124, 133
കോടശ്ശേരി കത്താവു് 213
കോട്ടയം (വടക്കൻ) 82, 117, 138, 187, 197, 215, 222
കോട്ടയംകേരളവർമ്മ=കേരളവർമ്മ
കോട്ടാർ 20, 31, 73, 111, 115
കോന്നകിക്കുറവൻ 26
കോമിഅച്ചൻ=പാലിയത്തച്ചൻ
കോയപ്പുക്കി 39
കോയമ്പുത്തൂർ 4, 205, 212
കോരപ്പുഴ 2
കോലത്തിരി 174
കോലത്തുനാടു 65, 71, 187, 194
കോവളം 64
കോഴ 298
കോഴിക്കോടു 37, 117, 196, 216, 258
കോഴിക്കോട്ടയുദ്ധം 157

ഗ

ഗാന്ധർവ്വവിജയം (ആട്ടക്കഥ) 233
ഗിബ്സ് (കണ്ണൻ) 272
ഗുണവീരപണ്ഡിതൻ 38
ഗോകർണ്ണം 1
ഗോപാലയ്യൻദളവാ 184, 185
ഗോപാലാചാരി, എസ്. 497, 498
ഗോവർദ്ധനമാർത്താണ്ഡൻ 18
ഗോവിന്ദനുണ്ണി 273, 274
ഗോവിന്ദൻവിക്രമൻ 21
ഗ്രാമഭരണരീതി 7—9
ഗ്രീസു് 3

ച

ചടച്ചിമാർത്താണ്ഡപ്പിള്ള അനുബന്ധം 8, 12.
ചട്ടവരിയോല 226, 304, 306, 332.
ചങ്ങനാശ്ശേരി 122, 123, 138, 246
ചങ്ങരങ്കോത മൂത്തകയ്യൻ 124
ചങ്ങാതം 300
ചന്തിരത്തിൽ കേളുനായർ 53
ചന്ദാസാഹിബു് 114, 172
അനുബന്ധം 4, 6
ചന്ദ്രഭാനുലല്ലൻ 200
ചാത്തനാടു് 160
ചാലക്കുടി 212
ചാല്മേഴ്സ് 269
ചാവക്കാടു് 160, 212
ചിക്കകൃഷ്ണൻ 173
ചിങ്ങൻകോത. അനുബന്ധം 11
ചിന്നപട്ടണം 222
ചിലപ്പതികാരം 5
ചിറക്കൽ 215
ചിറക്കൽരാജാവു് 197
ചിറവായ് മുപ്പു് 45
ചിറവായ്സപ്തരൂപം 17, 33, 72
ചീരാമൻഉണ്ണി 124
ചെങ്കോട്ട 73, 157, 171, 245
ചെങ്കൊമ്പു് 299
ചെമ്പകശ്ശേരിരാജാവു് 59, 74, 116, 117, 119, 120, 121, 124, 125, 131, 132, 158
ചെമ്പകാദിത്യവർമ്മൻ 33
ചെമ്പകരാമൻപിള്ള=കുമാരൻ ചെമ്പകരാമൻപിള്ള
ചെമ്പകരാമൻപിള്ള (പദ്മനാ) 34
ചെല്ലാനി 159
ചേത്തല 125
ചേത്തല ഉടമ്പടി 157, 165
ചേരപട്ടണം 5

ചേരരാജാക്കന്മാർ 5—9
ചേരമഹാദേവി 31
ചേരിക്കൽ 299
ചൊക്കനാഥനായ്ക്കൻ 59
ചൊക്കംപെട്ടി 157
ചോളരാജവല്ലി 37
ചോളാദിത്യൻ 14
ചോളർ 19, 26

ജ

ജനസമുദായസ്ഥിതി 75-80, 283-286, 584—592
ജനാർദ്ദനകുമാരൻതമ്പി=തമ്പിചെമ്പകരാമൻകുമാരൻ
ജയന്തൻ=ശങ്കരൻനമ്പൂരി
ജയസിംഹനാട്ട് (ദേശിങ്ങനാട്ട്) 21
ജയസിംഹൻ } 21
ജയസിംഹവീരകേരളവർമ്മൻ }
ജാൺപെഴനി, സർ 203
ജി. പി. പിള്ള 450, 472, 546
ജീവനാരായണൻ 208
ജോക്കുമുദവർ 156

ഞ

ഞാവക്കാട്ടുകയ്മൾ 125

ട

ടാവർണ്ണിയർ 81
ടിപ്പുസുൽത്താൻ 190, 192, 193, 196, 197, 198, 199, 200, 201, 202, 203, 204, 205, 206, 207, 208, 209, 210, 211, 212, 213, 214, 215, 218, 229, 230, 231, 263.
ടിങ്കോമലി 226

ഡ

ഡച്ചുകാർ 56—59, 64, 74, 85, 105, 106, 107, 108, 110, 113, 115, 116, 117, 127, 128, 131, 134, 174, 175, 176, 177, 186, 188, 190, 191, 192, 201, 203, 205, 223, അധഃപതനം 226—227, 283
ഡാൺഫ്രാൻഡിസ്കൊ ഡി ആൽബുക്കക്ക് 40
ഡാസ്സറൂആലിഖാൻ 114
ഡിണ്ഡിഗൽ 212
ഡിലനായി, യൂസ്റ്റേഷ്യസ് 114, 116, 122, 124, 137, 138, 155, 160, 162, 165, 183, 184, 185, 288
ഡീസൂസാ 41
ഡൂപ്ലാസൊ 186
ഡൊണാഡി 114

ത

തങ്ക 95
തഞ്ചാവൂർ 271
തട്ടാംമല 271
തണ്ണിയൂർ 215
തണ്ണീർമുക്ക് 125
തപ്പ് 298
തമ്പിചെമ്പകരാമൻകുമാരൻ 239
തമ്പിനായിക്കൻ 227
തമ്പിപാട്ട് 95, 97, 102
തമ്പിവേലായുധൻ ചെമ്പകരാമൻ=വേലുത്തമ്പി.
തലപ്പള്ളി 134
തലപ്പണം 300
തലശ്ശേരി 197
തലയോലപ്പറമ്പ് 246
തളിയാതിരി 8
തറ അനുബന്ധം. 2
താണുപിള്ള 96, 105, 108
താമരക്കുളത്തുനമ്പൂരി. അനുബന്ധം 10
താമസ്മൺറൊ, സർ 79, 209, 283, 289, വിളംബരം 289—291, 292, 293, 294—309
താഴക്കുടി 21
തിണ്ഡിസ് 3
തിരുനന്തിക്കര 19
തിരുനെൽവേലി 30, 31, 37, 106, 135, 141, 170, 193, 221, 222, 249, 267
തിരുമലക്കൊഴുപ്പുപിള്ള 59—60
തിരുമലനായ്ക്കൻ 51, 54, 65

തിരുമൽകാഴ്ച 300
തിരുവട്ടാർ 112,141
തിരുവനന്തപുരം 73, 91, 100, 103, 104, 113, 120, 121, 138, 140, 141, 196, 203, 211, 215, 222, 238, 243, 246, 249, 269, 279, 280, 281.
തുരുത്തിപ്പുറം 223
തുലാപുരുഷദാനം 141
തുള്ളലുകൾ (നമ്പ്യാരുടെ) 232
തൃക്കാരിയൂർ (തൃക്കാക്കര) 5
തൃപ്പാപ്പിസ്വരൂപം 118, 127, 128, 129, 159, 161, 163, 177, 192, 199, 202, 213, 214, 217.
തൃപ്പാപ്പൂർ 17, 30, 31, 45, 49, 72, 156, 202, 213.
തൃശ്ശിനാപ്പള്ളി 71, 93, 97, 135, 136. 141, 182, 263.
തൃശ്ശിവപേരൂർ 116, 132, 134, 161, 212, 222, 283.
തെക്കുംകൂർ 25, 75, 115, 121, 122, 123, 130, 154
തെക്കുംമുഖം 155, 231, 169
തെക്കേടത്തുഭട്ടതിരി 121
തെന്നിലംപുകൾ മാർത്താണ്ഡൻരാമൻ 53
തെങ്ങാപ്പട്ടണം 111
തേവലക്കര 76
തേവാരത്തുകോയിക്കൽ 63
തോട്ടപ്പള്ളി 121
തോട്ടപ്പായ 235
തോട്ടാച്ചേരി തലച്ചെന്നവർ 125
തോപ്പുശാസ്ത്രികൾ 303
തോവാള 62, 194

ദ

ദത്തുകാഴ്ച 299
ദാദാരാവു് 200
ദിവാൻ 195
ദേവൻപദ്മനാഭൻദിവാൻ 310—311
ദേവരാജ് 173
ദേശികൾ 28
ദേശിംഗനാടു് 21, 32, 45, 104, 107

ന

നടവട്ടം 173
നന്ദൻ 11
നമ്പൂതിരിമാർ 283, 589
നരകാസുരവധം (ആട്ടക്കഥ) 233
നാക്സ്, ക്യാപ്റ്റൻ 203
നാഗമയ്യാ 276, 277, 278, 371
നാഗർകോവിൽ 101, 103, 112, 115, 278
നാഞ്ചിക്കുറവൻ 20, 25, 26, 27
നാഞ്ചിനാടു് 21, 27, 29, 31; 65, 70, 71, 222, 281
നാണുപിള്ളടിവാൻ 437, 438, 442, 443, 444
നാരായണപിള്ള, വിചാരിപ്പു് 270
നാരായണൻനമ്പൂരി (അണിമംഗലത്തു) 276
നായന്മാർ 6, 9, 59, 76, 79, 80, 82, 177, 196, 197, 198, 202, 231, 259, 268, 384, 595
'നായർ'സ്ഥാനം 78
നിയമനിർമ്മാണസഭ 474—485, 537, 543
നിക്കോളാകാണ്ടി 36
നിലവരി 222
നീണ്ടകര 269
നെടുങ്കോട്ട 177, 187, 209, 211
നെടുങ്ങനാട്ടുദേശം 165
നെടുമങ്ങാട്ടുകൊട്ടാരം 61
നെടുമങ്ങാട്ടുരാജകുടുംബം 73
നെടുവിരിപ്പു് 160, 161, 187
നെടുവിരിപ്പുസ്വരൂപം 118
നെതർലണ്ടു് 103
നെയ്യാറ്റിൻകര 19, 289
ന്യൂഹാഫ് 73, 74, 119

പ

പടിഞ്ഞാറേമുഖം 155
പട്ടാളലയ്യാ 247, 253
പണക്കുടി 51
പതിവു് (സർവ്വേ) 144, 184
പത്മനാപുരം 73
പദ്മനാഭൻതമ്പി 279

പത്മനാഭപിള്ള (മഞ്ഞം) 280
പത്മനാഭപുരം 99, 111, 114, 137, 278, 279
പത്മനാഭസ്വാമിക്ഷേത്രം ശ്രീപത്മ..... .....ത്രം നോക്കുക.
പനമുക്കുത്തുകയ്യൽ 121
പന്തളം 75
പല്ലുത്തന്നി 87, 88, 97, 103
പരപ്പനാട് 157
പരവൂർ 113, 235
പരശുരാമൻ 6
പരാന്തകൻ 18
പള്ളാത്തുരുത്തിയാർ 270, 280
പള്ളിപ്പുറം 56, 165, 222, 415, 500
പള്ളിഖാണപെരുമാൾ അനുബന്ധം 1
പഴയപട്ടക്കാർ 193
പറവൂർ 25, 123, 133, 160, 162
പറവൂർഇളമ 133
പാണ്ഡ്യന്മാർ 19, 72
പാതിരാമണൽ 246
പാവ്വതിറാണി 311—323
പാലക്കാട് 173, 199, 203, 215, 216,
പാലിയത്തുഅച്ചൻ, പാലിയത്തുമേനോൻ 58, 123, 124, 131, 157, 256, 257, 258, 268, 269, 270, 271, 272, 275, 278.
പാലസ്തീൻ 2
പാഠശാല 184
പിറവംകോട്ട 138
പുതിയ ഉടമ്പടി 218, 219, 248, 252
പുതുശേരി 111
പുത്തനണ 99
പുത്തൻകോട്ടകൊട്ടാരം 61
പുത്തൻചിറ 162
പുരിക്ഷാന്തരം 298, 299
പുലയർ 284, 285
പുലയാട്ടപ്പെണ്ണ 299
പൂ[illegible]ത്താണ്ടൻ 37
പുലിത്തേവൻ 136, 137, അനുബന്ധം 6.
പുറക്കാട്ട 74, 119, 120, 124, 127, 220
പുറത്തൂർ 165
പുറനാനൂറ് 5
പുനച്ചൽ വലിയ എജമാനൻ അനുബന്ധം 13.
പൂന്തുറ 220
പൂരുട്ടാതിതിരുനാൾ 45
പൂവാർ 220
പെട്ടാറഡ്ഡി 69
പെരിയാർ 123
പെരിയവീട്ടുമുതലി 25, 26
പെരിഞ്ഞേരി 165
പെരുമന 165
പെരുമാക്കന്മാർ 9—16
നെടുഞ്ചേരലാതൻ ഇമയവമ്മൻ 10
ഉദയഞ്ചേരൻ ഖാണവർമ്മ 10
ഇമയവർമ്മ ചെങ്കുട്ടുവൻ 10
ഖാണവർമ്മൻ 11
ചേരലിരുമ്പൊറ, അന്തുവൻ. 11
കോവടിയാൻ, ചെൽവകടുംഗോ 11
പെരുഞ്ചേരലിരുമ്പൊറ 11
ഇളഞ്ചേരലിരുമ്പൊറ 12
പെരുഞ്ചേരൻ ഇമയവർമ്മൻ 12
നെടുഞ്ചേരലാതൻ ii 12
ആദിക്കേരപ്പാർട്ട ചേരലാതൻ 12
ചെങ്കുട്ടുവൻ ചേരൻ 12
കോതവർമ്മൻ 13
കണൈക്കാലിരുമ്പൊറ 13
ചെങ്കോൽ പൊറൈയൻ 18
പെരുമാക്കോതൈവർ 13
ചേരമാൻ പെരുമാൾ 13
പൊറൈയൻ 14
കോതമാത്താണ്ഡൻ 14, 17
സ്ഥാണുഗ്രാപ്പെരുമാൾ 14
സ്ഥാണുരവിപ്പെരുമാൾ 14, 18
വിജയരാഘവദേവൻ 14
കുലശേഖരവർമ്മൻ 15
ഇന്ദുകോതവർമ്മ തിരുവടികൾ 15
ഭാസ്കരരവിവർമ്മ 15
പെരുമ്പടപ്പുസ്വരൂപം 118, 119, 123, 124, 159, 161, 187, 196
കൊച്ചിക്കുടെ നോക്കുക.

പേരാമ്പേരൂ 30
പൈങ്കുളത്തു ചിങ്കൻരംഗൻ 21
പൊന്നിരുപ്പ് 299
പൊന്നം പാണ്ഡ്യതേവൻ 105
പൊയ്യനഅണ 99
പോർട്ടുഗീസുകാർ 36, 37, 56, 57
പെഴണി, പെഴനി 203, 204, 213
പ്രതാപരുദ്രൻ 25
ഫിനിഷ്യന്മാർ 2
ഫോട്ട്സെൻറുജാഫ്ട് 267
ബ്രാഹ്മണർ 111, 112, 115, 168, 172, 175, 185, 197
ബ്രാഞ്ചർതാളമ്മ 132, 210, 231
ബ്രാൻസിസ്സാവിയർ 44
ബ്രേസർ (ജനറൽ) 334, 335

ബ

ബകവധം 233
ബക്കാനൻസി 26
ബാംഗളൂർകോട്ട 187
ബംഗാൾ 205
ബത്താളമ്മ 132, 210, 231
ബറോവിയം 110, 113, 117, 128, 130, 201, 227
ബാണവമ്മൻഉദയൻ 9, 10
ബാബാസാഹിബ്ബ് 114
ബാബിലോണിയർ 2
ബാംബേ 205, 221, 225
ബാനർമൻ (മേജർ) 200, 201
ബാർത്തോലോമ്യോ 82
ബാലൻപിള്ള 42, 43
ബാലരാമവമ്മ 234—287, അനുബന്ധം 13
ബാസപൽസ്ഥിതൂ 3
ബുദ്ധമതം 13
ബെൻറിംകപ്രഭു 76
ബേയപുരം 215
ബ്രഹ്മദേശം 31
ബ്രാഹ്മണർ 69, 77, 78, 80, 112, 195, 197, 198, 221, 229, 238, 589
ബ്രൌൺ, എ. ജെ. 335
ബ്ലാങ്കബ്രൌൺ 271

ഭ

ഭംഗാരുനായ്ക്കൻ അനുബന്ധം 4
ഭദ്രദീപം 141, 263
ഭൂതപ്പാണ്ടി 26
ഭൂതലവീരഉദയമാർത്തണ്ഡവമ്മ 37, 38
ഭൂതലവീരകേരളവമ്മ 44
ഭൂതലവീരരവിവമ്മ 46
ഭൂതലവീരരാമവമ്മ 44, 45
ഭൂതലവീരശ്രീവീരരവിവമ്മ 43

മ

മകയിരംതിരുനാൾ 194
മകിടംചേരിമാർത്താണ്ഡവമ്മ 89
മക്കാളെ, കണ്ണൽമക്കാളെ നോക്കുക
മങ്കമ്മാൾ 65
മങ്ങ്ഗലാപുരം ഉടമ്പടി 182, 184, 192
മങ്ങാട്ടച്ചൻ 133
മഞ്ഞുമ്മൽ 160
മടവൂർ 96
മട്ടാഞ്ചേരി 196
മണലിക്കരരാമവമ്മ 40
മൺറോ, സർ തോമസ് 79, 209
മൺറോ, കണ്ണൽ 283, 290, 291, 293, 294, 295, 296, 297, 298, 302, 306, 306, 307, 312, 314, അനുബന്ധം 15
മൺറോ മിസ്സർ 338, 378
മൺറോത്തുരുത്ത് 313
മണ്ണടി 279
മണ്ണൂർ 215
മദ്രാസ് 203, 204, 205, 208, 209, 211, 213, 216, 236
മധുര 4, 30, 65, 135, 141, 193, 222
മയ്യഴി 175, 185
മരുതംകുളങ്ങര 74
മലബാർ 1, 36
മല്ലൻചെമ്പകരാമൻ 184
മല്ലൻപേരാർ അനുബന്ധം 9
മഹമ്മദലിഖാൻ 263
മഹമ്മദാലി 136, 167, 168

മഹാബലി 3
മഹാരാഷ്ട്രന്മാർ 182
മഹാസിംഗ് 292, 294
മാകോതയർ 75
മാങ്കൊയ്വൽ 249, 314, 315, 316
മാഫൂസ്ഖാൻ 136, 137, 168, അനുബന്ധം 5, 6
മാഞ്ഞാലി 246
മാടത്തിൻകര 125
മാത്തൂത്തരകൻ 237, 238, 254
മാത്തൂർപ്പണിക്കർ 120, 121
മാധവരായർ സർ.ടി. 368, 373, 376, 377, 378, 379, 380, 381, 386, 393, 401, 405, 407, 416, 417, 418, 419, 420, 421, 424, 428, 429, 435, 436, 440, 466, 467, 501
മാധവരായർ വി. പി. 494, 495, 496
മാന്നാർ 112
മാപ്രാണം 160
മാരൻചടയൻ 17
മാരവർമ്മൻശ്രീവല്ലഭപാണ്ഡ്യൻ 21
മാർകിസ്വെല്ലസ്ലി, വെല്ലസ്ലി പ്രഭു നോക്കുക.
മാർത്താണ്ഡപ്പിള്ള (അയ്യപ്പൻ) 154, 160, 162
മാർത്താണ്ഡവർമ്മ (അനിഴംതിരുനാൾ) 84 മുതൽ 150 വരെ.
മാർത്താണ്ഡവർമ്മ (ഉത്രം) 359 മുതൽ 392 വരെ.
മാർത്താണ്ഡപ്പിള്ളച്ചടച്ചി അനുബന്ധം 12
മാലിക്കുകാഫർ 25, 50
മാവേലിക്കര 112, 113, 116, 126, 127, 131, 138, 196, 205
മാനുവൽകോട്ട 40
മിടാലം 111
മീർആസർഅലി 197
മുകിലൻ 63
മുകുന്ദപുരം 164
മുബൈര 2
മുത്തുകൃഷ്ണപ്പനായ്ക്കൻ 51
മുമ്മുടിചോളൻ 19
മുമ്മുടിചോളനല്ലൂർ 20
മുമ്മുടിനായകൻ 241
മുമ്മുല 299
മുസ്സിരിസ് 3
മുസ്ലിം 192, 223, 224, 273, 415
മൂദാമിയ 135, 136, 167
മൂരിയാൻ പരപ്പക്കുട്ടി 53
മൂലംതിരുനാൾ 452 മുതൽ 549 വരെ
മെർണർ 2
മേറ്റ്റൺ 108

യ

യൂസഫ്ഖാൻ 168, 170, അനുബന്ധം 6.
യോഗക്കാർ 61, 62, 64, 89, 93, 98, 103, 283

ര

രക്ഷാഭോഗം 300
രംഗരായർ 338
രവിവർമ്മ (838-ൽ നാടുനീങ്ങിയ) 54, 55
രവിവർമ്മ (893-ൽ നാടുനീങ്ങിയ) 64, 70, 87, 89
രവിവർമ്മചക്രവർത്തി 21, 23, 24, 30
രാമവയ്യൻ (ദിവാൻ) 538—558
രാജഗോപാലാചാരി സർ. പി. 499—529
രാജാകേശവദാസൻ 184—236 വരെ
രാജാദിത്യൻ 19
രാജാധിരാജൻ 1,20
രാജാധിരാജചോളൻ 18, 19
രാജാധിരാജസിംഹൻ 226
രാമപുരത്തുവാര്യർ 98
രാമപ്പയ്യൻ 51, 52, 53
രാമയ്യൻദളവ 96 മുതൽ 114 വരെ
രാമയ്യങ്കാർ 442—464 വരെ
രാമരായർ 465—479 വരെ
രാമൻമേനോൻ 312
രാമമാർത്താണ്ഡം 33
രാമവർമ്മ (847-ൽ നാടുനീങ്ങിയ) 55
രാമവർമ്മ (904-ൽ നാടുനീങ്ങിയ) 65, 71—95 വരെ

രാമവർമ്മ (ധർമ്മരാജാ) 150—234
രാമവർമ്മ (ആയില്യം തിരുനാൾ) ആയില്യംതിരുനാൾ നോക്കുക.
രാമവർമ്മ (വിശാഖംതിരുനാൾ) 439-452
രാമവർമ്മ (മൂലംതിരുനാൾ) 452—549
രാമവർമ്മ (ചിത്തിരതിരുനാൾ) 564 മുതൽ 584
രാമൻകോയിൽ 57

ല

ലങ്ക 20
ലഗർ, സെൻറ് 279
ലന്തക്കമ്പഞ്ഞി 223
ഡച്ചുകാർ നോക്കുക.
ലാലി 210
ലൂഷിങ്ടൺ 330

വ

വഞ്ചിപട്ടണം 5, 10
വടശ്ശേരി 20, 65, 68
വടക്കുംക്കൂർ 75, 115, 116, 117, 121, 122, 123, 124, 125, 130
വടുകന്മാർ 44, 65, 71
വരഗുണപാണ്ഡ്യൻ 14
വള്ളിയൂർ 21
വാട്സ് എം. ഇ. 558, 562
വാസ്കോഡിഗാമ 36—38
വാണ്ഡർമേയിഡൻ 56
വാൻഗോയൻസ് 56, 57, 58
വിക്രമപാണ്ഡ്യൻ 23, 25
വിജയനഗരരാജാക്കന്മാർ 31, 50, 51
വിശാഖംതിരുനാൾ 439—452
വിഴിഞ്ഞം 19, 20, 44, 45, 112, 220, 284
വീരകേരളവർമ്മ 20, 31
വീരമാർത്താണ്ഡവർമ്മ 29—30
വീരപ്പുലിഅണ 37
വീരരവിവർമ്മകുലശേഖരപ്പെരുമാൾ 47—50
വേലുത്തമ്പിദളവ 237—287
വൈദികമതം 13
വൈറവേ 77

ശ

ശങ്കരജ്യോത്സ്യർ 340
ശങ്കരവാര്യർ 348, 349
ശങ്കരൻനമ്പൂരി (ജയന്തൻ) 234, 235, 236, 237, 238, 277
ശങ്കരനാരായണൻചെട്ടി 237, 238
ശങ്കരസുബ്ബയ്യൻ (ദിവാൻ) 445—480
ശങ്കുണ്ണിമേനോൻ 87, 240, 271, 295, 365, 366, 368, 385, 387
ശേഷയ്യാശാസ്ത്രി 421—435
ശ്രീഗോദകേരളവർമ്മൻ 20
ശ്രീപത്മനാഭമാർത്താണ്ഡവർമ്മ 21
ശ്രീപദ്മനാഭസ്വാമിക്ഷേത്രം 40, 55, 67, 77, 85, 98
ശ്രീമൂലംതിരുനാൾ രാമവർമ്മ നോക്കുക.
ശ്രീമൂലംപ്രജാസഭ 494, 495
ശ്രീരംഗപട്ടണം 211, 212, 274
ശ്രീരംഗപട്ടണം ഉടമ്പടി 212
ശ്രീരംഗപട്ടണം മെഡൽ 414
ശ്രീവീരഉദയമാർത്താണ്ഡവർമ്മ 20, 21
ശ്രീവീരഉദയമാർത്താണ്ഡവർമ്മ കുലശേഖരപ്പെരുമാൾ 35
ശ്രീവീരഉദയവർമ്മ 21
ശ്രീവീരകേരളവർമ്മ. 21, 28, 29, 35
ശ്രീവീരഗോദാദിത്യവർമ്മ ചെമ്പകാദിത്യവർമ്മ നോക്കുക.
ശ്രീ വീരമാർത്താണ്ഡവർമ്മ 84—150, 153, 167, 227, അനുബന്ധം 5, 8, 9, 10, 11, 12, 13, 14
ശ്രീ വീരരവികേരളവർമ്മ 21
ശ്രീ വീരരാമൻ കേരളവർമ്മ 21
ശ്രീ വീരരാമ മാർത്താണ്ഡവർമ്മ 44
ശ്രീ വീരരാമവർമ്മ 46

ഷ

ഷാൽമനേസർ 2
ഷിയട്ടംലിങ്ഷാൻ 356
ഷേക് ഇമാം. അനുബന്ധം 5
ഷേക് സെയ്നുദീൻ 80

സ

സമുദ്രഗുപ്തൻ 25
സവ്യകലാ മാർത്താണ്ഡവർമ്മൻ 34, 35
സാമൂതിരി 36, 39, 40, 56, 57, 64; 123, 126, 132, 134, 135, 160, 161, 162, 163, 173, 175, 186, 197, 213, 215, 216, 227, 234 237,
സിലോൺ 56, 109, 226
സിൽവെസ്റ്റർ മെൻഡിസ് 113
സുൽത്താൻ ലാലി 197
സുബ്ബയ്യൻ ഭരവ 166, 177, 178, 179 180, 184
സുബ്ബയ്യൻ സ്ഥാനാപതി 239, 256,
സുബ്ബയ്യൻ ശങ്കരനാരായണയ്യൻ (ഭരവ) 312
സുബ്ബരായർ 324, 327, 332. 333
സുബ്രഹ്മണ്യയ്യൻ, വടിവീശ്വരം, ഭരവാ 185
സുബ്രഹ്മണ്യയ്യർ വി. എസ്. (ദിവാൻ) 558—576
സ്വാതിതിരുനാൾ 323, 323

ഹ

ഹാരിസിംഗ് 174
ഹാസിങ്ങ്ടൺ 425, 446, 448
ഹാർക്രൂഫ് 2
ഹാരിസ് പ്ലേ 371, 377
ഹിരോഡോട്ടസ് 3
ഹ്യൂം 280
ഹ്യൂവറൂ 270, 71
ഹൈദർ ആലി 126, 127, 136, 172, 173—183, 185, 189
റസ്സർ 113
റഷ്ബ്രൂക്ക് 301
റഷ്ബ്രായർ 312, 313, 343, 349, 350
റാബർട്ട്സ് 334
റിംഗ്ൽ റൈഭബേ 321
അനുബന്ധം 15

TRIVANDRUM

ശുദ്ധിപത്രം.

പേജ്	വരി	അശുദ്ധം	ശുദ്ധം.
4	8	12	21
4	10	170	174
4	11	175	75
9	30	രാജ്യ	രാജ്യം
10	21	അദ്ദേഹത്തിന്റെ	അദ്ദേഹത്തിന്റെ തലസ്ഥാന ന ഗരം സ
11	31	ആയി	ആയിരുന്ന
12	1	അത്ഭുതഭ്ജ	അൽഭുതഭ്ജ
14	18	വന്നിരുവരും	പന്നിരുവരും
15	1	ഇരുന്നതായി	ഇരുന്നുവെന്ന
17	26	കരുനന്തൻ	കരുനന്തൻ
32	7	ഗവ്ക്കാട്ട	ഗവ്ക്കട്ട
32	25	ഗവ്ക്കാട്ടാക്കി	ഗവ്ക്കട്ടാക്കി
33	28	വെമ്പാനൂർ	വേമ്പനൂർ
37	21	ഭ്രതലവരെൻ	ഭ്രതലവീരൻ
38	26	സ്റ്റീവൻഡിം	സ്റ്റീവൻഡി
38	30	പോർത്തുഗൽ രാജാവു് എന്ന കഴിഞ്ഞു് 'കൊട്ടത്തയച്ചു' എന്നുക്രുടി വായിക്കണം.	
39	7	അവയായിരുന്നു	നവയായിരുന്നു
41	9	ഡിസാ	ഡിസൂസാ
41	17	പടകളേയും	പടവുകളേയും
43	28	ഉദയനാക്ക	ഉടയ നായിനാക്ക്
45	13	ഉദയനായിനാർ	ഉടയനായിനാർ
51	18	പണക്കുടി	പണകുടി
51	24	സൈന്യം	സസൈന്യം
51	25	കളയാകളം	കണ്ണിയാകളം
52	26	പടക്കുവരാം	പടയ്ക്കുവരും.
61	12	വിശ്വസിച്ചിരിക്കുന്നതിൽ	വിശ്വസിക്കുന്നതിൽ
65	7	പിരിച്ചു	പിരിച്ചുവന്ന
71	11	ഇത്തൻകാട്ട്	ഇത്തൻകാട്ട്
75	21	കുരക്കോണി	കുരക്കേണി

76	24	കോടപ്പണം	കോട്ടപ്പണം
77	5	ക്ഷേത്രുണ്ടം സങ്കേതം	ക്ഷേത്രസങ്കേതത്തിനുള്ളിൽ
80	1	എത്തിയതിൻെറ	എയ്തതിൻെറ
90	14	വിരിഞ്ഞു	വിരഞ്ഞു
99	18	പൊയ്യുന	പൊയ്യുന
101	22	യതര	യന്തര
119	17	ഭരിച്ചിരുന്ന	ഭരിച്ചിരുന്നതു്
126	1	ചെന്നവരുടേയും	ചെന്നവരേയും
127	2	ചോദിച്ചിട്ടു് എന്നു കഴിഞ്ഞു് "അവിടന്നു്" എന്ന ചേർക്കണം	
135	22	സ്വതന്ത്രനായ്	സ്വതന്ത്രനായ
137	13	പെരിയാറുമുതല്ലു എന്നുകഴിഞ്ഞു് 'കന്യാകുമാരിവരയ്ക്കും സമുദ്രം മുതൽ' എന്നുകൂടി ചേർത്തു വായിക്കണം.	
161	17	'പാടിച്ചു' എന്നു കഴിഞ്ഞിട്ടു് പൂർണ്ണവിരാമം വേണ്ട	
163	26	ഭഷ്ട	ഭ്രഷ്ട
169	29	അയാളെ അയച്ചു	അയച്ചു് അയാളെ
171	20	കമ്പനിക്കുണ്ടായിരുന്നുള്ളു.	കമ്പനിക്കു വിചാരമുണ്ടായിരുന്നുള്ളു
172	20	മിത്രങ്ങളുടെ	മിത്രങ്ങളുടേയും
178	3	'എന്നാൽ' എടുത്തുകളയണം	
178	19	2500	25000
182	9	"അയ്യാൾ" എന്ന വാക്കു വിട്ടുകളയുക	
190	31	ചെയ്യുമ്പോൾ എന്നുകഴിഞ്ഞു് ഡച്ചുകാർ എന്നുകൂടി വായിക്കണം	
205	5	കമ്പനിയുടെ രക്ഷയെ	കമ്പനിയിൽ നിന്നുള്ള രക്ഷയെ
207	15	ആക്രമിച്ചു്	ആക്രമിച്ചു.
210	26	ബത്താളപ്പു	ബത്താളമ്പു.
216	16	എന്നാൽ	പക്ഷേ
219	19	എന്നൊരാൾ	എന്നൊരാൾക്കു
226	25	ടിങ്കോമലി	ട്രിങ്കോമലി
226	31	പിടിച്ചെടുത്തും	പിടിച്ചെടുത്തു.
227	17	അവൻ	അവർ
228	2	നിർഭരമാക്കിയിരുന്ന	നിർഭ്രമാകുമായിരുന്ന
228	5	നാവാബിൻെറയും	നവാബ്ബിൻെറയും
232	15	ആറായിരമോ	ആറായിരമോ
237	9	ഇടവന്നുഎന്നു കഴിഞ്ഞു് 'വന്നുചേർന്നു' എന്ന വാക്കു് എടുത്തുകളയണം	
	30	സ്വസ്ഥ	സ്വസ്ഥ
240	6	കുഞ്ഞുനീലൻ	കുഞ്ഞുനീലൻ
	26	ടി	ടി
241	2	ടി	ടി
249	14	ആനാമണിക്കു എന്നതിനുശേഷം രാജാവിനെ എന്നുവായിക്കണം	
250	8	കൊണ്ടു്	കൊണ്ടും
250	13	മാസിനെ	മാസനെ

252	23	നടത്തുന്നതിനെ	നടത്തുന്നതിനോ
255	5	നിശ്ചയിച്ചു എന്നു കഴിഞ്ഞു പൂർണ്ണവിരാമത്തിനു പകരം അൎദ്ധവിരാമം	
263	7	ദാനവുംചെയ്തു. പൂർണ്ണവിരാമത്തിനുപകരം അൎദ്ധവിരാമം.	
263	28	നിശ്ചയിച്ചു എന്നു കഴിഞ്ഞു അൎദ്ധവിരാമം	
263	30	നിശ്ചയിച്ചു എന്നു കഴിഞ്ഞു അൎദ്ധവിരാമം	
264	3	തീൎത്തു	തീൎന്നു.
264	8	ആക്കിത്തീൎന്നു	ആക്കിത്തീൎത്തു
	10	വരുത്തി എന്നു കഴിഞ്ഞു അൎദ്ധവിരാമം	
271	1	ബ്രൈൽ	ബ്രൈൻ
278	1	മക്കാളയോട്	മക്കാളെയോടും
284	18	സേനി	സേന
292	20	രാജാവും	രാജാവു
293	13	ഗവർമമൻറിലേയ്ക്കു	ഗവൎണ്മെണ്ടിലേക്കു
	17	തല്സ്ഥാന	തൽസ്ഥാന
294	5	എന്നാൽ	പക്ഷേ
295	9	നിഷ്ഠുരയോട്	നിഷ്ഠുരയോടും
297	9	നിൎത്തുകയും ചെയ്തിട്ട്	നിൎത്തീട്ട്
298	14	മുതലായ	മുതലായി
300	26	ആണ്ടുകാഴ്ച്ച	ആണ്ടുകാഴ്ച്ച
306	28	തന്നെ	തന്നോട്
310	9	ഉത്രാടം	ഉത്രം
311	20	വീട്	വിട്ട്
312	24	ദിവാൻ	ദിവാൻപേഷ്കാർ
316	8	കലാപണം	കലിപണം
320	29	വെൻക്ഷ്	വെൽക്ഷ്
331	22	കാസമൈജോർ	കാസാമേജർ
340	8	കൃഷ്ണയ്യൻ	കൃഷ്ണരായർ
344	24	പദ്ധതിയിൽ	പദ്ധതിയാൽ
345	6	തന്നെ	തീരെ
345	7	എന്നാൽ	പക്ഷേ.
355	4	പതിവുപോലെ	യഥാപൂൎവ്വം
362	12	പാശ്ചാത്യതൽപരരും	പാശ്ചാത്യരിൽ പലരും
366	10	വാങ്ങിക്കണമെന്ന്	വാങ്ങിക്കണമെന്നും
367	4	ലൂസിയാനായ	ലൂസീയാനാ
367	16	കൊട്ടിഘോഷിച്ചു	കൊടിഘോഷിച്ചു
370	21	1855	1805
384	25	അയക്കുന്നതിനും	അയക്കണമെന്നും
387	30	സമ്മതമുണ്ടായി	സമ്മതമുണ്ടായില്ല.
393	24	മഹാരാജാവിനും	മഹാരാജാവിനെ
416	18	1921ൽ	1021-ൽ

427	29	ലിഡ്സിൽ	ലിസ്ലിൽ
436	5	പ്രയാസപ്പെട്ടു എന്ന പദം	എടുത്തുകളയണം.
439	19	മിഥുയം	മിഥുനം
441	12	വിശ്വസിക്കുന്നു എന്നു കഴിഞ്ഞു	—" എന്ന വര
	31	കായകവും	കായികവും,
445	11	ശകസുകളെ	കാസ്സുകളെ
449	24	ഡിലാഒസെസ	ഡീലാസൊസൈ.
450	5	ന്മാക്കുന്നുവു	ക്കുന്നുകാവുന്ന
454	3	റായിൽ	റായൽ
456	19	യെഹവരാജ്യഭാരം	യെഹവരാജ്യം
457	21	അസാമാന്യ	അസാമാന്യം
462	1	പേർസനിൽ	പേർസണൽ
462	2	ലഭിക്കയും	ലഭിക്കയാൽ
467	31	അഡ്ടസിൽ	അഡ്രസ്സിൽ
472	2	തീന്നിട്ടുണ്ടെന്നു	തീന്നിട്ടുണ്ടെന്നാം
485	20	നമ്മുടെ ഗവമെണ്ടു	നമ്മുടെ ഗവമെന്മണ്ടം
544	5	1097 കക്കടകത്തിൽ	1099 കക്കടകത്തിൽ
576	7	പി. ആസ്റ്റിൻ	ടി. ആസ്റ്റിൻ
585	21	തെരുണ്ടുക്കളി	തെരുണ്ടുകളി
586	20	പ്രസ്ഥുത	— ഇവ
589	13	നിസ്സന്ദേശം	നിസ്സന്ദേഹം
—	24	ചിഹ്നം	ചിഹ്നങ്ങൾ

76157

തിരുവിതാംകൂർ ചരിത്രം

p01 വിഷയവിവരം

p1 അദ്ധ്യായം 1: പുരാതന മാഹാത്മ്യം

p16 അദ്ധ്യായം 2: വേണാട്ടിന്റെ ശാഖകൾ

p23 അദ്ധ്യായം 3: ശ്രീവീരരവിവർമ്മ

p47 അദ്ധ്യായം 5: കേട്ടതിരുനാൾ വീരരവിവർമ്മ കുലശേഖരപ്പെരുമാൾ

p61 ഉമ്മയമ്മറാണി

p72 അദ്ധ്യായം 6: തിരുവിതാംകൂറിന്റെ വിഭാഗങ്ങൾ

p84 അദ്ധ്യായം 7: മാർത്താണ്ഡവർമ്മരാജാ

p98 രാജ്യപരിഷ്കരണശ്രമങ്ങൾ

p115 കായംകുളം, തെക്കുംകൂർ, വടക്കുംകൂർ, ചെമ്പകശ്ശേരി - അധ:പതനം

p150 അദ്ധ്യായം 8: കാർത്തികതിരുനാൾ

p166 നവാബും ഇംഗ്ലീഷുകമ്പനിയും

p173 ഹൈദരാലിയുടെ ആക്രമണം

p227 മഹാരാജാവിന്റെ സ്വർഗ്ഗാരോഹണം

p234 അദ്ധ്യായം 9: ബാലരാമവർമ്മ

p245 കൊല്ലം നഗരപരിഷ്കാരം

p289 അദ്ധ്യായം 10: ഗൌരിലക്ഷ്മീഭായി

p307 അടിമവ്യാപാരം

p311 റാണി പാർവ്വതീഭായി

p323 അദ്ധ്യായം 11: സ്വാതിതിരുനാൾ

p359 അദ്ധ്യായം 12: ഉത്രം തിരുനാൾ

p364 പ്രധാന സംഭവങ്ങൾ

p392 അദ്ധ്യായം 13: ആയില്യം തിരുനാൾ

p393 ക്ഷാമബാധയും ധനസ്ഥിതിയും

p407 മറ്റു പരിഷ്കരണോദ്യമങ്ങൾ

p427 യൂറോപ്യന്മാരുടെ മേലുള്ള ക്രിമിനലധികാരം

p439 അദ്ധ്യായം 14: വിശാഖം തിരുനാൾ രാമവർമ്മ (1055-1060)

p444 പരിഷ്കാരങ്ങൾ

p452 അദ്ധ്യായം 15: മൂലം തിരുനാൾ സർ രാമവർമ്മ (1061-1099)

p544 വെള്ളപ്പൊക്കം

p549 അദ്ധ്യായം 16: റീജൻസി

p564 അദ്ധ്യായം 17: ശ്രീചിത്തിരതിരുനാൾ

p584 അദ്ധ്യായം 18: ജനസമുദായസ്ഥിതി

p2-1 അനുബന്ധം

p3-1 പദസൂചി